# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

## മൂന്നാം സമ്മേളനം

2021 ഒക്ടോബർ 5, ചൊവ്വ

സ്പീക്കർ

**ശ്രീ. എം. ബി. രാജേഷ്**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1417/2022

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : | ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യം-പൊതുവിതരണ വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നതവിദ്യാഭ്യാസം, സാമൂഹ്യനീതി വകുപ്പുമന്ത്രി | : | ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണം, ക്ഷീരവികസനം വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം എക്സൈസ് വകുപ്പുമന്ത്രി | : | ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂം ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി | : | ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ്ജ് |

# ഉള്ളടക്കം

പേജ്

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 35

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 35

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 83

**II. അടിയന്തരപ്രമേയം**

പുരാവസ്തുക്കളെന്ന പേരിൽ നടത്തിയ സാമ്പത്തിക ക്രമക്കേട്

- ശ്രീ. പി. ടി. തോമസ്

(അവതരണാനുമതി നിഷേധിച്ചു) .. 504

**III ശ്രദ്ധ ക്ഷണിക്കൽ**

(1) സമ്പൂർണ്ണ കോവിഡ് വാക്സിനേഷൻ പ്രവർത്തനങ്ങളും നഷ്ടപരിഹാരം നൽകലും

-ശ്രീ. എ. എൻ. ഷംസീർ .. 520

(2) ഷൊർണ്ണൂർ-നിലമ്പൂർ റെയിൽപ്പാത

-ശ്രീ. എ. പി. അനിൽ കുമാർ .. 526

**IV സബ്മിഷൻ**

(1) കാസർഗോഡ് വികസന പാക്കേജ്

- ശ്രീ. സി. എച്ച്. കുഞ്ഞമ്പു .. 530

(2) റോഡുകളുടെയും ഡ്രെയിനേജുകളുടെയും ശോചനീയാവസ്ഥ

- ശ്രീ. ഷാഫി പറമ്പിൽ .. 532

(3) ഇരിക്കൂർ താലൂക്കാശുപത്രി വികസനം

- ശ്രീ. സജീവ് ജോസഫ് .. 535

(4) മലയോര കർഷകർക്ക് പട്ടയം

- ശ്രീ. സനീഷ്കുമാർ ജോസഫ് .. 537

*പേജ്*

(5) പെരുമ്പുഴക്കടവ് പാലത്തിന്റെ പുനർനിർമ്മാണം

- ശ്രീ. ജോബ് മൈക്കിൾ .. 540

(6) ഭെൽ-ഇ.എം.എൽ. കമ്പനിയുടെ പ്രവർത്തനം

- ശ്രീ. എൻ. എ. നെല്ലിക്കുന്ന് .. 541

(7) മലമ്പുഴ ഉദ്യാനം നവീകരിക്കൽ

- ശ്രീ. എ. പ്രഭാകരൻ .. 545

(8) പൈതൃക ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തൽ

- ശ്രീ. കെ. വി. സുമേഷ് .. 547

(9) ളുക്കപാലം നിർമ്മാണം

- ശ്രീ. കെ. പ്രേംകുമാർ .. 548

(10) മടിക്കൈ പ്രോജക്ട്

- ശ്രീ. ഇ.ചന്ദ്രശേഖരൻ .. 550

**V മേശപ്പുറത്തുവച്ച കടലാസുകൾ**

ചട്ടം 166(1), 47(2) എന്നിവ പ്രകാരമുള്ള കടലാസുകൾ .. 552

**VI റിപ്പോർട്ട് സമർപ്പണം**

1. കാര്യോപദേശക സമിതിയുടെ മൂന്നാമത് റിപ്പോർട്ട് .. 568

2. 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യാ സർവ്വകലാശാല ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ റിപ്പോർട്ട് .. 568

**VII റിപ്പോർട്ട് പരിഗണന**

കാര്യോപദേശക സമിതിയുടെ മൂന്നാമത് റിപ്പോർട്ട് .. 569

*പേജ്*

**VIII നിയമനിർമ്മാണകാര്യം**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2021-ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി (ഭേദഗതി) ബിൽ .. 569

(ii) 2021-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബിൽ .. 569

(iii)2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത(ഭേദഗതി) ബിൽ 569

**IX ക്രമപ്രശ്നം**

ബിൽ അവതരിപ്പിക്കുന്നതിലെ നിയമതടസ്സം

- ശ്രീ. രമേശ് ചെന്നിത്തല .. 569

**റൂളിംഗ്** .. 572

**നിയമനിർമ്മാണകാര്യം തുടർച്ച** .. 572

**അനുബന്ധം** .. 715

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### മൂന്നാം സമ്മേളനം

*2021 ഒക്ടോബർ 5, ചൊവ്വ*

| വാല്യം 186] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 2 |
|---|---|---|

നിയമസഭ 2021 ഒക്ടോബർ മാസം 5-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യം നമ്പർ (*31)

#### സഹകരണ രംഗത്തെ കേന്ദ്ര സർക്കാർ ഇടപെടലുകൾ

1 (*31) ശ്രീ. കെ. വി. സുമേഷ്:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ അപ്പെക്സ് കോ-ഓപ് ഫിനാൻസ് & ഡെവലപ്മെന്റ് ലിമിറ്റഡ് എന്ന പേരിൽ അപ്പെക്സ് ബോഡി രൂപീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സഹകരണ രംഗം ദുർബ്ബലപ്പെടുത്തുന്നതിന് എപ്രകാരമെല്ലാം കാരണമാകുന്നുവെന്ന് അറിയിക്കാമോ;

(ബി) നിലവിൽ ആർ.ബി.ഐ. നിയന്ത്രണത്തിൽ കൊണ്ടുവന്നിട്ടുള്ള അർബൻ ബാങ്കുകളോടൊപ്പം പ്രാഥമിക സഹകരണ സംഘങ്ങളെ അപ്പെക്സ് ബോഡിയുടെ പ്രവർത്തനപരിധിയിൽ കൊണ്ടുവന്നാൽ സംസ്ഥാനത്തെ സഹകരണ മേഖല ഗുരുതര പ്രശ്നം നേരിടാനിടയുണ്ടെന്ന സഹകാരികളുടെ ആശങ്ക പരിഹരിക്കാൻ നടപടിയുണ്ടാകുമോ;

(സി) ബാങ്കിംഗ് നിയമത്തിലെ ഭേദഗതി, ഒരു കോടിയിലധികം രൂപ പിൻവലിക്കുന്ന പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ ആദായനികുതി നിയമത്തിൽ പുതുതായി കൂട്ടിച്ചേർത്ത 194 N വകുപ്പിന്റെ പരിധിയിൽ ഉൾപ്പെടുത്തിയത് തുടങ്ങിയ നടപടികളുടെ പ്രത്യാഘാതം ഒഴിവാക്കാൻ നടത്തിയ ഇടപെടലുകൾ അറിയിക്കാമോ?

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, (എ) കേന്ദ്ര സർക്കാർ അപ്പെക്സ് കോ-ഓപ്പ് ഫിനാൻസ് & ഡെവലപ്മെന്റ് ലിമിറ്റഡ് എന്ന പേരിൽ അപ്പെക്സ് ബോഡി രൂപീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സഹകരണരംഗം ദുർബ്ബലപ്പെടുത്തുന്നതിന് എപ്രകാരമെല്ലാം കാരണമാകുമെന്നത് പഠന വിധേയമാക്കേണ്ടതുണ്ട്.

(ബി) നിലവിൽ ആർ.ബി.ഐ. നിയന്ത്രണത്തിൽ കൊണ്ടുവന്നിട്ടുള്ള അർബൻ ബാങ്കുകളോടൊപ്പം പ്രാഥമിക സഹകരണ സംഘങ്ങളെ അപ്പെക്സ് ബോഡിയുടെ പ്രവർത്തനപരിധിയിൽ കൊണ്ടുവരുന്ന നിയമം പ്രാബല്യത്തിൽ വരുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ആശങ്ക പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) 2020-ലെ ബാങ്കിംഗ് റെഗുലേഷൻ നിയമത്തിൽ വരുത്തിയ ഭേദഗതിനിർദ്ദേശങ്ങൾ സംസ്ഥാനത്തെ സഹകരണ മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. 2020-ലെ ബാങ്കിംഗ് നിയമ (ഭേദഗതി) ബിൽ നിയമമാകുന്നതിന് മുൻപ് ആയതിലെ സഹകരണ ബാങ്കുകളെ ബാധിക്കുന്ന വിഷയങ്ങളിൽ ഭേദഗതി വേണമെന്ന് 14-ാം കേരള നിയമസഭ ഒരു പ്രമേയത്തിലൂടെ ഐകകണ്ഠ്യേന ആവശ്യപ്പെടുകയുണ്ടായി. കൂടാതെ സംസ്ഥാനത്തുനിന്നുള്ള പാർലമെന്റ് അംഗങ്ങൾമുഖാന്തരവും പ്രശ്നം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. കേന്ദ്ര ആദായനികുതി നിയമത്തിൽ പുതിയതായി കൂട്ടിചേർത്ത 194 N എന്ന വകുപ്പ് പ്രാബല്യത്തിൽ വന്നതോടെ സംസ്ഥാനത്തെ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ ബാങ്കിംഗ് ബിസിനസ്സല്ല ചെയ്യുന്നതെന്ന് അഭിപ്രായപ്പെട്ട് പ്രാഥമിക

സഹകരണ ബാങ്കുകളിൽനിന്നും ആദായനികുതി ഈടാക്കണമെന്ന് കാണിച്ച് നികുതി വകുപ്പ് നോട്ടീസ് നൽകുകയുണ്ടായി. ടി നിയമത്തിലെ പ്രസ്തുത വകുപ്പിന്റെ പരിധിയിൽനിന്നും സംസ്ഥാനത്തെ സഹകരണ മേഖലയെ ഒഴിവാക്കുന്നതിനായി കേന്ദ്ര സർക്കാരിന് നിവേദനം നൽകിയിട്ടുണ്ട്. ബഹുമാന്യരായ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി, കേന്ദ്ര കൃഷി വകുപ്പുമന്ത്രി എന്നിവർക്ക് അന്നത്തെ സഹകരണ വകുപ്പുമന്ത്രി നേരിട്ട് നിവേദനം സമർപ്പിക്കുകയുണ്ടായി. 194 N പ്രകാരം സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽനിന്നും നികുതി ഈടാക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കുന്ന വിഷയത്തിൽ അഡ്വക്കേറ്റ് ജനറലിനോട് നിയമോപദേശം തേടിയിരിക്കുകയാണ്.

ശ്രീ. കെ. വി. സുമേഷ്: സർ, സംസ്ഥാന വിഷയമായ സഹകരണ മേഖലയിൽ സ്ഥാപിതതാൽപ്പര്യത്തോടെ പരിഷ്കാരങ്ങൾ വരുത്താൻ കേന്ദ്ര ഗവൺമെന്റ് നടത്തുന്ന ആസൂത്രിതമായ ശ്രമത്തെ സംസ്ഥാന സർക്കാരും സഹകരണ മേഖലയും ഫലപ്രദമായി പ്രതിരോധിക്കുന്നുവെന്നത് അഭിമാനകരമാണ്. സഹകരണ മേഖലയെ ജനകീയമായി മാറ്റാൻ ഒട്ടേറെ പദ്ധതികൾ ആവിഷ്കരിക്കുന്നുമുണ്ട്. നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി സഹകരണ മേഖലയിൽ എത്ര പേർക്കാണ് തൊഴിൽ നൽകാൻ കഴിഞ്ഞതെന്ന് വ്യക്തമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഈ കാലഘട്ടത്തിൽ 20578 പേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്.

ശ്രീ. കെ. വി. സുമേഷ്: സർ, യുവജനങ്ങൾക്കായി 25 സഹകരണ സംഘങ്ങൾ തുടങ്ങുമെന്ന ധനാഭ്യർത്ഥന ചർച്ചാവേളയിലെ അങ്ങയുടെ പ്രഖ്യാപനം നവീനമായൊരു ആശയമായിരുന്നു. അത് വളരെയധികം സ്വീകാര്യത നേടുകയും ചെയ്തു. അതിന്റെ നിലവിലെ സ്ഥിതിയെന്താണെന്ന് വ്യക്തമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, 25 സഹകരണ സംഘങ്ങൾ രൂപീകരിക്കുമെന്നാണ് പറഞ്ഞിരുന്നതെങ്കിലും 29 എണ്ണം രജിസ്റ്റർ ചെയ്തുകഴിഞ്ഞിരിക്കുകയാണ്. ഐ.ടി. മേഖല, സിനിമ, ഡോക്യുമെന്ററി, ഷോർട്ട് ഫിലിം നിർമ്മാണം, സംഗീത മേഖല, ഡിസൈൻ ആർട്ട് തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്നവരും അതോടൊപ്പം നിർമ്മാണ-വ്യാപാര മേഖലകളിൽ പ്രവർത്തിക്കുന്നവരും കാർഷിക മേഖലയിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കാൻ കഴിയുന്നവരുമെല്ലാം വിവിധ പ്രോജക്ടുകളാണ് സമർപ്പിച്ചിട്ടുള്ളത്. അത്തരത്തിലുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ശ്രീ. മുരളി പെരുനെല്ലി: സർ, കേരളത്തിന്റെ സമാന്തര സമ്പദ്‌വ്യവസ്ഥയായ സഹകരണ മേഖലയെ തകർക്കാനുള്ള കേന്ദ്ര സർക്കാരിന്റെ പരിശ്രമങ്ങൾക്കിടയിലും കേരളത്തിൽ കോവിഡ്, പ്രളയം തുടങ്ങിയ ദുരന്ത ഘട്ടങ്ങളിൽ സഹകരണ മേഖല സമയോചിതമായി ഇടപെട്ട് പ്രവർത്തിക്കുന്നുവെന്നത് അഭിനന്ദനാർഹമാണ്. ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ കേരളം ബഹുദൂരം മുന്നിലാണ്. ഈ രംഗത്തും സഹകരണ മേഖലയുടെ ഇടപെടൽ ശ്രദ്ധേയമാണ്. ഓൺലൈൻ പഠനരംഗത്ത് 'വിദ്യാതരംഗിണി' പദ്ധതി പ്രകാരം എത്രപേർക്ക് വായ്പ നൽകിയിട്ടുണ്ട്; എത്ര തുകയാണ് ഇതിനുവേണ്ടി ചെലവഴിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, 86270 പേർക്കായി 83,40,62,813 രൂപ വായ്പ നൽകിക്കഴിഞ്ഞിട്ടുണ്ട്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, സഹകരണ വകുപ്പിന്റെ കീഴിലുള്ള വനിതാ സഹകരണ സംഘങ്ങൾ വഴി കോവിഡ് സാമഗ്രികൾ നിർമ്മിക്കുന്ന എത്ര യൂണിറ്റുകൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്; സഹകരണ വകുപ്പിൽ കുടിശ്ശിക നിവാരണത്തിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; പദ്ധതിയുടെ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇപ്പോൾ 12 വനിതാ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പി.പി.ഇ. കിറ്റ്, സാനിറ്റൈസർ, മാസ്ക്, ഹാൻഡ് വാഷ് എന്നിവയെല്ലാം ഉൽപ്പാദിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുകയാണ്. ഒരു സഹകരണ സംഘത്തിന് നൽകുന്ന 5 ലക്ഷം രൂപയിൽ 2 ലക്ഷം രൂപ ഓഹരിയും 3 ലക്ഷം രൂപ സബ്സിഡിയുമാണ്. അതുപോലെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി ഒക്ടോബർ 30-ാം തീയതിവരെ ദീർഘിപ്പിച്ചുനൽകിയിട്ടുണ്ട്.

ശ്രീ. പി. നന്ദകുമാർ: സർ, കേരളത്തെ പ്രധാനമായി ലക്ഷ്യംവച്ച് പ്രവർത്തിക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ പുതിയ നയത്തെ പ്രതിരോധിക്കുന്നതിനു വേണ്ടി സംസ്ഥാന സർക്കാരെടുത്ത നടപടിയെ അഭിനന്ദിക്കുന്നതോടൊപ്പം ഈ സർക്കാർ കൂടുതൽ മേഖലകളിലേയ്ക്ക് പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിന് ശ്രദ്ധ കേന്ദ്രീകരിച്ച് ഏതൊക്കെ മേഖലകളിൽ പുതിയ സാദ്ധ്യതകളുണ്ടെന്ന് കണ്ടെത്തി ഇടപെടാനുള്ള കർമ്മപദ്ധതി ആവിഷ്കരിക്കാൻ തയ്യാറാകുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, കഴിഞ്ഞ ധനാഭ്യർത്ഥന ചർച്ചാവേളയിൽ സർക്കാർ ഇടപെടാനുദ്ദേശിക്കുന്ന നിരവധി മേഖലകളെക്കുറിച്ച് സൂചിപ്പിച്ചിരുന്നു.

പ്രഖ്യാപിച്ച പദ്ധതികൾക്കെല്ലാം നൂറുദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി തുടക്കംകുറിക്കുകയും ചെയ്തു. യൗവ്വനങ്ങളുടെ സഹകരണ സംഘം, ഉൽപ്പാദന-നിർമ്മാണ മേഖലകളിലെ ഇടപെടൽ എന്നിവയെല്ലാം പുതിയ ചുവടുവയ്പാണ്. നെല്ലുൽപ്പാദനവും സംഭരണവും സംസ്കരണവും വിപണനവും കേന്ദ്രീകരിച്ചുള്ള സംഘം രജിസ്റ്റർ ചെയ്യാൻ കഴിഞ്ഞു. വനിതാ സംഘത്തിന്റെ കാര്യവും സൂചിപ്പിച്ചുകഴിഞ്ഞതാണ്. 'വിദ്യാതരംഗിണി പദ്ധതി' നടപ്പിലാക്കിയിരുന്നു. കാർഷിക വായ്പകൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിരുന്നു. കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകുന്ന നടപടി സ്വീകരിച്ചിരുന്നു. ഇങ്ങനെ വിവിധ പ്രവർത്തനങ്ങൾ ഈ കാലഘട്ടത്തിൽ സംഘടിപ്പിച്ചിട്ടുണ്ട്.

<u>ശ്രീ. കെ. പി. എ. മജീദ്</u>: സർ, കേരളത്തിലെ സഹകരണ സ്ഥാപനങ്ങൾ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് എല്ലാ മേഖലകളുമായി ബന്ധപ്പെട്ട് ബാങ്കിംഗ് ബിസിനസ്സടക്കം നടത്തിക്കൊണ്ട് പ്രവർത്തിച്ചുവരുന്നവയാണ്. ബാങ്കിംഗ് റെഗുലേഷൻ ആക്ട് ഭേദഗതി പ്രാബല്യത്തിൽവരുന്നതോടുകൂടി പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ബാങ്ക് എന്നുള്ള പേര് വയ്ക്കാനോ ബാങ്കിംഗ് ബിസിനസ്സ് നടത്താനോ പ്രയാസകരമായിരിക്കും എന്ന അവസ്ഥ സംജാതമാകുകയാണ്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളെന്താണെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, ഇക്കാര്യത്തിൽ 14-ാം കേരള നിയമസഭ ഐകകണ്ഠ്യേന ഒരു പ്രമേയം പാസ്സാക്കി കേന്ദ്ര സർക്കാരിന് അയച്ചിരുന്നു. കേന്ദ്രമന്ത്രിമാർക്ക് പ്രത്യേക നിവേദനവും നൽകിയിരുന്നു. നിയമപരമായ സാധ്യത ആരാഞ്ഞുകൊണ്ട് അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം തേടിയിട്ടുണ്ട്. സഹകരണ സംഘങ്ങളുടെ ആദായനികുതിയുമായി ബന്ധപ്പെട്ട വിഷയത്തിൽ സുപ്രീം കോടതിയിൽനിന്നും അനുകൂലമായ വിധി ജനുവരി മാസത്തിൽ ലഭിച്ചത് സ്വാഗതാർഹമാണ്.

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, 2002-ലെ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘം നിയമമനുസരിച്ച് കേന്ദ്ര തലത്തിലാണ് മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ നിയന്ത്രണങ്ങളും രജിസ്ട്രേഷനും നടക്കുന്നത്. സംസ്ഥാന സഹകരണ നിയമങ്ങളെ മറികടന്നുകൊണ്ട് മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ എന്ന നിലയിൽ നമ്മുടെ സംസ്ഥാനത്ത് എത്ര സംഘങ്ങളാണ് രജിസ്റ്റർ ചെയ്ത് പ്രവർത്തനം നടത്തുന്നതെന്ന് വിശദീകരിക്കാമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ കേരളത്തിലല്ല രജിസ്റ്റർ ചെയ്യേണ്ടത്. കേന്ദ്ര സർക്കാരാണ് അതിന്റെ നടപടിക്രമങ്ങളുമായി മുന്നോട്ടുപോകുന്നത്. അതിന്റെ ശാഖകളാണ് ഇപ്പോഴിവിടെ പ്രവർത്തിക്കുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തിന്റെ അധികാരത്തിലേയ്ക്ക് ബോധപൂർവ്വമുള്ള കടന്നുകയറ്റത്തിന് തുടക്കം കുറിച്ചിരിക്കുകയാണ്. സഹകരണ മന്ത്രാലയംതന്നെ രൂപീകരിക്കപ്പെട്ടിരിക്കുന്നു. കഴിഞ്ഞ ദിവസം ശ്രീ. അമിത് ഷായുടെ നേതൃത്വത്തിൽ ഒരുയോഗം ഡൽഹിയിൽ വിളിച്ചുകൂട്ടുകയുണ്ടായി, ഇവിടെ നിന്നും ബഹുമാനപ്പെട്ട മന്ത്രിയും പങ്കെടുത്തുവെന്ന് തോന്നുന്നു. ഒരുഭാഗത്ത് ആർ.ബി.ഐ.-യുടെ കർശനനിയന്ത്രണങ്ങളും ആദായനികുതി വകുപ്പിന്റെ ഇടപെടലും മറുഭാഗത്ത് മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എന്ന പേരിൽ ബ്രാഞ്ചുകൾ സംസ്ഥാനങ്ങളിൽ രൂപീകരിക്കുന്നതിന് നടപടികളുമുണ്ടാകുന്നു. കേന്ദ്ര സഹകരണ മന്ത്രാലയത്തിന്റെ രൂപീകരണം പോലുള്ള ഇത്തരം നടപടികൾ ഫലപ്രദമായി പ്രവർത്തിക്കുന്ന സഹകരണ മേഖലയെ പൂർണ്ണമായും കൈപ്പിടിയിൽ ഒതുക്കാനുള്ള രഹസ്യഅജണ്ടയുടെ ഭാഗമാണെന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിനെ ഫലപ്രദമായി ചെറുക്കാനുള്ള എന്ത് നടപടി സ്വീകരിക്കും; മൾട്ടി സ്റ്റേറ്റ് സൊസൈറ്റികൾ രൂപീകരിക്കാനുള്ള നീക്കം നടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിക്കാനാണുദ്ദേശിക്കുന്നത്?

ശ്രീ. വി. എൻ. വാസവൻ: സർ, അങ്ങ് സൂചിപ്പിച്ച കാര്യം യാഥാർത്ഥ്യമാണ്. കേന്ദ്രഗവൺമെന്റ് സഹകരണ മന്ത്രാലയംതന്നെ രൂപീകരിച്ച് ചില പ്രവർത്തനങ്ങൾക്ക് തുടക്കംകുറിച്ചിരിക്കുന്നു. അതിന്റെ പ്രവർത്തനങ്ങൾ നിരീക്ഷിച്ചതിനുശേഷം മാത്രമേ വ്യക്തമായ അഭിപ്രായം പറയാൻ കഴിയുകയുള്ളൂ. അങ്ങ് സൂചിപ്പിച്ചതുപോലെ 1961-ലെ ആദായനികുതി വകുപ്പിൽ ഭേദഗതി വരുത്തിക്കൊണ്ട് 194 (N) വകുപ്പുകൂടി 2020-ൽ ഭേദഗതിയായി കൊണ്ടുവന്നിട്ടുണ്ട്. അത് നമ്മുടെ സഹകരണ ബാങ്കുകൾക്ക് ബാധകമാകുന്നത് പ്രശ്നത്തിനിടയാക്കും. അതേസമയം സഹകരണ സംഘങ്ങൾക്കുള്ള പ്രശ്നങ്ങൾ സുപ്രീംകോടതി വിധിയിലൂടെ മാറിയിട്ടുണ്ട്. നിധിയെന്ന പേരിലും മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ ശാഖകൾ എന്ന പേരിലുമൊക്കെ പല രൂപത്തിൽ യഥേഷ്ടം പലിശനിരക്കുകൾ മാറ്റി ഡെപ്പോസിറ്റ് ക്യാൻവാസ് ചെയ്യുന്ന അവസ്ഥ തുടങ്ങിയിട്ടുമുണ്ട്. പലിശ നിയന്ത്രണത്തിനൊന്നും അവർക്ക് കേരള ഗവൺമെന്റിന്റെയോ അല്ലെങ്കിൽ ആർ.സി.എസ്.-ന്റെയോ നിർദ്ദേശം ബാധകമല്ലെന്ന നിലയിൽപോകുന്നത് ഗൗരവമായി കാണുന്നു. ഇതുസംബന്ധിച്ച നിയമപരമായ സാദ്ധ്യതകൾ ആരായുന്നതിന് അഡ്വക്കേറ്റ് ജനറലുമായി ആശയവിനിമയം നടത്തിയിട്ടുണ്ട്.

ശ്രീ. വി. ജോയി: സർ, കോവിഡിന്റെ പശ്ചാത്തലത്തിൽ നമ്മുടെ സ്വന്തം ബാങ്ക് എന്നറിയപ്പെടുന്ന കേരള ബാങ്ക് 5 ലക്ഷം രൂപ വരെയുള്ള ബാങ്ക് വായ്പകളുടെ തിരിച്ചടവുമായി ബന്ധപ്പെട്ട് ചില ക്രമീകരണങ്ങൾ വരുത്തുന്നുവെന്ന വാർത്തകൾ പുറത്തുവന്നിരിക്കുന്നു. അത്തരത്തിലുള്ള തീരുമാനം സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, തീരുമാനമെടുത്തുകഴിഞ്ഞിട്ടുണ്ട്. 5 ലക്ഷം രൂപവരെയുള്ള വായ്പകൾക്ക് പലിശ കുറച്ചുകൊടുത്തുകൊണ്ടും അതോടൊപ്പം തിരിച്ചടവിന് പരമാവധി സാവകാശം കൊടുത്തുകൊണ്ടുള്ള വായ്പാനയം ഇന്നലെ പ്രഖ്യാപിച്ചുകഴിഞ്ഞിരിക്കുകയാണ്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, നിലവിൽ അർബൻ ബാങ്കുകൾ ആർ.ബി.ഐ.-യുടെ നിയന്ത്രണത്തിലായിരിക്കുകയാണ്. ഇതോടൊപ്പം പ്രാഥമിക സഹകരണ ബാങ്കുകളെക്കൂടി അപ്പെക്സ് ബോഡിയുടെ പ്രവർത്തനപരിധിയിൽ കൊണ്ടുവരാൻ പോകുന്നു. ഇത് നടപ്പിലായാലുണ്ടാകുന്ന ഗുരുതരമായ പ്രശ്നങ്ങൾ എന്തെല്ലാമാണെന്നതിനെക്കുറിച്ച് പഠിച്ചിട്ടുണ്ടോ; അതോടൊപ്പം ഒട്ടേറെ ആളുകൾ സഹകരണ ബാങ്കിൽനിന്ന് പണം വായ്പയെടുത്ത് തിരിച്ചടയ്ക്കാൻ വകയില്ലാതെ, പ്രത്യേകിച്ച് കോവിഡ്-19-ന്റെ സന്ദർഭത്തിൽ വളരെയേറെ ബുദ്ധിമുട്ടുകയാണ്. സാമ്പത്തികമായി ഏറെ പിന്നോക്കം നിൽക്കുന്ന ദരിദ്ര വിഭാഗങ്ങളുടെ കുടിശ്ശികകൂടി എഴുതിത്തള്ളാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ ഭേദഗതിയിലൂടെ അർബൻ ബാങ്കുകളെല്ലാം ആർ.ബി.ഐ.യുടെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനുള്ള നീക്കം നടത്തിക്കഴിഞ്ഞിട്ടുണ്ട്. പ്രാഥമിക ബാങ്കുകളെക്കൂടി അത്തരത്തിൽ കൊണ്ടുവരാൻ കഴിയുമോയെന്നുള്ളതാണ് നിയമഭേദഗതിയിൽ അപകടകരമായി നിൽക്കുന്ന പ്രശ്നം. കേരളത്തിലെ സഹകരണ ബാങ്കുകളെ ഉൾപ്പെടുത്താതിരിക്കുന്നതിനും ഇതിൽനിന്നും നമുക്ക് മോചനം നേടുന്നതിനു വേണ്ടിയുള്ള നിയമപരമായ വശവും അതിലെ സാങ്കേതികകാര്യങ്ങളും പരിശോധനാവിധേയമാക്കിയിട്ടുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ സഹകാരികൾക്ക് ആശ്വാസം പകരുന്ന സമീപനമാണ് സഹകരണമേഖല സ്വീകരിച്ചിരിക്കുന്നത്. ഒരു ഘട്ടത്തിൽ മൊറട്ടോറിയം പ്രഖ്യാപിച്ചിരുന്നു, ഇപ്പോൾ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ പൂർണ്ണമായും പിഴപ്പലിശ ഒഴിവാക്കിയും 50 ശതമാനം വരെ പലിശ ഒഴിവാക്കിക്കൊണ്ടുമുള്ള നടപടിക്രമങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ ഗുണപരമായ നേട്ടമാണ് ഇപ്പോഴുണ്ടായിക്കൊണ്ടിരിക്കുന്നത്.

ശ്രീ. തോമസ് കെ. തോമസ്: സർ, സഹകരണ ബാങ്ക് എന്നത്, പ്രത്യേകിച്ചും ഞങ്ങളുടെ പ്രദേശത്ത്, പാവപ്പെട്ടവരുടെ ബാങ്കെന്നാണ് അറിയപ്പെടുന്നത്. എന്ത് സംസാരിച്ചാലും കുട്ടനാട് അതിൽവരുന്നുണ്ടെന്ന് പറഞ്ഞ് ഒരുപാട് പേരെന്നെ കളിയാക്കുന്നുണ്ട്. കുട്ടനാടിനെക്കുറിച്ച് പറയാനേ എനിക്ക് അറിയൂ. ഏറ്റവും കൂടുതൽ പാവപ്പെട്ടവർ തിങ്ങിപ്പാർക്കുന്ന പ്രദേശമാണ് ഞങ്ങളുടേത്. അവിടത്തെ സഹകരണ ബാങ്കുകൾക്ക് മതിയായ ഫിനാൻഷ്യൽ കപ്പാസിറ്റിയില്ല. പല ചെറിയ സഹകരണ ബാങ്കുകളും ഡെപ്പോസിറ്റ് ചോദിക്കുമ്പോൾ നമ്മൾ കൊടുക്കുന്നുണ്ട്. പണം റോൾ ചെയ്തുകഴിഞ്ഞാൽ തിരികെ ലഭിക്കാത്തതുകൊണ്ട് റോൾ ചെയ്യാൻ അവർക്ക് വേറെ മാർഗ്ഗമില്ല. ഏതെങ്കിലും രീതിയിലുള്ള ഫിനാൻഷ്യൽ സപ്പോർട്ട് ആ പ്രദേശങ്ങളിലുള്ള സഹകരണ ബാങ്കുകൾക്ക് നൽകാൻ തയ്യാറാകുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, കുട്ടനാട്ടിലെ സഹകരണ സംഘങ്ങളുടെ സാമ്പത്തിക പരാധീനതയ്ക്ക് പരിഹാരം കാണുന്നത് സംബന്ധിച്ച് അവിടത്തെ ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥരെയും സഹകാരികളേയും വിളിച്ചുകൂട്ടി ആലോചിക്കാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നമ്മുടെ സഹകരണ പ്രസ്ഥാനം കേരളത്തിലെ ജനസമൂഹത്തിൽ പ്രത്യേകിച്ചും കർഷകർക്ക് ഗുണകരമായ നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്. ബാങ്കിൽനിന്നും 5 ലക്ഷം രൂപ വായ്പയെടുത്താൽ രണ്ടുമൂന്ന് വർഷം കഴിയുമ്പോൾ 3 ലക്ഷം രൂപ പലിശയിനത്തിൽ കൂടുകയാണ്. ലോണിന്റെ തിരിച്ചടവിനുവേണ്ടി ചെല്ലുമ്പോൾ ബാങ്ക് അധികൃതർ 8 ലക്ഷം രൂപയ്ക്ക് പുതിയ വായ്പ തരാമെന്നാണ് പറയുന്നത്. അതിന് 14 ശതമാനം പലിശയാണ്. 14 ശതമാനം പലിശയ്ക്ക് പുതിയ വായ്പയെടുത്താൽ അവനവന്റെ പേരിലുള്ള ഭൂമി വിറ്റാലും തിരിച്ചടയ്ക്കാൻ കഴിയില്ല. നാട് വിട്ടുപോകുകയല്ലാതെ വേറെ മാർഗ്ഗമില്ലാത്ത അവസ്ഥയാണ്. ഇത്തരത്തിൽ കടബാദ്ധ്യതയിൽ അകപ്പെടുന്ന സാധുക്കളെ സഹായിക്കുന്നതിനുവേണ്ടി ബാങ്കുകൾക്ക് കർശന നിർദ്ദേശം നൽകാൻ തയ്യാറാകുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, അങ്ങ് പറഞ്ഞത് ശരിയാണ്, ചിലർക്ക് വായ്പ തിരിച്ചടയ്ക്കാൻ നിവൃത്തിയില്ലാതെ വരുമ്പോൾ പലിശകൂട്ടി പുതുക്കാൻ കഴിയുമോയെന്നുള്ള അപേക്ഷയുമായി ബാങ്ക് അധികൃതരെ സമീപിക്കുന്നുണ്ട്. ചില ബാങ്ക് ഭരണസമിതികൾ പലിശയുംകൂടി കൂട്ടി വായ്പ പുതുക്കിനൽകുമ്പോൾ യഥാർത്ഥത്തിൽ ബാങ്കിലേയ്ക്ക് ഒരു പൈസയും വരുന്നില്ല, ഇവർക്ക് വലിയ ബർഡനും വരും. ഇടപാടുകാർ നേരിടേണ്ടി വരുന്ന വലിയൊരു സമ്മർദ്ദമാണിത്. അങ്ങനെ സംഭവിക്കാതിരിക്കാൻ ഇക്കാര്യങ്ങൾ ചർച്ച ചെയ്ത് കർശന നിലപാട് സ്വീകരിക്കുന്നതാണ്.

ശ്രീമതി ശാന്തകുമാരി കെ.: സർ, കേരളത്തിലെ പട്ടികജാതി സഹകരണ സംഘങ്ങൾ വളരെ പരാധീനതയിലും ഏറ്റെടുത്തിട്ടുള്ള അതിന്റെ പ്രവർത്തനം നടത്തിക്കൊണ്ടുപോകാൻ കഴിയാത്തൊരു അവസ്ഥയിലാണ്. ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പട്ടികജാതി സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനുവേണ്ടി എന്തെല്ലാം പദ്ധതികളാണ് സംസ്ഥാന സർക്കാർ മുന്നോട്ടുവയ്ക്കുന്നത്?

ശ്രീ. വി. എൻ. വാസവൻ: സർ, കഴിഞ്ഞ ദിവസം സഹകരണ സംഘങ്ങളുടെ അപ്പെക്സ് ബോഡിയുടെ യോഗം വിളിച്ചുചേർക്കുകയുണ്ടായി. സമീപകാലഭാവിയിൽ നിർജ്ജീവമായിക്കിടക്കുന്ന എല്ലാ സംഘങ്ങളും പുനരുദ്ധരിക്കാനും അവർക്ക് ആവശ്യമായ സാമ്പത്തികസഹായം നൽകി വിവിധ പ്രോജക്ടുകൾ ഏറ്റെടുക്കാനുമുള്ള തീരുമാനങ്ങൾ എടുത്തുകഴിഞ്ഞിട്ടുണ്ട്.

മി. സ്പീക്കർ: *32-ാം നമ്പർ ചോദ്യവുമായി *55-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യുന്നതിന് ശ്രീ. കെ. ഡി. പ്രസേനൻ നോട്ടീസ് നൽകിയിട്ടുണ്ട്. സമാനമായതുകൊണ്ട് ക്ലബ്ബിംഗ് അനുവദിക്കുന്നു. രണ്ട് ചോദ്യങ്ങൾക്കുംകൂടി ബഹുമാനപ്പെട്ട മന്ത്രിക്ക് ഒരുമിച്ച് മറുപടി പറയാവുന്നതാണ്. ഇനി മുതൽ ക്ലബ്ബിംഗിന്റെ കാര്യത്തിൽ ഒരു നിയന്ത്രണം ഏർപ്പെടുത്തേണ്ടതായി വരും. അനിയന്ത്രിതമായി ക്ലബ്ബിംഗിന്റെ ആവശ്യം വന്നുകൊണ്ടിരിക്കുന്നത് അംഗീകരിക്കാനാകില്ല.

## വ്യവസായ സൗഹൃദാന്തരീക്ഷം മെച്ചപ്പെടുത്താൻ നടപടി

2 (*32) ശ്രീ. പി. വി. ശ്രീനിജിൻ:
ഡോ. കെ. ടി. ജലീൽ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വികസനത്തിന് സംസ്ഥാനം പ്രത്യേക ഊന്നൽ നൽകുന്ന സമീപനം അവസരമായിക്കണ്ട് ഒറ്റപ്പെട്ട ചിലർ പ്രകൃതി വിഭവങ്ങളുടെ അനിയന്ത്രിത ചൂഷണം, തൊഴിലാളി വിരുദ്ധത, വ്യവസായ സ്ഥാപനങ്ങൾക്കുമേൽ യാതൊരുവിധ നിയമപരമായ നിയന്ത്രണങ്ങളും പാടില്ലെന്ന നിലപാട് എന്നിവ സ്വീകരിക്കുന്നതായി ആക്ഷേപം ഉയരുന്ന പശ്ചാത്തലത്തിൽ സംസ്ഥാനം ലക്ഷ്യമാക്കുന്ന ഉത്തരവാദിത്ത നിക്ഷേപ നയത്തെക്കുറിച്ച് വിശദമാക്കാമോ;

(ബി) വിവിധ സേവനങ്ങളും അനുമതികളും നൽകുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് അലംഭാവമുണ്ടാകുന്നുവെന്ന ആക്ഷേപം ഉയരുന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) സംരംഭക സമൂഹത്തിന്റെകൂടി അഭിപ്രായം ആരാഞ്ഞുകൊണ്ട് സംരംഭം ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കാനും കാലവിളംബം ഒഴിവാക്കാനും ഉതകുന്ന തരത്തിൽ നിയമങ്ങളിലും ചട്ടങ്ങളിലും ഉചിതമായ പരിഷ്കരണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, (എ) പരിസ്ഥിതിക്ക് അനുയോജ്യവും താരതമ്യേന മലിനീകരണം കുറഞ്ഞതുമായ വ്യവസായങ്ങൾ ആവാസവ്യവസ്ഥയ്ക്ക് അനുയോജ്യമാണെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് പരിസ്ഥിതി, സാമൂഹികം, ഭരണ നിർവ്വഹണം എന്നിവ മുൻനിർത്തി ഉത്തരവാദിത്ത നിക്ഷേപ കാഴ്ചപ്പാട് (ESG) ലോകത്താകമാനം പ്രസിദ്ധിയാർജ്ജിച്ചുവരുന്നത്. ESG നിക്ഷേപത്തിന്റെ ഒന്നാം ലക്ഷ്യസ്ഥാനമായി കേരളത്തെ മാറ്റുന്നതിനുള്ള നയരൂപീകരണം സർക്കാരിന്റെ പരിഗണനയിലാണ്. പ്രകൃതി സൗഹൃദ വ്യവസായങ്ങൾക്കുള്ള പ്രോത്സാഹനം, ഏകീകൃത പരിശോധനാ സംവിധാനം എന്നിവ ഇത്തരത്തിൽ ഉത്തരവാദിത്ത നിക്ഷേപം പ്രോത്സാഹിപ്പിക്കാൻ സഹായിക്കുന്നതാണ്. 2019-ൽ നിലവിൽവന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ടിൽ, പുതിയതായി ആരംഭിക്കുന്ന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽപ്പെടാത്ത സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് സംസ്ഥാന നിയമപ്രകാരമുള്ള ലൈസൻസുകൾ സ്വയം സാക്ഷ്യപ്പെടുത്തൽവഴി മൂന്ന് വർഷത്തേയ്ക്ക് ഒഴിവാക്കിയിട്ടുണ്ട്. ജില്ലാ വ്യവസായ കേന്ദ്രങ്ങൾവഴി നടപ്പിലാക്കുന്ന സംരംഭക സഹായ പദ്ധതിയിൽ (ESS) പരിസ്ഥിതി മലിനീകരണം കുറയ്ക്കുന്നതിന് സഹായിക്കുന്ന സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ബയോ ഡീഗ്രേഡബിൾ പ്ലാസ്റ്റിക് ഇൻഡസ്ട്രീസ്, പ്ലാസ്റ്റിക് വേസ്റ്റ് റീസൈക്ലിംഗ് ഇൻഡസ്ട്രീസ് എന്നീ വിഭാഗത്തിൽപ്പെട്ട സംരംഭങ്ങളെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി 10% അധിക സബ്സിഡി നൽകിവരുന്നുണ്ട്. വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ നിക്ഷേപകർക്ക് പ്രയോജനപ്രദമാകുന്ന വിധത്തിൽ പദ്ധതികളെയും സേവനങ്ങളെയും സംബന്ധിച്ച വിശദാംശങ്ങൾ ഓൺലൈൻ സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. വിവിധ സേവനങ്ങളും അനുമതികളും നൽകുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് ചില സന്ദർഭങ്ങളിൽ അലംഭാവം ഉണ്ടാകുന്നുവെന്ന ആക്ഷേപം പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ സിവിൽ കോടതിയുടെ അധികാരമുള്ള ജില്ലാ/സംസ്ഥാന പരാതി പരിഹാര കമ്മിറ്റി രൂപീകരിക്കുന്നതിലേയ്ക്കായി സർക്കാർ 2021-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ഓർഡിനൻസ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഭേദഗതി ഓർഡിനൻസ് പ്രകാരം

വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനോ പ്രവർത്തിപ്പിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ വൈവിദ്ധ്യവൽക്കരിക്കുന്നതിനോ ആധുനിക വൽക്കരിക്കുന്നതിനോ വിവിധ സംസ്ഥാന നിയമങ്ങൾക്കുകീഴിൽ ആവശ്യമായ ക്ലിയറൻസുകളോ സർട്ടിഫിക്കറ്റുകളോ ലൈസൻസുകളോ പെർമിറ്റുകളോ അനുമതിയോ അതിന്റെ പുതുക്കൽ ലഭിക്കുന്നതിനോ അതിന് ആനുഷംഗികമായ ഏതെങ്കിലും കാര്യത്തിനോവേണ്ടി അപേക്ഷ സമർപ്പിച്ച ഒരാൾക്ക് പ്രസ്തുത നിയമപ്രകാരം ടി കമ്മിറ്റി വ്യവസ്ഥ ചെയ്തിട്ടുള്ള സമയപരിധിക്കുള്ളിൽ സേവനങ്ങൾ നല്കുന്നുണ്ടെന്ന് നിരീക്ഷിക്കുന്നതിനും അപ്രകാരമുള്ളവരുടെ പരാതി കാര്യക്ഷമമായ രീതിയിൽ പരിഹരിക്കുന്നതിനും മതിയായതും ന്യായമായതുമായ കാരണങ്ങൾ കൂടാതെ സമയപരിധിക്കുള്ളിൽ സേവനം നല്കുന്നതിൽ വീഴ്ച വരുത്തുകയോ കാലതാമസം വരുത്തുകയോ ചെയ്യുന്ന നിയുക്ത ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കാനും ജില്ലാ/സംസ്ഥാന പരാതിപരിഹാര കമ്മിറ്റികൾക്ക് അധികാരം നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിലോ ചട്ടങ്ങളിലോ കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ ഏതെങ്കിലും വ്യവസ്ഥകൾ നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് പഠനം നടത്തി വ്യക്തമായ ശിപാർശയോടുകൂടി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു മൂന്നംഗ വിദഗ്ദ്ധ സമിതിയെ നിയമിച്ചിട്ടുണ്ട്. NUALS (National University of Advanced Legal Studies)-ന്റെ വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിലുള്ള പ്രസ്തുത കമ്മിറ്റി വ്യവസായസമൂഹവുമായും വിവിധ വ്യവസായ അസോസ്സിയേഷനുകളുമായും കൂടിയാലോചന നടത്തി അവരുടെ പരാതികളും നിർദ്ദേശങ്ങളും സ്വീകരിച്ച്, പ്രസക്തമായ എല്ലാ നിയമങ്ങളുടെയും ചട്ടങ്ങളുടെയും സൂക്ഷ്മ വിശകലനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3 (*55) <u>ശ്രീമതി ദെലീമ</u>:
<u>ശ്രീ. വി. കെ. പ്രശാന്ത്</u>:
<u>ഡോ. സുജിത് വിജയൻപിള്ള</u>:
<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലനിൽക്കുന്ന വ്യവസായ സൗഹൃദാന്തരീക്ഷം മെച്ചപ്പെടുത്താൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) നിക്ഷേപകരുടെ പരാതി പരിഹരിക്കാൻ സിവിൽ കോടതിയുടെ അധികാരമുള്ള നിയമപരിഹാര സമിതി രൂപീകരിക്കാൻ നിയമപ്രാബല്യം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സമിതി രൂപീകരിച്ചിട്ടുണ്ടോ;

(സി) പരാതി പരിഹാരത്തിനപുറമെ വ്യവസായം തുടങ്ങാനും നടത്താനുംവേണ്ട നിയമസഹായവും പ്രസ്തുത സമിതിവഴി നൽകാനുദ്ദേശിക്കുന്നുണ്ടോ;

(ഡി) സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള ധനസഹായ പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, (എ) വ്യവസായ സൗഹൃദാന്തരീക്ഷം ഒരു പ്രത്യേക നയമായി സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. സംസ്ഥാനത്തെ വ്യവസായന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും അവ സുഗമമായി പ്രവർത്തിക്കുന്നതിനുംവേണ്ട നിയമനിർമ്മാണങ്ങൾ കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്തുതന്നെ തുടങ്ങിവച്ചിരുന്നു. 2018-ൽ നടപ്പിലാക്കിയ 'കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം', 2019-ലെ 'കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' എന്നിവ ഈ ഉദ്ദേശ്യത്തോടെ നടപ്പിലാക്കിയ നിയമനിർമ്മാണങ്ങളാണ്. വ്യവസായ സ്ഥാപനങ്ങളിൽ വിവിധ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ സുതാര്യമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുംവേണ്ടി കെ-സിസ് (Kerala-Centralised Inspection System) എന്ന ഓൺലൈൻ കേന്ദ്രീകൃത പരിശോധനാ സംവിധാനം സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. അഞ്ച് വകുപ്പുകളെ സംയോജിപ്പിച്ചാണ് കേന്ദ്രീകൃത പരിശോധനാ സൗകര്യം ഒരുക്കിയിട്ടുള്ളത്. ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ്, തൊഴിൽ, ലീഗൽ മെട്രോളജി, മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളുടെ പരിശോധനകൾ കേന്ദ്രീകൃതമായി പോർട്ടലിലൂടെ നടത്തും. പരിശോധനയ്ക്കുശേഷം അതുസംബന്ധിച്ച റിപ്പോർട്ട് 48 മണിക്കൂറിനുള്ളിൽ കെ-സിസ് പോർട്ടലിൽ പ്രസിദ്ധീകരിക്കും. സംസ്ഥാനത്ത് സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള അപേക്ഷകളിന്മേൽ സമയബന്ധിതമായി അനുമതികൾ ലഭ്യമാക്കുന്നതിനും നിക്ഷേപകരുമായി സജീവബന്ധം സ്ഥാപിക്കുന്നതിനും സംസ്ഥാനത്തെ ഉയർന്ന സാമ്പത്തിക സാദ്ധ്യതകളുള്ള മേഖലകളിലേയ്ക്ക് നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി 'കേരളാ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ സെൽ' (KIPF) സർക്കാർ രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥർ മേൽപ്പറഞ്ഞ സെല്ലുകളിൽ അംഗങ്ങളാണ്. സംസ്ഥാനത്തെ വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതിനും

ജില്ലാടിസ്ഥാനത്തിലും സംസ്ഥാനതലത്തിലും നിയമപിന്തുണയുള്ള പരാതിപരിഹാര കമ്മിറ്റികൾ രൂപീകരിക്കുന്നതിലേയ്ക്കായി സർക്കാർ 2021-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ഓർഡിനൻസ് പുറപ്പെടുവിക്കുകയുണ്ടായി. സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിലും ചട്ടങ്ങളിലും കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ ഏതെങ്കിലും വ്യവസ്ഥകൾ നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് പഠനം നടത്തി വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ റിപ്പോർട്ട് സമർപ്പിക്കുന്നതിന് മൂന്നംഗ വിദഗ്ധ സമിതിയെ നിയമിച്ചിട്ടുണ്ട്. NUALS വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിലുള്ള പ്രസ്തുത കമ്മിറ്റി വ്യവസായ സമൂഹവുമായും വിവിധ വ്യവസായ അസോസിയേഷനുകളുമായും കൂടിയാലോചനകൾ നടത്തി അവരുടെ പരാതികളും നിർദ്ദേശങ്ങളും സ്വീകരിച്ചുകൊണ്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് വ്യാവസായിക നിക്ഷേപം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള വ്യവസായസംരംഭകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവരുടെ നിക്ഷേപ അപേക്ഷകൾക്ക് എന്തെങ്കിലും വകുപ്പുതല കാലതാമസമുണ്ടെങ്കിൽ അവ പരിഹരിക്കാനുമായി ജില്ലാതലത്തിൽ 'മീറ്റ് ദി മിനിസ്റ്റർ' പരിപാടി വിജയകരമായി നടത്തിവരികയാണ്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും വകുപ്പ് സെക്രട്ടറിമാർ, വിവിധ വകുപ്പുമേധാവികൾ എന്നിവരുടെ സാന്നിദ്ധ്യത്തിലും നടത്തുന്ന ഈ പരിപാടിയിൽ വ്യവസായ സംരംഭകരുമായി ബന്ധപ്പെട്ട പല പ്രശ്നങ്ങൾക്കും പരിഹാരം കാണാനും കഴിഞ്ഞിട്ടുണ്ട്. 10 ജില്ലകളിൽ ഇതിനോടകംതന്നെ 'മീറ്റ് ദി മിനിസ്റ്റർ' പരിപാടി നടത്തുകയുണ്ടായി. അവയുടെ തുടർനടപടികൾ വിവിധ സർക്കാർ ഏജൻസികളുമായി ഏകോപിപ്പിച്ച് നടത്തിവരുന്നു.

(ബി&സി) ഉണ്ട്. നിക്ഷേപകരുടെ പരാതി പരിഹരിക്കുക എന്ന ലക്ഷ്യത്തോടുകൂടി സിവിൽ കോടതിയുടെ അധികാരമുള്ള ജില്ലാ/സംസ്ഥാന പരാതി പരിഹാര കമ്മിറ്റി രൂപീകരിക്കുന്നതിലേയ്ക്കായി സർക്കാർ 2021-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ഓർഡിനൻസ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഭേദഗതി ഓർഡിനൻസ് പ്രകാരം വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനോ പ്രവർത്തിപ്പിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ വൈവിദ്ധ്യവൽക്കരിക്കുന്നതിനോ ആധുനികവൽക്കരിക്കുന്നതിനോ വിവിധ സംസ്ഥാനനിയമങ്ങൾക്കുകീഴിൽ ആവശ്യമായ ക്ലിയറൻസുകളോ സർട്ടിഫിക്കറ്റുകളോ

ലൈസൻസുകളോ പെർമിറ്റുകളോ അനുമതിയോ അതിന്റെ പുതുക്കൽ ലഭിക്കുന്നതിനോ അതിന് ആനുഷംഗികമായ ഏതെങ്കിലും കാര്യത്തിനോവേണ്ടി അപേക്ഷ സമർപ്പിച്ച ഒരാൾക്ക് പ്രസ്തുത നിയമപ്രകാരം ടി കമ്മിറ്റി വ്യവസ്ഥ ചെയ്തിട്ടുള്ള സമയപരിധിക്കുള്ളിൽ സേവനങ്ങൾ നല്കുന്നുണ്ടെന്ന് നിരീക്ഷിക്കുന്നതിനും അപ്രകാരമുള്ളവരുടെ പരാതി കാര്യക്ഷമമായ രീതിയിൽ പരിഹരിക്കുന്നതിനും മതിയായതും ന്യായമായതുമായ കാരണങ്ങൾ കൂടാതെ സമയപരിധിക്കുള്ളിൽ സേവനം നല്കുന്നതിൽ വീഴ്ചവരുത്തുകയോ കാലതാമസം വരുത്തുകയോ ചെയ്യുന്ന ഒരു നിയുക്ത ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കാനും ജില്ലാ/സംസ്ഥാന പരാതിപരിഹാര കമ്മിറ്റികൾക്ക് അധികാരം നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനുവേണ്ടി വിവിധ സാമ്പത്തിക സഹായ പദ്ധതികളും മറ്റു പദ്ധതികളും DIC, KSIDC, KINFRA മുഖേന ആവിഷ്കരിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

**DIC**

- സംരംഭക സഹായ പദ്ധതി
- നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി
- ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ്
- പ്രവർത്തനരഹിതമായ എം.എസ്.എം.ഇ. യൂണിറ്റുകളെ പിന്തുണയ്ക്കാനുള്ള പദ്ധതികൾ
- വ്യവസായഭദ്രത കൂടാതെ കോവിഡ് രണ്ടാംതരംഗത്തെത്തുടർന്ന് വ്യവസായത്തെ പിന്തുണയ്ക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി, COVID-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് ഈ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. പാക്കേജിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കുന്ന Scheme for interest Subvention on term Loan and Working Capital Loan (വ്യവസായ ഭദ്രത), സംരംഭക സഹായ പദ്ധതി (ESS), ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണി ഗ്രാന്റ് പദ്ധതി, നാനോ യൂണിറ്റുകൾക്കുള്ള പലിശയയിളവ് പദ്ധതി എന്നിവയിൽ കൂടുതൽ ഇളവുകൾ പ്രഖ്യാപിച്ചിട്ടുണ്ട്.

## KINFRA

- ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, കാക്കഞ്ചേരി, മലപ്പുറം
- ഐ.ടി/ഐ.ടി. അധിഷ്ഠിത കെട്ടിട സമുച്ചയം-പ്രത്യേക സാമ്പത്തിക മേഖല, കിൻഫ്ര ഫിലിം & വീഡിയോ പാർക്ക്, തിരുവനന്തപുരം
- കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി
- പെട്രോ കെമിക്കൽ പാർക്ക്, എറണാകുളം
- ഡിഫൻസ് പാർക്ക്, ഒറ്റപ്പാലം
- സ്പൈസസ് പാർക്ക്, ഇടുക്കി
- മെഗാ ഫുഡ്പാർക്ക്, പാലക്കാട്
- ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, എറണാകുളം
- കിൻഫ്ര വ്യവസായ പാർക്ക്, മട്ടന്നൂർ
- ഇന്റഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്ക്, ആലപ്പുഴ & പാലക്കാട്

## KSIDC

ചെറുകിട, ഇടത്തരം വ്യവസായങ്ങൾക്ക് കെ.എസ്.ഐ.ഡി.സി. കുറഞ്ഞ പലിശനിരക്കിൽ (നിലവിൽ 8.75% -10.75%) 10,000 ലക്ഷം രൂപ വരെ വായ്പയായി നൽകിവരുന്നു. ഓരോ ആറ് മാസത്തിന്റെയും അവസാനം കുടിശ്ശിക ഇല്ലെങ്കിൽ പലിശനിരക്കിൽ അര ശതമാനംവരെ (ബാക്കിയുള്ള മുതലിന്റെ അടിസ്ഥാനത്തിൽ) വീണ്ടും കുറവ് നൽകിവരുന്നു. കൂടാതെ, ഈ പ്രോജക്ടുകളിൽ പ്രൊമോട്ടർമാർ കൊണ്ടുവരേണ്ട വിഹിതം 50% വരെ അൺസെക്വേർഡ് വായ്പയായി കൊണ്ടുവരാൻ അനുവദിച്ചിട്ടുണ്ട്. പ്രത്യേക പരിഗണനാ വിഭാഗത്തിലുള്ള പ്രോജക്ടുകളിൽ വായ്പ-ഇക്വിറ്റി അനുപാതം 1.5:1 വരെ അധിക ഈട് ഇല്ലാതെയും വായ്പ-ഇക്വിറ്റി അനുപാതം 2:1 വരെ 1.5:1-നുമുകളിലുള്ള തുകയ്ക്ക് അധിക ഈടോടുകൂടിയും വായ്പ നൽകിവരുന്നു. മറ്റ് പ്രോജക്ടുകൾക്ക് ഇത് യഥാക്രമം 1:1-ഉം 1.5:1-ഉം ആണ്. ഭക്ഷ്യസംസ്കരണം, കാർഷികാധിഷ്ഠിത വ്യവസായങ്ങൾ എന്നിവയ്ക്ക് സാമ്പത്തികസഹായം നൽകുന്നതിന് നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായിട്ടുള്ള പ്രത്യേക പരിഗണനയും കെ.എസ്.ഐ.ഡി.സി. നൽകിവരുന്നുണ്ട്. മാത്രമല്ല കോവിഡ് മഹാമാരി ബാധിക്കപ്പെട്ട എല്ലാ വ്യവസായങ്ങൾക്കും കോവിഡ്-19 സമാശ്വാസ പദ്ധതി പാക്കേജ് അനുസരിച്ച് പ്രവർത്തനമൂലധനത്തിനായി കുറഞ്ഞ പലിശനിരക്കിൽ ഹ്രസ്വകാല വായ്പകൾ,

തിരിച്ചുവരുന്ന പ്രവാസികൾക്ക് പ്രത്യേക സോഫ്റ്റ് ലോൺ പദ്ധതി, പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, വായ്പാ തിരിച്ചടവിന് കൂടുതൽ സമയംനൽകൽ, ഒരു വർഷത്തേയ്ക്ക് പിഴപ്പലിശ ഒഴിവാക്കൽ, മൂന്നു മാസത്തേയ്ക്കുള്ള പലിശ ഒഴിവാക്കൽ, മൂന്നുമാസത്തേയ്ക്ക് കെ.എസ്.ഐ.ഡി.സി-യുടെ എസ്.ഡി.എഫ്-കളിലുള്ള യൂണിറ്റുകളുടെ വാടകയും പൊതുസൗകര്യ ചാർജ്ജുകളും ഒഴിവാക്കൽ, വിലയുടെ 20% മുൻകൂർ അടവോടും ബാക്കി 80% അഞ്ചുവർഷംകൊണ്ട് പലിശരഹിത അടവോടുംകൂടി വ്യാവസായിക വളർച്ചാ കേന്ദ്രങ്ങളിൽനിന്നും അർഹരായ സംരംഭകർക്ക് ആവശ്യമായ ഭൂമി അനുവദിക്കൽ തുടങ്ങിയ ഇളവുകൾ കെ.എസ്.ഐ.ഡി.സി-യുമായി ബന്ധപ്പെട്ട് നടപ്പിലാക്കിവരുന്നു. മാത്രമല്ല, പുതിയ ഉത്പാദന വ്യവസായങ്ങൾക്ക് (MSME) കേരള സർക്കാരിന്റെ സംരംഭകത്വ സഹായ പദ്ധതി (ESS) പ്രകാരം 40 ലക്ഷം രൂപ വരെ സഹായധനം നൽകുന്നുണ്ട്.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, കേരളത്തിലെ വ്യാവസായികാന്തരീക്ഷം മോശമാണെന്നതരത്തിൽ ചില ദൃശ്യമാധ്യമങ്ങളുടെയും ഓൺലൈൻ മാധ്യമങ്ങളുടെയും സഹായത്താൽ വ്യാജപ്രചരണം നടത്തുന്ന ഒരു കോർപ്പറേറ്റ് കമ്പനിയുടെ നീക്കത്തെ മറികടക്കുവാനും കൂടുതൽ വ്യവസായങ്ങളെ കേരളത്തിലേയ്ക്ക് കൊണ്ടുവരുന്നതിനുംവേണ്ടി വ്യവസായ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കാമോ?

ശ്രീ. പി. രാജീവ്: സർ, കേരളത്തിലെ വ്യാവസായികാന്തരീക്ഷം പൊതുവെ നല്ല നിലയിലാണ് പോകുന്നത്. ലോക ബാങ്കിന്റെ ലേറ്റസ്റ്റ് റിപ്പോർട്ടുപ്രകാരം നിക്ഷേപാന്തരീക്ഷത്തിന്റെ കാര്യത്തിൽ ഇന്ത്യയിൽ രണ്ടാം സ്ഥാനം കേരളത്തിനാണുള്ളതെന്ന കാര്യം ഞാൻ അഭിമാനപൂർവ്വം സഭയെ അറിയിക്കുകയാണ്. അതോടൊപ്പംതന്നെ ഇന്ത്യയിലെ നിക്ഷേപകരുടെ ഏറ്റവും പ്രധാന സംഘടനയായ Confederation of Indian Industry (CII) ഇന്ത്യയിലെ ഏറ്റവും നല്ല ഏകജാലക സംവിധാനം കേരളത്തിന്റേതാണെന്ന് പരസ്യമായിത്തന്നെ അറിയിക്കുകയുമുണ്ടായി. എന്നാൽ, ഒറ്റപ്പെട്ട സംഭവങ്ങൾ നമ്മുടെ നാടിന് എതിരായുള്ള വികാരം ഉയർത്തിവിടുന്നതിന് ചില ശക്തികൾ ഉപയോഗിക്കുന്നുവെന്ന് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് ശരിയാണ്. മറ്റ് സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായൊരു നിയമസംവിധാനം കേരളത്തിൽ നിലനിൽക്കുന്നുണ്ട്. ആന്ധ്രാപ്രദേശിലെ വാറങ്കലിൽ താപ്പർ ഗ്രൂപ്പ് (Thapar Group)-ന് Andhra Pradesh Rayons (AP Rayons) എന്ന പ്രധാനപ്പെട്ട കമ്പനിയുണ്ട്. കുറച്ച് വർഷങ്ങൾക്കുമുമ്പ് ആ കമ്പനി തൊഴിൽ നിയമങ്ങൾ ലംഘിക്കുന്നുവെന്ന ആക്ഷേപമുയർന്നപ്പോൾ അവിടെ പരിശോധനയ്ക്കുപകരം

സ്ഥാപനത്തിലെ അസിസ്റ്റന്റ് ജനറൽ മാനേജർ രാമകൃഷ്ണയെ വെടിവച്ച് കൊല്ലുകയാണുണ്ടായത്, സീനിയർ ജനറൽ മാനേജർ സദാനന്ദയ്ക്ക് ഗുരുതരമായി പരിക്കേൽക്കുകയുമുണ്ടായി, ഇതാണ് വാറങ്കലിന്റെ അനുഭവം. ആ ജില്ലയിലെ 2017-ൽ ആരംഭിച്ച കാകതീയ മെഗാ ടെക്സ്റ്റൈൽ പാർക്കിൽ (Kakatiya Mega Textile Park) ഇതേവരെ ആരും നിക്ഷേപം ആരംഭിച്ചിട്ടില്ലെന്ന കാര്യംകൂടി നമ്മൾ കാണേണ്ടതുണ്ട്. അവിടെയുള്ള സ്ഥിതി കേരളത്തിൽനിന്നും വ്യത്യസ്തമാണ്. ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽവന്നപ്പോൾ 'നമ്മുടെ വളർച്ചയ്ക്കെതിരെ ആരെങ്കിലും പ്രചരണം നടത്തിയാൽ രാജ്യദ്രോഹക്കുറ്റം ചുമത്തി ജയിലിലടയ്ക്കും' എന്നാണ് തെലുങ്കാന മന്ത്രി കഴിഞ്ഞ ദിവസം നടത്തിയ പ്രഖ്യാപനമെന്നത് ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കർണ്ണാടകയിൽ ബംഗളൂരുവിന് 60 കി.മി. അകലംമാത്രമുള്ള സ്ഥലത്ത് ഐഫോൺ കമ്പനി അടിച്ചുതകർത്തതുമൂലം 440 കോടി രൂപയുടെ നഷ്ടമാണ് അവർക്കുണ്ടായത്. മറ്റൊരു സംസ്ഥാനത്ത് വേദാന്ത ഗ്രൂപ്പ് (Vedanta Group Companies)-ന്റെ സ്റ്റെർലിംഗ് കമ്പനിയിൽ നടന്ന സമരത്തിൽ വെടിവച്ചുകൊന്നത് പതിനൊന്നു പേരെയാണെന്ന കാര്യം നാം ഓർക്കേണ്ടതുണ്ട്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് ഇൻഡക്സിൽ അഞ്ചാം സ്ഥാനത്തുള്ള ഝാർഖണ്ഡിൽ വ്യവസായം ആരംഭിക്കുന്നതിനുവേണ്ടി 3000 ആദിവാസികളെയാണ് ജയിലിലടച്ചിട്ടുള്ളതെന്നും നാം അറിയണം. കേരളത്തിൽ ഇത്തരത്തിലുള്ള അനുഭവങ്ങളൊന്നുമില്ല. നിയമവ്യവസ്ഥ പൂർണ്ണമായും പാലിച്ചുകൊണ്ട് ഏത് സംരംഭകർക്കും വ്യവസായം ആരംഭിക്കാനുള്ള അനുയോജ്യമായ സാഹചര്യം കേരളത്തിൽ നിലനിൽക്കുന്നുണ്ടെന്നത് ശ്രദ്ധയിൽപ്പെടുത്തുന്നു.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ അമ്പലമുകളിലുള്ള കിൻഫ്രാ പാർക്കിൽ സ്ഥാപിക്കുന്ന പെട്രോകെമിക്കൽ പാർക്കുമായി ബന്ധപ്പെട്ട് ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ശ്രീ. പി. രാജീവ്: സർ, കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എഫ്.എ.സി.ടി. (FACT)-ൽ നിന്നും 481.79 ഏക്കർ സ്ഥലം സംസ്ഥാനം വിലകൊടുത്തുവാങ്ങിക്കൊണ്ട് ഒരു പെട്രോകെമിക്കൽ പാർക്ക് സ്ഥാപിക്കുന്നതിനായി തീരുമാനിക്കുകയുണ്ടായി. ഇതിന്റെ ആങ്കർ യൂണിറ്റ് (anchor unit) BPCL റിഫൈനറി തന്നെയാണ്. അതിനാവശ്യമായ 171 ഏക്കർ സ്ഥലം അനുവദിച്ചുകഴിഞ്ഞു. ബാക്കിയുള്ള 250 ഏക്കർ ഭൂമിയിൽ 61.2 ഏക്കറും ഇതിനോടകം 28 സംരംഭകർക്കായി അനുവദിച്ചുകഴിഞ്ഞിരിക്കുകയാണ്. ബി.പി.സി.എൽ. റിഫൈനറിയുടെ ഉപോത്പന്നമാണ് നമ്മൾ അസംസ്കൃത

വസ്തുവായി ഉപയോഗിക്കുന്നത്. എന്നാൽ BPCL (Bharat Petroleum Corporation Limited)-ന്റെ സ്വകാര്യവത്കരണ സാദ്ധ്യത നിലനിൽക്കുന്നതിനാൽ പ്രസ്തുത ഉത്പന്നത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന ഗവൺമെന്റിനുവേണ്ടി കിൻഫ്ര അവരുമായി എം.ഒ.യു.(memorandum of understanding) ഒപ്പുവച്ചിട്ടുണ്ട്. ബി.പി.സി.എൽ. ഉത്പാദിപ്പിക്കുന്ന പ്രോഡക്ടുകളിലൊന്ന് പ്രായമായവരുടെ ഉപയോഗത്തിനുള്ള അണ്ടർപാഡ് നിർമ്മാണത്തിലെ അസംസ്കൃത വസ്തുവാണ്; ഇതുവരെ അത് പുറത്തുനിന്നും ഇറക്കുമതി ചെയ്യുകയായിരുന്നു. ഇപ്പോഴത് റിഫൈനറിതന്നെ ഉത്പാദിപ്പിച്ചു തുടങ്ങിയിട്ടുണ്ട്. അത്തരം സാദ്ധ്യതകൾകൂടി ഉപയോഗപ്പെടുത്തി ഫാർമാ പാർക്കും ഇതിനോടുചേർന്ന് സ്ഥാപിക്കുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്.

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, ഉത്തരവാദിത്തനിക്ഷേപം-ഉത്തരവാദിത്തവ്യവസായം എന്ന കാഴ്ചപ്പാട് പ്രായോഗികമാക്കാൻ പദ്ധതി തയ്യാറാക്കുന്നതുമുതൽ സംരംഭം ആരംഭിക്കുന്നതുവരെയുള്ള നടപടിക്രമം ലഘൂകരിക്കാനും സഹായസഹകരണവും മാർഗ്ഗനിർദ്ദേശങ്ങളും നൽകാനും സന്നദ്ധമായിട്ടുള്ള വ്യവസായ വകുപ്പിന്റെ ഇടപെടൽ ശ്ലാഘനീയമാണ്. 'മീറ്റ് ദി മിനിസ്റ്റർ' എന്ന പദ്ധതിക്കുശേഷം 'മീറ്റ് ദി ഇൻവെസ്റ്റർ' എന്ന ആശയവിനിമയ പരിപാടികൂടി ആരംഭിച്ചിരിക്കുകയാണ്. നിക്ഷേപ സൗഹൃദാന്തരീക്ഷം ശക്തിപ്പെടുത്താൻ ഈ ഉജ്ജ്വല സംരംഭത്തിന് കഴിയുമെന്ന കാര്യത്തിൽ തർക്കമില്ല. സംസ്ഥാനത്ത് നിക്ഷേപം നടത്തുന്നതിന് ഏതൊക്കെ സ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്; ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് വരുന്ന നിക്ഷേപം എത്രയാണ്; സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങൾ എത്രയാണ്?

<u>ശ്രീ. പി. രാജീവ്</u>: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 3,220 കോടി രൂപയുടെ നിക്ഷേപത്തിനുള്ള പദ്ധതികൾക്ക് തുടക്കംകുറിച്ചു. 'മീറ്റ് ദി ഇൻവെസ്റ്റർ' പരിപാടിയിൽ നാല് ഗ്രൂപ്പുകളുമായി 1,410 കോടി രൂപയുടെ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ടാറ്റാ കൺസൾട്ടൻസിയുമായി ബന്ധപ്പെട്ട കാര്യം ഞാൻ കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ പറഞ്ഞതാണ്. അതിനുശേഷം ടാറ്റാ കൺസൾട്ടൻസി (Tata Consultancy Services)-യുമായി 690 കോടി രൂപയുടെ എം.ഒ.യു. ഒപ്പുവച്ചുകഴിഞ്ഞു. 10000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ടാറ്റ ഇലക്സി (Tata Elxsi)-യുടെ 75 കോടി രൂപയുടെ നിർമ്മാണപ്രവർത്തനം പൂർത്തീകരണഘട്ടത്തിലാണ്. അധികം വൈകാതെ കഴക്കൂട്ടത്ത് (തിരുവനന്തപുരം) ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. 2800 പേർക്ക് നേരിട്ടും 2800 പേർക്ക് പരോക്ഷമായും

തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയും. ഇതുകൂടാതെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി രണ്ട് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ പ്രവർത്തനം ആരംഭിച്ചു. അതിലൊന്നായ കൊല്ലം ജില്ലയിലെ മുണ്ടയ്ക്കലിൽ 24 കോടി രൂപയുടെ നിക്ഷേപമുണ്ട്. 370 തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുമുണ്ട്. മറ്റൊന്നുള്ളത് മലപ്പുറത്തെ കാക്കഞ്ചേരി ഇൻഡസ്ട്രിയൽ എസ്റ്റേറ്റാണ്. എല്ലാ പ്ലോട്ടുകളും കൈമാറിക്കഴിഞ്ഞിരിക്കുകയാണ്. 710 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന 8 കോടി രൂപയുടെ വ്യവസായങ്ങൾ ഇപ്പോൾത്തന്നെ ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ 4299 പുതിയ എം.എസ്.എം.ഇ. യൂണിറ്റുകൾ ആരംഭിച്ചു. 507.83 കോടി രൂപയുടെ നിക്ഷേപം എം.എസ്.എം.ഇ. യൂണിറ്റുകളിൽ മാത്രം വന്നിട്ടുണ്ട്. നൂറ് ദിനങ്ങൾക്കൊണ്ട് പതിനായിരം തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നാണ് പറഞ്ഞിരുന്നതെങ്കിലും എം.എസ്.എം.ഇ. യൂണിറ്റുകൾവഴി മാത്രം 17,448 തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ടെന്ന കാര്യവും അറിയിക്കുകയാണ്.

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: സർ, വ്യവസായ സംരംഭകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വ്യവസായ വകുപ്പ് മുൻകയ്യെടുത്തുകൊണ്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; 'മീറ്റ് ദി മിനിസ്റ്റർ' പരിപാടിയുടെ ഭാഗമായി എത്ര പരാതികൾ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്?

<u>ശ്രീ. പി. രാജീവ്</u>: സർ, വ്യവസായ സംരംഭകരുടെ പരാതികൾ നേരിട്ട് കേൾക്കുന്നതിനുവേണ്ടി ആരംഭിച്ച 'മീറ്റ് ദി മിനിസ്റ്റർ' പരിപാടി പത്ത് ജില്ലകളിൽ പൂർത്തീകരിക്കാൻ കഴിഞ്ഞു. ആദ്യം നടന്ന രണ്ട് ജില്ലകളിലൊഴികെ ബാക്കി എല്ലാ ജില്ലകളിലും ഈ പരിപാടിക്കുശേഷം അവിടത്തെ എം.എൽ.എ.-മാരുമായി ആശയവിനിമയം നടത്തുകയുണ്ടായി. പ്രധാനമായി പരാതികൾ ഉയർന്നുവരുന്ന വകുപ്പുകളിലെ തലവന്മാർ ഉൾപ്പെടെയുള്ളവർ പ്രസ്തുത യോഗങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. വ്യവസായ വകുപ്പിലെ എല്ലാ പ്രധാനപ്പെട്ട ഉദ്യോഗസ്ഥരും ഈ പരിപാടിയിൽ പങ്കെടുക്കുകവഴി ഭൂരിപക്ഷം പരാതികളിന്മേലും തീർപ്പുകൽപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിന്റെ ഭാഗമായിത്തന്നെ 419 സംരംഭകരുമായി നേരിട്ട് ചർച്ച നടത്തിയിട്ടുണ്ട്. ആ ചർച്ചകളിലൂടെ ഉയർന്നുവന്ന ആശയങ്ങളും അവർ മുന്നോട്ടുവച്ചിട്ടുള്ള പ്രശ്നങ്ങളും പരിഹരിക്കുന്നതിനുള്ള ശ്രമങ്ങളും ഗവൺമെന്റ് ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ ഉയർന്നുവന്നിട്ടുള്ള പരാതികളുടെ പരിഹാരത്തിനുശേഷം അവശേഷിക്കുന്നവ ഫോളോ-അപ് ചെയ്യുന്നതിനുവേണ്ടി ഒരു പ്രത്യേക സംവിധാനം മുതിർന്ന ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുണ്ട്. ഈ സംവിധാനം തുടർച്ചയായി കൊണ്ടുപോകാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. ഉദ്യോഗസ്ഥതലത്തിൽത്തന്നെ

പരിഹരിക്കേണ്ട കാര്യങ്ങൾക്ക് യഥാസമയം പരിഹാരം ലഭിക്കാതെ വരുന്നതുകൊണ്ടാണ് മന്ത്രിതലത്തിൽ ഇടപെടേണ്ടി വരുന്നത്. അതിന് ശാശ്വത പരിഹാരമുണ്ടാക്കുന്നതിനുവേണ്ടി നിയമപരമായി പിൻബലവും സിവിൽ കോടതിയുടെ അധികാരത്തോടുംകൂടിയ പരാതിപരിഹാര സംവിധാനവുമാണ് ഉദ്ദേശിക്കുന്നത്. വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ 250 രൂപ മുതൽ 10,000 രൂപ വരെ പിഴ ചുമത്താനും വകുപ്പുതല അച്ചടക്ക നടപടി ശിപാർശ ചെയ്യാനുമുള്ള സംവിധാനം കൊണ്ടുവരുന്നതിനുള്ള ഓർഡിനൻസ് പാസ്സാക്കിയ കാര്യവും അറിയിക്കുകയാണ്.

ശ്രീമതി ദെലീമ: സർ, കോവിഡ്മൂലം തകർന്നുപോയ മത്സ്യസംസ്കരണ വ്യവസായ മേഖല നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, കേരളത്തിൽ ഏറെ സാദ്ധ്യതയുള്ള മേഖലയാണ് മത്സ്യസംസ്കരണം. നേരത്തെ കേരളം മത്സ്യക്കയറ്റുമതിയിൽ മുൻപന്തിയിലായിരുന്നു. ഇപ്പോൾ 60 ശതമാനത്തിൽ കൂടുതൽ കയറ്റുമതി നടക്കുന്നത് ആന്ധ്രാപ്രദേശിൽനിന്നാണ്. കേരളം ഇപ്പോൾ രണ്ടാം സ്ഥാനത്തേയ്ക്ക് വന്നിട്ടുണ്ട്. കഴിഞ്ഞ വർഷം മൂന്നാംസ്ഥാനത്തായിരുന്നു. തമിഴ്നാടായിരുന്നു നേരത്തെ രണ്ടാം സ്ഥാനത്തുണ്ടായിരുന്നത്. ഈ മേഖലയിൽ മൂല്യവർദ്ധനവ് പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ ചേർത്തലയിൽ പുതിയ പാർക്ക് ആരംഭിക്കുന്നതിന് അലോട്ട്മെന്റ് പൂർത്തിയാക്കി പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതി ലഭ്യമായിട്ടുണ്ട്. കൺസെന്റ് ടു ഓപ്പറേറ്റ് ലഭ്യമായാൽ രണ്ടുമാസത്തിനുള്ളിൽ പ്രവർത്തനമാരംഭിക്കാൻ കഴിയും. കേന്ദ്രഗവൺമെന്റുകൂടി ചേരുന്ന പദ്ധതിയുടെ മാർഗ്ഗനിർദ്ദേശമനുസരിച്ച് രണ്ടുമാസത്തിനുള്ളിൽത്തന്നെ ചേർത്തലയിലെ പുതിയ സീ-ഫുഡ് പ്രോസസ്സിംഗ് പാർക്ക് ഉദ്ഘാടനം ചെയ്യാൻ കഴിയും. മറ്റ് മേഖലകളിലും സാദ്ധ്യതകൾ പരിശോധിച്ചുവരികയാണ്. പുതിയ നിക്ഷേപങ്ങൾക്കുള്ള വാഗ്ദാനങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നുവെന്നുള്ള കാര്യവും സഭയെ അറിയിക്കുകയാണ്.

ശ്രീ. വി. കെ. പ്രശാന്ത്: സർ, സംസ്ഥാനത്തെ വിവിധ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ കൈവശക്കാരുണ്ടെങ്കിലും പലതും ഒഴിഞ്ഞുകിടക്കുകയാണ്. ഇത് പുതിയ സ്റ്റാർട്ട്-അപ് സംരംഭങ്ങൾക്ക് നൽകി അവയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയുമോ; സഹകരണ വകുപ്പ് ആരംഭിച്ച 25-ഓളം യുവജന സഹകരണ സംഘങ്ങൾക്കുകൂടി ഇത്തരം ഒഴിഞ്ഞുകിടക്കുന്ന സ്ഥലവും സഹായവും നൽകുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. പി. രാജീവ്: സർ, നാല് തരത്തിലുള്ള വ്യവസായ പാർക്കുകളെയും ഭൂമി ലഭ്യതയെയുംകുറിച്ചുള്ള സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിരുന്നു. അതിൽ വ്യവസായ കേന്ദ്രത്തിന്റെ കീഴിലുള്ള പാർക്കുകളുടെ സ്ഥലം ലഭ്യമല്ല; ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ ലിറ്റിഗേഷനിലുമാണ്. നിലവിലുള്ള ലാൻഡ് ലീസ് പോളിസിയുമായി ബന്ധപ്പെട്ട തർക്കങ്ങൾക്ക് പരിഹാരം കാണുന്നതിനുവേണ്ടി യൂണിഫോം ലാൻഡ് അലോട്ട്മെന്റ് പോളിസിയുടെ ഡ്രാഫ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ക്രയ വിക്രയങ്ങളിലുണ്ടാകുന്ന പ്രശ്നങ്ങളോ ഒരാൾ മരണപ്പെട്ടാൽ അടുത്തയാൾക്ക് ട്രാൻസ്ഫർ ചെയ്യേണ്ടി വരുന്നതോ പോലുള്ള സങ്കീർണ്ണമായ പ്രക്രിയകൾ ലഘൂകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സിഡ്കോയിലും കെ.എസ്.ഐ.ഡി.സി-കിൻഫ്രയുടെ രണ്ട് പാർക്കുകളിലുമൊഴികെ മറ്റൊരിടത്തും സ്ഥലം ഒഴിവില്ല. കെ.എസ്.ഐ.ഡി.സി-യുടെ കുറ്റ്യാടി പാർക്കിൽ പുതുതായി പ്രവർത്തനം ആരംഭിക്കുന്നിടത്താണ് ഇപ്പോൾ സ്ഥലം ഒഴിവുള്ളത്. പത്തനാപുരം നിയോജകമണ്ഡലത്തിൽ കിൻഫ്രയുടെ പാർക്കിലും ഒറ്റപ്പാലം ഡിഫൻസ് പാർക്കിലും സ്ഥലം ഒഴിവുണ്ട്. ഈ സ്ഥലം പരമാവധി സംരംഭർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ചെറുപ്പക്കാർക്കും വനിതകൾക്കും പ്രത്യേക പ്രോത്സാഹന പദ്ധതി ഗവൺമെന്റ് മുന്നോട്ടുവച്ചിട്ടുണ്ട്. ഇപ്പോൾ സ്റ്റാർട്ട്- അപ്പിൽ ഐ.ടി. മേഖലയാണ് കൂടുതലായി പരിഗണിക്കുന്നത്. അഗ്രോ-സ്റ്റാർട്ട്-അപ്പുകളും മാനുഫാക്ചറിംഗ് സ്റ്റാർട്ട്-അപ്പുകളുമടങ്ങുന്ന ഒരു പ്രത്യേക പദ്ധതി ഗവൺമെന്റ് ആവിഷ്കരിക്കുന്നതാണ്.

ഡോ. സുജിത് വിജയൻപിള്ള: സർ, വ്യവസായ വകുപ്പിനുകീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനം റിക്രൂട്ട്മെന്റ് ബോർഡിന് വിടാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ നടപടികൾ ഏതു ഘട്ടംവരെയായി; പുതിയ തൊഴിൽ സാദ്ധ്യതകളെക്കുറിച്ച് ചെറുപ്പക്കാർക്ക് അറിയുന്നവിധത്തിൽ ഓൺലൈൻ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനത്തെ സംബന്ധിച്ച് പലവിധത്തിലുള്ള അഭിപ്രായങ്ങളും വിമർശനങ്ങളും ഉയർന്നു വന്നിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിൽ രണ്ട് തരത്തിലുള്ള നിയമനങ്ങളാണ് നടക്കുന്നത്. മാനേജിംഗ് ഡയറക്ടർമാരായി നിയമിക്കുന്നതിനുള്ള യോഗ്യത നിഷ്കർഷിച്ചിരുന്നില്ല. റിയാബിന്റെ ശിപാർശ അംഗീകരിച്ചുകൊണ്ട് പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാരുടെ യോഗ്യത സംബന്ധിച്ച് തീരുമാനിക്കുന്നതിനായി ഹൈക്കോടതി മുൻ ജഡ്ജിയുടെ നേതൃത്വത്തിലുള്ള സെലക്ഷൻ കമ്മിറ്റിക്ക് വിട്ടിരിക്കുകയാണ്. പ്രസ്തുത കമ്മിറ്റി പൂർണ്ണമായി മെരിട്ടോറിയസായിട്ടായിരിക്കും തീരുമാനമെടുക്കുന്നത്. പൊതുമേഖലാ

സ്ഥാപനങ്ങളിലെ നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും നേരിട്ടും അല്ലാതെയുള്ള പല വ്യവസ്ഥകളിലൂമായാണ് നടന്നിരുന്നത്. പൊതുമേഖലാ സ്ഥാനപനങ്ങളിലെ സ്ഥിരനിയമനങ്ങൾ പൊതുമേഖലാ റിക്രൂട്ട്മെന്റ് ബോർഡിന് വിട്ടുകൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ കരട് ബിൽ ബന്ധപ്പെട്ട വകുപ്പുകളുടെ പരിശോധനയ്ക്കുശേഷം അധികം വൈകാതെ മന്ത്രിയസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കും. നവംബർ മാസത്തോടുകൂടി റിക്രൂട്ട്മെന്റുകളെല്ലാം ഈ സംവിധാനത്തിൻകീഴിലാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. താല്ക്കാലിക നിയമനങ്ങൾ കോൺട്രാക്ട് വ്യവസ്ഥയിൽ ഒതുങ്ങിനില്ക്കുന്നൊരു രൂപത്തിലായിരിക്കണമെന്ന നിർദ്ദേശവും ബന്ധപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നല്കിയിട്ടുണ്ട്. തൊഴിലവസരങ്ങളെക്കുറിച്ച് പൊതുജനങ്ങളെ അറിയിക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, കാർഷികോല്പന്നങ്ങളിൽനിന്ന് മൂല്യവർദ്ധിത ഉല്പന്നങ്ങൾ തയ്യാറാക്കുന്നതിനുള്ള പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എത്ര യൂണിറ്റുകൾ ആരംഭിക്കാനാണ് ലക്ഷ്യമിടുന്നത്; അതോടൊപ്പംതന്നെ മെഗാ ഫുഡ്കോർട്ടുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, കാർഷികോല്പന്നങ്ങളിൽനിന്ന് മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കാൻ കഴിയുമെന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ഗൗരവമായാണ് പരിശോധിക്കുന്നത്. വിശദമായ പദ്ധതിരേഖ തയ്യാറാക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിതല ഉപസമിതിയെ നിശ്ചയിച്ചിട്ടുണ്ടെന്ന കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. പുതിയ സാദ്ധ്യതകളെക്കുറിച്ച് വ്യവസായ വകുപ്പ് ചില പദ്ധതികൾ മുന്നോട്ടുവച്ചിട്ടുണ്ട്. 'ഒരു ജില്ല-ഒരു ഉല്പന്നം' എന്ന പദ്ധതിയുടെ ഭാഗമായി 108-ഓളം സ്ഥാപനങ്ങൾ സന്നദ്ധത അറിയിക്കുകയും ഈ മാസം ഔപചാരികമായ ഉദ്ഘാടനം നിർവ്വഹിക്കുന്നതുമാണ്. പഴങ്ങളിൽനിന്ന് വൈൻ ഉല്പാദിപ്പിക്കാൻ അനുമതി നല്കുന്നതുസംബന്ധിച്ച് മന്ത്രിതലത്തിൽ യോഗം ചേർന്നിരുന്നു. പുതിയ സാദ്ധ്യതകൾ നമുക്ക് പ്രയോജനപ്പെടുത്താൻ കഴിയേണ്ടതുണ്ട്. കൂടാതെ, പ്ലാന്റേഷൻ പോളിസിയുടെ ഭാഗമായി നിശ്ചിത സ്ഥലം മറ്റ് വിളകൾക്കുകൂടി ഉപയോഗിക്കാമെന്നുള്ള വ്യവസ്ഥകൂടി ഉപയോഗപ്പെടുത്തി മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കാൻ കഴിയുമോയെന്ന കാര്യവും പരിശോധിച്ചുവരികയാണ്. ഇതിനുവേണ്ടി ഒരു ടെക്നോളജി സംവിധാനം ആരംഭിച്ചു. കേരളത്തിലെ കേന്ദ്ര ഗവേഷണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ തുടങ്ങിയവയുടെ അറിവുകൂടി

ഉപയോഗപ്പെടുത്താനുള്ള പദ്ധതിക്ക് തുടക്കംകുറിച്ചിരിക്കുകയാണ്. കിഴങ്ങു വർഗ്ഗങ്ങളിൽനിന്ന് മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കാമെന്നതിനെക്കുറിച്ചുള്ള ക്ലാസ്സ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ചു. ഇതുകൂടാതെ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടുകൾ എല്ലാ ജില്ലകളിലും ആരംഭിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുമുണ്ട്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ആദ്യമായി കേരളത്തിലാണ് സ്റ്റാർട്ട്-അപ്പുകൾ ആരംഭിച്ചത്. സ്റ്റാർട്ട്-അപ്പുകൾക്ക് തുടക്കത്തിൽ സഹായം നൽകുമെങ്കിലും തുടർന്ന് സഹായം നല്കാത്തതുകൊണ്ട് അവ മുന്നോട്ടുപോകുന്നില്ലെന്നുള്ള ആക്ഷേപം ഉയർന്നുവന്നിട്ടുണ്ട്. അക്കാര്യം പരിശോധിക്കണം. കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുന്ന ഗ്രീൻ ചാനൽ പദ്ധതിയാണോ സംസ്ഥാനത്ത് നടപ്പിലാക്കാൻ പോകുന്നത്; അതോ പുതിയ ഗ്രീൻ ചാനൽ പദ്ധതിയാണോ എന്ന് വ്യക്തമാക്കാമോ; കഴിഞ്ഞ അഞ്ച് വർഷംകൊണ്ട് എത്ര നിക്ഷേപമാണ് സംസ്ഥാനത്തുണ്ടായിട്ടുള്ളത്?

ശ്രീ. പി. രാജീവ്: സർ, കഴിഞ്ഞ ദിവസം തെക്കേ ഏഷ്യയിലെ ഏറ്റവും വലിയ സ്റ്റാർട്ട്-അപ് സംരംഭം കളമശ്ശേരിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തുവെന്ന് ഞാനിവിടെ സൂചിപ്പിക്കുകയാണ്. നേരത്തെ ആരംഭിച്ചിരുന്ന സ്റ്റാർട്ട്-അപ് മിഷൻ വിപുലപ്പെടുത്തിയിരുന്നു. ഇപ്പോഴത് തെക്കേ ഏഷ്യയിലെ ഏറ്റവും വലിയ സ്ഥാപനമായി മാറിക്കഴിഞ്ഞിരിക്കുകയാണ്. ഇൻക്യുബേറ്റർ, ആക്സിലറേറ്റർ സ്റ്റാർട്ട്-അപ് സംവിധാനങ്ങൾ എന്നിവ പുതിയ കാലഘട്ടത്തിനനുസൃതമായി ഉപയോഗപ്പെടുത്താനാണ് സർക്കാർ ശ്രമിച്ചു കൊണ്ടിരിക്കുന്നത്. നമുക്ക് അംഗീകൃതമായൊരു സിംഗിൾ വിൻഡോ സിസ്റ്റമുണ്ട്. കേന്ദ്ര ഗവൺമെന്റ് അവതരിപ്പിച്ചിരിക്കുന്ന കേന്ദ്രീകൃത സിംഗിൾ വിൻഡോ സിസ്റ്റത്തിലെ സാദ്ധ്യതകൾ സംസ്ഥാനത്ത് ഇന്റഗ്രേറ്റ് ചെയ്യേണ്ടതുണ്ടോയെന്ന് പരിശോധിച്ചശേഷം തീരുമാനമെടുക്കുന്നതാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ വന്ന നിക്ഷേപങ്ങളെക്കുറിച്ച് നേരത്തെ വ്യക്ത മാക്കിയിട്ടുള്ളതാണ്. അസെൻഡ് കേരളയുടെ ഭാഗമായി 151 പ്രോജക്ടുകളിലായി 33,301 കോടി രൂപയുടെ ധാരണാപത്രത്തിൽ ഒപ്പുവച്ചിരിക്കുകയാണ്. 476.26 കോടി രൂപയുടെ 22 പ്രോജക്ടുകൾ ഇതിനോടകം പ്രവർത്തനം ആരംഭിച്ചു ക്കഴിഞ്ഞു. 7,216 കോടി രൂപയുടെ 59 പ്രോജക്ടുകൾ അവസാനഘട്ടത്തിലാണ്. 5,397.22 കോടി രൂപയുടെ 39 പ്രോജക്ടുകൾ കോവിഡ് പ്രതിസന്ധി കാരണം കുറച്ചുകാലത്തേയ്ക്ക് മാറ്റിവയ്ക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനോടനുബന്ധിച്ചുള്ള തുടർപരിശോധന ബഹുമാനപ്പെട്ട മുഖ്യമന്ത്രിതലത്തിലും വ്യവസായ വകുപ്പുമന്ത്രിതലത്തിലും സെക്രട്ടറിതലത്തിലും നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. എം.എസ്.എം.ഇ-കളുടെ വിശദമായ കണക്കിലേയ്ക്ക് ഞാൻ പോകുന്നില്ല. കഴിഞ്ഞ

5 വർഷത്തിനുമുമ്പ് കേരളത്തിലുണ്ടായിരുന്ന എം.എസ്.എം.ഇ.-കളുടെ ഇരട്ടി ഒന്നാം പിണറായി വിജയൻ ഗവൺമെന്റിന്റെ ഭരണകാലത്ത് കേരളത്തിലുണ്ടായിട്ടുണ്ടെന്ന കാര്യംകൂടി സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ ഒരു ഉപചോദ്യം മാത്രം ചോദിക്കണം. എത്ര ചോദിച്ചാലും ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയാൻ തയ്യാറാണ്. പക്ഷേ, ഒരു ഉപചോദ്യമേ ചോദിക്കാവൂ.

ശ്രീ. പി. ഉബൈദുള്ള: സർ, കോവിഡ് സൃഷ്ടിച്ച പ്രതിസന്ധി ഏറ്റവും കൂടുതൽ ബാധിച്ചത് പ്രവാസികളെയാണ്. പതിനാറ് ലക്ഷത്തോളം മലയാളികളാണ് ഇപ്പോൾ വിദേശരാജ്യങ്ങളിൽനിന്നും തിരിച്ചുവന്നത്. പ്രവാസികൾക്കുവേണ്ടി കോടിക്കണക്കിന് രൂപയുടെ പാക്കേജുകൾ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിൽപ്പോലും അവർക്കുവേണ്ടി പ്രത്യേകമായൊരു പദ്ധതിയും ഇതുവരെ തുടങ്ങാൻ സാധിച്ചിട്ടില്ലെന്നത് യാഥാർത്ഥ്യമാണ്. തിരിച്ചെത്തിയ പ്രവാസികളിൽ തൊഴിൽ വൈദഗ്ദ്ധ്യമുള്ള ധാരാളമാളുകളുണ്ട്. അവർക്ക് പ്രത്യേകമായി വ്യവസായ യൂണിറ്റ് ആരംഭിക്കാനുള്ള പദ്ധതി ആവിഷ്കരിക്കുമോ; ടെക്സ്റ്റൈൽ മേഖല ഇന്ന് വലിയ പ്രതിസന്ധി നേരിടുകയാണ്...(മൈക്ക് ഓഫ്)..

മി. സ്പീക്കർ: അതുകൊണ്ടാണ് പ്രത്യേകം പറഞ്ഞത്. ഒന്നിൽ കൂടുതൽ ഉപചോദ്യം അനുവദിക്കാനാവില്ല.

ശ്രീ. പി. രാജീവ്: സർ, ഉപചോദ്യം ഒന്ന് മാത്രമേയുള്ളൂ. അദ്ദേഹം പ്രകടിപ്പിച്ച ആശങ്ക ശരിയാണ്. കോവിഡ് കാലഘട്ടത്തിൽ കേരളത്തിൽ തിരിച്ചെത്തിയ പ്രവാസികളെ പ്രോത്സാഹിപ്പിക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്. അതിന്റെ ഉത്തമോദാഹരണമാണ് MSME-കൾക്ക് നൽകുന്ന പ്രോത്സാഹനം. വ്യവസായ ജില്ലകളായി പരിഗണിക്കപ്പെട്ടിരുന്നത് എറണാകുളം, പാലക്കാട് എന്നിവയാണെങ്കിൽ ഇപ്പോൾ ഏറ്റവും കൂടുതൽ എം.എസ്.എം.ഇ.-കൾ വരുന്ന ജില്ലകളിലൊന്നായി മലപ്പുറം മാറിയിട്ടുണ്ടെന്ന കാര്യം ബഹുമാനപ്പെട്ട അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. നല്ല രീതിയിലുള്ള നിക്ഷേപവാഗ്ദാനം വരുന്നുണ്ട്. കിൻഫ്ര പാർക്കിൽ ബഹുമാന്യനായ അംഗവും ഞാനും ഒന്നിച്ചാണ് ഉദ്ഘാടനത്തിൽ പങ്കെടുത്തത്. ഒഴിഞ്ഞുകിടക്കുന്ന ബാക്കി സ്ഥലവുംകൂടി കൈമാറിക്കഴിഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകയ്യെടുത്ത് നോർക്കയുമായി ചേർന്ന് നിക്ഷേപകരെ പ്രോത്സാഹിപ്പിക്കാനുള്ള രണ്ട് പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. രണ്ടുകോടി രൂപവരെ ലോൺ നൽകുന്ന ഒരു പദ്ധതി കെ.എസ്.ഐ.ഡി.സി. ആരംഭിച്ചിട്ടുണ്ട്. അതിനുമുമ്പുതന്നെ രണ്ടുകോടി രൂപ ലോൺ നൽകുന്ന മറ്റൊരു പദ്ധതിയും മുഖ്യമന്ത്രിയുടെ കോവിഡ് പാക്കേജിന്റെ

ഭാഗമായി നടപ്പിലാക്കിയിട്ടുണ്ട്. തുച്ഛമായ വരുമാനമുള്ള പ്രവാസികളും തിരിച്ചുവരുന്നുണ്ട്; രണ്ടുകോടി രൂപയുടെ നിക്ഷേപ പദ്ധതിയിലേയ്ക്ക് ഇവർക്ക് എത്താൻ കഴിയില്ല. അവർക്ക് കുടുംബശ്രീയിൽ അംഗങ്ങളാകാൻ അവസരം നൽകും. രണ്ട് ലക്ഷം രൂപ വരെയുള്ള നാനോ പദ്ധതികൾ ആരംഭിക്കാനുള്ള സഹായവും ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്.

<u>ശ്രീ. കെ. പി. മോഹനൻ</u>: സർ, കണ്ണൂരിൽ വച്ചുനടത്തിയ 'മീറ്റ് ദി മിനിസ്റ്റർ' പരിപാടി ശ്രദ്ധേയമായിരുന്നുവെന്ന് മാത്രമല്ല നിർദ്ദേശങ്ങൾ പ്രായോഗികതലത്തിലേയ്ക്കും വന്നിരിക്കുകയാണ്. ചില സാങ്കേതിക തടസ്സങ്ങൾമൂലം കിൻഫ്രയ്ക്കുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ മന്ദഗതിയിലാണ്. അത് ഊർജ്ജിതപ്പെടുത്തുന്നതോടൊപ്പം സൂക്ഷ്മ-ഇടത്തരം സംരംഭകർക്ക് കൂടുതൽ പരിഗണന നൽകിക്കൊണ്ട് യുവസംരംഭകരെക്കൂടി ആകർഷിക്കത്തക്കരീതിയിലുള്ള സംരംഭങ്ങൾ ആവിഷ്കരിക്കാനുള്ള നടപടി സ്വീകരിക്കണം. അത് മടങ്ങിവരുന്ന പ്രവാസികൾക്കടക്കം ഗുണകരമായി വരണമെന്നതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. പി. രാജീവ്</u>: സർ, 'മീറ്റ് ദി മിനിസ്റ്റർ' പരിപാടി സംബന്ധിച്ച് ഞാൻ നേരത്തെ സൂചിപ്പിച്ചിരുന്നു. അതിന്റെ കണക്ക് അപ്പോൾ പറയാൻ കഴിഞ്ഞില്ല. 1301 പരാതികൾ ലഭിച്ചതിൽ 634 എണ്ണത്തിനും അവിടെവച്ചുതന്നെ തീർപ്പുകൽപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നു കൊണ്ടിരിക്കുകയാണ്. കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിയുടെ കാര്യത്തിൽ ഉദ്ദേശിച്ച വേഗതയിൽത്തന്നെ ഓരോ ഘട്ടവും മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞിട്ടുണ്ട്. കൂടുതൽ ഭൂമി ലഭ്യമായിക്കൊണ്ടിരിക്കുന്ന സ്ഥലം കണ്ണൂരാണ്. അവിടെയും ഭൂമി ഏറ്റെടുക്കലിന് പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ട്. ചെറുപ്പക്കാർ ഉൾപ്പെടെയുള്ളവർക്ക് പ്രോത്സാഹനം നൽകാൻ കഴിയുന്ന രൂപത്തിലുള്ള പദ്ധതികളും ഗവൺമെന്റ് ആവിഷ്കരിക്കുന്നുണ്ട്. എം.എസ്.എം.ഇ-കളുടെ വളർച്ച ആദ്യത്തെ M-ആയ micro-യിലാണ് കൂടുതലായി എത്തി നിൽക്കുന്നത് എന്നതാണ് കേരളത്തിലെ പ്രശ്നം. മൈക്രോ ആയി കഴിഞ്ഞാൽ S-ആയ Small-ലേയ്ക്ക് ഉയർത്തിക്കൊണ്ടുവരാനും Small-നെ അടുത്ത M-ആയ Medium-ത്തിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരാനും കഴിയണം. അങ്ങനെ വന്നാൽ മാത്രമേ മൊത്തം ജി.ഡി.പി.യിൽ വ്യവസായത്തിന്റെ പങ്ക് വർദ്ധിപ്പിക്കാൻ കഴിയുകയുള്ളൂ. അതിനുള്ള പദ്ധതിയും സർക്കാർ ആവിഷ്കരിച്ചു കൊണ്ടിരിക്കുകയാണ്.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, നിക്ഷേപങ്ങൾ ആകർഷിക്കുന്നതോടൊപ്പം തന്നെ നിലവിലുള്ള വ്യവസായങ്ങൾ പ്രത്യേകിച്ച് പരമ്പരാഗത വ്യവസായങ്ങൾ വലിയ പ്രതിസന്ധി നേരിട്ടു കൊണ്ടിരിക്കുകയാണെന്ന വിഷയവുമുണ്ട്. അങ്കമാലി കേന്ദ്രമായി പ്രവർത്തിക്കുന്ന ബാംബൂ കോർപ്പറേഷൻ കേരളത്തിലുടനീളം ആയിരക്കണക്കിന് തൊഴിലാളികൾ തൊഴിലെടുക്കുന്ന ഒരു വ്യവസായമാണ്. ഈറ്റയുടെ ലഭ്യതക്കുറവുമൂലം പല നെയ്ത്തുകേന്ദ്രങ്ങളും ഇപ്പോൾ അടഞ്ഞുകിടക്കുന്ന സാഹചര്യമുണ്ട്. ഈറ്റയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് സർക്കാരിന്റെ കൃത്യമായ ഇടപെടൽ ആവശ്യമാണ്. അതുപോലെ സി. & എ.ജി.-യുടെ ഓഡിറ്റിൽ ബാംബൂ കോർപ്പറേഷനിൽ കോടിക്കണക്കിന് രൂപയുടെ ക്രമക്കേട് നടന്നിട്ടുള്ളതായി പത്രമാധ്യമങ്ങളിലൂടെ റിപ്പോർട്ട് പുറത്തുവരികയുണ്ടായി. അത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതുസംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഈറ്റയുടെ ലഭ്യത ഉറപ്പുവരുത്താനായി സർക്കാർ ഇടപെടുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ ആദ്യത്തെ ചോദ്യം പ്രസക്തമാണ്. ഈറ്റ ലഭ്യതയെക്കുറിച്ചുള്ള പ്രശ്നം സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗംതന്നെ നിവേദനം നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ ട്രേഡ്യൂണിയനുകളും ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തുകയുമുണ്ടായി. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയും ഞാനും ചേർന്ന് അതുസംബന്ധിച്ച് യോഗം നടത്തിയിരുന്നു. സെക്രട്ടറിതലത്തിലും യോഗം ചേർന്നിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പതിനായിരം ടൺ ഈറ്റ എടുക്കുന്നതിനുള്ള അംഗീകാരം ബാംബൂ കോർപ്പറേഷന് നൽകിയിട്ടുണ്ടെന്ന കാര്യം അറിയിക്കുകയാണ്. പ്രായോഗികതലത്തിൽ വരുമ്പോൾ ചില തടസ്സങ്ങളുണ്ടായിരുന്നു. ഈറ്റ ലഭ്യമല്ലാത്ത മേഖലയിലാണ് ആദ്യം വകുപ്പുദ്യോഗസ്ഥർ അലോട്ടുമെന്റ് നൽകിയത്. എന്നാൽ ഈറ്റയുള്ള അടിമാലി, മൂന്നാർ മേഖലയിൽനിന്നുതന്നെ വേണമെന്നകാര്യം വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും അദ്ദേഹം ഇടപെടുകയും ചെയ്തിട്ടുണ്ട്. ഈറ്റ ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള ശ്രമങ്ങൾ അദ്ദേഹം നടത്തിയിട്ടുണ്ട്. സി. & എ.ജി. റിപ്പോർട്ടിനെക്കുറിച്ചുള്ള ചർച്ചയും മറ്റ് കാര്യങ്ങളും സംബന്ധിച്ച് സഭയ്ക്ക് നല്ല ധാരണയുള്ളതാണല്ലോ. മാധ്യമ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി പ്രതികരിക്കുന്നത് അനുചിതമായിരിക്കുമെന്നാണ് കരുതുന്നത്.

വനം-വന്യജീവി വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): സർ, ബഹുമാനപ്പെട്ട അംഗം ഈറ്റ ലഭ്യതയെക്കുറിച്ച് സംസാരിക്കുകയുണ്ടായി. ഇത് ലഭ്യമാക്കാൻ ത്വരിതഗതിയിലുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ 1997-ൽ അടച്ചുപൂട്ടിയ പവർ ലൂം ഫാക്ടറിയുടെ ഒന്നര ഏക്കർ സ്ഥലത്ത് വ്യവസായ പാർക്ക് തുടങ്ങാൻ സാധിക്കുമോ?

ശ്രീ. പി. രാജീവ്: സർ, സ്പിന്നിംഗ് മില്ലുകൾ, കൈത്തറി സഹകരണ സംഘങ്ങൾ, ഖാദി സംഘങ്ങൾ, കയർ ബോർഡിന്റെ സംഘങ്ങൾ എന്നിവയുടെയെല്ലാം ഉപയോഗപ്പെടുത്താൻ കഴിയുന്ന കുറെ സ്ഥലം പലയിടങ്ങളിലായി കാടുപിടിച്ച് കിടക്കുന്നുണ്ട്. അതുസംബന്ധിച്ച റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് എന്തെല്ലാം പദ്ധതികൾ നമുക്ക് ആരംഭിക്കാൻ കഴിയുമെന്ന കാര്യം പരിശോധിക്കുന്നതാണ്. അതോടൊപ്പംതന്നെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ദശകങ്ങളായി ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയെക്കുറിച്ചുള്ള റിപ്പോർട്ടും ആവശ്യപ്പെട്ടിട്ടുണ്ട്. കഴിയുമെങ്കിൽ വ്യവസായ പാർക്കുകളെ വികസിപ്പിക്കാൻ കഴിയുമോ എന്നകാര്യവും സർക്കാർ പരിശോധിക്കുന്നതായിരിക്കും.

മി. സ്പീക്കർ: *33-ാം നമ്പർ ചോദ്യവുമായി *45-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യുന്നതിന് ശ്രീ. എ. കെ. എം. അഷ്റഫ്, എം.എൽ.എ. നോട്ടീസ് നൽകിയിട്ടുണ്ട്. സമാനമായതുകൊണ്ട് ക്ലബ്ബിംഗ് അനുവദിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിക്ക് ഒരുമിച്ച് മറുപടി പറയാവുന്നതാണ്.

## വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ കരട് താരിഫ് നയം

4 (*33) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. കെ. പി. എ. മജീദ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) വൈദ്യുതി നിരക്ക് നിർണ്ണയിക്കുന്നതിനുള്ള റെഗുലേറ്ററി കമ്മീഷന്റെ കരട് താരിഫ് നയത്തിൽ സ്വകാര്യമേഖലയ്ക്ക് കൂടുതൽ ലാഭവിഹിതം അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്തിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) പ്രസ്തുത നയത്തിൽ കെ.എസ്.ഇ.ബി.എൽ-നും വിവിധ വിതരണ ഏജൻസികൾക്കും വ്യത്യസ്ത വൈദ്യുതി നിരക്കുകൾ ഈടാക്കാനുള്ള നിർദ്ദേശമുണ്ടോ; വ്യക്തമാക്കുമോ?

(സി) പ്രസ്തുത നയം സ്വകാര്യവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്നതും സർക്കാർ നയങ്ങൾക്ക് വിരുദ്ധവുമാണെന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 2022-23 മുതൽ 5 വർഷത്തേയ്ക്ക് വൈദ്യുതി നിരക്ക് നിർണ്ണയിക്കുന്നതിന് മുന്നോടിയായിട്ടുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനുവേണ്ടിയുള്ള വൈദ്യുതി താരിഫ് റെഗുലേഷന്റെ കരട് വിജ്ഞാപനം 2021 ആഗസ്റ്റ് മാസം 6-ാം തീയതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത കരട് റെഗുലേഷനിലെ 28-ാം വകുപ്പ് പ്രകാരം കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന് അവരുടെ സ്വന്തം നിക്ഷേപത്തിന് (Equity) ആനുപാതികമായി 14% ആദായം (Return on Equity- RoE) ആണ് നൽകുന്നത്. കമ്മീഷൻ 2018-ൽ പുറപ്പെടുവിച്ച വൈദ്യുതി താരിഫ് റെഗുലേഷനിലും സ്വന്തം നിക്ഷേപത്തിന് ആനുപാതികമായി 14% അറ്റാദായം (RoE) തന്നെയാണ് അനുവദിച്ചിരുന്നത്. എന്നാൽ കെ.എസ്.ഇ.ബി. ലിമിറ്റഡിനെ കൂടാതെ കേരളത്തിൽ മറ്റ് 9 വിതരണ ലൈസൻസികൾകൂടി നിലവിലുണ്ട്. ടെക്നോപാർക്ക് പോലെയുള്ള ചില വിതരണ ലൈസൻസികൾക്ക് നിയമപരമായ ഇക്വിറ്റി നിലവില്ലാത്തതിനാൽ അവരുടെ തേയ്മാനം ഒഴിച്ചുള്ള ആസ്തിയുടെ 3% (RoNFA- Return on Net Fixed Assets) ആദായം മാത്രമാണ് ഇതുവരെ നിലവിൽ അനുവദിച്ചിരുന്നത്. പ്രസ്തുത തുക പലപ്പോഴും അവരുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് പര്യാപ്തമാകാറില്ല. പ്രസ്തുത വിതരണ ലൈസൻസികളുടെ ആരോഗ്യപരമായ നിലനിൽപ്പിന് ആദായം കൂട്ടി നൽകേണ്ടത് അനിവാര്യമാണെന്ന് കമ്മീഷന് ബോദ്ധ്യപ്പെട്ടതിനാൽ കരട് റെഗുലേഷനിൽ 7% ആയി അറ്റാദായം (RoNFA- Return on Net Fixed Assets) ഉയർത്തുവാൻ നിർദ്ദേശമുണ്ട്. കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 2003-ലെ വൈദ്യുതി നിയമം സെക്ഷൻ 82 പ്രകാരം സംസ്ഥാന സർക്കാരിനാൽ സ്ഥാപിതമായ ഒരു കമ്മീഷനാണ്. സംസ്ഥാന സർക്കാരിന്റെ പൊതുജന താല്പര്യമുൾക്കൊള്ളുന്ന നയപരമായ വിഷയങ്ങളിൽ സംസ്ഥാന സർക്കാരിന്റെ നയങ്ങൾ കണക്കിലെടുത്താണ് തീരുമാനമെടുക്കുന്നത്. മാത്രമല്ല, കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ കേരളത്തിലെ ഉപഭോക്താക്കളുടെയും നിലവിലുള്ള വൈദ്യുതി വിതരണ ലൈസൻസികളുടെയും താല്പര്യം കണക്കിലെടുത്ത് മാത്രമേ തീരുമാനം കൈക്കൊള്ളാറുള്ളൂ. ഇപ്പോൾ പ്രസിദ്ധീകരിച്ച കരട് റെഗുലേഷനിൽ സ്വകാര്യ ലൈസൻസികളെ ആകർഷിക്കത്തക്ക യാതൊരു വകുപ്പുകളുമില്ല.

(ബി) ഉണ്ട്. പ്രസ്തുത കരട് വിജ്ഞാപനത്തിന്റെ 85-ാം വകുപ്പിലാണ് നിർദ്ദേശം വച്ചിട്ടുള്ളത്. കേരളത്തിൽ നിലവിലുള്ള 10 വിതരണ ലൈസൻസികൾ വ്യവസായ വികസനത്തെ ത്വരിതപ്പെടുത്തുവാൻ ഉദ്ദേശിച്ച് സ്ഥാപിച്ചിട്ടുള്ളവയാണ്.

ഇങ്ങനെ നിലവിലുള്ള വ്യവസായ പാർക്കുകളിൽ വ്യവസായ വികസനത്തിനും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനത്തിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടാണ് പ്രസ്തുത ലൈസൻസികളുടെ പ്രവർത്തനക്ഷമത പരിഗണിച്ച് വ്യത്യസ്ത നിരക്കുകളാകാമെന്ന് കരട് റെഗുലേഷനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ കരട് രൂപത്തിൽ മാത്രമായതിനാൽ പ്രസ്തുത കാര്യങ്ങളിൽ വൈദ്യുതി നിയമത്തിലെ 87-ാം വകുപ്പുപ്രകാരം രൂപീകരിച്ച സംസ്ഥാന ഉപദേശക സമിതി (എസ്.എ.സി.)-യുടെയും പൊതുതെളിവെടുപ്പിന്റെയും മറ്റ് നിർദ്ദേശങ്ങളുടെയും ഉപദേശങ്ങളുടെയും അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിൽ മാത്രമേ അന്തിമതീരുമാനം കൈക്കൊള്ളുകയുള്ളൂ.

(സി) പ്രസ്തുത നയത്തിൽ സ്വകാര്യവൽക്കരണത്തെ പ്രോൽസാഹിപ്പിക്കുന്ന തരത്തിൽ യാതൊരു ഉദ്ദേശ്യമോ നിർദ്ദേശമോ ഇല്ല. പ്രസ്തുത നയംകൊണ്ട് ഉദ്ദേശിക്കുന്നത് സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള വ്യവസായ പാർക്കുകളിൽ അവരുടെ നിയന്ത്രണത്തിലുള്ള ലൈസൻസികൾക്ക് അടിസ്ഥാന സൗകര്യച്ചെലവ് കുറവായതിനാൽ അതിലൂടെയുണ്ടാകുന്ന ആദായം പ്രസ്തുത പാർക്കുകളിൽ വരുന്ന സ്ഥാപനങ്ങൾക്ക് കുറഞ്ഞ ചെലവിൽ വൈദ്യുതി നൽകുക എന്നതാണ്. ഇത് കേരളത്തിൽ കൂടുതൽ വ്യവസായ നിക്ഷേപകരെ ആകർഷിക്കുന്നതിന് കാരണമാകാവുന്നതാണ്. കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ സർക്കാർ നയങ്ങൾകൂടി പരിഗണിച്ചാണ് പ്രവർത്തിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ നയങ്ങളും പൊതുജന താൽപ്പര്യവും കണക്കിലെടുത്ത് മാത്രമേ ഏതൊരു നയവും കൈക്കൊള്ളാറുള്ളൂ. അതിനാൽ സംസ്ഥാന സർക്കാരിന്റെ നയങ്ങൾക്ക് വിരുദ്ധമായി സ്വകാര്യവൽക്കരണം പ്രോൽസാഹിപ്പിക്കുന്ന തരത്തിൽ യാതൊരു നിർദ്ദേശവും ഈ കരട് റെഗുലേഷനിലില്ല.

5 (*45) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>:

<u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി നിരക്ക് പുതുക്കുന്നതുമായി ബന്ധപ്പെട്ട റെഗുലേറ്ററി കമ്മീഷൻ നിർദ്ദേശങ്ങൾ വൻകിട ഉപഭോക്താക്കളെ വഴിവിട്ട് സഹായിക്കുന്നതാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്താകെ ഒരേ വൈദ്യുതി നിരക്ക് എന്നതിൽ മാറ്റം വരുത്താനുള്ള നിർദ്ദേശമുണ്ടോ;

(സി) വൈദ്യുതി വിതരണത്തിൽ സ്വകാര്യ ലൈസൻസികളെ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഡി) വൈദ്യുതി ബോർഡിന്റെ നിലനിൽപ്പിനെ പ്രതികൂലമായി ബാധിക്കുന്നതായി പറയപ്പെടുന്ന പ്രസ്തുത നിർദ്ദേശങ്ങളിന്മേലുള്ള നിലപാട് വ്യക്തമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, (എ) കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഇപ്പോൾ പുറപ്പെടുവിച്ചിട്ടുള്ള കരട് റെഗുലേഷൻ വൈദ്യുതി നിരക്ക് പുതുക്കുന്നതിന് വേണ്ടിയുള്ളതല്ല. കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വൈദ്യുതി നിരക്ക് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തീരുമാനിക്കുന്നതിനായുള്ള കരട് റെഗുലേഷൻ മാത്രമാണ് 2021 ആഗസ്റ്റ് മാസം 6-ാം തീയതി പ്രസിദ്ധീകരിച്ചിരിക്കുന്നത്. പൊതു തെളിവെടുപ്പിന്റെയും നിർദ്ദേശങ്ങളുടെയും ഉപദേശങ്ങളുടെയും അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിൽ മാത്രമേ അന്തിമ തീരുമാനം കൈക്കൊള്ളുകയുള്ളു. കമ്മീഷൻ ഇപ്പോൾ പ്രസിദ്ധീകരിച്ചിരിക്കുന്ന കരട് റെഗുലേഷനിൽ വൻകിട ഉപഭോക്താക്കളെ വഴിവിട്ട വിധത്തിൽ സഹായിക്കുന്നതിനുള്ള യാതൊരു നിർദ്ദേശവുമില്ല.

(ബി) ഉണ്ട്. പ്രസ്തുത കരട് വിജ്ഞാപനത്തിന്റെ 85-ാം വകുപ്പിലാണ് നിർദ്ദേശം വച്ചിട്ടുള്ളത്. കേരളത്തിൽ നിലവിലുള്ള 10 വിതരണ ലൈസൻസികൾ വ്യവസായ വികസനത്തെ ത്വരിതപ്പെടുത്തുവാൻ ഉദ്ദേശിച്ച് സ്ഥാപിച്ചിട്ടുള്ളവയാണ്. ഇപ്പോൾ കരട് റെഗുലേഷനിൽ നിർദ്ദേശിച്ചിട്ടുള്ള പുതിയ നയംകൊണ്ട് ഉദ്ദേശിക്കുന്നത് സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള വ്യവസായ പാർക്കുകളിൽ അവരുടെ നിയന്ത്രണത്തിലുള്ള ലൈസൻസികൾക്ക് അടിസ്ഥാന സൗകര്യ വികസനച്ചെലവ് കുറവായതിനാൽ അതിലൂടെയുണ്ടാകുന്ന ആദായം പ്രസ്തുത പാർക്കുകളിൽ വരുന്ന സ്ഥാപനങ്ങൾക്ക് കുറഞ്ഞ ചെലവിൽ വൈദ്യുതി നൽകുവാൻ ഉതകുന്ന രീതിയിലാണ്. ഇത് കേരളത്തിലേയ്ക്ക് കൂടുതൽ വ്യവസായ നിക്ഷേപകരെ ആകർഷിക്കുന്നതിന് കാരണമാകാവുന്നതാണ്. നിലവിലുള്ള ഈ വ്യവസായ പാർക്കുകളിൽ വ്യവസായ വികസനത്തിനും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനത്തിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടാണ് വ്യത്യസ്തമായ നിരക്കുകൾ കരട് റെഗുലേഷനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കരട് റെഗുലേഷനുമേൽ കമ്മീഷൻ നടത്തിയ പൊതുതെളിവെടുപ്പിൽ ലഭിച്ച നിർദ്ദേശങ്ങൾ പരിഗണിച്ച് കമ്മീഷൻ

അന്തിമതീരുമാനം എടുക്കുന്നതാണ്. മാത്രമല്ല കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ സംസ്ഥാന സർക്കാരിന്റെ നയങ്ങളും നിർദ്ദേശങ്ങളും പൊതുജന താല്പര്യവും മുൻനിർത്തി മാത്രമേ ഏതൊരു തീരുമാനവും കൈക്കൊള്ളുകയുള്ളൂ.

(സി) ഇക്കാര്യത്തിൽ നിലവിലുള്ള നിയമത്തിൽ ഏതെങ്കിലും മാറ്റത്തിനുള്ള ശിപാർശകൾ ഒന്നുംതന്നെ കമ്മീഷൻ മുൻപാകെ ഇല്ല. സ്വകാര്യവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്നതോ സർക്കാർ നയങ്ങൾക്ക് വിരുദ്ധമായതോ ആയ വകുപ്പുകൾ ഒന്നുംതന്നെ കരട് റെഗുലേഷനിൽ ഉൾപ്പെട്ടിട്ടില്ല.

(ഡി) കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ നിലനിൽപ്പിനെ പ്രതികൂലമായി ബാധിക്കുന്ന യാതൊരു നടപടികളോ നിർദ്ദേശങ്ങളോ ഈ കരട് റെഗുലേഷനിലില്ല.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, സംസ്ഥാനത്തിന്റെ വായ്പാ പരിധി ജി.എസ്.ഡി.പി-യുടെ മൂന്ന് ശതമാനമെന്നത് അഞ്ച് ശതമാനമാക്കി ഉയർത്തിയപ്പോൾ അതിൽ 0.5 ശതമാനം അനുവദിച്ചത് ഊർജ്ജ മേഖലയിൽ വരുത്തേണ്ട പരിഷ്കാരങ്ങൾക്കുവേണ്ടിയാണ്. അതിൽ പ്രധാനപ്പെട്ടത് കെ.എസ്.ഇ.ബി.എൽ.-ന്റെ നഷ്ടം ഘട്ടംഘട്ടമായി സംസ്ഥാന സർക്കാർ ഏറ്റെടുക്കണമെന്നാണ്. ഇതുപ്രകാരം 2022-23-ൽ അറുപത് ശതമാനവും 2023-24-ൽ എഴുപത്തിയഞ്ച് ശതമാനവും 2024-25-ൽ തൊണ്ണൂറ് ശതമാനവും 2025-26-ൽ നൂറ് ശതമാനവും നഷ്ടം സംസ്ഥാന സർക്കാർ ഏറ്റെടുക്കണമെന്നും അല്ലെങ്കിൽ ഈ നഷ്ടം ധനകമ്മിയിലുൾപ്പെടുത്തിയായിരിക്കും വായ്പാ പരിധി നിശ്ചയിക്കുക എന്നുമാണ്. ഈ നിബന്ധനകൾ അംഗീകരിച്ചുകൊണ്ടാണോ ഊർജ്ജ മേഖലയിലെ മാറ്റങ്ങൾക്ക് സംസ്ഥാനം തയ്യാറെടുക്കുന്നത്; ഊർജ്ജ മേഖലയെ പ്രതികൂലമായി ബാധിക്കുന്ന ഈ ഉപാധികളോടെയുള്ള കടമെടുപ്പിനെ വൈദ്യുതി വകുപ്പ് ഏതെങ്കിലും തരത്തിൽ എതിർത്തിരുന്നോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, അങ്ങനെ കടമെടുക്കാൻ തീരുമാനമെടുത്തിട്ടില്ല. കേന്ദ്ര ഗവൺമെന്റിന്റെ പുതിയ നയത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ അതേക്കുറിച്ച് ആലോചിക്കുകയുള്ളൂ.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഊർജ്ജ മേഖലയിൽ നടപ്പിലാക്കാൻപോകുന്ന പരിഷ്കാരങ്ങളുടെ പേരിൽ നിരക്ക് വർദ്ധനവ് ഉണ്ടാകുമെന്നത് തർക്കമില്ലാത്ത കാര്യമാണ്. മാത്രമല്ല, റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച 6,863 കോടി രൂപയുടെ റവന്യൂകമ്മി വരുംവർഷങ്ങളിലെ താരിഫിൽ

ഉൾപ്പെടുത്തേണ്ടിവരും. കൂടാതെ ഏറ്റവും ഒടുവിൽ, 2019-20-ലെ ആഡിറ്റ് ചെയ്ത കണക്കുപ്രകാരം കെ.എസ്.ഇ.ബി.എൽ.-ന് ഒരു യൂണിറ്റിന് പതിനൊന്ന് പൈസയുടെ റവന്യൂകമ്മി ഉണ്ടാകുന്നുവെന്ന കണക്കും നിരക്ക് വർദ്ധനവിലേയ്ക്ക് നയിക്കും. ഉപഭോക്താക്കൾക്ക് നിരക്ക് വർദ്ധനവ് ഉണ്ടാകില്ലെന്ന് ഉറപ്പുനൽകാൻ സർക്കാരിന് കഴിയുമോ; എങ്കിൽ നിരക്ക് വർദ്ധന കൂടാതെ ഈ പ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഇപ്പോൾ നിരക്ക് വർദ്ധനവിനുള്ള തീരുമാനമെടുത്തിട്ടില്ല. 2003-ലെ ഇലക്ട്രിസിറ്റി ആക്ടിലെ സെക്ഷൻ 82 പ്രകാരം നിലവിൽവന്ന അർദ്ധ ജുഡീഷ്യൽ സ്ഥാപനമാണ് കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ. പ്രസ്തുത ആക്ടിലെ സെക്ഷൻ 86 പ്രകാരം കമ്മീഷന്റെ ചുമതലകളും പ്രവർത്തനങ്ങളും വിശദീകരിച്ചിട്ടുണ്ട്. 63-ാം വകുപ്പുപ്രകാരമാണ് കമ്മീഷൻ കരട് താരിഫ് റെഗുലേഷൻ പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഇത് അഞ്ച് വർഷ കാലയളവിലേയ്ക്കുള്ള വൈദ്യുതി നിരക്ക് നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നിബന്ധനകളും സംബന്ധിച്ചുള്ളതാണ്. കമ്മീഷൻ ഇതിനുമുമ്പ് 2014-ലും താരിഫ് റെഗുലേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ റെഗുലേഷൻ പ്രകാരം സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ സ്ട്രാറ്റജിക് ബിസിനസ്സ് യൂണിറ്റ്, സ്ട്രാറ്റജിക് ബിസിനസ് യൂണിറ്റ് (പ്രസരണം), സ്ട്രാറ്റജിക് ബിസിനസ്സ് യൂണിറ്റ് (വിതരണം), സ്റ്റേറ്റ് ലോഡ് ഡെസ്പാച്ച് സെന്റർ എന്നിവ നിലവിലുള്ള ഒൻപത് വൈദ്യുതി വിതരണ ലൈസൻസുകളുടെ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനു വേണ്ടിയുള്ളതാണ്. ഉല്പാദന-പ്രസരണ-വിതരണ ഏജൻസികളുടെ അഞ്ച് വർഷത്തേയ്ക്കുള്ള പ്രവർത്തന മാനദണ്ഡങ്ങളും ചെലവുകൾ ഈടാക്കുന്നതിനുള്ള മാനദണ്ഡങ്ങളും നിശ്ചയിക്കുന്നതിനാൽ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെയും നിലവിലുള്ള ഒൻപത് വിതരണ ലൈസൻസികളുടെയും ദീർഘകാല ആസൂത്രണം നടത്തുന്നതിനും പ്രവർത്തനമേഖലയിൽ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുംവേണ്ടിയുള്ള നിർദ്ദേശങ്ങളടങ്ങുന്നതാണ് പ്രസ്തുത കരട് റെഗുലേഷൻ. ടി റെഗുലേഷൻ പ്രകാരം കേരളത്തിലെ എല്ലാ ഉപഭോക്താക്കളുടെയും അടുത്ത അഞ്ച് വർഷക്കാലയളവിലേയ്ക്കുള്ള വൈദ്യുതി നിരക്കുകൾ തീരുമാനിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതാണ്. ഇതിലൂടെ ഉപഭോക്താക്കൾക്ക് അവരുടെ ഉപയോഗക്രമം ചിട്ടപ്പെടുത്തുന്നതിനും ഉല്പാദന-പ്രസരണ-വിതരണ ഏജൻസികൾക്ക് ദീർഘകാല പ്രവർത്തനം ക്രമീകരിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും സാമ്പത്തികസ്ഥിരത ഉറപ്പുവരുത്തുന്നതിനും സാധിക്കുന്നതാണ്. നിലവിലെ ലൈസൻസികളുടെ പ്രവർത്തനം ക്രമാനുഗതമായി മെച്ചപ്പെടുത്തി ന്യായമായ വൈദ്യുതി നിരക്കുകൾ

നിശ്ചയിക്കുന്നതിനാവശ്യമായ രൂപരേഖ പ്രസ്തുത റെഗുലേഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കാര്യക്ഷമമായ പ്രവർത്തനം നടപ്പാക്കുന്നതുവഴിയുണ്ടാകുന്ന മെച്ചം സംസ്ഥാനത്തെ എല്ലാ വൈദ്യുതി ഉപഭോക്താക്കൾക്കും ലഭ്യമാക്കുന്നതിനും ടി റെഗുലേഷൻ വിഭാവന ചെയ്യുന്നു. വ്യവസായ പാർക്കുകളിലെ വ്യവസായ വികസനത്തിനും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനത്തിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടാണ് വ്യത്യസ്ത നിരക്കുകൾ കരട് റെഗുലേഷനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ കരട് രൂപത്തിൽ മാത്രമായതിനാൽ ഇക്കാര്യത്തിൽ പൊതു തെളിവെടുപ്പിന്റെയും നിർദ്ദേശങ്ങളുടെയും ഉപദേശങ്ങളുടെയും അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിൽ മാത്രമേ അന്തിമ തീരുമാനം കൈക്കൊള്ളുകയുള്ളൂ.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ കേന്ദ്രം വൈദ്യുതി മേഖല സ്വകാര്യവല്ക്കരിക്കുന്ന പുതിയ നയത്തിനെതിരെ അതിശക്തമായി ഭരണ-പ്രതിപക്ഷം ഒന്നിച്ച് ഒരേ വികാരത്തോടെ പ്രമേയം പാസ്സാക്കുകയുണ്ടായി. എന്നാൽ ആ വികാരത്തിന് വിരുദ്ധമായി സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ അതിന്റെ പുതിയ താരിഫ് നയം പ്രഖ്യാപിച്ചിരിക്കുകയാണ്. കേരളത്തിലും വൈദ്യുതി വിതരണ രംഗത്തേയ്ക്ക് സ്വകാര്യമേഖല കടന്നുവരികയാണ്. കെ.എസ്.ഇ.ബി.എൽ. വൈദ്യുതി കൊടുക്കുന്നതുപോലെ ഇനി കൊടുക്കാൻ കഴിയില്ല. വൻകിടക്കാർക്ക് കൂടുതൽ റേറ്റിൽ കൊടുത്തിട്ട് അതിന്റെ ലാഭം വച്ചാണ് ഗാർഹിക ഉപഭോക്താക്കൾക്ക് കുറഞ്ഞ റേറ്റിൽ കൊടുക്കാൻ കഴിയുന്നത്. സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ പ്രഖ്യാപിച്ച താരിഫ് നയം സംസ്ഥാനത്തെ ഗാർഹിക ഉപഭോക്താക്കളെ പ്രതിസന്ധിയിലാക്കും. അതുകൊണ്ട് സ്വകാര്യവല്ക്കരണ നീക്കങ്ങൾ ഉപേക്ഷിക്കണം. രാഷ്ട്രീയമായ ധാർമ്മികതയാണിത്. കേന്ദ്രത്തെ നമ്മൾ എതിർക്കുമ്പോൾ അതേ നയം ഇവിടെ നടപ്പാക്കുന്നതിൽ എന്ത് രാഷ്ട്രീയ ധാർമ്മികതയാണുള്ളത്?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, അങ്ങനെയൊരു തീരുമാനമെടുത്തിട്ടില്ല. റെഗുലേറ്ററി കമ്മീഷൻ അങ്ങനെ ചെയ്താൽത്തന്നെ ഗവൺമെന്റിന് അതിൽ ഇടപെടാനുള്ള അധികാരമുണ്ട്. ഇക്കാര്യം ഞാൻ നേരത്തേ വിശദീകരിച്ചിരുന്നു. പാർക്കുകളുടെ കാര്യത്തിൽ പത്ത് ഏജൻസികൾക്ക് മാത്രമാണ് ഇളവ് കൊടുത്തിരിക്കുന്നത്. ഇക്വിറ്റിയില്ലാതെ എടുക്കുന്നതുകൊണ്ട് അവർക്ക് ചെലവ് കമ്മിയാകുന്ന അവസരത്തിൽ ചെലവിന്റെ ഒരു വിഹിതം ആ പാർക്കിൽ ഉൾപ്പെടുന്ന വ്യവസായികൾക്കുകൂടി കൊടുക്കാനുള്ള നിർദ്ദേശം മാത്രമാണുള്ളത്. സംസ്ഥാനത്ത് വ്യവസായം വരുന്നതിന് ഗുണകരമായതിനാലാണ് അങ്ങനെ ചെയ്തിരിക്കുന്നത്. കേന്ദ്ര വൈദ്യുതി നിയമവുമായി ബന്ധപ്പെട്ട് ഒരു പ്രധാന പ്രശ്നം ഉയർന്നുവന്നിട്ടുണ്ട്. അതാത് സംസ്ഥാനങ്ങളുമായി നേരിട്ട് ചർച്ച ചെയ്യലല്ലാതെ

നിയമവിരുദ്ധമായി മുന്നോട്ടുപോകുകയില്ലെന്ന് കേന്ദ്ര സഹമന്ത്രി യോഗത്തിൽ വ്യക്തമാക്കിയിരുന്നു. നേരത്തെ അവതരിപ്പിക്കപ്പെട്ടതിൽനിന്നും വ്യത്യസ്തമായ ഭേദഗതി നിർദ്ദേശമാണ് ഇപ്പോൾ പാർലമെന്റിന്റെ പരിഗണനയിലുള്ളത്. അത് നിലവിൽ വന്നാൽ ഇലക്ട്രിസിറ്റി ബോർഡിനുതന്നെ വലിയ പ്രശ്നമാകും. ബുക്ക് വാല്യുവിൽത്തന്നെ പന്ത്രണ്ടായിരം കോടിയോളം രൂപ വിതരണ രംഗത്തുണ്ട്. ഏകദേശം ഒരു ലക്ഷം കോടി രൂപയുടെ സ്വത്തുണ്ട്. അതുമുഴുവൻ സ്വകാര്യ വ്യക്തികൾക്ക് കൈകാര്യം ചെയ്യാനുള്ള അവസരമാണ് സൃഷ്ടിക്കപ്പെടുക. ഇതിനോട് നമുക്ക് ഒരിക്കലും യോജിക്കാൻ കഴിയുന്നതല്ല. കേരളം മാത്രമല്ല മറ്റ് സംസ്ഥാനങ്ങളും ഇതിനെ എതിർക്കുന്നുണ്ട്. ഒഡീഷയിൽ സ്വകാര്യ വല്ക്കരണത്തിൽനിന്ന് മാറ്റി പൊതുമേഖലയിലേയ്ക്ക് വരികയാണ് ചെയ്തത്. അതുകൊണ്ട് ഈ നിലപാടിനോട് യോജിക്കുന്ന പ്രശ്നമേയില്ല.

<u>ശ്രീ. കെ. പി. എ. മജീദ്</u>: സർ, ഗാർഹിക ഉപഭോക്താക്കൾക്ക് നിരക്ക് പരമാവധി കുറച്ചുകൊടുക്കുക എന്നുള്ളതാണ് പ്രധാന കാര്യം. ഇപ്പോൾ ക്രോസ് സബ്സിഡി നിർത്തിയതിന്റെ ഫലമായി റെഗുലേഷൻ കമ്മീഷന്റെ തീരുമാനമനുസരിച്ച് ഗാർഹിക ഉപഭോക്താക്കൾക്ക് നിരക്ക് വർദ്ധിക്കുകയാണ് ചെയ്യുന്നത്. അതുസംബന്ധിച്ച് പുനഃപരിശോധന നടത്താൻ ഗവൺമെന്റിന് ഉദ്ദേശ്യമുണ്ടോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, റെഗുലേറ്ററി കമ്മീഷൻ അങ്ങനെയൊരു തീരുമാനമെടുത്തിട്ടില്ല. കേന്ദ്രത്തിന്റെ പുതിയ നിയമം വന്നാൽ മാത്രമേ ക്രോസ് സബ്സിഡി നിർത്തലാക്കേണ്ടി വരികയുള്ളൂ. പാവപ്പെട്ടവർക്ക് മുപ്പത് യൂണിറ്റ് വരെ വൈദ്യുതി സൗജന്യമായി കൊടുക്കുന്നതും കാർഷിക മേഖലയിൽ സൗജന്യമായി വൈദ്യുതി നൽകുന്നതുമെല്ലാം കേന്ദ്ര നിയമം പ്രാബല്യത്തിൽ വന്നാൽ ഇല്ലാതാകും. അതുകൊണ്ടാണ് നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കിയതും കേന്ദ്ര നയത്തെ ശക്തമായി എതിർക്കുന്നതും. പുതിയ കേന്ദ്ര നിയമം വന്നുകഴിഞ്ഞാൽ ക്രോസ് സബ്സിഡി നിർത്തലാക്കുന്നത് സാധാരണ കൃഷിക്കാരെയും പാവപ്പെട്ടവരെയും ബാധിക്കും. അതുകൊണ്ടാണ് സംസ്ഥാന സർക്കാർ എതിർക്കുന്നത്.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, റെഗുലേറ്ററി കമ്മീഷനുകൾക്ക് വൈദ്യുതിയുടെ സീലിംഗ് റേറ്റ് നിശ്ചയിക്കാനുള്ള അധികാരം നൽകിയിട്ടുണ്ടെന്നാണ് കരട് രേഖയിൽ പറയുന്നത്. സ്വകാര്യ ലൈസൻസികൾക്കും കെ.എസ്.ഇ.ബി.എൽ.-നും ഒരുപോലെ ലൈസൻസ് എടുക്കാൻ കഴിയുമ്പോൾ കെ.എസ്.ഇ.ബി.എൽ.-ന്റെ നിലനില്പുതന്നെ

അവതാളത്തിലാകും. കെ.എസ്.ഇ.ബി.എൽ-ന്റെ ലക്ഷക്കണക്കിന് വരുന്ന തൊഴിലാളികൾക്കും ജീവനക്കാർക്കും പിടിച്ചുനിൽക്കാൻ കഴിയില്ല. ക്രോസ് സബ്സിഡികൂടി ഇല്ലാതാകുമ്പോൾ, കെ.എസ്.ഇ.ബി.എൽ-ന്റെ നിലനില്പുതന്നെ അപകടത്തിലാക്കുന്ന ഈ നിയമം പിൻവലിക്കാനും കരട് നിയമത്തിൽ മാറ്റം വരുത്താനും തയ്യാറാകുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, കരട് നിർദ്ദേശം മാത്രമേ വന്നിട്ടുള്ളൂ. കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 6-8-2001-ൽ പുറപ്പെടുവിച്ചിട്ടുള്ള കരടിൽ താരിഫ് നിർണ്ണയ ചട്ടങ്ങളാണുള്ളത്. പ്രസ്തുത കരട് ചട്ടങ്ങളിൽ പൊതുതെളിവെടുപ്പ് നടത്തിയിട്ടുണ്ട്. കരട് ചട്ടങ്ങളിന്മേൽ കെ.എസ്.ഇ.ബി.എൽ-ന്റെ നിലപാട് രേഖാമൂലം അറിയിച്ചിട്ടുണ്ട്. സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. ഈ ഘട്ടത്തിൽ ഇത് പര്യാപ്തമാണെന്ന് കരുതുന്നു. കൂടാതെ പൊതു തെളിവെടുപ്പിലും അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. കരട് ചട്ടങ്ങളിൽ കെ.എസ്.ഇ.ബി.എൽ. ആവശ്യമായ ഭേദഗതികൾ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. മറുപടിയുടെ ബാക്കി ഭാഗം ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.+

മി. സ്പീക്കർ: ഓർഡർ.. ഓർഡർ... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

#### ജി.എസ്.ടി. വിഹിതവും നഷ്ടപരിഹാരവും

6(*34) ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. ആരംഭിച്ചതുമുതൽ 2020-21 സാമ്പത്തികവർഷം വരെ സംസ്ഥാനത്തിന് കേന്ദ്രസർക്കാർ അനുവദിച്ച് തരേണ്ടിയിരുന്ന ജി.എസ്.ടി. വിഹിതം മുഴുവനും ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

+ അനുബന്ധമായി ചേർക്കുന്നു.

ഇല്ല. സംസ്ഥാന ചരക്ക സേവന നികുതി വകുപ്പിന്റെ കണക്കുകൾ പ്രകാരം 2017-18-ൽ 57.32 കോടി രൂപയും 2018-19-ൽ 25.79 കോടി രൂപയും ലഭിക്കാനുണ്ട്. 2019-20-ൽ 11.40 കോടി രൂപ അധികം ലഭിച്ചിട്ടുണ്ട്. അക്കൗണ്ടന്റ് ജനറൽ, കേരള സമർപ്പിക്കുന്ന അന്തിമ കണക്കുകൾ പ്രകാരമാണ് കേന്ദ്ര ഗവൺമെന്റിൽനിന്നും കോമ്പൻസേഷന്റെ പൂർണ്ണമായ സെറ്റിൽമെന്റ് ലഭിക്കുന്നത്. എന്നാൽ 2020-21 സാമ്പത്തിക വർഷം നഷ്ടപരിഹാര തുകയേക്കാൾ കുറഞ്ഞ തുകയാണ് കോമ്പൻസേഷൻ സെസ്സ് വഴി ലഭിച്ചത്. ഇതിനാൽ 2020-21 സാമ്പത്തിക വർഷം സംസ്ഥാനത്തിന് പൂർണ്ണമായ നഷ്ടപരിഹാരം ലഭിച്ചില്ല. കോമ്പൻസേഷൻ സെസ്സ് വഴി 4905.51 കോടി രൂപയും Special Window Loan പ്രകാരം 5766 കോടി രൂപയും ലഭിച്ചു. 1473.34 കോടി രൂപ ലഭിക്കാനുണ്ട്. 2017-18, 2018-19, 2019-20 & 2020-21 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന് നഷ്ടപരിഹാരമായി ലഭിച്ച തുകയുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത തുക യഥാസമയം ലഭിക്കുന്നുണ്ടോ;കുടിശ്ശിക ലഭ്യമാക്കുന്നതിൽ കേന്ദ്രസർക്കാർ അനുകൂല നിലപാടാണോ സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

ദ്വൈമാസക്കണക്കിലാണ് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നത്. 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ ഇത് യഥാസമയം ലഭിക്കുകയുണ്ടായി. എന്നാൽ 2019-20 സാമ്പത്തിക വർഷം സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ട നഷ്ടപരിഹാരത്തുക യഥാസമയം ലഭ്യമായില്ല. 2019 ഡിസംബർ മുതൽ 2020 ഫെബ്രുവരി വരെയുള്ള നഷ്ടപരിഹാരത്തുക 04-6-2020-നും 2020 മാർച്ചിലെ നഷ്ടപരിഹാര തുക 23-7-2020-നും ആണ് കേന്ദ്രത്തിൽനിന്നും സംസ്ഥാനത്തിന് ലഭിച്ചത്. 2020-21 സാമ്പത്തിക വർഷത്തിൽ കേരളത്തിന് ലഭിക്കേണ്ട നഷ്ടപരിഹാര തുക യഥാസമയം ലഭിച്ചില്ല. 27-8-2020-ൽ കൂടി 41-ാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിൽ ഇക്കാര്യം ചർച്ച ചെയ്യുകയും സംസ്ഥാനങ്ങൾ തത്തുല്യമായ തുക കടമെടുക്കാനുള്ള പ്രൊപ്പോസൽ കേന്ദ്ര ഗവണ്മെന്റ് മുന്നോട്ടുവയ്ക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കേരളമുൾപ്പടെയുള്ള സംസ്ഥാനങ്ങളുടെ എതിർപ്പിനെത്തുടർന്ന് കേന്ദ്രം തന്നെ പൊതുവിപണിയിൽ നിന്നും 1,10,000 കോടി രൂപ കടമെടുത്ത് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് തീരുമാനിച്ചു. ഇതനുസരിച്ച് കേരളത്തിന് 2020-21 സാമ്പത്തിക വർഷത്തിൽ 5,766 കോടി രൂപ നഷ്ടപരിഹാരം ലഭിച്ചിട്ടുണ്ട്.

(സി) ജി.എസ്.ടി. നടപ്പിലാക്കിയതുമൂലമുള്ള സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ ജി.എസ്.ടി. നഷ്ടപരിഹാരം എന്നവരെ അനുവദിക്കുമെന്നാണ് കേന്ദ്രസർക്കാർ അറിയിച്ചിരുന്നത്; ഇതുവരെ പ്രസ്തുത ഇനത്തിൽ ലഭിക്കേണ്ടിയിരുന്ന തുക മുഴുവൻ ലഭിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ?

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജി.എസ്.ടി. നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസ്സാക്കിയിട്ടുണ്ട്. ഇതുപ്രകാരം നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള കാലാവധി 2022 ജൂൺ 30-ന് അവസാനിക്കും. ജി.എസ്.ടി. നഷ്ടപരിഹാരമായി ലഭിക്കേണ്ടിയിരുന്ന തുക പൂർണ്ണമായും ലഭിച്ചിട്ടില്ല. സംസ്ഥാന ചരക്ക സേവന നികുതി വകുപ്പിന്റെ കണക്കുകൾ പ്രകാരം 2017-18-ൽ 57.32 കോടി രൂപയും 2018-19-ൽ 25.79 കോടി രൂപയും ലഭിക്കാനുണ്ട്. 2019-20-ൽ 11.40 കോടി രൂപ അധികം ലഭിച്ചിട്ടുണ്ട്. അക്കൗണ്ടന്റ് ജനറൽ, കേരള സമർപ്പിക്കുന്ന അന്തിമ കണക്കുകൾ പ്രകാരമാണ് കേന്ദ്ര ഗവൺമെന്റിൽനിന്നും കോമ്പൻസേഷന്റെ പൂർണ്ണമായ സെറ്റിൽമെന്റ് ലഭിക്കുന്നത്. എന്നാൽ 2020-21 സാമ്പത്തിക വർഷം നഷ്ടപരിഹാര തുകയേക്കാൾ കുറഞ്ഞ തുകയാണ് കോമ്പൻസേഷൻ സെസ്സ് വഴി ലഭിച്ചത്. ഇതിനാൽ 2020-21 സാമ്പത്തിക വർഷം സംസ്ഥാനത്തിന് പൂർണ്ണമായ നഷ്ടപരിഹാരം ലഭിച്ചില്ല. കോമ്പൻസേഷൻ സെസ്സ് വഴി 4905.51 കോടി രൂപയും Special Window Loan പ്രകാരം 5766 കോടി രൂപയും ലഭിച്ചു. 1473.34 കോടി രൂപ ലഭിക്കാനുണ്ട്. 2020-21 സാമ്പത്തിക വർഷം ആഗസ്റ്റ് വരെ 2921.84 കോടി രൂപ ലഭിക്കാനുണ്ട്. 2017-18, 2018-19, 2019-20 & 2020-21 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന് ലഭിച്ച നഷ്ടപരിഹാര തുകയുടെയും ലഭിക്കേണ്ടിയിരുന്ന തുകയുടെയും വിവരം അനുബന്ധമായി ചേർക്കുന്നു.*

## സഹകരണ ഓഡിറ്റ് ഫലപ്രദമാക്കാൻ പുതിയ സംവിധാനം

7 (*35) ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. പി. വി. അൻവർ:
ശ്രീമതി ശാന്തകുമാരി. കെ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) എ. ആർ. നഗർ സർവ്വീസ് സഹകരണ ബാങ്കിൽ ഒരു പ്രമുഖ രാഷ്ട്രീയ കക്ഷിയുടെ നേതാവുൾപ്പെടെയുള്ളവരുടെ കള്ളപ്പണ-ബിനാമി ഇടപാടുകൾ നടന്നുവെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ സഹകരണ വകുപ്പ് പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ വെളിപ്പെടുത്താമോ?

---
*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബാങ്കിൽ നടത്തിയ പരിശോധനയിൽ രജിസ്ട്രാറുടെ 30/2013 സർക്കുലർ പ്രകാരം നിക്ഷേപങ്ങൾക്കുള്ള കെ.വൈ.സി. മാനദണ്ഡങ്ങൾ മുഴുവൻ നിക്ഷേപങ്ങൾക്കും പാലിച്ചിട്ടില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. കൂടാതെ ഇവരുടെ ടെലഫോൺ നമ്പറോ, ഐഡന്റിറ്റി തെളിയിക്കുന്ന മറ്റ് യാതൊരു രേഖകളോ ഹാജരാക്കാൻ ബാങ്ക് സെക്രട്ടറിക്ക് സാധിച്ചിട്ടില്ല. ഇപ്രകാരം പരിശോധനയിൽ കണ്ടെത്തിയ 257 കസ്റ്റമർ ഐ.ഡി.യിൽപെട്ടവർക്ക് ബാങ്കിൽ അംഗത്വമുള്ളതായും കാണുന്നില്ല. മുൻ സെക്രട്ടറി ശ്രീ. വി. കെ. ഹരികുമാറിന് വ്യാജ എസ്.ബി. അക്കൗണ്ടുകൾ ഉള്ളതായും പ്രസ്തുത അക്കൗണ്ടുകളിൽ വ്യാപകമായ ക്രമക്കേടുകൾ നടത്തിവരുന്നതായും കണ്ടെത്തിയിട്ടുണ്ട്. ഒരാളുടെ പേരിൽ തന്നെ വിവിധ കസ്റ്റമർ ഐ.ഡി. ഉള്ളതായും ടി കസ്റ്റമർ ഐ.ഡി.-യിൽ വിവിധ അക്കൗണ്ടുകളിൽനിന്നും അനധികൃതമായി 2.66 കോടി രൂപ വായ്പയെടുത്തതായും ബാങ്കിലെ ജീവനക്കാരുടെ പേരിലും ബന്ധുക്കളുടെ പേരിലുമായി കാൾ ഡെപ്പോസിറ്റ്, സേവിംഗ്സ് അക്കൗണ്ട് എന്നിവയിൽ അനധികൃത നിക്ഷേപങ്ങൾ നടത്തിയതായും ബാങ്കിന്റെ പ്രവർത്തനപരിധിക്ക് പുറത്ത് നിയമാവലിക്ക് വിരുദ്ധമായി വായ്പ നൽകിയതായും കണ്ടെത്തിയിട്ടുണ്ട്. സഹകരണ നിയമം വകുപ്പ് 57-ന് വിരുദ്ധമായി നിക്ഷേപം നടത്തിയതായും വായ്പാപലിശയിൽ നിയമാവലിക്ക് വിരുദ്ധമായി റിബേറ്റ് നൽകിയതായും കണ്ടെത്തിയിട്ടുണ്ട്. സ്വർണ്ണപ്പണയ വായ്പയിൽ 44 ഗ്രാം കുറവുള്ളതായി കണ്ടെത്തിയിട്ടുണ്ട്. 4-11-2019 മുതൽ 26-6-2021 വരെയുള്ള കാലയളവിൽ വിവിധ കസ്റ്റമർ ഐ.ഡി-കളിലെ വിലാസത്തിൽ തിരുത്തലുകൾ വരുത്തിയതായും ടി തിരുത്തലുകൾ വരുത്തിയിട്ടുള്ളത് മുൻ സെക്രട്ടറി, ശ്രീ. വി. കെ. ഹരികുമാർ എന്നിവരുടെ യൂസർ ഐഡിയിൽ നിന്നാണെന്നും കണ്ടെത്തിയിട്ടുണ്ട്. ബാങ്കിൽ ജോയിന്റ് രജിസ്ട്രാർ നേരിൽ പരിശോധന നടത്തിയതിൽ ബാങ്കിന്റെ നിയമാവലിക്ക് വിരുദ്ധമായി വായ്പാ ഇടപാടുകൾ, ഇതര ക്രമക്കേടുകൾ എന്നിവമൂലം ബാങ്കിനുവന്ന നഷ്ടം കണ്ടെത്തുന്നതിന് സഹകരണ നിയമം വകുപ്പ് 65 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിനെതിരെ ബാങ്ക് ബഹു. ഹൈക്കോടതിയിൽ WP (c) 26081/2019 പ്രകാരം കേസ് ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി ഉത്തരവ് സ്റ്റേ ചെയ്തിരിക്കുകയാണ്.

(ബി) ഒറ്റപ്പെട്ടതെങ്കിലും ഇത്തരത്തിലുള്ള അഴിമതി സഹകരണ മേഖലയുടെ വിശ്വാസ്യത തകർക്കാനിടയുള്ളതിനാൽ സഹകരണ രംഗത്തെ അഴിമതിക്കെതിരെ കർശന നടപടിയുണ്ടാകുമോ?

സഹകരണമേഖലയിൽ ഒറ്റപ്പെട്ടതാണെങ്കിലും അഴിമതിയും ക്രമക്കേടുകളും ശ്രദ്ധയിൽപ്പെടുന്നുണ്ട്. ഇത്തരത്തിലുള്ള പ്രവണതകൾ സഹകരണ മേഖലയുടെ വിശ്വാസ്യത തകർക്കാൻ ഇടയുള്ളതിനാൽ ഇത്തരം പ്രവണതകൾക്കെതിരെ

സർക്കാർ ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്. സഹകരണ നിയമം കാലോചിതമായി പരിഷ്കരിച്ചും സഹകരണ ആഡിറ്റ്, ഇൻസ്പെക്ഷൻ, വിജിലൻസ് സംവിധാനം എന്നിവ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. സഹകരണ വകുപ്പ് കാലോചിതമായി പുനഃസംഘടിപ്പിക്കുന്നതിനും സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സഹകരണ സംഘങ്ങളിലെ ആഡിറ്റ് സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്കുകൂടി അറിയാൻ കഴിയുന്ന തരത്തിൽ ആഡിറ്റ് മോണിറ്ററിംഗ് ആൻഡ് ഇൻഫർമേഷൻ സിസ്റ്റം (CAMIS) C Dit-ന്റെ സാങ്കേതിക സഹായത്തോടെ തയ്യാറാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(സി) സഹകരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് ഫലപ്രദമാക്കാൻ പുതിയ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

സഹകരണ ആഡിറ്റ് ഡയറക്ടർ തസ്തികയിൽ ഇന്ത്യൻ ആഡിറ്റ് ആൻഡ് അക്കൗണ്ട്സ് സർവ്വീസിലെ ഉദ്യോഗസ്ഥനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംഘങ്ങളെ ഗ്രൂപ്പുകളായി തിരിച്ച് ഗ്രൂപ്പിൽ ഉൾപ്പെടുന്ന സംഘങ്ങളുടെ പ്രവർത്തനവ്യാപ്തിക്കനുസരിച്ച് ആവശ്യമായ തസ്തികയിലുള്ള ആഡിറ്റർമാരുടെ ടീം രൂപീകരിക്കുകയും ടീം ആഡിറ്റ് നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. എല്ലാത്തരം സംഘങ്ങളിലും ടീം ആഡിറ്റ് സമ്പ്രദായം നടപ്പിലാക്കുന്നതിനും കേരള സർവ്വീസ് റൂൾസ് 156 പ്രകാരം സംഘങ്ങൾ ആഡിറ്റർമാരുടെ തസ്തിക നിശ്ചയിച്ച് തീരുമാനമെടുത്ത് കോസ്റ്റ് അടയ്ക്കുന്ന രീതിക്ക് മാറ്റം വരുത്തി സംഘത്തിന്റെ പ്രവർത്തനവ്യാപ്തിക്ക് അനുസരിച്ച് ആഡിറ്റ് ഫീസ് നിശ്ചയിക്കുകയും പ്രസ്തുത ആഡിറ്റ് ഫീസ് പ്രത്യേക ഫണ്ടിലേയ്ക്ക് സ്വീകരിച്ചുകൊണ്ട് ആഡിറ്റർമാർക്ക് ശമ്പളം ലഭ്യമാക്കുന്ന തരത്തിൽ പുതിയ സംവിധാനം നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതിനും സോഫ്റ്റ്വെയർ തയ്യാറാക്കുന്നതിന് സഹകരണ വകുപ്പ് ആരംഭിച്ചിട്ടുള്ള നടപടികൾ പരമാവധി വേഗത്തിൽ പൂർത്തീകരിക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. വകുപ്പിലെ ഉദ്യോഗസ്ഥർക്ക് സംഘങ്ങളിൽ ഉപയോഗിക്കുന്ന സോഫ്റ്റ്വെയർ സംബന്ധിച്ച് പരിശീലനം നൽകുന്നതിനും ആഡിറ്റ് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേയ്ക്കായി സഹകരണ നിയമം, ചട്ടം, ആഡിറ്റ് മാന്വൽ എന്നിവയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും സർക്കുലർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. സംഘങ്ങളിൽ നിലവിലുള്ള അക്കൗണ്ടിംഗ് സമ്പ്രദായവും

നിലവിലുള്ള ആഡിറ്റ് നോട്ട്, ആഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവയും കാലോചിതമായും ആധുനിക അക്കൗണ്ടിംഗ് രീതികൾക്കും കമ്പ്യൂട്ടർ അധിഷ്ഠിത അക്കൗണ്ടിംഗ്, ആഡിറ്റ് സമ്പ്രദായങ്ങൾക്കും അനുസരണമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സഹകരണ സംഘങ്ങളുടെ ഓഡിറ്റ് ആധുനികവത്ക്കരിക്കുന്നതിന്റെ ഭാഗമായി സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് സിസ്റ്റം രൂപീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ഇതിനായി സഹകരണ ആഡിറ്റ് മോണിറ്ററിംഗ് സിസ്റ്റം സി-ഡിറ്റ് മുഖേന സഹകരണ വകുപ്പിൽ നടപ്പിലാക്കുന്ന ICDMS പ്രോജക്ടിൽ ഉൾപ്പെടുത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ആവശ്യമായ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു സ്പെഷ്യൽ ഡെഡിക്കേറ്റഡ് ടീം രൂപീകരിച്ച് അടിയന്തരമായി പ്രവൃത്തി പൂർത്തിയാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത മോണിറ്ററിംഗ് സിസ്റ്റത്തിൽ ദീർഘകാലമായി ആഡിറ്റ് മുടങ്ങിയിരിക്കുന്ന സ്ഥാപനങ്ങൾ red flag ചെയ്യുന്നതിനും ഇതുസംബന്ധിച്ച് പതിവായി pop-up ലഭിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്. ഓഡിറ്റ് സംവിധാനം കുറ്റമറ്റതായി നടപ്പിലാക്കാൻ ഓഡിറ്റിംഗിന്റെ എല്ലാ മേഖലകളും ഉൾപ്പെടുത്തി വിപുലമായി ഒരുക്കുന്നതാണ് പ്രസ്തുത ഇ-പ്ലാറ്റ്ഫോം.

## വ്യവസായ നിക്ഷേപം ആകർഷിക്കാൻ നടപടി

8 (*36) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) കോവിഡ് പശ്ചാത്തലത്തിൽ സാമ്പത്തികരംഗം നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി സംസ്ഥാനത്തേയ്ക്ക് കൂടുതൽ വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിന് എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ വളർച്ചയ്ക്ക് ഗുണകരമാകുന്ന പദ്ധതികൾ ആരംഭിക്കുന്നതിന് സംരംഭകർ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) സംരംഭകർക്ക് അവരുടെ പദ്ധതികൾ അവതരിപ്പിക്കുന്നതിന് സംസ്ഥാനതലത്തിൽ ഒരു സ്ഥിരം സംവിധാനം ഉണ്ടാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(എ-സി) സംരംഭകർ നേരിടുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിനായി സർക്കാർ വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുവേണ്ടി നിയമ നിർമ്മാണങ്ങൾ അനിവാര്യമായ ഘട്ടങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. 2018-ൽ നടപ്പിലാക്കിയ 'കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' , 2019-ലെ 'കേരള സൂക്ഷ്മ -ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' എന്നിവ ഈ ഉദ്ദേശ്യത്തോടെ നടപ്പിലാക്കിയ നിയമനിർമാണങ്ങളാണ്. സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുന്നതിന് പുതിയ സംരംഭകർക്കായി സർക്കാർ ഒരു ഓൺലൈൻ ഏകജാലക സംവിധാനം (K-SWIFT) നടപ്പിലാക്കിയിട്ടുണ്ട്. ഏകീകൃത അപേക്ഷാഫോറം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രത്യേക ഓൺലൈൻ സംവിധാനം മുഖേന വ്യവസായ സംരംഭകർക്ക് 15 വകുപ്പുകളിൽ നിന്നുള്ള അനുമതി കാലതാമസം ഇല്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നുണ്ട്. ദേശീയ ശ്രദ്ധ ആകർഷിച്ച പ്രസ്തുത സംവിധാനം മുഖേന നിയമാനുസൃതമായി പൂർത്തീകരിച്ച് ലഭിക്കുന്ന അപേക്ഷകൾ നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി പരിഗണിച്ച് ലൈസൻസ് നൽകുന്നതിനുള്ള കാലാവധി 30 ദിവസമാണ്. ഇതുമൂലം വ്യവസായം തുടങ്ങുന്നതിനുള്ള കാലതാമസവും ബുദ്ധിമുട്ടും ലഘൂകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളിൽ വിവിധ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ സുതാര്യമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുംവേണ്ടി കെ-സിസ് (Kerala-Centralised Inspection System) എന്ന ഓൺലൈൻ കേന്ദ്രീകൃത പരിശോധനാ സംവിധാനം സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള അപേക്ഷകളിന്മേൽ സമയബന്ധിതമായി അനുമതികൾ ലഭ്യമാക്കുന്നതിനും നിക്ഷേപകരുമായി സജീവബന്ധം സ്ഥാപിക്കുന്നതിനും സംസ്ഥാനത്തെ ഉയർന്ന സാമ്പത്തിക സാദ്ധ്യതകളുള്ള മേഖലകളിലേയ്ക്ക് നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി ' കേരളാ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ സെൽ' (KIPF) സർക്കാർ രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥർ മേൽപ്പറഞ്ഞ സെല്ലുകളിൽ അംഗങ്ങളാണ്. സംസ്ഥാനത്തെ വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതിനും ജില്ലാടിസ്ഥാനത്തിലും സംസ്ഥാന തലത്തിലും നിയമ പിന്തുണയുള്ള പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിക്കുന്നതിലേയ്ക്കായി സർക്കാർ 2021-ലെ കേരള

വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ഓർഡിനൻസ് പുറപ്പെടുവിക്കുകയുണ്ടായി. സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിലും ചട്ടങ്ങളിലും കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ ഏതെങ്കിലും വ്യവസ്ഥകൾ നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് പഠനം നടത്തി വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ റിപ്പോർട്ട് സമർപ്പിക്കുന്നതിന് NUALS വൈസ് ചാൻസലർ ചെയർമാനായി മൂന്നംഗ വിദഗ്ദ്ധ സമിതിയെ നിയമിക്കുകയും പ്രസ്തുത സമിതി വ്യവസായ സംഘടനകളുമായും വ്യവസായ സംരംഭക സമൂഹവുമായും കൂടിയാലോചന നടത്തി പ്രവർത്തനം തുടർന്നുവരുന്നു. സംസ്ഥാനത്ത് വ്യവസായിക നിക്ഷേപം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള വ്യവസായ സംരംഭകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവരുടെ നിക്ഷേപ അപേക്ഷകൾക്ക് എന്തെങ്കിലും വകുപ്പുതല കാലതാമസം ഉണ്ടെങ്കിൽ പരിഹരിക്കാനുമായി ജില്ലാതലത്തിൽ 'മീറ്റ് ദി മിനിസ്റ്റർ' പരിപാടി നടത്തിവരികയാണ്. ബഹു. വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വകുപ്പു സെക്രട്ടറിമാർ, വിവിധ വകുപ്പ് മേധാവികൾ എന്നിവരുടെ സാന്നിദ്ധ്യത്തിലും നടത്തിവരുന്ന പ്രസ്തുത പരിപാടിയിൽ വ്യവസായ സംരംഭകരുമായി ബന്ധപ്പെട്ട് അടിയന്തരമായി ഇടപെടേണ്ട പല പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നതിനും കഴിഞ്ഞിട്ടുണ്ട്. ശാശ്വതവും സ്ഥിരവുമായ സംവിധാനമെന്ന നിലയിൽ പരാതി പരിഹരിക്കുന്നതിനാണ് നിയമപിന്തുണയുള്ള പരാതി പരിഹാര കമ്മിറ്റി രൂപീകരിക്കുന്നതിന് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുള്ളത്. ഇതിനകം 10 ജില്ലകളിൽ തന്നെ മീറ്റ് ദി മിനിസ്റ്റർ പരിപാടി നടത്തുകയുണ്ടായി. അവയുടെ തുടർനടപടികൾ വിവിധ ഏജൻസികളുമായി ഏകോപിപ്പിച്ച് നടത്തിവരുന്നു. കൂടാതെ വ്യവസായ പുരോഗതി കൈവരിക്കുന്നതിനും വ്യവസായരംഗത്ത് കൊണ്ടുവരേണ്ട കാതലായ മാറ്റങ്ങളെ സംബന്ധിച്ചും വിവിധ വ്യവസായ സംഘടനകളായ KSSIA, FICCI, CII തുടങ്ങിയവയുടെ പ്രതിനിധികളുമായി ബഹു. വ്യവസായ വകുപ്പുമന്ത്രി നിശ്ചിത കാലയളവുകളിൽ കൂടിക്കാഴ്ച നടത്തി വരുന്നുണ്ട്. നിക്ഷേപകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹരിക്കുന്നതിനുമായി നിക്ഷേപകരുമായി ' മീറ്റ് ദ ഇൻവെസ്റ്റർ ' എന്ന പരിപാടിയും നടത്തിവരുന്നു. സംസ്ഥാനത്ത് കൂടുതൽ വ്യാവസായിക നിക്ഷേപം കൊണ്ടുവരുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും താഴെപ്പറയുന്ന ധനസഹായ പദ്ധതികൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കി വരുന്നുണ്ട്.

- സംരംഭക സഹായ പദ്ധതി (ESS)
- നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി
- ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ്
- Revival and rehabilitation scheme for defunct MSMEs and cashew processing units
- The Kerala stressed MSMEs Revival & Rehabilitation Scheme
- Scheme for interest subvention to term loan and working capital loan (വ്യവസായ ഭദ്രത)- കോവിഡ് രണ്ടാം തരംഗത്തെ തുടർന്ന് വ്യവസായത്തെ പിന്തുണയ്ക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി പ്രഖ്യാപിച്ച COVID-19 സമാശ്വാസ പദ്ധതി, ദുരിതാശ്വാസ പാക്കേജിൽ സംരംഭക സഹായ പദ്ധതി (ESS), നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി, ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണി ഗ്രാന്റ്, വ്യവസായ ഭദ്രത പലിശ ഇളവ് പദ്ധതി എന്നിവയിൽ കൂടുതൽ ഇളവുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ ബഹു. മുഖ്യമന്ത്രിയുടെ 'സ്പെഷ്യൽ അസിസ്റ്റൻസ് ' പദ്ധതി വഴി 2 കോടി രൂപ വരെയും കോവിഡ് സമാശ്വാസ പദ്ധതി മുഖേന 2 കോടി രൂപ വരെയും പ്രവാസി സംരംഭകരിൽനിന്നും നോർക്ക നിർദ്ദേശിക്കുന്ന ഗുണഭോക്താക്കൾക്ക് 2 കോടി രൂപ വരെയും ലോൺ ആയും കെ.എസ്.ഐ.ഡി.സി. വഴി അനുവദിച്ചുവരുന്നു. വ്യാവസായിക നിക്ഷേപം കൊണ്ടുവരുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കിൻഫ്ര മുഖാന്തരം നടപ്പിലാക്കിവരുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്.
- ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, കാക്കഞ്ചേരി, മലപ്പുറം
- ഐ.ടി/ഐ.ടി. അധിഷ്ഠിത കെട്ടിട സമുച്ചയം-പ്രത്യേക സാമ്പത്തിക മേഖല, കിൻഫ്ര ഫിലിം & വീഡിയോ പാർക്ക്, തിരുവനന്തപുരം
- കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി
- പെട്രോ കെമിക്കൽ പാർക്ക്, എറണാകുളം
- ഡിഫൻസ് പാർക്ക്, ഒറ്റപ്പാലം
- സ്പൈസസ് പാർക്ക്, ഇടുക്കി

- മെഗാ ഫുഡ്പാർക്ക്, പാലക്കാട്
- ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, എറണാകുളം.
- കിൻഫ്ര വ്യവസായ പാർക്ക്, മട്ടന്നൂർ
- ഇന്റഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്ക്, ആലപ്പുഴ & പാലക്കാട്.

**സഹകരണ വകുപ്പ് നടപ്പിലാക്കുന്ന പ്രത്യേക ആരോഗ്യ പദ്ധതി**

9 (*37) ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ, ആദിവാസി ജനവിഭാഗങ്ങൾക്ക് മെച്ചപ്പെട്ട ചികിത്സയും ആരോഗ്യ സംരക്ഷണവും ലഭ്യമാക്കുന്നതിന് സഹകരണ വകുപ്പ് പ്രത്യേകമായ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗത്തിന്റെ ആരോഗ്യ സംരക്ഷണത്തിനായി സഹകരണ വകുപ്പ് ഒരു സമഗ്ര പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സഹകരണ വകുപ്പ് സഹകരണ ആശുപത്രികളുമായി സഹകരിച്ചാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഈ പദ്ധതി സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ ഈ പദ്ധതി ഇതിനകം നടപ്പാക്കിയിട്ടുണ്ട്. പെരിന്തൽമണ്ണ ഇ.എം.എസ്. സഹകരണ ആശുപത്രിയുമായി സഹകരിച്ചാണ് അവിടെ പദ്ധതി നടപ്പാക്കിയിട്ടുള്ളത്. കോട്ടത്തറ ട്രൈബൽ ആശുപത്രിയിലെ പരിശോധനയിൽ വിദഗ്ദ്ധ പരിശോധനയും ചികിത്സയും ആവശ്യമാണെന്ന് കാണുന്നവർക്കാണ് പദ്ധതിയുടെ ഭാഗമായി ഇ.എം.എസ്. സഹകരണ ആശുപത്രിയിലെ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ നൽകിയിട്ടുള്ളത്. രോഗികൾക്ക് വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിനുപുറമേ ആദിവാസി മേഖലയിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക, 24 മണിക്കൂറും സൗജന്യ ആംബുലൻസ് സേവനം ലഭ്യമാക്കുക, ഗർഭിണികളായ എല്ലാവരെയും രജിസ്റ്റർ ചെയ്ത് അവർക്ക് വിദഗ്ദ്ധമായ ഗർഭകാല-പ്രസവ-പ്രസവാനന്തര പരിചരണം ഉറപ്പു വരുത്തുക, കുട്ടികൾക്കും ഗർഭിണികൾക്കും ആഹാരവും പോഷകങ്ങളും ലഭ്യമാക്കുക, കുട്ടികൾക്കായി പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ

നടത്തുക, രോഗപ്രതിരോധത്തിനായി വാക്സിനേഷൻ ക്യാമ്പുകൾ നടത്തുക, പകർച്ചവ്യാധികളെ തടയുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക, ജനിതക രോഗങ്ങൾക്ക് ചികിത്സ ലഭ്യമാക്കുക, ലഹരിമരുന്നുകളുടെ ദുരുപയോഗത്തിനെതിരെ ബോധവൽക്കരണ പരിപാടികൾ നടത്തുക, ലഹരി വിമോചന ചികിത്സ ലഭ്യമാക്കുക എന്നിങ്ങനെ ഗുണഭോക്താക്കളായ ജനവിഭാഗത്തിന്റെ ആരോഗ്യ സംരക്ഷണത്തിനുതകുന്ന വിവിധ പ്രവർത്തനങ്ങൾ ഈ പദ്ധതിയുടെ ഭാഗമാണ്.

(ബി) കേവലം ചികിത്സാപദ്ധതി എന്നതിനപ്പുറം ആരോഗ്യ രംഗത്ത് കാലോചിതമായ ഇടപെടലായി മാറിയ പ്രസ്തുത പദ്ധതിയുടെ ആശയങ്ങളും ലക്ഷ്യങ്ങളും വിശദമാക്കാമോ; പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ?

കേവലം ചികിത്സാപദ്ധതി എന്നതിനപ്പുറം അട്ടപ്പാടിയിലെ പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗത്തിന്റെ ആരോഗ്യസംരക്ഷണത്തെ നിർണ്ണയിക്കുന്ന വിവിധ ഇടപെടലുകളാണ് പദ്ധതിയിലൂടെ നടത്തിയിട്ടുള്ളത്. അട്ടപ്പാടിയിലെ പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗത്തിന് സൗജന്യരോഗ ചികിത്സ, ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സംരക്ഷണം, കുട്ടികളുടെ ആരോഗ്യ പരിരക്ഷ, ഗൃഹ കേന്ദ്രീകൃത ആരോഗ്യ സേവനങ്ങൾ, പ്രതിരോധ പ്രവർത്തനങ്ങൾ, ആരോഗ്യ സംവർദ്ധക ജീവിതശൈലികളും സമ്പൂർണ്ണ പോഷണവും, പശ്ചാത്തല സൗകര്യ വികസനം, സഹകരണ ആരോഗ്യ മോഡൽ പദ്ധതി നടത്തിപ്പും മേൽനോട്ടവും മുതലായവയാണ് അട്ടപ്പാടി സമഗ്ര ആരോഗ്യ പദ്ധതിയുടെ ആശയങ്ങൾ. അട്ടപ്പാടിയിലെ അഗളി, ഷോളയൂർ, പുതൂർ പഞ്ചായത്തുകളിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ലഭ്യമാക്കുക, ഗർഭിണികൾക്കും കുട്ടികൾക്കും പോഷകാഹാരം ലഭ്യമാക്കുക, ശിശുമരണ നിരക്ക് കുറച്ചുകൊണ്ടുവന്ന് തീർത്തും ഇല്ലാതാക്കുക, മദ്യപാനം, ലഹരി വസ്തുക്കളുടെ ഉപയോഗം എന്നിവയ്ക്കെതിരെ ബോധവൽക്കരിക്കുക എന്നിവയാണ് പദ്ധതി ലക്ഷ്യമിട്ടത്. പദ്ധതിയുടെ ഭാഗമായി 6924 പേർക്ക് ഇ.എം.എസ്. ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി സേവനം നൽകിയിട്ടുണ്ട്. ഇതിൽ 3042 പേർക്ക് ഒ.പി. വിഭാഗത്തിലും 2022 പേർക്ക് ഐ.പി. വിഭാഗത്തിലും 1860 പേർക്ക് പരിശോധനാ വിഭാഗത്തിലുമാണ് സേവനം ലഭിച്ചിട്ടുള്ളത്. കൂടാതെ 4 മെഡിക്കൽ ക്യാമ്പുകളും 8 ട്രെയിനിംഗ് പ്രോഗ്രാമുകളും 25 അവയർനെസ് പ്രോഗ്രാമുകളും ഈ പദ്ധതിയുടെ ഭാഗമായി നടത്തിയ പ്രവർത്തനങ്ങളാണ്.

## കലാകാരൻമാർക്കായി സഹകരണ സംഘം

10(*38) ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കലാകാരൻമാർക്കായി സഹകരണ സംഘം രൂപീകരിക്കുമെന്ന സർക്കാർ പ്രഖ്യാപനത്തിലെ തുടർനടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

കലാകാരൻമാർക്കായി സഹകരണ സംഘം രൂപീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) കലയുമായി ബന്ധപ്പെട്ട ഏതൊക്കെ മേഖലകളെയാണ് പ്രസ്തുത സഹകരണ സംഘത്തിൽ ഉൾക്കൊള്ളിക്കാൻ ഉദ്ദേശിക്കുന്നതെന്നും എല്ലാ വിഭാഗം കലാകാരൻമാർക്കുമായി ഒരു സഹകരണ സംഘമാണോ വിഭാവനം ചെയ്യുന്നതെന്നും വ്യക്തമാക്കാമോ?

സംഗീതം, നാടകം, പ്രകടനകലകൾ, ചിത്രരചന എന്നിവ ഉൾപ്പെടെ എല്ലാ കലാകാരൻമാരുടെയും സാമ്പത്തികവും സാമൂഹികവുമായ ഉന്നമനം ലക്ഷ്യമിട്ട് ടി കലാകാരൻമാർക്ക് സ്ഥിരംവേദി ഒരുക്കിക്കൊടുക്കുക എന്ന ഉദ്ദേശ്യത്തോടെ ഒരു സഹകരണ സംഘം രൂപീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(സി) കലാകാരൻമാരുടെ സർഗ്ഗസൃഷ്ടികളുടെ വിപണനം പ്രസ്തുത സംഘത്തിന്റെ ലക്ഷ്യങ്ങളിൽ ഉൾപ്പെടുത്തുമോ?

കലാകാരൻമാരുടെ സർഗ്ഗസൃഷ്ടികൾ അവതരിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനും സഹകരണമേഖലയുടെ വിശാലമായ സാധ്യതകൾ ഉപയോഗപ്പെടുത്തി സ്ഥിരംവേദി കണ്ടെത്തുന്നത് സംഘത്തിന്റെ ലക്ഷ്യങ്ങളിൽ ഉൾപ്പെടുത്തുന്നതാണ്.

(ഡി) കലാകാരൻമാർക്കായുള്ള സഹകരണ സംഘത്തിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വിദഗ്ദ്ധ സമിതിയെ നിയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

കലാകാരൻമാർക്കായുള്ള സഹകരണ സംഘത്തിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വിദഗ്ദ്ധസമിതിയെ നിയോഗിക്കാൻ നിലവിൽ ഉദ്ദേശിച്ചിട്ടില്ല.

## സഹകരണമേഖലയിലെ തൊഴിലവസരങ്ങൾ

11(*39) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സഹകരണമേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, സഹകരണ അപ്പെക്സ് ഫെഡറേഷനുകൾ, മറ്റ് സഹകരണ സംഘങ്ങൾ, കേരള ബാങ്ക് എന്നിവയിലൂടെ തൊഴിലധിഷ്ഠിതമായ സൂക്ഷ്മ-ചെറുകിട സംഘങ്ങൾ, ചെറുകിട കച്ചവടം എന്നീ പദ്ധതികൾക്കായി എത്ര തുക വായ്പ അനുവദിച്ചിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ?

കേരള സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി സഹകരണ മേഖലയിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, സഹകരണ അപ്പെക്സ് ഫെഡറേഷനുകൾ, മറ്റ് സഹകരണ സംഘങ്ങൾ, കേരള ബാങ്ക് എന്നിവയിലൂടെ തൊഴിലധിഷ്ഠിതമായ സൂക്ഷ്മ- ചെറുകിട കച്ചവടം എന്നീ പദ്ധതികൾക്കായി 630,75,14,987 രൂപ വിതരണം ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിലൂടെ എത്ര പേർക്ക് തൊഴിലവസരങ്ങൾ ഉറപ്പാക്കാനായിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കാമോ?

കണക്കുകൾ ലഭ്യമാണ്. പ്രസ്തുത പദ്ധതിയിലൂടെ 20153 പേർക്ക് തൊഴിലവസരങ്ങൾ ലഭ്യമായിട്ടുണ്ട്. (കേരള ബാങ്ക്-12552, മറ്റ് സഹകരണ സംഘങ്ങൾ-7601)

## കരുവന്നൂർ സഹകരണ ബാങ്കിലെ സാമ്പത്തിക ക്രമക്കേട്

12 (*40) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ നടന്ന സാമ്പത്തിക ക്രമക്കേട് സംബന്ധിച്ച വകുപ്പുതല അന്വേഷണത്തിന്റെ പുരോഗതി വെളിപ്പെടുത്താമോ?

കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിലെ സാമ്പത്തിക ക്രമക്കേട് സംബന്ധിച്ച് സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ നിയമാനുസൃത തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 22-7-2021-ന് ഭരണസമിതിയെ സഹകരണ നിയമം വകുപ്പ് 32 പ്രകാരം നീക്കം ചെയ്തിട്ടുണ്ട്. സർചാർജ്ജ് നടപടികളുടെ ഭാഗമായി സഹകരണ നിയമം വകുപ്പ് 68 (1) പ്രകാരം അന്വേഷണം നടത്തുന്നതിനായി 6-7-2021-ൽ ഉത്തരവായിട്ടുണ്ട്. 24-7-2021-ലെ സ.ഉ.(സാധാ) നമ്പർ 451/2021/സഹ. നമ്പർ ഉത്തരവിൻപ്രകാരം ടി ബാങ്കിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് സൂക്ഷ്മപരിശോധന നടത്തുന്നതിനും കൃത്യസമയത്ത് ക്രമക്കേടുകൾ കണ്ടെത്തുന്നതിൽ വകുപ്പിന്റെ ഭാഗത്തെ വീഴ്ചകൾ ഉൾപ്പെടെ അന്വേഷിക്കുന്നതിനും 9 അംഗങ്ങൾ അടങ്ങുന്ന ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ച് അന്വേഷണം നടത്തിവരികയാണ്. പ്രസ്തുത സമിതിയുടെ ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അഴിമതി കണ്ടെത്തുന്നതിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയ സഹകരണ വകുപ്പിലെ 16 ഉദ്യോഗസ്ഥരെ സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. കൂടാതെ കുറ്റാരോപിതരായ വിരമിച്ച ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി ആരംഭിച്ചിട്ടുണ്ട്. ബാങ്കിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുമുള്ള വീഴ്ച സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുന്നതിന് 10-9-2021-ലെ സ.ഉ.(സാധാ)നമ്പർ 549/ 2021/സഹ. ഉത്തരവ് പ്രകാരം മൂന്നംഗ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

(ബി) കരുവന്നൂർ ബാങ്ക് ക്രമക്കേടിന്റെ പശ്ചാത്തലത്തിൽ സഹകരണ ബാങ്കുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ മികവുറ്റതാക്കാനും സഹകരണ നിയമത്തിൽ സഹകരണ വിജിലൻസ്, സഹകരണ ആഡിറ്റ് എന്നീ വിഷയങ്ങളിൽ കൂടുതൽ കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനും സഹകരണ രംഗത്ത് ഉയർന്നുവരുന്ന ആശാസ്യകരമല്ലാത്ത പ്രവണതകൾ അവസാനിപ്പിക്കുന്നതിനും സംഘങ്ങളുടെ വളർച്ചയ്ക്ക് അനുയോജ്യമായ രീതിയിലും സമഗ്ര നിയമഭേദഗതി വരുത്തുന്നതിലേയ്ക്കുമായി സമഗ്ര നിയമ പരിഷ്കരണത്തിനുള്ള കരട് ബിൽ തയ്യാറാക്കുന്നതിന് 22-9-2021-ലെ സ.ഉ.(സാധാ)നം. 570/2021/സഹ. നമ്പർ പ്രകാരം ശ്രീ. ജോസ് ഫിലിപ്പ് (റിട്ട. അഡീഷണൽ രജിസ്ട്രാർ), ശ്രീ.മദനചന്ദ്രൻ നായർ (റിട്ട. പ്രിൻസിപ്പാൾ, സഹകരണ പരിശീലന കേന്ദ്രം), ശ്രീ.എം.ബി. പ്രദീപ് കുമാർ (റിട്ട. അസിസ്റ്റന്റ് രജിസ്ട്രാർ) എന്നിവർ

അംഗങ്ങളായും സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ നിയമ ആഫീസർ കൺവീനറായും ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത നിയമഭേദഗതി ഈ സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനും സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിന് സഹകരണവകുപ്പ് ആരംഭിച്ചിട്ടുള്ള നടപടികൾ പരമാവധി വേഗത്തിൽ പൂർത്തീകരിക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. വകുപ്പിലെ ഉദ്യോഗസ്ഥർക്ക് സംഘങ്ങളിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയർ സംബന്ധിച്ച് പരിശീലനം നൽകുന്നതിനും ആഡിറ്റ് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേയ്ക്കുമായി സഹകരണ നിയമം, ചട്ടം, ആഡിറ്റ് മാന്വൽ എന്നിവയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും സർക്കുലർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനും തീരുമാനം എടുത്തിട്ടുണ്ട്. സംഘങ്ങളിൽ നിലവിലുള്ള അക്കൗണ്ടിംഗ് സമ്പ്രദായവും നിലവിലുള്ള ആഡിറ്റ് നോട്ട്, ആഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവയും കാലോചിതമായും ആധുനിക അക്കൗണ്ടിംഗ് രീതികൾക്കും കമ്പ്യൂട്ടർ അധിഷ്ഠിത അക്കൗണ്ടിംഗ്, ആഡിറ്റ് സമ്പ്രദായങ്ങൾക്കും അനുസരണമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സഹകരണ സംഘങ്ങളുടെ ഓഡിറ്റ് ആധുനികവത്ക്കരിക്കുന്നതിന്റെ ഭാഗമായി സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് സിസ്റ്റം രൂപീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ഇതിനായി സഹകരണ ആഡിറ്റ് മോണിറ്ററിംഗ് സിസ്റ്റം സി-ഡിറ്റ് മുഖേന സഹകരണ വകുപ്പിൽ നടപ്പിലാക്കുന്നതിനും ICDMS പ്രോജക്ടിൽ ഉൾപ്പെടുത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ആവശ്യമായ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു സ്പെഷ്യൽ ഡെഡിക്കേറ്റഡ് ടീം രൂപീകരിച്ച് അടിയന്തിരമായി പ്രവൃത്തി പൂർത്തിയാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ഓഡിറ്റ് സംവിധാനം കുറ്റമറ്റതായി നടപ്പിലാക്കാൻ ഓഡിറ്റിംഗിന്റെ എല്ലാ മേഖലകളും ഉൾപ്പെടുത്തി വിപുലമായി ഇ-പ്ലാറ്റ്ഫോം സംവിധാനം ഒരുക്കുന്നതാണ്.

(സി) സോഫ്റ്റ്‌വെയറിലെ ന്യൂനതകൾ മുതലാക്കിയാണ് ക്രമക്കേട് നടത്തുന്നത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ന്യൂനത പരിഹരിക്കുന്നതിനായി സോഫ്റ്റ്‌വെയറുകൾ സെക്യൂരിറ്റി ഓഡിറ്റിന് വിധേയമാക്കാൻ നടപടി സ്വീകരിക്കുമോ?

കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ സോഫ്റ്റ്‌വെയർ ഉപയോഗിക്കുമ്പോൾ പാലിക്കേണ്ട അടിസ്ഥാനപരമായ മുൻകരുതലുകൾ സ്വീകരിച്ചിട്ടില്ലെന്നും ഈ വിഷയത്തിൽ സഹകരണ സംഘം രജിസ്ട്രാർ

നൽകിയിട്ടുള്ള സർക്കുലർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല എന്നും അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. സഹകരണസംഘം രജിസ്ട്രാറുടെ 18-8-2020-ലെ 62/2020 സർക്കുലർ പ്രകാരം സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവയിൽ ഉപയോഗത്തിലുള്ള എല്ലാ സോഫ്റ്റ്‌വെയറുകളും സെക്യൂരിറ്റി ആഡിറ്റിന് വിധേയമാക്കണമെന്ന നിർദ്ദേശം നൽകിയിരുന്നു. കരുവന്നൂർ ബാങ്കിൽ നടന്ന ക്രമക്കേടിന്റെ പശ്ചാത്തലത്തിൽ പ്രസ്തുത സർക്കുലർ നിർദ്ദേശം കർശനമായി പാലിക്കുന്നതിനും സോഫ്റ്റ്‌വെയർ സംബന്ധിച്ച് ഭരണസമിതി അംഗങ്ങൾ, സംഘം ജീവനക്കാർ, വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർക്ക് പരിശീലനം നൽകുന്നതിനും നിർദ്ദേശം നൽകുകയും പരിശീലന പരിപാടികൾ എല്ലാ ജില്ലകളിലും സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**പെട്രോളിയം ഉൽപന്നങ്ങളുടെ വിലവർദ്ധന**

13 (*41) ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. പി. ടി. തോമസ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) പെട്രോൾ, ഡീസൽ ഉൾപ്പെടെയുള്ള പെട്രോളിയം ഉൽപന്നങ്ങളുടെ വിലവർദ്ധന പൊതുജനങ്ങളെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യത്തിൽ വിലവർദ്ധന പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇന്ധന വില വർദ്ധനവിനെത്തുടർന്ന് ഉണ്ടാകുന്ന വിലക്കയറ്റം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എ&ബി) പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ യഥാക്രമം 31.80%-ഉം 24.52%-ഉം ആയിരുന്നു. എന്നാൽ 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി യഥാക്രമം 30.08%-ഉം 22.76%-ഉം ആയി കുറച്ചിട്ടുണ്ട്. വികലമായ കേന്ദ്ര നയത്തിന്റെ ഭാഗമായ പെട്രോളിയം ഉൽപ്പന്നങ്ങളുടെ ദിനംപ്രതിയുള്ള വിലവർദ്ധനവ് ഉപഭോക്തൃസംസ്ഥാനമായ കേരളത്തിലെ ജനങ്ങളുടെ ദൈനംദിന ജീവിതം ദുസ്സഹമാക്കിയെന്നത്

വസ്തുതയാണ്. ഇന്ധനവിലയിലെ വർദ്ധനവ് ട്രാൻസ്പോർട്ടേഷൻ ചെലവ് ഉയർത്തിയതുമൂലം എല്ലാ അവശ്യ സാധനങ്ങളുടേയും വിലക്കയറ്റത്തിന് ഇടയാക്കി. ഇത് ജനങ്ങളുടെ വാങ്ങൽശേഷിയേയും നിക്ഷേപ സാദ്ധ്യതയേയും ദുർബലപ്പെടുത്തി. കോവിഡിന്റെകൂടി പശ്ചാത്തലത്തിൽ അതിരൂക്ഷമായ സാമ്പത്തികമാന്ദ്യം അഭിമുഖീകരിക്കുന്ന സമ്പദ്ഘടനയെ പുനരുജ്ജീവിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ ക്രിയാത്മക നടപടികൾ കൈക്കൊണ്ടു വരുന്നുണ്ട്. എന്നാൽ വിലവർദ്ധനവിന്റെ അനന്തരഫലമായ നാണയപ്പെരുപ്പം ഇത്തരം നടപടികൾക്ക് വിഘാതം സൃഷ്ടിച്ചിരിക്കുകയാണ്.

(സി) പൊതുഗതാഗത സംവിധാനങ്ങൾ, മത്സ്യബന്ധന ബോട്ടുകൾ, ഓട്ടോ, ടാക്സി എന്നിവയ്ക്ക് ഇന്ധന നികുതി സബ്സിഡി നൽകാൻ നടപടി സ്വീകരിക്കുമോ?

പൊതുഗതാഗത സംവിധാനങ്ങൾ, മത്സ്യബന്ധന ബോട്ടുകൾ, ഓട്ടോ, ടാക്സി എന്നിവയ്ക്ക് ഇന്ധന നികുതി സബ്സിഡി നൽകുന്ന കാര്യത്തിൽ സർക്കാർ നയപരമായ ഒരു തീരുമാനം എടുത്തിട്ടില്ല.

**കോവിഡ്മൂലമുണ്ടായ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് പഠനം**

14 (*42) ഡോ. എൻ. ജയരാജ്:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) കോവിഡ് സാഹചര്യം സംസ്ഥാനത്തെ സാമ്പത്തിക മേഖലയെ ഏതൊക്കെ തരത്തിൽ ബാധിച്ചിട്ടുണ്ടെന്ന് പഠനം നടത്താൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ?

കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ ചെലവ് ചുരുക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി 5-5-2020-ലെ സ.ഉ.(സാധാ) നമ്പർ 2945/2020/ധന. പ്രകാരം Expert Commitee to conduct study on the impact of Covid-19 and the consequence of lockdown on the different facets of public finance of the state, 14-5-2020-ലെ സ.ഉ.(സാധാ) നമ്പർ 3032/2020/ധന.പ്രകാരം Expert Committee on Rationalizing Revenue Expenditure എന്നീ രണ്ട് വിദഗ്ധ സമിതികളെ നിയോഗിച്ചിരുന്നു. ഈ രണ്ട് സമിതികളും സർക്കാരിന് റിപ്പോർട്ട്

സമർപ്പിച്ചിട്ടുണ്ട്. ഈ സമിതികളുടെ റിപ്പോർട്ടിലെ ചെലവ് ചുരുക്കൽ നിർദ്ദേശങ്ങൾ പരിഗണിച്ച് 5-11-2020-ലെ സ.ഉ.(അച്ചടി) നമ്പർ 152/2020/ ധന. പ്രകാരം ധനദൃഢീകരണം സാദ്ധ്യമാക്കുന്ന വ്യയ നിയന്ത്രണ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.* വിഭവങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള സമിതിയുടെ ശിപാർശയിന്മേൽ വിവിധ വകുപ്പുകൾ നടപടി കൈക്കൊണ്ടു വരികയാണ്.

(ബി) കേന്ദ്ര സർക്കാർ ഇത്തരം ഒരു പഠനം നടത്തി റിപ്പോർട്ട് തയാറാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

കേന്ദ്ര സർക്കാർ ഇത്തരം ഒരു പഠനം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സംസ്ഥാനം അങ്ങനെയൊരു വിശദ പഠനം നടത്തുന്നതിന് വിദഗ്ദ്ധരുടെ സമിതി രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

കോവിഡ് - 19-ന്റെ വ്യാപനം സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ ഏൽപ്പിച്ച സാമ്പത്തിക-സാമൂഹിക പ്രത്യാഘാതം, അതിനെ നേരിടാനുള്ള മാർഗ്ഗങ്ങൾ, മറ്റ് രാജ്യങ്ങൾ, സംസ്ഥാനങ്ങൾ എന്നിവിടങ്ങളിലെ സർക്കാർ നടപടികളുടെ അവലോകനം എന്നിവ വിഷയങ്ങളാക്കിക്കൊണ്ടുള്ള പഠനം നടത്തുന്നതിനായി 18-8-2021-ലെ സ.ഉ (സാധാ) നമ്പർ 5599/2021/ധന. പ്രകാരം ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ (GIFT) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. GIFT ഇതുസംബന്ധിച്ച പഠനം നടത്തി വരുന്നു. പ്രസ്തുത ഉത്തരവ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**പെട്രോളിന്റെയും ഡീസലിന്റെയും നികുതി**

15 (*43) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) പെട്രോളിനെയും ഡീസലിനെയും ജി.എസ്.ടി-യിൽ ഉൾപ്പെടുത്തണമെന്ന നിർദ്ദേശത്തിനെതിരെ സംസ്ഥാന സർക്കാർ ജി.എസ്.ടി. കൗൺസിലിൽ നിലപാട് സ്വീകരിക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിൽ പെട്രോളിനും ഡീസലിനും സംസ്ഥാന വിൽപ്പന നികുതി നിയമം, 1963 പ്രകാരമാണ് നികുതി ഈടാക്കുന്നത്. ടി നിയമമനുസരിച്ച് പെട്രോളിന് 30.08 ശതമാനവും ഡീസലിന് 22.76 ശതമാനവും വിൽപ്പന നികുതി നിരക്ക് നിശ്ചയിച്ചിരിക്കുന്നു. എന്നാൽ ചരക്കുസേവന നികുതി നിയമത്തിൻകീഴിൽ പുറപ്പെടുവിച്ചിരിക്കുന്ന വിജ്ഞാപനപ്രകാരം ചുമത്താവുന്ന പരമാവധി നികുതി നിരക്ക് 28% ചുമത്തിയാൽപോലും സംസ്ഥാന വിഹിതം 14% മാത്രമാണ്. അതിനാൽ പെട്രോളിനെയും ഡീസലിനെയും ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തണമെന്ന നിർദ്ദേശം ഭീമമായ നികുതിനഷ്ടത്തിന് വഴിയൊരുക്കുന്നതാണ്. മാത്രവുമല്ല എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പെട്രോൾ, ഡീസൽ നികുതികളിൽ വർദ്ധനവ് വരുത്തിയിട്ടില്ല. എന്നാൽ കേന്ദ്ര നികുതികളിൽ വൻവർദ്ധനവാണുണ്ടായത്. അതിനാൽ കേന്ദ്ര നികുതി കുറച്ച് വിലനിയന്ത്രിക്കുന്നതിന് കേന്ദ്രസർക്കാരിൽ സർക്കാർ തലത്തിൽ സമ്മർദം ചെലുത്താവുന്നതാണ്.

(ബി) പെട്രോളിനെയും ഡീസലിനെയും ജി.എസ്.ടി.യിൽ ഉൾപ്പെടുത്തിയാൽ വില കുറയാൻ സാദ്ധ്യതയില്ല എന്ന് കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കാമോ?

പെട്രോളിനെയും ഡീസലിനെയും ചരക്കുസേവന നികുതിയിൽ ഉൾപ്പെടുത്തുമ്പോൾ നിശ്ചയിക്കുന്ന നികുതി നിരക്കിന് ആനുപാതികമായാണ് വിലവ്യത്യാസം ഉണ്ടാകുന്നത്.

(സി) കോവിഡിന്റെ പശ്ചാത്തലത്തിൽ ജനങ്ങൾ ബുദ്ധിമുട്ടനുഭവിക്കുമ്പോൾ സംസ്ഥാന സർക്കാർ ഈടാക്കുന്ന അഡീഷണൽ സെയിൽസ് ടാക്സും സോഷ്യൽ സെക്യൂരിറ്റി സെസ്സും വേണ്ടെന്നുവയ്ക്കാൻ തയ്യാറാകുമോ?

പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വിൽപ്പന നികുതി 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ യഥാക്രമം 31.80 ശതമാനവും 24.52 ശതമാനവും ആയിരുന്നു. എന്നാൽ 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വിൽപ്പന നികുതി യഥാക്രമം 30.08 ശതമാനവും 22.76 ശതമാനവും ആയി കുറച്ചിട്ടുണ്ട്. എന്നാൽ 6-5-2020-ൽ കേന്ദ്ര നികുതികളിൽ പെട്രോളിന് പ്രതിലിറ്ററിന് 10 രൂപയുടെയും ഡീസലിന് പ്രതിലിറ്ററിന് 13 രൂപയുടെയും വർദ്ധനവ് വരുത്തിയിട്ടുണ്ട്. അതിനാൽ കേന്ദ്ര സർക്കാരിന്റെ എക്സൈസ് തീരുവയും സെസ്സും വരുത്തിയ നികുതി വർദ്ധനവുമൂലമുള്ള വിലക്കയറ്റം അതിജീവിക്കുവാൻ സംസ്ഥാന സർക്കാർ ഈടാക്കുന്ന നികുതികളിൽ മാത്രം കുറവ് വരുത്തുന്നത് ഉചിതമല്ല. നികുതിനിരക്ക് കുറച്ചാൽ ക്ഷേമപെൻഷൻ ഉൾപ്പെടെയുള്ള വികസനക്ഷേമ പ്രവർത്തനങ്ങൾ തുടരുന്നതിന് വൻപ്രതിസന്ധി സൃഷ്ടിക്കും.

(ഡി) അഡീഷണൽ സെയിൽസ് ടാക്സും സോഷ്യൽ സെക്യൂരിറ്റി സെസ്സും ഉൾപ്പെടെ സംസ്ഥാനം നിലവിൽ പെട്രോളിന്റെയും ഡീസലിന്റെയും മേൽ എത്ര ശതമാനം നികുതിയാണ് ചുമത്തുന്നതെന്ന് വ്യക്തമാക്കാമോ?

നിലവിൽ പെട്രോളിന്റെയും ഡീസലിന്റെയും മേൽ സംസ്ഥാനം ചുമത്തുന്ന അഡീഷണൽ സെയിൽസ് ടാക്സും സോഷ്യൽ സെക്യൂരിറ്റി സെസ്സും അനുബന്ധമായി ചേർക്കുന്നു.*

**സംസ്ഥാനത്തിന് ലഭിക്കുന്ന അധിക ഇന്ധന നികുതി വരുമാനം**

16 (*44) ശ്രീ. റോജി എം. ജോൺ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) ഇന്ധനവില തുടർച്ചയായി വർദ്ധിക്കുന്ന സാഹചര്യത്തിൽ മൂല്യത്തിന്റെ അടിസ്ഥാനത്തിൽ ഇന്ധന നികുതി കണക്കാക്കുന്നതിന് പകരം നിശ്ചിത നികുതി രീതിയിലേയ്ക്ക് മാറാൻ സംസ്ഥാന സർക്കാർ തയ്യാറാകുമോ?

ഇതുസംബന്ധിച്ച തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ബി) ഇതുസംബന്ധിച്ച് സംസ്ഥാന സർക്കാർ എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ധനകാര്യ വകുപ്പ് തയ്യാറാക്കിയ 'കോവിഡ്-19 പാൻഡമിക് റെസ്പോൺസ് സ്ട്രാറ്റജിക് റിപ്പോർട്ട്'-ന്റെ ഭാഗം 5-ൽ പെട്രോളിന്മേലും ഡീസലിന്മേലും അധികനികുതി വരുമാനം സമാഹരിക്കുന്നതുമായി ബന്ധപ്പെട്ടുള്ള നിർദ്ദേശം ആകെ നികുതിയുടെ ഒരു ഭാഗം നിശ്ചിത നികുതിയായി മാറ്റുകയും ശേഷിക്കുന്ന ഭാഗം നികുതി വിൽപ്പന മൂല്യത്തിന്റെ നിശ്ചിത ശതമാനമായും കണക്കാക്കുക എന്നതാണ്.

(സി) പ്രസ്തുത രീതിയിലേയ്ക്ക് മാറിയാൽ തുടർച്ചയായി ഉണ്ടാകുന്ന ക്രൂഡ് ഓയിൽ വിലവർദ്ധനവിനെ തുടർന്ന് സംസ്ഥാനത്തിന് ലഭിക്കുന്ന അധിക ഇന്ധന നികുതി വരുമാനം ജനങ്ങളിലേയ്ക്ക് എത്തിക്കാൻ സാധിക്കില്ലേയെന്ന് വ്യക്തമാക്കാമോ;

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) കോവിഡ് കാരണം ജനങ്ങൾ ബുദ്ധിമുട്ടുമ്പോൾ പെട്രോളിൽ നിന്നും ഡീസലിൽ നിന്നും ലഭിക്കുന്ന അധിക വരുമാനം 2011-2016-ലെ സർക്കാരിന്റെ മാതൃകയിൽ ജനങ്ങളിലേയ്ക്ക് എത്തിക്കാൻ നടപടി സ്വീകരിക്കുമോ?

2011-2016 കാലഘട്ടത്തിൽ പെട്രോളിന്റെ സംസ്ഥാന വിൽപ്പന നികുതി 4 തവണ കുറയ്ക്കുകയും 13 തവണ വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. മേൽ കാലയളവിൽ ഡീസലിന്റെ സംസ്ഥാന വിൽപ്പന നികുതി 2 തവണ കുറയ്ക്കുകയും 6 തവണ വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. തൽഫലമായി പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വിൽപ്പന നികുതി 2011-ൽ യഥാക്രമം 29.01 ശതമാനവും 24.69 ശതമാനവും ആയിരുന്നത് 2016-ൽ യഥാക്രമം 31.8 ശതമാനവും 24.52 ശതമാനവും ആയി. എന്നാൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വിൽപ്പന നികതി യഥാക്രമം 30.08 ശതമാനവും 22.76 ശതമാനവും ആയി കുറച്ചിട്ടുണ്ട്. 2016-നുശേഷം പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വിൽപ്പന നികുതിയിൽ വർദ്ധനവ് വരുത്തിയിട്ടില്ല. എന്നാൽ കേന്ദ്ര ഗവൺമെന്റ് ഈ കാലയളവിൽ കേന്ദ്ര അഡീഷണൽ എക്സൈസ് നിരക്ക് പലതവണ വർദ്ധിപ്പിച്ചതായി കണ്ടുവരുന്നു. ഇത് ഇന്ധന വിലവർദ്ധനവിന് കാരണമാകുന്നുണ്ട്. കേന്ദ്ര നികുതി നിരക്ക് കുറച്ചാൽ സംസ്ഥാന നികുതി അതനുസരിച്ച് താനേ കുറയുന്നതാണ്. കമ്പോളവിലയിലുണ്ടാകുന്ന ഇടിവ് ഓഫ്സെറ്റ് ചെയ്ത് കേന്ദ്ര അഡീഷണൽ എക്സൈസ് നിരക്ക് വർദ്ധിപ്പിക്കുന്ന രീതിയാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. ഇങ്ങനെ കേന്ദ്ര സർക്കാർ സമാഹരിക്കുന്ന പണം സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടതുമില്ല. കമ്പോളത്തിൽ ക്രൂഡ് ഓയിൽ വില കുറയുമ്പോൾപോലും ആയതിന്റെ നേട്ടം ജനങ്ങൾക്ക് കൈമാറ്റം ചെയ്യാത്ത തുടർച്ചയായ നടപടികൾ പിൻവലിക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകുകയാണ് വേണ്ടത്.

**ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾക്ക് മോറട്ടോറിയം**

17 (*46) ശ്രീ. കെ. പി. മോഹനൻ:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ., കെ.എഫ്.സി. തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽ കോവിഡ് പശ്ചാത്തലത്തിൽ വായ്പകൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കുമോ?

കോവിഡ് മഹാവ്യാധിയുടെ പശ്ചാത്തലത്തിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ പ്രഖ്യാപിച്ച പ്രകാരം 01-3-2020 മുതൽ 31-8-2020 വരെയുള്ള കാലാവധിയിൽ കെ.എസ്.എഫ്.ഇ. ടേം വായ്പകൾക്ക് മോറട്ടോറിയം പ്രഖ്യാപിച്ചിരുന്നു. അതിനുപുറമേ 20-1-2021 വരെ ഒന്നാം കോവിഡ് തരംഗകാലത്ത് വായ്പകൾക്ക് പിഴപ്പലിശ ഒഴിവാക്കി കൊടുത്തിരുന്നു. അതുപോലെത്തന്നെ 20-1-2021 വരെ വിളിച്ചെടുത്തതും വിളിച്ചെടുക്കാത്തതുമായ ചിട്ടികൾക്ക് പിഴപ്പലിശ ഒഴിവാക്കുകയും വിളിച്ചെടുത്ത ചിട്ടികൾക്ക് ഡിവിഡന്റ് അനുവദിച്ചു നൽകുകയും ചെയ്തു. കൂടാതെ 21-1-2021 മുതൽ കുടിശ്ശികയായിട്ടുള്ള വായ്പാ അക്കൗണ്ടുകൾക്ക് 30-9-2021 വരെ പിഴപ്പലിശ ഒഴിവാക്കിയിട്ടുണ്ട്. അതുപോലെത്തന്നെ 21-1-2021 മുതൽ കുടിശ്ശികയായ വിളിച്ചെടുത്തതും അല്ലാത്തതുമായ ചിട്ടികൾക്ക് 30-9-2021 വരെ പിഴപ്പലിശ ഒഴിവാക്കുകയും വിളിച്ചെടുത്ത ചിട്ടികൾക്ക് 30-9-2021 വരെ തവണത്തുക മുടക്കിയാലും ഡിവിഡന്റ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം തന്നെ 31-3-2020-നുമുൻപ് കുടിശ്ശിക വരുത്തിയ ചിട്ടി കുടിശ്ശികക്കാർക്ക് (റവന്യൂ റിക്കവറി ആയ) കുടിശ്ശികയുടെ പഴക്കമനുസരിച്ച് 50% മുതൽ 90% വരെ പലിശ ഇളവ് അനുവദിക്കുന്ന ആശ്വാസ് പദ്ധതിയും 30-9-2021 വരെ നിലവിലുണ്ടായിരുന്നു. ഇതിനു പുറമെ 30-9-2021-ൽ കൂടിയ കെ.എസ്.എഫ്.ഇ. ബോർഡ് യോഗം നിലവിലെ ആശ്വാസ് പദ്ധതിയുടെ ആനുകൂല്യം ഒക്ടോബർ 23-ാം തീയതി വരെ നീട്ടി നൽകിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം തന്നെ 15-3-2020-ന് മുൻപ് കുടിശ്ശിക വരുത്തിയ ചിട്ടി കുടിശ്ശികക്കാർക്ക് (നോൺ ആർ.ആർ.) കുടിശ്ശികയുടെ പഴക്കം അനുസരിച്ച് 50% മുതൽ 90% വരെ പലിശ ഇളവും സമാനമായ കുടിശ്ശിക വരുത്തിയ വായ്പാ കുടിശ്ശികക്കാർക്ക് (നോൺ ആർ.ആർ.) പിഴ പലിശയിൽ 100% ഇളവും ലഭിക്കുന്നതാണ്. കേരളാ ഫിനാൻഷ്യൽ കോർപ്പറേഷനിൽനിന്നും വായ്പ എടുത്ത് 2021 മാർച്ച് 31 വരെ തിരിച്ചടവ് കൃത്യമായിരുന്ന ചെറുകിട സംരംഭകരുടെ വായ്പകൾക്ക് ഒരു വർഷത്തെ മോറട്ടോറിയം അനുവദിച്ചിട്ടുണ്ട്. മുതൽ തുകയ്ക്ക് 1-7-2021-ൽ തുടങ്ങി ഒരു വർഷത്തേയ്ക്കാണ് അവധി.

(ബി) കോവിഡ് മഹാമാരിയിൽ ദുരിതം അനുഭവിക്കുന്നവർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ അനുവദിക്കുമോ;

(സി) ഇപ്രകാരം അനുവദിക്കുന്ന വായ്പകളുടെ നടപടിക്രമം ലളിതമാക്കുമോ?

(ബി&സി) കോവിഡ് ബാധിതർക്കോ അവരുടെ കുടുംബാംഗങ്ങൾക്കോ വെറും 5% പലിശനിരക്കിൽ 1 ലക്ഷം രൂപ വരെ അനുവദിക്കുന്ന സൗഖ്യ സ്വർണ്ണപ്പണയ വായ്പ കെ.എസ്.എഫ്.ഇ-യിൽ നടപ്പാക്കി. 30-9-2021 വരെ നിലനിൽക്കുന്ന പ്രസ്തുത പദ്ധതിക്ക് ലളിതമായ നടപടിക്രമങ്ങളാണുള്ളത്. കോവിഡിന്റെ രണ്ടാം തരംഗത്തിൽ പ്രതിസന്ധിയിലായ ടൂറിസം, ചെറുകിട മേഖലകളിലെ വ്യവസായങ്ങൾക്ക് 20 ശതമാനം അധിക വായ്പ കെ.എഫ്.സി.

അനുവദിച്ചു. 9.5 ശതമാനമാണ് പലിശ. കൂടാതെ ചെറുകിട വ്യവസായങ്ങൾ, ആരോഗ്യ പരിപാലനം, ടൂറിസം എന്നീ വിഭാഗങ്ങൾക്കുള്ള വായ്പ കെ.എസ്.എഫ്.ഇ.-യിൽ നടപ്പാക്കി. 30-9-2021 വരെ നിലനിൽക്കുന്ന പ്രസ്തുത പദ്ധതിക്ക് ലളിതമായ നടപടിക്രമങ്ങളാണുള്ളത്. broken പലിശയിൽ കെ.എഫ്.സി ഇളവ് നൽകിയിട്ടുണ്ട്. കുറഞ്ഞ പലിശ 9.5 ശതമാനത്തിൽ നിന്ന് 8 ശതമാനമായാണ് കുറച്ചത്. ഉയർന്ന പലിശ 12 ശതമാനത്തിൽനിന്നും 10.5 ശതമാനമായി കുറച്ചു. ഇപ്രകാരം അനുവദിക്കുന്ന വായ്പകൾ മറ്റു നടപടിക്രമങ്ങളില്ലാതെ മുൻകൂർ അനുമതി (pre-approved) വായ്പകളായിട്ടാണ് അനുവദിച്ചത്. അർഹരായ സംരംഭകർക്ക് വായ്പ മുൻകൂറായി അനുവദിച്ചകാര്യം അവരെ അറിയിച്ചിട്ടുണ്ട്.

**കോവിഡ്മൂലം വ്യാപാര വ്യവസായ സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധി**

18 (*47) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. പി. ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് കാരണം വ്യാപാര, വ്യവസായ സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധി പഠനവിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

കോവിഡ് കാരണം സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രസ്തുത വിഷയത്തിൽ വ്യവസായ വാണിജ്യ വകുപ്പ് മുഖേന പ്രത്യേക പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

(ബി) കോവിഡ് പ്രതിസന്ധിമൂലം നിരവധി വ്യാപാര, വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരത്തിൽ വ്യാപാര, വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയത് കാരണം ഈ മേഖലയിലുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

(ബി&സി) കോവിഡ് കാരണം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭക മേഖലയിൽ ഉൽപ്പാദനത്തിലുള്ള കുറവ്, അസംസ്കൃത വസ്തുക്കളുടെ നഷ്ടം, ബാങ്ക് ലോണിലും മറ്റ് നിയമപരമായ തിരിച്ചടവുകളിലുമുള്ള പ്രതിസന്ധി എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇത്തരം താൽക്കാലിക പ്രതിസന്ധി കാരണം പ്രസ്തുത മേഖലയിൽ വലിയതോതിൽ സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പ്രസ്തുത മേഖലയെ സഹായിക്കുന്നതിന് സർക്കാർ ഏതെങ്കിലും തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

കോവിഡ്-19 മഹാമാരി വരുത്തിവച്ച ലോക്ക്ഡൗൺ ഉൾപ്പെടെയുള്ള വിവിധ സാഹചര്യങ്ങളുടെ ഭാഗമായി പ്രതിസന്ധിയിലായ സൂക്ഷ്മ-ചെറുകിട- ഇടത്തരം വ്യവസായ മേഖലയെ തിരിച്ചുകൊണ്ടുവരുന്നതിനായി കേരള സർക്കാർ മുൻവർഷം ആവിഷ്കരിച്ച നടപ്പിലാക്കിയ പദ്ധതിയാണ് വ്യവസായ ഭദ്രത. 20-5-2020-ലെ G.O.(MS).No.56/2020/ID പ്രകാരം പ്രഖ്യാപിച്ച വ്യവസായ ഭദ്രതാ പാക്കേജിൽ ചുവടെ വിവരിക്കുന്ന 17 പദ്ധതികളാണ് ഉൾപ്പെട്ടിരുന്നത്.

1. പുതിയ ലാൻഡ് പ്രീമിയം പേമെന്റ് പോളിസി
2. ലാൻഡ് പ്രീമിയം ഒരു വർഷത്തേയ്ക്ക് മരവിപ്പിക്കുന്നത്
3. മൂന്ന് മാസത്തേയ്ക്ക് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (SDF) വാടക ഉപേക്ഷിക്കുന്നത്
4. കോമൺ ഫെസിലിറ്റി ചാർജ്ജുകൾ 3 മാസത്തേയ്ക്ക് ഉപേക്ഷിക്കുന്നത്
5. KSIDC-യിൽ ടോപ് അപ് ലോണുകൾ
6. KSIDC-യുടെ നിലവിലുള്ള ഉപഭോക്താക്കൾക്ക് പീനൽ ഇന്ററസ്റ്റ് ഒഴിവാക്കുന്നത്
7. മുതലും പലിശയും അടയ്ക്കുന്നതിനുള്ള മൊറട്ടോറിയം
8. KSIDC-ക്കും KINFRA-യ്ക്കുമുള്ള ഒറ്റതവണ തീർപ്പാക്കൽ പോളിസി
9. MSME-കൾക്ക് സ്വത്തുക്കൾ സൃഷ്ടിക്കുന്നതിനായി KSIDC നൽകുന്ന പ്രത്യേക വായ്പ
10. സംരംഭക സഹായ പദ്ധതി (ESS) ഉദാരവൽക്കരിക്കുന്നത്
11. എ) അധിക പ്രവർത്തന മൂലധനത്തിനുവേണ്ടി മാർജിൻ മണി അസിസ്റ്റൻസ്

    ബി) MSME-കൾക്കുള്ള അധിക പ്രവർത്തന മൂലധനത്തിന് പലിശ ധനസഹായം
12. MSME-കൾക്ക് നൽകുന്ന അധിക ടേം ലോണിനുള്ള പലിശ ധനസഹായം

13. മൂന്ന് മാസത്തേയ്ക്ക് തൊഴിലുടമകൾ നൽകുന്ന ESI വിഹിതം

14. തൊഴിലുടമകളുടെ PF വിഹിതം മൂന്ന് മാസത്തേയ്ക്ക് ദീർഘിപ്പിക്കുന്നത്

15. NPA വ്യവസ്ഥകൾ നവീകരിക്കുന്നത്

16. മുതലും പലിശയും അടയ്ക്കുന്നതിനുള്ള മൊറട്ടോറിയം 6 മാസത്തേയ്ക്ക് ദീർഘിപ്പിക്കുന്നത്

17. MSME-കളുടെ മൊറട്ടോറിയം അടയ്ക്കുന്നതിനുള്ള കാലയളവ്.

കോവിഡ് രണ്ടാം തരംഗത്തെ തുടർന്ന് ചെറുകിട വ്യവസായ സംരംഭകരെ പിന്തുണയ്ക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി, ഉല്പാദനവും വിപണനവും പ്രതിസന്ധിയിലായ വ്യവസായ സംരംഭകർക്കായി വിവിധ ദുരിതാശ്വാസ പദ്ധതികൾ ഉൾപ്പെടുത്തി കോവിഡ്-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പാക്കേജിൽ താഴെപ്പറയുന്ന ദുരിതാശ്വാസ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പ് വഴി നടപ്പിലാക്കുന്നുണ്ട്.

1. കോവിഡ് 19-ന്റെ സാഹചര്യത്തിൽ മുൻവർഷം പ്രഖ്യാപിച്ച വ്യവസായഭദ്രതാ പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പലിശ ഇളവ് പദ്ധതി (Scheme for interest Subvention on term Loan and Working Capital Loan) കൂടുതൽ ഇളവുകളോടെ നടപ്പിലാക്കിവരുന്നു. 2020 ഡിസംബർ 31 വരെ ധനകാര്യസ്ഥാപനങ്ങളിൽനിന്നും നേടുന്ന വായ്പകൾക്കാണ് പലിശയിളവ് നൽകിയിരുന്നത്. ഇത് 2021 ഡിസംബർ 31 വരെയുള്ള വായ്പകൾക്കായി ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിക്കും. ഈ പദ്ധതിയനുസരിച്ച് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ ലഭിക്കുന്ന എല്ലാ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കും 12 മാസത്തേയ്ക്ക് 50% പലിശസഹായം ലഭ്യമാകും. പരമാവധി യൂണിറ്റിന് 1,20,000 രൂപ വരെയാണ് സഹായം അനുവദിക്കുക. ഉല്പാദക മേഖലയിലും ജോബ് വർക്ക് ചെയ്യുന്നതുമായിട്ടുള്ള എം.എസ്.എം.ഇ. യൂണിറ്റുകളാണ് പദ്ധതി വഴി സഹായത്തിന് അർഹമായിട്ടുള്ളത്.

2. നിലവിലെ ESS മാർഗ്ഗരേഖ പ്രകാരം യോഗ്യതയുള്ള ഒരു യൂണിറ്റിന് ലഭിക്കുന്ന പരമാവധി സബ്സിഡി പൊതു വിഭാഗങ്ങൾക്ക് 20 ലക്ഷത്തിൽ നിന്ന് 30 ലക്ഷമായി ഉയർത്തും. പിന്നാക്ക ജില്ലകളിലെ വ്യവസായങ്ങൾക്കും മുൻഗണന വ്യവസായങ്ങൾക്കും പരമാവധി 30 ലക്ഷം രൂപ എന്നത് 40 ലക്ഷം രൂപ വരെ ഉയർത്തും. ഉൽപ്പാദക മേഖലയിലുള്ള എല്ലാ സംരംഭങ്ങൾക്കും പദ്ധതി വഴി നിബന്ധനകൾക്ക് വിധേയമായി സഹായം ലഭ്യമാകും.

3. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണി ഗ്രാന്റ് സഹായത്തിന്റെ വ്യാപ്തി വിപുലീകരിച്ച് സേവനമേഖലയിൽ ഉൾപ്പെട്ടിരിക്കുന്ന നാനോ യൂണിറ്റുകൾ കൂടി പദ്ധതി പ്രകാരം സഹായത്തിന് യോഗ്യരാക്കും.

4. നിലവിൽ 5 ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള യൂണിറ്റുകൾക്ക് മാത്രമേ നാനോ യൂണിറ്റുകൾക്കുള്ള പലിശ ഇളവ് പദ്ധതി അനുവദിച്ചിട്ടുള്ളൂ. ഈ സഹായത്തിനായി 10 ലക്ഷം രൂപ വരെ മൂലധനനിക്ഷേപമുള്ള എല്ലാ നാനോ യൂണിറ്റുകളും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമെ, 10 ലക്ഷം രൂപ മൂലധനനിക്ഷേപമുള്ള എല്ലാ സേവനമേഖല നാനോ യൂണിറ്റുകളും ഈ പദ്ധതി പ്രകാരം യോഗ്യമാകും. ഈ പാക്കേജ് അനുസരിച്ച് പ്രവർത്തനമൂലധനത്തിനായി കുറഞ്ഞ പലിശനിരക്കിൽ ഹ്രസ്വകാല വായ്പകൾ, തിരിച്ചുവരുന്ന പ്രവാസികൾക്ക് പ്രത്യേക സോഫ്റ്റ് ലോൺ പദ്ധതി, പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, വായ്പാ തിരിച്ചടവിന് കൂടുതൽ സമയം നൽകൽ, ഒരു വർഷത്തേയ്ക്ക് പിഴപ്പലിശ ഒഴിവാക്കൽ, മൂന്ന് മാസത്തേയ്ക്കുള്ള പലിശ ഒഴിവാക്കൽ, മൂന്ന് മാസത്തേയ്ക്ക് കെ.എസ്.ഐ.ഡി.സി.-യുടെ എസ്.ഡി.എഫ്.-കളിലുള്ള യൂണിറ്റുകളുടെ വാടകയും പൊതു സൗകര്യ ചാർജ്ജുകളും ഒഴിവാക്കൽ, വിലയുടെ 20% മുൻകൂർ അടവോടും ബാക്കി 80% അഞ്ചുവർഷംകൊണ്ട് പലിശരഹിത അടവോടും കൂടി വ്യാവസായിക വളർച്ചാ കേന്ദ്രങ്ങളിൽനിന്നും അർഹരായ സംരംഭകർക്ക് ആവശ്യമായ ഭൂമി അനുവദിക്കൽ തുടങ്ങിയ ഇളവുകൾ കെ.എസ്.ഐ.ഡി.സി.യുമായി ബന്ധപ്പെട്ട് നടപ്പിലാക്കിവരുന്നു. കിൻഫ്ര പാർക്കുകളിലെ ഫാക്ടറി കെട്ടിട സമുച്ചയങ്ങളിലെ സംരംഭകർ നൽകേണ്ട വാടക, കോമൺ ഫെസിലിറ്റി ചാർജ്ജ് എന്നിവ മൂന്ന് മാസത്തേയ്ക്ക് ഒഴിവാക്കി കൊടുത്തിട്ടുണ്ട്. ഇതുകൂടാതെ വ്യാപാരി ക്ഷേമനിധി ബോർഡ് 2020-21 സാമ്പത്തിക വർഷങ്ങളിൽ ദുരിതത്തിലായ വ്യാപാരി ക്ഷേമനിധി അംഗങ്ങൾക്ക് പിഴ ഒഴിവാക്കി അംഗത്വം പുതുക്കുന്നതിന് അവസരം നൽകിയിട്ടുണ്ട്. അതോടൊപ്പം അംഗത്വം പുതുക്കുന്നതിനുള്ള കാലാവധിയും നീട്ടിയിട്ടുണ്ട്. സർക്കാരിൽ നിന്നോ വ്യാപാരി ക്ഷേമനിധിയിൽ നിന്നോ പെൻഷനോ മറ്റ് കോവിഡ് സാമ്പത്തിക സഹായമോ ലഭിക്കാത്ത വ്യാപാരി ക്ഷേമനിധി അംഗങ്ങൾക്ക് 1,000 രൂപ കോവിഡ് 19 ലോക്ക്ഡൗൺ ധനസഹായം അനുവദിച്ച് വിതരണം ചെയ്തുവരുന്നുണ്ട്. വ്യാപാരി ക്ഷേമനിധി വഴി 9000 അംഗങ്ങൾക്ക് പ്രതിമാസം പെൻഷൻ വിതരണം ചെയ്തുവരുന്നുമുണ്ട്.

**യുവ സഹകരണ സംഘങ്ങൾ**

19 (*48) ശ്രീ. ഒ. ആർ. കേളു:
ശ്രീ. എം. എം. മണി:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൂടുതൽ തൊഴിൽ നൽകുകയും സാമ്പത്തിക വളർച്ചയെ ത്വരിതപ്പെടുത്തുകയും ചെയ്യുന്ന നിർമ്മാണ സേവന മേഖലകളിലേയ്ക്കുകൂടി സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിപുലീകരിക്കുകയെന്ന ലക്ഷ്യത്തോടെ യുവസംഘങ്ങൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സംഘങ്ങളുടെ പ്രവർത്തനമേഖലയും രീതിയും വിശദമാക്കാമോ?

(എ&ബി) ഉണ്ട്. ഐ.ടി മേഖലയിലുള്ളവർ, സിനിമാ, ഡോക്യുമെന്ററി, ഷോർട്ട് ഫിലിം നിർമ്മാണം, സംഗീത മേഖലകളിൽ തല്പരർ, ഡിസൈൻ, ആർട്ടിസ്റ്റ് തുടങ്ങിയ മേഖലയിൽ പ്രവർത്തിക്കുന്നവർ, ഇവന്റ് മാനേജ്മെന്റ്, സേവനങ്ങൾ വീടുകളിൽ എത്തിക്കൽ, ഭക്ഷ്യ സംസ്കരണ വിപണന മേഖല, തനത് കാർഷിക വിഭവങ്ങളുടെയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെയും നിർമ്മാണം, വിതരണം, അഗ്രിക്കൾച്ചറൽ സപ്ലൈ ആൻഡ് മാർക്കറ്റിംഗ്, ജൈവ-അജൈവ മാലിന്യശേഖരണവും സംസ്കരണവും ഇവയുടെ റിസൈക്ലിംഗ്, ടൂറിസം വികസന പദ്ധതികൾ, ഫുഡ് പ്രോസസിംഗ് യൂണിറ്റുകൾ, കാറ്ററിംഗ് സർവ്വീസുകൾ, സ്റ്റാർട്ടപ്പുകൾ തുടങ്ങിയ മേഖലകളിൽ സഹകരണ സംഘങ്ങൾ ആരംഭിച്ചിട്ടുണ്ട്. യുവാക്കളുടെ തൊഴിൽ നൈപുണ്യം പ്രയോജനപ്പെടുത്തി നൂതന ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിനും സാമ്പത്തികവും സാമൂഹികവും തൊഴിൽപരവുമായ ഉന്നമനവും ലക്ഷ്യമിട്ടാണ് യുവജന സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(സി) യുവശക്തി സമന്വയിപ്പിക്കാനും നൂതനാശയങ്ങൾ പ്രവൃത്തി പഥത്തിലെത്തിക്കാനും നേതൃത്വപരമായ പങ്ക് വഹിക്കാൻ സഹകരണ വകുപ്പിന് പരിപാടിയുണ്ടോ എന്ന് വ്യക്തമാക്കാമോ?

യുവശക്തി സമന്വയിപ്പിക്കാനും നൂതനാശയങ്ങൾ പ്രവൃത്തിപഥത്തിലെത്തിക്കാനും യുവാക്കളെ പ്രാപ്തരാക്കുന്നതിനാവശ്യമായ പരിശീലനം നൽകുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സഹകരണം, സംരംഭകത്വം, അക്കൗണ്ടിംഗ് മുതലായ വിഷയങ്ങളിൽ ട്രെയിനിംഗ് നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## പെട്രോളിയം ഉൽപ്പന്നങ്ങളിന്മേലുള്ള നികുതി

20 (*49) ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷത്തിലെ ആദ്യ 4 മാസം പെട്രോളിയം ഉൽപ്പന്നങ്ങളിന്മേൽ കേന്ദ്ര സർക്കാർ ചുമത്തിയ എക്സൈസ് നികുതി വരുമാനം 48 ശതമാനം വർദ്ധിച്ചുവെന്ന വാർത്തയുടെ പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാർ നിലവിൽ ഓരോ ലിറ്റർ പെട്രോളിന്മേലും ഡീസലിന്മേലും ചുമത്തുന്ന എക്സൈസ് തീരുവ, അധിക എക്സൈസ് തീരുവ, വിവിധ സെസ്സ് എന്നിവ എത്രയെന്ന് വിശദമാക്കാമോ; പ്രസ്തുത ഇനങ്ങളിൽ സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കുന്ന തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

കേന്ദ്ര സർക്കാർ നിലവിൽ ഓരോ ലിറ്റർ പെട്രോളിന്മേലും ഡീസലിന്മേലും ചുമത്തുന്ന എക്സൈസ് തീരുവ, അധിക എക്സൈസ് തീരുവ, വിവിധ സെസ്സ് എന്നിവയുടെ നിരക്ക് അനുബന്ധം 1 ആയി ചേർക്കുന്നു.* എക്സൈസ് തീരുവ കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കുന്നുണ്ട്. എന്നാൽ അഡീഷണൽ എക്സൈസ് തീരുവ, സെസ്സ് എന്നിവ സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കുന്നില്ല.

(ബി) 2014-ൽ കേന്ദ്രസർക്കാർ അധികാരത്തിലേറിയ സമയത്ത് പെട്രോളിന്റെയും ഡീസലിന്റെയും മേൽപ്പറഞ്ഞ തീരുവകൾ എത്രയായിരുന്നെന്ന് അറിയിക്കാമോ?

2014-ൽ കേന്ദ്രസർക്കാർ അധികാരത്തിലേറിയ സമയത്ത് ഓരോ ലിറ്റർ പെട്രോളിന്മേലും ഡീസലിന്മേലും ചുമത്തുന്ന എക്സൈസ് തീരുവ, അധിക എക്സൈസ് തീരുവ, സെസ്സ് എന്നിവയുടെ നിരക്ക് അനുബന്ധം - 2 ആയി ചേർക്കുന്നു.*

(സി) ഇന്ധനവില നിയന്ത്രണാധികാരം എണ്ണക്കമ്പനികൾക്ക് നൽകിയത് തിരികെ കേന്ദ്രസർക്കാരിൽ നിക്ഷിപ്തമാക്കി വിലനിയന്ത്രണത്തിന് നടപടിയെടുക്കാൻ ആവശ്യപ്പെടുമോയെന്ന് വ്യക്തമാക്കാമോ?

ഇന്ധനവില നിയന്ത്രണാധികാരം സംബന്ധിച്ച വിഷയങ്ങൾ നികുതി വകുപ്പിന്റെ പരിധിയിൽപ്പെടുന്നില്ല.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പെട്രോളിന്റേയും ഡീസലിന്റേയും മേൽ കേന്ദ്ര സർക്കാർ നികുതി

21 (*50) ശ്രീ. എം. മുകേഷ്:

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:

ശ്രീ. കെ. കെ. രാമചന്ദ്രൻ:

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) പെട്രോളിന്റേയും ഡീസലിന്റേയും തുടരെയുണ്ടാകുന്ന വിലക്കയറ്റത്തിന് കാരണം സംസ്ഥാന സർക്കാരാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ യഥാക്രമം 31.80 ശതമാനവും 24.52 ശതമാനവും ആയിരുന്നു. എന്നാൽ 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി യഥാക്രമം 30.08 ശതമാനവും 22.76 ശതമാനവും ആയി കുറയ്ക്കുകയാണ് ഉണ്ടായത്. എന്നാൽ 06-5-2020-ൽ കേന്ദ്ര നികുതികളിൽ പെട്രോളിന് പ്രതിലിറ്ററിന് 10 രൂപയുടെയും ഡീസലിന് പ്രതിലിറ്ററിന് 13 രൂപയുടെയും വർദ്ധനവ് വരുത്തിയിട്ടുണ്ട്. 2014-നുശേഷം 13 തവണ പെട്രോളിന്റെയും ഡീസലിന്റെയും നികുതിയും സെസ്സും കേന്ദ്ര സർക്കാർ വർദ്ധിപ്പിച്ചതാണ് പ്രധാന കാരണം. പെട്രോളിന്റെയും ഡീസലിന്റെയും തുടരെയുണ്ടാകുന്ന വിലക്കയറ്റത്തിനുകാരണം സംസ്ഥാന സർക്കാരാണെന്ന ആരോപണം വസ്തുതാവിരുദ്ധമാണ്. കേന്ദ്ര ഗവൺമെന്റ് ഈ കാലയളവിൽ കേന്ദ്ര അഡീഷണൽ എക്സൈസ് നിരക്ക് പലതവണ വർദ്ധിപ്പിച്ചതായി കണ്ടുവരുന്നു. ഇത് ഇന്ധനവില വർദ്ധനവിന് കാരണമാകുന്നുണ്ട്. കേന്ദ്ര നികുതി നിരക്ക് കുറച്ചാൽ സംസ്ഥാന നികുതി അതനുസരിച്ച് താനേ കുറയുന്നതാണ്. കമ്പോളവിലയിലുണ്ടാകുന്ന ഇടിവ് ഓഫ്സെറ്റ് ചെയ്ത് കേന്ദ്ര അഡീഷണൽ എക്സൈസ് നിരക്ക്, സെസ് എന്നിവ വർദ്ധിപ്പിക്കുന്ന രീതിയാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. ഇങ്ങനെ കേന്ദ്ര സർക്കാർ സമാഹരിക്കുന്ന പണം സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടതുമില്ല. കമ്പോളത്തിൽ ക്രൂഡ് ഓയിൽ വില കുറയുമ്പോൾപോലും ആയതിന്റെ നേട്ടം ജനങ്ങൾക്ക് കൈമാറ്റം ചെയ്യാത്ത തുടർച്ചയായ നടപടികൾ പിൻവലിക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകുകയാണ് വേണ്ടത്.

(ബി) സംസ്ഥാനത്ത് വിൽക്കുന്ന പെട്രോളിന്റേയും ഡീസലിന്റേയും മേൽ കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള വിവിധ നികുതി, സെസ്സുകൾ എന്നിവയുടെ

വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത ഇനത്തിൽ കേന്ദ്ര സർക്കാരിന് ഓരോ ലിറ്റർ പെട്രോൾ, ഡീസൽ എന്നിവയിൽനിന്നും എത്ര തുകയാണ് ലഭിക്കുന്നത്; വ്യക്തമാക്കാമോ?

പെട്രോളിനും ഡീസലിനും കേന്ദ്ര സർക്കാർ ചുമത്തുന്ന വിവിധ നികുതിയിനങ്ങളും പ്രതിലിറ്ററിൽ അവയിൽ നിന്നും ലഭിക്കുന്ന തുകയും അനുബന്ധമായി ചേർക്കുന്നു.*

(സി) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ സംസ്ഥാനം പെട്രോളിയം ഉൽപ്പന്നങ്ങളുടെ നികുതി, സെസ്സ് എന്നിവ വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ സംസ്ഥാന സർക്കാർ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന നികുതി നിരക്ക് വർദ്ധിപ്പിച്ചിട്ടില്ല. എന്നാൽ 31-5-2018-ലെ SRO 345/2018 പ്രകാരം 2018-ൽ പെട്രോളിന്റെ നികുതി നിരക്ക് 31.80%-ൽ നിന്നും 30.08% ആയും ഡീസലിന്റേത് 24.52%-ൽ നിന്നും 22.76% ആയി കുറയ്ക്കുകയുമാണ് ചെയ്തത്.

**കേരള ബാങ്കിന്റെ പ്രവർത്തനങ്ങൾ**

22(*51) ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. എച്ച്. സലാം:
ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള ബാങ്ക് വഴി എത്ര കോടി രൂപ കാർഷിക വായ്പ ഇനത്തിൽ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കേരള ബാങ്ക് വഴി 2,670 കോടി രൂപ കാർഷിക വായ്പ ഇനത്തിൽ നൽകിയിട്ടുണ്ട്.

(ബി) ഇക്കാലയളവിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് ലിക്വിഡിറ്റി ഫണ്ടായി കേരള ബാങ്ക് എത്ര രൂപ അനുവദിച്ചിട്ടുണ്ട്; വിശദമാക്കാമോ?

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് ലിക്വിഡിറ്റി ഫണ്ടായി കേരള ബാങ്ക് 1,720 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(സി) ന്യൂജനറേഷൻ, ദേശസാത്കൃത ബാങ്കുകൾ മുതലായ സ്ഥാപനങ്ങൾ അവരുടെ ഇടപാടുകാർക്ക് ലഭ്യമാക്കുന്ന അതേ സൗകര്യങ്ങൾ കേരള ബാങ്കിന്റെ ഇടപാടുകാർക്കും ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഡി) ബാങ്കിന്റെ ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(സി&ഡി) ആധുനിക ബാങ്കിംഗ് മേഖലയിൽ നൽകുന്ന സേവനങ്ങളായ RTGS/NEFT, Mobile Banking, IMPS (Immediate Payment System), Internet Banking, UPI (Unified Payment Interface, BBPS (Bharat Bill Payment System), CTS (Cheque Truncation System), ATM, Micro ATM, FASTag, AEPS (Aadhaar Enabled Payment System), E-KYC, CKYC, PFMS (Public Finance Management System), DMR (Digital Member Register), NACH (National Automated Clearing House) മുതലായ ഡിജിറ്റൽ സേവനങ്ങൾ എല്ലാം കേരള ബാങ്കിലൂടെ നൽകി ന്യൂജനറേഷൻ ബാങ്കുകളോട് കിടപിടിക്കുന്ന തരത്തിലുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ആയതിനുള്ള Solution Providers-നെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. 2022 ഏപ്രിൽ മുതൽ ആധുനിക ഡിജിറ്റൽ സേവനങ്ങൾ കേരള ബാങ്കിലൂടെ ഇടപാടുകാർക്ക് നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രവർത്തനം

23 (*52) ശ്രീ. കെ. ആൻസലൻ:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രവർത്തന മികവ് ഉയർത്തുന്നതിനായി വിവരവിനിമയ സാങ്കേതികവിദ്യാധിഷ്ഠിത സേവനങ്ങൾ വിപുലപ്പെടുത്തിയിട്ടുണ്ടോ?

സംസ്ഥാനത്ത് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രവർത്തന മികവ് ഉയർത്തുന്നതിനായി വിവരവിനിമയ സാങ്കേതികവിദ്യാധിഷ്ഠിത സേവനങ്ങൾ വിപുലപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

(1) എൽ.ടി., എച്ച്.ടി/ഇ.എച്ച്.ടി. ഉപഭോക്താക്കളുടെ ബില്ലിംഗ് പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചു.

(2) എല്ലാ വൈദ്യുതി ഉപഭോക്താക്കൾക്കും വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം.

(3) ഉപഭോക്താക്കൾക്ക് ഏതു സെക്ഷൻ ഓഫീസിലും വൈദ്യുത ചാർജ്ജ് അടയ്ക്കുന്നതിനുള്ള സൗകര്യം.

(4) കേരളത്തിലെ എല്ലാ ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിലും അക്ഷയ സെന്ററുകളിലും വൈദ്യുതി ചാർജ്ജ് ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള സംവിധാനം.

(5) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, സൗത്ത് ഇന്ത്യൻ ബാങ്ക്, ഫെഡറൽ ബാങ്ക്, ഐ.സി.ഐ.സി.ഐ. ബാങ്ക്, സി.എസ്.ബി. എന്നീ ബാങ്കുകൾ മുഖേന ഡയറക്ട് നെറ്റ് ബാങ്കിംഗ് ഉപയോഗിച്ച് സർവ്വീസ് ചാർജ്ജില്ലാതെ വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യം.

(6) ബി.ബി.പി.എസ്. സംവിധാനത്തിലൂടെ എല്ലാ പേയ്മെന്റ് വെബ്സൈറ്റിലൂടെയും ഓൺലൈനായി വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനുള്ള സൗകര്യം.

(7) 24 മണിക്കൂറും വൈദ്യുതിതടസ്സം സംബന്ധിച്ച പരാതികൾ കേന്ദ്രീകൃത കാൾസെന്ററിൽ രേഖപ്പെടുത്താനുള്ള '1912' എന്ന ടോൾ ഫ്രീ സംവിധാനം.

(8) വൈദ്യുതിതടസ്സം സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കളിൽ എസ്.എം.എസ്. മുഖേന എത്തിക്കുന്ന ' ഊർജ്ജ-ദൂത് ' പദ്ധതി.

(9) വൈദ്യുതിബിൽ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്., മൊബൈൽ ആപ്ലിക്കേഷൻ, ഇ-മെയിൽ എന്നിവ മുഖേന തത്സമയം ഉപഭോക്താക്കളിൽ എത്തിക്കുന്ന ഊർജ്ജ സൗഹൃദ പദ്ധതി.

(10) പുതിയ കണക്ഷനുവേണ്ടി ഉപഭോക്താക്കളിൽനിന്ന് ഓൺലൈനായി അപേക്ഷകൾ സ്വീകരിക്കുവാനുള്ള സംവിധാനം.

(11) മൊബൈൽ നമ്പർ ഉപയോഗിച്ച് വൈദ്യുതി ബിൽ തുക അടയ്ക്കാൻ കഴിയുന്ന ' കെ.എസ്.ഇ.ബി' എന്ന മൊബൈൽ ആപ്ലിക്കേഷൻ.

(12) മീറ്റർ റീഡിംഗ് എടുക്കുന്നതിനുവേണ്ടി സ്പോട്ട് ബില്ലിംഗ് മെഷീനുകൾ (പി.ഡി.എ.) സംസ്ഥാനമൊട്ടാകെ വ്യാപിപ്പിച്ചു.

(13) കമ്പ്യൂട്ടർ അധിഷ്ഠിത സംവിധാനങ്ങളിലൂടെ വൈദ്യുതി വിതരണ ശൃംഖല നവീകരിക്കുന്നതിനുള്ള പദ്ധതിയായ ആർ.എ.പി.ഡി.ആർ.പി. പദ്ധതിയുടെ പാർട്ട്-എ യുടെ ഭാഗമായിട്ടുള്ള ഐ.ടി. ഇംപ്ലിമെന്റേഷൻ മുഖേന ബോർഡിലെ എല്ലാ ഓഫീസുകളെയും ബന്ധിപ്പിച്ച നെറ്റ്‌വർക്കിംഗ്, വിതരണ മേഖലയിലെ നവീകരണം ലക്ഷ്യമാക്കി കേന്ദ്രീകൃത സംവിധാനം നടപ്പിലാക്കാൻ വേണ്ടിയുള്ള ഡാറ്റാ സെന്റർ, ഊർജ്ജ ഓഡിറ്റിംഗ്, വിവിധ തലങ്ങളിൽ മെച്ചപ്പെട്ട തീരുമാനങ്ങളെടുക്കുവാൻ സഹായകരമായ സംവിധാനം (മാനേജ്മെന്റ് ഇൻഫോർമേഷൻ സിസ്റ്റം), ജി.ഐ.എസ്. സംവിധാനങ്ങളിലൂടെ ഉപഭോക്താക്കളെ അടയാളപ്പെടുത്തി ആസ്തി തിട്ടപ്പെടുത്തൽ തുടങ്ങിയവ.

(14) മാനവശേഷി വിഭാഗം, മെറ്റീരിയൽസ് മാനേജ്മെന്റ് വിഭാഗം, അക്കൗണ്ടിംഗ് എന്നിവയുടെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കി.

(15) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ വിതരണമേഖലയിലെ ഉപകരണങ്ങളുടെ കേന്ദ്രീകൃത നിയന്ത്രണവും അതു മുഖേന വൈദ്യുതി തടസ്സങ്ങൾ പരമാവധി കുറയ്ക്കുന്നതിനും ഉള്ള സ്കാഡ പദ്ധതി നടപ്പാക്കിവരുന്നു.

(16) ഓഫീസുകളുടെ പ്രവർത്തനം നവീകരിക്കുന്നതിനുവേണ്ടി ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തി വരുന്നു.

(17) വൈദ്യുതി ബിൽ തുക ഉപഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽനിന്നും യഥാസമയം നേരിട്ട് കെ.എസ്.ഇ.ബി.യി.ലേയ്ക്ക് വരവുവയ്ക്കുന്ന എൻ.എ.സി.എച്ച്. പദ്ധതി കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ പേമെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (എൻ.പി.സി.ഐ.) നടപ്പാക്കിയ നാഷണൽ ഓട്ടോമേറ്റഡ് ക്ലിയറിംഗ് ഹൗസ് മുഖേന കോർപ്പറേഷൻ ബാങ്ക് വഴി നടപ്പിലാക്കി.

(18) അപ്ലാ സി.എസ്.സി. എന്ന ദേശീയ പൊതു സേവന കേന്ദ്രവുമായി യോജിച്ച് പ്രവർത്തിക്കുന്ന ഇന്ത്യയിലെ ഏതു ജനസേവനകേന്ദ്രം വഴിയും വൈദ്യുതി ബിൽ ഓൺലൈനായി അടയ്ക്കുവാനുള്ള സൗകര്യം.

(19) കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാർക്ക് ഓഫീസിലില്ലാത്തപ്പോൾപ്പോലും ഉപഭോക്തൃസേവനത്തിനുവേണ്ടിയും മറ്റ് ഔദ്യോഗികാവശ്യങ്ങൾക്കുവേണ്ടിയും ഒരുമ നെറ്റ് ബില്ലിംഗ് സോഫ്റ്റ്‌വെയർ ഉപയോഗിക്കാനുള്ള മൊബൈൽ ആപ്ലിക്കേഷൻ.

(20) കേരളത്തിൽ 6 കേന്ദ്രങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന 24 മണിക്കൂറും വൈദ്യുതി തുക സ്വീകരിക്കുന്ന ക്യാഷ് ഡെപ്പോസിറ്റ് മെഷീനുകൾ.

(21) Whatsapp എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പറിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനം.

(22) വൈദ്യുത അപകടങ്ങൾ റിപ്പോർട്ട് ചെയ്യാൻ സ്മാർട്ട് (സേഫ്റ്റി മോണിറ്ററിംഗ് ആൻഡ് ആക്സിഡന്റ് റിപ്പോർട്ടിംഗ് ടൂൾ) എന്ന സോഫ്റ്റ്‌വെയർ സംവിധാനം

(23) കൂടുതൽ മെച്ചപ്പെട്ട സേവനം നൽകുന്നതിനുമായി സോഷ്യൽ മീഡിയ ഡെസ്ക് സംവിധാനം ആരംഭിച്ചു.

(24) എച്ച്.ടി. വിഭാഗം ഉപഭോക്താക്കൾക്ക് അതിവേഗം കണക്ഷൻ അടക്കമുള്ള സേവനങ്ങൾ നൽകുന്നതിനായി ഗ്രീൻ ചാനൽ സംവിധാനം നടപ്പിലാക്കി.

(25) വിദ്യാർത്ഥികൾക്ക് പഠനത്തിന്റെ ഭാഗമായുള്ള വ്യവസായ പരിശീലനത്തിന് ഓൺലൈനായി തന്നെ ഏതു സ്ഥലത്തുനിന്നും അപേക്ഷിക്കുവാനുള്ള സംവിധാനം.

(26) ' സേവനങ്ങൾ വാതിൽ പടിയിൽ' (Service at Door Step) പദ്ധതി 2020 ഒക്ടോബർ 1-ാം തീയതി മുതൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കാനും ഉടമസ്ഥാവകാശം മാറ്റം, കണക്ടഡ് ലോഡ്/കോൺട്രാക്ട് ലോഡ് മാറ്റം, വൈദ്യുതി ലൈൻ/മീറ്റർ മാറ്റി സ്ഥാപിക്കുക തുടങ്ങിയ വിവിധ സേവനങ്ങൾക്ക് അപേക്ഷ സമർപ്പിക്കുവാൻ ഉപഭോക്താവ് കെ.എസ്.ഇ.ബി.എൽ. ഓഫീസ് സന്ദർശിക്കേണ്ടതില്ല. പകരം ബന്ധപ്പെട്ട സെക്ഷൻ ഓഫീസിലെ ഫോൺ നമ്പറിലേയ്ക്കോ 1912 എന്ന കസ്റ്റമർ കെയർ നമ്പറിലേയ്ക്കോ വിളിച്ച് വിവരം ധരിപ്പിക്കുകയോ ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യുകയോ മതിയാകുന്നതാണ്. പ്രസ്തുത അപേക്ഷ ഓഫീസിൽ രേഖപ്പെടുത്തുകയും തുടർന്ന് ഉപഭോക്താവിന്റെ വീട്ടിൽ ജീവനക്കാർ നേരിട്ടുപോയി രേഖകൾ കൈപ്പറ്റുകയും സ്ഥല പരിശോധന തുടങ്ങിയ മേൽനടപടികൾ സ്വീകരിക്കുന്നതുമാണ്. പുതുതായി പൂർത്തീകരിച്ച വികസന പ്രവർത്തനങ്ങൾ കർഷകർക്കുള്ള KUSUM പദ്ധതിയിൽ അപേക്ഷിക്കുന്നതിനുള്ള ഓൺലൈൻ പോർട്ടൽ, ഓൺലൈൻ വഴിയുള്ള വൈദ്യുതി സേവന അപേക്ഷയോടൊപ്പം ആവശ്യമായ രേഖകൾ അപ്‌ലോഡ് ചെയ്യുന്നതിനുള്ള സംവിധാനം, സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതി പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പുതിയ അപേക്ഷ ഓൺലൈൻ ആയി സമർപ്പിക്കുന്നതിനുള്ള പോർട്ടൽ, അങ്കണവാടികളിലേയ്ക്ക് പുതിയ വൈദ്യുതി കണക്ഷനുവേണ്ടിയുള്ള അപേക്ഷയിൽ കണക്ഷൻ ചാർജ് ഇല്ലാതെതന്നെ

പൂർത്തിയാക്കാനുള്ള സൗകര്യം, കോവിഡ് വ്യാപന പശ്ചാത്തലത്തിൽ ഗവൺമെന്റ് പ്രഖ്യാപിച്ച സബ്സിഡി ബില്ലിംഗിൽ ലഭ്യമാക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ മാറ്റങ്ങൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുന്ന പദ്ധതികൾ, വൈദ്യുതി ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭിക്കുന്നതിനായി വിവര സാങ്കേതിക വിദ്യാടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് പുതിയതായി തുടക്കം കുറിക്കുന്ന പദ്ധതികൾ ഇവയാണ്.

(1) വിതരണശൃംഖലയുടെ വൈദ്യുതിനഷ്ടം കണ്ടുപിടിക്കുവാനും കുറയ്ക്കാനും ലക്ഷ്യമിട്ടുള്ള ആർ.എ.പി.ഡി.ആർ.പി. ഫേസ് - 2 ഐ.ടി. പദ്ധതി. (ഐ.പി.ഡി.എസ്.), കേന്ദ്ര ഗവൺമെന്റ് വിതരണമേഖലയുടെ നവീകരണത്തിനായി രൂപീകരിച്ച ഐ.പി.ഡി.എസ്. (സംയോജിത ഊർജ്ജ വികസന) പദ്ധതി പ്രകാരം 21 നഗരങ്ങളിൽ രണ്ടാം ഘട്ടത്തിലേയ്ക്കുള്ള വിവര സാങ്കേതികവിദ്യാ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ഫേസ് - 2 ഐ.ടി പദ്ധതി നടന്നുവരുന്നു. ആർ.എ.പി.ഡി.ആർ.പി. പദ്ധതിയിലൂടെ നടപ്പിലാക്കിയിട്ടുള്ള എല്ലാ വിവര സാങ്കേതിക വിദ്യ പദ്ധതികളും 21 നഗരങ്ങളിൽ കൂടി നടപ്പിലാക്കുന്നതാണ്. വിതരണ ശൃംഖലയുടെ ജി.ഐ.എസ്.മാപ്പിംഗ് നടത്തി വൈദ്യുതിനഷ്ടം കുറയ്ക്കാനും ഈ പദ്ധതി വഴി കഴിയും. ഈ പദ്ധതി നടപ്പിലാക്കാൻ വേണ്ടി 22.86 കോടി രൂപയുടെ പദ്ധതി കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഇംപ്ലിമെന്റേഷൻ ഏജൻസി മുഖേന നിർവ്വഹണ നടപടികൾ പുരോഗമിക്കുന്നു.

(2) ആധുനികവത്കരണത്തിന്റെ ഭാഗമായുള്ള എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് പദ്ധതി - കേന്ദ്ര ഗവൺമെന്റിന്റെ, വിതരണ മേഖലയുടെ നവീകരണത്തിനായി രൂപീകരിച്ച ഐ.പി.ഡി.എസ്.പദ്ധതിയുടെ ഭാഗമായിട്ടുള്ള ഇ.ആർ.പി. നടപ്പിലാക്കുന്നതിലൂടെ വൈദ്യുതി വിതരണ രംഗത്ത് ഉയർന്ന കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനും കെ.എസ്.ഇ.ബി. ലക്ഷ്യമിടുന്നു.

(3) തെരഞ്ഞെടുക്കപ്പെട്ട പട്ടണങ്ങളിലുള്ള സബ്സ്റ്റേഷനുകളിലെ 11 കെ.വി. ലൈനുകളുടെ പ്രവർത്തനം കേന്ദ്രീകൃതമായി മോണിറ്റർ ചെയ്യാനുള്ള ആർ.റ്റി - ഡാസ് (RT-DAS) പദ്ധതി.

(ബി) വൈദ്യുതി കണക്ഷൻ നൽകുന്നതുൾപ്പെടെയുള്ള സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ടോ;

ഉപഭോക്താക്കൾക്ക് സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന്റെ ഭാഗമായി വൈദ്യുതി കണക്ഷനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുകയും കണക്ഷൻ ലഭിക്കുന്നതിനുള്ള അപേക്ഷാഫോറം ലളിതമാക്കുകയും സാധാരണഗതിയിൽ

തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ എന്നിവ മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകാൻ വേണ്ടവിധത്തിൽ ചട്ടങ്ങളിൽ മാറ്റം വരുത്തുകയും കെ.എസ്.ഇ.ബി.എൽ. അത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

(സി) സേവനം വീട്ടുപടിക്കൽ പദ്ധതി പ്രകാരം എന്തെല്ലാം സേവനങ്ങൾ നൽകിവരുന്നുണ്ട്; വൈദ്യുതി തടസ്സം പരിഹരിക്കുന്നതിനും അപകടസാദ്ധ്യത ഒഴിവാക്കുന്നതിനുമുള്ള അതിവേഗ നടപടികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ വിശദമാക്കാമോ?

പൊതുജനങ്ങൾക്ക് സുരക്ഷിതമായ രീതിയിൽ വൈദ്യുതി സംബന്ധമായ സേവനങ്ങൾ നൽകുന്നതിന് ' സേവനം വാതിൽപ്പടിയിൽ ' (Service at Door Steps) എന്ന പദ്ധതി പ്രകാരം പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കാനും ഉടമസ്ഥാവകാശമാറ്റം കണക്ടഡ് ലോഡ്/കോൺട്രാക്ട് ലോഡ് മാറ്റം, താരിഫ് മാറ്റം, വൈദ്യുതി ലൈൻ/ മീറ്റർ മാറ്റി സ്ഥാപിക്കുക തുടങ്ങിയ സേവനങ്ങൾ ലഭിക്കുന്നതിനും സേവനം ആവശ്യമുള്ള വ്യക്തിയുടെ പേരും ഫോൺ നമ്പറും ബന്ധപ്പെട്ട സെക്ഷൻ ഓഫീസിൽ ഫോൺ കോൾ വഴി രജിസ്റ്റർ ചെയ്താൽ മതിയാകും. തുടർന്ന് കെ.എസ്.ഇ.ബി.എൽ. ജീവനക്കാർ അപേക്ഷകനെ ബന്ധപ്പെട്ട് അപേക്ഷ തയ്യാറാക്കാൻ സഹായിക്കുന്നത് മുതൽ സേവനം ഉറപ്പാക്കുന്നതുവരെയുള്ള നടപടികൾ പൂർത്തിയാക്കുന്നു. ജനസേവനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ജീവനക്കാർക്ക് മൊബൈൽ ആപ്ലിക്കേഷൻ കെ.എസ്.ഇ.ബി.എൽ. വികസിപ്പിച്ച് പ്രാവർത്തികമാക്കിയിട്ടുണ്ട്. കേരളത്തിലെ എല്ലാ സെക്ഷൻ ഓഫീസുകളിലും ' സേവനം വാതിൽപ്പടിയിൽ' പദ്ധതി ഇപ്പോൾ നടപ്പിലാക്കിയിട്ടുണ്ട്. വൈദ്യുതി തടസ്സം പരിഹരിക്കുന്നതിനും അപകടസാദ്ധ്യത ഒഴിവാക്കുന്നതിനും സ്വീകരിച്ച നടപടികൾ വൈദ്യുതി കമ്പികൾ പൊട്ടിവീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടി പഴയ വൈദ്യുതകമ്പികൾ മാറ്റി പുതിയവ സ്ഥാപിക്കുക, സ്പേസറുകൾ വൈദ്യുതി ലൈനുകളിൽ സ്ഥാപിക്കുക, ഏരിയൽ ബഞ്ച്ഡ് കേബിൾ (എ.ബി.സി.), covered കണ്ടക്ടർ തുടങ്ങിയവ ഉപയോഗിച്ച് ലൈനുകൾ നിർമ്മിക്കുക, ഗാർഡിംഗുകൾ സ്ഥാപിക്കുക തുടങ്ങിയ പ്രവൃത്തികൾ ചെയ്തുവരുന്നു. കൂടാതെ അപകടങ്ങൾ ഒഴിവാക്കാനായി അവയുണ്ടാകാനുള്ള സാഹചര്യങ്ങളെപ്പറ്റി പൊതുജനങ്ങളെയും ജീവനക്കാരെയും ബോധവത്കരിക്കുകയും ജീവനക്കാർക്ക് ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നു. മരക്കൊമ്പുകൾവീണ് ലൈനുകൾക്കുണ്ടാകുന്ന തകരാറുകളും അതുവഴി ഉണ്ടാകുന്ന അപകടങ്ങളും കുറയ്ക്കുവാൻ ഏരിയൽ ബഞ്ചഡ് കേബിൾ (എ.ബി.സി.) തുടങ്ങിയ കവചിത

ചാലകങ്ങളും ഭൂഗർഭ കേബിളുകളും സ്ഥാപിച്ചുകൊണ്ട് വൈദ്യുതി എത്തിക്കുന്നത് താരതമ്യേന ചെലവേറിയ പദ്ധതിയായതുകൊണ്ടും ഇത്തരത്തിലുണ്ടാകുന്ന ഭീമമായ ചെലവ് വൈദ്യുതി താരിഫിൽ പ്രതിഫലിക്കുന്നതുകൊണ്ടും ഘട്ടംഘട്ടമായി പ്രസ്തുത നവീകരണ പ്രവർത്തനങ്ങൾ കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കിവരുന്നു. ഇത്തരം പ്രവൃത്തികൾ നടപ്പിലാക്കിക്കൊണ്ട് വൈദ്യുതി വിതരണ രംഗം കാര്യക്ഷമമാക്കുന്നതിന് ഊർജ്ജ കേരളാമിഷനിൽ ഉൾപ്പെടുത്തി വിതരണ ശൃംഖലയിൽ കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്തു തുടങ്ങിയ "ദ്യുതി" പദ്ധതി പ്രകാരം എച്ച്.റ്റി. ശൃംഖലയുടെ എല്ലാ ഭാഗത്തും കുറഞ്ഞത് രണ്ടു സ്രോതസ്സിൽ നിന്നെങ്കിലും വൈദ്യുതി എത്തിക്കുന്നതിന് സംവിധാനം ഒരുക്കുക, Arial Bunched Cable (എ.ബി.സി.), ഭൂഗർഭ കേബിൾ തുടങ്ങിയ കവചിത ചാലകങ്ങൾ, ആർ.എം.യു. എന്നിവയുപയോഗിച്ച് വൈദ്യുതി തടസ്സം പരമാവധി കുറയ്ക്കുക, ലൈനുകൾ വൈദ്യുതി തടസ്സത്തിനോ അപകടങ്ങൾക്കോ കാരണമാകാത്ത വിധത്തിൽ സുരക്ഷിതമാക്കുക, ലൈനുകളുടെയും പ്രതിഷ്ഠാപനങ്ങളുടെയും നവീകരണം ഉറപ്പാക്കുക, ഫോൾട്ട് പാസ് ഇൻഡിക്കേറ്ററുകൾ, സെക്ഷലൈസറുകൾ തുടങ്ങിയ സാങ്കേതിക വിദ്യകളുടെ ഉപയോഗം ഉറപ്പുവരുത്തി വൈദ്യുതി പുനഃസ്ഥാപനം ത്വരിതത്തിലാക്കുക എന്നീ പ്രവൃത്തികളും നടപ്പിലാക്കി വരുന്നു. 2018-ൽ ആരംഭിച്ച് 2022-ൽ പൂർത്തീകരിക്കുവാൻ ഉദ്ദേശിച്ചിരുന്ന ഈ പദ്ധതിയിൽ 2018, 2019 വർഷങ്ങളിലെ മഹാപ്രളയങ്ങളും കോവിഡ്-19 ന്റെ ഭാഗമായി ഏർപ്പെടുത്തിയ സമ്പൂർണ്ണ ലോക്ക്ഡൗണും കാരണം ഉദ്ദേശിച്ച പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല. എന്നിരുന്നാലും ഈ പദ്ധതിയിൽ ഇതുവരെ 1,698 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുണ്ട്. കൂടാതെ വൈദ്യുതി തടസ്സം പരമാവധി ഒഴിവാക്കാനായി, തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ നിരീക്ഷണ നിയന്ത്രണ സംവിധാനമായ സ്കാഡ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. 11 കെ.വി, 33 കെ.വി ലൈനുകളിലെ തകരാറുകൾ വേഗത്തിൽ കണ്ടുപിടിക്കുന്നതിനായി " Communicable Fault Pass Detector" എന്ന നൂതന സംവിധാനം വളരെ ചെലവുകുറഞ്ഞ രീതിയിൽ കെ.എസ്.ഇ.ബി.എൽ. ജീവനക്കാർ തന്നെ വികസിപ്പിച്ചെടുത്തിട്ടുണ്ട്. 11 കെ.വി, 33 കെ.വി. വൈദ്യുത വിതരണ ലൈനുകളിൽ ഉണ്ടാകുന്ന തകരാറുകൾ പെട്ടെന്ന് കണ്ടുപിടിച്ചു വിവരം ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ SMS മൂലവും തകരാർ ഉണ്ടായ സ്ഥലം GIS മാപ്പ് വഴിയും അറിയിച്ച് പ്രശ്നപരിഹാരം വേഗത്തിലാക്കാൻ സഹായിക്കുന്ന നൂതന സംവിധാനമാണിത്. ഇതുവരെ 7400 എണ്ണം (11 kv- 7250 + 33kv- 150) Communicable Fault Pass

Detector സ്ഥാപിച്ചിട്ടുണ്ട്. കമ്പി പൊട്ടി വീഴുന്നതുപോലുള്ള അത്യാവശ്യ ഘട്ടങ്ങളിൽ പൊതുജനങ്ങൾക്ക് നേരിട്ട് വിളിച്ചറിയിക്കുന്നതിന് " 9496010101" എന്ന നമ്പറിലെ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ സെൻസിറ്റീവ് പ്രദേശങ്ങളായ സ്കൂളുകൾ, ആശുപത്രികൾ, ആരാധനാലയങ്ങൾ തുടങ്ങിയവയുടെ സമീപത്തുള്ള പ്രതിഷ്ഠാപനങ്ങളിലും തുടർന്ന് മറ്റു പ്രദേശങ്ങളിലും സ്പേസർ, ഗാർഡിംഗ് മുതലായവ സ്ഥാപിച്ചു. ബാക്കിയുള്ള സ്ഥലങ്ങളിൽ ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു. പുതുതായി ഇലക്ട്രിക് കണക്ഷനുകൾ നൽകുമ്പോൾ എല്ലാ പ്രെമിസസുകളിലും ELCB നിഷ്കർഷിക്കുന്നുണ്ട്. നിലവിൽ ELCB സ്ഥാപിച്ചിട്ടില്ലാത്ത പ്രെമിസസുകളിൽ ELCB സ്ഥാപിക്കുന്നതിനു പൊതുജനങ്ങളുടെയിടയിൽ ബോധവൽക്കരണം നൽകിവരുന്നുണ്ട്.

**കേരള ബാങ്കിന് ഏകീകൃത സോഫ്റ്റ്‌വെയർ**

24 (*53) ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എം. വിൻസെന്റ്:
ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിന്റെ ബാങ്കിംഗ് നെറ്റ്‌വർക്കിനായി ഒരു ഏകീകൃത സോഫ്റ്റ്‌വെയർ വികസിപ്പിക്കാതിരിക്കുന്നതിനുള്ള കാരണം വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളെ സംയോജിപ്പിച്ച് രണ്ടു വർഷം കഴിഞ്ഞിട്ടും ഓരോ ജില്ലയിലും പ്രത്യേക സോഫ്റ്റ്‌വെയറുകളിലാണോ ബാങ്കുകൾ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ&ബി) 13 ജില്ലാ സഹകരണ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് നിലവിൽ വന്ന കേരള ബാങ്കിന് 769 ശാഖകളുണ്ട്. നിലവിൽ ഓരോ ജില്ലയിലും പ്രത്യേക സോഫ്റ്റ്‌വെയറുകളിലാണ് കേരള ബാങ്കിന്റെ ഓഫീസുകൾ പ്രവർത്തിക്കുന്നത്. വ്യത്യസ്ത കോർ ബാങ്കിംഗ് സൊല്യൂഷനുകളിൽ പ്രവർത്തിക്കുന്ന കേരള ബാങ്കിന്റെ ജില്ലാ ഓഫീസുകളെ ഐ.ടി. സംയോജനം വഴി ഒന്നാക്കുകയെന്നത് അത്യധികം സങ്കീർണ്ണതകൾ നിറഞ്ഞ ഒരു പദ്ധതിയാണ്. കേരള ബാങ്കിന് ഒരു ഏകീകൃത സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ആയതിനുള്ള Solution providers-നെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

(സി) കേരള ബാങ്കിന്റെ എ.ടി.എം.-കളിൽനിന്നും ലക്ഷക്കണക്കിന് രൂപ തട്ടിയെടുത്തത് ബാങ്കിംഗ് സോഫ്റ്റ്‌വെയറിലെ പോരായ്മകൾ കൊണ്ടാണോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത പോരായ്മകൾ പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കേരള ബാങ്കിന്റെ എ.ടി.എം. പണമിടപാട് തട്ടിപ്പിൽ ബാങ്കിന്റെ സോഫ്റ്റ്‌വെയറുമായി ഒരു ബന്ധവുമില്ല. മാത്രമല്ല ബാങ്കിന്റെ സോഫ്റ്റ്‌വെയറുകളെ ഒരു തരത്തിലും ഈ ഇടപാടുകൾ ബാധിച്ചിട്ടില്ല. മറ്റ് ബാങ്കുകളുടെ വ്യാജ മാഗ്നറ്റിക്ക് സ്വൈപ്പ് കാർഡുകൾ ഉപയോഗിച്ചാണ് തട്ടിപ്പ് നടത്തിയത്. മാഗ്നറ്റിക്ക് സ്വൈപ്പ് കാർഡുകൾ ഉപയോഗിച്ച് പണം പിൻവലിക്കുന്നതിന് പകരം ഇ.എം.വി. ചിപ്പ് കാർഡുകൾ എ.ടി.എം-ൽ പ്രവർത്തിക്കുന്ന സംവിധാനം നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്.

**സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയിൽ പുതിയ സംരംഭങ്ങൾ**

25(*54) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി വ്യവസായ വകുപ്പ് എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് ലക്ഷ്യമിടുന്നത്; പ്രസ്തുത ലക്ഷ്യം കൈവരിക്കാനായോ; വിശദമാക്കുമോ?

നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി വ്യവസായ വകുപ്പുവഴി 10000 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. പ്രസ്തുത ലക്ഷ്യം കൈവരിക്കാനായിട്ടുണ്ട്. ടി കാലയളവിൽ വ്യവസായ വകുപ്പുവഴി സംരംഭക മേഖലയിൽ മാത്രം ആകെ 14225 തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) കോവിഡ് പ്രതിസന്ധി കാലമായിട്ടും ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം മൂവായിരത്തി ഇരുന്നൂറ്റി നാൽപത്തി ഏഴ് സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചിട്ടുള്ളത് സർക്കാർ നടപടികളിൽ ജനങ്ങൾക്കുള്ള വിശ്വാസത്തിന്റെ പ്രതിഫലനമാണെന്ന് വിലയിരുത്തുന്നുണ്ടോ?

ഉണ്ട്.

(സി) ഈ പശ്ചാത്തലത്തിൽ ഇത്തരത്തിലുള്ള കൂടുതൽ സംരംഭങ്ങൾ ആരംഭിക്കാൻ സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്ന പ്രോത്സാഹന നടപടികൾ വിശദമാക്കാമോ?

സർക്കാർ അധികാരത്തിലെത്തിയതിനുശേഷം നടപ്പിലാക്കിയ വിവിധ പദ്ധതികളിലൂടെയും നയപരമായ തീരുമാനങ്ങളിലൂടെയുമാണ് കോവിഡ് പ്രതിസന്ധി കാലമായിട്ടും വ്യവസായ മേഖലയിൽ ശ്രദ്ധേയമായ മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞത്. കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ പ്രതിസന്ധിയിലായ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളെ സഹായിക്കുന്നതിലേയ്ക്കായി കോവിഡ്-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് നടപ്പിലാക്കിവരുന്നുണ്ട്. ഈ സാഹചര്യത്തിൽ മുൻവർഷം പ്രഖ്യാപിച്ച വ്യവസായ ഭദ്രതാ പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പലിശയിളവ് പദ്ധതി (Scheme for interest Subvention on term Loan and Working Capital Loan) കൂടുതൽ ഇളവുകളോടെ നടപ്പിലാക്കും. 2020 ഡിസംബർ 31 വരെ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും സംരംഭകർ കൈപ്പറ്റിയ വായ്പകൾക്കാണ് പലിശയിളവ് നൽകിയിരുന്നത്. ഇത് 2021 ഡിസംബർ 31 വരെയുള്ള വായ്പകൾക്കായി ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിക്കും. ഈ പദ്ധതി അനുസരിച്ച് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ ലഭിക്കുന്ന എല്ലാ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കും 12 മാസത്തേയ്ക്ക് 50% പലിശസഹായം ലഭ്യമാകും. പരമാവധി യൂണിറ്റിന് 1,20,000 രൂപ വരെയാണ് സഹായം അനുവദിക്കുക. നിലവിലെ ESS മാർഗ്ഗരേഖ പ്രകാരം യോഗ്യതയുള്ള ഒരു യൂണിറ്റിന് ലഭിക്കുന്ന പരമാവധി സബ്സിഡി പൊതുവിഭാഗങ്ങൾക്ക് 20 ലക്ഷത്തിൽ നിന്നും 30 ലക്ഷമായി ഉയർത്തും. പിന്നോക്ക ജില്ലകളിലെ വ്യവസായങ്ങൾക്കും മുൻഗണനാ വ്യവസായങ്ങൾക്കും പരമാവധി 30 ലക്ഷം രൂപ എന്നത് 40 ലക്ഷം രൂപ ആയി ഉയർത്തും. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണി ഗ്രാന്റ് സഹായം നാനോ യൂണിറ്റുകൾക്കുകൂടി ലഭ്യമാക്കും. കൂടാതെ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ, കിൻഫ്ര എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ വഴി ഹ്രസ്വകാല വായ്പകൾ, സോഫ്റ്റ്ലോൺ പദ്ധതി, പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, വായ്പാ തിരിച്ചടവിന് കൂടുതൽ സമയം നൽകൽ, ഒരു വർഷത്തേയ്ക്ക് പിഴപ്പലിശ ഒഴിവാക്കൽ, 3 മാസത്തേയ്ക്ക് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികളിലുള്ള യൂണിറ്റുകളുടെ വാടകയും പൊതുസ്വകാര്യ ചാർജ്ജുകളും ഒഴിവാക്കൽ എന്നീ സ്കീമുകളും നടപ്പിലാക്കി വരുന്നുണ്ട്.

## സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ നടപടി

26 (*56) ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മാണി. സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

പ്രകൃതി ദുരന്തങ്ങളും കേന്ദ്ര സർക്കാർ അനുവർത്തിച്ച വികലമായ നയങ്ങളും വേണ്ടത്ര അവധാനതയില്ലാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയതും ചരക്ക് സേവന നികുതി വരുമാനനഷ്ടത്തിനുള്ള നഷ്ടപരിഹാരം കൃത്യസമയത്ത് നൽകാത്തതും മുൻകാലങ്ങളിൽനിന്നും വിഭിന്നമായ പുതിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറയ്ക്കുന്നതും കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും കോവിഡ് പ്രതിരോധത്തിൽ മുന്നണിയിൽ നിൽക്കുന്ന സംസ്ഥാന സർക്കാരുകൾക്ക് ആവശ്യമായതും അർഹതപ്പെട്ടതുമായ സാമ്പത്തികസഹായം നൽകുന്നതിൽ കേന്ദ്ര സർക്കാർ തുടരുന്ന നിസ്സംഗതയും സംസ്ഥാനത്ത് സാമ്പത്തിക ഞെരുക്കം സൃഷ്ടിച്ചിട്ടുണ്ട്. ഈ പ്രതിസന്ധി കണക്കിലെടുത്ത് ആയത് നേരിടുന്നതിന് സർക്കാർ ഹ്രസ്വകാല, ദീർഘകാല അടിസ്ഥാനത്തിലുള്ള നടപടികൾ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നു. ഇവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.

1. കോവിഡ് രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ ഉയർന്നുവരുന്ന ആരോഗ്യ, സാമൂഹ്യ, സാമ്പത്തിക വെല്ലുവിളികളെ നേരിടാൻ 20,000 കോടി രൂപയുടെ രണ്ടാം കോവിഡ് പാക്കേജ് ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുണ്ട്. കൂടാതെ വ്യാപാരികളെയും കൃഷിക്കാരെയും വ്യവസായികളെയും കൂടി പ്രത്യേകം പരിഗണിച്ച് അനുബന്ധ പാക്കേജും പ്രഖ്യാപിച്ചിട്ടുണ്ട്.

2. പ്രാഥമിക സഹകരണ സംഘങ്ങളെയും വാണിജ്യ ബാങ്കുകളെയും ഉൾപ്പെടുത്തിക്കൊണ്ട് വിപുലമായ സാമ്പത്തിക പുനരുജ്ജീവന വായ്പാ പദ്ധതി.

3. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള ബൃഹത്പദ്ധതി.

4. തീരദേശ മേഖലയിൽ പ്രഖ്യാപിച്ച ഏതാണ്ട് 11,000 കോടി രൂപയുടെ വികസന പദ്ധതികൾ.

5. 50 കോടി രൂപയുടെ റബ്ബർ സബ്സിഡി.

6. മത്സ്യസംസ്കരണത്തിനും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണത്തിനുമുതകുന്ന പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പദ്ധതി.

7. കുടുംബശ്രീ വഴിയുള്ള വിവിധയിനം സാമൂഹ്യക്ഷേമ പദ്ധതികൾക്കുള്ള ഉയർന്ന ബഡ്ജറ്റ് വിഹിതം.

(ബി) ഇതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഗിഫ്റ്റ്-നെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കോവിഡ്-19 മഹാമാരി, പ്രത്യേകിച്ചും കോവിഡ് രണ്ടാം തരംഗം, സംസ്ഥാന സമ്പദ്‌വ്യവസ്ഥയുടെ വിവിധ മേഖലകളിൽ ഏൽപ്പിച്ച സാമൂഹികവും സാമ്പത്തികവുമായ ആഘാതം തിട്ടപ്പെടുത്തുന്നതിനും സംസ്ഥാനം നേരിടുന്ന സാമ്പത്തിക വെല്ലുവിളികളെ ഊർജ്ജിതമായി നേരിടുക വഴി സംസ്ഥാനത്തെ ഈ പ്രതിസന്ധി ഘട്ടത്തിൽനിന്നും കരകയറ്റുന്നതിനുള്ള ഫലപ്രദമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി ഒരു പഠനം നടത്തുവാൻ 18-8-2021-ലെ G.O. (Rt) No.5599/2021/Fin പ്രകാരം Gulati Institute of Finance and Taxation (GIFT)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മേൽ പഠനത്തിന്റെ ഭാഗമായി, കോവിഡ് മഹാമാരി ഏൽപ്പിച്ച വെല്ലുവിളികൾ നേരിടുന്നതിനായി മറ്റ് സംസ്ഥാനങ്ങൾ, മറ്റ് രാജ്യങ്ങൾ എന്നിവിടങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള സർക്കാർ നടപടികളുടെ ഒരു അവലോകനം നടത്തുന്നതിനായും GIFT-ന് ചുമതല നൽകിയിട്ടുണ്ട്. GIFT ഇതുസംബന്ധിച്ച് പഠനം നടത്തിവരികയാണ്.

(സി) നടപ്പ് സാമ്പത്തിക വർഷത്തിൽ നികുതി വരുമാനത്തിൽ ഉണ്ടായ കുറവ് പരിഹരിക്കാൻ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കോവിഡ് സൃഷ്ടിച്ച വിഷമഘട്ടത്തിൽ നികുതിദായകരോട് ഒരു സൗഹൃദ സമീപനം സ്വീകരിക്കേണ്ടത് അനിവാര്യമാണ്. അതോടൊപ്പം നികുതി പിരിവ് കാര്യക്ഷമവും ഊർജ്ജിതവുമാക്കുന്നതിനുതകുന്ന നടപടികളും ആവശ്യമാണ്. ടി ലക്ഷ്യം ലക്ഷ്യമാക്കി പ്രധാനമായും ചുവടെ ചേർക്കുന്ന നടപടികൾ നടപ്പിലാക്കി വരുന്നു.

I) <u>ചരക്ക് സേവന നികുതി വകുപ്പ്</u>.

1) ജി.എസ്.ടി.-യിൽ നികുതി ശൃംഖല വിപുലീകരിക്കുന്നതിനുവേണ്ടി വിവിധ ഏജൻസിയിൽ നിന്ന് വിവരശേഖരണം നടത്തുകയും അതിൽനിന്ന് രജിസ്ട്രേഷൻ ഇല്ലാത്തവരെ കണ്ടുപിടിച്ച് രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

2) റിട്ടേൺ സ്ക്രൂട്ടിനി ഫലപ്രദമാക്കുന്നതിനുവേണ്ടി പ്രത്യേക മാനദണ്ഡ പ്രകാരം ടാക്സ് പെയേഴ്സിനെ ഓൺലൈൻ ആയി സെലക്ട് ചെയ്ത് വിശദ പരിശോധന നടത്തുന്ന രീതി നടപ്പിലാക്കി.

3) നികുതിദായകന്റെ ക്രയവിക്രയങ്ങൾ സംബന്ധിച്ച് ജി.എസ്.ടി. നെറ്റ്‌വർക്കിൽ ലഭ്യമായ വിവരങ്ങളുടെ വിശകലനവും മറ്റ് ഏജൻസികളായ ഇൻകം ടാക്സ്, കസ്റ്റംസ് എന്നിവയിൽ സമർപ്പിച്ചിട്ടുള്ള വിവരങ്ങളുമായി വിശകലനങ്ങൾ നടത്തുന്നതിനുവേണ്ടി വകുപ്പിൽ പ്രത്യേക ഡാറ്റാ അനലിറ്റിക്സ് വിഭാഗം രൂപീകരിച്ചു. ആഡിറ്റും എൻഫോഴ്സ്മെന്റ് നടപടികളും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു.

4) ചെക്ക്പോസ്റ്റ് സമ്പ്രദായം ഇല്ലാതായ സാഹചര്യത്തിൽ അതിർത്തികളിലൂടെയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനും വാഹന പരിശോധന കാര്യക്ഷമമാക്കുന്നതിനുംവേണ്ടി സിസിടിവി ക്യാമറകൾ പ്രധാനപ്പെട്ട അതിർത്തി പ്രദേശങ്ങളിൽ സ്ഥാപിച്ചു. ഇത് എ.എൻ.പി.ആർ. സിസ്റ്റവുമായി ബന്ധപ്പെടുത്തി മതിയായ രേഖകൾ (ഇ-വേ ബിൽ) ഇല്ലാതെ കടന്നുവരുന്ന ചരക്കുവാഹനങ്ങളുടെ വിവരം ഉടൻതന്നെ വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തിന് ലഭ്യമാകുന്ന രീതിയിൽ സജ്ജീകരിച്ചു.

5) ജി.എസ്.ടി-യിൽ ഫയൽ ചെയ്ത വിവരങ്ങളെ അടിസ്ഥാനമാക്കി ദേശീയതലത്തിൽ റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കി സംസ്ഥാനതലത്തിൽ റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിച്ച് ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കി. ഇത് നികുതി വെട്ടിപ്പ് കണ്ടുപിടിക്കുന്നതിന് സഹായകമാകും.

6) VAT കുടിശ്ശിക പിരിവ് പ്രക്രിയയുടെ ലഘൂകരണം.

II) <u>എക്സൈസ് വകുപ്പ്</u>

1) എക്സൈസ് വകുപ്പ് വഴി നൽകുന്ന എല്ലാ ലൈസൻസുകളും പെർമിറ്റുകളും മുൻകൂറായി ഫീസ്/നികുതി ഈടാക്കിയശേഷമാണ് അനുമതി നൽകുന്നത്.

2) വ്യാജമദ്യ നിർമ്മാണവും വിതരണവും തടയുന്നതിനാവശ്യമായ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നു.

3) അതിർത്തി ചെക്ക്പോസ്റ്റുകളിൽ കള്ളക്കടത്ത് തടയുന്നതിനായി വാഹന പരിശോധന ഊർജ്ജിതമാക്കി. അതിർത്തി ചെക്ക് പോസ്റ്റുകൾ ഒഴിവാക്കിയുള്ള കടത്ത് ചെറുക്കുന്നതിന് ചെക്ക് പോസ്റ്റിലെ നിലവിലെ പരിശോധന കൂടാതെ അതിർത്തി പ്രദേശങ്ങൾ കേന്ദ്രീകരിച്ച് വാഹനങ്ങൾ പരിശോധിക്കുന്നതിനായി എക്സൈസ് വകുപ്പിൽനിന്നും 24 മണിക്കൂറും പ്രവർത്തിക്കുന്ന ബോർഡർ പട്രോൾ സംഘത്തിനെ ചുമതലപ്പെടുത്തി.

III) <u>രജിസ്ട്രേഷൻ വകുപ്പ്</u>

1) വസ്തു കൈമാറ്റവുമായി ബന്ധപ്പെട്ട ആധാരം രജിസ്റ്റർ ചെയ്യുമ്പോൾ യഥാർത്ഥ വിലയേക്കാളും കുറച്ചാണ് ആധാരത്തിൽ കാണിച്ചിട്ടുള്ളതെന്ന് സബ് രജിസ്ട്രാർക്ക് ബോദ്ധ്യപ്പെട്ടാൽ ടി ആധാരം അണ്ടർ വാല്യുവേഷൻ നടപടികൾക്ക് വിധേയമാക്കുന്നതാണ്.

2) കമ്പോള വിലയെക്കാളും കുറച്ചു കാണിച്ചിട്ടുള്ള ആധാരങ്ങളെ സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ഉണ്ടാകുന്ന സാഹചര്യത്തിലും സബ് രജിസ്ട്രാർ ആധാരം അണ്ടർവാല്യുവേഷൻ നടപടികൾക്ക് വിധേയമാക്കുന്നതാണ്.

3) കൈമാറ്റം ചെയ്യപ്പെടുന്ന വസ്തുവിലുള്ള കെട്ടിടത്തെ സംബന്ധിച്ച് വാല്യുവേഷൻ സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ട്.

4) ഇ-സ്റ്റാമ്പിംഗ് നടപ്പിലാക്കൽ.

### പെട്രോളിയം ഉൽപ്പന്നങ്ങളിന്മേലുള്ള സംസ്ഥാനങ്ങളുടെ നികുതി നിർണ്ണയാവകാശം

27 (*57) <u>ശ്രീ. കെ. പ്രേംകുമാർ</u>:
<u>ശ്രീ. എ. സി. മൊയ്തീൻ</u>:
<u>ശ്രീ. ടി. ഐ. മധുസൂദനൻ</u>:
<u>ശ്രീ. എം. നൗഷാദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി <u>(ശ്രീ. കെ. എൻ. ബാലഗോപാൽ)</u> സദയം മറുപടി നൽകുമോ:

(എ) എണ്ണക്കമ്പനികൾ ഇന്ധനവില വർദ്ധിപ്പിക്കുന്നതിന്റെ പേരിൽ പെട്രോൾ, ഡീസലിന്മേലുള്ള സംസ്ഥാനങ്ങളുടെ നികുതി നിർണ്ണയാവകാശം കവർന്നെടുക്കാൻ കേന്ദ്രസർക്കാർ നടത്തുന്നതായി പറയപ്പെടുന്ന നീക്കത്തോടുള്ള സംസ്ഥാനത്തിന്റെ നിലപാട് വ്യക്തമാക്കാമോ?

നിലവിൽ പെട്രോളിനും ഡീസലിനും സംസ്ഥാന വിൽപ്പന നികതി നിയമം, 1963 പ്രകാരമാണ് നികുതി ഈടാക്കുന്നത്. വിൽപ്പന നികുതി നിയമപ്രകാരം വിൽപ്പനയിന്മേൽ നികുതി നിശ്ചയിക്കുവാനുള്ള അധികാരം സംസ്ഥാന സർക്കാരിന് മാത്രമാണ്. ടി നിയമമനുസരിച്ച് പെട്രോളിന് 30.08 ശതമാനവും ഡീസലിന് 22.76 ശതമാനവും വിൽപ്പന നികുതിനിരക്ക് നിശ്ചയിച്ചിരിക്കുന്നു. എന്നാൽ ടി ഉൽപന്നങ്ങളെ ചരക്കുസേവന നികതി നിയമത്തിൻകീഴിൽ ഉൾപ്പെടുത്തിയാൽ സംസ്ഥാന വിൽപ്പന നികുതി നിയമത്തിന്റെ പരിധിയിൽനിന്നും ടി ഉൽപ്പന്നങ്ങൾ പുറത്താകുകയും സംസ്ഥാനത്തിന് സ്വതന്ത്രമായി നികുതി നിരക്ക് നിശ്ചയിക്കുന്നതിനുള്ള അധികാരം നഷ്ടമാകുകയും ചെയ്യും.

(ബി) ധനകാര്യ കമ്മീഷനെ ഉപയോഗിച്ച് സംസ്ഥാനത്തിന് അർഹമായി ലഭിക്കേണ്ട നികുതി വിഹിതത്തിലും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്ര വിഹിതത്തിലും കുറവുവരുത്തുന്ന സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ പ്രധാന വരുമാനസ്രോതസ്സായ പെട്രോളിയം ഉൽപ്പന്നങ്ങളിന്മേൽ നികുതി ചുമത്താനുള്ള അധികാരം കേന്ദ്ര സർക്കാർ ഏറ്റെടുക്കുന്നത് സംസ്ഥാനത്തെ വികസന-ക്ഷേമ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാനിടയുണ്ടോ?

പെട്രോളിയം ഉൽപ്പന്നങ്ങളെ ചരക്കുസേവന നികുതി നിയമത്തിൻകീഴിൽ ഉൾപ്പെടുത്തുന്നതിലൂടെ നികുതിനിരക്കിൽ കുറവുവരുന്ന സാഹചര്യമുണ്ടായാൽ സംസ്ഥാനത്തെ വികസന-ക്ഷേമ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാനിടയുണ്ട്.

(സി) ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധമായി സംസ്ഥാനങ്ങളെ കേന്ദ്ര സർക്കാരിന്റെ സാമ്പത്തികാശ്രിതരായി മാറ്റാനുള്ള ശ്രമത്തിനെതിരെ ജി.എസ്.ടി. കൗൺസിലിൽ ശക്തമായ നിലപാട് സ്വീകരിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ?

സ്വീകരിച്ചിട്ടുണ്ട്.

## സഹകരണ വായ്പ തിരിച്ചടവിന് സാവകാശം

28 (*58) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) കോവിഡ് പശ്ചാത്തലത്തിൽ സഹകരണ ബാങ്കുകളിൽനിന്ന് ലോൺ എടുത്തവർ അവ തിരിച്ചടയ്ക്കുന്നതിൽ പ്രയാസം നേരിടുന്നത് പരിഗണിച്ച് വായ്പാതിരിച്ചടവിന് ജപ്തി നടപടികൾ ഒഴിവാക്കുന്നതിനും സാവകാശം അനുവദിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കോവിഡ് പശ്ചാത്തലത്തിൽ വായ്പാ തിരിച്ചടവുമായി ബന്ധപ്പെട്ട് ജപ്തി നടപടികളിലും തിരിച്ചടവിൽ സാവകാശം അനുവദിക്കുന്നതിലും സഹകരണ ബാങ്കുകൾ പരമാവധി ഇളവുകൾ നൽകിവരുന്നു. കേരള സംസ്ഥാന സഹകരണ ബാങ്കിലും മലപ്പുറം ജില്ലാ സഹകരണ ബാങ്കിലും ഇളവുകളോടെ വായ്പകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ മറ്റ് സഹകരണ സ്ഥാപനങ്ങളിൽ പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കിയും വ്യവസ്ഥകൾക്ക് വിധേയമായി പലിശയിൽ 50% വരെ ഇളവുകൾ അനുവദിച്ചും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ഉൾപ്പെടുന്ന സഹകരണ സംഘം രജിസ്ട്രാറുടെ 32/2021 സർക്കുലർ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു*.

(ബി) സഹകരണ സ്ഥാപനങ്ങളിൽനിന്നും വായ്പ എടുത്തവർക്ക് കോവിഡ് പശ്ചാത്തലത്തിൽ എന്തെല്ലാം ആനുകൂല്യങ്ങൾ നൽകുമെന്ന് വ്യക്തമാക്കുമോ?

സഹകരണ സ്ഥാപനങ്ങളിൽനിന്നും വായ്പ എടുത്തവർക്ക് കോവിഡ് പശ്ചാത്തലത്തിൽ വിവിധ ഇളവുകളോടെ വായ്പാ കണക്ക് അവസാനിപ്പിക്കുന്നതിന് " നവകേരളീയം കുടിശ്ശിക നിവാരണം- ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി-2021" നടപ്പിലാക്കിവരുന്നു. ടി പദ്ധതി പ്രകാരം സാധാരണ പലിശനിരക്കിൽ പലിശ കണക്കാക്കുന്നു. എല്ലാ വായ്പകളിലും പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കുന്നു. വ്യവസ്ഥകൾക്ക് വിധേയമായി വായ്പകളിൽ 50% വരെ പലിശ ഇളവ് അനുവദിക്കുന്നു. അർഹരായവർക്ക് വ്യവസ്ഥകൾക്ക് വിധേയമായി മുതലിൽ ഇളവ് അനുവദിക്കുന്നു.

(സി) സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് തിരിച്ചടവിൽ ഒരു വർഷത്തേയ്ക്ക് പ്രിൻസിപ്പൽ തുക ഒഴിവാക്കി പലിശ മാത്രം അടയ്ക്കുന്നതിന് അനുമതി നൽകുമോ; വിശദാംശം നൽകുമോ?

സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് തിരിച്ചടവിൽ ഒരു വർഷത്തേയ്ക്ക് പ്രിൻസിപ്പൽ തുക ഒഴിവാക്കി നൽകുന്നത് സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുമെന്നതിനാൽ അപ്രകാരം ഒരു പദ്ധതി നടപ്പിലാക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## നിർമ്മാണ മേഖലയെ പുനരുജ്ജീവിപ്പിക്കാൻ നടപടി

29 (*59) ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണവസ്തുക്കളായ സിമന്റ്, കമ്പി, പ്ലമ്പിംഗ്, ഇലക്ട്രിക്കൽ സാമഗ്രികൾ എന്നിവയുടെ വില വർദ്ധനവുമൂലം പ്രതിസന്ധി നേരിടുന്ന നിർമ്മാണമേഖലയെ പുനരുജ്ജീവിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ കൈക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് സിമന്റിന്റെയും മറ്റ് നിർമ്മാണ സാമഗ്രികളുടെയും ഉല്പാദനം വർദ്ധിപ്പിക്കാൻ എന്തെങ്കിലും കർമ്മ പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) സംസ്ഥാനത്ത് നിർമ്മാണവസ്തുക്കളുടെ വില കൂടുന്നതുകാരണം നിർമ്മാണമേഖല പ്രതിസന്ധി നേരിടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡ്-19 വ്യാപനം ഈ പ്രതിസന്ധി രൂക്ഷമാക്കുകയും ചെയ്തു. സംസ്ഥാനത്തിന് ആവശ്യമുള്ള സിമന്റിന്റെ 10% മാത്രമേ ഇപ്പോൾ ഇവിടെ ഉത്പാദിപ്പിക്കുന്നുള്ളൂ. ആവശ്യമായ ബാക്കിയുള്ള സിമന്റ് സംസ്ഥാനത്തിന് പുറത്തുനിന്നാണ് ലഭ്യമാകുന്നത്. ഈ സർക്കാരിന്റെ കാലയളവിൽതന്നെ സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങൾ വഴി കൂടുതൽ സിമന്റ് ഉല്പാദിപ്പിക്കാനുള്ള പദ്ധതികൾ മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തി ആവിഷ്കരിച്ചിട്ടുണ്ട്. അധിക ഉൽപ്പാദനം വരുമ്പോൾ വിലനിർണ്ണയത്തിൽ ഇടപെടാൻ സർക്കാരിനു സാധിക്കും. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി നടപ്പിലാക്കിവരുന്ന സംരംഭക സഹായ പദ്ധതിയിൽ നിർമ്മാണ സാമഗ്രികളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സ്ഥാപനത്തിൽ അധികമായി നിക്ഷേപിക്കുന്ന സ്ഥിരമൂലധനത്തിന് ആനുപാതികമായി പരമാവധി 30 ലക്ഷത്തിൽ നിജപ്പെടുത്തി സബ്സിഡി അനുവദിച്ചുവരുന്നുണ്ട്. ഇത് കോവിഡ് സാഹചര്യത്തിൽ പ്രഖ്യാപിച്ച സമാശ്വാസപദ്ധതി പാക്കേജിൽ ഉൾപ്പെടുത്തി പരമാവധി 40 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് വെള്ള സിമന്റിന് 3 വർഷം മുൻപുള്ള വിലയിൽനിന്ന് മെട്രിക് ടണ്ണിന്

600 രൂപ ഇളവിലാണ് ഇപ്പോൾ വിൽപ്പന നടത്തിവരുന്നത്. കൂടാതെ പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സ് മാർക്കറ്റിൽ നിലവിലുള്ള വിലയേക്കാൾ കുറഞ്ഞ നിരക്കിലാണ് വിപണനം നടത്തി വരുന്നത്.

(സി) കോവിഡ്കാലത്ത് കടുത്ത പ്രതിസന്ധി നേരിടുന്ന നിർമ്മാണ മേഖലയെ കൈപിടിച്ചുയർത്താൻ സർക്കാരിന് ഫലപ്രദമായി ഇടപെടാൻ കഴിയുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് നിലവിൽവന്ന ലോക്ക്ഡൗൺ സമസ്ത മേഖലകളെയും കൂടാതെ ധാതുഖനനം, ചരക്കുകടത്ത് എന്നിവയെയും ബാധിക്കുകയും തത്ഫലമായുണ്ടായ വിലക്കയറ്റം നിർമ്മാണമേഖലയെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. നിർമ്മാണപ്രവർത്തനങ്ങളെ ബാധിക്കാതിരിക്കുവാൻ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് കരിങ്കൽ ക്വാറികളുടെ പ്രവർത്തനം തുടങ്ങാൻ നടപടിയായിട്ടുണ്ട്. ചരക്കുഗതാഗതം സാധാരണ സ്ഥിതിയിൽ ആയതോടെ വിലയിൽ കാര്യമായ കുറവ് വന്നിട്ടുള്ളതായി വിലയിരുത്തിയിട്ടുണ്ട്. പ്രാദേശികതലത്തിൽ പരിഹാരം കാണാൻ കഴിയുന്ന വിഷയങ്ങളിൽ ചർച്ച ചെയ്ത് പരിഹാരം കാണാൻ അതത് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ യോഗം ചേർന്ന് നടപടികൾ സ്വീകരിച്ചുവരുന്നു.

**പെട്രോളിയം ഉൽപ്പന്നങ്ങളുടെ നികുതി**

30 (*60) ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. എം. എം. മണി:
ശ്രീ. എം. നൗഷാദ്:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പെട്രോളിയം ഉൽപ്പന്നങ്ങളുടെ നികുതി, സെസ്സ് എന്നിവ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ എത്ര തവണ വർദ്ധിപ്പിച്ചു; വിശദമാക്കാമോ?

കേന്ദ്ര സർക്കാർ പെട്രോളിന് 2014-ൽ കേന്ദ്ര നികുതികളും സെസ്സുകളും ഉൾപ്പെടെ പ്രതിലിറ്ററിന് 9.47 രൂപയായിരുന്നത് 13 തവണ വർദ്ധനവ് വരുത്തി പ്രതിലിറ്ററിന് 32.9 രൂപയാക്കി. ഡീസലിന് 2014-ൽ കേന്ദ്ര നികുതികളും സെസ്സുകളും ഉൾപ്പെടെ പ്രതിലിറ്ററിന് 3.56 രൂപയായിരുന്നത് 13 തവണ വർദ്ധനവ് വരുത്തി പ്രതിലിറ്ററിന് 31.80 രൂപയാക്കി.

(ബി) പെട്രോളിയം ഉൽപ്പന്നങ്ങളുടെ നികുതി, സെസ്സ് ഇനത്തിൽ കേന്ദ്രം ഈടാക്കുന്ന തുകയിൽ എത്ര ശതമാനമാണ് സംസ്ഥാന സർക്കാരിന് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ; നിലവിൽ ഇത് എത്ര രൂപയാണ്?

കേന്ദ്രം പെട്രോളിയം ഉൽപ്പന്നങ്ങളുടെ മേൽ ഈടാക്കുന്ന നികുതിയിൽ നിന്നുള്ള വിഹിതം സംസ്ഥാനങ്ങൾക്ക് നേരിട്ട് ലഭിക്കുന്നതല്ലാത്തതിനാൽ, വിശദാംശങ്ങൾ ലഭ്യമല്ല. എന്നാൽ സെസ്സിൽ നിന്നും കേന്ദ്രത്തിന് ലഭിക്കുന്ന വരുമാനം സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കുന്നില്ല.

(സി) പെട്രോൾ, ഡീസൽ എന്നിവ ജി.എസ്.ടി.യിൽ ഉൾപ്പെടുത്തിയാൽ സംസ്ഥാനത്തിനുണ്ടാകുന്ന സാമ്പത്തികനഷ്ടം കേന്ദ്ര സർക്കാർ നികത്തുമെന്നറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പെട്രോളിയം ഉല്പന്നങ്ങളെ ജി.എസ്.ടി.യിൽ ഉൾപ്പെടുത്തുന്നത് സംസ്ഥാനത്തിന് വൻ നികുതിനഷ്ടത്തിന് വഴിയൊരുക്കുന്ന സാഹചര്യമുള്ളതിനാൽ പെട്രോളിയം ഉല്പന്നങ്ങളെ പൂർണ്ണമായും ജി.എസ്.ടി.യിൽ ഉൾപ്പെടുത്താതെ സംസ്ഥാനങ്ങൾക്ക് നികുതി ചുമത്താനുള്ള അധികാരം നിലനിർത്തണമെന്ന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത ചർച്ചകളുടെ അടിസ്ഥാനത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. പെട്രോളിയം ഉല്പന്നങ്ങളായ പെട്രോൾ, ഡീസൽ എന്നിവയ്ക്ക് കേരളാ പൊതുവിൽപ്പന നികുതി നിയമം 1963 അനുസരിച്ച് യഥാക്രമം 30.08, 22.76 ശതമാനം വീതമാണ് നികുതി നിരക്ക്. എന്നാൽ ജി.എസ്.ടി.യിൽ ഉൾപ്പെടുത്തുമ്പോൾ ചരക്കുസേവന നികുതി നിയമ ഷെഡ്യൂൾ പ്രകാരം നിശ്ചയിച്ചിരിക്കുന്ന പരമാവധി നികുതി നിരക്കായ 28% ചുമത്തിയാൽപോലും സംസ്ഥാനത്തിന് SGST വിഹിതമായ 14% മാത്രമേ ലഭ്യമാകുകയുള്ളൂ.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഉഴവൂർ സെന്റ് സ്റ്റീഫൻസ് കോളേജ് ഗസ്റ്റ് അദ്ധ്യാപികയ്ക്ക് ശമ്പളം സ്പാർക്കിലൂടെ നൽകുന്നതിന് നടപടി

1 (382) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉഴവൂർ സെന്റ് സ്റ്റീഫൻസ് കോളേജ് ഗസ്റ്റ് അദ്ധ്യാപികയായിരുന്ന ശ്രീമതി ബിബിലി ബേബിയുടെ (TPEN നമ്പർ M4/1669) ശമ്പളം മാസങ്ങളായി സ്പാർക്കിൽ കുരുങ്ങിക്കിടക്കുന്നതിന് പരിഹാരം കണ്ടെത്തുമോ;

(ബി) ശ്രീമതി ബിബി ബോബിയുടെ ബിൽ പാസ്സാക്കി നൽകണമെന്നും സ്പാർക്ക് അക്കൗണ്ടിലെ പിശക് തിരുത്തണമെന്നും ആവശ്യപ്പെട്ടുകൊണ്ട് പ്രസ്തുത കോളേജ് പ്രിൻസിപ്പൽ സർക്കാരിലേയ്ക്ക് പ്രോപ്പർ ചാനലിൽ അപേക്ഷ നൽകിയിരുന്നുവെങ്കിലും പ്രസ്തുത അപേക്ഷ സ്പാർക്കിൽ ഇതുവരെ പരിഹരിച്ചിട്ടില്ലാത്തതിനാൽ (സ്പാർക്ക് ഫയൽ നമ്പർ S3/159/21), ആയത് എത്രയുംവേഗം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ശ്രീമതി ബിബിലിക്ക് 2017 മുതൽ കിട്ടുവാനുള്ള പെൻഡിംഗ് സാലറി എത്രയുംവേഗം നൽകുന്നതിന് ധനകാര്യ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; പ്രസ്തുത സാലറി എന്നത്തേയ്ക്ക് നൽകുവാൻ കഴിയും എന്നറിയിക്കാമോ?

(എ-സി) ഉഴവൂർ സെന്റ് സ്റ്റീഫൻസ് കോളേജ് ഗസ്റ്റ് അദ്ധ്യാപിക ആയിരുന്ന ശ്രീമതി ബിബിലി ബേബിയുടെ 2019 ജൂൺ മുതൽ ഡിസംബർ വരെയുള്ള ശമ്പളം സ്പാർക്കിൽ പ്രോസസ്സ് ചെയ്യുന്നതിനുള്ള തടസ്സം എന്തെന്ന് കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കത്തിൽ വ്യക്തമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത വിഷയം പരിശോധിക്കുന്നതിനായി ടിയാരിയുടെ സ്പാർക്ക് ഐഡിയും, സ്പാർക്കിൽ എന്ത് മാറ്റമാണ് വരുത്തേണ്ടത് എന്നത് വ്യക്തമാക്കുന്ന ഡി.ഡി.ഒ-യുടെ കത്തും സഹിതം (ടെർമിനേഷൻ ഡേറ്റ് കറക്റ്റ് ചെയ്യുന്നതിന് തെറ്റായി ടെർമിനേഷൻ ചെയ്ത ഡി.ഡി.ഒ. യുടെ കത്ത് സഹിതം) ഫയൽ പുനർസമർപ്പിക്കുവാൻ ഉന്നതവിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ശ്രീമതി ബിബിലി ബേബിയുടെ ശമ്പളം പ്രോസസ്സ് ചെയ്യുന്നതാണ്.

**ധനകാര്യവകുപ്പ് സൂക്ഷ്മപരിശോധന നടത്തുന്ന സ്ഥാപനങ്ങൾ**

2(383) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ്, സി & എ.ജി. ഓഡിറ്റ് എന്നിവ നടക്കുന്ന ഏതെങ്കിലും സ്ഥാപനങ്ങളിൽ ധനകാര്യ വകുപ്പ് സൂക്ഷ്മപരിശോധന നടത്താറുണ്ടോ?

സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ്, സി & എ.ജി ഓഡിറ്റ് എന്നിവ പരിഗണിക്കാതെതന്നെ സർക്കാർ വകുപ്പുകൾ, അവയ്ക്കുകീഴിൽ വരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ ധനസഹായം ലഭിക്കുന്ന സ്ഥാപനങ്ങൾ, മറ്റ് അനുബന്ധ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പരാതിയുടെ അടിസ്ഥാനത്തിലോ, ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്കോ ധനകാര്യ പരിശോധനാ വിഭാഗം സൂക്ഷ്മ പരിശോധന നടത്താറുണ്ട്.

(ബി) എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളിലാണ് ഇപ്രകാരം പരിശോധന നടത്തുന്നതെന്നും പ്രസ്തുത പരിശോധനയ്ക്ക് അടിസ്ഥാനമാക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

സർക്കാർ വകുപ്പുകൾ, അവയ്ക്ക് കീഴിൽ വരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ ധനസഹായം ലഭിക്കുന്ന സ്ഥാപനങ്ങൾ, മറ്റ് അനുബന്ധ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സാമ്പത്തിക ക്രമക്കേടുകൾ ആരോപിച്ചുകൊണ്ടുള്ള പരാതികളുടെ അടിസ്ഥാനത്തിലോ, ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെടുന്ന അവസരത്തിലോ ധനകാര്യ പരിശോധനാ വിഭാഗം സൂക്ഷ്മ പരിശോധന നടത്താറുണ്ട്. കൂടാതെ സാമ്പത്തിക അച്ചടക്കം പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിനായി മേൽ സ്ഥാപനങ്ങളിൽ ആകസ്മിക പരിശോധനയും നടത്താറുണ്ട്.

**കോവിഡ് കാലത്തെ സാമ്പത്തിക മാന്ദ്യം മറികടക്കൽ**

3 (384) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ അവശ്യ സാധനങ്ങളുടേയും വിലക്കയറ്റവും ഇന്ധന വില വർദ്ധനവും ജനത്തിന്റെ വാങ്ങൽ ശേഷിയേയും നിക്ഷേപ സാദ്ധ്യതയേയും ബാധിച്ചിരിക്കുന്ന ഈ കോവിഡ് കാലത്ത് സംജാതമായിട്ടുള്ള സാമ്പത്തിക മാന്ദ്യം മറികടക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള ക്രിയാത്മക നടപടികൾ വ്യക്തമാക്കുമോ?

ജനങ്ങളുടെ ക്രയശേഷി വർദ്ധിപ്പിക്കുകയെന്നതാണ് നിലവിലെ സാമ്പത്തികമാന്ദ്യത്തിനുള്ള പരിഹാരം എന്നാണ് സർക്കാർ കരുതുന്നത്. അതുകൊണ്ടുതന്നെ സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനായി ഹ്രസ്വകാല, ദീർഘകാല നടപടികളാണ് സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത്. ഇവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.

1. കോവിഡ് രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ ഉയർന്നുവരുന്ന ആരോഗ്യ, സാമൂഹ്യ, സാമ്പത്തിക വെല്ലുവിളികളെ നേരിടാൻ 20,000 കോടി രൂപയുടെ രണ്ടാം കോവിഡ് പാക്കേജ് ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുണ്ട്. ആരോഗ്യ അടിയന്തിരാവസ്ഥ നേരിടുന്നതിനുള്ള 2,800 കോടി രൂപയും ഉപജീവനം പ്രതിസന്ധിയിലായവർക്ക് നേരിട്ട് പണം കയ്യിലെത്തിക്കുന്നതിനായി 8,900 കോടി രൂപയും സാമ്പത്തിക പുനരുജ്ജീവനത്തിനായി വിവിധ ലോണുകൾ, പലിശ സബ്സിഡി എന്നിവയ്ക്കായുള്ള 8,300 കോടി രൂപയും ഇതിന്റെ ഭാഗമാണ്.

2. പ്രാഥമിക സഹകരണ സംഘങ്ങളെയും വാണിജ്യ ബാങ്കുകളെയും ഉൾപ്പെടുത്തിക്കൊണ്ട് വിപുലമായ സാമ്പത്തിക പുനരുജ്ജീവന വായ്പാ പദ്ധതി ആവിഷ്കരിക്കുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. നബാർഡിന്റെ പുനർവായ്പാ സ്കീമിന്റെ സാദ്ധ്യതയും കേന്ദ്ര സർക്കാരും റിസർവ് ബാങ്കും പ്രഖ്യാപിച്ചിട്ടുള്ള വായ്പാ പാക്കേജുകളുടെ സാദ്ധ്യതയും ഇതിനായി പരമാവധി ഉപയോഗപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

3. സംസ്ഥാനത്തിന്റെ അടിസ്ഥാനസൗകര്യ, വ്യവസായ, പരമ്പരാഗത മേഖലകളിലടക്കം കൂടുതൽ തൊഴിൽദിനങ്ങളും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതും തൊഴിൽ നൈപുണ്യം ആവശ്യമുള്ള മേഖലകളിലേയ്ക്ക് തൊഴിൽ രഹിതരെയും അഭ്യസ്തവിദ്യരെയും പ്രാപ്തമാക്കുന്നതിന് ഉതകുന്ന പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതും അടക്കമുള്ള നടപടികളാണ് സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത്. സംസ്ഥാനത്തെ ഒരു വിജ്ഞാന സമ്പദ് വ്യവസ്ഥയാക്കി രൂപപ്പെടുത്തുവാനും അഞ്ചുവർഷ കാലയളവിൽ കുറഞ്ഞത് 20 ലക്ഷം പേർക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനുള്ള ഡിജിറ്റൽ പ്ലാറ്റ്ഫോം രൂപീകരിക്കുവാനും ഉന്നത വിദ്യാഭ്യാസത്തിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുമുള്ള തീരുമാനവും അടിസ്ഥാന സൗകര്യ മേഖലയിലെ കിഫ്ബി, ആർ.കെ.ഐ. എന്നിവ മുഖാന്തരമുള്ള ഇടപെടലുകളും ആ ദിശയിലേയ്ക്കുള്ള ചുവടുവയ്പാണ്.

4. തീരദേശ മേഖലയിൽ പ്രഖ്യാപിച്ച ഏതാണ്ട് 11,000 കോടി രൂപയുടെ വികസന പദ്ധതികൾ.

5. 500 കോടി രൂപയുടെ റബ്ബർ സബ്സിഡി.

6. മത്സ്യസംസ്കരണത്തിനും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണത്തിനു മുതകുന്ന പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പദ്ധതി.

7. കുടുംബശ്രീ വഴിയുള്ള വിവിധയിനം സാമൂഹ്യക്ഷേമ പദ്ധതികൾക്കുള്ള ഉയർന്ന ബഡ്ജറ്റ് വിഹിതം.

8. തൊഴിലുറപ്പ് പദ്ധതിയിൽ കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുക.

(ബി) പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് ജി.എസ്.ടി. ഏർപ്പെടുത്തുന്നതിൽ സംസ്ഥാനം സ്വീകരിച്ച നിലപാട് വിശദമാക്കുമോ; ഇതിന്മേൽ കേന്ദ്രസർക്കാർ ഏർപ്പെടുത്തിയ സെസ്സ് ഒഴിവാക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുകയുണ്ടായോ എന്ന് അറിയിക്കുമോ;

(സി) പെട്രോൾ, ഡീസൽ, പാചക വാതക വില കുറയ്ക്കുന്നതിനായി സ്വീകരിച്ചുവരുന്ന ക്രിയാത്മക നടപടികൾ വ്യക്തമാക്കുമോ?

(എ-സി) നിലവിൽ പാചകവാതകം ജി.എസ്.ടി.യുടെ പരിധിയിലാണ് വരുന്നത്. പെട്രോളിയം ഉല്പന്നങ്ങളെ ജി.എസ്.ടി.യിൽ ഉൾപ്പെടുത്തുന്നത് സംസ്ഥാനത്തിന് നികുതിനഷ്ടത്തിന് വഴിയൊരുക്കുന്ന സാഹചര്യമുള്ളതിനാൽ പെട്രോളിയം ഉല്പന്നങ്ങളെ പൂർണ്ണമായും ജി.എസ്.ടി-യിൽ ഉൾപ്പെടുത്താതെ സംസ്ഥാനങ്ങൾക്ക് നികുതി ചുമത്താനുള്ള അധികാരം നിലനിർത്തണമെന്ന് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത ചർച്ചകളുടെ അടിസ്ഥാനത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. പെട്രോളിയം ഉല്പന്നങ്ങളായ പെട്രോൾ, ഡീസൽ എന്നിവയ്ക്ക് കേരളാ പൊതുവിൽപ്പന നികുതി നിയമം 1963 അനുസരിച്ച് യഥാക്രമം 30.08, 22.76 ശതമാനം വീതമാണ് നികുതി നിരക്ക്. എന്നാൽ ജി.എസ്.ടി.യിൽ ഉൾപ്പെടുത്തുമ്പോൾ ചരക്കുസേവന നികുതി നിയമ ഷെഡ്യൂൾ പ്രകാരം നിശ്ചിയിച്ചിരിക്കുന്ന പരമാവധി നികുതിനിരക്കായ 28% ചുമത്തിയാൽപോലും സംസ്ഥാനത്തിന് SGST വിഹിതമായ 14% മാത്രമേ ലഭ്യമാകുകയുള്ളൂ. പെട്രോൾ, ഡീസൽ എന്നിവയ്ക്ക് കേന്ദ്ര ഗവൺമെന്റ് കേന്ദ്ര അഡീഷണൽ എക്സൈസ് നിരക്ക് പലതവണ വർദ്ധിപ്പിച്ചതായി കണ്ടുവരുന്നു. ഇത് ഇന്ധനവില വർദ്ധനവിന് കാരണമാകുന്നുണ്ട്. കമ്പോളവിലയിലുണ്ടാകുന്ന ഇടിവ് ഓഫ്സെറ്റ് ചെയ്ത് കേന്ദ്ര അഡീഷണൽ എക്സൈസ് നിരക്ക് വർദ്ധിപ്പിക്കുന്ന രീതിയാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. ഇങ്ങനെ കേന്ദ്ര സർക്കാർ സമാഹരിക്കുന്ന പണം സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടതുമില്ല. കമ്പോളത്തിൽ ക്രൂഡ് ഓയിൽ വില കുറയുമ്പോൾപോലും ആയതിന്റെ നേട്ടം ജനങ്ങൾക്ക് കൈമാറ്റം ചെയ്യാത്ത തുടർച്ചയായ ജനദ്രോഹ നടപടികൾ പിൻവലിക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകുകയാണ് വേണ്ടത്.

**കോവിഡ്, പ്രളയം എന്നിവയുണ്ടാക്കിയ പ്രത്യാഘാതങ്ങൾക്ക് പരിഹാരം**

4 (385) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്, പ്രളയം എന്നിവമൂലം സാമ്പത്തികമായി ഉലഞ്ഞ പൊതുസമൂഹത്തിൽ ആത്മഹത്യാ പ്രവണതകൾ കൂടി വരുന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്ത് ആത്മഹത്യ ചെയ്തവരുടെ മൊത്തം കണക്കുകൾ കണക്കിലെടുക്കുമ്പോൾ കോവിഡ്-പ്രളയ കാലഘട്ടത്തിൽ ആത്മഹത്യയുടെ നിരക്കിൽ വർദ്ധനവ് വന്നിട്ടുള്ളതായി കാണുന്നില്ല.

(ബി) കോവിഡ്, പ്രളയം എന്നിവമൂലം കേരളത്തിന്റെ സാമ്പത്തിക രംഗത്തുണ്ടായതും ഇനിയുണ്ടാക്കാവുന്നതുമായ പ്രത്യാഘാതങ്ങൾ പ്രത്യേകം പഠനവിധേയമാക്കിയിട്ടുണ്ടോ?

കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ ചെലവ് ചുരുക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി 05-5-2020-ലെ സ.ഉ.(സാധാ) നമ്പർ 2945/2020/ധന പ്രകാരം Expert Committee to conduct study on the impact of Covid-19 and the consequence of lockdown on the different facets of public finance of the state, 14-5-2020-ലെ സ.ഉ.(സാധാ) നമ്പർ 3032/2020/ധന പ്രകാരം Expert Committee on Rationalizing Revenue Expenditure എന്നീ രണ്ട് വിദഗ്ദ്ധ സമിതികളെ നിയോഗിച്ചിരുന്നു. ഈ രണ്ട് സമിതികളും സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഈ സമിതികളുടെ റിപ്പോർട്ടിലെ ചെലവ് ചുരുക്കൽ നിർദ്ദേശങ്ങൾ പരിഗണിച്ച് 05-11-2020-ലെ സ.ഉ.(അച്ചടി) നമ്പർ 152/2020/ധന പ്രകാരം ധനദൃഢീകരണം സാദ്ധ്യമാക്കുന്ന വ്യയ നിയന്ത്രണ നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കോവിഡ്-19 മഹാമാരി, സംസ്ഥാന സമ്പദ്‌വ്യവസ്ഥയുടെ വിവിധ മേഖലകളിൽ ഏല്പിച്ച സാമൂഹികവും സാമ്പത്തികവുമായ ആഘാതം തിട്ടപ്പെടുത്തുന്നതിനും സംസ്ഥാനം നേരിടുന്ന സാമ്പത്തിക വെല്ലുവിളികളെ ഊർജ്ജിതമായി നേരിടുക വഴി സംസ്ഥാനത്തെ ഈ പ്രതിസന്ധി ഘട്ടത്തിൽനിന്നും കരകയറ്റുന്നതിനുള്ള ഫലപ്രദമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി ഒരു പഠനം നടത്തുവാൻ 18-8-2021-ലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 5599/2021/ധന പ്രകാരം Gulati Institute of Finance & Taxation (GIFT)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. GIFT ഇതുസംബന്ധിച്ച് പഠനം നടത്തിവരുന്നു.

(സി) കോവിഡ്മൂലം ജോലി നഷ്ടപ്പെട്ടവർ, തിരികെയെത്തിയ പ്രവാസികൾ എന്നിവരെയെല്ലാം സഹായിക്കുന്നതിന് പ്രത്യേക സാമ്പത്തികപാക്കേജിന് രൂപം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ രൂപം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

കോവിഡ് രണ്ടാം തരംഗത്തിന്റെ പ്രത്യാഘാതമനുഭവിക്കുന്ന ചെറുകിട വ്യാപാരികൾ, വ്യവസായികൾ, കൃഷിക്കാർ എന്നിവരുൾപ്പെടെയുള്ളവർക്ക് സഹായകരമായി പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ ചട്ടം 300 അനുസരിച്ച് 30-7-2021-ൽ സഭയിൽ പ്രസ്താവനയായി അവതരിപ്പിച്ച പാക്കേജ് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കോവിഡ് പ്രതിസന്ധികാരണമുള്ള സാമ്പത്തികമാന്ദ്യം**

5 (386) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിന്റെ പശ്ചാത്തലത്തിലുണ്ടായ സാമ്പത്തികമാന്ദ്യം സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ എത്രമാത്രം ബാധിച്ചിട്ടുണ്ടെന്ന കാര്യം പഠന വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ബി) കോവിഡും ലോക്ക്ഡൗണും സംസ്ഥാനത്തെ വിവിധ മേഖലകളിൽ ഉണ്ടാക്കിയിരിക്കുന്ന ആഘാതം പ്രത്യേകമായി സംസ്ഥാന സർക്കാർ വിലയിരുത്തിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

(എ&ബി) കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ ചെലവ് ചുരുക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി 5-5-2020-ലെ സ.ഉ.(സാധാ) നമ്പർ 2945/2020/ധന. പ്രകാരം Expert Committee to conduct study on the impact of Covid-19 and the consequence of lockdown on the different facets of public finance of the state, 14-5-2020-ലെ സ.ഉ.(സാധാ) നമ്പർ 3032/2020/ ധന. പ്രകാരം Expert Committee on Rationalizing Revenue Expenditure എന്നീ രണ്ട് വിദഗ്ദ്ധ സമിതികളെ നിയോഗിച്ചിരുന്നു. ഈ രണ്ട് സമിതികളും സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഈ സമിതികളുടെ റിപ്പോർട്ടിലെ ചെലവ് ചുരുക്കൽ നിർദ്ദേശങ്ങൾ പരിഗണിച്ച് 05-11-2020-ലെ സ.ഉ.(അച്ചടി) നമ്പർ 152/2020/ധന. പ്രകാരം ധനദൃഢീകരണം സാദ്ധ്യമാക്കുന്ന വ്യയ നിയന്ത്രണ നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കോവിഡ്-19 മഹാമാരി, സംസ്ഥാന സമ്പദ്‌വ്യവസ്ഥയുടെ വിവിധ മേഖലകളിൽ ഏല്പിച്ച സാമൂഹികവും സാമ്പത്തികവും ആയ ആഘാതം തിട്ടപ്പെടുത്തുന്നതിനും സംസ്ഥാനം നേരിടുന്ന സാമ്പത്തികവെല്ലുവിളികളെ ഊർജ്ജിതമായി നേരിടുകവഴി സംസ്ഥാനത്തെ ഈ പ്രതിസന്ധി ഘട്ടത്തിൽനിന്നും കരകയറ്റുന്നതിനുള്ള ഫലപ്രദമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി ഒരു പഠനം നടത്തുവാൻ 18-8-2021-ലെ സർക്കാർ ഉത്തരവ് (സാധാ)നം.5599/ 2021/ധന. പ്രകാരം Gulati Institute of Finance & Taxation (GIFT)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. GIFT ഇതുസംബന്ധിച്ച് പഠനം നടത്തിവരുന്നു.

(സി) കോവിഡ് പ്രതിസന്ധി പരിഹരിക്കാൻ സംസ്ഥാന സർക്കാർ നാളിതുവരെ ഏതൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; ഇതിനായി സർക്കാർ സ്വീകരിച്ച നടപടികൾ പര്യാപ്തമാണ് എന്ന് കരുതുന്നുണ്ടോ?

ജനങ്ങളുടെ ക്രയശേഷി വർദ്ധിപ്പിക്കുകയെന്നതാണ് നിലവിലെ സാമ്പത്തിക മാന്ദ്യത്തിനുള്ള പരിഹാരം എന്നാണ് സർക്കാർ കരുതുന്നത്. അതുകൊണ്ടുതന്നെ സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനായി ഹ്രസ്വകാല, ദീർഘകാല നടപടികളാണ് സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത്. ഇവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.

1. ഒന്നാം കോവിഡ് തരംഗത്തിന്റെ പശ്ചാത്തലത്തിൽ 20,000 കോടി രൂപയുടെ ഒന്നാം കോവിഡ് പാക്കേജ് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരുന്നു. ഒന്നാം പാക്കേജിൽ പ്രധാനമായും ഊന്നൽ നൽകിയിരുന്നത് ക്ഷേമപെൻഷനുകൾ നൽകുക, ഒരു പെൻഷനും ലഭിക്കാത്ത ബി.പി.എൽ. അന്ത്യോദയ കുടുംബങ്ങൾക്ക് ധനസഹായം, കുടുംബശ്രീ യൂണിറ്റുകൾക്കുള്ള ചെറുകിട വായ്പകൾ അനുവദിക്കുക, 1000 കമ്മ്യൂണിറ്റി കിച്ചനുകൾ സ്ഥാപിക്കുക, ഭക്ഷ്യക്കിറ്റ് വിതരണം ചെയ്യൽ, സൗജന്യ റേഷൻ വിതരണം, ചെറുകിട വ്യവസായ സംരംഭകർക്കുള്ള ധനസഹായം, തൊഴിൽ നഷ്ടപ്പെട്ട പ്രവാസികൾക്കുള്ള ധനസഹായം, അവശ്യമരുന്നുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങൽ എന്നിവയായിരുന്നു.

2. കോവിഡ് രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ ഉയർന്നുവരുന്ന ആരോഗ്യ, സാമൂഹ്യ, സാമ്പത്തിക വെല്ലുവിളികളെ നേരിടാൻ 20,000 കോടി രൂപയുടെ രണ്ടാം കോവിഡ് പാക്കേജ് ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുണ്ട്. ആരോഗ്യ അടിയന്തരാവസ്ഥ നേരിടുന്നതിനുള്ള 2,800 കോടി രൂപയും ഉപജീവനം പ്രതിസന്ധിയിലായവർക്ക് നേരിട്ട് പണം കയ്യിലെത്തിക്കുന്നതിനായി 8,900 കോടി രൂപയും സാമ്പത്തിക പുനരുജ്ജീവനത്തിനായി വിവിധ ലോണുകൾ, പലിശ സബ്സിഡി എന്നിവയ്ക്കായുള്ള 8,300 കോടി രൂപയും ഇതിന്റെ ഭാഗമാണ്.

3. പ്രാഥമിക സഹകരണ സംഘങ്ങളെയും വാണിജ്യ ബാങ്കുകളെയും ഉൾപ്പെടുത്തിക്കൊണ്ട് വിപുലമായ സാമ്പത്തിക പുനരുജ്ജീവന വായ്പാ പദ്ധതി ആവിഷ്കരിക്കുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. നബാർഡിന്റെ പുനർവായ്പാ സ്കീമിന്റെ സാദ്ധ്യതയും കേന്ദ്ര സർക്കാരും റിസർവ് ബാങ്കും പ്രഖ്യാപിച്ചിട്ടുള്ള വായ്പാ പാക്കേജുകളുടെ സാദ്ധ്യതയും ഇതിനായി പരമാവധി ഉപയോഗപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

4. സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ, വ്യവസായ, പരമ്പരാഗത മേഖലകളിലടക്കം കൂടുതൽ തൊഴിൽദിനങ്ങളും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതും തൊഴിൽനൈപുണ്യം ആവശ്യമുള്ള മേഖലകളിലേയ്ക്ക് തൊഴിൽരഹിതരെയും അഭ്യസ്തവിദ്യരെയും പ്രാപ്തമാക്കുന്നതിന് ഉതകുന്ന പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതും അടക്കമുള്ള നടപടികളാണ് സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത്. സംസ്ഥാനത്തെ ഒരു വിജ്ഞാന സമ്പദ്‌വ്യവസ്ഥയാക്കി രൂപപ്പെടുത്തുവാനും അഞ്ചുവർഷ കാലയളവിൽ കുറഞ്ഞത് 20 ലക്ഷം പേർക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനുള്ള ഡിജിറ്റൽ പ്ലാറ്റ്ഫോം രൂപീകരിക്കുവാനും ഉന്നത വിദ്യാഭ്യാസത്തിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുമുള്ള തീരുമാനവും അടിസ്ഥാന സൗകര്യ മേഖലയിലെ കിഫ്ബി, ആർ.കെ.ഐ. എന്നിവ മുഖാന്തരമുള്ള ഇടപെടലുകളും ആ ദിശയിലേയ്ക്കുള്ള ചുവടുവയ്പാണ്.

5. തീരദേശ മേഖലയിൽ പ്രഖ്യാപിച്ച ഏതാണ്ട് 11,000 കോടി രൂപയുടെ വികസന പദ്ധതികൾ.

6. 500 കോടി രൂപയുടെ റബ്ബർ സബ്സിഡി.

7. മത്സ്യ സംസ്കരണത്തിനും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണത്തിനു മുതകുന്ന പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പദ്ധതി.

8. കുടുംബശ്രീ വഴിയുള്ള വിവിധയിനം സാമൂഹ്യക്ഷേമ പദ്ധതികൾക്കുള്ള ഉയർന്ന ബഡ്ജറ്റ് വിഹിതം.

9. തൊഴിലുറപ്പ് പദ്ധതിയിൽ കൂടുതൽ തൊഴിൽദിനങ്ങൾ സൃഷ്ടിക്കുക. സർക്കാർ ചെലവുകളുടെ കാര്യക്ഷമതയും ഗുണപരതയും ഉത്പാദനക്ഷമതയും ഉയർത്തുകയും അനാവശ്യ ചെലവുകളും ധൂർത്തും തടഞ്ഞ് ധനദൃഢീകരണം സാദ്ധ്യമാക്കുകയെന്ന നയത്തിന്റെ ഭാഗമായാണ് പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണച്ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. ആയതിന്റെ ഭാഗമായി വിദേശയാത്ര, വിമാനയാത്ര, ടെലഫോൺ ചാർജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ ലീവ് സറണ്ടർ അടക്കമുള്ള വിവിധ ഇനം ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) കോവിഡ് വ്യവസായ, വാണിജ്യ മേഖലകളിൽ സൃഷ്ടിച്ച പ്രതിസന്ധി കണക്കിലെടുത്ത് സംസ്ഥാന സർക്കാർ സമാശ്വാസ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കോവിഡ് രണ്ടാംതരംഗത്തിന്റെ പ്രത്യാഘാതമനുഭവിക്കുന്ന ചെറുകിട വ്യാപാരികൾ, വ്യവസായികൾ, കൃഷിക്കാർ എന്നിവരുൾപ്പെടെയുള്ളവർക്ക് സഹായകരമായി പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ ചട്ടം 300 അനുസരിച്ച് 30-7-2021-ൽ സഭയിൽ പ്രസ്താവനയായി അവതരിപ്പിച്ച പാക്കേജ് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## റവന്യൂ വരുമാനം

6 (387) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2020-21 വരെയുള്ള റവന്യൂ എസ്റ്റിമേറ്റ് എത്രയാണ്;

(ബി) ഓരോ സാമ്പത്തിക വർഷവും എത്ര റവന്യൂ വരുമാനം ലഭിച്ചു?

(എ&ബി) വിശദാംശം പട്ടിക രൂപത്തിൽ അനുബന്ധമായി ചേർക്കുന്നു.*

(സി) റവന്യൂ വരുമാനം പ്രതീക്ഷിച്ചതിനെക്കാൾ കുറയാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ?

അപ്രതീക്ഷിതമായ നോട്ട് അസാധുവാക്കൽ നടപടിയെ തുടർന്ന് ഉടലെടുത്ത പ്രതിസന്ധിയും ചരക്കുസേവന നികുതി നടപ്പിലാക്കിയപ്പോഴുണ്ടായ സാങ്കേതികപ്രശ്നങ്ങളും സംസ്ഥാനത്തിന്റെ തനത് നികുതി, നികുതിയേതര സമാഹരണത്തിൽ കാര്യമായ പ്രതിസന്ധി ഉണ്ടാക്കിയിട്ടുണ്ട്. ഇതിനുപുറമേ കേന്ദ്ര നികുതി വിഹിതമായി പ്രതീക്ഷിച്ചിരുന്ന തുക ലഭിക്കാതിരുന്നതും 2018-19, 2019-20 വർഷങ്ങളിലെ പ്രളയം, കോവിഡ്-19 മഹാമാരി സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി എന്നിവയും റവന്യൂ വരുമാനത്തിൽ കുറവ് വരാൻ കാരണമായിട്ടുണ്ട്.

## ലോട്ടറി, മദ്യ വില്പനകളിൽ നിന്നും ലഭിച്ച തുക

7 (388) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2020-21 വരെ ലോട്ടറി, മദ്യ വില്പനകളിൽ നിന്നും സർക്കാരിന് ലഭിച്ച തുക എത്രയായിരുന്നുവെന്നും ഇക്കാലയളവിൽ പ്രതീക്ഷിച്ചിരുന്ന തുക എത്രയായിരുന്നുവെന്നും വെളിപ്പെടുത്താമോ?

2016-17 മുതൽ 2020-21 വരെ ലോട്ടറി, മദ്യ വിൽപ്പനകളിൽ നിന്നും സർക്കാരിന് ലഭിച്ച തുകയും പ്രതീക്ഷിച്ച തുകയും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഈ സാമ്പത്തികവർഷം നാളിതുവരെ പ്രസ്തുതയിനങ്ങളിൽ നിന്നും ലഭിച്ച തുകയെത്രയാണെന്ന് അറിയിക്കാമോ?

ഈ സാമ്പത്തികവർഷം മദ്യ വില്പനയിൽനിന്നും (ആഗസ്റ്റ് മാസം വരെ) 636.49 കോടി രൂപയും ലോട്ടറിയിൽനിന്നും (28-9-2021 വരെ) 2069.88 കോടി രൂപയും ലഭിച്ചിട്ടുണ്ട്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പ്രളയ സെസ്സിലൂടെ ലഭിച്ച തുക

8 (389) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രളയ സെസ്സിലൂടെ ലഭിച്ച തുക വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

2018 ജൂലൈ-ആഗസ്റ്റ് മാസങ്ങളിൽ സംസ്ഥാനത്തിന്റെ മിക്കവാറും എല്ലാ ഭാഗങ്ങളിലും അനുഭവപ്പെട്ട അഭൂതപൂർവ്വമായ വെള്ളപ്പൊക്കത്തിനും ഉരുൾപൊട്ടലിനുംശേഷം, റീബിൽഡ് കേരള ഇനീഷ്യേറ്റീവിന് കീഴിൽ ഭൗതിക അടിസ്ഥാന സൗകര്യങ്ങളുടെ പുനർനിർമ്മാണത്തിന്റെയും പുനഃസ്ഥാപനത്തിന്റെയും ഭാഗമായി മൂലധന നിക്ഷേപ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിനുള്ള ഓപ്ഷനുകളുടെ ചട്ടക്കൂട് 12-10-2018-ലെ ജി.ഒ.(പി) നമ്പർ 161/2018/ധന. പ്രകാരം തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ പുനർനിർമ്മാണ പദ്ധതികൾക്ക് ധനസഹായം നൽകുന്നതിനുള്ള ഓപ്ഷനുകളിലൊന്നായിരുന്ന ജി.എസ്.ടി-യിലെ സെസ്സ്, കേരള പ്രളയ സെസ്സ് ഉൾപ്പെടെയുള്ള എല്ലാ ഫണ്ടുകളും സംസ്ഥാനത്തിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്കാണ് വന്നുചേരുന്നത്. സംസ്ഥാനത്തിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ വന്നുചേരുന്ന ഫണ്ടുകൾ നേരിട്ട് വിനിയോഗിക്കാൻ കഴിയില്ല. ഒരു പ്രത്യേക പദ്ധതിക്കായി അനുവദിച്ചിട്ടുള്ള ഫംഗ്ഷണൽ എക്സ്പെൻഡിച്ചർ ഹെഡിലേയ്ക്ക് ആവശ്യമായ ഫണ്ട് അനുവദിച്ച് നൽകിക്കൊണ്ടാണ് ഇത് വിനിയോഗിക്കുന്നത്. ഭൗതിക നിർമ്മിതികളുടെ പുനർനിർമ്മാണത്തിന്റെയും പുനരുദ്ധാരണത്തിന്റേയും ഭാഗമായി വിവിധ പ്രവർത്തനങ്ങൾക്ക് കേരള പ്രളയ സെസ്സ് ഉൾപ്പടെ വിവിധ ഫണ്ടിംഗ് ഏജൻസികളിൽനിന്നും സമാഹരിച്ച വരുമാനത്തിൽ നിന്നും ആവശ്യമായ ബഡ്ജറ്റ് വിഹിതം റീബിൽഡ് കേരള ഇനീഷ്യേറ്റീവിന്റെ ബഡ്ജറ്റ് ശീർഷകത്തിലാണ് വകയിരുത്തുന്നത്. പ്രവൃത്തികളുടെ പുരോഗതിക്കനുസരിച്ചാണ് ഈ ഫണ്ട് വിനിയോഗിക്കുന്നത്.

## എക്സ്പെൻഡിച്ചർ അവലോകന റിപ്പോർട്ട്

9 (390) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ചെലവുകളെക്കുറിച്ചും ധനകാര്യസ്ഥിതിയെക്കുറിച്ചും എക്സ്പെൻഡിച്ചർ അവലോകന കമ്മിറ്റി എത്ര റിപ്പോർട്ടുകൾ കഴിഞ്ഞ 5 വർഷകാലയളവിനുള്ളിൽ സർക്കാരിന് നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ; പ്രസ്തുത റിപ്പോർട്ടുകളിൻമേൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കഴിഞ്ഞ 5 വർഷക്കാലയളവിൽ 5 റിപ്പോർട്ടുകളാണ് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്. 2014-15, 2015-16, 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ സർക്കാരിന്റെ ചെലവുകളെക്കുറിച്ചും ധനസ്ഥിതിയെക്കുറിച്ചും യഥാക്രമം നാല് അവലോകന റിപ്പോർട്ടുകൾ നാലാമത് 'സംസ്ഥാന പൊതുച്ചെലവ് പുനഃപരിശോധന കമ്മിറ്റി' സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ, 2018-19 സാമ്പത്തിക വർഷത്തെ സർക്കാരിന്റെ ചെലവുകളെക്കുറിച്ചും ധനസ്ഥിതിയെക്കുറിച്ചും അഞ്ചാമത് 'സംസ്ഥാന പൊതുചെലവ് പുനഃപരിശോധന കമ്മിറ്റി' സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ ഭൂമിയുടെ ന്യായവില യുക്തിസഹമാക്കുക, ഫീസുകളും മറ്റും ക്രമപ്പെടുത്തുക, മോട്ടോർ വാഹന നികുതി, സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ യുക്തിസഹമായ പുതുക്കലുകൾ വരുത്തുക എന്നീ നടപടികളും സംസ്ഥാന നികുതിപിരിവിലെ കാര്യക്ഷമത ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. നിയതമായ വർക്ക് സ്റ്റഡി നടത്തിയതിനുശേഷം മാത്രമേ നിലവിൽ തസ്തികകൾ സൃഷ്ടിക്കുന്നുള്ളൂ. പബ്ലിക് അക്കൗണ്ട് വഴിയുള്ള കട ബാധ്യത കുറച്ചുകൊണ്ടുവരുന്നതിന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ ട്രഷറി അക്കൗണ്ടിൽനിന്നും 2017-18, 2018-19 വർഷങ്ങളിൽ ചെലവഴിക്കാതെ അവശേഷിച്ച തുക തിരിച്ചെടുക്കുകയുണ്ടായി. മറ്റ് അനാവശ്യ ചെലവുകൾ ഒഴിവാക്കണമെന്ന ഉദ്ദേശ്യത്തോടെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. റവന്യൂ കമ്മി ഒഴിവാക്കി മൂലധന ചെലവ് ഗണ്യമായി ഉയർത്തുക എന്ന സമീപനം സ്വീകരിച്ചാണ് സർക്കാർ പ്രവർത്തിക്കുന്നത്. എക്സ്പെൻഡിച്ചർ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലും നിലവിലെ സാമ്പത്തിക പ്രതിസന്ധിയും കണക്കിലെടുത്തുകൊണ്ട് നികുതിപിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ഊന്നൽ നൽകിക്കൊണ്ടും ധനലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാണ് സർക്കാർ ശ്രമിച്ചുവരുന്നത്.

(ബി) ധന ഉത്തരവാദിത്ത നിയമവുമായി ബന്ധപ്പെട്ട് സമയബന്ധിത ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്നും അതിൽ നിറവേറ്റാൻ കഴിയാത്തവയുടെ കാരണങ്ങൾ എന്തെന്നും വിശദമാക്കാമോ?

2018-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ആക്റ്റ് പ്രകാരമുള്ള പുതുക്കിയ ധനലക്ഷ്യങ്ങളും നേട്ടങ്ങളും ചുവടെ പറയും പ്രകാരമാണ്.

(ശതമാനത്തിൽ)

| ധന സൂചകങ്ങൾ | 2017-18 | 2018-19 | 2019-20 |
|---|---|---|---|
| റവന്യൂ കമ്മി/ജി.എസ്. ഡി.പി. ലക്ഷ്യം | 0 | 0 | 0 |
| നേട്ടം | 2.41 | 2.21 | 1.70 |
| ധനകമ്മി/ജി.എസ്. ഡി.പി. ലക്ഷ്യം | 3.0 | 3.0 | 3.0 |
| നേട്ടം | 3.83 | 3.41 | 2.79 |
| കടബാദ്ധ്യത/ജി.എസ്. ഡി.പി. ലക്ഷ്യം | 30.40 | 30.01 | 29.67 |
| നേട്ടം | 30.04 | 29.82 | 30.46* |

(*സംസ്ഥാനങ്ങൾ അഭിമുഖീകരിച്ച സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ 2019-20-ൽ 3 ശതമാനം വായ്പാപരിധിക്കുപുറമെ കേന്ദ്രസർക്കാർ സംസ്ഥാനത്തിന് അനുവദിച്ച 1471 കോടി രൂപയുടെ അധിക വായ്പ ഉൾപ്പെടെ) നോട്ട് നിരോധനവും GST നടപ്പിലാക്കിയതിലുള്ള അപാകതയും കാരണം സംസ്ഥാന തനത് നികുതിവരുമാനത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഇടിവും വർദ്ധിച്ചുവരുന്ന റവന്യൂ ചെലവും കാരണമാണ് ധന ഉത്തരവാദിത്ത നിയമത്തിൽ അനുശാസിക്കുന്ന ലക്ഷ്യങ്ങൾ കൈവരിക്കാൻ സംസ്ഥാനത്തിന് കഴിയാതിരുന്നത്. കേന്ദ്രസർക്കാർ കൈക്കൊണ്ട വികലമായ സാമ്പത്തിക നയങ്ങളുടേയും നോട്ട് നിരോധനത്തിന്റേയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്കുസേവന നികുതിയുടേയും പരിണതഫലമായി രാജ്യത്ത് ഉടലെടുത്ത സാമ്പത്തികമാന്ദ്യം സംസ്ഥാന സമ്പദ് വ്യവസ്ഥയേയും പ്രതികൂലമായി ബാധിച്ചിരുന്നു. തുടർച്ചയായ വർഷങ്ങളിൽ ഉണ്ടായ രണ്ട് പ്രളയങ്ങൾ, നോട്ട് നിരോധനത്തിന്റേയും ചരക്കുസേവന നികുതിയുടെയും ആഘാതത്തിൽ ഉഴലുന്ന സംസ്ഥാനത്തിന്റെ വിഭവ സമാഹരണ ശേഷിയെ കൂടുതൽ ദുർബ്ബലമാക്കി. ഇതോടൊപ്പം ജീവനക്കാരുടെ പി.എഫ്., ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പടക്കമുള്ള പബ്ലിക് അക്കൗണ്ടുകളിലെ വർദ്ധനവ് ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ വായ്പാ പരിധി വെട്ടിച്ചുരുക്കിയ കേന്ദ്രസർക്കാർ സമീപനവും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാരിൽ നിന്നും കടമെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ പുതുക്കുന്നതിലേയ്ക്കായി ധന ഉത്തരവാദിത്ത നിയമം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; ഭേദഗതി വരുത്തിയാൽ അത് സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതിയെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

കോവിഡ്-19 സംസ്ഥാന സമ്പദ്ഘടനയിൽ ഉണ്ടാക്കിയിട്ടുള്ള ആഘാതവും റവന്യൂ വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായതും കാരണം വായ്പയെ കൂടുതലായി ആശ്രയിക്കേണ്ട സാഹചര്യമാണ് സംസ്ഥാനത്ത് നിലനിൽക്കുന്നത്. 2019-ലെ സാമ്പത്തികമാന്ദ്യം, കോവിഡ്-19 തുടങ്ങിയവയുടെ പശ്ചാത്തലത്തിൽ ധന ഉത്തരവാദിത്ത നിയമത്തിൽ ഭേദഗതി വരുത്തണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായാണ് 2019-20-ൽ അധികവായ്പ അനുവദിക്കുകയും 2020-21-ൽ വായ്പാപരിധി GSDP-യുടെ 3 ശതമാനത്തിൽ നിന്നും 5 ശതമാനമായി വർദ്ധിപ്പിക്കുകയും 2021-22-ൽ മൂലധന ചെലവിന്റെ ലക്ഷ്യങ്ങൾക്ക് വിധേയമായി വായ്പാപരിധി GSDP യുടെ 4 ശതമാനമായി നിശ്ചയിച്ച് നൽകുകയും ചെയ്തിട്ടുള്ളത്. കൂടാതെ, നടപ്പ് സാമ്പത്തികവർഷം ഊർജ്ജ മേഖലയിലെ പരിഷ്കരണങ്ങൾക്കും ധന ഉത്തരവാദിത്ത നിയമത്തിന്റെ ഭേദഗതിക്കും വിധേയമായി GSDP-യുടെ 0.50% അധിക വായ്പയും അനുവദിച്ചിട്ടുണ്ട്. മേൽ വർഷങ്ങളിൽ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള അധിക വായ്പ സംസ്ഥാനം എടുത്തിട്ടുള്ളതിനാലും റവന്യൂ വരുമാനത്തിൽ ഉണ്ടായിട്ടുള്ള കുറവ് കാരണം വായ്പയെ കൂടുതലായി ആശ്രയിക്കേണ്ടി വരുന്നതിനാലും പ്രസ്തുത ഭേദഗതി വരുത്തേണ്ടത് അനിവാര്യമാണ്.

## പുതുക്കാട് മണ്ഡലത്തിലെ ഉപ്പുകുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

10 (391) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുള്ളതും പ്രസ്തുത ബഡ്ജറ്റിൽ 20% തുക നീക്കിവച്ചിട്ടുള്ളതുമായ പുതുക്കാട് മണ്ഡലത്തിലെ വരന്തരപ്പിള്ളി പഞ്ചായത്തിലെ ഉപ്പുകുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ എസ്റ്റിമേറ്റിൽ തുക വർദ്ധിച്ചതിനാൽ അനുമതി ഇനിയും ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) എം.എൽ.എ. നിർദ്ദേശിച്ച പ്രകാരം ബഡ്ജറ്റിൽ ഉൾപ്പെടുത്തുകയും 20% തുക നീക്കിവയ്ക്കുകയും ചെയ്ത പ്രസ്തുത പദ്ധതിക്ക് അധിക തുകയുൾപ്പെടെ ധനകാര്യ വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

സ്വീകരിച്ചിട്ടുണ്ട് (20% തുക വകയിരുത്തിയിട്ടുള്ള പദ്ധതി എന്ന നിലയിൽ ആദ്യ അടങ്കൽ തുകയായ 2 കോടി രൂപയ്ക്ക് 20% എന്ന നിലയിൽ 40 ലക്ഷം രൂപ 2021-22 ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. എന്നാൽ പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക 2 കോടി രൂപയിൽ നിന്ന് 3 കോടി 30 ലക്ഷം രൂപയായി അധികരിച്ചപ്പോൾ, അധികരിച്ച അടങ്കലിന്റെ 20% തുകയായ 26 ലക്ഷം രൂപ ഉചിത ശീർഷകങ്ങളിൽ കണ്ടെത്തി ഭരണാനുമതി പുറപ്പെടുവിക്കാനും അധിക തുക കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിൽ അധിക ധനാനുമതിക്ക് സർക്കാരിനെ സമീപിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്).

## സാന്ത്വന സ്പർശം അദാലത്തിൽ 25,000 രൂപ അനുവദിച്ചിട്ടും നാളിതുവരെ ലഭിച്ചിട്ടില്ല എന്ന പരാതി

11 (392) <u>ശ്രീമതി യു. പ്രതിഭ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ യു.ഐ.ടി. കോളേജിലെ എം.കോം വിദ്യാർത്ഥിയും ക്യാൻസർ രോഗം ബാധിച്ച് മരണപ്പെട്ട ശ്രീ. രാമചന്ദ്രൻ പിള്ളയുടെ മകളുമായ കായംകുളം, ചേരാവള്ളി മരുതനാട്ട് കിഴക്കതിൽ രശ്മിയുടെ പഠനത്തിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മാവേലിക്കരയിൽ വച്ച് നടന്ന സാന്ത്വന സ്പർശം അദാലത്തിൽ 25,000 രൂപ അനുവദിച്ചിട്ടും നാളിതുവരെ ലഭിച്ചിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തുക അനുവദിച്ചു എങ്കിൽ അത് ലഭ്യമാകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ 4-2-2021-ൽ മാവേലിക്കരയിൽ വച്ച് നടന്ന സാന്ത്വന സ്പർശം അദാലത്തിൽ ശ്രീമതി ലത, മരുതനാട് കിഴക്കതിൽ, ചേരാവള്ളി, കായംകുളം സമർപ്പിച്ച അപേക്ഷയിൽ അപേക്ഷകയുടെ മകൾക്ക് വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കണമെന്നും പഠനമുറി അനുവദിച്ച് നൽകണമെന്നുമുള്ള ആവശ്യത്തിനായി സമർപ്പിച്ച അപേക്ഷയിൽ ബഹുമാനപ്പെട്ട മന്ത്രി, വിദ്യാഭ്യാസ സഹായമായി 25,000 രൂപ അനുവദിച്ചിട്ടുള്ളതാണെന്നും എന്നാൽ വിദ്യാഭ്യാസ ആവശ്യത്തിനുള്ള അപേക്ഷയിൽ CMDRF മാനദണ്ഡപ്രകാരം തുക അനുവദിക്കുന്നതിന് നിർവ്വാഹമില്ലാത്തതിനാൽ ടി വിഷയത്തിൽ സർക്കാർ തലത്തിൽ തീരുമാനമെടുക്കുന്നതിനായി അപേക്ഷ സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതാണെന്നും ആലപ്പുഴ ജില്ലാകളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അപേക്ഷ സർക്കാരിലേയ്ക്ക് ലഭിക്കുന്ന മുറയ്ക്ക് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**പുതിയ ഡി.എസ്.ആർ. നിരക്ക് നടപ്പിലാക്കൽ**

12 (393) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ഡി.എസ്.ആർ.നിരക്ക് നടപ്പിലാക്കാൻ തീരുമാനിച്ച സാഹചര്യത്തിൽ നിലവിൽ ടെണ്ടർ ചെയ്തതും ഭരണാനുമതി ആയതുമായ പ്രവൃത്തികൾക്ക് പുതുക്കിയ നിരക്ക് പ്രകാരം വരുന്ന അധിക തുക അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ഇത് എങ്ങനെയാണ് നടപ്പിലാക്കാൻ തീരുമാനിച്ചതെന്ന് വിശദമാക്കാമോ?

(എ&ബി) പരിശോധിച്ചുവരികയാണ്.

**പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ആശ്വാസ ധനസഹായം**

13 (394) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ജീവനക്കാരൻ സർവ്വീസിലിരിക്കെ മരണപ്പെട്ടാൽ അവസാനം വാങ്ങിയ ശമ്പളത്തിന് തുല്യമായ തുക ആശ്രിതർക്ക് ആശ്വാസ ധനസഹായം നൽകാനുള്ള 2011-2016 കാലയളവിലെ സർക്കാരിന്റെ തീരുമാനം പിൻവലിക്കാൻ ഉണ്ടായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ?

പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗമായിട്ടുള്ള ജീവനക്കാരൻ സർവ്വീസിലിരിക്കെ മരണമടയുന്ന സാഹചര്യത്തിൽ ടിയാൻ അവസാനം വാങ്ങിയ ശമ്പളത്തിനു തുല്യമായ തുക ആശ്രിതർക്ക് ആശ്വാസ ധനസഹായം അനുവദിക്കുന്നതിനായി 26-12-2012-ൽ മന്ത്രിസഭ തീരുമാനം കൈക്കൊള്ളുകയും ഉത്തരവ് പുറപ്പെടുവിക്കാൻ ധനകാര്യ വകുപ്പിന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. പ്രസ്തുത വിഷയം വിശദമായി പരിശോധിച്ചതിനെതുടർന്ന് സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ചുകൊണ്ട് ഇതേ വിഷയം 25-8-2016-ലെ മന്ത്രിസഭയ്ക്ക് സമർപ്പിക്കുകയും തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗമായിട്ടുള്ള ജീവനക്കാരൻ സർവ്വീസിലിരിക്കെ മരണമടയുന്ന സാഹചര്യത്തിൽ ടിയാൻ അവസാനം വാങ്ങുന്ന അടിസ്ഥാന ശമ്പളത്തിന്റെ 30% ആശ്വാസ ധനസഹായമായി അനുവദിക്കുന്നതിന് 31-8-2016-ലെ സ.ഉ.(അ)126/2016 പ്രകാരം ഉത്തരവാകുകയും ചെയ്തു.

(ബി) മേൽപ്പറഞ്ഞ പ്രകാരം ആശ്വാസ ധനസഹായത്തിന് അർഹതയുള്ളവർക്ക് മിനിമം പെൻഷനു തുല്യമായ തുകയോ ജീവനക്കാരൻ അവസാനം വാങ്ങിയ ശമ്പളത്തിനു തുല്യമായ തുകയോ ധനസഹായമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

31-8-2016-ലെ സ.ഉ. (അ)126/2016 പ്രകാരം പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗമായിട്ടുള്ള ജീവനക്കാരൻ സർവ്വീസിലിരിക്കെ മരണമടയുന്ന സാഹചര്യത്തിൽ ടിയാൻ അവസാനം വാങ്ങുന്ന അടിസ്ഥാന ശമ്പളത്തിന്റെ 30% ആശ്വാസ ധനസഹായമായി ആശ്രിതർക്ക് അനുവദിച്ചിട്ടുണ്ട്.

**സാമ്പത്തിക പുനരുജ്ജീവന പദ്ധതികൾ**

14 (395) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ ചെറുകിട കച്ചവടം നടത്തി ഉപജീവനം നടത്തുന്നവർക്ക് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് എത്ര പേർക്ക് നൽകാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) സാമ്പത്തിക പുനരുജ്ജീവനത്തിനായി വിവിധ ലോണുകൾ, പലിശ സബ്സിഡി, ആരോഗ്യ അടിയന്തിരാവസ്ഥ നേരിടുന്നതിനുള്ള പദ്ധതി എന്നിവ നടപ്പിലാക്കുന്നതിന് ബഡ്ജറ്റിൽ എന്ത് നടപടികളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇതുമായി ബന്ധപെട്ട് ഇതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ വിശദ വിവരം നൽകുമോ?

(എ&ബി) കോവിഡ്-19 ലോക്ക്ഡൗൺമൂലം ദുരിതത്തിലായ വ്യാപാരി ക്ഷേമനിധി അംഗങ്ങൾക്ക് നിലവിൽ സർക്കാരിൽ നിന്നോ വ്യാപാരിക്ഷേമ ബോർഡിൽ നിന്നോ പെൻഷനോ മറ്റു സാമ്പത്തിക സഹായമോ ലഭിക്കുന്നില്ലെങ്കിൽ 1,000 രൂപ ധനസഹായം നൽകിവരുന്നു. 2020-ൽ ആദ്യ കോവിഡ് തരംഗത്തിൽ വ്യാപാരി ക്ഷേമനിധി അംഗങ്ങൾക്ക് 1,000 രൂപ ധനസഹായം നൽകിയിരുന്നു. കൂടാതെ 2018-ലെ പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച വ്യാപാരി ക്ഷേമനിധി അംഗത്വമില്ലാത്ത 10800 വ്യാപാരികൾക്ക് 5,000 രൂപ വീതം ആകെ 5.4 കോടി രൂപയും, വ്യാപാരി ക്ഷേമനിധി അംഗങ്ങൾക്ക് പ്രളയ ദുരിതാശ്വാസധനമായി ആകെ 5 കോടി രൂപയും ടി കാലയളവിൽ വിതരണം ചെയ്തു. കൂടാതെ ആദ്യ തരംഗത്തിൽ വ്യാപാരികൾക്ക് ലോക്ക് ഡൗൺ കാലത്തെ വൈദ്യുതി ഫിക്സഡ് ചാർജ് ഒഴിവാക്കൽ എന്നിവയ്ക്ക് വേണ്ട നടപടികൾ സ്വീകരിക്കുകയുണ്ടായി. 2021 ജൂലൈ മുതൽ ഡിസംബർ വരെയുള്ള സർക്കാർ കെട്ടിടങ്ങളുടെ വാടക ഒഴിവാക്കികൊടുത്തു.

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞപ്രകാരം സ്വീകരിച്ച നടപടി

15 (396) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി സ.ഉ. (സാധാ) നമ്പർ 5503/2018/ജി.ഇ.ഡി.എൻ. സർക്കാർ ഉത്തരവ് പ്രകാരം പാറശ്ശാല നിയോജകമണ്ഡലത്തിലെ സ്കൂളുകൾക്ക് ഒരു കോടി രൂപ വീതം ഫണ്ട് അനുവദിച്ചിരുന്നെങ്കിലും പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരമുള്ള ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന ധനുവച്ചപുരം ഗവ. ജി.എച്ച്.എസ്. നവീകരിക്കുന്നതിന് തുടർനടപടികൾ സ്വീകരിച്ചിട്ടില്ലാത്തതിനാൽ ഈ സ്കൂളിനെ ഒഴിവാക്കിയ സാഹചര്യം എന്താണെന്ന് അറിയിക്കാമോ?

31-12-2018-ലെ സ.ഉ.(സാധാ) നമ്പർ 5503/2018/പൊ.വി.വ. ഉത്തരവിന്റെ അനുബന്ധമായി ചേർത്ത 444 സ്കൂളുകളുടെ വിശദമായ പരിശോധനയിൽ ഡ്യൂപ്ലിക്കേഷൻ വന്നതിനാലും മറ്റും ഇതിലെ 5 സ്കൂളുകൾ ഒഴിവാക്കിയപ്പോഴാണ് ഗവണ്മെന്റ് ജി.എച്ച്.എസ് ധനുവച്ചപുരം ഒഴിവാക്കപ്പെട്ടത്.

(ബി) ഉദ്യോഗസ്ഥർക്ക് സംഭവിച്ച സാങ്കേതിക പിഴവുകാരണം പുതുക്കിയ ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെട്ടതും അഞ്ഞൂറിലധികം വിദ്യാർത്ഥികൾ പഠിക്കുന്നതും അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് അനുഭവപ്പെടുന്നതുമായ പ്രസ്തുത സ്കൂളിനെ പട്ടികയിൽ തിരികെ ഉൾപ്പെടുത്തി നവീകരണ നടപടികൾ കൈക്കൊള്ളുമോ?

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള സ്കൂളുകളുടെ അന്തിമപട്ടിക തയ്യാറാക്കി കഴിഞ്ഞതിനാൽ, പ്രസ്തുത പട്ടികയിൽ ഗവണ്മെന്റ് ഗേൾസ് എച്ച്.എസ്. ധനുവച്ചപുരത്തെ ഉൾപ്പെടുത്തുവാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്.

(സി) പ്രസ്തുത ഉത്തരവ് പ്രകാരമുള്ള മറ്റ് പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ?

പാറശ്ശാല നിയോജകമണ്ഡലത്തിലെ 1 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട ഭരണാനുമതി ലഭ്യമായ ഗവ.എച്ച്.എസ്.എസ്. മൈലച്ചലിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതിക്കായി എൽ.എസ്.ജി.ഡി-യിൽ സമർപ്പിച്ചിട്ടുണ്ട്. കീഴാറൂർ ഗവ. എച്ച്.എസ്.എസിന്റെ നിർമ്മാണനടപടികൾ

ആരംഭിച്ചിട്ടുണ്ട്. ഗവ.എച്ച്.എസ്.എസ്. ആനാവൂർ, എം.കെ.എം.ജി. എച്ച്.എസ്.എസ്., ധനുവച്ചപുരം എന്നീ സ്കൂളുകളുടെ ടെണ്ടർ നടപടി പൂർത്തിയാക്കി എഗ്രിമെന്റ് ഒപ്പുവച്ച് നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) മൂന്ന് കോടി രൂപയുടെ ധനകാര്യ അനുമതി ലഭിച്ച പാറശ്ശാല ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

പാറശ്ശാല ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിന്റെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. എസ്.പി.വി. ആയി കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

## സർക്കാർ കടമെടുത്ത തുക

16 (397) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഓണക്കാലത്ത് സർക്കാർ ചെലവുകൾക്കായി കടമെടുക്കേണ്ടി വന്നിരുന്നോ; എങ്കിൽ എത്ര തുക കടമെടുത്തുവെന്ന് വ്യക്തമാക്കുമോ?

അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം 2021 ആഗസ്റ്റ് മാസം ആഭ്യന്തര വിപണിയിൽ നിന്നുമുള്ള വായ്പ, കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും, റിസർവ് ബാങ്ക് വെയ്സ് ആന്റ് മീൻസ് അടക്കമുള്ളവയിൽ നിന്നും 10,240.09 കോടി രൂപ വായ്പയെടുക്കുകയും 6,473.49 കോടി രൂപ ഈ ഇനങ്ങളിൽ തിരിച്ചടയ്ക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഈ സാമ്പത്തിക വർഷം ആകെ എത്ര തുക കടമെടുത്തിട്ടുണ്ടെന്ന് അറിയിക്കുമോ?

അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷം 31-8-2021 വരെയുള്ള കാലയളവിൽ സർക്കാരിന്റെ മൊത്തം കടത്തിൽ 28,850.48 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

## പൊതുവിപണിയിൽ നിന്നും വായ്പ എടുക്കൽ

17 (398) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിപണിയിൽനിന്നും വായ്പ എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഈ വർഷം എത്ര തുകയാണ് വായ്പയായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

നടപ്പ് സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ വായ്പാ പരിധിയായി നിശ്ചയിച്ച് നൽകിയിട്ടുള്ളത് 36,087 കോടി രൂപയാണ്. ഇതിൽ ആദ്യ മൂന്ന് പാദങ്ങളിലായി പൊതുവിപണിയിൽ (Open Market Borrowing) നിന്നും കടമെടുക്കുന്നതിനായി 26,152 കോടി രൂപയുടെ അനുമതി (consent) കേന്ദ്രം സംസ്ഥാനത്തിന് നൽകിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ എത്ര തുക കടം എടുത്തിട്ടുണ്ട്; വിശദമാക്കാമോ?

അക്കൗണ്ടന്റ് ജനറലിന്റെ 31-8-2021 വരെയുള്ള താല്ക്കാലിക കണക്ക് പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ കടമെടുത്ത തുക (തനി) സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| 2020-21 | (തുക കോടിയിൽ) |
|---|---|
| ആഭ്യന്തര വായ്പ (തനി) | 12,198.03 |
| കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പ (തനി) വിദേശ സഹായ പദ്ധതികൾക്കായുള്ള വായ്പകൾ ഉൾപ്പെടെ | 126.61 |
| പി.എഫ്., ലഘു സമ്പാദ്യ പദ്ധതികൾ മുതലായവ | 16,525.83 |
| ആകെ | 28,850.47 |

(സി) ട്രഷറിയിലെ നിക്ഷേപം വഴി മൊത്തം എത്ര തുക സമാഹരിച്ചിട്ടുണ്ട്; ഈ വർഷത്തെ ട്രഷറി നിക്ഷേപ ലക്ഷ്യം എത്രയെന്ന് വിശദമാക്കാമോ?

2021-22-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം ഈ വർഷത്തെ ട്രഷറി നിക്ഷേപ ലക്ഷ്യമായി ബജറ്റിൽ കണക്കാക്കിയ തുക 4,073.45 കോടി രൂപയാണ് (തനി). അക്കൗണ്ടന്റ് ജനറലിന്റെ താല്ക്കാലിക കണക്കുകൾ പ്രകാരം 2021 ആഗസ്റ്റ് 31 വരെ 12,345.94 കോടി രൂപ (തനി) ട്രഷറി നിക്ഷേപമായി സമാഹരിച്ചിട്ടുണ്ട്.

**സർക്കാർ ചെലവുകൾക്ക് എടുത്ത കടം**

18 (399) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഓണക്കാലത്ത് സർക്കാർ ചെലവുകൾക്കായി കടമെടുക്കേണ്ടി വന്നിരുന്നോ; എങ്കിൽ എത്ര തുക കടം എടുത്തുവെന്ന് അറിയിക്കുമോ?

അക്കൗണ്ടന്റ് ജനറലിന്റെ താല്ക്കാലിക കണക്കുകൾ പ്രകാരം 2021 ആഗസ്റ്റ് മാസം ആഭ്യന്തര വിപണിയിൽ നിന്നുമുള്ള വായ്പ, കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും, റിസർവ് ബാങ്ക് വെയ്സ് ആന്റ് മീൻസ് അടക്കമുള്ളവയിൽ നിന്നും 10,240.09 കോടി രൂപ വായ്പയെടുക്കുകയും 6,473.49 കോടി രൂപ ഈ ഇനങ്ങളിൽ തിരിച്ചടയ്ക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഈ സാമ്പത്തിക വർഷം എത്ര തുക കടമെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷം 31-8-2021 വരെയുള്ള കാലയളവിൽ സർക്കാരിന്റെ മൊത്തം കടത്തിൽ 28,850.48 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

**കടമെടുത്ത തുക**

19 (400) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം ഇതുവരെ എത്ര കോടി രൂപയാണ് കടമെടുത്തത്; കടം എടുത്ത മാസം, തുക, പലിശ എന്നിവ വിശദമാക്കാമോ?

ഈ സാമ്പത്തിക വർഷം ഇതുവരെ കടമെടുത്ത തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) കടമെടുത്ത തുക ഏതൊക്കെ കാര്യങ്ങൾക്കാണ് ചെലവാക്കിയത്; വിശദാംശം ലഭ്യമാക്കുമോ;

(സി) കടമെടുത്ത തുകയിൽ നിന്ന് ശമ്പളത്തിനും പെൻഷനുമായി തുക നൽകിയിരുന്നോ; എങ്കിൽ എന്തു തുക പ്രസ്തുത കാര്യങ്ങൾക്കായി നൽകിയെന്ന് അറിയിക്കുമോ?

(ബി&സി) വായ്പയെടുത്ത മുഴുവൻ തുകയും സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. സഞ്ചിതനിധിയിൽ മറ്റ് വരുമാനങ്ങൾ കൂടി ഉൾപ്പെടുന്നതിനാൽ വായ്പയെടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി എത്രവീതം വിനിയോഗിക്കപ്പെട്ടെന്ന് കൃത്യമായി വേർതിരിക്കാനാവില്ല. വായ്പയെടുക്കുന്ന തുകയിൽ കുറച്ചുഭാഗം നോൺ പ്ലാൻ റവന്യൂ ചെലവിനായി ഉപയോഗിക്കുന്നുണ്ടെങ്കിലും ഏറിയ പങ്കും പദ്ധതി/വികസന ചെലവുകൾക്കായാണ് വിനിയോഗിക്കുന്നത്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി**

20 (401) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ വിവിധ വികസന ഏജൻസികളിൽ ദീർഘനാളായി കുടിശ്ശികയായി കിടക്കുന്ന വായ്പകൾ ഒറ്റത്തവണ തീർപ്പാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

ഉണ്ട്. കയർ സഹകരണ സംഘങ്ങൾക്ക് കേരള ബാങ്കിൽ ഉണ്ടായിരുന്ന ക്യാഷ് ക്രെഡിറ്റ് കുടിശ്ശിക തീർപ്പാക്കുന്നതിനായി, കയർ കടാശ്വാസ പദ്ധതി പ്രകാരം Rs.17,02,50,874 (പതിനേഴ് കോടി രണ്ട് ലക്ഷത്തി അമ്പതിനായിരത്തി എണ്ണൂറ്റി എഴുപത്തിനാല് രൂപ മാത്രം) 15-1-2021-ലെ സ.ഉ (എം.എസ്.) നമ്പർ 11/2021/വ്യവ. പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ അനുവദിച്ച് നൽകിയിട്ടുണ്ട്. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ കുടിശ്ശികയായ വായ്പകൾ തീർപ്പാക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നുണ്ട്. OTS Amnesty പദ്ധതി പ്രകാരം 31-12-2021 വരെ വായ്പാ കുടിശ്ശിക അടയ്ക്കുന്നതിന് സൗകര്യമുണ്ടായിരിക്കും. കാഡ്കോയിൽ 2018-ൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ കുടിശ്ശികയായി കിടന്ന വായ്പകൾ തീർപ്പാക്കിയിരുന്നു. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ പാറ്റേൺ, സി.ബി.സി. പദ്ധതികൾ പ്രകാരം നൽകിയിട്ടുള്ള വായ്പകൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നിലവിലുണ്ട്. ഇതുപ്രകാരം പലിശ ഒഴിവാക്കുന്നതാണ്. കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ബാങ്കുകൾക്ക് ബാദ്ധ്യതയായി നൽകാനുണ്ടായിരുന്ന തുക 80 കോടി രൂപ, ബാങ്കുകൾക്ക് നൽകി ഒറ്റത്തവണയായി തീർപ്പാക്കിയിട്ടുണ്ട്.

**മസാല ബോണ്ട് വഴി കിഫ്ബി സമാഹരിച്ച തുക**

21 (402) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മസാല ബോണ്ട് വഴി കിഫ്ബി സമാഹരിച്ച തുക എത്രയാണ്; ഇതിന്റെ പലിശനിരക്ക് എത്രയാണ്; വ്യക്തമാക്കാമോ?

2,150 കോടി രൂപയാണ് മസാല ബോണ്ട് വഴി കിഫ്ബി സമാഹരിച്ചത്. ഇതിന്റെ പലിശ നിരക്ക് 9.723% ആണ്.

(ബി) കൊച്ചി മെട്രോയ്ക്കുവേണ്ടി 2011-2016-ലെ സർക്കാർ ഫ്രഞ്ച് കമ്പനിയായ എ.എഫ്.ഡി. യിൽനിന്നും കടമെടുത്ത തുക എത്രയാണ്; പലിശനിരക്ക് എത്രയാണ്; വ്യക്തമാക്കാമോ?

കൊച്ചി മെട്രോയ്ക്കുവേണ്ടി ഫ്രഞ്ച് കമ്പനിയായ എ.എഫ്.ഡി.യിൽ നിന്നും 180 മില്യൺ യൂറോ വായ്പയെടുക്കുന്നതിനുള്ള എഗ്രിമെന്റ് 2014 ഫെബ്രുവരി മാസം 7- ാം തീയതി കേന്ദ്ര സർക്കാർ ഒപ്പുവച്ചു. ഇതനുസരിച്ച് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന് 1,327.11 കോടി രൂപ (180 മില്യൺ യൂറോ) കേന്ദ്ര സർക്കാരിൽനിന്നും പാസ് ത്രൂ അസിസ്റ്റൻസായി 2014 മുതൽ 2017 വരെ ലഭിച്ചു. വായ്പയുടെ മൊത്തം കാലാവധി ഫെബ്രുവരി 2014 മുതൽ മാർച്ച് 2039 വരെയാണ്. ഇതിൽ അഞ്ചു വർഷം ഗ്രെയ്സ് പിരീഡും 20 വർഷം തിരിച്ചടവ് കാലാവധിയും (സെപ്റ്റംബർ 2019 മുതൽ മാർച്ച് 2039 വരെ) ആണ്. ഈ ലോണിന്റെ പലിശ നിരക്ക് ഓരോ ആറ് മാസവും വ്യതിചലിക്കുന്നതാണ്. ഇത് 6 Months EURIDOR + 1.55% p.a (Margin) എന്ന നിരക്കിലാണ്. (വായ്പാ കരാറിന്റെ പ്രസ്തുത പേജുകളും KMRL-ന്റെ വാർഷിക റിപ്പോർട്ടിലെ പ്രസക്ത ഭാഗങ്ങളും അനുബന്ധത്തോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു).* കേന്ദ്രസർക്കാർ മുഖേന ലഭ്യമാക്കിയ ഈ ലോണിന് വിദേശനാണ്യ വിനിമയ നിരക്കിന്റെ ബാദ്ധ്യത (ഫോറിൻ എക്സ്ചേഞ്ച് റിസ്ക്) KMRL കമ്പനിക്ക് വരില്ലായെങ്കിലും ഈ വായ്പ സംബന്ധിച്ച ഉടമ്പടിയുടെ സെക്ഷൻ 12.1 പ്രകാരം ഇത് കേരള സർക്കാരിന്റെ ബാധ്യതയാണ്. KMRL അവർക്ക് ലഭിച്ച തുക ഇന്ത്യൻ രൂപയിൽ കേന്ദ്ര സർക്കാരിന് നൽകുന്നു. എന്നാൽ വായ്പാ തിരിച്ചടവ് പൂർത്തിയായശേഷം കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ വിദേശനാണ്യവിനിമയ നിരക്കിലെ വ്യതിയാനം കണക്കുകൂട്ടി "8680- Miscellaneous Government Accounts" എന്ന ശീർഷകത്തിലേയ്ക്ക് കണക്കുവയ്ക്കുന്നു. ഈ തുക തിരിച്ചടക്കേണ്ട ബാധ്യത കേരള സർക്കാരിനാണ്. കിഫ്ബിയുടെ മസാല ബോണ്ടും കൊച്ചി മെട്രോ AFD മുഖേന സമാഹരിച്ച വായ്പയുടെയും തമ്മിലുള്ള അടിസ്ഥാന വ്യത്യാസങ്ങളും ഗുണദോഷങ്ങളും അനുബന്ധമായി ചേർക്കുന്നു*. ലളിതമായി പറഞ്ഞാൽ കഴിഞ്ഞ 15 വർഷത്തെ യൂറോയ്ക്കെതിരെയുള്ള രൂപയുടെ വിലയിടിവ് പരിഗണിച്ചാൽ കൊച്ചിൻ മെട്രോയ്ക്കെടുത്ത 1,327.11 കോടി രൂപയുടെ 1.55 ശതമാന നിരക്കിലുള്ള ലോൺ തിരിച്ചടയ്ക്കാൻ സർക്കാർ ചെലവാക്കേണ്ടിവരുന്നത് 3,327.11 കോടി രൂപയാണ്. കിഫ്ബിയുടെ 2,150 കോടി രൂപയുടെ മസാല ബോണ്ട് തിരിച്ചടയ്ക്കാൻ സർക്കാർ ചെലവാക്കേണ്ടി വരുന്നത് 3,195.22 കോടി രൂപ (2,150 കോടി രൂപ മുതലും 1,045.22 കോടി രൂപ പലിശയും).

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സംസ്ഥാനത്തിന്റെ കടം തിരിച്ചടവ്

22 (403) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ എവിടെ നിന്നെല്ലാം എത്ര രൂപ വീതം കടം എടുത്തിട്ടുണ്ട്; ഓരോന്നും എത്ര ശതമാനം പലിശയ്ക്കാണ് എടുത്തിട്ടുള്ളത്; ഓരോന്നിന്റെയും തിരിച്ചടവ് കാലാവധി എന്ന് പൂർത്തിയാകും; വിശദാംശം വ്യക്തമാക്കാമോ?

അക്കൗണ്ടന്റ് ജനറലിന്റെ 31-8-2021 വരെയുള്ള താൽക്കാലിക കണക്ക് പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ കടമെടുത്ത തുക (തനി) സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| 2020-21 | (തുക കോടിയിൽ) |
|---|---|
| ആഭ്യന്തര വായ്പ (തനി) | 12,198.03 |
| കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പ (തനി)വിദേശ സഹായ പദ്ധതികൾക്കായുള്ള വായ്പകൾ ഉൾപ്പെടെ | 126.61 |
| പി.എഫ്., ലഘു സമ്പാദ്യ പദ്ധതികൾ മുതലായവ | 16525.83 |
| ആകെ | 28,850.47 |

ഓരോ വായ്പയുടെയും പലിശനിരക്ക് അക്കൗണ്ടന്റ് ജനറലിന്റെ അന്തിമ കണക്കുകൾ ലഭിക്കുമ്പോൾ മാത്രമേ അറിയുവാൻ സാധിക്കുകയുള്ളൂ. വിദേശ സഹായ വായ്പകൾ ദീർഘകാല വായ്പകളായിട്ടാണ് ലഭ്യമാക്കി വരുന്നത്. ആയതിന് അഞ്ച് വർഷ മൊറട്ടോറിയം ലഭിക്കുന്നുണ്ട്. നബാർഡിൽ നിന്നുള്ള വായ്പകൾക്ക് 7 വർഷം (2 വർഷം മൊറട്ടോറിയം കാലയളവ് ഉൾപ്പെടെ) തിരിച്ചടവ് കാലാവധി ലഭിക്കാറുണ്ട്. NSSF വായ്പകൾ 10 വർഷംകൊണ്ട് തുല്യതവണകളായാണ് മുതൽ തിരിച്ചടക്കേണ്ടത്. പൊതു വിപണിയിൽ നിന്നുള്ള വായ്പകൾക്ക് 10 മുതൽ 35 വർഷം വരെയുള്ള തിരിച്ചടവ് കാലാവധി ലഭിക്കുന്നുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ 31-8-2021 വരെയുള്ള താല്ക്കാലിക കണക്ക് പ്രകാരം സംസ്ഥാനത്തിന്റെ ആകെ കടം 3,31,333.46 കോടി രൂപയാണ്. സംസ്ഥാന ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം പൊതുകടയിനത്തിൽ മാത്രം 13,021.25 കോടി രൂപയാണ് തിരിച്ചടവിനായി കണക്കാക്കിയിരിക്കുന്നത്.

(ബി) സംസ്ഥാനത്തിന്റെ ആകെ കടം എത്രയാണ്; കടം തിരിച്ചടവിന് സാമ്പത്തിക വർഷം എത്ര കോടി രൂപയാണ് ആവശ്യമായി വരുന്നത്; തിരിച്ചടവ് ആരംഭിച്ചിട്ടില്ലാത്ത വായ്പകൾ ഏതൊക്കെ; ഓരോന്നും തിരിച്ചടവ് ആരംഭിക്കുന്നത് എപ്പോൾ മുതലാണ്; വിശദാംശം ലഭ്യമാക്കുമോ?

അക്കൗണ്ടന്റ് ജനറലിന്റെ 31-8-2021 വരെയുള്ള താല്ക്കാലിക കണക്ക് പ്രകാരം സംസ്ഥാനത്തിന്റെ ആകെ കടം 3,31,333.46 കോടി രൂപയാണ്. സംസ്ഥാന ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം പൊതുകടയിനത്തിൽ മാത്രം 13,021.25 കോടി രൂപയാണ് തിരിച്ചടവിനായി കണക്കാക്കിയിരിക്കുന്നത്

(സി) വിവിധ വകുപ്പുകളിലെ ഏതെല്ലാം പദ്ധതികൾക്ക് വിദേശ വായ്പ ലഭ്യമാക്കിയിട്ടുണ്ട്; ലഭ്യമായ തുകയും ഫണ്ടിംഗ് ഏജൻസികളുടെ പേരും വ്യക്തമാക്കാമോ?

വിവിധ വകുപ്പുകളിലെ നടപ്പു പദ്ധതികൾക്ക് വിദേശ വായ്പ ലഭ്യമാക്കിയതുമായി ബന്ധപ്പെട്ട കണക്കുകൾ അനുബന്ധമായി ചേർക്കുന്നു*.

(ഡി) ഈ സർക്കാരിന്റെ കാലത്ത് ഏതെങ്കിലും വിദേശ ഏജൻസികളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഈ സർക്കാരിന്റെ കാലത്ത് പ്രധാനമായും രണ്ട് വിദേശ ഏജൻസികളുമായാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. റീ ബിൽഡ് കേരളയ്ക്ക് കീഴിലുള്ള പദ്ധതികൾക്കായി Asian Infrastructure & Investment Bank (AIIB), International Bank for Reconstruction and Development (IBRD)എന്നിവയിൽ നിന്നായി വായ്പയെടുക്കുന്നതിനായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

(ഇ) പുതിയതായി വിദേശസഹായം സ്വീകരിക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

അടുത്ത സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിന്റെ അവതരണത്തോടുകൂടി മാത്രമേ പുതിയ വിദേശ സഹായ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാവുകയുള്ളൂ.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സംസ്ഥാനത്തിന്റെ സാമ്പത്തിക പാക്കേജ്

23 (404) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോളിയം ഉല്പന്നങ്ങൾക്ക് വില്പന നികുതിയും അധിക വില്പന നികുതിയും സെസ്സും ഈടാക്കുന്നതിന് കേന്ദ്രസർക്കാർ സംസ്ഥാനങ്ങളോട് പ്രത്യേകമായി നിഷ്കർഷിക്കുന്നുണ്ടോ; ഇതിന്റെ മാനദണ്ഡം വിശദമാക്കുമോ?

പെട്രോളിയം ഉൽപന്നങ്ങൾക്ക് വിൽപ്പന നികുതിയും അധിക വിൽപ്പന നികുതിയും സെസ്സും ഈടാക്കുന്നതിന് കേന്ദ്ര സർക്കാർ സംസ്ഥാനങ്ങളോട് പ്രത്യേകമായി നിഷ്കർഷിക്കുന്നില്ല. കേരള പൊതുവിൽപ്പന നികുതി നിയമപ്രകാരമാണ് പെട്രോളിയം ഉൽപന്നങ്ങൾക്ക് വിൽപ്പന നികുതിയും അധികവിൽപ്പന നികുതിയും ഈടാക്കുന്നത്. 2008-ലെ കേരള ധനകാര്യനിയമത്തിലെ വകുപ്പ് 6 പ്രകാരമാണ് പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് സെസ്സ് ഈടാക്കുന്നത്.

(ബി) ഉയർന്ന വിലക്കയറ്റവും സാമ്പത്തിക മുരടിപ്പുംമൂലം കഷ്ടത അനുഭവിക്കുന്ന സാധാരണ ജനങ്ങൾക്ക് ആശ്വാസം നൽകുന്നതിനായി സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്ന സാമ്പത്തിക പാക്കേജിന്റെ വിശദാംശം വ്യക്തമാക്കാമോ?

ഉയർന്ന വിലക്കയറ്റവും സാമ്പത്തിക മുരടിപ്പുംമൂലം കഷ്ടത അനുഭവിക്കുന്ന സാധാരണ ജനങ്ങൾക്ക് ആശ്വാസം നൽകുന്നതിനായി സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്ന സാമ്പത്തിക പാക്കേജിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(സി) ജനങ്ങളെ നേരിട്ടുബാധിക്കുന്ന വസ്തുക്കളുടെ വിലക്കയറ്റം പിടിച്ചുനിർത്താനും ജനത്തിന്റെ ക്രയവിക്രയശേഷി വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം ക്രിയാത്മക നടപടികൾ സ്വീകരിക്കുമെന്നും പെട്രോളിയം ഉല്പന്നങ്ങളെ ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തി അവയുടെ വിലവർദ്ധനവ് ക്രമീകരിക്കുന്നതിന് മുൻകയ്യെടുക്കുമോ എന്നും വ്യക്തമാക്കുമോ?

പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ യഥാക്രമം 31.80 ശതമാനവും 24.52 ശതമാനവും ആയിരുന്നു. 2016-ൽ എൽ.ഡി.എഫ്. സർക്കാർ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അധികാരത്തിൽ വന്നതിനുശേഷം 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി യഥാക്രമം 30.08 ശതമാനവും 22.76 ശതമാനവും ആയി കുറച്ചിട്ടുണ്ട്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പെട്രോൾ, ഡീസൽ നികുതി വർദ്ധിപ്പിച്ചിട്ടില്ല. 2014-ൽ കേന്ദ്ര സർക്കാർ അധികാരത്തിലേറിയ സമയത്ത് ഓരോ ലിറ്റർ പെട്രോളിന്മേലും ഡീസലിന്മേലും ചുമത്തിയിരുന്ന കേന്ദ്ര നികുതികൾ യഥാക്രം 9.476 രൂപ/ലിറ്റർ, 3.564 രൂപ/ലിറ്റർ എന്നിങ്ങനെ ആയിരുന്നത് യഥാക്രമം 32.9 രൂപ/ലിറ്റർ, 31.8 രൂപ/ലിറ്റർ എന്നിങ്ങനെ ആയി വർദ്ധിപ്പിച്ചു. ഇപ്രകാരം വർദ്ധിപ്പിച്ച കേന്ദ്ര നികുതി കുറച്ച് പെട്രോൾ, ഡീസൽ വില നിയന്ത്രിക്കാവുന്നതാണ്. ചരക്കുസേവന നികുതി നിയമത്തിൻകീഴിൽ പുറപ്പെടുവിച്ചിരിക്കുന്ന വിജ്ഞാപനപ്രകാരം ചുമത്താവുന്ന പരമാവധി നികുതി നിരക്കായ 28% ചുമത്തിയാൽപോലും സംസ്ഥാനത്തിന് SGST വിഹിതമായ 14% മാത്രമേ ലഭ്യമാകുകയുള്ളൂ. അതിനാൽ പെട്രോളിനെയും ഡീസലിനെയും ചരക്കുസേവന നികുതിയിൽ ഉൾപ്പെടുത്തണമെന്ന നിർദ്ദേശം ഭീമമായ നികുതി നഷ്ടത്തിന് വഴിയൊരുക്കുന്നതാണ്.

**കോങ്ങാട് നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

24(405) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021 കാലയളവിൽ കോങ്ങാട് നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് ഏതെല്ലാം പ്രവൃത്തികൾ നിർദ്ദേശിച്ചിട്ടുണ്ട്?

2016-2021 കാലയളവിൽ കോങ്ങാട് നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നതിനായി ലഭ്യമാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) അവയിൽ പൂർത്തീകരിക്കാൻ ബാക്കിയുള്ള പ്രവൃത്തികൾ ഏതൊക്കെയാണ്;

(സി) അവ ഓരോന്നിന്റെയും പ്രവർത്തന പുരോഗതി അറിയിക്കാമോ?

(ബി&സി) കോങ്ങാട് നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നതിനായി ലഭ്യമാക്കിയിട്ടുള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**മലമ്പുഴ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

25 (406) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ മലമ്പുഴ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളിൽ ഏതെല്ലാം പദ്ധതികൾക്കാണ് ഇനിയും സാമ്പത്തികാനുമതി നൽകുവാൻ ബാക്കിയുള്ളത് എന്ന് അറിയിക്കാമോ?

മലമ്പുഴ നിയോജകമണ്ഡലത്തിൽ ധനാനുമതി ലഭ്യമാക്കാനായി നിർദ്ദിഷ്ട എസ്.പി.വി.-കൾ നാളിതുവരെ സമർപ്പിച്ചിട്ടുള്ള എല്ലാ പദ്ധതികൾക്കും തന്നെ കിഫ്ബി ധനാനുമതി നൽകിയിട്ടുണ്ട്. എന്നാൽ മലമ്പുഴ, ചിറ്റൂർ, നെന്മാറ നിയോജകമണ്ഡലങ്ങളിലായി KRFB സമർപ്പിച്ചിട്ടുള്ള മലയോര ഹൈവേ പദ്ധതിയായ “ കുട്ടപാത-കൊല്ലംകോട് റോഡ് നവീകരണം” , കിഫ്ബി മാനദണ്ഡപ്രകാരമുള്ള റോഡിന്റെ വീതിക്കായി സ്ഥലം ലഭ്യമാക്കാനുള്ള തടസ്സങ്ങൾ കാരണം കിഫ്ബി ഫണ്ടിംഗിൽനിന്നും തൽക്കാലം ഒഴിവാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികൾക്ക് സാമ്പത്തികാനുമതി ലഭിക്കുവാൻ ഇനിയും എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കാനുള്ളത് എന്ന് വിശദമാക്കാമോ?

'എ' പിരിവിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

**കണ്ണൂർ ജില്ലയിലെ കിഫ്ബി പദ്ധതി**

26 (407) <u>ശ്രീ. എം. വിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) 3 കോടി രൂപയുടെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുകുന്ന് ബോയ്സ്, മാട്ടൂൽ, കല്ല്യാശ്ശേരി, കുഞ്ഞിമംഗലം, കൊട്ടില എന്നീ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കിഫ്ബി എപ്പോഴാണ് ധനകാര്യ അനുമതി നൽകിയതെന്ന് വ്യക്തമാക്കാമോ?

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ 3 കോടി രൂപയുടെ കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുകുന്ന് ബോയ്സ്, മാട്ടൂൽ, കല്ല്യാശ്ശേരി, കുഞ്ഞിമംഗലം, കൊട്ടില എന്നീ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 15-2-2021-ൽ നടന്ന കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി ധനാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി ഏത് ഏജൻസി മുഖേന നിർവഹിക്കുന്നതിനാണ് നിശ്ചയിച്ചിട്ടുള്ളത്; പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനും പ്രവൃത്തി ആരംഭിക്കുന്നതിനും സത്വര നടപടി സ്വീകരിക്കുമോ?

28-1-2021-ലെ സ.ഉ.(സാധാ) നമ്പർ 783/2021/പൊ.വി.വ. പ്രകാരം പ്രസ്തുത പ്രവൃത്തികളുടെ പദ്ധതി നിർവ്വഹണ ഏജൻസിയായി കില (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ)-യെ ഭരണ വകുപ്പായ പൊതു വിദ്യാഭ്യാസ വകുപ്പ് നിശ്ചയിച്ചിട്ടുള്ളതാണ്. കിഫ്ബിയുടെ അംഗീകാരം ലഭിച്ച പദ്ധതികളുടെ പ്രവൃത്തികൾ നടപ്പിലാക്കേണ്ടത് ബന്ധപ്പെട്ട ഭരണവകുപ്പ് ചുമതലപ്പെടുത്തിയിട്ടുള്ള പദ്ധതി നിർവ്വഹണ ഏജൻസിയുടെ ചുമതലയാണ്. പദ്ധതിയിൽ കാലവിളംബം ഉണ്ടെന്ന് ശ്രദ്ധയിൽവരുന്ന പക്ഷം പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള നിർദ്ദേശം നിർവ്വഹണ ഏജൻസിക്ക് നൽകുന്നതാണ്.

**കിഫ്ബി പദ്ധതി**

27 (408) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതി നിലവിൽ വന്നത് എപ്പോഴാണെന്നും കിഫ്ബി ഫണ്ടിലേയ്ക്ക് പണം സമാഹരിക്കുന്നത് എങ്ങനെയാണെന്നും വ്യക്തമാക്കാമോ?

1999-ൽ ആണ് കിഫ്ബി നിലവിൽ വരുന്നതെങ്കിലും 2016-ൽ കിഫ്ബി ആക്ടിൽ ഉണ്ടായ സമഗ്ര ഭേദഗതിക്കുശേഷമാണ് നിലവിലെ രീതിയിലുള്ള ധനസമാഹരണവും പദ്ധതി നിർവ്വഹണവും ആരംഭിച്ചത്. കിഫ്ബി ആക്ട് നിഷ്കർഷിക്കുന്ന രീതിയിൽ നിലവിലെ നിയമവ്യവസ്ഥകൾക്ക് ഉള്ളിൽനിന്നുകൊണ്ടാണ് കിഫ്ബി ആഭ്യന്തര- അന്താരാഷ്ട്ര വിപണിയിൽനിന്നും ധനസമാഹരണം നടത്തുന്നത്. നിലവിൽ വിവിധ ബാങ്കുകളിൽനിന്നും ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ലോണുകളായും കടപ്പത്രങ്ങളിലൂടെയും 11,990.04 കോടി രൂപ കിഫ്ബി കടമായി സമാഹരിച്ചിട്ടുണ്ട്. കൂടാതെ കിഫ്ബി പുനഃസംഘടിപ്പിക്കപ്പെട്ടതിനോടനുബന്ധിച്ച് ധനസമാഹരണം നടത്തുന്നതിന് സീഡ്ക്യാപ്പിറ്റൽ എന്ന നിലയിൽ 2,498.4 കോടി രൂപ സർക്കാർ നൽകിയിരുന്നു. 2016-ലെ ഭേദഗതി ആക്റ്റ് പ്രകാരം എല്ലാ വർഷവും മോട്ടോർ വാഹന നികുതിയിൽ നിന്നുള്ള ഒരു വിഹിതവും (നിലവിൽ 50%), പെട്രോൾ/ഡീസൽ സെസ്സിൽ നിന്നുള്ള വിഹിതവും (ഒരു രൂപ/ലിറ്റർ നിരക്കിൽ) സർക്കാർ കൃത്യമായി കിഫ്ബിയ്ക്ക് കൈമാറുന്നുണ്ട്.

(ബി) കിഫ്ബി നിലവിൽ വന്നതിനുശേഷം എത്ര ഫണ്ട് സമാഹരിച്ചുവെന്നും ഏതെല്ലാം ആവശ്യങ്ങൾക്കുവേണ്ടി എത്ര രൂപവീതം ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

2016-ലെ ഭേദഗതി ആക്ടിനുശേഷം വിവിധ സ്രോതസ്സുകളിലൂടെ ആകെ 23,797.37 കോടി രൂപ (30-9-2021-ലെ കണക്കുകൾ പ്രകാരം) കിഫ്ബി ഉറപ്പുവരുത്തിയിട്ടുണ്ട്. വിശദാംശം അനുബന്ധം-1* ആയി ചേർക്കുന്നു. 2016-2021 കാലയളവിലെ ചെലവ് വിവരങ്ങൾ ഉൾപ്പെടുന്ന വാർഷികകണക്കുകൾ അനുബന്ധം-2 ആയി ചേർക്കുന്നു.*

(സി) കിഫ്ബി ഫണ്ടിലേയ്ക്ക് പണം സമാഹരിച്ചതിന്റെ പേരിൽ സർക്കാരിന് ബാദ്ധ്യതയുണ്ടോ എന്ന് വ്യക്തമാക്കാമോ?

ആക്ട് പ്രകാരം കിഫ്ബിയുടെ എല്ലാ കടമെടുപ്പുകൾക്കും സർക്കാർ ഗ്യാരന്റി ഉറപ്പുവരുത്തിയിട്ടുണ്ട്. ഇവയെല്ലാം കണ്ടിജന്റ് ലയബിലിറ്റിയായി മാത്രമാണ്. ഇതല്ലാതെ കിഫ്ബിയുടെ ധനസമാഹരണം കാരണം നേരിട്ടുള്ള ബാധ്യതകൾ ഒന്നും തന്നെ സർക്കാരിനില്ല.

(ഡി) എങ്കിൽ ആരോടെല്ലാം എത്രവീതം രൂപയുടെ ബാദ്ധ്യതയാണ് ഉള്ളതെന്നും വ്യക്തമാക്കാമോ?

കിഫ്ബിയുടെ കടമെടുപ്പ് വിവരങ്ങൾ അനുബന്ധം-3 ആയി ചേർക്കുന്നു.* ഇത് സർക്കാരിന്റെ നേരിട്ടുള്ള ബാദ്ധ്യതകളല്ല.

(ഇ) കിഫ്ബിയിൽ ഉൾപ്പെടുത്തി നിർമ്മാണപ്രവർത്തനങ്ങൾ ഏറ്റെടുത്ത കരാറുകാർ സമർപ്പിച്ച ബില്ലിന്മേൽ കുടിശ്ശിക ഉണ്ടോയെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(എഫ്) ഏതെല്ലാം പ്രവൃത്തികളുമായി ബന്ധപ്പെട്ട കുടിശ്ശികയാണുള്ളതെന്നും തുക എത്രവീതമാണെന്നും ജില്ലതിരിച്ച് വ്യക്തമാക്കാമോ?

(ഇ&എഫ്) കിഫ്ബിയിൽ സമർപ്പിക്കുന്ന ബില്ലുകളെല്ലാം അതത് പദ്ധതി നിർവ്വഹണ ഏജൻസിയുടെ ധനാനുമതി ഉത്തരവോടുകൂടി കിഫ്ബിയിൽ സമർപ്പിക്കപ്പെടുകയും ആയത് കിഫ്ബി മാനദണ്ഡങ്ങൾക്ക് അനുസൃതമാണോ എന്ന് പരിശോധിച്ചതിനുശേഷം ബന്ധപ്പെട്ട കരാറുകാർക്ക് തുക നേരിട്ട് അവരുടെ അക്കൗണ്ടിലേയ്ക്ക് നൽകുകയും ചെയ്യുന്ന രീതിയാണ് അവലംബിച്ചുവരുന്നത്. ഇതിൽ ആദ്യത്തെ പാർട്ട് ബിൽ, പദ്ധതിയുടെ 40%-80% സാമ്പത്തിക പുരോഗതിക്ക് നേരെ സമർപ്പിക്കപ്പെടുന്ന ബില്ലുകൾ, ഫൈനൽ ബിൽ എന്നിവ ഒഴിച്ച് മറ്റു ബില്ലുകൾ പ്രതികൂല നിരീക്ഷണങ്ങളില്ലാത്തപക്ഷം ബിൽ ലഭിക്കുന്ന മുറയ്ക്ക് തന്നെ തുക നൽകിവരുന്നുണ്ട്. ബില്ലുകളിൽ ഏതെങ്കിലും വിധത്തിലുള്ള പോരായ്മകൾ കാണപ്പെടുന്ന സാഹചര്യങ്ങളിൽ ആ പോരായ്മ പരിഹരിച്ച്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എസ്.പി.വി. വീണ്ടും സമർപ്പിക്കുമ്പോൾ മാത്രമേ തുക നൽകുവാൻ സാധിക്കൂ. കാലതാമസം ഉണ്ടാകാതിരിക്കാൻ ആവശ്യമായ എല്ലാ മുൻകരുതലും കിഫ്ബി സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം നിശ്ചിത ഇടവേളകളിൽ ബില്ലുകളുടെ കുടിശ്ശിക ഇല്ലായെന്ന് ഉറപ്പുവരുത്തുന്നു. ഈ സാമ്പത്തിക വർഷം ഒക്ടോബർ 4 വരെ കിഫ്ബിയിൽ സമർപ്പിക്കപ്പെട്ട 1648 ബില്ലുകളിൽ 61 എണ്ണം കിഫ്ബിയുടെ നിയമപ്രകാരമുള്ള പരിശോധനയുടെ വിവിധ ഘട്ടങ്ങളിലാണ്. ബാക്കി ബില്ലുകളുടെ പേയ്മെന്റ് നൽകിയിട്ടുണ്ട്. കിഫ്ബിയുടെ വിവിധ വിഭാഗങ്ങളിൽ നിന്ന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഈ ബില്ലുകളിന്മേൽ പണം നൽകുന്നതാണ്. പോരായ്മകൾ ഇല്ലാതെ സമർപ്പിക്കപ്പെടുന്ന ബില്ലുകളിന്മേൽ പരിശോധന നടത്തി അംഗീകാരം നൽകിയശേഷവും പണം നൽകുന്നതിൽ കാലതാമസമുണ്ടാകുന്ന സാഹചര്യത്തിൽ മാത്രമേ അത് കുടിശ്ശികയായി കണക്കാക്കാനാവൂ. അത്തരത്തിൽ ബില്ലുകളൊന്നും കിഫ്ബിയിൽ നിലവിലില്ല.

## കിഫ്ബിയിൽ ഉൾപ്പെടുത്തുന്ന പദ്ധതികൾ

28 (409) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കിഫ്ബിയിൽ ഏതെല്ലാം പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളത് എന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരമേറ്റ ശേഷം കിഫ്ബി മുഖേന അനുമതി നൽകിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) കിഫ്ബിയിൽ ഉൾപ്പെടുത്തി പുതിയ പദ്ധതികൾ ഏറ്റെടുക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഏറ്റെടുക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

ഇതുവരെ ആകെ 64,000 കോടി രൂപയിലധികം അടങ്കൽ തുകയുള്ള പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. ആയത് മുൻ സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമായ 50,000 കോടി രൂപയെക്കാൾ വളരെയധികം ഉയർന്നുപോയ സാഹചര്യത്തിൽ പുതിയ പദ്ധതികൾ ഏറ്റെടുക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

(സി) പുതിയതായി ഏറ്റെടുക്കുന്ന പദ്ധതികൾ ഏതൊക്കെ മേഖലയിലാണെന്ന് വ്യക്തമാക്കാമോ ?

'ബി' പിരിവിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## അരൂർ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

29 (410) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി അരൂർ മണ്ഡലത്തിൽ അനുവദിച്ച വിവിധ പ്രവൃത്തികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

അരൂർ മണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) ഇവയിൽ പ്രവർത്തനാനുമതി ലഭിച്ചിട്ടും പ്രവൃത്തി നടക്കാത്ത പദ്ധതികൾ ഏതെല്ലാം; വിശദമാക്കാമോ?

കിഫ്ബി ധനാനുമതി നൽകിയിട്ടും പ്രവൃത്തി തുടങ്ങാത്ത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.*

## കിഫ്ബിയിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ പൂർത്തീകരണം

30 (411) ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കിഫ്ബിയിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ പൂർത്തീകരണം ദ്രുതഗതിയിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഭരണവകുപ്പ് ചുമതലപ്പെടുത്തിയ പദ്ധതി നിർവ്വഹണ ഏജൻസികൾ (SPV)ക്കാണ് കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളുടെ നിർവ്വഹണ ചുമതല. കൂടാതെ പദ്ധതികളിലെ തടസ്സങ്ങൾ പരിഹരിച്ച് സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിനായി നിശ്ചിത സമയ ഇടവേളകളിൽ പദ്ധതി നിർവ്വഹണ ഏജൻസികളുടെയും ബന്ധപ്പെട്ട ഭരണവകുപ്പിന്റെയും അവലോകനയോഗങ്ങൾ കിഫ്ബി നടത്തിവരുന്നു. കൂടാതെ കിഫ്ബിയുടെ ഉദ്യോഗസ്ഥർ പദ്ധതി നിർവ്വഹണ സ്ഥലങ്ങൾ സന്ദർശിച്ച് ഗുണനിലവാരവും സമയക്രമവും ഉറപ്പുവരുത്തി പദ്ധതിയുടെ നടത്തിപ്പിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു. പദ്ധതി നിർവ്വഹണ ഏജൻസികൾക്ക് ആവശ്യമായ പരിശീലന പരിപാടികൾ, സാങ്കേതിക ഉപദേശങ്ങൾ എന്നിവ കിഫ്ബി വഴി നേരിട്ട് നടപ്പിലാക്കുന്നത് കൂടാതെ, കിഫ്ബിയുടെ സാങ്കേതിക പരിശോധനാ വിഭാഗത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ടെക്നിക്കൽ റിസോഴ്സ് സെന്റർ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മുഖേന പദ്ധതി നിർവ്വഹണ ഏജൻസികൾക്ക് സാങ്കേതിക സഹായം നൽകിവരുന്നുണ്ട്. ഇതിനുപുറമെ പദ്ധതി നിർവ്വഹണ ഏജൻസികളുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു. ഇവയ്ക്കുപുറമെ പദ്ധതി നിർവ്വഹണ ഏജൻസികളുടെ കാര്യക്ഷമത കാലാകാലങ്ങളിൽ വിലയിരുത്തി, അവയ്ക്ക് റാങ്കിംഗ് ഏർപ്പെടുത്തുകയും ചെയ്യുന്ന രീതി ആരംഭിച്ചിട്ടുണ്ട്. പ്രവർത്തന രീതികളിൽ പോരായ്മകൾ കണ്ടെത്തുന്നപക്ഷം വിവിധ മേഖലകളിൽ പരിശീലന പരിപാടികളും സാങ്കേതിക ഉപദേശങ്ങളും നൽകി എസ്.പി.വി.-കളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ സഹായങ്ങളും കിഫ്ബിയുടെ ഭാഗത്തുനിന്നും നൽകിവരുന്നു.

**അഴീക്കോട് മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

31 (412) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2016-2021) അഴീക്കോട് മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് ഏതെല്ലാം പ്രവൃത്തികൾ നിർദ്ദേശിച്ചിട്ടുണ്ട്?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2016-2021) അഴീക്കോട് മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നതിനായി നാളിതുവരെ ലഭ്യമാക്കിയിട്ടുള്ള പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) അവയിൽ ഇനി പൂർത്തീകരിക്കാൻ ബാക്കിയുള്ള പ്രവൃത്തികൾ ഏതൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

അഴീക്കോട് മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതി അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

**ഈരാറ്റുപേട്ട - വാഗമൺ റോഡിന്റെ നിർമ്മാണപ്രവൃത്തി**

32 (413) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന ഈരാറ്റുപേട്ട-വാഗമൺ റോഡിന്റെ നിർമ്മാണപ്രവൃത്തികൾക്കായുള്ള സ്ഥലമേറ്റെടുപ്പ് ഏതു ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതിയായ ഈരാറ്റുപേട്ട-വാഗമൺ റോഡ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഏകദേശം 230 സർവ്വേ നമ്പർ അടങ്ങുന്ന ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുള്ളതിനാൽ ഏറ്റെടുക്കുന്ന ഭൂമിയെ 3 സ്കെച്ചുകളായി വേർതിരിച്ച് നൽകണമെന്ന് സ്പെഷ്യൽ തഹസിൽദാർ (എൽ.എ. ജനറൽ യൂണിറ്റ്, പാലാ) അർത്ഥനാധികാരിയായ കേരള റോഡ് ഫണ്ട് ബോർഡിന് കത്ത് നൽകിയിട്ടുണ്ട്. ഈരാറ്റുപേട്ട മുതൽ തീക്കോയി ജംഗ്ഷൻ വരെയുള്ള സംയുക്ത സ്ഥലപരിശോധനയും ഇതിനോടകം നടത്തിയിട്ടുണ്ട്.

(ബി) സ്ഥലമേറ്റെടുപ്പ് വൈകുന്നതുമൂലമുള്ള കാലതാമസം ഒഴിവാക്കാൻ റോഡിന്റെ നിർമ്മാണപ്രവർത്തനങ്ങൾ രണ്ട് ഘട്ടങ്ങളിലായി മാറ്റുന്നതിനും ആദ്യ ഘട്ടത്തിൽ റോഡ് റീടാറിംഗും രണ്ടാം ഘട്ടത്തിൽ റോഡ് വീതികൂട്ടുന്നതുൾപ്പെടെയുള്ള ഇതര പ്രവർത്തനങ്ങളും നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

28-9-2021-ൽ ബഹു. പൂഞ്ഞാർ എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ കിഫ്ബിയിൽ നടന്ന യോഗത്തിൽ മുൻപ് പൊതുമരാമത്ത് വകുപ്പുമന്ത്രി തീരുമാനിച്ചതിൻപ്രകാരം ഈരാറ്റുപ്പേട്ട-വാഗമൺ റോഡിന്റെ റീടാറിംഗ് പ്രവൃത്തി ഉടൻ തന്നെ പൊതുമരാമത്ത് വിഭാഗം നടപ്പിലാക്കുമെന്ന് അറിയിച്ചിരുന്നു. അതേസമയം കിഫ്ബി മാനദണ്ഡങ്ങൾ പ്രകാരമുള്ള റോഡ് നടപ്പിലാക്കുന്നതിനുവേണ്ടി വരുന്ന സ്ഥലമേറ്റെടുപ്പ് തുടരുവാനും സ്ഥലമേറ്റെടുപ്പും റീടാറിംഗ് പ്രവൃത്തിയുടെ DLP-യും പൂർത്തിയായതിനു ശേഷം കിഫ്ബി രീതിയിൽ പദ്ധതി നടപ്പിലാക്കാവുന്നതാണ് എന്നും പ്രസ്തുത യോഗത്തിൽ തീരുമാനിച്ചു.

**കിഫ്ബി പദ്ധതിയിൽ റോഡുകൾ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ.**

33 (414) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളുടെ നവീകരണപ്രവൃത്തികൾക്ക് കിഫ്ബിയിൽ നിന്ന് ധനസഹായം ലഭിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിലവിൽ സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ ?

കിഫ്ബി റോഡ് പദ്ധതിയിൽ MORTH മാനദണ്ഡങ്ങളെ ആധാരമാക്കി തയ്യാറാക്കിയിട്ടുള്ളതും പൊതുവിൽ അനുവർത്തിക്കുന്നതുമായ മാനദണ്ഡങ്ങൾ കിഫ്ബിയുടെ വെബ്സൈറ്റിൽ (www.kiifb.org) പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) റോഡുകളുടെ വീതി സംബന്ധിച്ച് കിഫ്ബിയുടെ നിബന്ധനകൾ വ്യക്തമാക്കാമോ?

കിഫ്ബി റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്ന റോഡുകളുടെ വീതിയെ പറ്റിയുള്ള നിബന്ധനകൾ " GUIDELINES FOR PLANNING AND DESIGN FOR ROADS & HIGHWAY PROJECTS FUNDED BY KIIFB" കിഫ്ബിയുടെ വെബ്സൈറ്റിൽ (www.kiifb.org) പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) കിഫ്ബി അംഗീകാരം നൽകുന്ന പദ്ധതികൾ സംബന്ധിച്ച് ബന്ധപ്പെട്ട മണ്ഡലങ്ങളിലെ എം.എൽ.എ.-മാരെ യഥാസമയം അറിയിക്കുന്നതിന് നിലവിൽ സംവിധാനങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ അവ എന്തെല്ലാമെന്നും വിശദമാക്കാമോ ?

കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി/ബോർഡ് അംഗീകാരം നൽകുന്ന പദ്ധതികളുടെ വിവരങ്ങൾ അംഗീകാരം നൽകുന്ന ദിവസങ്ങളിൽ പ്രസ്സ് റിലീസായി നൽകാറുണ്ട്. പ്രസ്തുത പദ്ധതികളുടെ നടപടിക്രമങ്ങൾ ബന്ധപ്പെട്ട എസ്.പി.വി.-കൾക്കും ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്കും നൽകുന്നതോടൊപ്പം വിശദാംശങ്ങൾ കിഫ്ബിയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. ബഹു. എം.എൽ.എ.-മാർ ആവശ്യപ്പെടുന്നപക്ഷം ടി വിവരങ്ങൾ നൽകാറുണ്ട്.

**കാസർഗോഡ് ജില്ലയിലെ കിഫ്ബി പദ്ധതി**

34 (415) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം സ്കൂളുകൾക്കാണ് തുക അനുവദിച്ചതെന്ന് അറിയിക്കാമോ?

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ധനാനുമതി നൽകിയ കാസർഗോഡ് ജില്ലയിലെ സ്കൂളുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ആയതിന്റെ നിലവിലെ പുരോഗതി വിവരിക്കുമോ?

സ്കൂൾ പദ്ധതികളുടെ പുരോഗതി അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഓരോ പദ്ധതിയുടെയും എസ്.പി.വി.ഏതെല്ലാമെന്ന് വിശദമാക്കുമോ?

ഓരോ സ്കൂളുകളുടെയും എസ്.പി.വി.-യുടെ വിവരം അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കിഫ്ബിയിലെ ജീവനക്കാരുടെ വേതനം**

35 (416) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ സമാന തസ്തികയിൽ ജോലി ചെയ്യുന്ന സർക്കാർ ജീവനക്കാരുടെയും കരാർ ജീവനക്കാരുടെയും വേതനം തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നുണ്ടോ;

(ബി) പ്രസ്തുത അന്തരം നികത്തുന്നതിനായി സർക്കാർ ജീവനക്കാർക്ക് പ്രത്യേക അലവൻസ് അനുവദിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ സർക്കാർ സർവീസിൽ ലഭിക്കുന്നതിനേക്കാൾ ഉയർന്ന ശമ്പളം നൽകി കരാർ ജീവനക്കാരെ നിയമിക്കുന്നതിന് ഇടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ?

(എ-സി) കിഫ്ബിയിൽ സമാനതസ്തികയിൽ ജോലിനോക്കുന്ന സർക്കാർ ജീവനക്കാരുടെയും കരാർ ജീവനക്കാരുടെയും വേതനം തമ്മിൽ അന്തരമുണ്ട്. ഈ അന്തരം പരിഹരിക്കുന്നതിനും കിഫ്ബിയിലെ ജോലിയുടെ സ്വഭാവം കണക്കിലെടുത്തുമാണ് ജീവനക്കാർക്ക് അലവൻസ് അനുവദിച്ചിട്ടുള്ളത്. 64,000 കോടിയിലധികം രൂപ അടങ്കൽ വരുന്ന പദ്ധതികളുടെ അവലോകനവും, ഗുണനിലവാര പരിശോധനയും, മോണിറ്ററിംഗും, ധനസമാഹരണവും അടക്കം അതിപ്രാധാന്യമുള്ള ജോലികൾ ജീവനക്കാർ നിർവ്വഹിക്കുന്നത് ഓഫീസ് സമയത്തിനുമപ്പുറം ആത്മാർത്ഥതയോടെയും അർപ്പണബോധത്തോടെയും പ്രവർത്തിച്ചാണ്. ഈ സേവനത്തിനുള്ള അംഗീകാരം കൂടിയായാണ് സർക്കാർ അലവൻസ് അനുവദിച്ചത്. സാങ്കേതിക ധനകാര്യ മേഖലകളിൽ പ്രവർത്തിക്കുന്ന മികച്ച പ്രതിഭകളെ കിഫ്ബിയിലേയ്ക്ക് ആകർഷിക്കുന്നതിന് സമാന തൊഴിൽ മേഖലയിൽ ദേശീയവും അന്തർദേശീയവുമായി നിലനിൽക്കുന്ന വേതന വ്യവസ്ഥകളും മറ്റു മാനദണ്ഡങ്ങളും പരിഗണിച്ച് അനുയോജ്യമായ ആനുകൂല്യങ്ങൾ നിശ്ചയിക്കുകയാണ് കരാർ ജീവനക്കാരുടെ തെരഞ്ഞെടുപ്പിൽ അവലംബിക്കുന്ന രീതി. ഇത്തരത്തിൽ തെരഞ്ഞെടുപ്പ് നടത്തുമ്പോൾ സർക്കാർ സർവ്വീസിലെ വേതനവുമായി ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാം. അലവൻസ് അനുവദിച്ചതിലൂടെ ഈ കുറവ് ഒരു പരിധി വരെ പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്.

## കിഫ്ബി പദ്ധതികളിലെ റിവേഴ്സ് എസ്റ്റിമേറ്റ്

36 (417) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ കിഫ്ബി ധനസഹായം നൽകുന്ന റോഡ്, പാലം, പ്രവൃത്തികളുടെ നിർമ്മാണഘട്ടത്തിൽ കാര്യമായ മാറ്റം വരുമ്പോൾ റിവേഴ്സ് എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിന് തടസ്സങ്ങളുണ്ടോ എന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്ത് വകുപ്പിൽ കിഫ്ബി ധനസഹായം നൽകുന്ന റോഡ്, പാലം, പ്രവൃത്തികൾക്ക് നിർമ്മാണഘട്ടത്തിൽ ആവശ്യമായ മാറ്റം വരുമ്പോൾ പദ്ധതി നിർവ്വഹണ ഏജൻസി സമർപ്പിക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റ് പരിശോധിച്ച് കിഫ്ബി അംഗീകാരം നൽകിവരുന്നു.

(ബി) ധനാനുമതി നൽകിയ തുകയുടെ എത്ര ശതമാനം വരെ അധികരിച്ച് നൽകുമെന്ന് വ്യക്തമാക്കുമോ?

പദ്ധതി നിർവ്വഹണ ഏജൻസി സമർപ്പിക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റ് പരിശോധിച്ച് ആയത് 10 ശതമാനമോ അതിനുതാഴെയോ ആകുന്നപക്ഷം അവ പദ്ധതിയുടെ നടത്തിപ്പിന് അത്യന്താപേക്ഷിതമാണ് എന്ന് കണ്ടെത്തിയാൽ കിഫ്ബിയുടെ സി.ഇ.ഒ.-ക്ക് നൽകിയിട്ടുള്ള അധികാരപരിധി ഉപയോഗിച്ച് സി.ഇ.ഒ. തലത്തിൽ തന്നെ ടി റിവിഷന് അംഗീകാരം നൽകുകയും ആയതിന് കിഫ്ബിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി/ബോർഡ് സാധൂകരണം നൽകുകയും ചെയ്യുന്നു. എന്നാൽ പത്ത് ശതമാനത്തിന് മുകളിലാണെങ്കിൽ അത് കിഫ്ബിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി/ബോർഡ് മുൻപാകെ സമർപ്പിച്ചാണ് അംഗീകാരം നൽകുന്നത്.

(സി) പ്രവൃത്തി ആരംഭിച്ച പദ്ധതികൾക്ക് വലിയ വ്യത്യാസം വന്നാൽ പ്രസ്തുത പദ്ധതിയിൽ തന്നെ ഉൾപ്പെടുത്തി അംഗീകാരം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

കിഫ്ബി അംഗീകാരം നൽകിയിട്ടുള്ള പദ്ധതിക്ക് ഏത് അവസരത്തിൽ എസ്റ്റിമേറ്റ് റിവിഷൻ വേണ്ടിവന്നാലും പ്രസ്തുത പദ്ധതിയിൽ തന്നെ ഉൾപ്പെടുത്തിയാണ് അവയ്ക്ക് അംഗീകാരം നൽകാറുള്ളത്.

**കുണ്ടറ നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

37 (418) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിൽ നിലവിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടത്തിവരുന്ന പ്രവൃത്തികൾ ഏതൊക്കെ എന്ന് വ്യക്തമാക്കാമോ?

കുണ്ടറ നിയോജകമണ്ഡലത്തിൽ നിലവിൽ കിഫ്ബി അംഗീകാരം നൽകിയിട്ടുള്ള പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) മേൽപ്പറഞ്ഞ പ്രവൃത്തികൾക്ക് അനുവദിച്ചിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കാമോ?

കുണ്ടറ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖാന്തരം അംഗീകാരം നൽകിയിട്ടുള്ള പ്രവൃത്തികൾക്ക് അനുവദിച്ചിട്ടുള്ള തുകകളുടെ വിവരം അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

(സി) പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസികൾ ഏതൊക്കെയാണെന്നും നിലവിലെ പ്രവർത്തനപുരോഗതിയും വ്യക്തമാക്കാമോ?

പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസികൾ, നിലവിലെ സ്ഥിതി എന്നിവ ഉൾപ്പെടെയുള്ള വിവരങ്ങളും അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

**സെസ്സിലൂടെ ലഭിക്കുന്ന തുക കിഫ്ബിക്ക് കൈമാറുന്ന നടപടിക്രമം**

38 (419) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പെട്രോളിയം സെസ്സിലൂടെയും മോട്ടോർ വാഹന സെസ്സിലൂടെയും ലഭിക്കുന്ന തുക കിഫ്ബിക്ക് കൈമാറുന്നതിന്റെ നടപടിക്രമം എന്താണെന്ന് വ്യക്തമാക്കാമോ?

2016-ലെ കിഫ്ബി ഭേദഗതി ആക്ടിലെ വ്യവസ്ഥകൾ പ്രകാരം എല്ലാ വർഷവും മോട്ടോർ വാഹന നികുതിയിൽ നിന്നുള്ള ഒരു വിഹിതവും (നിലവിൽ 50%), പെട്രോൾ/ഡീസൽ സെസ്സിൽ നിന്നുള്ള വിഹിതവും (ഒരു രൂപ/ലിറ്റർ നിരക്കിൽ) കിഫ്ബിക്ക് സർക്കാർ കൈമാറേണ്ടതാണ്. ഇത്തരത്തിൽ ഓരോ വർഷവും കിഫ്ബിക്ക് നൽകേണ്ട തുക നിശ്ചയിക്കുന്നത് തൊട്ടുമുമ്പുള്ള സാമ്പത്തിക വർഷത്തിൽ സമാഹരിച്ച മോട്ടോർ വാഹന നികുതിയുടെയും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പെട്രോളിയം സെസ്സിന്റെയും അടിസ്ഥാനത്തിലാണ്. ഈ തുക ഓരോ സാമ്പത്തിക വർഷത്തിലെയും ഡിസംബർ 31-നുമുമ്പ് കിഫ്ബിക്ക് കൈമാറണമെന്നും ആക്ടിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ വലിയൊരു തുക ഇത്തരത്തിൽ കൈമാറുന്നതിലൂടെ സർക്കാരിന് ദൈനംദിന ചെലവുകൾ വഹിക്കുന്നതിലുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനായി നിലവിൽ ഈ തുക ദിവസേന കിഫ്ബിക്ക് കൈമാറുവാനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. അതിൻപ്രകാരം നിശ്ചയിക്കപ്പെട്ട തുകകളെ നിലവിലെ സാമ്പത്തിക വർഷത്തിൽ ഡിസംബർ 31 വരെ അവശേഷിക്കുന്ന ദിവസങ്ങളുടെ എണ്ണംകൊണ്ട് ഹരിക്കുന്നു. ഇതാണ് ഓരോ ഇനത്തിലും ദിവസേന കിഫ്ബിക്ക് ദൈനംദിനം കൈമാറുന്ന തുക. ധനകാര്യ വകുപ്പിന്റെ BAMS, ഇ-ലെഡ്ജർ, BIMS എന്നീ സോഫ്റ്റ്‌വെയറുകളിലൂടെ ഉദ്യോഗസ്ഥർ ഇത് സംബന്ധിക്കുന്ന ബില്ലുകൾ സർക്കാരിന് സമർപ്പിക്കുകയും ആയത് അംഗീകരിക്കുന്ന മുറയ്ക്ക് തുക കിഫ്ബിയുടെ അക്കൗണ്ടിലേയ്ക്ക് കൈമാറുകയും ചെയ്യുന്നു. പെട്രോളിയം സെസ്സിലൂടെയും മോട്ടോർ വാഹന നികുതിയിലൂടെയും ലഭിക്കുന്ന തുക കിഫ്ബിക്ക് കൈമാറുന്നതിന്റെ നടപടിക്രമം ഇതാണ്.

**ആലത്തൂർ മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ**

39 (420) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-2021 കാലയളവിൽ ആലത്തൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാമെന്ന് അറിയിക്കാമോ?

ആലത്തൂർ നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ധനാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ?

പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കെ-ഫോൺ പദ്ധതിയിൽ കിഫ്ബി നൽകുന്ന വായ്പയുടെ പലിശനിരക്ക്**

40 (421) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫോൺ പദ്ധതിയുമായി ബന്ധപ്പെട്ട് കിഫ്ബി നൽകുന്ന വായ്പയുടെ പലിശനിരക്ക് നിർണ്ണയിച്ചത് പദ്ധതി നിർവ്വഹണത്തിന്റെ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ?

കിഫ്ബിയുടെ ധനാനുമതി പുനർനിർണ്ണയിച്ച് നൽകിയ ഘട്ടത്തിലാണ് വായ്പയുടെ പലിശനിരക്ക് നിർണ്ണയിച്ച് പദ്ധതി നിർവ്വഹണ ഏജൻസിയെ അറിയിച്ചിട്ടുള്ളത്.

(ബി) കിഫ്ബി വായ്പകളിൽ തിരിച്ചടവിന്റെ പലിശനിരക്ക് നിർണ്ണയിക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ വെളിപ്പെടുത്താമോ?

കിഫ്ബിയും ഭരണവകുപ്പും പദ്ധതിയുടെ നിർവ്വഹണ ഏജൻസിയും തമ്മിൽ ഏർപ്പെട്ടിരിക്കുന്ന ത്രികക്ഷി കരാറിലെ വ്യവസ്ഥകൾ പ്രകാരം പദ്ധതി വിഹിതത്തിന്റെ 40 ശതമാനം തുക അനുവദിക്കുന്നതിനുമുൻപാണ് കിഫ്ബി പദ്ധതി നിർവ്വഹണ ഏജൻസിയുമായി തിരിച്ചടവ് കരാറിൽ ഏർപ്പെടേണ്ടത്. പദ്ധതികളുടെ തുക വായ്പയായി അനുവദിക്കുന്ന സാഹചര്യങ്ങളിൽ തിരിച്ചടവിന്റെ പലിശനിരക്ക് നിർണ്ണയിക്കപ്പെടുന്നത് വിവിധ ഘടകങ്ങളെ ആശ്രയിച്ചാണ്. തിരിച്ചടവ് കരാറിൽ ഏർപ്പെടുന്ന സമയത്തെ കിഫ്ബിയുടെ ആവറേജ് ബോറോയിംഗ് കോസ്റ്റ്, പദ്ധതിയുടെ തിരിച്ചടവ് ശേഷി, പദ്ധതിയുടെ സാമൂഹിക പ്രസക്തി എന്നിങ്ങനെ വിവിധ ഘടകങ്ങൾ പരിഗണിച്ചാണ് ഓരോ പദ്ധതിക്കും വ്യത്യസ്ത നിരക്ക് നിശ്ചയിക്കപ്പെടുക.

**തലശ്ശേരി മണ്ഡലത്തിലെ സ്കൂളുകളിൽ കിഫ്ബി പ്രവൃത്തികൾ**

41 (422) ശ്രീ. എ. എൻ. ഷംസീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖാന്തരം ഫണ്ട് അനുവദിച്ച സ്കൂളുകളുടെ നിലവിലുള്ള സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

തലശ്ശേരി നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖാന്തരം ധനാനുമതി നൽകിയിട്ടുള്ള സ്കൂളുകളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിവരം അനുബന്ധമായി നൽകുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഈ സ്കൂളുകളിൽ പ്രസ്തുത പ്രവൃത്തികൾക്ക് ടെണ്ടർ വിളിക്കാത്ത സ്കൂളുകൾ ഏതൊക്കെയാണെന്നും ആയതിന്റെ കാരണം എന്താണെന്നും ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഇനി എന്തൊക്കെ നടപടിക്രമങ്ങളാണ് ഉള്ളതെന്നും ആയത് അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

പ്രസ്തുത സ്കൂളുകളിൽ ജി.ജി.എച്ച്.എസ്.എസ്. തലശ്ശേരി, ജി.എച്ച്എസ്.എസ്. തിരുവങ്ങാട് എന്നീ സ്കൂളുകൾക്ക് ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടില്ലെന്ന വിവരം പദ്ധതി നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. ഈ പദ്ധതികൾക്ക് സാങ്കേതിക അനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി തുടങ്ങുന്നതിനുള്ള ചുമതല ബന്ധപ്പെട്ട ഭരണവകുപ്പ് ചുമതലപ്പെടുത്തിയിട്ടുള്ള പദ്ധതി നിർവ്വഹണ ഏജൻസികൾക്കാണ്. പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനും പ്രവൃത്തി ആരംഭിക്കുന്നതിനും പദ്ധതി നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകുന്നതാണ്.

**ജി.എസ്.ടി.-യിൽ പെട്രോളും ഡീസലും ഉൾപ്പെടുത്തൽ**

42 (423) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോളും ഡീസലും ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തിയാൽ ഒരു ലിറ്റർ പെട്രോളും ഡീസലും എത്ര രൂപയ്ക്ക് ലഭിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

പരിശോധിച്ചിട്ടില്ല.

(ബി) പെട്രോളും ഡീസലും ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തിയാൽ ജനങ്ങൾക്ക് ഗുണം കിട്ടില്ലെന്ന് ധനകാര്യ വകുപ്പുമന്ത്രി പ്രസ്താവന നടത്തിയിരുന്നോ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

പെട്രോളിയം ഉല്പന്നങ്ങളെ ജി.എസ്.ടി-യിൽ ഉൾപ്പെടുത്തുന്നത് സംസ്ഥാനത്തിന് വൻ നികുതിനഷ്ടത്തിന് വഴിയൊരുക്കുന്ന സാഹചര്യമുള്ളതിനാൽ പെട്രോളിയം ഉല്പന്നങ്ങളെ പൂർണ്ണമായും ജി.എസ്.ടി-യിൽ ഉൾപ്പെടുത്താതെ സംസ്ഥാനങ്ങൾക്ക് നികുതി ചുമത്താനുള്ള അധികാരം നിലനിർത്തണമെന്ന് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത ചർച്ചകളുടെ അടിസ്ഥാനത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. പെട്രോളിയം ഉല്പന്നങ്ങളായ പെട്രോൾ, ഡീസൽ എന്നിവയ്ക്ക് കേരള പൊതുവിൽപ്പന നികുതി നിയമം, 1963 അനുസരിച്ച്

യഥാക്രമം 30.08, 22.76 ശതമാനം വീതമാണ് നികുതി നിരക്ക്. എന്നാൽ ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തുമ്പോൾ ചരക്കുസേവന നികുതി നിയമ ഷെഡ്യൂൾ പ്രകാരം നിശ്ചിയിച്ചിരിക്കുന്ന പരമാവധി നികുതി നിരക്കായ 28% ചുമത്തിയാൽപോലും സംസ്ഥാനത്തിന് SGST വിഹിതമായ 14% മാത്രമേ ലഭ്യമാകുകയുള്ളൂ. സംസ്ഥാനങ്ങളുടെ നികുതി നിർണ്ണയ അവകാശം വിട്ടുനൽകാൻ കഴിയില്ല എന്നാണ് സംസ്ഥാന സർക്കാർ നിലപാട്. കേന്ദ്ര ഗവൺമെന്റ് കേന്ദ്ര അഡീഷണൽ എക്സൈസ് നിരക്ക് പലതവണ വർദ്ധിപ്പിച്ചതായി കണ്ടുവരുന്നു. ഇത് ഇന്ധന വിലവർദ്ധനവിന് കാരണമാകുന്നുണ്ട്. കേന്ദ്ര നികുതി നിരക്ക് കുറച്ചാൽ സംസ്ഥാന നികുതി അതനുസരിച്ച് താനേ കുറയുന്നതാണ്. കമ്പോളവിലയിലുണ്ടാകുന്ന ഇടിവ് ഓഫ്സെറ്റ് ചെയ്ത് കേന്ദ്ര അഡീഷണൽ എക്സൈസ് നിരക്ക് വർദ്ധിപ്പിക്കുന്ന രീതിയാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. ഇങ്ങനെ കേന്ദ്ര സർക്കാർ സമാഹരിക്കുന്ന പണം സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടതുമില്ല. കമ്പോളത്തിൽ ക്രൂഡ് ഓയിൽ വില കുറയുമ്പോൾപോലും ആയതിന്റെ നേട്ടം ജനങ്ങൾക്ക് കൈമാറ്റം ചെയ്യാത്ത തുടർച്ചയായ ജനദ്രോഹ നടപടികൾ പിൻവലിക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകുകയാണ് വേണ്ടത്.

**പരസ്യ പ്രചാരണത്തിനായി കിഫ്ബി ചെലവഴിച്ച തുക**

43 (424) ശ്രീ. പി. ടി. തോമസ്: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ പരസ്യ പ്രചാരണത്തിനായി കിഫ്ബി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

നിലവിൽ 64,338.73 കോടി രൂപയുടെ 918 പദ്ധതികളാണ് കിഫ്ബി അംഗീകാരം നൽകിയിട്ടുള്ളത്. ഇത്രയും വലിയ ഒരു ധനസമാഹരണത്തിന് സ്വാഭാവികമായും വിവിധ സ്രോതസ്സുകളെ കിഫ്ബിക്ക് ആശ്രയിക്കേണ്ടി വരുന്നുണ്ട്. മികച്ച പലിശനിരക്കിൽ വലിയ വായ്പകൾ ഉറപ്പുവരുത്തുന്നതിന് നിക്ഷേപകരുടെ പൂർണ്ണ പിന്തുണയും കിഫ്ബിയിൽ അവർക്കുള്ള വിശ്വാസ്യതയും സുപ്രധാനമാണ്. എന്നാൽ ഈ വിശ്വാസ്യത തകർക്കുന്നതിനും വസ്തുതകൾ മറച്ചുവെച്ച് പൊതുജനമധ്യത്തിൽ കിഫ്ബിയെ തെറ്റായി ചിത്രീകരിക്കുന്നതിനുമുള്ള ബോധപൂർവമുള്ള ശ്രമങ്ങൾ വിവിധ കോണുകളിൽനിന്നുണ്ടായി. ഈ സാഹചര്യത്തിലാണ് കിഫ്ബിയുടെ പ്രവർത്തനങ്ങൾ നിക്ഷേപകരിലേയ്ക്കും കൂടുതൽ ജനങ്ങളിലേയ്ക്കും എത്തിക്കുന്നതിനായും അവാസ്തവമായ വാർത്തകളിലെ പൊള്ളത്തരങ്ങൾ തുറന്നുകാട്ടുന്നതിനായും ഒരു മീഡിയ പദ്ധതി കിഫ്ബിയിൽ

വിഭാവനം ചെയ്തത്. ഇതിന്റെ ഭാഗമായി വിവിധ വേദികളിൽ കിഫ്ബിയുമായി ബന്ധപ്പെട്ട ബോധവത്കരണ പരിപാടികളും വിവിധ മാധ്യമങ്ങൾ മുഖേന പ്രചാരണങ്ങളും നടത്തുകയുണ്ടായി. ഇത്തരത്തിലുള്ള ഒരു സംവിധാനം നിക്ഷേപകർക്കും പൊതുജനത്തിനും കിഫ്ബിയിലുള്ള വിശ്വാസ്യത വളർത്തുന്നതിന് സുപ്രധാന പങ്കുവഹിച്ചിട്ടുണ്ട്. കിഫ്ബി 2018-19 സാമ്പത്തിക വർഷത്തിൽ 36,04,640 രൂപയും, 2019-20 സാമ്പത്തിക വർഷത്തിൽ 25,33,29,147 രൂപയും 2020-21 സാമ്പത്തിക വർഷത്തിൽ 44,23,72,112 രൂപയും പരസ്യ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

**പൊന്നാനി നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രോജക്ട്**

44 (425) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രോജക്ടുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

പൊന്നാനി നിയോജകമണ്ഡലത്തിൽ കിഫ്ബി ധനാനുമതി നല്കിയിട്ടുള്ളതും അവലോകനത്തിൽ ഉള്ളതുമായ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത പ്രോജക്ടുകളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

**മാനന്തവാടി മണ്ഡലത്തിന് അനുവദിച്ച കിഫ്ബി പദ്ധതികൾ**

45 (426) ശ്രീ ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്താൽ നാളിതുവരെ മാനന്തവാടി നിയോജകമണ്ഡലത്തിന് അനുവദിച്ച പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

മാനന്തവാടി നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖാന്തരം ധനാനുമതി നൽകിയിട്ടുള്ള പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതികളിലായി ആകെ എത്ര കോടി രൂപയാണ് കിഫ്ബി ധനസഹായമായി മാനന്തവാടി നിയോജകമണ്ഡലത്തിന് ലഭിച്ചിട്ടുള്ളത്?

മാനന്തവാടി നിയോജകമണ്ഡലത്തിൽ കിഫ്ബിവഴി ആകെ 356.21 കോടി രൂപയുടെ പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്.

(സി) മാനന്തവാടി നിയോജകമണ്ഡലത്തിൽ ഏറ്റവും കൂടുതൽ കിഫ്ബി ധനസഹായം ലഭിച്ച മേഖല ഏതാണെന്ന് വ്യക്തമാക്കാമോ?

മാനന്തവാടി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള പദ്ധതികൾക്കാണ് കിഫ്ബി ധനസഹായം ഏറ്റവും കൂടുതൽ ലഭ്യമാക്കിയിട്ടുള്ളത്. ആയതിന്റെ വിശദാംശം അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**വൈപ്പിൻ മണ്ഡലത്തിലെ ടെണ്ടർ സേവിംഗ്സ് പ്രവൃത്തികൾ**

46 (427) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ ആസ്തി വികസന പദ്ധതി പ്രകാരം പൂർത്തീകരിച്ച പ്രവൃത്തികളിൽ ടെണ്ടർ സേവിംഗ്സ് ഇനത്തിൽ നാളിതുവരെ ഓരോ വർഷത്തിലും ബാക്കി നിൽക്കുന്ന തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

ജില്ലാ കളക്ടർ 30-9-2021-ൽ ലഭ്യമാക്കിയ കണക്ക് പ്രകാരം

| വർഷം | തുക |
|---|---|
| 2017-18 | 3,98,472 |
| 2018 -19 | 3,77,453 |
| 2019-20 | 2,163 |
| 2020-21 | 2,47,479 |

(ബി) ടെണ്ടർ സേവിംഗ്സ് ഇനത്തിലുള്ള തുക വിനിയോഗിച്ച് കൊണ്ടുള്ള പ്രവൃത്തികൾക്ക് ഭരണാനുമതിക്കായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ?

സമർപ്പിച്ചിട്ടുണ്ട്.

(സി) ഉണ്ടെങ്കിൽ പ്രസ്തുത പ്രൊപ്പോസൽ ഏതെന്നും ഭരണാനുമതി നൽകുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം എന്തെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രൊപ്പോസലുകൾക്ക് എന്നത്തേയ്ക്ക് ഭരണാനുമതി ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(സി&ഡി) വൈപ്പിൻ നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് വിനിയോഗത്തിൽ 2017-18, 2018-19 വർഷങ്ങളിലെ ടെണ്ടർ സേവിംഗ്സ് യഥാക്രമം 14,10,948 രൂപയും 12,85,763 രൂപയും ബാക്കി നിൽപ്പ് തുകയായി നിലവിലുണ്ടെന്നും ആയത് വിനിയോഗിക്കുന്നതിനുള്ള പ്രൊപ്പോസലാണ് ബഹു. മുൻ എം.എൽ.എ. ലഭ്യമാക്കിയിരുന്നത്. 21-1-2021-ന് ബഹു. ധനമന്ത്രി മറുപടി പറഞ്ഞ ചോദ്യത്തിന് ജില്ലാ കളക്ടർ ലഭ്യമാക്കിയ വിവരങ്ങളനുസരിച്ച് തയ്യാറാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലാണ് ആയത് വിനിയോഗിക്കുന്നതിനുള്ള പ്രത്യേകാനുമതി മുൻ എം.എൽ.എ. തേടിയിരുന്നത്. 2017-18 സാമ്പത്തിക വർഷം മുതൽ ജില്ലാ കളക്ടർമാരുടെ മേൽനോട്ടത്തിലാണ് ആസ്തി വികസന പദ്ധതി നടപ്പാക്കിവരുന്നത്. അതുകൊണ്ട് തന്നെ ടെണ്ടർ സേവിംഗ്സ് സംബന്ധിച്ച വിവരങ്ങളും ധനകാര്യ വകുപ്പിന് ലഭ്യമാകുന്നത് ജില്ലാ കളക്ടർമാരിൽ നിന്നാണ്. പതിനാലാം കേരള നിയമസഭയുടെ 2330 ചോദ്യത്തിന് ജില്ലാ കളക്ടർ ലഭ്യമാക്കിയ വിവരങ്ങൾ, നിർവ്വഹണ ഏജൻസികളിൽനിന്നും ലഭ്യമായ വിവരങ്ങളുടെ ആധികാരികത പരിശോധിക്കാതെ ലഭ്യമാക്കിയതാണ്. സമാനചോദ്യത്തിന് തുടർന്ന് ലഭ്യമാക്കിയ മറുപടി പ്രകാരം ടെണ്ടർ സേവിംഗ്സ് പരിശോധിക്കുമ്പോൾ ബഹു. എം.എൽ.എ.-യുടെ ശിപാർശ അംഗീകരിക്കുന്നതിനുവേണ്ട തുക പര്യാപ്തമല്ല എന്ന് മനസ്സിലാകുന്നു. ആയതിനാൽ ബഹു. എം.എൽ.എ.-യുടെ പ്രൊപ്പോസൽ പരിഗണിക്കാൻ സാധിക്കാത്തതായി കാണുന്നു.

**ഉടുമ്പൻചോല മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട്**

47 (428) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിൽനിന്നും കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിലുണ്ടായ ടെണ്ടർ സേവിംഗ്സ് എത്രയാണ്; വർഷം തിരിച്ച് തുക വിശദമാക്കാമോ?

| വർഷം | തുക |
|---|---|
| 2016-17 | ഇല്ല |
| 2017-18 | 16,38,392 |
| 2018-19 | 19,57,662 |
| 2019-20 | 14,65,996 |
| 2020-21 | 18,43,051 |

(ബി) ടെണ്ടർ സേവിംഗ്സ് ഉപയോഗപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഇറക്കിയിട്ടുള്ള ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

4-8-2018-ലെ സ.ഉ.(അച്ചടി)നമ്പർ 119/2018/ധന. (ഖണ്ഡിക 2.8, 2.9, 2.10) ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

**വിളയൂർ ഇൻഡോർ സ്റ്റേഡിയം, പട്ടാമ്പി ബഡ്സ് സ്കൂൾ നിർമ്മാണം**

48 (429) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തെ ആസ്തി വികസന ഫണ്ടിൽനിന്നും നിർദ്ദേശിച്ച വിളയൂർ ഇൻഡോർ സ്റ്റേഡിയം, പട്ടാമ്പി ബഡ്സ് സ്കൂൾ എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പദ്ധതിക്ക് അനുമതി ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അനുമതി ലഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടെങ്കിൽ വിശദമാക്കാമോ?

(എ&ബി) 2016-17 വർഷത്തെ ആസ്തി വികസന ഫണ്ടിൽനിന്നും നിർദ്ദേശിച്ച വിളയൂർ ഇൻഡോർ സ്റ്റേഡിയം, പട്ടാമ്പി ബഡ്സ് സ്കൂൾ എന്നീ പ്രവൃത്തികൾക്ക് നിലവിലെ മാർഗ്ഗരേഖ പ്രകാരം അനുമതി നൽകാൻ നിർവ്വാഹമില്ല.

**എം.എൽ.എ. എ.ഡി.എസ്. പ്രവൃത്തികളുടെ പെൻഡിംഗ് ബില്ലുകളുടെ കണക്കുകൾ**

49 (430) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകൾ മുഖേന സമർപ്പിച്ച എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ പെൻഡിംഗ് ബില്ലുകളുടെ കണക്കുകൾ വ്യക്തമാക്കാമോ;

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെട്ട ഗുരുവായൂർ നിയോജകമണ്ഡലത്തിലെ പ്രവൃത്തികളുടെ പെന്റിംഗ്/അഡ്വാൻസ് ബില്ലുകളുടെ വിവരങ്ങൾ അറിയിക്കുമോ?

(എ&ബി) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ച 2 പെൻഡിംഗ് ബില്ലുകളുണ്ട്.

(സി) വിവിധ വകുപ്പുകൾ മുഖേന എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ ബില്ലുകൾ സമർപ്പിക്കുന്നതിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ആസ്തി വികസന പദ്ധതിയിൽ വരുന്ന ടെണ്ടർ എക്സസ്**

50 (431) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ ആസ്തി വികസന പദ്ധതിയിൽ വരുന്ന ടെണ്ടർ എക്സസ് അനുവദിക്കുന്നതിൽ എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) റേറ്റ് റിവിഷൻ, അപ്രതീക്ഷിതമായി വരുന്ന മറ്റ് കാര്യങ്ങൾ എന്നിവയാൽ ഭരണാനുമതി ലഭിച്ച പ്രവൃത്തിയുടെ പൂർത്തീകരണത്തിന് കൂടുതൽ തുക ആവശ്യമായി വരുന്ന സാഹചര്യങ്ങളിൽ ഇതേ പ്രവൃത്തിയുടെ ടെണ്ടർ എക്സസ് ഉപയോഗിച്ച് പ്രസ്തുത പ്രവൃത്തിയുടെ ബാക്കി ഭാഗം പൂർത്തീകരിക്കുന്നതിന് അനുമതി നൽകുന്നതിൽ എന്തെങ്കിലും തടസ്സം നിലവിലുണ്ടോ;

(സി) എങ്കിൽ ഇത്തരം സാഹചര്യങ്ങളിൽ പ്രത്യേകാനുമതി നൽകുന്നതിന് സന്നദ്ധമാവുമോയെന്ന് അറിയിക്കുമോ?

(എ-സി) എം.എൽ.എ.-മാരുടെ ആസ്തി വികസന പദ്ധതികൾക്ക് ടെണ്ടർ എക്സസ്സ് അനുവദനീയമല്ല. ഓരോ എം.എൽ.എ.-മാർക്കും ഓരോ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള 5 കോടി രൂപയിൽ നിജപ്പെടുത്തികൊണ്ടാണ് മൊത്തം പ്രവൃത്തികൾക്ക് ഭരണാനുമതി ഉത്തരവുകൾ പുറപ്പെടുവിക്കുന്നത്. അപ്രകാരം അനുമതി നൽകുന്ന ഓരോ പ്രവൃത്തിയുടെയും അനുവദിച്ച തുകയിൽ അധികരിച്ചുവരുന്ന തുക അനുവദിക്കുവാൻ ആസ്തി വികസന പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം നിർവ്വാഹമില്ല. എന്നാൽ ഒരു പ്രവൃത്തിയുടെ ഭരണാനുമതി തുകയിൽ നിജപ്പെടുത്തികൊണ്ട് പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ സേവിംഗ്സ് അനുവദിക്കാവുന്നതാണ്.

## ആസ്തി വികസന ഫണ്ട് പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് അക്രെഡിറ്റഡ് ഏജൻസി

51 (432) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രാദേശിക വികസന ഫണ്ടിൽനിന്നും ആസ്തി വികസന ഫണ്ടിൽനിന്നുമുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് അംഗീകൃത ഏജൻസിയെ എം.എൽ.എ.-മാർക്ക് നിർദ്ദേശിക്കുവാൻ സാധിക്കുമോ; ഇത് സാധൂകരിക്കുന്ന സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

പ്രാദേശിക വികസന ഫണ്ടിൽനിന്നും ആസ്തി വികസന ഫണ്ടിൽനിന്നുമുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് അംഗീകൃത ഏജൻസിയെ എം.എൽ.എ.-മാർക്ക് നിർദ്ദേശിക്കുവാൻ സാധിക്കില്ല. 4-7-2019-ലെ സ.ഉ.(അച്ചടി) നമ്പർ 77/2019/ ധന. പ്രകാരം അക്രെഡിറ്റഡ് ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിൽ പരാമർശിച്ചിട്ടുള്ള അക്രിഡിറ്റഡ് ഏജൻസികളുടെ സമയപരിധി 5-8-21-ലെ സ.ഉ.(അച്ചടി) നമ്പർ 111/2021/ധന. പ്രകാരം മൂന്ന് മാസംകൂടി (3-10-2021 വരെ) ദീർഘിപ്പിച്ചു നല്കിയിട്ടുണ്ട്. 28-4-2021-ലെ സ.ഉ.(അച്ചടി) നമ്പർ 67/21/ധന. പ്രകാരം അക്രെഡിറ്റഡ് ഏജൻസിയെ തീരുമാനിക്കുന്നത് പ്രസ്തുത പ്രവൃത്തി നിർവ്വഹണത്തിന് യോഗ്യരായ ഏജൻസികളിൽനിന്ന് സുതാര്യമായ ടെണ്ടർ നടപടികളിലൂടെയായിരിക്കുമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

## പാറശ്ശാല നിയോജകമണ്ഡലത്തിലെ ആസ്തി വികസന പദ്ധതി

52 (433) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാറശ്ശാല നിയോജകമണ്ഡലത്തിലെ കോവിഡ് പ്രതിരോധ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ഡലത്തിലെ 4 കുടുംബാരോഗ്യ കേന്ദ്രങ്ങൾക്ക് ആംബുലൻസുകൾ വാങ്ങി നൽകുന്നതിനുള്ള പ്രത്യേക അനുമതിക്കായി സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ?

പ്രസ്തുത വിഷയം NC-B2/48/2021-FIN (E-1860484) നമ്പർ ഫയലിൽ പരിശോധിച്ചിരുന്നു. 4-8-2018-ലെ സ.ഉ.(അച്ചടി) നമ്പർ 119/2018/ധന., 7-4-2020-ലെ സ.ഉ.(സാധാ)നമ്പർ 2716/2020/ധന. എന്നീ ഉത്തരവുകളിലെ

മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ആംബുലൻസുകൾ വാങ്ങുന്നത് അനുവദനീയമായ പ്രവൃത്തിയല്ലാത്തതാണ്. ആംബുലൻസ് ഡ്രൈവർമാരുടെ ശമ്പളം, ഇന്ധനച്ചെലവ് മുതലായ ആവർത്തനച്ചെലവുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുണ്ടാക്കുന്ന സാമ്പത്തിക ബുദ്ധിമുട്ട് കണക്കിലെടുത്താണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആംബുലൻസുകൾ വാങ്ങി നൽകേണ്ട എന്ന തീരുമാനമെടുത്തത്. ആയതിനാൽ ടി ആവശ്യം നിരസിച്ചുകൊണ്ട് 1-10-2021-ലെ 1860484/NC-B2/48/2021-FIN നമ്പർ കത്ത് പ്രകാരം മറുപടി നൽകിയിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)*.

### ആസ്തി വികസന ഫണ്ടിലെ ടെണ്ടർ സേവിംഗ്സ് തുക

53 (434) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ടിലെ ടെണ്ടർ സേവിംഗ്സ് തുക കണക്കാക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ?

4-8-2018-ലെ സ.ഉ.(പി)നമ്പർ 119/2018/ധന. ഉത്തരവ് പ്രകാരമുള്ള നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ നിലവിലെ മാർഗ്ഗരേഖയിലെ ഖണ്ഡിക 2.8 പ്രകാരം ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നതിന് 2017-18 സാമ്പത്തികവർഷം മുതൽ പ്രാബല്യമുണ്ട്. അതായത് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2017-18-ന് കീഴിൽ അനുമതി നല്കിയ പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2018-19-നുകീഴിൽ പരിഗണിക്കാവുന്നതാണ്. ഓരോ വർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികളുടെ ടെണ്ടർ അംഗീകരിച്ച് കഴിഞ്ഞിട്ടുണ്ടാകുന്ന ടെണ്ടർ എക്സസ്/സേവിംഗ്സ് ആ വർഷത്തെ പരമാവധി അഞ്ചുകോടി രൂപയിൽ കണക്കാക്കി കൂടുതൽ/കുറവ് വരുന്ന തുക അടുത്ത വർഷം അനുവദിച്ചിരിക്കുന്ന 5 കോടി രൂപയിൽ തട്ടിക്കിഴിക്കേണ്ടതാണ്. ഒരു സാമ്പത്തിക വർഷം അനുമതി നൽകിയ മുഴുവൻ പ്രവൃത്തികളുടെയും ടെണ്ടർ എക്സസ്/സേവിംഗ്സ് ഒരുമിച്ച് പരിഗണിക്കേണ്ടതാണ്. ഈ വിധത്തിൽ ഓരോ സാമ്പത്തിക വർഷത്തിലേയും സേവിംഗ്സ് തിട്ടപ്പെടുത്തണമെങ്കിൽ, അതതുവർഷം അനുമതി നല്കിയിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിച്ച് ഫൈനൽ ബില്ല് സെറ്റിൽ ചെയ്താൽ മാത്രമേ സാധിക്കൂ. മാത്രവുമല്ല ഒരു സാമ്പത്തിക വർഷത്തെ ടെണ്ടർ സേവിംഗ്സ് അടുത്ത സാമ്പത്തിക വർഷത്തിൽ പരിഗണിക്കുമ്പോൾ പരമാവധി പ്രവൃത്തികളുടെ എണ്ണം 20 ആയിത്തന്നെ നിജപ്പെടുത്തേണ്ടതുമാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) വർക്കല മണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിലെ ടെണ്ടർ സേവിംഗ്സ് തുക 2017-18, 2018-19, 2019-20, 2020-21 വർഷങ്ങളിൽ ഓരോന്നിലും എത്രയെന്ന് വിശദമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ ആസ്തി വികസന പദ്ധതികൾ**

54 (435) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട്, പ്രാദേശിക വികസന ഫണ്ട് എന്നിവ ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**ആലത്തൂർ മണ്ഡലത്തിലെ എ.ഡി.എഫ്., എസ്.ഡി.എഫ്. പദ്ധതികൾ**

55 (436) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ മണ്ഡലത്തിൽ മുൻ സർക്കാരിന്റെ കാലത്ത് എ.ഡി.എഫ്., എസ്.ഡി.എഫ്. പദ്ധതികളിൽ ഉൾപ്പെടുത്തി ഏതൊക്കെ പ്രവൃത്തികൾക്കാണ് അനുമതി ലഭിച്ചിട്ടുള്ളതെന്നും ആയതിലേയ്ക്കായി എത്ര തുക വീതം വകയിരുത്തിയിട്ടുണ്ടെന്നും പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

ആലത്തൂർ മണ്ഡലത്തിൽ മുൻസർക്കാരിന്റെ കാലത്ത് എ.ഡി.എഫ്. പദ്ധതികളിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ചിട്ടുള്ള 2016-17 സാമ്പത്തിക വർഷത്തിലെ പ്രവൃത്തികളുടെ വിവരം ശേഖരിച്ചുവരുന്നു. 2017-18 മുതൽ 2020-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ പ്രവൃത്തികളുടെ വിവരവും എത്ര തുക വീതം വകയിരുത്തിയിട്ടുണ്ടെന്ന പഞ്ചായത്ത് തിരിച്ചുള്ള വിവരവും എസ്.ഡി.എഫ്. പദ്ധതികളുടെ 2016-17 മുതൽ 2020-21 വരെ സാമ്പത്തിക വർഷങ്ങളിലെ പ്രവൃത്തികളുടെ വിവരവും ആയതിലേയ്ക്കായി എത്ര തുക വീതം വകയിരുത്തിയിട്ടുണ്ടെന്നുള്ള പഞ്ചായത്ത് തിരിച്ചുള്ള വിവരവും അനുബന്ധമായി ചേർത്തിരിക്കുന്നു*.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ

56 (437) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി നിയമസഭാമണ്ഡലങ്ങളിലെ വിവിധ പ്രവൃത്തികൾക്ക് 20 ശതമാനം തുക അനുവദിച്ചുകൊണ്ട് ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സംസ്ഥാനത്തെ ഓരോ മണ്ഡലത്തിലും 20 ശതമാനം തുക ഭരണാനുമതി അനുവദിച്ച പ്രവൃർത്തികളുടെ പേരും തുക സംബന്ധിച്ചുള്ള വിവരവും മണ്ഡലം തിരിച്ച് വിശദമാക്കുമോ?

(എ&ബി) 2021-22 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ 20 ശതമാനം തുക വകയിരുത്തിയിട്ടുള്ള പ്രവൃത്തികളിൽ ധനവകുപ്പിന് ശിപാർശ ലഭ്യമാക്കിയവ പരിശോധിച്ച് ഭരണാനുമതി നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

## എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട്

57 (438) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈബ്രറി കൗൺസിലിന്റെ കീഴിലുള്ള സ്ഥാപനങ്ങൾക്ക് എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും തുക അനുവദിക്കുന്നതിന് തടസ്സങ്ങളുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഫണ്ട് അനുവദിക്കുന്നതിന് പ്രത്യേക നടപടിക്രമങ്ങൾ ഉണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) ആസ്തി വികസന പദ്ധതിയുടെ നിലവിലെ മാർഗ്ഗനിർദ്ദേശം, 4-8-2018-ലെ സ.ഉ.(അച്ചടി) നമ്പർ 119/2018/ധന പ്രകാരം, സർക്കാർ ഉടമസ്ഥതയിൽ മൂലധനസ്വഭാവമുള്ള, ദീർഘകാലം നിലനിൽക്കുന്ന ആസ്തികളുടെ നിർമ്മാണമാണ് ആസ്തി വികസന പദ്ധതി വിഭാവനം ചെയ്യുന്നത്. പഞ്ചായത്ത് ലൈബ്രറികൾക്ക് ആസ്തി വികസന ഫണ്ടുപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിവരുന്നുണ്ട്. എന്നാൽ സംസ്ഥാന ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പല ലൈബ്രറികളുടെയും ഉടമസ്ഥാവകാശം അവ രജിസ്റ്റർ ചെയ്തിട്ടുള്ള സൊസൈറ്റികൾക്കാണ്. അത്തരം ലൈബ്രറികൾക്ക് ആസ്തി വികസന പദ്ധതിയിൽനിന്നും ധനസഹായം അനുവദനീയമല്ല. കൂടാതെ, ഫർണിച്ചർ, ഇലക്ട്രിക് ഉപകരണങ്ങൾ, ഏതെങ്കിലും തരത്തിലുള്ള സ്റ്റോക്ക്, ഇൻവെന്ററി മുതലായവ വാങ്ങുന്നത് പദ്ധതിയുടെ മാനദണ്ഡങ്ങൾ പ്രകാരം അനുദനീയമല്ല.

## എം.എൽ.എ. ആസ്തി വികസന ഫണ്ട്

58 (439) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന ഫണ്ട് പ്രകാരം 2020-21 വരെ ആശുപത്രികൾക്കും പഞ്ചായത്ത്/നഗരസഭകൾക്കും മെഡിക്കൽ ആംബുലൻസ് വാങ്ങുന്നതിന് പ്രത്യേക അനുമതി നൽകിയിരുന്നോ എന്ന് വിശദമാക്കാമോ?

ആസ്തിവികസന പദ്ധതി മാർഗരേഖകൾ പ്രതിപാദിക്കുന്ന 04-8-2018-ലെ സ.ഉ.(അച്ചടി)നമ്പർ 119/2018/ധന. പ്രകാരം ആംബുലൻസ് വാങ്ങൽ അനുവദനീയമല്ല. എന്നാൽ ബഹു. എം.എൽ.എ.-മാർ സമർപ്പിക്കുന്ന കത്തിലെ പ്രത്യേക സാഹചര്യങ്ങൾ പരിശോധിച്ച് ആംബുലൻസ് വാങ്ങുന്നതിന് ധനവകുപ്പ് പ്രത്യേക അനുമതി നൽകിയിട്ടുണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിൽ ഏതൊക്കെ മണ്ഡലത്തിലാണ് പ്രത്യേക അനുമതി നൽകിയതെന്ന് വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ്, നെടുമങ്ങാട്, പാറശ്ശാല മണ്ഡലങ്ങളിലാണ് ആംബുലൻസ് വാങ്ങുന്നതിന് പ്രത്യേക അനുമതി നൽകിയിട്ടുള്ളത്

(സി) 2021-22 സാമ്പത്തിക വർഷത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ട് പ്രകാരം മെഡിക്കൽ ആംബുലൻസ് വാങ്ങുന്നതിന് പ്രത്യേക അനുമതി നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ആസ്തിവികസന പദ്ധതി മാർഗരേഖകൾ പ്രതിപാദിക്കുന്ന 4-8-2018-ലെ സ.ഉ.(അച്ചടി)നമ്പർ 119/2018/ധന. ഉത്തരവിലും കോവിഡ് രോഗ പ്രവർത്തനങ്ങൾക്കായി എം.എൽ.എ. ഫണ്ട് വിനിയോഗിക്കുന്നതുമായി സർക്കാർ പുറപ്പെടുവിച്ച 7-4-2020-ലെ സ.ഉ.(സാധാ)നമ്പർ 2716/2020/ധന. പ്രകാരവും ആംബുലൻസ് വാങ്ങൽ ഉൾപ്പെട്ടിട്ടില്ലാത്ത പ്രവൃത്തിയാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ബഹു. എം.എൽ.എ.-യുടെ ആവശ്യം നിരസിച്ചുകൊണ്ട് 12-9-2021-ലെ നമ്പർ 1807632/NC-B2/37/2021-FIN കത്ത് പ്രകാരം മറുപടി നൽകിയിരുന്നു (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)*. ആയത് പ്രകാരമാണ് 2021-22 സാമ്പത്തിക വർഷത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ട് പ്രകാരം മെഡിക്കൽ ആംബുലൻസ് വാങ്ങുന്നതിന് പ്രത്യേക അനുമതി നൽകാതിരുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## എം.എൽ.എ. ആസ്തി വികസന ഫണ്ട്

59 (440) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി-പ്രാദേശിക വികസന ഫണ്ട് പ്രകാരം വിവിധ പദ്ധതികൾക്ക് പ്രൊപ്പോസലുകൾ നൽകുമ്പോൾ, എം.എൽ.എ. നിശ്ചയിച്ച അക്രെഡിറ്റഡ് ഏജൻസിയെ മറികടന്ന് വേറെ ഏജൻസികളെ നിശ്ചയിക്കാൻ ഏതെങ്കിലും വകുപ്പിന് അധികാരം നൽകിയിട്ടുണ്ടോ?

എം.എൽ.എ. ആസ്തി-പ്രാദേശിക വികസന ഫണ്ടുപ്രകാരം വിവിധ പദ്ധതികൾക്ക് പ്രൊപ്പോസലുകൾ നൽകുമ്പോൾ അക്രെഡിറ്റഡ് ഏജൻസിയെ നിശ്ചയിക്കുവാൻ എം.എൽ.എ.-യ്ക്ക് സാധിക്കില്ല. 4-7-2019-ലെ സ.ഉ.(അച്ചടി) നമ്പർ 77/2019/ധന പ്രകാരം അക്രെഡിറ്റഡ് ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിൽ പരാമർശിച്ചിട്ടുള്ള അക്രഡിറ്റഡ് ഏജൻസികളുടെ സമയപരിധി 5-8-2021-ലെ സ.ഉ.(അച്ചടി) നമ്പർ 111/2021/ധന പ്രകാരം ദീർഘിപ്പിച്ച് നല്കിയിട്ടുണ്ട്. 28-4-2021-ലെ സ.ഉ.(അച്ചടി) നമ്പർ 67/21/ധന. പ്രകാരം അക്രെഡിറ്റഡ് ഏജൻസിയെ തീരുമാനിക്കുന്നത് പ്രസ്തുത പ്രവൃത്തി നിർവ്വഹണത്തിന് യോഗ്യരായ ഏജൻസികളിൽനിന്ന് സുതാര്യമായ ടെണ്ടർ നടപടികളിലൂടെയായിരിക്കുമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

## മാവേലിക്കര നിയോജകമണ്ഡലത്തിൽ ട്രാഫിക്ക് സിഗ്നൽ ലൈറ്റ് സ്ഥാപിക്കൽ

60 (441) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന പദ്ധതി പ്രകാരമുള്ള 2019-20-ലെ ടെണ്ടർ സേവിംഗ്സ് തുക വിനിയോഗിച്ച് മാവേലിക്കര നിയോജകമണ്ഡലത്തിൽ ട്രാഫിക് സിഗ്നൽ ലൈറ്റും മിനിമാസ്റ്റ് ലൈറ്റും സ്ഥാപിക്കുവാൻ അനുമതി ലഭിക്കുന്നതിനായി അപേക്ഷ നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) എങ്കിൽ e-5318433/NCB2/fin., e-5322411/NCB2/fin. എന്നീ ഫയലുകളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

e-5322411/NCB2/fin- മാവേലിക്കര മണ്ഡലത്തിലെ 2019-20 സാമ്പത്തിക വർഷത്തിലെ ടെണ്ടർ സേവിംഗ്സിൽനിന്നും പന്ത്രണ്ട് ലക്ഷം രൂപ വിനിയോഗിച്ച് SIDCO-യെ ചുമതലപ്പെടുത്തി മണ്ഡലത്തിലെ 7 ഇടങ്ങളിൽ ലോമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രത്യേക അനുമതി അപേക്ഷ സംബന്ധിച്ച ഫയൽ ആണിത്. 4-7-2019-ലെ സ.ഉ.(അച്ചടി)77/2019/ധന. പ്രകാരം ഇലക്ട്രിക്കൽ വർക്കുകൾക്ക് SIDCO-യ്ക്ക് ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് PMC-യോ Non PMC-യോ ആകുന്നതിന് കഴിയുകയില്ല. ആയതിനാൽ ടി ആവശ്യം നിരസിച്ചുകൊണ്ട് 18-9-2021-ലെ നമ്പർ 1826432/NC-B2/43/2021-FIN കത്ത് പ്രകാരം ബഹു. എം.എൽ.എ.-യ്ക്ക് മറുപടി നൽകിയിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).* e-5318433/NCB2/fin - മാവേലിക്കര മണ്ഡലത്തിലെ 2019-20 സാമ്പത്തിക വർഷത്തിലെ ടെണ്ടർ സേവിംഗ്സിൽനിന്നും പതിനാല് ലക്ഷം രൂപ വിനിയോഗിച്ച് മാവേലിക്കര ബുദ്ധ ജംഗ്ഷനിൽ ട്രാഫിക് സിഗ്നൽ സംവിധാനം സ്ഥാപിക്കുന്നതിനുള്ള പ്രത്യേക അനുമതി അപേക്ഷ സംബന്ധിച്ച ഫയലാണിത്. ആസ്തി വികസന പദ്ധതി മാർഗരേഖകൾ പ്രതിപാദിക്കുന്ന 4-8-2018-ലെസ.ഉ.(അച്ചടി)നമ്പർ 119/2018/ധന. ഉത്തരവിലെ മാനദണ്ഡങ്ങൾ അനുസരിച്ച് ട്രാഫിക് സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നത് അനുവദനീയമല്ല. ആയതിനാൽ ടി ആവശ്യം നിരസിച്ചുകൊണ്ട് 1-10-2021-ലെ 1826398/എൻ.സി.ബി2/42/2021-ധന കത്ത് പ്രകാരം മറുപടി നൽകിയിട്ടുണ്ട്.(പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).*

**പ്രാദേശിക ഫണ്ടിന്റെയും ആസ്തി വികസന ഫണ്ടിന്റെയും മാനദണ്ഡങ്ങൾ**

61 (442) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ഡലം ആസ്തി വികസന ഫണ്ടിൽനിന്നും പ്രാദേശിക വികസന ഫണ്ടിൽനിന്നും പ്രവൃത്തികൾ നിർദ്ദേശിക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മണ്ഡലം ആസ്തി വികസന ഫണ്ടിൽനിന്നും പ്രാദേശിക വികസന ഫണ്ടിൽനിന്നും പ്രവൃത്തികൾ നിർദ്ദേശിക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള മാനദണ്ഡങ്ങൾ നിയോജകമണ്ഡല ആസ്തി വികസന പദ്ധതികളുടെ നിലവിലെ മാർഗ്ഗരേഖയായ 4-8-18-ലെ സ.ഉ.(അച്ചടി)നം.119/2018/ധന ഉത്തരവിലും എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധി പദ്ധതികളുടെ നിലവിലെ മാർഗ്ഗരേഖയായ 29-12-17-ലെ സ.ഉ(അച്ചടി) നമ്പർ 161/2017/ധന. ഉത്തരവിലും നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) പ്രവൃത്തി നടപ്പിലാക്കുവാൻ സാധിക്കുന്ന അക്രെഡിറ്റഡ് ഏജൻസികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത ഏജൻസികളെ തെരഞ്ഞെടുക്കുന്നതിന് നിയമസഭാ സാമാജികർക്ക് സാധിക്കുമോ?

4-7-2019-ലെ സ.ഉ(അച്ചടി) നമ്പർ 77/2019/ധന പ്രകാരം അക്രെഡിറ്റഡ് ഏജൻസികളെ തെരഞ്ഞടുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിൽ പരാമർശിച്ചിട്ടുള്ള അക്രഡിറ്റഡ് ഏജൻസികളുടെ സമയപരിധി 5-8-21-ലെ സ.ഉ.(അച്ചടി)നം.111/2021/ധന പ്രകാരം 04-10-21 വരെ ദീർഘിപ്പിച്ച് നല്കിയിട്ടുണ്ട്. 28-4-21-ലെ സ.ഉ.(അച്ചടി) നമ്പർ 67/21/ധന പ്രകാരം അക്രെഡിറ്റഡ് ഏജൻസിയെ തീരുമാനിക്കുന്നത് പ്രസ്തുത പ്രവൃത്തി നിർവ്വഹണത്തിന് യോഗ്യരായ ഏജൻസികളിൽനിന്ന് സുതാര്യമായ ടെണ്ടർ നടപടികളിലൂടെയായിരിക്കുമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത ഏജൻസികളെ തെരഞ്ഞെടുക്കുന്നതിന് നിയമസഭാ സാമാജികർക്ക് സാധിക്കില്ല.

**മഴുവന്നൂർ എഫ്.എച്ച്.സി-യിലെ നെല്ലാട് സബ് സെന്ററിന് പുതിയ കെട്ടിടം**

62 (443) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-യുടെ പ്രത്യേക വികസന നിധി (2020-21)-യിൽനിന്നും കുന്നത്തുനാട് മണ്ഡലത്തിലെ മഴുവന്നൂർ എഫ്.എച്ച്.സി-യിലെ നെല്ലാട് സബ് സെന്ററിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പതിനെട്ട് ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടും കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ?

പ്രവൃത്തി ആരംഭിക്കുന്നതിന് കരാറുകാരന് സൈറ്റ് കൈമാറിയിട്ടുണ്ടെങ്കിലും പ്രവൃത്തി ആരംഭിക്കുന്നതിന് ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവീസിന്റെ അനുമതി ആവശ്യമാണെന്നും ആയത് ഇതുവരെ ലഭ്യമായിട്ടില്ലെന്നും നിലവിലുള്ള കെട്ടിടം പൊളിച്ചുമാറ്റാതെ സബ്സെന്റർ നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളതെന്നും അനുമതി ലഭ്യമാക്കുന്നതിനായി കത്ത് നല്കിയിട്ടുള്ളതായും നിർവ്വഹണ ഉദ്യോഗസ്ഥനായ വടവുകോട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

(സി) സബ് സെന്ററിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

അനുമതി ലഭ്യമാക്കി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കേന്ദ്ര ധനവിനിയോഗ വകുപ്പ് അനുവദിച്ച സാമ്പത്തിക സഹായങ്ങൾ**

63 (444) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുസാമ്പത്തിക വർഷം ഒന്നാംപാദ മൂലധന ചെലവിന് കേന്ദ്രം നിശ്ചയിച്ച ലക്ഷ്യങ്ങൾ എന്തെല്ലാമെന്നും ആയത് സംസ്ഥാനം കൈവരിച്ചുവോ എന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

കോവിഡ്-19 മഹാമാരിയുടെയും അതിനെ തുടർന്നുള്ള സാമ്പത്തിക ഞെരുക്കത്തിന്റെയും പശ്ചാത്തലത്തിൽ 15-ാം ധനകാര്യ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ 2021-22 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ വായ്പാ പരിധി GSDP-യുടെ 4 ശതമാനമായി ഉയർത്തുകയും അതിൽ 0.5% മൂലധന ചെലവിനത്തിൽ കൈവരിക്കേണ്ട ലക്ഷ്യങ്ങൾക്കനുസൃതമായിട്ടാണ് അനുവദിച്ചിട്ടുമുള്ളത്. കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് 2021-22 സാമ്പത്തിക വർഷത്തേയ്ക്ക് മൂലധന ചെലവിനത്തിൽ കൈവരിക്കേണ്ട വാർഷിക ലക്ഷ്യമായി നിർണ്ണയിച്ചിരിക്കുന്നത് 11,419 കോടി രൂപയാണ്. ഇതിൽ ഒന്നാം പാദത്തിന്റെ (എപ്രിൽ-ജൂൺ) ലക്ഷ്യമായി 1,712.85 (15%) കോടി രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്. ഒന്നാം പാദത്തിന്റെ അവസാനത്തിൽ സംസ്ഥാനം 3,156.37 (30.27%) കോടി രൂപ മൂലധന ചെലവിനത്തിൽ കൈവരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കേന്ദ്രലക്ഷ്യങ്ങൾ കൈവരിച്ചതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ധനവിനിയോഗ വകുപ്പ് സംസ്ഥാനത്തിനനുവദിച്ച സാമ്പത്തിക സഹായങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനം മൂലധന ചെലവിനത്തിൽ കൈവരിക്കേണ്ട ഒന്നാം പാദ ലക്ഷ്യം പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ 10-9-2021-ലെ നം.40(2)/PF-S/2020-21/OMB-39 കത്ത് പ്രകാരം 2,255 കോടി രൂപ പൊതുവിപണിയിൽനിന്ന് വായ്പയെടുക്കുന്നതിനുള്ള അനുമതി കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്.

(സി) ആയതിലൂടെ സംസ്ഥാനത്ത് സാമ്പത്തിക മേഖലയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

വായ്പയെടുക്കുന്ന തുക പ്രധാനമായും മൂലധന/വികസന പ്രവർത്തനങ്ങൾക്കായാണ് ചെലവഴിക്കുന്നത്.

**കോവിഡുമായി ബന്ധപ്പെട്ട് ലഭിച്ച കേന്ദ്രവിഹിതം**

64 (446) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡുമായി ബന്ധപ്പെട്ട് നാളിതുവരെ കേന്ദ്രത്തിൽനിന്നും ലഭിച്ച വിഹിതം എത്രയാണെന്നറിയിക്കാമോ;

(ബി) പ്രസ്തുത തുക ഏതെല്ലാം കാര്യങ്ങൾക്ക് ഉപയോഗിച്ചുവെന്ന് വിശദമാക്കാമോ?

(എ&ബി) കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിൽനിന്നും നടപ്പ് സാമ്പത്തിക വർഷം 30-9-2021 വരെ വിവിധ സ്കീമുകൾക്കായി 560.61 കോടി രൂപ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. ഇതുകൂടാതെ, എസ്.ഡി.ആർ.എഫ്-ന്റെ കേന്ദ്ര വിഹിതമായി 125.60 കോടി രൂപയും ലഭിച്ചിട്ടുണ്ട്. ഇപ്രകാരം ലഭിക്കുന്ന ഫണ്ടുകൾ ഇതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖകൾക്ക് വിധേയമായിട്ടാണ് ബന്ധപ്പെട്ട വകുപ്പുകളും നിർവ്വഹണ ഏജൻസികളും ചെലവഴിക്കേണ്ടത്.

**വിരമിച്ചവരുടെ പെൻഷൻ ആനുകൂല്യങ്ങൾ**

65 (447) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2020-21 സാമ്പത്തിക വർഷം വരെ സർക്കാർ സർവ്വീസിൽനിന്നും എത്ര പേർ വിരമിച്ചു; ഈ സാമ്പത്തിക വർഷം എത്ര പേരാണ് സർക്കാർ സർവ്വീസിൽനിന്നും വിരമിച്ചത്?

സ്പാർക്കിൽനിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2016-17 മുതൽ 2020-21 സാമ്പത്തിക വർഷം വരെ സർക്കാർ സർവ്വീസിൽനിന്നും വിരമിച്ച ജീവനക്കാരുടെ വിശദാംശങ്ങൾ ചുവടെ പറയും പ്രകാരമാണ്.

| വർഷം | ജീവനക്കാരുടെ എണ്ണം (29-9-2021 വരെ) |
|---|---|
| 2016-17 | 21230 |
| 2017-18 | 23910 |
| 2018-19 | 23532 |
| 2019-20 | 23596 |
| 2020-21 | 21542 |

14827 പേരാണ് ഈ സാമ്പത്തിക വർഷം ഇതുവരെ സർക്കാർ സർവ്വീസിൽനിന്നും വിരമിച്ചത്.

(ബി) വിരമിച്ചവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ ഇതുവരെ ലഭിച്ചില്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ആനുകൂല്യങ്ങൽ ലഭിച്ചില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

വിരമിച്ചവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ ഇതുവരെ ലഭിച്ചില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പെൻഷൻകാരുടെ ആനുകൂല്യവിതരണം**

66 (448) ശ്രീ. പി. അബ്ദുൽ ഹമീദ്.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശമ്പളപരിഷ്കരണത്തിന്റെ ഭാഗമായും ക്ഷാമബത്ത കുടിശ്ശിക നൽകുന്നതിന്റെ ഭാഗമായും സംസ്ഥാനത്തെ പെൻഷൻകാർക്ക് കുടിശ്ശിക വിതരണം ചെയ്യുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കുടിശ്ശിക സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ച പ്രകാരം നൽകുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

(എ&ബി) കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും ചരക്ക് സേവന നികുതി വരുമാനനഷ്ടത്തിനുള്ള നഷ്ടപരിഹാരം കേന്ദ്രസർക്കാർ കൃത്യസമയത്ത് നൽകാത്തതും പുതിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറച്ചതും യാഥാർത്ഥ്യമാണ്. അതേസമയം കോവിഡ് ദുരിതമനുഭവിക്കുന്ന നിലവിലെ ഘട്ടത്തിൽ സാധാരണ ജനജീവിതം സാദ്ധ്യമാക്കുകയെന്ന കർത്തവ്യത്തിന്റെ ഭാഗമായുള്ള സാമൂഹ്യക്ഷേമ ചെലവുകൾ (ഭക്ഷ്യകിറ്റ്, സാമൂഹ്യസുരക്ഷാ പെൻഷൻ, മുതലായവ), ആരോഗ്യ രംഗത്ത് സൃഷ്ടിക്കപ്പെട്ട സാമ്പത്തിക ഉത്തരവാദിത്വങ്ങൾ എന്നിവ ഏറ്റെടുക്കേണ്ടിവന്നതും സംസ്ഥാനത്ത് ഗുരുതര ലിക്വിഡിറ്റി പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. എന്നാൽ ടി പ്രതിസന്ധിക്കിടയിലും ഏകദേശം 2,600 കോടി രൂപയോളം വരുന്ന പെൻഷൻ പരിഷ്കരണ/പെൻഷൻകാരുടെ ക്ഷാമബത്ത കുടിശ്ശികയുടെ രണ്ട് തവണകൾ വിതരണം ചെയ്തിരുന്നു. സാമ്പത്തിക പ്രതിസന്ധി തുടരുന്ന പശ്ചാത്തലത്തിൽ അടുത്ത ഗഡു പെൻഷൻ പരിഷ്കരണ കുടിശ്ശിക/ഡി.ആർ. കുടിശ്ശിക വിതരണം ചെയ്യുന്ന കാര്യത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് തീരുമാനം കൈക്കൊള്ളുന്നതാണ്.

(സി) പെൻഷൻകാർക്ക് നിലവിൽ എത്ര ശതമാനം ഡി.എ. കുടിശ്ശിക നൽകുവാനുണ്ട്; വ്യക്തമാക്കാമോ?

നിലവിൽ കേന്ദ്രസർക്കാർ പ്രഖ്യാപിച്ച 01/2021 പ്രാബല്യത്തിലുള്ള ക്ഷാമബത്ത/ക്ഷാമാശ്വാസത്തിന് ആനുപാതികമായ ഒരു ഗഡു ക്ഷാമാശ്വാസം സംസ്ഥാന പെൻഷൻകാർക്ക് നൽകാനുണ്ട്.

## ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

67 (449) <u>ശ്രീ. എച്ച്. സലാം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും സർവ്വീസ് പെൻഷൻകാർക്കുമായി ഏർപ്പെടുത്താൻ ഉദ്ദേശിച്ച ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നാളിതുവരെ നടപ്പാക്കാൻ കഴിയാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

24-4-2017-ലെ സർക്കാർ ഉത്തരവ് (പി.) നമ്പർ 54/2017/ധന. പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർ, പെൻഷൻകാർ, കുടുംബപെൻഷൻകാർ എന്നിവർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവായിരുന്നു. മെഡിസെപ് പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ, ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെട്ട റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് മുഖാന്തരം 1-8-2019 മുതൽ മെഡിസെപ് പദ്ധതി നടപ്പിലാക്കുന്നതിനായി 15-7-2019-ലെ സ.ഉ.(പി)നം.87/2019/ധന. പ്രകാരം തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായെങ്കിലും ആർ.എഫ്.പി. (REQUEST FOR PROPOSAL)-യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയ സാഹചര്യത്തിൽ പ്രസ്തുത കമ്പനിക്ക് നൽകിയ അവാർഡ് ഓഫ് കോൺട്രാക്ട് റദ്ദ് ചെയ്തിരുന്നു. തുടർന്ന് 15-7-2019-ലെ സ.ഉ.(പി)നം.87/2019/ധന പ്രകാരം പ്രസിദ്ധീകരിച്ച മെഡിക്കൽ/സർജിക്കൽ ചികിത്സാനിരക്കുകൾ പരിഷ്കരിക്കുന്നതിനായുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ Request For Proposal (RFP) 15-10-2020-ൽ പ്രസിദ്ധീകരിക്കുകയും റീ-ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തു. റീ-ടെണ്ടറിൽ പങ്കെടുത്ത ഇൻഷ്വറൻസ് കമ്പനികളുടെ സാങ്കേതിക ബിഡുകൾ (technical bids) Technical Evaluation Committee പരിശോധിച്ച് അംഗീകരിച്ചിരുന്നു. എന്നാൽ ആർ.എഫ്.പി. (REQUEST FOR PROPOSAL) -ൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്ന ഇൻഷ്വറൻസ് കമ്പനികളെ പൊതുതാൽപര്യം സംരക്ഷിക്കുന്നതിനായി പദ്ധതിയുടെ ടെണ്ടർ നടപടികളിൽനിന്നും ഒഴിവാക്കാവുന്നതാണ് എന്ന അഡ്വക്കേറ്റ് ജനറൽ കേരള നൽകിയ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവ് പ്രകാരം 15-10-2020 -ൽ പ്രസിദ്ധീകരിച്ച ആർ.എഫ്.പി. (REQUEST FOR PROPOSAL) റദ്ദാക്കുകയും അഡ്വക്കേറ്റ് ജനറൽ കേരള നൽകിയ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലുള്ള നിബന്ധനകൾ കൂട്ടിചേർത്തും മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ ശിപാർശ ചെയ്ത ചികിത്സാ നിരക്കുകൾ ഉൾപ്പെടുത്തുകയും ചെയ്തുകൊണ്ടുള്ള പുതുക്കിയ Request For Proposal (RFP) 22-1-2021-ൽ പ്രസിദ്ധീകരിക്കുകയും റീ-ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തു. റീ-ടെണ്ടർ നടപടികളിൽ പങ്കെടുത്ത നാല് ഇൻഷ്വറൻസ് കമ്പനികളുടേയും സാങ്കേതിക ബിഡുകൾ (technical bids) Technical Evaluation Committee പരിശോധിച്ച് അംഗീകരിച്ചിരുന്നുവെങ്കിലും അഡ്വക്കേറ്റ് ജനറൽ കേരളയുടെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ Request For Proposal (RFP)-യിൽ ഉൾപ്പെടുത്തിയ പ്രത്യേക നിബന്ധനക്കെതിരെ (Special Clause) റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ബഹു. ഹൈക്കോടതിക്ക് മുൻപാകെ

റിട്ട് പെറ്റീഷൻ (WP(C)2938/2021) ഫയൽ ചെയ്യുകയുണ്ടായി. ആയത് തള്ളിക്കളഞ്ഞുകൊണ്ട് വിധി വന്നതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ ബിഡ് 7-4-2021-ൽ തുറന്ന് Oriental Insurance Company-യെ L1 ആയി തെരഞ്ഞെടുത്തിരുന്നു. എന്നാൽ ടി വിധിക്കെതിരെ റിലയൻസ് കമ്പനി ബഹു. ഹൈക്കോടതിയിൽ അപ്പീൽ (WA.No.615/2021) ഫയൽ ചെയ്യുകയും ആയതിന്മേലുള്ള ഇടക്കാല ഉത്തരവ് പ്രകാരം അപ്പീലിന്മേലുള്ള അന്തിമ വിധിക്ക് വിധേയമായി മാത്രമേ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുവാൻ പാടുള്ളൂ എന്ന് ടി ഉത്തരവിൽ വ്യവസ്ഥ ചെയ്തിരുന്ന സാഹചര്യത്തിൽ L1 കമ്പനിയെ ഔദ്യോഗികമായി പ്രഖ്യാപിക്കുവാൻ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം തേടേണ്ടിവന്നു. ഇത്തരത്തിലുള്ള കോടതി വ്യവഹാരങ്ങളിൽപ്പെട്ടതിനാലാണ് പദ്ധതി നാളിതുവരെ നടപ്പിലാക്കാൻ കഴിയാതെ പോയത്.

(ബി) 2021-ൽ തന്നെ ഈ പദ്ധതി ആരംഭിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

പുതുക്കിയ Request For Proposal (RFP) 22-1-2021-ൽ പ്രസിദ്ധീകരിക്കുകയും Oriental Insurance Company Ltd-നെ 7-4-2021-ലെ ധനകാര്യ ബിഡ്ഡിലൂടെ തെരഞ്ഞെടുക്കുകയും 6-8-2021-ൽ Award of Contract നൽകുകയുമുണ്ടായി. ടി പദ്ധതിയുടെ ഗുണഭോക്താക്കളുടെ രണ്ടാം ഘട്ട വിവരശേഖരണവും ഒന്നാംഘട്ട വിവരശേഖരണത്തിന്റെ തുടർ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനുമായി വകുപ്പ് തലത്തിൽ നോഡൽ ഓഫീസർമാരെ നിശ്ചയിക്കുവാനും അവരുടെ പൂർണവിവരങ്ങൾ അടിയന്തരമായി ലഭ്യമാക്കുവാനുമുള്ള നിർദ്ദേശങ്ങൾ എല്ലാ വകുപ്പുകളിലേയ്ക്കും കൈമാറിയിട്ടുണ്ട്. കൂടാതെ Oriental Insurance കമ്പനിയുമായി പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ചർച്ചകൾ പുരോഗമിച്ചുവരുന്നു.

**ശമ്പള കമ്മീഷൻ റിപ്പോർട്ട്**

68 (450) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. ടി. വി. ഇബ്രാഹിം:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കായുള്ള നിലവിലെ ശമ്പള കമ്മീഷന്റെ അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ എന്തെല്ലാമാണ്?

ശമ്പളക്കമ്മീഷന്റെ അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ പ്രധാനപ്പെട്ട ശിപാർശകളുടെ സംക്ഷിപ്തം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇതിൽ ഏതെല്ലാം ശിപാർശകൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

റിപ്പോർട്ടിലെ വിവിധ ശിപാർശകൾ സർക്കാർ വിശദമായി പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**സർക്കാർ സർവ്വീസിൽനിന്ന് വിരമിക്കുന്നവർ**

69 (451) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 മുതൽ 2025-26 വരെ എത്ര പേരാണ് സർക്കാർ സർവ്വീസിൽ നിന്ന് വിരമിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സ്പാർക്കിൽനിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2021-22 മുതൽ 2025-26 വരെ സർക്കാർ സർവ്വീസിൽനിന്നും വിരമിക്കുന്ന ജീവനക്കാരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ്.

| വർഷം | ജീവനക്കാരുടെ എണ്ണം |
|---|---|
| 2021 | 21486 |
| 2022 | 20779 |
| 2023 | 21059 |
| 2024 | 21583 |
| 2025 | 22188 |
| 2026 | 23537 |

(ബി) ഈ സാമ്പത്തിക വർഷം വിരമിക്കുന്നവരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകാൻ എത്ര കോടി രൂപ ചെലവാകുമെന്ന് വെളിപ്പെടുത്താമോ?

ഈ സാമ്പത്തിക വർഷം വിരമിക്കുന്നവരുടെ പെൻഷൻ ആനുകൂല്യങ്ങൾക്കായി 23,105.98 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിൽ ഇതുവരെ 16,058.17 കോടി രൂപ ചെലവായിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പെൻഷൻ പ്രായം ഒരു വർഷത്തേയ്ക്ക് വർദ്ധിപ്പിക്കണമെന്ന ശമ്പളപരിഷ്ക്കരണ കമ്മീഷൻ ശിപാർശ തൊഴിലില്ലാത്ത യുവജനങ്ങളെ ബാധിക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പരിശോധിച്ചുവരുന്നു.

**പെൻഷൻ ഇനത്തിൽ ചെലവായ തുക**

70 (452) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ എത്ര പങ്കാളിത്ത പെൻഷൻ ജീവനക്കാരുണ്ട്; നാളിതുവരെ സംസ്ഥാനത്തുനിന്ന് എത്ര തുക എൻ.പി.എസ്. ട്രസ്റ്റിന് കൈമാറിയിട്ടുണ്ട്; കമ്മീഷൻ ഇനത്തിൽ എത്ര തുക നൽകിയിട്ടുണ്ട്?

ദേശീയ പെൻഷൻ പദ്ധതിയുടെ സെൻട്രൽ റിക്കോർഡ്സ് കീപ്പിംഗ് ഏജൻസിയായ നാഷണൽ സെക്യൂരിറ്റീസ് ഡിപ്പോസിറ്ററി ലിമിറ്റഡിന്റെ പ്രതിമാസ റിപ്പോർട്ട് പ്രകാരം 2021 ആഗസ്റ്റ് 31 വരെ, 1,42,172 സർക്കാർ ജീവനക്കാർ ദേശീയ പെൻഷൻ പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്. ജീവനക്കാരുടെ വിഹിതവും സർക്കാർ വിഹിതവും കൂടി ചേർത്ത് ആകെ 3,923.38 കോടി രൂപ 31-8-2021 വരെ പ്രസ്തുത പദ്ധതിയിൽ നിക്ഷേപിച്ചിട്ടുണ്ട്. കമ്മീഷൻ ഇനത്തിൽ സർക്കാർ തുക നൽകുന്നില്ല

(ബി) 2021 ജനുവരി, ജൂൺ മാസങ്ങളിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷൻ നൽകാൻ എത്ര തുക ചെലവാക്കി എന്ന് വ്യക്തമാക്കുമോ?

2021 ജനുവരി മാസത്തിൽ 689.72 കോടി രൂപയും 2021 ജൂൺ മാസത്തിൽ 855.70 കോടി രൂപയും (isoft പ്രകാരം) സ്റ്റാറ്റ്യൂട്ടറി പെൻഷൻ ഇനത്തിൽ ചെലവായിട്ടുണ്ട്.

(സി) പെൻഷൻ ഇനത്തിൽ സംസ്ഥാന സർക്കാരിന് 2020-21 സാമ്പത്തിക വർഷം ആകെ എത്ര രൂപ ചെലവായി; മന്ത്രിമാരുടെയും എം.എൽ.എ.-മാരുടെയും പെൻഷൻ, പേഴ്സണൽ സ്റ്റാഫിന്റെ പെൻഷൻ, കേരള സർവ്വീസ് പെൻഷൻ, എയ്ഡഡ് സ്ഥാപനങ്ങളിലെ പെൻഷൻ, കുടുംബ പെൻഷൻ, മറ്റ് പെൻഷനുകൾ എന്നിങ്ങനെ ഇനം തിരിച്ച് വ്യക്തമാക്കാമോ?

മന്ത്രിമാർക്ക് പ്രത്യേകമായി പെൻഷൻ ഇല്ല. നിയമസഭാംഗം എന്ന നിലയ്ക്കുള്ള പെൻഷൻ ആണ് അവർക്കും ലഭിക്കുന്നത്. ഇനം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:-

തുക കോടിയിൽ

| ശീർഷകം | ആകെ ചെലവായ തുക(AG-യുടെ FINAL ACCOUNTS പ്രകാരം) |
|---|---|
| പെൻഷൻ ഇനം ( 2071) | 18945.58 |
| സംസ്ഥാന നിയമസഭാ അംഗങ്ങൾക്കുള്ള പെൻഷൻ 2071-01-101-97 (NV) | 11.99 |
| പേഴ്സണൽ സ്റ്റാഫിന്റെ പെൻഷൻ (മന്ത്രിമാരുടെയും പ്രതിപക്ഷനേതാവിന്റെയും ചീഫ് വിപ്പിന്റെയും പേഴ്സണൽ സ്റ്റാഫ്) 2071-01-101-97 | 6.03 |
| കേരള സർവ്വീസ് പെൻഷൻ (സ്റ്റാറ്റ്യൂട്ടറി പെൻഷൻ+NPS-നുള്ള സർക്കാർ വിഹിതം) 2071-01-101-99 &2071-01-117-97 | 8636.8 |
| എയ്ഡഡ് സ്ഥാപനങ്ങളിലെ പെൻഷൻ 2071-01-109-99 | 3209.68 |
| കുടുംബ പെൻഷൻ 2071-01-105-99 | 2226.7 |
| മറ്റ് പെൻഷനുകൾ 2071-(all other items) | 4854.38 |

**സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം**

71 (453) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷൻ സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം കൂട്ടാനുള്ള ശിപാർശ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷൻ സർക്കാരിന് സമർപ്പിച്ച അന്തിമ റിപ്പോർട്ടിൽ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നല്കുന്നതിനുള്ള സർക്കാരിന്റെ സാമ്പത്തിക ബാദ്ധ്യത ഒരു വർഷത്തേയ്ക്ക് നീട്ടി വയ്ക്കാൻ വിരമിക്കൽ പ്രായം 57 ആക്കി വർദ്ധിപ്പിക്കാവുന്നതാണെന്ന് ശിപാർശ നല്കിയിട്ടുണ്ട്.

(ബി) ശിപാർശയിൽ സർക്കാർ എന്തെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷൻ സർക്കാരിന് സമർപ്പിച്ച അന്തിമ റിപ്പോർട്ടിലെ വിവിധ ശിപാർശകൾ സർക്കാർ വിശദമായി പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## സ്പാർക്കിന്റെ കാര്യക്ഷമത

72 (454) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ശമ്പള വിതരണവും സർവ്വീസ് സംബന്ധമായ നടപടികളും എളുപ്പത്തിലാക്കാൻ കൊണ്ടുവന്ന സ്പാർക്ക് സോഫ്റ്റ്‌വെയർ ഫലത്തിൽ അവർക്ക് കടുത്ത ദുരിതമാണ് സമ്മാനിക്കുന്നതെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സർക്കാർ ജീവനക്കാരുടെ പതിനൊന്നാം ശമ്പള പരിഷ്കരണവും യു.ജി.സി. ഏഴാം ശമ്പള പരിഷ്കരണവും നിലവിൽ വന്നിട്ടുള്ള സാഹചര്യത്തിൽ സ്പാർക്ക് സോഫ്റ്റ്‌വെയറുമായി ബന്ധപ്പെട്ട് ജീവനക്കാർക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായി ചൂണ്ടിക്കാണിക്കുന്ന ചില റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സ്പാർക്കിൽ തിരുത്തലുകൾ വരുത്താൻ കഴിയാത്തത് പെൻഷൻ ലഭിക്കുന്നതിനടക്കം ബാധിക്കുന്നതിനാൽ ഇവ ഉപയോക്താക്കൾക്ക് കൂടുതൽ ഫലപ്രദമായ രീതിയിൽ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

1-7-2019-ലെ പരിപത്രം നമ്പർ 64/2019/ധന. പ്രകാരമാണ് സ്പാർക്കിൽ പേര്, ജനനത്തീയതി/സർവീസ് കാറ്റഗറി തുടങ്ങിയ തിരുത്തലുകൾ വരുത്തുന്നത്. ഈ സംവിധാനം ഡി.ഡി. ഒ-മാർക്ക് തന്നെ നൽകുന്നതിനുള്ള സോഫ്റ്റ്‌വെയർ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സ്പാർക്കിന്റെ തിരുവനന്തപുരത്തെ കാര്യാലയത്തിൽ തിരക്ക് ഒഴിവാക്കുന്നതിനും ജീവനക്കാരുടെ കാര്യക്ഷമത കുറവ് പരിഹരിക്കാൻ കൂടുതൽ പരിശീലനം നൽകിയും ജില്ലാതലങ്ങളിൽ സ്പാർക്കിന്റെ ഓഫീസുകൾ തുറന്ന് പ്രവർത്തിച്ചും നടപടികൾ വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ജീവനക്കാർക്ക് ആവശ്യമായ പരിശീലനം സ്പാർക്കിൽ നൽകിവരുന്നുണ്ട്. കൂടാതെ 7 ജില്ലാ ട്രഷറികളിൽ തിരുവനന്തപുരം സ്പാർക്ക് ഓഫീസിന്റെ നിയന്ത്രണത്തിൽ മാസ്റ്റർ ട്രെയിനേഴ്സിനെ നിയമിച്ചുകൊണ്ട് ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുന്നുണ്ട് (കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, മലപ്പുറം, കാസർഗോഡ്). കണ്ണൂർ, എറണാകുളം എന്നീ ജില്ലകളിൽ രണ്ട് റീജിയണൽ ഓഫീസും പ്രവർത്തിക്കുന്നുണ്ട്.

**പങ്കാളിത്ത പെൻഷൻ**

73 (455) ശ്രീ. പി. ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പിൻവലിക്കുന്ന കാര്യത്തിൽ സർക്കാരിന്റെ നയം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പിൻവലിക്കുന്നതിന് നിയമപരമായ എന്തെങ്കിലും തടസ്സമുണ്ടോ?

(എ&ബി) പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതുമായി ബന്ധപ്പെട്ട സാമ്പത്തിക നിയമവശങ്ങൾ ഉൾപ്പെടെ വിവിധ വിഷയങ്ങൾ പരിശോധിക്കുന്നതിലേയ്ക്കായി സർക്കാർ പുനഃപരിശോധനാ സമിതിയെ നിയമിക്കുകയും പ്രസ്തുത സമിതി ഈ വിഷയങ്ങൾ വിശദമായി പരിശോധിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഈ റിപ്പോർട്ട് പരിശോധിച്ച് വരികയാണ്.

(സി) പങ്കാളിത്ത പെൻഷൻ പുനർപരിശോധനയുമായി ബന്ധപ്പെട്ട് സർക്കാർ നാളിതുവരെ എത്ര തുക ചെലവാക്കിയിട്ടുണ്ട്; ഇനം തിരിച്ച് വ്യക്തമാക്കുമോ?

പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധന സമിതിയുടെ പ്രവർത്തനത്തിനായി ആകെ 70,60,098 (എഴുപത് ലക്ഷത്തി അറുപതിനായിരത്തി തൊണ്ണൂറ്റിയെട്ട് രൂപ മാത്രം) രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവ് വിവരങ്ങൾ ഇനം തിരിച്ച് ചുവടെ ചേർക്കുന്നു.

| ഇനം | തുക ഓണറേറിയം |
|---|---|
| ചെയർമാൻ & അംഗങ്ങൾ | 45,82,500 |
| വാഹന വാടക | 15,59,206 |
| വേതനം - ഓഫീസ് അറ്റന്റന്റ് | 1,68,190 |
| വേതനം - കുടുംബശ്രീ - പി.ടി.എസ്. | 98,240 |
| വാടക - ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് | 5,89,050 |
| പലവക/ഓഫീസ് ചെലവുകൾ | 62,912 |
| ആകെ | 70,60,098 |

## സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ

74 (456) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സാമ്പത്തിക വർഷം സംസ്ഥാനത്ത് സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്തിരുന്ന ജീവനക്കാരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ?

2020-21 സാമ്പത്തിക വർഷത്തിലെ കണക്കുകൾ തയ്യാറാക്കി വരുന്നതേയുള്ളൂ.

(ബി) 2016-17 മുതൽ 2020-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ശമ്പളയിനത്തിൽ നൽകിയ തുകയുടെ കണക്ക് വർഷം തിരിച്ച് വിശദമാക്കാമോ?

2016-17 മുതൽ 2019-20 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ശമ്പളയിനത്തിൽ നൽകിയ തുകയുടെ കണക്ക് ഇപ്രകാരമാണ്.

| വർഷം | തുക (ലക്ഷം) |
|---|---|
| 2016-17 | 735429.81 |
| 2017-18 | 691923.22 |
| 2018-19 | 726002.42 |
| 2019-20 | 831059.39 |
| 2020-21 | കണക്കുകൾ തയ്യാറാക്കി വരുന്നതേയുള്ളൂ |

(സി) 2015-16 സാമ്പത്തിക വർഷം സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉണ്ടായിരുന്ന ജീവനക്കാരുടെ കണക്ക് വിശദമാക്കാമോ?

2015-16 സാമ്പത്തിക വർഷം സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉണ്ടായിരുന്ന ജീവനക്കാരുടെ എണ്ണം 1,39,512 ആണ്.

(ഡി) 2020-21 സാമ്പത്തിക വർഷം സേവന പെൻഷൻ വാങ്ങിയിരുന്ന എത്ര പേരാണുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) 2016-17 മുതൽ 2020-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ സേവന പെൻഷൻ വിതരണം നടത്തിയ ഇനത്തിൽ എത്ര രൂപ ചെലവായെന്ന് വർഷം തിരിച്ച് വിശദമാക്കാമോ?

(ഡി&ഇ) വിവരങ്ങൾ ലഭ്യമല്ല.

**മെഡിസെപ് പദ്ധതി**

75 (457) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും വേണ്ടി നടപ്പിലാക്കുന്ന മെഡിസെപ്പിന്റെ നിലവിലെ സ്ഥിതി എന്താണെന്നും ഏത് വിധത്തിലാണ് നടപ്പിലാക്കുന്നതെന്നും അറിയിക്കാമോ?

പുതുക്കിയ Request For Proposal (RFP) 22-1-2021-ൽ പ്രസിദ്ധീകരിക്കുകയും റീ-ടെൻഡർ നടപടികൾ ആരംഭിക്കുകയും ചെയ്തു. 7-4-2021-ൽ ധനകാര്യ ബിഡ് തുറക്കുകയും Oriental Insurance Company Ltd-നെ L1 ആയി തെരഞ്ഞെടുക്കുകയും 6-8-2021-ൽ Award of Contract നൽകുകയുമുണ്ടായി. വിവിധ വകുപ്പുകളിൽ നോഡൽ ഓഫീസർമാരെ നിയമിക്കുന്നതിന് നിർദ്ദേശം നൽകിയതടക്കം പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുത്ത Oriental Insurance കമ്പനിയുമായി പദ്ധതിയെക്കുറിച്ചുള്ള ചർച്ചകൾ നടന്നുവരുന്നു. പുതുക്കിയ ആർ.എഫ്.പി-യിൽ പറഞ്ഞിരിക്കുന്ന പ്രകാരം പദ്ധതിയുടെ നടത്തിപ്പിനായി തെരഞ്ഞെടുത്ത ഇൻഷ്വറൻസ് കമ്പനി, Third Party Administrator മുഖേന തയ്യാറാക്കുന്ന ഹോസ്പിറ്റൽ എംപാനൽ ലിസ്റ്റ് സർക്കാരിന് സമർപ്പിക്കുന്ന മുറയ്ക്ക് സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും അവരുടെ ആശ്രിതരുടെയും വിവരശേഖരണാർത്ഥം ശേഖരിച്ച ഡാറ്റാ കമ്പനിയുമായി കൈമാറി പരസ്പര ഉടമ്പടി പ്രകാരം പദ്ധതി നടപ്പിലാക്കുന്നതാണ്.

(ബി) പദ്ധതി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

പദ്ധതിയുടെ ഗുണഭോക്താക്കളുടെ രണ്ടാം ഘട്ട വിവരശേഖരണവും ഒന്നാംഘട്ട വിവരശേഖരണത്തിന്റെ തുടർപ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനുമായി വകുപ്പ് തലത്തിൽ നോഡൽ ഓഫീസർമാരെ നിശ്ചയിക്കുവാനും അവരുടെ പൂർണ്ണവിവരങ്ങൾ അടിയന്തരമായി ലഭ്യമാക്കുവാനുമുള്ള നിർദ്ദേശങ്ങൾ എല്ലാ വകുപ്പുകളിലേയ്ക്കും കൈമാറിയിട്ടുണ്ട്. കൂടാതെ ഇ-ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെട്ട Oriental Insurance കമ്പനിയുമായി (L1) പദ്ധതിയെക്കുറിച്ചുള്ള ചർച്ചകളുമായി സർക്കാർ മുന്നോട്ടുപോകുന്നു. മെഡിസെപ് പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള റിട്ട് അപ്പീൽ (WA.615/2021) ഇപ്പോഴും കോടതിയുടെ പരിഗണനയിലാണ്. എന്നാൽ അഡ്വക്കേറ്റ് ജനറൽ ഓഫ് കേരളയുടെയും നിയമ വകുപ്പിന്റെയും നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ 7-4-2021-ലെ ധനകാര്യ ബിഡിലൂടെ Oriental Insurance Company-യെ തെരഞ്ഞെടുക്കുകയും 6-8-2021-ൽ ടി കമ്പനിക്ക് അവാർഡ് ഓഫ് കോൺട്രാക്റ്റ് നൽകുകയും ചെയ്തു. പദ്ധതി താമസംവിനാ നടപ്പാക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു.

## പങ്കാളിത്ത പെൻഷൻ പുനഃപരിശോധന സമിതി റിപ്പോർട്ട്

76 (458) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പങ്കാളിത്ത പെൻഷൻ പുനഃപരിശോധന സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത റിപ്പോർട്ടിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

പങ്കാളിത്ത പെൻഷൻ പുനഃപരിശോധനാ സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരികയാണ്.

## തസ്തികകളുടെ പുനർനാമകരണം

77 (459) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശമ്പളപരിഷ്കരണ കമ്മീഷൻ ഇലക്ഷന് മുമ്പ് നൽകിയ റിപ്പോർട്ടിലുണ്ടായിരുന്ന ചില നിർദ്ദേശങ്ങൾ അന്തിമ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സാങ്കേതിക വിഭാഗം ജീവനക്കാരുടെ ഉൾപ്പെടെ വിവിധ വകുപ്പുകളിലെ തസ്തികകളുടെ പേരുകൾ പുനർനാമകരണം ചെയ്യുമെന്ന് ആദ്യ റിപ്പോർട്ടിൽ പരാമർശിച്ചിരുന്നുവെങ്കിലും അന്തിമ റിപ്പോർട്ടിൽ ആയത് ഉൾപ്പെടുത്തിയിരുന്നില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) ശമ്പള പരിഷ്കരണ കമ്മീഷൻ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിലെ വിവിധ ശിപാർശകൾ പരിശോധിച്ച് ശിപാർശകളിൽ ആവശ്യമായ ഭേദഗതികൾ വരുത്തി സർക്കാരാണ് അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്. ഇത്തരത്തിൽ സർക്കാർ പുറപ്പെടുവിച്ച 10-2-2021-ലെ സ.ഉ (അ) നമ്പർ 27/2021/ധന. ഉത്തരവിലെ പേജ് നം. 25-ൽ ഖണ്ഡിക 55 പ്രകാരം ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി കൺവീനറും ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, പൊതുഭരണവകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളുമായി ഒരു സമിതി കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിലെ, 10-2-2021-ലെ സ.ഉ (അ) നമ്പർ 27/2021/ധന. ഉത്തരവിൽ പ്രതിപാദിച്ചിട്ടില്ലാത്ത വിഷയങ്ങളെ സംബന്ധിച്ച് പരിശോധിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

(സി) സാങ്കേതിക വിഭാഗം ജീവനക്കാരുടെ തസ്തികകൾ ഉൾപ്പെടെ വിവിധ വകുപ്പുകളിലെ തസ്തികകൾ പുനർനാമകരണം ചെയ്യുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷൻ ഉത്തരവിനെത്തുടർന്നുണ്ടായ വിവിധ അനോമലികൾ പരിഹരിക്കുന്നതിനായി സർക്കാർ ഒരു അനോമലി റെക്ടിഫിക്കേഷൻ സെൽ രൂപീകരിച്ചിട്ടുണ്ട്.

**സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമുള്ള ചികിത്സാ പദ്ധതി**

78 (460) ശ്രീ. എ. എൻ. ഷംസീർ:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീമതി ദെലീമ:
ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കഴിഞ്ഞ സർക്കാർ പ്രഖ്യാപിച്ച മെഡിസെപ് ചികിത്സാ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

പുതുക്കിയ Request For Proposal (RFP) 22-1-2021-ൽ പ്രസിദ്ധീകരിക്കുകയും റീ-ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തു. 7-4-2021-ൽ ധനകാര്യ ബിഡ് തുറക്കുകയും Oriental Insurance Company Ltd-നെ L1 ആയി തെരഞ്ഞെടുക്കുകയും 6-8-2021 Award of Contract നൽകുകയുമുണ്ടായി. വിവിധ വകുപ്പുകളിൽ നോഡൽ ഓഫീസർമാരെ നിയമിക്കുന്നതിന് നിർദ്ദേശം നൽകിയതടക്കം പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുത്ത Oriental Insurance കമ്പനിയുമായി പദ്ധതിയെക്കുറിച്ചുള്ള ചർച്ചകൾ നടന്നുവരുന്നു.

(ബി) പ്രസ്തുത ചികിത്സാ പദ്ധതിക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; പദ്ധതി എന്നുമുതൽ ആരംഭിക്കും; പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കണമെന്ന് പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശ ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ബഹു. ധനകാര്യ മന്ത്രി 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (മെഡിസെപ്) നടപ്പിലാക്കുമെന്ന് പ്രഖ്യാപിക്കുകയും തുടർന്ന് 24-4-2017-ലെ സർക്കാർ ഉത്തരവ് (പി.) നമ്പർ 54/2017/ധന. പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർ, പെൻഷൻകാർ, കുടുംബ പെൻഷൻകാർ എന്നിവർക്ക് ആരോഗ്യ

ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. മെഡിസെപ് പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് RGICL (Reliance General Insurance Company Ltd.) സർക്കാരിനെതിരെ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് അപ്പീൽ (WA.No.615/2021) ഇപ്പോഴും കോടതിയുടെ പരിഗണനയിലാണ്. എന്നാൽ അഡ്വക്കേറ്റ് ജനറൽ ഓഫ് കേരളയുടെയും നിയമ വകുപ്പിന്റെയും നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ 7-4-2021-ലെ ധനകാര്യ ബിഡിലൂടെ Oriental Insurance Company-യെ തെരഞ്ഞെടുക്കുകയും 6-8-2021-ൽ ടി കമ്പനിക്ക് അവാർഡ് ഓഫ് കോൺട്രാക്ട് നൽകുകയും ചെയ്തു. പദ്ധതി താമസംവിനാ നടപ്പാക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. സർക്കാർ നിയമിച്ച മെഡിക്കൽ എക്സ്പേർട്ട് കമ്മിറ്റി ശിപാർശ ചെയ്ത പരിഷ്കരിച്ച ചികിത്സാ പദ്ധതികളും അഡ്വക്കേറ്റ് ജനറൽ കേരളയുടെ നിയമോപദേശത്തിന്റെയും അടിസ്ഥാനത്തിലുള്ള നിബന്ധനകളും ഉൾപ്പെടുത്തി പരിഷ്കരിച്ച Request For Proposal (RFP) 22-1-2021-ൽ പ്രസിദ്ധീകരിച്ച് റീ-ടെണ്ടർ നടപടി ആരംഭിച്ചിരുന്നു. കേരള ഹൈക്കോടതിയിലേതുൾപ്പെടെ കേരള സർക്കാർ ജീവനക്കാരുടെ മെഡിക്കൽ അറ്റൻഡന്റ് ചട്ടങ്ങൾക്ക് (KGSMA Rules 1960) വിധേയരായ സംസ്ഥാന സർക്കാർ ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, പാർട്ട് ടൈം അദ്ധ്യാപകർ, എയ്ഡഡ് സ്കൂളുകളിലേതുൾപ്പെടെയുള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പെൻഷൻകാർ, കുടുംബ പെൻഷൻകാർ എന്നിവരും അവരുടെ ആശ്രിതരും നിർബന്ധിതാടിസ്ഥാനത്തിലും സംസ്ഥാന സർക്കാരിൻകീഴിൽ സേവനമനുഷ്ഠിക്കുന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരും അവരുടെ ആശ്രിതരും ഐച്ഛികാടിസ്ഥാനത്തിലും പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കുന്നതാണ്. കൂടാതെ സംസ്ഥാന സർക്കാരിന്റെ ധനസഹായം സ്വീകരിക്കുന്ന സർവ്വകലാശാലകളിലേയും, തദ്ദേശഭരണ സ്ഥാപനങ്ങളിലേയും ജീവനക്കാർ/പെൻഷൻകാർ/കുടുംബ പെൻഷൻകാർ എന്നിവരും മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ്, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ധനകാര്യ കമ്മിറ്റികളുടെ ചെയർമാൻമാർ എന്നിവരുടെ നേരിട്ട് നിയമിതരായ പേഴ്സണൽ സ്റ്റാഫ്, പേഴ്സണൽ സ്റ്റാഫ് പെൻഷൻകാർ/ കുടുംബപെൻഷൻകാർ എന്നിവരും ഇവരുടെ ആശ്രിതരും ഈ പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കുന്നതാണ്. പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള നിശ്ചിത ചികിത്സാ പ്രക്രിയകൾക്കും അവയ്ക്ക് അനുബന്ധമായി വരുന്ന ഡേ കെയർ ചികിത്സാ പ്രക്രിയകൾക്കും ഗുണഭോക്താവിന് നേരിടേണ്ടി വരുന്ന ചെലവുകൾക്ക് പരിരക്ഷ നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. എംപാനൽ ചെയ്യപ്പെട്ട ആശുപത്രികളിലെ ചികിത്സാ സംബന്ധമായ പ്രക്രിയകളുടെ ചെലവ്, മരുന്ന് വില,

ഡോക്ടർ/അറ്റൻഡന്റ് ഫീസ്, മുറി വാടക, പരിശോധനാ ചാർജ്ജുകൾ (Diagnostic), രോഗാനുബന്ധ ഭക്ഷണ ചെലവുകൾ എന്നിവ പരിരക്ഷയിൽ ഉൾപ്പെടും.

i. നിലവിലുള്ള രോഗങ്ങൾക്കുൾപ്പെടെ ജീവന് ഭീഷണിയുള്ള അടിയന്തര സാഹചര്യങ്ങളിൽ എംപാനൽ ചെയ്യപ്പെടാത്ത ആശുപത്രികളിലെ ചികിത്സയ്ക്കും പദ്ധതിയിൻകീഴിൽ പരിരക്ഷ ലഭിക്കുന്നതാണ്.

ii. പദ്ധതിയുടെ പരിരക്ഷ താഴെ വിവരിക്കുന്നതിൻ പ്രകാരം ആയിരിക്കും.

(i) അടിസ്ഥാന പരിരക്ഷ - പദ്ധതിയുടെ കീഴിൽ വരുന്ന ആശുപത്രി ശൃംഖലയിലെ ഏതെങ്കിലും ആശുപത്രിയിൽ ഗുണഭോക്താവോ കുടുംബാംഗങ്ങളോ തേടുന്ന അംഗീകൃത ചികിത്സകൾക്ക് ഓരോ കുടുംബത്തിനും മൂന്ന് വർഷത്തെ പോളിസി പിരീഡിനകത്ത് പ്രതിവർഷം 3 ലക്ഷം രൂപ നിരക്കിലാണ് അടിസ്ഥാന പരിരക്ഷ. ഇതിൽ 1.5 ലക്ഷം രൂപ ഓരോ വർഷത്തേയ്ക്ക് നിശ്ചയിച്ചിട്ടുള്ളതും ആവശ്യം വരാത്തപക്ഷം ലാപ്സാകുന്നതുമാണ്. പ്രതിവർഷ കവറേജിൽ 1.5 ലക്ഷം രൂപ മൂന്ന് വർഷത്തെ ബ്ലോക് പിരീഡിനകത്ത് എപ്പോൾ വേണമെങ്കിലും ഉപയോഗിക്കപ്പെടുന്ന തരത്തിൽ ഫ്ലോട്ടർ അടിസ്ഥാനത്തിലാണ് നിശ്ചയിച്ചിരിക്കുന്നത്. അടിസ്ഥാന പരിരക്ഷയിൽ (1) Procedure Cost, (2) Implant Cost if any, (3) Room charges എന്നിങ്ങനെ മൂന്ന് ഭാഗങ്ങളാണുള്ളത്.

(ii) മേൽ സൂചിപ്പിച്ച പരിരക്ഷ കൂടാതെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന അവയവമാറ്റ ചികിത്സാ പ്രക്രിയകൾക്ക് ഇൻഷ്വറൻസ് കമ്പനി 35 കോടി രൂപയിൽ കുറയാത്ത തുക ഉൾപ്പെടുത്തി രൂപീകരിക്കുന്ന കോർപ്പസ് ഫണ്ടിൽനിന്ന് (മൂന്നു വർഷത്തെ പോളിസി കാലയളവിനകത്ത്) വിനിയോഗിക്കാവുന്നതാണ്.

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് തെരഞ്ഞെടുക്കുകയും പിന്നീട് ഒഴിവാക്കുകയും ചെയ്ത കമ്പനിയുമായുള്ള കോടതി വ്യവഹാരങ്ങൾ അവസാനിച്ചോ; പുതിയ കമ്പനിയെ നിശ്ചയിച്ചിട്ടുണ്ടോ; എത്ര രൂപയുടെ ചികിത്സാ ധനസഹായമാണ് ഒരാൾക്ക് (കുടുംബത്തിന്) ലഭിക്കുന്നത്; പദ്ധതിയിലേയ്ക്ക് എത്ര രൂപയാണ് ജീവനക്കാരും പെൻഷൻകാരും നൽകേണ്ടത്; വിശദമാക്കാമോ?

RGICL (Reliance General Insurance Company Ltd.) സർക്കാരിനെതിരെ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് അപ്പീൽ (WA.No.615/2021) ഇപ്പോഴും കോടതിയുടെ പരിഗണനയിലാണ്. അപ്പീലിന്മേലുള്ള അന്തിമവിധിക്ക് വിധേയമായി മാത്രമേ പദ്ധതി നടപ്പിലാക്കാൻ കഴിയുകയുള്ളൂ എന്നിരിക്കെ റിട്ട് അപ്പീൽ എത്രയുംവേഗം തീർപ്പാക്കി പദ്ധതി വേഗത്തിൽ നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. പുതുക്കിയ

Request For Proposal (RFP) 22-1-2021-ൽ പ്രസിദ്ധീകരിക്കുകയും റീ-ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തു. 074-2021-ൽ ധനകാര്യ ബിഡ് തുറക്കുകയും Oriental Insurance Company Ltd-നെ L1 ആയി തെരഞ്ഞെടുക്കുകയും 6-8-2021 Award of Contract നൽകുകയുമുണ്ടായി. വിവിധ വകുപ്പുകളിൽ നോഡൽ ഓഫീസർമാരെ നിയമിക്കുന്നതിന് നിർദ്ദേശം നൽകിയതടക്കം പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുത്ത Oriental Insurance കമ്പനിയുമായി പദ്ധതിയെക്കുറിച്ചുള്ള ചർച്ചകൾ നടന്നുവരുന്നു. പദ്ധതിയുടെ കീഴിൽ വരുന്ന ആശുപത്രി ശൃംഖലയിലെ ഏതെങ്കിലും ആശുപത്രിയിൽ ഗുണഭോക്താവോ കുടുംബാംഗങ്ങളോ തേടുന്ന അംഗീകൃത ചികിത്സകൾക്ക് ഓരോ കുടുംബത്തിനും മൂന്ന് വർഷത്തെ പോളിസി കാലയളവിനുള്ളിൽ പ്രതിവർഷം 3 ലക്ഷം രൂപ നിരക്കിലാണ് അടിസ്ഥാന പരിരക്ഷ. ഇതിൽ 1.5 ലക്ഷം രൂപ ഓരോ വർഷത്തേയ്ക്ക് നിശ്ചയിച്ചിട്ടുള്ളതും ആവശ്യം വരാത്തപക്ഷം ലാപ്സാകുന്നതുമാണ്. പ്രതിവർഷ കവറേജിൽ 1.5 ലക്ഷം രൂപ മൂന്ന് വർഷത്തെ ബ്ലോക് പിരീഡിനകത്ത് എപ്പോൾ വേണമെങ്കിലും ഉപയോഗിക്കപ്പെടുന്ന തരത്തിൽ ഫ്ലോട്ടർ അടിസ്ഥാനത്തിലാണ് നിശ്ചയിച്ചിരിക്കുന്നത്. അടിസ്ഥാന പരിരക്ഷയിൽ (1) Procedure Cost (2) Implant Cost if any (3) Room charges എന്നിങ്ങനെ മൂന്ന് ഭാഗങ്ങളാണുള്ളത്. മേൽ സൂചിപ്പിച്ച പരിരക്ഷ കൂടാതെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന അവയവമാറ്റ ചികിത്സാ പ്രക്രിയകൾക്ക് ഇൻഷ്വറൻസ് കമ്പനി 35 കോടി രൂപയിൽ കുറയാത്ത തുക ഉൾപ്പെടുത്തി രൂപീകരിക്കുന്ന കോർപ്പസ് ഫണ്ടിൽനിന്ന് (മൂന്നുവർഷത്തെ പോളിസി കാലയളവിനകത്ത്) വിനിയോഗിക്കാവുന്നതാണ്. തെരഞ്ഞെടുക്കപ്പെട്ട ഇൻഷ്വറൻസ് കമ്പനിയുമായി സർക്കാർ കരാറിൽ ഏർപ്പെടുന്ന മുറയ്ക്ക് മാത്രമേ ജീവനക്കാരും പെൻഷൻകാരും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിലേയ്ക്ക് എത്ര രൂപ വീതമാണ് വിഹിതമായി നൽകേണ്ടത് എന്നതിനെക്കുറിച്ച് വ്യക്തമാക്കുവാൻ കഴിയുകയുള്ളൂ.

**സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം**

79 (461) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വാഹനങ്ങൾ ദുരുപയോഗം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് സർക്കുലർ നിലവിലുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

സർക്കാർ വാഹനങ്ങൾ ദുരുപയോഗം ചെയ്യുന്നത് തടയുന്നത് സംബന്ധിച്ച് 24-2-2003-ലെ സ.ഉ.(കൈ) നമ്പർ 113/2003/ധന., 2-8-2008-ലെ 41/2008/ധന. നമ്പർ പരിപത്രം എന്നിവ നിലവിലുണ്ട്. ആയത് അനുബന്ധമായി ചേർക്കുന്നു*.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) വാഹന ദുരുപയോഗവുമായി ബന്ധപ്പെട്ട് ധനകാര്യ പരിശോധന വിഭാഗം 2016-17 മുതൽ 2020-21 വരെ ഏതെല്ലാം വകുപ്പുകളിലാണ് ക്രമക്കേട് കണ്ടെത്തിയത്; പിഴയിലൂടെ എത്ര തുക സർക്കാരിന് ലഭിച്ചു എന്ന് വ്യക്തമാക്കാമോ?

ധനകാര്യ പരിശോധന വിഭാഗം 2016-17 മുതൽ 2020-21 വരെ നടത്തിയ പരിശോധനകളിൽ റവന്യു, തദ്ദേശ സ്വയംഭരണം, പൊതു വിദ്യാഭ്യാസം, ജയിൽ, സർവ്വേയും ഭൂരേഖയും, ആരോഗ്യം, വനം, കൃഷി, ആഭ്യന്തരം, സഹകരണം, ജലസേചനം, ജലവിഭവം, പട്ടികജാതി വികസനം, ഉന്നത വിദ്യാഭ്യാസം, ഫയർ & റെസ്ക്യൂ സർവ്വീസസ്, ഹാർബർ എഞ്ചിനീയറിംഗ്, വ്യവസായം എന്നീ വകുപ്പുകളിൽ വാഹന ദുരുപയോഗം കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത വകുപ്പുകളിലെ വാഹന ദുരുപയോഗം ചെയ്ത ഉദ്യോഗസ്ഥരിൽനിന്നും പിഴയിനത്തിൽ ആകെ 15,63,449 രൂപ ഈടാക്കുന്നതിന് ബന്ധപ്പെട്ട ഭരണ വകുപ്പുകളോട് ശിപാർശ ചെയ്തിട്ടുണ്ട്. അതിൽ ഇതുവരെ 51,890 രൂപ ഒടുക്കിയിട്ടുള്ളതായി ഭരണ വകുപ്പുകൾ അറിയിച്ചിട്ടുണ്ട്.

(സി) മുൻ സർക്കാരിന്റെ കാലത്ത് മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫുകൾ വാഹനം ദുരുപയോഗം ചെയ്യുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും ക്രമക്കേടുകൾ ധനകാര്യ പരിശോധനാവിഭാഗം കണ്ടെത്തിയിട്ടുണ്ടോ?

ഇല്ല.

**വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് പദ്ധതി**

80 (462) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പ എടുത്ത് തിരിച്ചടവ് മുടങ്ങിയവർക്കായി മുൻ സർക്കാർ ആരംഭിച്ച വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് പദ്ധതിയിലുൾപ്പെടുത്തി എത്രപേർക്ക് എത്ര രൂപയുടെ ആനുകൂല്യം നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ കീഴിൽ 20933 അപേക്ഷകർക്ക് 207.29 കോടി രൂപ സർക്കാർ സഹായമായി അനുവദിച്ചിട്ടുണ്ട്. പദ്ധതി ബാങ്ക് തിരിച്ചാണ് നടപ്പിലാക്കിയിട്ടുള്ളത്. ആയതിനാൽ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

(ബി) എന്നുമുതൽ വായ്പ എടുത്തിരുന്നവരെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നതെന്ന് അറിയിക്കുമോ?

രണ്ട് തരത്തിലുള്ള വായ്പാ അക്കൗണ്ടുകൾക്കാണ് വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ കീഴിൽ സഹായം അനുവദിച്ചുവരുന്നത്. സ്റ്റാൻഡേർഡ് കാറ്റഗറി അക്കൗണ്ടുകളും NPA കാറ്റഗറി അക്കൗണ്ടുകളുമാണത്. 2012 ഏപ്രിൽ 1-നും 2016 മാർച്ച് 31-നും ഇടയിൽ തിരിച്ചടവ് തുടങ്ങിയതും 2016 മാർച്ച് 31-നകം NPA ആകാത്തതുമായ അക്കൗണ്ടുകളാണ് സ്റ്റാൻഡേർഡ് കാറ്റഗറിയിൽപ്പെടുന്നത്. തിരിച്ചടവ് തുടങ്ങിയ തീയതി പരിഗണിക്കാതെ 2016 മാർച്ച് 31-നകം NPA ആയ എല്ലാ അക്കൗണ്ടുകളും NPA കാറ്റഗറിയിൽ ഉൾപ്പെടുന്നു.

(സി) കൊറോണയടക്കം വിവിധ പ്രതിസന്ധികൾമൂലം വരുമാനത്തിൽ വൻ ഇടിവുണ്ടായതുമൂലം വിദ്യാഭ്യാസ വായ്പാ കുടിശ്ശിക ഉണ്ടായിട്ടുള്ള മുഴുവൻ പേർക്കും ആശ്വാസം ലഭിക്കുംവിധം ഈ പദ്ധതി പുനരുജ്ജീവിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

വിദ്യാഭ്യാസവായ്പാ തിരിച്ചടവ് സഹായ പദ്ധതി പുനരാരംഭിക്കുന്നത് നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി

81 (463) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാഭ്യാസവായ്പാ തിരിച്ചടവ് സഹായ പദ്ധതിക്കായി അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടികളും വിശദമാക്കാമോ; കാട്ടാക്കട നിയോജകമണ്ഡലത്തിൽ നിന്നും ലഭിച്ച അപേക്ഷകളുടെ കണക്ക് ബാങ്കുകൾ തിരിച്ച് വ്യക്തമാക്കാമോ?

16-5-2017-ലെ സ.ഉ.(അച്ചടി)നം. 65/2017/ധന. ഉത്തരവ് പ്രകാരമാണ് വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നിലവിൽ വന്നത്. ഈ പദ്ധതിയിലേയ്ക്ക് ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2018 ജനുവരി 31 ആയിരുന്നു. വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി പ്രകാരം 9 ലക്ഷം രൂപ വരെയുള്ള വിദ്യാഭ്യാസ വായ്പാ അക്കൗണ്ടുകളെ എൻ.പി.എ. അക്കൗണ്ടുകളെന്നും സ്റ്റാൻഡേർഡ് അക്കൗണ്ടുകളെന്നും (എൻ.പി.എ. ആകാത്തവ) രണ്ടായി തിരിച്ചാണ് പദ്ധതി സഹായം നൽകി വരുന്നത്. എൻ.പി.എ. ആയ അക്കൗണ്ടുകളെ സംബന്ധിച്ച് അവ 2016 മാർച്ച് 31-നോ

അതിനുമുൻപോ എൻ.പി.എ. ആയിരിക്കണമെന്നും സ്റ്റാൻഡേർഡ് അക്കൗണ്ടുകളെ സംബന്ധിച്ച് അവയുടെ തിരിച്ചടവ് തുടങ്ങുന്ന തീയതി 2012 ഏപ്രിൽ 1-നും 2016 മാർച്ച് 31-നും ഇടയിലായിരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പദ്ധതി മാനദണ്ഡപ്രകാരം നഴ്സിംഗ് കോഴ്സുകൾക്ക് മെരിറ്റ്/മാനേജ്മെന്റ് വ്യത്യാസമില്ലാതെ തന്നെ സഹായം നൽകുന്നുണ്ട്. എന്നാൽ, നഴ്സിംഗ് ഇതര കോഴ്സുകളിൽ മെറിറ്റ് സീറ്റിൽ അഡ്മിഷൻ ലഭിച്ചവർക്ക് മാത്രമേ പദ്ധതി സഹായം ലഭ്യമാക്കാൻ കഴിയൂ. കൂടാതെ, നഴ്സിംഗ് ഇതര കോഴ്സുകളിലെ ഫീസ് സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിലെയോ, LBS, CAPE, IHRD, CCEK, SCT, Universities in Kerala തുടങ്ങി സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ നടത്തുന്ന സ്വാശ്രയ കോളേജുകളിലെയോ മെറിറ്റ്/ഫ്രീ ഷിപ്പ് സീറ്റുകളിലെ ഫീസ് നിരക്കിന് അനുസരിച്ചായിരിക്കുകയും വേണം. വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി ബാങ്ക് തിരിച്ചാണ് നടപ്പിലാക്കിയിട്ടുള്ളത്. ആയതിനാൽ നിയോജകമണ്ഡലം അടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമല്ല.

**കായംകുളം മണ്ഡലത്തിലെ വിദ്യാലയങ്ങൾ**

82 (464) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ വിദ്യാലയങ്ങളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിനായി ബഡ്ജറ്റ് പ്രവൃത്തിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ച കൃഷ്ണപുരം ഗവ. യു.പി.എസ്. (1 കോടി), പുതിയവിള എൽ.പി.എസ്. (1 കോടി), കീരിക്കാട് എൽ.പി.എസ്. (50 ലക്ഷം) എന്നീ പ്രവൃത്തികളുടെ ഹെഡ് ഓഫ് അക്കൗണ്ട് മാറ്റുന്നതിലേയ്ക്ക് പൊതുമരാമത്ത് കെട്ടിട വിഭാഗം നൽകിയ പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികളും അതിന്റെ പുരോഗതിയും വിശദമാക്കാമോ?

കായംകുളം പുതിയവിള എൽ.പി. സ്കൂൾ കെട്ടിട പ്രവൃത്തിക്ക് നടപ്പ് സാമ്പത്തിക വർഷത്തെ '4202-01-202-93' (P) infrastructure എന്ന ശീർഷകത്തിൽ 100 ലക്ഷം (ഒരു കോടി രൂപ മാത്രം) രൂപ വകയിരുത്തിക്കൊണ്ട് പുതുക്കിയ ഭരണാനുമതി നൽകിക്കൊണ്ട് 30-9-2021-ലെ G.O.(Rt) No.4338/2021/GEDN പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).* കൃഷ്ണപുരം ഗവ. യു.പി.എസ്. (1 കോടി), കീരിക്കാട് എൽ.പി.എസ്. (50 ലക്ഷം) എന്നീ പ്രവൃത്തികളുടെ ഹെഡ് ഓഫ് അക്കൗണ്ട് മാറ്റുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പരിഗണനയിലാണ്.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വടക്കാഞ്ചേരി മണ്ഡലത്തിലെ പദ്ധതികൾ

83 (466) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021 കാലയളവിൽ വടക്കാഞ്ചേരി മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾക്കാണ് സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തി അനുമതി നൽകിയിട്ടുള്ളത് എന്ന് അറിയിക്കാമോ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) ഇവയുടെ ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതികളുടെ പുരോഗതി വ്യക്തമാക്കാമോ?

(എ-സി) 2016-2021 കാലയളവിൽ വടക്കാഞ്ചേരി മണ്ഡലത്തിലെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ (MLA-SDF) കീഴിൽ ഒരു കോടി രൂപയും നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയുടെ കീഴിൽ അഞ്ച് കോടി രൂപ വീതവും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്ന പ്രക്രിയ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ വഴിയാണ് നടന്നുവരുന്നത്. ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർമാരും തൃശ്ശൂർ ജില്ലാ കളക്ടറും ലഭ്യമാക്കിയ വിശദാംശങ്ങൾ പ്രകാരം പൊതുമരാമത്ത് നിരത്ത് വിഭാഗത്തിനുകീഴിൽ വടക്കാഞ്ചേരി മണ്ഡലത്തിൽ 2,300 ലക്ഷം രൂപയുടെ പദ്ധതികൾ വിവിധ ഘട്ടങ്ങളിൽ നടന്നുവരികയാണ്. വടക്കാഞ്ചേരി മണ്ഡലത്തിലെ അവണൂർ, എടക്കളത്തൂർ, അടാട്ട് വില്ലേജ് ഓഫീസുകളുടെ അറ്റകുറ്റപ്പണികൾക്കായി 5 ലക്ഷം രൂപ വീതവും പുഴക്കൽ വില്ലേജ് ഓഫീസിന്റെ അധികമുറി നിർമ്മാണത്തിനായി 10 ലക്ഷം രൂപയും വകയിരുത്തുകയും നിലവിൽ പദ്ധതി പൂർത്തിയാവുകയും ചെയ്തിട്ടുണ്ട്. കൂടാതെ, റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പ്രകാരം അഞ്ഞൂർ ഗ്രൂപ്പ് വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 44 ലക്ഷം രൂപയുടെ അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. പൊതുമരാമത്ത് (നിരത്ത്) വകുപ്പ് പൊതുമരാമത്ത് കെട്ടിട വിഭാഗം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-1* ആയും ഭരണാനുമതി ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധം-2 ആയും സമർപ്പിക്കുന്നു.*

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**വൈപ്പിൻ മണ്ഡലത്തിലെ പദ്ധതികൾ**

84 (467) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2021-22 വരെയുള്ള കാലയളവിൽ വൈപ്പിൻ മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾക്കാണ് സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തി അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയിൽ ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

2016-17 മുതൽ 2021-22 വരെയുള്ള കാലയളവിൽ വൈപ്പിൻ മണ്ഡലത്തിലെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ (MLA-SDF) കീഴിൽ ഒരു കോടി രൂപയും നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയുടെ കീഴിൽ അഞ്ച് കോടി രൂപയും വീതം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്ന പ്രക്രിയ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർവഴിയാണ് നടന്നുവരുന്നത്. ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർമാർ ലഭ്യമാക്കിയ വിശദാംശങ്ങൾ പ്രകാരം പൊതുമരാമത്ത് (നിരത്ത്) വകുപ്പിനുകീഴിൽ വൈപ്പിൻ മണ്ഡലത്തിൽ 5,584.10 ലക്ഷം രൂപയുടെയും പൊതുമരാമത്ത് (കെട്ടിടങ്ങൾ) വകുപ്പിനുകീഴിൽ 551 ലക്ഷം രൂപയുടെയും പൊതുമരാമത്ത് (പാലങ്ങൾ) വകുപ്പിനുകീഴിൽ 6,379.02 ലക്ഷം രൂപയുടെയും വിവിധ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിൽ പുരോഗതി പ്രാപിക്കുന്നു. പൊതുമരാമത്ത് വകുപ്പുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു.*

**അഴീക്കോട് മണ്ഡലത്തിലെ പദ്ധതികൾ**

85 (470) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2021-22 വരെയുള്ള കാലയളവിൽ അഴീക്കോട് മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾക്കാണ് ബഡ്ജറ്റിൽ തുക വകയിരുത്തി അനുമതി നൽകിയിട്ടുള്ളത് എന്ന് അറിയിക്കാമോ;

(ബി) ഇവയിൽ ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്; ആയതിന്റെ തുക എത്രയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിവരം ലഭ്യമാക്കാമോ?

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ-സി) 2016-17 മുതൽ 2021-22 വരെയുള്ള കാലയളവിൽ അഴീക്കോട് മണ്ഡലത്തിലെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ (MLA-SDF) കീഴിൽ ഒരു കോടി രൂപയും നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയുടെ കീഴിൽ അഞ്ച് കോടി രൂപയും വീതം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്ന പ്രക്രിയ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർവഴിയാണ് നടന്നുവരുന്നത്. ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർമാരും കണ്ണൂർ ജില്ലാ കളക്ടറും ലഭ്യമാക്കിയ വിശദാംശങ്ങൾ പ്രകാരം പൊതുമരാമത്ത് നിരത്ത് വകുപ്പിനുകീഴിൽ അഴീക്കോട് മണ്ഡലത്തിൽ 1,645.50 ലക്ഷം രൂപയുടെയും പൊതുമരാമത്ത് (കെട്ടിടങ്ങൾ) വകുപ്പിനുകീഴിൽ 942.30 ലക്ഷം രൂപയുടെയും പൊതുമരാമത്ത് (പാലങ്ങൾ) വകുപ്പിനുകീഴിൽ 2,500 ലക്ഷം രൂപയുടെയും വിവിധ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. ഇതുകൂടാതെ, ഈ കാലയളവിൽ അഴീക്കോട് മണ്ഡലത്തിലെ എം.എൽ.എ.-യുടെ പ്രത്യേക വികസന നിധിയുമായി ബന്ധപ്പെട്ട് 295.21 ലക്ഷം രൂപയുടെ വിവിധ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. പൊതുമരാമത്ത് വകുപ്പുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-1* ആയും എം.എൽ.എ.-യുടെ പ്രത്യേക വികസന നിധിയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ അനുബന്ധം-2* ആയും ചേർക്കുന്നു.

### ബഡ്ജറ്റ് തുക വിനിയോഗം

86 (471) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തി വിവിധ വകുപ്പുകൾക്ക് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) 2021 മാർച്ച് 31 വരെ എത്ര രൂപയാണ് ചെലവാക്കിയതെന്ന് വകുപ്പ് തിരിച്ച് വിശദമാക്കാമോ?

(എ&ബി) 2020-21 സാമ്പത്തിക വർഷം വിവിധ ധനാഭ്യർത്ഥനകളിലൂടെ വകയിരുത്തിയ തുകയും (ഉപധനാഭ്യർത്ഥന ഉൾപ്പെടെ), 2021 മാർച്ച് 31 വരെ ചെലവഴിച്ച തുകയും (അക്കൗണ്ടന്റ് ജനറലിന്റെ അന്തിമ കണക്കുകൾ പ്രകാരം) സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**അനാഥമന്ദിര അന്തേവാസികളുടെ പെൻഷൻ**

87 (472) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനാഥമന്ദിരങ്ങൾ, അഗതിമന്ദിരങ്ങൾ, വൃദ്ധസദനങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്ക് സുരക്ഷാ പെൻഷൻ ലഭിക്കാറുണ്ടോ എന്ന് വ്യക്തമാക്കാമോ?

അനാഥ, അഗതി, വൃദ്ധ മന്ദിരങ്ങളിൽ താമസിക്കുന്ന അന്തേവാസികൾ പ്രസ്തുത സ്ഥാപനങ്ങളുടെ സംരക്ഷണയിലാണ് ജീവിക്കുന്നത്. അവരുടെ പൂർണ്ണമായ സംരക്ഷണ ചുമതല പ്രസ്തുത സ്ഥാപനങ്ങൾക്കാണ്. ഇത്തരം സ്ഥാപനങ്ങളിൽ അർഹതപ്പെട്ടവയ്ക്ക് സർക്കാർ ധനസഹായം ലഭ്യമാക്കുന്നുണ്ട്. ആയതിനാൽ അനാഥ/അഗതി/വൃദ്ധമന്ദിരങ്ങളിൽ താമസിക്കുന്ന അന്തേവാസികൾക്ക് സാമൂഹ്യസുരക്ഷാ പെൻഷന് അർഹതയില്ല. അപേക്ഷകന്റെ വാർഷിക വരുമാനവും ഭൗതിക സാഹചര്യവുംകൂടി കണക്കിലെടുത്താണ് പ്രാദേശിക സർക്കാരുകൾ സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നത്. ഇത്തരം മന്ദിരങ്ങളിൽ താമസിക്കുന്നവർക്ക് വരുമാന സർട്ടിഫിക്കറ്റുകളിൽ 'വരുമാനം ഇല്ല' എന്നാണ് രേഖപ്പെടുത്തുന്നത്. സ്വന്തം ഗൃഹത്തിൽ താമസിക്കാത്തതിനാൽ ഇവരുടെ ഭൗതിക സാഹചര്യം കണക്കാക്കുന്നതിനും പ്രായോഗിക ബുദ്ധിമുട്ടുണ്ട്.

(ബി) എങ്കിൽ എത്ര രൂപയാണ് പെൻഷൻ എന്ന് വ്യക്തമാക്കാമോ?

ബാധകമല്ല.

(സി) അനാഥമന്ദിരങ്ങൾ, അഗതിമന്ദിരങ്ങൾ, വൃദ്ധസദനങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്ക് പെൻഷൻ നൽകാമെന്ന് സാമൂഹിക നീതി വകുപ്പ് ഉത്തരവിറക്കിയിരുന്നോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(ഡി) പ്രസ്തുത ഉത്തരവനുസരിച്ച് പെൻഷൻ നൽകിയിരുന്നോ എന്ന് വ്യക്തമാക്കാമോ?

പെൻഷൻ നൽകിയിരുന്നു.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) ടി ഉത്തരവ് ഭേദഗതി ചെയ്യാൻ ധനകാര്യ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; തീരുമാനമെടുക്കാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

ഭേദഗതി ചെയ്തിട്ടുണ്ട്. അനാഥ, അഗതി, വൃദ്ധമന്ദിരങ്ങളിൽ താമസിക്കുന്ന അന്തേവാസികൾ പ്രസ്തുത സ്ഥാപനങ്ങളുടെ സംരക്ഷണയിലാണ് ജീവിക്കുന്നത്. അവരുടെ പൂർണ്ണമായ സംരക്ഷണ ചുമതല പ്രസ്തുത സ്ഥാപനങ്ങൾക്കാണ്. ഇത്തരം സ്ഥാപനങ്ങളിൽ അർഹതപ്പെട്ടവയ്ക്ക് സർക്കാർ ധനസഹായം ലഭ്യമാക്കുന്നുണ്ട്. ആയതിനാലാണ് അനാഥ/അഗതി/വൃദ്ധ മന്ദിരങ്ങളിൽ താമസിക്കുന്ന അന്തേവാസികൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷന് അർഹതയില്ലായെന്ന് 28-7-2021-ലെ സ.ഉ.(സാധാ)നമ്പർ 5171/2021/ധന. പ്രകാരം ഉത്തരവായത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

## വിവാഹമോചനം നേടിയവർ, അവിവാഹിതരായ സ്ത്രീകൾ എന്നിവർക്ക് പെൻഷൻ

88 (473) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവാഹമോചനം നേടിയവർ, അവിവാഹിതരായ സ്ത്രീകൾ എന്നിവർക്ക് പെൻഷൻ നൽകുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

വിവാഹമോചനം നേടിയവർക്ക് നിലവിൽ വിധവാ പെൻഷൻ ലഭിക്കുന്നതിന് അർഹതയില്ല. എന്നാൽ 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്ക് മറ്റ് മാനദണ്ഡങ്ങൾ പ്രകാരം അർഹതയുള്ള പക്ഷം പെൻഷൻ ലഭിക്കുന്നതാണ്. അമ്പത് വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. അപേക്ഷകന്റെ കുടുംബവാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയരുത്.

2. അപേക്ഷകൻ സർവ്വീസ് പെൻഷണർ/കുടുംബ പെൻഷൻ ലഭിക്കുന്നവർ ആകരുത്. (2,000 രൂപ വരെ എക്സ്ഗ്രേഷ്യാ കുടുംബ പെൻഷൻ വാങ്ങുന്നവർക്ക് ഈ നിബന്ധന ബാധകമല്ല. പ്രതിമാസം 4,000 രൂപവരെ എക്സ്ഗ്രേഷ്യ പെൻഷൻ/എൻ.പി.എസ്. പെൻഷൻ ലഭിക്കുന്നവർക്ക് ഏതെങ്കിലും ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ/ഒരു ക്ഷേമനിധി ബോർഡ് പെൻഷൻ 600 രൂപ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ടായിരിക്കും).

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

3. അപേക്ഷകൻ ആദായനികുതി നൽകുന്ന വ്യക്തിയാകരുത്.

4. അപേക്ഷകന്റെ പേരിലോ കുടുംബത്തിന്റെ പേരിലോ രണ്ടേക്കറിൽ കൂടുതൽ വസ്തു ഉണ്ടാകരുത് (പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്ക് ഇത് ബാധകമല്ല).

5. 1000 സി.സി-യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള, ടാക്സിയല്ലാത്ത, നാലോ അതിലധികമോ ചക്രങ്ങളുള്ള വാഹനങ്ങൾ (അംബാസഡർ കാർ ഒഴികെ) സ്വന്തമായുള്ള വ്യക്തികളാകരുത്.

6. അപേക്ഷകൻ കേന്ദ്ര സർക്കാർ/മറ്റ് സംസ്ഥാന സർക്കാർ എന്നിവിടങ്ങളിൽനിന്നും ശമ്പളം/പെൻഷൻ/കുടുംബ പെൻഷൻ ലഭിക്കുന്ന വ്യക്തിയാകരുത്.

7. അപേക്ഷകൻ കേന്ദ്ര/സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വിരമിക്കുകയും ടി സ്ഥാപനത്തിലെ സ്കീം പ്രകാരം പെൻഷൻ/കുടുംബ പെൻഷൻ ലഭിക്കുകയും ചെയ്യുന്ന വ്യക്തിയാകരുത്.

8. അപേക്ഷക 50 വയസ്സ് പൂർത്തിയാക്കിയിരിക്കണം.

9. അപേക്ഷക അവിവാഹിതയായിരിക്കണം.

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെടുന്നവർക്ക് പെൻഷൻ നൽകുന്നതിൽ പുതുതായി എന്തെങ്കിലും നിയന്ത്രണങ്ങൾ സർക്കാർ കൊണ്ടുവന്നിട്ടുണ്ടോ?

ഇല്ല.

(സി) പുനർവിവാഹം നടത്തിയിട്ടില്ല എന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം ഹാജരാക്കുന്ന വിവാഹമോചിതർക്ക് വിധവാപെൻഷൻ നൽകേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വരുമാനമില്ലാതെ പ്രയാസപ്പെടുന്ന ഈ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്ക് പെൻഷൻ നൽകുന്നതിൽ നിലവിലുള്ള തടസ്സങ്ങൾ നീക്കാൻ നടപടികൾ സ്വീകരിക്കാമോ?

നിയമപരമായി വിവാഹമോചനം നേടിയവരെ വിധവയായി കണക്കാക്കാൻ കഴിയില്ല. ആയതിനാൽ അവർക്ക് വിധവാ പെൻഷൻ ലഭിക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. വിവാഹ മോചിതരായവർക്ക് പെൻഷൻ നൽകുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## നിലമ്പൂർ ബൈപാസ് നിർമ്മാണം

89 (474) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ നിലമ്പൂർ ബൈപാസ് നിർമ്മാണവുമായി ബന്ധപ്പെട്ട ഏതെല്ലാം ഫയലുകളും ഉത്തരവുകളും കത്തുകളും സന്ദേശങ്ങളുമാണ് ധനകാര്യ വകുപ്പിന്റെ പരിഗണനയിൽ നിലവിലുള്ളതെന്നും ആയതിന്റെ തൽസ്ഥിതിയും വിശദാംശങ്ങളും എന്തൊക്കെയാണെന്നും അറിയിക്കാമോ; ഇവയുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

നിലവിൽ നിലമ്പൂർ ബൈപാസ് നിർമ്മാണവുമായി ബന്ധപ്പെട്ട ഫയലുകളും കത്തുകളും ധനകാര്യ വകുപ്പിന്റെ പരിഗണനയിലില്ല.

(ബി) നിലമ്പൂർ ബൈപാസിന്റെ ആദ്യഘട്ട നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിന് സ്ഥലം ഉടമകൾക്ക് നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിനായി ധനകാര്യ വകുപ്പ് നാളിതുവരെ എത്ര തുക അനുവദിച്ചുവെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നിലമ്പൂർ ബൈപാസിന്റെ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് താഴെ പറയുന്ന തുകകൾക്ക് അനുമതി നൽകുകയും അതിൻ പ്രകാരം ഭരണ വകുപ്പ് ഭരണാനുമതി ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

| നമ്പർ | ഉത്തരവ് | തുക |
|---|---|---|
| 1 | G.O.(Rt)No. 1216/2013/PWD dated 10-9-2013 | 14 കോടി രൂപ |
| 2 | G.O.(Rt)No. 1568/2016/PWD dated 15-11-2016 | 1.20 കോടി രൂപ |
| 3 | G.O.(Rt)No. 1177/2018/PWD dated 30-7-2018 | 10 കോടി രൂപ |
| 4 | G.O.(Rt)No. 8564/2019/PWD dated 31-10-2019 | |

സ്ഥലം ഏറ്റെടുക്കലിനായി ആകെ അനുവദിച്ച 35.20 കോടി രൂപയിൽ 20 കോടി രൂപയുടെ ലെറ്റർ ഓഫ് ക്രെഡിറ്റ് (LOC) അനുവദിച്ചിട്ടുണ്ട്.

(സി) നിലമ്പൂർ ബൈപ്പാസിന്റെ ആദ്യഘട്ടത്തിന് വേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിന് ഇനിയും എത്ര തുകയാണ് ധനവകുപ്പ് അനുവദിക്കേണ്ടതെന്ന് അറിയിക്കാമോ; ഇക്കാര്യം ആവശ്യപ്പെട്ട് പൊതുമരാമത്ത് വകുപ്പ് നൽകിയ അപേക്ഷയിൽ സ്വീകരിച്ച നടപടികളെന്തെന്ന് വിശദമാക്കാമോ;

21-1-2021-ലെ സ.ഉ.(സ) നമ്പർ 90/2021/PWD പ്രകാരം നിലമ്പൂർ ബൈപാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 140.43 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിൻ പ്രകാരം സ്ഥലം ഏറ്റെടുക്കലിനായി 34.15 കോടി രൂപ അനുവദിക്കണമെന്ന ഭരണ വകുപ്പ് ശിപാർശ ധനകാര്യ വകുപ്പ് പരിശോധിക്കുകയും നിലമ്പൂർ ബൈപാസ് നിർമ്മാണത്തിന്റെ പുതുക്കിയ പ്രൊജക്ട് കോസ്റ്റിന്റെ ശിപാർശ സമർപ്പിക്കുവാൻ ഭരണ വകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ആയത് ഇതുവരെ ധനകാര്യ വകുപ്പിൽ ലഭ്യമായിട്ടില്ല.

(ഡി) സ്ഥലം ഏറ്റെടുക്കുന്നതിന് നഷ്ടപരിഹാരം ആവശ്യപ്പെട്ടുള്ള അപേക്ഷകളിലോ ഫയലുകളിലോ ധനവകുപ്പ് സാധാരണയായി സാങ്കേതിക പരിശോധനകൾ നടത്താറുണ്ടോ; ഏതൊക്കെ തരം സാങ്കേതിക പ്രശ്നങ്ങളാണ് ഇത്തരം അപേക്ഷകളിൽ ധനവകുപ്പിന് സാധാരണ പുനഃപരിശോധിക്കേണ്ടതായി വരുന്നതെന്ന് അറിയിക്കാമോ?

ഇല്ല.

**ഓഫീസുകൾ സർക്കാർ കെട്ടിടങ്ങളിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി**

90 (475) <u>ശ്രീ. വി. ജോയി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാടക കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന സർക്കാർ ഓഫീസുകൾ ഏതെല്ലാമെന്ന് കണ്ടെത്തുന്നതിനും ആയവ സർക്കാർ കെട്ടിടങ്ങളിലേയ്ക്ക് മാറ്റുന്നതിനുമുള്ള പദ്ധതികൾ തയ്യാറാക്കുമോ?

സംസ്ഥാനത്ത് വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന സർക്കാർ ഓഫീസുകൾ സംബന്ധിച്ച വിവരങ്ങൾ ധനവകുപ്പ് ശേഖരിച്ചുവരികയാണ്. ആയവ കാലക്രമേണ സർക്കാർ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ ഘട്ടംഘട്ടമായി കൈക്കൊള്ളുന്നതാണ്.

(ബി) താലൂക്ക് തലത്തിൽ പ്രവർത്തിക്കേണ്ട ഓഫീസുകൾ ഒരു കെട്ടിട സമുച്ചയത്തിൽ പ്രവർത്തിക്കുന്നതിനും ആയതിനുള്ള പശ്ചാത്തല സൗകര്യം സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കാമോ?

താലൂക്ക് തലത്തിൽ പ്രവർത്തിക്കേണ്ട ഓഫീസുകൾ ഒരു കെട്ടിട സമുച്ചയത്തിലേയ്ക്ക് മാറ്റണമെന്ന ഉദ്ദേശത്തിലാണ് താലൂക്ക് ആസ്ഥാനങ്ങളിൽ മിനി സിവിൽ സ്റ്റേഷനുകൾ നിർമ്മിച്ചിട്ടുള്ളത്. ഏതാനും താലൂക്ക് ആസ്ഥാനങ്ങളിൽ മിനി സിവിൽ സ്റ്റേഷനുകൾ നിലവിലുണ്ട്. എല്ലാ ഓഫീസുകളും നിലവിലുള്ള സിവിൽ സ്റ്റേഷനുകളിൽ ഉൾക്കൊള്ളാനാവാത്ത സാഹചര്യമുള്ള സ്ഥലങ്ങളിൽ പുതിയ സിവിൽ സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനും സിവിൽ സ്റ്റേഷനുകൾ നിലവിലില്ലാത്ത താലൂക്കുകളിൽ പുതിയ സിവിൽ സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനും ഘട്ടംഘട്ടമായി നടപടികൾ സ്വീകരിക്കുന്നതാണ്.

## മുളന്തുരുത്തി ഓവർ ബ്രിഡ്ജിന്റെ നിർമ്മാണം

91 (476) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുളന്തുരുത്തി ഓവർ ബ്രിഡ്ജിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിന്റെ പരിഗണനയിലുള്ള ഫയലിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത ഫയൽ ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് കൈമാറിയിട്ടുണ്ടോ; എങ്കിൽ അതിൽ അഭിപ്രായം രേഖപ്പെടുത്തി തിരികെ നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ടെൻഡർ വിളിക്കാൻ നിലവിൽ അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

(എ-ഡി) 3-8-2021-ലെ സ.ഉ.(അ)നമ്പർ 114/2021/ധന. പ്രകാരം എല്ലാ പ്രവൃത്തികൾക്കും DSoR 2018 പ്രാബല്യത്തിൽ വന്നിട്ടുള്ളതിനാൽ മുളന്തുരുത്തി ആർ.ഒ.ബി-യുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് DSoR 2018-ൽ തയ്യാറാക്കി പുതുക്കിയ ഭരണാനുമതിക്കായി പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച പ്രൊപ്പോസൽ ധനകാര്യ വകുപ്പിൽ പരിശോധിച്ച് വരികയാണ്.

## സ്വർണ്ണക്കടത്ത് വഴിയുണ്ടാകുന്ന നികുതി ചോർച്ച തടയുവാൻ നിയമനിർമ്മാണം

92 (477) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലാകാലങ്ങളായി നടന്നുവന്നിരുന്ന സ്വർണ്ണക്കടത്തും തൻമൂലമുണ്ടാകുന്ന നികുതി ചോർച്ചയും സാമ്പത്തിക മേഖല ഉൾപ്പെടെ എല്ലാ മേഖലകളിലും ആയതുമൂലമുണ്ടാകുന്ന വിധ്വംസക പ്രവർത്തനങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

സ്വർണ്ണ വ്യാപാര രംഗത്തെ നികുതി ചോർച്ചയും തെറ്റായ പ്രവണതകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കഴിഞ്ഞ സർക്കാർ കാലയളവിലും ഈ സർക്കാർ കാലയളവിലും പിടിച്ചെടുത്ത നിയമവിധേയമല്ലാത്ത സ്വർണ്ണമെത്രയാണെന്ന് വെളിപ്പെടുത്താമോ; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ 551.31 കിലോഗ്രാം സ്വർണ്ണം പിടിച്ചെടുക്കുകയും 3793.17 ലക്ഷം രൂപ ടാക്സ്, പിഴ ഇനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാരിന്റെ കാലയളവിൽ 100.24 കിലോഗ്രാം സ്വർണ്ണം പിടിച്ചെടുക്കുകയും 1052.19 ലക്ഷം രൂപ ടാക്സ്, പിഴ ഇനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(സി) സ്വർണ്ണം സർക്കാർ പിടിച്ചെടുത്ത ശേഷം ജി.എസ്.ടി. നിയമത്തിലെ 129-ാം വകുപ്പ് പ്രകാരം ജി.എസ്.ടി.-യും പിഴയും ഈടാക്കി വിട്ടുനൽകുന്നത് സ്വർണ്ണക്കടത്തുകാർക്ക് അനുകൂലമാകുന്നതൊഴിവാക്കി സ്വർണ്ണക്കടത്ത് തടയുവാൻ സംസ്ഥാനം നിയമനിർമ്മാണം നടത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

സ്വർണ്ണത്തിന്റെ ചരക്ക് നീക്കം സംബന്ധിച്ചുള്ള നിയമനിർമ്മാണം നടത്താൻ സംസ്ഥാനത്തിന് നിലവിൽ അധികാരമില്ലാത്തതാണ്. ജി.എസ്.ടി.-യിൽ ഭേദഗതികൾ കൊണ്ടുവരാനുള്ള അധികാരം ജി.എസ്.ടി. കൗൺസിലിൽ നിക്ഷിപ്തമാണ്.

## പ്രളയ സെസ്സിന്റെ ഭാഗമായി ലഭിച്ച തുക

93 (478) <u>ഡോ. മാത്യു കുഴൽനാടൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയ സെസ്സിന്റെ ഭാഗമായി എത്ര തുക ലഭിച്ചു; പ്രസ്തുത തുക പ്രളയ പുനരധിവാസ പ്രവർത്തനങ്ങൾക്കായി കൈമാറിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ പ്രളയംമൂലം വീടുകളും ജീവനോപാധികളും നഷ്ടപ്പെട്ട നിരവധി കുടുംബങ്ങൾ ഇപ്പോഴും ബുദ്ധിമുട്ടുമ്പോൾ പ്രളയ സെസ്സിലൂടെ ലഭിച്ച തുക റീബിൽഡ് കേരളയ്ക്ക് കൈമാറാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

(എ&ബി) സംസ്ഥാനത്ത് പ്രളയസെസ്സിന്റെ ഭാഗമായി 30-9-2021 വരെ 2,154.31 കോടി രൂപ ലഭിച്ചു. 2018 ജൂലൈ-ആഗസ്റ്റ് മാസങ്ങളിൽ സംസ്ഥാനത്തിന്റെ മിക്കവാറും എല്ലാ ഭാഗങ്ങളിലും അനുഭവപ്പെട്ട അഭൂതപൂർവ്വമായ വെള്ളപ്പൊക്കത്തിനും ഉരുൾപൊട്ടലിനുംശേഷം റീബിൽഡ് കേരള

ഇനീഷ്യേറ്റീവിന് കീഴിൽ ഭൗതിക അടിസ്ഥാന സൗകര്യങ്ങളുടെ പുനർനിർമ്മാണത്തിന്റെയും പുനഃസ്ഥാപനത്തിന്റെയും ഭാഗമായി മൂലധന നിക്ഷേപ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിനുള്ള ഓപ്ഷനുകളുടെ ചട്ടക്കൂട് 12-10-2018-ലെ ജി.ഒ.(പി) നമ്പർ 161/2018/ധന. ഉത്തരവ് പ്രകാരം തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ പുനർനിർമ്മാണ പദ്ധതികൾക്ക് ധനസഹായം നൽകുന്നതിനുള്ള ഓപ്ഷനുകളിലൊന്നായിരുന്ന ജി.എസ്.ടി-യിലെ സെസ്സ്. കേരള പ്രളയ സെസ്സ് ഉൾപ്പെടെയുള്ള എല്ലാ ഫണ്ടുകളും സംസ്ഥാനത്തിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്കാണ് വന്നുചേരുന്നത്. സംസ്ഥാനത്തിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ വന്നുചേരുന്ന ഫണ്ടുകൾ നേരിട്ട് വിനിയോഗിക്കാൻ കഴിയില്ല. ഒരു പ്രത്യേക പദ്ധതിക്കായി അനുവദിച്ചിട്ടുള്ള ഫംഗ്ഷണൽ എക്സ്പെൻഡിച്ചർ ഹെഡിലേയ്ക്ക് ആവശ്യമായ ഫണ്ട് അനുവദിച്ച് നൽകിക്കൊണ്ടാണ് ഇത് വിനിയോഗിക്കുന്നത്. ഭൗതിക നിർമ്മിതികളുടെ പുനർനിർമ്മാണത്തിന്റെയും പുനരുദ്ധാരണത്തിന്റേയും ഭാഗമായി വിവിധ പ്രവർത്തനങ്ങൾക്ക്, കേരള പ്രളയ സെസ്സ് ഉൾപ്പെടെ വിവിധ ഫണ്ടിംഗ് ഏജൻസികളിൽനിന്നും സമാഹരിച്ച വരുമാനത്തിൽനിന്നും ആവശ്യമായ ബഡ്ജറ്റ് വിഹിതം റീബിൽഡ് കേരള ഇനീഷ്യേറ്റീവിന്റെ ബഡ്ജറ്റ് ശീർഷകത്തിലാണ് വകയിരുത്തുന്നത്. പ്രവൃത്തികളുടെ പുരോഗതിക്കനുസരിച്ചാണ് ഈ ഫണ്ട് വിനിയോഗിക്കുന്നത്.

**ഇന്ധന വിലക്കയറ്റം**

94 (479) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. വി. ജോയി:
ശ്രീ. പി. പി. സുമോദ്:
ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര മാർക്കറ്റിൽ വില കുറയുമ്പോഴും കൂടുമ്പോഴും രാജ്യത്ത് ഇന്ധന വിലക്കയറ്റമുണ്ടാകുന്നത് സംസ്ഥാനങ്ങൾ നികുതി ചുമത്തുന്നത് കൊണ്ടാണെന്ന പ്രചരണത്തിന്റെ നിജസ്ഥിതി വ്യക്തമാക്കാമോ?

പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ യഥാക്രമം 31.80 ശതമാനവും 24.52 ശതമാനവും ആയിരുന്നു. എന്നാൽ 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി യഥാക്രമം 30.08 ശതമാനവും 22.76 ശതമാനവും ആയി കുറയ്ക്കുകയാണുണ്ടായത്. എന്നാൽ

6-5-2020-ൽ കേന്ദ്ര നികുതികളിൽ പെട്രോളിന് പ്രതിലിറ്ററിന് 10 രൂപയുടെയും ഡീസലിന് പ്രതിലിറ്ററിന് 13 രൂപയുടെയും വർദ്ധനവ് വരുത്തിയിട്ടുണ്ട്. പെട്രോളിന്റെയും ഡീസലിന്റെയും തുടരെയുണ്ടാകുന്ന വിലക്കയറ്റത്തിന് കാരണം സംസ്ഥാനങ്ങൾ നികുതി ചുമത്തുന്നത് കൊണ്ടാണെന്നുള്ള പ്രചരണം അടിസ്ഥാനരഹിതമാണ്. കേന്ദ്ര ഗവൺമെന്റ് ഈ കാലയളവിൽ കേന്ദ്ര അഡീഷണൽ എക്സൈസ് നിരക്ക് പലതവണ വർദ്ധിപ്പിച്ചതായി കണ്ടുവരുന്നു. ഇത് ഇന്ധന വിലവർദ്ധനവിന് കാരണമാകുന്നുണ്ട്. കേന്ദ്ര നികുതിനിരക്ക് കുറച്ചാൽ സംസ്ഥാന നികുതി അതനുസരിച്ച് താനേ കുറയുന്നതാണ്. കമ്പോളവിലയിലുണ്ടാകുന്ന ഇടിവ് ഓഫ്സെറ്റ് ചെയ്ത് കേന്ദ്ര അഡീഷണൽ എക്സൈസ് നിരക്ക് വർദ്ധിപ്പിക്കുന്ന രീതിയാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. ഇങ്ങനെ കേന്ദ്ര സർക്കാർ സമാഹരിക്കുന്ന പണം സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടതുമില്ല. കമ്പോളത്തിൽ ക്രൂഡ് ഓയിൽ വില കുറയുമ്പോൾപ്പോലും ആയതിന്റെ നേട്ടം ജനങ്ങൾക്ക് കൈമാറ്റം ചെയ്യാത്ത തുടർച്ചയായ ജനദ്രോഹ നടപടികൾ പിൻവലിക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകുകയാണ് വേണ്ടത്.

(ബി) ജി.എസ്.ടി. പരിധിയിൽ കൊണ്ടുവന്നിട്ടുള്ള ഗാർഹിക ഗാർഹികേതര പാചകവാതകത്തിന് 2021 ജനുവരി മുതൽ എത്ര വില വർദ്ധനവുണ്ടായെന്ന് അറിയിക്കാമോ?

2021 ജനുവരി മുതൽ ഒക്ടോബർ 6 വരെയുള്ള കാലയളവിൽ ഗാർഹികാവശ്യത്തിനുള്ള പാചക വാതകത്തിന്റെ വിലയിൽ 205.50 രൂപയുടെയും വാണിജ്യാവശ്യത്തിനുള്ള പാചകവാതകത്തിന്റെ വിലയിൽ 388.50 രൂപയുടെയും വർദ്ധനവുണ്ടായിട്ടുണ്ട്.

(സി) സംസ്ഥാനങ്ങളുമായി നികുതി വിഹിതം പങ്കുവയ്ക്കുന്നത് ഒഴിവാക്കാനായി ഇന്ധനത്തിന്മേൽ കേന്ദ്രസർക്കാർ ചുമത്തുന്ന അഡീഷണൽ എക്സൈസ് തീരുവ, വിവിധ സെസ്സ് എന്നിവ ഒഴിവാക്കാനും വിലനിയന്ത്രണം ഏറ്റെടുത്ത് വില കുറയ്ക്കാനും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുമോ; വ്യക്തമാക്കാമോ?

കമ്പോളവിലയിലുണ്ടാകുന്ന ഇടിവ് ഓഫ്സെറ്റ് ചെയ്ത് കേന്ദ്ര അഡീഷണൽ എക്സൈസ് നിരക്ക് വർദ്ധിപ്പിക്കുന്ന രീതിയാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. ഇങ്ങനെ കേന്ദ്ര സർക്കാർ സമാഹരിക്കുന്ന പണം സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടതുമില്ല. കമ്പോളത്തിൽ ക്രൂഡ് ഓയിൽ വില കുറയുമ്പോൾപ്പോലും ആയതിന്റെ നേട്ടം ജനങ്ങൾക്ക് കൈമാറ്റം ചെയ്യാത്ത തുടർച്ചയായ ജനദ്രോഹ നടപടികൾ പിൻവലിക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകുകയാണ് വേണ്ടത്. അതിന് കേന്ദ്ര സർക്കാരിനുമേൽ സമ്മർദ്ദം ചെലുത്താൻ എല്ലാ രാഷ്ട്രീയകക്ഷികളും തയ്യാറാകേണ്ടതുണ്ട്.

## പെട്രോളിയം ഉല്പന്നങ്ങളുടെ നികുതി

95 (480) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോളിയം ഉല്പന്നങ്ങളുടെ വില കുതിച്ചുയരുന്ന പശ്ചാത്തലത്തിൽ ഇവയെ ചരക്ക് സേവന നികുതിയുടെ പരിധിയിൽ കൊണ്ടുവരണമെന്ന നിർദ്ദേശത്തിന്മേൽ സംസ്ഥാനത്തിന്റെ നിലപാട് വ്യക്തമാക്കാമോ;

(ബി) പെട്രോളിനും ഡീസലിനും ഉപയോക്താക്കൾ നൽകുന്ന തുകയിൽ പകുതിയിലധികം കേന്ദ്ര-സംസ്ഥാന നികുതി ആണെന്നതിനാൽ ഇവയെ ജി.എസ്.ടി.-യുടെ പരിധിയിൽ ഉൾപ്പെടുത്തി പൊതുജനത്തെ സഹായിക്കുന്നതിനോടുള്ള സംസ്ഥാന നിലപാട് അറിയിക്കുമോ?

(എ&ബി) നിലവിൽ പെട്രോളിനും ഡീസലിനും സംസ്ഥാന വിൽപ്പന നികുതി നിയമം, 1963 പ്രകാരമാണ് നികുതി ഈടാക്കുന്നത്. പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ യഥാക്രമം 31.80 ശതമാനവും 24.52 ശതമാനവും ആയിരുന്നു. 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി യഥാക്രമം 30.08 ശതമാനവും ഡീസലിന് 22.76 ശതമാനവും ആയി കുറച്ചിട്ടുണ്ട്. എന്നാൽ ചരക്കുസേവന നികതി നിയമത്തിൻകീഴിൽ പുറപ്പെടുവിച്ചിരിക്കുന്ന വിജ്ഞാപനപ്രകാരം ചുമത്താവുന്ന പരമാവധി നികുതി നിരക്ക് 28% ആണ്. അതിനാൽ പെട്രോളിനെയും ഡീസലിനെയും ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തണമെന്ന നിർദ്ദേശം ഭീമമായ നികതി നഷ്ടത്തിന് വഴിയൊരുക്കുന്നതാണ്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പെട്രോൾ-ഡീസൽ നികുതി വർദ്ധിപ്പിച്ചിട്ടില്ല. 2014-ൽ കേന്ദ്ര സർക്കാർ അധികാരത്തിലേറിയ സമയത്ത് ഓരോ ലിറ്റർ പെട്രോളിൻമേലും ഡീസലിൻമേലും ചുമത്തിയിരുന്ന കേന്ദ്ര നികുതികൾ യഥാക്രം 9.476 രൂപ/ലിറ്റർ, 3.564 രൂപ/ലിറ്റർ എന്നിങ്ങനെ ആയിരുന്നത് യഥാക്രമം 32.9 രൂപ/ലിറ്റർ, 31.8 രൂപ/ലിറ്റർ എന്നിങ്ങനെ ആയി വർദ്ധിപ്പിച്ചു. അതായത് പെട്രോളിന്റെ കേന്ദ്ര നികുതിയും സെസ്സും ഏഴ് വർഷംകൊണ്ട് 247 ശതമാനവും ഡീസലിന്റേത് 793 ശതമാനവും വർദ്ധിച്ചു. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പെട്രോൾ, ഡീസൽ നികുതികളിൽ വർദ്ധനവ് വരുത്തിയിട്ടില്ല. എന്നാൽ കേന്ദ്ര നികുതികളിൽ വൻ വർദ്ധനവാണുണ്ടായത്. ഇത് പെട്രോൾ, ഡീസൽ എന്നിവയുടെ വിലവർദ്ധനവിന് കാരണമായിട്ടുണ്ട്.

**നികുതി വരുമാനം വർദ്ധിപ്പിക്കാൻ നടപടി**

96 (481) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പിലാക്കി നാല് വർഷം കഴിഞ്ഞിട്ടും സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനം ഉയർത്താൻ സാധിക്കാത്തതിന്റെ കാരണങ്ങൾ പഠന വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റുമായി താരതമ്യം ചെയ്യുമ്പോൾ കഴിഞ്ഞ അഞ്ച് വർഷത്തെ നികുതി പിരിവിൽ (ജി.എസ്.ടി. ഉൾപ്പടെ) 2016-17, 2017-18 വർഷങ്ങളിൽ മാത്രമെ നികുതി പിരിവിൽ കുറവുണ്ടായിട്ടുള്ളൂ. ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് പ്രകാരം 2015-16-ലെ കളക്ഷന്റെ 14% വാർഷിക വർദ്ധനവ് കണക്കാക്കിയുള്ള നികുതി വരുമാനം (protected revenue) കൈവരിക്കാൻ സാധിച്ചിട്ടില്ല. എന്നാൽ ദേശീയ തലത്തിലുള്ള ജി.എസ്.ടി. വരുമാന വർദ്ധനയ്ക്ക് ആനുപാതികമായി കേരളത്തിലും ജി.എസ്.ടി. വരുമാന വർദ്ധനവുണ്ടാകുന്നുണ്ട്. നിലവിലെ കോവിഡ് ലോക്ക്ഡൗൺ സാഹചര്യങ്ങൾ നികുതി പിരിവിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തിന് താങ്ങാവുന്നതിനുമപ്പുറം വായ്പകൾ എടുക്കുന്ന നടപടി സംസ്ഥാന സമ്പദ്ഘടനയ്ക്ക് ദീർഘകാല ആഘാതം സൃഷ്ടിക്കും എന്ന ആക്ഷേപത്തിൽ വസ്തുതയുണ്ടോ; വ്യക്തമാക്കാമോ;

(സി) കിഫ്ബിവഴി സ്വീകരിച്ച വായ്പകളുടെ മൊറട്ടോറിയം വരും വർഷങ്ങളിൽ അവസാനിക്കാനിരിക്കെ ഇവയുടെ തിരിച്ചടവ് സംസ്ഥാന ഖജനാവിന് അധിക ബാധ്യതയാകുമോ; വ്യക്തമാക്കാമോ?

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനം വർദ്ധിപ്പിക്കാൻ എന്തെങ്കിലും കർമ്മപരിപാടികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

സംസ്ഥാനത്തിന്റെ ജി.എസ്.ടി. നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വകുപ്പ് നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ജി.എസ്.ടി.-യിൽ നികുതി ശൃംഖല വിപുലീകരിക്കുന്നതിനുവേണ്ടി വിവിധ ഏജൻസിയിൽനിന്ന് വിവര ശേഖരണം നടത്തുകയും അതിൽനിന്ന് രജിസ്ട്രേഷൻ ഇല്ലാത്തവരെ കണ്ടുപിടിച്ച് രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. റിട്ടേൺ സ്ക്രൂട്ടിനി ഫലപ്രദമാക്കുന്നതിനുവേണ്ടി പ്രത്യേക മാനദണ്ഡ പ്രകാരം ടാക്സ് പെയേഴ്സിനെ ഓൺലൈനായി സെലക്ട് ചെയ്ത് വിശദ പരിശോധന നടത്തുന്ന രീതി നടപ്പിലാക്കി. ഇത് ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും നികുതി വെട്ടിപ്പ് ഫലപ്രദമായി തടയുന്നതിനും സഹായിക്കും. ജി.എസ്.ടി. പൂർണ്ണമായും വിവരസാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ ഒരു നികുതി വ്യവസ്ഥയാണ്. നികുതിദായകന്റെ ക്രയവിക്രയങ്ങൾ സംബന്ധിച്ച് ജി.എസ്.ടി. നെറ്റ്‌വർക്കിൽ ലഭ്യമായ വിവരങ്ങളുടെ വിശകലനവും മറ്റ് ഏജൻസികളായ ഇൻകം ടാക്സ്, കസ്റ്റംസ് എന്നിവയിൽ സമർപ്പിച്ചിട്ടുള്ള വിവരങ്ങളുമായി വിശകലനങ്ങൾ നടത്തുന്നതിനുവേണ്ടി വകുപ്പിൽ പ്രത്യേക ഡാറ്റാ അനലിറ്റിക്സ് വിഭാഗം രൂപീകരിച്ചിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കി ആഡിറ്റും എൻഫോഴ്സ്മെന്റ് നടപടികളും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ചെക്‌പോസ്റ്റ് സമ്പ്രദായം ഇല്ലാതായ സാഹചര്യത്തിൽ അതിർത്തികളിലൂടെയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനും വാഹന പരിശോധന കാര്യക്ഷമമാക്കുന്നതിനുംവേണ്ടി സി.സി.ടി.വി. ക്യാമറകൾ പ്രധാനപ്പെട്ട അതിർത്തി പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ഇത് എ.എൻ.പി.ആർ. സിസ്റ്റവുമായി ബന്ധപ്പെടുത്തി മതിയായ രേഖകൾ (ഇ-വേബിൽ) ഇല്ലാതെ കടന്നുവരുന്ന ചരക്കുവാഹനങ്ങളുടെ വിവരം ഉടൻതന്നെ വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തിന് ലഭ്യമാകുന്ന രീതിയിൽ സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ ഇന്റലിജൻസ് സ്ക്വാഡുകളുടെ വാഹനങ്ങളിൽ സർവൈലൻസ് ക്യാമറകൾ സ്ഥാപിക്കുകയും ഉദ്യോഗസ്ഥർക്ക് "ബോഡിവോൺ" ക്യാമറയുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. അണ്ടർ വാല്യൂവേഷൻ കേസുകൾ, ബില്ല് തുടങ്ങിയവ ജി.എസ്.ടി. പോർട്ടലിലേയ്ക്ക് അപ്‌ലോഡ് ചെയ്യൽ എന്നിവയ്ക്ക് മൊബൈൽ ആപ്ലിക്കേഷൻ സംവിധാനം നടപ്പിലാക്കി. ജി.എസ്.ടി.-യിൽ ഫയൽ ചെയ്ത വിവരങ്ങൾ അടിസ്ഥാനമാക്കി ദേശീയ തലത്തിൽ റെഡ്ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇപ്രകാരം സംസ്ഥാന തലത്തിൽ റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിച്ച് ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇതും നികുതി വെട്ടിപ്പ് കണ്ടുപിടിക്കുന്നതിന് സഹായകമാകുന്നു. ജി.എസ്.ടി.-യിൽ വ്യാജ ഇൻപുട്ട് ടാക്സ് മുഖേനയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനായി സംസ്ഥാന നികുതി വകുപ്പ് ഇൻവെസ്റ്റിഗേഷൻ വിഭാഗം സെക്ടർ തിരിച്ചുള്ള പരിശോധനകൾവഴിയും ഡാറ്റാ അനലിറ്റിക്സ് മുഖേന ലഭിക്കുന്ന വിവരങ്ങൾ അപഗ്രഥിച്ചും തട്ടിപ്പുകൾ തടയാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**ലോക്ഡൗൺ സാമ്പത്തിക രംഗത്ത് സൃഷ്ടിച്ച ആഘാതം**

97 (482) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എൻ. ഷംസുദ്ദീൻ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് രണ്ടാം തരംഗവും തുടർന്ന് നടപ്പാക്കിയ ലോക്ക്ഡൗണും സംസ്ഥാനത്തിന്റെ സാമ്പത്തികരംഗത്ത് സൃഷ്ടിച്ച ആഘാതങ്ങളെക്കുറിച്ച് പഠിക്കാൻ ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

കോവിഡ്-19 മഹാമാരി, പ്രത്യേകിച്ചും കോവിഡ് രണ്ടാം തരംഗം, സംസ്ഥാന സമ്പദ്വ്യവസ്ഥയുടെ വിവിധ മേഖലകളിൽ ഏൽപ്പിച്ച സാമൂഹികവും സാമ്പത്തികവുമായ ആഘാതം തിട്ടപ്പെടുത്തുന്നതിനും സംസ്ഥാനം നേരിടുന്ന സാമ്പത്തിക വെല്ലുവിളികളെ ഊർജ്ജിതമായി നേരിടുകവഴി സംസ്ഥാനത്തെ ഈ പ്രതിസന്ധി ഘട്ടത്തിൽനിന്നും കരകയറ്റുന്നതിനുള്ള ഫലപ്രദമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി ഒരു പഠനം നടത്തുവാൻ 18-8-2021-ലെ സ.ഉ.(സാധാ)നമ്പർ 5599/2021/ധന. പ്രകാരം ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ (GIFT)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി കോവിഡ് മഹാമാരി ഏൽപ്പിച്ച വെല്ലുവിളികൾ നേരിടുന്നതിനായി മറ്റ് സംസ്ഥാനങ്ങൾ, മറ്റ് രാജ്യങ്ങൾ എന്നിവിടങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള സർക്കാർ നടപടികളുടെ ഒരു അവലോകനം നടത്തുന്നതിനായും GIFT-ന് ചുമതല നൽകിയിട്ടുണ്ട്. GIFT ഈ വിഷയം സംബന്ധിച്ച് പഠനം നടത്തിവരുന്നു.

(ബി) ഒന്നാം തരംഗത്തെ തുടർന്ന് ഇത്തരം പഠനം നടത്തിയിരുന്നോ; എങ്കിൽ പ്രസ്തുത പഠന റിപ്പോർട്ടിലെ ഏതെല്ലാം നിർദ്ദേശങ്ങൾ അംഗീകരിച്ച് നടപ്പിലാക്കിയെന്ന് വെളിപ്പെടുത്താമോ;

(സി) ശേഷിക്കുന്ന നിർദ്ദേശങ്ങൾ എന്നത്തേയ്ക്ക് നടപ്പാക്കാൻ ഉദ്ദേശിക്കുന്നു; വിശദമാക്കുമോ?

(ബി&സി) കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ, സംസ്ഥാന സാമ്പത്തിക സ്ഥിതിയുടെ ആഘാത പഠനം നടത്തുന്നതിനായി 7-5-2020-ലെ സ.ഉ.(സാധാ)നമ്പർ 2966/2020/ധന. പ്രകാരം ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ (GIFT)-നെ ചുമതലപ്പെടുത്തിയിരുന്നതും ടി സ്ഥാപനം

ആയതുപ്രകാരം പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. (COVID-19 Pandemic - Impact study on State Finances - ECONOMIC AND FISCAL SHOCK OF COVID-19 ON KERALA). പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശങ്ങളെല്ലാംതന്നെ കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ രൂപീകരിച്ച എക്സ്പെർട്ട് കമ്മിറ്റിയുടെ ശിപാർശകളിൽ ഉൾപ്പെടുന്നവയാണ്. പ്രസ്തുത എക്സ്പെർട്ട് കമ്മിറ്റിയുടെ ശിപാർശകൾ പരിഗണിച്ച് 5-11-2020-ലെ സ.ഉ.(അച്ചടി) നമ്പർ 152/2020/ധന പ്രകാരം ധനദൃഢീകരണം സാദ്ധ്യമാക്കുന്ന വ്യയനിയന്ത്രണ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് അനുബന്ധമായി ചേർത്തിട്ടുണ്ട്*. വിഭവങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള സമിതിയുടെ ശിപാർശയിന്മേൽ വിവിധ വകുപ്പുകൾ നടപടി കൈക്കൊണ്ടുവരികയാണ്.

**സാമ്പത്തിക പ്രതിസന്ധി മറികടക്കുവാൻ പദ്ധതി**

98 (483) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സാമ്പത്തിക നയത്തെത്തുടർന്നും ജി.എസ്.ടി. നടപ്പാക്കിയതു മൂലവും സംസ്ഥാനത്തിന്റെ വരുമാനത്തിലുണ്ടായ കുറവ് എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ?

ജി.എസ്.ടി. നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതിനഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസ്സാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-16-ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽനിന്നും എസ്.ജി.എസ്.ടി. കളക്ഷനും, ഐ.ജി.എസ്.ടി. ക്രെഡിറ്റും ആ മാസം ലഭിച്ച എൽ.എൻ.ജി. ഒഴിച്ചുള്ള വാറ്റ് കളക്ഷനും കുട്ടിക്കിഴിച്ചുള്ള ബാക്കി തുകയാണ് നഷ്ടപരിഹാരമായി ലഭിക്കുന്നത്. വിശദാംശം അനുബന്ധമായി (അനുബന്ധം-1) ചേർക്കുന്നു.*

(ബി) പ്രസ്തുത കുറവ് നികത്തുന്നതിന് കേന്ദ്ര സഹായം ലഭ്യമായിട്ടുണ്ടോ?

2017-18, 2018-19, 2019-20 & 2020-21 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന് ലഭിച്ച നഷ്ടപരിഹാര തുകയുടെയും ലഭിക്കേണ്ടിയിരുന്ന തുകയുടെയും വിവരം അനുബന്ധമായി (അനുബന്ധം-2) ചേർക്കുന്നു.*

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) എങ്കിൽ ഇത് ഏത് കാലയളവ് വരെ ലഭിക്കുമെന്ന് വിശദമാക്കാമോ?

ജി.എസ്.ടി. നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസാക്കിയിട്ടുണ്ട്. ഇതിന്റെ കാലാവധി 2022 ജൂൺ 30-ന് അവസാനിക്കും.

(ഡി) സംസ്ഥാന സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായി എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

സംസ്ഥാനത്തിന്റെ ജി.എസ്.ടി. നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വകുപ്പ് നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ജി.എസ്.ടി.-യിൽ നികുതി ശൃംഖല വിപുലീകരിക്കുന്നതിനുവേണ്ടി വിവിധ ഏജൻസികളിൽനിന്ന് വിവര ശേഖരണം നടത്തുകയും അതിൽനിന്ന് രജിസ്ട്രേഷൻ ഇല്ലാത്തവരെ കണ്ടുപിടിച്ച് രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. റിട്ടേൺ സ്കൂട്ടിനി ഫലപ്രദമാക്കുന്നതിനുവേണ്ടി പ്രത്യേക മാനദണ്ഡപ്രകാരം നികുതിദായകരെ ഓൺലൈനായി സെലക്ട് ചെയ്ത് വിശദപരിശോധന നടത്തുന്ന രീതി നടപ്പിലാക്കി. ഇത് ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുകയും നികുതിവെട്ടിപ്പ് ഫലപ്രദമായി തടയുന്നതിനും സഹായിക്കും. ജി.എസ്.ടി. പൂർണ്ണമായും വിവരസാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ ഒരു നികുതി വ്യവസ്ഥയാണ്. നികുതിദായകന്റെ ക്രയവിക്രയങ്ങൾ സംബന്ധിച്ച് ജി.എസ്.ടി. നെറ്റ്‌വർക്കിൽ ലഭ്യമായ വിവരങ്ങളുടെ വിശകലനവും മറ്റ് ഏജൻസികളായ ഇൻകം ടാക്സ്, കസ്റ്റംസ് എന്നിവയിൽ സമർപ്പിച്ചിട്ടുള്ള വിവരങ്ങളുമായി വിശകലനങ്ങൾ നടത്തുന്നതിന് വേണ്ടി വകുപ്പിൽ പ്രത്യേക ഡാറ്റാ അനലിറ്റിക്സ് വിഭാഗം രൂപീകരിച്ചിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കി ആഡിറ്റും എൻഫോഴ്സ്മെന്റ് നടപടികളും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ചെക്പോസ്റ്റ് സമ്പ്രദായം ഇല്ലാതായ സാഹചര്യത്തിൽ അതിർത്തികളിലൂടെയുള്ള നികുതിവെട്ടിപ്പ് തടയുന്നതിനും വാഹന പരിശോധന കാര്യക്ഷമമാക്കുന്നതിനുംവേണ്ടി സി.സി.ടി.വി. ക്യാമറകൾ പ്രധാനപ്പെട്ട അതിർത്തിപ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ഇത് എ.എൻ.പി.ആർ. സിസ്റ്റവുമായി ബന്ധപ്പെടുത്തി മതിയായ രേഖകൾ (ഇ-വേ ബിൽ) ഇല്ലാതെ കടന്നുവരുന്ന ചരക്ക് വാഹനങ്ങളുടെ വിവരം ഉടൻതന്നെ വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തിന് ലഭ്യമാകുന്ന രീതിയിൽ സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ ഇന്റലിജൻസ് സ്ക്വാഡുകളുടെ വാഹനങ്ങളിൽ സർവൈലൻസ് ക്യാമറകൾ സ്ഥാപിക്കുകയും ഉദ്യോഗസ്ഥർക്ക് "ബോഡിവോൺ" ക്യാമറയുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. അണ്ടർ വാല്യുവേഷൻ കേസുകൾ, ബില്ല് തുടങ്ങിയവ ജി.എസ്.ടി. പോർട്ടലിലേയ്ക്ക് അപ്‌ലോഡ് ചെയ്യൽ എന്നിവയ്ക്ക് മൊബൈൽ ആപ്ലിക്കേഷൻ സംവിധാനം നടപ്പിലാക്കി. ജി.എസ്.ടി.-യിൽ ഫയൽ ചെയ്ത വിവരങ്ങളെ അടിസ്ഥാനമാക്കി ദേശീയതലത്തിൽ റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിനെ

അടിസ്ഥാനമാക്കി സംസ്ഥാന തലത്തിൽ റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിച്ച് ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇതും നികുതിവെട്ടിപ്പ് കണ്ടുപിടിക്കുന്നതിന് സഹായകമാകുന്നു. ജി.എസ്.ടി.-യിൽ വ്യാജ ഇൻപുട്ട് ടാക്സ് മുഖേനയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനായി സംസ്ഥാന നികുതി വകുപ്പ് ഇൻവെസ്റ്റിഗേഷൻ വിഭാഗം സെക്ടർ തിരിച്ചുള്ള പരിശോധനകൾ വഴിയും ഡാറ്റ അനലിറ്റിക്സ് മുഖേന ലഭിക്കുന്ന വിവരങ്ങൾ അപഗ്രഥിച്ചും തട്ടിപ്പുകൾ തടയാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**കോവിഡ് കേരള സമ്പദ് വ്യവസ്ഥയിൽ ഉണ്ടാക്കിയ മാറ്റം**

99 (484) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡിന്റെ രണ്ടാം വ്യാപനത്തിന്റെ ഭാഗമായി കേരള സമ്പദ് വ്യവസ്ഥയിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ പരിശോധിച്ച് പഠന വിധേയമാക്കുന്നതിന് പ്രത്യേക കമ്മീഷനെ നിയമിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കോവിഡ്-19 രണ്ടാംതരംഗം സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ ഏൽപ്പിച്ച സാമ്പത്തിക-സാമൂഹിക പ്രത്യാഘാതം, അതിനെ നേരിടാനുള്ള മാർഗ്ഗങ്ങൾ, മറ്റ് രാജ്യങ്ങൾ, സംസ്ഥാനങ്ങൾ എന്നിവിടങ്ങളിലെ സർക്കാർ നടപടികളുടെ ഒരു അവലോകനം എന്നിവ വിഷയങ്ങളാക്കിക്കൊണ്ടുള്ള ഒരു പഠനം നടത്തുന്നതിനായി 18-8-2021-ലെ സ.ഉ.(സാധാ) നമ്പർ 5599/2021/ധന പ്രകാരം ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ (GIFT) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. GIFT ഇത് സംബന്ധിച്ച പഠനം നടത്തിവരുന്നു.

**സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ**

100 (485) ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി 'ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷ'നെ ചുമതലപ്പെടുത്തിയിരുന്നുവോ;

(ബി) ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

കോവിഡ്-19 രണ്ടാം തരംഗം സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ ഏൽപ്പിച്ച സാമ്പത്തിക-സാമൂഹിക പ്രത്യാഘാതം, അതിനെ നേരിടാനുള്ള മാർഗ്ഗങ്ങൾ; മറ്റ് രാജ്യങ്ങൾ, സംസ്ഥാനങ്ങൾ എന്നിവിടങ്ങളിലെ സർക്കാർ നടപടികളുടെ ഒരു അവലോകനം എന്നിവ വിഷയങ്ങളാക്കിക്കൊണ്ടുള്ള ഒരു പഠനം നടത്തുന്നതിനായി 18-8-2021-ലെ സ.ഉ.(സാധാ) നമ്പർ 5599/2021/ധന പ്രകാരം ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ (GIFT) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. GIFT ഇത് സംബന്ധിച്ച പഠനം നടത്തിവരുന്നു.

**പൊതുമേഖലയിലെ പങ്കാളിത്ത പെൻഷൻ പദ്ധതി**

101 (486) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമേഖലയിൽ പ്രവർത്തിക്കുന്ന എത്ര ബോർഡ്, കമ്പനി, കോർപ്പറേഷനുകളിൽ പങ്കാളിത്ത പെൻഷൻ ഏർപ്പെടുത്തിയിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും അറിയിക്കാമോ?

2019-20-ലെ 'A Review of Public Enterprises in Kerala' പ്രകാരം സംസ്ഥാനത്തെ 105 പൊതുമേഖലാ സ്ഥാപനങ്ങളിൽ കമ്പനീസ് ആക്ടിലെ നിബന്ധനകൾ പ്രകാരം രൂപീകരിച്ച പൊതുമേഖലാ സ്ഥാപനങ്ങളിലെല്ലാം 1952-ലെ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് സ്കീം ആണ് അനുവർത്തിക്കുന്നത്. എന്നാൽ സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകളായ കേരള വാട്ടർ അതോറിറ്റി, കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ എന്നിവർ സർക്കാർ പെൻഷൻ സ്കീം ആണ് ഉപയോഗിക്കുന്നത്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനെ ഇപ്പോൾ കമ്പനീസ് ആക്ടിന് കീഴിൽ കൊണ്ടുവന്നെങ്കിലും പ്രസ്തുത സ്ഥാപനം ഇപ്പോഴും സംസ്ഥാന സർക്കാരിന്റെ പെൻഷൻ സ്കീം ആണ് അനുവർത്തിക്കുന്നത്. 1-4-2013-ൽ സംസ്ഥാന സർക്കാർ പങ്കാളിത്ത പെൻഷൻ പദ്ധതി ആരംഭിച്ചതുമുതൽ മേൽ സൂചിപ്പിച്ച പൊതുമേഖലാ സ്ഥാപനങ്ങൾ പങ്കാളിത്ത പെൻഷൻ പദ്ധതിയിലേയ്ക്ക് മാറിയിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ എത്ര പങ്കാളിത്ത പെൻഷൻ ജീവനക്കാരുണ്ടെന്ന് സ്ഥാപനം തിരിച്ച് കണക്ക് വ്യക്തമാക്കാമോ?

| ക്രമ നമ്പർ | സ്ഥാപനം | പങ്കാളിത്ത പെൻഷൻ ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1. | കേരള വാട്ടർ അതോറിറ്റി | 2236 |
| 2. | കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ | 108 |
| 3. | കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് | 44 |
| 4. | കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ | 9050 |
| 5. | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് | 7552 |

**ദിവസവേതനക്കാരുടെ ആനുകൂല്യങ്ങൾ**

102 (487) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിയ പതിനൊന്നാമത് ശമ്പള പരിഷ്കരണത്തിന്റെ അടിസ്ഥാനത്തിൽ ദിവസവേതനക്കാരുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവായിട്ടുണ്ടോ?

ദിവസ/കരാർ വേതന ജീവനക്കാർക്ക് ശമ്പള പരിഷ്കരണത്തിന്റെ അടിസ്ഥാനത്തിലല്ല, വാർഷിക ശമ്പള വർദ്ധനവാണ് നല്കിവരുന്നത്.

(ബി) ദിവസവേതനക്കാരായ സർക്കാർ ഉദ്യോഗസ്ഥരുടെ നിലവിലെ വേതനം സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

2021 ഫെബ്രുവരി 1 മുതൽ പ്രാബല്യത്തിൽ ദിവസ/കരാർ വേതന ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ചുകൊണ്ട് സർക്കാർ 11-2-2021-ലെ സ.ഉ.(പി) നമ്പർ 29/2021/ധന. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(സി) സംസ്ഥാനത്തെ നിയോജകമണ്ഡലങ്ങളിൽ എം.എൽ.എ. ആഫീസുകളിൽ ജോലിനോക്കിവരുന്ന അഡീഷണൽ സ്റ്റാഫുകളുടെ ശമ്പളം ദിവസവേതനക്കാരെക്കാൾ കുറവാണെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് സർക്കാരിന് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ; ആയതിന്റെ ഇപ്പോഴത്തെ നടപടികൾ വിശദമാക്കാമോ?

ഇതുസംബന്ധിച്ച നിവേദനങ്ങളോ ഭരണവകുപ്പ് ശിപാർശകളോ ധനകാര്യ വകുപ്പിൽ ലഭ്യമായിട്ടില്ല.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) എം.എൽ.എ.-മാരുടെ അഡീഷണൽ സ്റ്റാഫുകളുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനും മറ്റ് സർക്കാർ ജീവനക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ നൽകുന്നതിനുമുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ഈ വിഷയം സംബന്ധിച്ച അപേക്ഷകളോ ശിപാർശകളോ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്.

**മങ്കട നിയോജകമണ്ഡലത്തിലെ എ.ഡി.എസ്. പ്രവൃത്തികൾ**

103 (488) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ 2016-17 മുതൽ 2020-21 വരെ എ.ഡി.എസ്. ഫണ്ട് ഉപയോഗിച്ച് നടത്തിയ പ്രവൃത്തികളിൽ എത്ര രൂപ ടെണ്ടർ സേവിംഗ്സ് ഉണ്ട്; വിശദാംശം ലഭ്യമാക്കുമോ?

മങ്കട നിയോജകമണ്ഡലത്തിൽ 2016-17 മുതൽ 2020-21 വരെ എ.ഡി.എസ്. ഫണ്ട് ഉപയോഗിച്ച് നടത്തിയ പ്രവൃത്തികളിലെ ടെണ്ടർ സേവിംഗ്സ് സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത സേവിംഗ്സിൽ ഈ സാമ്പത്തിക വർഷം വിനിയോഗിക്കാൻ കഴിയുന്ന തുക എത്രയാണ്; വ്യക്തമാക്കുമോ?

4-8-2018-ലെ സ.ഉ.(സാധാ) നമ്പർ 119/2018/ധന പ്രകാരം 2017-18 സാമ്പത്തിക വർഷം മുതലാണ് ടെണ്ടർ സേവിംഗ്സിന് പ്രാബല്യമുള്ളത്. ഓരോ വർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികളുടെ ടെണ്ടർ അംഗീകരിച്ച് കഴിഞ്ഞുണ്ടാകുന്ന ടെണ്ടർ സേവിംഗ്സ് ആ വർഷത്തെ പരമാവധി അഞ്ച് കോടി രൂപയിൽ കണക്കാക്കി കൂടുതൽ/കുറവ് വരുന്ന തുക അടുത്ത വർഷം അനുവദിച്ചിരിക്കുന്ന 5 കോടി രൂപയിൽ തട്ടിക്കിഴിക്കേണ്ടതാണ്. ഒരു സാമ്പത്തികവർഷം അനുമതി നൽകിയ മുഴുവൻ പ്രവൃത്തികളുടേയും ടെണ്ടർ സേവിംഗ്സ് ഒരുമിച്ച് ആയതിനായി പരിഗണിക്കേണ്ടതാണ്. ഇപ്രകാരം ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നതിന് 2017-18 സാമ്പത്തികവർഷം മുതലാണ് പ്രാബല്യമുള്ളത്. അതായത് നിയോജകമണ്ഡല ആസ്തിവികസന പദ്ധതി 2017-18-ന് കീഴിൽ അനുമതി നൽകിയ പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് നിയോജകമണ്ഡല ആസ്തിവികസന പദ്ധതി 2018-19-ന് കീഴിൽ പരിഗണിക്കാവുന്നതാണ്. 2020-21 സാമ്പത്തികവർഷത്തെ മുഴുവൻ പ്രവൃത്തികളുടേയും ടെണ്ടർ സേവിംഗ്സ് ലഭ്യമായതിനുശേഷം മാത്രമേ ഈ സാമ്പത്തികവർഷം വിനിയോഗിക്കുവാൻ കഴിയുന്ന തുക എത്രയാണെന്ന് കണ്ടെത്തുവാൻ സാധിക്കുകയുള്ളൂ.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ദേശീയ ആസ്തി വില്പന നയം

104 (489) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ആസ്തി വില്പന നയംമൂലം സംസ്ഥാനത്തിനുണ്ടാകുന്ന നഷ്ടം വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരുമായി ചർച്ച നടത്തിയിട്ടുണ്ടോ?

(എ&ബി) 111 ലക്ഷം കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന നാഷണൽ ഇൻഫ്രാസ്ട്രക്ചർ പൈപ്പ് ലൈൻ (FY 2020-25) നടപ്പിലാക്കുന്നതിനായി ശേഷിക്കുന്ന നാല് വർഷത്തിൽ ബ്രൗൺഫീൽഡ് അസെറ്റ്സിന്റെ ഒരു നിശ്ചിത കാലയളവിലെ കൈമാറ്റത്തിലൂടെ 6 ലക്ഷം കോടി രൂപ സമാഹരിക്കുക എന്ന ലക്ഷ്യത്തോടെ കഴിഞ്ഞ ബഡ്ജറ്റിൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പദ്ധതിയാണ് നാഷണൽ മോണിറ്റൈസേഷൻ പൈപ്പ് ലൈൻ. മേൽ 6 ലക്ഷം കോടി രൂപ സമാഹരിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്ന പദ്ധതിയിൽ കേന്ദ്ര സർക്കാരിന് കീഴിലെ മന്ത്രാലയങ്ങളുടെയും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെയും ആസ്തികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ട് ടി നയംമൂലം സംസ്ഥാനത്തിന് നേരിട്ട് നഷ്ടമുണ്ടാകുന്നില്ല. പരോക്ഷമായി ഉണ്ടാകുന്ന നഷ്ടം കണക്കാക്കിയിട്ടില്ല. കേന്ദ്രത്തിന്റെ നികുതിയുൾപ്പെടെയുള്ള വരുമാനം കുത്തനെ കുറയുകയും അതിന്റെ ഭാഗമായി സംസ്ഥാനങ്ങളുടെ ഡിവിസിബിൾ പൂളിൽനിന്നും കിട്ടേണ്ട വിഹിതം കുറയുകയും ചെയ്യും. അതേസമയം, സംസ്ഥാനങ്ങളുടെയോ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെയോ അസെറ്റ് മോണിറ്റൈസേഷനും ഡിസ്ഇൻവെസ്റ്റ്മെന്റിനും ഇൻസെന്റീവ് അനുവദിക്കുന്ന ഒരു പദ്ധതിയും കേന്ദ്ര സർക്കാർ വിഭാവനം ചെയ്തിട്ടുണ്ട്.

(സി) നാഷണൽ മോണിറ്റൈസേഷൻ പൈപ്പ് ലൈൻ (എൻ.എം.പി.) മൂലമുണ്ടാകുന്ന പ്രതിസന്ധികൾ എന്തെല്ലാമാണെന്ന് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

നാഷണൽ മോണിറ്റൈസേഷൻ പൈപ്പ് ലൈൻമൂലം ഉണ്ടായേക്കാവുന്ന പ്രതിസന്ധികൾ സംബന്ധിച്ച ആധികാരിക പഠനങ്ങളൊന്നും സർക്കാർ നടത്തിയിട്ടില്ല. അതേസമയം ചുവടെ ചേർക്കുന്ന ആശങ്കകൾ തള്ളിക്കളയുവാൻ സാധിക്കുകയില്ല.

(i) കുത്തകവത്ക്കരണം സൃഷ്ടിക്കുന്ന സാമൂഹിക സാമ്പത്തിക ഭവിഷ്യത്തുകൾ.

(ii) പൊതു ഉടമസ്ഥതയിലുള്ള ആസ്തികളുടെ നിശ്ചിത കാലയളവിലേയ്ക്കുള്ള കൈമാറ്റം കോർപ്പറേറ്റ് വത്ക്കരണം/സ്വകാര്യവത്കരണത്തിന്റെ ആദ്യപടിയായി വേണം വീക്ഷിക്കേണ്ടത്. ലാഭേച്ഛമാത്രം ലക്ഷ്യം വച്ചിട്ടുള്ള നടപടികൾ പൊതുജന താല്പര്യവും സാമൂഹ്യ നന്മയും അട്ടിമറിക്കും.

(iii) ലാഭേച്ഛമാത്രം ലാക്കാക്കിയുള്ള നടത്തിപ്പ് വിലവർദ്ധനവിന് ഇടയാക്കും.

(iv) കൈമാറുവാൻ നിശ്ചയിച്ചിട്ടുള്ള ആസ്തികളിൽനിന്നും നിലവിൽ ലഭിക്കുന്ന വരുമാനം സംബന്ധിച്ച് വ്യക്തമായ വിവരങ്ങളുടെ അഭാവം നിർദ്ദിഷ്ട പദ്ധതിവഴി സാമ്പത്തിക നേട്ടമുണ്ടാകുമോയെന്ന് തിട്ടപ്പെടുത്തുന്നതിന് ബുദ്ധിമുട്ട് സൃഷ്ടിച്ചിട്ടുണ്ട്.

(v) കൈമാറ്റം ചെയ്യപ്പെടുന്ന കാലയളവിൽ ആസ്തികൾക്കുണ്ടാകുന്ന ഡിപ്രീസിയേഷൻ എപ്രകാരം തിട്ടപ്പെടുത്തുമെന്നതിലും എങ്ങനെ ആയത് നികത്തുമെന്നതിലും അവ്യക്തതയുണ്ട്.

(vi) ഇത്തരം പദ്ധതികൾക്ക് ആഭ്യന്തര നിക്ഷേപകരെ കണ്ടെത്തുക വിഷമകരമാണ്. വിദേശനിക്ഷേപം സ്വീകരിക്കുന്ന ഇന്ത്യൻ കമ്പനികളാവും ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. അതുകൊണ്ട് വിദേശ നിക്ഷേപകരുടെ താല്പര്യമായിരിക്കും കൈമാറ്റം ചെയ്യപ്പെടുന്ന ആസ്തികളുടെ നടത്തിപ്പിൽ പ്രതിഫലിക്കുക.

(vii) റെയിൽവേ, എയർപോർട്ട്, ദേശീയ ഹൈവേ അടക്കമുള്ള പബ്ലിക് യൂട്ടിലിറ്റികളുടെ കൈമാറ്റം ഗുരുതര സാമൂഹിക-സാമ്പത്തിക പ്രത്യാഘാതത്തിന് ഇടയാക്കും. ഇൻക്ലൂസീവ് ഗ്രോത്ത് എന്ന ആശയത്തിന് ഇത് വിഘാതമായി തീരും.

## പെട്രോളിയം ഉൽപ്പന്നങ്ങളെ ജി.എസ്.ടി.-യുടെ പരിധിയിൽ കൊണ്ടുവരാൻ നടപടി

105 (490) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോളിയം ഉൽപ്പന്നങ്ങളെ ജി.എസ്.ടി.-യുടെ പരിധിയിൽ കൊണ്ടുവരുന്നത് ഇന്ധനവില വർദ്ധനവ് ഏൽപ്പിക്കുന്ന കനത്ത

ആഘാതത്തിൽനിന്നും അവശ്യ സാധനങ്ങളുടെ വിലക്കയറ്റത്തിൽനിന്നും സാധാരണക്കാർക്ക് ആശ്വാസം നൽകുമെന്നതിനാൽ ആയതിന് അനുകൂല നിലപാട് സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ;

(ബി) കോവിഡ് കാലത്ത് ജീവിതം കൂടുതൽ പ്രതിസന്ധിയിലാക്കുന്ന ഇന്ധനവില വർദ്ധനവിന്റെ അമിതഭാരം ഒഴിവാക്കാൻ സംസ്ഥാന നികുതിയിൽ ഇളവ് വരുത്തുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

നിലവിൽ പെട്രോളിനും ഡീസലിനും സംസ്ഥാന വിൽപ്പന നികുതി നിയമം, 1963 പ്രകാരമാണ് നികുതി ഈടാക്കുന്നത്. ടി നിയമമനുസരിച്ച് പെട്രോളിന് 30.08 ശതമാനവും ഡീസലിന് 22.76 ശതമാനവും വിൽപ്പന നികുതി നിരക്ക് നിശ്ചയിച്ചിരിക്കുന്നു. എന്നാൽ ചരക്കുസേവന നികുതി നിയമത്തിൻകീഴിൽ പുറപ്പെടുവിച്ചിരിക്കുന്ന വിജ്ഞാപനപ്രകാരം ചുമത്താവുന്ന പരമാവധി നികുതി നിരക്ക് 28% ആണ്. അതിനാൽ പെട്രോളിനെയും ഡീസലിനെയും ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തണമെന്ന നിർദ്ദേശം ഭീമമായ നികുതി നഷ്ടത്തിന് വഴിയൊരുക്കുന്നതാണ്. മാത്രമല്ല 2014-ൽ കേന്ദ്ര സർക്കാർ അധികാരത്തിലേറിയ സമയത്ത് ഓരോ ലിറ്റർ പെട്രോളിൻമേലും ഡീസലിൻമേലും ചുമത്തിയിരുന്ന കേന്ദ്ര നികുതികൾ യഥാക്രമം 9.476 രൂപ/ലിറ്റർ, 3.564 രൂപ/ലിറ്റർ എന്നിങ്ങനെ ആയിരുന്നത് യഥാക്രമം 32.9 രൂപ/ലിറ്റർ, 31.8 രൂപ/ലിറ്റർ എന്നിങ്ങനെ ആയി വർദ്ധിപ്പിച്ചു. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പെട്രോൾ, ഡീസൽ നികുതികളിൽ വർദ്ധനവ് വരുത്തിയിട്ടില്ല. എന്നാൽ കേന്ദ്ര ഗവൺമെന്റ് കേന്ദ്ര അഡീഷണൽ എക്സൈസ് നിരക്ക് പലതവണ വർദ്ധിപ്പിച്ചതായി കണ്ടുവരുന്നു. ഇത് ഇന്ധന വിലവർദ്ധനവിന് കാരണമാകുന്നുണ്ട്. കേന്ദ്ര നികുതി നിരക്ക് കുറച്ചാൽ സംസ്ഥാന നികുതി അതനുസരിച്ച് താനേ കുറയുന്നതാണ്. കമ്പോളവിലയിലുണ്ടാകുന്ന ഇടിവ് ഓഫ്സെറ്റ് ചെയ്ത് കേന്ദ്ര അഡീഷണൽ എക്സൈസ് നിരക്ക് വർദ്ധിപ്പിക്കുന്ന രീതിയാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. ഇങ്ങനെ കേന്ദ്ര സർക്കാർ സമാഹരിക്കുന്ന പണം സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടതുമില്ല. കമ്പോളത്തിൽ ക്രൂഡ് ഓയിൽ വില കുറയുമ്പോൾപ്പോലും ആയതിന്റെ നേട്ടം ജനങ്ങൾക്ക് കൈമാറ്റം ചെയ്യാത്ത തുടർച്ചയായ ജനദ്രോഹ നടപടികൾ പിൻവലിക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകുകയാണ് വേണ്ടത്.

(സി) പാചക വാതകത്തിന് ജി.എസ്.ടി.-ക്ക് പുറമേ മറ്റേതെങ്കിലും തരത്തിലുള്ള നികുതികൾ/സെസ്സ് ഈടാക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഗാർഹികാവശ്യത്തിനുള്ള പാചകവാതകത്തിന് ചരക്കുസേവന നികുതി നിയമപ്രകാരം വിജ്ഞാപനത്തിലെ ഒന്നാം ഷെഡ്യൂൾ പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ളതുമായ വിഭാഗങ്ങൾക്ക് 5% (2.5% CGST + 2.5% SGST) നികുതി നിശ്ചയിച്ചിരിക്കുന്നു. മറ്റുള്ളവയ്ക്ക് 18% (9% CGST + 9% SGST) നികുതി ബാധകമാണ്. ജി.എസ്.ടി.-ക്ക് പുറമെ മറ്റ് തരത്തിലുള്ള നികുതികൾ/സെസ്സ് എന്നിവ ഈടാക്കുന്നില്ല.

## കോവിഡ് ഒന്നാം തരംഗത്തിൽ പ്രഖ്യാപിച്ച പാക്കേജ്

106 (491) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ഒന്നാം തരംഗത്തിൽ പ്രഖ്യാപിച്ചിരുന്ന 20,000 കോടി രൂപയുടെ പാക്കേജിൽ ഏതൊക്കെ കാര്യങ്ങൾക്കാണ് തുക വകയിരുത്തിയത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) എത്ര തുക ഏതൊക്കെ ഇനത്തിന് നാളിതുവരെ നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) കോവിഡ് ഒന്നാം തരംഗത്തിൽ പ്രഖ്യാപിച്ചിരുന്ന 20,000 കോടി രൂപയുടെ പാക്കേജിൽ വിവിധ കാര്യങ്ങൾക്കായി വകയിരുത്തിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധം (1) ആയി ഇതോടൊപ്പം ചേർക്കുന്നു*.

## ഓഡിറ്റ് കമ്മീഷൻ രൂപീകരണം

107 (492) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓഡിറ്റ് കമ്മീഷൻ രൂപീകരണ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ?

ബഹു. ധനകാര്യ വകുപ്പ് മന്ത്രി അവതരിപ്പിച്ച 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിലെ 56-ാം ഖണ്ഡികയിൽ ഓഡിറ്റ് കമ്മീഷൻ രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചതനുസരിച്ച് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സർക്കാരിലേയ്ക്ക് സമർപ്പിച്ച പ്രൊപ്പോസൽ അഭിപ്രായം അറിയിക്കുന്നതിനായി, ഓഡിറ്റ് കമ്മീഷൻ രൂപീകരിക്കുന്നതിൽ പ്രധാന പങ്കുള്ള തദ്ദേശ സ്വയംഭരണ വകുപ്പിന് നൽകുകയുണ്ടായി. ഓഡിറ്റ് ഡയറക്ടറുടെ പ്രസ്തുത പ്രൊപ്പോസലിന്മേൽ പഞ്ചായത്ത്

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമ വികസന കമ്മീഷണർ എന്നിവരിൽനിന്നും റിപ്പോർട്ട് ലഭ്യമായശേഷം വകുപ്പിന്റെ അഭിപ്രായം അറിയിക്കുന്നതാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മറുപടി നൽകിയിട്ടുണ്ട്. ഭരണ പരിഷ്കാര കമ്മിഷന്റെ 9-ാമത് റിപ്പോർട്ടിൽ ഖണ്ഡിക 1.3(XV)-ലെ ഓഡിറ്റ് കമ്മീഷൻ രൂപീകരണം സംബന്ധിച്ച ശിപാർശയിൻമേൽ സർക്കാർ തലത്തിൽ ചർച്ചകൾ നടന്നുവരുന്നു; അന്തിമ തീരുമാനമായിട്ടില്ല.

(ബി) തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ഇതുസംബന്ധിച്ച് അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ഓഡിറ്റ് കമ്മീഷൻ രൂപീകരിക്കുന്നത് സംബന്ധിച്ച് അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(സി) ഓഡിറ്റ് കമ്മീഷന്റെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കുവാൻ സാധിക്കും; ഇതിനായി പ്രത്യേക ഷെഡ്യൂൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഓഡിറ്റ് കമ്മീഷന്റെ പ്രവർത്തനം ആരംഭിക്കുന്നത് സംബന്ധിച്ച് ഷെഡ്യൂൾ തയ്യാറാക്കിയിട്ടില്ല.

## ഐ.ടി. വകുപ്പിന്റെ അനുബന്ധ സ്ഥാപനങ്ങളിലെ അന്വേഷണം

108 (493) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഐ.ടി. വകുപ്പിന്റെ അനുബന്ധ സ്ഥാപനങ്ങളിലെ അനധികൃത നിയമനങ്ങളെക്കുറിച്ച് ധനകാര്യ പരിശോധന വിഭാഗം അന്വേഷണം നടത്തിയിരുന്നോ; ഏതൊക്കെ സ്ഥാപനങ്ങളിലാണ് പരിശോധന നടത്തിയതെന്ന് അറിയിക്കുമോ; പരിശോധന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

17-7-2020-ലെ ജി.ഒ.(ആർ.റ്റി.) നമ്പർ 4226/2020/ധന, 30-7-2020-ലെ ജി.ഒ.(ആർ.റ്റി) നമ്പർ 4407/2020/ധന എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ഐ.ടി. വകുപ്പിന്റെ അനുബന്ധ സ്ഥാപനങ്ങളിലെ നിയമനങ്ങളെ കുറിച്ച് ധനകാര്യ പരിശോധനാ വിഭാഗം അന്വേഷണം നടത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തിയ സ്ഥാപനങ്ങളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

1. സി-ഡിറ്റ്
2. കേരള സ്റ്റാർട്ട് അപ് മിഷൻ
3. കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്
4. ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ & ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ
5. ഐ.സി.ടി. അക്കാഡമി
6. കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ
7. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി & മാനേജ്മെന്റ് കേരള
8. ടെക്നോപാർക്ക്, തിരുവനന്തപുരം
9. ഇൻഫോ പാർക്ക്, എറണാകുളം
10. സൈബർ പാർക്ക്, കോഴിക്കോട്.

ഇതിൽ കേരള സ്റ്റാർട്ട് അപ് മിഷൻ, സി-ഡിറ്റ്, ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ & ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയർ, ഐ.സി.ടി. അക്കാഡമി, കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി & മാനേജ്മെന്റ് കേരള, ഇൻഫോ പാർക്ക് എറണാകുളം എന്നീ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട അന്വേഷണ റിപ്പോർട്ടുകൾ അംഗീകരിച്ച് തുടർനടപടികൾക്കായി ഭരണ വകുപ്പിന് കൈമാറിയിട്ടുണ്ട്. റിപ്പോർട്ടുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.* മറ്റ് മൂന്ന് സ്ഥാപനങ്ങളായ കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്, ടെക്നോപാർക്ക് തിരുവനന്തപുരം, സൈബർ പാർക്ക്, കോഴിക്കോട് എന്നീ സ്ഥാപനങ്ങളുടെ കരട് അന്വേഷണ റിപ്പോർട്ടുകൾ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

109 (494) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ എത്ര തുക ലഭിച്ചുവെന്നും എത്ര തുക നാളിതുവരെ ചെലവായി എന്നും വ്യക്തമാക്കാമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രളയവുമായി ബന്ധപ്പെട്ട് 27-8-2018 മുതൽ 26-3-2020 വരെ 4,935 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഇതിൽ 28-8-2018 മുതൽ 22-9-2021 വരെ 3,945.89 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) കോവിഡ് വാക്സിൻ ചലഞ്ചുമായി ബന്ധപ്പെട്ട് എത്ര തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ ലഭിച്ചുവെന്നും ആയതിൽ വാക്സിൻ വാങ്ങുവാനായി എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

കോവിഡുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ലഭിച്ച സംഭാവനകളുടെ കണക്ക് താഴെപ്പറയുന്ന പ്രകാരമാണ്. കോവിഡ്-19-മായി ബന്ധപ്പെട്ട് 27-3-2020 മുതൽ 30-9-2021 വരെ 754.39 കോടി രൂപയും, ജീവനക്കാരുടെ നീക്കിവച്ച ശമ്പളത്തിൽനിന്നുള്ള സംഭാവന ഇനത്തിൽ 21-4-2021 മുതൽ 30-9-2021 വരെ 75.96 കോടി രൂപയും ലഭിച്ചിട്ടുണ്ട്. മേൽ ലഭിച്ച സംഭാവനയിൽ വാക്സിൻ ചലഞ്ചിനായി പ്രത്യേകം തുക തരംതിരിച്ചിട്ടില്ല. വാക്സിൻ വാങ്ങാൻ KMSCL-ന് നൽകിയ 63 കോടി ഉൾപ്പെടെ ആകെ 941.07 കോടി രൂപ 1-9-2021 വരെ കോവിഡുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ചെലവഴിച്ചിട്ടുണ്ട്.

**പദ്ധതി വിഹിതം**

110 (495) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2020-21 വരെയുള്ള സംസ്ഥാന പദ്ധതി വിഹിതം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം, കേന്ദ്ര വിഹിതം എത്രയൊക്കെയാണെന്നറിയിക്കുമോ;

(ബി) ഓരോ സാമ്പത്തിക വർഷവും ഇതിൽ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

(എ&ബി) സാമ്പത്തിക വർഷം 2016-17 മുതൽ 2020-21 വരെ പദ്ധതിയിനത്തിൽ സംസ്ഥാന പദ്ധതി വിഹിതമായി വകയിരുത്തിയ തുക, തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച പദ്ധതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതിയിനത്തിൽ കേന്ദ്രവിഹിതമായി വകയിരുത്തിയ തുക, ചെലവഴിച്ച തുകകൾ എന്നിവ സംബന്ധിച്ച PLANSPACE-ൽ നിന്നുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പദ്ധതി വിഹിതം പൂർണ്ണമായും ചെലവഴിക്കാൻ സാധിച്ചില്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ?

2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ സംസ്ഥാനം നിരവധി പ്രതിസന്ധികൾ നേരിട്ടത് കണക്കിലെടുക്കുമ്പോൾ, പ്രസ്തുത കാലയളവിൽ പദ്ധതി വിഹിതം ചെലവഴിക്കുന്നതിൽ കാര്യമായ കുറവ് സംഭവിച്ചിട്ടില്ല എന്ന് കാണാവുന്നതാണ്. 2016-ൽ കേന്ദ്ര സർക്കാർ നടപ്പിലാക്കിയ നോട്ട് നിരോധനം, 2017-ലെ ഓഖി ദുരന്തം, 2018-ലെ നിപ വൈറസ് വ്യാപനം, തൻവർഷത്തെ മഹാപ്രളയം, 2019-ലെ ഉരുൾപൊട്ടൽ, 2020-ൽ തുടങ്ങി ഇപ്പോഴും തുടരുന്ന കോവിഡ് എന്ന മഹാമാരി എന്നിവ സൃഷ്ടിച്ച ആഘാതം കേരളത്തിന്റെ സമ്പദ് വ്യവസ്ഥയേയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇത് ഫലപ്രദമായി മറികടക്കാൻ സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിച്ചതുമൂലമാണ് മേൽ പുരോഗതി കൈവരിക്കാൻ സാധിച്ചത്.

**പ്രളയ സെസ്സിലൂടെ സമാഹരിച്ച തുക**

111 (496) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയ സെസ്സിലൂടെ എത്ര തുക സമാഹരിക്കാൻ സാധിച്ചു എന്ന് വ്യക്തമാക്കാമോ?

പ്രളയ സെസ്സിലൂടെ 30-09-2021 വരെ 2,154.31 കോടി രൂപ സമാഹരിക്കാൻ സാധിച്ചു.

(ബി) പ്രളയ സെസ്സിലൂടെ ലഭിച്ച തുക റീബിൽഡ് കേരളയ്ക്ക് കൈമാറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് കൈമാറിയത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2018 ജൂലൈ-ഓഗസ്റ്റ് മാസങ്ങളിൽ സംസ്ഥാനത്തിന്റെ മിക്കവാറും എല്ലാ ഭാഗങ്ങളിലും അനുഭവപ്പെട്ട അഭൂതപൂർവ്വമായ വെള്ളപ്പൊക്കത്തിനും ഉരുൾപൊട്ടലിനും ശേഷം, റീബിൽഡ് കേരള ഇനീഷ്യേറ്റീവിന് കീഴിൽ ഭൗതിക അടിസ്ഥാന സൗകര്യങ്ങളുടെ പുനർനിർമ്മാണത്തിന്റെയും പുനഃസ്ഥാപനത്തിന്റെയും ഭാഗമായി മൂലധന നിക്ഷേപ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിനുള്ള ഓപ്ഷനുകളുടെ ചട്ടക്കൂട് 12-10-2018-ലെ ജി.ഒ.(പി) നമ്പർ 161/2018/ധന. പ്രകാരം തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ പുനർനിർമ്മാണ പദ്ധതികൾക്ക് ധനസഹായം നൽകുന്നതിനുള്ള

ഓപ്ഷനുകളിലൊന്നായിരുന്ന ജി.എസ്.ടി.-യിലെ സെസ്സ്. കേരള പ്രളയ സെസ്സ് ഉൾപ്പെടെയുള്ള എല്ലാ ഫണ്ടുകളും സംസ്ഥാനത്തിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്കാണ് വന്നുചേരുന്നത്. സംസ്ഥാനത്തിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ വന്നുചേരുന്ന ഫണ്ടുകൾ നേരിട്ട് വിനിയോഗിക്കാൻ കഴിയില്ല. ഒരു പ്രത്യേക പദ്ധതിക്കായി അനുവദിച്ചിട്ടുള്ള ഫംഗ്ഷണൽ എക്സ്പെൻഡിച്ചർ ഹെഡ്ഡിലേയ്ക്ക് ആവശ്യമായ ഫണ്ട് അനുവദിച്ച് നൽകിക്കൊണ്ടാണ് ഇത് വിനിയോഗിക്കുന്നത്. ഭൗതിക നിർമ്മിതികളുടെ പുനർനിർമ്മാണത്തിന്റെയും പുനരുദ്ധാരണത്തിന്റേയും ഭാഗമായി വിവിധ പ്രവർത്തനങ്ങൾക്ക്, കേരള പ്രളയ സെസ്സ് ഉൾപ്പെടെ വിവിധ ഫണ്ടിംഗ് ഏജൻസികളിൽനിന്നും സമാഹരിച്ച വരുമാനത്തിൽനിന്നും ആവശ്യമായ ബഡ്ജറ്റ് വിഹിതം റീബിൽഡ് കേരള ഇനീഷ്യേറ്റീവിന്റെ ബഡ്ജറ്റ് ശീർഷകത്തിലാണ് വകയിരുത്തുന്നത്. പ്രവൃത്തികളുടെ പുരോഗതിക്കനുസരിച്ചാണ് ഈ ഫണ്ട് വിനിയോഗിക്കുന്നത്.

## ട്രാൻസ്ഗ്രിഡ് 2 പദ്ധതി

112 (497) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയും വൈദ്യുതി ബോർഡും സംയുക്തമായി നടപ്പിലാക്കുന്ന ട്രാൻസ്ഗ്രിഡ് 2 പദ്ധതിയിൽ നിർവ്വഹണ ഏജൻസിയുമായുള്ള തിരിച്ചടവ് കരാർ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വായ്പയുടെ പലിശനിരക്ക് എത്രയെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട്, കിഫ്ബിയും ബന്ധപ്പെട്ട ഭരണവകുപ്പും പദ്ധതിയുടെ നിർവ്വഹണ ഏജൻസിയും തമ്മിൽ ഏർപ്പെട്ടിരിക്കുന്ന ത്രികക്ഷി കരാറിലെ വ്യവസ്ഥകൾ പ്രകാരം, പദ്ധതി വിഹിതത്തിന്റെ 40 ശതമാനം തുക കിഫ്ബി അനുവദിച്ചതിനുശേഷം മാത്രമേ ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസിയുമായി തിരിച്ചടവ് കരാറിൽ ഏർപ്പെടുകയുള്ളൂ. അപ്പോൾ മാത്രമേ തിരിച്ചടവിന്റെ പലിശനിരക്ക് നിശ്ചയിക്കപ്പെടുകയുള്ളൂ.

(ബി) പ്രസ്തുത പദ്ധതിക്ക് നാളിതുവരെ പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനം തുക കിഫ്ബി അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത പദ്ധതിക്കായി ആകെ 5,200 കോടി രൂപയുടെ ധനാനുമതിയാണ് കിഫ്ബി നൽകിയിട്ടുള്ളത്. 2021 സെപ്റ്റംബർ 30 വരെ 975.47 കോടി രൂപ (18.76%) ഈ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്.

**കിഫ്ബി-വില്ലാപ്പള്ളി സബ് രജിസ്ട്രാർ കെട്ടിട നിർമ്മാണം**

113 (498) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ല്യാപ്പള്ളി സബ് രജിസ്ട്രാർ കെട്ടിട നിർമ്മാണ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

വില്ല്യാപ്പള്ളി സബ് രജിസ്ട്രാർ കെട്ടിടത്തിന്റെ പ്ലാസ്റ്ററിംഗ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള പ്രവൃത്തികൾ പൂർത്തീകരിക്കാനുള്ള നടപടികൾ പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് നിലവിൽ എന്തെങ്കിലും പ്രശ്നങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തി പൂർത്തീകരണത്തിന് നിലവിൽ പ്രശ്നങ്ങൾ ഒന്നും ഇല്ലായെന്ന് പദ്ധതി നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.

(സി) ടി കെട്ടിട നിർമ്മാണ പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി ഡിസംബർ അവസാനത്തോടുകൂടി പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്.

**കോതമംഗലം മണ്ഡലത്തിലെ തങ്കളം-കാക്കനാട് റോഡ്**

114 (499) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ട് ബഡ്ജറ്റുകളിലായി അറുപത്തിഏഴ് കോടി രൂപ അനുവദിച്ചിട്ടുള്ള തങ്കളം-കാക്കനാട് റോഡ് നിർമ്മാണ നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

കോതമംഗലം നിയോജകമണ്ഡലത്തിൽ സർക്കാർ കിഫ്ബി പദ്ധതിയായി പ്രഖ്യാപിച്ചിട്ടുള്ള തങ്കളം-കാക്കനാട് റോഡ് പദ്ധതിക്ക് കിഫ്ബിയുടെ ധനാനുമതി നൽകിയിട്ടില്ല.

(ബി) ടി പ്രവൃത്തി സംബന്ധിച്ച് സമർപ്പിച്ചിട്ടുള്ള ഇരുന്നൂറ്റി അൻപത്തിയഞ്ച് കോടി രൂപയുടെ ഡി.പി.ആർ.-ന് അംഗീകാരം നല്കുന്ന നടപടിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ടി പ്രവൃത്തിയുടെ ഡി.പി.ആർ. കിഫ്ബിയിൽ പരിശോധിച്ചും സ്ഥലസന്ദർശനവും നടത്തി തയ്യാറാക്കിയ പ്രാഥമിക അവലോകന റിപ്പോർട്ടും സ്ഥലസന്ദർശന റിപ്പോർട്ടും പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡിന് നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത ഡി.പി.ആർ.-ലുള്ള സാങ്കേതിക അവലോകന റിപ്പോർട്ട് പദ്ധതിയുടെ എസ്.പി.വി. ആയ കേരള റോഡ് ഫണ്ട് ബോർഡിന് കൈമാറിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പദ്ധതികളുടെ സാങ്കേതിക അവലോകന റിപ്പോർട്ട് എസ്.പി.വി.-ക്ക് വേഗത്തിൽ കൈമാറുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

(സി&ഡി) പ്രസ്തുത പദ്ധതിയുടെ പ്രാഥമിക അവലോകന റിപ്പോർട്ടും സ്ഥലസന്ദർശന റിപ്പോർട്ടും 30-9-2021-ൽ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡിന് നൽകിയിട്ടുണ്ട്.

(ഇ) സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കി റോഡ് നിർമ്മാണം വേഗത്തിൽ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പ്രാഥമിക അവലോകന റിപ്പോർട്ട് പ്രകാരവും സ്ഥലസന്ദർശന റിപ്പോർട്ട് പ്രകാരവും കിഫ്ബി നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ പാലിച്ച് പുതുക്കിയ ഡി.പി.ആർ. പദ്ധതി നിർവ്വഹണ ഏജൻസി സമർപ്പിക്കുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതിക്ക് ധനാനുമതി നൽകി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള സ്വീകരിക്കുന്നതാണ്.

**വർക്കല തൊട്ടുവെ പാലം**

115 (500) <u>ശ്രീ. വി. ജോയി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വർക്കല ശിവഗിരിക്ക് സമീപത്തായുള്ള തൊട്ടുവെ പാലത്തിന് ഫണ്ട് അനുവദിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) ആയതിന് അടിയന്തരമായി ധനാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) സർക്കാർ കിഫ്ബി പദ്ധതിയായി പ്രഖ്യാപിച്ചിട്ടുള്ള വർക്കല ശിവഗിരിക്ക് സമീപത്തുള്ള തൊട്ടുവെ പാലം പദ്ധതിയുടെ 8.58 കോടി രൂപയുടെ ഡി.പി.ആർ. പദ്ധതിയുടെ എസ്.പി.വി.-യായ കേരള റോഡ് ഫണ്ട് ബോർഡ് കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത പദ്ധതി കിഫ്ബി മാനദണ്ഡപ്രകാരം അല്ലാത്തതിനാൽ ഡി.പി.ആർ. നിരാകരിച്ച് എസ്.പി.വി.-ക്ക് മടക്കി നൽകിയിട്ടുണ്ട്.

**മൊകേരി കോളേജ് കെട്ടിട നിർമ്മാണം**

116 (501) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൊകേരി കോളേജ് കെട്ടിട നിർമ്മാണത്തിന്റെ എസ്റ്റിമേറ്റിൽ ഭേദഗതി ആവശ്യമുള്ളതായ വിവരം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

നിലവിൽ എസ്റ്റിമേറ്റ് ഭേദഗതി നടത്തുന്നതിനുള്ള അപേക്ഷകളൊന്നും കരാറുകാരായ ULCCS സമർപ്പിച്ചിട്ടില്ല.

(ബി) മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ നിർമ്മാണം തുടരുന്നതിൽ എന്തെങ്കിലും തടസ്സം നിലവിലുണ്ടോ?

മണ്ണ് പരിശോധന റിപ്പോർട്ട് പുതുക്കിയ ഫൗണ്ടേഷൻ ഡിസൈൻ ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരത്തോടെ തുടർ നിർമ്മാണപ്രവർത്തനങ്ങൾ നടത്തിവരുന്നു. ഡിസൈൻ കാൽക്കുലേഷൻ കിഫ്ബിയുടെ പരിശോധനയ്ക്കുവേണ്ടി കിറ്റ്കോ സമർപ്പിക്കുന്നതാണ്.

(സി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

കരാർ പുതുക്കുന്നതിന് കരാറുകാരായ ULCCS 14-8-2022-ൽ പ്രവൃത്തി പൂർത്തീകരിക്കുമെന്നാണ് അറിയിച്ചിരിക്കുന്നത്.

**മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ജി.വി.എച്ച്.എസ്. സ്കൂളിന്റെ പ്രവൃത്തി**

117 (502) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 3 കോടി രൂപ ചെലവിൽ നവീകരിക്കുന്ന മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ജി.വി.എച്ച്.എസ്. സ്കൂളിന്റെ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

കഞ്ചിക്കോട് ജി.വി.എച്ച്.എസ്. സ്കൂളിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 15-2-2021-ൽ നടന്ന കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി 2,96,23,051 രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്. കിഫ്ബിയുടെ അംഗീകാരം ലഭിച്ച പദ്ധതികളുടെ പ്രവൃത്തികൾ നടപ്പിലാക്കേണ്ടത് ബന്ധപ്പെട്ട ഭരണ വകുപ്പ് ചുമതലപ്പെടുത്തിയിട്ടുള്ള പദ്ധതി നിർവ്വഹണ ഏജൻസിയുടെ ചുമതലയാണ്. പദ്ധതി സാങ്കേതികാനുമതിയുടെ ഘട്ടത്തിലാണ്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്.പി.വി. ഏതാണ് എന്നും ടി പ്രവൃത്തിക്ക് എത്ര രൂപയുടെ സാമ്പത്തികാനുമതിയാണ് കിഫ്ബി നൽകിയിട്ടുള്ളത് എന്നും വ്യക്തമാക്കാമോ?

28-1-2021-ലെ സ.ഉ.(സാധാ)നം.783/2021/പൊ.വി.വ. പ്രകാരം പ്രസ്തുത പ്രവൃത്തികളുടെ പദ്ധതി നിർവ്വഹണ ഏജൻസിയായി കില (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ)യെയാണ് നിശ്ചയിച്ചിട്ടുള്ളത്. പദ്ധതിക്കായി കിഫ്ബി 2,96,23,051 രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്.

**എൽ.ഇ.ഡി. ബൾബുകൾ വാങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ**

118 (503) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിക്കുന്ന ഹൈ മാസ്റ്റ്, മിനി മാസ്റ്റ് ലൈറ്റുകളുടെ എൽ.ഇ.ഡി. ബൾബുകൾ വാങ്ങുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്?

2-7-2018-ലെ സർക്കുലർ നമ്പർ 60/2018/ധന. പ്രകാരം അക്രെഡിറ്റഡ് ഏജൻസികൾ ഹൈമാസ്റ്റ്/മിനി മാസ്റ്റ് ലൈറ്റുകളിലെ എൽ.ഇ.ഡി. ബൾബുകൾ വാങ്ങുന്നത് കേന്ദ്ര സർക്കാരിന്റെ GeM (Government e-Market Place) പോർട്ടൽ വഴി ആയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) ബൾബുകൾ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇല്ലെങ്കിൽ പുതുതായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

ബൾബുകൾ ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നതുമായി ബന്ധപ്പെട്ട് നടപടികളൊന്നും പരിഗണനയിലില്ല.

## ഓൺലൈൻ ഭക്ഷണ വിതരണ പ്ലാറ്റ്ഫോമുകൾ ജി.എസ്.ടി. പരിധിയിൽ ഉൾപ്പെടുത്തൽ

119 (504) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ ഭക്ഷണ വിതരണ പ്ലാറ്റ്ഫോമുകളെ ജി.എസ്.ടി. പരിധിയിൽ കൊണ്ടുവരാനുള്ള 45-ാമത് ജി.എസ്.ടി. കൗൺസിൽ തീരുമാനം (പാകം ചെയ്ത ഭക്ഷണത്തിന് നികുതി വകുപ്പ് 5% നികുതി ചുമത്തി വരുന്ന പശ്ചാത്തലത്തിൽ) ഉപഭോക്താക്കളെ എത്തരത്തിൽ ബാധിക്കുമെന്നത് പരിശോധിച്ചുവോ; വിശദാംശം ലഭ്യമാക്കുമോ?

നികുതി നിരക്കിൽ മാറ്റമൊന്നും വരാത്തതിനാൽ ഉപഭോക്താക്കളെ പ്രതികൂലമായി ബാധിക്കുകയില്ല. ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ നടത്തുന്ന ഭക്ഷണ വിതരണത്തിന് നികുതി അടയ്ക്കേണ്ട ബാദ്ധ്യത ഹോട്ടലുകളിൽനിന്നും മാറി ഓൺലൈൻ പ്ലാറ്റ്ഫോമുകൾക്കാവും. ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ അല്ലാതെയുള്ള വിതരണത്തിന് മാത്രം ഹോട്ടലുകൾ നികുതി അടച്ചാൽ മതിയാവും. ജി.എസ്.ടി.-യിലെ നികുതി വെട്ടിപ്പ് പ്രവണത കൂടുതലായി കാണപ്പെടുന്ന ഒരു മേഖലയാണ് ഹോട്ടൽ മേഖല. നിലവിൽ ഇൻപുട്ട് ടാക്സ് ഇല്ലാതെ 5% നികുതിയാണ് പ്രധാനമായും ചെറുകിട ഹോട്ടൽ മേഖലയിൽ ബാധകമാകുന്നത്. ഹോട്ടൽ മേഖല സർവ്വീസിന്റെ പരിധിയിൽ വരുന്നതിനാൽ വിറ്റുവരവ് പരിധി 20 ലക്ഷത്തിന് മുകളിൽ വരുന്ന സ്ഥാപനങ്ങൾ ജി.എസ്.ടി. രജിസ്ട്രേഷൻ എടുക്കേണ്ടതുണ്ട്. എന്നാൽ വിറ്റുവരവ് പരിധി 20 ലക്ഷത്തിന് മുകളിൽ വന്നിട്ടും രജിസ്ട്രേഷൻ എടുക്കാതെ വ്യാപാരം നടത്തുന്ന ധാരാളം ഹോട്ടലുകൾ ഉള്ളതായി എൻഫോഴ്സ്മെന്റ് വിഭാഗം കണ്ടെത്തിയിട്ടുണ്ട്. രജിസ്ട്രേഷനുള്ള ഹോട്ടലുകളിൽനിന്നുള്ള കൈമാറ്റങ്ങൾക്ക് നിലവിൽ 1% ടി.സി.എസ്. ഓൺലൈൻ ഭക്ഷണ വിതരണ പ്ലാറ്റ്ഫോമുകൾ പിടിച്ച് സർക്കാരിലേയ്ക്ക് അടയ്ക്കുന്നുണ്ട്. ഇതിന് ഓൺലൈൻ പ്ലാറ്റ്ഫോമുകൾ റിട്ടേൺ ഫയൽ ചെയ്യുന്ന മുറയ്ക്ക് ഹോട്ടലുകൾക്ക് ക്രെഡിറ്റ് ലഭ്യമാകും. 20 ലക്ഷത്തിന് താഴെ വിറ്റുവരവുള്ള ഹോട്ടലുകളിൽനിന്നുള്ള ഭക്ഷണത്തിന് ഓൺലൈൻ പ്ലാറ്റ്ഫോമുകൾ ടാക്സ് അടയ്ക്കേണ്ടിവരും എന്നതല്ലാതെ മറ്റു ഹോട്ടലുകളിൽ നിന്നുള്ള ഓൺലൈൻ പ്ലാറ്റ്ഫോമുകൾ വഴി നടത്തുന്ന വില്പനയ്ക്ക് പൂർണ്ണമായും നികുതി ലഭിക്കുന്നുവെന്ന മെച്ചം ഈ സംവിധാനത്തിന് ഉണ്ടാകും എന്ന് പ്രതീക്ഷിക്കുന്നു. ഇതുമൂലം ഇപ്പോഴുള്ളത് കൂടാതെയുള്ള അധിക നികുതി ബാദ്ധ്യത ഉപഭോക്താവിന്

ഉണ്ടാകുന്നില്ല. രജിസ്ട്രേഷൻ എടുക്കാതെ വൻതോതിൽ ബിസിനസ്സ് നടത്തുന്ന ഹോട്ടലുകളെ ജി.എസ്.ടി.-യുടെ പരിധിയിൽ കൊണ്ടുവരുന്നതിനും ഇത് സഹായകമാകും എന്ന് കരുതുന്നു. ഇത് സംബന്ധിച്ച വിജ്ഞാപനങ്ങൾ ഒന്നും ഇതുവരെ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടില്ല.

(ബി) പ്രസ്തുത മേഖലയിൽ ജി.എസ്.ടി. നടപ്പാക്കിയാൽ നികുതി വകുപ്പ് നികുതി ചുമത്തുന്നത് നിർത്തലാക്കുമോ; എങ്കിൽ ആയത് സംസ്ഥാനത്തെ നികുതി പിരിവിനെ എത്തരത്തിൽ ബാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഇല്ല. ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ നടത്തുന്ന ഭക്ഷണ വിതരണത്തിന് നികുതി അടയ്ക്കേണ്ട ബാദ്ധ്യത ഹോട്ടലുകളിൽനിന്നും മാറി ഓൺലൈൻ പ്ലാറ്റ്ഫോമുകൾക്കാവും. ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ അല്ലാതെയുള്ള വിതരണത്തിന് ഹോട്ടലുകൾക്ക് നികുതി അടച്ചാൽ മതിയാവും. കൂടുതൽ വിവരങ്ങൾ വിജ്ഞാപനം ഇറങ്ങുന്ന മുറയ്ക്ക് മാത്രമേ വ്യക്തമാക്കാൻ കഴിയുകയുള്ളൂ.

(സി) പ്രസ്തുത മേഖലയിൽ ഉപഭോക്താവിൽനിന്നും നികുതി വസൂലാക്കുകയും യഥാസമയം നികുതി വകുപ്പിന് നൽകാതിരിക്കുന്നതുമായ പരാതികൾ ശ്രദ്ധയിൽപ്പെട്ടുവോ; വിശദാംശം ലഭ്യമാക്കുമോ?

ഇത്തരത്തിലുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നടപടികളും സ്വീകരിച്ചുവരുന്നു. നിലവിൽ കോമ്പോസിഷൻ സ്കീം സ്വീകരിച്ചിട്ടുള്ള ഹോട്ടലുകൾക്ക് ഉപഭോക്താക്കളിൽനിന്നും നികുതി ഈടാക്കുവാൻ സാധിക്കുകയില്ല.

**പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധന**

120 (505) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോൾ, ഡീസൽ, പാചകവാതകം എന്നിവയിൽനിന്നും സംസ്ഥാനത്തിന് കിട്ടുന്ന നികുതി വരുമാനം യൂണിറ്റ് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

30-9-2021-ലെ അടിസ്ഥാന വില അനുസരിച്ച് യൂണിറ്റ് അടിസ്ഥാനത്തിൽ പെട്രോൾ, ഡീസൽ എന്നിവയിൽനിന്ന് സംസ്ഥാനത്തിന് കിട്ടുന്ന നികുതി വരുമാനം അനുബന്ധമായി ചേർക്കുന്നു*. നിലവിൽ ഗാർഹിക ആവശ്യത്തിനുള്ള പാചകവാതകത്തിന്, ചരക്കുസേവന നികുതി നിയമപ്രകാരം വിജ്ഞാപനത്തിലെ

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഒന്നാം ഷെഡ്യൂൾ പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ളതുമായ വിഭാഗങ്ങൾക്ക് 5% [2.5% CGST + 2.5% SGST] നികുതി നിശ്ചയിച്ചിരിക്കുന്നു. മറ്റുള്ളവയ്ക്ക് 18% [9% CGST + 9% SGST] നികുതി ബാധകമാണ്. നിലവിൽ പാചകവാതകം ചരക്കുസേവന നികുതി നിയമത്തിൻകീഴിൽ ഉൾപ്പെടുന്നവയാണ്. യൂണിറ്റടിസ്ഥാനത്തിൽ പ്രസ്തുത ഉൽപ്പന്നത്തിൽനിന്ന് ലഭിക്കുന്ന നികുതി വിവരം നിലവിൽ ലഭ്യമല്ല.

(ബി) പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധനമൂലം സാധാരണ ജനങ്ങൾ ദുരിതമനുഭവിക്കുന്ന സാഹചര്യത്തിൽ ഇവയുടെ വില നിയന്ത്രണത്തിനായി സംസ്ഥാനത്തിന്റെ നികുതി വിഹിതത്തിൽ ഇളവ് അനുവദിക്കുന്നതിനുള്ള എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ യഥാക്രമം 31.80 ശതമാനവും 24.52 ശതമാനവും ആയിരുന്നു. 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി യഥാക്രമം 30.08 ശതമാനവും 22.76 ശതമാനവും ആയി കുറച്ചിട്ടുണ്ട്. അതിനുശേഷം പെട്രോളിന്റേയും ഡീസലിന്റേയും വിൽപ്പന നികുതി വർദ്ധിപ്പിച്ചിട്ടില്ല.

**പെട്രോൾ -ജി.എസ്.ടി.-യുടെ പരിധിയിൽ ഉൾപ്പെടുത്തൽ**

121 (506) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോൾ ജി.എസ്.ടി.-യുടെ പരിധിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ?

നിലവിൽ പെട്രോളിനും ഡീസലിനും സംസ്ഥാന വിൽപ്പന നികുതി നിയമം, 1963 പ്രകാരമാണ് നികുതി ഈടാക്കുന്നത്. ടി നിയമമനുസരിച്ച് പെട്രോളിന് 30.08 ശതമാനവും ഡീസലിന് 22.76 ശതമാനവും വിൽപ്പന നികുതി നിരക്ക് നിശ്ചയിച്ചിരിക്കുന്നു. എന്നാൽ ചരക്കുസേവന നികതി നിയമത്തിൻകീഴിൽ പുറപ്പെടുവിച്ചിരിക്കുന്ന വിജ്ഞാപനപ്രകാരം ചുമത്താവുന്ന പരമാവധി നികുതി നിരക്ക് 28% ആണ്. അതിനാൽ പെട്രോളിനെയും ഡീസലിനെയും ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തണമെന്ന നിർദ്ദേശം ഭീമമായ നികുതി നഷ്ടത്തിന് വഴിയൊരുക്കുന്നതാണ്.

(ബി) പെട്രോൾ, ഡീസൽ എന്നിവയുടെ ക്രമാതീതമായ വില വർദ്ധനവ് തടയുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വിൽപ്പന നികുതി 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ യഥാക്രമം 31.80 ശതമാനവും 24.52 ശതമാനവും ആയിരുന്നു. എന്നാൽ 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വിൽപ്പന നികുതി യഥാക്രമം 30.08 ശതമാനവും 22.76 ശതമാനവും ആയി കുറച്ചിട്ടുണ്ട്. കഴിഞ്ഞ 5 വർഷത്തിനിടയിൽ പെട്രോൾ, ഡീസൽ എന്നിവയുടെ സംസ്ഥാന നികുതി നിരക്കിൽ വർദ്ധനവ് ഉണ്ടായിട്ടില്ല. എന്നാൽ 6-5-2020-ൽ കേന്ദ്ര നികുതികളിൽ പെട്രോളിന് പ്രതിലിറ്ററിന് 10 രൂപയുടെയും ഡീസലിന് പ്രതിലിറ്ററിന് 13 രൂപയുടെയും വർദ്ധനവ് വരുത്തിയിട്ടുണ്ട്. കേന്ദ്ര നികുതി നിരക്ക് കുറച്ചാൽ സംസ്ഥാന നികുതി അതനുസരിച്ച് കുറയുന്നതാണ്.

## നികുതി പിരിവിലെ കുറവ്

122 (507) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. ഏർപ്പെടുത്തിയ ശേഷം ഓരോ വർഷവും സംസ്ഥാന സർക്കാർ പ്രതീക്ഷിച്ച നികുതിപിരിവിൽ എത്ര കുറവുണ്ടായിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റിൽനിന്നും 2017-18-ൽ 19,62.02 കോടി രൂപയും 2018-19-ൽ 1,455.39 കോടി രൂപയും 2019-20-ൽ 3,373.22 കോടി രൂപയുടെയും കുറവ് വന്നിട്ടുണ്ട്. 2020-21-ൽ 412.58 കോടി രൂപ പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റിൽനിന്നും അധികം ലഭിച്ചിട്ടുണ്ട്. 2021-22 ആഗസ്റ്റ് 21 വരെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽനിന്നും 8,345.89 കോടി രൂപ പിരിച്ചിട്ടുണ്ട്. 2017-18 മുതൽ 2021-22 ആഗസ്റ്റ് 30 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന് ജി.എസ്.ടി. കളക്ഷൻ (എസ്.ജി.എസ്.ടി., ഐ.ജി.എസ്.ടി. സെറ്റിൽമെന്റ്), ഐ.ജി.എസ്.ടി. Adhoc ആയി ലഭിച്ച തുകയുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഉപഭോക്തൃ സംസ്ഥാനമായ നമ്മുടെ സംസ്ഥാനത്ത് ജി.എസ്.ടി. നേട്ടമാകുമെന്ന് വിലയിരുത്തിയിരുന്നിട്ടും നികുതി വരുമാനത്തിൽ കുറവുണ്ടാകുന്ന സാഹചര്യം സംജാതമായതെങ്ങനെയെന്ന് വ്യക്തമാക്കാമോ; നികുതി വകുപ്പിനെ

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വേണ്ടരീതിയിൽ സജ്ജമാക്കാൻ കഴിയാത്തതാണ് ഇതിന് കാരണം എന്ന് കരുതുന്നുണ്ടോ?

ജി.എസ്.ടി. ഡെസ്റ്റിനേഷൻ നികുതി സമ്പ്രദായം ആയതിനാൽ, ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് നേട്ടമുണ്ടാകുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. കൂടാതെ സേവനമേഖലയിലും നികുതി ചുമത്താമെന്നതിനാൽ ഈ മേഖലകളിൽനിന്നും കേരളം ഗണ്യമായ നികുതി പിരിവ് പ്രതീക്ഷിച്ചിരുന്നു. എന്നാൽ പ്രതീക്ഷിച്ച വരുമാനം ലഭ്യമായില്ല. ജി.എസ്.ടി. നികുതിനിരക്ക് നിശ്ചയിച്ചിരുന്നത് വിവിധ സംസ്ഥാനങ്ങളിൽ വാറ്റ് കാലയളവിൽ നിലവിലുണ്ടായിരുന്ന നികുതി നിരക്കിന്റെ അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തിയ റവന്യൂ ന്യൂട്രൽ റേറ്റ് പ്രകാരമാണ്. കേരളത്തിന്റെ വാറ്റ് നികുതി പിരിവിന്റെ സിംഹഭാഗവും 14.5%-മോ അതിനുമുകളിലോ നികുതി വിധേയമായ സാധനങ്ങളിൽനിന്നുമാണ് ലഭ്യമായിരുന്നത്. ജി.എസ്.ടി.-യുടെ തുടക്കത്തിൽ ഇതിൽ ഭൂരിഭാഗത്തിന്റെയും നികുതിനിരക്ക് 28% (എസ്.ജി.എസ്.ടി. 14%) ആയാണ് നിശ്ചയിച്ചിരുന്നത്. എന്നാൽ ജി.എസ്.ടി. കൗൺസിലിന് മുമ്പാകെ വന്ന ആവശ്യങ്ങൾ പരിഗണിച്ച് നികുതിനിരക്കിൽ ഗണ്യമായ കുറവ് പിന്നീട് വരുത്തുകയുണ്ടായി. 28% (എസ്.ജി.എസ്.ടി. 14%) നികുതി നിരക്കുണ്ടായിരുന്ന ഭൂരിഭാഗം ചരക്കുകളുടെയും നികുതി നിരക്ക് 18% (9% എസ്.ജി.എസ്.ടി.), 12% (6% എസ്.ജി.എസ്.ടി.) എന്നിവയായി കുറവ് ചെയ്യുകയുണ്ടായി. ഇത് സംസ്ഥാനം പ്രതീക്ഷിച്ച നികുതിപിരിവ് സാധ്യമാകാത്തതിനുള്ള പ്രധാന കാരണങ്ങളിലൊന്നാണ്. കൂടാതെ, അന്യ സംസ്ഥാനങ്ങളിൽനിന്നും വാങ്ങുന്ന സാധനങ്ങളിൽ നൽകിയ ഐ.ജി.എസ്.ടി. നികുതി എസ്.ജി.എസ്.ടി. അടയ്ക്കുന്നതിലേയ്ക്ക് തട്ടിക്കിഴിക്കുന്നതിലെ കൃത്യമായ വിവരങ്ങൾ ജി.എസ്.ടി. റിട്ടേൺ പൂർണ്ണമാകാത്തതിനാൽ യഥാസമയം ലഭ്യമായിരുന്നില്ല. ഇതും നികുതിപിരിവിനെ ഒരു പരിധി വരെ ബാധിച്ചിട്ടുണ്ട്. സംസ്ഥാനം അഭിമുഖീകരിച്ച തുടർച്ചയായ പ്രകൃതി ദുരന്തങ്ങളും തുടർന്നുവന്ന കോവിഡ് മഹാമാരിയും അതിനെ തുടർന്നുണ്ടായ ലോക്ക്ഡൗൺ സാഹചര്യവും സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ പ്രതികൂലമായി ബാധിച്ചു. നികുതി പിരിവ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി വകുപ്പിനെ ആധുനികവത്കരിക്കുന്നതിനും പുനഃസംഘടിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ദേശീയതലത്തിൽ ജി.എസ്.ടി. വരുമാനം വർദ്ധിക്കുമ്പോഴും സംസ്ഥാനത്ത് ജി.എസ്.ടി.-യിൽ പ്രതീക്ഷിച്ച നേട്ടം കൈവരിക്കാൻ കഴിയാത്തത് നികുതിപിരിവിലെ കാര്യക്ഷമത കുറവുമൂലമാണെന്ന് കരുതുന്നുണ്ടോ; വാറ്റ് കുടിശ്ശിക ഉൾപ്പെടെ പിരിച്ചെടുക്കാൻ കഴിയാത്തത് ഇതിനുകാരണമായതായി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ദേശീയതലത്തിലുള്ള ജി.എസ്.ടി. വരുമാന വർദ്ധനയ്ക്ക് ആനുപാതികമായി കേരളത്തിലും ജി.എസ്.ടി. വരുമാന വർദ്ധനവ് ഉണ്ടാകുന്നുണ്ട്. ജി.എസ്.ടി.-ക്ക് മുമ്പുള്ള നിയമങ്ങളിന്മേലുള്ള നികുതി കുടിശ്ശികകൾ എത്രയും പെട്ടെന്ന് തീർപ്പാക്കി കൂടുതൽ ശ്രദ്ധ ജി.എസ്.ടി.-യിലേയ്ക്ക് നൽകുന്നതിന്റെ ഭാഗമായാണ് കഴിഞ്ഞ വർഷം ആംനസ്റ്റി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുള്ളത്. ഇതനുസരിച്ച് വാറ്റ് നിയമത്തിന്മേലുള്ള നികുതി കുടിശ്ശികകളിൽ പിഴയും പലിശയും പൂർണ്ണമായും ഒഴിവാക്കി കൊടുക്കുകയും നികുതി തുകയിൽ ഇളവ് അനുവദിക്കുകയും ചെയ്തു. കഴിഞ്ഞ വർഷത്തെ (2020-21) ആംനസ്റ്റി പദ്ധതി പ്രകാരം ഒരു വ്യാപാരിയുടെ എല്ലാ വർഷങ്ങളിലെ നികുതി കുടിശ്ശികയും ഒരുമിച്ച് മാത്രമേ ആംനസ്റ്റി ഓപ്റ്റ് ചെയ്യാൻ സാധിക്കുമായിരുന്നുള്ളൂ. ഇത് പല വ്യാപാരികളും ആംനസ്റ്റി പദ്ധതി സ്വീകരിക്കാതിരിക്കുന്നതിന് കാരണമായി. ഇതിൽനിന്നും വ്യത്യസ്തമായി ഈ വർഷത്തെ (2021-22) ആംനസ്റ്റി പദ്ധതിയിൽ വ്യാപാരികൾക്ക് ഓരോ വർഷത്തെയും നികുതി കുടിശ്ശികയിന്മേൽ ആംനസ്റ്റി ഓപ്റ്റ് ചെയ്യുവാനുള്ള അവസരം നൽകിയിട്ടുണ്ട്. ഇത് കൂടുതൽ വ്യാപാരികൾ ആംനസ്റ്റി പദ്ധതി സ്വീകരിക്കാൻ ഇടയാക്കുമെന്നാണ് കരുതുന്നത്. കഴിഞ്ഞ വർഷത്തെ ആംനസ്റ്റി പദ്ധതി പ്രകാരം ഏകദേശം 271 കോടി രൂപയും ഈ വർഷത്തെ ആംനസ്റ്റി പദ്ധതി പ്രകാരം 16-9-2021 വരെ 52.32 കോടി രൂപയും ലഭിച്ചിട്ടുണ്ട്.

**ജി.എസ്.ടി. നഷ്ടപരിഹാരം**

123 (508) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ .കെ. വിജയൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് സാഹചര്യത്തിൽ ജി.എസ്.ടി. സംബന്ധിച്ച നഷ്ടപരിഹാര വ്യവസ്ഥയുടെ കാലയളവ് വർദ്ധിപ്പിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ജി.എസ്.ടി. നഷ്ടപരിഹാരം 5 വർഷത്തിനുശേഷവും തുടരണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ജി.എസ്.ടി.-യുടെ പുനഃസംഘടന എന്ന ആവശ്യം കേന്ദ്ര സർക്കാരിന് മുമ്പിൽ ഉന്നയിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

2021 സെപ്തംബർ മാസം നടന്ന 45-ാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിൽ ഇക്കാര്യം ചർച്ച ചെയ്യുകയുണ്ടായി. തുടർന്ന് മന്ത്രിമാരുടെ ഒരു സംഘത്തെ (ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സ്) ഇക്കാര്യം പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി ജി.എസ്.ടി. കൗൺസിൽ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) വരുമാനത്തിലെ കുറവ്, നടപ്പാക്കുന്നതിലെ പരാജയം, നികുതിയിന്മേൽ സംസ്ഥാന അധികാരത്തിൽ നഷ്ടം, ഇ-വേ ബിൽ പ്രശ്നങ്ങൾ തുടങ്ങിയവ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

കാലാകാലങ്ങളായി നടക്കുന്ന ജി.എസ്.ടി. കൗൺസിൽ മീറ്റിംഗുകളിൽ സംസ്ഥാന സർക്കാർ ഇക്കാര്യങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(ഡി) ജി.എസ്.ടി. രജിസ്ട്രേഷൻ എടുത്തശേഷം റിട്ടേൺ സമർപ്പിക്കാതെയും വൈകുന്നതിന് പിഴ കൊടുക്കാതെയും വ്യാപാരികൾ നികുതി വെട്ടിപ്പ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ കർശന നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ജി.എസ്.ടി. രജിസ്ട്രേഷൻ എടുത്തശേഷം റിട്ടേൺ സമർപ്പിക്കാത്തതും വൈകുന്നതിന് പിഴ കൊടുക്കാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരക്കാർക്ക് കുറഞ്ഞ ലേറ്റ് ഫീ അടച്ച് പഴയ റിട്ടേണുകൾ ഫയൽ ചെയ്യുന്നതിനുള്ള അവസരം ഇപ്പോൾ നിലവിലുണ്ട്. ഈ അവസരം 2021 നവംബർ 30-ന് അവസാനിക്കും. റിട്ടേൺ ഫയൽ ചെയ്യാത്തവർക്കെതിരെ ജി.എസ്.ടി. നിയമപ്രകാരം കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**സംസ്ഥാനത്തെ ജി.എസ്.ടി. പോർട്ടലിലെ തടസ്സം**

124 (509) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപാരികൾ റിട്ടേൺ സമർപ്പിക്കുന്ന ജി.എസ്.ടി. പോർട്ടലിൽ തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

വ്യാപാരികൾ റിട്ടേൺ ഫയൽ ചെയ്യുന്ന സമയത്ത് ജി.എസ്.ടി. പോർട്ടലിൽ ചില സമയങ്ങളിൽ തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജി.എസ്.ടി. സംവിധാനം പൂർണ്ണമായും ഓൺലൈനാണ്. ജി.എസ്.ടി.എൻ. സംവിധാനത്തിലുണ്ടാകുന്ന പ്രശ്നങ്ങൾ കാരണവും നികുതിദായകന്റെ ഇന്റർനെറ്റ് സംവിധാനത്തിന്റെ പ്രശ്നങ്ങൾ കാരണവും റിട്ടേൺ ഫയൽ ചെയ്യുമ്പോൾ തടസ്സങ്ങളുണ്ടാകാറുണ്ട്. ഇത്തരം പ്രശ്നങ്ങൾ നികുതിദായകന് നേരിട്ട് ജി.എസ്.ടി.എൻ.-നെ അറിയിക്കുന്നതിനുള്ള പ്രശ്നപരിഹാര സംവിധാനം പോർട്ടലിൽ ലഭ്യമാണ്. ഇത്തരം പ്രശ്നങ്ങൾ ഉടൻ കണ്ടെത്തി പരിഹരിക്കുന്നതിനുള്ള നടപടികൾ ജി.എസ്.ടി.എൻ. ചെയ്തുവരുന്നുണ്ട്.

(ബി) ജി.എസ്.ടി പോർട്ടലിൽ തടസ്സം നേരിടുന്നതുമൂലം സമയത്ത് വ്യാപാരികൾക്ക് റിട്ടേൺ സമർപ്പിക്കുവാൻ സാധിക്കുന്നില്ല. റിട്ടേൺ ഓരോ ദിവസം വൈകുന്നതിനും 20-50 രൂപവരെയാണ് പിഴ ഈടാക്കുന്നത്. എന്നാൽ ടി പോർട്ടലിന്റെ പ്രശ്നങ്ങൾ കാരണം റിട്ടേൺ വൈകുന്നതിന് നികുതിദായകൻ പിഴ അടയ്ക്കേണ്ടി വരുന്നു. വ്യാപാരികളുടെ ഈ പിഴ ബാധ്യത ഒഴിവാക്കാൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ?

ജി.എസ്.ടി.എൻ.-ന്റെ പോർട്ടലിൽ തകരാറുമൂലം റിട്ടേൺ ഫയൽ ചെയ്യുന്നതിന് തടസ്സം നേരിടുകയാണെങ്കിൽ ജി.എസ്.ടി.എൻ. സ്വമേധയാ സമയം നീട്ടിനൽകുന്നതായാണ് കണ്ടുവരുന്നത്. ജി.എസ്.ടി.എൻ. പോർട്ടലിൽ തകരാറുമൂലം പിഴ ഒടുക്കേണ്ടിവരുന്ന നികുതിദായകർക്ക് പ്രശ്ന പരിഹാര പോർട്ടലിൽ പരാതി ഉന്നയിക്കുന്ന മുറയ്ക്ക് ജി.എസ്.ടി.എൻ. പരിശോധിച്ച് പിഴ തുക തിരികെ ക്രെഡിറ്റ് ആയി ലഭിക്കുകയാണ് ചെയ്യുന്നത്.

**പെട്രോളിയം ഉൽപ്പന്നങ്ങൾ ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തൽ**

125 (510) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോൾ, ഡീസൽ എന്നിവ ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തിയാൽ ഇവയുടെ ഇപ്പോഴത്തെ വിലയിൽ കുറവ് ഉണ്ടാകുമോ; എങ്കിൽ ഇവ എത്ര രൂപയ്ക്ക് പൊതുജനങ്ങൾക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

പരിശോധിച്ചിട്ടില്ല.

(ബി) ഈ ഉൽപ്പന്നങ്ങളെ ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തുന്നതിനെ സംസ്ഥാനം ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ എതിർപ്പ് അറിയിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

നിലവിൽ പെട്രോളിനും ഡീസലിനും സംസ്ഥാന വിൽപ്പന നികുതി നിയമം, 1963 പ്രകാരമാണ് നികുതി ഈടാക്കുന്നത്. പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ യഥാക്രമം 31.80 ശതമാനവും 24.52 ശതമാനവും ആയിരുന്നു. 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി യഥാക്രമം 30.08 ശതമാനവും 22.76 ശതമാനവും ആയി കുറച്ചിട്ടുണ്ട്. എന്നാൽ ചരക്കുസേവന നികുതി നിയമത്തിൻകീഴിൽ പുറപ്പെടുവിച്ചിരിക്കുന്ന വിജ്ഞാപനപ്രകാരം ചുമത്താവുന്ന പരമാവധി നികുതി നിരക്ക് 28% ആണ്. അതിനാൽ

പെട്രോളിനെയും ഡീസലിനെയും ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തണം എന്ന നിർദ്ദേശം ഭീമമായ നികുതിനഷ്ടത്തിന് വഴിയൊരുക്കുന്നതാണ്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പെട്രോൾ, ഡീസൽ നികുതി വർദ്ധിപ്പിച്ചിട്ടില്ല. 2014-ൽ കേന്ദ്ര സർക്കാർ അധികാരത്തിലേറിയ സമയത്ത് ഓരോ ലിറ്റർ പെട്രോളിൻമേലും ഡീസലിൻമേലും ചുമത്തിയിരുന്ന കേന്ദ്ര നികുതികൾ യഥാക്രമം 9.476 രൂപ/ലിറ്റർ, 3.564 രൂപ/ലിറ്റർ എന്നിങ്ങനെ ആയിരുന്നത് യഥാക്രമം 32.9 രൂപ/ലിറ്റർ, 31.8 രൂപ/ലിറ്റർ എന്നിങ്ങനെ ആയി വർദ്ധിപ്പിച്ചു. ഇപ്രകാരമുള്ള കേന്ദ്ര നികുതി വർദ്ധനവ് ഒഴിവാക്കി പെട്രോൾ ഡീസൽ വില നിയന്ത്രിക്കാവുന്നതാണ്.

(സി) പെട്രോൾ, ഡീസൽ എന്നിവയ്ക്ക് നിലവിൽ ഈടാക്കി വരുന്ന നികുതി, സെസ്, മറ്റിനങ്ങൾ എന്നിവ ഏതെല്ലാം ആണെന്നും എത്ര ശതമാനം വീതമാണെന്നും അറിയിക്കുമോ?

പെട്രോൾ, ഡീസൽ എന്നിവയ്ക്ക് നിലവിൽ ഈടാക്കി വരുന്ന നികുതി, സെസ്, മറ്റിനങ്ങൾ എന്നിവ അനുബന്ധമായി ചേർക്കുന്നു*.

### ചെറുപുഴ സബ്ട്രഷറിക്ക് പുതിയ കെട്ടിടം

126 (511) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) 2021-22 സാമ്പത്തിക വർഷം ഭരണാനുമതി നൽകാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ?

(എ&ബി) ചെറുപുഴ സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ലഭ്യമായ തളിപ്പറമ്പ് താലൂക്കിൽ വയക്കര വില്ലേജിൽ റീ സർവ്വെ നമ്പർ 59/1-ൽപ്പെട്ട സ്ഥലത്ത് ചെറുപുഴ പഞ്ചായത്ത് കയ്യേറി കെട്ടിടം നിർമ്മിച്ചതിനാൽ പ്രസ്തുത സ്ഥലത്തോട് ചേർന്ന് കൈയേറ്റം നടന്ന ഭൂമിക്ക് തുല്യമായി ഭൂമി വാങ്ങി ട്രഷറിക്ക് നൽകുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കുകയും പ്രസ്തുത സ്ഥലത്തിന്റെ സബ് ഡിവിഷൻ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. മേൽ നടപടികൾ പൂർത്തിയായശേഷം ട്രഷറി ഡയറക്ടറിൽനിന്നും ഭരണാനുമതിക്കായുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## തലശ്ശേരി പെൻഷൻ പേമെന്റ് ട്രഷറി

127 (512) ശ്രീ. എ. എൻ. ഷംസീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി പെൻഷൻ പേമെന്റ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച പ്രവൃത്തിയുടെ ഇതുവരെ സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

തലശ്ശേരി ഡിവൈ.എസ്.പി. ഓഫീസിന് എതിർ വശത്തുള്ളതും മുൻപ് ചീരാളികണ്ടി സ്കൂൾ കെട്ടിടം പ്രവർത്തിച്ചിരുന്നതുമായ 10.7 സെന്റ് സ്ഥലം തലശ്ശേരി പെൻഷൻ പേമെന്റ് സബ് ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി വിട്ടുനൽകുവാൻ തലശ്ശേരി നഗരസഭാ കൗൺസിൽ തീരുമാനമെടുത്തിട്ടുള്ളതാണ്. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രസ്തുത ഭൂമി റവന്യൂ വകുപ്പിലേയ്ക്ക് വിട്ടൊഴിഞ്ഞാൽ മാത്രമേ സേവന വകുപ്പായ ട്രഷറി വകുപ്പിന് കൈമാറുന്നതിന് സാധിക്കുകയുള്ളൂ. ഇത് സംബന്ധിച്ച ഉത്തരവ് ഇതുവരെ ലഭിച്ചിട്ടില്ല. പ്രസ്തുത ഫയൽ നിലവിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിഗണനയിലാണ്.

(ബി) തലശ്ശേരി പെൻഷൻ പേമെന്റ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്റെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഇനി എന്തൊക്കെ നടപടിക്രമങ്ങളാണ് ഉള്ളതെന്ന് അറിയിക്കാമോ; ആയത് അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ഉത്തരവുണ്ടായി ജില്ലാ കളക്ടർ ഭൂമി അനുവദിക്കുന്ന മുറയ്ക്ക് അക്രെഡിറ്റഡ് ഏജൻസി മുഖേന ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും ആയത് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ സ്വീകരിക്കുന്നതുമാണ്.

## സംസ്ഥാനത്തെ ട്രഷറികളുടെ ആധുനികവൽക്കരണം

128 (513) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രഷറികളുടെ സമൂലമായ ആധുനികവൽക്കരണം നടപ്പിലാക്കിയിട്ടുണ്ടോ?

സംസ്ഥാനത്ത് ട്രഷറികളുടെ ആധുനികവൽക്കരണം നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ ട്രഷറികളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നവീകരണ/

ആധുനികവൽക്കരണ നടപടികൾ പ്രധാനമായും 2 മേഖലകളിലായാണ് നടന്നുവരുന്നത്. അടിസ്ഥാന സൗകര്യ വികസനവും ധനകാര്യ ഇടപാടുകളുടെ ആധുനികവൽക്കരണവുമാണത്. അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽപ്പെടുത്തി സ്വന്തമായി കെട്ടിടമില്ലാത്ത ട്രഷറികൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും ജീർണ്ണാവസ്ഥയിലുള്ളവ പുതുക്കി പണിയുന്നതിനുമുള്ള നടപടികളാണ് കൈക്കൊണ്ടുവരുന്നത്. ട്രഷറി ആധുനിക വൽക്കരണത്തിന്റെ ഭാഗമായി വകുപ്പിന്റെ വിവര വിനിമയ സാങ്കേതിക വിദ്യയുടെ അടിസ്ഥാന തത്വങ്ങളായ കമ്പ്യൂട്ടർ സിസ്റ്റംസ്, സെർവറുകൾ, ഡാറ്റാ കണക്ടിവിറ്റി എന്നിവയും മെച്ചപ്പെടുത്തുന്നുണ്ട്. ഏത് സാഹചര്യത്തിലും തടസ്സമില്ലാതെ നെറ്റ് കണക്ഷൻ ലഭ്യമാക്കുവാൻ ലക്ഷ്യമിട്ട് ബി.എസ്.എൻ.എൽ.-ൽനിന്നും Rail.Tel.-ൽനിന്നും രണ്ട് ഡാറ്റാ- കം-ലീസ്ഡ് കണക്ഷനുകൾ വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ട്രഷറി ആധുനികവൽക്കരണത്തിന്റെ ഭാഗമായി റീപെയിന്റിംഗ്, ടോയിലറ്റ് നിർമ്മാണം, ടോയിലറ്റ് നവീകരണം, ഫ്രണ്ട് ഓഫീസ് നിർമ്മാണം എന്നിവ ആവശ്യമുള്ള ട്രഷറികളിൽ ആയത് നിർവ്വഹിക്കുന്നതിനും ട്രഷറികൾക്കാവശ്യമായ കസേര, ഫാൻ എന്നിവ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ധനകാര്യ ഇടപാടുകളുടെ ആധുനികവൽക്കരണം ലക്ഷ്യമാക്കി ഒരു പുതിയ ധനകാര്യ മാനേജ്മെന്റ് സംവിധാനം (ഐ.എഫ്.എം.എസ് - സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനം) ട്രഷറി വകുപ്പിൽ ഏർപ്പെടുത്തിക്കഴിഞ്ഞു. വിവര സാങ്കേതിക വിദ്യയുടെ എല്ലാ സൗകര്യങ്ങളും പരമാവധി പ്രയോജനപ്പെടുത്തി ഏറ്റവും സുതാര്യവും കാര്യക്ഷമവുമായ സേവനം നൽകുന്ന മികച്ച ധനകാര്യ മാനേജ്മെന്റ് നടപ്പിലാക്കുക എന്നതാണ് IFMS-ന്റെ ഉദ്ദേശ്യം. പുതിയ കാലത്തിന്റെ എല്ലാ മാറ്റങ്ങളും ഉൾക്കൊള്ളുന്ന രീതിയിലാണ് ട്രഷറികളുടെ ആധുനികവൽക്കരണ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുള്ളത്. ഇ-ഗവേണൻസ് പരിപാടികളുടെ അന്തസത്ത ഉൾക്കൊള്ളുന്നതിലും കടലാസ് രഹിതവും പണരഹിതവുമായ ഓഫീസ് സംവിധാനത്തിലേയ്ക്ക് എത്തിച്ചേരുന്നതിനുമുള്ള മഹത്തായ കാൽവയ്പ്പാണ് IFMS-ലൂടെ കൈവരിച്ചിട്ടുള്ളത്. സംസ്ഥാനത്തിന്റെ സാമ്പത്തിക കാര്യപരിപാലനം ഫലപ്രദമായി നിർവ്വഹിക്കുന്നതിനായി ധനവകുപ്പിന്റെ നേതൃത്വത്തിൽ അക്കൗണ്ടന്റ് ജനറൽ, റിസർവ് ബാങ്ക്, ഏജൻസി ബാങ്കുകൾ, മറ്റ് വകുപ്പുകൾ എന്നിങ്ങനെ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക ഇടപാടുകളുമായി ബന്ധപ്പെട്ട് നിൽക്കുന്ന എല്ലാവരെയും സംയോജിതവും

കേന്ദ്രീകൃതവുമായ നിർവ്വഹണ സംവിധാനത്തിന്റെ കീഴിൽ കൊണ്ടുവരികയെന്നതും IFMS-ന്റെ ലക്ഷ്യമാണ്. റവന്യൂ മാനേജ്മെന്റിന് വിവിധ ബാങ്കുകളെ ബന്ധിപ്പിച്ച ഇ-ട്രഷറി, ബില്ലുകൾ കേന്ദ്രീകൃതമായി പാസ്സാക്കാനുള്ള Core TIS, ബജറ്റ് വിഹിതം നൽകാനും നിരീക്ഷിക്കാനും BAMS, ശമ്പളത്തിന് SPARK, മറ്റു ബില്ലുകൾക്ക് BIMS, കേന്ദ്രീകൃത പെൻഷൻ കാര്യങ്ങൾക്ക് PIMS, അക്കൗണ്ട് കാര്യങ്ങൾക്ക് IAMS, വെയ്സ് ആൻഡ് മീൻസിന് WAMS, ഏതു ട്രഷറിയിൽനിന്നും പണം പിൻവലിക്കാൻ കഴിയുന്ന CORE BANKING, മുദ്രപ്പത്രങ്ങളുടെയും സ്റ്റാമ്പുകളുടെയും വിതരണവും വിൽപ്പനയും മാനേജ് ചെയ്യുന്നതിനുള്ള CRA, സർക്കാർ സേവനങ്ങൾക്കുവേണ്ടിയുള്ള ഫീസുകളും ചാർജ്ജുകളും സ്വീകരിക്കുന്നതിനായി ഇ-പോസ് മെഷീനുകൾ, ഇന്റർനെറ്റ് ബാങ്കിംഗ്, ട്രഷറി അക്കൗണ്ടുടമകൾക്ക് " Kerala TSB" എന്ന പേരിലും സംസ്ഥാന പെൻഷൻകാർക്ക് " Kerala Pension" എന്ന പേരിലും മൊബൈൽ ആപ്ലിക്കേഷൻ, സർക്കാർ ജീവനക്കാരുടെ ശമ്പള വിതരണത്തിനായി e-TSB അക്കൗണ്ട്, ട്രഷറി വകുപ്പിൽ ഒരു മെച്ചപ്പെട്ട ഇൻഫർമേഷൻ സെക്യൂരിറ്റി മാനേജ്മെന്റ് സിസ്റ്റം (ISMS) ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ISO 27001 സർട്ടിഫിക്കേഷൻ സ്റ്റാൻഡേർഡ് നേടുന്നതിനുള്ള നടപടികൾ, പെൻഷൻ റിക്കോർഡുകളുടെ ഡിജിറ്റൈസേഷൻ എന്നിങ്ങനെ ആധുനികമായ വിവിധ സങ്കേതങ്ങൾ ഉൾക്കൊണ്ടതാണ് IFMS. സർക്കാരിന്റെ ധന ഇടപാടുകൾ പൂർണ്ണമായും കടലാസുരഹിതമാക്കുന്നതിന്റെ ഭാഗമായി എല്ലാ വകുപ്പുകളിലേയും മാസ ശമ്പള ബില്ലുകൾ പൂർണ്ണമായും കടലാസ് രഹിതമാക്കിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം മേയ് മാസം മുതൽ ട്രഷറിയുടെ പ്രവർത്തനം പുതിയ സെൻട്രൽ സെർവർ മുഖേനയാണ്.

(ബി) ട്രഷറികളിൽ എ.ടി.എം. സംവിധാനം ഉൾപ്പെടെ നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കാമോ?

ട്രഷറികളോടനുബന്ധിച്ച് എ.ടി.എം. സൗകര്യം ഏർപ്പെടുത്താനുള്ള പദ്ധതി നിലവിൽ പരിഗണനയിലില്ല. വാണിജ്യ ബാങ്കുകളുമായി ചേർന്ന് എ.ടി.എം. സൗകര്യം ഏർപ്പെടുത്താൻ സർക്കാർ തീരുമാനിച്ച പദ്ധതി റിസർവ് ബാങ്കിന്റെ അനുമതി ലഭിക്കാത്തതിനാൽ നാളിതുവരെയും നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

(സി) ട്രഷറികളുടെ പ്രവർത്തനം സുഗമമാക്കുന്നതിന് ആധുനിക രീതിയിലുള്ള കെട്ടിടങ്ങൾ ഏതൊക്കെ ട്രഷറികൾക്ക് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരമേറ്റ ശേഷം 36 ട്രഷറികളുടെ നിർമ്മാണത്തിനുള്ള 108 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി ലഭിച്ച ട്രഷറി നിർമ്മാണങ്ങളിൽ 25 ട്രഷറികളുടെ നിർമ്മാണങ്ങൾക്ക് സാങ്കേതിക അനുമതി നൽകി നിർമ്മാണം പുരോഗമിക്കുകയാണ്. ട്രഷറി ആസ്ഥാന മന്ദിര നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. നിർമ്മാണം ആരംഭിച്ചിരുന്ന 25 ട്രഷറികളിൽ വടക്കാഞ്ചേരി, മലയിൻകീഴ്, ശാസ്താംകോട്ട, കൊല്ലം സബ് ട്രഷറികളും കൊല്ലം പെൻഷൻ പേയ്മെന്റ് സബ് ട്രഷറിയും പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. പൂൽപ്പള്ളി, പീരുമേട് സബ് ട്രഷറികളുടെയും നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു. പഴയങ്ങാടി, ചാത്തന്നൂർ, പയ്യന്നൂർ, ചട്ടഞ്ചാൽ, കാസർഗോഡ് എന്നീ സബ് ട്രഷറികളുടെയും നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. മാന്നാർ, പേരാവൂർ, അഗളി, മുതുകുളം, നോർത്ത് പരവൂർ, കൊല്ലങ്കോട്, പേരാമ്പ്ര, വർക്കല, ഇടവണ്ണ, നടവയൽ, മണ്ണാർക്കാട് സബ് ട്രഷറികളുടെയും നെടുങ്കണ്ടം സ്റ്റാമ്പ് ഡിപ്പോയുടെയും നിർമ്മാണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുകയാണ്. പുതിയ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമായിട്ടുള്ള നിലമ്പൂർ, മാലക്കല്ല്, പള്ളിക്കത്തോട്, ശ്രീകണ്ഠാപുരം എന്നീ സബ് ട്രഷറികളുടെ നിർമ്മാണ പ്രവൃത്തികൾക്കായി അക്രെഡിറ്റഡ് ഏജൻസികളെ കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കല്ലൂർക്കാട്, പെരിന്തൽമണ്ണ, ഇടക്കര, വടകര, ചെറുപുഴ, എടത്വ, മുണ്ടക്കയം, ഫെറോക്ക്, തൃശ്ശൂർ മെഡിക്കൽ കോളേജ് ട്രഷറികളും പഴയ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഹോസ്ദുർഗ്ഗ് സബ് ട്രഷറിയും ഉൾപ്പെടെ 10 ട്രഷറികൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തീരുമാനമായിട്ടുള്ളതും ഡി.പി.ആർ. തയ്യാറാക്കുന്നതുൾപ്പെടെയുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. കൊട്ടാരക്കര, ഇരിഞ്ഞാലക്കുട ജില്ലാ ട്രഷറികളും നെടുമങ്ങാട്, കൊട്ടാരക്കര, മുകുന്ദപുരം, ചവറ, കുണ്ടറ, പൊൻകുന്നം, നൂറനാട്, ഹരിപ്പാട്, വികാസ് ഭവൻ, കോലഞ്ചേരി എന്നീ സബ് ട്രഷറികളും ഫർണിഷിംഗ് പ്രവൃത്തികൾ പൂർത്തിയാക്കി എല്ലാ സൗകര്യങ്ങളോടും കൂടിയ പുതിയ കെട്ടിടങ്ങളിലേയ്ക്ക് മാറുകയുണ്ടായി. കോഴിക്കോട് ജില്ലയിൽ കുന്ദമംഗലത്ത് പുതിയ സബ് ട്രഷറി പ്രവർത്തനമാരംഭിച്ചു. പൊതുമരാമത്ത് വകുപ്പ് ഫണ്ടിൽനിന്നുമായി മട്ടന്നൂർ, ചെർപ്പുളശ്ശേരി എന്നീ ജില്ലാ ട്രഷറികളുടെയും സിവിൽ സ്റ്റേഷനുകളിൽ വെള്ളനാട്, റാന്നി, പെരുനാട്, കടുത്തുരുത്തി ട്രഷറികളുടെയും പുതിയ കെട്ടിട നിർമ്മാണ നടപടികൾ പുരോഗമിച്ചു വരികയാണ്. കൂടാതെ സിവിൽ സ്റ്റേഷനിൽ കെട്ടിടം അനുവദിച്ചു കിട്ടിയ മുളന്തുരുത്തി സബ് ട്രഷറി കെട്ടിടത്തിന്റെ ഫർണിഷിംഗ് പ്രവൃത്തികൾ പൂർത്തിയായിട്ടുള്ളതും ഉദ്ഘാടനത്തിന് സജ്ജമായിട്ടുള്ളതുമാണ്. തെരഞ്ഞെടുക്കപ്പെട്ട 15 ട്രഷറികളെ മോഡൽ ട്രഷറികളായി ഉയർത്തുന്നതിനായി അവയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

## ട്രഷറി ഓഫീസുകളുടെ നവീകരണം

129 (514) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറി ഓഫീസുകൾ നവീകരിക്കുന്നതിന് വകുപ്പ് മുന്തിയ പരിഗണന നൽകി വരുന്നുണ്ടോ; ജീർണ്ണിച്ച കെട്ടിടത്തിൽ സ്ഥിതി ചെയ്യുന്ന ട്രഷറി ഓഫീസുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കാൻ (ബഡ്ജറ്റിൽ 20% തുക നീക്കിയിരുപ്പുള്ളവ) വകുപ്പ് മുൻകയ്യെടുക്കുമോ; വിശദമാക്കാമോ?

പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ബഡ്ജറ്റിൽ 20% തുക നീക്കിയിരിപ്പുള്ള ട്രഷറികൾക്ക്, സ്വന്തമായി സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത സ്ഥലത്ത് പുതിയ കെട്ടിട നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികളും വകുപ്പ് സ്വീകരിച്ചുവരികയാണ്.

(ബി) ട്രഷറി കെട്ടിടങ്ങളുടെ ഡി.പി.ആർ. തയ്യാറാക്കാൻ ഏതെങ്കിലും അക്രെഡിറ്റഡ് ഏജൻസിയെ ചുമതലപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭ്യമായിട്ടുള്ള 4 ട്രഷറികളുടെയും സ്ഥലം ലഭ്യമായിട്ടുള്ള 10 ട്രഷറികളുടെയും നിർമ്മാണ പ്രവൃത്തികൾക്കായി പുതിയ ഒരു അക്രെഡിറ്റഡ് ഏജൻസിയെ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) ഭരണാനുമതി നൽകുന്നതിലും പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിലും വരുന്ന കാലതാമസം ലഘൂകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഭൂമി ലഭ്യമാകുന്ന മുറയ്ക്കും പുതിയ അക്രെഡിറ്റഡ് ഏജൻസിയെ തെരഞ്ഞെടുക്കുന്ന മുറയ്ക്കും നിർമ്മാണ പ്രവൃത്തികൾ അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിക്കുന്നതാണ്.

## പയ്യന്നൂർ സബ് ട്രഷറി കെട്ടിട നിർമ്മാണം

130 (515) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ സബ്ട്രഷറി കെട്ടിട നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 12 മാസമായിരുന്നു കെട്ടിട നിർമ്മാണ കാലാവധി. നിലവിൽ കെട്ടിടത്തിന്റെ കോൺക്രീറ്റ് വർക്കുകൾ പൂർത്തിയായിട്ടുണ്ട്. താഴത്തെ നിലയിലെ ചുമരുകളുടെ ജോലികൾ പൂർത്തിയായി. പ്ലംബിംഗ്, ഇലക്ട്രിക്കൽ ജോലികൾ പുരോഗമിക്കുന്നു. മുകളിലത്തെ നിലയുടെ ഭിത്തിയുടെ ജോലികൾ നടന്നുവരുന്നു. കോവിഡ് മഹാമാരി കാരണമുള്ള അപ്രതീക്ഷിത സാഹചര്യങ്ങളാണ് നിർമ്മാണ പ്രവൃത്തികളിലെ കാലതാമസത്തിന് കാരണം.

(ബി) പ്രസ്തുത കെട്ടിട നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

കെട്ടിട നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും സർക്കാരിന്റെ ഭാഗത്തുനിന്നും സ്വീകരിച്ചുവരുന്നുണ്ട്.

(സി) നിർമ്മാണം പൂർത്തീകരിച്ച് ട്രഷറി പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

6 മാസത്തിനുള്ളിൽ പയ്യന്നൂർ സബ് ട്രഷറിയുടെ പുതിയ കെട്ടിട നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## ശ്രീകണ്ഠാപുരം സബ്ട്രഷറി കെട്ടിട നിർമ്മാണം

131 (516) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ശ്രീകണ്ഠാപുരം സബ്ട്രഷറിക്കുവേണ്ടി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം എന്ന് ആരംഭിക്കുവാൻ സാധിക്കുമെന്ന് അറിയിക്കാമോ;

(ബി) കെട്ടിട നിർമ്മാണത്തിന് നിർവ്വഹണ ഏജൻസിയായി ഇൻകെൽ ലിമിറ്റഡിനെ തെരഞ്ഞെടുത്തിരുന്നെങ്കിലും പിന്നീട് ഒഴിവാക്കിയതിനാൽ പുതിയ നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുത്തിട്ടുണ്ടോ?

(എ&ബി) വിഷയം ധനകാര്യവകുപ്പിന്റെ പരിശോധനയിലാണ്.

## മുണ്ടക്കയം സബ് ട്രഷറി കെട്ടിട നിർമ്മാണം

132 (517) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുണ്ടക്കയം സബ് ട്രഷറിയുടെ കെട്ടിട നിർമ്മാണത്തിനായി പുതിയ അക്രെഡിറ്റഡ് ഏജൻസിയെ തെരഞ്ഞെടുക്കുന്ന നടപടി ഏതു ഘട്ടത്തിലാണെന്നറിയിക്കാമോ;

ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്.

(ബി) പ്രസ്തുത പ്രവൃത്തിക്കായി ഭരണാനുമതി പുറപ്പെടുവിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

സ്വീകരിക്കുന്നതാണ്.

## ട്രഷറി വകുപ്പിലെ അക്കൗണ്ടന്റ് തസ്തിക

133 (518) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ട്രഷറി വകുപ്പിൽ ജൂനിയർ അക്കൗണ്ടന്റ്, സീനിയർ അക്കൗണ്ടന്റ്, സെലക്ഷൻ ഗ്രേഡ് അക്കൗണ്ടന്റ് എന്നീ തസ്തികകളിൽ സൂപ്പർ ന്യൂമററി ഒഴികെ റേഷ്യോ നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയാണ്?

ഉണ്ട്. 5:5:1 എന്നതാണ് നിലവിലുള്ള റേഷ്യോ.

(ബി) ഇപ്പോൾ ഓരോ ജില്ലയിലും അനുവദിച്ചിട്ടുള്ള ജൂനിയർ അക്കൗണ്ടന്റ്, സീനിയർ അക്കൗണ്ടന്റ്, സെലക്ഷൻ ഗ്രേഡ് അക്കൗണ്ടന്റ് തസ്തികകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

തസ്തികകളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| നം. | ജില്ല | ജൂനിയർ അക്കൗണ്ടന്റ് | സീനിയർ അക്കൗണ്ടന്റ് | സെലക്ഷൻ ഗ്രേഡ് അക്കൗണ്ടന്റ് |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | തിരുവനന്തപുരം | 115 | 125 | 22 |
| 2 | കൊല്ലം | 46 | 103 | 16 |
| 3 | പത്തനംതിട്ട | 71 | 27 | 7 |
| 4 | കോട്ടയം | 89 | 82 | 9 |
| 5 | ആലപ്പുഴ | 71 | 99 | 9 |
| 6 | ഇടുക്കി | 53 | 26 | 5 |
| 7 | എറണാകുളം | 97 | 90 | 13 |
| 8 | തൃശ്ശൂർ | 74 | 180 | 23 |
| 9 | മലപ്പുറം | 86 | 62 | 11 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 10 | പാലക്കാട് | 64 | 84 | 16 |
| 11 | കോഴിക്കോട് | 70 | 88 | 18 |
| 12 | വയനാട് | 27 | 20 | 4 |
| 13 | കണ്ണൂർ | 50 | 105 | 12 |
| 14 | കാസർഗോഡ് | 44 | 24 | 4 |

(സി) റേഷ്യോ പ്രകാരമുള്ള സീനിയർ അക്കൗണ്ടന്റ് തസ്തികകൾ കുറവുള്ള ജില്ലകൾ ഏതൊക്കെ എന്നു വ്യക്തമാക്കാമോ; എൻട്രി കേഡറായ ജൂനിയർ അക്കൗണ്ടന്റ് തസ്തികകളേക്കാൾ കൂടുതൽ സീനിയർ അക്കൗണ്ടന്റ് തസ്തികകൾ ഉള്ളത് ഏതൊക്കെ ജില്ലകളിലാണ്; ഏതു സാഹചര്യത്തിലാണ് ഈ ജില്ലകളിൽ മാത്രം ജൂനിയർ അക്കൗണ്ടന്റ് തസ്തികകളേക്കാൾ കൂടുതൽ സീനിയർ അക്കൗണ്ടന്റ് തസ്തികകൾ അപ്ഗ്രഡേഷൻ നടത്തിയത് എന്ന് വ്യക്തമാക്കാമോ?

ട്രഷറി വകുപ്പിൽ ജില്ലാ തലത്തിൽ റേഷ്യോ നിശ്ചയിക്കുന്നില്ല. മറിച്ച് സംസ്ഥാന തലത്തിലാണ് ജൂനിയർ അക്കൗണ്ടന്റ്, സീനിയർ അക്കൗണ്ടന്റ്, സെലക്ഷൻ ഗ്രേഡ് അക്കൗണ്ടന്റ് എന്നീ തസ്തികകളിൽ 5:5:1 പ്രകാരം റേഷ്യോ നിശ്ചയിക്കുന്നത്. ഈ സാഹചര്യത്തിൽ ജില്ലാ തലത്തിൽ റേഷ്യോ പാലിക്കുന്നില്ല. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ എൻട്രി കേഡറായ ജൂനിയർ അക്കൗണ്ടന്റ് തസ്തികകളേക്കാൾ കൂടുതൽ സീനിയർ അക്കൗണ്ടന്റ് തസ്തികകൾ നിലവിലുണ്ട്. 6/2016-ന് മുൻപ് നടത്തിയിട്ടുള്ള സ്ഥാനക്കയറ്റ ഉത്തരവുകളിൽ അപ്ഗ്രഡേഷൻ/ഡൗൺഗ്രഡേഷൻ നടത്തിയിട്ടുണ്ട്. സീനിയർ അക്കൗണ്ടന്റ് തസ്തികയിൽ സ്ഥാനക്കയറ്റം ലഭിക്കുന്ന ജൂനിയർ അക്കൗണ്ടന്റുമാരെ പരമാവധി അവരവരുടെ ജില്ലകളിൽ നിലനിർത്തുന്നതിന് വേണ്ടി സ്വീകരിച്ച നയപരമായ സമീപനമായി ഇത്തരം അപ്ഗ്രഡേഷൻ പ്രക്രിയയെ കാണുന്നു. എന്നാൽ ട്രഷറി വകുപ്പിൽ സംസ്ഥാന തലത്തിൽ ജൂനിയർ അക്കൗണ്ടന്റ്, സീനിയർ അക്കൗണ്ടന്റ്, സെലക്ഷൻ ഗ്രേഡ് അക്കൗണ്ടന്റ് എന്നീ തസ്തികകളിൽ 5:5:1 റേഷ്യോ കൃത്യമായി നിലനിർത്തി വരുന്നതിനാൽ പ്രസ്തുത അപ്ഗ്രഡേഷൻ നേരിട്ട് ബാധിക്കുന്നില്ല.

(ഡി) ചില ജില്ലകളിൽ മാത്രം സീനിയർ അക്കൗണ്ടന്റ് തസ്തികകൾ കൂടുതലായി ഡൗൺഗ്രേഡ് ചെയ്യുതുമൂലം ആ ജില്ലകളിൽ ടോട്ടൽ പെർഫോമൻസിൽ കുറവുണ്ടാകുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നതിനാൽ എല്ലാ ജില്ലകളിലും കാര്യക്ഷമമായ സേവനം ഉൾപ്പെടുത്തുന്നതിന് സഹായകമാംവിധം സീനിയർ അക്കൗണ്ടന്റ് തസ്തികകൾ കുറവുള്ള ജില്ലകളിൽ, അപ്ഗ്രഡേഷൻ വഴിയോ ട്രാൻസ്ഫർ വഴിയോ കൂടുതൽ സീനിയർ അക്കൗണ്ടന്റ് തസ്തിക ഉറപ്പുവരുത്തുമോ; എങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സീനിയർ അക്കൗണ്ടന്റുമാരുടെ എണ്ണത്തിൽ കുറവുള്ള ജില്ലകളിൽ പ്രസ്തുത എണ്ണം ക്രമീകരിക്കുന്നതിനുള്ള നടപടികൾ ട്രഷറി ഡയറക്ടർ സ്വീകരിക്കുന്നതാണ്.

## ട്രഷറി കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട് നൽകിയ തുക തിരിച്ചുപിടിക്കാൻ നടപടി

134 (519) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറി കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട് 2000-2004 വർഷങ്ങളിൽ അധിക ജോലി ചെയ്തതിന് ട്രഷറി ജീവനക്കാർക്ക് എന്തെങ്കിലും അലവൻസ് നൽകിയിരുന്നോ; അതിന്റെ മാനദണ്ഡം എന്തായിരുന്നു; ഇപ്രകാരം ആകെ എത്ര രൂപയായിരുന്നു നൽകിയത്; വ്യക്തമാക്കാമോ?

ട്രഷറി കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട് 2000-2004 വർഷങ്ങളിൽ നിലവിലെ ജോലികൾക്കുപുറമേ അധിക ജോലി ചെയ്തതിന് ട്രഷറി ജീവനക്കാർക്ക് 3-11-2000-ലെ സ.ഉ.(സാധാ.) നമ്പർ 6111/2000/ധന. ഉത്തരവ് പ്രകാരം 1-6-2000 മുതൽ കമ്പ്യൂട്ടർ അലവൻസ് നൽകിയിരുന്നു. 2000-2004 വർഷങ്ങളിൽ 27,26,354 (ഇരുപത്തിയേഴ് ലക്ഷത്തി ഇരുപത്തിആറായിരത്തി മുന്നൂറ്റി അൻപത്തിനാല് രൂപ) രൂപയാണ് ആകെ അലവൻസായി നൽകിയിരുന്നത്.

(ബി) അന്നത്തെ ജീവനക്കാർക്ക് നൽകിയ പ്രസ്തുത അലവൻസ് തിരിച്ചുപിടിക്കാൻ സർക്കാർ ഉത്തരവ് ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണവും ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കാമോ?

കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട് 31-5-2002-നുശേഷം കൈപ്പറ്റിയ കമ്പ്യൂട്ടർ അലവൻസ് അധികമാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് 31-5-2002-നുശേഷം നൽകിയ കമ്പ്യൂട്ടർ അലവൻസ് തിരിച്ച് പിടിക്കാൻ 27-7-2004-ലെ 55121/എസ്റ്റാ.സി3/04/ധന., 13-11-2019-ലെ 36215/ എസ്റ്റാ.സി3/2014/ധന. എന്നീ കത്തുകൾ പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

(സി) എത്ര പേർ തുക തിരിച്ചടച്ചിട്ടുണ്ട്; ഇതിൽ സർവ്വീസിൽ ഉള്ളവർ എത്ര; വിരമിച്ചവർ എത്ര; വ്യക്തമാക്കാമോ?

നാളിതുവരെ 213 പേർ തുക തിരിച്ചടച്ചിട്ടുണ്ട്. അവരിൽ 91 പേർ നിലവിൽ സർവ്വീസിൽ തുടരുന്നവരും 122 പേർ സർവ്വീസിൽനിന്നും വിരമിച്ചവരുമാണ്.

(ഡി) സർവ്വീസിൽനിന്നും വിരമിച്ച ജീവനക്കാർക്ക് ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റ് നൽകിയശേഷം മുൻകാലത്ത് അധികമായി ചെയ്ത ജോലിക്ക് നൽകിയ പ്രതിഫല തുക തിരിച്ചടപ്പിക്കാൻ ട്രഷറി ഡയറക്ടറോട് ഉത്തരവിറക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ടോ;

(ഇ) വിരമിക്കുന്നതിന് നാല് വർഷത്തിന് ഇപ്പുറം എന്തെങ്കിലും തുക തെറ്റായി അധികം നൽകിയതായി വിരമിച്ചശേഷം നാല് വർഷത്തിനുള്ളിൽ കണ്ടെത്തി അറിയിച്ചാൽ മാത്രമേ തുക തിരിച്ചുപിടിക്കാൻ പാടുള്ളൂ എന്ന നിയമം കെ.എസ്.ആർ. ഭാഗം III പെൻഷൻ റൂൾ 3-ൽ പറയുമ്പോൾ സർവ്വീസിൽനിന്ന് ഏകദേശം അഞ്ച് മുതൽ പതിനെട്ട് വർഷം മുമ്പ് വിരമിച്ച ജീവനക്കാരോട് ലഭിച്ച തുക തിരിച്ചടയ്ക്കാൻ ട്രഷറി ഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

(ഡി&ഇ) 3-11-2000-ലെ സ.ഉ.(സാധാ.) നമ്പർ 6111/2000/ധന. പ്രകാരമാണ് ട്രഷറി കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട് 2000-2004 വർഷങ്ങളിൽ നിലവിലെ ജോലികൾക്കുപുറമേ അധിക ജോലി ചെയ്തതിന് ട്രഷറി ജീവനക്കാർക്ക് കമ്പ്യൂട്ടർ അലവൻസ് നൽകിയിരുന്നത്. കമ്പ്യൂട്ടർ വൽക്കരണവുമായി ബന്ധപ്പെട്ട് 31-5-2002-നുശേഷം കൈപ്പറ്റിയ കമ്പ്യൂട്ടർ അലവൻസ് അധികമാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് കമ്പ്യൂട്ടർ അലവൻസ് തിരിച്ച് പിടിക്കാൻ 27-7-2004-ലെ സർക്കാർ കത്ത് നമ്പർ 55121/ എസ്റ്റാ.സി3/04/ധന. പ്രകാരം ട്രഷറി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ തിരിച്ചുപിടിക്കൽ നടപടികൾ ട്രഷറി ഡയറക്ടർ പൂർത്തിയാക്കാത്തതിനാലാണ് 13-11-2019-ലെ 36215/എസ്റ്റാ.സി3/2014/ ധന. കത്തിലൂടെ 31-5-2002-നുശേഷം അധികമായി കൈപ്പറ്റിയ കമ്പ്യൂട്ടർ അലവൻസ് 12 മാസങ്ങളിലായി തുല്യ തവണകളായി തിരിച്ചുപിടിക്കാൻ സർക്കാർ ട്രഷറി ഡയറക്ടർക്ക് വീണ്ടും നിർദ്ദേശം നൽകിയത്.

(എഫ്) മേൽപ്പറഞ്ഞ പെൻഷൻ റൂളിനും നിലവിലുള്ള ചട്ടങ്ങൾക്കും വിരുദ്ധമായി ഉത്തരവിറക്കിയ ട്രഷറി ഡയറക്ടർക്കെതിരെ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

3-11-2000-ലെ സ.ഉ.(സാധാ.) നമ്പർ 6111/2000/ധന സർക്കാർ ഉത്തരവ് മുഖേനയാണ് ട്രഷറി ജീവനക്കാർക്ക് കമ്പ്യൂട്ടർ അലവൻസ് അനുവദിച്ച് നൽകിയത്. 31-5-2002-നുശേഷം കമ്പ്യൂട്ടർ അലവൻസ് അധികമാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് പ്രസ്തുത അലവൻസ് തിരിച്ചുപിടിക്കാൻ 27-7-2004-ലെ സർക്കാർ കത്ത് നമ്പർ 55121/എസ്റ്റാ.സി3/04/ധന. പ്രകാരം ട്രഷറി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. 2004 മുതൽ നിരന്തരമായി അധികമായി കൈപ്പറ്റിയ തുക തിരിച്ചുപിടിക്കാൻ നിർദ്ദേശം സർക്കാർ നൽകിയിരുന്നെങ്കിലും തിരിച്ചുപിടിക്കൽ നടപടികൾ ട്രഷറി ഡയറക്ടർ പൂർത്തിയാക്കിയിരുന്നില്ല. തുടർന്ന് ഇക്കാര്യത്തിൽ കർശനമായ നടപടികളിലേയ്ക്ക് കടക്കുകയും ജീവനക്കാർ അധികം കൈപ്പറ്റിയ കമ്പ്യൂട്ടർ അലവൻസ് പൂർണ്ണമായും തിരിച്ചുപിടിക്കുന്നതിന് 13-11-2019-ലെ 36215/എസ്റ്റാ.സി3/2014/ധന. കത്ത് പ്രകാരം ട്രഷറി ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. അതിൻ പ്രകാരമുള്ള നടപടികളാണ് ട്രഷറി ഡയറക്ടർ സ്വീകരിച്ചിട്ടുള്ളത്.

**ട്രഷറികളുടെ അടിസ്ഥാന സൗകര്യ വികസനം**

135 (520) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും കാര്യക്ഷമവും ആകർഷകവുമായ സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

സംസ്ഥാനത്തെ ട്രഷറികളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ആധുനിക വൽക്കരണ നടപടികൾ പ്രധാനമായും രണ്ട് മേഖലകളിലായാണ് നടന്നുവരുന്നത്.

(1) അടിസ്ഥാന സൗകര്യ വികസന പദ്ധതിയും

(2) ധനകാര്യ ഇടപാടുകളുടെ ആധുനികവൽക്കരണവും.

അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി സ്വന്തമായി കെട്ടിടമില്ലാത്ത ട്രഷറികൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും ജീർണ്ണാവസ്ഥയിലുള്ളവ പുതുക്കി പണിയുന്നതിനുമുള്ള നടപടികളാണ് കൈക്കൊണ്ടുവരുന്നത്. ഇതിൻ പ്രകാരം 2016 ജൂൺ മുതൽ 36 ട്രഷറികളുടെ നിർമ്മാണത്തിനുള്ള 108 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി ലഭിച്ച ട്രഷറി നിർമ്മാണങ്ങളിൽ 25 ട്രഷറികളുടെ നിർമ്മാണങ്ങൾക്ക് സാങ്കേതിക അനുമതി നൽകി നിർമ്മാണം

പുരോഗമിക്കുകയാണ്. ട്രഷറി ആസ്ഥാന മന്ദിര നിർമ്മാണ പ്രവൃത്തിക്ക് 21 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. നിർമ്മാണം ആരംഭിച്ചിരുന്ന 25 ട്രഷറികളിൽ നിർമ്മാണം പൂർത്തിയാക്കിയ 5 ട്രഷറികൾ പുതിയ കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ചു കഴിഞ്ഞു. കൂടാതെ രണ്ട് ട്രഷറികളുടെ നിർമ്മാണം പൂർത്തിയാകുകയും 5 ട്രഷറികളുടെ നിർമ്മാണം അന്തിമ ഘട്ടത്തിലുമാണ്. ഭൂമി ലഭ്യമായിട്ടുള്ളതും കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ളതുമായ 4 ട്രഷറി കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 10 ട്രഷറികൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തീരുമാനമായിട്ടുള്ളതും ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ട്രഷറികളിൽ 21 എണ്ണത്തിന് സ്വന്തമായി ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. സിവിൽ സ്റ്റേഷനുകളിൽ സ്ഥലം ലഭ്യമായ 12 ട്രഷറികൾ ഫർണിഷിംഗ് പ്രവൃത്തികൾ പൂർത്തിയാക്കി എല്ലാ സൗകര്യങ്ങളോടും കൂടിയ പുതിയ കെട്ടിടങ്ങളിലേയ്ക്ക് മാറുകയുണ്ടായി. സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 20 ട്രഷറികളെ നവീകരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് നവീകരണ പ്രവൃത്തികൾ നടത്തിവരുന്നു. തെരഞ്ഞെടുക്കപ്പെട്ട 15 ട്രഷറികളെ മോഡൽ ട്രഷറികളായി ഉയർത്തുന്നതിനായി അവയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ISO 27001 സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് മുന്നോടിയായി സംസ്ഥാനത്തെ മുഴുവൻ ട്രഷറികളിലും ഇടപാടുകാർക്ക് മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിന്റെ ഭാഗമായി ട്രഷറികളിൽ റീപെയിന്റിംഗ്, ടോയ്‌ലെറ്റ് നിർമ്മാണം, ടോയ്‌ലെറ്റ് നവീകരണം, റാമ്പ് നിർമ്മാണം, എന്നീ നിർമ്മാണ പ്രവൃത്തികളും ട്രഷറികളിൽ ആവശ്യമായ കസേര, ഫാൻ, ലൈറ്റ്, വാട്ടർ പ്യൂരിഫയർ എന്നിവ GEM മുഖേന വാങ്ങി സ്ഥാപിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. ISO 27001 സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് സുരക്ഷാ ക്രമീകരണങ്ങൾ പൂർത്തിയാക്കുന്നതിന് മുന്നോടിയായി സംസ്ഥാനത്തെ മുഴുവൻ ട്രഷറികളിലും CCTV സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ട്രഷറികളിൽ BIO-METRIC ഹാജർ സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. ട്രഷറികളിലെത്തുന്ന ഇടപാടുകാർക്ക് സമയബന്ധിതമായി സേവനങ്ങൾ നൽകുന്നതിന് ക്യൂ മാനേജ്മെന്റ് സംവിധാനം സ്ഥാപിക്കുന്നതിനുള്ള നടപടികൾ തുടരുന്നു. എല്ലാ ട്രഷറികളിലും ജനറേറ്റർ സ്ഥാപിച്ചുവരുന്നു. സംസ്ഥാനത്തെ മുഴുവൻ ട്രഷറികളും

IFMS സംവിധാനത്തിലേയ്ക്ക് മാറിക്കഴിഞ്ഞു. മുഴുവൻ പണമിടപാടുകളും ഇലക്ട്രോണിക്ക് സംവിധാനങ്ങളിലൂടെ ഇടപാടുകാരുടെ അക്കൗണ്ടിലേയ്ക്ക് മാറ്റി നൽകുന്നു. കടലാസ് രഹിത പണമിടപാട് എന്ന ലക്ഷ്യത്തിന്റെ ഭാഗമായി 98 വകുപ്പുകളുടെ ശമ്പള ബില്ലുകൾ ഓൺലൈനായി മാത്രം സ്വീകരിച്ചുതുടങ്ങി. IFMS സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഇടപാടുകൾ കൂടുതൽ വേഗത്തിൽ ലഭ്യമാക്കുന്നതിനുമായി പുതിയ സെൻട്രൽ സെർവർ സ്ഥാപിക്കുകയുണ്ടായി.

(ബി) സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകൾ സുരക്ഷിതവും ആകർഷകവുമാക്കി നൽകുന്നതിനും ട്രഷറികളിൽ എ.ടി.എം. സൗകര്യം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

ട്രഷറി സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകൾ അത്യാധുനികമായ സുരക്ഷാ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിയും multi colour ആയി design ചെയ്തും ഇടപാടുകാരുടെ വിവരങ്ങൾ പ്രിന്റ് ചെയ്തു നൽകാൻ കഴിയുന്ന തരത്തിലുള്ള മനോഹരമായ കവറുകളിൽ നിക്ഷേപകർക്ക് നൽകിവരുന്നു. ട്രഷറികളോടനുബന്ധിച്ച് ATM സൗകര്യം ഏർപ്പെടുത്തുന്ന പദ്ധതി നിലവിൽ പരിഗണനയിലില്ല.

**വയനാട് ജില്ലയിലെ ലോട്ടറി വിതരണ ഏജൻസികൾ**

136 (521) ശ്രീ ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ലോട്ടറി വിതരണത്തിനായി ആകെ എത്ര ഏജൻസികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ?

810 ഏജൻസികൾ.

(ബി) ലോട്ടറി വിതരണത്തിനായി വയനാട് ജില്ലയിൽ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്ന കണക്ക് വ്യക്തമാക്കാമോ?

ക്ഷേമനിധിയിൽ അംഗങ്ങളായ 904 തൊഴിലാളികൾ ജോലി ചെയ്യുന്നു.

(സി) കോവിഡ് കാലത്ത് ഇത്തരം തൊഴിലാളികളെ സഹായിക്കുന്നതിനായി വയനാട് ജില്ലയിൽ സ്വീകരിച്ച നടപടികളും ചെലവഴിച്ച തുകയും വ്യക്തമാക്കാമോ?

1. കോവിഡ് കാലത്ത് ലോട്ടറി തൊഴിലാളികളെ സഹായിക്കുന്നതിനായി സാനിറ്റൈസർ, മാസ്ക് എന്നിവ വിതരണം ചെയ്തു.
2. വിവിധ ആനുകൂല്യങ്ങൾക്കായി സമർപ്പിക്കേണ്ട അപേക്ഷകളുടെ സമയപരിധിയിൽ ഇളവുനൽകി.
3. അംശദായത്തിന്റെ പിഴപ്പലിശ ഒഴിവാക്കി.
4. ഭാഗ്യക്കുറി ടിക്കറ്റുകൾ എടുക്കുന്നതിന് 32,86,500 രൂപയുടെ കൂപ്പണുകൾ വിതരണം ചെയ്തു.
5. കോവിഡ് കാല ധനസഹായമായി 25,77,000 രൂപ അനുവദിച്ചു.

**പെരുമ്പയിൽ കെ.എസ്.എഫ്.ഇ.-യ്ക്ക് പുതിയ ബ്രാഞ്ച് സ്ഥാപിക്കൽ**

137 (522) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പെരുമ്പയിൽ കെ.എസ്.എഫ്.ഇ.-യ്ക്ക് പുതിയ ബ്രാഞ്ച് സ്ഥാപിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ അതിന്റെ നടപടികൾ ഏത് വരെയായെന്ന് വിശദമാക്കാമോ?

പെരുമ്പയിൽ പുതിയ ബ്രാഞ്ചായ പയ്യന്നൂർ-II ആരംഭിക്കുന്നതിനുള്ള കെട്ടിടം ഏറ്റെടുക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

**ഓൺലൈൻ പഠന സഹായത്തിനായി കെ.എസ്.എഫ്.ഇ നടപ്പാക്കിയ പദ്ധതികൾ**

138 (523) <u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഓൺലൈൻ പഠന സഹായത്തിനായി കെ.എസ്.എഫ്.ഇ. നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണ്; അവയുടെ വിശാദംശങ്ങൾ അറിയിക്കാമോ?

1. കോവിഡ്-19 സാഹചര്യം പരിഗണിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് കെ.എസ്.എഫ്.ഇ. നടപ്പാക്കിയ ഓൺലൈൻ വിദ്യാസഹായി സ്കീം (OVS) എന്ന പദ്ധതി പ്രകാരം

ലൈബ്രറികൾ, അങ്കണവാടികൾ, ക്ലബ്ബുകൾ തുടങ്ങിയ കേന്ദ്രങ്ങളിൽ വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനാവശ്യത്തിനായി ടി.വി. വാങ്ങുന്നതിന് സഹായം നൽകിയിരുന്നു. ടി.വി. സെറ്റിന്റെ വിലയുടെ 75% തുക അല്ലെങ്കിൽ പരമാവധി 10,000 രൂപ ഏതാണോ കുറവ് അത് എന്ന നിലയിൽ 5980 ടി.വി. വാങ്ങുന്നതിനായി ഇതുവരെ 5,59,69,445 രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

2. അതുപോലെ കുടുംബശ്രീ, കേരള ഐ.ടി. മിഷൻ എന്നിവരുമായി കൂടി ചേർന്ന് കെ.എസ്.എഫ്.ഇ. നടപ്പാക്കിയ "കെ.എസ്.എഫ്.ഇ. വിദ്യാശ്രീ പദ്ധതി" പ്രകാരം കുടുംബശ്രീ അംഗങ്ങളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ഓൺലൈൻ പഠനാവശ്യത്തിനുള്ള COCONICS, ACER, LENOVO, HP എന്നീ നാല് കമ്പനികളുടെ ലാപ്ടോപ്പുകൾ വിതരണം ചെയ്യുന്നുണ്ട്. എന്നാൽ ലാപ്ടോപ്പ് കമ്പനികൾ പർച്ചേയ്സ് ഓർഡർ നൽകിയ പ്രകാരം ലാപ്ടോപ്പുകൾ വിതരണം ചെയ്യുന്നതിൽ കാലതാമസം വരുത്തിയ സാഹചര്യത്തിൽ ഗുണഭോക്താക്കൾക്ക് അവർ പൊതുവിപണിയിൽനിന്നും വാങ്ങുന്ന ലാപ്ടോപ്പിന്റെ/ടാബ്‌ലെറ്റിന്റെ പ്രൊഫോർമ ഇൻവോയ്സ്/ബിൽ ശാഖകളിൽ ഹാജരാക്കുന്ന മുറയ്ക്ക് പരമാവധി 20,000 രൂപ വരെയുള്ള തുക നൽകുന്ന വിധത്തിൽ പദ്ധതിയിൽ പുനഃക്രമീകരണം നടത്തിയിട്ടുണ്ട്. ലാപ്ടോപ്പ്, കമ്പനികൾ ലഭ്യമാക്കുന്ന മുറയ്ക്ക് ആയത് കൈപ്പറ്റുവാൻ താത്പര്യമുള്ളവർക്ക് അതിനുള്ള അവസരവും നൽകി വരുന്നു.

### കെ.എസ്.എഫ്.ഇ. ലാപ്ടോപ്പ് ചിട്ടി

139 (524) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ പഠനത്തിന് വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകാൻ കെ.എസ്.എഫ്.ഇ. തുടങ്ങിയ ചിട്ടിയുടെ ഗുണം ഈ ചിട്ടിയിൽ ചേർന്ന ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഓൺലൈൻ പഠനത്തിന് കുടുംബശ്രീ അംഗങ്ങളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലാപ്ടോപ്പ് നൽകാൻ കെ.എസ്.എഫ്.ഇ. നടപ്പിലാക്കുന്ന പദ്ധതിയാണ് " കെ.എസ്.എഫ്.ഇ. വിദ്യാശ്രീ പദ്ധതി" . ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് ലാപ്ടോപ്പ് തെരഞ്ഞെടുത്തിട്ടുള്ളതും പർച്ചേയ്സ് ഓർഡർ നൽകിയിട്ടുള്ളതുമായ 61981 എണ്ണത്തിൽ ഇതുവരെ 9810 ലാപ്ടോപ്പുകൾ COCONICS, ACER, HP, LENOVO എന്നീ നാല് കമ്പനികൾ സപ്ലൈ ചെയ്യുകയും ഭൂരിഭാഗം ലാപ്ടോപ്പുകളും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുമുണ്ട്. എന്നാൽ

ലാപ്ടോപ്പുകൾ സപ്ലൈ ചെയ്യുന്നതിൽ കമ്പനികൾ കാലതാമസം വരുത്തിയ സാഹചര്യത്തിൽ പദ്ധതിയിൽ ഒരു പുനഃക്രമീകരണം നടപ്പിലാക്കിയിട്ടുണ്ട്. അതുപ്രകാരം ഗുണഭോക്താക്കൾക്ക് അവർക്കിഷ്ടമുള്ള ലാപ്ടോപ്പ്/ടാബ്‌ലറ്റ് പൊതുവിപണിയിൽനിന്നും വാങ്ങുന്നതിനുള്ള പ്രൊഫോർമ/ഇൻവോയ്സ് അല്ലെങ്കിൽ വാങ്ങിയതിന്റെ ബില്ല് ബന്ധപ്പെട്ട ശാഖയിൽ ഹാജരാക്കിയാൽ 20,000 രൂപ വരെയുള്ള തുക വായ്പയായി നൽകുന്നതാണ്. മാത്രമല്ല ലാപ്ടോപ്പ് ലഭിക്കുന്നതുവരെ കാത്തിരിക്കുവാൻ തയ്യാറുള്ള ഗുണഭോക്താക്കൾക്ക് ആയത് സപ്ലൈ ചെയ്യുന്ന മുറയ്ക്ക് വാങ്ങാവുന്നതുമാണ്. കൂടാതെ ലാപ്ടോപ്പ് ആവശ്യമില്ലാതെ അടച്ച സംഖ്യ തിരികെ ആവശ്യപ്പെടുന്ന ഗുണഭോക്താക്കൾക്ക് ആയത് തിരിച്ചുനൽകുന്നതുമാണ്.

(ബി) ഈ ചിട്ടി ഇപ്പോഴും നടക്കുന്നുണ്ടോ; ഇല്ലായെങ്കിൽ നിർത്തുവാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ?

ഈ പദ്ധതി ഇപ്പോഴും നടക്കുന്നുണ്ട്.

(സി) ഈ ചിട്ടിക്ക് പകരം സംവിധാനം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഈ ചിട്ടിക്ക് പകരം സംവിധാനം സംസ്ഥാനത്ത് നടപ്പാക്കിയിട്ടില്ല.

**കെ.എസ്.എഫ്.ഇ.-യുടെ പുതിയ ശാഖ ആരംഭിക്കൽ**

140 (525) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.എഫ്.ഇ.-യുടെ പുതിയ ശാഖ ആരംഭിക്കുവാൻ നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

സാദ്ധ്യതാ പഠനങ്ങളുടെ അടിസ്ഥാനത്തിലാണ് പുതിയ ശാഖകൾ ആരംഭിക്കുന്നത്. തൊട്ടടുത്ത ശാഖയിൽനിന്നുള്ള ദൂരം, നിർദ്ദിഷ്ട സ്ഥലത്തിന്റെ പ്രാധാന്യം, ജനസംഖ്യ, പ്രദേശവാസികളുടെ പ്രധാന വരുമാന സ്രോതസ്സ്, അവിടെ പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട സ്ഥാപനങ്ങളുടെ എണ്ണം, തത്തുല്യ മേഖലയിൽ പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങൾ, ശാഖയുടെ പ്രവർത്തനത്തിന് ആവശ്യമായ കെട്ടിടത്തിന്റെ ലഭ്യത, സബ് രജിസ്ട്രാർ ഓഫീസ്, ട്രഷറി ഓഫീസ് എന്നിവയുടെ സാന്നിദ്ധ്യം എന്നിവയ്ക്ക് പുറമെ ബിസിനസ്സ് സാദ്ധ്യത തുടങ്ങിയ മാനദണ്ഡങ്ങൾ പരിഗണിച്ചാണ് പുതിയ ശാഖകൾ ആരംഭിക്കുന്നത്.

**മെഡിസെപ്പ് പദ്ധതി**

141 (526) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആരോഗ്യ ഇൻഷ്വറൻസ് നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ച മെഡിസെപ്പ് പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

മെഡിസെപ്പിന്റെ റീ-ടെണ്ടർ നടപടികളുടെ ഭാഗമായി ആരോഗ്യ രംഗത്തെ വിദഗ്ദ്ധ സമിതി ശിപാർശ ചെയ്ത മെഡിക്കൽ പാക്കേജ് റേറ്റുകളും അഡ്വക്കേറ്റ് ജനറൽ കേരളയുടെ പ്രത്യേക നിയമോപദേശവും ഉൾപ്പെടുത്തിക്കൊണ്ടുള്ള പുതുക്കിയ Request For Proposal (RFP) 22-1-2021-ൽ പ്രസിദ്ധീകരിക്കുകയും റീ-ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തു. 7-4-2021-ൽ ധനകാര്യ ബിഡ് തുറക്കുകയും Oriental Insurance Company Ltd.-നെ L1 ആയി തെരഞ്ഞെടുക്കുകയും 06-8-2021-ൽ Award of Contract നൽകുകയും ഉണ്ടായി. വിവിധ വകുപ്പുകളിൽ നോഡൽ ഓഫീസർമാരെ നിയമിക്കുന്നതിന് നിർദ്ദേശം നൽകിയതടക്കം പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുത്ത Oriental Insurance കമ്പനിയുമായി പദ്ധതിയെക്കുറിച്ചുള്ള വിവിധ ചർച്ചകൾ പുരോഗമിച്ചുവരുന്നു.

(ബി) നടപ്പുസാമ്പത്തിക വർഷം പ്രസ്തുത പദ്ധതി പൂർത്തീകരിക്കുമോ എന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ആയതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

നടപ്പുസാമ്പത്തിക വർഷം തന്നെ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പദ്ധതിയുടെ ഗുണഭോക്താക്കളുടെ രണ്ടാം ഘട്ട വിവരശേഖരണവും ഒന്നാം ഘട്ട വിവരശേഖരണത്തിന്റെ തുടർ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനുമായി വകുപ്പ് തലത്തിൽ നോഡൽ ഓഫീസർമാരെ നിശ്ചയിക്കുവാനും അവരുടെ പൂർണ്ണവിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കുവാനുമുള്ള നിർദ്ദേശങ്ങൾ എല്ലാ വകുപ്പുകളിലേയ്ക്കും കൈമാറിയിട്ടുണ്ട്. കൂടാതെ e-tender നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെട്ട Oriental Insurance കമ്പനിയുമായി (L1) പദ്ധതി അടിയന്തരമായി നടപ്പിലാക്കുന്നതിനുള്ള വിവിധ ചർച്ചകൾ സർക്കാർ നടത്തി വരുകയാണ്. എന്നാൽ RGICL (Reliance General Insurance Company Ltd.) സർക്കാരിനെതിരെ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് അപ്പീൽ (WA.No.615/2021) ഇപ്പോഴും കോടതിയുടെ പരിഗണനയിലാണ്.

(സി) പ്രസ്തുത പദ്ധതിക്കായി ഏതെങ്കിലും ഇൻഷ്വറൻസ് കമ്പനിയുമായി സർക്കാർ കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

മെഡിസെപ്പ് പദ്ധതിയുടെ പുതുക്കിയ Request For Proposal (RFP) 22-1-2021-ൽ പ്രസിദ്ധീകരിക്കുകയും റീ-ടെണ്ടർ നടപടികളുടെ ഭാഗമായി വിവിധ ഇൻഷ്വറൻസ് കമ്പനികളിൽനിന്നും ടെണ്ടർ ക്ഷണിക്കുകയുമുണ്ടായി. റീ-ടെണ്ടർ ക്ഷണപ്രകാരം

1. Oriental Insurance Company

2. National Insurance Company

3. New India Insurance Company

4. Reliance General Insurance Company എന്നീ കമ്പനികൾ സമർപ്പിച്ച പ്രൊപ്പോസലുകളിൽ 7-4-2021-ൽ ധനകാര്യ ബിഡിലൂടെ ഏറ്റവും കുറഞ്ഞ തുകയായ 4800+ GST Premium ക്വോട്ട് ചെയ്ത Oriental Insurance Company Ltd-നെ L1 ആയി തെരഞ്ഞെടുക്കുകയും 6-8-2021-ൽ Award of Contract നൽകുകയും ഉണ്ടായി. Oriental Insurance കമ്പനിയുമായി പദ്ധതി നടത്തിപ്പ് സംബന്ധിച്ച ചർച്ചകൾ പുരോഗമിച്ചുവരുന്നു. നിലവിൽ പ്രസ്തുത പദ്ധതിക്കായി ഇൻഷ്വറൻസ് കമ്പനിയുമായി സർക്കാർ യാതൊരു കരാറിലും ഏർപ്പെട്ടിട്ടില്ല.

(ഡി) പദ്ധതി എന്നത്തേയ്ക്ക് പ്രാവർത്തികമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

സർക്കാരിനെതിരെ RGICL (Reliance General Insurance Company Ltd.) ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് അപ്പീൽ (WA.No.615/2021) ഇപ്പോഴും കോടതിയുടെ പരിഗണനയിലാണ്. എന്നാൽ അഡ്വക്കേറ്റ് ജനറൽ ഓഫ് കേരളയുടെയും നിയമ വകുപ്പിന്റെയും നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ 7-4-2021-ലെ ധനകാര്യ ബിഡിലൂടെ Oriental Insurance Company-യെ തെരഞ്ഞെടുക്കുകയും 6-8-2021-ൽ ടി കമ്പനിക്ക് അവാർഡ് ഓഫ് കോൺട്രാക്ട് നൽകുകയും ചെയ്തു. പദ്ധതി താമസംവിന നടപ്പാക്കുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നു.

**മെഡിസെപ്പ് പദ്ധതി**

142 (527) <u>ശ്രീ. എം. എം. മണി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും പെൻഷൻകാർക്കും വേണ്ടി പ്രഖ്യാപിച്ച മെഡിസെപ്പ് പദ്ധതി സംബന്ധിച്ച വിശദാംശം നൽകാമോ?

സർക്കാർ നിയമിച്ച മെഡിക്കൽ എക്സ്പേർട്ട് കമ്മിറ്റി ശിപാർശ ചെയ്ത പരിഷ്കരിച്ച ചികിത്സാ പദ്ധതികളും അഡ്വക്കേറ്റ് ജനറൽ കേരളയുടെ നിയമോപദേശത്തിന്റേയും അടിസ്ഥാനത്തിലുള്ള നിബന്ധനകളും ഉൾപ്പെടുത്തി പരിഷ്കരിച്ച Request For Proposal (RFP) 22-1-2021-ൽ പ്രസിദ്ധീകരിച്ച് റീ-ടെണ്ടർ നടപടി ആരംഭിച്ചിരുന്നു. കേരള ഹൈക്കോടതിയിലേതുൾപ്പെടെ കേരള സർക്കാർ ജീവനക്കാരുടെ മെഡിക്കൽ അറ്റൻഡന്റ് ചട്ടങ്ങൾക്ക് (KGSMA Rules 1960) വിധേയരായ സംസ്ഥാന സർക്കാർ ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, പാർട്ട് ടൈം അദ്ധ്യാപകർ, എയ്ഡഡ് സ്കൂളുകളിലേതുൾപ്പെടെയുള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പെൻഷൻകാർ, കുടുംബ പെൻഷൻകാർ എന്നിവരും അവരുടെ ആശ്രിതരും നിർബന്ധിതാടിസ്ഥാനത്തിലും സംസ്ഥാന സർക്കാരിൻ കീഴിൽ സേവനമനുഷ്ഠിക്കുന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരും അവരുടെ ആശ്രിതരും ഐശ്ചികാടിസ്ഥാനത്തിലും പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കുന്നതാണ്. കൂടാതെ സംസ്ഥാന സർക്കാരിന്റെ ധനസഹായം സ്വീകരിക്കുന്ന സർവ്വകലാശാലകളിലേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും ജീവനക്കാർ/പെൻഷൻകാർ/കുടുംബ പെൻഷൻകാർ എന്നിവരും മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ, പ്രതിപക്ഷനേതാവ്, ചീഫ് വിപ്പ്, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ധനകാര്യ കമ്മിറ്റികളുടെ ചെയർമാൻമാർ എന്നിവരുടെ നേരിട്ട് നിയമിതരായ പേഴ്സണൽ സ്റ്റാഫ്, പേഴ്സണൽ സ്റ്റാഫ് പെൻഷൻകാർ/കുടുംബ പെൻഷൻകാർ എന്നിവരും ഇവരുടെ ആശ്രിതരും ഈ പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കുന്നതാണ്. പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള നിശ്ചിത ചികിത്സാ പ്രക്രിയകൾക്കും അവയ്ക്ക് അനുബന്ധമായി വരുന്ന ഡേ കെയർ ചികിത്സാ പ്രക്രിയകൾക്കും ഗുണഭോക്താവിന് നേരിടേണ്ടിവരുന്ന ചെലവുകൾക്ക് പരിരക്ഷ നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. എംപാനൽ ചെയ്യപ്പെട്ട ആശുപത്രികളിലെ ചികിത്സാ സംബന്ധമായ പ്രക്രിയകളുടെ ചെലവ്, മരുന്ന് വില, ഡോക്ടർ/അറ്റൻഡന്റ് ഫീസ്, മുറി വാടക, പരിശോധനാ ചാർജ്ജുകൾ (Diagnostic), രോഗാനുബന്ധ ഭക്ഷണ ചെലവുകൾ എന്നിവ പരിരക്ഷയിൽ ഉൾപ്പെടും.

i. നിലവിലുള്ള രോഗങ്ങൾക്കുൾപ്പെടെ ജീവന് ഭീഷണിയുള്ള അടിയന്തര സാഹചര്യങ്ങളിൽ എംപാനൽ ചെയ്യപ്പെടാത്ത ആശുപത്രികളിലെ ചികിത്സയ്ക്കും പദ്ധതിയിൻകീഴിൽ പരിരക്ഷ ലഭിക്കുന്നതാണ്.

ii. പദ്ധതിയുടെ പരിരക്ഷ താഴെ വിവരിക്കുന്നതിൻ പ്രകാരം ആയിരിക്കും.

(i) അടിസ്ഥാന പരിരക്ഷ - പദ്ധതിയുടെ കീഴിൽ വരുന്ന ആശുപത്രി ശൃംഖലയിലെ ഏതെങ്കിലും ആശുപത്രിയിൽ ഗുണഭോക്താവോ കുടുംബാംഗങ്ങളോ നേടുന്ന അംഗീകൃത ചികിത്സകൾക്ക് ഓരോ കുടുംബത്തിനും മൂന്നുവർഷത്തെ പോളിസി പിരീഡിനകത്ത് പ്രതിവർഷം 3 ലക്ഷം രൂപ നിരക്കിലാണ് അടിസ്ഥാന പരിരക്ഷ. ഇതിൽ 1.5 ലക്ഷം രൂപ ഓരോ വർഷത്തേയ്ക്ക് നിശ്ചയിച്ചിട്ടുള്ളതും ആവശ്യം വരാത്ത പക്ഷം ലാപ്സാകുന്നതുമാണ്. പ്രതിവർഷ കവറേജിൽ 1.5 ലക്ഷം രൂപ മൂന്ന് വർഷത്തെ ബ്ലോക് പിരീഡിനകത്ത് എപ്പോൾ വേണമെങ്കിലും ഉപയോഗിക്കപ്പെടുന്ന തരത്തിൽ ഫ്ലോട്ടർ അടിസ്ഥാനത്തിലാണ് നിശ്ചയിച്ചിരിക്കുന്നത്. അടിസ്ഥാന പരിരക്ഷയിൽ (1) Procedure Cost (2) Implant Cost if any (3) Room charges എന്നിങ്ങനെ മൂന്ന് ഭാഗങ്ങളാണുള്ളത്.

(ii) മേൽ സൂചിപ്പിച്ച പരിരക്ഷ കൂടാതെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന അവയവമാറ്റ ചികിത്സാ പ്രക്രിയകൾക്ക് ഇൻഷ്വറൻസ് കമ്പനി 35 കോടി രൂപയിൽ കുറയാത്ത തുക ഉൾപ്പെടുത്തി രൂപീകരിക്കുന്ന കോർപ്പസ് ഫണ്ടിൽനിന്ന് (മൂന്നു വർഷത്തെ പോളിസി കാലയളവിനകത്ത്) വിനിയോഗിക്കാവുന്നതാണ്.

(ബി) പ്രസ്തുത പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്?

പുതുക്കിയ Request For Proposal (RFP) 22-1-2021-ൽ പ്രസിദ്ധീകരിക്കുകയും Oriental Insurance Company Ltd-നെ 074-2021-ലെ ധനകാര്യ ബിഡിലൂടെ തെരഞ്ഞെടുക്കുകയും 6-8-2021 -ൽ Award of Contract നൽകുകയും ഉണ്ടായി. ടി പദ്ധതിയുടെ ഗുണഭോക്താക്കളുടെ രണ്ടാം ഘട്ട വിവരശേഖരണവും ഒന്നാം ഘട്ട വിവരശേഖരണത്തിന്റെ തുടർ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനുമായി വകുപ്പ് തലത്തിൽ നോഡൽ ഓഫീസർമാരെ നിശ്ചയിക്കുവാനും അവരുടെ പൂർണ്ണവിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കുവാനുമുള്ള നിർദ്ദേശങ്ങൾ എല്ലാ വകുപ്പുകളിലേയ്ക്കും കൈമാറിയിട്ടുണ്ട്. കൂടാതെ Oriental Insurance കമ്പനിയുമായി പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ചർച്ചകൾ പുരോഗമിച്ചുവരുന്നു.

(സി) ഈ പദ്ധതി നടപ്പിലാക്കാൻ വൈകുന്നത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കാമോ?

RGICL (Reliance General Insurance Company Ltd.) സർക്കാറിനെതിരെ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് അപ്പീൽ (WA.No.615/2021) ഇപ്പോഴും കോടതിയുടെ പരിഗണനയിലാണ്. ഇത്തരത്തിലുള്ള കോടതി വ്യവഹാരങ്ങളിൽപ്പെട്ടതിനാലാണ് പദ്ധതി നടപ്പിലാക്കാൻ വൈകുന്നത്.

(ഡി) മെഡിസെപ്പ് പദ്ധതി യാഥാർത്ഥ്യമാക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശം നൽകാമോ?

24-4-2017-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 54/2017/ധന. പ്രകാരമാണ് സംസ്ഥാന സർക്കാർ ജീവനക്കാർ, പെൻഷൻകാർ, കുടുംബ പെൻഷൻകാർ എന്നിവർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനാണ് അനുമതി നൽകി ഉത്തരവായത്. മെഡിസെപ്പ് പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ, ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെട്ട റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് മുഖാന്തരം 1-8-2019 മുതൽ മെഡിസെപ് പദ്ധതി നടപ്പിലാക്കുന്നതിനായി, 15-7-2019-ലെ സ.ഉ(പി)നമ്പർ 87/ 2019/ധന സർക്കാർ ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായെങ്കിലും ആർ.എഫ്.പി. (REQUEST FOR PROPOSAL)-യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയ സാഹചര്യത്തിൽ പ്രസ്തുത കമ്പനിക്ക് നൽകിയ അവാർഡ് ഓഫ് കോൺട്രാക്ട് റദ്ദ് ചെയ്തിരുന്നു. തുടർന്ന് 15-7-2019-ലെ സ.ഉ.(പി)നമ്പർ 87/2019/ധന. പ്രകാരം പ്രസിദ്ധീകരിച്ച മെഡിക്കൽ/സർജിക്കൽ ചികിത്സാ നിരക്കുകൾ പരിഷ്കരിക്കുന്നതിനായി സർക്കാർ ആരോഗ്യ രംഗത്തെ വിദഗ്ദ്ധരെ ഉൾപ്പെടുത്തി രൂപീകരിച്ച മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി, പദ്ധതിയുടെ ചികിത്സാ നിരക്കുകൾ പരിഷ്കരിച്ച് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ Request For Proposal (RFP) 15-10-2020-ൽ പ്രസിദ്ധീകരിക്കുകയും റീ-ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തു. റീ-ടെണ്ടറിൽ പങ്കെടുത്ത ഇൻഷ്വറൻസ് കമ്പനികളുടെ സാങ്കേതിക ബിഡുകൾ (technical bids) Technical Evaluation Committee പരിശോധിച്ച് അംഗീകരിച്ചിരുന്നു. എന്നാൽ ആർ.എഫ്.പി. (REQUEST FOR PROPOSAL)-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്ന ഇൻഷ്വറൻസ് കമ്പനികളെ പൊതുതാൽപ്പര്യം സംരക്ഷിക്കുന്നതിനായി പദ്ധതിയുടെ ടെണ്ടർ നടപടികളിൽനിന്നും ഒഴിവാക്കാവുന്നതാണ് എന്ന അഡ്വക്കേറ്റ് ജനറൽ കേരള നൽകിയ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവ് പ്രകാരം 15-10-2020-ൽ പ്രസിദ്ധീകരിച്ച ആർ.എഫ്.പി. (REQUEST FOR PROPOSAL) റദ്ദാക്കുകയും അഡ്വക്കേറ്റ് ജനറൽ കേരള നൽകിയ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രത്യേക നിബന്ധനകൾ കൂട്ടിച്ചേർത്തും മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ ശിപാർശ ചെയ്ത ചികിത്സാ നിരക്കുകൾ ഉൾപ്പെടുത്തുകയും ചെയ്തുകൊണ്ടുള്ള പുതുക്കിയ Request For Proposal (RFP) 22-1-2021-ൽ

പ്രസിദ്ധീകരിക്കുകയും റീ-ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തു. റീ-ടെണ്ടർ നടപടികളിൽ പങ്കെടുത്ത നാല് ഇൻഷ്വറൻസ് കമ്പനികളുടേയും സാങ്കേതിക ബിഡുകൾ (technical bids) Technical Evaluation Committee പരിശോധിച്ച് അംഗീകരിച്ചിരുന്നുവെങ്കിലും അഡ്വക്കേറ്റ് ജനറൽ കേരളയുടെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ Request For Proposal (RFP)-യിൽ ഉൾപ്പെടുത്തിയ നിബന്ധനയ്ക്കെതിരെ (Special Clause) റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ബഹു. ഹൈക്കോടതിക്ക് മുൻപാകെ റിട്ട് പെറ്റീഷൻ (WP(C)2938/2021)ഫയൽ ചെയ്യുകയുണ്ടായി. ടി കേസ് തള്ളിക്കളഞ്ഞുകൊണ്ട് വിധി വരികയും എന്നാൽ ടി വിധിക്കെതിരെ റിലയൻസ് കമ്പനി ബഹു. ഹൈക്കോടതിയിൽ അപ്പീൽ (WA.No.615/2021) ഫയൽ ചെയ്യുകയുമുണ്ടായി. ടി കേസിന്മേലുള്ള ഇടക്കാല ഉത്തരവ് പ്രകാരം അപ്പീലിന്മേലുള്ള അന്തിമ വിധിക്ക് വിധേയമായി മാത്രമേ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുവാൻ പാടുള്ളുവെന്ന് വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ അഡ്വക്കേറ്റ് ജനറൽ കേരളയുടെയും നിയമ വകുപ്പിന്റെയും നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ 7-4-2021-ലെ ധനകാര്യ ബിഡിലൂടെ Oriental Insurance കമ്പനിയെ തെരഞ്ഞെടുക്കുകയും 6-8-2021-ൽ ടി കമ്പനിക്ക് Award of Contract നൽകുകയും ഉണ്ടായി. ടി പദ്ധതിയുടെ ഗുണഭോക്താക്കളുടെ രണ്ടാം ഘട്ട വിവരശേഖരണവും ഒന്നാം ഘട്ട വിവരശേഖരണത്തിന്റെ തുടർ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനുമായി വകുപ്പ് തലത്തിൽ നോഡൽ ഓഫീസർമാരെ നിശ്ചയിക്കുവാനും അവരുടെ പൂർണ്ണവിവരങ്ങൾ അടിയന്തരമായി ലഭ്യമാക്കുവാനുമുള്ള നിർദ്ദേശങ്ങൾ എല്ലാ വകുപ്പുകളിലേയ്ക്കും കൈമാറിയിട്ടുണ്ട്. കൂടാതെ Oriental Insurance കമ്പനിയുമായി പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ചർച്ചകൾ പുരോഗമിച്ചുവരുന്നു.

**നികുതിവെട്ടിപ്പ് തടയുന്നതിന് നടപടി**

143 (528) ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപാര കേന്ദ്രങ്ങളിൽ നികുതിവെട്ടിപ്പ് തടയുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ?

ജി.എസ്.ടി. സംവിധാനം പൂർണ്ണമായും ഓൺലൈൻ അധിഷ്ഠിതമാണ്. അതിനാൽ വ്യത്യസ്തവും നൂതനവുമായ രീതിയിലുള്ള നികുതി വെട്ടിപ്പുകളാണ്

കണ്ടുവരുന്നത്. നിലവിലുള്ള സംവിധാനം കൂടുതൽ കാര്യക്ഷമമാക്കി ഇത്തരം നികുതി വെട്ടിപ്പുകൾ കണ്ടുപിടിക്കുന്നതിനും തടയുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നികുതിവെട്ടിപ്പ് നടക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

നികുതിവെട്ടിപ്പ് തടയുന്നതിനും നികുതി പിരിവ് സുതാര്യമാക്കുന്നതിനുമുള്ള പുതിയ പദ്ധതികൾ കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതു കൂടാതെ ഓഡിറ്റ്, ട്രെയിനിംഗ് തുടങ്ങിയവ കൂടുതൽ ശക്തിപ്പെടുത്തി നികുതിവെട്ടിപ്പ് കാര്യക്ഷമമായി തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിലെ സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിപ്പിച്ച് നികുതിവെട്ടിപ്പ് തടയുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

(സി) നികുതിവെട്ടിപ്പ് തടയുന്നതിനായി സി.സി.ടി.വി. ദൃശ്യങ്ങൾ ജി.എസ്.ടി. ഓഫീസിലും പോലീസ് സ്റ്റേഷനിലും നൽകണമെന്ന തീരുമാനം ഉണ്ടായിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

ഇല്ല.

**പെട്രോളിയം ഉൽപ്പന്നങ്ങളിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കുന്ന നികുതി**

144 (529) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോൾ, ഡീസൽ, പാചകവാതകം എന്നിവയിൽനിന്ന് സംസ്ഥാനത്തിന് ലഭിക്കുന്ന നികുതി വിഹിതം എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ?

പെട്രോളിന് ലിറ്ററിന് 30.08% വില്പന നികുതി, ഒരു രൂപ അധിക വില്പന നികുതി, വില്പന നികുതിയുടെയും അധിക വില്പന നികുതിയുടെയും ഒരു ശതമാനം സെസ്സ് എന്നിവയും ഡീസലിന് ലിറ്ററിന് 22.76% വില്പന നികുതി, ഒരു രൂപ അധിക വില്പന നികുതി, വില്പന നികുതിയുടെയും അധിക വില്പന നികുതിയുടെയും ഒരു ശതമാനം സെസ്സ് എന്നിവയും, വാണിജ്യ ആവശ്യത്തിനുള്ള പാചകവാതകത്തിന് സംസ്ഥാന ചരക്കുസേവന നികുതി 9%-വും ഗാർഹികാവശ്യത്തിനുള്ള പാചകവാതകത്തിന് സംസ്ഥാന ചരക്കു സേവന നികുതി 2.5%-ഉം എന്നിങ്ങനെയാണ് സംസ്ഥാനത്തിന് ലഭിക്കുന്ന നികുതി നിരക്ക്.

(ബി) ഇന്ധനവില വർദ്ധനവ് ജനങ്ങളെ സാരമായി ബാധിച്ചിട്ടുള്ള കാര്യം പരിശോധിച്ചിട്ടുണ്ടോ?

പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ യഥാക്രമം 31.80 ശതമാനവും 24.52 ശതമാനവും ആയിരുന്നു. 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി യഥാക്രമം 30.08 ശതമാനവും 22.76 ശതമാനവും ആയി കുറച്ചിട്ടുണ്ട്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പെട്രോൾ, ഡീസൽ നികുതി വർദ്ധിപ്പിച്ചിട്ടില്ല. 2014-ൽ കേന്ദ്ര സർക്കാർ അധികാരത്തിലേറിയ സമയത്ത് ഓരോ ലിറ്റർ പെട്രോളിന്മേലും ഡീസലിന്മേലും ചുമത്തിയിരുന്ന കേന്ദ്ര നികുതികൾ യഥാക്രം 9.476 രൂപ/ലിറ്റർ, 3.564 രൂപ/ലിറ്റർ എന്നിങ്ങനെ ആയിരുന്നത് യഥാക്രമം 32.9 രൂപ/ലിറ്റർ, 31.8 രൂപ/ലിറ്റർ എന്നിങ്ങനെ ആയി വർദ്ധിപ്പിച്ചു. തൽഫലമായി ഉണ്ടായ ഇന്ധനവില വർദ്ധനവ് ജനങ്ങളെ സാരമായി ബാധിച്ചിട്ടുണ്ട്.

(സി) 2016-17 മുതൽ 2020-21 വരെ ഇന്ധന വിലയിലൂടെ സംസ്ഥാനത്തിന് ലഭിച്ച നികുതി വിഹിതം എത്ര കോടി രൂപയാണെന്നറിയിക്കാമോ?

2016 മുതൽ നാളിതുവരെ പെട്രോളിയം ഉൽപ്പന്നങ്ങളുടെ നികുതി ഇനത്തിൽ സംസ്ഥാന സർക്കാരിന് ലഭിച്ച വരുമാനം അനുബന്ധമായി ചേർക്കുന്നു*.

(ഡി) ഈ സാമ്പത്തിക വർഷം പ്രസ്തുത ഇനത്തിൽ എത്ര തുക സംസ്ഥാന ഖജനാവിന് ലഭിച്ചുവെന്ന് വ്യക്തമാക്കുമോ?

ഈ സാമ്പത്തിക വർഷം പ്രസ്തുത ഇനത്തിൽ 2021 സെപ്റ്റംബർ വരെ 3323.91 കോടി രൂപ ലഭിച്ചു.

**സർക്കാർ കേസുകളിൽ പുറമേനിന്നുള്ള അഭിഭാഷകർ**

145 (530) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ ഏതൊക്കെ കേസുകളിലാണ് പുറമേനിന്നുള്ള അഭിഭാഷകരുടെ സേവനം സ്വീകരിച്ചിട്ടുള്ളത്?

2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ ബഹു. ഹൈക്കോടതിയിലും ബഹു. സുപ്രീം കോടതിയിലും വാദിക്കുന്നതിനായി പുറമെ നിന്നുള്ള അഭിഭാഷകരെ വിനിയോഗിച്ച കേസുകൾ സംബന്ധിച്ചുള്ള പട്ടിക അനുബന്ധം I*ആയി ചേർത്തിട്ടുള്ളതാണ്.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഓരോ കേസിലും അഭിഭാഷകരുടെ യാത്രാ ചെലവ്, താമസം, ഭക്ഷണം തുടങ്ങിയ ഇനങ്ങളിലായി സർക്കാർ ഖജനാവിൽനിന്ന് എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; ഇനം തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ?

പ്രസ്തുത കാലയളവിൽ ടി കേസുകളിൽ ഹാജരായ അഭിഭാഷകരുടെ വിമാനയാത്രാ ചെലവ് ഇനത്തിൽ 24,94,249 രൂപയും ഹോട്ടൽ അക്കോമൊഡേഷൻ ഇനത്തിൽ 8,59,996 രൂപയും സർക്കാർ ഖജനാവിൽ നിന്നും ചെലവഴിച്ചിട്ടുള്ളതാണ്. ഇനം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം II* ആയി ചേർത്തിട്ടുള്ളതാണ്.

(സി) സർക്കാർ കേസ്സുകൾ നടത്തുന്നതിനായി എത്ര അഭിഭാഷകരെയാണ് ഖജനാവിൽനിന്നും ശമ്പളം നൽകി നിയമിച്ചിട്ടുള്ളത്; ഇവരുടെ തസ്തികയും ഓരോ തസ്തികയിലും നിയമിച്ചിട്ടുള്ളവരുടെ എണ്ണവും ഓരോ തസ്തികയ്ക്കും അനുവദിച്ചിട്ടുള്ള ശമ്പളവും മറ്റ് ആനുകൂല്യങ്ങളും വിശദമാക്കുമോ?

സർക്കാർ കേസുകൾ നടത്തുന്നതിനായി ബഹു. സുപ്രീം കോടതിയിലും ബഹു. ഹൈക്കോടതിയിലും വിവിധ ജില്ലാ കോടതികളിലും സബോർഡിനേറ്റ് കോടതികളിലുമായി ഖജനാവിൽനിന്നും ശമ്പളം നൽകി നിയമിച്ചിട്ടുള്ള സർക്കാർ അഭിഭാഷകരുടെ തസ്തികയും എണ്ണവും ഓരോ തസ്തികയ്ക്കും അനുവദിച്ചിട്ടുള്ള ശമ്പളവും മറ്റ് ആനുകൂല്യങ്ങളും സംബന്ധിച്ച പട്ടിക അനുബന്ധം III* ആയി ചേർത്തിട്ടുള്ളതാണ്.

(ഡി) ഇതേ കാലയളവിൽ സർക്കാർ അഭിഭാഷകർക്ക് ശമ്പളം, ആനുകൂല്യം, യാത്രാബത്ത, മെഡിക്കൽ അലവൻസുകൾ, മറ്റിനങ്ങൾ തുടങ്ങിയ ഇനങ്ങളിലായി സർക്കാർ ഖജനാവിൽനിന്നും ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

ടി കാലയളവിൽ ഹൈക്കോടതിയിലെ സർക്കാർ അഭിഭാഷകർക്ക് അലവൻസുകൾ ഉൾപ്പെടെ നൽകിയ ശമ്പളം 79,53,02,809 രൂപയും യാത്രാബത്ത ഇനത്തിൽ ചെലവഴിച്ച തുക 5,48,776 രൂപയുമാണ്. മെഡിക്കൽ അലവൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ലാത്തതാണ്. ടി കാലയളവിൽ വിവിധ ജില്ലാ കോടതികളിലും സബോർഡിനേറ്റ് കോടതികളിലും നിയമിച്ചിട്ടുള്ള സർക്കാർ അഭിഭാഷകർക്ക് അലവൻസുകൾ ഉൾപ്പെടെ നൽകിയ ശമ്പളം 62,59,04,374 രൂപയും യാത്രാബത്ത ഇനത്തിൽ ചെലവഴിച്ച തുക 59,539 രൂപയുമാണ്. മെഡിക്കൽ അലവൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ലാത്തതാണ്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## നിയമ വകുപ്പിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ

146 (531) <u>ശ്രീമതി കെ. കെ. രമ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമ വകുപ്പിൽ തീർപ്പാക്കാതെ കെട്ടികിടക്കുന്ന ഫയലുകളുടെ എണ്ണം കൂടിക്കൊണ്ടിരിക്കുകയാണ് എന്നുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മറ്റു വകുപ്പുകളിൽനിന്നും നിയമോപദേശം തേടി അയയ്ക്കുന്ന ഫയലുകൾ ആണോ ഇപ്രകാരം നിയമ വകുപ്പിൽ കെട്ടിക്കിടക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ നിയമ വകുപ്പിൽനിന്നുള്ള തീർപ്പ് യഥാസമയം ലഭിക്കാത്തതുമൂലം മറ്റു വകുപ്പുകളിലും കെട്ടികിടക്കുന്ന ഫയലുകളുടെ എണ്ണം വർദ്ധിക്കുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കാമോ?

(ബി&സി) നിയമോപദേശം ആവശ്യപ്പെട്ടുവരുന്ന ഫയലുകൾ കാലതാമസം കൂടാതെ തന്നെ അതാത് ഭരണ വകുപ്പുകൾക്ക് തിരികെ നൽകാറുണ്ട്.

(ഡി) നിയമ വകുപ്പിൽ തീർപ്പുകൽപ്പിക്കാതെ നിലവിലുള്ള ഫയലുകളുടെ എണ്ണം എത്രയാണെന്ന് അറിയിക്കുമോ?

എല്ലാ സെക്ഷനുകളുടെയും ഫയലുകൾ ഉൾപ്പെടെ 2021 ആഗസ്റ്റ് 31 വരെ 2446 ഫയലുകളാണ് നിയമ വകുപ്പിൽ തീർപ്പാക്കാനുള്ളത്.

(ഇ) എങ്കിൽ ഈ ഫയലുകളിൽ അടിയന്തര തീർപ്പ് ഉണ്ടാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്ന് അറിയിക്കുമോ?

ഫയലുകൾ വേഗത്തിലും അടിയന്തരമായും തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## കേരള റബ്ബർ ലിമിറ്റഡിന്റെ പ്രവർത്തനം

147 (532) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൂല്യ വർദ്ധിത റബ്ബർ ഉല്പന്നങ്ങളുടെ പ്രോത്സാഹനത്തിനായി 'കേരള റബ്ബർ ലിമിറ്റഡ്' എന്ന കമ്പനി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

സംസ്ഥാനത്ത് മൂല്യ വർദ്ധിത റബ്ബർ ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിനായി കേരള റബ്ബർ ലിമിറ്റഡ് എന്ന ഒരു കമ്പനി രൂപീകരിച്ചിട്ടുണ്ട്. ഉയർന്ന വളർച്ചാ നിരക്ക്, പ്രകൃതിദത്ത റബ്ബറിന്റെ (എൻ.ആർ.) ഉയർന്ന ഉപഭോഗം, കയറ്റുമതിയുടെ കൂടുതൽ സാദ്ധ്യത, ഉയർന്ന പ്രവർത്തന മാർജിൻ തുടങ്ങിയ ഘടകങ്ങൾ കണക്കിലെടുത്ത് ഉൽപ്പാദിപ്പിക്കപ്പെടേണ്ട റബ്ബർ അധിഷ്ഠിത ഉൽപ്പന്നങ്ങൾ കണ്ടെത്തി മൂല്യവർദ്ധന സംരംഭങ്ങളുടെ വ്യവസായം പ്രോത്സാഹിപ്പിക്കുകയും ത്വരിതപ്പെടുത്തുകയുമാണ് കേരള റബ്ബർ ലിമിറ്റഡിന്റെ പ്രവർത്തനോദ്ദേശ്യം. പ്രകൃതിദത്ത റബ്ബറിന്റെ മൂല്യവർദ്ധനവ് സുഗമമാക്കുക, റബ്ബർ കർഷകർക്ക് മെച്ചപ്പെട്ട വില സാക്ഷാത്കാരം ഉറപ്പാക്കുക എന്നിവ ലക്ഷ്യമിട്ടാണ് കെ.ആർ.എൽ.-ന് രൂപം നൽകിയിരിക്കുന്നത്.

(ബി) പ്രസ്തുത കമ്പനി എവിടെയാണ് സ്ഥാപിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ?

പ്രസ്തുത കമ്പനിയുടെ പ്രവർത്തനങ്ങൾക്ക് കോട്ടയം ജില്ലയിലെ വെള്ളൂരിൽ സർക്കാർ കമ്പനി ബോർഡിൽനിന്നും ലേലത്തിൽ ഏറ്റെടുത്ത ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റിലെ ഭൂമിയിൽനിന്ന് ആവശ്യമായ സ്ഥലം നൽകാമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

### കാരപ്പുറത്ത് നിലമ്പൂർ താലൂക്ക് കോ-ഓപ്പറേറ്റീവ് പ്രസ്സ്

148 (533) <u>ശ്രീ. പി. വി. അൻവർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിലെ മൂത്തേടം പഞ്ചായത്ത് പരിധിയിലെ കാരപ്പുറത്തുള്ള നിലമ്പൂർ താലൂക്ക് കോ-ഓപ്പറേറ്റീവ് പ്രസ്സ് (എൻ.ഐ.ടി.സി.ഒ.) എന്ന സഹകരണ സംഘം വ്യവസായ വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാമോ; ഉണ്ടെങ്കിൽ ടി സംഘത്തിന് അനുമതി നൽകിയ വർഷമടക്കമുള്ള വിവരങ്ങളും രേഖകളുടെ പകർപ്പും ലഭ്യമാക്കുമോ?

നിലമ്പൂർ താലൂക്ക് പ്രിന്റിംഗ് ആൻഡ് ബുക്ക് ബൈൻഡിംഗ് വ്യവസായ സഹകരണ സംഘം ലിമിറ്റഡ് നമ്പർ. SIND (M) 148, കാരപ്പുറം, മലപ്പുറം ജില്ല എന്ന സംഘം 6-10-2004-ൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംഘം രജിസ്ട്രേഷൻ നടന്നതിന്റെ കാറ്റഗറിക്കൽ സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർക്കുന്നു*.

(ബി) ടി സഹകരണ സംഘത്തിന്റെ പ്രസിഡന്റ്, ഡയറക്ടർ ബോർഡ് അംഗങ്ങൾ, സെക്രട്ടറി എന്നിവർ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ; സംഘത്തിന്റെ നിയമാവലിയുടെയും മെമ്മോറാണ്ടം ഓഫ് അസോസിയേഷന്റെയും പകർപ്പ് ലഭ്യമാക്കാമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംഘത്തിന് നിലവിൽ ഭരണസമിതിയില്ല. സംഘത്തിന്റെ നിയമാവലിയുടെയും ഓഡിറ്റ് മെമ്മോറാണ്ടത്തിന്റേയും പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു*.

(സി) ടി സഹകരണ സംഘം വ്യവസായ വകുപ്പിന് കീഴിൽ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ; പ്രവർത്തിക്കുന്നില്ലെങ്കിൽ എന്നാണ് പ്രവർത്തനം നിർത്തിയതെന്നും കാരണവും വിശദമാക്കാമോ?

സംഘം നിലവിൽ പ്രവർത്തിക്കുന്നില്ല. ലാഭകരമല്ലാത്തതിനാൽ 2007-08 സാമ്പത്തിക വർഷത്തിനുശേഷം പ്രവർത്തനം നിലച്ച അവസ്ഥയിലാണ്.

(ഡി) ടി സംഘത്തിന് വ്യവസായ വകുപ്പിൽനിന്നും എന്തെങ്കിലും വായ്പ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അനുവദിച്ച വർഷം, വായ്പാ തുക, തിരിച്ചടവ് തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കാമോ?

ഇല്ല.

(ഇ) ടി സ്ഥാപനം എത്ര തുകയാണ് പൊതുജനങ്ങളിൽനിന്ന് ഓഹരി ഇനത്തിൽ പിരിച്ചെടുത്തതെന്നും ടി സംഘത്തിൽ ഏതെല്ലാം സഹകരണ സംഘങ്ങൾക്ക് എത്ര രൂപയുടെ ഓഹരിയുണ്ടെന്നും സ്ഥാപനത്തിന്റെ സ്ഥാവര ജംഗമ ആസ്തികൾ എത്രയെന്നും വ്യവസായ വകുപ്പിൽ ഇതിന്റെ രേഖ ഉണ്ടോയെന്നും അറിയിക്കാമോ?

സംഘം പൊതുജനങ്ങളിൽനിന്നും ഓഹരിയിനത്തിൽ 12,09,000 രൂപ പിരിച്ചെടുത്തിട്ടുണ്ട്.

**ഭെൽ - ഇ.എം.എൽ. ഏറ്റെടുത്ത് തുറക്കാൻ നടപടി**

149 (534) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ വിൽക്കാൻവെച്ച ഭെൽ-ഇ.എം.എൽ. ഏറ്റെടുത്ത് തുറക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇതുമൂലം സർക്കാരിനുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത എത്രയാണെന്ന് വിശദമാക്കാമോ?

ഭെൽ-ഇ.എം.എൽ.-നെ ഏറ്റെടുത്തതിലൂടെ കേരള സർക്കാരിന് 77 കോടിയോളം രൂപയുടെ സാമ്പത്തിക ബാധ്യതയാണ് വരുന്നത്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഈ സ്ഥാപനം കെല്ലിൽ തന്നെ നിലനിർത്തി പ്രവർത്തനാനുമതി നൽകുന്നതിനാണോ വകുപ്പ് തീരുമാനിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ?

പുതിയ കമ്പനി കേരള ഇലക്ട്രിക്കൽസ് ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിന്റെ സബ്സിഡിയറി യൂണിറ്റായി പ്രവർത്തിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണിച്ചുവരികയാണ്. കമ്പനിയുടെ പുനരുദ്ധാരണ പാക്കേജ് നടപ്പാക്കുന്ന മുറയ്ക്ക് ഇതുമായി ബന്ധപ്പെട്ട മറ്റ് തീരുമാനങ്ങൾ എടുക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**കേരള റബ്ബർ ലിമിറ്റഡിന്റെ പ്രവർത്തനം**

150 (535) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള റബ്ബർ ലിമിറ്റഡ് എന്ന കമ്പനിയുടെ പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദമാക്കാമോ?

സംസ്ഥാനത്ത് റബ്ബർ മൂല്യവർദ്ധന ലക്ഷ്യമാക്കി സംസ്ഥാന സർക്കാർ കേരള റബ്ബർ ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ച് പ്രവർത്തനമാരംഭിച്ച് വരുന്നു. ഉയർന്ന വളർച്ചാ നിരക്ക്, പ്രകൃതിദത്ത റബ്ബറിന്റെ (എൻ.ആർ.) ഉയർന്ന ഉപഭോഗം, മികച്ച കയറ്റുമതി സാദ്ധ്യത, ഉയർന്ന പ്രവർത്തന മാർജിൻ തുടങ്ങിയ ഘടകങ്ങൾ കണക്കിലെടുത്ത് തെരഞ്ഞെടുക്കുന്ന മൂല്യവർദ്ധിത റബ്ബർ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുകയും വ്യവസായം ത്വരിതപ്പെടുത്തുകയുമാണ് കേരള റബ്ബർ ലിമിറ്റഡിന്റെ പ്രവർത്തനോദ്ദേശ്യം. പ്രകൃതിദത്ത റബ്ബറിന്റെ മൂല്യവർദ്ധനവ് സുഗമമാക്കുക, റബ്ബർ കർഷകർക്ക് മെച്ചപ്പെട്ട വില സാക്ഷാത്കാരം ഉറപ്പാക്കുക എന്നിവ ലക്ഷ്യമിട്ടാണ് കെ.ആർ.എൽ. ആരംഭിക്കുന്നത്. റബ്ബർ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി കമ്പനിയുടെ കീഴിൽ ലോകോത്തര നിലവാരത്തിലുള്ള നിർമ്മാണ സൗകര്യങ്ങൾ സ്ഥാപിക്കുവാനും ഉദ്ദേശിക്കുന്നു.

(ബി) പ്രസ്തുത കമ്പനിയുടെ പ്രവർത്തനം ഇരിക്കൂർ നിയോജക മണ്ഡലത്തിൽ കൂടി വ്യാപിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഈ മണ്ഡലത്തിൽ റബ്ബർ അധിഷ്ഠിത ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

(ബി&സി) കേരള റബ്ബർ ലിമിറ്റഡ് എന്ന സ്ഥാപനം കേരളത്തിലാകെയുള്ള റബ്ബർ കർഷകർക്ക് വേണ്ടിയുള്ളതാണ്. പ്രകൃതിദത്ത റബ്ബറിന്റെ മൂല്യവർദ്ധനവ് സുഗമമാക്കുക, റബ്ബർ കർഷകർക്ക് മെച്ചപ്പെട്ട വില സാക്ഷാത്കാരം ഉറപ്പാക്കുകക എന്നിവ ലക്ഷ്യമിട്ടാണ് കെ.ആർ.എൽ. ആരംഭിക്കുന്നത്. പ്രസ്തുത കമ്പനിയുടെ പ്രവർത്തനം റബ്ബർ അധിഷ്ഠിത ചെറുകിട വ്യവസായ സംരംഭങ്ങൾ കേരളത്തിലുടനീളം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയുള്ളതാണ്.

**കോഴിക്കോട് ജില്ലയിലെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ**

151 (536) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ പൊതുമേഖലയിൽ ഏതെല്ലാം വ്യവസായ സ്ഥാപനങ്ങളാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കുമോ?

കോഴിക്കോട് ജില്ലയിൽ വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) ഇവയിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവ ഏതൊക്കെ എന്ന് വിശദമാക്കാമോ?

ഇവയിൽ സിഡ്കോ ടൂൾ റൂം (സിഡ്കോയുടെ യൂണിറ്റ്), കേരള സോപ്പ് (കെ.എസ്.ഐ.ഇ.-യുടെ യൂണിറ്റ്) എന്നിവ ലാഭത്തിൽ പ്രവർത്തിക്കുന്നു.

(സി) ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ സിഡ്കോ ടൂൾ റൂം പുനരുദ്ധരിക്കുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സിഡ്കോയുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി ഭാവി പ്രവർത്തനം മുന്നിൽ കണ്ടുകൊണ്ട് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ ഒളവണ്ണയിൽ പ്രവർത്തിക്കുന്ന സിഡ്കോയുടെ യൂണിറ്റായ ടൂൾ റൂമിന്റെ ആധുനികവത്ക്കരണവും നവീകരണ വിപുലീകരണ പദ്ധതികളും ഉൾപ്പെടുന്നു.

**പൊതുമേഖലാ സ്ഥാപനങ്ങളിലെ സ്ക്രാപ്പ് വിൽപ്പന**

152 (537) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ കഴിഞ്ഞ 5 വർഷങ്ങളിൽ സ്ക്രാപ്പ് വിൽപ്പന നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) എങ്കിൽ ഇതുവഴി എത്ര രൂപയുടെ വരുമാനം ഓരോ സ്ഥാപനത്തിനും ലഭിച്ചിട്ടുണ്ട് എന്നതിന്റെ വിശദമായ കണക്ക് ലഭ്യമാക്കുമോ?

(എ&ബി) മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നു*.

**ബാംബൂ കോർപ്പറേഷൻ**

153 (538) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിലെ ബാംബൂ കോർപ്പറേഷന്റെ സബ്ഡിപ്പോ സ്ഥിരമായി തുറക്കാത്തതും ഈറ്റ വിതരണം ചെയ്യാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുവേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈറ്റ സുലഭമായി ലഭിക്കുന്നതിനുവേണ്ടി പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 17-8-2021-ലെ ഫോറസ്റ്റ് മാനേജ്മെന്റ് ഉത്തരവ് നമ്പർ പ്രൊ (4)-153002/2020 പ്രകാരം, ബാംബൂ കോർപ്പറേഷന് വനത്തിൽനിന്നും ഈറ്റ ശേഖരിക്കാൻ 1-9-2021 മുതൽ അനുവാദം നൽകിയിട്ടുണ്ട്. 19-9-2021 മുതൽ ഈറ്റത്തൊഴിലാളികൾ വനത്തിൽ കയറി ഈറ്റ വെട്ട് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഈറ്റയുടെ ലഭ്യത കുറവ് പരിഹരിച്ച് ഈറ്റ-പനമ്പ് നെയ്ത്ത് മേഖലയെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഈറ്റയുടെ ലഭ്യത കുറവ് പരിഹരിച്ച് ഈറ്റ-പനമ്പ് നെയ്ത്ത് മേഖലയെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി 19-9-2021 മുതൽ തൊഴിലാളികൾ വനത്തിൽനിന്ന് ഈറ്റ വെട്ട് ആരംഭിച്ചിട്ടുണ്ട്.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ**

154 (539) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം യഥാസമയം അവലോകനം നടത്തി അവയുടെ കാര്യക്ഷമതയും സുതാര്യതയും വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന യൂണിറ്റുകൾ ലാഭകരമാക്കുന്നതിന് ഫലപ്രദമായ ഇടപെടലുകൾ നടത്തുവാൻ സാധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ ഇടപെടലുകളാണ് നടത്തിയതെന്ന് വ്യക്തമാക്കാമോ?

(എ&ബി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മാസംതോറുമുള്ള റിപ്പോർട്ട് ശേഖരിച്ച് ക്രോഡീകരിച്ച് റിയാബ് മുഖേന അവലോകനത്തിന് വിധേയമാക്കി വരുന്നു. ടി സ്ഥാപനങ്ങളുടെ ഇന്റേണൽ ആഡിറ്റ് സംവിധാനവും സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിനായി ഉപയോഗപ്പെടുത്തി വരുന്നു. നഷ്ടത്തിൽ പ്രവർത്തിക്കുന്നത് ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖലയിൽ തന്നെ സംരക്ഷിച്ച് പ്രവർത്തനം കാര്യക്ഷമമായി നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾക്കാണ് ഈ സർക്കാർ മുൻഗണന നൽകി വരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും നിലവിലെ സ്ഥിതിയും ഭാവി പദ്ധതികളെ സംബന്ധിച്ചും മൊത്തത്തിൽ അവലോകനം ചെയ്യുകയുണ്ടായി. ഉൽപ്പാദന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആധുനികവത്ക്കരണം, വിപുലീകരണം, വൈവിദ്ധ്യവത്കരണം എന്നീ നയങ്ങൾ അവലംബിച്ചുകൊണ്ടുള്ള പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ്റ്റർ പ്ലാനുകൾ കമ്പനി തലത്തിൽ തയ്യാറാക്കുന്നതിനായി കമ്പനികളുടെ മാനേജിംഗ് ഡയറക്ടർമാർ ഉൾപ്പെടുന്ന കമ്മിറ്റികൾ രൂപീകരിച്ച് തയ്യാറാക്കിയ കരട് മാസ്റ്റർ പ്ലാനുകളുടെ അവതരണം മേഖലകൾ തിരിച്ച് അതാത് മാനേജിംഗ് ഡയറക്ടർമാർ അവതരിപ്പിച്ചു കഴിഞ്ഞു. കരട് മാസ്റ്റർ പ്ലാനുകളിന്മേൽ ഉന്നതതല നിർദ്ദേശങ്ങളും കമ്പനികളിലെ ഉദ്യോഗസ്ഥരുടെയും യൂണിയൻ പ്രതിനിധികളുടെയും വിദഗ്ദ്ധരുടേയും അഭിപ്രായങ്ങൾ പരിഗണിച്ചതിനുശേഷം മാസ്റ്റർ പ്ലാനുകൾ സർക്കാരിന് സമർപ്പിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. മാസ്റ്റർ പ്ലാൻ സർക്കാർ അംഗീകരിച്ചു കഴിഞ്ഞാൽ അതിനെ അടിസ്ഥാനമാക്കിയായിരിക്കും സ്ഥാപനങ്ങളുടെ വരും വർഷങ്ങളിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നത്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾ ലാഭകരമാക്കുന്നതിനും വിപണിയിൽനിന്നും നേരിടുന്ന കടുത്ത മത്സരം അതിജീവിക്കത്തക്കവിധത്തിൽ ഉൽപ്പാദന സേവന സംവിധാനങ്ങളിൽ കാലാനുസൃതമായ നവീകരണ പ്രവർത്തനങ്ങൾ നടത്തുവാനും സർക്കാർ പ്രത്യേക ശ്രദ്ധ നൽകി വരുന്നുണ്ട്. ഇതിനായി പ്രത്യേക സാമ്പത്തിക സഹായം ബഡ്ജറ്റിൽ വകയിരുത്തി നൽകി വരുന്നുണ്ട്. പ്രവർത്തനമൂലധനത്തിന് അപര്യാപ്തത നേരിടുന്ന സ്ഥാപനങ്ങൾക്കും പ്രത്യേകം തുക ബഡ്ജറ്റിൽ

വകയിരുത്തി നൽകുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നു. കൂടാതെ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ കൂടുതൽ കാര്യക്ഷമതയും സുതാര്യതയും ഉറപ്പുവരുത്തുന്നതിനായി അതാത് മേഖലകളിൽ വിദഗ്ധരായവരെ കമ്പനി മേധാവികളായി നിയമിക്കുന്നതിനും ഡയറക്ടർ ബോർഡുകളിൽ വിദഗ്ധരെ ഉൾപ്പെടുത്തി ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റേയും സുതാര്യമാക്കുന്നതിന്റേയും ഭാഗമായി നൂതന ഇലക്ട്രോണിക് ഗവേണൻസ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പൊതുമേഖലാ സ്ഥാപനമായ സിൽക്ക് നഷ്ടത്തിലാണോ ലാഭത്തിലാണോ ഇപ്പോൾ പ്രവർത്തിക്കുന്നതെന്ന് അറിയിക്കുമോ?

ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പൊതുമേഖലാ സ്ഥാപനമായ സിൽക്ക് ഫൗണ്ടറി യൂണിറ്റ് നഷ്ടത്തിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സിൽക്കിനെ ലാഭകരമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സിൽക്കിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും കൂടുതൽ ലാഭകരമാക്കുന്നതിനും താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിരുന്നു

1) എസ്.എഫ്.യു. ഫൗണ്ടറി യൂണിറ്റുകളുടെ ആധുനികവത്കരണത്തിനായി 6.30 കോടി രൂപ വകയിരുത്തിയതിൽ 1.68 കോടി രൂപ റിലീസ് ചെയ്തിട്ടുണ്ട്.

2) എസ്.എഫ്.യു. യൂണിറ്റിന്റെ ആധുനികവത്കരണത്തിനും അഴീക്കൽ യൂണിറ്റിലെ ഡ്രൈഡോക്കിംഗ് സ്ലിപ്പ് വേ പണിയുന്നതിനുമായി 7 കോടി 50 ലക്ഷം രൂപ വകയിരുത്തിയതിൽ 6 കോടി 75 ലക്ഷം രൂപ കമ്പനിക്ക് ലഭ്യമാക്കിയിട്ടുണ്ട്. 4 കോടി രൂപ എസ്.എഫ്.യു. യൂണിറ്റിനും അഴീക്കൽ യൂണിറ്റിന് 3.50 കോടി രൂപയും അനുവദിച്ചു. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

3) പുതിയ മെഷീനറികൾ വാങ്ങുന്നതിനും പഴയ മെഷീനറികളുടെ അപ്ഗ്രേഡേഷനുമായി 7 കോടി രൂപ വകയിരുത്തിയതിൽ 3 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കൂടാതെ വർക്കിംഗ് ക്യാപ്പിറ്റലായി 3 കോടി രൂപയും കമ്പനിക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇവ കൂടാതെ സിൽക്കിന്റെ ഉത്പാദന യൂണിറ്റുകളുടെ പ്രവർത്തനത്തെ ശക്തിപ്പെടുത്തുന്നതിനുവേണ്ടി നിലവിൽ Short term (2021-2023), Medium term (2023-2025), Long term (2025-2030) എന്നീ കാലയളവിലേയ്ക്കായി മാസ്റ്റർ പ്ലാൻ തയ്യാറാക്കി തുടർനടപടി സ്വീകരിച്ചു വരുന്നു.

## പൊതുമേഖലാ സ്ഥാപനങ്ങളിലെ എം.ഡി. നിയമനം

155 (540) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിൽ എം.ഡി. മാരെ നിയമിക്കുന്നതിനുള്ള പൊതു നിബന്ധനകൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ?

വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലെ എം.ഡി.മാരുടെ നിയമനത്തിനായി പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തന മേഖലയ്ക്കും സ്വഭാവത്തിനുമനുസരിച്ചുള്ള വിദ്യാഭ്യാസ യോഗ്യത, അഭികാമ്യ യോഗ്യത, പ്രവൃത്തി പരിചയം എന്നിവ നിജപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഒഴിവ് വരുന്ന മുറയ്ക്ക് പ്രസ്തുത യോഗ്യത നിശ്ചയിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് സഹിതം പ്രസ്തുത തസ്തികയിലേയ്ക്ക് അനുയോജ്യരായവരെ തെരഞ്ഞെടുത്ത് നൽകുന്നതിനായി കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡിനോട് (KPESB) അഭ്യർത്ഥിക്കുകയും അതിൻപ്രകാരം KPESB-യുടെ വെബ്സൈറ്റിൽ വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും പത്രമാധ്യമങ്ങൾ വഴി വ്യാപക പ്രചാരണം നൽകിക്കൊണ്ട് യോഗ്യരായവരുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കി, ഇന്റർവ്യൂ നടത്തി നിയമനത്തിന് അനുയോജ്യരായവരെ സംബന്ധിച്ച വിവരം സർക്കാരിൽ സമർപ്പിക്കുന്നു. വിജിലൻസ് ക്ലിയറൻസ് ലഭിച്ചതിനുശേഷം മന്ത്രിസഭാ യോഗത്തിന്റെ അംഗീകാരത്തോടെ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമിച്ച എം.ഡി.-മാരുടെ നിയമന രീതി നിബന്ധനകൾക്ക് വിധേയമാണോ എന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ എം.ഡി. തസ്തികകളിൽ വന്ന ഒഴിവുകളിൽ നിയമനം നടത്തിയിട്ടില്ല. ചില ഒഴിവുകളിൽ അധിക ചുമതല മാത്രമാണ് നൽകിയിട്ടുള്ളത്. നിലവിലുള്ള ഒഴിവുകളിലേയ്ക്ക് KPESB മുഖേന നിയമനം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണം

156 (541) <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ:</u>
<u>ശ്രീ. ഒ. ആർ. കേളു:</u>
<u>ശ്രീ. ജി. സ്റ്റീഫൻ:</u>
<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഏതെല്ലാം കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് സ്വകാര്യവൽക്കരിക്കുന്നതിന് തീരുമാനിച്ചിരിക്കുന്നതെന്ന്

അറിയിക്കാമോ; ഇവയുടെ വിൽപ്പനയ്ക്ക് മുമ്പ് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞിരുന്നോ; ഈ സ്ഥാപനങ്ങളിലെ സംസ്ഥാന സർക്കാരിന്റെ ആസ്തി (ഭൂമി നൽകിയതുൾപ്പെടെ) എത്രയാണ്; വിശദാംശങ്ങൾ നൽകാമോ;

(ബി) ഇത്തരം സ്ഥാപനങ്ങളിലെ സംസ്ഥാന സർക്കാരിന്റെ ആസ്തി തിരികെ നൽകാനോ നഷ്ടപരിഹാരം നൽകാനോ കേന്ദ്ര സർക്കാർ തയ്യാറായിട്ടുണ്ടോ;

(സി) പ്രസ്തുത വിൽപ്പനയിലൂടെ എത്ര കോടി രൂപയുടെ ആസ്തിയാണ് സംസ്ഥാന സർക്കാരിന് നഷ്ടമായതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവല്ക്കരിക്കുന്നതുമൂലം സംസ്ഥാനത്തിന്റെ വ്യവസായ പുരോഗതിയും പ്രസ്തുത സ്ഥാപനങ്ങളിൽ നേരിട്ടും പരോക്ഷമായും തൊഴിൽ ചെയ്തുവരുന്ന തൊഴിലാളികളെയും പ്രസ്തുത സ്ഥാപനങ്ങളെ ആശ്രയിച്ചുവരുന്ന അനുബന്ധ വ്യവസായ സ്ഥാപനങ്ങളുടെ നിലനിൽപ്പിനെയും സാരമായി ബാധിക്കുന്നതാണ്. സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, പാലക്കാട്, BHEL-EML, കാസർഗോഡ്, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ്, കോട്ടയം, BPCL, BEML എന്നീ സ്ഥാപനങ്ങൾ നീതി ആയോഗിന്റെ ശിപാർശ പ്രകാരം ഓഹരി വിറ്റഴിക്കാൻ കേന്ദ്ര സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനെതുടർന്ന് ഇവയെ പൊതുമേഖലയിൽതന്നെ നിലനിർത്തണമെന്നാവശ്യപ്പെട്ട് നിരവധി തവണ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. നീതി ആയോഗിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഓഹരികൾ വിറ്റഴിക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചതിന്റെ സാഹചര്യത്തിൽ കാസർഗോഡ് ജില്ലയിലെ ഭെൽ-ഇ.എം.എൽ. എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനം കേരള സർക്കാർ ഇതിനകം ഏറ്റെടുത്തുകൊണ്ട് മുഖ്യമന്ത്രി പ്രഖ്യാപനം നടത്തി. തുടർന്ന് കെൽ-ന്റെ സബ്സിഡിയറി യൂണിറ്റായി പ്രവർത്തനം ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 21-8-2020-ലെ G.O(Rt)No. 690/2020/ID പ്രകാരം കിൻഫ്ര സമർപ്പിച്ച 271.5 കോടി രൂപയുടെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് റെസല്യൂഷൻ പ്ലാൻ NCLT കൊച്ചി ബഞ്ച് അംഗീകരിച്ചതിനെതുടർന്ന് HNL സർക്കാർ ഏറ്റെടുക്കുകയും തുടർന്ന് 23-4-2021-ലെ G.O.(Rt)468/2021/ID പ്രകാരം വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, മാനേജിംഗ് ഡയറക്ടർ കിൻഫ്ര, വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറി എന്നിവരടങ്ങുന്ന ഒരു ഇടക്കാല ബോർഡ് രൂപീകരിക്കുകയുണ്ടായി. തുടർന്ന് 17-5-2021-ലെ G.O.(Rt)504/2021/ID പ്രകാരം ഒരു ടെക്നിക്കൽ കമ്മിറ്റിയും

18-6-2021-ലെ G.O.(Rt)571/2021/ID പ്രകാരം ഒരു സെർച്ച് കമ്മിറ്റിയും രൂപീകരിക്കുകയുണ്ടായി. തുടർന്ന് പുതുതായി രൂപീകരിച്ച ' Kerala Paper Products Limited' -ന് ഒരു സ്പെഷ്യൽ ഓഫീസറെ തെരഞ്ഞെടുക്കുകയും 9-9-2021-ന് നിയമനം നൽകുകയും ചെയ്തു. ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് പാലക്കാട് യൂണിറ്റിന്റെ ഓഹരികൾ വിറ്റഴിക്കാൻ കേന്ദ്രം തീരുമാനിച്ച സാഹചര്യത്തിൽ പ്രസ്തുത യൂണിറ്റ് ഏറ്റെടുക്കുന്ന കാര്യം കേരളം പരിഗണിക്കുകയും 20-7-2018-ലെ G.O.(Ms)No: 52/2018/ID പ്രകാരം ബുക്ക് മൂല്യത്തിന്റെ അടിസ്ഥാനത്തിൽ മൊത്ത ആസ്തി മൂല്യം (Net Asset Value) 53.02 കോടി രൂപയായി കണക്കാക്കി സ്ഥാപനം ഏറ്റെടുക്കാൻ ഉത്തരവായി. ഇതുസംബന്ധിച്ച് പരസ്പര ചർച്ചയ്ക്കുശേഷം തയ്യാറാക്കിയ കരട് MoU കേന്ദ്ര ക്യാബിനറ്റ് അംഗീകരിക്കുന്നതിനായി നൽകിയിട്ടും നാളിതുവരെ അനുകൂല പ്രതികരണം ഉണ്ടായിട്ടില്ല. അതിനിടെ പ്രസ്തുത സ്ഥാപനം നിലനിൽക്കുന്ന പാലക്കാട്ടെ ഭൂമിയുടെ വിലകൂടി Asset (ആസ്തി) ആയി കണക്കാക്കണം എന്ന നിലപാടാണ് കേന്ദ്ര തലത്തിൽ സ്വീകരിച്ചിരിക്കുന്നത്. കേരളം വ്യവസായ ആവശ്യത്തിനായി ഏറ്റെടുത്ത് സൗജന്യമായി നൽകിയ 123.12 ഏക്കർ ഭൂമിയുടെ വിലകൂടി നൽകണമെന്ന കേന്ദ്ര ആവശ്യം ഇക്കാര്യത്തിലുള്ള പുരോഗതി മന്ദീഭവിപ്പിച്ചു. ഇതു സംബന്ധിച്ച് വിവിധ കത്തുകളിലൂടെ കേരളത്തിന്റെ സമീപനം ബോധ്യപ്പെടുത്തിയിരിക്കുകയാണ്. ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡ്, പാലക്കാട് കേന്ദ്ര സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ളതാണ്. 2010 മേയ് മാസം മുതൽ പ്രവർത്തിച്ചുവരുന്ന ഈ സ്ഥാപനത്തിന്റെ Rolling Stock Manufacturing Unit സ്ഥാപിക്കുന്നതിനായി 1000 ഏക്കർ ഭൂമി അനുവദിക്കണമെന്ന് കേന്ദ്രസർക്കാർ അഭ്യർത്ഥിച്ചതനുസരിച്ച് 374 ഏക്കർ ഭൂമി കുറഞ്ഞ നിരക്കിലുള്ള പാട്ട വ്യവസ്ഥയിൽ 'കിൻഫ്ര' മുഖാന്തരം നൽകിയിട്ടുണ്ട്. ഇതിൽ 170 ഏക്കർ ഭൂമി അതിന്റെ വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചുവരുന്നു. ആഗോള ടെണ്ടറുകൾ വഴി ധാരാളം ഓർഡറുകൾ ലഭിക്കുന്ന പൊതുമേഖലാ സ്ഥാപനമാണ് BEML. ദേശീയ സുരക്ഷ കണക്കിലെടുത്ത് കമ്പനിയെ പൊതുമേഖലാ യൂണിറ്റായി നിലനിർത്തേണ്ടതുണ്ട്. അത്തരമൊരു ലാഭമൊരുക്കലിന്റെയും തന്ത്രപരമായി പ്രധാനപ്പെട്ട കമ്പനി ഷെയറുകളുടെയും ഓഹരികൾ വിറ്റഴിക്കരുതെന്ന നിരന്തരമായ ആവശ്യങ്ങൾ വിവിധ തലങ്ങളിൽ ഉയർന്ന സാഹചര്യം കണക്കിലെടുത്ത് 2016 ഒക്ടോബറിൽ, ഈ ദിശയിലേയ്ക്കുള്ള മുൻനീക്കം മുന്നോട്ടുപോയിട്ടില്ല. എങ്കിലും 5-1-2021-ൽ ബഹു. പ്രധാനമന്ത്രിക്ക് മുകളിൽ പറഞ്ഞ വസ്തുതകളും സാഹചര്യങ്ങളും ഓർമ്മപ്പെടുത്തി ഈ പൊതുമേഖലാ സ്ഥാപനം സ്വകാര്യവത്ക്കരിക്കരുതെന്ന്

ആവശ്യപ്പെട്ട് ബഹു. മുഖ്യമന്ത്രി കത്ത് അയച്ചിട്ടുണ്ട്. രാജ്യത്തെ ഏറ്റവും വലിയ പെട്രോളിയം കമ്പനിയും മഹാരത്ന പദവിയുമുള്ള ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (ബി.പി.സി.എൽ.) കേന്ദ്ര സർക്കാർ സ്വകാര്യവൽക്കരിക്കപ്പെടുന്നവയുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബി.പി.സി.എൽ. കൊച്ചി റിഫൈനറി സ്വകാര്യവല്ക്കരിക്കാനുള്ള നീക്കത്തിൽനിന്ന് പിന്മാറണമെന്ന് ബഹു. മുഖ്യമന്ത്രിയുടെ 17-10-2019, 18-3-2020 എന്നീ തീയതികളിലെ കത്തുകളിലൂടെ ബഹു.പ്രധാനമന്ത്രിയോടും ബഹു. കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിയോടും ആവശ്യപ്പെട്ടിരുന്നു. കൊച്ചി റിഫൈനെറിയുടെ സ്വകാര്യവത്കരണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ തീരുമാനത്തിനെതിരെ ദേശീയ താല്പര്യവും സംസ്ഥാനത്തിന്റെ പ്രത്യേക താല്പര്യവും കണക്കിലെടുത്ത് കമ്പനിയെ പൊതുമേഖലയിൽതന്നെ നിലനിർത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും നിർദ്ദിഷ്ട ഓഹരി വിറ്റഴിക്കൽ നടപടികളിൽനിന്നും കേന്ദ്ര സർക്കാർ അടിയന്തരമായി പിന്മാറേണ്ടതുണ്ടെന്നും ആവശ്യപ്പെട്ടുകൊണ്ട് 2019 നവംബർ 19-ാം തീയതി കേരള നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കിയിട്ടുള്ളതും ആയത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതുമാണ്.

## പൊതുമേഖലാ സ്ഥാപനമായ സ്റ്റീൽ ഇൻഡസ്ട്രിയൽസ് ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾ

157 (542) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ സ്റ്റീൽ ഇൻഡസ്ട്രിയൽസ് ലിമിറ്റഡ് കേരളയ്ക്ക് പേരാമ്പ്ര മണ്ഡലത്തിലെ ചെമ്പനോട് കുറത്തിപ്പാറ എന്ന സ്ഥലത്ത് ഒരു സ്റ്റീൽപാലം പണിയുന്നതിനായി എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും 99 ലക്ഷം രൂപ അനുവദിച്ച് പ്രത്യേക അനുമതി ലഭിച്ചിരുന്നോ?

ലഭിച്ചിട്ടുണ്ട്.

(ബി) ഇതനുസരിച്ച് പ്രസ്തുത സ്ഥാപനം എന്തൊക്കെ നടപടിയാണ് സ്വീകരിച്ചത്; വ്യക്തമാക്കാമോ?

പേരാമ്പ്ര മണ്ഡലത്തിലെ ചെമ്പനോട കുറത്തിപ്പാറ എന്ന സ്ഥലത്ത് ഒരു സ്റ്റീൽ പാലം പണിയുന്നതിനായി സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിന്റെ മേൽനോട്ടത്തിൽ മണ്ണ് പരിശോധന നടത്തേണ്ടതുണ്ട്. അതിനു ശേഷം സ്ട്രക്ചറൽ ഡിസൈനിംഗ് നടത്തി സാങ്കേതിക അനുമതി എടുത്തതിനുശേഷം അടിയന്തിരമായി ടെണ്ടർ നടപടി സ്വീകരിക്കുന്നതാണ്.

(സി) ഈ പ്രവൃത്തിക്ക് അനുമതി ലഭിച്ചിട്ട് എത്ര കാലമായി എന്ന് വ്യക്തമാക്കാമോ?

15-2-2021-ലെ സ.ഉ(സാധാ) നമ്പർ 110/2021/ജ.വി.വ. പ്രകാരം അനുമതി നൽകിയിട്ട് എകദേശം 8 മാസത്തോളം കാലമായിട്ടുണ്ട്.

(ഡി) ഇതുവരെ ഏതൊക്കെ പ്രവൃത്തികൾ പൂർത്തിയാക്കിയെന്ന് വ്യക്തമാക്കുമോ?

സ്റ്റീൽ പാലം പണിയുന്നതിനായി നടത്തി വരുന്ന മണ്ണ് പരിശോധന ഉടനടി പൂർത്തിയാകുന്നതാണ്.

(ഇ) പ്രവൃത്തി ഇതുവരെ ആരംഭിച്ചിട്ടില്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

കോവിഡിനെ തുടർന്ന് ഏർപ്പെടുത്തിയ ലോക്ക്ഡൗൺമൂലവും ശക്തമായ മഴയെ തുടർന്ന് പുഴയിലെ കുത്തൊഴുക്ക് കൂടിയത് കാരണവും മണ്ണ് പരിശോധന സമയബന്ധിതമായി ആരംഭിക്കുവാൻ സാധിച്ചിരുന്നില്ല.

**പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ നവീകരണം**

158 (543) <u>ശ്രീ. റോജി എം. ജോൺ</u>: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ നവീകരിക്കുന്നതിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും നിലവിലെ സ്ഥിതിയും ഭാവി പദ്ധതികളെ സംബന്ധിച്ചും മൊത്തത്തിൽ അവലോകനം ചെയ്യുകയുണ്ടായി. മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാൻ മേഖല തിരിച്ച് കമ്പനികളുടെ മാനേജിംഗ് ഡയറക്ടർമാർ ഉൾപ്പെടുന്ന കമ്മിറ്റികൾ രൂപീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കമ്പനികൾ കരട് മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. കരട് മാസ്റ്റർ പ്ലാനുകളിന്മേൽ തേടിയ ഉന്നതതല നിർദ്ദേശങ്ങളും കമ്പനികളിലെ ഉദ്യോഗസ്ഥരുടെയും യൂണിയൻ പ്രതിനിധികളുടെയും അഭിപ്രായങ്ങളും പരിഗണിച്ചതിനുശേഷം അതാത് മേഖലകളിലെ വിദഗ്ദ്ധർ അടങ്ങുന്ന ഒരു സമിതിയുടെ മുൻപാകെ വിദഗ്ദ്ധ പരിശോധനയ്ക്കായി നൽകിയിട്ടുണ്ട്. വിദഗ്ദ്ധ സമിതിയുടെ പരിശോധനയ്ക്കുശേഷം കമ്പനികളുടെ മാസ്റ്റർ പ്ലാനുകൾ സർക്കാരിൽ സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. ഈ മാസ്റ്റർ പ്ലാനുകൾ സർക്കാർ അംഗീകരിക്കുന്നതിന്റെ അടിസ്ഥാനത്തിലായിരിക്കും സ്ഥാപനങ്ങളുടെ വരും വർഷങ്ങളിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നത്.

## വ്യവസായ മേഖലകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് നടപടി

159 (544) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ മേഖലകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് വ്യവസായ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

വ്യവസായ വാണിജ്യ വകുപ്പിനുകീഴിൽ വയനാട് ഒഴികെയുള്ള എല്ലാ ജില്ലകളിലും വ്യവസായ എസ്റ്റേറ്റുകൾ നിലവിലുണ്ട്. ടി എസ്റ്റേറ്റുകളിൽ അടിസ്ഥാന സൗകര്യങ്ങളായ റോഡ്, ജലം, ചുറ്റുമതിൽ, ഗേറ്റ്, മാലിന്യ സംസ്കരണ പ്ലാന്റ് എന്നീ അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ എസ്റ്റേറ്റുകളിലെ അറ്റകുറ്റപ്പണികൾ, പുനർനിർമ്മാണം എന്നിവയ്ക്കായി ഓരോ സാമ്പത്തിക വർഷത്തെയും ബഡ്ജറ്റ് വിഹിതമായി തുക വകയിരുത്തുകയും നിർമ്മാണ പ്രവർത്തനങ്ങൾ ഭരണാനുമതിക്ക് വിധേയമായി നടപ്പിലാക്കി വരികയും ചെയ്യുന്നുണ്ട്. നടപ്പുസാമ്പത്തിക വർഷത്തിൽ ഇതിനായി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനമായ സിഡ്കോയുടെ ഉടമസ്ഥതയിലുള്ള വ്യവസായ എസ്റ്റേറ്റുകളിൽ പ്രവർത്തിക്കുന്ന 1462 വ്യവസായ യൂണിറ്റുകൾക്ക് റോഡ്, വൈദ്യുതി, വെള്ളം എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലുള്ളതും സിഡ്കോയുടെ കീഴിലുള്ളതുമായ പാർക്കുകൾ ആധുനികവൽക്കരിക്കുന്നതിന് ആവശ്യമായ സമഗ്രമായ പദ്ധതി പരിഗണനയിലുണ്ട്. വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനമായ കിൻഫ്രയുടെ നേതൃത്വത്തിൽ വ്യവസായ മേഖലയുടെ വികസനത്തിനായി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ നിലവിലുണ്ട്. കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി, കൊച്ചി, എറാണാകുളം പെട്രോ കെമിക്കൽ പാർക്ക്, എറാണാകുളം മെഗാഫുഡ് പാർക്ക്, പാലക്കാട് ഡിഫെൻസ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട് ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, എറണാകുളം. ഐ.ടി / ഐ.ടി. അധിഷ്ഠിത പ്രത്യേക സാമ്പത്തിക മേഖല, കിൻഫ്ര ഫിലിം ആൻഡ് വീഡിയോ പാർക്ക്, തിരുവനന്തപുരം, രണ്ടാം ഘട്ടം, ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, കാക്കഞ്ചേരി, മലപ്പുറം, കിൻഫ്ര വ്യവസായ പാർക്ക്, മട്ടന്നൂർ, സ്പൈസസ് പാർക്ക്, ഇടുക്കി ഇൻറഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്ക്, ആലപ്പുഴ & പാലക്കാട് വ്യവസായ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികളിൽ ജലം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത മേഖലകളിലെ ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിന് വകുപ്പ് കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഓരോ വ്യവസായ എസ്റ്റേറ്റിലെയും ഗതാഗത സൗകര്യത്തിന്റെ അധിക ആവശ്യകത പരിശോധിച്ച് അറ്റകുറ്റപ്പണി/പുനർനിർമ്മാണം പൊതുമരാമത്ത് വകുപ്പ്, അംഗീകൃത സർക്കാർ സ്ഥാപനങ്ങൾ എന്നിവ മുഖേന എസ്റ്റിമേറ്റ് തയ്യാറാക്കി നടത്തിവരുന്നു. സിഡ്കോയുടെ ഉടമസ്ഥതയിലുള്ള ഉള്ളൂർ, ഒലവക്കോട്, വെസ്റ്റ്ഹിൽ, കടലുണ്ടി, പാലയാട്, ഒല്ലൂർ എന്നീ എസ്റ്റേറ്റുകളിലെ റോഡുകൾ ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്.

**സംസ്ഥാനത്തിന്റെ പുതിയ വ്യവസായ നയം സംബന്ധിച്ച്**

160 (545) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പുതിയ വ്യവസായ നയം വ്യക്തമാക്കുമോ;

(ബി) ഇതുപ്രകാരം വ്യവസായ സംരംഭകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭ്യമാക്കുകയെന്ന് അറിയിക്കുമോ?

(എ&ബി) കേരളത്തെ പരിസ്ഥിതി സൗഹൃദ രീതിയിൽ ശക്തമായ നിക്ഷേപക സംസ്ഥാനമാക്കി ഒപ്പം വാണിജ്യ രംഗത്ത് ഒരു കുതിച്ചുചാട്ടവും ഉണ്ടാക്കി ന്യായമായ വേതനം ലഭിക്കുന്ന തൊഴിലവസരങ്ങൾ വൻതോതിൽ സൃഷ്ടിച്ച് സാമൂഹ്യ പ്രതിബദ്ധതയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് സുഗമമായി വ്യവസായം നടത്തുകയും അതിലൂടെ സമഗ്ര സാമ്പത്തിക പുരോഗതി കൈവരിക്കുകയും രാജ്യത്തെ ആദ്യ സംസ്ഥാനങ്ങളിലൊന്നായി സംസ്ഥാനത്തെ ഉയർത്തുകയും ചെയ്യുക എന്നതാണ് നിലവിലുള്ള വ്യവസായ നയത്തിന്റെ വീക്ഷണം. കേരളത്തിന്റെ സാമ്പത്തിക വളർച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനവുമായി ബന്ധപ്പെട്ടതാണ്. ഈ മേഖലയിൽ ഉൽപാദനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്ക് ആവശ്യമായ വിവിധ സേവനങ്ങളും ഉപദേശങ്ങളും നൽകുന്ന സംവിധാനം എന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിക്കൊണ്ടിരിക്കുന്നു. സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകുകയും വ്യവസായം തുടങ്ങാൻ ആവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകുകയും വഴി കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റികൊണ്ടിരിക്കുന്നു. ഏകജാലക സംവിധാനം (Single Window Clearance) കേരളത്തിലെ വ്യാവസായിക അന്തരീക്ഷം ഊർജ്ജവത്ക്കരിക്കുന്നതിന് വിവിധ പദ്ധതികൾക്ക് കേരള സർക്കാർ രൂപം

നൽകിയിട്ടുണ്ട്. കേരളത്തിലെ വ്യാവസായിക അന്തരീക്ഷം ഉയർത്തുന്നതിനും വ്യാവസായിക വളർച്ച നേടുന്നതിനും നിക്ഷേപകരെ ആകർഷിക്കുന്നതിനും നയങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ നോഡൽ ഏജൻസിയായും വിവിധ വകുപ്പുകളെ ഏകോപിപ്പിക്കുന്നതിനായും കെ.എസ്.ഐ.ഡി.സി. പ്രവർത്തിക്കുന്നു. ദി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട് 2018 നിയമമാക്കിയതിലൂടെ കേരളത്തിലെ വ്യാവസായിക മേഖലയിൽ ഒരു പുത്തനുണർവ് സൃഷ്ടിച്ചു. ഈ നിയമപ്രകാരം സ്വയം സർട്ടിഫിക്കേഷൻ, ഓട്ടോ റെന്യൂവൽസ്, വിവേചനാധികാരങ്ങളുടെ പരിഷ്കരണം, ലൈസൻസുകൾ, പെർമിറ്റുകൾ, അംഗീകാരങ്ങൾ നൽകുന്നതിനുള്ള സമയപരിധി കുറയ്ക്കൽ, സപ്പോർട്ടിംഗ് ഡോക്യുമെന്റ്സിന്റെ എണ്ണം കുറയ്ക്കൽ, തേർഡ് പാർട്ടി സർട്ടിഫിക്കേഷൻ തുടങ്ങിയവയുടെ അംഗീകാരം സിംഗിൾ വിൻഡോ ക്ലിയറൻസിലൂടെ ലഭിക്കും. 10 കോടി രൂപ വരെ മൂലധന നിക്ഷേപമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ ലൈസൻസ്, അനുമതി, പെർമിറ്റ് മുതലായ വിഭാഗങ്ങൾക്കായുള്ള റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്തതുമായ എല്ലാ പദ്ധതികൾക്കും ദി കേരള മൈക്രോ സ്മാൾ മീഡിയം എന്റർപ്രൈസസ് ഫെസിലിറ്റേഷൻ ആക്ട് 2019 പ്രകാരം മൂന്ന് വർഷത്തേയ്ക്ക് അംഗീകാരം ലഭിക്കും. 2020 ജനുവരി 20-ന് ഈ പദ്ധതി പ്രഖ്യാപിച്ചത് മുതൽ 10,622 അപേക്ഷകളിൽ ഇത്തരത്തിൽ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. ഇതിലൂടെ 2,036 കോടി രൂപയുടെ നിക്ഷേപം ലഭ്യമായി. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിലൂടെ (EoDB) സമയബന്ധിതമായി ക്ലിയറൻസ് ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേർണൽ ട്രേഡ് (DPIIT) റാങ്ക് നിശ്ചയിക്കുന്നത്. കേരളത്തിൽ സംരംഭകർക്ക് ആവശ്യമായ ലൈസൻസ് റിന്യൂവൽ/അപ്രൂവൽ തുടങ്ങിയവ ലഭ്യമാക്കുന്നതിനായി സർക്കാർ ജില്ലാതല ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാൻ (DBRAP) 2020 നടപ്പിലാക്കി. ഇതിലൂടെ 2020-21 സാമ്പത്തിക വർഷം GSDP (Gross State Domestic Product)-യുടെ 0.25% അധികമായി വായ്പയെടുക്കാൻ സംസ്ഥാനത്തെ പ്രാപ്തമാക്കി. EoDB-യുടെ അടിസ്ഥാനത്തിൽ സംസ്ഥാന റാങ്കിംഗ് നിശ്ചയിക്കുന്ന സ്റ്റേറ്റ് ബിസിനസ്സ് റിഫോംസ് ആക്ഷൻ പ്ലാൻ (SBRAP) 2020 നടപ്പിലാക്കുന്നതിൽ 94% നേട്ടം കൈവരിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. ഇതെല്ലാം ഉൾപ്പെടുത്തി കേന്ദ്ര DPIIT-യിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷകളിന്മേൽ നടപടി പുരോഗമിക്കുന്നു. ഓൺലൈൻ ക്ലിയറൻസ് സംവിധാനം - വേഗതയും സുതാര്യവുമായ ക്ലിയറൻസിനുള്ള ഏകജാലക സംവിധാനം (KSWIFT) ഡിജിറ്റൽ പരിഷ്കാരങ്ങളിലൂടെ സംസ്ഥാനത്തെ സംരംഭകരുടെ ക്ലിയറൻസ് സുഗമമാക്കുന്നതിനായി K-swift എന്ന

പേരിൽ ഒരു ഏകീകൃത ഓൺലൈൻ സംവിധാനം ഒരുക്കിയിട്ടുണ്ട്. സംരംഭകർക്ക് അനുവദിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി.-യുടെയും കിൻഫ്രയുടെയും കൈവശമുള്ള ഭൂമിയെ സംബന്ധിച്ച വിവരങ്ങളും ലഭ്യതയും കെ-സ്വിഫ്റ്റിലൂടെ അറിയാൻ കഴിയും. നിലവിൽ 21 സർക്കാർ വകുപ്പുകളുടെയും ഏജൻസികളുടെയും 79 സർവ്വീസുകൾക്ക് കെ-സ്വിഫ്റ്റ് വഴി ബന്ധപ്പെടാം. പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, നഗര-രാജ്യ ആസൂത്രണം, മലിനീകരണ നിയന്ത്രണ ബോർഡ്, കെ.എസ്.ഇ.ബി., വനം-വന്യജീവി, കൃഷി, തൊഴിൽ, ഭൂഗർഭ ജലം, പൊതു വിദ്യാഭ്യാസം, ഫയർ & റെസ്ക്യൂ, ആരോഗ്യം, ലീഗൽ മെട്രോളജി, മൈനിംഗ് ആൻഡ് ജിയോളജി, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, എക്സൈസ്, ജല അതോറിറ്റി, സ്റ്റേറ്റ് എൻവയോൺമെൻറ് ഇംപാക്ട് അസ്സസ്സ്മെൻറ് അതോറിറ്റി, വ്യവസായം, ആർക്കിയോളജി, ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് തുടങ്ങിയ സ്ഥാപനങ്ങളുടെ സേവനങ്ങളോടൊപ്പം വ്യാവസായിക ഭൂമിയുടെ വിവരങ്ങളും കെ-സ്വിഫ്റ്റിൽ ലഭ്യമാണ്. എം.എസ്.എം.ഇ. ഫെസിലിറ്റേഷൻ ആക്ട് കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമായി മാറ്റുന്നതിന് 2020 ജനുവരിയിൽ 'കേരള മൈക്രോ സ്മോൾ മീഡിയം എന്റർപ്രൈസസ് ഫെസിലിറ്റേഷൻ ആക്ട് 2019' നിലവിൽവന്നു. ഈ ആക്ട് പ്രകാരം 10 കോടി രൂപ വരെ മുതൽമുടക്കുള്ള റെഡ് കാറ്റഗറിയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത സംരംഭങ്ങൾക്ക് സ്വയം സാക്ഷ്യപ്പെടുത്തിയ അപേക്ഷയിന്മേൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും പ്രവർത്തിക്കുന്നതിനുമായി ബന്ധപ്പെട്ട് ആവശ്യമായ ലൈസൻസുകളും അനുവാദങ്ങളും അംഗീകാരങ്ങളും ക്ലിയറൻസും രജിസ്ട്രേഷനുകളും അനുമതികളും മൂന്ന് വർഷക്കാലത്തേയ്ക്ക് ലഭിക്കുന്നതായിരിക്കും. കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ഓർഡിനൻസ് എം.എസ്.എം.ഇ.-യും ഇതര സ്ഥാപനങ്ങളും ഉൾപ്പെടെ എല്ലാ പ്രോജക്ടുകൾക്കും ഇളവ് നൽകുന്നതിനും മലിനീകരണ നിയന്ത്രണ ബോർഡ് ലൈസൻസ് അനുമതി, പെർമിറ്റ് തുടങ്ങിയവയ്ക്കായി റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്തതുമായ സംരംഭങ്ങൾക്ക് ഒരു വർഷത്തേയ്ക്ക് അനുമതി നൽകുന്നതിനുമായി സംസ്ഥാനം The Kerala Micro Small & Medium Enterprises Facilitation (Amendment) Ordinance 2020 നടപ്പിലാക്കി. ഈ ഓർഡിനൻസ് പ്രകാരം ഒരു Investment Facilitation Bureau രൂപീകരിച്ചു. ഏഴ് ദിവസത്തിനുള്ളിൽ ഈ ബ്യൂറോ അപേക്ഷകൾ പരിഗണിക്കണം. ഗാർഹിക നാനോ സ്ഥാപന സഹായ പദ്ധതി ജനങ്ങൾക്ക് വീടുകളിൽ വച്ച് സൗകര്യമായ സമയങ്ങളിൽ കുടുംബാംഗങ്ങളെ അവഗണിക്കാതെ ജോലി ചെയ്യുന്നതിനുള്ള അവസരം ലഭ്യമാകും. ഗ്രാസ് റൂട്ട് തലത്തിൽ സംസ്ഥാനത്താകെ ഒരു വ്യാവസായിക അന്തരീക്ഷം നിലനിർത്തുന്നതിന് ഇതുമൂലം സാധിക്കും. കൂടാതെ പാരിസ്ഥിതിക പ്രശ്നങ്ങൾ ഒരുപരിധിവരെ ഈ സംവിധാനത്തിലൂ

ണ്ടാകുന്നില്ലെന്നതാണ് ഈ പദ്ധതിയുടെ മറ്റൊരു പ്രത്യേകത. കേരള ഇ-മാർക്കറ്റ് പോർട്ടൽ കേരളത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകരുടെ ഉൽപ്പന്നങ്ങൾക്കും വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾക്കും വിപണി ലഭ്യതയ്ക്കായി വ്യവസായ വകുപ്പിനുവേണ്ടി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ-ബിപ്പ്) മുഖേന ഒരു ഓൺലൈൻ വ്യാപാരത്തിനായുള്ള സംവിധാനമായി ഇ-പോർട്ടൽ www.keralaemarket.com/ www.keralaemarket.org/www.keralaemarket.kerala.gov.in രൂപീകരിച്ചിട്ടുണ്ട്. വ്യവസായ വാണിജ്യ വകുപ്പ് രൂപീകരിച്ച ഈ വെബ്പോർട്ടൽ സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട ഉൽപ്പാദകർക്ക് ദേശീയ അന്തർ ദേശീയ കമ്പനികളുമായി ബന്ധം സ്ഥാപിക്കുന്നതിനും തങ്ങളുടെ ഉൽപ്പന്നങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കി വിവിധ രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുവാനും സഹായകമാകും. കേരളത്തിലെ എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെയും സഹകരണത്തോടെ 14 ജില്ലകളിലും കേരള ഇ-മാർക്കറ്റ് പോർട്ടൽ രജിസ്ട്രേഷനായുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ഏതെല്ലാം പുതിയ വ്യവസായങ്ങൾ ആരംഭിക്കാനാകുമെന്ന് വിശദമാക്കുമോ; ഇതിനായി പുതിയ സംരംഭകരെ കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

നിയമവിധേയമായിട്ടുള്ള ഏത് വ്യവസായവും കേരളത്തിൽ ആരംഭിക്കാനാകുന്നതാണ്. ഭക്ഷ്യസംസ്കരണം, ജനറൽ എഞ്ചിനീയറിംഗ്, വസ്ത്രനിർമ്മാണം, തടിയധിഷ്ഠിത വ്യവസായങ്ങൾ, റബർ അധിഷ്ഠിത വ്യവസായങ്ങൾ, പേപ്പർ അധിഷ്ഠിത വ്യവസായങ്ങൾ, സേവന മേഖലയിൽപ്പെട്ട സംരംഭങ്ങൾ മുതലായവ ഉദാഹരണങ്ങളാണ്. പുതിയ വ്യവസായങ്ങൾ ആരംഭിക്കാനായി സംരംഭകരെ കണ്ടെത്തുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ബ്ലോക്കടിസ്ഥാനത്തിൽ സംരംഭകത്വ ബോധവത്കരണ സെമിനാറുകൾ, താലൂക്ക്-ജില്ലാ അടിസ്ഥാനത്തിൽ നിക്ഷേപ സംഗമങ്ങൾ, ജില്ലാ അടിസ്ഥാനത്തിലുള്ള സംരംഭകത്വ വികസന പരിശീലനങ്ങൾ എന്നിവ അതിൽ ഉൾപ്പെടുന്നു. മാനേജ്മെന്റിലും, സാങ്കേതിക വിദ്യയിലും പരിശീലനം നൽകുന്നതിനായി ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെൻറ് പ്രോഗ്രാമുകളും സംഘടിപ്പിക്കുന്നു. കൂടാതെ എറണാകുളം, കളമശ്ശേരിയിൽ സ്ഥിതിചെയ്യുന്ന കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രെണർഷിപ്പ് ഡെവലപ്മെന്റ് (KIED)-ന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി സംരംഭകത്വത്തിന്റെ വിവിധ മേഖലകളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിവിധ ഇനം പരിശീലന പരിപാടികൾ

നടപ്പിലാക്കി വരുന്നു. കൂടാതെ സർക്കാർ വ്യവസായ സംരംഭകത്വത്തിന് നൽകുന്ന പിന്തുണയും നിക്ഷേപകർക്ക് നൽകുന്ന സഹായവും ഇളവുകളും അറിയിക്കുന്നതിനും സംസ്ഥാനത്തേയ്ക്ക് നിക്ഷേപം ആകർഷിക്കുന്നതിനും ഉതകുന്ന തരത്തിൽ ലോകനിലവാരമുള്ള ട്രേഡ് ഫെയറുകളിൽ പങ്കെടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമേ സ്കൂൾ, കോളേജ് തലത്തിലെ വിദ്യാർത്ഥികളെ സംരംഭങ്ങൾ തുടങ്ങുന്നതിലേയ്ക്ക് ആകർഷിക്കുന്നതിനും സംരംഭം നടത്തിപ്പ് സംബന്ധിച്ച അവബോധം നൽകുന്നതിനുമായി ഇ.ഡി. ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു.

(ഡി) ഐ.ടി. വ്യവസായത്തെ പുഷ്ടിപ്പെടുത്തുന്നതിന് അവലംബിച്ചു വരുന്ന നടപടികൾ അറിയിക്കുമോ?

ഐ.ടി. വ്യവസായത്തില നിക്ഷേപവും വികാസവും ലക്ഷ്യം വച്ചുകൊണ്ടുള്ള നിരവധി പദ്ധതികൾ വിവര സാങ്കേതികവിദ്യാ വകുപ്പിൽ നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കുന്ന എല്ലാ പദ്ധതികളിലും ഐ.ടി. മേഖലയിൽപ്പെട്ട സംരംഭകരേയും പരിഗണിച്ചു വരുന്നുണ്ട്.

(ഇ) ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽനിന്ന് ഉൽപ്പന്ന നിർമ്മാണ സംസ്ഥാനമെന്ന നിലയിലേയ്ക്ക് കേരളത്തെ മാറ്റുന്നതിനായി പുതിയ വ്യവസായ നയം രൂപപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ?

ഒരു ജില്ലയ്ക്ക് ഒരു ഉൽപ്പന്നം (ODOP), പ്രത്യേക ഉൽപ്പന്ന കേന്ദ്രീകൃതമായ പാർക്കുകൾ എന്നിവ പോലുള്ള നിരവധി പദ്ധതികൾ മുഖേന ഉൽപ്പന്ന നിർമ്മാണ മേഖലയിലെ ശക്തമായ സാന്നിദ്ധ്യമായി കേരളത്തെ മാറ്റുന്നതിനുള്ള നൂതന പദ്ധതികൾ ആവിഷ്കരിച്ചുവരുന്നതും ആയത് സർക്കാരിന്റെ വ്യവസായ നയത്തിന്റെ ഭാഗവുമാണ്.

**ഗ്രാമീണ മേഖലയിൽ ചെറുകിട വ്യവസായ സംരംഭങ്ങൾ**

161 (546) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ മേഖലയിൽ ചെറുകിട വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്ത് സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നുണ്ട്. ബ്ലോക്കടിസ്ഥാനത്തിൽ സംരംഭകത്വ ബോധവത്കരണ സെമിനാറുകൾ, താലൂക്ക്-

ജില്ലാ അടിസ്ഥാനത്തിൽ നിക്ഷേപ സംഗമങ്ങൾ, ജില്ലാ അടിസ്ഥാനത്തിലുള്ള സംരംഭകത്വ വികസന പരിശീലനങ്ങൾ എന്നിവ അതിൽ ഉൾപ്പെടുന്നു. നിലവിലുള്ള സംരംഭങ്ങളുടെ സാങ്കേതിക വിദ്യ വികസിപ്പിക്കുന്നതിനായി ടെക്നോളജി ക്ലിനിക്കുകളും മാനേജ്മെന്റിലും, സാങ്കേതിക വിദ്യയിലും പരിശീലനം നൽകുന്നതിനായി ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാമുകളും സംഘടിപ്പിക്കുന്നു. കൂടാതെ എറണാകുളം, കളമശ്ശേരിയിൽ സ്ഥിതിചെയ്യുന്ന കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രെണർഷിപ്പ് ഡെവലപ്മെന്റ് (KIED)-ന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി സംരംഭകത്വത്തിന്റെ വിവിധ മേഖലകളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിവിധ ഇനം പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നു. കൂടാതെ, സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലുൾപ്പെടെ പുതിയ ചെറുകിട വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ താഴെപ്പറയുന്ന ധനസഹായ പദ്ധതികളും വ്യവസായ വാണിജ്യ വകുപ്പ് മുഖേന നടപ്പിലാക്കുന്നുണ്ട്.

1. സംരംഭക സഹായ പദ്ധതി (ESS).
2. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി.
3. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ്.
4. പ്രവർത്തനരഹിതമായതും നഷ്ടത്തിൽ പ്രവർത്തിക്കുന്നതുമായ എം.എസ്.എം.ഇ. സംരംഭങ്ങൾക്കുള്ള പദ്ധതികൾ
   a. Revival and rehabilitation scheme for defunct MSMEs and cashew processing units
   b. The Kerala stressed MSMEs Revival & Rehabilitation Scheme
5. കോവിഡ് -19 കാരണം പ്രതിസന്ധിയിലായ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളെ സഹായിക്കുന്നതിലേയ്ക്കായി നടപ്പിലാക്കിയ വ്യവസായ ഭദ്രത Scheme for Interest Subvention on Term Loan and working capital loan.
6. കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി.
7. സൂക്ഷ്മ-ചെറുകിട സംരംഭങ്ങൾക്കുള്ള ക്ലസ്റ്റർ വികസന പദ്ധതി.
8. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP).
9. സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതി.

(ബി) സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്ന വ്യവസായ സംരംഭങ്ങൾ പുനരാരംഭിക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്ന വ്യവസായ സംരംഭങ്ങൾ പുനരാരംഭിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിനായി വ്യവസായ വകുപ്പ് മുഖേന ചുവടെ വിവരിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. Revival and rehabilitation scheme for defunct MSMEs and cashew-processing units-കശുവണ്ടി സംസ്കരണ യൂണിറ്റുകൾ ഉൾപ്പെടെയുള്ള പ്രവർത്തനരഹിതമായ സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിലെ സംരംഭങ്ങളെ സ്ഥിര നിക്ഷേപത്തിനും പ്രവർത്തന മൂലധനത്തിനും സഹായം നൽകി പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതിയാണ് Revival and rehabilitation scheme for defunct MSMEs and cashew processing units. പദ്ധതിയിൽ താഴെപ്പറയും പ്രകാരം സാമ്പത്തിക സഹായം അനുവദിക്കുന്നു.

<u>കെട്ടിട നവീകരണം</u>: മൊത്തം പുനരുദ്ധാരണ പദ്ധതി ചെലവിന്റെ 25%, 2 ലക്ഷം രൂപയായി നിജപ്പെടുത്തി അനുവദിക്കുന്നു.

<u>പ്ലാന്റും മെഷിനറിയും വൈദ്യുതീകരണവും</u>: മൊത്തം പുനരുദ്ധാരണ പദ്ധതി ചെലവിന്റെ 40%, 8 ലക്ഷം രൂപയായി നിജപ്പെടുത്തി അനുവദിക്കുന്നു.

<u>പ്രവർത്തന മൂലധനം (മാർജിൻ)</u>: ധനകാര്യ സ്ഥാപനം അനുവദിക്കുന്ന പ്രവർത്തന മൂലധന വായ്പയുടെ മാർജിന്റെ 50%, പ്രവർത്തനരഹിതമായ MSME-കൾക്ക് 2 ലക്ഷമായും, കശുവണ്ടി മേഖലയിലെ സംരംഭങ്ങൾക്ക് 5 ലക്ഷമായും നിജപ്പെടുത്തി അനുവദിക്കുന്നു. പദ്ധതിയിലൂടെയുള്ള ആകെ ധനസഹായം പ്രവർത്തനരഹിതമായ MSME-കൾക്ക് 12 ലക്ഷമായും കശുവണ്ടി മേഖലയിലെ സംരംഭങ്ങൾക്ക് 15 ലക്ഷമായും നിജപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സംരംഭക സഹായ പദ്ധതി (ESS) പ്രകാരം നിലവിലുള്ള സംരംഭങ്ങൾ ആധുനികവൽക്കരണം, വൈവിദ്ധ്യവൽക്കരണം, വിപുലീകരണം എന്നിവയുടെ ഭാഗമായി നടത്തുന്ന സ്ഥിരനിക്ഷേപത്തിന്മേൽ നിബന്ധനകൾക്ക് വിധേയമായി പരമാവധി 30 ലക്ഷം രൂപ വരെ സബ്സിഡിയായി അനുവദിക്കുന്നുണ്ട്.

(സി) ഈ സർക്കാർ നിലവിൽ വന്നശേഷം വ്യവസായ പുരോഗതിക്ക് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

വിവിധ വകുപ്പുകളിലെ വ്യവസായവുമായി ബന്ധപ്പെട്ട നിയമങ്ങൾ സുഗമമാക്കുന്നതിനും ഗുരുതരമല്ലാത്ത പിഴവുകൾക്ക് ശിക്ഷാ നടപടികൾ ഒഴിവാക്കുന്നതിനുമായുള്ള ഭേദഗതികൾ വരുത്തുവാനുള്ള നടപടികൾ വകുപ്പ്

തലങ്ങളിൽ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ വിവിധ വകുപ്പുകളുടെ സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിനും അവയെ കെ-സ്വിഫ്റ്റ് ഏകജാലക സംവിധാനവുമായി ഏകോപിപ്പിക്കുന്നതിനുമുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നുണ്ട്. ജില്ലാ-സംസ്ഥാന തലങ്ങളിൽ ഏകജാലക ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ സേവനങ്ങളും മറ്റു വിവരങ്ങളും സംരംഭകരിൽ എത്തിക്കുന്നതിനായി വ്യവസായ വകുപ്പ് സോഷ്യൽ മീഡിയ ചാനലുകളായ ഫേസ് ബുക്ക്, ഇൻസ്റ്റഗ്രാം, യൂട്യൂബ് എന്നിവ ആരംഭിച്ചിട്ടുണ്ട്. സംരംഭങ്ങളിൽ വിവിധ വകുപ്പുകൾ നടത്തുന്ന പരിശോധന ഏകീകരിക്കുന്നതിനായി ഒരു കേന്ദ്രീകൃത പരിശോധന സംവിധാനം (K-CIS) നിലവിൽ വന്നിട്ടുണ്ട്. നിക്ഷേപകരുടെ പരാതി പരിഹരിക്കുന്നതിനുള്ള നിയമ സംവിധാനം എന്ന നിലയ്ക്ക് '2021-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ഓർഡിനൻസ് നിലവിൽ വന്നിട്ടുണ്ട്. വിവിധ സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള വിവിധ സേവനങ്ങളും അനുമതികളും നൽകുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് മതിയായ കാരണങ്ങൾ കൂടാതെ കാലതാമസം ഉണ്ടാവുകയോ വീഴ്ച വരുത്തുകയോ ചെയ്യുന്ന ഉദ്യോഗസ്ഥനെതിരെ നടപടികൾ സ്വീകരിക്കുന്നതിന് ഈ ഓർഡിനൻസ് പ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ/സംസ്ഥാന പരാതി പരിഹാര കമ്മിറ്റികൾക്ക് അധികാരം നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ കോവിഡ് സാഹചര്യത്തിൽ MSME മേഖലയെ സഹായിക്കുന്നതിനായി കോവിഡ് സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് പ്രഖ്യാപിക്കുകയും ആയതിൽ സംരംഭക സഹായ പദ്ധതി (ESS), നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി, ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ്, വ്യവസായ ഭദ്രത പലിശ ഇളവ് പദ്ധതി എന്നിവയിൽ കൂടുതൽ ഇളവുകൾ പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) സ്റ്റാർട്ടപ്പുകൾക്ക് മാത്രമായി പ്രത്യേക വ്യവസായ പാർക്ക് എന്ന ആശയം പരിഗണനയിലുണ്ടോ?

നിലവിൽ പരിഗണനയിലില്ല.

(ഇ) ബയോ-മെഡിക്കൽ ഉപകരണങ്ങളുടെ ഉത്പാദനം തദ്ദേശീയമായി ആരംഭിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

മെഡിക്കൽ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന സംരംഭങ്ങളെ വ്യവസായ വാണിജ്യ വകുപ്പ് വഴി നടപ്പിലാക്കുന്ന സംരംഭക സഹായ പദ്ധതി (ESS)- യുടെ

മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി 10% അധിക സബ്സിഡി നൽകി വരുന്നുണ്ട്. ഡിസ്പോസബിൾ സിറിഞ്ച് ഉണ്ടാക്കുന്നതിനുള്ള ഒരു വ്യവസായ സ്ഥാപനത്തിന് ധനസഹായം നൽകുന്നതിനുള്ള ഒരു യൂണിറ്റിന്റെ അപേക്ഷ കെ.എസ്.ഐ.ഡി.സി. പരിഗണിച്ചുവരുന്നു. കൂടാതെ, IV Fluid മാനുഫാക്ചറിംഗിനായുള്ള ഒരു യൂണിറ്റ് തുടങ്ങുന്നതിനുള്ള ധനസഹായം അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരത്തെ തോന്നയ്ക്കലിൽ കെ.എസ്.ഐ.ഡി.സി. സ്ഥാപിക്കുന്ന ലൈഫ് സയൻസ് പാർക്കിൽ ബയോ മെഡിക്കൽ ഉപകരണങ്ങളുടെ ഉൽപ്പാദനം ലക്ഷ്യമാക്കി Sree Chithra Thirunal Institute for Medical Sciences and Technology (SCTIMST)- യുമായി ചേർന്ന് ഒരു മെഡിക്കൽ ഡിവൈസ് പാർക്ക് സ്ഥാപിക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത മെഡിക്കൽ ഡിവൈസ് പാർക്കിൽ പ്രവർത്തനം ആരംഭിക്കുവാൻ മുന്നോട്ടുവരുന്ന കമ്പനികളുടെ താൽപ്പര്യങ്ങൾക്ക് അനുസരിച്ച് പദ്ധതികൾക്കാവശ്യമായ സ്ഥലവും അനുബന്ധ സൗകര്യങ്ങളും നൽകുന്നതാണ്. മെഡിക്കൽ ഡിവൈസ് പാർക്കിൽ പ്രവർത്തനം ആരംഭിക്കുന്ന കമ്പനികൾക്ക് നിരവധി ഇളവുകളും ആനുകൂല്യങ്ങളും സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

(എഫ്) സംസ്ഥാനത്ത് വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന റിസർച്ച് സ്ഥാപനങ്ങളെക്കുറിച്ച് വിശദമാക്കാമോ; ഇത്തരം സ്ഥാപനങ്ങളുടെ വികസനത്തിന് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

വ്യവസായവുമായി ബന്ധപ്പെട്ട മേഖലകളിൽ പ്രവർത്തിക്കുന്ന വിവിധ ഗവേഷണ സ്ഥാപനങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

1. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റർ ഡിസിപ്ലിനറി സയൻസ് ആൻഡ് ടെക്നോളജി (NIIST), തിരുവനന്തപുരം.
2. റൈസ് റിസർച്ച് സ്റ്റേഷൻ, മങ്കൊമ്പ്, ആലപ്പുഴ.
3. മഷ്റൂം റിസർച്ച് ആൻഡ് ഡെവലപ്മെന്റ് ഓർഗനൈസേഷൻ, ആലപ്പുഴ.
4. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ച്, കോഴിക്കോട്.
5. സെൻട്രൽ പ്ലാന്റേഷൻ ക്രോപ്പ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കായംകുളം.
6. സെൻട്രൽ പ്ലാന്റേഷൻ ക്രോപ്പ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കാസർഗോഡ്.
7. സെൻട്രൽ ട്യൂബർ ക്രോപ്പ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

8. റീജിയണൽ അഗ്രികൾച്ചറൽ റിസർച്ച് സ്റ്റേഷൻ, കായംകുളം.

9. ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ, മുണ്ടൂർ.

10. സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി, കൊച്ചി.

11. റീജിയണൽ അഗ്രികൾച്ചറൽ റിസർച്ച് സ്റ്റേഷൻ, അമ്പലവയൽ.

12. കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് & ഓഷ്യൻ സയൻസ്, കൊച്ചി.

13. കേരളാ കാർഷിക സർവകലാശാല, തൃശ്ശൂർ.

14. സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാസ്റ്റിക്ക് എഞ്ചിനിയറിംഗ് ആൻഡ് ടെക്നോളജി (CIPET), കൊച്ചി.

15. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ & കൺസ്ട്രക്ഷൻ

16. വിവിധ ജില്ലകളിലെ കൃഷി വിജ്ഞാന കേന്ദ്രങ്ങൾ ഗവേഷണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്നമുറയ്ക്ക് അവർക്കാവശ്യമായ സഹായങ്ങൾ സർക്കാർ നൽകിവരുന്നുണ്ട്. സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാസ്റ്റിക് എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി, കൊച്ചിയുടെ വികസനത്തിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ ചേർന്നുള്ള 30 കോടി രൂപയുടെ പദ്ധതി പ്രൊപ്പോസൽ സർക്കാർ അംഗീകരിക്കുകയും നടപ്പിലാക്കിവരികയും ചെയ്യുന്നുണ്ട്.

(ജി) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം വ്യവസായ രംഗത്തുണ്ടായ മാറ്റങ്ങൾ വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയ വിവിധ പദ്ധതികളിലൂടെയും ഇടപെടലുകളിലൂടെയും വ്യവസായ മേഖലയിൽ ശ്രദ്ധേയമായ മുന്നേറ്റം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. വകുപ്പ് വഴി നടപ്പിലാക്കുന്ന എല്ലാ സേവനങ്ങളും ഓൺലൈൻ ആക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സേവനങ്ങളും മറ്റു വിവരങ്ങളും സംരംഭകരിൽ എത്തിക്കുന്നതിനായി വ്യവസായ വാണിജ്യ വകുപ്പ് സോഷ്യൽ മീഡിയ ചാനലുകളായ ഫേസ്ബുക്ക്, ഇൻസ്റ്റാഗ്രാം, യൂട്യൂബ് എന്നിവ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ വകുപ്പിന്റെ എല്ലാ പ്രവർത്തനങ്ങളും പദ്ധതികളും കൂടുതൽ ജനങ്ങളിലേയ്ക്ക് എത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതുകൂടാതെ സംരംഭങ്ങളിൽ വിവിധ വകുപ്പുകൾ നടത്തുന്ന പരിശോധന ഏകീകരിക്കുന്നതിനായി ഒരു കേന്ദ്രീകൃത പരിശോധന സംവിധാനം (K-CIS) നിലവിൽ വന്നിട്ടുണ്ട്. നിക്ഷേപകരുടെ പരാതി പരിഹരിക്കുന്നതിനുള്ള നിയമ സംവിധാനം എന്ന നിലയ്ക്ക് ജില്ലാ/സംസ്ഥാന പരാതി പരിഹാര കമ്മിറ്റികൾക്ക്

രൂപം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കാലഹരണപ്പെട്ട നിയമങ്ങളും ചട്ടങ്ങളും നിലവിലുണ്ടെങ്കിൽ ആയത് പരിശോധിച്ച് കാലാനുസൃതമായ മാറ്റം വരുത്തുന്നതിൽ മൂന്നംഗ വിദഗ്ദ്ധ സമിതിയെ നിയമിക്കുകയും പ്രസ്തുത സമിതി പഠനം നടത്തിവരികയും ചെയ്യുന്നു. അതോടൊപ്പം വ്യവസായ മേഖലയിലുള്ള പരാതികൾ പരിഹരിക്കുന്നതിനായി സംരംഭകരുമായി സംവദിക്കുന്ന 'മീറ്റ് ദ മിനിസ്റ്റർ' പരിപാടി സംഘടിപ്പിച്ചതിലൂടെ മറ്റ് വകുപ്പുകളിലുൾപ്പെടെ തീർപ്പാക്കാതെ അവശേഷിച്ചിരുന്ന പല പരാതികളും തീർപ്പാക്കാനും സംരംഭകരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. നിക്ഷേപകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹരിക്കുന്നതിനുമായി നിക്ഷേപകരുമായി 'മീറ്റ് ദ ഇൻവെസ്റ്റർ' എന്ന പരിപാടിയും നടപ്പിലാക്കിവരുന്നുണ്ട്.

**നീതി ആയോഗിന്റെ സുസ്ഥിരവികസന സൂചിക**

162 (547) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീതി ആയോഗിന്റെ സുസ്ഥിരവികസന സൂചികയിൽ 2018, 2019, 2020 എന്നീ വർഷങ്ങളിൽ കേരളത്തിന്റെ സ്ഥാനം എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ?

നീതി ആയോഗിന്റെ സുസ്ഥിര വികസന ലക്ഷ്യ (Sustainable Development Goal) സൂചിക പ്രകാരം കേരളം കഴിഞ്ഞ മൂന്ന് വർഷങ്ങളിലും (2018, 2019 & 2020) ഒന്നാം സ്ഥാനത്താണ്.

(ബി) ടി സൂചികയുടെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഐക്യരാഷ്ട്ര സംഘടന നിർദ്ദേശിച്ചിട്ടുള്ള 17 മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയാണ് ഈ സൂചിക തയ്യാറാക്കിയിട്ടുള്ളത്. ദാരിദ്ര്യമില്ലായ്മ, ഭക്ഷണ ദൗർലഭ്യമില്ലായ്മ, ആരോഗ്യക്ഷേമം, വിദ്യാഭ്യാസ ഗുണമേന്മ, ലിംഗ സമത്വം, ശുദ്ധജലവും ശുചിത്വവും, ഊർജ്ജ ലഭ്യത, മാന്യമായ തൊഴിൽ ലഭ്യതയും സാമ്പത്തിക വളർച്ചയും, വ്യവസായവും, നൂതന സമ്പ്രദായങ്ങളും അടിസ്ഥാന സൗകര്യവും, കുറഞ്ഞ അസമത്വങ്ങൾ, സുസ്ഥിര നഗരങ്ങളും കമ്മ്യൂണിറ്റിയും, ഉത്തരവാദിത്ത നിർമ്മാണവും ഉപയോഗവും, കാലാവസ്ഥാ പ്രവർത്തനം, ജല സ്രോതസ്സുകളുടെ സംരക്ഷണം, വനം ഉൾപ്പെടെയുള്ള വിവിധ ഭൗമ ആവാസവ്യവസ്ഥകളുടെ സംരക്ഷണം, സാമൂഹ്യനീതിയും സമാധാനവും, സുസ്ഥിര വികസനത്തിനായുള്ള ആഗോള പങ്കാളിത്തങ്ങൾ എന്നിവയാണ് മേൽപ്പറഞ്ഞ 17 മാനദണ്ഡങ്ങൾ.

(സി) വ്യവസായ സൗഹൃദ സംസ്ഥാനങ്ങളുടെ റാങ്കിംഗ് നിശ്ചയിക്കുന്നത് ആരാണ്; എന്തൊക്കെയാണ് ഇതിന്റെ മാനദണ്ഡങ്ങളെന്ന് വിശദമാക്കുമോ?

കേന്ദ്ര സർക്കാരിന്റെ വ്യവസായ വകുപ്പിന് കീഴിലുള്ള ഡിപ്പാർട്ടുമെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡ് (ഡി.പി.ഐ.ഐ.ടി.) എന്ന സ്ഥാപനമാണ് സംസ്ഥാനങ്ങളെയും കേന്ദ്രഭരണ പ്രദേശങ്ങളെയും 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സി'-ന്റെ അടിസ്ഥാനത്തിൽ റാങ്കിംഗ് നടത്തി പട്ടിക തയ്യാറാക്കുന്നത്. വ്യവസായ സംരംഭം തുടങ്ങുന്നതിനുള്ള എളുപ്പം, കെട്ടിട നിർമ്മാണത്തിനുള്ള അനുമതികൾ ലഭ്യമാക്കുന്നതിനുള്ള വേഗത, വസ്തു രജിസ്റ്റർ ചെയ്യുന്നതിനുള്ള എളുപ്പം, അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത, വ്യവസായ സ്ഥാപനങ്ങളിലെ വകുപ്പുതല പരിശോധനകളുടെ സുതാര്യത, തൊഴിൽ നിയമങ്ങളുടെ പാലനം തുടങ്ങിയ വിവിധ ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ് 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് ' പട്ടിക തയ്യാറാക്കുന്നത്. സംരംഭകരുടെ ഇടയിൽ DPIIT നടത്തിയ സർവ്വേ അടിസ്ഥാനപ്പെടുത്തി മാത്രമാണ് കഴിഞ്ഞ വർഷം റാങ്കിംഗ് നടത്തിയത്.

(ഡി) പ്രസ്തുത മാനദണ്ഡങ്ങൾ സംബന്ധിച്ച് കേരളം എന്തെങ്കിലും വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) ടി വിയോജിപ്പുകളുടെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങളിൽ മാറ്റം വരുത്താൻ കേന്ദ്ര സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(ഡി&ഇ) ഉണ്ട്. 'ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാൻ' (BRAP) എന്ന ഒറ്റ അളവുകോൽ വച്ച് എല്ലാ സംസ്ഥാനങ്ങളുടെയും നിക്ഷേപ അന്തരീക്ഷം ഒരേപോലെ അളക്കുന്നതിലെ പാളിച്ചകളും അപ്രായോഗികതയും കേരളം നിരവധി തവണ കേന്ദ്ര സർക്കാരിന്റെ വ്യവസായ വകുപ്പിന് കീഴിലുള്ള ഡിപ്പാർട്ടുമെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡ് (ഡി.പി.ഐ.ഐ.ടി.)-ന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭൂമിശാസ്ത്രപരവും ജനസംഖ്യാധിഷ്ഠിതവും പാരിസ്ഥിതികവുമായ ആവാസ വ്യവസ്ഥയിൽനിന്ന് വ്യത്യസ്ത വെല്ലുവിളികൾ നേരിടുന്ന സംസ്ഥാനങ്ങളെ/കേന്ദ്രഭരണ പ്രദേശങ്ങളെ ഒറ്റ അളവുകോൽ ഉപയോഗിച്ച് BRAP നിർണ്ണയിക്കുന്നത് യുക്തിപരമല്ലെന്നും ചെറുതും എന്നാൽ ജനസാന്ദ്രതകൂടിയതുമായ സംസ്ഥാനത്ത് വ്യവസായ ആവശ്യങ്ങൾക്ക് ലഭ്യമാക്കാവുന്ന ഭൂമിയുടെ ദൗർലഭ്യം, താരതമ്യേന കൂടിയ വനവിസ്തൃതി,

തീരദേശമേഖല, പാടങ്ങൾ, തണ്ണീർത്തടങ്ങൾ മുതലായ പാരിസ്ഥിതികമായി സംരക്ഷിക്കപ്പെടേണ്ട ഭൂമിയുടെ ആധിക്യം, എന്നിവപോലുള്ള കേരളം നേരിടുന്ന വേറിട്ട സവിശേഷ സാഹചര്യങ്ങളും എന്നാൽ വികസന മികവിൽ മുന്നിട്ടുനിൽക്കുന്ന മേഖലകളായ ടൂറിസം, വിവര സാങ്കേതികവിദ്യ, ഭക്ഷ്യ സംസ്കരണം, തോട്ടം മേഖല മുതലായവ റാങ്കിംഗ് മാനദണ്ഡങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ലായെന്നതുമൂലവും കേരളം പിന്നിലായി പോകുന്ന റാങ്കിംഗ് മാനദണ്ഡങ്ങളിലെ പോരായ്മകൾ സംസ്ഥാനം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനം DPIIT-യുടെ ശ്രദ്ധയിൽപ്പെടുത്തിയ വിയോജിപ്പുകളിന്മേൽ നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല.

**നെല്ലിക്കുഴി കേന്ദ്രീകരിച്ച് ഫർണിച്ചർ ഹബ്ബ്**

163 (548) <u>ശ്രീ. ആന്റണി ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരാധിഷ്ഠിത ഫർണിച്ചർ ഉല്പാദന വിപണന കേന്ദ്രമായ കോതമംഗലം മണ്ഡലത്തിലെ നെല്ലിക്കുഴിയിൽ പൊതു ഉടമസ്ഥതയിൽ ഒരു ഫർണിച്ചർ പാർക്ക്/ഹബ്ബ് സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) അഞ്ഞൂറിലധികം ഉല്പാദന കേന്ദ്രങ്ങളും ആലുവ-മൂന്നാർ റോഡിന് ഇരുവശത്തുമായി ചെറുതും വലുതുമായ ഇരുന്നൂറ്റിയൻപതിലധികം വിപണന കേന്ദ്രങ്ങളും പ്രവർത്തിക്കുന്ന നെല്ലിക്കുഴി പൊതുജനങ്ങളുടെ ആരോഗ്യപരമായ ജീവിതം ഉറപ്പാക്കി വിപുലീകരിക്കേണ്ടതിന്റെ ആവശ്യകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) അൻപതിനായിരത്തിൽ അധികം ജനസംഖ്യയും പതിനായിരത്തിലധികം വരുന്ന അതിഥി തൊഴിലാളികളും അധിവസിക്കുന്ന നെല്ലിക്കുഴിയിൽനിന്നും സംസ്ഥാനത്തിനകത്തും അയൽ സംസ്ഥാനങ്ങളിലേയ്ക്കും ഫർണിച്ചർ എത്തിക്കുന്ന സാഹചര്യവും ഇവിടെയുള്ള നിർമ്മാണ യൂണിറ്റുകൾ, ഷോപ്പുകൾ എന്നിവ കണക്കിലെടുത്തും കേന്ദ്രീകൃത ഉല്പാദന കേന്ദ്രവും സംഭരണ കേന്ദ്രവും പൊതു ഉടമസ്ഥതയിൽ സ്ഥാപിച്ച് നെല്ലിക്കുഴി കേന്ദ്രീകരിച്ച് ഫർണിച്ചർ ഹബ്ബ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

കോതമംഗലം താലൂക്കിലെ നെല്ലിക്കുഴി ആസ്ഥാനമായി മരാധിഷ്ഠിത ഫർണിച്ചർ ഹബ്ബ് രൂപീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി കോതമംഗലം എം.എൽ.എ. അദ്ധ്യക്ഷനും പഞ്ചായത്ത് പ്രസിഡന്റ് വൈസ് ചെയർമാനുമായി ഒരു സബ്കമ്മിറ്റി 2017-ൽ രൂപീകരിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത ഹബ്ബ് ആരംഭിക്കുന്നതിനുള്ള ഉചിതമായ സ്ഥലം കണ്ടെത്തിയിട്ടില്ല.

**വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിന് കീഴിലുള്ള ഭൂമി**

164 (549) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിന് കീഴിൽ എത്ര ഭൂമിയാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ?

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിനുകീഴിൽ അത്താണി, അയ്യൻകുന്ന്, വേളക്കോട് എന്നീ വ്യവസായ വികസന പ്ലോട്ടുകളിലായി 8958.56 സെന്റ് (അത്താണി -3616.55 സെന്റ്, അയ്യൻകുന്ന് -2892.01 സെന്റ്, വേളക്കോട് -2450 സെന്റ്) വ്യവസായ ഭൂമിയും വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനമായ സിഡ്കോയുടെ ഉടമസ്ഥതയിൽ അത്താണി വ്യവസായ പാർക്കിൽ 11.81 ഏക്കർ ഭൂമിയും നിലവിലുണ്ട്.

(ബി) പ്രസ്തുത ഭൂമിയിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എത്ര ഭൂമി അനുവദിച്ച് നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ അധീനതയിലുള്ള അത്താണി, അയ്യൻകുന്ന്, വേളക്കോട് എന്നീ വ്യവസായ വികസന പ്ലോട്ടുകളിലായി 7833.08 സെന്റ് ഭൂമി സംരംഭകർക്കായി അനുവദിച്ച് നൽകിയിട്ടുണ്ട്. സിഡ്കോയുടെ അത്താണി വ്യവസായ പാർക്കിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 6.69 ഏക്കർ ഭൂമി അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) ഭൂമി ലഭിച്ച സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും പേര് വിവരങ്ങളും അനുവദിച്ച ഭൂമിയുടെ അളവും പട്ടിക രൂപത്തിൽ ലഭ്യമാക്കാമോ?

അനുബന്ധമായി ചേർത്തിട്ടുണ്ട്*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ഭൂമി ലഭ്യമായിട്ടും വ്യവസായ സംരംഭങ്ങൾ ആരംഭിക്കാത്തതോ പ്രവർത്തനം നിലച്ചതോ ആയ അവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഭൂമി അനുവദിച്ചിട്ട് സംരംഭം തുടങ്ങാതിരുന്ന യൂണിറ്റുകളില്ല. എന്നാൽ പ്രവർത്തനം നിലച്ച യൂണിറ്റുകളുടെ വിശദാംശങ്ങൾ താഴെ സൂചിപ്പിക്കുന്നു.

(1) തൃശ്ശൂർ ജില്ലാ ചെറുകിട വ്യവസായി വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്-12 മെസ്സേഴ്സ് ഹേമ ഇൻഡസ്ട്രീസിന് അനുവദിച്ച ഭൂമി യൂണിറ്റ് പ്രവർത്തിക്കാത്തതിനാൽ തിരിച്ചെടുത്താണ് മേൽ സൂചിപ്പിച്ച സ്ഥാപനത്തിന് അനുവദിച്ചത്. ഇതുമായി ബന്ധപ്പെട്ട് കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ ചെറുകിട വ്യവസായി കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് യൂണിറ്റ് തുടങ്ങാൻ കഴിഞ്ഞില്ല. എന്നാൽ 2019-ൽ കേസ് അവസാനിക്കുകയും സ്ഥാപനത്തിനുവേണ്ടിയുള്ള കെട്ടിടത്തിന്റെ പുനർ നിർമ്മാണ പ്രവൃത്തികൾ നടന്നുവരികയുമാണ്. കോവിഡ് സാഹചര്യമായതിനാൽ യൂണിറ്റ് പൂർണ്ണതോതിൽ പ്രവർത്തനമായിട്ടില്ല.

(2) മെസ്സേഴ്സ് രോഹിത് കോട്സ് 1996-ലാണ് ഒറിജിനൽ അലോട്ട്മെന്റ് നടന്നത്. സാമ്പത്തിക ബുദ്ധിമുട്ട് കാരണം 2016-ൽ പ്രവർത്തനം പൂർണ്ണമായും നിലച്ചു. 2020-ൽ യൂണിറ്റ് കൈമാറ്റം ചെയ്തു നൽകുകയും പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്.

(3) മെസ്സേഴ്സ് സതേൺ കണ്ടെയ്നേഴ്സ് ഹൈക്കോടതിയിൽ കേസ് നില നിൽക്കുന്നതിനാൽ പ്രവർത്തനമില്ല.

(4) മെസ്സേഴ്സ് അസോസിയേറ്റഡ് എഞ്ചിനീയറിംഗ് ഫൗണ്ടറി യൂണിറ്റ് തിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(5) മെസ്സേഴ്സ് ഡയമണ്ട് കോംപ്ലക്സ്, വേളക്കോട് 100 സെന്റ് ഭൂമി ജില്ലാ പഞ്ചായത്തിന്റെ ജനകീയാസൂത്രണ പദ്ധതി പ്രകാരമുള്ള ടി പ്രോജക്ടിന് അനുവദിച്ചുനൽകിയിരുന്നു. എന്നാൽ ഫണ്ടിന്റെ അപര്യാപ്തതമൂലം പദ്ധതി നടപ്പിലായില്ല. പിന്നീട് ഇതിൽ തന്നെ 20 സെന്റ് സ്ഥലത്ത് ഷീ പാഡ് യൂണിറ്റ് പ്രവർത്തിച്ചുവന്നിരുന്നു. കോവിഡ് സാഹചര്യത്തിൽ അതും പ്രവർത്തനം നിലച്ചു. ബാക്കി സ്ഥലം പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് ആരംഭിക്കുന്നതിനായി ഗ്രീൻ കേരളയ്ക്ക് അനുവദിക്കുന്നതിനുള്ള വിഷയം പരിഗണനയിലാണ്.

(6) മെസ്സേഴ്സ് റിനി കപ്പ്സ് അയ്യൻകുന്ന് വ്യവസായ വികസന പ്ലോട്ടിൽ ടി സ്ഥാപനത്തിന് അനുവദിച്ച ഭൂമി യൂണിറ്റ് പ്രവർത്തിക്കാത്തതിനെ തുടർന്ന് തിരിച്ചെടുത്തു. ഇതിന്മേൽ ബഹു. ഹൈക്കോടതിയിൽ കേസ് നിലനിൽക്കുകയാണ്.

(7) മെസ്സേഴ്സ് നെൽകോ ബാറ്ററി സിഡ്കോയുടെ അത്താണി വ്യവസായ വികസന പ്ലോട്ടിൽ പ്രവർത്തിക്കുന്ന ടി സ്ഥാപനം ദീർഘനാളായി അടഞ്ഞുകിടക്കുകയാണ്.

(ഇ) വടക്കാഞ്ചേരി മണ്ഡലത്തിൽ വ്യവസായ വകുപ്പിന് കീഴിൽ എത്ര ഭൂമിയാണ് വ്യവസായ ആവശ്യത്തിനായി നൽകാതെ വെറുതെ കിടക്കുന്നത് എന്ന് വ്യക്തമാക്കാമോ?

സിഡ്കോയുടെ കീഴിൽ അത്താണി വ്യവസായ പ്ലോട്ടിൽ 22.5 സെന്റ് വ്യവസായ ഭൂമി ഒഴിവുണ്ട്. ആയതിൽ 10 സെന്റ് ഭൂമി സംരംഭകർക്ക് അനുവദിച്ചു നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. 12.5 സെന്റിൽ കേസ് നിലവിലുണ്ട്. ഇവ കൂടാതെ 91 സെന്റ് ഭൂമി മെസ്സേഴ്സ് തൃശ്ശൂർ ജില്ലാ പാഡി മാർക്കറ്റിംഗ് ആന്റ് പ്രോസസ്സിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി അനധികൃതമായി കൈവശം വച്ചിരിക്കുകയാണ്. ടി ഭൂമി തിരിച്ചു പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ആഗോള നിക്ഷേപക സംഗമം

165 (550) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോള നിക്ഷേപക സംഗമത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാരുമായി താൽപ്പര്യപത്രം ഒപ്പുവച്ച എത്ര സ്ഥാപനങ്ങൾ പ്രസ്തുത പദ്ധതികൾ നടപ്പിലാക്കാൻ തയ്യാറായിട്ടുണ്ടെന്നും ടി സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ?

അസെൻഡ് ആഗോള നിക്ഷേപക സംഗമത്തിൽ സംസ്ഥാന സർക്കാരുമായി ധാരണ പത്രം ഒപ്പുവച്ച പദ്ധതികളിൽ, 19 പദ്ധതികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) താൽപ്പര്യപത്രം ഒപ്പുവച്ചിട്ടും നാളിതുവരെ പദ്ധതി ആരംഭിക്കാത്ത സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

അസെൻഡ് ആഗോള നിക്ഷേപക സംഗമത്തിൽ സംസ്ഥാന സർക്കാരുമായി ധാരണാപത്രം ഒപ്പുവച്ച പദ്ധതികൾ പ്രവർത്തന ക്ഷമമാകുന്നതിന്റെ വിവിധ ഘട്ടങ്ങളിലാണ്. കോവിഡ് സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി പദ്ധതി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിർവ്വഹണത്തിന് ചില പ്രൊമോട്ടർമാരെ പിന്തിരിപ്പിക്കാൻ കാരണമായിട്ടുണ്ട്. താൽപ്പര്യപത്രം ഒപ്പുവച്ചിട്ടും നിലവിൽ പദ്ധതി ആരംഭിക്കാത്തതുമായ പ്രൊമോട്ടർമാരുമായി സർക്കാർ ചർച്ച നടത്തി അനുയോജ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## റബ്ബർ അസംസ്കൃത വസ്തുവായുള്ള പുതിയ വൻകിട വ്യവസായങ്ങൾ സ്ഥാപിക്കുന്നതിന് നടപടി

166 (551) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ അസംസ്കൃത വസ്തുവായുള്ള പുതിയ വൻകിട വ്യവസായങ്ങൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

റബ്ബർ അസംസ്കൃത വസ്തുവായുള്ള പുതിയ വൻകിട വ്യവസായങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. എന്നാൽ സംസ്ഥാനത്ത് മൂല്യ വർദ്ധിത റബ്ബർ ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിനായി കേരള റബ്ബർ ലിമിറ്റഡ് എന്ന ഒരു കമ്പനി 2019 മേയ് മാസം രൂപീകരിച്ചിട്ടുണ്ട്. ഉയർന്ന വളർച്ചാ നിരക്ക്, പ്രകൃതിദത്ത റബ്ബറിന്റെ (എൻ.ആർ.) ഉയർന്ന ഉപഭോഗം, മികച്ച കയറ്റുമതി സാദ്ധ്യത, ഉയർന്ന പ്രവർത്തന മാർജിൻ തുടങ്ങിയ ഘടകങ്ങൾ കണക്കിലെടുത്ത് ഉൽപാദിപ്പിക്കപ്പെടേണ്ട റബ്ബർ അധിഷ്ഠിത ഉൽപ്പന്നങ്ങൾ കണ്ടെത്തി മൂല്യവർദ്ധന സംരംഭങ്ങളുടെ വ്യവസായം പ്രോത്സാഹിപ്പിക്കുകയും ത്വരിതപ്പെടുത്തുകയുമാണ് കേരള റബ്ബർ ലിമിറ്റഡിന്റെ പ്രവർത്തനോദ്ദേശ്യം. പ്രകൃതിദത്ത റബ്ബറിന്റെ മൂല്യവർദ്ധനവ് സുഗമമാക്കുക, റബ്ബർ കർഷകർക്ക് മെച്ചപ്പെട്ട വില സാക്ഷാത്കാരം ഉറപ്പാക്കുക എന്നിവ ലക്ഷ്യമിട്ടാണ് കെ.ആർ.എൽ.-ന് രൂപം നൽകിയിരിക്കുന്നത്.

(ബി) നിലവിൽ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്ന റബ്ബറിന്റെ എത്ര ശതമാനം സംസ്ഥാനത്തിനകത്ത് മൂല്യവർദ്ധിത ഉൽപ്പന്നമായി മാറ്റുന്നുണ്ടെന്ന് അറിയിക്കുമോ?

ഇതുസംബന്ധിച്ച കണക്ക് വ്യവസായ വകുപ്പിൽ ശേഖരിച്ചിട്ടില്ല.

(സി) കേരളത്തിലെ റബർ ഉൽപ്പാദനത്തിലെ വളർച്ചയും അത് സമ്പദ് വ്യവസ്ഥയ്ക്ക് നൽകുന്ന നേട്ടവും സംബന്ധിച്ച് വ്യവസായ വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ; കഴിഞ്ഞ അഞ്ച് വർഷത്തെ വസ്തുതകളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ?

റബ്ബർ അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന വ്യവസായ സംരംഭങ്ങളുടെ സാദ്ധ്യത മുന്നിൽ കണ്ട് വകുപ്പ് വഴി നടപ്പിലാക്കി വരുന്ന സുപ്രധാന സാമ്പത്തിക

സഹായ പദ്ധതിയായ സംരംഭക സഹായ പദ്ധതിയിൽ (ESS) റബ്ബർ അധിഷ്ഠിത വ്യവസായങ്ങളെ (Rubber based industries) മുൻഗണനമേഖലയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരം സംരംഭങ്ങൾക്ക് പൊതുവിഭാഗത്തിന് നൽകുന്നതിൽനിന്നും 10% (പരമാവധി 10 ലക്ഷം രൂപ) അധിക സബ്സിഡി അനുവദിക്കുന്നുണ്ട്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ എം.ഐ.എസ്. പ്രകാരമുള്ള കണക്കുകൾ അനുസരിച്ച് റബ്ബർ മേഖലയിൽ മുൻ വർഷങ്ങളിൽ താഴെപ്പറയും പ്രകാരം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

| വർഷം | എണ്ണം |
|---|---|
| 2016-17 | 102 |
| 2017-18 | 81 |
| 2018-19 | 97 |
| 2019-20 | 79 |
| 2020-21 | 66 |
| 2021-22 ആഗസ്റ്റ് വരെ | 26 |

**വ്യവസായ സംരംഭങ്ങളിലൂടെ പുതിയ തൊഴിലവസരങ്ങൾ**

167 (552) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഭ്യസ്തവിദ്യരും ആശയസമ്പന്നരുമായ യുവ തലമുറയ്ക്ക് വ്യവസായ സംരംഭങ്ങളിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ ഒരുക്കുവാനും വ്യവസായ മേഖലയിൽ പുതിയ കാൽവയ്പ്പുകൾ നടത്തുവാനും വേണ്ടി സർക്കാർ സഹകരണ സംഘങ്ങൾ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

കേരളത്തിൽ അസംഘടിത മേഖലയിൽ പണിയെടുക്കുന്ന യുവ തലമുറ ഉൾപ്പെടുന്ന വിദഗ്ദ്ധ തൊഴിലാളികൾക്ക് മെച്ചപ്പെട്ട തൊഴിലവസരങ്ങൾ നേടിക്കൊടുക്കുക, അവിദഗ്ദ്ധ തൊഴിലാളികളെ നൈപുണ്യ വികസന പരിശീലനത്തിലൂടെ ബന്ധപ്പെട്ട മേഖലയിലെ വിദഗ്ദ്ധരാക്കി മാറ്റുക, തൊഴിലാളികൾക്ക് ആവശ്യമുള്ള തൊഴിലുപകരണങ്ങൾ ലഭ്യമാക്കുക, സമൂഹത്തിന് മികച്ച തൊഴിൽ സൗഹൃദാന്തരീക്ഷം ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളോടെ സംസ്ഥാനത്തെ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും ഭൗമാതിർത്തിക്കുള്ളിൽ ഒന്നോ അതിലധികമോ വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് സർക്കാർ ലക്ഷ്യമിടുകയും സംഘങ്ങൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) എങ്കിൽ ആയതിന്റെ നിജസ്ഥിതിയും വിശദാംശവും ലഭ്യമാക്കുമോ?

നാളിതുവരെ 705 സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 23,624 പേർ അംഗങ്ങളായി ചേർന്നിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടെങ്കിൽ പാലാ മണ്ഡലത്തിൽ സഹകരണ സംഘങ്ങൾ അനുവദിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. പാലാ മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭൂപരിധിയിലും സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) ടി സംഘങ്ങളുടെ ഉദ്യോഗസ്ഥ നിയമന-വേതന വ്യവസ്ഥകൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ടി സംഘങ്ങളുടെ ഉദ്യോഗസ്ഥ നിയമന-വേതന വ്യവസ്ഥകൾ 1969-ലെ കേരള സഹകരണ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായിരിക്കും.

**തിരുവനന്തപുരം ജില്ലയിലെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ**

168 (553) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എത്ര ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുണ്ടെന്ന് വ്യക്തമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന് കീഴിൽ 7 മിനി വ്യവസായ എസ്റ്റേറ്റുകളും വേളി വ്യവസായ വികസന ഏരിയയും മൺവിള വ്യവസായ വികസന പ്ലോട്ടും നിലവിലുണ്ട്. വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനമായ സിഡ്കോയുടെ ഉടമസ്ഥതയിൽ 1 വ്യവസായ എസ്റ്റേറ്റും 4 മിനി വ്യവസായ എസ്റ്റേറ്റുകളും നിലവിലുണ്ട്.

(ബി) പ്രസ്തുത ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ എത്ര വ്യവസായ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നുണ്ടെന്ന് അറിയിക്കുമോ?

പ്രസ്തുത ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ 384 വ്യവസായ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു.

(സി) ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ സ്ഥലം കരസ്ഥമാക്കിയ ശേഷം വ്യവസായ യൂണിറ്റുകൾ ആരംഭിക്കാത്തവ എത്രയെന്ന് വ്യക്തമാക്കാമോ?

ഭൂമി അനുവദിച്ചുകിട്ടിയതിനുശേഷം വ്യവസായ യൂണിറ്റുകൾ ആരംഭിക്കാത്തവ 11 എണ്ണം ഉണ്ട്.

(ഡി) വ്യവസായ യൂണിറ്റുകൾ ആരംഭിച്ചിട്ട് പ്രവർത്തിപ്പിക്കാത്ത സ്ഥാപനങ്ങൾ എത്രയെന്ന് വെളിപ്പെടുത്തുമോ?

വ്യവസായ യൂണിറ്റുകൾ ആരംഭിച്ചിട്ട് 32 എണ്ണം നിലവിൽ പ്രവർത്തിക്കുന്നില്ല.

**ഭക്ഷ്യ സംസ്കരണ വ്യവസായം**

169 (554) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സംസ്കരണ വ്യവസായവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് വിപുലമായ സാദ്ധ്യതകളാണ് നിലവിലുള്ളതെന്നതിനാൽ ഇത് ഫലപ്രദമായി നവസംരംഭകർക്ക് പ്രയോജനപ്പെടുന്ന രീതിയിൽ നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) ഭക്ഷ്യ സംസ്കരണ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനും ശാസ്ത്രീയമായ രീതിയിൽ ഭക്ഷ്യസംസ്കരണം നടത്തി വിപണിയിൽ എത്തിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുമോ എന്ന് അറിയിക്കുമോ?

കേരളത്തിലും പുറത്തും പ്രവർത്തിച്ചുവരുന്ന വിവിധ ഭക്ഷ്യ സംസ്കരണ ഗവേഷണ സ്ഥാപനങ്ങളുടെ സഹായത്തോടെയും വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേനയും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് (KIED) മുഖേനയും വിവിധ പരിശീലന പരിപാടികൾ നടത്തി വരുന്നുണ്ട്. ഈ ഗവേഷണ സ്ഥാപനങ്ങളിലെ ഇൻക്യുബേഷൻ സൗകര്യം ഫലപ്രദമായി ഉപയോഗിക്കാനുള്ള സഹായം സംരംഭകർക്ക് നൽകി വരുന്നുണ്ട്. കൂടാതെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കിംഗ് ചെന്നൈ, സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാസ്റ്റിക്ക് എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി മുതലായ സ്ഥാപനങ്ങളുമായി ചേർന്ന് നൂതന പാക്കിംഗ്, ബ്രാൻഡിംഗ് തുടങ്ങിയവ ഭക്ഷ്യ സംസ്കരണ മേഖലയിലെ സംരംഭകർക്ക് പരിചയപ്പെടുത്തുന്നു. ഇതുകൂടാതെ പാക്കിംഗ്, സംസ്കരണം മുതലായ മേഖലകളിലെ നൂതന യന്ത്രങ്ങൾ പരിചയപ്പെടുത്താൻ സംസ്ഥാന തലത്തിൽ മെഷീനറി എക്സ്പോ നടത്തിവരുന്നു. ഇതിന് പുറമേ ജില്ലകളിൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാനായി എം.എസ്.എം.ഇ. എക്സിബിഷനും സംസ്ഥാന തലത്തിൽ ഭക്ഷ്യ സംസ്കരണത്തിൽ ഏർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങളുടെ ഉല്പ്പന്നങ്ങളുടെ പ്രദർശന വിപണനത്തിനായി അഗ്രോ ഫുഡ് പ്രോ എക്സിബിഷനും നടത്തി വരുന്നു. ഉൽപ്പാദന മേഖലയിലുള്ള സംരംഭങ്ങൾക്ക് സ്ഥിര നിക്ഷേപത്തിന് മേൽ സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയായ സംരംഭക സഹായ പദ്ധതി (ESS)-യും സൂക്ഷ്മ ഭക്ഷ്യ സംസ്കരണ മേഖലയിലെ വായ്പാബന്ധിത

പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകുന്ന കേന്ദ്ര ഭക്ഷ്യ വ്യവസായ മന്ത്രാലയത്തിന്റെ പദ്ധതിയായ PMFME (Prime Ministers Formalization of Micro Food Processing Enterprises) പദ്ധതിയും നടപ്പിലാക്കി വരുന്നു. എറണാകുളം കളമശ്ശേരിയിലുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് (കീഡ്) നടത്തുന്ന എറൈസ് പദ്ധതി വഴി ഭക്ഷ്യ സംസ്കരണത്തിലെ വിവിധ മേഖലകളിൽ സംരംഭകർക്ക് പരിശീലനം നൽകി വരുന്നുണ്ട്. കൂടാതെ സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും നിലവിലുള്ള സംരംഭകരെ നൂതന സാങ്കേതിക വിദ്യ സ്വായത്തമാക്കുന്നതിന് സഹായിക്കുന്നതിന് ടെക്നോളജി ക്ലിനിക്കുകൾ സംഘടിപ്പിക്കുന്നു.

**മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ വ്യവസായ സംരംഭം**

170 (555) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയിൽ പുതുതായി വ്യവസായ സംരംഭം തുടങ്ങുന്നത് പരിഗണനയിൽ ഉണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ അനന്തപുരം വ്യവസായ എസ്റ്റേറ്റിൽ പുതുതായി 27 സംരംഭങ്ങൾ തുടങ്ങുന്നതിന് 3261 സെന്റ് ഭൂമി അനുവദിച്ചുനൽകിയിട്ടുണ്ട്. ഓരോ സംരംഭത്തിനും അനുവദിച്ച നൽകിയ ഭൂമിയുടെ അളവ്, യൂണിറ്റിന്റെ പേരും പദ്ധതിയും, ആകെ നിക്ഷേപം, പ്രതീക്ഷിക്കുന്ന തൊഴിലവസരം എന്നിവ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത സംരംഭം യാഥാർത്ഥ്യമാകുകയാണെങ്കിൽ ലഭ്യമാകുന്ന നേട്ടങ്ങൾ വ്യക്തമാക്കുമോ; ഇത് മുഖേന എത്രപേർക്ക് തൊഴിൽ ലഭ്യമാക്കുമെന്നും വിശദമാക്കാമോ?

പ്രസ്തുത സംരംഭങ്ങളിലൂടെ ജില്ലയിലെ വ്യവസായ മേഖലയിൽ 8688 ലക്ഷം രൂപയുടെ മുതൽമുടക്കും 527 പേർക്ക് തൊഴിൽ സാധ്യതയും പ്രതീക്ഷിക്കുന്നു.

(സി) മഞ്ചേശ്വരം മണ്ഡലത്തിലെ അനന്തപുരം വ്യവസായ പാർക്കിൽ പുതുതായി ഏതെങ്കിലും സംരംഭമോ അടിസ്ഥാന വികസന പ്രവർത്തനങ്ങളോ സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

അനന്തപുരം വ്യവസായ എസ്റ്റേറ്റിൽ അടിസ്ഥാന സൗകര്യ വികസനത്തിലുൾപ്പെടുത്തി 335 ലക്ഷം രൂപ വകയിരുത്തി ചുറ്റുമതിൽ നിർമ്മാണം പുരോഗമിക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

### വ്യവസായ സംരംഭങ്ങളുടെ അഭാവം

171 (556) ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ബ്രഹത്തായ വ്യവസായ സംരംഭങ്ങൾ നമ്മുടെ സംസ്ഥാനത്ത് വരാത്തതും നിലവിലുള്ള വ്യവസായ സ്ഥാപനങ്ങൾ ഇവിടെനിന്നും ഇതര സംസ്ഥാനങ്ങളിലേയ്ക്ക് പോകുന്നതും ഇവിടത്തെ റവന്യൂ വരുമാനത്തെ ദോഷകരമായി ബാധിക്കുന്നതിനും തൊഴിലില്ലായ്മ വർദ്ധിപ്പിക്കുന്നതിനും ഇടയാക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് ഒരു വ്യവസായ സൗഹൃദ അന്തരീക്ഷം നിലവിലുള്ളതായും അത് മുഖേന സംസ്ഥാനത്തേയ്ക്ക് ധാരാളം വരുമാനം ലഭിക്കുന്നതായും മാത്രമല്ല വിവിധ മേഖലകളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടിട്ടുണ്ട്.

(ബി) മുൻസർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് എത്ര ബ്രഹത്തായ വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്?

മുൻസർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് ആരംഭിച്ച ബ്രഹത്തായ സ്ഥാപനങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

| സ്ഥാപനം | നിക്ഷേപം (തുക കോടി രൂപയിൽ) |
|---|---|
| Malabar Ispat Ltd. Kasargod | 34.25 |
| Sunpower Cement Company Pvt. Ltd (expansion), Palakkad | 24.68 |
| Dr.K.M.Cherian Institute of Medical Sciences, Chengannur | 185.00 |

(സി) മുൻസർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് എത്ര വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തനം അവസാനിപ്പിച്ച് പോയിട്ടുണ്ട്; അതിന്റെ കാരണം വ്യക്തമാക്കാമോ?

മുൻസർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് എം.എസ്.എം.ഇ. മേഖലയിൽ 227 വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ട്. എന്നാൽ ഈ കാലയളവിൽ പുതുതായി 69,138 MSME യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. കോവിഡ് സാഹചര്യത്തിലുണ്ടായ പ്രതിസന്ധികൾ, പ്രളയവുമായി ബന്ധപ്പെട്ടുണ്ടായ പ്രതിസന്ധി, പരിസരവാസികളുടെ പരാതികൾ, സാമ്പത്തിക രംഗത്തുണ്ടായ തകർച്ച, പ്ലാസ്റ്റിക് നിരോധനം, വിപണനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, പാർട്ണർഷിപ്പ് സംബന്ധമായ പ്രശ്നങ്ങൾ എന്നിവയാണ് പ്രസ്തുത വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തനം അവസാനിപ്പിച്ചതിന്റെ പ്രധാന കാരണങ്ങൾ.

## ഇന്നൊവേഷൻ ഗ്രാന്റ് പദ്ധതി

172 (557) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ഇന്നൊവേഷൻ ഗ്രാന്റ് പദ്ധതി പ്രകാരം കേരള സ്റ്റാർട്ടപ്പ് മിഷൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

ഇന്നൊവേഷൻ ഗ്രാന്റ് പദ്ധതി പ്രകാരം കേരള സ്റ്റാർട്ടപ്പ് മിഷൻ സ്റ്റാർട്ടപ്പുകൾക്ക് താഴെപ്പറയുന്ന ആനുകൂല്യങ്ങൾ നൽകിവരുന്നു:

ഐഡിയ ഗ്രാന്റ് - മികച്ചതും സാമൂഹിക പ്രതിബദ്ധതയുള്ളതുമായ നൂതന ആശയങ്ങൾ വികസിപ്പിച്ച്, വിപണിയിൽ നിലനിൽക്കുന്ന ഉൽപ്പന്നമായി മാറ്റുന്നതിന് വിദ്യാർത്ഥികൾക്കും സ്റ്റാർട്ടപ്പുകൾക്കും രണ്ട് ലക്ഷം രൂപ വരെ ധനസഹായമാണ് അനുവദിക്കുന്നത്.

പ്രോഡക്ടൈസേഷൻ ഗ്രാന്റ്– വിപണിയിൽ നിലനിൽക്കുന്ന ഉൽപ്പന്നങ്ങളെ വിജയകരമായി വിപണിയിലെത്തിക്കുന്നതിനും ആദ്യകാല വരുമാനം ലഭ്യമാക്കുന്നതിനും സ്റ്റാർട്ടപ്പുകളെ സഹായിക്കുന്നതിനായി ഐഡിയ ഗ്രാന്റ് ഉൾപ്പെടെ 7 ലക്ഷം രൂപ വരെ ധനസഹായമാണ് അനുവദിക്കുന്നത്.

സ്കെയിലപ് ഗ്രാന്റ് - ആദ്യകാല വരുമാനം ലഭിച്ചുതുടങ്ങിയ ഉൽപ്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്തി മികച്ച കമ്പനിയായി മാറുന്നതിന് സ്റ്റാർട്ടപ്പുകൾക്ക് ഐഡിയ ഗ്രാന്റ്, പ്രോഡക്ടൈസേഷൻ ഗ്രാന്റ് ഉൾപ്പെടെ 12 ലക്ഷം രൂപ വരെ ധനസഹായമാണ് അനുവദിക്കുന്നത്.

(ബി) ഇന്നൊവേഷൻ ഗ്രാന്റ് പദ്ധതിയുടെ ഭാഗമായി സ്റ്റാർട്ടപ്പുകൾക്ക് ധനസഹായത്തിന് പരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഇന്നൊവേഷൻ ഗ്രാന്റ് പദ്ധതിയുടെ ഭാഗമായി ഒരു സ്റ്റാർട്ടപ്പിന് ലഭിക്കാവുന്ന പരമാവധി തുക 12 ലക്ഷം രൂപയാണ്.

(സി) നൂതന ആശയങ്ങളെ മികച്ച സംരംഭങ്ങളാക്കി മാറ്റുന്നതിന് സംരംഭകർക്കും സ്റ്റാർട്ടപ്പുകൾക്കുംവേണ്ടി പുതിയ പദ്ധതികൾ സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സെബി അംഗീകാരമുള്ള ഫണ്ടുകളിൽ നിശ്ചിത തുക നിക്ഷേപിച്ച് അതിന്റെ ഇരട്ടിയിലധികം തുക കേരളമടിസ്ഥാനമായി പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് ലഭ്യമാക്കുന്ന കേരള സ്പെസിഫിക് ഏഞ്ചൽ ഫണ്ട് (ഫണ്ട് ഓഫ് ഫണ്ട്) പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിലൂടെ സ്റ്റാർട്ടപ്പുകൾക്ക് കൂടുതൽ മൂലധനം ലഭിക്കുന്നതിനുള്ള അവസരമുണ്ടാകുന്നുണ്ട്.

## കുട്ടനാട്ടിലെ വ്യവസായ വികസനം

173 (558) ശ്രീ. തോമസ് കെ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ നെല്ല്, മീൻ അനുബന്ധ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരു വ്യവസായ പാർക്ക് തുടങ്ങാൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കുട്ടനാട്ടിൽ വ്യവസായ പാർക്കിന് അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പരിഗണിക്കാവുന്നതാണ്.

(ബി) ആർ ബ്ലോക്ക് പോലെയുള്ള സ്ഥലങ്ങൾ ഉപയോഗപ്പെടുത്തി കൃഷി, ടൂറിസം, വ്യവസായം എന്നിവ വികസിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

പരിശോധിക്കാവുന്നതാണ്.

## വ്യവസായ വകുപ്പിന്റെ കീഴിൽ ആരംഭിച്ച പുതിയ പദ്ധതികൾ

174 (559) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ കീഴിൽ ആരംഭിച്ച പുതിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിയിലും ഉപഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(സി) പുതിയതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിനുകീഴിൽ ആരംഭിച്ച പദ്ധതിയാണ് മെഡ്സ്പാർക്ക്. ശ്രീചിത്രതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയുമായി (SCTIMST) ചേർന്ന് സംയുക്ത സംരംഭമായി കെ.എസ്.ഐ.ഡി.സി. ലൈഫ് സയൻസസ് പാർക്കിൽ (ഘട്ടം-1) 9 ഏക്കർ സ്ഥലത്ത് ഈ മെഡിക്കൽ ഉപകരണ പാർക്ക് (മെഡ്സ്പാർക്ക്) സ്ഥാപിക്കുന്നു. മെഡ്സ്പാർക്കിലെ നിർദ്ദിഷ്ട സൗകര്യങ്ങൾ ചുവടെ വിശദമാക്കിയിരിക്കുന്നു.

Large Animal Breeding Centre Prototyping- Pilot Manufacturing and Incubation Centre Medical Device Testing & Evaluation Centre R&D and Knowledge Resource Centre- മെഡ്സ്പാർക്ക് പദ്ധതിയുടെ എസ്റ്റിമേറ്റ് ചെലവ് 286 കോടി രൂപയാണ്. 19-3-2020-ന് ചേർന്ന കെ.എസ്.ഐ.ഡി.സി.-യുടെ ബോർഡ് പദ്ധതി നിർവ്വഹിക്കുന്നതിന് ഭരണപരമായ അനുമതി നൽകിയിട്ടുണ്ട്. തുടർന്ന്, സാങ്കേതിക (Technical Committee) അനുമതിയും ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ആദ്യ പാക്കേജിൽ ഉൾപ്പെട്ട Animal House, Prototype & Incubation Centre തുടങ്ങിയവയുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. ടി നിർമ്മാണം 2022, ജൂണിൽ പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ പദ്ധതിയിൽ ഉൾപ്പെട്ട " Knowledge Resource Centre-ന്റെ നിർമ്മാണത്തിനാവശ്യമായ നടപടികൾ പ്രാരംഭഘട്ടത്തിലാണ്. ടി പദ്ധതികൾ എല്ലാം പൂർത്തിയാക്കി 2022 ഡിസംബറോടെ Medspark പദ്ധതി ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡിൽ ലിക്വിഡ് ഓക്സിജൻ നിർമ്മാണ പ്ലാന്റ് 7 TPD നിന്നും 10 TPD ആക്കുന്ന വിപുലീകരണ പദ്ധതി, ഹൈഡ്രോ ക്ലോറിക് ആസിഡ് ബാർജ് മുഖേന എത്തിക്കുന്ന പദ്ധതി, 40 TPH ബോയ്‌ലർ നിർമ്മാണ പദ്ധതി എന്നിവ ആരംഭിച്ചിട്ടുണ്ട്. കൂടാതെ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിൽ സ്മാർട്ട് വാട്ടർ മീറ്ററിന്റെയും സ്മാർട്ട് എനർജി മീറ്ററിന്റെയും നിർമ്മാണ പദ്ധതി, ട്രാക്കോ കേബിൾ കമ്പനിയുടെ ആധുനികവൽക്കരണം, കേരള സിറാമിക്സിന്റെ വിപുലീകരണ പദ്ധതി, കെ.സി.സി.പി. ലിമിറ്റഡിൽ സാനിറ്റൈസർ നിർമ്മാണ പദ്ധതി, കയർ ഡി ഫൈബറിംഗ് യൂണിറ്റ്, ബി.പി.സി.എൽ.-മായി ചേർന്ന് കരിന്തളത്ത് പെട്രോൾ പമ്പ് ആരംഭിക്കുന്നതിനുള്ള പദ്ധതി എന്നിവയ്ക്ക് തുടക്കം കുറിച്ചു. കരകൗശല വികസന കോർപ്പറേഷന്റെ കീഴിൽ തൃശ്ശൂർ ജില്ലയിലെ ചേർപ്പിൽ ആരംഭിച്ച വുഡ് ക്ലസ്റ്ററിനായുള്ള കോമൺ ഫെസിലിറ്റി സെന്റർ, സിഡ്കോയുടെ അധീനതയിലുള്ള 5 പ്രൊഡക്ഷൻ യൂണിറ്റുകളുടെ നവീകരണ പദ്ധതി, കെൽട്രോണിൽ പൾസ് ഓക്സിമീറ്റർ നിർമ്മാണം, ഇ-ഹെൽത്ത് പദ്ധതിക്കായി 120 എണ്ണം 5 KVA യു.പി.എസ്. നിർമ്മിച്ച് നൽകുന്ന പദ്ധതി, മോട്ടോർ വെഹിക്കിൾസ് വകുപ്പിനായുള്ള കൺട്രോൾ റൂം സിസ്റ്റം, നൂതന ഇലക്ട്രോണിക് ശ്രവണ സഹായി എന്നിവയുടെ നിർമ്മാണം തുടങ്ങിയവ ആരംഭിച്ചു. കോവിഡ്-19 രണ്ടാം വരവിനെ തുടർന്നുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനായി ഇതിന്റെ ഒരു രണ്ടാം പതിപ്പായി കേരള ഗവൺമെന്റ് കോവിഡ്-19 സമാശ്വാസ പദ്ധതി എന്നപേരിൽ ഒരു പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പാക്കേജ് അനുസരിച്ച് പ്രവർത്തന മൂലധനത്തിനായി കുറഞ്ഞ പലിശനിരക്കിൽ ഹ്രസ്വകാല വായ്പകൾ, തിരിച്ചുവരുന്ന പ്രവാസികൾക്ക് പ്രത്യേക

സോഫ്റ്റ് ലോൺ പദ്ധതി, പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, വായ്പാ തിരിച്ചടവിന് കൂടുതൽ സമയം നൽകൽ, ഒരു വർഷത്തേയ്ക്ക് പിഴപ്പലിശ ഒഴിവാക്കൽ, മൂന്ന് മാസത്തേയ്ക്കുള്ള പലിശ ഒഴിവാക്കൽ, മൂന്ന് മാസത്തേയ്ക്ക് കെ.എസ്.ഐ.ഡി.സി.-യുടെ എസ്.ഡി.എഫ്.-കളിലുള്ള യൂണിറ്റുകളുടെ വാടകയും പൊതു സൗകര്യ ചാർജ്ജുകളും ഒഴിവാക്കൽ, വിലയുടെ 20% മുൻകൂർ അടവോടും ബാക്കി 80% അഞ്ചുവർഷം കൊണ്ട് പലിശരഹിത അടവോടുംകൂടി വ്യാവസായിക വളർച്ചാ കേന്ദ്രങ്ങളിൽനിന്നും അർഹരായ സംരംഭകർക്ക് ആവശ്യമായ ഭൂമി അനുവദിക്കൽ തുടങ്ങിയ ഇളവുകൾ കെ.എസ്.ഐ.ഡി.സി.-യുമായി ബന്ധപ്പെട്ട് നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് വ്യവസായ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും അനുമതികൾ സുഗമമാക്കുന്നതിനും വേണ്ടി 2018-ലെ ' കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' സർക്കാർ കൊണ്ടുവരികയുണ്ടായി. ഇതുകൂടാതെ 2019-ലെ ' കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' മുൻ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതിനും ജില്ലാടിസ്ഥാനത്തിലും സംസ്ഥാന തലത്തിലും നിയമപിന്തുണയുള്ള പരാതി പരിഹാര കമ്മിറ്റികൾ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. അഞ്ചുകോടി രൂപ വരെ മൂലധന നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുടെ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള അനുമതികളിന്മേലുള്ള പരാതികൾ അതത് ജില്ലാ പരാതി പരിഹാര സമിതികൾ തീർപ്പാക്കുന്നതായിരിക്കും. ജില്ലാ പരാതി പരിഹാര സമിതിയുടെ ചെയർമാൻ ജില്ലാ കളക്ടറും, കൺവീനർ ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ജനറൽ മാനേജറുമാണ്. അഞ്ചു കോടി രൂപയിലധികം മൂലധന നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുടെ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള അനുമതികളിന്മേലുള്ള പരാതികൾ സംസ്ഥാന പരാതി പരിഹാര സമിതി തീർപ്പാക്കുന്നതായിരിക്കും. ഉന്നത ഉദ്യോഗസ്ഥർ അംഗങ്ങളായ സംസ്ഥാന പരാതി പരിഹാര സമിതിയുടെ ചെയർമാനെയും കൺവീനറെയും കമ്മിറ്റി അംഗങ്ങളിൽനിന്നും സർക്കാർ നിശ്ചയിക്കുന്നതായിരിക്കും. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളെ പൊതുമേഖലയിൽ തന്നെ നിലനിർത്തി പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നയസമീപനമാണ് സർക്കാർ സ്വീകരിച്ച് വരുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ സ്ഥാപനങ്ങളും അടുത്ത പത്ത് വർഷത്തെ പ്രവർത്തനം മുന്നിൽകണ്ടുകൊണ്ടുള്ള നവീകരണ വിപുലീകരണ

പദ്ധതികൾ ഉൾപ്പെടുത്തി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാൻ നിർദ്ദേശിച്ചിരുന്നു. ഇതിന്റെ ഭാഗമായി കമ്പനികൾ തയ്യാറാക്കിയ മാസ്റ്റർ പ്ലാനുകൾ വ്യവസായ വകുപ്പ് പരിശോധിച്ചുവരുന്നു.

**പൊതുമേഖലാ സംവിധാനങ്ങളിലൂടെ നടപ്പിലാക്കിയ പദ്ധതികൾ**

175 (560) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. പി. പി. സുമോദ്:
ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്ക്ഡൗൺ സാഹചര്യത്തിൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രീയൽ ഡെവലപ്മെന്റ് കോർപ്പറേഷനിൽനിന്നും വായ്പ എടുത്ത് തുക തിരിച്ചടയ്ക്കാൻ കഴിയാത്തവർക്കായി എന്തെല്ലാം ഇളവുകളാണ് പ്രഖ്യാപിച്ചിട്ടുള്ളത്; എത്ര ഉപഭോക്താക്കൾക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ;

(ബി) സർക്കാർ പ്രഖ്യാപിച്ച കോവിഡ് സമാശ്വാസ പാക്കേജിന് സമാന്തരമായി ചെറുകിട വ്യവസായ മേഖലയ്ക്കായി മറ്റ് പൊതുമേഖലാ സംവിധാനങ്ങളിലൂടെ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

(എ&ബി) കോവിഡ്-19 പകർച്ചവ്യാധിമൂലം ദുരിതത്തിലായ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകളെ സഹായിക്കുന്നതിനായി കേരള ഗവൺമെന്റ് വ്യവസായ ഭദ്രത എന്ന പേരിൽ ഒരു പ്രത്യേക സമാശ്വാസ പാക്കേജ് പ്രഖ്യാപിച്ചിരുന്നു. ഈ പാക്കേജ് അനുസരിച്ച് കെ.എസ്.ഐ.ഡി.സി.-യുടെ നിലവിലുള്ള ഉപഭോക്താക്കൾക്ക് പ്രവർത്തന മൂലധനത്തിനായി 200 ലക്ഷം രൂപ വരെയുള്ള ഹ്രസ്വകാല വായ്പകളും പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും തുടങ്ങിയ ഇളവുകളും ലഭ്യമാക്കിയിരുന്നു. നിലവിലുള്ള സംരംഭകർക്ക് വായ്പാ തിരിച്ചടവിന് കൂടുതൽ സമയം നൽകുകയും നിലവിൽ അടച്ചുതീർക്കാനുള്ള പലിശ (പിഴപ്പലിശ ഒഴിവാക്കി) ഘട്ടംഘട്ടമായി അടച്ചുതീർക്കാനുള്ള സൗകര്യവും ലഭ്യമാക്കിയിരുന്നു. വായ്പയിൽ മുതൽ തിരിച്ചടവിന് ആറു മാസത്തെ മോറട്ടോറിയവും നൽകിയിരുന്നു. ഈ പദ്ധതി പ്രകാരം 18-1-2021 വരെ കെ.എസ്.ഐ.ഡി.സി. 18 വ്യവസായ യൂണിറ്റുകൾക്ക് 24.25 കോടി രൂപയുടെ ധനസഹായം (ലോൺ) നൽകുകയുണ്ടായി. കൂടാതെ, നിലവിൽ പ്രവർത്തിക്കുന്ന എല്ലാ യൂണിറ്റുകൾക്കും വായ്പാ തിരിച്ചടവിന് കൂടുതൽ സമയം നൽകുകയും 31-3-2021 വരെ പിഴപ്പലിശ ഒഴിവാക്കി നൽകുകയും ചെയ്തിട്ടുണ്ട്.

കോവിഡ്-19-ന്റെ രണ്ടാം വരവിനെ തുടർന്നുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനായി ഇതിന്റെ ഒരു രണ്ടാം പതിപ്പായി കേരള ഗവൺമെൻറ് കോവിഡ്- 19 സമാശ്വാസ പദ്ധതി എന്നപേരിൽ ഒരു പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പാക്കേജ് അനുസരിച്ച് പ്രവർത്തന മൂലധനത്തിനായി കുറഞ്ഞ പലിശ നിരക്കിൽ ഹ്രസ്വകാല വായ്പകൾ, തിരിച്ചുവരുന്ന പ്രവാസികൾക്ക് പ്രത്യേക സോഫ്റ്റ് ലോൺ പദ്ധതി, പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, വായ്പാ തിരിച്ചടവിന് കൂടുതൽ സമയം നൽകൽ, ഒരു വർഷത്തേയ്ക്ക് പിഴപ്പലിശ ഒഴിവാക്കൽ, മൂന്നു മാസത്തേയ്ക്കുള്ള പലിശ ഒഴിവാക്കൽ, മൂന്നു മാസത്തേയ്ക്ക് കെ.എസ്.ഐ.ഡി.സി.-യുടെ എസ്.ഡി.എഫ്.-കളിലുള്ള യൂണിറ്റുകളുടെ വാടകയും പൊതുസൗകര്യ ചാർജ്ജുകളും ഒഴിവാക്കൽ, വിലയുടെ 20% മുൻകൂർ അടവോടും ബാക്കി 80% അഞ്ചു വർഷം കൊണ്ട് പലിശരഹിത അടവോടും കൂടി വ്യാവസായിക വളർച്ചാ കേന്ദ്രങ്ങളിൽനിന്നും അർഹരായ സംരംഭകർക്ക് ആവശ്യമായ ഭൂമി അനുവദിക്കൽ തുടങ്ങിയ ഇളവുകൾ കെ.എസ്.ഐ.ഡി.സി.-യുമായി ബന്ധപ്പെട്ട് നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം 12 പ്രോജക്ടുകൾക്കായി 19.55 കോടി രൂപയാണ് ധനസഹായം നല്കിയിരിക്കുന്നത്.

(സി) സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കോവിഡ് സമാശ്വാസ പദ്ധതിക്ക് പുറമേ ഈ രംഗത്ത് കേന്ദ്ര സർക്കാരിന്റെ സഹായ പദ്ധതികൾ നിലവിലുണ്ടോ; വിശദമാക്കാമോ?

കോവിഡ് സാഹചര്യത്തിൽ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾക്ക് പുറമേ സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിലെ (MSME) സംരംഭങ്ങൾക്കായി കേന്ദ്ര സർക്കാരിന്റെ സഹായ പദ്ധതികൾ നിലവിലുണ്ട്. കോവിഡ് -19-നെ തുടർന്നുണ്ടായ ലോക്ക്ഡൗൺ പ്രതിസന്ധിയിൽനിന്നും MSME മേഖലയെ സഹായിക്കുന്നതിലേയ്ക്കായി കേന്ദ്ര സർക്കാരിന്റെ ആത്മനിർഭർ ഭാരത് അഭിയാൻ പദ്ധതിയിലുൾപ്പെടുത്തി സഹായ പദ്ധതികൾ പ്രഖ്യാപിച്ച് നടപ്പിലാക്കി വരുന്നുണ്ട്. കൊളാറ്ററൽ സെക്യൂരിറ്റി കൂടാതെ വായ്പ അനുവദിക്കുന്ന Emergency Credit Line Guarantee Scheme (ECLGS) പദ്ധതി, ഇക്വിറ്റി ഫണ്ട് അനുവദിക്കുന്ന fund of funds പദ്ധതി, നഷ്ടത്തിൽ പ്രവർത്തിക്കുന്ന MSME-കളെ പുനരുദ്ധരിക്കുന്നതിലേയ്ക്കായുള്ള Subordinate debt for MSMEs പദ്ധതി എന്നിവ ആത്മനിർഭർ ഭാരത് അഭിയാൻ പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കി വരുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയ്ക്കായുള്ള പ്രധാന പദ്ധതികളാണ്.

## വ്യവസായ മേഖലയിലെ പദ്ധതികൾ

176 (561) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ മേഖലയിൽ നടപ്പിലാക്കാൻ പോകുന്ന പുതിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ മേഖലയിൽ ഏതെല്ലാം പദ്ധതികൾക്കാണ് തുടക്കം കുറിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

(എ&ബി) ഈ സർക്കാർ ആധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിനുകീഴിൽ ആരംഭിച്ച പദ്ധതിയാണ് മെഡ്സ്പാർക്ക്. ശ്രീചിത്രതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയുമായി (SCTIMST) ചേർന്ന് സംയുക്ത സംരംഭമായി കെ.എസ്.ഐ.ഡി.സി. ലൈഫ് സയൻസസ് പാർക്കിൽ (ഘട്ടം-1) 9 ഏക്കർ സ്ഥലത്ത് ഈ മെഡിക്കൽ ഉപകരണ പാർക്ക് (മെഡ്സ്പാർക്ക്) സ്ഥാപിക്കുന്നു. മെഡ്സ്പാർക്കിലെ നിർദ്ദിഷ്ട സൗകര്യങ്ങൾ ചുവടെ ചേർക്കുന്നു.

Large Animal Breeding Centre Prototyping - Pilot Manufacturing and Incubation Centre Medical Device Testing & Evaluation Centre R&D and Knowledge Resource Centre -മെഡ്സ്പാർക്ക് പദ്ധതിയുടെ എസ്റ്റിമേറ്റ് ചെലവ് 286 കോടി രൂപയാണ്. 19-3-2020-ന് ചേർന്ന കെ.എസ്.ഐ.ഡി.സി.-യുടെ ബോർഡ് പദ്ധതി നിർവ്വഹിക്കുന്നതിന് ഭരണപരമായ അനുമതി നൽകിയിട്ടുണ്ട്. തുടർന്ന്, സാങ്കേതിക (Technical Committee) അനുമതിയും ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ആദ്യ പാക്കേജിൽ ഉൾപ്പെട്ട Animal House, Prototype & Incubation Centre തുടങ്ങിയവയുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. ടി നിർമ്മാണം 2022, ജൂണിൽ പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ പദ്ധതിയിൽ ഉൾപ്പെട്ട " Knowledge Resource Centre-ന്റെ നിർമ്മാണത്തിന് ആവശ്യമായ നടപടികൾ പ്രാരംഭഘട്ടത്തിലാണ്. ടി പദ്ധതികൾ എല്ലാം പൂർത്തിയാക്കി 2022 ഡിസംബറോടെ Medspark പദ്ധതി ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡിൽ ലിക്വിഡ് ഓക്സിജൻ നിർമ്മാണ പ്ലാന്റ് 7 TPD നിന്നും 10 TPD ആക്കുന്ന വിപുലീകരണ പദ്ധതി, ഹൈഡ്രോ ക്ലോറിക് ആസിഡ് ബാർജ് മുഖേന എത്തിക്കുന്ന പദ്ധതി, 40 TPH ബോയ്‌ലർ നിർമ്മാണ പദ്ധതി എന്നിവ ആരംഭിച്ചിട്ടുണ്ട്. കൂടതെ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിൽ സ്മാർട്ട് വാട്ടർ മീറ്ററിന്റെയും സ്മാർട്ട് എനർജി മീറ്ററിന്റെയും നിർമ്മാണ പദ്ധതി, ട്രാക്കോ കേബിൾ കമ്പനിയുടെ ആധുനികവൽക്കരണം, കേരള സിറാമിക്സിന്റെ വിപുലീകരണ പദ്ധതി, കെ.സി.സി.പി ലിമിറ്റഡിൽ സാനിറ്റൈസർ നിർമ്മാണ

പദ്ധതി, കയർ ഡി ഫൈബറിംഗ് യൂണിറ്റ്, ബി.പി.സി.എൽ.-മായി ചേർന്ന് കരിന്തളത്ത് പെട്രോൾ പമ്പ് ആരംഭിക്കുന്നതിനുള്ള പദ്ധതി എന്നിവയ്ക്ക് തുടക്കംകുറിച്ചു. കരകൗശല വികസന കോർപ്പറേഷന്റെ കീഴിൽ തൃശ്ശൂർ ജില്ലയിലെ ചേർപ്പിൽ ആരംഭിച്ച വുഡ് ക്ലസ്റ്ററിനായുള്ള കോമൺ ഫെസിലിറ്റി സെന്റർ, സിഡ്കോയുടെ അധീനതയിലുള്ള 5 പ്രൊഡക്ഷൻ യൂണിറ്റുകളുടെ നവീകരണ പദ്ധതി, കെൽട്രോണിൽ പൾസ് ഓക്സിമീറ്റർ നിർമ്മാണം, ഇ-ഹെൽത്ത് പദ്ധതിക്കായി 120 എണ്ണം 5 KVA യു.പി.എസ്. നിർമ്മിച്ച് നൽകുന്ന പദ്ധതി, മോട്ടോർ വെഹിക്കിൾസ് വകുപ്പിനായുള്ള കൺട്രോൾ റൂം സിസ്റ്റം, നൂതന ഇലക്ട്രോണിക് ശ്രവണ സഹായി എന്നിവയുടെ നിർമ്മാണം തുടങ്ങിയവ ആരംഭിച്ചു. കിൻഫ്രയുടെ വ്യവസായ മേഖലയിൽ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ പോകുന്നു.

- കിൻഫ്ര വ്യവസായ പാർക്ക്, മട്ടന്നൂർ
- സ്പൈസസ് പാർക്ക്, ഇടുക്കി.
- ഇന്റഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്ക്, ആലപ്പുഴ & പാലക്കാട്.

കോവിഡ്-19 രണ്ടാം വരവിനെ തുടർന്നുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനായി കേരള ഗവൺമെന്റ് കോവിഡ്-19 സമാശ്വാസ പദ്ധതി എന്നപേരിൽ ഒരു പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പാക്കേജ് അനുസരിച്ച് പ്രവർത്തന മൂലധനത്തിനായി കുറഞ്ഞ പലിശനിരക്കിൽ ഹ്രസ്വകാല വായ്പകൾ, തിരിച്ചുവരുന്ന പ്രവാസികൾക്ക് പ്രത്യേക സോഫ്റ്റ് ലോൺ പദ്ധതി, പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, വായ്പാ തിരിച്ചടവിന് കൂടുതൽ സമയം നൽകൽ, ഒരു വർഷത്തേയ്ക്ക് പിഴപ്പലിശ ഒഴിവാക്കൽ, മൂന്നു മാസത്തേയ്ക്കുള്ള പലിശ ഒഴിവാക്കൽ, മൂന്ന് മാസത്തേക്ക് കെ.എസ്.ഐ.ഡി.സി.-യുടെ എസ്.ഡി.എഫ്.-കളിലുള്ള യൂണിറ്റുകളുടെ വാടകയും പൊതു സൗകര്യ ചാർജ്ജുകളും ഒഴിവാക്കൽ, വിലയുടെ 20% മുൻകൂർ അടവോടും ബാക്കി 80% അഞ്ചു വർഷം കൊണ്ട് പലിശ രഹിത അടവോടും കൂടി വ്യാവസായിക വളർച്ചാ കേന്ദ്രങ്ങളിൽനിന്നും അർഹരായ സംരംഭകർക്ക് ആവശ്യമായ ഭൂമി അനുവദിക്കൽ തുടങ്ങിയ ഇളവുകൾ കെ.എസ്.ഐ.ഡി.സി.-യുമായി ബന്ധപ്പെട്ട് നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് വ്യവസായ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും അനുമതികൾ സുഗമമാക്കുന്നതിനും വേണ്ടി 2018-ലെ ' കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' സർക്കാർ കൊണ്ടുവരികയുണ്ടായി. നിലവിലെ ഏഴ് നിയമങ്ങളിൽ വേണ്ട ഭേദഗതികൾ വരുത്തിയാണ് മേൽപ്പറഞ്ഞ നിയമം കൊണ്ടുവന്നത്. ഈ നിയമപ്രകാരം പുതിയതും നിലവിലുള്ളതുമായ വ്യാവസായിക സംരംഭങ്ങൾക്ക് സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള എല്ലാവിധ അനുമതികളും

ലഭ്യമാക്കാൻ K-SWIFT എന്ന പേരിൽ ഒരു ഓൺലൈൻ ഏകജാലക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഈ സംവിധാനം വഴി അപേക്ഷ സമർപ്പിച്ച് 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള എല്ലാ അനുമതികളും അതത് വകുപ്പുകൾ ലഭ്യമാക്കേണ്ടതാണ്; അല്ലാത്തപക്ഷം അപേക്ഷയ്ക്ക് ഏകജാലക ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്. ഇതുകൂടാതെ 2019-ലെ ' കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' മുൻ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഈ നിയമപ്രകാരം 10 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നു വർഷം വരെ സംസ്ഥാന നിയമങ്ങൾക്കുകീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച് വ്യവസായം തുടങ്ങാൻ സാധിക്കുന്നതാണ്. K-SWIFT ഓൺലൈൻ ഏകജാലക സംവിധാനം വഴി മേൽസൂചിപ്പിച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് ' MSME Acknowledgement Certificate' ലഭ്യമാകുന്നതുമാണ്. 2018 ഫെബ്രുവരിയിൽ K-SWIFT നിലവിൽ വന്നതുമുതൽ നാളിതുവരെ ഈ സംവിധാനം വഴി 13,724 സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് അനുമതി നൽകി Acknowledgement Certificate ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതിനും ജില്ലാടിസ്ഥാനത്തിലും സംസ്ഥാനതലത്തിലും നിയമ പിന്തുണയുള്ള പരാതി പരിഹാര കമ്മിറ്റികൾ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ഇതിനായി 1999-ലെ കേരള വ്യവസായ ഏകജാലക ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും നിയമത്തിൽ ആവശ്യാനുസൃതമായ ഭേദഗതികൾ വരുത്തിക്കൊണ്ട് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനെ 2021-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും (ഭേദഗതി) ഓർഡിനൻസ് 2021 സെപ്റ്റംബർ 10-ന് പുറപ്പെടുവിക്കുകയുണ്ടായി. അഞ്ച് കോടി രൂപ വരെ മൂലധന നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുടെ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള അനുമതികളിന്മേലുള്ള പരാതികൾ അതത് ജില്ലാ പരാതി പരിഹാര സമിതികൾ തീർപ്പാക്കുന്നതായിരിക്കും. ജില്ലാ പരാതി പരിഹാര സമിതിയുടെ ചെയർമാൻ ജില്ല കളക്ടറും കൺവീനർ ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ജനറൽ മാനേജറുമാണ്. ഉന്നത ഉദ്യോഗസ്ഥർ അംഗങ്ങളായ സംസ്ഥാന പരാതി പരിഹാര സമിതിയുടെ ചെയർമാനെയും കൺവീനറെയും കമ്മിറ്റി അംഗങ്ങളിൽനിന്നും സർക്കാർ

നിശ്ചയിക്കുന്നതായിരിക്കും. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖലയിൽ തന്നെ നിലനിർത്തി പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നയസമീപനമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ സ്ഥാപനങ്ങളും അടുത്ത പത്ത് വർഷത്തെ പ്രവർത്തനം മുന്നിൽ കണ്ടുകൊണ്ടുള്ള നവീകരണ വിപുലീകരണ പദ്ധതികൾ ഉൾപ്പെടുത്തി ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കുവാൻ നിർദ്ദേശിച്ചിരുന്നു. ഇതിന്റെ ഭാഗമായി കമ്പനികൾ തയ്യാറാക്കിയ മാസ്റ്റർപ്ലാനുകൾ വ്യവസായ വകുപ്പ് ഡയറക്ടർ പരിശോധിച്ചുവരുന്നു.

**ദിനേശ് ബീഡി കമ്പനിയിൽ സെക്രട്ടറി നിയമനം**

177 (562) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദിനേശ് ബീഡി കമ്പനിയുടെ സെക്രട്ടറി സ്ഥാനത്തേയ്ക്ക് നിയമിതനാകുന്നതിനുള്ള യോഗ്യത എന്താണെന്ന് വ്യക്തമാക്കുമോ?

കേരള ദിനേശ് ബീഡി തൊഴിലാളി കേന്ദ്ര സഹകരണ സംഘത്തിന്റെ ബൈലോ 14 പ്രകാരം വ്യവസായ വാണിജ്യ വകുപ്പിൽനിന്നും ഡെപ്യൂട്ടേഷൻ വഴിയാണ് സെക്രട്ടറി തസ്തികയിലേയ്ക്കുള്ള നിയമനം.

(ബി) സർക്കാർ ജീവനക്കാർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിതരാകുന്ന സെക്രട്ടറി തസ്തികയിൽ സർവ്വീസിൽനിന്നും വിരമിച്ച ഉദ്യോഗസ്ഥൻ അഞ്ച് വർഷത്തിൽ അധികമായി ഉയർന്ന ശമ്പളത്തിൽ തുടരുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) സാമ്പത്തിക പ്രതിസന്ധിയുടെ കാലത്ത് ഖജനാവിന് വൻ ബാധ്യതയുണ്ടാക്കുന്ന ഈ നടപടി അടിയന്തരമായി അവസാനിപ്പിക്കുമോയെന്ന് വ്യക്തമാക്കുമോ?

(ബി&സി) കേരള ദിനേശ് ബീഡി തൊഴിലാളി കേന്ദ്ര സഹകരണ സംഘം വ്യവസായ വാണിജ്യ ഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചുവെങ്കിലും, വ്യവസായ വാണിജ്യ വകുപ്പിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ആരുംതന്നെ സെക്രട്ടറിയായി വരുന്നതിന് സന്നദ്ധരല്ലാത്തതിനാലാണ് കഴിവും പ്രവർത്തന പരിചയവും പരിഗണിച്ച് നിലവിലുള്ള സെക്രട്ടറി കേരള സഹകരണ വകുപ്പ് 185 (എ) ചട്ടപ്രകാരം വ്യവസായ വാണിജ്യ ഡയറക്ടറുടെ അനുമതിയോടെ ചുമതല വഹിക്കുന്നത്. ഡെപ്യൂട്ടേഷനിൽ നിയമിതരാകുന്ന ജീവനക്കാരന് നൽകേണ്ടതിലും കുറഞ്ഞ ശമ്പളമാണ് സെക്രട്ടറിക്ക് ഇപ്പോൾ നൽകി വരുന്നത്. സെക്രട്ടറിയെ നിയമിക്കാനുള്ള നടപടികൾ ആരംഭിക്കുന്നതാണ്.

## ഇളമണ്ണൂരിലെ കിൻഫ്ര പാർക്കിൽ പുതിയ വ്യവസായ യൂണിറ്റുകളുടെ ആരംഭം

178 (563) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി നിയോജകമണ്ഡലത്തിലെ ഇളമണ്ണൂരിൽ സ്ഥിതി ചെയ്യുന്ന കിൻഫ്ര പാർക്കിൽ പുതിയ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

വ്യവസായ സംരംഭങ്ങൾ നേരിട്ട് ആരംഭിക്കുക എന്നത് കിൻഫ്രയുടെ പ്രഖ്യാപിത ലക്ഷ്യമല്ല. ഇളമണ്ണൂരിൽ കിൻഫ്ര സ്ഥാപിച്ച വ്യവസായ പാർക്കിൽ വികസിപ്പിച്ച മുഴുവൻ ഭൂമിയും 40 യൂണിറ്റുകൾക്കായി അലോട്ട് ചെയ്തിട്ടുണ്ട്.

## ചെറുകിട വ്യവസായ മേഖലയ്ക്ക് പ്രത്യേക പാക്കേജ്

179 (564) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായ മേഖലയിൽ കോവിഡ് സൃഷ്ടിച്ച പ്രതിസന്ധി മറികടക്കുന്നതിന് പ്രത്യേക പാക്കേജ് നടപ്പിലാക്കുമോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മേഖലയിലെ സംരംഭകർക്കായി ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ?

(എ&ബി) കോവിഡിന്റെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗൺമൂലം ആവശ്യത്തിന് ഉൽപാദനമില്ലായ്മ, അസംസ്കൃത വസ്തുക്കൾ പാഴാകൽ, വ്യാപാര നഷ്ടം, തൊഴിൽ വേതനം, ശമ്പള ചെലവുകൾ, ബാങ്ക് ലോൺ അടവ്, മറ്റ് നിയമപരമായ തിരിച്ചടവുകൾ തുടങ്ങിയ പ്രശ്നങ്ങൾ അഭിമുഖീകരിച്ച എം.എസ്.എം.ഇ.-കളെ സഹായിക്കുന്നതിനായി കേരള സർക്കാർ പ്രഖ്യാപിച്ച ഒരു പ്രത്യേക പാക്കേജാണ് "വ്യവസായ ഭദ്രത" . 20-5-2020-ലെ G.O. (MS).No.56/2020/ID പ്രകാരം പ്രഖ്യാപിച്ച വ്യവസായ ഭദ്രത പാക്കേജിൽ ചുവടെ വിവരിക്കുന്ന 17 പദ്ധതികളാണ് ഉൾപ്പെട്ടിരുന്നത്.

1. പുതിയ ലാൻഡ് പ്രീമിയം പേമെന്റ് പോളിസി.
2. ലാൻഡ് പ്രീമിയം ഒരു വർഷത്തേയ്ക്ക് മരവിപ്പിക്കുന്നത്.
3. മൂന്ന് മാസത്തേയ്ക്ക് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (SDF) വാടക ഉപേക്ഷിക്കുന്നത്.
4. കോമൺ ഫെസിലിറ്റി ചാർജ്ജുകൾ 3 മാസത്തേയ്ക്ക് ഉപേക്ഷിക്കുന്നത്.

5. KSIDC നൽകുന്ന ടോപ് അപ്പ് ലോണുകൾ.

6. KSIDC-യുടെ നിലവിലുള്ള ഉപഭോക്താക്കൾക്ക് പീനൽ ഇന്ററസ്റ്റ് ഒഴിവാക്കുന്നത്.

7. മുതലും പലിശയും അടയ്ക്കുന്നതിനുള്ള മൊറട്ടോറിയം.

8. KSIDC-യ്ക്കും KINFRA-യ്ക്കുമുള്ള ഒറ്റത്തവണ തീർപ്പാക്കൽ പോളിസി.

9. MSME-കൾക്ക് സ്വത്തുക്കൾ സൃഷ്ടിക്കുന്നതിനായി KSIDC നൽകുന്ന പ്രത്യേക വായ്പ.

10. സംരംഭക സഹായ പദ്ധതി (ESS) ഉദാരവൽക്കരിക്കുന്നത്.

11. എ) അധിക പ്രവർത്തന മൂലധനത്തിനുവേണ്ടി മാർജിൻ മണി അസിസ്റ്റൻസ്.

ബി) MSME-കൾക്കുള്ള അധിക പ്രവർത്തന മൂലധനത്തിന് പലിശ ധനസഹായം.

12. MSME-കൾക്ക് നൽകുന്ന അധിക ടേം ലോണിനുള്ള പലിശ ധനസഹായം.

13. മൂന്ന് മാസത്തേയ്ക്ക് തൊഴിലുടമകൾ നൽകുന്ന ESI വിഹിതം സൗജന്യം.

14. മൂന്ന് മാസത്തേയ്ക്ക് തൊഴിലുടമകളുടെ PF വിഹിതം സൗജന്യം.

15. NPA വ്യവസ്ഥകൾ നവീകരിക്കുന്നത്.

16. മുതലും പലിശയും അടയ്ക്കുന്നതിനുള്ള മൊറട്ടോറിയം 6 മാസത്തേയ്ക്ക് ദീർഘിപ്പിക്കുന്നത്.

17. MSME-കളുടെ മൊറട്ടോറിയം അടയ്ക്കുന്നതിനുള്ള കാലയളവ് ദീർഘിപ്പിക്കൽ.

ഇതുകൂടാതെ കോവിഡ് രണ്ടാം തരംഗംമൂലം സംസ്ഥാനത്തെ എം.എസ്സ്.എം.ഇ. മേഖലയ്ക്ക് നേരിട്ട ആഘാതം കുറയ്ക്കുന്നതിനായി കോവിഡ്-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് ഈ വർഷം പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത പാക്കേജിൽ താഴെപ്പറയുന്ന ദുരിതാശ്വാസ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പ് വഴി നടപ്പിലാക്കുന്നുണ്ട്.

1. കോവിഡ് 19-ന്റെ സാഹചര്യത്തിൽ മുൻവർഷം പ്രഖ്യാപിച്ച വ്യവസായ ഭദ്രതാ പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പലിശ ഇളവ് പദ്ധതി (Scheme for interest Subvention on term Loan and Working Capital Loan) കൂടുതൽ ഇളവുകളോടെ നടപ്പിലാക്കും. 2020 ഡിസംബർ 31 വരെ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും നേടുന്ന വായ്പകൾക്കാണ് പലിശയിളവ് നൽകിയിരുന്നത്. ഇത് 2021 ഡിസംബർ 31 വരെയുള്ള വായ്പകൾക്കായി ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിക്കും. ഈ പദ്ധതി അനുസരിച്ച് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ ലഭിക്കുന്ന എല്ലാ സൂക്ഷ്മ-ചെറുകിട- ഇടത്തരം സംരംഭങ്ങൾക്കും 12 മാസത്തേയ്ക്ക് 50% പലിശ സഹായം ലഭ്യമാകും. പരമാവധി യൂണിറ്റിന് 1,20,000 രൂപ വരെയാണ് സഹായം അനുവദിക്കുക.

2. നിലവിലെ ESS മാർഗ്ഗരേഖപ്രകാരം യോഗ്യതയുള്ള ഒരു യൂണിറ്റിന് ലഭിക്കുന്ന പരമാവധി സബ്സിഡി പൊതുവിഭാഗങ്ങൾക്ക് 20 ലക്ഷത്തിൽ നിന്ന് 30 ലക്ഷമായി ഉയർത്തും. പിന്നാക്ക ജില്ലകളിലെ വ്യവസായങ്ങൾക്കും മുൻഗണനാ വ്യവസായങ്ങൾക്കും പരമാവധി 30 ലക്ഷം രൂപയെന്നത് 40 ലക്ഷം രൂപ വരെ ഉയർത്തും.

3. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് സഹായത്തിന്റെ വ്യാപ്തി വിപുലീകരിച്ച് സേവനമേഖലയിൽ ഉൾപ്പെട്ടിരിക്കുന്ന നാനോ യൂണിറ്റുകളെക്കൂടി പദ്ധതി പ്രകാരം സഹായത്തിന് യോഗ്യരാക്കും.

4. ആദ്യം 5 ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള യൂണിറ്റുകൾക്ക് മാത്രമേ നാനോ യൂണിറ്റുകൾക്കുള്ള പലിശ ഇളവ് പദ്ധതി അനുവദിച്ചിട്ടുള്ളൂ. ഈ സഹായത്തിനായി 10 ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള എല്ലാ നാനോ യൂണിറ്റുകളും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമെ, 10 ലക്ഷം രൂപ മൂലധന നിക്ഷേപമുള്ള എല്ലാ സേവനമേഖല നാനോ യൂണിറ്റുകളും ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് യോഗ്യരാകും.

## കോവിഡ്മൂലം പ്രതിസന്ധിയിലായ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ

180 (565) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ്മൂലം പ്രതിസന്ധിയിലായ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളെ (എം.എസ്.എം.ഇ.) സഹായിക്കുന്നതിനായി എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

കോവിഡിന്റെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗൺമൂലം ആവശ്യത്തിന് ഉൽപ്പാദനമില്ലായ്മ, അസംസ്കൃത വസ്തുക്കൾ പാഴാകൽ, വ്യാപാര നഷ്ടം, തൊഴിൽ വേതനം, ശമ്പള ചെലവുകൾ, ബാങ്ക് ലോൺ അടവ്, മറ്റ് നിയമപരമായ തിരിച്ചടവുകൾ തുടങ്ങിയ പ്രശ്നങ്ങൾ അഭിമുഖീകരിച്ച എം.എസ്.എം.ഇ.-കളെ സഹായിക്കുന്നതിനായി കേരള സർക്കാർ പ്രഖ്യാപിച്ച ഒരു പ്രത്യേക പാക്കേജ് ആണ് "വ്യവസായ ഭദ്രത" . 20-5-2020-ലെ G.O.(MS).No.56/2020/ID പ്രകാരം പ്രഖ്യാപിച്ച വ്യവസായ ഭദ്രത പാക്കേജിൽ ചുവടെ വിവരിക്കുന്ന 17 പദ്ധതികളാണ് ഉൾപ്പെട്ടിരുന്നത്.

1. പുതിയ ലാൻഡ് പ്രീമിയം പേമെന്റ് പോളിസി.
2. ലാൻഡ് പ്രീമിയം ഒരു വർഷത്തേയ്ക്ക് മരവിപ്പിക്കുന്നത്.
3. മൂന്ന് മാസത്തേയ്ക്ക് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (SDF) വാടക ഉപേക്ഷിക്കുന്നത്
4. കോമൺ ഫെസിലിറ്റി ചാർജ്ജുകൾ 3 മാസത്തേയ്ക്ക് ഉപേക്ഷിക്കുന്നത്
5. KSIDC നൽകുന്ന ടോപ് അപ്പ് ലോണുകൾ.
6. KSIDC-യുടെ നിലവിലുള്ള ഉപഭോക്താക്കൾക്ക് പീനൽ ഇന്ററസ്റ്റ് ഒഴിവാക്കുന്നത്.
7. മുതലും പലിശയും അടയ്ക്കുന്നതിനുള്ള മൊറട്ടോറിയം.
8. KSIDC-യും KINFRA-യുമുള്ള ഒറ്റതവണ തീർപ്പാക്കൽ പോളിസി.
9. MSME-കൾക്ക് സ്വത്തുക്കൾ സൃഷ്ടിക്കുന്നതിനായി KSIDC നൽകുന്ന പ്രത്യേക വായ്പ.
10. സംരംഭക സഹായ പദ്ധതി (ESS) ഉദാരവൽക്കരിക്കുന്നത്.
11. എ) അധിക പ്രവർത്തന മൂലധനത്തിനുവേണ്ടി മാർജിൻ മണി അസിസ്റ്റൻസ്

    ബി) MSME-കൾക്കുള്ള അധിക പ്രവർത്തന മൂലധനത്തിന് പലിശ ധനസഹായം.
12. MSME-കൾക്ക് നൽകുന്ന അധിക ടേം ലോണിനുള്ള പലിശ ധനസഹായം.

13. മൂന്ന് മാസത്തേയ്ക്ക് തൊഴിലുടമകൾ നൽകുന്ന ESI വിഹിതം സൗജന്യം.

14. മൂന്ന് മാസത്തേയ്ക്ക് തൊഴിലുടമകളുടെ PF വിഹിതം സൗജന്യം

15. NPA വ്യവസ്ഥകൾ നവീകരിക്കുന്നത്

16. മുതലും പലിശയും അടയ്ക്കുന്നതിനുള്ള മൊറട്ടോറിയം 6 മാസത്തേയ്ക്ക് ദീർഘിപ്പിക്കുന്നത്

17. MSME-കളുടെ മൊറട്ടോറിയം അടയ്ക്കുന്നതിനുള്ള കാലയളവ് ദീർഘിപ്പിക്കൽ.

ഇതുകൂടാതെ കോവിഡ് രണ്ടാം തരംഗംമൂലം സംസ്ഥാനത്തെ എം.എസ്.എം.ഇ. മേഖലയ്ക്ക് നേരിട്ട ആഘാതം കുറയ്ക്കുന്നതിനായി കോവിഡ്-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് ഈ വർഷം പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത പാക്കേജിൽ താഴെപ്പറയുന്ന ദുരിതാശ്വാസ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പ് വഴി നടപ്പിലാക്കുന്നുണ്ട്.

1. കോവിഡ് 19-ന്റെ സാഹചര്യത്തിൽ മുൻവർഷം പ്രഖ്യാപിച്ച വ്യവസായ-ഭദ്രത-പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പലിശ ഇളവ് പദ്ധതി (Scheme for interest Subvention on term Loan and Working Capital Loan) കൂടുതൽ ഇളവുകളോടെ നടപ്പിലാക്കും. 2020 ഡിസംബർ 31 വരെ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും നേടുന്ന വായ്പകൾക്കാണ് പലിശയിളവ് നൽകിയിരുന്നത്. ഇത് 2021 ഡിസംബർ 31 വരെയുള്ള വായ്പകൾക്കായി ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിക്കും. ഈ പദ്ധതി അനുസരിച്ച് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്ന എല്ലാ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കും 12 മാസത്തേയ്ക്ക് 50% പലിശസഹായം ലഭ്യമാകും. പരമാവധി യൂണിറ്റിന് 1,20,000 രൂപ വരെയാണ് സഹായം അനുവദിക്കുക.

2. നിലവിലെ ESS മാർഗരേഖപ്രകാരം യോഗ്യതയുള്ള ഒരു യൂണിറ്റിന് ലഭിക്കുന്ന പരമാവധി സബ്സിഡി പൊതു വിഭാഗങ്ങൾക്ക് 20 ലക്ഷത്തിൽ നിന്ന് 30 ലക്ഷമായി ഉയർത്തും. പിന്നാക്ക ജില്ലകളിലെ വ്യവസായങ്ങൾക്കും മുൻഗണന വ്യവസായങ്ങൾക്കും പരമാവധി 30 ലക്ഷം രൂപ എന്നത് 40 ലക്ഷം രൂപ വരെ ഉയർത്തും.

3. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് സഹായത്തിന്റെ വ്യാപ്തി വിപുലീകരിച്ച് സേവനമേഖലയിൽ ഉൾപ്പെട്ടിരിക്കുന്ന നാനോ യൂണിറ്റുകളെ കൂടി പദ്ധതി പ്രകാരം സഹായത്തിന് യോഗ്യരാക്കും.

4. ആദ്യം 5 ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള യൂണിറ്റുകൾക്ക് മാത്രമേ നാനോ യൂണിറ്റുകൾക്കുള്ള പലിശ ഇളവ് പദ്ധതി അനുവദിച്ചിട്ടുള്ളൂ. ഈ സഹായത്തിനായി 10 ലക്ഷം രൂപ വരെ മൂലധനനിക്ഷേപമുള്ള എല്ലാ നാനോ യൂണിറ്റുകളും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമെ, 10 ലക്ഷം രൂപ മൂലധനനിക്ഷേപമുള്ള എല്ലാ സേവനമേഖല നാനോ യൂണിറ്റുകളും ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് യോഗ്യരാകും.

**കെ.എസ്.ഐ.ഡി.സി. മുഖേനയുള്ള പദ്ധതികൾ**

181 (566) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ്-19 മൂലം പ്രതിസന്ധിയിലായ ചെറുകിട സംരംഭകരെ സഹായിക്കുന്നതിനും അവർക്ക് പ്രോത്സാഹനം നൽകുന്നതിനുമായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി.) തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കാമോ?

കോവിഡ്-19 രണ്ടാം വരവിനെ തുടർന്നുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനായി ഇതിന്റെ ഒരു രണ്ടാം പതിപ്പായി കേരള ഗവൺമെന്റ് കോവിഡ് -19 സമാശ്വാസ പദ്ധതി എന്നപേരിൽ ഒരു പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പാക്കേജ് അനുസരിച്ച് പ്രവർത്തന മൂലധനത്തിനായി കുറഞ്ഞ പലിശ നിരക്കിൽ ഹ്രസ്വകാല വായ്പകൾ, തിരിച്ചുവരുന്ന പ്രവാസികൾക്ക് പ്രത്യേക സോഫ്റ്റ് ലോൺ പദ്ധതി, പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, വായ്പാ തിരിച്ചടവിന് കൂടുതൽ സമയം നൽകൽ, ഒരു വർഷത്തേയ്ക്ക് പിഴപ്പലിശ ഒഴിവാക്കൽ, മൂന്ന് മാസത്തേയ്ക്കുള്ള പലിശ ഒഴിവാക്കൽ, മൂന്ന് മാസത്തേയ്ക്ക് കെ.എസ്.ഐ.ഡി.സി.-യുടെ എസ്.ഡി.എഫ്.-കളിലുള്ള യൂണിറ്റുകളുടെ വാടകയും പൊതു സൗകര്യ ചാർജ്ജുകളും ഒഴിവാക്കൽ, വിലയുടെ 20% മുൻകൂർ അടവോടും ബാക്കി 80% അഞ്ചുവർഷംകൊണ്ട് പലിശരഹിത അടവോടും കൂടി വ്യാവസായിക വളർച്ചാ കേന്ദ്രങ്ങളിൽനിന്നും അർഹരായ സംരംഭകർക്ക് ആവശ്യമായ ഭൂമി അനുവദിക്കൽ തുടങ്ങിയ ഇളവുകൾ കെ.എസ്.ഐ.ഡി.സി.-യുമായി

ബന്ധപ്പെട്ട് നടപ്പിലാക്കിവരുന്നു. ചെറുകിട, ഇടത്തരം വ്യവസായങ്ങൾക്ക് കെ.എസ്.ഐ.ഡി.സി. കുറഞ്ഞ പലിശ നിരക്കിൽ (നിലവിൽ 8.75% -10.75%) 10,000 ലക്ഷം രൂപ വരെ വായ്പയായി നൽകി വരുന്നു. ഓരോ ആറ് മാസത്തിന്റെയും അവസാനം കുടിശ്ശിക ഇല്ലായെങ്കിൽ പലിശ നിരക്കിൽ അര ശതമാനം വരെ (ബാക്കിയുള്ള മുതലിന്റെ അടിസ്ഥാനത്തിൽ) വീണ്ടും കുറവ് നൽകി വരുന്നു. കൂടാതെ, ഈ പ്രോജക്ടുകളിൽ പ്രൊമോട്ടർമാർ കൊണ്ടുവരേണ്ട വിഹിതം 50% വരെ അൺസെക്യൂർഡ് വായ്പയായി കൊണ്ടുവരാൻ അനുവദിച്ചിട്ടുണ്ട്. പ്രത്യേക പരിഗണനാ വിഭാഗത്തിലുള്ള പ്രോജക്ടുകളിൽ വായ്പ-ഇക്വിറ്റി അനുപാതം 1.5:1 വരെ അധിക ഈട് ഇല്ലാതെയും വായ്പ-ഇക്വിറ്റി അനുപാതം 2:1 വരെ 1.5:1-നുമുകളിലുള്ള തുകയ്ക്ക് അധിക ഈടോടുകൂടിയും വായ്പ നൽകി വരുന്നു. മറ്റ് പ്രോജക്ടുകൾക്ക് ഇത് യഥാക്രമം 1:1-ഉം 1.5:1-ഉം ആണ്. ഭക്ഷ്യസംസ്കരണം, കാർഷികാധിഷ്ഠിത വ്യവസായങ്ങൾ എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകുന്നതിന് നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായിട്ടുള്ള പ്രത്യേക പരിഗണനയും കെ.എസ്.ഐ.ഡി.സി. നൽകിപ്പോരുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ എം.എസ്.എം.ഇ.-കൾക്കും സ്റ്റാർട്ടപ്പുകൾക്കും സാമ്പത്തിക സഹായം പ്രാപ്തമാക്കുന്ന ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഈ വിഭാഗങ്ങൾക്ക് സമയബന്ധിതവും ഫലപ്രദവുമായ സാമ്പത്തിക സഹായം ഉറപ്പുവരുത്തുന്നതിനായി, കെ.എസ്.ഐ.ഡി.സി., എം.എസ്.എം.ഇ./സ്റ്റാർട്ട്-അപ്പുകൾ/മൈക്രോ എന്റർപ്രൈസസ്, എൻ.ആർ.കെ. എന്നിവർക്കായി മുഖ്യമന്ത്രിയുടെ പ്രത്യേക സഹായ പദ്ധതി എന്ന പേരിൽ ഒരു പുതിയ ഫണ്ടിംഗ് സംരംഭം ആരംഭിച്ചിട്ടുണ്ട്. പുതിയ പദ്ധതി പ്രകാരം ' കെ.എസ്.ഐ.ഡി.സി. കുറഞ്ഞത് 25 ലക്ഷം രൂപയും പരമാവധി 2 കോടി രൂപ ധനസഹായം നൽകാനാണ് ഉദ്ദേശിക്കുന്നത്. ഏത് തരത്തിലുള്ള രൂപ ഘടനയും കേരളത്തിൽ നിലവിലുള്ളതും പുതിയ സ്ഥാപനങ്ങൾക്കും വായ്പാ സഹായം നൽകും. പദ്ധതി ചെലവിന്റെ 80% തുക സരളമായ പലിശ നിരക്കിൽ 5 വർഷത്തെ തിരിച്ചടവ് കാലാവധിയും 1 വർഷത്തെ പ്രാരംഭ മൊറട്ടോറിയവും അടിസ്ഥാനമാക്കി വായ്പാ സഹായം നൽകാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ പ്രവാസികൾക്കായി കെ.എസ്.ഐ.ഡി.സി.-യും നോർക്കയും ചേർന്ന് അവതരിപ്പിച്ചിട്ടുള്ള പുതിയ പദ്ധതിയാണ് പ്രവാസി ഭദ്രതാ മെഗാ പദ്ധതി. പ്രസ്തുത പദ്ധതി മുഖേന സംസ്ഥാന സർക്കാർ കെ.എസ്.ഐ.ഡി.സി. മുഖാന്തരം ഗുണഭോക്താക്കളായ പ്രവാസികൾക്ക് അനുവദിക്കുന്ന വായ്പ 25 ലക്ഷം മുതൽ രണ്ട് കോടി രൂപ വരെയാണ്.

## സർക്കാർ പദ്ധതികൾ

182 (567) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയിൽ നിലവിൽ എത്ര സംരംഭങ്ങളാണ് ഉള്ളതെന്ന് അറിയിക്കുമോ?

സൂക്ഷ്മ-ചെറുകിട-ഇടത്തരം (MSME) മേഖലയിലെ സംരംഭങ്ങളുടെ വിവര ശേഖരണത്തിനായി തയ്യാറാക്കിയ വ്യവസായ ജാലകം പോർട്ടലിലെ നിലവിലെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് സൂക്ഷ്മ മേഖലയിൽ 138173 എണ്ണം, ചെറുകിട മേഖലയിൽ 8199 എണ്ണം, ഇടത്തരം മേഖലയിൽ 289 എണ്ണം എന്നിങ്ങനെ ആകെ 146661 സംരംഭങ്ങളാണുള്ളത്.

(ബി) പുതുതായി എത്ര സംരംഭങ്ങളാണ് ഗ്രാമീണ മേഖലയിൽ ആരംഭിക്കുവാൻ സർക്കാർ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

2021-22 സാമ്പത്തിക വർഷത്തിൽ വ്യവസായ വാണിജ്യ വകുപ്പിന്റെ നേതൃത്വത്തിൽ ഗ്രാമീണ മേഖലയിലുൾപ്പെടെ ആകെ 16000 പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) കുടുംബശ്രീ യൂണിറ്റുകൾ മുഖാന്തരമല്ലാതെ യുവജനങ്ങൾക്കായി ഗ്രാമീണ മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്; വ്യക്തമാക്കാമോ?

സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. ബ്ലോക്കടിസ്ഥാനത്തിൽ സംരംഭകത്വ ബോധവൽക്കരണ സെമിനാറുകൾ, താലൂക്ക്-ജില്ലാ അടിസ്ഥാനത്തിൽ നിക്ഷേപ സംഗമങ്ങൾ, ജില്ലാടിസ്ഥാനത്തിലുള്ള സംരംഭകത്വ വികസന പരിശീലനങ്ങൾ എന്നിവ അതിൽ ഉൾപ്പെടുന്നു. നിലവിലുള്ള സംരംഭങ്ങളുടെ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനായി ടെക്നോളജി ക്ലിനിക്കുകളും മാനേജ്മെന്റിലും സാങ്കേതിക വിദ്യയിലും പരിശീലനം നൽകുന്നതിനായി ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാമുകളും സംഘടിപ്പിക്കുന്നു. കൂടാതെ എറണാകുളം, കളമശ്ശേരിയിൽ സ്ഥിതിചെയ്യുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രണർഷിപ്പ്

ഡെവലപ്മെന്റ് (KIED)-ന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി സംരംഭകത്വത്തിന്റെ വിവിധ മേഖലകളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിവിധയിനം പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നു. കൂടാതെ, വിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭകത്വ ക്ലബ്ബുകൾ (ED Club) നടപ്പിലാക്കി വരുന്നുണ്ട്. വ്യവസായ വാണിജ്യ വകുപ്പ് വഴി നിരവധി സാമ്പത്തിക സഹായ പദ്ധതികൾ MSME മേഖലയിലെ സംരംഭകർക്കായി നടപ്പിലാക്കി വരുന്നുണ്ട്. ഇതിൽ വകുപ്പ് വഴി നടപ്പിലാക്കി വരുന്ന സുപ്രധാന സാമ്പത്തിക സഹായ പദ്ധതിയായ സംരംഭക സഹായ പദ്ധതിയിൽ യുവാക്കൾ (18 മുതൽ 45 വയസ്സ് വരെ), വനിതകൾ, SC/ST വിഭാഗം എന്നിവർക്ക് അധികമായി 10% സബ്സിഡി അനുവദിക്കുന്നുണ്ട്. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതിയിൽ 40 വയസ്സുവരെയുള്ള യുവസംരംഭകർക്ക് പ്രത്യേക പരിഗണന നൽകി അധിക ഗ്രാന്റ് അനുവദിക്കുന്നുണ്ട്.

**കേരള സോപ്പ് ആൻഡ് ഓയിൽസ് ഉൽപ്പന്നങ്ങളുടെ വില നിയന്ത്രണം**

183 (568) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സോപ്പ് ആൻഡ് ഓയിൽസിന്റെ ഉല്പന്നങ്ങൾ ഉപയോഗിക്കുന്ന ധാരാളം ആൾക്കാർ സംസ്ഥാനത്തുണ്ടെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനം സർക്കാർ അനുമതിയോടെ അവരുടെ ഉൽപ്പന്നങ്ങളുടെ നിരക്ക് വർഷത്തിൽ പല തവണ വർദ്ധിപ്പിക്കുന്നത് ഗൗരവമായി കാണുന്നുണ്ടോ;

(സി) തുടരെത്തുടരെ ഉൽപ്പന്നങ്ങൾക്ക് വരുത്തുന്ന വില വർദ്ധനവ് ഉല്പന്നത്തെയും പൊതുമേഖലാ സ്ഥാപനത്തെയും നശിപ്പിക്കുമെന്നതിനാൽ പ്രസ്തുത നടപടി തിരുത്താൻ സർക്കാർ തയ്യാറാകുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽവന്ന ശേഷം പ്രസ്തുത കമ്പനിയുടെ വിവിധ സോപ്പ് ഉൽപ്പന്നങ്ങൾക്ക് സ്ഥിരമായി വില ഉയർത്തുന്നത് ഉപഭോക്താക്കളെ ഇവ ഉപയോഗിക്കുന്നതിൽ നിന്നും അകറ്റുന്നതായ കാര്യം ഗൗരവമായി കണ്ട് പരിഹാര നടപടി സ്വീകരിക്കുമോ?

(എ-ഡി) കേരള സോപ്പ് ആൻഡ് ഓയിൽസ് എന്ന സ്ഥാപനം നിലവിലില്ല. എന്നാൽ, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ്സിന്റെ യൂണിറ്റായ കോഴിക്കോട് കേരള സോപ്സിൽ ഉൽപ്പാദിപ്പിക്കുന്ന സോപ്പ് ഉല്പന്നങ്ങൾ

കേരളത്തിനകത്തും പുറത്തുമുള്ള പൊതുവിപണിയിൽ വില്പന നടത്തുന്നുണ്ട്. അസംസ്കൃത വസ്തുക്കളുടെ അനിയന്ത്രിതമായ വിലക്കയറ്റവും ഉല്പാദന/വിപണന ചെലവുകളും പരിഗണിച്ച്, ഗുണനിലവാരത്തിലുള്ള സോപ്പുൽപ്പന്നങ്ങൾ നഷ്ടം കൂടാതെ വിപണിയിലെത്തിക്കുന്നതിലേയ്ക്കായി 18-2-2021-ലെ G.O. (Rt)No.05/2021/SPD പ്രകാരം നേരിയ വിലവർദ്ധന വരുത്തിയിട്ടുണ്ട്. കൂടാതെ സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, സ്വയംഭരണ സ്ഥാപനങ്ങൾ മുതലായവയ്ക്കും ഉത്തരവ് തീയതി മുതൽ ടെണ്ടർ നടപടി കൂടാതെ പുതുക്കിയ നിരക്കിൽ സോപ്പുൽപ്പന്നങ്ങൾ വാങ്ങാൻ അനുമതി നൽകിയിട്ടുമുണ്ട്.

(ഇ) കേരള സോപ്സ് ആൻഡ് ഓയിൽസിന്റെ മോഡണൈസേഷന്റെ ഭാഗമായി വാഷിംഗ് പൗഡർ വിപണിയിലെത്തിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായിയെന്ന് അറിയിക്കുമോ?

കേരള സോപ്സ് യൂണിറ്റിൽ വാഷിംഗ് പൗഡറിന്റെ ഉല്പാദനം തുടങ്ങുന്ന കാര്യം ഉടൻ പരിഗണനയിലില്ല.

## സൂക്ഷ്മ-ചെറുകിട മേഖലയ്ക്ക് വിപണി കണ്ടെത്താൻ സഹായം

184 (569) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീമതി സി. കെ. ആശ:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട വ്യവസായ മേഖലയ്ക്ക് വിപണി കണ്ടെത്തുവാൻ സഹായങ്ങൾ നൽകേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട വ്യവസായ മേഖലയ്ക്ക് വിപണി കണ്ടെത്തുവാൻ വ്യവസായ വാണിജ്യ വകുപ്പ് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

ചെറുകിട വ്യവസായ പ്രോത്സാഹനം കേരളത്തിലെ സൂക്ഷ്മ, ചെറുകിട വ്യവസായ സംരംഭകർക്ക് വിപണി കണ്ടെത്തുന്നതിനും സാങ്കേതികപരമായി പുരോഗമനം കൈവരിക്കുന്നതിനും വിപണന മേളകൾ വ്യവസായ വാണിജ്യ വകുപ്പ് സംഘടിപ്പിച്ചുവരുന്നു. ഉൽപ്പന്ന ഗുണനിലവാരം ഉയർത്തുന്നതിനും നേരിട്ട് വ്യാപാര ചർച്ചകൾ നടത്തുന്നതിനുംവേണ്ടി ദേശീയ-അന്തർദേശീയ-തലങ്ങളിൽ നടക്കുന്ന വിവിധ വ്യാപാര മേളകളിൽ സൂക്ഷ്മ-ചെറുകിട യൂണിറ്റുകൾക്ക്

പങ്കെടുക്കുവാനുള്ള അവസരവും ബിസിനസ്സ് മീറ്റുകളും കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ-ബിപ്പ്) ഒരുക്കി കൊടുക്കുന്നു. കെ-ബിപ്പ് മുഖേന പരിപാടികൾ സംഘടിപ്പിക്കുകയും പങ്കെടുപ്പിക്കുകയും ചെയ്യുതുമൂലം സൂക്ഷ്മ-ചെറുകിട സംരംഭകർക്ക് വിപണി കണ്ടെത്തുന്നതിനും സാങ്കേതികപരമായി പുരോഗമനം കൈവരിക്കുന്നതിനും ഉൽപ്പന്ന ഗുണനിലവാരം ഉയർത്തുന്നതിനും നേരിട്ട് വ്യാപാര ചർച്ചകൾ നടത്തുന്നതിനുമുള്ള അവസരം ലഭിച്ചിട്ടുണ്ട്. കേരള ഇ-മാർക്കറ്റ് പോർട്ടൽ കേരളത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകരുടെ ഉൽപ്പന്നങ്ങൾക്കും വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾക്കും വിപണി ലഭ്യതയ്ക്കായി വ്യവസായ വകുപ്പിനുവേണ്ടി വ്യവസായ വാണിജ്യ വകുപ്പ്, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ-ബിപ്പ്) മുഖേന ഒരു ഓൺലൈൻ വ്യാപാരത്തിനായുള്ള സംവിധാനമായി ഇ-പോർട്ടൽ www.keralaemarket.com/ www.keralaemarket.org/ www.keralaemarket.kerala.gov.in രൂപീകരിച്ചിട്ടുണ്ട്. വ്യവസായ വാണിജ്യ വകുപ്പ് രൂപീകരിച്ച ഈ വെബ്പോർട്ടൽ സംസ്ഥാനത്തെ സൂക്ഷ്മ- ചെറുകിട ഉൽപ്പാദകർക്ക്, ദേശീയ അന്തർ ദേശീയ കമ്പനികളുമായി ബന്ധം സ്ഥാപിക്കുന്നതിനും തങ്ങളുടെ ഉൽപ്പന്നങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കി വിവിധ രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുവാനും സഹായകമാകും. കേരളത്തിലെ എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെയും സഹകരണത്തോടെ 14 ജില്ലകളിലും കേരള ഇ-മാർക്കറ്റ് പോർട്ടൽ രജിസ്ട്രേഷനായുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു. വ്യാപാർ (ബിസിനസ് ടു ബിസിനസ് മീറ്റ്) സംസ്ഥാനത്തിന്റെ വികസന സാധ്യതകൾക്കും പ്രായോഗികതയ്ക്കും അനുസൃതമായി വ്യവസായ സംരംഭങ്ങളുടെ അഭിവൃദ്ധിക്കായി വ്യവസായ വാണിജ്യ വകുപ്പ് സംസ്ഥാനത്തെ എസ്.എം.ഇ.-കൾക്കുവേണ്ടി വ്യാപാർ (ബിസിനസ്സ് ടു ബിസിനസ്സ് മീറ്റ്) സംഘടിപ്പിച്ചിട്ടുണ്ട്. കേരളത്തിലെ വിവിധ ജില്ലകളിൽനിന്നും ഭക്ഷ്യ സംസ്കരണം, കൈത്തറി, ടെക്സ്റ്റൈൽസ് & ഗാർമെന്റ്സ്, റബ്ബർ, മരവ്യവസായങ്ങൾ, ആയുർവേദ & ഹെർബൽ, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, കരകൗശലം, മുളപോലുള്ള പരമ്പരാഗത മേഖലയിലെ ഉൽപ്പന്നങ്ങൾ എന്നിവയിൽ ഏർപ്പെട്ടിട്ടുള്ള 200 ചെറുകിട ഉത്പാദകർ അവരുടെ ഉൽപ്പന്നങ്ങളും സാങ്കേതിക വിദ്യയും പ്രദർശിപ്പിച്ചു. കേരള ബാംബൂ ഫെസ്റ്റ് മുള മേഖലയിലെ വിപണന വികസനത്തിനായി വ്യവസായ വാണിജ്യ വകുപ്പിനുവേണ്ടി, കേരള സംസ്ഥാന ബാംബൂ മിഷൻ നടത്തി വരുന്ന പ്രധാനപ്പെട്ട മേളയാണ് 'കേരള ബാംബൂ ഫെസ്റ്റ്. വ്യവസായ വാണിജ്യ വകുപ്പിനുവേണ്ടി, കേരള സംസ്ഥാന ബാംബൂ മിഷൻ 2004 മുതൽ കൊച്ചിയിൽ

‘ കേരള ബാംബൂ ഫെസ്റ്റ് സംഘടിപ്പിച്ചുവരുന്നു. ഇതിലൂടെ ഗുണഭോക്താക്കൾക്ക് വിപണി കണ്ടെത്തുവാനും ഉൽപ്പന്ന വികസനത്തെക്കുറിച്ചുള്ള അറിവ് നേടാനും വിവരങ്ങൾ പരസ്പരം പങ്കിടാനും ഒരു വേദി ഒരുക്കുന്നു. ബാംബൂ ഫെസ്റ്റിൽ കരകൗശല വസ്തുക്കൾ, ഫർണിച്ചറുകൾ, വ്യാവസായിക ഉൽപ്പന്നങ്ങൾ, മുള നിർമ്മാണ യന്ത്രങ്ങൾ, മുള ഉപയോഗിച്ചുള്ള കെട്ടിട നിർമ്മാണം, അതുപോലെ മുളയെ കുറിച്ചുള്ള പ്രസിദ്ധീകരണങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്നു. വ്യക്തിഗത കരകൗശല വിദഗ്ദ്ധർ, മാസ്റ്റർ ക്രാഫ്റ്റ്മാൻ, എൻ.ജി.ഒ.-കൾ, എസ്.എച്ച്.ജി.-കൾ, സൂക്ഷ്മ/ചെറുകിട സംരംഭങ്ങൾ, സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ, മറ്റ് സംസ്ഥാനങ്ങളിലെ കരകൗശലക്കാർ, സംഘടനകൾ എന്നിവർ ഈ മേളയിൽ പങ്കെടുക്കുന്നു. മലബാർ ക്രാഫ്റ്റ്സ് മേള കേരളത്തിലെ കരകൗശല മേഖലയുടെ പുനരുദ്ധാരണത്തിനും നിലനിൽപ്പിനുംവേണ്ടി വ്യവസായ വാണിജ്യ വകുപ്പ്, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ മുഖേന മലബാർ ക്രാഫ്റ്റ്സ് മേള സംഘടിപ്പിച്ചുവരുന്നു.

(ബി) 'ഉദ്യം' രജിസ്ട്രേഷനുള്ള സ്ഥാപനങ്ങൾക്ക് സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളുടെ പൊതുസംഭരണത്തിൽ മുൻഗണന ലഭിക്കുന്നുണ്ടോ; വിശദമാക്കാമോ?

നാഷണൽ എസ്.സി./എസ്.റ്റി. ഹബ്ബിന്റെ പദ്ധതികളിൽ ഉദ്യം രജിസ്ട്രേഷനുള്ള സ്ഥാപനങ്ങൾക്കും സംരംഭകർക്കുമാണ് മുൻഗണന നൽകുന്നത്. നാഷണൽ എസ്.സി./എസ്.റ്റി. ഹബ്ബിന്റെ പദ്ധതികളെയും പരിപാടികളെയും കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിന് ഒരു ശില്പശാല ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ സഹകരണത്തോടെ എല്ലാ ജില്ലകളിലും സംഘടിപ്പിച്ചിട്ടുണ്ട്. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭക മേഖലയിൽ പ്രവർത്തിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സംരംഭകർക്ക് വേണ്ടി വിവിധ ദേശീയ-അന്തർദ്ദേശീയ മേളകളിൽ നാഷണൽ എസ്.സി./എസ്.റ്റി. ഹബ്ബ് മുഖേന പങ്കെടുപ്പിക്കുകയും വൈദഗ്ധ്യ പരിശീലന പരിപാടികൾ/വെണ്ടർ ഡെവലപ്പ്മെന്റ് പ്രോഗ്രാമുകൾ/ വർക്ക്ഷോപ്പുകൾ/സെമിനാറുകൾ/ബോധവൽകരണ പരിപാടികൾ തുടങ്ങിയവ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സംരംഭകർക്ക് വേണ്ടി നാഷണൽ എസ്.സി./എസ്.റ്റി. ഹബ്ബ് സംഘടിപ്പിക്കുകയും ചെയ്തു.

(സി) അന്താരാഷ്ട്ര വിപണിയിൽ ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ മത്സരക്ഷമത ഉറപ്പാക്കുന്നതിന് സഹായകമായ പദ്ധതികൾ നിലവിലുണ്ടോ; വിശദമാക്കാമോ?

അന്താരാഷ്ട്ര വിപണിയിൽ ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ മൽസരക്ഷമത ഉറപ്പാക്കുന്നതിനും സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട ഇടത്തരം സംരംഭങ്ങളെ ആഗോള വിപണിയിൽ പരിചയപ്പെടുത്തി വിപണന സാദ്ധ്യത പ്രോത്സാഹിപ്പിക്കുന്നതിനും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനുമായി സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ്, വാണിജ്യ മിഷൻ രൂപീകരിക്കുകയും 01-9-2021-ലെ G.O.(Rt) No.935/2021/ID പ്രകാരം മിഷൻ പുനഃസംഘടിപ്പിച്ചിട്ടുമുണ്ട്. വാണിജ്യ മിഷന്റെ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

1. സംസ്ഥാനത്തെ ചെറുകിട വ്യാപാര മേഖലയെ പ്രോത്സാഹിപ്പിക്കുകയും വളർത്തുകയും ചെയ്യുക. ടൂറിസം വകുപ്പുമായി ചേർന്ന് മേളകൾ സംഘടിപ്പിക്കുക.

2. സംസ്ഥാനത്തെ സംരംഭങ്ങളുടെ നവീകരണത്തിനായി കപ്പാസിറ്റി വർദ്ധിപ്പിക്കൽ, സാങ്കേതികവിദ്യ ഏറ്റെടുക്കൽ, ക്ലസ്റ്റർ വികസനം തുടങ്ങിയവയ്ക്കുള്ള കൈത്താങ്ങ് നൽകുക.

3. ഇന്ത്യയിലും വിദേശങ്ങളിലുമായി നടക്കുന്ന പ്രധാനപ്പെട്ട ഫെയറുകളിൽ സംസ്ഥാനത്തുനിന്നും സംരംഭക പ്രതിനിധികൾ പങ്കെടുക്കുന്നതിന് വിവിധ രീതിയിൽ സഹായിക്കുക.

4. കേരളത്തിലെ നിക്ഷേപകർ/സംരംഭകർക്ക് ദേശീയ അന്തർദേശീയ വിപണികളെപ്പറ്റി അവബോധം നൽകുക. ഡെലിഗേറ്റുകളെ ഇത്തരം മേളകളിലും സമ്മേളനങ്ങളിലും പങ്കെടുക്കുന്നതിനുള്ള അവസരം നൽകി ബിസിനസ്സ് ബന്ധം സ്ഥാപിക്കുക.

5. ദേശീയ അന്തർദേശീയ തലങ്ങളിൽ കേരളത്തിലെ വിവിധ ഉൽപ്പന്നങ്ങളെ ആവശ്യക്കാർക്ക് നേരിട്ട് വിപണനം നടത്തുക.

6. കേരളത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന തനതായ ഉൽപ്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ വിഭാഗത്തിലും സംസ്ഥാന തലത്തിൽ മേളകളും പ്രദർശനങ്ങളും സംഘടിപ്പിക്കുക.

7. സംസ്ഥാനത്തിന് മത്സരാധിഷ്ഠിത നേട്ടമുള്ള മേഖലകളിലെ കയറ്റുമതി ത്വരിതപ്പെടുത്തുന്നതിന് ആവശ്യമായ പിന്തുണാ നടപടികൾ തിരിച്ചറിയുകയും ബന്ധപ്പെട്ട വകുപ്പുകൾ, നോഡൽ ഏജൻസികൾ, വ്യവസായ അസോസിയേഷനുകൾ എന്നിവയുടെ പിന്തുണയോടെ അത് സുഗമമാക്കുകയും ചെയ്യുന്നു.

8. കയറ്റുമതിക്കാരുടെ അറിവ് വർദ്ധിപ്പിക്കുന്നതിനും അന്താരാഷ്ട്ര ഇടപാടുകളിൽ പ്രോൽസാഹനം നൽകുന്നതിനും ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെയും വ്യവസായ അസോസിയേഷനുകളുടെയും കെ.എസ്.ഐ.ഡി.സി.-യുടേയും സഹകരണത്തോടെ ജില്ലകളിലും വ്യവസായ ക്ലസ്റ്ററുകളിലും കയറ്റുമതി സംബന്ധമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

9. കയറ്റുമതിയെ പ്രോൽസാഹിപ്പിക്കുന്നതിനായി എക്സ്പോർട്ടർ അവാർഡ് ഏർപ്പെടുത്തൽ.

10. റീട്ടെയിൽ സംരംഭങ്ങളുടെ അംഗീകാരം ഉൾപ്പെടെ ബിസിനസ്സ് ഓപ്പറേഷൻ മെച്ചപ്പെടുത്തൽ, തൊഴിൽനയം, ലേബലിംഗം വൈദഗ്ധ്യവും, സാങ്കേതിക വിദ്യയും സ്റ്റാൻഡഡൈസേഷനും, അടിസ്ഥാന സൗകര്യം, ഉപയുക്തത, ഭാരവും അളവുകളും, നികുതി തുടങ്ങിയവ ഉൾപ്പെടുത്തികൊണ്ടുള്ള പ്രോൽസാഹന നയ രൂപീകരണം.

(ഡി) ദേശീയ അന്തർദേശീയ രംഗങ്ങളിലെ ഉപഭോക്താക്കൾക്ക് സംസ്ഥാനത്തെ ചെറുകിട വ്യവസായ ഉൽപാദകരുമായി ബന്ധപ്പെടാൻ സൗകര്യമൊരുക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ദേശീയ-അന്തർദ്ദേശീയ രംഗങ്ങളിലെ ഉപഭോക്താക്കൾക്ക് സംസ്ഥാനത്തെ ചെറുകിട വ്യവസായ ഉൽപ്പാദകരുമായി ബന്ധപ്പെടുവാനും കേരളത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകരുടെ ഉൽപ്പന്നങ്ങൾക്കും വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾക്കും വിപണി ലഭ്യതയ്ക്കായി വ്യവസായ വകുപ്പിനുവേണ്ടി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ-ബിപ്പ്) മുഖേന ഒരു ഓൺലൈൻ വ്യാപാരത്തിനായുള്ള സംവിധാനമായി ഇ-പോർട്ടൽ www.keralaemarket.com/ www.keralaemarket.org/ www.keralaemarket.kerala.gov.in രൂപീകരിച്ചിട്ടുണ്ട്. വ്യവസായ വാണിജ്യ വകുപ്പ് രൂപീകരിച്ച ഈ വെബ്പോർട്ടൽ സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട ഉൽപ്പാദകർക്ക്, ദേശീയ അന്തർ ദേശീയ കമ്പനികളുമായി ബന്ധം സ്ഥാപിക്കുന്നതിനും തങ്ങളുടെ ഉൽപ്പന്നങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കി വിവിധ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുവാനും സഹായകമാകും. കേരളത്തിലെ എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെയും സഹകരണത്തോടെ 14 ജില്ലകളിലും കേരള ഇ-മാർക്കറ്റ് പോർട്ടൽ രജിസ്ട്രേഷനായുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു.

## ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് നടപടി

185 (570) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ തനത് ഭക്ഷ്യ വിളകൾ ശേഖരിച്ച് സംസ്കരിച്ച് വിപണനം നടത്തുന്നതിനുള്ള പദ്ധതികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

വ്യവസായ വകുപ്പ് വഴി നടപ്പിലാക്കുന്ന കേന്ദ്ര ഭക്ഷ്യ വ്യവസായ മന്ത്രാലയത്തിന്റെ പദ്ധതിയായ PMFME (Prime Ministers Formalization of Micro Food Processing Enterprises) പദ്ധതി വഴി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ മേഖലയിലെ വായ്പാ ബന്ധിത പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്. വ്യക്തിഗത സംരംഭങ്ങൾക്ക് പദ്ധതി ചെലവിന്റെ 35% പരമാവധി 10 ലക്ഷം രൂപ വരെയാണ് സബ്സിഡി. ODOP (One District One Product) നയത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ തലത്തിൽ കണ്ടെത്തിയിട്ടുള്ള ഉല്പന്നത്തിന്റെ സംസ്കരണത്തിന് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിൽ പ്രവർത്തിക്കുന്ന മറ്റു ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ സംസ്കരണ സ്ഥാപനങ്ങൾക്കും ഈ പദ്ധതി പ്രകാരമുള്ള സഹായം നൽകുന്നു. കൂടാതെ വ്യവസായ വകുപ്പ് വഴി നടപ്പിലാക്കിവരുന്ന, ഉൽപ്പാദന മേഖലയിലുള്ള സംരംഭങ്ങൾക്ക് സ്ഥിരനിക്ഷേപത്തിന് മേൽ സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയായ സംരംഭക സഹായ പദ്ധതി (ESS)-യിൽ ഭക്ഷ്യ സംസ്കരണ മേഖലയെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി അധിക സഹായമായി ആകെ സ്ഥിര നിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ സബ്സിഡി ഉൾപ്പെടെ പരമാവധി 30 ലക്ഷം രൂപ വരെ നൽകിവരുന്നു.

(ബി) ഇത്തരത്തിൽ പുതുതായി ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സഹകരണ സ്ഥാപനങ്ങൾക്ക് വ്യവസായ വകുപ്പിന്റെ എന്തൊക്കെ സഹായങ്ങളാണ് ലഭിക്കുക എന്നത് വിശദമാക്കാമോ?

PMFME (Prime Ministers Formalization of Micro Food Processing Enterprises) പദ്ധതി വഴി ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾക്കും പ്രൊഡ്യൂസർ കോ-ഓപ്പറേറ്റീവുകൾക്കും യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് പദ്ധതി വിഹിതത്തിന്റെ 35% ക്രെഡിറ്റ് ലിങ്ക്ഡ് ഗ്രാന്റ്, പരിശീലനത്തിനുള്ള പിന്തുണ മുതലായ സഹായങ്ങൾ ലഭ്യമാണ്.

(സി) പ്രസ്തുത യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നിബന്ധനകൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

PMFME (Prime Ministers Formalization of Micro Food Processing Enterprises) പദ്ധതിവഴി ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾക്കും പ്രൊഡ്യൂസർ കോ-ഓപ്പറേറ്റീവുകൾക്കും ആനുകൂല്യം ലഭിക്കുന്നതിന് താഴെപ്പറയുന്ന നിബന്ധനകൾ ബാധകമാണ്.

പ്രസ്തുത സ്ഥാപനം ജില്ലയുടെ വൺ ഡിസ്ട്രിക്ട് വൺ പ്രോഡക്ട് ഉൽപ്പന്നത്തിൽ അധിഷ്ഠിതമാകണം. വിറ്റുവരവ് 1 കോടി രൂപയിൽ അധികം ആയിരിക്കണം. പദ്ധതി ചെലവ് നിലവിലെ വിറ്റുവരവ് അധികരിക്കാൻ പാടുള്ളതല്ല. പ്രസ്തുത ഉല്പ്പന്നവുമായി ബന്ധപ്പെട്ട് കുറഞ്ഞത് മൂന്ന് വർഷമെങ്കിലും അനുഭവജ്ഞാനം ഉള്ളവർ ആയിരിക്കണം. സംഘത്തിലെ അംഗങ്ങൾ പദ്ധതി ചെലവിന്റെ 10%-വും പ്രവർത്തന മൂലധനത്തിന്റെ മാർജിൻ മണിയും കണ്ടെത്താൻ സംഘം പ്രാപ്തരായിരിക്കണം.

## പരമ്പരാഗത വ്യവസായ മേഖലയുടെ പുനരുജ്ജീവനം

186 (571) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പരമ്പരാഗത വ്യവസായ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് സർക്കാരിന്റെ പരിഗണനയിലുള്ളതെന്ന് വിശദമാക്കാമോ?

താഴെപ്പറയുന്ന പദ്ധതികളാണ് കൈത്തറി മേഖലയിൽ നടപ്പാക്കി വരുന്നത്.

1) മൂലധന സഹായ പദ്ധതികൾ

എ) പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം.

ബി) ഹാന്റക്സ്, ഹാൻവീവ് എന്നിവയിലെ ഓഹരി പങ്കാളിത്തം.

2) പ്രോത്സാഹനത്തിനും വികസനത്തിനുമായുള്ള പദ്ധതികൾ

എ) നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി.

ബി) ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ.

സി) കൈത്തറി മേഖലയിൽ സ്വയം തൊഴിൽ സൃഷ്ടിക്കൽ/യുവ വീവ് പദ്ധതി.

ഡി) നെയ്ത്തുകാർ, മറ്റ് തൊഴിലാളികൾക്കുള്ള പ്രോത്സാഹന പരിപാടി.

ഇ) കൈത്തറി ഗ്രാമം, സമഗ്ര കൈത്തറി ഗ്രാമം എന്നിവ സ്ഥാപിക്കൽ.

3) <u>പ്രോത്സാഹനവും ക്ഷേമവും ലക്ഷ്യമാക്കിയിട്ടുള്ള പദ്ധതികൾ</u>

എ) അംശദാന സമ്പാദ്യപദ്ധതി.

ബി) കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി.

4) <u>ഉൽപ്പാദനം, വിപണനം, പരിശീലനം എന്നിവയ്ക്കുള്ള പദ്ധതികൾ</u>

എ) വിപണന കയറ്റുമതി പ്രോത്സാഹനം.

ബി) കൈത്തറി സംഘങ്ങളുടെ ആധുനികവൽക്കരണവും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പ്രോത്സാഹനവും.

സി) പരിശീലന, വൈവിദ്ധ്യ ശേഷി വികസന പരിപാടി.

5) <u>സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി</u>. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന കേരള സംസ്ഥാന കരകൗശല വികസന കോർപ്പറേഷൻ, കരകൗശല അപ്പെക്സ് സഹകരണ സംഘം (സുരഭി), കേരളാ സംസ്ഥാന മുള വികസന കോർപ്പറേഷൻ, കേരളാ ആർട്ടിസാൻ വികസന കോർപ്പറേഷൻ (കാഡ്കോ), കേരള സംസ്ഥാന പനയുൽപ്പന്ന വികസന ക്ഷേമ കോർപ്പറേഷൻ എന്നീ സംസ്ഥാനതല സ്ഥാപനങ്ങളിലൂടെ ഈ മേഖലയിൽ വിവിധ പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നു. ഇതിലേയ്ക്കായി വർഷാവർഷം ബഡ്ജറ്റ് വിഹിതവും അനുവദിക്കുന്നുണ്ട്. ഇപ്രകാരം നൽകുന്ന സാമ്പത്തിക സഹായം ഉപയോഗപ്പെടുത്തി കരകൗശലത്തൊഴിലാളികൾക്കാവശ്യമുള്ള അസംസ്കൃത വസ്തുക്കൾ സംഭരിച്ചുനൽകുക, നൈപുണ്യ വികസന പരിശീലനങ്ങൾ നൽകുക, ഉൽപ്പന്നങ്ങൾ സംഭരിച്ച് വിപണനം ചെയ്യുക, വിപണനത്തിനായി സ്ഥിരം സംവിധാനങ്ങൾ നിലനിർത്തുകയും വിശേഷാവസരങ്ങളിൽ മേളകൾ സംഘടിപ്പിച്ച് വിപണികൾ കണ്ടെത്തുക എന്നിവ നടത്തിവരുന്നു. കൂടാതെ കരകൗശല മേഖലയിൽ സ്വകാര്യ സംരംഭങ്ങൾ ആരംഭിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതിനായി ആഷ എന്ന ഒരു പദ്ധതി നടപ്പിലാക്കിവരുന്നു. അതുപ്രകാരം പുതുതായി ആരംഭിക്കുന്ന കരകൗശല സംരംഭങ്ങൾക്ക് സ്ഥിരനിക്ഷേപത്തിന്റെ 50% വരെ തുക (കാറ്റഗറി അടിസ്ഥാനത്തിൽ) ഗ്രാന്റ് ആയി നൽകുന്നു. സംസ്ഥാനത്തെ പരമ്പരാഗത വ്യവസായമായ കശുവണ്ടി

വ്യവസായ രംഗത്ത് പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ കശുവണ്ടി വികസന കോർപ്പറേഷന് 30 ഫാക്ടറികളും സഹകരണ അപ്പെക്സ് സൊസൈറ്റിയായ കാപ്പെക്സിന്റെ അധീനതയിൽ 10 കശുവണ്ടി ഫാക്ടറികളുമാണുള്ളത്. ഇതിൽ കേരള കാഷ്യൂ ഫാക്ടറീസ് അക്വിസിഷൻ ആക്ട് പ്രകാരം കേരള കശുവണ്ടി വികസന കോർപ്പറേഷൻ സ്വകാര്യ വ്യക്തികളിൽനിന്നും ഏറ്റെടുത്ത 20 കശുവണ്ടി ഫാക്ടറികളും കാപ്പെക്സിന്റെ കീഴിലുള്ള 10 ഫാക്ടറികളും ഉൾപ്പെടുന്നു. പ്രസ്തുത ഫാക്ടറികളെല്ലാം കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധികൾക്കിടയിലും പ്രോട്ടോക്കോൾ പാലിച്ച് നിലവിൽ പ്രവർത്തിക്കുന്നുണ്ട്. തോട്ടണ്ടിയുടെ ദൗർലഭ്യമാണ് കശുവണ്ടി വ്യവസായം നേരിടുന്ന പ്രധാന പ്രതിസന്ധിയെന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും തടസ്സമില്ലാതെ തോട്ടണ്ടി ലഭ്യത ഉറപ്പുവരുത്തുന്നതിനായി 2017-ൽ രൂപീകരിച്ച കേരള കാഷ്യൂ ബോർഡ് മുഖേന കശുവണ്ടി ഉൽപാദക രാജ്യങ്ങളിൽനിന്നും നേരിട്ട് കശുവണ്ടി ഇറക്കുമതി ചെയ്താണ് കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പെക്സിന്റേയും കീഴിലുള്ള കശുവണ്ടി ഫാക്ടറികൾ പ്രവർത്തിക്കുന്നത്. അടുത്ത വർഷം 50000 മെട്രിക് ടൺ തോട്ടണ്ടി വിവിധ കശുവണ്ടി ഉൽപ്പാദക ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നും ഇറക്കുമതി ചെയ്ത്, കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും തോട്ടണ്ടിയുടെ അഭാവത്തിൽ പ്രവർത്തനരഹിതമായ സ്വകാര്യ മേഖലയ്ക്കും വിൽപ്പന നടത്തി അവയുടെ അധീനതയിലുള്ള ഫാക്ടറികൾ പ്രവർത്തിപ്പിക്കുവാനും അതുവഴി തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും ലക്ഷ്യമിടുന്നു. കൂടാതെ സർക്കാർ തലത്തിൽ രൂപീകരിച്ചിട്ടുള്ള Price Fixation Committee ഓരോ കശുവണ്ടി സീസണിലും നിശ്ചയിക്കുന്ന വിലയിൽ കൃഷി വകുപ്പ്, പട്ടികജാതി-പട്ടിക വർഗ്ഗ വികസന വകുപ്പ്, പ്ലാന്റേഷൻ കോർപ്പറേഷൻ, റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ, കൊല്ലം ജില്ലാ പഞ്ചായത്തിന്റെ വിവിധ ഫാമുകൾ എന്നിവിടങ്ങളിൽനിന്നും നാടൻ തോട്ടണ്ടി സംഭരിച്ച് കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പക്സിന്റേയും കശുവണ്ടി ഫാക്ടറിയിലെ തൊഴിലാളികൾക്ക് തുടർച്ചയായി ജോലി ലഭിക്കാനുള്ള സാഹചര്യം ഉറപ്പുവരുത്തിയിട്ടുണ്ട്. 2020-21 മുതൽ ജീവിതത്തിന്റെ സമസ്ത മേഖലയിലും കോവിഡ് മഹാമാരി സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന പ്രതിസന്ധികൾക്കിടയിലും കഴിഞ്ഞ 5 വർഷക്കാലം കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികളിലെ തൊഴിലാളികൾക്ക് 511 ദിവസവും കാപ്പെക്സ് ഫാക്ടറികളിലെ തൊഴിലാളികൾക്ക് 873 ദിവസവും തൊഴിൽ നൽകുവാൻ സാധിച്ചിട്ടുണ്ട്. കാഷ്യൂ ബോർഡ് വഴി തോട്ടണ്ടി ലഭ്യമാക്കി

പ്രതിവർഷം മിനിമം 200 തൊഴിൽ ദിനം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് കാഷ്യൂ കോർപ്പറേഷനും കാപ്പെക്സും പ്രവർത്തിക്കുന്നത്. കൂടാതെ കോവിഡ് സൃഷ്ടിച്ച കനത്ത തകർച്ചയിൽനിന്നും കശുവണ്ടി വ്യവസായത്തെ പുനരുജ്ജീവിപ്പിക്കുന്നതിനായി ആഭ്യന്തര തോട്ടണ്ടിയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്, സംസ്ഥാനത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ്, കൃഷി വകുപ്പ് എന്നിവയുടെ സഹകരണത്തോടെ കശുമാവ് കൃഷി വികസന ഏജൻസി കർഷകർക്ക് സൗജന്യമായി കശുമാവിൻ തൈകൾ വിതരണം ചെയ്തു വരുന്നു. ഇതിനായി കേന്ദ്ര-സംസ്ഥാന അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റികൾ, ഗവേഷണ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ വികസിപ്പിച്ചെടുത്ത അത്യുൽപ്പാദന ശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റുകൾ കശുമാവ് കൃഷി വികസന ഏജൻസി വാങ്ങി, നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് കശുവണ്ടി വ്യവസായ രംഗത്ത് പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ അധീനതയിലുള്ള 30 കശുവണ്ടി ഫാക്ടറികളിലും അടിസ്ഥാന സൗകര്യവികസനത്തിനും ആധുനികവൽക്കരണത്തിനും ഭാഗിക യന്ത്രവൽക്കരണത്തിനുമായി 2021-22 സാമ്പത്തിക വർഷം 550 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 510 ലക്ഷം രൂപയ്ക്ക് സർക്കാർ ഇതിനോടകം ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ദേശീയ വിപണിയിലും അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡ് ബിൽഡിംഗിനും കമ്പോള ബോധവൽക്കരണത്തിനുമായി 2021-22 വർഷത്തെ ബഡ്ജറ്റിൽ 50 ലക്ഷം രൂപ വകയിരുത്തിയിരുന്നതിനും സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുമൂലം കശുവണ്ടി ഫാക്ടറിത്തൊഴിലാളികൾക്ക് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യ വികസനവും ജീവിത നിലവാരവും ഉറപ്പു വരുത്താൻ സാധിച്ചിട്ടുണ്ട്. കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികളിൽ ഫുൾ കപ്പാസിറ്റി യൂട്ടിലൈസേഷന്റെ ഭാഗമായി ഷെല്ലിംഗ്, പീലിംഗ്, ഗ്രേഡിംഗ് സെക്ഷനുകളിൽ പാരിറ്റി അനുസരിച്ച് കൂടുതൽ തൊഴിലാളികളെ എടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. 2021-22 കാലയളവിൽ കാപ്പെക്സിന്റെ കശുവണ്ടി ഫാക്ടറികളിലെ നവീകരണത്തിനും ഭാഗിക യന്ത്രവൽക്കരണത്തിനും (h/a 4851-00-195-99) വകയിരുത്തിയിരുന്ന 500 ലക്ഷം രൂപയിൽനിന്നും 371.50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. അതുപോലെ ദേശീയ വിപണിയിലും അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡ് ബിൽഡിംഗിനും കമ്പോള ബോധവത്ക്കരണവും നടത്തുന്നതിന് 2021-22 കാലയളവിൽ വകയിരുത്തിയിരുന്ന 50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി കാപ്പെക്സിന് നൽകിയിട്ടുണ്ട്. പ്രതിസന്ധിയിലായ സ്വകാര്യ കശുവണ്ടി ഫാക്ടറികളെ പുനരുദ്ധരിക്കുന്നതിനായി 06-2-2019-ൽ ബഹു.

മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കൈക്കൊണ്ട തീരുമാനപ്രകാരം പ്രതിസന്ധിയിലകപ്പെട്ട സ്വകാര്യ കശുവണ്ടി വ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പുനരുദ്ധാരണ പാക്കേജിന് സർക്കാർ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രവർത്തന മൂലധനത്തിനായി ബാങ്കുകൾ നൽകുന്ന പുതിയ വായ്പയുടെ പലിശ സർക്കാർ ഏറ്റെടുക്കുമെന്നുള്ള മേൽ യോഗതീരുമാനത്തെതുടർന്ന് ഇതിനായി 25 കോടി രൂപ 2019-20 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കുകയും തുടർന്ന് ഓരോ കശുവണ്ടി യൂണിറ്റുകളും പലിശയിനത്തിൽ ബാങ്കുകൾക്ക് നൽകാനുള്ള തുകയുടെ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ SLBC കൺവീനർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം 304.44 ലക്ഷം രൂപ സർക്കാർ SLBC-യ്ക്ക് നൽകിയിരുന്നു. പിന്നീട്, സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയിൽ പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കുന്നതിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 21-12-2020-ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹു. മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിലും കശുവണ്ടി വ്യവസായികളുടെ പ്രതിനിധി, ബാങ്ക് പ്രതിനിധി എന്നിവരുമായി യോഗം ചേരുകയും കശുവണ്ടി വ്യവസായികളുടെ വിവിധ ബാങ്കുകളിലുള്ള വായ്പകൾ പുനഃക്രമീകരിക്കുന്നതിനും പുനഃക്രമീകരിക്കാനാകാത്ത വായ്പകളിന്മേൽ 'ഒറ്റത്തവണ തീർപ്പാക്കൽ' നടപ്പിലാക്കുന്നതിന് ഫോർമുല രൂപീകരിക്കാനുമായി വ്യവസായ പ്രതിനിധി, സർക്കാർ പ്രതിനിധി, സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി (SLBC) കൺവീനർ എന്നിവരുൾപ്പെട്ട മൂന്നംഗ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിരുന്നു. ഇതുപ്രകാരം രൂപീകരിച്ച മൂന്നംഗ കമ്മിറ്റിയുടെ 4 മീറ്റിംഗുകൾ ഇതിനകം ചേർന്നിട്ടുണ്ട്. തുടർന്ന് ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അവലോകനം ചെയ്യാനായി 12-7-2021-ന് ബഹു. വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വ്യവസായ പ്രതിനിധികളുമായും ബാങ്ക് പ്രതിനിധികളുമായും യോഗം ചേരുകയും പ്രസ്തുത യോഗത്തിൽ പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കുന്നതുവരെ വ്യവസായികൾക്കെതിരായ റിക്കവറി നടപടികൾ ഉൾപ്പെടെയുള്ളവ നിർത്തി വയ്ക്കാനുള്ള നിർദ്ദേശം ബാങ്കുകൾക്ക് നൽകുകയും ചെയ്തു. കൂടാതെ 22-9-2021-ൽ ഇതേ വിഷയത്തിൽ ബഹു. ധനകാര്യ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ബഹു. വ്യവസായ വകുപ്പുമന്ത്രി ബാങ്ക് പ്രതിനിധികളും വ്യവസായികളുടെ പ്രതിനിധിയും പ്രിൻസിപ്പൽ സെക്രട്ടറിയും മറ്റുമായി ചർച്ച നടത്തുകയും വ്യവസായികളുടെ ആവലാതികൾ പരിഹരിക്കുന്നതിന് ഒരു ഫോർമുല കണ്ടെത്തുന്നതിന് പ്രിൻസിപ്പൽ സെക്രട്ടറി (കാഷ്യൂ)-യെ ചുമതലപ്പെടുത്തുകയും ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാനും അതുവരെ മറ്റ് നിയമ നടപടികൾ ഒന്നും

വ്യവസായികളുടെ മേൽ ചുമത്തരുതെന്നും നിർദ്ദേശിച്ചു. 'ഒറ്റത്തവണ തീർപ്പാക്കൽ' ഫോർമുല സംബന്ധിച്ച് ബാങ്കുകളും വ്യവസായികളും തമ്മിൽ സമവായത്തിലെത്തുന്നതോടെ പ്രതിസന്ധിയിലായ കശുവണ്ടി വ്യവസായ മേഖലയെ പുനരുജ്ജീവിപ്പിക്കാൻ സാധിക്കുന്നതാണ്. പരമ്പരാഗത വ്യവസായ മേഖലയായ ഖാദിയെ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ ചർക്കകളുടേയും തറികളുടേയും പരിഷ്കരണം, ഉൽപ്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, പരിഷ്കരിച്ച നിരക്കിലുള്ള മിനിമം വേതനം 2019 ആഗസ്റ്റ് 1 മുതൽ തൊഴിലാളികൾക്ക് അനുവദിച്ചുനൽകൽ എന്നിവ പ്രാവർത്തികമാക്കി. ഉൽപ്പാദന ഇൻസെന്റീവ് ഇരട്ടിയാക്കിയത് (നൂലിന് 1 കഴിക്ക് 60 പൈസയും നെയ്ത്തിന് 1 കഴിക്ക് 1.80 രൂപയും), ഇ.എസ്.ഐ., ക്ഷേമനിധി ആനുകൂല്യങ്ങൾ, അധ്വാനഭാരം ലഘൂകരിച്ച് കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കാൻ ഉതകുന്ന തരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കൽ, കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക് ഷെഡ് പദ്ധതി, തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിലെ പരിശീലനം, ഖാദി മേഖലയിൽ പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേയ്ക്കായി ഖാദി ഗ്രാമം പദ്ധതി എന്നിവ നടപ്പിലാക്കിവരികയും ചെയ്യുന്നു. കൂടാതെ സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പഴയവസ്തുക്കൾക്ക് പകരം പുതിയ യന്ത്രസാമഗ്രികൾ ലഭ്യമാക്കൽ, പ്രൊമോഷൻ പ്രോഗ്രാം എന്ന നിലയിൽ "ഖാദി ഡേ പദ്ധതി" നടപ്പിലാക്കുക, ഖാദിയിലെ വൈവിദ്ധ്യവൽക്കരണം തുടങ്ങിയവ നടപ്പിലാക്കിവരികയാണ്. ചെറുകിട ഖാദി വ്യവസായ സംരംഭകർക്ക് സഹായം ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ 'എന്റെ ഗ്രാമം' പദ്ധതി പ്രകാരം ഗ്രാമീണ മേഖലയിൽ കുറഞ്ഞ മൂലധന ചെലവിൽ ബാങ്കിൽനിന്നും വായ്പ ലഭ്യമാക്കി ആരംഭിക്കുന്ന പുതിയ ഗ്രാമ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി മൊത്തം പദ്ധതി ചെലവിന്റെ 25% മുതൽ 40% വരെ സബ്സിഡി അനുവദിച്ചുനൽകുന്നു. ഇതിനുപുറമേ പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി പ്രകാരവും (പി.എം.ഇ.ജി.പി.) ഗ്രാമീണ മേഖലയിൽ വായ്പ ലഭ്യമാക്കി വരുന്നു. കയർ മേഖലയിൽ കയർഫെഡിന്റെ ഇ-കൊമേഴ്സ് പോർട്ടൽ സ്ഥാപിക്കുന്ന നടപടിക്രമങ്ങൾ പൂർത്തിയായിവരുന്നു. ചകിരി ചോറിൽനിന്നും മൂല്യാധിഷ്ഠിത ഉൽപ്പന്നങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനും ഡിസൈനർ കാർപ്പെറ്റുകൾ മാർക്കറ്റിൽ ഇറക്കുന്നതിനും പദ്ധതികൾ വിഭാവനം ചെയ്തുവരുന്നു. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ കയർ മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ:

1. കയർ ഭൂവസ്ത്ര പ്രവർത്തനം കേരളത്തിലെ മുഴുവൻ പ്രാദേശിക സർക്കാരുകളുമായും ബന്ധപ്പെട്ട് തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി മണ്ണൊലിപ്പ് തടയൽ, നീർത്തട വികസനം, പാടശേഖരങ്ങളുടെയും ബണ്ടുകളുടെയും പുറംഭിത്തി ബലപ്പെടുത്തൽ എന്നീ പ്രവർത്തനങ്ങളിൽ കയർ ഭൂവസ്ത്രം വർദ്ധിച്ച രീതിയിൽ ഉപയോഗപ്പെടുത്തുവാനുള്ള ശ്രമം തുടർന്നു വരുന്നു.

2. ഗ്രാമീണ റോഡുകൾ ഉറപ്പുള്ളതാക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പാക്കൽ, കേരളത്തിന്റെ പൊതുമരാമത്ത് റോഡുകളുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും കൂടുതൽ കാലം നിലനിർത്തുന്നതിനും ഉതകുന്ന തരത്തിൽ നിർമ്മാണ പ്രക്രിയയിൽ കയർ ഭൂവസ്ത്രം ഫലപ്രദമായി ഉപയോഗിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളും ത്വരിതപ്പെടുത്തും.

3. കയർ ഉൽപ്പന്നങ്ങളും മറ്റ് അനുബന്ധ ഉൽപ്പന്നങ്ങളും വിദേശ വിപണികളിലും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലും പരമാവധി വിറ്റഴിക്കുന്നതിനുള്ള നടപടികൾ ശക്തിപ്പെടുത്തും.

4. കയർ ഭൂവസ്ത്ര പ്രവർത്തനങ്ങൾ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ വിപുലപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിക്കും.

5. കയർ ഉല്പന്നമേഖലയിൽ പുതിയതരം ഉല്പന്നങ്ങൾ വികസിപ്പിക്കുന്നതിനുള്ള ഗവേഷണ പരിപാടികൾ ശക്തിപ്പെടുത്തും.

6. കേരളത്തിലെ കയർ വ്യവസായത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ (ചകിരി, വിവിധതരം കയറുകളും) കേരളത്തിൽ തന്നെ ഉൽപ്പാദിപ്പിക്കുന്നതിനായി ക്ലസ്റ്റർ നിലവാരത്തിൽ തൊണ്ട് തല്ല്, ചകിരി പിരി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ തൊണ്ടുകളും ഇവിടെത്തന്നെ സംസ്കരിക്കുന്നതിനുമുള്ള യൂണിറ്റുകൾ സ്ഥാപിക്കുന്ന നടപടികൾ ത്വരിതപ്പെടുത്തും.

7. കയർ വ്യവസായ രംഗത്ത് പണിയെടുക്കുന്ന തൊഴിലാളികൾക്ക് പുതിയ സാങ്കേതിക വിദ്യകളിൽ പ്രാവീണ്യം നേടിയെടുക്കുന്നതിനുള്ള പരിശീലന പരിപാടികൾ ശക്തിപ്പെടുത്തും.

8. കയർ മേഖലയിലെ മുഴുവൻ തൊഴിലാളികൾക്കും അവരുടെ ജീവ സംന്ധാരണത്തിന് ഉതകുന്നതരത്തിലുള്ള സേവന-വേതന ഘടനകൾ നടപ്പിലാക്കും.

## സഹകരണ സ്പിന്നിംഗ് മില്ലുകളിൽ സെക്ഷൻ 80 നടപ്പാക്കൽ

187 (572) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിനുകീഴിലുള്ള സഹകരണ സ്പിന്നിംഗ് മില്ലുകളിൽ സെക്ഷൻ 80 നടപ്പിലാക്കാൻ വ്യവസ്ഥ ചെയ്യുന്ന 29-2-2016-ലെ ജി.ഒ.(ആർ.ടി.) 226/2016/വ്യവ. നമ്പർ ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതുവരെ അപ്രകാരമുള്ള ശമ്പള വ്യവസ്ഥ, സ്റ്റാഫ് പാറ്റേൺ, പ്രമോഷൻ ചാനൽ എന്നിവ നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ഇല്ല. സഹകരണ സ്പിന്നിംഗ് മില്ലുകൾ എല്ലാംതന്നെ നഷ്ടത്തിലായതിനാലും തുടർ പ്രവർത്തനത്തിനുള്ള സാമ്പത്തിക സഹായത്തിന് സർക്കാരിനെ ആശ്രയിക്കുന്ന സാഹചര്യത്തിലും സെക്ഷൻ 80 നടപ്പിൽ വരുത്തിയാൽ സർക്കാരിന് വൻ സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുമെന്നതിനാൽ ഈ വിഷയത്തിന്മേൽ നയപരമായ തീരുമാനമെടുക്കുന്നതിനായി, ശമ്പള സ്കെയിൽ നിശ്ചയിക്കേണ്ട തസ്തികകളിലെ ജോലി സ്വഭാവവും ഉത്തരവാദിത്വങ്ങളും സർക്കാർ വകുപ്പുകളിലെ സമാന തസ്തികകളുടെ ശമ്പള സ്കെയിലുകൾ സംബന്ധിച്ച വിശദാംശങ്ങളും സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുവാൻ കൈത്തറി ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത വിഷയം പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) 2016 ഫെബ്രുവരിക്കുശേഷം ഏതെല്ലാം സഹകരണ സ്പിന്നിംഗ് മില്ലുകളിലാണ് ഓഫീസേഴ്സ്, സ്റ്റാഫ് കാറ്റഗറിയിലുള്ള ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചത് എന്നത് വ്യക്തമാക്കുമോ?

2016 ഫെബ്രുവരിക്കുശേഷം ഓഫീസേഴ്സ്, സ്റ്റാഫ് കാറ്റഗറിയിലുള്ള ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചിട്ടില്ല. ഇടക്കാലാശ്വാസം നൽകിയിട്ടുണ്ട്.

(സി) ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട മില്ലുകളുടെ ഉത്തരവുകൾ, ഭരണ സമിതി തീരുമാനങ്ങളുടെ പൂർണ്ണരൂപം എന്നിവ ലഭ്യമാക്കുമോ?

വ്യവസായ വകുപ്പിനുകീഴിലുള്ള സഹകരണ സ്പിന്നിംഗ് മില്ലുകളിൽ ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടില്ല.

## കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി

188 (573) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. ആന്റണി ജോൺ:
ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിക്കുവേണ്ട സ്ഥലം ഏറ്റെടുക്കുന്നതിന് കിൻഫ്രയ്ക്ക് തുക കൈമാറിയിട്ടുണ്ടോ; ഭൂമി ഏറ്റെടുക്കലിന്റെ പുരോഗതി അറിയിക്കാമോ?

കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിയ്ക്ക് പാലക്കാട് ജില്ലയിലെ കണ്ണമ്പ്രയിൽ സ്ഥലം ഏറ്റെടുക്കുന്നതിന് 409.82 കോടി രൂപയും പുതുശ്ശേരി 1-ൽ സ്ഥലം ഏറ്റെടുക്കുന്നതിന് 448.93 കോടി രൂപയും കിൻഫ്രയ്ക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ ആനുഷംഗീക ചെലവിനത്തിൽ പുതുശ്ശേരി 2, ഒഴലപ്പതി എന്നിവിടങ്ങളിലേയ്ക്കായി 1 കോടി രൂപയും കൈമാറിയിട്ടുണ്ട്.

(ബി) പദ്ധതിയുടെ ഭാഗമായി എവിടെയെല്ലാമാണ് വ്യവസായ ക്ലസ്റ്ററുകൾ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്നും ഏതെല്ലാം തരത്തിലുള്ള വ്യവസായങ്ങളുടെ ക്ലസ്റ്ററുകളാണ് രൂപീകരിക്കുന്നതെന്നും അറിയിക്കാമോ; ഇതിനായി എത്ര സ്ഥലം വേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്?

പദ്ധതിയുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിലെ കണ്ണമ്പ്രയിൽ 310 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള രേഖകളുടെ പരിശോധന പുരോഗമിച്ചുവരുന്നു. പുതുശ്ശേരിയിൽ 600 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി 19(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പുതുശ്ശേരി 2-ൽ 558 ഏക്കർ ഏറ്റെടുക്കുന്നതിലേയ്ക്കായി 11(1) വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്. പുതുശ്ശേരി വെസ്റ്റിൽ 375 ഏക്കർ ഭൂമി ഏറ്റെടുക്കുന്നത് പരിഗണനയിലാണ്. എറണാകുളം ജില്ലയിലെ അയ്യമ്പുഴയിൽ സ്ഥാപിക്കുന്ന GIFT CITY-ക്കായി 500 ഏക്കർ ഭൂമിയുമായി ബന്ധപ്പെട്ട് സാമൂഹിക ആഘാത പഠന റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ Market Demand Assessment, Project Report എന്നിവയുമായി ബന്ധപ്പെട്ട് പഠനം പുരോഗമിച്ചുവരുന്നു. പഠനം പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ പ്രസ്തുത ക്ലസ്റ്ററുകളിൽ ആരംഭിക്കാൻ സാധിക്കുന്ന വ്യവസായങ്ങളെ സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ. പദ്ധതി നടപ്പിലാക്കാനായി മൊത്തം 2343 ഏക്കർ (പാലക്കാട് 1843 ഏക്കറും എറണാകുളം 500 ഏക്കറും) ഭൂമിയാണ് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത്.

(സി) വ്യവസായ ഇടനാഴി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

വ്യവസായ രംഗത്ത് വൻ കുതിപ്പുണ്ടാക്കുകയെന്ന ലക്ഷ്യത്തോടെയാണ് കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ളത്. കൊച്ചിയിൽ തുടങ്ങി പാലക്കാട് അവസാനിക്കുന്ന മേഖലയിൽ അനുയോജ്യമായ ഭൂമി കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഉൽപ്പാദന മേഖലയുടെ ക്ലസ്റ്ററുകൾ (Integrated Manufacturing Clusters) രൂപീകരിക്കുന്ന പദ്ധതിയാണ് വ്യവസായ ഇടനാഴിയുടെ ഭാഗമായി കേരളത്തിൽ നടപ്പാക്കുന്നത്. പ്രസ്തുത ഇടനാഴിയിൽ എല്ലാ മേഖലയിലുമുള്ള വ്യവസായ സംരംഭങ്ങൾക്ക് ക്ലസ്റ്ററുകളായി പ്രവർത്തിക്കാൻ സാധിക്കും. ഇതുവഴി സംസ്ഥാനത്ത് വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനും അതുവഴി പ്രത്യക്ഷമായും പരോക്ഷമായും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അവസരം ഒരുക്കും. കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി പദ്ധതി നടപ്പിലാക്കുന്നതിന്റെ നോഡൽ ഏജൻസിയാണ് കിൻഫ്ര. സംസ്ഥാന സർക്കാരിന്റെ (കിൻഫ്രയുടെ) 50%-ഉം National Industrial Corridor Development & Implementation Trust (NICDIT)-യുടെ 50%-ഉം പങ്കാളിത്തമുള്ള ഒരു Special Purpose Vehicle (SPV) ആണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നിർവ്വഹണത്തിനായി കിൻഫ്രയുടെ നേതൃത്വത്തിൽ "ദി കേരള ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്" എന്ന കമ്പനി രൂപീകൃതമായിട്ടുള്ളതാണ്. കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി പദ്ധതി സമയബന്ധിതമായി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ കിൻഫ്ര നടത്തിവരുന്നുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പാലക്കാടിനെ ഒരു നോഡായി വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ, കൊച്ചിയിൽ ഗ്ലോബൽ ഇൻഡസ്ട്രിയൽ ആൻഡ് ഫിനാൻഷ്യൽ ട്രേഡ് സിറ്റി (GIFT) വികസിപ്പിക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നുണ്ട്. പ്രസ്തുത പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ജില്ലാ റവന്യൂ അധികാരികളുടെ നേതൃത്വത്തിൽ പുരോഗമിച്ചുവരികയും ചെയ്യുന്നു. പാലക്കാട് നോഡിൽ ഉൾപ്പെടുന്ന കണ്ണമ്പ്രയിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചുകഴിഞ്ഞു. മറ്റ് സ്ഥലങ്ങളിൽ ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് പബ്ലിക് ഹിയറിംഗ് ഉൾപ്പെടെയുള്ള തുടർ നടപടികൾ പുരോഗമിച്ചുവരുന്നു. ഡിസംബർ 2021-ഓടുകൂടി ഭൂമി ഏറ്റെടുക്കുവാൻ വേണ്ട നടപടികൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിയുടെ ഭാഗമായി കൊച്ചിയിൽ സ്ഥാപിക്കുന്ന ഗിഫ്റ്റ് സിറ്റിക്ക് എറണാകുളം ജില്ലയിലെ

അയ്യമ്പുഴയിൽ 220 Hectres (543 ഏക്കർ) ഭൂമി കണ്ടെത്തുകയും പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട സാമൂഹിക ആഘാത പഠന റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. മന്ത്രിതലത്തിലും ഉദ്യോഗസ്ഥ തലത്തിലും സമയബന്ധിതമായി റിവ്യൂ നടത്തുന്നുണ്ട്. വ്യവസായ ഇടനാഴിയുടെ ഭൂമി ഏറ്റെടുക്കലും തുടർപ്രവർത്തനങ്ങളും സസൂക്ഷ്മം വിലയിരുത്തുന്നതിനായി പോർട്ടൽ വഴി മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

**കുറ്റ്യാടിയിലെ നാളികേര പാർക്ക്**

189 (574) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടിയിലെ വേളം ഗ്രാമപഞ്ചായത്തിലെ മണിമലയിലെ നാളികേര പാർക്ക് പ്രവർത്തനം ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ബഹു. ഹൈക്കോടതിയുടെ ഉത്തരവുപ്രകാരം കണക്കാക്കിയ നഷ്ടപരിഹാര തുക സ്പെഷ്യൽ തഹസിൽദാർ (LA) കൊയിലാണ്ടിക്ക് 2-8-2021-ന് കൈമാറിയിട്ടുണ്ട്. ഹൈക്കോടതി വിധിക്കനുസൃതമായി കോഴിക്കോട് ജില്ലാഭരണകൂടവും കെ.എസ്.ഐ.ഡി.സി.-യും ഭൂവുടമകളുമായി നിലവിലുള്ള നഷ്ടപരിഹാര തുകയിന്മേലുള്ള തർക്കങ്ങൾ പരിഹരിച്ച് എത്രയുംവേഗം പാർക്കിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നാളികേര പാർക്കിലെ കാടുവെട്ടിത്തെളിച്ച് മതിൽ നിർമ്മിക്കുന്ന പ്രവൃത്തി നടപ്പിലാക്കുന്നതിന് ഏതു ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഭൂവുടമകളുമായുള്ള LA നഷ്ടപരിഹാരത്തിന്റെ കേസ് ഹൈക്കോടതിയിൽ നിലനിൽക്കുന്നതിനാൽ, ഭൂമി ഏറ്റെടുത്തിട്ടുണ്ടെങ്കിലും നിയമപരമായ ഉടമസ്ഥാവകാശം ഇപ്പോഴും കെ.എസ്.ഐ.ഡി.സി.-യുടെ പക്കലില്ല. ആയതിനാൽ ഏതെങ്കിലും നിർമ്മാണ പ്രവൃത്തികൾ ഏജൻസികളെ ഏൽപ്പിച്ചിട്ടില്ല. എന്നിരുന്നാലും പാർക്കിലേയ്ക്ക് സുഗമമായി പ്രവേശിക്കുന്നതിനായി ഏകദേശം 15 ഏക്കറിലുള്ള കാട് 2021 സെപ്റ്റംബർ മാസത്തിൽ വെട്ടിത്തെളിച്ചിട്ടുണ്ട്.

## ഫാർമ പാർക്ക്-ന്റെ പ്രവർത്തനം

190 (575) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ ഫാക്ടിൽനിന്നും ഏറ്റെടുത്ത ഭൂമിയിൽ കിൻഫ്ര ആരംഭിക്കുന്ന ഫാർമസ്യൂട്ടിക്കൽ പാർക്കിന്റെ നിർമ്മാണ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

പെട്രോ ഫാർമാ പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുകഴിഞ്ഞു.

(ബി) ഫാർമ പാർക്കിനായി എത്ര ഏക്കർ ഭൂമിയാണ് അനുവദിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

80 ഏക്കർ ഭൂമിയാണ് ഫാർമാ ഹെൽത്ത് കെയർ മേഖലയ്ക്കായി വിനിയോഗിക്കുന്നത്.

(സി) നിലവിൽ എത്ര സംരംഭകർ യൂണിറ്റുകൾ ആരംഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ?

നിലവിൽ 4 സംരംഭകരാണ് ഈ മേഖലയിൽ നിക്ഷേപത്തിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുമ്പോൾ സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

പദ്ധതി നടപ്പിലാക്കുമ്പോൾ ഫാർമാ മേഖലയിൽ 1250 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

## വയനാട് ജില്ലയിലെ വ്യവസായ പാർക്ക്

191 (576) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ഒരു വ്യവസായ പാർക്ക് തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

(എ&ബി) പരിഗണനയിലുണ്ട്. വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ തുടർന്നുവരികയാണ്.

## വ്യവസായ സംരംഭകർക്ക് അടിസ്ഥാന സൗകര്യം ഒരുക്കൽ

192 (577) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സംരംഭകർക്ക് എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് കിൻഫ്ര ഒരുക്കിക്കൊടുക്കുന്നതെന്ന് വ്യക്തമാക്കാമോ?

വ്യവസായങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, റോഡ്, വികസിപ്പിച്ച പ്ലോട്ടുകൾ എന്നിവ ഒരുക്കി വ്യവസായ പാർക്കുകൾ സ്ഥാപിച്ച് വ്യവസായ സംരംഭകർക്ക് ലഭ്യമാക്കുന്നു. കൂടാതെ ഏകജാലക സംവിധാനം വഴി വ്യവസായം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ അനുബന്ധ അനുമതികളും സമയബന്ധിതമായി ലഭിക്കുന്നതിനുള്ള സംവിധാനം എല്ലാ വ്യവസായ പാർക്കുകളിലും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) കോഴിക്കോട് ജില്ലയിൽ എവിടെയൊക്കെയാണ് വ്യവസായ പാർക്കുകൾ നിലവിലുള്ളതെന്ന് അറിയിക്കുമോ;

(സി) കോഴിക്കോട് ജില്ലയിൽ ഇനി ഏതൊക്കെ സ്ഥലങ്ങളിലാണ് വ്യവസായ സംരംഭകർക്ക് ഇത്തരം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(ബി&സി) കോഴിക്കോട് ജില്ലയിൽ ബേപ്പൂരിൽ കിൻഫ്രയുടെ ഒരു മറൈൻ പാർക്ക് പദ്ധതിയും രാമനാട്ടുകരയിൽ അഡ്വാൻസ് ടെക്നോളജി പാർക്ക് പദ്ധതിയും കെ.എസ്.ഐ.ഡി.സി.-യുടെ കീഴിൽ കിനാലൂരിൽ ഒരു വ്യവസായ പാർക്കും വ്യവസായ വകുപ്പിന് കീഴിൽ വെസ്റ്റ്ഹിൽ എന്ന സ്ഥലത്ത് ഒരു ഡെവലപ്പ്മെന്റ് പ്ലോട്ടും നിലവിലുണ്ട്. കെ.എസ്.ഐ.ഡി.സി. കുറ്റ്യാടിയിൽ ഒരു നാളികേര പാർക്ക് ആരംഭിക്കാൻ പദ്ധതിയുണ്ട്. കൂടാതെ വ്യവസായ വകുപ്പിന് കീഴിൽ കോഴിക്കോട് ജില്ലയിൽ കട്ടിപ്പാറ എന്ന സ്ഥലത്ത് പുതുതായി ഒരു ഡെവലപ്മെന്റ് പ്ലോട്ടിന്റെ പണി പൂർത്തീകരിച്ചു കൊണ്ടിരിക്കുന്നു.

## അരൂർ പള്ളിപ്പുറം വ്യവസായ പാർക്കിലെ വികസനപ്രവർത്തനങ്ങൾ

193 (578) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരൂർ മണ്ഡലത്തിലെ പള്ളിപ്പുറം വ്യവസായ പാർക്കിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

സംരംഭകർക്ക് ഭക്ഷ്യ സംസ്കരണ വ്യവസായം തുടങ്ങുന്നതിനായിട്ടാണ് കെ.എസ്.ഐ.ഡി.സി. പള്ളിപ്പുറത്ത് 84.03 ഏക്കർ സ്ഥലത്ത് മെഗാ ഫുഡ് പാർക്ക് വിഭാവനം ചെയ്തിട്ടുള്ളത്. നാളിതുവരെ 28 വ്യവസായ യൂണിറ്റുകൾക്ക് സ്ഥലം അനുവദിച്ചതിൽ 9 വ്യവസായ യൂണിറ്റുകൾക്ക് നൽകിയ 10.53 ഏക്കർ സ്ഥലം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് നൽകിയത്. Cold Storage, Deep Freezer and Deboning Unit, Effluent treatment Plant തുടങ്ങിയ സൗകര്യങ്ങളുള്ള മെഗാ ഫുഡ് പാർക്ക് പദ്ധതി പൂർത്തീകരിക്കുവാനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

## സ്റ്റാർട്ടപ്പ് മിഷന്റെ മേൽനോട്ടത്തിലെ നിക്ഷേപങ്ങൾ

194 (579) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്റ്റാർട്ടപ്പ് മിഷന്റെ മേൽനോട്ടത്തിൽ എത്ര കോടി രൂപയുടെ നിക്ഷേപം നടത്താൻ സാധിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

സ്റ്റാർട്ടപ്പുകൾക്കായി ടെക്നോളജി ഇന്നൊവേഷൻ സോൺ, യൂത്ത് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് പ്രോഗ്രാം എന്നീ രണ്ടു പദ്ധതികളാണ് കേരളാ സ്റ്റാർട്ടപ്പ് മിഷൻ മുഖേന നടപ്പിലാക്കി വരുന്നത്. ഈ സാമ്പത്തിക വർഷത്തിൽ രണ്ട് പദ്ധതികളും നടപ്പിലാക്കുന്നതിനായി 68.75 കോടി രൂപയുടെ ഭരണാനുമതി നൽകുകയും 13.5 കോടി രൂപ ഇതിനോടകം അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്.

## വല്ലാർപ്പാടം ഇന്റർനാഷണൽ കണ്ടെയിനർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലിന്റെ ഭൂമിയുടെ ഉപയോഗം

195 (580) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈപ്പിൻ മണ്ഡലത്തിലെ മുളവുകാട് ഗ്രാമപഞ്ചായത്തിൽ വല്ലാർപ്പാടം ഇന്റർനാഷണൽ കണ്ടെയിനർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലിലേയ്ക്കുള്ള കണ്ടെയിനർ റോഡിന്റെ ഇരുവശങ്ങളിലുമായി കൃഷിയോഗ്യമല്ലാതെ തരിശായി കിടക്കുന്ന ഇരുന്നൂറ്റി അൻപത് ഏക്കറോളം ഭൂമിയുടെ ഫലപ്രദമായ ഉപയോഗം ലക്ഷ്യമിട്ട് സമർപ്പിച്ചിട്ടുള്ള നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ?

സർക്കാരിനുലഭിച്ചിട്ടുള്ള നിവേദനത്തിൻമേൽ റിപ്പോർട്ട് ലഭ്യമാക്കുവാൻ കിൻഫ്ര മാനേജിംഗ് ഡയറക്ടർക്ക് 04-8-2021-ലെ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

## ലോക്ഡൗൺ പ്രതിസന്ധികളെ അതിജീവിക്കുവാൻ വ്യവസായവകുപ്പ് ആവിഷ്കരിക്കുന്ന നൂതന പദ്ധതികൾ

196 (581) ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീർഘകാലത്തെ ലോക്ഡൗൺ പ്രതിസന്ധികളിൽനിന്നും വ്യവസായ മേഖലയെ ശക്തിപ്പെടുത്തുന്നതിന് പ്രത്യേക പദ്ധതികൾ എന്തെങ്കിലും ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) സ്വകാര്യ സഹകരണ മേഖലയിലെ വ്യവസായങ്ങളുടെ നിലനിൽപ്പിനും അതിജീവനത്തിനുംവേണ്ടി ടി കാലയളവിൽ അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങളും ഇളവുകളും പൊതുവായി വിശദീകരിക്കുമോ?

(എ&ബി) കോവിഡ് -19 മഹാമാരി വരുത്തിവച്ച ലോക്ക്ഡൗൺ ഉൾപ്പെടെയുള്ള വിവിധ സാഹചര്യങ്ങളുടെ ഭാഗമായി പ്രതിസന്ധിയിലായ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയെ തിരിച്ചുകൊണ്ടുവരുന്നതിനായി കേരള സർക്കാർ മുൻ വർഷം ആവിഷ്കരിച്ചുനടപ്പിലാക്കിയ പദ്ധതിയാണ് വ്യവസായ ഭദ്രതാ പാക്കേജ്. 20-5-2020-ലെ G.O.(MS).No.56/2020/ID പ്രകാരം പ്രഖ്യാപിച്ച വ്യവസായ ഭദ്രതാ പാക്കേജിൽ വിവിധ പദ്ധതികൾ ഉൾപ്പെട്ടിട്ടുണ്ട്. കോവിഡ് രണ്ടാം തരംഗത്തെ തുടർന്ന് ചെറുകിട വ്യവസായ സംരംഭകരെ പിന്തുണയ്ക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി, ഉൽപ്പാദനവും വിപണനവും പ്രതിസന്ധിയിലായ വ്യവസായ സംരംഭകർക്കായി വിവിധ ദുരിതാശ്വാസ പദ്ധതികൾ ഉൾപ്പെടുത്തി കോവിഡ്-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പാക്കേജിൽ താഴെപ്പറയുന്ന ദുരിതാശ്വാസ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പ് വഴി നടപ്പിലാക്കുന്നുണ്ട്.

1. കോവിഡ് 19-ന്റെ സാഹചര്യത്തിൽ മുൻവർഷം പ്രഖ്യാപിച്ച വ്യവസായ ഭദ്രതാ പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പലിശ ഇളവ് പദ്ധതി (Scheme for interest Subvention on term Loan and Working Capital Loan) കൂടുതൽ ഇളവുകളോടെ നടപ്പിലാക്കും. 2020 ഡിസംബർ 31 വരെ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും നേടുന്ന വായ്പകൾക്കാണ് പലിശയിളവ് നൽകിയിരുന്നത്. ഇത് 2021 ഡിസംബർ 31 വരെയുള്ള വായ്പകൾക്കായി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കും. ഈ പദ്ധതി അനുസരിച്ച് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ

ലഭിക്കുന്ന എല്ലാ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കും 12 മാസത്തേയ്ക്ക് 50% പലിശസഹായം ലഭ്യമാകും. പരമാവധി യൂണിറ്റിന് 1,20,000 രൂപ വരെയാണ് സഹായം അനുവദിക്കുക. ഉൽപ്പാദക മേഖലയിലും ജോബ് വർക്ക് ചെയ്യുന്നതുമായിട്ടുള്ള എം.എസ്.എം.ഇ. യൂണിറ്റുകളാണ് പദ്ധതി വഴി സഹായത്തിന് അർഹമായിട്ടുള്ളത്.

2. നിലവിലെ ESS മാർഗ്ഗരേഖപ്രകാരം യോഗ്യതയുള്ള ഒരു യൂണിറ്റിന് ലഭിക്കുന്ന പരമാവധി സബ്സിഡി പൊതുവിഭാഗങ്ങൾക്ക് 20 ലക്ഷത്തിൽ നിന്ന് 30 ലക്ഷമായി ഉയർത്തും. പിന്നാക്ക ജില്ലകളിലെ വ്യവസായങ്ങൾക്കും മുൻഗണന വ്യവസായങ്ങൾക്കും പരമാവധി 30 ലക്ഷം രൂപ എന്നത് 40 ലക്ഷം രൂപ വരെ ഉയർത്തും. ഉൽപ്പാദക മേഖലയിലുള്ള എല്ലാ സംരംഭങ്ങൾക്കും പദ്ധതി വഴി നിബന്ധനകൾക്ക് വിധേയമായി സഹായം ലഭ്യമാകും.

3. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് സഹായത്തിന്റെ വ്യാപ്തി വിപുലീകരിച്ച് സേവനമേഖലയിൽ ഉൾപ്പെട്ടിരിക്കുന്ന നാനോ യൂണിറ്റുകൾ കൂടി പദ്ധതി പ്രകാരം സഹായത്തിന് യോഗ്യരാക്കും.

4. നിലവിൽ 5 ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള യൂണിറ്റുകൾക്ക് മാത്രമേ നാനോ യൂണിറ്റുകൾക്കുള്ള പലിശ ഇളവ് പദ്ധതി അനുവദിച്ചിട്ടുള്ളൂ. ഈ സഹായത്തിനായി 10 ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള എല്ലാ നാനോ യൂണിറ്റുകളും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമെ, 10 ലക്ഷം രൂപ മൂലധന നിക്ഷേപമുള്ള എല്ലാ സേവനമേഖല നാനോ യൂണിറ്റുകളും ഈ പദ്ധതി പ്രകാരം യോഗ്യമാകും. ഈ പാക്കേജ് അനുസരിച്ച് പ്രവർത്തനമൂലധനത്തിനായി കുറഞ്ഞ പലിശ നിരക്കിൽ ഹ്രസ്വകാല വായ്പകൾ, തിരിച്ചുവരുന്ന പ്രവാസികൾക്ക് പ്രത്യേക സോഫ്റ്റ് ലോൺ പദ്ധതി, പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, വായ്പാ തിരിച്ചടവിന് കൂടുതൽ സമയം നൽകൽ, ഒരു വർഷത്തേയ്ക്ക് പിഴപ്പലിശ ഒഴിവാക്കൽ, മൂന്ന് മാസത്തേയ്ക്കുള്ള പലിശ ഒഴിവാക്കൽ, മൂന്ന് മാസത്തേയ്ക്ക് കെ.എസ്.ഐ.ഡി.സി.-യുടെ എസ്.ഡി.എഫ്.-കളിലുള്ള യൂണിറ്റുകളുടെ വാടകയും പൊതുസൗകര്യ ചാർജ്ജുകളും ഒഴിവാക്കൽ, വിലയുടെ 20% മുൻകൂർ അടവോടും ബാക്കി 80% അഞ്ചു വർഷംകൊണ്ട് പലിശരഹിത അടവോടും കൂടി വ്യാവസായിക വളർച്ചാ കേന്ദ്രങ്ങളിൽനിന്നും അർഹരായ സംരംഭകർക്ക് ആവശ്യമായ ഭൂമി അനുവദിക്കൽ തുടങ്ങിയ ഇളവുകൾ കെ.എസ്.ഐ.ഡി.സി.-യുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്നു. കൂടാതെ, കിൻഫ്ര പാർക്കുകളിലെ ഫാക്ടറി കെട്ടിട സമുച്ചയങ്ങളിലെ സംരംഭകർ നൽകേണ്ട വാടക, കോമൺ ഫെസിലിറ്റി ചാർജ്ജ് എന്നിവ മൂന്ന് മാസത്തേയ്ക്ക് ഒഴിവാക്കി കൊടുത്തിട്ടുണ്ട്.

(സി) പുതിയ വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കുമോ?

സംസ്ഥാനത്ത് പുതുതായി ആരംഭിക്കുന്ന വ്യവസായ സംരംഭങ്ങളെയും നിലവിലുള്ളവയെയും പ്രോത്സാഹിപ്പിക്കുവാൻ സർക്കാർ വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുവേണ്ടി നിയമ നിർമ്മാണങ്ങൾ അനിവാര്യമായ ഘട്ടങ്ങളിൽ അവയും നടപ്പിലാക്കിയിട്ടുണ്ട്. 2018-ൽ നടപ്പിലാക്കിയ ‘ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം’ , 2019-ലെ ‘ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം’ എന്നിവ ഈ ഉദ്ദേശ്യത്തോടെ നടപ്പിലാക്കിയ നിയമ നിർമ്മാണങ്ങളാണ്. 2019-ലെ ‘ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം’ പ്രകാരം 10 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നുവർഷം വരെ സംസ്ഥാന നിയമങ്ങൾക്കുകീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച് വ്യവസായം തുടങ്ങാൻ സാധിക്കുന്നതാണ്. K-SWIFT ഓൺലൈൻ ഏകജാലക സംവിധാനം വഴി മേൽസൂചിപ്പിച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് ‘ MSME Acknowledgement Certificate’ ലഭ്യമാകുന്നതുമാണ്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപ്പെടാത്ത MSME-ഇതര വ്യവസായങ്ങൾക്ക് ഒരു വർഷത്തേയ്ക്ക് സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില അനുമതികൾ ഒഴിവാക്കിക്കൊണ്ട് മേൽസൂചിപ്പിച്ച 2019-ലെ ‘ കേരള സൂക്ഷ്മ-ചെറുകിട- ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമത്തിൽ ഭേദഗതി വരുത്തി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇത്തരം വ്യവസായങ്ങൾക്ക് അനുമതി കൊടുക്കുന്നതിന് വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള അപേക്ഷകളിന്മേൽ സമയബന്ധിതമായി അനുമതികൾ ലഭ്യമാക്കുന്നതിനും നിക്ഷേപകരുമായി സജീവ ബന്ധം സ്ഥാപിക്കുന്നതിനും സംസ്ഥാനത്തെ ഉയർന്ന സാമ്പത്തിക സാദ്ധ്യതകളുള്ള മേഖലകളിലേയ്ക്ക് നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി ‘ കേരളാ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ സെൽ’ (KIPF) സർക്കാർ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനാടിസ്ഥാനത്തിൽ സംസ്ഥാനതല സെല്ലും ജില്ലാടിസ്ഥാനത്തിൽ ജില്ലാതല സെല്ലുകളും രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതും

ജില്ലാടിസ്ഥാനത്തിലും സംസ്ഥാനതലത്തിലും നിയമപിന്തുണയുള്ള പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഇതിനുവേണ്ടി 2021-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും (ഭേദഗതി) ഓർഡിനൻസ് പുറപ്പെടുവിച്ചിരുന്നു. വ്യവസായ സ്ഥാപനങ്ങളിൽ വിവിധ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ സുതാര്യമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുംവേണ്ടി കെ-സിസ് (Kerala-Centralised Inspection System) എന്ന ഓൺലൈൻ കേന്ദ്രീകൃത പരിശോധനാ സംവിധാനം സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിലോ ചട്ടങ്ങളിലോ കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ വ്യവസ്ഥകൾ നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ മൂന്നംഗ വിദഗ്ദ്ധ കമ്മിറ്റിയെ 26-7-2021-ലെ സ.ഉ. (സാധാ)നം. 770/2021/ID പ്രകാരം രൂപവൽക്കരിച്ചിട്ടുണ്ട്.

### വ്യവസായ സംരംഭകരുടെ പരാതി പരിഹാര സംവിധാനം

197 (582) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വ്യവസായ സംരംഭകരുടെ പരാതി പരിഹാരത്തിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനത്തിൽ പരാതികൾ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും ഏതെല്ലാം കാര്യങ്ങൾ സംബന്ധിച്ചാണ് പരാതി ഉന്നയിക്കാൻ സാധിക്കുന്നതെന്നും വ്യക്തമാക്കുമോ?

നിക്ഷേപകരുടെ പരാതി പരിഹരിക്കുക എന്ന ലക്ഷ്യത്തോടുകൂടി സിവിൽ കോടതിയുടെ അധികാരമുള്ള ജില്ലാ/സംസ്ഥാന പരാതി പരിഹാര കമ്മിറ്റി രൂപീകരിക്കുന്നതിലേയ്ക്കായി സർക്കാർ 2021-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ഓർഡിനൻസ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഭേദഗതി ഓർഡിനൻസ് പ്രകാരം വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനോ പ്രവർത്തിപ്പിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ വൈവിദ്ധ്യവൽക്കരിക്കുന്നതിനോ ആധുനികവൽക്കരിക്കുന്നതിനോ വിവിധ സംസ്ഥാന നിയമങ്ങൾക്കുകീഴിൽ ആവശ്യമായ ക്ലിയറൻസുകളോ സർട്ടിഫിക്കറ്റുകളോ ലൈസൻസുകളോ പെർമിറ്റുകളോ അനുമതിയോ അതിന്റെ പുതുക്കൽ ലഭിക്കുന്നതിനോ അതിന് ആനുഷംഗികമായ ഏതെങ്കിലും കാര്യത്തിനോവേണ്ടി അപേക്ഷ സമർപ്പിച്ച ഒരാൾക്ക് പ്രസ്തുത നിയമപ്രകാരം ടി കമ്മിറ്റി വ്യവസ്ഥ ചെയ്തിട്ടുള്ള സമയപരിധിക്കുള്ളിൽ സേവനങ്ങൾ നൽകുന്നുണ്ടെന്ന് നിരീക്ഷിക്കുന്നതിനും അപ്രകാരമുള്ള ആളുകളുടെ പരാതി കാര്യക്ഷമമായ രീതിയിൽ പരിഹരിക്കുന്നതിനും മതിയായതും ന്യായമായതുമായ കാരണങ്ങൾ

കൂടാതെ സമയപരിധിക്കുള്ളിൽ സേവനം നൽകുന്നതിൽ വീഴ്ച വരുത്തുകയോ കാലതാമസം വരുത്തുകയോ ചെയ്യുന്ന ഒരു നിയുക്ത ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കുവാനും ജില്ലാ/സംസ്ഥാന പരാതി പരിഹാര കമ്മിറ്റികൾക്ക് അധികാരം നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 5 കോടി രൂപ വരെ മൂലധന നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ജില്ലാ പരാതി പരിഹാര കമ്മിറ്റിയുടെ പരിഗണനയ്ക്കും 5 കോടി രൂപക്ക് മുകളിൽ മൂലധന നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ സംസ്ഥാന പരാതി പരിഹാര കമ്മിറ്റിയുടെ പരിഗണനയ്ക്കും വിധേയമാക്കുവാൻ വ്യവസ്ഥ ചെയ്യുന്നു. വിവിധ വകുപ്പുകൾ കൈകാര്യം ചെയ്യുന്ന നിയമങ്ങളിൽനിന്നും ചട്ടങ്ങളിൽനിന്നും ഉണ്ടാകുന്ന പ്രശ്നങ്ങൾ ഓൺലൈനായി പ്രസ്തുത വകുപ്പുകളുമായി ബന്ധപ്പെട്ട് തീർപ്പാക്കാനുള്ള അധികാരം ഈ കമ്മിറ്റിക്കുണ്ടാകും. ജില്ലാ/സംസ്ഥാന പരാതി പരിഹാര കമ്മിറ്റികൾക്ക് അപേക്ഷ ലഭിച്ച് അഞ്ച് ദിവസങ്ങൾക്കകം നിയുക്ത ഉദ്യോഗസ്ഥനിൽനിന്നും റിപ്പോർട്ട് ആവശ്യപ്പെടേണ്ടതും ബന്ധപ്പെട്ട നിയുക്ത ഉദ്യോഗസ്ഥൻ ഏഴ് ദിവസങ്ങൾക്കകം അപ്രകാരം ആവശ്യപ്പെട്ട റിപ്പോർട്ട് നൽകേണ്ടതും അപ്രകാരമുള്ള റിപ്പോർട്ട് ലഭിക്കുന്നതിന്മേൽ പ്രസ്തുത റിപ്പോർട്ട് പരിഗണിച്ചതിനും ബന്ധപ്പെട്ട നിയുക്ത ഉദ്യോഗസ്ഥനും അപേക്ഷകനും പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകിയതിനും ശേഷം പ്രസ്തുത കമ്മിറ്റി നിയുക്ത ഉദ്യോഗസ്ഥനോട് ഒരു നിശ്ചിത സമയത്തിനകം സേവനം നൽകുവാൻ നിർദ്ദേശിക്കുകയോ അപേക്ഷ നിരസിക്കുകയോ ചെയ്തുകൊണ്ട് അപേക്ഷ ലഭിച്ച തീയതി മുതൽ മുപ്പത് ദിവസക്കാലയളവിനുള്ളിൽ അപേക്ഷ തീർപ്പാക്കേണ്ടതും എഴുതി രേഖപ്പെടുത്തിയ കാരണങ്ങൾ സഹിതം, അതിന്മേലുള്ള തീരുമാനം ബന്ധപ്പെട്ട നിയുക്ത ഉദ്യോഗസ്ഥനെയും അപേക്ഷകനെയും അറിയിക്കേണ്ടതുമാണ്. നിശ്ചിത സമയത്തിനകം തീർപ്പാകാത്ത അപേക്ഷകൾ, ജില്ലാ പരാതി പരിഹാര കമ്മിറ്റിയുടെ ചെയർമാൻ പ്രസ്തുത സമയപരിധിക്കുള്ളിൽ അപേക്ഷകൾ തീർപ്പാക്കാതിരുന്നതിനുള്ള കാരണങ്ങൾ വ്യക്തമാക്കിക്കൊണ്ട് സംസ്ഥാന പരാതി പരിഹാര കമ്മിറ്റിക്ക് അയയ്ക്കേണ്ടതും ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ സംഗതിയിൽ, ജില്ലാ പരാതി പരിഹാര കമ്മിറ്റി തീർപ്പാക്കാത്ത അപേക്ഷകൾ ഓൺലൈനായി സംസ്ഥാന പരാതി പരിഹാര കമ്മിറ്റിക്ക് അയച്ചുകൊടുക്കേണ്ടതും അപ്രകാരമുള്ള അപേക്ഷകൾ സംസ്ഥാന പരാതി പരിഹാര കമ്മിറ്റിയിൽ സമർപ്പിച്ച അപ്പീലുകളായി കരുതപ്പെടുന്നതുമാണ്. ജില്ലാ പരാതി പരിഹാര കമ്മിറ്റിയുടെ ഏതെങ്കിലും തീരുമാനപ്രകാരം സങ്കടമനുഭവിക്കുന്ന ഏതെങ്കിലും ആളിന് അപ്രകാരമുള്ള തീരുമാനം ജില്ലാ പരാതി പരിഹാര കമ്മിറ്റിയിൽനിന്നും ലഭിച്ച ദിവസം മുതൽ മുപ്പത് ദിവസങ്ങൾക്കകം അപ്രകാരമുള്ള തീരുമാനത്തിന് എതിരായി, നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള രീതിയിലും അപ്രകാരമുള്ള ഫാറത്തിലും സംസ്ഥാന പരാതി പരിഹാര കമ്മിറ്റിക്ക് അപ്പീൽ സമർപ്പിക്കാവുന്നതാണ്.

## മടങ്ങിവരുന്ന പ്രവാസികൾക്ക് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സഹായം

198 (583) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മടങ്ങിവരുന്ന പ്രവാസികൾക്ക് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനും നിലവിലുള്ള ചട്ടങ്ങളിൽ ഇളവുകൾ അനുവദിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ, ഇത് എപ്രകാരമാണെന്ന് വിശദീകരിക്കുമോ?

(എ&ബി) മടങ്ങിവരുന്ന പ്രവാസികൾ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വാണിജ്യ വകുപ്പ് നടപ്പിലാക്കി വരുന്ന സംരംഭക സഹായ പദ്ധതിയുടെ മാർഗ്ഗരേഖയിൽ ഇളവ് വരുത്തിയിട്ടുണ്ട്. ഇതിൻപ്രകാരം കോവിഡ് സാഹചര്യം നേരിടുന്നതിനായി മുൻവർഷം പ്രഖ്യാപിച്ച വ്യവസായ ഭദ്രതാ പദ്ധതിയിലും പ്രവാസികൾക്ക് പ്രാധാന്യം നൽകി ഇളവ് പ്രഖ്യാപിച്ചിരുന്നു. ടി പദ്ധതി മുഖേന പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗം, വനിതകൾ, യുവാക്കൾ എന്നിവർ ആരംഭിക്കുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭക യൂണിറ്റുകൾക്ക് നിലവിൽ നൽകി വരുന്ന 20% സബ്സിഡി 25% സബ്സിഡിയായി വർദ്ധിപ്പിക്കുകയും ഈ പ്രത്യേക വിഭാഗത്തിലേയ്ക്ക് പ്രവാസികൾ ആരംഭിക്കുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകളെക്കൂടി ഉൾപ്പെടുത്തുകയും ചെയ്തു. കൂടാതെ 'കോവിഡ് സമാശ്വാസ പദ്ധതി' എന്ന പേരിൽ ഈ വർഷം ഒരു പാക്കേജ് കൂടി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പാക്കേജ് അനുസരിച്ച് പ്രവർത്തന മൂലധനത്തിനായി കുറഞ്ഞ പലിശനിരക്കിൽ ഹ്രസ്വകാല വായ്പകൾ, തിരിച്ചുവരുന്ന പ്രവാസികൾക്ക് പ്രത്യേക സോഫ്റ്റ് ലോൺ പദ്ധതി, പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, വായ്പാ തിരിച്ചടവിന് കൂടുതൽ സമയം നൽകൽ, ഒരു വർഷത്തേയ്ക്ക് പിഴപ്പലിശ ഒഴിവാക്കൽ, 3 മാസത്തേയ്ക്കുള്ള പലിശ ഒഴിവാക്കൽ, 3 മാസത്തേയ്ക്ക് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികളിലുള്ള യൂണിറ്റുകളുടെ വാടകയും പൊതുസ്വകാര്യ ചാർജ്ജുകളും ഒഴിവാക്കൽ, വിലയുടെ 20% മുൻകൂർ അടവോടുംകൂടി വ്യവസായ വളർച്ചാ കേന്ദ്രങ്ങളിൽനിന്നും അർഹരായ സംരംഭകർക്ക് ഭൂമി അനുവദിക്കൽ തുടങ്ങിയ ഇളവുകൾ പ്രവാസികൾക്കും പ്രയോജനപ്പെടുത്താവുന്നതാണ്. പ്രവാസികൾക്കായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും നോർക്കയും ചേർന്ന് നടപ്പിലാക്കുന്ന പുതിയ പദ്ധതിയാണ് 'പ്രവാസി ഭദ്രതാ മെഗാ

പദ്ധതി'. പ്രസ്തുത പദ്ധതി മുഖേന പ്രവാസികളായ ഗുണഭോക്താക്കൾക്ക് 25 ലക്ഷം രൂപ മുതൽ 2 കോടി രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. കൂടാതെ മുഖ്യമന്ത്രിയുടെ സ്പെഷ്യൽ അസിസ്റ്റൻസ് വർക്കിംഗ് ക്യാപ്പിറ്റൽ ലോണായി 50 ലക്ഷം രൂപ മുതൽ 1 കോടി രൂപ വരെ അനുവദിക്കുന്നതാണ്.

## വാക്സിൻ ഉൽപ്പാദന മേഖല

199 (584) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീമതി സി. കെ. ആശ:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോന്നയ്ക്കൽ ലൈഫ് സയൻസ് പാർക്കിൽ വാക്സിൻ ഉൽപാദന മേഖല സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

10-9-2021-ലെ G.O.(Ms)No.33/2021/S&TD പ്രകാരം തോന്നയ്ക്കൽ ലൈഫ് സയൻസ് പാർക്കിൽ വാക്സിൻ ഉൽപ്പാദന യൂണിറ്റ് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) വാക്സിൻ ഉൽപ്പാദന യൂണിറ്റ് ആരംഭിക്കാൻ തയ്യാറാകുന്ന ആങ്കർ വ്യവസായങ്ങൾക്ക് പ്രത്യേക പാക്കേജ് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) വാക്സിൻ ഉൽപ്പാദന മേഖലയ്ക്കായി സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ധനകാര്യ സ്ഥാപനങ്ങൾ മുഖേന ആകർഷകമായ വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ വ്യവസായ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) വാക്സിൻ ഉൽപ്പാദന സംരംഭത്തിന് ഏകജാലക അനുമതിയും ഫാസ്റ്റ് ട്രാക്ക് അംഗീകാരവും നൽകാനും ആരോഗ്യ മേഖലയിലും അനുബന്ധ മേഖലകളിലും വ്യവസായ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) വാക്സിൻ ഉൽപ്പാദന യൂണിറ്റിന്റെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി വൈദ്യുതി സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

(ബി-ഇ) കെ.എസ്.ഐ.ഡി.സി.-യുടെ തോന്നയ്ക്കൽ ലൈഫ് സയൻസ് പാർക്കിൽ Vaccine Manufacturing Unit-ഉം Vaccine Fill-Finish Unit-ഉം സ്ഥാപിക്കുന്ന ആങ്കർ യൂണിറ്റുകൾക്ക് (ആങ്കർ ഇൻഡസ്ട്രീസ്) സർക്കാർ ഉത്തരവ് 10-9-2021-ലെ G.O(Ms)No.33/2021/S&TD പ്രകാരം ഒരു സ്പെഷ്യൽ പാക്കേജ് നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:-

- ലീസ് പ്രീമിയത്തിന്റെ 50% സബ്സിഡിയോടുകൂടിയുള്ള ഭൂമി 60 വർഷത്തേയ്ക്ക് പാട്ടത്തിന് നൽകുന്നതാണ്. കൂടാതെ, പദ്ധതിയുടെ ലീസ് പ്രീമിയം തുക പദ്ധതിയിലെ ഗവൺമെന്റ് ഇക്വിറ്റിയായി കണക്കാക്കുന്നതാണ്. പ്രവർത്തനം ആരംഭിച്ച് 10 വർഷത്തെ മൊറട്ടോറിയം കാലയളവിനുശേഷം ഇക്വിറ്റി തിരികെ നൽകേണ്ടതാണ്. പദ്ധതി പ്രവർത്തനത്തിന്റെ 11-ാം വർഷത്തിൽ ഇക്വിറ്റിയുടെ 50% വീണ്ടെടുക്കുകയും ശേഷിക്കുന്ന ഓഹരി 12-ഉം 13-ഉം വർഷത്തിൽ രണ്ട് തുല്യ തവണകളായി തിരിച്ചെടുക്കുകയും ചെയ്യും.

- 1959-ലെ കേരള സ്റ്റാമ്പ് ആക്ടിലെ സെക്ഷൻ 9 (1) (എ) പ്രകാരമുള്ള സ്റ്റാമ്പ് ഡ്യൂട്ടി അടയ്ക്കൽ, 1908-ലെ രജിസ്ട്രേഷൻ നിയമത്തിലെ സെക്ഷൻ 78 (2) പ്രകാരം രജിസ്ട്രേഷൻ ഫീസ് അടയ്ക്കൽ എന്നിവ ഒഴിവാക്കിയിരിക്കുന്നു.

- യൂണിറ്റുകൾക്ക് ആവശ്യമായ ഉപകരണങ്ങളുടെയും പ്ലാന്റുകളുടെയും യന്ത്രസാമഗ്രികളുടെയും തുകയുടെ 30% വരെയും സബ്സിഡിവഴി സാമ്പത്തിക സഹായം നൽകുന്നതാണ്. പ്രസ്തുത സബ്സിഡി fill-finish യൂണിറ്റിന് 1 കോടി രൂപ വരെയും വാക്സിൻ നിർമ്മാണ യൂണിറ്റിന് 5 കോടി രൂപ വരെയും നിജപ്പെടുത്തിയിരിക്കുന്നു.

- സംസ്ഥാന സർക്കാർ ധനകാര്യ സ്ഥാപനങ്ങൾ വഴി ആകർഷകമായ വായ്പകൾ 20 വർഷത്തെ ദീർഘകാല തിരിച്ചടവ് കാലാവധിയോടുകൂടി നൽകുന്നതാണ്. പ്രാരംഭ 5 വർഷത്തേയ്ക്ക് പ്രതിവർഷം 4% സബ്സിഡി പലിശ നിരക്കിലും ബാക്കി 15 വർഷത്തേയ്ക്ക് അന്നത്തെ നിലവിലുള്ള നിരക്കിലുമാണ് വായ്പ അനുവദിക്കുന്നത്. കൂടാതെ വാണിജ്യ പ്രവർത്തനം ആരംഭിച്ച് 3 വർഷം വരെ തിരിച്ചടവ് ആരംഭിക്കുന്നതിനുള്ള മൊറട്ടോറിയവും നൽകുന്നതാണ്. ഈ വായ്പാപരിധി ഫിൽ ഫിനിഷ് യൂണിറ്റിന് 20 കോടി രൂപയും വാക്സിൻ നിർമ്മാണ യൂണിറ്റിന് 30 കോടി രൂപയുമായി പരിമിതപ്പെടുത്തിയിരിക്കുന്നു. കൂടാതെ, മൊത്തം വായ്പാ തുക 100 കോടി രൂപയായി പരിമിതപ്പെടുത്തിയിരിക്കുന്നു.

- പദ്ധതിക്കായി 30 ദിവസത്തിനുള്ളിൽ സിംഗിൾ വിൻഡോ ക്ലിയറൻസും ഫാസ്റ്റ് ട്രാക്ക് അംഗീകാരവും നൽകുവാനുള്ള നടപടി കൈക്കൊള്ളുന്നതാണ്.
- ലൈഫ് സയൻസസ് പാർക്കിലെ വാക്സിൻ നിർമ്മാണത്തിന്റെയും ഫിൽ-ഫിനിഷിന്റെയും ആങ്കർ യൂണിറ്റുകൾക്ക് പവർ താരിഫ് സബ്സിഡിയായി യൂണിറ്റിന് 2 രൂപ വച്ച് നൽകും. ഇത് ഓരോ വാക്സിൻ ഫിൽ ഫിനിഷ് യൂണിറ്റിന് പ്രതിവർഷം ഒരു കോടി രൂപയും ഓരോ വാക്സിൻ നിർമ്മാണ യൂണിറ്റിന് പ്രതിവർഷം 1.25 കോടി രൂപയുമായി പരിമിതപ്പെടുത്തും. എല്ലാ ആങ്കർ യൂണിറ്റുകൾക്കുംകൂടി പവർ സബ്സിഡി പ്രതിവർഷം 4.5 കോടി രൂപയായി പരിമിതപ്പെടുത്തും. പവർ താരിഫ് സബ്സിഡി വാണിജ്യ പ്രവർത്തനത്തിന്റെ പ്രാരംഭഘട്ടമായ 5 വർഷത്തേയ്ക്ക് ദീർഘിപ്പിക്കും. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് നൽകുന്ന ബില്ലുകൾ സമർപ്പിക്കുമ്പോൾ സബ്സിഡി തുക സംസ്ഥാന സർക്കാർ വർഷാവർഷം വ്യവസായങ്ങൾക്ക് തിരികെ നൽകും.
- പ്രവർത്തനം ആരംഭിച്ച് രണ്ട് വർഷത്തേയ്ക്കുള്ള ബിൽ തുകയിൽ ഒരു കിലോ ലിറ്ററിന് 10 രൂപ വാട്ടർ ചാർജ്ജ് സബ്സിഡി നൽകും. കേരള വാട്ടർ അതോറിറ്റിക്ക് അടച്ച ബില്ലുകൾ സമർപ്പിക്കുമ്പോൾ സബ്സിഡി തുക സംസ്ഥാന സർക്കാർ വർഷാവർഷം വ്യവസായങ്ങൾക്ക് തിരികെ നൽകും. വാട്ടർ ചാർജ്ജ് സബ്സിഡി പ്രതിവർഷം 20 ലക്ഷം രൂപയായി എല്ലാ പദ്ധതിക്കുംകൂടി പരിമിതപ്പെടുത്തും. കൂടാതെ, ഒരു വ്യവസായത്തിന് പരമാവധി 5 ലക്ഷം രൂപ വാർഷിക സബ്സിഡിയായി പരിമിതപ്പെടുത്തും.

## സാമ്പത്തിക ആഘാതം പരിഹരിക്കുന്നതിനുള്ള വ്യവസായ വകുപ്പിന്റെ പദ്ധതികൾ

200 (585) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് സൃഷ്ടിച്ച സാമ്പത്തിക ആഘാതം പരിഹരിക്കുവാൻ വ്യവസായ വകുപ്പ് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തു നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

കോവിഡ് -19 മഹാമാരി വരുത്തിവച്ച ലോക്ക്ഡൗൺ ഉൾപ്പെടെയുള്ള വിവിധ സാഹചര്യങ്ങളുടെ ഭാഗമായി പ്രതിസന്ധിയിലായ സൂക്ഷ്മ-ചെറുകിട-

ഇടത്തരം വ്യവസായ മേഖലയെ തിരിച്ചുകൊണ്ടുവരുന്നതിനായി കേരള സർക്കാർ മുൻ വർഷം ആവിഷ്കരിച്ച നടപ്പിലാക്കിയ പദ്ധതിയാണ് വ്യവസായ ഭദ്രത. 20-5-2020-ലെ G.O.(MS).No.56/2020/ID പ്രകാരം പ്രഖ്യാപിച്ച വ്യവസായ ഭദ്രതാ പാക്കേജിൽ ചുവടെ വിവരിക്കുന്ന 17 പദ്ധതികളാണ് ഉൾപ്പെട്ടിരുന്നത്.

1. പുതിയ ലാൻഡ് പ്രീമിയം പേമെന്റ് പോളിസി
2. ലാൻഡ് പ്രീമിയം ഒരു വർഷത്തേയ്ക്ക് മരവിപ്പിക്കുന്നത്
3. മൂന്ന് മാസത്തേയ്ക്ക് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (SDF) വാടക ഉപേക്ഷിക്കുന്നത്
4. കോമൺ ഫെസിലിറ്റി ചാർജ്ജുകൾ 3 മാസത്തേയ്ക്ക് ഉപേക്ഷിക്കുന്നത്
5. KSIDC നൽകുന്ന ടോപ് അപ്പ് ലോണുകൾ
6. KSIDC-യുടെ നിലവിലുള്ള ഉപഭോക്താക്കൾക്ക് പീനൽ ഇന്ററസ്റ്റ് ഒഴിവാക്കുന്നത്
7. മുതലും പലിശയും അടയ്ക്കുന്നതിനുള്ള മൊറട്ടോറിയം
8. KSIDC-യ്ക്കും KINFRA-യ്ക്കുമുള്ള ഒറ്റത്തവണ തീർപ്പാക്കൽ പോളിസി
9. MSME-കൾക്ക് സ്വത്തുക്കൾ സൃഷ്ടിക്കുന്നതിനായി KSIDC നൽകുന്ന പ്രത്യേക വായ്പ
10. സംരംഭക സഹായ പദ്ധതി (ESS) ഉദാരവൽക്കരിക്കുന്നത്
11. എ) അധിക പ്രവർത്തന മൂലധനത്തിനുവേണ്ടി മാർജിൻ മണി അസിസ്റ്റൻസ്

    ബി) MSME-കൾക്കുള്ള അധിക പ്രവർത്തന മൂലധനത്തിന് പലിശ ധനസഹായം
12. MSME-കൾക്ക് നൽകുന്ന അധിക ടേം ലോണിനുള്ള പലിശ ധനസഹായം
13. മൂന്ന് മാസത്തേയ്ക്ക് തൊഴിലുടമകൾ നൽകുന്ന ESI വിഹിതം സൗജന്യം
14. മൂന്ന് മാസത്തേയ്ക്ക് തൊഴിലുടമകളുടെ PF വിഹിതം സൗജന്യം
15. NPA വ്യവസ്ഥകൾ നവീകരിക്കുന്നത്

16. മുതലും പലിശയും അടയ്ക്കുന്നതിനുള്ള മൊറട്ടോറിയം 6 മാസത്തേയ്ക്ക് ദീർഘിപ്പിക്കുന്നത്

17. MSME-കളുടെ മൊറട്ടോറിയം അടയ്ക്കുന്നതിനുള്ള കാലയളവ് ദീർഘിപ്പിക്കൽ

കോവിഡ് രണ്ടാം തരംഗത്തെ തുടർന്ന് ചെറുകിട വ്യവസായ സംരംഭകരെ പിന്തുണയ്ക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി ഉല്പാദനവും വിപണനവും പ്രതിസന്ധിയിലായ വ്യവസായ സംരംഭകർക്കായി വിവിധ ദുരിതാശ്വാസ പദ്ധതികൾ ഉൾപ്പെടുത്തി കോവിഡ്-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പാക്കേജിൽ താഴെപ്പറയുന്ന ദുരിതാശ്വാസ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പ് വഴി നടപ്പിലാക്കുന്നുണ്ട്.

1. കോവിഡ്-19 ന്റെ സാഹചര്യത്തിൽ മുൻവർഷം പ്രഖ്യാപിച്ച വ്യവസായഭദ്രതാ പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പലിശ ഇളവ് പദ്ധതി (Scheme for interest Subvention on term Loan and Working Capital Loan) കൂടുതൽ ഇളവുകളോടെ നടപ്പിലാക്കി വരുന്നു. 2020 ഡിസംബർ 31 വരെ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും നേടുന്ന വായ്പകൾക്കാണ് പലിശയിളവ് നൽകിയിരുന്നത്. ഇത് 2021 ഡിസംബർ 31 വരെയുള്ള വായ്പകൾക്കായി ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിക്കും. ഈ പദ്ധതി അനുസരിച്ച് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ ലഭിക്കുന്ന എല്ലാ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കും 12 മാസത്തേയ്ക്ക് 50% പലിശസഹായം ലഭ്യമാകും. പരമാവധി യൂണിറ്റിന് 1,20,000 രൂപ വരെയാണ് സഹായം അനുവദിക്കുക. ഉല്പാദക മേഖലയിലും ജോബ് വർക്ക് ചെയ്യുന്നതുമായിട്ടുള്ള എം.എസ്.എം.ഇ. യൂണിറ്റുകൾ ആണ് പദ്ധതി വഴി സഹായത്തിന് അർഹമായിട്ടുള്ളത്.

2. നിലവിലെ ESS മാർഗ്ഗരേഖ പ്രകാരം യോഗ്യതയുള്ള ഒരു യൂണിറ്റിന് ലഭിക്കുന്ന പരമാവധി സബ്സിഡി പൊതു വിഭാഗങ്ങൾക്ക് 20 ലക്ഷത്തിൽ നിന്ന് 30 ലക്ഷമായി ഉയർത്തും. പിന്നാക്ക ജില്ലകളിലെ വ്യവസായങ്ങൾക്കും മുൻഗണനാ വ്യവസായങ്ങൾക്കും പരമാവധി 30 ലക്ഷം രൂപ എന്നത് 40 ലക്ഷം രൂപ വരെ ഉയർത്തും. ഉൽപ്പാദക മേഖലയിലുള്ള എല്ലാ സംരംഭങ്ങൾക്കും പദ്ധതി വഴി നിബന്ധനകൾക്ക് വിധേയമായി സഹായം ലഭ്യമാകും.

3. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് സഹായത്തിന്റെ വ്യാപ്തി വിപുലീകരിച്ച് സേവനമേഖലയിൽ ഉൾപ്പെട്ടിരിക്കുന്ന നാനോ യൂണിറ്റുകളെക്കൂടി പദ്ധതി പ്രകാരം സഹായത്തിന് യോഗ്യരാക്കും.

4. നിലവിൽ 5 ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള യൂണിറ്റുകൾക്ക് മാത്രമേ നാനോ യൂണിറ്റുകൾക്കുള്ള പലിശ ഇളവ് പദ്ധതി അനുവദിച്ചിട്ടുള്ളൂ. ഈ സഹായത്തിനായി 10 ലക്ഷം രൂപ വരെ മൂലധനനിക്ഷേപമുള്ള എല്ലാ നാനോ യൂണിറ്റുകളും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമെ, 10 ലക്ഷം രൂപ മൂലധനനിക്ഷേപമുള്ള എല്ലാ സേവനമേഖല നാനോ യൂണിറ്റുകളും ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് യോഗ്യരാകും. ഈ പാക്കേജ് അനുസരിച്ച് പ്രവർത്തനമൂലധനത്തിനായി കുറഞ്ഞ പലിശനിരക്കിൽ ഹ്രസ്വകാല വായ്പകൾ, തിരിച്ചുവരുന്ന പ്രവാസികൾക്ക് പ്രത്യേക സോഫ്റ്റ് ലോൺ പദ്ധതി, പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, വായ്പാ തിരിച്ചടവിന് കൂടുതൽ സമയം നൽകൽ, ഒരു വർഷത്തേയ്ക്ക് പിഴപ്പലിശ ഒഴിവാക്കൽ, മൂന്ന് മാസത്തേയ്ക്കുള്ള പലിശ ഒഴിവാക്കൽ, മൂന്ന് മാസത്തേക്ക് കെ.എസ്.ഐ.ഡി.സി.-യുടെ എസ്.ഡി.എഫ്.-കളിലുള്ള യൂണിറ്റുകളുടെ വാടകയും പൊതു സൗകര്യ ചാർജ്ജുകളും ഒഴിവാക്കൽ, വിലയുടെ 20% മുൻകൂർ അടവോടും ബാക്കി 80% അഞ്ചുവർഷംകൊണ്ട് പലിശരഹിത അടവോടും കൂടി വ്യാവസായിക വളർച്ചാ കേന്ദ്രങ്ങളിൽനിന്നും അർഹരായ സംരംഭകർക്ക് ആവശ്യമായ ഭൂമി അനുവദിക്കൽ തുടങ്ങിയ ഇളവുകൾ കെ.എസ്.ഐ.ഡി.സി.-യുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്നു. കൂടാതെ, കിൻഫ്ര പാർക്കുകളിലെ ഫാക്ടറി കെട്ടിട സമുച്ചയങ്ങളിലെ സംരംഭകർ നൽകേണ്ട വാടക, കോമൺ ഫെസിലിറ്റി ചാർജ്ജ് എന്നിവ മൂന്ന് മാസത്തേയ്ക്ക് ഒഴിവാക്കി കൊടുത്തിട്ടുണ്ട്.

(ബി) ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും സംസ്ഥാനത്തെ കൂടുതൽ നിക്ഷേപ സൗഹൃദമാക്കുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

സംസ്ഥാനത്ത് വ്യാവസായിക നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും സംസ്ഥാനത്തെ കൂടുതൽ നിക്ഷേപസൗഹൃദമാക്കുന്നതിനും വേണ്ട നടപടികൾ മുൻ സർക്കാരിന്റെ കാലത്ത് തന്നെ തുടങ്ങിവച്ചിരുന്നു. ഇതിലേയ്ക്കാവശ്യമായ നിയമനിർമ്മാണങ്ങളും സർക്കാർ നടത്തിയിരുന്നു. 2018-ൽ നടപ്പിലാക്കിയ ‘ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം’ , 2019-ലെ ‘ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം’ എന്നിവ ഈ ഉദ്ദേശ്യത്തോടെ നടപ്പിലാക്കിയ നിയമ നിർമ്മാണങ്ങളാണ്. വ്യവസായ സ്ഥാപനങ്ങളിൽ വിവിധ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ സുതാര്യമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും വേണ്ടി കെ-സിസ് (Kerala-Centralised Inspection System) എന്ന ഓൺലൈൻ

കേന്ദ്രീകൃത പരിശോധനാ സംവിധാനം സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. അഞ്ച് വകുപ്പുകളെ സംയോജിപ്പിച്ചാണ് കേന്ദ്രീകൃത പരിശോധനാ സൗകര്യം ഒരുക്കിയിട്ടുള്ളത്. ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ്, തൊഴിൽ വകുപ്പ്, ലീഗൽ മെട്രോളജി വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നീ വകുപ്പുകളുടെ പരിശോധനകൾ കേന്ദ്രീകൃതമായി പോർട്ടലിലൂടെ നടത്തും. പരിശോധന ഷെഡ്യൂൾ വെബ് പോർട്ടൽ സ്വയം തയ്യാറാക്കും. പരിശോധനാ അറിയിപ്പ് സ്ഥാപനത്തിന് മുൻകൂട്ടി എസ്.എം.എസ്., ഇ-മെയിൽ മുഖേന നൽകും. പരിശോധനയ്ക്ക് ശേഷം അതുസംബന്ധിച്ച റിപ്പോർട്ട് 48 മണിക്കൂറിനുള്ളിൽ കെ-സിസ് പോർട്ടലിൽ പ്രസിദ്ധീകരിക്കും. സംസ്ഥാനത്ത് സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള അപേക്ഷകളിന്മേൽ സമയബന്ധിതമായി അനുമതികൾ ലഭ്യമാക്കുന്നതിനും നിക്ഷേപകരുമായി സജീവബന്ധം സ്ഥാപിക്കുന്നതിനും സംസ്ഥാനത്തെ ഉയർന്ന സാമ്പത്തിക സാദ്ധ്യതകളുള്ള മേഖലകളിലേയ്ക്ക് നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി ' കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ സെൽ' (KIPF) സർക്കാർ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനാടിസ്ഥാനത്തിൽ സംസ്ഥാനതല സെല്ലും ജില്ലാടിസ്ഥാനത്തിൽ ജില്ലാതല സെല്ലുകളും രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥർ മേൽപ്പറഞ്ഞ സെല്ലുകളിൽ അംഗങ്ങളാണ്. സംസ്ഥാനത്തെ വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതും ജില്ലാടിസ്ഥാനത്തിലും സംസ്ഥാനതലത്തിലും നിയമ പിന്തുണയുള്ള പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഇതിനായി 1999-ലെ കേരള വ്യവസായ ഏകജാലക ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും നിയമത്തിൽ ആവശ്യാനുസൃതമായ ഭേദഗതികൾ വരുത്തിക്കൊണ്ട് 2021-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും (ഭേദഗതി) ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിലോ ചട്ടങ്ങളിലോ കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ വ്യവസ്ഥകൾ ഉണ്ടെങ്കിൽ ആയത് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി മൂന്നംഗ വിദഗ്ദ്ധ സമിതിയെ നിയമിച്ചിട്ടുള്ളതും പ്രസ്തുത സമിതി പഠനം നടത്തി വരുന്നതുമാണ്.

**നവസംരംഭങ്ങൾ**

201 (586) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവസംരംഭങ്ങൾ ആരംഭിച്ചതിനുശേഷം നിക്ഷേപകർക്ക് ആവശ്യമായ സേവനം ഉറപ്പാക്കുന്നതിനും വിപണിയിൽ ആവശ്യമായ സഹായങ്ങൾ ചെയ്യുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് പുതുതായി ആരംഭിക്കുന്ന വ്യവസായ സംരംഭങ്ങളെയും നിലവിലുള്ളവയെയും പ്രോത്സാഹിപ്പിക്കുവാൻ സർക്കാർ വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2019-ലെ ' കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' പ്രകാരം 10 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപ്പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നുവർഷംവരെ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച് വ്യവസായം തുടങ്ങാൻ സാധിക്കുന്നതാണ്. K-SWIFT ഓൺലൈൻ ഏകജാലക സംവിധാനം വഴി മേൽസൂചിപ്പിച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് ' MSME Acknowledgement Certificate' ലഭ്യമാകുന്നതുമാണ്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപ്പെടാത്ത MSME-ഇതര വ്യവസായങ്ങൾക്ക് ഒരു വർഷത്തേയ്ക്ക് സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില അനുമതികൾ ഒഴിവാക്കിക്കൊണ്ട് മേൽസൂചിപ്പിച്ച 2019-ലെ ' കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമത്തിൽ ഭേദഗതി വരുത്തി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇത്തരം വ്യവസായങ്ങൾക്ക് അനുമതി കൊടുക്കുന്നതിന് വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു 'ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോ' രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള അപേക്ഷകളിന്മേൽ സമയബന്ധിതമായി അനുമതികൾ ലഭ്യമാക്കുന്നതിനും നിക്ഷേപകരുമായി സജീവബന്ധം സ്ഥാപിക്കുന്നതിനും സംസ്ഥാനത്തെ ഉയർന്ന സാമ്പത്തിക വളർച്ചാ സാദ്ധ്യതകളുള്ള മേഖലകളിലേയ്ക്ക് നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി ' കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ സെൽ' (KIPF) സർക്കാർ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനാടിസ്ഥാനത്തിൽ സംസ്ഥാനതല സെല്ലും ജില്ലാടിസ്ഥാനത്തിൽ ജില്ലാതല സെല്ലുകളും രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകൾ സംരംഭകർക്ക്

ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതിനും ജില്ലാടിസ്ഥാനത്തിലും സംസ്ഥാന തലത്തിലും നിയമപിന്തുണയുള്ള പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഇതിനുവേണ്ടി '2021-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും (ഭേദഗതി) ഓർഡിനൻസ് പുറപ്പെടുവിച്ചിരുന്നു. വ്യവസായ സ്ഥാപനങ്ങളിൽ വിവിധ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ സുതാര്യമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും വേണ്ടി കെ-സിസ് (Kerala-Centralised Inspection System) എന്ന ഓൺലൈൻ കേന്ദ്രീകൃത പരിശോധനാ സംവിധാനം സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. കേരളത്തിലെ സംരംഭകരുടെ നൂതനവും വ്യത്യസ്തവുമായ ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി കെ.എസ്.ഐ.ഡി.സി. ആവിഷ്ക്കരിച്ചിരിക്കുന്ന ധനസഹായ പദ്ധതിയാണ് പ്രാരംഭമൂലധന സഹായം (സീഡ് ഫണ്ട് സഹായം). സംസ്ഥാനത്തെ സംരംഭകർക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുകയും തൊഴിലന്വേഷകരിൽനിന്നും അവരെ തൊഴിൽ ദാതാക്കളാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പദ്ധതിയിൽ എല്ലാ മേഖലയിൽനിന്നുമുള്ള നൂതനവും വ്യാപാരയോഗ്യമായതുമായ സംരംഭങ്ങൾക്ക് ഇരുപത്തഞ്ച് ലക്ഷം രൂപ വരെ മൂലധന സഹായം നൽകി വരുന്നു. സംരംഭം തുടങ്ങുന്നതിനാവശ്യമായ മൊത്തം തുകയുടെ തൊണ്ണൂറു ശതമാനമോ അല്ലെങ്കിൽ ഇരുപത്തഞ്ച് ലക്ഷം രൂപയോ ആണ് പ്രാഥമിക മൂലധന സഹായമായി നൽകിവരുന്നത്. പ്രസ്തുത പദ്ധതിയിൽ ഇതുവരെ 117 യുവ സംരംഭങ്ങൾക്ക് മൂലധന സഹായം അനുവദിക്കുകയുണ്ടായി. മേൽപ്പറഞ്ഞവയ്ക്ക് പുറമേ, തങ്ങളുടെ ഉൽപ്പന്നം/സേവനം വിജയകരമായി വികസിപ്പിക്കുകയും വാണിജ്യവത്കരിക്കുകയും ചെയ്ത സ്റ്റാർട്ടപ്പുകൾക്ക് 50 ലക്ഷം രൂപ വരെ നൽകുന്ന "സ്കെയിൽ അപ്പ് സപ്പോർട്ട്" എന്ന പദ്ധതിയും കെ.എസ്.ഐ.ഡി.സി. നടപ്പിലാക്കി വരുന്നു.

(ബി) നവസംരംഭങ്ങൾ ആരംഭിച്ചതിനുശേഷം അവയെ നേരിൽ പോയി കാണുന്നതിനും വിദഗ്ദ്ധരുടെ സേവനം ആവശ്യമെങ്കിൽ സൗജന്യമായി സംരംഭകർക്ക് നൽകുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ?

സംരംഭകർക്ക് ഉപദേശ നിർദ്ദേശ പിന്തുണയും നെറ്റ്‌വർക്കിംഗ് മീറ്റിംഗുകളും വ്യവസായ സംരംഭകരെ അടുത്ത ഘട്ടത്തിലേയ്ക്ക് ഉയർത്തുവാൻ സഹായിക്കുന്നതിനും അതോടൊപ്പം ഈ വ്യവസായങ്ങളെ ലോകത്തിന് മുമ്പിൽ പ്രദർശിപ്പിക്കുന്നതിനും സംരംഭകരെ തമ്മിൽ കോർത്തിണക്കി പുതിയ വിപണന സാദ്ധ്യതകൾ കണ്ടെത്തുന്നതിനുമുള്ള ഉപദേശ നിർദ്ദേശങ്ങളും നൽകുന്നതിനുള്ള നടപടികൾ വ്യവസായ വകുപ്പ് മുഖേന ചെയ്തുവരുന്നുണ്ട്.

## കൊറ്റാമത്തെ കെൽപ്പാമിന്റെ നവീകരണ പ്രവൃത്തികൾ

202 (587) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ കൊറ്റാമത്ത് പ്രവൃത്തിക്കുന്ന കെൽപ്പാമിന് 2016 മുതൽ 2021 വരെ നവീകരണ പ്രവൃത്തികൾക്കായി എത്ര കോടി രൂപയാണ് നൽകിയത് എന്ന് വ്യക്തമാക്കാമോ?

2016 മുതൽ 2021 വരെ കെൽപാമിന്റെ കൊറ്റാമത്തുള്ള CFSC-യിൽ നവീകരണ പ്രവർത്തനങ്ങൾക്കായി ഗ്രാന്റിനത്തിൽ 1 കോടി രൂപ (25 ലക്ഷം വീതം 4 തവണ) അനുവദിച്ചിട്ടുണ്ട്.

(ബി) 2016 മുതൽ 2021 മാർച്ച് വരെ ഏതൊക്കെ നവീകരണ പ്രവൃത്തികൾ ആണ് നടത്തിയത് എന്ന് വിശദമാക്കാമോ?

ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ലാബ്, സ്റ്റോർ റൂം, ഫ്രീസർ, ചില്ലർ റൂം എന്നിവ സ്ഥാപിച്ചു. കൂടാതെ സെമി ആട്ടോമാറ്റിക് പെറ്റ്ബോട്ടിൽ യൂണിറ്റ് സ്ഥാപിക്കുകയും അതിനോട് അനുബന്ധമായിട്ടുള്ള യന്ത്രഭാഗങ്ങൾ സ്ഥാപിച്ച് പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയുമുണ്ടായി. തുടർച്ചയായി വൈദ്യുതി ലഭിക്കാതെ വരുന്നതിനാൽ 100 KVA കപ്പാസിറ്റിയുള്ള ഒരു ജനറേറ്ററും സ്ഥാപിച്ചിട്ടുണ്ട്.

## പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭവിഹിതത്തിൽ നിന്നുള്ള പദ്ധതികൾ

203 (588) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-നുശേഷം സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭവിഹിതത്തിൽ നിന്നും സാമൂഹിക പ്രതിബദ്ധതയുള്ള പദ്ധതികൾക്കായി ഏതെല്ലാം സ്ഥാപനങ്ങൾ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അറ്റലാഭം ഉണ്ടായിട്ടും സാമൂഹിക പ്രതിബദ്ധതയുള്ള പദ്ധതി നടപ്പിലാക്കാത്ത സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

(എ&ബി) 2013-ലെ കമ്പനി നിയമം അനുസരിച്ച് കമ്പനികൾ അറ്റലാഭം ഉണ്ടാക്കിയ നടപ്പ് വർഷം ഉൾപ്പെടെയുള്ള മൂന്ന് മുൻവർഷക്കാലയളവിലെ അറ്റലാഭത്തിന്റെ ശരാശരിയുടെ കുറഞ്ഞത് 2% എങ്കിലും സാമൂഹിക പ്രതിബദ്ധതയുള്ള പദ്ധതികൾക്കായി നിർബന്ധമായും നീക്കിവയ്ക്കണമെന്ന് അനുശാസിക്കുന്നു. ഇത് പ്രകാരം അറ്റമൂല്യം 500 കോടി രൂപയ്ക്ക് മുകളിലോ വിറ്റുവരവ് 1,000 കോടി രൂപയ്ക്ക് മുകളിലോ അറ്റലാഭം 5 കോടി രൂപയ്ക്ക് മുകളിലോ

ഉള്ള കമ്പനികൾ നിർബന്ധമായും അവരുടെ അറ്റലാഭത്തിന്റെ കുറഞ്ഞത് 2% എങ്കിലും സാമൂഹിക പ്രതിബദ്ധതയുള്ള പദ്ധതികൾക്കായി നീക്കി വയ്ക്കേണ്ടതാണ്. 2016-17 വർഷം മുതൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള താഴെപ്പറയുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഇപ്രകാരം ചെലവഴിച്ച തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

കെ.എം.എം.എൽ - 8,95,12,294 രൂപ (ഇതിൽ 1,20,00,000 രൂപ കോവിഡ് ഹോസ്പിറ്റൽ രൂപീകരണവുമായി ബന്ധപ്പെട്ടതാണ്) കെ.എസ്.ഡി.പി - 3,73,24,835 രൂപ, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് - 1,61,28,642 രൂപ, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് - 1,61,27,000 രൂപ, കെൽട്രോൺ - 20,15,280 രൂപ, സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് (2017 മുതൽ 2019 വരെ) - 17,53,650 രൂപ, സ്റ്റീൽ ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് - 1,86,440 രൂപ.

(സി) 2016-നുശേഷം പൊതുമേഖലാ സ്ഥാപനങ്ങൾ തിരുവനന്തപുരം ജില്ലയിൽ സി.എസ്.ആർ. ഫണ്ട് വിനിയോഗിച്ച് ഏറ്റെടുത്ത് നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ?

2016-നുശേഷം കെ.എം.എം.എൽ. 16,19,500 രൂപയും കെ.എസ്.ഐ.ഡി.സി. 2,13,34,092 രൂപയും ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട് ലിമിറ്റഡ് 1,61,28,642 രൂപയും കെൽട്രോൺ 20,15,280 രൂപയും ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹ്യക്ഷേമ മേഖലകളിലെ വിവിധ പദ്ധതികൾക്കായി സി.എസ്.ആർ. ഫണ്ടിൽ നിന്നും തിരുവനന്തപുരം ജില്ലയിൽ വിനിയോഗിച്ചിട്ടുണ്ട്.

## ആധുനിക രീതിയിലുള്ള കോടതി സമുച്ചയം നിർമ്മിക്കുന്നത് സംബന്ധിച്ച്

204 (589) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി താലൂക്ക് ആസ്ഥാനത്ത് സ്ഥിതിചെയ്യുന്ന പഴയ കോടതി സമുച്ചയം പൊളിച്ചുമാറ്റി ആധുനിക രീതിയിലുള്ള കോടതിസമുച്ചയം നിർമ്മിക്കുന്നതിന് ഭരണാനുമതിയും ഫണ്ടും ലഭ്യമാക്കാമോ?

ഹൈക്കോടതി രജിസ്ട്രാറിൽനിന്നും ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്ന കാര്യം ആലോചിക്കാവുന്നതാണ്.

**നോക്കുകൂലി**

205 (590) ശ്രീ. റോജി എം. ജോൺ
ശ്രീ. പി. ടി. തോമസ്
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നോക്കുകൂലി നിർത്തലാക്കിയിട്ടും നോക്കുകൂലി നൽകാത്തതിന് അക്രമങ്ങൾ നടത്തുന്നതായി പറയപ്പെടുന്ന സംഭവങ്ങൾ സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷത്തെ ബാധിക്കുന്നതായി സർക്കാർ കരുതുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കർശനമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്. നോക്കുകൂലി തൊഴിൽ തർക്കമായി കാണുന്നില്ല. നിയമവിരുദ്ധമായ പിടിച്ചുപറി ഇല്ലാതാക്കാനുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്. പൊതുവെ സംസ്ഥാനത്ത് ശക്തിപ്പെടുന്ന വ്യവസായ സൗഹൃദാന്തരീക്ഷത്തെ ദുർബ്ബലപ്പെടുത്താൻ ചിലർ ഈ ഒറ്റപ്പെട്ട സംഭവങ്ങളെ പർവ്വതീകരിച്ച് ഉപയോഗിക്കുന്നുണ്ട്.

**വ്യവസായ മേഖലാ പ്രവർത്തനങ്ങൾ**

206 (591) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ സംരംഭകരുടെ പരാതികൾ സമയബന്ധിതമായി തീർക്കുവാനും തടസ്സരഹിതമായി വ്യവസായ മേഖലാ പ്രവർത്തനങ്ങൾ നടപ്പാക്കുവാനും ഈ സർക്കാർ സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) വ്യവസായ മേഖലയിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനായി വകുപ്പും സർക്കാരും നടത്തിവരുന്ന മീറ്റ് ദി മിനിസ്റ്റർ/മീറ്റ് ദ ഇൻവെസ്റ്റർ പരിപാടികളുടെ വിശദാംശം ഉൾപ്പെടെ നാളിതുവരെ നടത്തിയ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവർത്തനങ്ങളിലൂടെ വ്യവസായ സംരംഭകർക്കും വ്യവസായികൾക്കും വേണ്ടിവരുന്ന സഹായങ്ങളോടൊപ്പം സംസ്ഥാനത്തെ

തൊഴിലില്ലായ്മയ്ക്ക് പരിഹാരം കണ്ടെത്തുവാനുമുള്ള സർക്കാർ ലക്ഷ്യം യാഥാർത്ഥ്യമാക്കാനായി നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

(എ-സി) സംസ്ഥാനത്ത് തടസ്സരഹിതമായ വ്യവസായ മേഖലാ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി സർക്കാർ വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുവേണ്ടി നിയമ നിർമ്മാണങ്ങൾ അനിവാര്യമായ ഘട്ടങ്ങളിൽ അവയും നടപ്പിലാക്കിയിട്ടുണ്ട്. 2018-ൽ നടപ്പിലാക്കിയ ' കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' , 2019-ലെ ' കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' എന്നിവ ഈ ഉദ്ദേശ്യത്തോടെ നടപ്പിലാക്കിയ നിയമനിർമ്മാണങ്ങളാണ്. വ്യവസായം ആരംഭിക്കുന്നതിന് സംരംഭകർക്കായി അനുമതികൾ ലഭ്യമാക്കുന്നതിനും പുതുക്കുന്നതിനും ഒരു ഓൺലൈൻ ഏകജാലക സംവിധാനം (കെ-സ്വിഫ്റ്റ്) നിലവിൽ വന്നിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളിൽ വിവിധ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ സുതാര്യമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുംവേണ്ടി കെ-സിസ് (Kerala-Centralised Inspection System) എന്ന ഓൺലൈൻ കേന്ദ്രീകൃത പരിശോധനാ സംവിധാനം സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തു സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള അപേക്ഷകളിന്മേൽ സമയബന്ധിതമായി അനുമതികൾ ലഭ്യമാക്കുന്നതിനും നിക്ഷേപകരുമായി സജീവബന്ധം സ്ഥാപിക്കുന്നതിനും സംസ്ഥാനത്തെ ഉയർന്ന സാമ്പത്തിക സാദ്ധ്യതകളുള്ള മേഖലകളിലേയ്ക്ക് നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി ' കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ സെൽ' (KIPF) സർക്കാർ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതും ജില്ലാടിസ്ഥാനത്തിലും സംസ്ഥാന തലത്തിലും നിയമ പിന്തുണയുള്ള പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിക്കുന്നതിലേയ്ക്കായി സർക്കാർ 2021-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ഓർഡിനൻസ് പുറപ്പെടുവിക്കുകയുണ്ടായി. സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിലോ ചട്ടങ്ങളിലോ കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ ഏതെങ്കിലും വ്യവസ്ഥകൾ നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് പഠനംനടത്തി വ്യക്തമായ ശിപാർശയോടു കൂടിയ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു മൂന്നംഗ വിദഗ്ദ്ധ കമ്മിറ്റിയെ

നിയമിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വ്യാവസായിക നിക്ഷേപം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമാക്കി നിലവിലുള്ള വ്യവസായസംരംഭകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവരുടെ നിക്ഷേപ അപേക്ഷകൾക്ക് എന്തെങ്കിലും വകുപ്പുതല കാലതാമസം ഉണ്ടെങ്കിൽ പരിഹരിക്കാനുമായി ജില്ലാതലത്തിൽ "മീറ്റ് ദി മിനിസ്റ്റർ" പരിപാടി നടത്തിവരികയാണ്. വ്യവസായ വകുപ്പുമന്ത്രി, വകുപ്പ് സെക്രട്ടറിമാർ, വകുപ്പ് മേധാവികൾ മുതലായവർ പങ്കെടുക്കുന്ന ഈ പരിപാടിയിൽ പല പ്രശ്നങ്ങൾക്കും അടിയന്തര ഇടപെടലും പരിഹാരനടപടികളും ഉണ്ടായിട്ടുണ്ട്. കൊച്ചിയിലും തിരുവനന്തപുരത്തും കോട്ടയത്തും കോഴിക്കോടും കൊല്ലത്തും തൃശ്ശൂരും ആലപ്പുഴയും മലപ്പുറത്തും കണ്ണൂരും പാലക്കാടും ഇതിനോടകം തന്നെ മീറ്റ് ദി മിനിസ്റ്റർ പരിപാടി നടത്തുകയുണ്ടായി. മേൽ പരിപാടിയിൽ ശ്രദ്ധയിൽപ്പെട്ട വിവിധ വിഷയങ്ങളിൽ ശാശ്വത പരിഹാരത്തിനായുള്ള തുടർനടപടികൾ വിവിധ ഏജൻസികളെ ഏകോപിപ്പിച്ചുകൊണ്ട് സ്വീകരിച്ചുവരുന്നു. കൂടാതെ വ്യവസായ നിക്ഷേപകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹരിക്കുന്നതിനുമായി നിക്ഷേപകരുമായി 'മീറ്റ് ദ ഇൻവെസ്റ്റർ' പരിപാടിയും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

**കോവിഡ്കാലത്ത് വ്യാപാരിസൗഹൃദനയത്തിന്റെ ആവശ്യകത**

207 (592) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്കാലത്ത് ധാരാളം വ്യാപാര സ്ഥാപനങ്ങൾ പൂട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കോവിഡ് കാരണം സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് പ്രതിസന്ധി നേരിടുന്നതായും ഈ മേഖലയിൽ ഉൽപ്പാദനത്തിലുള്ള കുറവ്, അസംസ്കൃത വസ്തുക്കളുടെ നഷ്ടം, ബാങ്ക് ലോണിലും മറ്റ് നിയമപരമായ തിരിച്ചടവുകളിലുമുള്ള പ്രതിസന്ധി എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇത്തരം താൽക്കാലിക പ്രതിസന്ധി കാരണം പ്രസ്തുത മേഖലയിൽ വലിയതോതിൽ സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഹോട്ടലുകൾക്ക് പാഴ്സൽ മാത്രം എന്ന സാഹചര്യത്തിൽ പിടിച്ചുനിൽക്കാൻ കഴിയാത്ത അവസ്ഥയെ ഏതുരീതിയിലാണ് പരിഹരിക്കാൻ സർക്കാർ ശ്രമിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

25-9-2021-ലെ സർക്കാർ ഉത്തരവ് നം.659/2021/ഡി.എം.ഡി പ്രകാരം കോവിഡ് നിയന്ത്രണങ്ങളിൽ ഇളവ് വരുത്തുകയും ഈ പ്രശ്നം പരിഹരിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

(സി) വ്യാപാരിസൗഹൃദനയം സ്വീകരിക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ നിലപാട് വിശദമാക്കാമോ?

സംസ്ഥാനത്ത് വ്യാപാരിസൗഹൃദം പ്രോത്സാഹിപ്പിക്കുന്നതിനും സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ ആഗോള വിപണിയിൽ പരിചയപ്പെടുത്തി വിപണന സാദ്ധ്യത പ്രോത്സാഹിപ്പിക്കുന്നതിനുമായി വാണിജ്യ മിഷൻ രൂപീകരിച്ചിട്ടുണ്ട്. വ്യാപാരികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവരുടെ ആവശ്യകത മനസ്സിലാക്കുന്നതിനും വ്യാപാര മേഖലയിലെ അന്തരീക്ഷം സുഗമമാക്കുന്നതിനും സൗഹൃദപരമായ ഇടപാടുകൾ നടത്തുന്നതിനുമായി പുനഃസംഘടിപ്പിച്ച വാണിജ്യ മിഷനിൽ വ്യാപാരി വ്യവസായ സമിതി പ്രസിഡന്റിനേയും വ്യാപാരി വ്യവസായ ഏകോപന സമിതി പ്രസിഡന്റിനേയും ഉൾപ്പെടുത്തിയിട്ടുണ്ട്.

**പരാതി പരിഹാര സംവിധാനം മെച്ചപ്പെടുത്തൽ**

208 (593) ശ്രീ. ഡി. കെ. മുരളി:
ശ്രീമതി യു. പ്രതിഭ:
ശ്രീ. എ. രാജ:
ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ പ്രോത്സാഹന നയത്തിന്റെ ഭാഗമായി വിവിധ ക്ലിയറൻസ് സർട്ടിഫിക്കറ്റുകളും അനുമതികളും നൽകുന്നതും അവ പുതുക്കുന്നതിനും സുഗമമാക്കുന്നതിനും കാലവിളംബം ഒഴിവാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് എന്ന് അറിയിക്കുമോ?

ക്ലിയറൻസ് സർട്ടിഫിക്കറ്റുകളും അനുമതികളും നല്കുന്നതും അവ പുതുക്കുന്നതും സുഗമമാക്കുന്നതിനും കാലവിളംബം ഒഴിവാക്കുന്നതിനും 7 നിയമങ്ങളിലും 10 ചട്ടങ്ങളിലും ഭേദഗതി വരുത്തി 2018-ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ ആക്ട് നിലവിൽ വന്നിട്ടുണ്ട്. ഇതിന്റെ ഭാഗമായി വ്യവസായം ആരംഭിക്കുന്നതിന് സംരംഭകർക്കായി ഒരു ഓൺലൈൻ ഏകജാലക സംവിധാനം (കെ-സ്വിഫ്റ്റ്) 11-2-2019 മുതൽ നിലവിൽ വന്നിട്ടുണ്ട്. വ്യവസായ സംരംഭകർക്ക് ഇതിലൂടെ വിവിധ വകുപ്പുകൾ/ഏജൻസികൾ നിന്നുമുള്ള അനുമതി കാലതാമസം ഇല്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതാണ്. കൂടാതെ 29-9-2020-ൽ ആരംഭിച്ച

K-SWIFT Phase II-ലൂടെ കൂടുതൽ വകുപ്പുകൾ ഉൾക്കൊള്ളിച്ചുകൊണ്ട് വ്യവസായ സംരംഭകർക്ക് ലൈസൻസുകൾ ലഭിക്കുവാനും നിലവിലുള്ള സംരംഭകർക്ക് ലൈസൻസ് പുതുക്കുവാനും സാധിക്കുന്നതാണ്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ എന്നിവയാണ് കെ-സ്വിഫ്റ്റിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ. വ്യവസായ സ്ഥാപനങ്ങളിൽ വിവിധ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ സുതാര്യമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുംവേണ്ടി കെ-സിസ് (Kerala-Centralised Inspection System) എന്ന ഓൺലൈൻ കേന്ദ്രീകൃത പരിശോധനാ സംവിധാനം സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഉദ്യോഗസ്ഥരുടെ അലംഭാവമോ വീഴ്ചയോകൊണ്ട് സംരംഭകർ ബുദ്ധിമുട്ട് നേരിടുകയാണെങ്കിൽ അത് പരിഹരിക്കാനായി സംസ്ഥാന, ജില്ലാ തലങ്ങളിൽ പരാതി പരിഹാര സമിതികൾ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

സംരംഭകർക്ക് ബുദ്ധിമുട്ട് നേരിടുകയാണെങ്കിൽ അത് പരിഹരിക്കുക എന്ന ലക്ഷ്യത്തോടുകൂടി സിവിൽ കോടതിയുടെ അധികാരമുള്ള ജില്ലാ/സംസ്ഥാന പരാതി പരിഹാര കമ്മിറ്റി രൂപീകരിക്കുന്നതിലേയ്ക്കായി സർക്കാർ 2021-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ഓർഡിനൻസ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഭേദഗതി ഓർഡിനൻസ് പ്രകാരം വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനോ പ്രവർത്തിപ്പിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ വൈവിദ്ധ്യവൽക്കരിക്കുന്നതിനോ ആധുനികവൽക്കരിക്കുന്നതിനോ വിവിധ സംസ്ഥാന നിയമങ്ങൾക്കു കീഴിൽ ആവശ്യമായ ക്ലിയറൻസുകളോ സർട്ടിഫിക്കറ്റുകളോ ലൈസൻസുകളോ പെർമിറ്റുകളോ അനുമതിയോ അതിന്റെ പുതുക്കൽ ലഭിക്കുന്നതിനോ അതിന് ആനുഷംഗികമായ ഏതെങ്കിലും കാര്യത്തിനോ വേണ്ടി അപേക്ഷ സമർപ്പിച്ച ഒരാൾക്ക് പ്രസ്തുത നിയമപ്രകാരം ടി കമ്മിറ്റി വ്യവസ്ഥ ചെയ്തിട്ടുള്ള സമയപരിധിക്കുള്ളിൽ സേവനങ്ങൾ നല്കുന്നുണ്ടെന്ന് നിരീക്ഷിക്കുന്നതിനും അപ്രകാരമുള്ള ആളുകളുടെ പരാതി കാര്യക്ഷമമായ രീതിയിൽ പരിഹരിക്കുന്നതിനും മതിയായതും ന്യായമായതുമായ കാരണങ്ങൾ കൂടാതെ സമയപരിധിക്കുള്ളിൽ സേവനം നല്കുന്നതിൽ വീഴ്ച വരുത്തുകയോ കാലതാമസം വരുത്തുകയോ ചെയ്യുന്ന ഒരു നിയുക്ത ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കുവാനും ജില്ലാ/സംസ്ഥാന പരാതി പരിഹാര കമ്മിറ്റികൾക്ക് അധികാരം നൽകുന്നതിനു വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) കാര്യക്ഷമമായ പരാതി പരിഹാര സംവിധാനം നിലവിൽ വരുന്നതുവരെ മീറ്റ് ദ മിനിസ്റ്റർ പരിപാടിയും വ്യവസായ പരാതി പരിഹാര അദാലത്തും തുടരുമോ?

സംസ്ഥാനത്ത് വ്യാവസായിക നിക്ഷേപം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള വ്യവസായ സംരംഭകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവരുടെ നിക്ഷേപ അപേക്ഷകൾക്ക് എന്തെങ്കിലും വകുപ്പുതല കാലതാമസം ഉണ്ടെങ്കിൽ പരിഹരിക്കാനുമായി ജില്ലാതലത്തിൽ "മീറ്റ് ദി മിനിസ്റ്റർ" പരിപാടി നടത്തിവരികയാണ്. വ്യവസായ വകുപ്പ് മന്ത്രി, വകുപ്പ് സെക്രട്ടറിമാർ, വകുപ്പ് മേധാവികൾ മുതലായവർ പങ്കെടുക്കുന്ന ഈ പരിപാടിയിൽ പല പ്രശ്നങ്ങൾക്കും വേഗത്തിൽ തീരുമാനമെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിനോടകം തന്നെ 10 ജില്ലകളിൽ "മീറ്റ് ദി മിനിസ്റ്റർ" പരിപാടി നടത്തുകയുണ്ടായി. അവയുടെ തുടർനടപടികൾ വിവിധ സർക്കാർ ഏജൻസികളുമായി ഏകോപിപ്പിച്ച് നടത്തിവരുന്നു. ശാശ്വതവും സുസ്ഥിരവുമായ പരാതി പരിഹാര സംവിധാനം നിലവിൽ വരുന്നതുവരെ പരാതി പരിഹാര അദാലത്ത് തുടരുന്നതാണ്.

(ഡി) വ്യവസായരംഗത്തെ സർക്കാരിന്റെ ലക്ഷ്യങ്ങൾ സംബന്ധിച്ച് വ്യവസായികളുടെ വിവിധ സംഘടനകളുമായി ഉന്നതതലത്തിൽ ആശയവിനിമയം നടത്താറുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉണ്ട്. സംസ്ഥാനത്തെ വ്യവസായ മേഖലയെ പ്രതിനിധാനം ചെയ്യുന്ന വിവിധ സംഘടനകളായ KSSIA, FICCI, CII തുടങ്ങിയവയുടെ പ്രതിനിധികളുമായി വ്യവസായ വകുപ്പുമന്ത്രി നേരിട്ട് ഇതിനകം 7 തവണ കൂടിക്കാഴ്ച നടത്തിയിരുന്നു. വ്യവസായ സംഘടനകൾ എല്ലാംതന്നെ സംസ്ഥാനത്തെ നിക്ഷേപ സൗഹൃദാന്തരീക്ഷത്തെ പിന്തുണച്ചിട്ടുണ്ട്. സംസ്ഥാനത്ത് സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള അപേക്ഷകളിന്മേൽ സമയബന്ധിതമായി അനുമതികൾ ലഭ്യമാക്കുന്നതിനും നിക്ഷേപകരുമായി സജീവബന്ധം സ്ഥാപിക്കുന്നതിനും സംസ്ഥാനത്തെ ഉയർന്ന സാമ്പത്തിക സാദ്ധ്യതകളുള്ള മേഖലകളിലേയ്ക്ക് നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി ' കേരളാ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ സെൽ' (KIPF) സർക്കാർ രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥർ മേൽപ്പറഞ്ഞ സെല്ലുകളിൽ അംഗങ്ങളാണ്.

**നെയ്ത്ത് മേഖലയുടെ ആധുനികവത്കരണം**

209 (594) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ നെയ്ത്ത് മേഖലയെ ആധുനികവത്കരിക്കുന്നതിന് പദ്ധതികൾ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉണ്ട്. കേരളത്തിലെ നെയ്ത്ത് മേഖലയെ ആധുനികവത്കരിക്കുന്നതിനായി കൈത്തറി സംഘങ്ങൾക്ക് "ടെക്നോളജി അപ്ഗ്രഡേഷൻ പദ്ധതി" നടപ്പിലാക്കി വരുന്നു. ആകെ പ്രോജക്ട് കോസ്റ്റിന്റെ 75% സർക്കാർ ഗ്രാന്റായും 25% ഗുണഭോക്തൃ വിഹിതവുമായാണ് വിഭാവനം ചെയ്തിരിക്കുന്നത്.

(ബി) അഴീക്കോട് മണ്ഡലത്തിലെ പരമ്പരാഗത നെയ്ത്ത് തൊഴിലാളികളെ പരിപോഷിപ്പിക്കുന്നതിനായുള്ള പദ്ധതികൾ ആവിഷ്കരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

അഴീക്കോട് മണ്ഡലത്തിലെ പരമ്പരാഗത നെയ്ത്തുതൊഴിലാളികളുടെ ഉന്നമനത്തിനായി കൈത്തറി നെയ്ത്തു സംഘങ്ങളിൽ "സ്കൂൾ യൂണിഫോം പദ്ധതി"യുടെ ഭാഗമായുള്ള നെയ്ത്തു ജോലികൾ വിജയകരമായി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി കൊണ്ട് പരമ്പരാഗത നെയ്ത്ത് തൊഴിലാളികൾക്ക് മെച്ചപ്പെട്ട വരുമാനവും കൂടുതൽ തൊഴിൽ ദിനങ്ങളും നൽകുവാൻ സാധിക്കുന്നു.

## കൈത്തറി സഹകരണ സംഘങ്ങൾ - ബ്രാന്റഡ് ഉൽപ്പന്നങ്ങളുടെ വിപണനം

210 (595) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൈത്തറി സഹകരണ സംഘങ്ങളുടെ നിലനിൽപ്പിനും അടിസ്ഥാന സൗകര്യ വികസനത്തിനും ആവശ്യത്തിന് ഫണ്ട് ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

ഇല്ല. കൈത്തറി വകുപ്പിന് കീഴിലുള്ള അർഹമായ നെയ്ത്തു സഹകരണ സംഘങ്ങൾക്ക് കൈത്തറി ഡയറക്ടറേറ്റ് മുഖേന ഫണ്ട് അനുവദിച്ചു വരുന്നുണ്ട്.

(ബി) കണ്ണൂർ ജില്ലയിലെ നിരവധി കൈത്തറി സഹകരണ സംഘങ്ങൾ വ്യത്യസ്തവും പ്രചുരപ്രചാരവുമുള്ള ഉൽപ്പന്നങ്ങൾ വിപണിയിൽ ഇറക്കാറുണ്ടെങ്കിലും ലാഭകരമായ വിൽപ്പന നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദീകരിക്കാമോ?

ഉണ്ട്. ഇവ പരിഹരിക്കുന്നതിന് സർക്കാർ തന്നെ മുൻകയ്യെടുത്ത് ഉത്സവ സീസണുകളിൽ കൈത്തറി പ്രദർശന വിപണന മേളകൾ സംഘടിപ്പിക്കുകയും എക്സിബിഷൻ ഗ്രാന്റ് അനുവദിക്കുകയും ചെയ്യുന്നു. കൂടാതെ വിൽപ്പനയുടെ 20% സർക്കാർ റിബേറ്റായി അനുവദിച്ചു വരുന്നു. മറ്റു ജില്ലകളിലെ വിപണന മേളകളിലും കണ്ണൂർ ജില്ലയിലെ സംഘങ്ങൾ പങ്കെടുക്കാറുണ്ട്.

(സി) കൈത്തറി സഹകരണ സംഘങ്ങളുടെ ബ്രാന്റഡ് ഉൽപ്പന്നങ്ങളുടെ വിദേശ കയറ്റുമതി പ്രോത്സാഹിപ്പിക്കുവാൻ മുൻകയ്യെടുക്കുമോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കുമോ?

ഇക്കാര്യം സർക്കാർ പരിഗണനയിലുണ്ട്. കൈത്തറി ഉൽപ്പന്നങ്ങൾ, ഇ-കൊമേഴ്സ്, എം-കൊമേഴ്സ് എന്നീ ഓൺലൈൻ സംവിധാനങ്ങൾ വഴി അന്താരാഷ്ട്ര വിപണിയിൽ എത്തിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ബ്രാൻഡിംഗ് ഓഫ് വാല്യൂ ആഡഡ് ഹാൻഡ്ലൂം പ്രോഡക്ട്സ് എന്ന പദ്ധതിയുടെ ഭാഗമായി കൈത്തറി ഉൽപ്പന്നങ്ങൾക്ക് തനതായ ഒരു ബ്രാൻഡ് രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്ലൂം ടെക്നോളജി എന്നീ സ്ഥാപനങ്ങളുമായി ചേർന്ന് പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഇതിനുവേണ്ടി കൈത്തറി ഉൽപ്പന്നങ്ങൾക്കുവേണ്ട പ്രത്യേകമായ ലോഗോ സെലക്ഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. തെരഞ്ഞെടുത്ത ലോഗോ രജിസ്റ്റർ ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### ഉദുമ സ്പിന്നിംഗ് മിൽസ്

211 (596) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഉദുമ സ്പിന്നിംഗ് മിൽസ് ഇപ്പോൾ ലാഭത്തിലാണോ പ്രവർത്തിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ?

കേരള സ്റ്റേറ്റ് ടെക്സ്റ്റൈയിൽ കോർപ്പറേഷന്റെ ഒരു യൂണിറ്റായ കാസർഗോഡ് ജില്ലയിലെ ഉദുമ ടെക്സ്റ്റയിൽ മിൽസ് നഷ്ടത്തിലാണ് (Net loss) പ്രവർത്തിച്ചിരുന്നതെങ്കിലും കഴിഞ്ഞ സാമ്പത്തിക വർഷത്തെ (2020-21) മൂന്നാമത്തെയും നാലാമത്തെയും ത്രൈമാസ കാലയളവുകളിലും 2021-22 സാമ്പത്തിക വർഷത്തെ ഇതുവരെയുള്ള കണക്കനുസരിച്ചും പ്രവർത്തനലാഭം (Operating Profit) കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) ഈ സ്ഥാപനം വിപുലപ്പെടുത്തി കൂടുതൽ പേർക്ക് തൊഴിൽ നൽകുന്നതിനായി വകുപ്പ് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ആവിഷ്കരിച്ചിട്ടില്ല. വികസന പ്രവർത്തനങ്ങളുടെ ഭാഗമായി വീവിംഗ്, ഡൈയിംഗ് ആൻഡ് പ്രോസസ്സിംഗ്, ഗാർമെന്റ് യൂണിറ്റുകൾ തുടങ്ങുന്നതിനും കൂടുതൽ പേർക്ക് തൊഴിലവസരങ്ങൾ ലഭിക്കുന്നതിനും സാദ്ധ്യമായ വിധത്തിൽ ഒരു പദ്ധതി രൂപരേഖ തയ്യാറാക്കി വരുന്നു.

## ആലപ്പുഴ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ ലാഭകരമാക്കുവാൻ പദ്ധതികൾ

212 (597) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളത്ത് കരീലക്കുളങ്ങരയിൽ പ്രവർത്തിക്കുന്ന ആലപ്പുഴ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ കൂടുതൽ ലാഭകരമാക്കുവാൻ പ്രത്യേക പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. ആലപ്പി സഹകരണ സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി വരുന്നു.

## കോട്ടയം ടെക്സ്റ്റയിൽസ് നവീകരണം

213 (598) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ടെക്സ്റ്റയിൽസ് എത്രയുംവേഗം തുറന്ന് പ്രവർത്തിക്കുവാൻ നടപടി സ്വീകരിക്കുമോ?

കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽസ് കോർപ്പറേഷന്റെ ഒരു യൂണിറ്റായ കോട്ടയം ടെക്സ്റ്റയിൽസ് എത്രയും വേഗം തുറന്നുപ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) കോട്ടയം ടെക്സ്റ്റയിൽസ് ആധുനിക നിലവാരത്തിൽ നവീകരിക്കുന്നതിനും എത്രയുംവേഗം തുറന്നുപ്രവർത്തിപ്പിക്കുവാനും ഉപകരിക്കുന്ന വിധത്തിൽ 10 കോടി രൂപ അനുവദിക്കണമെന്ന തൊഴിലാളി യൂണിയനുകളുടെ ആവശ്യം സർക്കാർ അംഗീകരിക്കുമോ?

ഇതുസംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല.

(സി) സ്ഥാപനത്തിന്റെ വൈദ്യുതി കുടിശ്ശിക, പി.എഫ്. കുടിശ്ശിക, ഇ.എസ്.ഐ., ഗ്രാറ്റുവിറ്റി, സൊസൈറ്റി കുടിശ്ശിക, തൊഴിലാളികൾക്കുള്ള ശമ്പള കുടിശ്ശിക എന്നിവ എത്രയാണെന്ന് വിശദമാക്കാമോ?

കോട്ടയം ടെക്സ്റ്റയിൽസിന്റെ നിലവിലെ വൈദ്യുതി കുടിശ്ശിക, പി.എഫ്. കുടിശ്ശിക, ഇ.എസ്.ഐ., ഗ്രാറ്റുവിറ്റി, സൊസൈറ്റി കുടിശ്ശിക, തൊഴിലാളികൾക്കുള്ള ശമ്പള കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

വൈദ്യുതി കുടിശ്ശിക - 462.71 ലക്ഷം രൂപ, പി.എഫ്.കുടിശ്ശിക - 232.79 ലക്ഷം രൂപ, ഇ.എസ്.ഐ. - 54.21 ലക്ഷം രൂപ, ഗ്രാറ്റുവിറ്റി - 55.01 ലക്ഷം രൂപ, സൊസൈറ്റി കുടിശ്ശിക- 41.79 ലക്ഷം രൂപ, തൊഴിലാളികൾക്കുള്ള ശമ്പള കുടിശ്ശിക - 225.47 ലക്ഷം രൂപ.

(ഡി) രണ്ട് വർഷക്കാലമായി അടച്ചിട്ടിരിക്കുന്ന കോട്ടയം ടെക്സ്റ്റയിൽസ് തൊഴിലാളികൾക്ക് ഈ ഓണക്കാലത്ത് യാതൊരുവിധ സഹായങ്ങളും ലഭിച്ചിട്ടില്ലാത്തതിനാൽ ശമ്പളകുടിശ്ശികയെങ്കിലും നൽകാൻ തയ്യാറാകുമോ?

ഇക്കഴിഞ്ഞ ഓണക്കാലത്ത് കോട്ടയം ടെക്സ്റ്റയിൽസിലെ ജീവനക്കാർക്ക് ബോണസ്, സ്പെഷ്യൽ ഫെസ്റ്റിവൽ അലവൻസ്, അറ്റൻഡൻസ് ഇൻസെന്റീവ് എന്നീ ഇനങ്ങളിലായി 13,09,665 രൂപ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ശമ്പള കുടിശ്ശികയിനത്തിൽ 2019 ഡിസംബർ മാസത്തെ 11,35,445 രൂപയും ഓണക്കാലത്ത് നൽകിയിരുന്നു.

(ഇ) എന്തെല്ലാം പ്രതിബന്ധങ്ങളാണ് കമ്പനി തുറക്കുന്നതിന് പുതുതായി ഉണ്ടായിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(1) 90%-ന് മുകളിൽ പ്രവർത്തനക്ഷമത കൈവരിക്കുന്നതിനുവേണ്ടി എല്ലാ വിഭാഗം തൊഴിലാളികളെയും (സ്ത്രീ തൊഴിലാളികൾ ഉൾപ്പെടെ) ഉൾപ്പെടുത്തി മൂന്ന് ഷിഫ്റ്റും പ്രവർത്തിപ്പിച്ചാൽ മാത്രമേ മിൽ ലാഭകരമായി മുന്നോട്ട് കൊണ്ടുപോകുവാൻ സാധിക്കുകയുള്ളൂ.

(2) മൂന്ന് ഷിഫ്റ്റിലും ജോലിക്ക് ഹാജരാകേണ്ട ജീവനക്കാരുടെ കരട് ഷിഫ്റ്റ് ക്രമം കോർപ്പറേഷൻ പ്രസിദ്ധീകരിച്ചിരുന്നു. ഇതിനെതിരെ മില്ലിലെ 27 സ്ത്രീ തൊഴിലാളികൾ ബഹു. കേരള ഹൈക്കോടതിയിൽ W.P.(C) No.2826/2021 നമ്പരായി ഫയൽ ചെയ്ത കേസിൽ പരാതിക്കാരായ 27 സ്ത്രീ തൊഴിലാളികളെ രാത്രി ഷിഫ്റ്റിൽ ജോലിക്ക് നിയോഗിക്കുന്നത് സ്റ്റേ ചെയ്തു കൊണ്ട് ബഹു. ഹൈക്കോടതിയുടെ സിംഗിൾ ബെഞ്ച് ഉത്തരവായതും മിൽ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് തടസ്സം ഉണ്ടാക്കിയിട്ടുണ്ട്. സിംഗിൾ ബെഞ്ച് വിധിക്കെതിരെ കോട്ടയം ടെക്സ്റ്റയിൽസ് മാനേജ്മെന്റ് ഡിവിഷൻ ബെഞ്ചിൽ അപ്പീൽ കൊടുക്കുകയും ആയത് ബഹു. ഹൈക്കോടതി മീഡിയേഷന് വിടുകയും ചെയ്തു. മീഡിയേഷൻ നടന്നുകൊണ്ടിരിക്കുകയാണ്. തൊഴിലാളികൾ മൂന്നു ഷിഫ്റ്റിലും ജോലി ചെയ്യാൻ തയ്യാറായാൽ കമ്പനി തുറന്നു പ്രവർത്തിപ്പിക്കാൻ കഴിയുന്നതാണ്.

(എഫ്) കോട്ടയം ടെക്സ്റ്റയിൽസിന്റെ 23 ഏക്കർ സ്ഥലത്ത് കമ്പനിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനൊപ്പം വ്യവസായ വകുപ്പിന് കീഴിൽ വരുന്ന ഐ.ടി. പാർക്ക് പോലുള്ള പൊതു സംരംഭങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

കോട്ടയം ടെക്സ്റ്റയിൽസിന്റെ സമ്പൂർണ്ണ നവീകരണത്തിനായി വിശദമായ പദ്ധതി രൂപരേഖ റിയാബ് മുഖേന തയ്യാറാക്കി വരുന്നു.

**സർക്കാർ ഭൂമിയിൽ കൂടുതൽ വികസന-തൊഴിലവസരങ്ങൾ**

214 (599) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട അളഗപ്പ ടെക്സ്റ്റയിൽസ് കോവിഡിനെ തുടർന്ന് അടച്ചുപൂട്ടിയിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നാഷണൽ ടെക്സ്റ്റയിൽസ് കോർപ്പറേഷന് വിട്ടുനൽകിയ അളഗപ്പ ടെക്സ്റ്റയിൽസിന്റേതുൾപ്പെടെയുള്ള സർക്കാർ ഭൂമിയിൽ കൂടുതൽ വികസന-തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്ന സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്തുമോ;

(സി) അതിനു സാധിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത ഭൂമി തിരികെ ഏറ്റെടുത്ത് കിൻഫ്ര പാർക്ക് ഉൾപ്പെടെയുള്ള വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(ബി&സി) ഈ സ്ഥാപനം കേന്ദ്ര സർക്കാരിന്റെ അധീനതയിലുള്ള നാഷണൽ ടെക്സ്റ്റൈയിൽസ് കോർപ്പറേഷന്റെ കീഴിൽവരുന്ന ടെക്സ്റ്റൈൽ മിൽ ആയതിനാൽ സ്ഥാപനം തുറന്നുപ്രവർത്തിപ്പിക്കേണ്ടത് സംബന്ധിച്ചും മറ്റ് നടപടികൾ സ്വീകരിക്കേണ്ടതും നാഷണൽ ടെക്സ്റ്റയിൽസ് കോർപ്പറേഷന്റെയും കേന്ദ്ര സർക്കാരിന്റെ ടെക്സ്റ്റൈൽ മന്ത്രാലയത്തിന്റെയും നിർദ്ദേശങ്ങൾക്ക് അനുസൃതമായി മാത്രമേ കഴിയുകയുള്ളൂ. നാഷണൽ ടെക്സ്റ്റയിൽസ് കോർപ്പറേഷന്റെ കീഴിലുള്ള കേരളത്തിലെ ടെക്സ്റ്റൈൽ മില്ലുകൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനായി കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

**ഖാദി മാസ്കകളുടെ ഗുണനിലവാരം**

215 (600) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകൾ വഴി വിതരണം ചെയ്ത സൗജന്യ കിറ്റുകളിൽ ഉൾപ്പെടുത്തിയിരുന്ന ഖാദി മാസ്കകൾ നിലവാരം കുറഞ്ഞവ ആയിരുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പരാതിയിന്മേൽ വകുപ്പുതല അന്വേഷണം നടത്തിയിരുന്നോ; അന്വേഷണം പൂർത്തിയായിട്ടുണ്ടോ; പുരോഗതി അറിയിക്കാമോ?

അന്വേഷണത്തിൽ 10294787 മാസ്കകൾ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് ഉല്പാദിപ്പിക്കുകയും 1057656 മാസ്കകൾ കേരളത്തിന് അകത്തുള്ള അംഗീകൃത ഖാദി സ്ഥാപനങ്ങളിൽ നിന്നും 5622166 മാസ്കകൾ കേരളത്തിന് പുറത്തുള്ള ഖാദി കമ്മീഷന്റെ അംഗീകാരമുള്ള ഖാദി സ്ഥാപനങ്ങളിൽ നിന്നുമായി ആകെ 16974609 മാസ്കകൾ സപ്ലൈകോ മുഖേന വിതരണം ചെയ്തിട്ടുണ്ട്. വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) മാസ്കിന്റെ ഗുണനിലവാരം ഉറപ്പിക്കാൻ ഏതെങ്കിലും ലാബുകളിൽ പരിശോധന നടത്തിയിരുന്നോ; വിശദാംശം ലഭ്യമാക്കാമോ?

ഇല്ല.

**ഖാദി ബോർഡ് മുഖേന സഞ്ചി നൽകിയതിലെ അഴിമതി**

216 (601) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u>
<u>ശ്രീ. പി. ടി. തോമസ്:</u>
<u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയ്ക്ക് ഭക്ഷ്യക്കിറ്റ് വിതരണം ചെയ്യുന്നതിനായി ഖാദി ബോർഡ് മുഖേന സഞ്ചി നൽകിയതിൽ അഴിമതി നടന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കുമോ?

ബാധകമല്ല.

## ഖാദി തൊഴിലാളികളുടെ മിനിമം കൂലി

217 (602) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി തൊഴിലാളികളുടെ മിനിമം കൂലി ഉറപ്പാക്കുന്നതിന്റെ ഭാഗമായി കൂലി കുടിശ്ശിക ഏതു വർഷം വരെയുള്ളതാണ് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് ഖാദി തൊഴിലാളികളുടെ മിനിമം കൂലി ഉറപ്പാക്കുന്നതിന്റെ ഭാഗമായി ബോർഡിന്റെ കീഴിലുള്ള ഖാദി ഉല്പാദന കേന്ദ്രങ്ങളിലെ തൊഴിലാളികൾക്ക് 2021 ജൂൺ വരേയും മറ്റു സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് 2021 മാർച്ച് വരെയുമുള്ള കൂലി കുടിശ്ശിക കൊടുത്തു തീർത്തിട്ടുണ്ട്.

(ബി) ഇൻകം സപ്പോർട്ട് സ്കീമിൽ ഉൾപ്പെടുത്തി ഖാദി തൊഴിലാളികൾക്ക് എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളതെന്നും ഇപ്പോൾ ഈ മേഖലയിൽ മിനിമം കൂലിയായി എത്ര തുക ലഭിക്കുന്നുണ്ടെന്നും ഉള്ള വിവരം ലഭ്യമാക്കാമോ?

ഇൻകം സപ്പോർട്ട് സ്കീമിൽ ഉൾപ്പെടുത്തി ഖാദി തൊഴിലാളികൾക്ക് 2021-22 വർഷത്തിൽ 23 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഖാദി തൊഴിലാളികളുടെ നിലവിലുള്ള മിനിമം വേതനം 3-8-2018-ലെ സ.ഉ. (അച്ചടി) നമ്പർ 64/2018/തൊഴിൽ പ്രകാരം പരിഷ്ക്കരിക്കുകയും പുതുക്കിയ മിനിമം വേതനം 6-9-2018 മുതൽ പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്തു. നിലവിലുള്ള നിരക്കിൽനിന്നും ശരാശരി 40% വർദ്ധനവ് ഓരോ തൊഴിലാളിക്കുമുണ്ടാകുന്ന വിധമാണ് പരിഷ്കരണമുണ്ടാക്കിയിട്ടുള്ളത്. പരിഷ്കരിച്ച നിരക്കിലുള്ള മിനിമം വേതനം 2019 ആഗസ്റ്റ് 1 മുതൽ തൊഴിലാളികൾക്ക് നൽകി തുടങ്ങിയിട്ടുണ്ട്. നിശ്ചിത ടാർജറ്റ് പൂർത്തീക രിക്കുന്ന ഓരോ ഖാദി തൊഴിലാളിയ്ക്കും ലഭിക്കുന്ന ശരാശരി മിനിമം വേതനം ചുവടെ ചേർക്കുന്നു.

1. ഖാദി നൂൽപ് - 358 രൂപ + One DA

2. നെയ്ത്ത് - 390 രൂപ + One DA.

**അംഗീകാരമില്ലാത്ത സ്ഥാപനത്തിൽ നിന്ന് ഖാദി മാസ്ക് വാങ്ങിയ നടപടി**

218 (603) ശ്രീ. എം. വിൻസെന്റ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ കിറ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള മാസ്ക് ഖാദി കമ്മീഷന്റെ അംഗീകാരമില്ലാത്ത വ്യാജ ഖാദി സ്ഥാപനത്തിൽ നിന്നും ഉയർന്ന വിലയ്ക്ക് വാങ്ങിയതിലൂടെ അഴിമതി നടന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) എങ്കിൽ പ്രസ്തുത വിഷയത്തിൽ കുറ്റക്കാരായവർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇതുമൂലം സർക്കാരിനുണ്ടായ ഭീമമായ നഷ്ടം ഉത്തരവാദപ്പെട്ടവരിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

(ബി&സി) ബാധകമല്ല.

**കയർ തൊഴിലാളി ക്ഷേമനിധി പെൻഷൻ**

219 (604) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് എത്ര വയസ്സ് കഴിയുമ്പോഴാണ് ക്ഷേമനിധി പെൻഷൻ വാങ്ങാൻ കഴിയുകയെന്ന് അറിയിക്കുമോ?

കയർ തൊഴിലാളി ക്ഷേമനിധിയിൽ അംഗമായവർക്ക് 60 വയസ്സ് പൂർത്തീകരിച്ചതിനുശേഷം തൊട്ടടുത്ത മാസം മുതൽ പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്.

(ബി) ഈ പെൻഷൻ വാങ്ങുന്നവർക്ക് വാർദ്ധക്യകാല ക്ഷേമ പെൻഷൻ വാങ്ങിക്കാൻ കഴിയുമോ; വിശദമാക്കാമോ?

സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണം സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള 6-11-2017-ലെ സ.ഉ.(കൈ)നം. 483/2017/ധന. ഉത്തരവിലെ ഖണ്ഡിക 2(vii) പ്രകാരം തനതു ഫണ്ട് ഉപയോഗിച്ച് പെൻഷൻ നൽകുന്നതൊഴികെയുള്ള ക്ഷേമനിധി ബോർഡ് ഗുണഭോക്താക്കൾ ക്ഷേമനിധി പെൻഷനൊപ്പം സാമൂഹ്യസുരക്ഷാ പെൻഷനും വാങ്ങുകയാണെങ്കിൽ ക്ഷേമനിധി പെൻഷൻ അതാത് കാലങ്ങളിൽ നിലവിലുള്ള സാധാരണ നിരക്കിലും സാമൂഹ്യ സുരക്ഷാ പെൻഷൻ 600 രൂപ നിരക്കിലും ലഭിക്കാൻ അർഹതയുണ്ടായിരിക്കുമെന്നും 6-2-2017-നുമുൻപ് രണ്ട് പെൻഷനും വാങ്ങിവരുന്നവർക്ക് രണ്ട് പെൻഷനും ലഭിക്കാൻ അർഹതയുണ്ടായിരിക്കുമെന്നും എന്നാൽ 6-2-2017 മുതൽ പുതിയ അപേക്ഷകർക്ക് ഏതെങ്കിലും ഒരു പെൻഷൻ (ക്ഷേമനിധി ബോർഡ് പെൻഷനോ സാമൂഹ്യസുരക്ഷാ പെൻഷനോ) മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളുവെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം 6-2-2017-നുശേഷം കയർ തൊഴിലാളി ക്ഷേമ പെൻഷൻ വാങ്ങുന്നവർക്ക് വാർദ്ധക്യകാല പെൻഷൻ വാങ്ങാൻ കഴിയില്ല.

(സി) കയർ തൊഴിലാളികളിൽനിന്ന് ക്ഷേമനിധി പെൻഷനുള്ള അപേക്ഷ സ്വീകരിച്ച് പെൻഷൻ പാസ്സായാൽ പെൻഷൻ കുടിശ്ശിക അനുവദിക്കാൻ കാലതാമസം നേരിടുമോ; പെൻഷൻ പാസ്സാക്കുന്ന ബോർഡ് യോഗത്തിൽ തന്നെയാണോ അവരുടെ കുടിശ്ശിക പെൻഷനും പാസ്സാക്കുന്നത്; വിശദമാക്കാമോ?

കയർ തൊഴിലാളി പെൻഷനുള്ള അപേക്ഷകൾ ബന്ധപ്പെട്ട രേഖകൾ സഹിതം ലഭിക്കുന്ന മുറയ്ക്ക് നിയമപ്രകാരം അവ ബോർഡ് യോഗത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും ബോർഡ് അംഗീകരിക്കുന്ന മുറയ്ക്ക് പെൻഷൻകാരുടെ വിവരങ്ങൾ സാമൂഹ്യസുരക്ഷാ പെൻഷൻ സേവന ആപ്ലിക്കേഷനിൽ ഡാറ്റാ എൻട്രി ചെയ്ത് അപ്രൂവ് ചെയ്യുന്ന നടപടിയിലൂടെയാണ് ഒരാൾക്ക് പെൻഷൻ ലഭിക്കുന്നത്. നിലവിൽ തന്മാസത്തെ പെൻഷൻ മാത്രമാണ് അനുവദിക്കുന്നത്. ഇപ്രകാരം പെൻഷൻ അനുവദിക്കുന്നവരുടെ 2019 വരെയുള്ള കുടിശ്ശിക തുക നൽകിയിട്ടുണ്ട്.

(ഡി) ഇത്തരത്തിലുള്ള കുടിശ്ശിക ലഭിക്കാൻ കയർ തൊഴിലാളി പ്രത്യേക അപേക്ഷ വീണ്ടും നൽകേണ്ടതുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്നവർ കുടിശ്ശിക ലഭിക്കുന്നതിന് പ്രത്യേക അപേക്ഷയൊന്നും തന്നെ നൽകേണ്ടതില്ല. സർക്കാരിൽ നിന്നും കുടിശ്ശിക തുക അനുവദിക്കുന്ന മുറയ്ക്ക് ഇത്തരക്കാരുടെ കുടിശ്ശിക തുകയും ലഭിക്കുന്നതാണ്.

## കയർ തൊഴിലാളികൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ

220 (605) ശ്രീ. തോമസ് കെ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖല കാലോചിതമായി പരിഷ്കരിക്കുന്നതിനും തൊഴിലാളികൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നതിനും എന്തൊക്കെ പുതിയ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ?

കയർമേഖലയുടെ നവീകരണത്തിനായി ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന നൂതന പദ്ധതിയാണ് കയർ രണ്ടാം പുനഃസംഘടന. ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ച് സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പാക്കുക, കയർ ജിയോ ടെക്സ്റ്റൈൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കുക, ഉല്പന്ന രംഗത്ത് വൈവിദ്ധ്യവൽക്കരണവും നൂതന മാർക്കറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തുക എന്നുള്ളതാണ് ഇതിന്റെ പ്രധാന ഘടകങ്ങൾ. കയർ സഹകരണ മേഖലയുടെ കാര്യക്ഷമമായ പുനഃസംഘടന ഇതുവഴി കൈവരിക്കാനാകുമെന്ന് കരുതുന്നു. ഉൽപ്പന്നമേഖലയിൽ ഓട്ടോമാറ്റിക് ലൂമുകൾ സ്ഥാപിച്ച് സംഘങ്ങളെ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി, 2020-21 സാമ്പത്തിക വർഷത്തിൽ 100 സംഘങ്ങളിൽ 1000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ ഇതിനകം സ്ഥാപിക്കുകയും 100 സംഘങ്ങളിൽകൂടി 1000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുകയും ചെയ്തിട്ടുണ്ട്. കൂടാതെ 13-ാം പഞ്ചവത്സര പദ്ധതി കാലത്ത് 500 ചകിരി മില്ലുകൾ സ്ഥാപിക്കുകയെന്ന ഉദ്ദേശത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

(ബി) എല്ലാ കയർ തൊഴിലാളികൾക്കും മെച്ചപ്പെട്ട ജീവിതനിലവാരം ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ പുതിയ പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ?

പരമ്പരാഗത തൊഴിലാളികൾ പണിയെടുക്കുന്ന പരമ്പരാഗത റാട്ടുകൾ, ഇലക്ട്രോണിക് റാട്ടുകൾ എന്നിവയിലെ കയർ ഉല്പാദനത്തിന് കൂലിയുടെ ഒരു വിഹിതം വരുമാനം ഉറപ്പാക്കൽ എന്ന രീതിയിൽ സർക്കാർ വഹിച്ചുവരുന്നുണ്ട്. പരമ്പരാഗത കയർ പിരി മേഖലയിലെയും ഇലക്ട്രോണിക് റാട്ട് ഉപയോഗിക്കുന്നവരുടേയും മിനിമം കൂലി 1-1-2019 മുതൽ പ്രതിദിനം 300 രൂപയിൽ നിന്നും 350 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇവർക്ക് 110 രൂപ പ്രതിദിനം സർക്കാരിന്റെ വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം ലഭ്യമാകും. കയർ മേഖലയിൽ ഓട്ടോമാറ്റിക്ക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കുന്നതോടെ

തൊഴിലാളികളുടെ അദ്ധ്വാനഭാരം കുറയുകയും ഉല്പാദനക്ഷമത വർദ്ധിക്കുകയും തന്മൂലം വരുമാനം കൂടുകയും ചെയ്യും. കേരളത്തിലെ കയർ തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന കയർ സംഭരിച്ച് മാർക്കറ്റ് വിലയ്ക്ക് ആനുപാതികമായി പ്രൈസ് ഫ്ളക്ച്വേഷൻ ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി ഡിസ്കൗണ്ടുകൾ നൽകി മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾക്കും ചെറുകിട ഉൽപ്പാദകർക്കും കയർഫെഡ് വിൽപ്പന നടത്തിവരുന്നു. അതുവഴി സംഘങ്ങൾ ഉത്പ്പാദിപ്പിക്കുന്ന കയറിന് പൂർണ്ണമായും വിപണി കണ്ടെത്തുന്നതിനും കയർ സഹകരണ സംഘങ്ങളിലെ പരമ്പരാഗത തൊഴിലാളികൾക്ക് തൊഴിലും വേതനവും ഉറപ്പാക്കുന്നതിനും സാധിച്ചുവരുന്നുണ്ട്. 2015-16 കാലയളവിൽ ഒരു തൊഴിലാളിയുടെ ശരാശരി വാർഷിക വരുമാനം 13,380 രൂപയായിരുന്നത് 2020-21-ൽ കയർ ഉൽപ്പാദനം വർദ്ധിച്ച തോതിൽ നടക്കുന്ന പ്രോജക്ടുകളിൽ 50,000 രൂപയിലേയ്ക്ക് ഉയർന്നിട്ടുണ്ട്.

**കയർ മേഖലയുടെ വികസനം**

221 (606) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്ന ശേഷം കയർ മേഖലയുടെ വികസനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പരമ്പരാഗത കയർ വ്യവസായ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനും പരമ്പരാഗത കയർ തൊഴിലാളികളുടെ ഉന്നമനത്തിനുംവേണ്ടി ആവിഷ്ക്കരിച്ച് നടപ്പാക്കിവരുന്ന നൂതന പദ്ധതിയാണ് കയർ രണ്ടാം പുനഃസംഘടന. ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ച് സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പാക്കുക, കയർ ജിയോ ടെക്സ്റ്റൈയിൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കുക, ഉല്പന്ന രംഗത്ത് വൈവിദ്ധ്യവൽക്കരണവും നൂതന മാർക്കറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തുക എന്നുള്ളതാണ് ഇതിന്റെ പ്രധാന ഘടകങ്ങൾ. നിലവിൽ തൊണ്ട് സംഭരണം ശക്തിപ്പെടുത്തിയും പൂർണ്ണമായും യന്ത്രവൽക്കരണം നടപ്പിലാക്കിയും പരമാവധി ചകിരി ഉല്പാദിപ്പിച്ചും ഈ പദ്ധതി വിജയകരമായി നടപ്പാക്കി വരുന്നു. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായി യന്ത്രവത്ക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിക്കുന്നതിനും കയർ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപടി സ്വീകരിച്ചുവരികയാണ്. കണ്ണൂർ, തൃശ്ശൂർ, നോർത്ത് പറവൂർ, കോഴിക്കോട്,

പൊന്നാനി എന്നീ പ്രോജക്ടുകളിലായി ആറ് ഡി.എഫ്. യൂണിറ്റുകൾ കൂടി സ്ഥാപിക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. 13-ാം പഞ്ചവത്സര പദ്ധതി കാലത്ത് 500 ചകിരി മില്ലും 27 ഡി.എഫ്. മില്ലുകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കൂടാതെ സ്വകാര്യ സംരംഭകരും സർവ്വീസ് സഹകരണ ബാങ്കുകളും 80 പുതിയ ഡി.എഫ്. മില്ലുകൾ ആരംഭിക്കുന്നതിനുള്ള ധാരണാപത്രം കയർ കേരള 2019-ൽ ഒപ്പുവയ്ക്കുകയും തുടർ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. സംഘങ്ങൾക്കാവശ്യമായ ചകിരി ലഭ്യമാക്കുന്നതിന് കയർഫെഡ് ഇ-ടെണ്ടർ വഴി പ്രൈസ് ഡിസ്കവറി സിസ്റ്റം നടപ്പാക്കിയിട്ടുണ്ട്. നിശ്ചയിച്ചിട്ടുള്ള ഗുണമേന്മ ഉറപ്പാക്കി വർഷം മുഴുവൻ വിലവ്യത്യാസം കൂടാതെ സംഘങ്ങൾക്ക് ചകിരി ലഭ്യമാക്കുന്നതിന് ഇതുവഴി സാധിച്ചുവരുന്നുണ്ട്. 10/20 ക്രമത്തിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് സഹകരണ സംഘങ്ങളെ ഫാക്ടറി ടൈപ്പ് സംഘങ്ങളാക്കി നവീകരിക്കുന്ന നടപടികളും ആരംഭിച്ചിട്ടുണ്ട്. 100 സംഘങ്ങളിൽ 1000 ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. കൂടാതെ ഉൽപ്പന്ന മേഖലയിലെ കയർ സഹകരണ സംഘങ്ങളെ നവീകരിക്കുന്നതിനായി അടിസ്ഥാന സൗകര്യം വികസിപ്പിച്ചുകൊണ്ട് ഓട്ടോമാറ്റിക് ലൂമുകൾ സ്ഥാപിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്. ഉൽപ്പാദിപ്പിച്ച കയറിന് വിപണി കണ്ടെത്തുന്നതിനായി എം.എൻ.ആർ.ഇ.ജി.എസ്.-മായി ചേർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മണ്ണ്-ജല സംരക്ഷണ പദ്ധതിയും റോഡ് നിർമ്മാണത്തിനും കയർഭൂവസ്ത്ര പദ്ധതി നടപ്പിലാക്കിവരുന്നു. പരമ്പരാഗത തൊഴിലാളികൾ പണിയെടുക്കുന്ന പരമ്പരാഗത റാട്ടുകൾ, ഇലക്ട്രോണിക് റാട്ടുകൾ എന്നിവയിലെ കയർ ഉല്പാദനത്തിന് കൂലിയുടെ ഒരു വിഹിതം വരുമാനം ഉറപ്പാക്കൽ എന്ന രീതിയിൽ സർക്കാർ വഹിച്ചുവരുന്നുണ്ട്. കേരളത്തിലെ കയർ തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന കയർ സംഭരിച്ച് മാർക്കറ്റ് വിലയ്ക്ക് ആനുപാതികമായി പ്രൈസ് ഫ്ലക്ചേഷൻ ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി ഡിസ്കൗണ്ടുകൾ നൽകി മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾക്കും ചെറുകിട ഉൽപ്പാദകർക്കും കയർഫെഡ് വിൽപ്പന നടത്തി വരുന്നു.

(ബി) കാലങ്ങളായി പ്രവർത്തനരഹിതമായി കിടക്കുന്ന കയർ സഹകരണ സംഘങ്ങളുടെ കെട്ടിടങ്ങളും ഭൂമിയും പ്രയോജനപ്രദമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ വിശദമാക്കാമോ?

കേരള സഹകരണ നിയമം വകുപ്പ് 72 പ്രകാരം ഒരു സംഘത്തിൽ സമാപ്തീകരണത്തിനായി ലിക്വിഡേറ്ററെ നിയമിച്ചുകഴിഞ്ഞാൽ, ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിച്ചാൽ മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാനും

ലിക്വിഡേഷൻ നടപടികൾക്ക് വിധേയമായ സംഘത്തിന്റെ സ്ഥാവരവസ്തുക്കൾ ഉപയോഗപ്രദമാക്കുവാനും സാധിക്കുകയുള്ളൂ. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ സംഘങ്ങളൊന്നും തന്നെ സമാപ്തീകരിച്ചിട്ടില്ല. ലിക്വിഡേഷനിൽ ആയി കഴിഞ്ഞാൽ സഹകരണ നിയമം വകുപ്പ് 101 അനുസരിച്ച് സഹകരണ സംഘത്തിൽ സർക്കാരിന് ഇടപ്പെട്ട് സംഘം വക ഭൂമി ബാദ്ധ്യത തീർത്ത് ഉപയോഗപ്പെടുത്താൻ സാധിക്കുന്നതാണ്. ഇത്തരത്തിൽ ദീർഘകാലമായി അടഞ്ഞുകിടക്കുന്ന സംഘങ്ങളെ തൊട്ടടുത്തുള്ള പ്രവർത്തനമുള്ള സംഘങ്ങളുമായി സംയോജിപ്പിച്ചും (അമാൽഗമേഷൻ), ഡി.എഫ്. മില്ലുകൾ, മറ്റു മെഷിനറികൾ എന്നിവ സ്ഥാപിക്കുന്നതിന് സംഘങ്ങളുടെ ഭൂമി ഉപയോഗിക്കുന്നതിനും ശ്രമിച്ചു വരുന്നുണ്ട്.

**കയർ ഭൂവസ്ത്ര പദ്ധതി**

222 (607) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് പാറശ്ശാല നിയോജകമണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിൽ കയർ ഭൂവസ്ത്ര പദ്ധതി നടപ്പാക്കുകയുണ്ടായി എന്ന് അറിയിക്കാമോ?

മുൻ സർക്കാരിന്റെ കാലത്ത് പാറശ്ശാല നിയോജകമണ്ഡലത്തിലെ അമ്പൂരി, ആര്യങ്കോട്, കള്ളിക്കാട്, കൊല്ലയിൽ, കുന്നത്തുകാൽ, ഒറ്റശേഖര മംഗലം, പാറശ്ശാല, പെരുങ്കടവിള, വെള്ളറട എന്നീ പഞ്ചായത്തുകളിൽ കയർ ഭൂവസ്ത്ര പദ്ധതി നടപ്പാക്കുകയുണ്ടായി.

(ബി) ഓരോ പഞ്ചായത്തിലും ഇതിനായി ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയർ ഭൂവസ്ത്ര പദ്ധതി പ്രകാരം പ്രസ്തുത മണ്ഡലത്തിൽ എന്തെല്ലാം പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയർ ഭൂവസ്ത്ര പദ്ധതിപ്രകാരം പാറശ്ശാല നിയോജകമണ്ഡലത്തിലെ ഒറ്റശേഖരമംഗലം പഞ്ചായത്തിൽ 73,500 രൂപയുടെ 1000 സ്ക്വയർ മീറ്ററും വെള്ളറട പഞ്ചായത്തിൽ 2,35,200 രൂപയുടെ 3200 സ്ക്വയർ മീറ്ററും കയർ ഭൂവസ്ത്രം ഉപയോഗിച്ച് പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കയർ കോർപ്പറേഷനിലെ നിയമനങ്ങൾക്ക് സ്പെഷ്യൽ റൂൾ

223 (608) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ കോർപ്പറേഷനിലെ നിയമനങ്ങൾക്കായി സ്പെഷ്യൽ റൂൾ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനിൽ സ്പെഷ്യൽ റൂൾസിന് സമാനമായ സർവ്വീസ് റൂൾ നിലവിലുണ്ട്. കമ്പനിയിലെ വിവിധ തസ്തികകളെ സംബന്ധിച്ചും അതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റൂൾസ് അനുസരിച്ച് 2002 മുതൽ 14 തസ്തികകളിലെ നിയമനം പി.എസ്.സി മുഖേനയാണ് നടത്തിവരുന്നത്. മേൽ പരാമർശിച്ച റൂൾസിൽ കാലോചിതമായ പരിഷ്ക്കരണം ആവശ്യമാണെന്ന് ബോദ്ധ്യമായതിനെ തുടർന്ന് നിലവിലെ സാഹചര്യങ്ങൾക്കനുസരിച്ച് പുതിയ സ്പെഷ്യൽ റൂൾസിന്റെ കരട് തയ്യാറാക്കുകയും ആയത് ഡയറക്ടർ ബോർഡ് അംഗീകാരത്തോടുകൂടി യൂണിയനുകളുമായി ചർച്ച ചെയ്ത് സർക്കാരിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ കയർ കോർപ്പറേഷൻ സ്വീകരിച്ചുവരികയുമാണ്.

(ബി) സ്പെഷ്യൽ റൂൾ തയ്യാറാകാത്തതിനാൽ കമ്പനിയിൽ അനധികൃത നിയമനങ്ങൾ നടക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ അടിയന്തര തുടർ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഇലക്ട്രിക് വാഹനങ്ങൾക്കുള്ള ചാർജ്ജിംഗ് സ്റ്റേഷനുകൾ

224 (609) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക് വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ചാർജ്ജിംഗ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ടോയെന്നും അവ എവിടെയെല്ലാമെന്നും വ്യക്തമാക്കാമോ?

ഉണ്ട്. സംസ്ഥാന സർക്കാരിന്റെ ഇ-മൊബിലിറ്റി പ്രൊമോഷൻ ഫണ്ടിൽ നിന്നും പ്രാരംഭഘട്ടമായി 6 ജില്ലകളിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സ്വന്തം സ്ഥലത്ത് ഫോർ വീലർ വാഹനങ്ങൾക്കായി ഇത്തരം സ്റ്റേഷനുകൾ സ്ഥാപിക്കുകയും അവ 7-11-2020 മുതൽ പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുകയും ചെയ്തിരിക്കുന്നു. കേരളത്തിൽ ഇതുവരെ കമ്മീഷൻ ചെയ്തുകഴിഞ്ഞ സ്റ്റേഷനുകൾ താഴെ ചേർക്കുന്നു.

1. നേമം, തിരുവനന്തപുരം

2. ഓലൈ, കൊല്ലം

3. പാലാരിവട്ടം, എറണാകുളം

4. വിയ്യൂർ, തൃശ്ശൂർ

5. നല്ലളം, കോഴിക്കോട്

6. ചൊവ്വ, കണ്ണൂർ

(ബി) സംസ്ഥാനത്ത് കൂടുതൽ വൈദ്യുതി ചാർജ്ജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് കെ.എസ്.ഇ.ബി. നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും എങ്കിൽ ഏതെല്ലാം സ്ഥലങ്ങളാണ് വൈദ്യുതി ചാർജ്ജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് പരിഗണിക്കുന്നതെന്നും അറിയിക്കാമോ?

സംസ്ഥാന സർക്കാരിന്റെ ഇ-മൊബിലിറ്റി പ്രൊമോഷൻ ഫണ്ടിൽ നിന്നും 26 പുതിയ ചാർജ്ജിംഗ് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതികൂടി ലഭിച്ചിട്ടുണ്ട്. അത്രയും സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുകയാണ്. അതോടൊപ്പം കേന്ദ്ര ഗവൺമെന്റിന്റെ ഫെയിം പദ്ധതി പ്രകാരം ഉള്ള 30 ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾകൂടി നടന്നുവരികയാണ്. ഇത്തരത്തിൽ എല്ലാ ജില്ലകളിലുമായി 56 സ്റ്റേഷനുകളുടെ നിർമ്മാണം ഏതാനും മാസങ്ങൾക്കുള്ളിൽ തന്നെ പൂർത്തീകരിക്കുന്നതായിരിക്കും. ഇതോടൊപ്പം ഇലക്ട്രിക്ക് ഓട്ടോറിക്ഷകൾ ചാർജ് ചെയ്യുന്നതിനായി കോഴിക്കോട് ജില്ലയിൽ വിതരണ പോളുകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ 10 ചാർജ്ജിംഗ് സ്റ്റേഷനുകൾ കൂടി നിർമ്മിക്കുന്നതിനുള്ള നടപടികൾ മുന്നോട്ട് പോകുന്നു.

**വൈദ്യുതി കണക്ഷന് വനം വകുപ്പിന്റെ അനുമതി**

225 (610) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം നിയോജകമണ്ഡലത്തിൽ വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതുകാരണം എത്ര പേർക്കാണ് വൈദ്യുതി കണക്ഷൻ നൽകാൻ കഴിയാതിരിക്കുന്നത്; പഞ്ചായത്ത് തിരിച്ചുള്ള വിശദവിവരങ്ങൾ നൽകാമോ?

വാമനപുരം നിയോജകമണ്ഡലത്തിൽ വനം വകുപ്പിന്റെ നിയമാനുസൃതമായ അനുമതി ലഭിക്കാത്തതുകാരണം നിലവിൽ 7 പേർക്കാണ് വൈദ്യുതി കണക്ഷൻ നൽകാൻ കഴിയാതിരിക്കുന്നത്. പഞ്ചായത്ത് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

പെരിങ്ങമ്മല പഞ്ചായത്ത് - 5 എണ്ണം,

നന്ദിയോട് പഞ്ചായത്ത് - 2 എണ്ണം.

## ഇരിക്കൂർ മണ്ഡലത്തിലെ വൈദ്യുതി വകുപ്പ് പ്രവർത്തനങ്ങൾ

226(611) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരിക്കൂർ മണ്ഡലത്തിൽ 2016 മുതൽ 2021 വരെ വൈദ്യുതി വകുപ്പ് മുഖാന്തരം നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ?

2016 മുതൽ, ഇരിക്കൂർ മണ്ഡലത്തിൽ ബോർഡിന്റെ തനതു ഫണ്ട് ഉപയോഗിച്ച് നടത്തുന്ന ' ദ്യുതി പദ്ധതി', സമ്പൂർണ വൈദ്യുതീകരണ പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതിയായ DDUGJY എന്നിവയിലുൾപ്പെടുത്തി 56.22 കി. മീ. 11 കെ. വി. ലൈനും, 182.46 കി. മീ എൽ.ടി. ലൈനും നിർമ്മിക്കുകയും 59 പുതിയ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുകയും 147.6 കി. മീ. HT ലൈനും 87.3 കി. മീ എൽ.ടി.ലൈനും റീ കണ്ടക്റിംഗ് നടത്തുകയും 17.96 കി. മീ. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. ഈ കാലയളവിൽ 18294 പുതിയ കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്. സമ്പൂർണ വൈദ്യുതീകരണ പദ്ധതിയിൽ മാത്രം 1545 കണക്ഷനുകൾ നൽകുകയും സമ്പൂർണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾക്കായി 255.6 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ ഇരിക്കൂർ മണ്ഡലത്തിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ കൂടി നടപ്പിലാക്കിയിട്ടുണ്ട്.

(1) 13-3-2019-ന് 33 കെ.വി ആലക്കോട് സബ്സ്റ്റേഷനിൽ നിന്ന് 11 കെ.വി. ആലക്കോട് ടൗൺ ഫീഡർ നിലവിൽ വന്നു.

(2) 33 കെ.വി. ആലക്കോട് സബ്സ്റ്റേഷനിൽ 29-2-2020-ന് 11 കെ.വി ഔട്ട്ഡോർ ഉപകരണങ്ങൾ മാറ്റി പുതിയ 11 കെ.വി. ഇൻഡോർ പാനൽ സ്ഥാപിച്ചു.

(3) ശ്രീകണ്ഠാപുരം മുതൽ ചെമ്പേരി വരെ 9.656 കി.മീ നീളമുള്ള 110 കെ.വി ലൈൻ പൂർത്തീകരിച്ച് 19-5-2020-ന് ചാർജ് ചെയ്യുകയും 1-6-2020 മുതൽ 110 കെ.വി ചെമ്പേരി സബ്സ്റ്റേഷൻ പ്രവർത്തനം തുടങ്ങുകയും ചെയ്തു.

(4) തിമിരി വില്ലേജിൽ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കാനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ടി സബ്സ്റ്റേഷൻ നിർമ്മിക്കാനുള്ള സ്ഥലം കണ്ടെത്തുന്നതിനുള്ള പരിശോധന നടന്നുവരികയാണ്.

(5) 3-4-2021-ന് 33 കെ.വി. ആലക്കോട് സബ്സ്റ്റേഷനിൽ 11 കെ.വി ചാത്തോകുണ്ട് ഫീഡർ പുതിയതായി വന്നു.

(6) വെള്ളാപറമ്പ് മുതൽ ശ്രീകണ്ഠാപുരം വരെ 12.38 കി.മീ. ഡബിൾ സർക്യൂട്ട് 110 കെ.വി. ലൈൻ വലിച്ച് 12.5 എം.വി.എ. കപ്പാസിറ്റിയുള്ള രണ്ട് ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് നിലവിലുണ്ടായിരുന്ന 66 കെ.വി. സബ്സ്റ്റേഷൻ 110 കെ.വി. ആയി ഉയർത്തി.

**ഇലക്ട്രിക് വാഹനങ്ങൾക്കുള്ള ചാർജ്ജിംഗ് സ്റ്റേഷനുകൾ**

227 (612) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഉപയോഗത്തിനായി കേന്ദ്ര സർക്കാർ വൈദ്യുതി വിതരണം ചെയ്യുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) കേന്ദ്ര സർക്കാർ വിതരണം ചെയ്യുന്ന വൈദ്യുതിയുടെ നിരക്ക് എത്രയെന്ന് വ്യക്തമാക്കാമോ?

(എ&ബി) സംസ്ഥാനത്തിന്റെ ഉപയോഗത്തിനായി കേന്ദ്ര ജനറേറ്റിംഗ് സ്റ്റേഷനുകളിൽ നിന്നും വൈദ്യുതി വാങ്ങുന്നുണ്ട്. കേന്ദ്ര വൈദ്യുത മന്ത്രാലയത്തിന്റെ അലോക്കേഷൻ പ്രകാരം, കേന്ദ്ര വൈദ്യുതി നിലയങ്ങളായ NTPC (National Thermal Power Corporation), NLC (Neyveli Lignite Corporation) തുടങ്ങിയ താപനിലയങ്ങളിൽ നിന്നും NPCIL (Nuclear Power Corporation of India Ltd.)-ന്റെ ആണവ നിലയങ്ങളിൽ നിന്നും ദീർഘകാല കരാറുകളിലൂടെ 1756 മെഗാവാട്ട് വൈദ്യുതി ലഭ്യമാകുന്നുണ്ട്. ജൂലൈ 2021-ലെ ലഭ്യമായ കണക്കുകൾ പ്രകാരം ഇപ്രകാരം വാങ്ങുന്ന വൈദ്യുതിയുടെ ശരാശരി നിരക്ക് യൂണിറ്റൊന്നിന് 4.85 രൂപയാണ്.

(സി) കേന്ദ്രത്തിൽ നിന്ന് ലഭിക്കുന്ന വൈദ്യുതി ഏതെല്ലാം ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

ആഭ്യന്തര ഉത്പാദനത്തിനുപുറമേ കേന്ദ്ര ജനറേറ്റിംഗ് സ്റ്റേഷനുകളിൽ നിന്നും ലഭിക്കുന്ന വൈദ്യുതിയും ദീർഘകാല, ഹ്രസ്വകാല കരാറുകൾ മുഖേന അന്യസംസ്ഥാനങ്ങളിലെ ജനറേറ്റർമാരിൽനിന്നും വാങ്ങുന്ന വൈദ്യുതിയും ഇവയ്ക്കു പുറമേ ആവശ്യാനുസരണം Power Exchange-ൽനിന്നും വാങ്ങുന്ന വൈദ്യുതിയും ഉപയോഗിച്ചാണ് സംസ്ഥാനത്തിന്റെ ദൈനംദിന വൈദ്യുതി ഉപഭോഗം നിറവേറ്റുന്നത്.

## റാന്നി നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ

228 (613) ശ്രീ. പ്രമോദ് നാരായൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജകമണ്ഡലത്തിലെ എം.എൽ.എ. പ്രാദേശിക വികസന നിധിയിൽ നിന്നുള്ള ഇലക്ട്രിസിറ്റി വർക്കുകളിൽ 2017-18 മുതൽ നാളിതുവരെ പൂർത്തീകരിക്കാത്തതോ പ്രവൃത്തി ആരംഭിക്കാത്തതോ ആയവ ഏതൊക്കെയാണെന്ന് തടസ്സകാരണം സഹിതം വിശദമാക്കാമോ?

റാന്നി നിയോജകമണ്ഡലത്തിലെ എം.എൽ.എ. പ്രാദേശിക വികസന ഫണ്ടിൽ നിന്നുള്ള 2017-18 മുതൽ നാളിതുവരെ പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു*.

(ബി) റാന്നി നിയോജകമണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസന നിധിയിൽ നിന്നുള്ള ഇലക്ട്രിസിറ്റി വർക്കുകളിൽ 2017-18 മുതൽ നാളിതുവരെ പൂർത്തീകരിക്കാത്തതോ പ്രവൃത്തി ആരംഭിക്കാത്തതോ ആയവ ഏതൊക്കെയാണെന്ന് തടസ്സകാരണം സഹിതം പട്ടികയായി വിശദമാക്കാമോ?

റാന്നി നിയോജകമണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസന നിധിയിൽ നിന്നുള്ള 2017-18 മുതൽ നാളിതുവരെ പൂർത്തീകരിക്കാത്തതോ ആരംഭിക്കാത്തതോ ആയ പ്രവൃത്തികൾ ഒന്നും തന്നെയില്ല.

## കാർഷിക മേഖലയിലെ വൈദ്യുതി വിതരണം

229 (614) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ പമ്പ് ഹൗസ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾക്ക് വൈദ്യുതി ലഭിക്കുന്നതിനുള്ള നിബന്ധനകൾ വിശദമാക്കാമോ?

കൃഷി വകുപ്പ് നടപ്പിലാക്കുന്ന കാർഷിക സൗജന്യ വൈദ്യുതി പദ്ധതിയിൽ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡം ചുവടെ ചേർക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

I. 30 സെന്റ് കൃഷി ഭൂമി ഉള്ളവരും അതിൽ 75%-ത്തിൽ കുറയാതെ കൃഷി ചെയ്തിട്ടുള്ളവർ.

II. 10 സെന്റിൽ കുറയാതെ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകർ.

III. 5 സെന്റിൽ കുറയാതെ വെറ്റില കൃഷി ചെയ്യുന്ന കർഷകർ

IV. നെൽകൃഷി ചെയ്യുന്ന കർഷകർക്ക് ഭൂപരിധിയില്ല.

മേൽ നിബന്ധനകൾ പാലിച്ച് കാർഷിക ജലസേചന സംവിധാനം ഒരുക്കുന്ന കർഷകർക്കാണ് കൃഷി ഭവൻ മുഖേന കാർഷികാവശ്യത്തിനായി വൈദ്യുതി കണക്ഷന് കെ.എസ്.ഇ.ബി.എൽ.-ന് ശിപാർശ ചെയ്യുന്നതും കെ.എസ്.ഇ.ബി.എൽ. വൈദ്യുത കണക്ഷൻ നൽകുന്നതും.

(ബി) പ്രസ്തുത സംവിധാനങ്ങൾക്ക് വൈദ്യുതി നിരക്ക് ഏത് തരത്തിലാണ് ക്രമീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകേണ്ട വിവിധ സേവനങ്ങളുമായി ബന്ധപ്പെട്ട ചട്ടങ്ങൾ പ്രസിദ്ധീകരിക്കുന്നതും ടി സേവനങ്ങൾക്കായി ഉപഭോക്താവിൽനിന്നും ഈടാക്കാവുന്ന തുക എന്നിവ നിശ്ചയിക്കുന്നതും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ ആണ്. വെള്ളം പമ്പ് ചെയ്യേണ്ട ആവശ്യങ്ങൾ ഉൾപ്പെടെയുള്ള കാർഷിക കണക്ഷനുകൾ -LT- V A താരിഫ് വിഭാഗത്തിലും, കന്നുകാലി ഫാമുകൾ, കോഴി വളർത്തു കേന്ദ്രങ്ങൾ, മീൻ വളർത്തൽ ഫാമുകൾ, പട്ടുനൂൽപ്പുഴുവിനെ വളർത്തൽ (Sericulture) തുടങ്ങിയ ആവശ്യങ്ങൾക്കായുമുള്ള കാർഷിക കണക്ഷനുകൾ LT-V B താരിഫ് വിഭാഗത്തിലുമാണ് നിലവിലെ താരിഫ് ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ളത്. നിലവിലെ കാർഷിക കണക്ഷനുകൾക്ക് ഈടാക്കുന്ന വൈദ്യുതി നിരക്ക് ചുവടെ ചേർക്കുന്നു.

താരിഫ് LT-V A, LT-V B ഫിക്സഡ് ചാർജ്ജ് (/kW/പ്രതിമാസം 10 10 എനർജി ചാർജ് ( kWh) 2.30 2.80

(സി) പമ്പ് ഹൗസ് ഉൾപ്പെടെയുള്ള കെട്ടിടങ്ങൾക്ക് വൈദ്യുതി ലഭിക്കുന്നതിന് കെട്ടിട നമ്പർ ആവശ്യമുണ്ടോ; വ്യക്തമാക്കാമോ?

പമ്പ് ഹൗസിന് കാർഷിക കണക്ഷനുകൾ ലഭിക്കുന്നതിനു കെട്ടിട നമ്പർ ആവശ്യമില്ല. എന്നാൽ കാർഷിക കണക്ഷനുകൾക്ക് ഘടിപ്പിക്കുന്ന വൈദ്യുതി മീറ്ററും അനുബന്ധ ഉപകരണങ്ങളും സുരക്ഷിതമായി സ്ഥാപിക്കുവാൻ വെയിലും മഴയും ഏൽക്കാൻ സാധിക്കാത്ത രീതിയിലുള്ള സംവിധാനം (Enclosure) ആവശ്യമാണ്. അംഗീകൃത ഇലക്ട്രീഷ്യൻ നൽകുന്ന Test cum completion സർട്ടിഫിക്കറ്റ് പരിശോധന സമയത്ത് അപേക്ഷകൻ ഹാജരാക്കിയാൽ മതിയാകും.

## വൈദ്യുതി നിരക്കിലെ റെഗുലേറ്ററി കമ്മീഷൻ നിർദ്ദേശങ്ങൾ

230 (615) ഡോ. എം. കെ. മുനീർ:

ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി നിരക്ക് പുതുക്കുന്നതുമായി ബന്ധപ്പെട്ട റെഗുലേറ്ററി കമ്മീഷൻ നിർദ്ദേശങ്ങൾ വൻകിട ഉപഭോക്താക്കളെ വഴിവിട്ട് സഹായിക്കുന്നതാണെന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഇപ്പോൾ പുറപ്പെടുവിച്ചിട്ടുള്ള കരട് റെഗുലേഷൻ വൈദ്യുതി നിരക്ക് പുതുക്കുന്നതിന് വേണ്ടിയുള്ളതല്ല. കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വൈദ്യുതി നിരക്ക് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തീരുമാനിക്കുന്നതിനായുള്ള കരട് റഗുലേഷൻ മാത്രമാണ് 2021 ആഗസ്റ്റ് മാസം 6-ാം തീയതി പ്രസിദ്ധീകരിച്ചിരിക്കുന്നത്. പൊതുതെളിവെടുപ്പിന്റെയും നിർദ്ദേശങ്ങളുടെയും ഉപദേശങ്ങളുടെയും അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിൽ മാത്രമേ അന്തിമ തീരുമാനം കൈക്കൊള്ളുകയുള്ളൂ. കമ്മീഷൻ ഇപ്പോൾ പ്രസിദ്ധീകരിച്ചിരിക്കുന്ന കരട് റെഗുലേഷനിൽ വൻകിട ഉപഭോക്താക്കളെ വഴിവിട്ട വിധത്തിൽ സഹായിക്കുന്നതിനുള്ള യാതൊരു നിർദ്ദേശവുമില്ല.

(ബി) സംസ്ഥാനത്താകെ ഒരേ വൈദ്യുതി നിരക്ക് എന്നതിൽ മാറ്റം വരുത്താനുള്ള നിർദ്ദേശമുണ്ടോ?

ഉണ്ട്. പ്രസ്തുത കരട് വിജ്ഞാപനത്തിന്റെ 85-ാം വകുപ്പിലാണ് നിർദ്ദേശം വച്ചിട്ടുള്ളത്. കേരള സംസ്ഥാനത്തിൽ നിലവിലുള്ള 10 വിതരണ ലൈസൻസികൾ വ്യവസായ വികസനത്തെ ത്വരിതപ്പെടുത്തുവാൻ ഉദ്ദേശിച്ച് സ്ഥാപിച്ചിട്ടുള്ളവയാണ്. ഇപ്പോൾ കരട് റെഗുലേഷനിൽ നിർദ്ദേശിച്ചിട്ടുള്ള പുതിയ നയം കൊണ്ട് ഉദ്ദേശിക്കുന്നത് സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള വ്യവസായ പാർക്കുകളിൽ അവരുടെ നിയന്ത്രണത്തിലുള്ള ലൈസൻസികൾക്ക് അടിസ്ഥാന സൗകര്യ വികസന ചെലവ് കുറവായതിനാൽ, അതിലൂടെ ഉണ്ടാകുന്ന ആദായം പ്രസ്തുത പാർക്കുകളിൽ വരുന്ന സ്ഥാപനങ്ങൾക്ക് കുറഞ്ഞ ചെലവിൽ വൈദ്യുതി നൽകുവാൻ ഉതകുന്ന രീതിയിലാണ്. ഇത് കേരള സംസ്ഥാനത്ത് കൂടുതൽ വ്യവസായ നിക്ഷേപകരെ ആകർഷിക്കുന്നതിന് കാരണമാകാവുന്നതാണ്. നിലവിലുള്ള ഈ വ്യവസായ പാർക്കുകളിൽ വ്യവസായ വികസനത്തിനും തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനത്തിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടാണ് വ്യത്യസ്തമായ നിരക്കുകൾ കരട് റെഗുലേഷനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കരട് റെഗുലേഷന്മേൽ കമ്മീഷൻ നടത്തിയ

പൊതുതെളിവെടുപ്പിൽ ലഭിച്ച നിർദ്ദേശങ്ങൾ പരിഗണിച്ച് കമ്മീഷൻ അന്തിമതീരുമാനം എടുക്കുന്നതാണ്. മാത്രമല്ല കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ സംസ്ഥാന സർക്കാരിന്റെ നയങ്ങളും നിർദ്ദേശങ്ങളും പൊതുജന താല്പര്യവും മുൻനിർത്തി മാത്രമേ ഏതൊരു തീരുമാനവും കൈക്കൊള്ളുകയുള്ളൂ.

(സി) വൈദ്യുതി വിതരണത്തിൽ സ്വകാര്യ ലൈസൻസികളെ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഇക്കാര്യത്തിൽ നിലവിലുള്ള നിയമത്തിൽ ഏതെങ്കിലും മാറ്റത്തിനുള്ള ശിപാർശകൾ ഒന്നുംതന്നെ കമ്മീഷൻ മുൻപാകെ ഇല്ല. സ്വകാര്യവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്നതോ സർക്കാർ നയങ്ങൾക്ക് വിരുദ്ധമായതോ ആയ വകുപ്പുകൾ ഒന്നും തന്നെ കരട് റെഗുലേഷനിൽ ഉൾപ്പെട്ടിട്ടില്ല.

(ഡി) വൈദ്യുതി ബോർഡിനെ പ്രതികൂലമായി ബാധിക്കുന്നതായി പറയപ്പെടുന്ന നിർദ്ദേശങ്ങളിന്മേൽ നിലപാട് വിശദമാക്കുമോ?

കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ നിലനിൽപ്പിനെ പ്രതികൂലമായി ബാധിക്കുന്ന യാതൊരു നടപടികളോ നിർദ്ദേശങ്ങളോ ഈ കരട് റെഗുലേഷനിൽ ഇല്ല.

**പൂഞ്ഞാർ പിണ്ണാക്കനാട് 33 കെ.വി. സബ്സ്റ്റേഷൻ**

231 (616) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പിണ്ണാക്കനാട് 33 കെ.വി. സബ്സ്റ്റേഷനുവേണ്ടി സ്ഥലം ഏറ്റെടുക്കുന്ന നടപടി ഏത് ഘട്ടത്തിലാണ്;

(ബി) സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തി വേഗത്തിലാക്കി സബ്സ്റ്റേഷന്റെ നിർമ്മാണം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) പിണ്ണാക്കനാട് 33 കെ.വി. സബ്സ്റ്റേഷനുവേണ്ടി 14.63 കോടി രൂപയ്ക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും KSEBL നൽകിയിട്ടുണ്ട്. സബ്സ്റ്റേഷനുവേണ്ടി ആദ്യം തെരഞ്ഞെടുത്ത സ്ഥലത്തിന് (Survey No.282/9) സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ തുടർന്ന്, അതിന്റെ ഉടമ ആ സ്ഥലം മറ്റൊരാൾക്ക് വില്പന നടത്തി. പുതിയ ഉടമയ്ക്ക് കെ.എസ്.ഇ.ബി.എൽ.-ന് സ്ഥലം വിൽക്കാൻ താല്പര്യവുമില്ല. ഇപ്പോൾ സബ് സ്റ്റേഷനുവേണ്ടി മൂന്ന് പുതിയ സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ ഏറ്റവും അനുയോജ്യമായ സ്ഥലം തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

## ഓച്ചിറ ക്ഷേത്രോത്സവവുമായി ബന്ധപ്പെട്ട വൈദ്യുതി തടസ്സം

232 (617) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ഓച്ചിറ ക്ഷേത്രോത്സവത്തിന് പടുക്കുറ്റൻ കെട്ടുകാളകളെ കൊണ്ടുവരുന്നതുമൂലം ദിവസങ്ങളോളം വൈദ്യുതി ലഭ്യമല്ലാത്ത അവസ്ഥ പരിഹരിക്കുവാൻ ഭൂമിയ്ക്കടിയിലൂടെ വൈദ്യുത ലൈൻ വലിക്കുന്ന നടപടി വിശദമാക്കാമോ?

കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ഓച്ചിറ ക്ഷേത്രത്തിലെ ഉത്സവത്തിന്, കെട്ടുകാളകളെ കൊണ്ടുവരുന്ന വഴികൾ മുൻകൂട്ടി തീരുമാനിച്ച്, പ്രസ്തുത റൂട്ടുകൾ പരിശോധിച്ച് ആവശ്യമായ സ്ഥലങ്ങളിൽ ലൈനുകൾ അഴിച്ചുമാറ്റി വൈദ്യുതി തടസ്സ സമയപരിധി കുറയ്ക്കുന്ന പ്രവൃത്തികളാണ് നിലവിൽ നടപ്പിലാക്കിവരുന്നത്. കെട്ടുകാള വരുന്ന റൂട്ടുകളിൽ ഭൂമിയ്ക്കടിയിലൂടെ വൈദ്യുത കേബിൾ സ്ഥാപിക്കുക വഴി പ്രസ്തുത വൈദ്യുതി തടസ്സം കുറയ്ക്കാൻ സാധിക്കുന്നതാണ്. കരുനാഗപ്പള്ളി എം.എൽ.എ.-യും ഉദ്യോഗസ്ഥരുമായി നടത്തിയ യോഗത്തിൽ അമ്പല കമ്മിറ്റിയുമായി ചർച്ച ചെയ്ത് കൃത്യമായ റൂട്ടുകൾ നിശ്ചയിക്കാമെന്നാണ് തീരുമാനം ഉണ്ടായത്. കെട്ടുകാള വരുന്ന റൂട്ട് തീരുമാനിച്ച്, ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ തുക ഒടുക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

## തച്ചമ്പാറ പഞ്ചായത്തിലെ വൈദ്യുതി ക്ഷാമം

233 (618) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് നിയോജകമണ്ഡലത്തിലെ തച്ചമ്പാറ പഞ്ചായത്തിൽ പാലക്കുന്ന് പ്രദേശത്ത് പ്രസരണ ലൈൻ തോട്ടുകളുടെയും പുഴകളുടെയും മുളംകാടുകളുടെയും മുകളിലൂടെ പോകുന്നതുമൂലം വൈദ്യുതി തകരാർ പരിഹരിക്കാനോ യഥാസമയം അറ്റകുറ്റപ്പണി നടത്തുന്നതിനോ കഴിയാത്തതുമൂലം രൂക്ഷമായ വൈദ്യുതി ക്ഷാമം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വൈദ്യുതി തകരാറുകൾ കഴിയുന്നത്ര യഥാസമയം പരിഹരിച്ചുവരുന്നുണ്ട്.

(ബി) പ്രസ്തുത പ്രശ്നത്തിന് പരിഹാരം കാണുന്നതിനായി പാലക്കയം ജംഗ്ഷൻ അച്ചിലട്ടി റോഡ് വഴി ത്രീഫേസ് ലൈൻ വലിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പാലക്കയം കപ്പക്കുന്ന് അച്ചിലട്ടി റോഡിലൂടെ 1 കിലോമീറ്റർ 3 ഫേസ് ലൈൻ വലിക്കുന്നതിന് 6,69,851 (ആറുലക്ഷത്തി അറുപത്തി ഒമ്പതിനായിരത്തി എണ്ണൂറ്റി അമ്പത്തി ഒന്ന്) രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പത്തിൽ താഴെ ഗുണഭോക്താക്കൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക. എം.എൽ.എ. ഫണ്ടിൽ നിന്നോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ ഗുണഭോക്താക്കളോ ടി എസ്റ്റിമേറ്റ് തുക അടയ്ക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**പാറശ്ശാല ഒറ്റശേഖരമംഗലത്ത് 110 കെ.വി. സബ്സ്റ്റേഷൻ**

234 (619) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ ആര്യൻകോട്, കള്ളിക്കാട്, പെരുങ്കടവിള, വെള്ളറട, ഒറ്റശേഖരമംഗലം, അമ്പൂരി എന്നീ മലയോര പഞ്ചായത്തുകളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ഒറ്റശേഖരമംഗലം കേന്ദ്രമാക്കി ഒരു 110 കെ. വി. സബ്സ്റ്റേഷൻ സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ചിരുന്ന പ്രൊപ്പോസലിൻമേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സബ്സ്റ്റേഷൻ ആരംഭിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

(എ&ബി) പാറശ്ശാല നിയോജകമണ്ഡലത്തിലെ ആര്യൻകോട്, കള്ളിക്കാട്, പെരുങ്കടവിള, വെള്ളറട, ഒറ്റശേഖരമംഗലം, അമ്പൂരി എന്നീ മലയോര ഗ്രാമ പ്രദേശങ്ങളിൽ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിനായി ഒറ്റശേഖരമംഗലം കേന്ദ്രമാക്കി ഒരു 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസലുണ്ട്. ഈ പ്രൊപ്പോസൽ നടപ്പിലാക്കുന്നതിനുള്ള സാങ്കേതിക പഠനങ്ങൾ നടന്നുവരുന്നു. സാങ്കേതിക പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതാണ്.

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി വൈദ്യുതി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; ആയതിന്റെ പുരോഗതി അറിയിക്കാമോ?

ടി സബ്സ്റ്റേഷന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കി കെ.എസ്.ഇ.ബി.-യുടെ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രാഥമിക നിഗമനം അനുസരിച്ച് 21.63 കോടി രൂപ ഈ പദ്ധതിക്കായി ചെലവാകും.

## വൈദ്യുതി നിരക്ക് വർദ്ധന

235 (620) ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുവാൻ റെഗുലേറ്ററി കമ്മീഷൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഒന്നും തന്നെ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ സംസ്ഥാനത്തെ വിവിധ വിഭാഗം ലൈസൻസികളുടെ പ്രതീക്ഷിത വരവ് ചെലവ് കണക്കുകൾ {Aggregate Revenue Requirement& Expected Revenue from charges- (ARR & ERC)} നിർണ്ണയിക്കേണ്ടത് എപ്രകാരമെന്നും ഇങ്ങനെ നിർണ്ണയിക്കപ്പെടുന്ന വരവ് ചെലവ് കണക്കുകളുടെ അടിസ്ഥാനത്തിൽ താരിഫ് എപ്രകാരമാണ് നിർണ്ണയിക്കേണ്ടതെന്നും പ്രതിപാദിക്കുന്ന മാനദണ്ഡങ്ങളാണ് കരട് ചട്ടത്തിലുള്ളത്. കൂടാതെ വിവിധങ്ങളായ മറ്റു ചാർജ്ജുകൾ (ഇന്ധന സർചാർജ്, ട്രാൻസ്മിഷൻ ചാർജ്, വീലിംഗ് ചാർജ്, ക്രോസ് സബ്സിഡി ചാർജ്) നിർണ്ണയിക്കേണ്ടത് എപ്രകാരമാണെന്നും വ്യവസ്ഥ ചെയ്യുന്നു. ടി കരട് താരിഫ് ചട്ടങ്ങളിന്മേൽ ഉപഭോക്താക്കളുടെയും പൊതുജനങ്ങളുടെയും രേഖാമൂലമുള്ള അഭിപ്രായങ്ങൾ ആരായുകയും പൊതു തെളിവെടുപ്പ് നടത്തിയതിനും ശേഷമാണ് അന്തിമ ചട്ടങ്ങൾ പുറപ്പെടുവിക്കുന്നത്.

(ബി) വൈദ്യുതി നിരക്കുകൾ എപ്പോൾ വർദ്ധിപ്പിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്; വ്യക്തമാക്കാമോ?

നിലവിൽ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്നതിനുള്ള തീരുമാനങ്ങൾ ഒന്നുംതന്നെ എടുത്തിട്ടില്ല. എന്നാൽ കമ്മീഷൻ പുറപ്പെടുവിച്ച കരട് താരിഫ് നിർണ്ണയ ചട്ടങ്ങൾ പ്രകാരം ARR& ERC പെറ്റീഷനും താരിഫ് പെറ്റീഷനും പ്രത്യേകം പ്രത്യേകം 15-12-2021-നുമുമ്പായി സമർപ്പിക്കേണ്ടതുണ്ട്. ഇതിന്മേൽ പൊതുജനങ്ങളുടെയും ഉപഭോക്താക്കളുടെയും അഭിപ്രായം രേഖാമൂലം തേടുകയും പൊതു തെളിവെടുപ്പ് നടത്തിയതിനുംശേഷമാണ് ടി പെറ്റീഷനുകളിന്മേൽ തീർപ്പുകൽപ്പിക്കുന്നത്.

(സി) വൈദ്യുതി നിരക്ക് മാനദണ്ഡങ്ങൾക്ക് എപ്പോൾ അന്തിമ രൂപം നൽകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ?

സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ കരട് താരിഫ് നിർണ്ണയ ചട്ടങ്ങളിന്മേൽ ഉപഭോക്താക്കൾക്കും പൊതുജനങ്ങൾക്കും തങ്ങളുടെ അഭിപ്രായം അറിയിക്കുന്നതിന് ഒരുമാസത്തെ സമയം അനുവദിച്ചിരുന്നു. ഇതെല്ലാം പരിഗണിച്ച് അന്തിമ ചട്ടങ്ങൾ ഉടൻ തന്നെ പുറപ്പെടുവിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**വടക്കാഞ്ചേരി മണ്ഡലത്തിലെ വൈദ്യുതിവികസന പ്രവർത്തനങ്ങൾ**

236 (621) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021 കാലയളവിൽ വടക്കാഞ്ചേരി മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2016 മുതൽ 2021 നാളിതുവരെ വടക്കാഞ്ചേരി നിയോജക മണ്ഡലത്തിനുകീഴിൽ 55.68 കി.മീ. എച്ച്.ടി. ലൈൻ നിർമ്മാണം, 67.74 കി.മീ. പുതിയ എൽ.ടി. ലൈൻ നിർമ്മാണം, 15 കി.മീ. എച്ച്.ടി. റീ-കണ്ടക്റ്ററിംഗ്, 547 കി.മീ. എൽ.ടി. റീ കണ്ടക്റ്ററിംഗ്, 6.225 കി.മീ. എച്ച്.ടി./എൽ.ടി. എ.ബി.സി. ലൈൻ നിർമ്മാണം, 53 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, 43 കി.മീ. എൽ.ടി. ലൈൻ കൺവേർഷൻ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ടി കാലയളവിൽ വടക്കാഞ്ചേരി മണ്ഡലത്തിലെ മുണ്ടൂർ 33 കെ.വി. സബ്സ്റ്റേഷനിൽ മൂന്നാമത്തെ 5 MVA, 33/11 KV ട്രാൻസ്ഫോർമർ സ്ഥാപിച്ചു. 110 കെ.വി. അത്താണി സബ്സ്റ്റേഷനിൽ രണ്ടാമത്തെ 110/33 KV, 16 MVA ട്രാൻസ്ഫോർമറും സ്ഥാപിച്ചു.

(ബി) 2021-22 കാലയളവിൽ മണ്ഡലത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2021-22-ൽ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ 12 കി.മീ.പുതിയ എൽ.ടി. ലൈൻ നിർമ്മാണം, 106 കി.മീ. എൽ.ടി. റീ-കണ്ടക്റ്ററിംഗ്, 37 കി.മീ. എച്ച്.ടി./എൽ.ടി. എ.ബി.സി ലൈൻ നിർമ്മാണം, 14 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, 40 കി.മീ. എൽ.ടി. ലൈൻ കൺവർഷൻ, നിലാവ് പദ്ധതി പ്രകാരം 3537 എണ്ണം തെരുവ് വിളക്കുകൾ എൽ.ഇ.ഡി. ആക്കുന്ന പദ്ധതി – എന്നീ പ്രവൃത്തികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. വടക്കാഞ്ചേരി 110 കെ.വി. സബ്സ്റ്റേഷനിൽ 2021-22 ൽ ഒരു ഇലക്ട്രിക് വെഹിക്കിൾ ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

## കെ.എസ്.ഇ.ബി.-യെ മികവുറ്റതാക്കുന്നതിനുള്ള പ്രവർത്തനം

237 (622) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യെ സാങ്കേതികമായി മികവുറ്റതും സാമ്പത്തികമായി കെട്ടുറപ്പുള്ളതുമായ സ്ഥാപനമാക്കി മാറ്റുന്നതിന്റെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

കെ.എസ്.ഇ.ബി. യെ സാങ്കേതികമായി മികവുറ്റതും സാമ്പത്തികമായി കെട്ടുറപ്പുള്ളതുമായ സ്ഥാപനമാക്കി മാറ്റുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ആണ് നടന്നുവരുന്നത്. ഇവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു. ആഭ്യന്തര ഉൽപാദനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിച്ചു. പുനരുപയോഗ ഊർജ്ജ സ്രോതസ്സുകൾക്കായി വിവിധ കരാറുകളിൽ ഏർപ്പെട്ടു. വർഷങ്ങൾ പഴക്കമുള്ള ജലവൈദ്യുത പദ്ധതികളുടെ നവീകരണം. നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങിക്കിടന്ന പദ്ധതികൾ പുനരാരംഭിച്ചു. പ്രസരണരംഗത്തെ നൂതന പദ്ധതികൾ. ജനോപകാരപ്രദമായ വിവരസാങ്കേതികവിദ്യയിൽ കുതിച്ചുചാട്ടം. സ്ഥല പരിമിതിയും പൊതുജനങ്ങളുടെ എതിർപ്പുംമൂലം താപനിലയങ്ങളും, വനഭൂമി-പരിസ്ഥിതി സംബന്ധമായ കാരണങ്ങളാൽ ജലവൈദ്യുത പദ്ധതികളും തുടങ്ങുവാൻ സാധിക്കാത്ത അവസ്ഥയാണ്. ചെറുകിട ജലവൈദ്യുത പദ്ധതികളും സൗരോർജ്ജ പദ്ധതികളുമാണ് നിലവിൽ സംസ്ഥാനത്തിനുള്ളിൽ നടപ്പിലാക്കി വരുന്നത്.

പുതിയ ജലവൈദ്യുത പദ്ധതികൾ: സംസ്ഥാനത്ത് കെ.എസ്.ഇ.ബി.-യുടെ കീഴിൽ ആകെ 193.5 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ഭൂതത്താൻകെട്ട് (24 മെഗാവാട്ട്), പെരുവണ്ണാമൂഴി (6 മെഗാവാട്ട്), പള്ളിവാസൽ എക്സ്റ്റൻഷൻ (60 മെഗാവാട്ട്), പെരിങ്ങൽകുത്ത് (24 മെഗാവാട്ട്), തൊട്ടിയാർ (40 മെഗാവാട്ട്), ചിന്നാർ (24 മെഗാവാട്ട്), അപ്പർകല്ലാർ (2 മെഗാവാട്ട്), ചാത്തൻകോട്ടുനട (6 മെഗാവാട്ട്), പഴശ്ശിസാഗർ (7.5 മെഗാവാട്ട്) തുടങ്ങിയ ജലവൈദ്യുത പദ്ധതികളുടേയും 85 ദശലക്ഷം യൂണിറ്റ് അധികസംഭരണശേഷി ലഭ്യമാകുന്ന ചെങ്കുളം ഓഗ്മെന്റേഷൻ പദ്ധതിയുടേയും നിർമ്മാണം പുരോഗമിക്കുന്നു. ഈ ജലവൈദ്യുത പദ്ധതികൾ പൂർത്തിയാകുമ്പോൾ വാർഷിക ഉൽപ്പാദന ശേഷി 539.20 ദശലക്ഷം യൂണിറ്റായി വർദ്ധിക്കും. ചെറുകിട ജലവൈദ്യുത പദ്ധതികൾ ആയ ആനക്കയം (7.5 മെഗാവാട്ട്), ഓലിക്കൽ (5 മെഗാവാട്ട്), പൂവാരംതോട് (3 മെഗാവാട്ട്), മാരിപ്പുഴ (6 മെഗാവാട്ട്) എന്നീ പദ്ധതികളുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ ഭാഗമായി 780 മെഗാവാട്ട് കൂട്ടിച്ചേർക്കുന്നത് സംബന്ധിച്ച് സാദ്ധ്യതാപഠനം നടത്തി വിശദമായ പദ്ധതിരൂപരേഖ തയ്യാറാക്കുന്നതിനുള്ള കരാറും നൽകിയിട്ടുണ്ട്. കൂടാതെ, അപ്പർ

ചെങ്കുളം (24 മെഗാവാട്ട്), ലാഡ്രം (3.5 മെഗാവാട്ട്), ചെമ്പുകടവ് III (7.5 മെഗാവാട്ട്), മാങ്കുളം (40 മെഗാവാട്ട്), പീച്ചാട് (3 മെഗാവാട്ട്), വെസ്റ്റേൺ കല്ലാർ (5 മെഗാവാട്ട്), വളാംതോട് (7.5 മെഗാവാട്ട്), കീരിത്തോട് (12 മെഗാവാട്ട്), പശുക്കടവ് (4 മെഗാവാട്ട്), ചാത്തൻകോട്ടുനട I (5 മെഗാവാട്ട്), മാർമ്മല (7 മെഗാവാട്ട്) എന്നിവിടങ്ങളിലായി ആകെ 118.5 മെഗാവാട്ട് ശേഷിയുള്ള 11 ജലവൈദ്യുത പദ്ധതികളും പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. നിലവിലെ പ്രതികൂല സാഹചര്യങ്ങളിലും കേരളത്തിൽ 310 മെഗാവാട്ട് സൗരോർജ്ജ നിലയങ്ങളിൽനിന്നും 70 മെഗാവാട്ട് കാറ്റാടിപ്പാടങ്ങളിൽ നിന്നും ഉൽപ്പാദിപ്പിക്കുന്നുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ ഊർജ്ജ കേരള മിഷന്റെ ഭാഗമായി ആയിരം മെഗാവാട്ട് സൗരോർജ്ജം സംസ്ഥാനത്തെ വൈദ്യുതി ശൃംഖലയിൽ കൂട്ടിച്ചേർക്കാൻ ലക്ഷ്യമിട്ട് നടത്തുന്ന പദ്ധതിയാണ് സൗര. 500 മെഗാവാട്ട് പുരപ്പുറ സൗരനിലയങ്ങളിൽ നിന്നും ശേഷിക്കുന്ന സോളാർ പാർക്ക്, സ്വകാര്യ സംരംഭകർ, ഫ്ലോട്ടിംഗ് സോളാർ എന്നിങ്ങനെ വിവിധ മാർഗ്ഗങ്ങളിലൂടെ കൈവരിക്കാനുമുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. കിഫ്ബി ധനസഹായത്തോടെ സർക്കാർ കെട്ടിടങ്ങളുടെ പുരപ്പുറത്ത് സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന് 250 കോടി രൂപ കേരള സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) കെ.എസ്.ഇ.ബി.-യുടെ പ്രവർത്തന ചെലവും വൈദ്യുതി വാങ്ങൽ ചെലവും യുക്തിസഹമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

കെ.എസ്.ഇ.ബി.-യുടെ പ്രവർത്തന ചെലവും വൈദ്യുതി വാങ്ങൽ ചെലവും യുക്തിസഹമാക്കുന്നതിന് ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിക്കുന്നു.

1. കൂടിയ പലിശ നിരക്കിലുള്ള ലോണുകൾ തിരിച്ചടച്ച് കുറഞ്ഞ പലിശനിരക്കിലുള്ള ലോണുകൾ എടുക്കുന്നു.
2. നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് പ്രവർത്തന മികവ് വർദ്ധിപ്പിക്കുക.
3. ' ERP' മുതലായവ നടപ്പിലാക്കുന്നതുവഴി ജീവനക്കാരുടെ പുനർ വിന്യാസത്തിലൂടെ ചെലവ് ചുരുക്കുക.
4. കുറഞ്ഞ നിരക്കിലുള്ള വൈദ്യുതി വാങ്ങൽ കരാറുകളിൽ ഏർപ്പെട്ട് വൈദ്യുതി വാങ്ങൽ ചെലവ് ചുരുക്കുക.
5. കെ.എസ്.ഇ.ബി.-യുടെ കുടിശ്ശിക കൂടുതൽ ഊർജ്ജിത ശ്രമങ്ങളിലൂടെ പിരിച്ചെടുക്കുക എന്നിവയാണ്.

## കെ.എസ്.ഇ.ബി. സ്മാർട്ട് മീറ്റർ സമ്പ്രദായം

238 (623) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉപഭോക്താവ് മുൻകൂർ പണം നൽകുന്ന സ്മാർട്ട് മീറ്റർ സമ്പ്രദായം നടപ്പാക്കണമെന്ന് കേന്ദ്രം സംസ്ഥാനത്തോട് നിർദ്ദേശിക്കുകയുണ്ടായോ; വ്യക്തമാക്കാമോ?

കേന്ദ്ര സർക്കാർ 19-8-2021-ൽ പ്രസിദ്ധീകരിച്ച ഗസറ്റ് പ്രകാരം രാജ്യത്തെ കൃഷി ആവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ ഒഴികെയുള്ള എല്ലാ വൈദ്യുതി കണക്ഷനുകൾക്കും 2025 മാർച്ചോടെ മുൻകൂർ പണം നൽകുന്ന പ്രീപെയ്ഡ് സ്മാർട്ട് മീറ്റർ ഏർപ്പെടുത്തണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പ്രീ-പെയ്ഡ് സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതിലൂടെ പണം മുൻകൂറായി ലഭിക്കുമെന്നതും ഓഫീസിലിരുന്ന് ഉപഭോഗം അറിയാനും വൈദ്യുതി വിച്ഛേദിക്കാനും കഴിയുമെന്നതും മീറ്റർ റീഡിംഗിനും മറ്റുമായി ചെലവാക്കുന്ന തുക ലാഭിക്കാമെന്നതും ഇലക്ട്രിസിറ്റി ബോർഡിന് ഗുണകരമാകുമോ; വ്യക്തമാക്കാമോ?

മീറ്റർ റീഡിംഗ് ഓൺലൈൻ ആയി ലഭിക്കുന്നതിനാൽ നേരിട്ട് പോയി മീറ്ററിൽ നിന്നും റീഡിംഗ് എടുക്കേണ്ട ആവശ്യകത ഒഴിവാകുന്നു. ഇപ്പോൾ മാസത്തിൽ ഒരിക്കലോ രണ്ടു മാസത്തിൽ ഒരിക്കലോ റീഡിംഗ് എടുക്കുന്ന ഉപഭോക്താക്കളുടെ ബിൽ തുക വൈദ്യുതി ഉപഭോഗത്തിനുശേഷം ഏകദേശം മൂന്നു മാസത്തിനുള്ളിലാണ് കെ.എസ്.ഇ.ബി.എൽ.-ന് ലഭിക്കുന്നത്. പ്രീ-പെയ്ഡ് സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതോടുകൂടി കെ.എസ്.ഇ.ബി.എൽ.-ന് ഭാവിയിൽ ഭീമമായ കുടിശ്ശിക കുമിഞ്ഞു കൂടുന്നത് ഒഴിവാക്കാൻ സാധിക്കും. കൂടാതെ വൈദ്യുതിയുടെ ആവശ്യകത മുൻകൂർ ആയി ആസൂത്രണം ചെയ്യാൻ സാധിക്കുന്നതാണ്. അതിനാൽ പ്രീ-പെയ്ഡ് സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നത് കെ.എസ്.ഇ.ബി.എൽ.-ന് ഗുണകരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) വൻ മുതൽമുടക്കുള്ള പ്രീ-പെയ്ഡ് മീറ്ററുകൾ സ്ഥാപിക്കുന്നതിലൂടെ നേട്ടമുണ്ടാക്കുന്ന കെ.എസ്.ഇ.ബി.-യാണ് മീറ്റർ സ്ഥാപിക്കുന്നതിനുള്ള ചെലവ് വഹിക്കേണ്ടതെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ?

വൈദ്യുതി വിതരണ മേഖലയുടെ വികസനവും നവീകരണവും ലക്ഷ്യമാക്കി കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പുതിയ പദ്ധതിയായ RDSS (റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം)-ൽ എല്ലാ വിഭാഗത്തിലുമുള്ള ഉപഭോക്താക്കൾക്കുള്ള സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര ഊർജ്ജ വകുപ്പ് 20-7-2021-ൽ പ്രസ്തുത പദ്ധതി നോട്ടിഫൈ ചെയ്തിട്ടുള്ളതാകുന്നു. മീറ്റർ വിലയുടെ 15 ശതമാനം (അഥവാ പരമാവധി മീറ്ററിന് 900 രൂപ വരെ) കേന്ദ്ര വിഹിതമായി RDSS (റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം) പദ്ധതി പ്രകാരം ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

## കേന്ദ്ര സർക്കാരിന്റെ വൈദ്യുതി നിയമ ഭേദഗതി നിയമം

239 (624) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. എം. മുകേഷ്:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ നിർദ്ദിഷ്ട വൈദ്യുതി നിയമ ഭേദഗതി സൃഷ്ടിക്കാനിടയുള്ള പ്രശ്നങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

ഡീ-ലൈസൻസിംഗ് വഴി വൈദ്യുതി മേഖലയുടെ സ്വകാര്യവത്കരണത്തിന് ആക്കം കൂട്ടുന്ന നിർദ്ദേശങ്ങളാണ് 2021-ലെ വൈദ്യുതി നിയമ ഭേദഗതി നിർദ്ദേശത്തിലുള്ളത്. കൂട്ടത്തിൽ തന്നിഷ്ടപ്രകാരമുള്ള തെരഞ്ഞെടുപ്പിനുള്ള അവസരം (cherry picking) തുറന്നു കിട്ടുക വഴി സ്വകാര്യമേഖലയ്ക്ക് തങ്ങൾക്ക് ലാഭകരമായ ഉപഭോക്താക്കൾക്ക് മാത്രമായി സേവനം പരിമിതപ്പെടുത്താൻ സാധിക്കുകയും ചെയ്യും. ഇത് സമ്പൂർണ്ണ വൈദ്യുതീകരണം, എല്ലാ വിഭാഗങ്ങൾക്കും താങ്ങാൻ ആകുന്ന വിലയ്ക്ക് വൈദ്യുതി വിതരണം തുടങ്ങി വർഷങ്ങളുടെ പ്രയത്നംമൂലം കേരളം കൈവരിച്ച നേട്ടങ്ങൾ കൈവിട്ട് കളയുന്ന സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ എത്തിക്കുമെന്ന് സംസ്ഥാനം ആശങ്കപ്പെടുന്നു. ഉപഭോക്താവിന് ഇഷ്ടാനുസരണം സേവനദാതാവിനെ തെരഞ്ഞെടുക്കാം എന്നും അതിലൂടെ മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്താൻ സാധിക്കുമെന്ന മിഥ്യാധാരണ നൽകുന്ന പ്രസ്തുത നിർദ്ദേശങ്ങൾ മുഖേന യഥാർത്ഥത്തിൽ സേവന ദാതാവിനാണ് തെരഞ്ഞെടുക്കാൻ അവസരം നൽകുന്നത്. വർഷങ്ങൾക്കുശേഷം മാത്രം ലാഭം ലഭിക്കാൻ ഇടയുള്ള വൈദ്യുതി വിതരണ ശൃംഖലാ വികസന പദ്ധതികളിൽ മുതൽമുടക്കാൻ സ്വകാര്യ നിക്ഷേപകർ തയ്യാറാകില്ല. ഇത് ഭാവിയിൽ വിതരണ നഷ്ടം കൂടുന്നതിനും തദ്വാര വൈദ്യുതി വാങ്ങൽ ചെലവ് വർദ്ധിക്കാനും ഇടയാക്കും. വോൾട്ടേജ് ക്ഷാമം, അടിക്കടിയുണ്ടാകുന്ന വൈദ്യുതി മുടക്കം, ശൃംഖലയുടെ ശേഷിക്കുറവുമൂലം ഉണ്ടാകുന്ന ലോഡ് ഷെഡ്ഡിംഗ് എന്നിവ ഭാവിയിൽ തുടർക്കഥയാകും. ലാഭേച്ഛകൂടാതെ വനാന്തരങ്ങളിലും മറ്റ് വിദൂര പ്രദേശങ്ങളിലും വൈദ്യുതി എത്തിക്കാൻ ഭാവിയിൽ സാദ്ധ്യത ഇല്ലാതെയാകും എന്നും ഭയപ്പെടുന്നു. ക്രോസ് സബ്സിഡി ഇല്ലാതാകുന്ന സാഹചര്യം, നിലവിലുള്ള വൈദ്യുതി വാങ്ങൽ കരാറുകൾ (പ്രത്യേകിച്ച് ഉയർന്ന നിരക്ക് ഉള്ളവ) വഴിയുള്ള ബാദ്ധ്യത പുതിയ വിതരണ കമ്പനി ഏറ്റെടുക്കാൻ തയ്യാറാകാത്ത പക്ഷം കെ.എസ്.ഇ.ബി.-ക്ക് വരാൻ പോകുന്ന ബാദ്ധ്യത, വിതരണ ശൃംഖലയുടെ വികസനത്തിലും പരിപാലനത്തിലും വരാൻ സാദ്ധ്യതയുള്ള പ്രശ്നങ്ങൾ എന്നിവ ആശങ്ക ഉളവാക്കുന്നു.

(ബി) കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെടുന്ന വിഷയത്തിൽ ഏകപക്ഷീയമായി നടത്തുന്ന നിയമനിർമ്മാണം സംസ്ഥാന താല്പര്യത്തിനും ഫെഡറൽ തത്വങ്ങൾക്കും വിരുദ്ധമാണെന്ന് വിലയിരുത്തുന്നുണ്ടോ?

ഉണ്ട്. ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിൽ സമാവർത്തിപ്പട്ടികയിലെ ഇനം 38 ആയി ഉൾപ്പെടുത്തിയിട്ടുള്ളതും കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് നിയമനിർമ്മാണ അധികാരമുള്ളതുമായ വൈദ്യുതി മേഖലയെ സമഗ്രമായി ബാധിക്കുന്ന വൈദ്യുതി ഭേദഗതി ബിൽ പാർലമെന്റിൽ അവതരിപ്പിക്കുന്നതിന് മുൻപായി സംസ്ഥാനങ്ങളുമായി ചർച്ച ചെയ്യുവാനും സമവായത്തിലെത്തുവാനും കേന്ദ്ര സർക്കാരിന് ബാദ്ധ്യതയുണ്ട്. ഇതാണ് ഫെഡറൽ സംവിധാനത്തിന്റെ അന്തസത്ത. മുൻകാലങ്ങളിൽ വൈദ്യുതി മേഖലയിൽ കേന്ദ്ര സർക്കാർ ഇടപെടലുകൾ ഉണ്ടാകുമ്പോഴും വൈദ്യുതിവിതരണം തികച്ചും സംസ്ഥാനതലത്തിൽ ആണ് കൈകാര്യം ചെയ്തിരുന്നത്. സ്വകാര്യവൽക്കരണത്തിനായി സമ്മർദ്ദങ്ങൾ ഉണ്ടായിരുന്നപ്പോഴും സംസ്ഥാന സർക്കാരുകൾക്ക് ആയത് സംബന്ധിച്ച് തീരുമാനിക്കുവാനുള്ള അവകാശം നിലനിന്നിരുന്നു. എന്നാൽ അത്തരം അവകാശങ്ങൾ പോലും ഇല്ലാതാക്കി വൈദ്യുതി മേഖലയുടെ നിയന്ത്രണം പൂർണ്ണമായും കേന്ദ്രസർക്കാരിൽ നിക്ഷിപ്തമാക്കുന്ന സമീപനമാണ് 2021-ലെ വൈദ്യുതി നിയമ ഭേദഗതി മുന്നോട്ടുവയ്ക്കുന്നത് എന്നും വൈദ്യുതി മേഖലയുടെ തകർച്ചയ്ക്ക് കാരണമാകുന്നതും സാധാരണക്കാരന് വൈദ്യുതി അപ്രാപ്യം ആക്കിയേക്കാവുന്നതുമായ ഈ ഭേദഗതി രാജ്യത്തെ ഫെഡറൽ ഭരണ തത്വങ്ങൾക്ക് എതിരാണ് എന്നും സംസ്ഥാനം വിലയിരുത്തിയിട്ടുണ്ട്. വൈദ്യുതിമേഖല സംബന്ധിച്ച് തീരുമാനങ്ങളെടുക്കാൻ സംസ്ഥാനങ്ങൾക്കുള്ള അധികാരം കവരുന്നത് ഭരണഘടനയുടെ അടിസ്ഥാനത്തെ ദുർബ്ബലപ്പെടുത്തുമെന്നും ഈ കാരണങ്ങൾ കണക്കിലെടുത്ത് വൈദ്യുതി നിയമം ഭേദഗതി ചെയ്യുവാനുള്ള നീക്കത്തിൽ നിന്നും കേന്ദ്രസർക്കാർ പിന്മാറണമെന്നും വൈദ്യുതി ബിൽ ഭേദഗതി നിർദ്ദേശം പിൻവലിക്കണമെന്നും സംസ്ഥാന നിയമസഭ 30-8-2021-ന് ഒരു പ്രമേയത്തിലൂടെ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.

(സി) കെ.എസ്.ഇ.ബി. ലിമിറ്റഡ് ഉൾപ്പെടെയുള്ള പൊതുമേഖല വൈദ്യുതി കമ്പനികളെയും ഉപഭോക്താക്കളെയും ഒരുപോലെ പ്രതിസന്ധിയിലാക്കാനിടയുള്ള നടപടിക്രമങ്ങളിൽ നിന്ന് പിന്മാറണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ; വ്യക്തമാക്കാമോ?

ആവശ്യപ്പെട്ടിരുന്നു. വൈദ്യുതി ഭേദഗതി ബിൽ 2021 മുന്നോട്ട് വച്ചപ്പോൾ കെ.എസ്ഇ.ബി.എൽ. ഇത് സംസ്ഥാനത്തെ ഉപഭോക്താക്കളെയും പൊതുമേഖലാ

സ്ഥാപനത്തെയും എങ്ങനെയൊക്കെ ബാധിക്കുമെന്നത് സംബന്ധിച്ച് വിശദമായ കത്ത് മുഖേന 20-2-2021-ൽ കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നു. തുടർന്ന് ഇതുസംബന്ധിച്ച സംസ്ഥാനത്തിന്റെ നിലപാടും ഭേദഗതിമൂലം സാധാരണ ഉപഭോക്താക്കൾക്കും പൊതുമേഖലയ്ക്കും ഉണ്ടാകാനിടയുള്ള ആഘാതവും ബദൽ നിർദ്ദേശങ്ങളും കാര്യകാരണ സഹിതം 15-3-2021-ലെ എ 1/131/2020/ഊ.വ നമ്പർ അർദ്ധ ഔദ്യോഗികകത്ത് മുഖേന സംസ്ഥാനസർക്കാർ കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാന ബഹു. വൈദ്യുതി വകുപ്പ് മന്ത്രി 23-7-2021-ലെ 272/M(Ele)/L/2021 കത്ത് പ്രകാരം ഡീ ലൈസൻസിംഗും തുടർന്ന് വിതരണ കമ്പനികൾ തന്നിഷ്ടപ്രകാരം നടത്താൻ ഇടയുള്ള ഉപഭോക്താക്കളുടെ തെരഞ്ഞെടുപ്പ്, ക്രോസ് സബ്സിഡി ഇല്ലാതാകുന്ന സാഹചര്യം, നിലവിലുള്ള വൈദ്യുതി വാങ്ങൽ കരാറുകൾ (പ്രത്യേകിച്ച് ഉയർന്ന നിരക്ക് ഉള്ളവ) വഴിയുള്ള ബാദ്ധ്യത പുതിയ വിതരണ കമ്പനി ഏറ്റെടുക്കാൻ തയ്യാറാകാത്തപക്ഷം കെ.എസ്.ഇ.ബി.-ക്ക് വരാൻ പോകുന്ന ബാദ്ധ്യത, വിതരണ ശൃംഖലയുടെ വികസനത്തിലും പരിപാലനത്തിലും വരാൻ സാദ്ധ്യതയുള്ള പ്രശ്നങ്ങൾ തുടങ്ങിയവ സംബന്ധിച്ച സംസ്ഥാനത്തിന്റെ ആശങ്കകളും കേരളം വൈദ്യുതി വിതരണം പൊതുമേഖലയിൽ നിർത്തിക്കൊണ്ട് കൈവരിച്ച നേട്ടങ്ങളും കേന്ദ്ര ഊർജ്ജ വകുപ്പ് മന്ത്രിയെ അറിയിച്ചിട്ടുണ്ട്. 17-2-2021-ന് കേന്ദ്ര ഊർജ്ജ വകുപ്പ് മന്ത്രി വിവിധ സംസ്ഥാന ഊർജ്ജവകുപ്പ് സെക്രട്ടറിമാരും ഉത്പാദനപ്രസരണ-വിതരണ കമ്പനികളുടെ മേധാവികളുമായി നടത്തിയ ഓൺലൈൻ മീറ്റിംഗിലും ബഹുമാനപ്പെട്ട പ്രധാനമന്ത്രി 18-2-2021-ൽ നടത്തിയ വെബിനാറിലും പ്രസ്തുത ഭേദഗതി നിർദ്ദേശങ്ങൾ സംബന്ധിച്ച പരാമർശങ്ങൾ ഉണ്ടായിരുന്നു. തദവസരങ്ങളിലും കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ തങ്ങളുടെ ആശങ്കകളും ബദൽ നിർദ്ദേശങ്ങളും അവതരിപ്പിക്കുകയുണ്ടായി.

**ഇലക്ട്രിക് വാഹനങ്ങൾക്ക് ചാർജിംഗ് സ്റ്റേഷനുകൾ**

240 (625) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക് വാഹനങ്ങൾ കൂടി വരുന്ന സാഹചര്യത്തിൽ ഇത്തരം വാഹനങ്ങൾക്ക് ആവശ്യമായ കൂടുതൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

പെട്രോൾവില വർദ്ധനവുമൂലമുള്ള പ്രയാസം ഗണ്യമായി കുറയ്ക്കുക, പരിസ്ഥിതി മലിനീകരണം ലഘൂകരിക്കുക, ഊർജ്ജ സുരക്ഷ ഉറപ്പാക്കുക തുടങ്ങിയ സുപ്രധാനമായ, അടുത്ത തലമുറയെ വരെ സ്വാധീനിക്കുന്ന വൻലക്ഷ്യങ്ങൾ മുന്നിൽ

കണ്ട് വൈദ്യുതി വാഹനങ്ങൾക്ക് അതീവ പ്രാധാന്യം നൽകിവരുന്നു. ഇതിന്റെ ഭാഗമായി കേരള സർക്കാർ ഇ-വെഹിക്കിൾ പോളിസി പുറത്തിറക്കിയിട്ടുണ്ട്. വൈദ്യുതി വാഹനങ്ങളുടെ ഉപയോഗത്തിനും വിപണിയുടെ ഉണർവ്വിനും സുപ്രധാനമായ പങ്ക് വഹിക്കേണ്ടത് ചാർജ്ജിംഗ് സംവിധാനങ്ങളുടെ പര്യാപ്തത ആണ്. കേരള സർക്കാരിന്റെ ഇ-വെഹിക്കിൾ പോളിസി പ്രകാരം സംസ്ഥാനത്തുടനീളം മതിയായ തോതിൽ ചാർജ്ജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ.-നെയാണ് നോഡൽ ഏജൻസി ആയി തെരഞ്ഞെടുത്തിട്ടുള്ളത്. ഇപ്രകാരം എല്ലാ ജില്ലകളിലും ആയി 250-ൽ പരം വരുന്ന ഒരു ചാർജ്ജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കാൻ ലക്ഷ്യമിട്ട് കെ.എസ്.ഇ.ബി.എൽ. പ്രവർത്തിക്കുന്നു. സംസ്ഥാന സർക്കാരിന്റെ ഇ-മൊബിലിറ്റി പ്രൊമോഷൻ ഫണ്ടിൽനിന്നും പ്രാരംഭഘട്ടം ആയി ആറ് ജില്ലകളിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ സ്വന്തം സ്ഥലത്ത് ഫോർ വീലർ വാഹനങ്ങൾക്കായി ഇത്തരം സ്റ്റേഷനുകൾ സ്ഥാപിക്കുകയും അവ 7-11-2020 മുതൽ പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുകയും ചെയ്തിരിക്കുന്നു. കേരളത്തിൽ ഇതുവരെ കമ്മീഷൻ ചെയ്തുകഴിഞ്ഞ സ്റ്റേഷനുകൾ താഴെ ചേർക്കുന്നു.

1. നേമം, തിരുവനന്തപുരം
2. ഓലൈ, കൊല്ലം
3. പാലാരിവട്ടം, എറണാകുളം
4. വിയ്യൂർ, തൃശ്ശൂർ
5. നല്ലളം, കോഴിക്കോട്
6. ചൊവ്വ, കണ്ണൂർ.

സംസ്ഥാന ഗവൺമെന്റിന്റെ ഇ-മൊബിലിറ്റി പ്രൊമോഷൻ ഫണ്ടിൽനിന്നും 26 പുതിയ ചാർജ്ജിംഗ് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതികൂടി ലഭിച്ചിട്ടുണ്ട്. അത്രയും സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുകയാണ്. അതോടൊപ്പം കേന്ദ്ര ഗവൺമെന്റിന്റെ ഫെയിം -II പദ്ധതി പ്രകാരം ഉള്ള 30 ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾകൂടി നടന്നുവരികയാണ്. ഇത്തരത്തിൽ എല്ലാ ജില്ലകളിലുമായി 56 സ്റ്റേഷനുകളുടെ നിർമ്മാണം ഏതാനും മാസങ്ങൾക്കുള്ളിൽ തന്നെ പൂർത്തീകരിക്കുന്നതായിരിക്കും. ഇതോടൊപ്പം ഇലക്ട്രിക് ഓട്ടോറിക്ഷകൾ ചാർജ്ജ് ചെയ്യുന്നതിനായി കോഴിക്കോട് ജില്ലയിൽ വിതരണ പോളുകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ പത്ത് ചാർജ്ജിംഗ് സ്റ്റേഷനുകൾ കൂടി നിർമ്മിക്കുന്നതിനുള്ള നടപടികൾ മുന്നോട്ട് പോകുന്നു. ഇലക്ട്രിക്

വാഹനങ്ങൾ കൂടി വരുന്ന സാഹചര്യത്തിൽ ഇത്തരം വാഹനങ്ങൾക്ക് ആവശ്യമായ കൂടുതൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി ദേശീയ, സംസ്ഥാന പാതകൾ ഉൾപ്പെടെയുള്ള പ്രധാന റോഡുകൾക്ക് സമീപം ചാർജ്ജിംഗ് സ്റ്റേഷനുകൾ അനെർട്ട് മുഖേനയും സ്ഥാപിച്ചുവരുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, ഇടുക്കി, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളിലായി ആകെ 9 ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചുകഴിഞ്ഞു. ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ ഓരോ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പ്രവൃത്തി നടന്നുവരുന്നു. ഓരോ 100 കിലോമീറ്ററിനുള്ളിൽ ഒരു ചാർജ്ജിംഗ് സ്റ്റേഷൻ എന്ന രീതിയിൽ സ്ഥാപിക്കുന്നതിനാണ് അനെർട്ട് ആദ്യഘട്ടത്തിൽ ലക്ഷ്യമിടുന്നത്. ഇതിനായി എനർജി എഫിഷ്യൻസി സർവ്വീസ് ലിമിറ്റഡ് (E.E.S.L.) എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനവുമായി ചേർന്ന് സംസ്ഥാനത്ത് സർക്കാർ, പൊതുമേഖലാ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുടെ ഉടമസ്ഥതയിലുള്ള സൗകര്യപ്രദമായ സ്ഥലങ്ങൾ ലഭ്യമാണെങ്കിൽ അവിടെ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതാണ്. സ്വകാര്യ സംരംഭകരെക്കൂടി ഇ.വി. ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിൽ പങ്കാളികളാക്കാനുള്ള നടപടി അനെർട്ട് സ്വീകരിച്ചിട്ടുണ്ട്. പ്രധാന റോഡുകൾക്ക് സമീപമുള്ള ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, മാളുകൾ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്ന ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി ഉത്പാദനത്തിന് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനനുയോജ്യമായ സ്റ്റേഷനുകളിൽ ഇതിനായി അനെർട്ട് മുഖേന ധനസഹായം നൽകുന്നതിനുള്ള പദ്ധതി ഈ സാമ്പത്തികവർഷം നടപ്പിലാക്കുന്നതാണ്.

(ബി) കണ്ണൂർ ജില്ലയിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് കെ.എസ്.ഇ.ബി.-യുടെ കീഴിൽ ചാർജിംഗ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കണ്ണൂർ ജില്ലയിൽ ചൊവ്വ സബ് സ്റ്റേഷനിലാണ് ഇപ്പോൾ ചാർജിംഗ് സ്റ്റേഷൻ പ്രവർത്തിക്കുന്നത്.

**വൈദ്യുതി നിരക്ക് പരിഷ്കരണം**

241 (626) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്നതിനുള്ള കരട് മാനദണ്ഡങ്ങളിൽ ചിലത് സംസ്ഥാന താൽപ്പര്യത്തിന് വിരുദ്ധമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ചില കരട് നിർദ്ദേശങ്ങളിന്മേൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനു മുമ്പാകെ പുനഃപരിശോധന ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ആക്ഷേപങ്ങൾ ഒഴിവാക്കി വൈദ്യുതി നിരക്ക് പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള കരട് താരിഫ് നിർണ്ണയ ചട്ടങ്ങളിന്മേൽ ദോഷകരമായതുൾപ്പെടെ കെ.എസ്.ഇ.ബി. ലിമിറ്റഡിനുള്ള നിലപാട് രേഖാമൂലം 14.9.2021-ലും തുടർന്ന് നടത്തിയ പൊതു തെളിവെടുപ്പിലും അറിയിച്ചിട്ടുണ്ട്.

**വൈദ്യുതി നിരക്ക് വർദ്ധന**

242 (627) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുവാൻ റെഗുലേറ്ററി കമ്മീഷൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഒന്നും തന്നെ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ സംസ്ഥാനത്തെ വിവിധ വിഭാഗം ലൈസൻസികളുടെ പ്രതീക്ഷിത വരവ് ചെലവ് കണക്കുകൾ {(Aggregate Revenue Requirement & Expected Revenue from charges- (ARR&ERC)} നിർണ്ണയിക്കേണ്ടത് എപ്രകാരമെന്നും ഇങ്ങനെ നിർണ്ണയിക്കപ്പെടുന്ന വരവ് ചെലവ് കണക്കുകളുടെ അടിസ്ഥാനത്തിൽ താരിഫ് എപ്രകാരമാണ് നിർണ്ണയിക്കേണ്ടതെന്നും പ്രതിപാദിക്കുന്ന മാനദണ്ഡങ്ങളാണ് കരട് ചട്ടത്തിലുള്ളത്. കൂടാതെ വിവിധങ്ങളായ മറ്റു ചാർജ്ജുകൾ (ഇന്ധന സർചാർജ്, ട്രാൻസ്മിഷൻ ചാർജ്, വീലിംഗ് ചാർജ്, ക്രോസ് സബ്സിഡി ചാർജ്) നിർണ്ണയിക്കേണ്ടത് എപ്രകാരമാണെന്നും വ്യവസ്ഥ ചെയ്യുന്നു. ടി കരട് താരിഫ് ചട്ടങ്ങളിന്മേൽ ഉപഭോക്താക്കളുടെയും പൊതുജനങ്ങളുടെയും രേഖാമൂലമുള്ള അഭിപ്രായങ്ങൾ ആരായുകയും പൊതുതെളിവെടുപ്പ് നടത്തിയതിനുംശേഷമാണ് അന്തിമ ചട്ടങ്ങൾ പുറപ്പെടുവിക്കുന്നത്.

(ബി) വൈദ്യുതി നിരക്ക് എന്നത്തേയ്ക്ക് വർദ്ധിപ്പിക്കാനാണ് തീരുമാനിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ?

നിലവിൽ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്നതിനുള്ള തീരുമാനങ്ങൾ ഒന്നുംതന്നെ എടുത്തിട്ടില്ല.

(സി) നിരക്ക് മാനദണ്ഡങ്ങൾക്ക് അന്തിമരൂപം നൽകുന്നതിന് മുൻപ് പൊതുജനാഭിപ്രായം അറിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ കരട് താരിഫ് നിർണ്ണയ ചട്ടങ്ങളിന്മേൽ ഉപഭോക്താക്കൾക്കും പൊതുജനങ്ങൾക്കും തങ്ങളുടെ അഭിപ്രായം രേഖാമൂലം അറിയിക്കുന്നതിന് ഒരു മാസത്തെ സമയം അനുവദിച്ചിരുന്നു.

## ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിച്ചതിന്റെ ചെലവ്

243 (628) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021 കാലത്ത് മാനന്തവാടി നിയോജകമണ്ഡലത്തിൽ റോഡ് വികസനത്തിന്റെ ഭാഗമായി ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിച്ചതിലേയ്ക്കായി പൊതുമരാമത്ത് വകുപ്പിൽനിന്നും എത്ര രൂപ ലഭ്യമായിട്ടുണ്ട്?

1,11,26,722 (ഒരു കോടി പതിനൊന്നുലക്ഷത്തി ഇരുപത്തിയാറായിരത്തി എഴുന്നൂറ്റി ഇരുപത്തിരണ്ട് ) രൂപ ലഭ്യമായിട്ടുണ്ട്.

(ബി) ഇതിലുൾപ്പെട്ട ഓരോ റോഡിന്റെ പേരും എത്ര ഇലക്ട്രിക് പോസ്റ്റുകളാണ് മാറ്റി സ്ഥാപിച്ചതെന്നും ഓരോ റോഡിനും ഈടാക്കിയ തുകയും വിശദമാക്കാമോ?

ഇതു സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## വൈദ്യുതിക്ഷാമം ഒഴിവാക്കാൻ പദ്ധതികൾ

244 (629) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിക്ഷാമം ഇല്ലെന്ന് ഉറപ്പ് വരുത്തുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ?

വൈദ്യുതിക്ഷാമം ഇല്ലെന്ന് ഉറപ്പുവരുത്തുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

വിവിധ കാരണങ്ങളാൽ നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങിക്കിടന്ന ജലവൈദ്യുത പദ്ധതികളായിരുന്ന ചാത്തൻകോട്ടുനട സ്റ്റേജ് II (3x2 MW), പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം (2x30 MW), തോട്ടിയാർ (1x30 MW+1x10 MW) ജലവൈദ്യുത പദ്ധതികൾ.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. ചാത്തൻകോട്ടുനട സ്റ്റേജ് II (3x2 MW) പദ്ധതി 20-2-2021-ന് രാഷ്ട്രത്തിന് സമർപ്പിച്ചു.

2. പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം (2x30 MW)- പ്രസ്തുത പദ്ധതിയുടെ ബാക്കിയുള്ള ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ 11-8-2021-ന് റീ-ടെണ്ടർ ചെയ്തിരിക്കുകയാണ്. ഒക്ടോബർ 2022-ന് പദ്ധതി പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു.

3. തോട്ടിയാർ (1x30 MW+1x10 MW) -ബാക്കിയുള്ള ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ വിഭജിച്ച് ടെണ്ടർ ക്ഷണിക്കുകയും പ്രവൃത്തികൾ നടന്നുവരികയും ചെയ്യുന്നു. മേയ് 2022-ൽ പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു.

<u>നിർമ്മാണത്തിലിരിക്കുന്ന മറ്റ് പദ്ധതികൾ ഇപ്രകാരമാണ്.</u>

4. പെരിങ്ങൽകുത്ത് SHEP (1x24MW) -പ്രസ്തുത പദ്ധതിയുടെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ 94.9% പൂർത്തീകരിച്ചു. മാർച്ച് 2022-ൽ പദ്ധതി പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു.

5. ഭൂതത്താൻകെട്ട് (3x8 MW) Rate escalation-ന് വേണ്ടി കോൺട്രാക്ടർ കേസ് ഫയൽ ചെയ്തിരുന്നു. എന്നാൽ കോൺട്രാക്ടറുമായി 30.7.2021-ന് കെ.എസ്.ഇ.ബി. ലിമിറ്റഡ് ചർച്ച നടത്തുകയും കോൺട്രാക്ടർ മെഷീൻ ഇറക്കുമതി ചെയ്യുവാൻ ഒരു നിർദ്ദിഷ്ട തുക അഡ്വാൻസ് കൊടുക്കുവാൻ ആവശ്യപ്പെട്ടിരിക്കുന്നു.

6. പെരുവണ്ണാമൂഴി SHEP (2x3MW) -25-1-2021- ൽ പ്രസ്തുത പദ്ധതിയുടെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ M/s കിർലോസ്കർ ബ്രദേഴ്സ് ലിമിറ്റഡ് എന്ന കമ്പനിക്ക് അവാർഡ് ചെയ്തു. ഡ്രോയിംഗ് അപ്രൂവൽ പുരോഗമിക്കുന്നു. 2023 മാർച്ച് മാസം പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു.

7. പഴശ്ശിസാഗർ SHEP (3x2.5 MW) 25-1-2021- ൽ പ്രസ്തുത പദ്ധതിയുടെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ M/s കിർലോസ്കർ ബ്രദേഴ്സ് ലിമിറ്റഡ് എന്ന കമ്പനിക്ക് അവാർഡ് ചെയ്തു. ഡ്രോയിംഗ് അപ്രൂവൽ പുരോഗമിക്കുന്നു. 2023 സെപ്റ്റംബർ മാസം പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു.

8. അപ്പർ കല്ലാർ SHEP (2x1 MW) -പ്രസ്തുത പദ്ധതിയുടെ രണ്ട് മെഷീനുകളുടെയും മെക്കാനിക്കൽ സ്പിന്നിംഗ് 5-9-2021-ൽ നടന്നു. ജലവൈദ്യുത പദ്ധതികളായ ഇടുക്കി (ഒന്നാം ഘട്ടം 3x130 MW), ഷോളയാർ (3x18 MW) (പവർഹൗസും പെൻസ്റ്റോക്കും) നിലയങ്ങളുടെ പുനരുദ്ധാരണ നവീകരണ പ്രവൃത്തികൾ പൂർത്തിയാക്കി.

9. കുറ്റ്യാടി ജലവൈദ്യുത പദ്ധതി (3x25 MW to 3x27.5 MW) പ്രസ്തുത പദ്ധതികളുടെ പുനരുദ്ധാരണ നവീകരണ ശേഷി വർദ്ധിപ്പിക്കൽ പുരോഗമിക്കുന്നു. M/s ഭാരത് ഹെവി ഇലക്ട്രിക്കൽസ് ആണ് കരാറുകാരൻ. പ്രസ്തുത പ്രവൃത്തി 2023 സെപ്റ്റംബർ മാസം പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു. ടെൻഡറിംഗ് സ്റ്റേജിലുള്ള മറ്റ് പദ്ധതികൾ ഇപ്രകാരമാണ്. ചിന്നാർ (2x12 MW), ആനക്കയം (3x2.5 MW), മാരിപ്പുഴ (2x3 MW), ഒലീക്കൽ (2X2.5 MW), പൂവരംതോട് (2x1.5 MW)

(ബി) ട്രാൻസ്ഗ്രിഡ് പദ്ധതി പൂർത്തീകരിക്കുവാൻ സ്വീകരിക്കുന്ന നടപടികളെകുറിച്ച് വ്യക്തമാക്കാമോ?

സംസ്ഥാനത്തിന്റെ പ്രസരണ ശൃംഖലയുടെ ശേഷി വർദ്ധിപ്പിച്ച് പ്രസരണ നഷ്ടം കുറയ്ക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള വൻകിട പദ്ധതിയാണ് ട്രാൻസ്ഗ്രിഡ്. പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി ഒരു ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ പ്രത്യേക വിഭാഗം ഷൊർണ്ണൂർ ആസ്ഥാനമായി പ്രവൃത്തിക്കുന്നു. കൂടാതെ കേരളത്തിന്റെ തെക്ക്, വടക്ക് മേഖലയിലെ നിർമ്മാണപ്രവൃത്തികളുടെ മേൽനോട്ടത്തിനായി കളമശ്ശേരിയും ഷൊർണ്ണൂരും ആസ്ഥാനമായി രണ്ട് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരുടെ ഓഫീസുകളും പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത ഓഫീസിനുകീഴിലുള്ള വിവിധ കൺസ്ട്രക്ഷൻ വിഭാഗങ്ങളിലൂടെ വിശദമായ പദ്ധതി റിപ്പോർട്ട്, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുകയും സാമ്പത്തിക സ്രോതസ്സുകളായ KIIFB, PSDF, MNRE എന്നിവയിൽ നിന്നുള്ള അനുമതി നേടിയെടുക്കുകയും ചെയ്തുവരുന്നു. സമയബന്ധിതമായി ടെണ്ടർ നടപടികൾ പൂർത്തിയാക്കി വിവിധ സർക്കാർ വകുപ്പുകളുടെ സഹകരണത്തോടുകൂടി പ്രസ്തുത പദ്ധതി വിവിധ പാക്കേജുകളായി നടപ്പിലാക്കി കൃത്യമായ പുരോഗതി വിലയിരുത്തിവരുന്നു. ഗവൺമെന്റിന്റെ ഫ്ലാഗ്ഷിപ്പ് പ്രോജക്ടുകളിൽ ഉൾപ്പെട്ട ടി പദ്ധതിയുടെ പുരോഗതി ബോർഡ് തലത്തിൽ വിലയിരുത്തുന്നതിന് പുറമേ ചീഫ് സെക്രട്ടറി ഉൾപ്പെടുന്ന ഉന്നതതല കമ്മിറ്റിയും കൃത്യമായ ഇടവേളകളിൽ അവലോകനം ചെയ്തു വരുന്നു.

**ഭൂഗർഭ വൈദ്യുത പദ്ധതി**

245 (630) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭ വൈദ്യുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

താരതമേന്യ ചെലവേറിയ പദ്ധതിയായതുകൊണ്ടും ഇത്തരത്തിലുണ്ടാകുന്ന ഭീമമായ ചെലവ് വൈദ്യുതി താരിഫിൽ പ്രതിഫലിക്കുന്നതുകൊണ്ടും ഘട്ടംഘട്ടമായി ഭൂഗർഭ വൈദ്യുതി പദ്ധതി നടപ്പിലാക്കാനാണ് കെ.എസ്.ഇ.ബി.എൽ. തീരുമാനിച്ചിരിക്കുന്നത്. ഊർജ്ജ കേരള മിഷനിൽ ഉൾപ്പെടുത്തി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച വിതരണശൃംഖല നവീകരണ പദ്ധതിയായ ദ്യുതിയിൽ സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിലായി 245.51 കോടി രൂപയുടെ 1425.2 കി.മീ. ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. 2018-ലെയും 2019-ലെയും പ്രളയം മൂലവും കേന്ദ്രാവിഷ്കൃത പദ്ധതികളായ DDUGJY, IPDS എന്നിവ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതുകൊണ്ടും കോവിഡ്-19-ന്റെ ഭാഗമായി ഏർപ്പെടുത്തിയ സമ്പൂർണ്ണ ലോക്ക്ഡൗൺമൂലവും വിചാരിച്ച പുരോഗതി ദ്യുതിയുടെ പ്രവൃത്തികളിൽ നേടാൻ സാധിച്ചിട്ടില്ല. എന്നിരുന്നാലും 60.57 കോടി രൂപ ചെലവഴിച്ച് 354.33 കി.മീ. ഭൂഗർഭ കേബിൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) ഭൂഗർഭ കേബിൾ പദ്ധതി ഇതുവരെ നടപ്പിലാക്കിയ നഗരങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുകയെത്ര; വിശദമാക്കാമോ?

1,115.18 കോടി രൂപയ്ക്ക് പൂർത്തീകരിച്ച കേന്ദ്ര പദ്ധതിയായ Re-structured Accelerated Power Development and Reforms Programme (RAPDRP)-ൽപ്പെടുത്തി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ 3 നഗരങ്ങളിലും, ആലപ്പുഴ, അരൂർ, ആറ്റിങ്ങൽ, ചാലക്കുടി, ചങ്ങനാശേരി, ചേർത്തല, ചോക്കിലി-പെരിങ്ങടൂർ, കാഞ്ഞങ്ങാട്, കണ്ണൂർ, കാസർഗോഡ്, കായംകുളം, കൊല്ലം, കോട്ടയം, മലപ്പുറം, മാട്ടനൂർ, നെടുമങ്ങാട്, നെയ്യാറ്റിൻകര, പാലക്കാട്, പാപ്പിനിശ്ശേരി, പയ്യന്നൂർ, തളിപറമ്പ, തിരുവല്ല, തൃശ്ശൂർ, തിരൂർ, വടകര, വർക്കല എന്നീ 26 ടൗണുകളിലും കൂടി 1052.335 കിലോമീറ്റർ ഭൂഗർഭ കേബിളുകൾ സ്ഥാപിച്ചു. 579.714 കോടി രൂപയ്ക്ക് പൂർത്തീകരിച്ച കേന്ദ്ര പദ്ധതിയായ Integrated Power Development Scheme(IPDS)-ൽപ്പെടുത്തി തിരുവനന്തപുരം, കാട്ടാക്കട, എറണാകുളം, കാസർഗോഡ്, കൊല്ലം, കോട്ടയം, പത്തനംതിട്ട, കോഴിക്കോട്, പാലക്കാട്, തൃശ്ശൂർ, തിരൂർ, പാല, പെരുമ്പാവൂർ, കൽപ്പറ്റ, ശ്രീകണ്ഠപുരം എന്നീ ടൗണുകളിൽ 205.5 കിലോമീറ്റർ ഭൂഗർഭ കേബിളുകൾ സ്ഥാപിച്ചിട്ടുണ്ട്.

(സി) ഗ്രാമീണ മേഖലയിൽ ഭൂഗർഭ വൈദ്യുതി പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പദ്ധതിക്കായി തെരഞ്ഞെടുത്ത ഗ്രാമങ്ങളുടെ വിശദാംശം നൽകുമോ?

കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച Revamped Distribution Sector Scheme-ന്റെ ഭാഗമായി ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്ന പ്രവൃത്തികളും ഉൾപ്പെടുത്താൻ സാധിക്കുന്നതാണ്. കേന്ദ്ര പദ്ധതിയായ Revamped Distribution Sector Scheme (RDSS)-ൽപ്പെടുത്തി നഗര-ഗ്രാമ പ്രദേശ ഭേദമെന്യേ ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നതിനുള്ള ആക്ഷൻ പ്ലാനും ഡി.പി.ആർ.-ഉം ആവിഷ്കരിച്ചുവരികയാണ്.

## സ്കൂൾ വിദ്യാർത്ഥികൾക്ക് ഊർജ്ജ സംരക്ഷണ ബോധവൽക്കരണം

246 (631) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ വിദ്യാർത്ഥികളിൽ ഊർജ്ജ ഉപയോഗത്തിന്റെയും സംരക്ഷണത്തിന്റെയും പ്രാധാന്യം ബോധ്യപ്പെടുത്താനുതകുന്ന പ്രത്യേക പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതികളിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദമാക്കാമോ?

ഊർജ്ജ സംരക്ഷണ വിഷയത്തിൽ സ്കൂൾ വിദ്യാർത്ഥികളെ പങ്കാളികളാക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയ പദ്ധതിയാണ് സ്മാർട്ട് എനർജി പ്രോഗ്രാം. ഇതിന്റെ ഭാഗമായി 41 വിദ്യാഭ്യാസ ജില്ലകളിൽ നിന്നായി 8405 സ്കൂളുകളെ സംഘടിപ്പിച്ച് ഒരു ലക്ഷത്തോളം കുട്ടികളുടെ നേതൃത്വത്തിൽ ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ 2020-21 അദ്ധ്യയന വർഷം നടത്തിയിരുന്നു. ഈ പദ്ധതി അൺ എയ്ഡഡ് സ്കൂളുകളിലേയ്ക്കും വ്യാപിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. നാളത്തേക്കിത്തിരി ഊർജ്ജം, ലാഭപ്രഭ എന്നീ പദ്ധതികൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഊർജ്ജ സംരക്ഷണ നിയമത്തിന്റെ ഭാഗമായി എന്തെല്ലാം വിദ്യാഭ്യാസ പരിപാടികളാണ് വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് നടന്നു വരുന്നതെന്ന് വ്യക്തമാക്കാമോ?

ഊർജ്ജ സംരക്ഷണ വിഷയത്തിൽ സ്കൂൾ വിദ്യാർത്ഥികളെ പങ്കാളികളാക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കുന്ന സ്മാർട്ട് എനർജി പ്രോഗ്രാം സംസ്ഥാനത്തെ 8405 വിദ്യാലയങ്ങളിൽ നടത്തിവരുന്നു. സ്കൂൾ കെട്ടിടങ്ങളുടെ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ സ്കൂളുകളുടെ ഊർജ്ജ ഓഡിറ്റ് നടത്തിവരുന്നു. ഇതിന്റെ ഭാഗമായി കാട്ടാക്കട

നിയോജകമണ്ഡലത്തിൽ തെരഞ്ഞെടുത്ത 53 സർക്കാർ എയ്ഡഡ് സ്കൂളുകളുടെ ഊർജ്ജ ഓഡിറ്റ് നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഈ ഊർജ്ജ ഓഡിറ്റ് റിപ്പോർട്ടുകളുടെ പ്രകാശനം ബഹു. പൊതു വിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി ശ്രീ. വി. ശിവൻകുട്ടി 2021 ജൂൺ 5-ന് തിരുവനന്തപുരത്ത് നിർവ്വഹിച്ചു. ബഹു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ഡി. സുരേഷ് കുമാർ, കാട്ടാക്കട എം.എൽ.എ. ശ്രീ. ഐ. ബി. സതീഷ്, ഇ.എം.സി. ഡയറക്ടർ ഡോ. ആർ. ഹരികുമാർ, ഊർജ്ജ ഓഡിറ്റർ ശ്രീ. സുരേഷ് ബാബു ബി. വി. എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു. ഊർജ്ജ ഓഡിറ്റ് നടത്തിയതിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത 6 സ്കൂളുകളിൽ ഊർജ്ജ കാര്യക്ഷമത കുറഞ്ഞ ഉപകരണങ്ങൾ മാറ്റി ഊർജ്ജ കാര്യക്ഷമത കൂടിയ ലൈറ്റുകളും ഫാനുകളും മാറ്റി സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചു. നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഇ.എം.സി. " ഊർജ്ജയാൻ" പദ്ധതി നടത്തിവരുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ നേമം, കഴക്കൂട്ടം എന്നീ നിയോജക മണ്ഡലങ്ങളിലെ തെരഞ്ഞെടുത്ത സർക്കാർ/എയ്ഡഡ് സ്കൂളുകളുടെ ഊർജ്ജ ഓഡിറ്റ് ആരംഭിച്ചു. കൂടാതെ പാലക്കാട് ജില്ലയെ ഊർജ്ജ കാര്യക്ഷമമായ ജില്ലയായി മാറ്റുന്നതിന്റെ ഭാഗമായി തെരഞ്ഞെടുത്ത സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളുടെ ഊർജ്ജ ഓഡിറ്റ് ആരംഭിച്ചു. ഊർജ്ജ ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചതിനുശേഷം ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് തെരഞ്ഞെടുത്ത സ്കൂളുകളിൽ ഊർജ്ജ കാര്യക്ഷമത കുറഞ്ഞ ഫാനുകളും ലൈറ്റുകളും മാറ്റി ഊർജജ കാര്യക്ഷമത കൂടിയ ഉപകരണങ്ങൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ ആരംഭിക്കുന്ന വിഷയം പരിഗണിക്കാവുന്നതാണ്.

## മലബാർ മേഖലകളിലെ വൈദ്യുതി പദ്ധതി

247 (632) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഉൾപ്പെടെയുള്ള മലബാർ പ്രദേശത്തെ വൈദ്യുതി മേഖലയ്ക്ക് ഗുണകരമാകുന്ന ഏതെങ്കിലും കേന്ദ്ര പദ്ധതികൾ കർണ്ണാടക സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

കേന്ദ്ര പദ്ധതിയുടെ ഭാഗമായി കാസർഗോഡ് ജില്ലയിലെ കരിന്തളത്ത് പുതുതായി ഒരു 400 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഇവിടത്തേയ്ക്കുള്ള വൈദ്യുതി ലഭിക്കുന്നത് കർണ്ണാടകയിലെ ഉഡുപ്പിയിൽ നിന്നാണ്. ഉഡുപ്പിയിൽ നിന്നുള്ള 400 കെ.വി. വൈദ്യുത ലൈൻ കർണ്ണാടകയിലെ ഉഡുപ്പി, ദക്ഷിണ കന്നട, കേരളത്തിലെ കാസർഗോഡ് ജില്ല എന്നിവിടങ്ങളിൽ കൂടിയാണ് കടന്നുപോകുന്നത്.

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതോടെ സംസ്ഥാനത്തെ ഏതെല്ലാം ജില്ലകൾക്കാണ് ഇതിന്റെ പ്രയോജനം ലഭ്യമാകുന്നതെന്നും ഉപഭോക്താക്കൾക്ക് എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാകുകയെന്നും വിശദമാക്കാമോ?

കാസർഗോഡ്, കരിന്തളം 400 കെ.വി. സബ്സ്റ്റേഷൻ പൂർത്തിയാകുന്നതോടെ കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട് ജില്ലകൾക്കാണ് പ്രയോജനം ലഭിക്കുക. കൃത്യമായ വോൾട്ടേജിലുള്ള ഗുണമേന്മയുള്ള വൈദ്യുതി തടസ്സരഹിതമായി ലഭിക്കുമെന്നതാണ് ഇതിന്റെ നേട്ടം.

(സി) പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കുമെന്ന് വിശദമാക്കാമോ?

ഈ പദ്ധതി കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിനുകീഴിൽ വരുന്നതാണ്. സ്റ്റാർലൈറ്റ് പവർ ട്രാൻസ്മിഷൻ ലിമിറ്റഡ് എന്ന കമ്പനിയുടെ കീഴിലുള്ള ഉഡുപ്പി കാസർഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡ് ആണ് ഈ പദ്ധതിയുടെ നിർമ്മാണം നടത്തുന്നത്. പ്രസ്തുത പദ്ധതി 2022 ഡിസംബറിൽ പൂർത്തിയാകുമെന്നാണ് ടി കമ്പനിയിൽ നിന്ന് ലഭ്യമായ വിവരം.

## മറിപ്പുഴ ചെറുകിട ജലവൈദ്യുത പദ്ധതി

248 (633) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ മറിപ്പുഴ ചെറുകിട ജലവൈദ്യുത പദ്ധതി നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

തിരുവമ്പാടി മണ്ഡലത്തിലെ മറിപ്പുഴ പദ്ധതിക്കാവശ്യമായ സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായിട്ടില്ല. ആവശ്യമായ ഭൂമി ഏറ്റെടുക്കൽ പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാവുന്നതാണ്.

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കലും ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്ന പ്രവൃത്തിയും ത്വരിതഗതിയിൽ നടന്നു വരുന്നു.

## അഴീക്കോട് മണ്ഡലത്തിലെ വൈദ്യുതി പദ്ധതികൾ

249 (634) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നിലവിൽ ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇല്ലെങ്കിൽ പുതിയ പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(എ&ബി) അഴീക്കോട് നിയോജകമണ്ഡലത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ തനതു ഫണ്ട് ഉപയോഗിച്ച് നടന്നുവരുന്ന ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി 29.483 കി.മീ. എച്ച്.ടി. ലൈനും 45.978 കി.മീ. എൽ.ടി. ലൈനും നിർമ്മിക്കുന്ന പ്രവൃത്തികളും 54 പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും 657.725 കി.മീ. ലൈൻ റീ-കണ്ടക്ടറിംഗ് നടത്തുന്ന പ്രവൃത്തികളും ഉൾപ്പെടെ ആകെ 2111 ലക്ഷം രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. കൂടാതെ ഫിലമെന്റ് ബൾബുകൾക്കും ഫ്ലൂറസെന്റ് വിളക്കുകൾക്കും പകരം കാര്യക്ഷമതയുള്ള എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്ന " ഫിലമെന്റ് രഹിത കേരളം" പദ്ധതി, പരമ്പരാഗത തെരുവുവിളക്കുകൾ മാറ്റി എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിക്കുന്ന " നിലാവ്" പദ്ധതി, കെ-ഫോൺ പദ്ധതി എന്നിവയും അഴിക്കോട് നിയോജകമണ്ഡലത്തിൽ നടന്നുവരുന്നു. അഴിക്കോട് മണ്ഡലത്തിലെ പാപ്പിനിശ്ശേരിയിൽ പുതിയ 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണത്തിനുവേണ്ടി പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കി സാങ്കേതിക പഠനം നടത്തുവാനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതിയ സബ്സ്റ്റേഷൻ ആവശ്യമാണെന്ന് കണ്ടാൽ സ്ഥല ലഭ്യത പരിഗണിച്ച് ടി സബ്സ്റ്റേഷൻ നിർമ്മാണത്തിനുള്ള നടപടിക്രമങ്ങൾ തുടങ്ങുന്നതാണ്.

## പ്രീ-പെയ്ഡ് സ്മാർട്ട് മീറ്റർ

250 (635) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ എല്ലാ വൈദ്യുതി കണക്ഷനുകൾക്കും 2025 മാർച്ചോടെ പ്രീ-പെയ്ഡ് സ്മാർട്ട് മീറ്റർ ഏർപ്പെടുത്തണമെന്ന കേന്ദ്ര നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി സജ്ജീകരിച്ച സംവിധാനങ്ങളും സൗകര്യങ്ങളും എന്തൊക്കെയെന്ന് വിശദമാക്കാമോ?

കേന്ദ്രസർക്കാർ 19-8-2021-ൽ പ്രസിദ്ധീകരിച്ച ഗസറ്റ് പ്രകാരം രാജ്യത്തെ കൃഷി ആവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ ഒഴികെയുള്ള എല്ലാ വൈദ്യുതി കണക്ഷനുകൾക്കും 2025 മാർച്ചോടെ പ്രീപെയ്ഡ് സ്മാർട്ട് മീറ്റർ ഏർപ്പെടുത്തണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. വൈദ്യുതി വിതരണ മേഖലയുടെ വികസനവും നവീകരണവും ലക്ഷ്യമാക്കി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പുതിയ പദ്ധതിയായ RDSS (റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം)-ൽ എല്ലാ വിഭാഗത്തിലുമുള്ള ഉപഭോക്താക്കൾക്കുള്ള സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര ഊർജ്ജ വകുപ്പ് 20-7-2021-ൽ പ്രസ്തുത പദ്ധതി നോട്ടിഫൈ ചെയ്തിട്ടുള്ളതാകുന്നു. പദ്ധതി ആവിഷ്കരിച്ച് ആയതിനുള്ള ആക്ഷൻ പ്ലാൻ, ഡി.പി.ആർ. മുതലായവ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള DRC കമ്മിറ്റിയുടെ ശിപാർശയും സംസ്ഥാന മന്ത്രിസഭയുടെയും കേന്ദ്ര സർക്കാരിന്റെയും അനുമതിയും ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പ്രീ-പെയ്ഡ് മീറ്റർ ഏർപ്പെടുത്തുന്നതിന് പ്രതീക്ഷിക്കുന്ന മുതൽമുടക്ക് എത്രയെന്ന് വ്യക്തമാക്കാമോ?

കെ.എസ്.ഇ.ബി.എൽ-ന്റെ 1.3 കോടിയോളം വരുന്ന ഉപഭോക്താക്കൾക്കുള്ള സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതിന് ഒരു ഉപഭോക്താവിന് ഏകദേശം 9,000 രൂപയോളം മുതൽമുടക്ക് പ്രതീക്ഷിക്കുന്നു.

(സി) പ്രീ-പെയ്ഡ് മീറ്റർ ഏർപ്പെടുത്തുമ്പോൾ ബോർഡിനും ഉപഭോക്താക്കൾക്കും ഉണ്ടാകാവുന്ന സാമ്പത്തിക ബാദ്ധ്യത എത്രയെന്ന് വ്യക്തമാക്കാമോ?

മീറ്റർ വിലയുടെ 15 ശതമാനം (അഥവാ പരമാവധി മീറ്ററിന് 900 രൂപ വരെ) കേന്ദ്ര വിഹിതമായി RDSS (റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം) പദ്ധതി പ്രകാരം ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ തുകയായ 1,170 കോടി രൂപയ്ക്ക് പുറമേ ഏകദേശം 7,830 കോടി രൂപയോളം ബോർഡിന് സാമ്പത്തിക ബാദ്ധ്യത പ്രതീക്ഷിക്കുന്നു. ഉപഭോക്താക്കളുടെ സാമ്പത്തിക ബാദ്ധ്യത കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ അന്തിമ തീരുമാന പ്രകാരം ആയിരിക്കും.

(ഡി) പ്രീ-പെയ്ഡ് മീറ്റർ ഏർപ്പെടുത്തുന്നതുമൂലം പ്രതീക്ഷിക്കുന്ന നേട്ടങ്ങളും ഗുണങ്ങളും എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

വിതരണ നഷ്ടം കൃത്യമായി കണക്കാക്കാനും അതുവഴി നഷ്ടം കുറച്ചു കൊണ്ടുവരാനും സാധിക്കും. മീറ്റർ റീഡിംഗ് ഓൺലൈൻ ആയി ലഭിക്കുന്നതിനാൽ

നേരിട്ട് പോയി മീറ്ററിൽ നിന്നും റീഡിംഗ് എടുക്കേണ്ട ആവശ്യകത ഒഴിവാകുന്നു. ഇപ്പോൾ മാസത്തിൽ ഒരിക്കലോ രണ്ടുമാസത്തിൽ ഒരിക്കലോ റീഡിംഗ് എടുക്കുന്ന ഉപഭോക്താക്കളുടെ ബിൽ തുക വൈദ്യുതി ഉപഭോഗത്തിനുശേഷം ഏകദേശം മൂന്ന് മാസത്തിനുള്ളിലാണ് കെ.എസ്.ഇ.ബി.എൽ.-ന് ലഭിക്കുന്നത്. പ്രീ-പെയ്ഡ് സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതോടുകൂടി കെ.എസ്.ഇ.ബി.എൽ.-ന് ഭാവിയിൽ ഭീമമായ കുടിശ്ശിക കുമിഞ്ഞുകൂടുന്നത് ഒഴിവാക്കാൻ സാധിക്കും. കൂടാതെ വൈദ്യുതിയുടെ ആവശ്യകത മുൻകൂർ ആയി ആസൂത്രണം ചെയ്യാൻ സാധിക്കുന്നതാണ്.

**ഭൂതത്താൻകെട്ട് മിനി വൈദ്യുത പദ്ധതി**

251 (636) <u>ശ്രീ. ആന്റണി ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂതത്താൻകെട്ട് മിനി വൈദ്യുത പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ഭൂതത്താൻകെട്ട് ചെറുകിട ജലവൈദ്യുത പദ്ധതിയുടെ (3x8 MW) നിർമ്മാണപ്രവൃത്തികൾ ഏറ്റെടുത്തിരുന്നത് ശ്രീശരവണ എഞ്ചിനീയറിംഗ് ഭവാനി - ഹ്യനാൻ ഷയാങ്ങ് കൺസോർഷ്യം ആണ്. ചീഫ് എഞ്ചിനീയർ 18-8-2015-ന് ഒപ്പുവച്ച ഇലക്ട്രോ മെക്കാനിക്കൽ എഗ്രിമെന്റിന്റെ കോൺട്രാക്ട് തുക 81,80,01,000 രൂപ ആണ്, എഗ്രിമെന്റ് പ്രകാരം ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തിയുടെ കാലാവധി 18 മാസമാണ്. ഈ കാലാവധി 03-8-2016-ന് അവസാനിച്ചു. പല സാങ്കേതിക കാരണങ്ങളാലും ഈ എഗ്രിമെന്റിന്റെ കാലാവധി നീട്ടി നൽകിയിട്ടുണ്ട്. ആദ്യം 22-9-2017 വരെയും പിന്നീട് 31.12.2018 വരെയും കാലാവധി നീട്ടി നൽകി. അതിനു ശേഷം കേരളത്തിലുണ്ടായ അതിതീവ്രമായ വെള്ളപ്പൊക്കം കാരണം കാലാവധി 31-3-2020 വരെ നീട്ടി നൽകി. തുടർന്ന് പുതുക്കിയ ഷെഡ്യൂൾ കോൺട്രാക്ടർ തരികയും എഗ്രിമെന്റ് കാലാവധി 31-8-2021 വരെ പിഴയോടുകൂടി നീട്ടി നൽകുകയും ചെയ്തു. ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ ദ്രുതഗതിയിൽ പൂർത്തീകരിക്കാനായി മൂന്നാമത്തെ foreign consignment-ന്റെ ടെസ്റ്റിംഗ് ഡിസംബർ 7, 9, 10 തീയതികളിൽ ചൈനയിലുള്ള ഹ്യനാൻ ഷയോണിന്റെ ഫാക്ടറിയിൽ നടത്തുകയും ഈ ടെസ്റ്റിംഗ് KSEBL എഞ്ചിനീയർമാർ വീഡിയോ കോൺഫറൻസ് വഴി സാക്ഷ്യം വഹിക്കുകയും ചെയ്തു. മൂന്നാമത്തെ consignment ചൈനയിൽ നിന്ന് അയയ്ക്കുവാനുള്ള അനുവാദം 8-1-2021-ന് KSEBL നൽകി. 8-1-2021-ന് material dispatch clearance നൽകിയിട്ടുപോലും, മൂന്നാമത്തെ consignment ചൈനയിൽനിന്നും അയയ്ക്കുവാനുള്ള നടപടി കരാറുകാരനായ M/s. SSEB തുടങ്ങിയിട്ടില്ല. എന്നാൽ കോൺട്രാക്ട് കാലാവധിക്കുശേഷമുള്ള അധിക തുക (price escalation) നേടിയെടുക്കാൻ വേണ്ടി M/s. SSEB ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ Writ Petition (Civil

No.10747/2021) ഏപ്രിൽ 2021-ന് ഫയൽ ചെയ്തു. ആയതിനാൽ കോൺട്രാക്ടറുമായി negotiation നടത്തി അഡ്വാൻസ് നൽകുകയാണെങ്കിൽ ഒരു മെഷീൻ പൂർണ്ണമായി import ചെയ്ത് കമ്മീഷൻ ചെയ്തുതരാനുള്ള സമ്മതം 14-8-2021-ലെ കത്തിലൂടെ കോൺട്രാക്ടർ അറിയിച്ചിട്ടുണ്ട്. 4 കോടി രൂപ കോൺട്രാക്ടർക്ക് നൽകുന്നതിനുവേണ്ടിയുള്ള നിയമ പരിശോധനയും സാമ്പത്തിക പരിശോധനയും പൂർത്തിയായിട്ടുണ്ട്.

(ബി) എത്ര കോടി രൂപയുടെ പദ്ധതിയാണ് ഭൂതത്താൻകെട്ട് മിനി വൈദ്യുത പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നതെന്നും എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഇവിടെനിന്നും ഉല്പാദിപ്പിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

കോൺട്രാക്ട് തുക ആകെ 189.84 കോടി രൂപ. (സിവിൽ - 108.04 കോടി രൂപ, ഇലക്ട്രോ-മെക്കാനിക്കൽ - 81.8 കോടി രൂപ) ഈ പദ്ധതിയിൽ നിന്ന് 24 MW വൈദ്യുതി ഉത്പാദിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു (3x8 MW).

(സി) പദ്ധതിയുടെ ഭാഗമായി എന്തെല്ലാം സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ പ്രവൃത്തികളാണ് നടക്കുന്നതെന്നും ഇവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

പെൻസ്റ്റോക്ക് സ്ഥാപിക്കൽ, ടണൽ സ്ഥാപിക്കൽ, ഇൻടേക്ക് ഗേറ്റ് സ്ഥാപിക്കൽ, പവർ ഹൗസ് നിർമ്മാണം, ചെക്ക് ഡാം നിർമ്മാണം തുടങ്ങിയ പണികളാണ് സിവിൽ പ്രവൃത്തികളിൽ ഉൾപ്പെടുന്നത്. കൺട്രോൾ റൂം, സ്വിച്ച്യാർഡ്, EOT ക്രെയിൻ, ട്രാൻസ്ഫോർമർ, എർത്ത്മാറ്റ് ഡിസൈൻ & സ്ഥാപിക്കൽ തുടങ്ങിയ പണികളാണ് ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളിൽ ഉൾപ്പെടുന്നത്. ടർബൈൻ, ജനറേറ്റർ, ഗവർണർ ഡിസൈനും സ്ഥാപിക്കലും തുടങ്ങിയ പണികളാണ് ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളിൽ ഉൾപ്പെടുന്നത്. സിവിൽ വർക്ക് 98.75% പണികൾ പൂർത്തീകരിച്ചു. ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളിൽ മൂന്നാമത്തെ കൺസൈൻമെന്റ് (റണ്ണർ, സ്റ്റേറ്റർ, റോട്ടാർ) import ചെയ്യാനുണ്ട്. 86.61% ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്.

(ഡി) ഇവയിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും പൂർത്തീകരിക്കാത്ത പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

സിവിൽ വർക്ക് 98.75% പണികൾ പൂർത്തീകരിച്ചു. ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളിൽ മൂന്നാമത്തെ കൺസൈൻമെന്റ് (റണ്ണർ, സ്റ്റേറ്റർ, റോട്ടാർ) import ചെയ്യാനുണ്ട്. 86.61% ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്.

(ഇ) ഭൂതത്താൻകെട്ട് മിനി വൈദ്യുത പദ്ധതി എപ്പോൾ കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

31-5-2022-ൽ കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിടുന്നു.

## കാരപ്പാറ-കുരിയാർകുറ്റി പദ്ധതി

252 (637) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരപ്പാറ-കുരിയാർകുറ്റി പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കാരപ്പാറ-കുരിയാർകുറ്റി പദ്ധതി നടപ്പിലാക്കുന്നതിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന ജോലി ജലവിഭവ വകുപ്പിന്റെ (ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ്) നേതൃത്വത്തിൽ പുരോഗമിക്കുന്നു. ഇതിനാവശ്യമായ എല്ലാ സാങ്കേതിക സഹായസഹകരണങ്ങളും കെ.എസ്.ഇ.ബി.എൽ.-ന്റെ ഭാഗത്തു നിന്നും നൽകിവരുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കുമ്പോൾ ഉണ്ടാകുന്ന നേട്ടങ്ങൾ വിശദമാക്കുമോ?

പദ്ധതി പൂർത്തീകരിക്കപ്പെടുമ്പോൾ കൃഷി-ജലസേചനം കാര്യക്ഷമമാക്കുവാൻ സാധിക്കും. കൂടാതെ ഏകദേശം 114 മില്യൻ യൂണിറ്റ് വൈദ്യുതിയും ഉല്പാദിപ്പിക്കുവാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.

## അരൂർ പാണാവള്ളി പഞ്ചായത്തിൽ നിലാവ് പദ്ധതി

253 (638) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലാവ് പദ്ധതി പ്രകാരം അരൂർ മണ്ഡലത്തിലെ പാണാവള്ളി പഞ്ചായത്തിൽ കെ.എസ്.ഇ.ബി. നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

അരൂർ മണ്ഡലത്തിലെ പാണാവള്ളി പഞ്ചായത്തിൽ പൂച്ചാക്കൽ സെക്ഷൻ പരിധിയിൽ, നിലാവ് പദ്ധതിയുടെ ഭാഗമായി സംയുക്ത പരിശോധന പൂർത്തിയാക്കി 1046 സ്ട്രീറ്റ് ലൈറ്റ് കണ്ടെത്തുകയും 99 എണ്ണം 35 വാട്സ് ബൾബുകൾ, 82 എണ്ണം 18 വാട്സ് ബൾബുകൾ എന്നിവ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. അരൂകുറ്റി സെക്ഷൻ പരിധിയിൽ സംയുക്ത പരിശോധന പൂർത്തിയാക്കി 742 സ്ട്രീറ്റ് ലൈറ്റ് കണ്ടെത്തുകയും 231 എണ്ണം 35 വാട്സ് ബൾബുകൾ, 267 എണ്ണം 18 വാട്സ് ബൾബുകൾ എന്നിവ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ?

നിലാവ് പദ്ധതി പ്രകാരം 10.5 ലക്ഷത്തോളം വരുന്ന പരമ്പരാഗത തെരുവുവിളക്കുകൾ രണ്ട് ഘട്ടങ്ങളിലായി മാറ്റി ഊർജ്ജക്ഷമതയുള്ളതും ഏഴുവർഷം വാറണ്ടി ഉള്ളതുമായ പരിസ്ഥിതി സൗഹൃദ LED തെരുവുവിളക്കുകൾ (18W,35W,70W&110W) സ്ഥാപിച്ചു നൽകുവാനാണ് ലക്ഷ്യമിട്ടിരുന്നത്. കേരളത്തിലുടനീളമുള്ള 941 ഗ്രാമ പഞ്ചായത്തുകളും 87 മുനിസിപ്പാലിറ്റികളും 6 കോർപ്പറേഷനുകളും ഉൾപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതിയിൽ ചേരുവാനുള്ള താത്പര്യം റെസൊല്യൂഷൻ മുഖേന കെ.എസ്.ഇ.ബി.എൽ.-നെ അറിയിക്കേണ്ടതും സ്ഥാപിക്കേണ്ട തെരുവു വിളക്കുകളുടെ കൃത്യമായ ആവശ്യകത ഏകോപിപ്പിച്ച് കെ.എസ്.ഇ.ബി.എൽ-ന് ലഭ്യമായാൽ മാത്രമേ അതനുസരിച്ച് ഇ.ഇ.എസ്.എൽ.-ന് LED തെരുവുവിളക്കുകൾക്ക് ഓർഡർ നൽകുവാനും പദ്ധതി നിശ്ചിത സമയത്തിനുള്ളിൽ നടപ്പാക്കുവാനും സാധിക്കുകയുള്ളൂ. ഒന്നാംഘട്ടം ആരംഭിക്കുന്നതിനുവേണ്ടി തെരുവുവിളക്കുകളുടെ ഏകോപിപ്പിച്ച ആവശ്യകത യഥാസമയം കെ.എസ്.ഇ.ബി.എൽ.-ന് ലഭ്യമാകാതിരുന്നതിനാൽ ഏകദേശ ആവശ്യകത മുന്നിൽ കണ്ട് 18W, 35W എന്നീ തെരുവുവിളക്കുമാത്രമായി ഒരു ലക്ഷം വീതം എണ്ണത്തിനാണ് പർച്ചേസ് ഓർഡർ നൽകിയത്. ഓർഡർ നൽകിയ വിളക്കുകൾ ഇ.ഇ.എസ്.എൽ. സപ്ലൈ ചെയ്തുകഴിഞ്ഞു. ഇതുവരെ 668 ഗ്രാമ പഞ്ചായത്തുകളും (PRIs) 45 നഗരസഭകളും (ULBs) ഉൾപ്പെടെ ആകെ 713 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ പദ്ധതിയിൽ ചേർന്നിട്ടുണ്ട്. ഇതുവരെ പദ്ധതിയിൽ ചേർന്ന തദ്ദേശഭരണ സ്ഥാപനങ്ങളിൽ, കെ.എസ്.ഇ.ബി.എൽ.-ഉം തദ്ദേശഭരണ സ്ഥാപനങ്ങളും ചേർന്ന് സംയുക്തമായി നടത്തിയ പരിശോധനയിൽ ആകെ 3,72,000 തെരുവുവിളക്കുകളുടെ ആവശ്യകത കണ്ടെത്തിയിട്ടുണ്ട്. ഇതിൽ ഒന്നാം ഘട്ടത്തിൽ ലക്ഷ്യമിട്ട രണ്ട് ലക്ഷം തെരുവുവിളക്കുകൾ 2021 ജൂൺ 30-ഓടെ കെ.എസ്.ഇ.ബി.എൽ. സ്ഥാപിച്ചുകഴിഞ്ഞു. ഇതിൽ 411 ഗ്രാമ പഞ്ചായത്തുകളും (PRIs) 35 നഗരസഭകളും (ULBs) ഉൾപ്പെടെ ആകെ 446 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടുന്നു. രണ്ടാം ഘട്ടത്തിൽ 8.5 ലക്ഷത്തോളം തെരുവുവിളക്കുകൾ സ്ഥാപിക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്. സംയുക്ത പരിശോധനയിലൂടെ കണ്ടെത്തിയിട്ടുള്ള ആവശ്യകതയിൽ ഒന്നാം ഘട്ടത്തിൽ സ്ഥാപിച്ച രണ്ട് ലക്ഷം എണ്ണം കഴിച്ച് ബാക്കി രണ്ടാം ഘട്ടത്തിലേയ്ക്ക് 1,72,000 എണ്ണത്തിന്റെ ആവശ്യകത മാത്രമാണ് ഇതുവരെ ലഭ്യമായിട്ടുള്ളത്. ഇതനുസരിച്ച് 25-8-2021-ന് 1,72,000 തെരുവുവിളക്കുകൾക്ക്

കെ.എസ്.ഇ.ബി.എൽ., ഇ.ഇ.എസ്.എൽ.-ന് ലെറ്റർ ഓഫ് ഇൻഡന്റ് (LoI) നൽകിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിലേയ്ക്ക് തദ്ദേശസ്വയം ഭരണ വകുപ്പ് വഴി ലഭിക്കുന്ന ആകെ ആവശ്യകതയ്ക്കാണ് ലെറ്റർ ഓഫ് ഇൻഡന്റ് കെ.എസ്.ഇ.ബി.എൽ., ഇ.ഇ.എസ്.എൽ.-ന് നൽകേണ്ടത്. അതനുസരിച്ച് ഇ.ഇ.എസ്.എൽ. ടെണ്ടർ വിളിച്ച് ലഭിക്കുന്ന ഏറ്റവും കുറഞ്ഞ നിരക്ക് കെ.എസ്.ഇ.ബി.എൽ.-നെ അറിയിക്കുകയും ആ നിരക്ക് പ്രകാരം രണ്ടാം ഘട്ടത്തിലേയ്ക്ക് പർച്ചേസ് ഓർഡർ നൽകുകയും വേണം. ലക്ഷ്യമിട്ടിരുന്ന ആവശ്യകതയെ അപേക്ഷിച്ച് നിലവിൽ ലഭ്യമായ ആവശ്യകത വളരെ കുറവാണ്. കുറഞ്ഞ എണ്ണത്തിന് ടെണ്ടർ വിളിക്കുന്നത് ഏറ്റവും കുറഞ്ഞ നിരക്ക് ലഭിക്കുന്നതിനു തടസ്സമാകും. 1,72,000 തെരുവുവിളക്കുകൾക്ക് നൽകിയിരിക്കുന്ന ഓർഡറിന് (LoI) ഇ.ഇ.എസ്.എൽ. ടെണ്ടർ വിളിക്കുവാൻ സന്നദ്ധതരാകേണ്ടതുണ്ട്. ടെണ്ടർ വിളിച്ച് ലഭിക്കുന്ന ഏറ്റവും കുറഞ്ഞ നിരക്ക് കെ.എസ്.ഇ.ബി.എൽ.-നെ ഇ.ഇ.എസ്.എൽ അറിയിക്കുന്ന മുറയ്ക്ക് പർച്ചേസ് ഓർഡർ നൽകും. പർച്ചേസ് ഓർഡർ പ്രകാരം LED തെരുവുവിളക്കുകളുടെ സപ്ലൈ ഇ.ഇ.എസ്.എൽ. എത്തിക്കുന്ന മുറയ്ക്ക് പദ്ധതിയിൽ ചേർന്ന എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നിലാവ് രണ്ടാം ഘട്ടത്തിലെ തെരുവുവിളക്കുകൾ സ്ഥാപിച്ചു നൽകുവാൻ കഴിയും. നിലാവ് പദ്ധതിയിൽ തെരുവുവിളക്കുകൾക്ക് പർച്ചേസ് ഓർഡർ നൽകേണ്ടത് തദ്ദേശ സ്വയംഭരണ വകുപ്പ് വഴി ലഭിക്കുന്ന ആകെ ആവശ്യകതയ്ക്കാണ്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും വേണ്ടി പ്രത്യേകം ഓർഡർ നൽകുന്നത് പ്രായോഗികമല്ല.

(സി) പ്രസ്തുത പ്രവൃത്തികളുടെ മെയിന്റനൻസ് ആരുടെ ഉത്തരവാദിത്തമാണെന്ന് വ്യക്തമാക്കാമോ?

കെ.എസ്.ഇ.ബി.എൽ. സ്ഥാപിച്ചു നൽകുന്ന LED വിളക്കുകൾ തുടർന്നു പരിപാലിക്കേണ്ടത് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്.

**കൊയിലാണ്ടി നഗരസഭയിലെ നിലാവ് പദ്ധതി**

254 (639) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലാവ് പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പണമടച്ചിട്ടും എൽ.ഇ.ഡി. ലൈറ്റുകളും അനുബന്ധ ഫിറ്റിംഗ്സുകളും ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എൽ.ഇ.ഡി. ലൈറ്റുകളും അനുബന്ധ ഫിറ്റിംഗ്സുകളും വേഗത്തിൽ ലഭ്യമാക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

(എ&ബി) നിലാവ് പദ്ധതിയിൽ തെരുവുവിളക്കുകൾ സ്ഥാപിച്ചുനൽകുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകൂറായി പണമടയ്ക്കേണ്ടതില്ല. കിഫ്ബിയാണ് പദ്ധതിക്കുവേണ്ട ധനസഹായം ചെയ്യുന്നത്. എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിക്കുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വൈദ്യുതി ബിൽ ഇനത്തിൽ ലഭിക്കുന്ന ലാഭത്തിൽ നിന്നാണ് കിഫ്ബിക്കുള്ള തിരിച്ചടവ് നടത്തേണ്ടത്. പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ലക്ഷ്യമിട്ട 18W & 35W-ന്റെ രണ്ട് ലക്ഷം തെരുവുവിളക്കുകൾ 2021 ജൂൺ 30-ഓടെ കെ.എസ്.ഇ.ബി. ലിമിറ്റഡ് സ്ഥാപിച്ചുകഴിഞ്ഞു. ഇതിൽ 411 ഗ്രാമപഞ്ചായത്തുകളും (PRIs) 35 നഗരസഭകളും (ULBs) ഉൾപ്പെടെ ആകെ 446 തദ്ദേശഭരണ സ്ഥാപനങ്ങൾ ഉൾപ്പെടുന്നു. ഈ തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെട്ടിരുന്ന പാക്കേജുകളിൽ ഉൾപ്പെട്ട 70W & 110W LED തെരുവു വിളക്കുകൾ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി സ്ഥാപിച്ചു നൽകുന്നതാണ്. രണ്ടാം ഘട്ടത്തിലേയ്ക്ക് 1,72,000 എണ്ണത്തിന്റെ ആവശ്യകത മാത്രമാണ് ഇതുവരെ ലഭ്യമായിട്ടുള്ളത്. ഇതനുസരിച്ച് 25-8-2021-ന് 1,72,000 തെരുവുവിളക്കുകൾക്ക് കെ.എസ്.ഇ.ബി. ലിമിറ്റഡ് ഇ.ഇ.എസ്.എൽ-ന് ലെറ്റർ ഓഫ് ഇന്റെന്റ് (LOI) നൽകിയിട്ടുണ്ട്. ഇ.ഇ.എസ്.എൽ. ഓർഡർ സ്വീകരിച്ച് സപ്ലൈ എത്തിക്കുന്ന മുറയ്ക്ക് പദ്ധതിയിൽ ചേർന്ന് കൃത്യമായ ആവശ്യകത നൽകിയ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നിലാവ് രണ്ടാം ഘട്ടത്തിലെ തെരുവുവിളക്കുകൾ സ്ഥാപിച്ചു നൽകുവാൻ കഴിയും.

(സി) കൊയിലാണ്ടി നഗരസഭ ഇക്കാര്യത്തിൽ നൽകിയ നിവേദനത്തിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

നിവേദനം പരിശോധിച്ച് അടിയന്തര നടപടികൾക്കായി കെ.എസ്.ഇ.ബി.-ക്ക് നൽകിയിട്ടുണ്ട്. തുടർ നടപടികൾ കെ.എസ്.ഇ.ബി. സ്വീകരിച്ചുവരുന്നു.

**കേന്ദ്ര സർക്കാരിന്റെ വൈദ്യുത പദ്ധതികൾ**

255 (640) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുനിസിപ്പാലിറ്റി/നഗര വൈദ്യുത വികസനം ലക്ഷ്യമിട്ട് കേന്ദ്ര സർക്കാരിന്റെ ഏതൊക്കെ വൈദ്യുത പദ്ധതികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

മുനിസിപ്പാലിറ്റി/നഗര പ്രദേശ വികസനം ലക്ഷ്യമാക്കിയുള്ള 579.514 കോടിയുടെ (IPDS) പദ്ധതി 2019 ഡിസംബർ മാസം പൂർത്തീകരിച്ചു.

ഊർജ്ജമേഖലയിലെ നവീകരണത്തിനായി 27-7-2021-ൽ കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുള്ള നൂതന പദ്ധതിയായ റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം (RDSS) സംസ്ഥാനങ്ങളിലെ നഗര-ഗ്രാമ ഭേദമെന്യേ ഒരുപോലെ നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. വിതരണ മേഖലയിലെ പരിഷ്കാരങ്ങൾ വഴി സാമ്പത്തിക നഷ്ടം കുറയ്ക്കുവാൻ ഡിസ്കോമുകളെ പ്രാപ്തമാക്കുകയും കാര്യക്ഷമത ഉറപ്പാക്കുകയും സമയബന്ധിതമായി പ്രകടനം മെച്ചപ്പെടുത്തുകയും ചെയ്യുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. ആയതിനുള്ള കർമ്മപദ്ധതിയും വിശദമായ പദ്ധതി റിപ്പോർട്ടും തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഇതിൽ നഗരസഭകളെ ഉൾപ്പെടുത്തുന്നതിന് എന്തെല്ലാം മാർഗ്ഗ നിർദ്ദേശങ്ങളാണ് നിലവിലുള്ളത്;

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത നഗരസഭകളെ ഉൾപ്പെടുത്തുന്നതിനും അവർക്ക് സ്പെഷ്യൽ പാക്കേജ് നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

(ബി&സി) ബാധകമല്ല.

**ആലത്തൂർ മണ്ഡലത്തിലെ വൈദ്യുതി വകുപ്പിന്റെ പ്രവർത്തനങ്ങൾ**

256 (641) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ വൈദ്യുതി വകുപ്പിന്റെ കീഴിൽ നടന്നുവരുന്ന വിവിധ പ്രവർത്തനങ്ങളും അവയുടെ പുരോഗതിയും വെളിപ്പെടുത്തുമോ?

ആലത്തൂർ മണ്ഡലത്തിൽ വിതരണ വിഭാഗത്തിൽ വൈദ്യുതി വകുപ്പ് ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി 3 കി.മീ. എച്ച്.ടി. ലൈൻ പുതുതായി നിർമ്മിക്കുകയും ലോഡ് സെന്ററുകളിൽ അപ്ഗ്രഡേഷൻ ഉൾപ്പെടെ 20 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 20 കമ്മ്യൂണിക്കേറ്റീവ് ഫോൾട്ട് പാസ്സ് ഇൻഡിക്കേറ്റർ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ എൽ.ടി. റീകണ്ടക്ടറിംഗ് വർക്കുകൾ, AB സ്വിച്ച് സ്ഥാപിക്കൽ, കേടായ മീറ്ററുകൾ മാറ്റിസ്ഥാപിക്കൽ എന്നീ പ്രവൃത്തികളും ഉൾപ്പെടെ ഏകദേശം 3 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ആലത്തൂർ ടൗണിൽ സുഗമമായ വൈദ്യുതി പ്രവാഹത്തിന് ഭൂഗർഭ കേബിൾ ഉപയോഗിച്ച് ഏകദേശം ഒരു കോടിയോളം രൂപ ചെലവഴിച്ച് നടപ്പിലാക്കുന്ന

പ്രവൃത്തിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കിഴക്കാഞ്ചേരി മലയോര മേഖലകളിൽ വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനായി Arial Bunched Cable (ABC) ഉപയോഗിച്ചുള്ള പ്രവൃത്തികളുടെ പ്രാരംഭനടപടികളും ആരംഭിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ 4.9 കോടി രൂപയുടെ പ്രവൃത്തികൾ ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആലത്തൂർ ഭാഗത്തേയ്ക്ക് വൈദ്യുതി വിതരണ തടസ്സം കുറയ്ക്കുന്നതിനുവേണ്ടി കണ്ണമ്പുള്ളി സബ് സ്റ്റേഷനിൽനിന്നും 33 കെ.വി. ലൈൻ ആലത്തൂർ സബ്സ്റ്റേഷനിലേയ്ക്ക് വലിക്കുന്നതിനുള്ള നിർദ്ദേശം RDSS പദ്ധതിയിൽ ഉൾപ്പെടുത്തി സമർപ്പിച്ചിട്ടുണ്ട്.

(ബി) വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവൃത്തികളുടെ ഭാഗമായി ആലത്തൂർ മണ്ഡലത്തിന്റെ വിവിധ പ്രദേശങ്ങളിൽ ട്രാൻസ്ഫോർമറുകളും ത്രീഫേസ് ലൈനുകളും സ്ഥാപിക്കുന്ന പ്രവൃത്തികളുടെ വിശദാംശം നൽകാമോ?

Voltage Improvement പ്രവൃത്തികളുടെ ഭാഗമായി ആലത്തൂർ മണ്ഡലത്തിന്റെ വിവിധ പ്രദേശങ്ങളിലായി 8 ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുക, 3.77 കി.മീ. 11 കെ.വി വലിക്കുക, 6 കി.മീ. ത്രീ ഫേസ് ലൈൻ വലിക്കുക, 52 കി.മീ. HT റീ-കണ്ടക്ടറിംഗ്, 425 കി.മീ. എൽ.ടി. റീ-കണ്ടക്ടറിംഗ് തുടങ്ങിയ പ്രവൃത്തികൾ 2021-22, 2022-23 പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്തുവരുന്നു.

(സി) പ്രസ്തുത പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിക്കുവാൻ നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ ?

പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**പ്രധാനമന്ത്രി - കുസും പദ്ധതി**

257 (642) ശ്രീ. വി ശശി:
ശ്രീ. സി. സി. മുകുന്ദൻ:
ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. വാഴൂർ സോമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കർഷകർക്ക് പ്രയോജനം ലഭിക്കുന്ന രീതിയിൽ പ്രധാനമന്ത്രി-കുസും പദ്ധതി നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കർഷകർക്ക് സ്വന്തം ചെലവിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ച് അതിൽനിന്ന് ലഭിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി.എൽ.-ന് വിൽക്കുകയോ സ്ഥലവാടക സ്വീകരിച്ചുകൊണ്ട് കർഷകർക്ക് തങ്ങളുടെ ഭൂമി സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കാനായി നൽകിക്കൊണ്ടോ പദ്ധതിയിൽ പങ്ക് ചേരാവുന്നതാണ്. കൃഷിക്കാർ ഉത്പാദിപ്പിക്കുന്ന വൈദ്യുതി മുൻകൂട്ടി നിശ്ചയിച്ച താരിഫ് പ്രകാരമോ ടെണ്ടർ വഴി നിശ്ചയിക്കുന്ന താരിഫ് പ്രകാരമോ കെ.എസ്.ഇ.ബി.എൽ. വാങ്ങുന്നതാണ്. കെ.എസ്.ഇ.ബി.എൽ. ഈ പദ്ധതി പ്രകാരം സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന് താൽപ്പര്യമുള്ള ഗുണഭോക്താക്കളിൽ നിന്ന് അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. ബിഡ്ഡിംഗ് റൂട്ടിലൂടെ വൈദ്യുതി വാങ്ങാനായി രൂപ 3.50 ഉയർന്ന സീലിംഗ് താരിഫ് ആയി നിശ്ചയിക്കുവാനായി കെ.എസ്.ഇ.ആർ.സി.-യിൽ അനുമതിക്കായി നൽകിയിട്ടുണ്ട്. പ്രധാനമന്ത്രി - കുസും പദ്ധതി പ്രകാരം Component എ, ബി, സി എന്നിങ്ങനെ മൂന്ന് പ്രധാന ഘടകങ്ങളാണ് ഉള്ളത്. ഇതിൽ Component എ യും, സി യുടെ ഒരു പാർട്ടും നടപ്പാക്കുന്ന ഏജൻസി കെ.എസ്.ഇ.ബി.എൽ. ആണ്. Component ബി യും സി യുടെ ഒരു പാർട്ടും അനെർട്ട് മുഖേനയാണ് നടപ്പിലാക്കുന്നത്. Component ബി എന്നത് വൈദ്യുതി എത്താത്ത സ്ഥലങ്ങളിലെ കാർഷിക പമ്പുകൾ സോളാറിലേയ്ക്ക് മാറ്റുന്ന പദ്ധതിയാണ്. കേന്ദ്ര നവ-നവീന ഊർജ്ജ മന്ത്രാലയം (എം.എൻ.ആർ.ഇ.) നിശ്ചയിക്കുന്ന ബെഞ്ച്മാർക്ക് വിലയുടെ 30 ശതമാനം കേന്ദ്ര സർക്കാരും 30 ശതമാനം സംസ്ഥാന സർക്കാരും സബ്സിഡി നൽകുന്നു. വൈദ്യുതി എത്താത്ത സ്ഥലങ്ങളിലെ അർഹതയുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള നടപടികൾ അനെർട്ട് സ്വീകരിച്ചുവരുന്നു. Component സി.-യിൽ ഉൾപ്പെടുന്ന കാർഷിക ആവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്നതിനുള്ള പദ്ധതിയാണ് അനെർട്ട് മുഖേന സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. കേന്ദ്ര നവ-നവീന ഊർജ്ജ മന്ത്രാലയം (എം.എൻ.ആർ.ഇ.) നിശ്ചയിക്കുന്ന ബെഞ്ച്മാർക്ക് വിലയുടെ 30 ശതമാനം കേന്ദ്ര സർക്കാർ സബ്സിഡിയാണ്. ടെണ്ടർ നിരക്കിന്റെ 40 ശതമാനം ഗുണഭോക്താക്കളും ബാക്കി തുക അനെർട്ടുമാണ് നൽകുന്നത്. ഇതുവരെ ലഭിച്ച അപേക്ഷകളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായി കണ്ടെത്തിയ 100 അപേക്ഷകർക്ക് പമ്പ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ 6,000 കൃഷിക്കാരെ കണ്ടെത്തുന്നതിനുള്ള നടപടികൾ ഈ വർഷം അനെർട്ട് സ്വീകരിക്കുന്നതാണ്.

1 മുതൽ 7.5 എച്ച്.പി. വരെ ശേഷിയുള്ള പമ്പുകൾക്ക് കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ ധനസഹായം ലഭ്യമാക്കും. എനർജി മാനേജ്മെന്റ് സെന്റർ കൃഷി വിജ്ഞാന കേന്ദ്രങ്ങൾ മുഖേന കാർഷിക രംഗത്തെ ഊർജ്ജ കാര്യക്ഷമത സംബന്ധിച്ച ബോധവൽക്കരണ പരിപാടി നടത്തിവരുന്നു. ഇതിന്റെ ഭാഗമായി പ്രധാനമന്ത്രി-കുസും പദ്ധതി സംബന്ധിച്ച വിവരങ്ങളെക്കുറിച്ചും അതിന്റെ നേട്ടങ്ങളെക്കുറിച്ചും കർഷകരെ ബോധവാന്മാരാക്കുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിൽ കോഴിക്കോട് കൃഷിവിജ്ഞാന കേന്ദ്രത്തിൽ 2 ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു. വരുന്ന മാസങ്ങളിൽ കേരളത്തിലെ എല്ലാ കൃഷി വിജ്ഞാന കേന്ദ്രങ്ങളിലും മേല്പറഞ്ഞ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതാണ്.

(ബി) കൃഷിയോഗ്യമല്ലാത്ത ഭൂമിയിൽ സൗര വൈദ്യുതി ഉൽപാദിപ്പിക്കാനുള്ള പദ്ധതിയിലേയ്ക്ക് കർഷകരെ ആകർഷിക്കാൻ വൈദ്യുതി ബോർഡ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സഹകരണ സംഘങ്ങൾ, പഞ്ചായത്തുകൾ, ഉൽപ്പാദക സംഘങ്ങൾ എന്നിവയ്ക്ക് കുസും പദ്ധതിയിൽ പങ്കാളിത്തം അനുവദിക്കുന്നുണ്ടോ; വിശദമാക്കാമോ?

കർഷകർക്ക് സ്വന്തം നിലയ്ക്കോ കുറച്ച് പേർ ചേർന്നോ/കോ-ഓപ്പറേറ്റീവ്സ്/പഞ്ചായത്ത്/ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ/വാട്ടർ യൂസർ അസോസിയേഷൻ എന്നീ ഏതെങ്കിലും നിലയിലോ റിന്യൂവബിൾ പവർ ജനറേറ്റർ (RPG) എന്ന പേരിൽ ഈ ഉദ്യമത്തിൽ പങ്ക് ചേരാവുന്നതാണ്. കർഷകർ/കർഷകരുടെ സംഘം/സഹകരണ സ്ഥാപനങ്ങൾ/ പഞ്ചായത്തുകൾ/ കർഷക ഉത്പാദക സംഘങ്ങൾ (FPO)/വാട്ടർ യൂസർ അസോസിയേഷൻ (WUA) മുതലായവയ്ക്ക് പ്ലാന്റ് സജ്ജീകരിക്കുന്നതിന് ആവശ്യമായ ഇക്വിറ്റി ക്രമീകരിക്കാൻ കഴിയില്ലെങ്കിൽ അവർക്ക് ഡെവലപ്പർ മുഖേന അല്ലെങ്കിൽ കെ.എസ്.ഇ.ബി.എൽ. മുഖേന പ്ലാന്റ് നിർമ്മിക്കാവുന്നതാണ്. അത്തരമൊരു സാഹചര്യത്തിൽ, കക്ഷികൾ തമ്മിലുള്ള പരസ്പര ധാരണ പ്രകാരം കർഷകന് ലീസ് ഇനത്തിൽ പാട്ട വാടക ലഭിക്കും. ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിക്ക് അനുസൃതമായി ഏകദേശം ഒരേക്കർ സ്ഥലത്ത് നിന്നും പ്രതിവർഷം 25,000 രൂപ വരെ കർഷകന് ലീസ് ഇനത്തിൽ ലഭിക്കുന്നതാണ്. ഇത് വർദ്ധിപ്പിക്കാനുള്ള നടപടികൾ ഇപ്പോൾ പരിഗണനയിലാണ്. ഇതിലൂടെ കൂടുതൽ കർഷകർക്ക് ഈ പദ്ധതിയിൽ പങ്ക് ചേരാൻ സാധിക്കുന്നതാണ്.

(ഡി) പ്രധാനമന്ത്രി-കുസും പദ്ധതിയുടെ പ്രധാന സവിശേഷതകൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

പ്രധാനമന്ത്രി-കുസും പദ്ധതി പ്രകാരം Component എ, ബി, സി എന്നിങ്ങനെ മൂന്ന് പ്രധാന ഘടകങ്ങളാണ് ഉള്ളത്. കമ്പോണന്റ് - എ - 10,000 മെഗാവാട്ട് വികേന്ദ്രീകൃത ഗ്രൗണ്ട്/സ്റ്റിൽറ്റ് മൗണ്ടഡ് ഗ്രിഡ് കണക്ടഡ് സോളാർ സ്ഥാപിക്കൽ അല്ലെങ്കിൽ മറ്റ് പുനരുപയോഗ ഊർജ്ജം അടിസ്ഥാനമാക്കിയുള്ള വൈദ്യുത നിലയങ്ങൾ. കംബോണന്റ് - ബി - 17.50 ലക്ഷം സ്റ്റാൻഡ് - എലോൺ സോളാർ അഗ്രിക്കൾച്ചർ പമ്പുകൾ സ്ഥാപിക്കൽ. കമ്പോണന്റ് - സി - 10 ലക്ഷം ഗ്രിഡ് കണക്ടഡ് കാർഷിക പമ്പുകളുടെ സോളറൈസേഷനും ഈ പദ്ധതിയുടെ ഒരു ഉപവിഭാഗമായി ഫീഡർ തലത്തിലുള്ള സൗരോർജ്ജവത്ക്കരണം. പദ്ധതിയുടെ കമ്പോണന്റ് - എ പ്രകാരം സബ്സ്റ്റേഷനിൽ നിന്ന് 5 കിലോമീറ്റർ ചുറ്റളവിൽ സ്ഥിതി ചെയ്യുന്ന, കർഷകരുടെ കൃഷിയോഗ്യ മല്ലാത്തതോ തരിശ്ശോ ആയ ഭൂമിയിൽ, 2 മെഗാവാട്ട് വരെ ശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യങ്ങളിലൊന്ന്. സൗരോർജ്ജം അടിസ്ഥാനമാക്കിയുള്ള വൈദ്യുത നിലയങ്ങൾ സ്ഥാപിക്കുകവഴി, കർഷകർക്ക് അവരുടെ തരിശായതും കൃഷിയോഗ്യമല്ലാത്തതുമായ ഭൂമി പ്രയോജനപ്പെടുത്തി അവരുടെ വരുമാനം വർദ്ധിപ്പിക്കാൻ ഈ പദ്ധതി അവസരം നൽകുന്നു. സ്റ്റിൽറ്റുകൾക്ക് താഴെ വിളകൾ വളർത്താൻ കഴിയുന്ന വിധത്തിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചാൽ കൃഷിയോഗ്യമായ ഭൂമിയും സോളാർ പ്ലാന്റിനായി ഉപയോഗിക്കാം. ഈ പദ്ധതിക്കായി എം.എൻ.ആർ.ഇ.-ൽ നിന്ന് 40 മെഗാവാട്ടാണ് കെ.എസ്.ഇ.ബി.എൽ-ന് അനുമതി ലഭിച്ചിട്ടുള്ളത്. 2 മെഗാവാട്ട് വരെ ശേഷിയുള്ള വികേന്ദ്രീകൃത സൗരോർജ്ജ ഉത്പാദന പദ്ധതികൾ നിലവിലുള്ള 33/11 കെ.വി. അല്ലെങ്കിൽ 66/11 കെ.വി. അല്ലെങ്കിൽ 110/11 കെ.വി സബ്സ്റ്റേഷനുകളുമായി നേരിട്ട് ബന്ധിപ്പിക്കുക വഴി, ട്രാൻസ്മിഷൻ സിസ്റ്റം പ്രക്ഷേപണ-വിതരണ നഷ്ടങ്ങളിൽനിന്ന് മുക്തമാവുന്നു. കൃഷിയിടങ്ങൾ കാർബൺ രഹിതമാക്കുക എന്ന ലക്ഷ്യം പ്രാവർത്തികമാക്കുന്നതിന് പ്രധാനമന്ത്രി-കുസും പദ്ധതി വളരെയധികം സഹായകരമാണ്. കൃഷി ആവശ്യം കഴിഞ്ഞ് ഉത്പാദിപ്പിക്കുന്ന അധിക വൈദ്യുതി കെ.എസ്.ബി.എൽ.-ന് നൽകുന്നതിലൂടെ കർഷകർക്ക് അധിക വരുമാനവും ഈ പദ്ധതിയിലൂടെ ലഭിക്കുന്നതാണ്.

## സ്റ്റേഷനുകളുടെയും ലൈനുകളുടെയും നിർമ്മാണം

258 (643) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരും നിലവിലുള്ള സർക്കാരും അധികാരത്തിൽ വന്ന ശേഷമുള്ള അഞ്ചര വർഷങ്ങളിൽ എത്ര പുതിയ സബ് സ്റ്റേഷനുകളുടെയും ലൈനുകളുടെയും നിർമ്മാണം നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

2016 മേയ് മാസം മുതലുള്ള കഴിഞ്ഞ അഞ്ചര വർഷക്കാലയളവിൽ അപ്ഗ്രേഡ് ചെയ്തവയുൾപ്പെടെ 75 പുതിയ സബ്സ്റ്റേഷനുകളും 1775.46 സർക്യൂട്ട് കി.മീ. പ്രസരണ ലൈനുകളും പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) അന്യസംസ്ഥനങ്ങളിൽനിന്നും എത്ര മെഗാവാട്ട് വൈദ്യുതിയാണ് അധികമായി വാങ്ങുന്നതെന്നും ഈ വൈദ്യുതിയുടെ ശരാശരി യൂണിറ്റ് തുക എത്രയെന്നും വ്യക്തമാക്കാമോ?

ജൂലൈ 2021-ലെ കണക്കുകൾ പ്രകാരം കേന്ദ്രപൂളിൽ നിന്നും 1756.64 മെഗാവാട്ട് വൈദ്യുതി വാങ്ങുന്നതിനുള്ള കരാറുകളിൽ കെ.എസ്.ഇ.ബി.എൽ. ഏർപ്പെട്ടിട്ടുണ്ട്. ഇതിന്റെ ശരാശരി യൂണിറ്റ് നിരക്ക് 4.85 രൂപ ആണ്. കൂടാതെ, അന്യസംസ്ഥാനങ്ങളിലെ ജനറേറ്റിംഗ് സ്റ്റേഷനുകളുമായുള്ള ദീർഘകാല കരാറുകൾ മുഖേന 1149.51 മെഗാവാട്ട് വൈദ്യുതിയും വാങ്ങിയിട്ടുണ്ട്. ഇതിന്റെ ശരാശരി യൂണിറ്റ് നിരക്ക് രൂപ 4.66/യൂണിറ്റ് ആണ്.

## പുതുക്കാട് പറപ്പൂക്കരയിൽ 11 കെ.വി. ലൈൻ മാറ്റി സ്ഥാപിക്കൽ

259 (644) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ പറപ്പൂക്കര സെക്ഷന് കീഴിൽ മുളങ്ങ് ഭാഗത്തെ ഊരകം ഫീഡറിലെ 210 മീറ്റർ വരുന്ന 11 കെ.വി. ലൈൻ മാറ്റിസ്ഥാപിക്കുന്നതിനായി കൊറ്റിക്കൽ വീട്ടിൽ സദാനന്ദൻ ഉൾപ്പെടെയുള്ള നാല് പേരുടെ അപേക്ഷയിൽ കെ.എസ്.ഇ.ബി. നടപടി സ്വീകരിച്ചിട്ടുണ്ടോ; വെളിപ്പെടുത്തുമോ;

(ബി) ഇതിനായി വരുന്ന ചെലവിന്റെ പകുതി ഗുണഭോക്താക്കൾ വഹിക്കണം എന്നത് ഒഴിവാക്കി, ലൈൻ മാറ്റിസ്ഥാപിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) മന്ത്രിമാർ ഉൾപ്പെടെ പങ്കെടുത്ത അദാലത്തുകളിലെ നിർദ്ദേശം പാലിച്ചുകൊണ്ട് ലൈൻ മാറ്റിസ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി&സി) പ്രസ്തുത അപേക്ഷ കെ.എസ്.ഇ.ബി. പരിശോധിച്ചുവരുന്നു. അപേക്ഷകരുടെ ആവശ്യ പ്രകാരം നിലവിലുള്ള 210 മീറ്റർ ലൈൻ ബണ്ട് റോഡിലൂടെ മാറ്റി സ്ഥാപിക്കുമ്പോൾ 510 മീറ്റർ ലൈൻ വലിക്കേണ്ടി വരുന്നതും ആയതിന് 4,76,104.00 രൂപ ചെലവ് വരുന്നതുമാണ്.

## വൈദ്യുതി ഉല്പാദനവും ഉപഭോഗവും

260 (645) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആഭ്യന്തര വൈദ്യുതി ഉല്പാദനവും ഉപഭോഗവും കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ ഓരോ വർഷവും എത്ര ദശലക്ഷം യൂണിറ്റായിരുന്നുവെന്ന് വിശദമാക്കമോ?

കഴിഞ്ഞ 5 വർഷങ്ങളിൽ ഓരോ വർഷത്തെയും സംസ്ഥാനത്തെ ആഭ്യന്തര വൈദ്യുതി ഉല്പാദനവും ഉപഭോഗവും സംബന്ധിച്ച കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സംസ്ഥാനത്ത് വൈദ്യുതി ഉല്പാദനം കുറവും ഉപഭോഗം കൂടുതലും ആയ സാഹചര്യത്തിൽ വർദ്ധിച്ചുവരുന്ന ആവശ്യകത കണക്കിലെടുത്ത് വൻകിട വൈദ്യുത പദ്ധതികൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം പദ്ധതികളാണ്. വിശദവിവരം നൽകാമോ?

വലിയ ജലവൈദ്യുത പദ്ധതികൾ സ്ഥാപിക്കുന്നത് പരിഗണനയിലുണ്ട്. നിലവിൽ വലിയ ജലവൈദ്യുത പദ്ധതികളായ പള്ളിവാസൽ (60MW), തോട്ടിയാർ (40 MW) എന്നീ പദ്ധതികളുടെ പണികൾ പുരോഗമിച്ചുവരുന്നു. കൂടാതെ മാങ്കുളം (40 MW) ജലവൈദ്യുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള ദർഘാസ് ഉടനെ ക്ഷണിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതിനുപുറമേ ഇടുക്കി എക്സ്റ്റൻഷൻ പദ്ധതി പരിഗണനയിലുണ്ട്. 780 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള പദ്ധതി സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക സാദ്ധ്യതാപഠനം നടത്തി പദ്ധതി രൂപ രേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾക്ക് വാപ്കോസ്, ന്യൂഡൽഹിക്ക് കരാർ നൽകിയിട്ടുണ്ട്.

(സി) ഇതര സംസ്ഥാനങ്ങൾ, കേന്ദ്രപൂൾ എന്നിവയിൽ നിന്നും പ്രതിവർഷം എത്ര ദശലക്ഷം യൂണിറ്റ് വൈദ്യുതി വിലയ്ക്കുവാങ്ങുന്നുവെന്നും പ്രതിവർഷം ഇതിനായി നൽകുന്ന തുക എത്രയെന്നും വിശദമാക്കാമോ?

2020-21 സാമ്പത്തിക വർഷം ഇതര സംസ്ഥാനങ്ങളിലുള്ള ജനറേറ്റിംഗ് സ്റ്റേഷനുകളിൽ നിന്ന് ദീർഘകാല കരാറുകൾ മുഖേന 8104.65 MU വൈദ്യുതിയും ഹ്രസ്വകാല കരാറുകൾ മുഖേന 167.02 MU വൈദ്യുതിയും വാങ്ങിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ ഇതര സംസ്ഥാനങ്ങളിലെ ഉത്പാദന നിലയങ്ങളിൽനിന്നും വൈദ്യുതി വാങ്ങുന്നതിനായി ദീർഘകാല കരാർ വഴി

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

3,126.88 കോടി രൂപയും ഹ്രസ്വകാല കരാർ വഴി 65 കോടി രൂപയും, കേന്ദ്ര പൂൾ വഴി 3,691.10 കോടി രൂപയും ഇതിനായിട്ടുള്ള പ്രസരണ ചാർജ് ഇനത്തിൽ 618.78 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

**കുന്നത്തുനാട് മഴുവന്നൂർ പഞ്ചായത്തിലെ വൈദ്യുതി ക്ഷാമം**

261 (646) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ മഴുവന്നൂർ ഗ്രാമപഞ്ചായത്തിൽ വളയൻചിറങ്ങര ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിലുള്ള ഇരുന്നൂറ്റി അറുപത്തിമൂന്ന് കുടുംബങ്ങളുടെ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിനായി പെരുമ്പാവൂർ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ പരിഗണനയിലുള്ള നെല്ലാട് പാലച്ചുവട് നിന്നും പാലത്താലിയിലേയ്ക്ക് എ.ബി.സി. കേബിൾ വലിച്ച് പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ മഴുവന്നൂർ ഗ്രാമ പഞ്ചായത്തിലെ വളയൻചിറങ്ങര ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിലുള്ള പാലത്താലി ഭാഗത്തെ വൈദ്യുതി തടസ്സം പരിഹരിക്കുന്നതിനായി നിലവിൽ ഓവർഹെഡ് ലൈനായി പോകുന്ന 11 കെ.വി. മംഗലത്തുനട ഫീഡറും കൂടാതെ പാലത്താലി, ലിഫ്റ്റ് ഇറിഗേഷൻ എന്നീ രണ്ട് ട്രാൻസ്ഫോർമറുകളും 11 കെ.വി AB കേബിൾ ഉപയോഗിച്ച് റോഡിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിനായി 54.26 ലക്ഷം രൂപയുടെ പദ്ധതി 22-23 സാമ്പത്തിക വർഷത്തെ RDSS പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

**ആഭ്യന്തര വൈദ്യുതി ഉത്പാദനം**

262 (647) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രതിവർഷ ആഭ്യന്തര വൈദ്യുതി ഉത്പാദനം എത്രയാണ്; ഇത് മുൻ വർഷങ്ങളെ അപേക്ഷിച്ച് കൂടിയിട്ടുണ്ടോ?

2020-21 വർഷത്തെ ആഭ്യന്തര വൈദ്യുതി ഉത്പാദനം 7637.83 MU ആയിരുന്നു. കഴിഞ്ഞ 5 വർഷത്തെ കണക്കുകൾ (2016-17 മുതൽ 2020-21 വരെ) പരിശോധിക്കുകയാണെങ്കിൽ 2020-21-ലെ ആഭ്യന്തര വൈദ്യുതി ഉത്പാദനം 2018-19 ഒഴികെയുള്ള മറ്റ് വർഷങ്ങളെ അപേക്ഷിച്ച് കൂടിയിട്ടുണ്ട്.

(ബി) കഴിഞ്ഞ അഞ്ച് വർഷത്തെ ആഭ്യന്തര വൈദ്യുതി ഉത്പാദനം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കഴിഞ്ഞ 5 വർഷത്തെ സംസ്ഥാനത്തെ ആഭ്യന്തര വൈദ്യുതി ഉത്പാദനത്തിന്റെ വിശദാംശങ്ങൾ അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.*

(സി) സംസ്ഥാനത്ത് ഇപ്പോൾ വൈദ്യുതി കമ്മി എത്രയാണ്; കമ്മി പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

അതത് സമയത്തെ വൈദ്യുതി ലഭ്യതയും ആവശ്യകതയും തമ്മിലുള്ള അന്തരം കമ്മിയായോ മിച്ചമായോ മാറുന്നു. പീക്ക് സമയത്താണ് സാധാരണ വൈദ്യുതി കമ്മി അനുഭവപ്പെടുന്നത്. ലഭ്യതയിലുണ്ടാകുന്ന വ്യത്യാസങ്ങൾമൂലം ഉണ്ടാകാവുന്ന പീക്ക് സമയത്തെ വൈദ്യുതി കമ്മി പരിഹരിക്കുന്നതിനാവശ്യമായ വൈദ്യുതി പവർ എക്സ്ചേഞ്ചുകൾ വഴി വാങ്ങാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഡി) സംസ്ഥാനത്തിന് പുറത്തുനിന്നും ഇപ്പോൾ വൈദ്യുതി വാങ്ങുന്നുണ്ടോ; ഉണ്ടെങ്കിൽ എവിടെനിന്നൊക്കെ; എത്രയാണ് വാങ്ങുന്നത്; ഇതിനായി പ്രതിവർഷം എത്ര രൂപയാണ് ചെലവഴിക്കുന്നത്?

ഉണ്ട്. 2020-21-ലെ കണക്കുകൾ പ്രകാരം സംസ്ഥാനത്തിന് പുറത്ത് നിന്നും വാങ്ങിയ വൈദ്യുതിയുടെ വിശദാംശങ്ങൾ അനുബന്ധം 2 -ൽ ചേർത്തിരിക്കുന്നു.* സംസ്ഥാനത്തിന് പുറത്തുനിന്നും വൈദ്യുതി വാങ്ങുന്നതിന് കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ ചെലവാക്കിയ തുകയുടെ വിവരം അനുബന്ധം 3 -ൽ ചേർത്തിരിക്കുന്നു.*

## ഉടുപ്പി-കാസർഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡ്

263 (648) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തര മലബാറിലെ വൈദ്യുതി തടസ്സങ്ങൾ പരിഹരിക്കാൻ കേന്ദ്ര പവർ വകുപ്പ് ഉടുപ്പി-കാസർഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡിന് അനുമതി നൽകിയിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക എത്രയാണെന്നും ഇതുകൊണ്ടുള്ള പ്രയോജനം ഏത് തരത്തിലാണ് യാഥാർത്ഥ്യമാകുന്നതെന്നും വിശദമാക്കാമോ?

അടങ്കൽ തുക സംബന്ധിച്ച വിവരം ലഭ്യമല്ല. നിലവിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിലേയ്ക്ക് വൈദ്യുതി എത്തുന്നത് അരീക്കോട് 400 കെ.വി.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സബ്സ്റ്റേഷനിൽ നിന്നുള്ള 220 കെ.വി. ലൈൻ വഴിയാണ്. ഈ ലൈനിൽ എന്തെങ്കിലും തകരാർ സംഭവിച്ചാൽ കണ്ണൂർ, കാസർഗോഡ് ജില്ലകൾ ഇരുട്ടിലാവും. ഇതിനൊരു ശാശ്വത പരിഹാരമാണ് ഈ പദ്ധതി. കൂടാതെ ഉത്തര കേരളത്തിൽ ഒരു പവർ ഹൈവേയും ഈ പദ്ധതി പൂർത്തീകരിക്കുന്നതോടെ ലഭ്യമാകും.

(സി) പ്രോജക്ടിന്റെ നിലവിലെ നിർമ്മാണപുരോഗതി വിശദമാക്കാമോ?

സ്റ്റെർലൈറ്റ് പവർ ട്രാൻസ്മിഷൻ ലിമിറ്റഡ് എന്ന കമ്പനി മുഖ്യപങ്കാളിയായ ഉടുപ്പി-കാസർഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡ് (UKTL) ആണ് പദ്ധതിയുടെ നിർമ്മാണം നടത്തുന്നത്. സബ്സ്റ്റേഷനാവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടി കമ്പനി കൈക്കൊണ്ടുവരുന്നു. ഉടുപ്പി-കാസർഗോഡ് 400 കെ.വി. ലൈനിന്റെ നിർമ്മാണത്തിന്റെ ഭാഗമായി 8 ടവറുകൾ നിർമ്മിച്ചുകഴിഞ്ഞിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ വരുന്ന ഭാഗത്തെ ലൈനിന്റെ ടവർ ഫൗണ്ടേഷനുകളും പൂർത്തിയായിട്ടുണ്ട്.

(ഡി) പദ്ധതിയുടെ ഭാഗമായി എവിടെയെല്ലാം പുതിയ സബ്സ്റ്റേഷനുകൾ സ്ഥാപിക്കും; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പദ്ധതിയുടെ ഭാഗമായി കാസർഗോഡ് ജില്ലയിലെ കരിന്തളത്ത് പുതിയ 400 കെ.വി. സബ്സ്റ്റേഷനും കർണ്ണാടകയിലെ UPCL (ഉടുപ്പി പവർ കോർപ്പറേഷൻ ലിമിറ്റഡ്) രണ്ട് 400 കെ.വി. ബേ-യും നിർമ്മിക്കും.

## കെ.എസ്.ഇ.ബി.-യുടെ നഷ്ടം കണക്കാക്കുന്ന രീതി

264 (649) <u>ശ്രീമതി കെ. കെ. രമ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. യുടെ വൈദ്യുതി വിതരണം വഴിയുള്ള വരുമാനം മാത്രം അടിസ്ഥാനമാക്കിയും വിൽപന വഴിയുള്ള വരുമാനം മറച്ചുവയ്ക്കുകയും ചെയ്താണ് സ്ഥാപനം നഷ്ടത്തിലാണെന്ന് കാണിക്കുന്നതെന്ന് വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിരീക്ഷിക്കുകയുണ്ടായോ?

ഇപ്രകാരമൊരു നിരീക്ഷണം സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ നടത്തിയിട്ടില്ല. ബോർഡിന്റെ ധനകാര്യ വിഭാഗം തയ്യാറാക്കുന്ന വാർഷിക അക്കൗണ്ട് കണക്കുകൾ (Annual Accounts) കമ്പനി നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള പരിശോധന നടത്തിയതിനുശേഷം (Statutory Auditing) കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ (C&AG) പരിശോധിച്ച് അംഗീകാരം നൽകിയതിനുശേഷമാണ് റെഗുലേറ്ററി കമ്മീഷനു മുമ്പാകെ സമർപ്പിക്കുന്നത്.

ഇപ്രകാരം സമർപ്പിക്കപ്പെട്ട ബോർഡിന്റെ വരവുചെലവ് കണക്കുകൾ റെഗുലേറ്ററി കമ്മീഷൻ, നിലവിലുള്ള താരിഫ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി വിശദമായ പരിശോധന നടത്തിയതിനുശേഷമാണ് തീർപ്പാക്കുന്നത്. കൂടാതെ, ഇതിന്മേൽ പൊതു തെളിവെടുപ്പ് നടത്തി പൊതുജനങ്ങളുടെ അഭിപ്രായംകൂടി ആരാഞ്ഞ ശേഷമാണ് കണക്കുകൾ തീർപ്പാക്കുന്നത്. ആയതിനാൽ ഇതിന്മേൽ യാതൊരുവിധ കൂട്ടിച്ചേർക്കലുകളോ ഒഴിവാക്കലുകളോ സാധ്യമല്ല.

(ബി) സോളാർ വൈദ്യുതി, വിവിധ ദീർഘകാല കരാറുകൾ പ്രകാരം വാങ്ങുന്ന വൈദ്യുതി, സ്വന്തമായി ഉത്പാദിപ്പിക്കുന്ന വൈദ്യുതി എന്നിവയിൽ അധികം വരുന്ന വൈദ്യുതി വിൽപ്പന നടത്തി കിട്ടുന്ന ലാഭം ബോർഡിന്റെ പ്രവർത്തന ചെലവും ബാധ്യതകളുമായി തട്ടിക്കിഴിച്ചാണോ നഷ്ടം കണക്കാക്കുന്നത്?

സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന താരിഫ് നിർണ്ണയ ചട്ടങ്ങൾ പ്രകാരമാണ് ബോർഡിന്റെ വരവുചെലവു കണക്കുകൾ തീർപ്പാക്കുന്നത്. ഇപ്രകാരം നിജപ്പെടുത്തുന്ന വരവ് ചെലവ് കണക്കുകൾ തമ്മിലുള്ള അന്തരം താരിഫ് പരിഷ്കരണത്തിലൂടെ നികത്തിത്തരികയാണ് ചെയ്യുന്നത്. ഇപ്രകാരം മൊത്തം വരവ് അല്ലെങ്കിൽ വരുമാനം കണക്കാക്കുമ്പോൾ മിച്ച വൈദ്യുതി വിൽപ്പനയിലൂടെ കിട്ടുന്ന ലാഭം പൂർണ്ണമായും ഉൾക്കൊള്ളിക്കുകയും താരിഫ് നിരക്കുകൾ നിർണ്ണയിക്കുമ്പോൾ ഇത് കണക്കാക്കുകയും ചെയ്യുന്നുണ്ട്.

(സി) വൈദ്യുതി വാങ്ങി വിതരണം ചെയ്യുന്നതിലും മിച്ചം വൈദ്യുതി വിൽക്കുന്നതിനും കിട്ടുന്ന ലാഭം പ്രത്യേകമായി വേർതിരിച്ച് അതിന്റെ വിഹിതം ഉപഭോക്താക്കൾക്ക് കൈമാറണമെന്നും കെ.എസ്.ഇ.ബി.യുടെ കെടുകാര്യസ്ഥത കൊണ്ടുണ്ടാകുന്ന നഷ്ടം ഉപഭോക്താക്കളുടെ മേൽ അടിച്ചേൽപ്പിക്കരുതെന്നും കമ്മീഷൻ നിർദ്ദേശിക്കുകയുണ്ടായോ?

ഇപ്രകാരമൊരു നിർദ്ദേശം സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ നൽകിയിട്ടില്ല.

(ഡി) എങ്കിൽ കഴിഞ്ഞവർഷം സംസ്ഥാനത്ത് വിൽപ്പനയ്ക്ക് ലഭ്യമായ മിച്ച വൈദ്യുതി, ഉല്പാദിപ്പിക്കുന്ന അധിക വൈദ്യുതി, മറ്റ് സ്ഥാപനങ്ങളിൽനിന്ന് ദീർഘകാല കരാർ പ്രകാരം കൂടുതലായി വാങ്ങുന്ന വൈദ്യുതി എന്നിവ എത്ര വീതമാണെന്ന് വ്യക്തമാക്കുമോ?

വൈദ്യുതി ബോർഡിന്റെ Aggregate Revenue Requirement & Expected Revenue from Charges (ARR & ERC) ഉത്തരവുകൾ തീർപ്പാക്കുമ്പോൾ വിവിധ

സ്രോതസ്സുകളിൽ നിന്ന് വാങ്ങേണ്ടുന്ന വൈദ്യുതിയുടെ അളവ്, അവയുടെ നിരക്ക് എന്നിവ പ്രതിപാദിക്കാറുണ്ട്. ഇപ്രകാരം 2020-21 വർഷത്തേയ്ക്ക് കമ്മീഷൻ അംഗീകരിച്ച കണക്കും സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകതയിലുള്ള വ്യതിയാനം കാരണം ഓരോ സ്രോതസ്സിൽനിന്നും എടുക്കേണ്ടി വന്ന വൈദ്യുതിയുടെ വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു*.

**വല്ലപ്പുഴ പഞ്ചായത്തിലെ രൂക്ഷമായ വൈദ്യുതി ക്ഷാമം**

265 (650) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വല്ലപ്പുഴ പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ രൂക്ഷമായ വൈദ്യുതി ക്ഷാമം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് അടിയന്തരമായി പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

വൈദ്യുതി പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസരണ മേഖലയിൽ വല്ലപ്പുഴ പഞ്ചായത്തിൽ വൈദ്യുതി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി പുതിയ ഒരു 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം പരിഗണനയിലുണ്ട്. ടി പ്രൊപ്പോസൽ RDSS (Revamped Distribution Sector Scheme)-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി സബ്സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കി, സാങ്കേതിക പഠനം നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചു. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, സ്ഥലലഭ്യത പരിഗണിച്ച് സബ്സ്റ്റേഷൻ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നു.

**നെയ്യാറ്റിൻകര ഉച്ചക്കട മേഖലയിലെ വോൾട്ടേജ് ക്ഷാമം**

266 (651) ശ്രീ. കെ ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര കുളത്തൂർ പഞ്ചായത്തിലെ ഉച്ചക്കട മേഖലയിൽ വൻതോതിൽ ഉണ്ടാകുന്ന വോൾട്ടേജ് ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി 33 കെ. വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി. നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) നെയ്യാറ്റിൻകര കുളത്തൂർ പഞ്ചായത്തിലെ ഉച്ചക്കട മേഖലയിൽ വൻതോതിൽ ഉണ്ടാവുന്ന വോൾട്ടേജ് ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 33 കെ. വി. പൂവാർ സബ്സ്റ്റേഷൻ 110 കെ.വി ആയി ഉയർത്തുന്നതിനുവേണ്ടി സാങ്കേതിക പഠനം നടത്തി അംഗീകാരം കിട്ടിയിട്ടുണ്ട്. പൂവാർ സബ്സ്റ്റേഷൻ 110 കെ.വി. ആയി ഉയർത്തുന്ന മുറയ്ക്ക് പ്രസ്തുത പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കപ്പെടുന്നതാണ്. പ്രസ്തുത പദ്ധതി ബോർഡിന്റെ 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### എടക്കര സബ് സ്റ്റേഷനിൽ നിന്നുള്ള വൈദ്യുതി വിതരണം

267 (652) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ എടക്കര 66 കെ.വി. സബ് സ്റ്റേഷൻ 110 കെ.വി.-യായി ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

എടക്കര സബ്സ്റ്റേഷനിലെ ഒരു 12.5 MVA, 110/11 KV ട്രാൻസ്ഫോർമർ 10-5-2021-നും രണ്ടാമത്തെ 12.5 MVA, 110/11 KV ട്രാൻസ്ഫോർമർ 18-9-2021-നും കമ്മീഷൻ ചെയ്ത് എടക്കര സബ്സ്റ്റേഷന്റെ ശേഷി 66 KV-യിൽ നിന്നും 110 KV ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) എടക്കര സബ്സ്റ്റേഷന് കീഴിൽ വഴിക്കടവ്, മൂത്തേടം, എടക്കര എന്നീ പഞ്ചായത്തുകളിൽ പതിവായി വൈദ്യുതി വിതരണം മുടങ്ങുന്നതുമൂലം ജനങ്ങൾ ബുദ്ധിമുട്ടിലാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

എടക്കര സബ്സ്റ്റേഷനിൽനിന്നും നിരന്തരമായി വൈദ്യുതിമുടക്കം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കുവേണ്ടി വൈദ്യുതി ഓഫ് ചെയ്യേണ്ടി വന്നിട്ടുണ്ട്. ഇതല്ലാതെ ചില സാങ്കേതിക തകരാറുകൾമൂലവും വൈദ്യുതിമുടക്കം ഉണ്ടായിട്ടുണ്ട്. ഷെഡ്യൂൾ ചെയ്ത പ്രവൃത്തികളുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള വൈദ്യുതി തടസ്സങ്ങൾ വാർത്താ വിതരണ മാധ്യമങ്ങളിലൂടെ പൊതുജനങ്ങളെ മുൻകൂട്ടി അറിയിച്ചിട്ടുണ്ടായിരുന്നു.

(സി) 2021 ജനുവരി മുതൽ നാളിതുവരെ എത്ര തവണയാണ് എടക്കര സബ്സ്റ്റേഷനിൽ നിന്നുള്ള വൈദ്യുതി വിതരണത്തിൽ ഒരു മണിക്കൂറിലധികം സമയം തടസ്സങ്ങളുണ്ടായതെന്നും വിതരണം നിലച്ചതിന്റെ ദൈർഘ്യവും തീയതികളും കാരണവും അടക്കമുള്ള വിശദാംശം ലഭ്യമാക്കാമോ?

2021 ജനുവരി മുതൽ 25-9-2021 വരെ എടക്കര സബ്സ്റ്റേഷനിൽനിന്നും ഉണ്ടായിട്ടുള്ള ഒരു മണിക്കൂറിൽ കൂടുതൽ ദൈർഘ്യമുള്ള വൈദ്യുതി മുടക്കങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) നിലമ്പൂർ ലൈനിൽ നിന്നുള്ള വൈദ്യുതി മുടങ്ങുമ്പോൾ പകരമായി പോത്തുകല്ല് സബ് സ്റ്റേഷനിൽ നിന്നോ മറ്റേതെങ്കിലും സബ്സ്റ്റേഷനുകളിൽ നിന്നോ എടക്കര സബ് സ്റ്റേഷനിലേയ്ക്ക് താൽക്കാലികമായി വൈദ്യുതി എത്തിക്കുന്നതിന് കെ.എസ്.ഇ.ബി. പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ ഇതിനായി പദ്ധതി തയ്യാറാക്കാൻ നിർദ്ദേശിക്കുമോയെന്നും വ്യക്തമാക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

110 KV നിലമ്പൂർ സബ്സ്റ്റേഷനിൽ നിന്നാണ് നിലവിൽ 33 KV പോത്തുകല്ല് സബ്സ്റ്റേഷനിലേയ്ക്കും 110 KV എടക്കര സബ്സ്റ്റേഷനിലേയ്ക്കും വൈദ്യുതി എത്തിക്കുന്നത്. നിലമ്പൂർ സബ്സ്റ്റേഷനിൽ നിന്നുള്ള വൈദ്യുതി മുടങ്ങുമ്പോൾ എടക്കര സബ്സ്റ്റേഷനിലെ മുഴുവൻ ലോഡും സപ്ലൈ ചെയ്യുന്നതിനുള്ള കപ്പാസിറ്റി പോത്തുകല്ല് സബ്സ്റ്റേഷനോ പൂക്കോട്ടുമ്പാടം സബ്സ്റ്റേഷനോ ഇല്ല. ആയതിനാൽ ടി സബ്സ്റ്റേഷനുകളിൽ നിന്നും എടക്കര സബ്സ്റ്റേഷനിലേയ്ക്ക് വൈദ്യുതി എത്തിക്കുന്നതിനുള്ള പകരം സംവിധാനം സാങ്കേതികമായി സാദ്ധ്യമല്ല എന്നാൽ നിലമ്പൂർ സബ്സ്റ്റേഷനിലേയ്ക്കുള്ള പകരം സംവിധാനമായി അരീക്കോട് നിന്നും നിലമ്പൂരിലേയ്ക്കുള്ള 110 കെ.വി DC ലൈനിനുള്ള പ്രൊപ്പോസൽ 2022-23 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്.

**കുട്ടനാട്ടിൽ കൃഷിക്കായി കുറഞ്ഞ നിരക്കിൽ വൈദ്യുതി**

268 (653) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ നെല്ലറയായ കുട്ടനാട്ടിൽ കൃഷിക്കായി വൈദ്യുതി യഥാസമയം ലഭ്യമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

സംസ്ഥാനത്തെ എല്ലാ വിഭാഗം ഉപഭോക്താക്കൾക്കും ഗുണമേന്മയുള്ള വൈദ്യുതി ഇടതടവില്ലാതെ ലഭ്യമാകുന്നതിലേക്കായി ദ്യുതി-2020, ട്രാൻസ്ഗ്രിഡ് - 2.0 എന്നീ പദ്ധതികൾ യഥാക്രമം വിതരണമേഖലയിലും പ്രസരണമേഖലയിലും ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. കേരളത്തിലെ നെല്ലറയായ കുട്ടനാട്ടിലെ കർഷകർ കൃഷി ആവശ്യത്തിനായി 6 മാസത്തെ താത്കാലിക വൈദ്യുതി കണക്ഷനുവേണ്ടിയാണ് അപേക്ഷ നൽകുന്നത്. താത്കാലിക കണക്ഷനുള്ള

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അപേക്ഷ, പുഞ്ച സ്പെഷ്യൽ ഓഫീസിൽ നിന്നുള്ള സർട്ടിഫിക്കറ്റ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നുള്ള സർട്ടിഫിക്കറ്റ്, കംപ്ലീഷൻ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കി കണക്ഷനുള്ള തുക അടച്ചാൽ ഉടനെ തന്നെ താത്കാലിക വൈദ്യുതി കണക്ഷൻ നൽകുന്നതാണ്.

(ബി) കൃഷിയാവശ്യത്തിനുള്ള വൈദ്യുതിനിരക്ക് കുറയ്ക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വെളിപ്പെടുത്തുമോ;

(സി) കാർഷികവൃത്തി ലാഭകരമാക്കാൻ കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

(ബി&സി) സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് നിർണ്ണയിക്കുന്നതിനുള്ള അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ, 8-7-2019-ൽ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് ഉത്തരവ് പ്രകാരമുള്ള വൈദ്യുതി നിരക്കുകളാണ് നിലവിൽ ഉപഭോക്താക്കളിൽ നിന്നും ഈടാക്കി വരുന്നത്. വൈദ്യുതിയുടെ ശരാശരി വിലയേക്കാൾ (Average Cost of Supply) കുറഞ്ഞ നിരക്കിലാണ് നിലവിൽ കാർഷിക ഉപഭോക്താക്കൾക്ക് വൈദ്യുതി നൽകിവരുന്നത്. 2020-21 വർഷത്തെ കമ്മീഷൻ നിശ്ചയിച്ച ശരാശരി വൈദ്യുതി വില യൂണിറ്റൊന്നിന് 6.50 രൂപയായിരിക്കെ കാർഷിക ഉപഭോക്താക്കൾക്ക് (ലോ ടെൻഷനിൽ) 2.30 രൂപയാണ് കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള എനർജി ചാർജ്. ഇതിൽ തന്നെ ലോ ടെൻഷൻ വിഭാഗത്തിൽപ്പെടുന്ന കാർഷിക ഉപഭോക്താക്കൾക്ക് യൂണിറ്റൊന്നിന് 85 പൈസ നിരക്കിൽ ഗവൺമെന്റ് സബ്സിഡി നൽകുകയും ബാക്കിയുള്ള തുക മുഴുവനായും (ഗവൺമെന്റ് നിഷ്കർഷിച്ചിട്ടുള്ള ഭൂപരിധിയുള്ള കർഷകർക്ക്) സംസ്ഥാനത്തെ കൃഷി ഭവൻ മുഖേന ബോർഡിലേയ്ക്ക് അടയ്ക്കുകയും ചെയ്യുന്നു. അതായത് കർഷകർക്ക് വൈദ്യുതി പൂർണ്ണമായും സൗജന്യമായാണ് ലഭ്യമാക്കി വരുന്നത്.

**പറമ്പിക്കുളത്തെ ആദിവാസി കോളനികളിലെ വൈദ്യുതി വിതരണം**

269 (654) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ പറമ്പിക്കുളത്തെ വിവിധ ആദിവാസി കോളനികളിൽ കേബിൾ മുഖേന വൈദ്യുതി എത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഏതെല്ലാം കോളനികൾക്കാണ് പ്രസ്തുത പദ്ധതി മുഖേന വൈദ്യുതി എത്തിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

(എ&ബി) നെന്മാറ നിയോജകമണ്ഡലത്തിൽപ്പെട്ട പറമ്പിക്കുളം മേഖലയിലെ അല്ലിമൂപ്പൻ, 30 ഏക്കർ, ഒറവൻപാടി, പൂപ്പാറ, കുരിയാർകുറ്റി എന്നീ ആദിവാസി കോളനികളിൽ ഭൂഗർഭ കേബിളുകളുപയോഗിച്ച് വൈദ്യുതി എത്തിക്കുന്നതിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും Tribal Department-ന്റെ ധനസഹായം അഭ്യർത്ഥിച്ചുകൊണ്ട് പ്രോജക്ട് റിപ്പോർട്ട് പാലക്കാട് ജില്ലാ കളക്ടർക്ക സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. തേക്കടി അല്ലിമൂപ്പൻ, തേക്കടി 30 ഏക്കർ, ഒറവമ്പാടി കോളനികളുടെ വൈദ്യുതീകരണത്തിനായി 11.10 കോടി രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരിക്കുന്നത്. പൂപ്പാറ, കുരിയാർകുറ്റി കോളനികളിൽ തമിഴ്നാടിന്റെ ഗ്രിഡ് വൈദ്യുതി ഉപയോഗിച്ച് മാത്രമേ വൈദ്യുതീകരണം സാദ്ധ്യമാകുകയുള്ളൂ. TANGENDCO-യിൽ നിന്ന് supply extend ചെയ്ത് വൈദ്യുതീകരണം നടത്തുന്നതിനായി പൂപ്പാറ കോളനിക്കായി 8.55 കോടി രൂപയുടെയും കുരിയാർകുറ്റി കോളനിക്കായി 9.4 കോടി രൂപയുടെയും എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരിക്കുന്നത്. വനംവകുപ്പിന്റെ അനുമതി, തമിഴ്നാടിന്റെ ഗ്രിഡ് വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള അനുമതി, വൈദ്യുതീകരണത്തിനാവശ്യമായ തുക എന്നിവ ലഭ്യമാക്കുന്ന മുറയ്ക്ക് കോളനികളുടെ വൈദ്യുതീകരണം നടപ്പിലാക്കുന്നതാണ്.

**സൗജന്യ വൈദ്യുത കണക്ഷൻ**

270 (655) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് സൗജന്യ വൈദ്യുതി കണക്ഷൻ നൽകുന്നതിനായി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കേണ്ടിവരുന്നത് അവർക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് കെ.എസ്.ഇ.ബി.യുടെ ചെലവിൽ വൈദ്യുതി പോസ്റ്റുകൾ മാറ്റി സൗജന്യമായി കണക്ഷൻ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

25-1-2019-ലെ ബോർഡ് ഉത്തരവ് പ്രകാരം BPL വിഭാഗത്തിൽപ്പെട്ട 1000 Watts വരെ കണക്റ്റഡ് ലോഡുള്ള വീടുകൾക്ക് പോസ്റ്റ് ആവശ്യം ഇല്ലാത്ത എല്ലാ

കണക്ഷനുകളും 200 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും (LT 1A Tariff) സൗജന്യമായി KSEBL-ന്റെ തനതു ഫണ്ടിൽനിന്നും നൽകിവരുന്നു. നിലവിലുള്ള നിയമപ്രകാരം സൗജന്യ വൈദ്യുതി കണക്ഷനുള്ള ആനുകൂല്യം LT-1 A താരിഫിന് മാത്രമേ ലഭ്യമാവുകയുള്ളൂ.

(സി) ഗുരുവായൂർ മണ്ഡലത്തിൽ പോസ്റ്റ് മാറ്റിവയ്ക്കേണ്ടതിന്റെ പേരിൽ സൗജന്യമായി കണക്ഷൻ നൽകാൻ സാധിക്കാത്ത കുടുംബങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

ഗുരുവായൂർ മണ്ഡലത്തിൽ പോസ്റ്റ് മാറ്റിവയ്ക്കേണ്ടതിന്റെ പേരിൽ സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകാൻ സാധിക്കാത്ത കുടുംബങ്ങൾ നിലവിലില്ല. എന്നാൽ, ചാവക്കാട് ഇലക്ട്രിക്കൽ സെക്ഷനു കീഴിൽ ശ്രീമതി സക്കീന, രായംമരയ്ക്കാർ വീട്, നാലാംകല്ല്, എടക്കഴിയൂർ എന്ന വ്യക്തിക്ക് ലൈഫ് പദ്ധതിയിൽ വീട് നിർമ്മിക്കുന്നതിന് വീട് നിർമ്മാണത്തിന്റെ താരിഫിൽ (LT-VI F) അപേക്ഷിച്ചിട്ടുണ്ട്. അതനുസരിച്ച് ഒരു പോസ്റ്റ് സ്ഥാപിക്കുന്നതിന് (Post insertion) വേണ്ടിവരുന്ന എസ്റ്റിമേറ്റ് തുക 7,906 രൂപയാണ്. സൗജന്യ വൈദ്യുതി കണക്ഷനുള്ള ആനുകൂല്യം കൺസ്ട്രക്ഷൻ താരിഫിന് ലഭ്യമല്ല.

## ചാർജ്ജിംഗ് സ്റ്റേഷനുകൾ

271 (656) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇലക്ട്രിക് വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും ഊർജ്ജ സംരക്ഷണത്തിനുമായി വൈദ്യുതി വകുപ്പ് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

സംസ്ഥാനത്ത് ഇലക്ട്രിക് വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും ഊർജ്ജ സംരക്ഷണത്തിനുമായി കെ.എസ്.ഇ.ബി.എൽ., അനെർട്ട്, ഇ.എം.സി. എന്നിവർ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു. കെ.എസ്.ഇ.ബി.എൽ. പെട്രോൾ വില വർദ്ധനവ് മൂലമുള്ള പ്രയാസം ഗണ്യമായി കുറയ്ക്കുക, പരിസ്ഥിതി മലിനീകരണം ലഘൂകരിക്കുക, ഊർജ്ജ സുരക്ഷ ഉറപ്പാക്കുക തുടങ്ങിയ സുപ്രധാനമായ, അടുത്ത തലമുറയെ വരെ സ്വാധീനിക്കുന്ന വൻലക്ഷ്യങ്ങൾ മുന്നിൽ കണ്ട് വൈദ്യുതിവാഹനങ്ങൾക്ക് അതീവ പ്രാധാന്യം നൽകിവരുന്നു. ഇതിന്റെ ഭാഗമായി കേരള സർക്കാർ ഇ-വെഹിക്കിൾ പോളിസി പുറത്തിറക്കിയിട്ടുണ്ട്. വൈദ്യുതി വാഹനങ്ങളുടെ ഉപയോഗത്തിനും വിപണിയുടെ ഉണർവിനും സുപ്രധാനമായ പങ്ക് വഹിക്കേണ്ടത് ചാർജ്ജിംഗ് സംവിധാനങ്ങളുടെ പര്യാപ്തത

ആണ്. കേരള സർക്കാരിന്റെ ഇ-വെഹിക്കിൾ പോളിസി പ്രകാരം സംസ്ഥാനത്തുടനീളം മതിയായ തോതിൽ ചാർജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ.-നെയാണ് നോഡൽ ഏജൻസി ആയി തെരഞ്ഞെടുത്തിട്ടുള്ളത്. ഇപ്രകാരം എല്ലാ ജില്ലകളിലുമായി 250-ൽ പരം വരുന്ന ഒരു ചാർജ്ജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കാൻ ലക്ഷ്യമിട്ട് കെ.എസ്.ഇ.ബി.എൽ. പ്രവർത്തിക്കുന്നു. ഊർജ്ജ സംരക്ഷണത്തിനായി നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. വിതരണമേഖലയിൽ ഊർജ്ജനഷ്ടം കുറയ്ക്കുന്നതിനായി ട്രാൻസ്ഫോർമറുകളുടെ നവീകരണം-വൈദ്യുതി വിതരണ മേഖലയിൽ ഊർജ്ജനഷ്ടം കുറയ്ക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി വിതരണ ട്രാൻസ്ഫോർമറുകൾ ഉന്നത നിലവാരത്തിലെത്തിക്കുന്ന പ്രവർത്തനങ്ങൾ തുടരുന്നു. ഇതിന്റെ ഭാഗമായി അടിമാലി, രാജക്കാട്, ഒല്ലൂർ സെക്ഷനുകളുടെ പരിധിയിലുള്ള എല്ലാ ട്രാൻസ്ഫോർമറുകളുടെയും നവീകരണ പ്രവർത്തനങ്ങളും തുടർന്ന് കണ്ണൂർ, തിരൂർ, ആലപ്പുഴ ഇലക്ട്രിക്കൽ സർക്കിളുകൾക്ക് കീഴിലുള്ള വിതരണ ട്രാൻസ്ഫോർമറുകളുടെ നവീകരണ ജോലികളും പൂർത്തീകരിച്ചിട്ടുണ്ട്.

2. ഹൈവോൾട്ടേജ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (എച്ച്.വി.ഡി.എസ്) പദ്ധതി - വൈദ്യുതി വിതരണ നഷ്ടം കുറയ്ക്കുന്നതിനായി നടപ്പിലാക്കുന്ന ഹൈവോൾട്ടേജ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (എച്ച്.വി.ഡി.എസ്.) പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ വിജയകരമായി തിരുവനന്തപുരം ജില്ലയിൽ പേയാട് ഇലക്ട്രിക്കൽ സെക്ഷനിൽ നടപ്പിലാക്കിയിരുന്നു. ഇതിലൂടെ വൈദ്യുതി തടസ്സവും അപകടങ്ങളും നല്ലൊരളവുവരെ ഒഴിവാക്കുവാൻ കഴിയുന്നുണ്ട്. പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി പത്തനംതിട്ട, കോന്നി ഇലക്ട്രിക് സെക്ഷനുകളിൽ എച്ച്.വി.ഡി.എസ്. പദ്ധതി നടപ്പിലാക്കി. കൂടാതെ 2018-19-ലെ 40 ലക്ഷം രൂപയുടെ സർക്കാർ ഫണ്ട് വിനിയോഗിച്ച് തിരൂർ 15 കെ.വി.എ.-യുടെ 20 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന ഹൈവോൾട്ടേജ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (എച്ച്.വി.ഡി.എസ്.) പദ്ധതിയുടെ പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്. പാലക്കാട് ജില്ലയിൽ സുൽത്താൻപേട്ട ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ 40 ലക്ഷം രൂപയുടെ എച്ച്.വി.ഡി.എസ്. പദ്ധതിയുടെ പ്രവർത്തനങ്ങളും ഹരിപ്പാട് ഇലക്ട്രിക്കൽ സർക്കിളിന്റെ പരിധിയിൽ 46 ലക്ഷം രൂപയുടെ എച്ച്.വി.ഡി.എസ്. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളും പുരോഗമിച്ചു വരുന്നു.

3. ഫിലമെന്റ് രഹിത കേരളം പദ്ധതി- കേരള സർക്കാർ ഊർജ്ജ കേരള മിഷന്റെ ഭാഗമായി വിഭാവനം ചെയ്ത അഞ്ച് പദ്ധതികളിൽ ഒന്നായ

ഫിലമെന്റ് രഹിത കേരളം (FFK) പദ്ധതി പ്രകാരം ഗാർഹിക ഉപഭോക്താക്കൾക്കായി സഹായവിലയിൽ ഗുണമേൻമയുള്ള LED ബൾബുകൾ വിതരണം ചെയ്തുവരുന്നു. ടി പദ്ധതി കെ.എസ്.ഇ.ബി.എൽ.-ന്റെ നേതൃത്വത്തിൽ ഇ.എം.സി.-യുടെ പങ്കാളിത്തത്തോടുകൂടിയാണ് നടപ്പാക്കുന്നത്. ഉപഭോക്താക്കളുടെ കൈവശമുള്ള സാധാരണ ബൾബുകളും സി.എഫ്.എൽ.-കളും തിരിച്ചെടുക്കാനും അവ സുരക്ഷിതമായി സംസ്കരിക്കുന്നതിനുമുള്ള ക്രമീകരണവും ഇതിൽ ഉൾപ്പെടുന്നു. ഈ പദ്ധതി പ്രാവർത്തികമാകുന്നതോടുകൂടി ഏകദേശം 250 മെഗാവാട്ട് വൈദ്യുതി ലാഭിക്കുവാൻ കഴിയുമെന്ന് കണക്കാക്കിയിട്ടുണ്ട്. കൂടാതെ ഫിലമെന്റ് ബൾബുകളിലെ മെർക്കുറി സൃഷ്ടിക്കുന്ന മലിനീകരണ സാദ്ധ്യത കുറയ്ക്കുവാനും ഹരിതഗൃഹവാതക ഉത്സർജ്ജനം കുറയ്ക്കുന്നതിനും സാധിക്കുന്നു. ഈ പദ്ധതി വഴി ഇതിനോടകം 94 ലക്ഷത്തിൽപരം LED ബൾബുകൾ വിതരണം ചെയ്തിട്ടുണ്ട്. അനെർട്ട് സംസ്ഥാനത്ത് ഇലക്ട്രിക് വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടം എന്ന നിലയിൽ നിലവിൽ സർക്കാർ വകുപ്പുകളിലും സ്ഥാപനങ്ങളിലും കരാർ വ്യവസ്ഥയിൽ ഉപയോഗിക്കുന്ന ഡീസൽ, പെട്രോൾ വാഹനങ്ങൾ മാറ്റി അനെർട്ട് വഴി ഇലക്ട്രിക് കാറുകൾ നൽകുന്ന പദ്ധതി ആരംഭിച്ചു. 2020-21 വർഷം തുടങ്ങിയ പദ്ധതി പ്രകാരം എനർജി എഫിഷ്യൻസി സർവ്വീസ് ലിമിറ്റഡ് (E.E.S.L) എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനവുമായി ചേർന്ന് ഇതുവരെ വിവിധ മോഡലുകളിലുള്ള 130 ഇലക്ട്രിക് കാറുകൾ 20 സർക്കാർ വകുപ്പുകളിലായി അനെർട്ട് നൽകിയിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിന്റെ സേഫ് കേരള പദ്ധതിയുടെ ഭാഗമായി 71 ഇലക്ട്രിക് വാഹനങ്ങളും ഇതിൽ ഉൾപ്പെടുന്നു. ഇ.എം.സി. സംസ്ഥാനത്ത് ഊർജ്ജ സംരക്ഷണം കാര്യക്ഷമമാക്കുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. കേന്ദ്ര ഊർജ്ജ സംരക്ഷണ നിയമം 2001 പ്രകാരം നിയുക്ത ഉപഭോക്താക്കളായി പ്രഖ്യാപിക്കപ്പെട്ട 15 വൻകിട ഊർജ്ജ ഉപഭോക്താക്കളുടെ വാർഷിക ഊർജ്ജ ഉപഭോഗത്തിന്റെ മേൽനോട്ടം നടത്തി വരുന്നു. പുതിയതായി നിർമ്മിക്കുന്ന വാണിജ്യ കെട്ടിടങ്ങളിൽ 100 kW/120 kVA-ക്ക് മുകളിൽ വൈദ്യുതി ആവശ്യമുള്ള കെട്ടിടങ്ങൾക്ക് ഊർജ്ജസംരക്ഷണ നിയമപ്രകാരം എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് (ECBC) നിർബന്ധിതമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2017 മുതൽ ഇത് കേരള സംസ്ഥാന കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 150-ന് മുകളിൽ വരുന്ന എഞ്ചിനീയർമാർക്ക് ECBC മാനദണ്ഡങ്ങളനുസരിച്ച് കെട്ടിടം ഡിസൈൻ ചെയ്യുന്നതിനുള്ള കമ്പ്യൂട്ടർ സിമുലേഷനിലും സാങ്കേതിക വിദ്യയിലും Hands on training കൂടി നൽകുകയും ഇതിന്റെ ഭാഗമായി ECBC പ്രകാരം നിർമ്മിച്ച കെട്ടിടങ്ങൾ പരിശോധിച്ച് സർട്ടിഫൈ ചെയ്യുന്നതിന് BEEE (Building Energy Efficiency Experts) എന്ന ഒരു കേഡറിനെ എംപാനൽ

ചെയ്യുകയും ചെയ്തു. ഊർജ്ജസംരക്ഷണ നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള സ്റ്റാന്റേർഡ്സ് & ലേബലിംഗ് പരിപാടിയെക്കുറിച്ച് ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. 'ഫിലമെന്റ് രഹിത കേരളം' പദ്ധതി വഴി കേരളത്തിൽ 2020 മുതൽ ഊർജ്ജക്ഷമത കൂടിയതും കൂടുതൽ പ്രകാശം നൽകുന്നതുമായ എൽ.ഇ.ഡി. ബൾബുകൾ വ്യാപിപ്പിക്കുവാൻ വേണ്ട പ്രവർത്തനങ്ങൾ നടത്തിവരുന്നു. കേരളത്തിലെ എല്ലാ വൻകിട വൈദ്യുത ഊർജ്ജ ഉപഭോക്താക്കൾക്കും ഊർജ്ജ ഓഡിറ്റ് നിർബന്ധമാക്കി 2011-ൽ സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ ഉടമസ്ഥതയിലുള്ള ചെറുകിട വ്യവസായ/വാണിജ്യ/കെട്ടിട മേഖലയിൽ സൗജന്യ പ്രാഥമിക ഊർജ്ജ ഓഡിറ്റ് പദ്ധതി നടപ്പിലാക്കുന്നു. സംസ്ഥാനത്ത് ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരള സർക്കാർ ഊർജ്ജ സംരക്ഷണ അവാർഡ് ഏർപ്പെടുത്തിയിരിക്കുന്നത്. 2019-ൽ തിരുവനന്തപുരം ജില്ലയിലെ 10 ഗവൺമെന്റ് പബ്ലിക്/കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ മൊത്തം 327 എൽ.ഇ.ഡി. ട്യൂബ് ലൈറ്റുകൾ, 240 എൽ.ഇ.ഡി. ബൾബ്, 145 സീലിംഗ് ഫാൻ എന്നിവ വിതരണം ചെയ്യുകയും ആകെ 30049 യൂണിറ്റ് ഊർജ്ജ ലാഭം ഉണ്ടാക്കുകയും ചെയ്തു. ചൈതന്യം പദ്ധതിയുടെ ഭാഗമായി 2019-20 കാലയളവിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഊർജ്ജകാര്യക്ഷമത കുറഞ്ഞ വൈദ്യുത ഉപകരണങ്ങൾ മാറ്റി ഊർജ്ജകാര്യക്ഷമത കൂടിയവ സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാന ഊർജ്ജ സംരക്ഷണ നിധിയിൽനിന്നും 1 കോടി രൂപ വിനിയോഗിച്ചാണ് പദ്ധതി നടപ്പിലാക്കിയത്. ഇതുകൂടാതെ ഗവൺമെന്റ് മെഡിക്കൽ കോളേജ്, തൃശ്ശൂർ, ചെസ്റ്റ് ഹോസ്പിറ്റൽ, തൃശ്ശൂർ, ഗവൺമെന്റ് മെഡിക്കൽ കോളേജ്, കളമശ്ശേരി, ജനറൽ ഹോസ്പിറ്റൽ, പാലാ, ഡിസ്ട്രിക്ട് ഹോസ്പിറ്റൽ, തൃശ്ശൂർ എന്നിവിടങ്ങളിൽ ഊർജ്ജ സംരക്ഷണം കാര്യക്ഷമമാക്കിയിട്ടുണ്ട്. റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്ത്താൽമോളജി, തിരുവനന്തപുരത്തും, പാലക്കാട് സർക്കാർ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലും പദ്ധതി നടപ്പിലാക്കിവരുന്നു. സർക്കാർ കെട്ടിടങ്ങളുടെ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പാലക്കാട്, കണ്ണൂർ സിവിൽ സ്റ്റേഷനുകളിൽ ഊർജ്ജ കാര്യക്ഷമത കുറഞ്ഞ ഉപകരണങ്ങൾ മാറ്റി ഊർജ്ജ കാര്യക്ഷമത കൂടിയ ഉപകരണങ്ങൾ സ്ഥാപിച്ചു. ടൂറിസം രംഗത്ത് പ്രവർത്തിക്കുന്ന തെരഞ്ഞെടുത്ത ഹൗസ് ബോട്ടിലെ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഊർജ്ജക്ഷമത കൂടിയ ലോ വോൾട്ട് ഡി.സി. ഉപകരണങ്ങൾ ഘടിപ്പിക്കുകയും സൗരവൈദ്യുതി ഉപയോഗിച്ച് പ്രവർത്തിപ്പിക്കുകയും ചെയ്യുന്ന പദ്ധതി 2021-ൽ പൂർത്തീകരിച്ചു. കുട്ടനാട്, തൃശ്ശൂർ, പൊന്നാനി കോൾ നിലയങ്ങളിൽ ഉപയോഗിക്കുന്ന ഊർജ്ജ കാര്യക്ഷമത കുറഞ്ഞ പെട്ടിപറ പമ്പുകൾക്ക് പകരം ഉപയോഗിക്കുവാൻ സാധിക്കുന്ന

ഊർജ്ജകാര്യക്ഷമത കൂടിയ പമ്പുകൾ വികസിപ്പിച്ചു. ഇ.എം.സി., പാലക്കാട് സ്ഥിതി ചെയ്യുന്ന ഫ്ലൂയിഡ് കൺട്രോൾ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (FCRI), കേരള സർക്കാർ സ്ഥാപനമായ RAIDCO എന്നിവരും ചേർന്ന് സംയുക്തമായാണ് പദ്ധതി നടപ്പിലാക്കിയത്. കോട്ടയം ജില്ലയിലെ അയ്മനത്തും, ആലപ്പുഴ ജില്ലയിൽ കുട്ടനാട് ആർ ബ്ലോക്കിലും പരീക്ഷണാർത്ഥം പമ്പ് സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്തുകളിൽ ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മാതൃകാ ഊർജ്ജകാര്യക്ഷമ ഗ്രാമ പഞ്ചായത്ത് എന്ന പദ്ധതി നിലവിലുണ്ട്. 2016-2021 കാലയളവിൽ കേരളത്തിലെ 14 ഗ്രാമപഞ്ചായത്തുകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി മറ്റ് ഗ്രാമ പഞ്ചായത്തുകളിലേയ്ക്കും വ്യാപിപ്പിക്കാൻ പദ്ധതിയിടുന്നു. വ്യവസായശാലകളിൽ ഊർജ്ജ സംരക്ഷണം ഉറപ്പുവരുത്തുവാൻ വ്യവസായ പാർക്കുകളും ക്ലസ്റ്ററുകളും കേന്ദ്രീകരിച്ച് 25 ശില്പശാലകൾ നടത്തുവാൻ പദ്ധതിയിടുന്നു. നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഇ.എം.സി. 'ഊർജ്ജയാൻ' പദ്ധതി നടത്തിവരുന്നു. പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ ജില്ലയിലെ 8 നിയോജക മണ്ഡലങ്ങളിലെ (ഒല്ലൂർ, പുതുക്കാട്, മണലൂർ, കുന്നംകുളം, കയ്പമംഗലം, ഇരിഞ്ഞാലക്കുട, കൊടുങ്ങല്ലൂർ, ഗുരുവായൂർ) തെരഞ്ഞെടുത്ത സർക്കാർ കെട്ടിടങ്ങളുടെ ഊർജ്ജ ഓഡിറ്റ് ആരംഭിച്ചു. കൂടാതെ തിരുവനന്തപുരം ജില്ലയിലെ 2 നിയോജകമണ്ഡലങ്ങളിലെ (നേമം, കഴക്കൂട്ടം) സർക്കാർ സ്കൂളുകളുടെ ഊർജ്ജ ഓഡിറ്റ് ആരംഭിച്ചു. ഇതുകൂടാതെ കാട്ടാക്കട നിയോജക മണ്ഡലത്തിലെ തെരഞ്ഞെടുത്ത 6 സ്കൂളുകളിൽ ഊർജ്ജ കാര്യക്ഷമത കുറഞ്ഞ ഉപകരണങ്ങൾ മാറ്റി ഊർജ്ജ കാര്യക്ഷമത കൂടിയ ഉപകരണങ്ങൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്. കൂടാതെ പാലക്കാട് ജില്ലയെ ഊർജ്ജ കാര്യക്ഷമമായ ജില്ലയായി മാറ്റുന്നതിന്റെ ഭാഗമായി തെരഞ്ഞെടുത്ത സർക്കാർ കെട്ടിടങ്ങളുടെയും വിദ്യാലയങ്ങളുടെയും ഊർജ്ജ ഓഡിറ്റ് ആരംഭിച്ചു. ഊർജ്ജ സംരക്ഷണ വിഷയത്തിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കുന്നതിന്റെ ഭാഗമായി സ്കൂൾ വിദ്യാർത്ഥികൾക്കായി നടപ്പിലാക്കിയ പദ്ധതിയാണ് സ്മാർട്ട് എനർജി പ്രോഗ്രാം. ഇതിന്റെ ഭാഗമായി 7841 സ്കൂളുകളെ 41 വിദ്യാഭ്യാസ ജില്ലകളിൽ നിന്നായി സംഘടിപ്പിച്ച് 70000-ത്തോളം കുട്ടികളുടെ നേതൃത്വത്തിൽ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി. ഈ പദ്ധതി മറ്റ് സ്കൂളുകളിലേയ്ക്കും വ്യാപിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. പൊതുജനങ്ങൾക്ക് ഊർജ്ജസംരക്ഷണ രംഗത്ത് അവബോധം സൃഷ്ടിക്കുന്നതിനുവേണ്ടി സർക്കാരേതര സ്ഥാപനങ്ങൾ വഴി (NGO) ഊർജ്ജസംരക്ഷണ ക്ലാസ്സുകളും പദ്ധതികളും നടപ്പിലാക്കിവരുന്നു. ഇലക്ട്രിക് വാഹനങ്ങളുടെ പ്രചാരം വർദ്ധിപ്പിക്കുന്നതിനും എണ്ണം വർദ്ധിപ്പിക്കുന്നതിനുമായി താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു.

ഇ-മൊബിലിറ്റി, ഇലക്ട്രിക് വെഹിക്കിൾ ചാർജ്ജിംഗ് ഇൻഫ്രാസ്ട്രക്ചർ എന്നിവയുടെ പ്രയോജനങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി 'ഗോ ഇലക്ട്രിക് ക്യാമ്പയിൻ' എന്ന പേരിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന ക്യാമ്പയിൻ ഇ.എം.സി. നടത്തിവരുന്നു. ഈ ക്യാമ്പയിനിന്റെ സംസ്ഥാനതല ഉദ്ഘാടനം 2021 ജൂൺ 5-ന് നടത്തുകയുണ്ടായി. ഈ ക്യാമ്പയിനിന്റെ ഭാഗമായി വർഷം മുഴുവനും എല്ലാ ആഴ്ചകളിലും ഓരോ വെബിനാർ സംഘടിപ്പിച്ചുവരുന്നു. നിലവിൽ 15 വെബിനാർ ഇതിനോടകം സംഘടിപ്പിച്ചിട്ടുണ്ട്. 2021 ജൂൺ 10-ന് 'ഗോ ഇലക്ട്രിക്ക് ക്യാമ്പയിനി'-ന്റെ ഭാഗമായി പ്രധാന ഇലക്ട്രിക് വാഹനങ്ങളുടെയും ഇലക്ട്രിക് പാചക ഉപകരണങ്ങളുടെയും പ്രധാന നിർമ്മാതാക്കളെ ഉൾപ്പെടുത്തി വെർച്വൽ എക്സിബിഷൻ സംഘടിപ്പിക്കുകയുണ്ടായി. മേല്പറഞ്ഞ വെബിനാറുകൾ ഇ.എം.സി. യുടെ ഔദ്യോഗിക ഫേസ്ബുക്ക് പേജിലൂടെയും പ്രക്ഷേപണം നടത്തുകയുണ്ടായി. വെർച്വൽ എക്സിബിഷന്റെ ഭാഗമായി ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ, ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി, ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി ശ്രീ. ആന്റണി രാജു, ഡോ. ബി. അശോക് IAS, മുൻ ഊർജ്ജ വകുപ്പ് സെക്രട്ടറി, ശ്രീ സൗരഭ് കുമാർ, എക്സിക്യൂട്ടീവ് വൈസ് ചെയർമാൻ, എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡ്, ശ്രീമതി മഹുവ ആചാര്യ എം.ഡി & കൺവെർജൻസ് എനർജി സർവീസസ് ലിമിറ്റഡിന്റെ (സി.ഇ.എസ്.എൽ.) സി.ഇ.ഒ. എന്നിവരുടെ ആശംസാ വീഡിയോകൾ പ്രദർശിപ്പിക്കുകയുണ്ടായി. ഇ.എം.സി.-യുടെ 'Go Electric' ക്യാമ്പയിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് കുറഞ്ഞ വിലയിൽ വൈദ്യുത ഇരുചക്ര വാഹനങ്ങൾ വാങ്ങുവാനുള്ള സൗകര്യം സജ്ജമാക്കിയിട്ടുണ്ട്. കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡിന്റെ അനുബന്ധ സ്ഥാപനമായ കോൺവെർജെൻസ് എനർജി സർവീസസ് ലിമിറ്റഡും (സി.ഇ.എസ്.എൽ.) ചേർന്നാണ് ഈ പദ്ധതി നടത്തുന്നത്. മേല്പറഞ്ഞ പദ്ധതി പ്രകാരം പൊതുജനങ്ങൾക്ക് കുറഞ്ഞ വിലയിൽ ഇലക്ട്രിക് ടൂവീലറുകൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനവും പ്രദർശന മേളയും വെബ് പോർട്ടൽ ഉദ്ഘാടനവും ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി 2021 സെപ്റ്റംബർ 1-ന് നിർവ്വഹിച്ചു. വെള്ളയമ്പലം ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എൻജിനിയേഴ്സ് ഗ്രൗണ്ടിലാണ് ചടങ്ങ് സംഘടിപ്പിച്ചത്. ഇലക്ട്രിക് സ്കൂട്ടറുകളുടെ ടെസ്റ്റ് ഡ്രൈവ് ഉദ്ഘാടനം ശ്രീ. വി. കെ. പ്രശാന്ത് എം.എൽ.എ. നിർവ്വഹിച്ചു. വാർഡ് കൗൺസിലർ ശ്രീ. പാളയം രാജൻ, ഊർജ്ജ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. രാജേഷ് കുമാർ സിൻഹ ഐ.എ.എസ്, എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ ഡോ. ആർ ഹരികുമാർ, സി.ഇ.എസ്.എൽ. എം.ഡി &

സി.ഇ.ഒ. മഹുവാ ആചാര്യ, ഇൻഡസ്ട്രീസ് & ഇൻഫ്രാസ്ട്രക്ച്ചർ പ്ലാനിംഗ് ബോർഡ് ചീഫ് ശ്രീ. ജോയ് വി.എൻ.ആർ, അനെർട്ട് സി.ഇ.ഒ ശ്രീ. നരേന്ദ്രനാഥ് വെല്ലൂരി ഐ.എഫ്. എസ്., അനെർട്ട് ചീഫ് ടെക്നിക്കൽ മാനേജർ ശ്രീ. അനീഷ് എസ്.പ്രസാദ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് ചീഫ് ശ്രീ. വി. സി. അനിൽ കുമാർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. മേല്പറഞ്ഞ പദ്ധതി പ്രകാരം ലഭ്യമാകുന്ന ഇലക്ട്രിക് വാഹനങ്ങളുടെ പ്രദർശനം 2021 സെപ്റ്റംബർ 1 മുതൽ 4 വരെ വെള്ളയമ്പലം ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എഞ്ചിനിയേഴ്സ് ഗ്രൗണ്ടിൽ സംഘടിപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട പൊതു വിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ശ്രീ. വി ശിവൻകുട്ടി, ആരാധ്യയായ തിരുവനന്തപുരം മേയർ കുമാരി ആര്യ രാജേന്ദ്രൻ, വട്ടിയൂർക്കാവ് എം.എൽ.എ. ശ്രീ. വി.കെ. പ്രശാന്ത്, കഴക്കൂട്ടം എം.എൽ.എ. ശ്രീ. കടകംപള്ളി സുരേന്ദ്രൻ, കാട്ടാക്കട എം.എൽ.എ. ശ്രീ. ഐ. ബി. സതീഷ്, മട്ടന്നൂർ നിയമസഭാ മണ്ഡലത്തിലെ ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ എന്നിവർ പ്രദർശനം സന്ദർശിക്കുകയും ആശംസാ വീഡിയോ നൽകുകയും ചെയ്തിട്ടുണ്ട്. ആശംസാ വീഡിയോ ഇ.എം.സി. യുടെ ഔദ്യോഗിക സോഷ്യൽ മീഡിയാ പേജുകളിൽ പ്രദർശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ ആകാശവാണി, എഫ്.എം. റേഡിയോ എന്നീ മാധ്യമങ്ങളിൽ കൂടി ഈ പദ്ധതിയെക്കുറിച്ചും പ്രദർശനത്തിന്റെ വിശദ വിവരണം ഒരു ആഴ്ച കാലത്തേയ്ക്ക് നൽകിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം കേരളത്തിലെ പൊതുജനങ്ങൾക്ക് വിപണി വിലയേക്കാൾ കുറഞ്ഞ നിരക്കിൽ ഇലക്ട്രിക് ടൂവീലറുകൾ വാങ്ങുവാൻ സാധിക്കും. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി CESL ഇലക്ട്രിക്ക് ടൂവീലറുകളുടെ നിർമ്മാതാക്കളിൽനിന്ന് രാജ്യവ്യാപകമായി ടെണ്ടർ ക്ഷണിക്കുകയും 6 വാഹന നിർമ്മാതാക്കളെ എം-പാനൽ ചെയ്തിട്ടുമുണ്ട്. പൊതുജനങ്ങൾക്ക് മേല്പറഞ്ഞ വാഹന നിർമ്മാതാക്കളുടെ ഇലക്ട്രിക് 2 വീലറുകൾ www.MyEV.org.in എന്ന വെബ്സൈറ്റിൽ നിന്നും കൂടാതെ MyEV മൊബൈൽ ആപ്പ് (ഗൂഗിൾ പ്ലേ സ്റ്റോറിലും ആപ്പിൾ ആപ്പ്സ്റ്റോറിലും ലഭ്യമാണ്) വഴിയും ബുക്ക് ചെയ്യാനുമുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. നിർമ്മാതാക്കളുടെ ഡീലർമാർ മുഖേനയാണ് വാഹനം വില്പന നടത്തുന്നത്. ഇന്ത്യയിൽ തന്നെ ആദ്യമായിട്ടാണ് ഒരു പോർട്ടൽ മുഖാന്തരം ഇത്തരം വാഹനം വാങ്ങുവാനുള്ള സൗകര്യം ഒരുക്കിയിട്ടുള്ളത്. ഈ വാഹനങ്ങൾക്ക് 20,000 രൂപ മുതൽ 43,000 രൂപ വരെ സബ്സിഡി ലഭിക്കുന്നതാണ്. നാളിതുവരെ 34 ഇലക്ട്രിക് വാഹനങ്ങളുടെ ബുക്കിംഗ് മേല്പറഞ്ഞ സൈറ്റിലൂടെ നടന്നിട്ടുണ്ട്. സംസ്ഥാനത്ത് ഉയർന്നുവരുന്ന പെട്രോൾ-ഡീസൽ വില വർദ്ധനവുമൂലം പ്രയാസം നേരിടുന്ന ഓട്ടോറിക്ഷ ഡ്രൈവർമാർക്ക് ഇതിൽ നിന്നും മുക്തി നേടുന്നതിന് ഇലക്ട്രിക് ഓട്ടോറിക്ഷകളിലേയ്ക്ക് മാറുന്നതാണ് ഉചിതം.

പെട്രോൾ/ഡീസൽ ഓട്ടോറിക്ഷകളെ അപേക്ഷിച്ച് ഇലക്ട്രിക് ഓട്ടോറിക്ഷകൾക്ക് പ്രവർത്തന ചെലവ് വളരെ കുറവാണ്. ഇതിനു പരിഹാരം എന്ന നിലയിലാണ് ഇ.എം.സി. സംസ്ഥാനത്തിലെ താല്പര്യമുള്ള ഓട്ടോറിക്ഷ ഡ്രൈവർമാർക്ക് കുറഞ്ഞ വിലയിൽ ഇലക്ട്രിക് ഓട്ടോറിക്ഷ നൽകുന്നതിനുള്ള പദ്ധതി വിഭാവനം ചെയ്യുന്നത്. കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ കീഴിലുള്ള എനർജി എഫിഷ്യൻസി സർവ്വീസസ്സ് ലിമിറ്റഡിന്റെ അനുബന്ധ സ്ഥാപനമായ കോൺവെർജെൻസ് എനർജി സർവ്വീസസ് ലിമിറ്റഡും (സി.ഇ.എസ്.എൽ.) ചേർന്നാണ് പദ്ധതി നടത്തുവാൻ ഇ.എം.സി. ഉദ്ദേശിക്കുന്നത്. ഈ പദ്ധതി പ്രകാരം ഓട്ടോറിക്ഷ വാങ്ങാൻ ഉദ്ദേശിക്കുന്ന ഡ്രൈവർമാർക്ക് നിലവിൽ മാർക്കറ്റിൽ ലഭിക്കുന്നതിനേക്കാൾ കുറഞ്ഞ വിലയിൽ ഇലക്ട്രിക് ഓട്ടോറിക്ഷ സ്വന്തമാക്കാൻ സാധിക്കും.

(ബി) ഇലക്ട്രിക് വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി എവിടെയെല്ലാമാണ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നതെന്നും ഇതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

കെ.എസ്.ഇ.ബി.എൽ. സംസ്ഥാന സർക്കാരിന്റെ ഇ-മൊബിലിറ്റി പ്രമോഷൻ ഫണ്ടിൽ നിന്നും പ്രാരംഭഘട്ടം ആയി ആറു ജില്ലകളിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ സ്വന്തം സ്ഥലത്ത് ഫോർവീലർ വാഹനങ്ങൾക്കായി ഇത്തരം സ്റ്റേഷനുകൾ സ്ഥാപിക്കുകയും അവ 7-11-2020 മുതൽ പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുകയും ചെയ്തിരിക്കുന്നു. കേരളത്തിൽ ഇതുവരെ കമ്മീഷൻ ചെയ്തുകഴിഞ്ഞ സ്റ്റേഷനുകൾ താഴെ ചേർക്കുന്നു.

1. നേമം, തിരുവനന്തപുരം

2. ഓലൈ, കൊല്ലം

3. പാലാരിവട്ടം, എറണാകുളം

4. വിയ്യൂർ, തൃശ്ശൂർ

5. നല്ലളം, കോഴിക്കോട്

6. ചൊവ്വ, കണ്ണൂർ. സംസ്ഥാന ഗവൺമെന്റിന്റെ ഇ-മൊബിലിറ്റി പ്രൊമോഷൻ ഫണ്ടിൽനിന്നും 26 പുതിയ ചാർജ്ജിംഗ് സ്റ്റേഷനുകൾ നിർമിക്കുന്നതിനുള്ള ഭരണാനുമതി കൂടി ലഭിച്ചിട്ടുണ്ട്. അത്രയും സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുകയാണ്. അതോടൊപ്പം കേന്ദ്ര

ഗവൺമെന്റിന്റെ ഫെയിം II പദ്ധതി പ്രകാരമുള്ള 30 ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾകൂടി നടന്നുവരികയാണ്. ഇത്തരത്തിൽ എല്ലാ ജില്ലകളിലുമായി 56 സ്റ്റേഷനുകളുടെ നിർമ്മാണം ഏതാനും മാസങ്ങൾക്കുള്ളിൽ തന്നെ പൂർത്തീകരിക്കുന്നതായിരിക്കും. ഇതോടൊപ്പം ഇലക്ട്രിക് ഓട്ടോറിക്ഷകൾ ചാർജ് ചെയ്യുന്നതിനായി കോഴിക്കോട് ജില്ലയിൽ വിതരണ പോളുകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ പത്ത് ചാർജിംഗ് സ്റ്റേഷനുകൾകൂടി നിർമ്മിക്കുന്നതിനുള്ള നടപടികൾ മുന്നോട്ടുപോകുന്നു. മേൽപ്പറഞ്ഞ 56 ലൊക്കേഷനുകളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.* അനെർട്ട് ഇലക്ട്രിക് വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ദേശീയ, സംസ്ഥാന പാതകൾ ഉൾപ്പെടെയുള്ള പ്രധാന റോഡുകൾക്ക് സമീപം ചാർജ്ജിംഗ് സ്റ്റേഷനുകൾ അനെർട്ട് സ്ഥാപിച്ചുവരുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, ഏറണാകുളം, ഇടുക്കി, പാലക്കാട്, കാസറഗോഡ് എന്നീ ജില്ലകളിലായി ആകെ 9 ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചുകഴിഞ്ഞു.

<u>പ്രവർത്തനം തുടങ്ങിയ ചാർജ്ജിംഗ് സ്റ്റേഷനുകൾ</u>

1. അനെർട്ട് കേന്ദ്ര കാര്യാലയം, പി.എം.ജി., തിരുവനന്തപുരം 2. കാർ പാർക്കിംഗ് ഏരിയ (ഡി.ടി.പി.സി), ശംഖുമുഖം, തിരുവനന്തപുരം 3. ഗവണ്മെന്റ് ഗസ്റ്റ് ഹൗസ്, തൈക്കാട്, തിരുവനന്തപുരം 4. ടേക്ക് എ ബ്രേക്ക് (ഡി.ടി.പി.സി), ചവറ, കൊല്ലം 5. ഓട്ടോ കാസ്റ്റ്, ചേർത്തല, ആലപ്പുഴ 6. ഡി.ടി.പി.സി സെന്റർ, ഇടുക്കി 7. കെ.ടി.ഡി.സി. ടൂറിസ്റ്റ് റിസപ്ഷൻ സെന്റർ, മറൈൻ ഡ്രൈവ്, എറണാകുളം 8. കാഞ്ഞിരംപുഴ ഡാം, പാലക്കാട് 9. ഡി.ടി.പി.സി. വേ സൈഡ് അമിനിറ്റി സെന്റർ, നീലേശ്വരം, കാസർഗോഡ്. ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ ഓരോ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പ്രവൃത്തി നടന്നുവരുന്നു.

<u>നിർമ്മാണഘട്ടത്തിലുള്ള ചാർജ്ജിംഗ് സ്റ്റേഷനുകൾ</u>

1. കെ.ടി.ഡി.സി. അഹാർ റെസ്റ്റോറന്റ്, കായംകുളം, ആലപ്പുഴ 2. കില, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ 3. കെ.ടി.ഡി.സി. അഹാർ റെസ്റ്റോറന്റ്, വടകര, കോഴിക്കോട് 4. മൂസക്കുട്ടി സ്മാരക മുനിസിപ്പൽ ബസ് സ്റ്റാൻഡ്, പെരിന്തൽമണ്ണ, മലപ്പുറം 5. ജവഹർ ബാല വികാസ് ഭവൻ, മീനങ്ങാടി, വയനാട് 6. ഡി.ടി.പി.സി. ലാൻഡ്, പിണറായി - പടനക്കര റിവർ സൈഡ് പാർക്ക്, കണ്ണൂർ.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പത്തനംതിട്ട, കോട്ടയം ജില്ലകളിൽ സൗകര്യപ്രദമായ സ്ഥലങ്ങൾ കണ്ടെത്തുന്നതിനുള്ള പ്രവർത്തനം നടത്തിവരുന്നു. ഓരോ 100 കിലോമീറ്ററിനുള്ളിൽ ഒരു ചാർജ്ജിംഗ് സ്റ്റേഷൻ എന്ന രീതിയിൽ സ്ഥാപിക്കുന്നതിനാണ് അനെർട്ട് ആദ്യഘട്ടത്തിൽ ലക്ഷ്യമിടുന്നത്. ഇതിനായി എനർജി എഫിഷ്യൻസി സർവ്വീസ് ലിമിറ്റഡ് (E.E.S.L) എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനവുമായി ചേർന്ന് സംസ്ഥാനത്ത് സർക്കാർ, പൊതുമേഖലാ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവരുടെ ഉടമസ്ഥതയിലുള്ള സൗകര്യപ്രദമായ സ്ഥലങ്ങൾ ലഭ്യമാണെങ്കിൽ അവിടെ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതാണ്. സ്വകാര്യ സംരംഭകരെക്കൂടി ഇ.വി. ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിൽ പങ്കാളികളാക്കാനുള്ള നടപടി അനെർട്ട് സ്വീകരിച്ചിട്ടുണ്ട്. പ്രധാന റോഡുകൾക്ക് സമീപമുള്ള ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, മാളുകൾ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്ന ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി ഉത്പാദനത്തിന് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്റ്റേഷനുകളിൽ ഇതിനായി അനെർട്ട് മുഖേന ധനസഹായം നൽകുന്നതിനുള്ള പദ്ധതി ഈ സാമ്പത്തികവർഷം നടപ്പിലാക്കുന്നതാണ്.

## സൗരോർജ്ജ നിലയങ്ങളിലെ വൈദ്യുതി ഉല്പാദനം

272 (657) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആകെ വൈദ്യുതി ഉല്പാദനം എത്ര മെഗാവാട്ടാണെന്ന് അറിയിക്കാമോ; ഇതിൽ സൗരോർജ്ജ നിലയങ്ങളിൽനിന്നുള്ള ഉല്പാദനം എത്രയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ ആകെ വൈദ്യുതോൽപ്പാദനത്തിൽ സൗരോർജ്ജമൊഴികെ 2838 മെഗാവാട്ട് ആണ് (ജലവൈദ്യുതി, താപവൈദ്യുതി, കാറ്റിൽ നിന്നുള്ള വൈദ്യുതി എന്നിവ ഉൾപ്പെടുന്നു). വിവിധ സൗരോർജ്ജ പദ്ധതികളിൽനിന്നും 304.208 മെഗാവാട്ട് വൈദ്യുതിയാണ് സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്നത്.

(ബി) ഒരു യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാൻ സൗരോർജ്ജ നിലയങ്ങൾക്കുള്ള ചെലവ് എത്രയെന്ന് വിശദമാക്കാമോ?

നിലവിലെ GST നിരക്കനുസരിച്ച് ഒരു യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കാൻ സൗരോർജ്ജ നിലയങ്ങൾക്കുള്ള ചെലവ് ഏകദേശം 1.80 രൂപ ആണ്.

## സൗരോർജ്ജ നയം

273 (658) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹിക ആവശ്യത്തിന് സൗരോർജ്ജം ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഗാർഹിക ആവശ്യത്തിന് സൗരോർജ്ജം ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായുള്ള MNRE സബ്സിഡി നൽകിവരുന്നുണ്ട്. ഉപഭോക്താവിന്റെ സാമ്പത്തികഭാരം ലഘൂകരിക്കുന്നതിനായി നിലയത്തിന്റെ വിലയുടെ 12 മുതൽ 25 ശതമാനം വരെ മാത്രം ഉപഭോക്താവ് ചെലവിടുന്ന കേരളാ മോഡൽ (Model-I) നിലവിലുണ്ട്. 2, 3 kw നിലയങ്ങൾ കേരളാ മോഡൽ പ്രകാരം സ്ഥാപിക്കാവുന്നതാണ്. മുതൽമുടക്കിന്റെ തോതനുസരിച്ച് ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ 25 ശതമാനം മുതൽ 50 ശതമാനം വരെ വിഹിതം ലഭിക്കും. രണ്ടാംഘട്ട സബ്സിഡി പദ്ധതിയിൽ 10.2 മെഗാവാട്ട് ശേഷിയ്ക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഇതിൽ 234 നിലയങ്ങൾ (854 kw) ഗ്രിഡുമായി ബന്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഗാർഹിക ഉപഭോക്താക്കൾക്ക് സൗരനിലയം സ്ഥാപിക്കുന്നതിനുള്ള സബ്സിഡി പദ്ധതി പ്രകാരം 1 മുതൽ 3 kw ശേഷിയുള്ള നിലയങ്ങൾക്ക് 40 ശതമാനം സബ്സിഡിയും 4 മുതൽ 10 kw വരെയുള്ള നിലയങ്ങൾക്ക് ആദ്യ 3 kw-ന് 40 ശതമാനം സബ്സിഡിയും തുടർന്ന് 20 ശതമാനം സബ്സിഡിയും എന്ന രീതിയിലാണ് കേന്ദ്രസർക്കാർ നൽകുന്നത്. 2021-22 വർഷത്തേയ്ക്കുള്ള എം-പാനൽ ലിസ്റ്റ് ജൂലൈ മാസത്തിൽ പ്രസിദ്ധീകരിച്ചു. ഏഴ് കോൺട്രാക്ടർമാരാണ് ഇതിൽ ഉൾപ്പെട്ടിട്ടുള്ളത്. ഇതിൽ നിന്നും 23.25 മെഗാവാട്ട് ശേഷിക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. കൂടാതെ 3 kw-ൽ താഴെ ശേഷിയുള്ള നിലയങ്ങൾക്കായി സെപ്റ്റംബർ മാസത്തിൽ ഒരു ടെൻഡർ കൂടി ക്ഷണിച്ചിട്ടുണ്ട്. കേന്ദ്ര നവ-നവീന ഊർജ്ജ മന്ത്രാലയം (എം.എൻ.ആർ.ഇ.) ഗാർഹിക ഉപഭോക്താക്കൾക്ക് കേന്ദ്ര സബ്സിഡിയോടുകൂടി സംസ്ഥാനങ്ങളിലെ വൈദ്യുതി വിതരണ കമ്പനികൾ മുഖേന നടപ്പിലാക്കുന്ന പുരപ്പുറ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിയിൽ കെ.എസ്.ഇ.ബി.എൽ. 25 മെഗാവാട്ട് അനെർട്ട് മുഖേന സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നു. ഗുണഭോക്താക്കൾക്ക് വീട്ടിലിരുന്നുകൊണ്ടുതന്നെ അവർക്ക് ആവശ്യമായ സൗരോർജ്ജ ഉപകരണങ്ങൾ വാങ്ങുന്നതിനായി അംഗീകൃത സേവനദാതാക്കളുടെയും ഗുണനിലവാരം ഉറപ്പ

വരുത്തിയ ഉപകരണങ്ങളുടെയും പട്ടിക തയ്യാറാക്കി ഇലക്ട്രോണിക് മാർക്കറ്റ് പ്ലേയ്സ് ആയ 'ബൈ മൈ സൺ' (www.buymysun.com) എന്ന ഇ-കോമേഴ്സ് വെബ് പോർട്ടലിൽ അനെർട്ട് ലഭ്യമാക്കിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് അനെർട്ട് നടപ്പിലാക്കുന്ന വിവിധ സൗരോർജ്ജ പദ്ധതികൾക്കുള്ള അപേക്ഷകൾ ഈ വെബ്പോർട്ടൽ വഴി ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. ബൈമൈസണിന്റെ ഒരു മൊബൈൽ പതിപ്പുകൂടി ഈ വർഷം തയ്യാറാക്കുന്നതാണ്. സൗരോർജ്ജ ഉപകരണങ്ങളുടെ സ്ഥാപനത്തിനും പരിപാലനത്തിനും അംഗീകൃത സാങ്കേതിക വിദഗ്ധരുടെ സേവനം ഉറപ്പു വരുത്തുന്നതിനും ഗുണനിലവാരമുള്ള സേവനങ്ങളും സാങ്കേതിക അറിവും ലഭ്യമാക്കുന്നതിനുംവേണ്ടി സംസ്ഥാനത്ത് അസംബ്ലി നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഊർജ്ജമിത്ര എന്ന പേരിൽ അക്ഷയ ഊർജ്ജ സേവന കേന്ദ്രങ്ങൾ അനെർട്ടിന്റെ മേൽനോട്ടത്തിൽ ആരംഭിച്ചിട്ടുണ്ട്. നിശ്ചിത നടപടിക്രമങ്ങൾ പാലിച്ച് സ്വകാര്യ സംരംഭകരെയാണ് ഇതിനായി തെരഞ്ഞെടുത്തത്.

(ബി) സംസ്ഥാനത്ത് സൗരോർജ്ജ ഉല്പാദനം വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; ആകെ ഉല്പാദിപ്പിക്കുന്ന ഊർജ്ജത്തിന്റെ എത്ര ശതമാനമാണ് സൗരോർജ്ജമെന്ന് വ്യക്തമാക്കാമോ?

സൗരോർജ്ജ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് 'സൗര' പദ്ധതി. ഇതിന്റെ പുരോഗതി താഴെ പറയുന്ന പ്രകാരമാണ്.

'സൗര' ഒന്നാംഘട്ട പദ്ധതിയിൽ എല്ലാത്തരം ഉപഭോക്താക്കൾക്കും പങ്കാളികളാകാവുന്നതാണ്. ഇതിൽ മൂന്ന് മോഡലുകളാണുള്ളത്. മോഡൽ 1, 2 എന്നിവ കെ.എസ്.ഇ.ബി. മുതൽമുടക്കിലാണ് നടപ്പാക്കുന്നത്. മോഡൽ 3 ഉപഭോക്താവ് മുതൽമുടക്കുന്ന പദ്ധതിയാണ്. ഒന്നാം ഘട്ടത്തിൽ 26.7 MW ശേഷിയുടെ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഇത് ഡിസംബർ 31-ഓടുകൂടി പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു. 'സൗര' രണ്ടാംഘട്ട സബ്സിഡി പദ്ധതിയിൽ 10.2 MW ശേഷിയ്ക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഇതിൽ 234 നിലയങ്ങൾ (854 KW) ഗ്രിഡുമായി ബന്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2021-22 വർഷത്തേയ്ക്കുള്ള എം-പാനൽ ലിസ്റ്റ് ജൂലൈ മാസത്തിൽ പ്രസിദ്ധീകരിച്ചു. ഏഴ് കോൺട്രാക്ടർമാരാണ് ഇതിൽ ഉൾപ്പെട്ടിട്ടുള്ളത്. ഇതിൽനിന്നും 23.25 MW ശേഷിക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. കൂടാതെ 3 KW-ൽ താഴെ ശേഷിയുള്ള നിലയങ്ങൾക്കായി സെപ്റ്റംബർ മാസത്തിൽ ഒരു ടെണ്ടർ കൂടി ക്ഷണിച്ചിട്ടുണ്ട്. 'സൗര' പദ്ധതി

പ്രകാരം സ്ഥാപിച്ച പുരപ്പുറ നിലയങ്ങളിൽനിന്നും ആകെ പ്രതിദിന ഉത്പാദനം 24000 യൂണിറ്റ് ആണ്. സംസ്ഥാനത്ത് സൗരോർജ്ജ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സോളാർ പവർ പ്ലാന്റുകൾ വീടുകളിലും സ്ഥാപനങ്ങളിലും വ്യാപകമാക്കുന്നതിനുവേണ്ടിയുള്ള വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ വിവിധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിൽ വൈദ്യുതി ആവശ്യത്തിനായി സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പ്രവർത്തനം ഡെപ്പോസിറ്റ് വർക്ക്, ടെക്നിക്കൽ കൺസൾട്ടൻസി എന്നീ രീതികളിൽ അനെർട്ട് ചെയ്തുവരുന്നു. കാർബൺ രഹിത കൃഷിയിടങ്ങൾ എന്ന ലക്ഷ്യത്തോടെ കാർഷിക ആവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ PM-KUSUM പദ്ധതിയിൽ ഉൾപ്പെടുത്തി ഇതുവരെ ലഭിച്ച അപേക്ഷകളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായി കണ്ടെത്തിയ 100 അപേക്ഷകർക്ക് പമ്പ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ 6000 കൃഷിക്കാരെ കണ്ടെത്തുന്നതിനുള്ള നടപടികൾ ഈ വർഷം അനെർട്ട് സ്വീകരിക്കുന്നതാണ്. 1 മുതൽ 7.5 എച്ച്.പി. വരെ ശേഷിയുള്ള പമ്പുകൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായം ലഭ്യമാക്കും. അധിക വൈദ്യുതി കെ.എസ്.ബി.എൽ-ന് നൽകുന്നതിലൂടെ കർഷകർക്ക് അധിക വരുമാനവും ഉണ്ടാകും. കേരളത്തിൽ സൗരോർജ്ജ മേഖലയിലെ റെസ്കോ-റിന്യൂവബിൾ എനർജി സർവീസ് കമ്പനി (റിന്യൂവബിൾ എനർജി സേവന ദാതാവ്) മോഡൽ പദ്ധതി അനെർട്ട് സംസ്ഥാനത്ത് നടപ്പിലാക്കുന്നതാണ്. സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങളിൽ സൗരോർജ്ജ വല്ക്കരിക്കുന്നതിന്റെ ഭാഗമായി അനെർട്ടിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി സൗരവൈദ്യുതി നിലയം സ്ഥാപനങ്ങളിൽ സ്ഥാപിക്കുകയും തുടർന്ന് ഉത്പാദിപ്പിക്കുന്ന വൈദ്യുതി നിശ്ചിത നിരക്കിൽ അതാത് സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുയും ചെയ്യുന്നതാണ് പദ്ധതി. ഇലക്ട്രിക് വാഹനങ്ങൾക്കായുള്ള ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി ഉത്പാദനത്തിന് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്റ്റേഷനുകളിൽ ഇതിനായി അനെർട്ട് മുഖേന ധനസഹായം നൽകുന്നതിനുള്ള പദ്ധതി ഈ സാമ്പത്തികവർഷം നടപ്പിലാക്കുന്നതാണ്. ആകെ ഉല്പാദിപ്പിക്കുന്ന ഊർജ്ജത്തിന്റെ 2.57% ആണ് സൗരോർജ്ജം.

(സി) സംസ്ഥാന സർക്കാർ സൗരോർജ്ജ നയം തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. 'കേരള സോളാർ എനർജി പോളിസി 2013' എന്ന പേരിൽ 25-11-2013-ലെ G.O.(P) No. 49/2013/PD പ്രകാരം സൗരോർജ്ജ നയം തയ്യാറാക്കിയിട്ടുണ്ട്. സുലഭമായ സൗരോർജ്ജത്തിന്റെ പരമാവധി ഉപയോഗത്തിൽ വരുത്തുക എന്നതാണ് സൗരോർജ്ജ പോളിസി വീക്ഷണം. 2030 ആകുന്നതോടുകൂടി കേരളത്തിൽ 2500 മെഗാവാട്ട് സൗരോർജ്ജ ഉത്പാദനം വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. അതുവഴി പാരിസ്ഥിതിക സംരക്ഷണം, കാർബൺ എമിഷൻ കുറച്ച് കേരള സ്റ്റേറ്റിന്റെ വരുംകാല ഊർജ്ജസുരക്ഷ ദീർഘകാല അടിസ്ഥാനത്തിൽ ഉറപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

## സൗരോർജ്ജ പദ്ധതികളിൽ നിന്നുള്ള വൈദ്യുതി ഉല്പാദനം

274 (659) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സൗരോർജ്ജ പദ്ധതികളിൽനിന്ന് എത്ര മെഗാവാട്ട് വൈദ്യുതിയാണ് സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വിവിധ സൗരോർജ്ജ പദ്ധതികളിൽനിന്നും 304.208 മെഗാവാട്ട് വൈദ്യുതിയാണ് സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്നത്.

(ബി) സൗരോർജ്ജ വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി നിലവിൽ ഏതെല്ലാം പദ്ധതികളാണുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

i. കെ.എസ്.ഇ.ബി-യുടെ ഉടമസ്ഥതയിലുള്ള വിവിധ സ്ഥലങ്ങളിൽ സ്ഥാപിക്കുന്ന സൗരോർജ്ജ നിലയങ്ങൾ - 11.5 മെഗാവാട്ട് ശേഷിയുള്ളത്.

ii. സർക്കാർ സ്ഥാപനങ്ങളുടെ മേൽക്കൂരയിൽ ഡെപ്പോസിറ്റ് വർക്ക് മാതൃകയിൽ സ്ഥാപിക്കുന്ന സൗരോർജ്ജ നിലയങ്ങൾ -4.6 മെഗാവാട്ട് ശേഷിയുള്ളത്.

iii. ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സൗരോർജ്ജ നിലയങ്ങൾ- 7.8 മെഗാവാട്ട് ശേഷിയുള്ളത്.

iv. PM-KUSUM പദ്ധതി പ്രകാരം കർഷകരുടെ കൃഷിയോഗ്യമല്ലാത്തതോ തരിശോ ആയ ഭൂമിയിൽ 2 മെഗാവാട്ട് വരെ ശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് 40 മെഗാവാട്ടിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. കർഷകർക്ക് സ്വന്തം ചെലവിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ച് അതിൽനിന്ന് ലഭിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി.എൽ.-ന് വിൽക്കുകയോ സ്ഥല വാടക സ്വീകരിച്ചുകൊണ്ട് കർഷകർക്ക് തങ്ങളുടെ ഭൂമി

സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കാനായി നൽകിക്കൊണ്ട് പദ്ധതിയിൽ പങ്ക് ചേരാവുന്നതാണ്. കാർഷികാവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ PM-KUSUM പദ്ധതി അനെർട്ട് മുഖേന സംസ്ഥാനത്ത് നടപ്പിലാക്കുന്നു. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഇതുവരെ ലഭിച്ച അപേക്ഷകളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായി കണ്ടെത്തിയ 100 അപേക്ഷകർക്ക് പമ്പ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ 6,000 കൃഷിക്കാരെ കണ്ടെത്തുന്നതിനുള്ള നടപടികൾ ഈ വർഷം അനെർട്ട് സ്വീകരിക്കുന്നതാണ്. 1 മുതൽ 7.5 എച്ച്.പി. വരെ ശേഷിയുള്ള പമ്പുകൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായം ലഭ്യമാക്കും. അധിക വൈദ്യുതി കെ.എസ്.ഇ.ബി.-ക്ക് നൽകുന്നതിലൂടെ കർഷകർക്ക് അധിക വരുമാനവും ഉണ്ടാകും. കേരളത്തിൽ സൗരോർജ്ജ മേഖലയിലെ റെസ്കോ-റിന്യൂവബൾ എനർജി സർവീസ് കമ്പനി (റിന്യൂവബിൾ എനർജി സേവന ദാതാവ്) മോഡൽ പദ്ധതി അനെർട്ട് സംസ്ഥാനത്ത് നടപ്പിലാക്കുന്നതാണ്. സർക്കാർ-പൊതുമേഖല സ്ഥാപനങ്ങളിൽ സൗരോർജ്ജവല്ക്കരിക്കുന്നതിന്റെ ഭാഗമായി അനെർട്ടിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി സൗരവൈദ്യുതി നിലയം സ്ഥാപനങ്ങളിൽ സ്ഥാപിക്കുകയും തുടർന്ന് ഉത്പാദിപ്പിക്കുന്ന വൈദ്യുതി നിശ്ചിത നിരക്കിൽ അതാത് സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുന്നതാണ് പദ്ധതി. ഇലക്ട്രിക് വാഹനങ്ങൾക്കായുള്ള ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി ഉത്പാദനത്തിന് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്റ്റേഷനുകളിൽ ഇതിനായി അനെർട്ട് മുഖേന ധനസഹായം നൽകുന്നതിനുള്ള പദ്ധതി ഈ സാമ്പത്തികവർഷം നടപ്പിലാക്കുന്നതാണ്. സർക്കാർ സ്ഥാപനങ്ങൾ അനെർട്ട് മുഖേന ഡെപ്പോസിറ്റ് വർക്കായി സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുമ്പോൾ പത്ത് ശതമാനം തുക ഇൻസെന്റീവ് ആയി നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. കൂടാതെ സർക്കാർ സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുള്ള വാറണ്ടി കാലാവധി കഴിഞ്ഞ ഓഫ് ഗ്രിഡ് സോളാർ പ്ലാന്റുകൾ (ബാറ്ററി സംവിധാനം ഉള്ളത്)ഗ്രിഡ് ബന്ധിത പ്ലാന്റുകളാക്കി മാറ്റുന്നതിനുള്ള പദ്ധതിയും നിലവിലുണ്ട്.

(സി) വീടുകളിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ അറിയിക്കാമോ?

2019-20 മുതലാണ് ഗാർഹിക ഉപഭോക്താക്കൾക്കായുള്ള സബ്സിഡി പദ്ധതി കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പാക്കുന്നത്. 2019-ന് മുൻപും ഗാർഹിക ഉപഭോക്താക്കൾക്കുള്ള സൗരോർജ്ജ സബ്സിഡി പദ്ധതികൾ അനെർട്ട് മുഖേനയാണ് നടപ്പാക്കിയിരുന്നത്. 2019-20 വർഷത്തിൽ കെ.എസ്.ഇ.ബി.എൽ., 10.2 മെഗാവാട്ട്, 2020-21 വർഷത്തിൽ 23.4 മെഗാവാട്ട് എന്നിങ്ങനെ വർക്ക് ഓർഡറുകൾ നൽകുകയും നിലയനിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 2019-20 വർഷത്തെ ഓർഡർ പ്രകാരം (മെഗാവാട്ട് ശേഷി) നിലയങ്ങൾ (292 എണ്ണം) നാളിതുവരെ പൂർത്തിയായിട്ടുണ്ട്.

## അനെർട്ടിലെ ശാസ്ത്രജ്ഞരുടെ പ്രൊമോഷൻ

275 (660) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനെർട്ടിലെ ശാസ്ത്രജ്ഞർക്ക് പ്രൊമോഷൻ നൽകിയത് ഹൈക്കോടതിയുടെ ഏത് ഉത്തരവ് പ്രകാരമാണ്; ഈ ഉത്തരവിൽ സ്ക്രീനിംഗും അസസ്സ്മെന്റും ഒഴിവാക്കി പ്രൊമോഷന് നിർദ്ദേശിച്ചിട്ടുണ്ടോ; ഹൈക്കോടതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവ് പ്രകാരം സ്ക്രീനിംഗ് ആൻഡ് അസസ്മെൻറ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; ഈ കമ്മിറ്റി മുൻപാകെ എത്ര പേർ യോഗ്യത നേടി?

(എ&ബി) ബഹു. ഹൈക്കോടതി WP (C) NO.27417/2006 & 28824/2006 എന്നീ കേസുകളിൽ 20-1-2009-ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ, (അനുബന്ധം-I ആയി ചേർക്കുന്നു).* അനെർട്ടിലെ ശാസ്ത്രജ്ഞരുടെ പ്രൊമോഷനുമായി ബന്ധപ്പെട്ട ശിപാർശ ഒരു മാസത്തിനകം സർക്കാരിൽ ലഭ്യമാക്കാനും ആയതിന്മേൽ ഇരുവിഭാഗത്തിനെയും നേരിൽ കേട്ടതിനുശേഷം ഉചിത തീരുമാനം കൈക്കൊള്ളുവാനും യഥാക്രമം അനെർട്ട് ഡയറക്ടറോടും സർക്കാരിനോടും നിർദ്ദേശിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ, 12-8-2009-ലെ G.O. (Rt) 218/2009/PWR പ്രകാരം (അനുബന്ധം II ആയി ചേർക്കുന്നു).* സ്ക്രീനിംഗ് ആൻഡ് അസസ്സ്മെന്റ് കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത സ്ക്രീനിംഗ് ആൻഡ് അസസ്സ്മെന്റ് കമ്മിറ്റി മുമ്പാകെ യോഗ്യത നേടുന്നതിൽ പരാജയപ്പെട്ട നാല് ശാസ്ത്രജ്ഞർക്ക് പ്രൊമോഷൻ നല്കേണ്ടതില്ലായെന്ന് 16-1-2010-ലെ G.O. (Rt) No.13/2010/PWR പ്രകാരം (അനുബന്ധം III ആയി ചേർക്കുന്നു)* ഉത്തരവാകുകയുണ്ടായി. തുടർന്ന്, ബഹു. ഹൈക്കോടതി മുമ്പാകെ 12-8-2009-ലെ G.O. (Rt) 218/2009/PWR, 16-1-2010-ലെ G.O. (Rt) No.13/2010/PWR എന്നിവ റദ്ദാക്കണ(quash)മെന്നും CSIR പാറ്റേൺ പ്രകാരം പ്രൊമോഷൻ അനുവദിക്കണമെന്നും ആവശ്യപ്പെട്ട് അനെർട്ടിലെ ശാസ്ത്രജ്ഞരായ ശ്രീ. പി. വൽസരാജ്, ശ്രീമതി കമലാദേവി വി. എന്നിവർ ഫയൽ ചെയ്ത WP(c) No. 31359/2010 ബഹു. കോടതിയുടെ പരിഗണനയിലിരിക്കെ, ശ്രീ. പി. വൽസരാജ് സർക്കാർ മുമ്പാകെ 9-2-2012-ൽ സമർപ്പിച്ച റിവ്യൂ പെറ്റീഷന്റെ അടിസ്ഥാനത്തിലാണ്, ടി കേസിന്റെ അന്തിമ വിധിന്യായത്തിന് വിധേയമായി അനെർട്ട് ഡയറക്ടർ ശിപാർശ ചെയ്തതിൻപ്രകാരം അനെർട്ടിലെ ശാസ്ത്രജ്ഞർക്ക് പ്രൊമോഷൻ നൽകിയിട്ടുള്ളത്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത കമ്മിറ്റി മുൻപാകെ പരാജയപ്പെട്ട എത്ര ശാസ്ത്രജ്ഞർക്ക് ഇതുവരെ പ്രൊമോഷൻ നൽകിയിട്ടുണ്ട്; ഉണ്ടെങ്കിൽ ഇവരുടെ പേര്, തസ്തിക, ശമ്പളം തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

12-8-2009-ലെ G.O.(Rt)218/2009/Power പ്രകാരം രൂപീകരിച്ച സ്ക്രീനിംഗ് ആൻഡ് അസസ്സ്മെന്റ് കമ്മിറ്റി മുമ്പാകെ പരാജയപ്പെട്ട നാലു ശാസ്ത്രജ്ഞർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്. ശ്രീ. വൽസരാജ്. പി, സയന്റിസ്റ്റ് (എഫ്) 2,21,654 രൂപ (പ്രതിമാസ ശമ്പളം) ശ്രീമതി കമലാദേവി വി., സയന്റിസ്റ്റ് (എഫ്) 2,21,654 രൂപ (പ്രതിമാസ ശമ്പളം) ശ്രീ. പ്രേംകുമാർ കെ. സയന്റിസ്റ്റ് (എഫ്) 2,18,670 രൂപ (പ്രതിമാസ ശമ്പളം) ശ്രീ. പ്രമോദ് എൻ. ഇ., സയന്റിസ്റ്റ് (ഇ 2) 1,54,480 രൂപ (പ്രതിമാസ ശമ്പളം).

(ഡി) ഇതേ ഹൈക്കോടതി ഉത്തരവിന്മേൽ വീണ്ടും സ്ക്രീനിംഗും അസസ്സ്മെൻറും ഒഴിവാക്കി പ്രൊമോഷൻ നൽകിയിട്ടുണ്ടോ; ഇത് നിയമാനുസൃതമാണോ; വിശദീകരിക്കാമോ?

പ്രൊമോഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. പ്രേംകുമാർ കെ., ശ്രീ. പ്രമോദ് എൻ. ഇ. എന്നിവർ യഥാക്രമം WP(c) No. 4225/2019, WP(c) No.4172/2019 ഫയൽ ചെയ്യുകയും ബഹു. ഹൈക്കോടതി, 27.8.2019-ലെ വിധിന്യായത്തിൽ അനെർട്ടിലെ ശാസ്ത്രജ്ഞരുടെ പ്രൊമോഷനുമായി ബന്ധപ്പെട്ട് ഏകീകൃതനയം നടപ്പിലാക്കാൻ സർക്കാരിന് നിർദ്ദേശം നല്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ശ്രീ. പ്രേംകുമാർ കെ, ശ്രീ. പ്രമോദ് എൻ. ഇ. എന്നിവർക്ക് പ്രൊമോഷൻ നൽകുകയുണ്ടായി.

(ഇ) ഹൈക്കോടതി ഉത്തരവും സി.എസ്.ഐ.ആർ. ചട്ടങ്ങളും അനെർട്ടിലെ ഉദ്യോഗസ്ഥർ തെറ്റായി സർക്കാരിന് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിജിലൻസ് അന്വേഷണത്തിന് നടപടി സ്വീകരിക്കുമോ?

പരിശോധിച്ചുവരുന്നു.

**ആമപ്പാറ സൗരോർജ്ജ പദ്ധതി**

276 (661) <u>ശ്രീ. എം. എം. മണി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിലെ ആമപ്പാറ സൗരോർജ്ജ പദ്ധതിയിൽനിന്നും എത്ര മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്?

ഉടുമ്പൻചോല മണ്ഡലത്തിലെ ആമപ്പാറയിൽ (രാമക്കൽമേട്) അനെർട്ട് സ്ഥാപിക്കുന്ന അക്ഷയ ഊർജ്ജ പാർക്കിന്റെ ഭാഗമായുള്ള സൗരോർജ്ജ പദ്ധതിയിൽ ഒരു മെഗാവാട്ട് സൗരോർജ്ജ വൈദ്യുതി ഉത്പാദിപ്പിക്കാനാണ് ആദ്യഘട്ടത്തിൽ ലക്ഷ്യമിടുന്നത്.

(ബി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഇതിൽ 0.5 മെഗാവാട്ട് സൗരോർജ്ജ പദ്ധതിയുടെ നിർമ്മാണം പൂർത്തീകരിച്ചു. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ അന്തിമ പരിശോധന നടന്നുവരുന്നു. 2021 ഒക്ടോബർ മാസം അവസാനത്തോടെ ഇതു കമ്മീഷൻ ചെയ്യാൻ കഴിയുന്നതാണ്.

(സി) പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകാമോ?

സൗരോർജ്ജവും കാറ്റിൽ നിന്നുള്ള ഊർജ്ജവും പ്രയോജനപ്പെടുത്തി ബാറ്ററി സംഭരണത്തോടുകൂടിയുള്ള അക്ഷയ ഊർജ്ജ പാർക്കിന്റെ ആദ്യ ഘട്ടമായി ഒരു മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റിൽ 0.5 മെഗാവാട്ടിന്റെ നിർമ്മാണം പൂർത്തീകരിച്ചു. അനെർട്ട് സി-ഡാക്കുമായി ചേർന്ന് നടപ്പാക്കുന്ന ഈ പദ്ധതിയുടെ ഭാഗമായി തദ്ദേശീയമായി ഗ്രിഡ്-റ്റൈ ഇൻവർട്ടർ സാങ്കേതികവിദ്യ വികസിപ്പിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റിന്റെ പരിശോധന പൂർത്തീകരിച്ചാൽ ഇത് കമ്മീഷൻ ചെയ്യാൻ സാധിക്കും. തുടർന്ന് 0.5 മെഗാവാട്ട് സൗരോർജ്ജ പാനലുകൾ കൂടി കൂട്ടിച്ചേർത്ത് ഒരു മെഗാവാട്ട് പ്ലാന്റ് 2021 നവംബറിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

### സർക്കാർ ഓഫീസുകളിൽ സൗരോർജ്ജ പ്ലാന്റുകൾ

277 (662) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22-ലെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ള, കാട്ടാക്കട നിയോജകമണ്ഡലത്തിലെ മുഴുവൻ സർക്കാർ ഓഫീസുകളിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിനും ഭരണാനുമതി ലഭ്യമാക്കുന്നതിനും വൈദ്യുതി വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കാട്ടാക്കട നിയോജകമണ്ഡലത്തിലെ 110 സർക്കാർ സ്ഥാപനങ്ങളിൽ പ്രാരംഭ സർവ്വേ നടത്തുകയും അതിൽ 40 എണ്ണം സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ സൗരനിലയങ്ങൾ സ്ഥാപിക്കാൻ അനുയോജ്യമാണെന്ന് കണ്ടെത്തുകയും ചെയ്തു. ആയതിൽനിന്നും പ്രാരംഭ സർവ്വേയ്ക്കുശേഷം 24 നിലയങ്ങളുടെ DPR തയ്യാറാക്കിയിട്ടുണ്ട്. 40 സ്ഥാപനങ്ങളും വിശദമായ ഫൈനൽ സർവ്വേയ്ക്കായി TATA POWER സോളാറിന് നൽകുകയും ചെയ്തു. TATA POWER-ൽ നിന്നും ഫീസിബിലിറ്റി, നിലയശേഷി എന്നിവയുടെ വിശദമായ സർവ്വേയിൽ നിന്നുള്ള വിവരങ്ങൾ അടിസ്ഥാനമാക്കി നിലയ നിർമ്മാണത്തിനാവശ്യമായ തുക നിശ്ചയിക്കുന്നതാണ്.

(ബി) ധനകാര്യ വകുപ്പിന്റെ അനുമതിയോടെ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ധനകാര്യ വകുപ്പിന്റെ അനുമതി അതത് വകുപ്പുകളിൽനിന്നും സ്വീകരിക്കാവുന്നതാണ്. നിലയങ്ങൾക്കാവശ്യമായ തുക കെ.എസ്.ഇ.ബി. എൽ.-ൽ ഒടുക്കുന്ന മുറയ്ക്ക് നിലയനിർമ്മാണത്തിനുള്ള ഓർഡർ ഡെവലപ്പർക്ക് (TATA POWER SOLAR) നൽകുന്നതും നിർമ്മാണം ആരംഭിക്കുന്നതുമാണ്.

**വൈദ്യുതി മേഖല അപകടരഹിതമാക്കാൻ നടപടി**

278 (663) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻകരുതൽ നടപടികളുണ്ടായിട്ടും വൈദ്യുതി വിതരണ ജീവനക്കാരും പൊതുജനങ്ങളും തുടർച്ചയായി വൈദ്യുതി അപകടങ്ങൾക്കിരയാകുന്ന സാഹചര്യം ഗൗരവമായി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

വൈദ്യുതി വിതരണ ജീവനക്കാരും പൊതുജനങ്ങളും അപകടങ്ങൾക്ക് ഇരയാകുന്ന സാഹചര്യം ഗൗരവമായി വിലയിരുത്തിയിട്ടുണ്ട്. ആവശ്യമായ സുരക്ഷാ നടപടികൾ പാലിക്കാതിരിക്കുക, സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കാതിരിക്കുക, അശ്രദ്ധ എന്നിവമൂലമാണ് വൈദ്യുതി ലൈനിൽ പണി എടുക്കുമ്പോൾ മിക്കവാറും അപകടങ്ങൾ ഉണ്ടാകുന്നത്. സുരക്ഷ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാനായി പരിശോധനകൾ നടത്തുവാൻ വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സുരക്ഷാ ചുമതലയുള്ള ഉദ്യോഗസ്ഥർ ജോലി സ്ഥലങ്ങളിൽ പരിശോധന നടത്തി റിപ്പോർട്ട് നൽകുന്നുണ്ട്. സുരക്ഷ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ അച്ചടക്ക നടപടികൾ കൈകൊള്ളുന്നുണ്ട്. വൈദ്യുതി സുരക്ഷയുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുള്ള ബോധവൽക്കരണം നൽകിവരുന്നുണ്ട്. വൈദ്യുത വിതരണ ജീവനക്കാർക്കിടയിൽ കൃത്യമായ മുൻകരുതൽ നടപടികളും കർശന നിയമങ്ങളും ഉണ്ടെങ്കിലും ജോലികളിൽ കാണിക്കുന്ന അശ്രദ്ധയും വേണ്ടത്ര മേൽനോട്ടമില്ലായ്മയും അമിത ആത്മവിശ്വാസവുമാണ് അപകടങ്ങൾക്ക് കാരണമാകുന്നത്. പൊതുജനങ്ങൾക്കിടയിൽ വൈദ്യുതി സുരക്ഷയെക്കുറിച്ചും വൈദ്യുതാപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സംബന്ധിച്ചും സംസ്ഥാനത്തുടനീളം സുരക്ഷാക്ലാസ്സുകളും

സെമിനാറുകളും ബോധവൽക്കരണങ്ങളും സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ ദൃശ്യ, ശ്രാവ്യ, പത്രമാധ്യമങ്ങളിലൂടെയും ജനങ്ങൾക്ക് സുരക്ഷാവബോധം നൽകുന്നുണ്ട്. വൈദ്യുത ഉപകരണങ്ങൾ വിൽക്കുന്ന/ സൂക്ഷിക്കുന്ന കടകൾ/ഗോഡൗണുകൾ എന്നിവിടങ്ങളിൽ ക്വാളിറ്റി കൺട്രോൾ ഓർഡർ 2003 പ്രകാരമുള്ള പരിശോധനകൾ നടത്തിവരുന്നു.

(ബി) വൈദ്യുതി വിതരണ ലൈനുകളിൽനിന്നും ഉപകരണങ്ങളിൽനിന്നും ഷോക്കേറ്റുണ്ടാകുന്ന ജീവഹാനി ഉൾപ്പടെയുള്ള അപകടങ്ങൾ ഒഴിവാക്കാൻ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി നിഷ്കർഷിക്കുന്ന നിലയിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിലെ എല്ലാ ഫീൽഡ് ജീവനക്കാർക്കും കരാർ ജീവനക്കാർക്കും സുരക്ഷാ പരിപാലനം ഉറപ്പുവരുത്തുന്നതുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ പരിശീലനം നൽകിയിട്ടുണ്ട്. വൈദ്യുതി രംഗത്ത് ജോലി ചെയ്യുന്നവരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി കെ.എസ്.ഇ. ബി. ലിമിറ്റഡ് സുരക്ഷാ നയം രൂപീകരിച്ചിട്ടുണ്ട്. പ്രസരണ-വിതരണ മേഖലകളിൽ ജോലി ചെയ്യുന്നവർക്ക് സുരക്ഷാ നടപടിക്രമങ്ങൾ തയ്യാറാക്കി ബോർഡ് അംഗീകരിച്ചിട്ടുണ്ട്. കേരളത്തിലെ വൈദ്യുതി മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് കേരളാ സർക്കാർ പ്രഖ്യാപിച്ച 'ഊർജ്ജ കേരള മിഷന്റെ" ഭാഗമായി വൈദ്യുതി വിതരണ മേഖല ലോകോത്തരമാക്കുന്നതിന് ' ദ്യുതി 2021' എന്ന പേരിൽ ബൃഹത്തായ വിതരണ ശൃംഖല നവീകരണ പദ്ധതിക്ക് രൂപം നൽകുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടിട്ടുണ്ട്. ഈ പദ്ധതിയിൽ വൈദ്യുതി സുരക്ഷയ്ക്ക് പ്രാധാന്യം നൽകി ആവശ്യമെങ്കിൽ നിലവിലുള്ള പഴയതും ശേഷി കുറഞ്ഞതുമായ ലൈനുകൾ മാറ്റി പുതിയ ലൈനുകൾ സ്ഥാപിക്കുക (റീ-കണ്ടക്റ്ററിംഗ് വർക്കുകൾ), പുരയിടങ്ങൾക്ക് കുറുകെ കടന്നുപോകുന്ന ലൈനുകൾ വൈദ്യുതി അപകടങ്ങൾക്ക് കാരണമാകുന്നുവെങ്കിൽ അവമാറ്റി സ്ഥാപിക്കുക, ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിലും ഇടുങ്ങിയ പ്രദേശങ്ങളിലും 'ഏരിയൽ ബഞ്ചഡ് കണ്ടക്ടർ (എബിസി) ഉപയോഗിക്കുക, ട്രാൻസ്ഫോർമറുകൾക്ക് സംരക്ഷണ വേലി സ്ഥാപിക്കുക തുടങ്ങിയ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ സെൻസിറ്റീവ് പ്രദേശങ്ങൾ ആയ സ്കൂളുകൾ, ആശുപത്രികൾ, ആരാധനാലയങ്ങൾ തുടങ്ങിയവയുടെ സമീപത്തുള്ള പ്രതിഷ്ഠാപനങ്ങളിലും തുടർന്ന് മറ്റു പ്രദേശങ്ങളിലും സ്പേസർ, ഗാർഡിംഗ് മുതലായവ സ്ഥാപിച്ചു. ബാക്കിയുള്ള സ്ഥലങ്ങളിൽ ഇത് ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു. പുതുതായി ഇലക്ട്രിക് കണക്ഷനുകൾ നൽകുമ്പോൾ എല്ലാ പ്രെമിസസുകളിലും ELCB നിഷ്കർഷിക്കുന്നുണ്ട്. ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് ക്വാളിറ്റി കൺട്രോൾ മുദ്രയായ ISI മാർക്കുള്ള വൈദ്യുത ഉപകരണങ്ങൾ മാത്രമേ ഉപയോഗിക്കാവൂ എന്ന് വകുപ്പ് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ Quality Control Order 2003 പ്രകാരമുള്ള Inspection വകുപ്പ് നടത്താറുണ്ട്.

സുരക്ഷാ അവബോധ ക്ലാസ്സുകൾ, ശ്രവ്യ പത്രമാധ്യമങ്ങൾ വഴി സുരക്ഷാ സന്ദേശങ്ങൾ നൽകാറുണ്ട്. കൂടാതെ എല്ലാ വൈദ്യുത പ്രതിഷ്ഠാപനങ്ങളിലും വൈദ്യുതസുരക്ഷയ്ക്കുവേണ്ടി ELCB Central Electricity Authority (measures relating to safety and electrical supply) Regulation 2010 പ്രകാരം വയ്ക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. Pilot Projects-നകീഴിൽ അഗളിയിൽ 600-ഓളം BPL വീടുകൾക്ക് റീവയറിംഗ് നടത്തി ELCB സ്ഥാപിച്ച് നൽകിയിട്ടുണ്ട്. വൈദ്യുത ലൈൻ പൊട്ടിവീണ് ഉണ്ടാകുന്ന അപകടങ്ങൾ കുറച്ചുകൊണ്ടുവരുന്നതിന്റെ ഭാഗമായി തിരുവനന്തപുരം പേട്ട ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ വൈദ്യുത വിതരണ ശൃംഖലയിൽ ലൈൻ സ്പെയ്സർ, ഗാർഡിംഗ്, ട്രാൻസ്ഫോർമർ സെക്കണ്ടറിയിൽ ബ്രേക്കർ എന്നിവ സ്ഥാപിക്കുന്ന പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) വൈദ്യുതി വിതരണ മേഖല പൂർണ്ണമായും അപകട രഹിതമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

വൈദ്യുതി വിതരണ മേഖല പൂർണ്ണമായി അപകടരഹിതമാക്കുന്നതിനായി താഴെ പറയുന്ന നടപടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

1. വൈദ്യുതി വിതരണ മേഖലയിൽ ജോലി ചെയ്യുന്നവർക്ക് സുരക്ഷാ നടപടിക്രമങ്ങൾ തയ്യാറാക്കി ബോർഡ് അംഗീകരിച്ചിട്ടുണ്ട്. ഇത് പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാനായി സുരക്ഷാ പരിശോധനകൾ ശക്തിപ്പെടുത്താൻ തീരുമാനിച്ചു.
2. പൊതുജന സുരക്ഷാ ബോധവത്കരണം ശക്തിപ്പെടുത്തുന്നതിന് തീരുമാനിച്ചു.
3. വൈദ്യുതി ലൈൻ പൊട്ടി വീണ് അപകടമുണ്ടാകാതിരിക്കാൻ ലൈനുകളിൽ സ്പേസർ, ഗാർഡിംഗ് തുടങ്ങിയവ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ തുടരുന്നതിന് തീരുമാനിച്ചു.
4. പുതുതായി നിർമ്മിക്കുന്ന LT ഇലക്ട്രിക് ലൈനുകൾ സുരക്ഷയുടെ പ്രാധാന്യം കൂടി കണക്കിലെടുത്ത് 'ഏരിയൽ ബഞ്ചഡ് കണ്ടക്ടർ' (എബിസി) ഉപയോഗിച്ച് നിർമ്മിക്കാൻ തീരുമാനിച്ചു.
5. സുരക്ഷയുമായി ബന്ധപ്പെട്ട നൂതന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി KSEBL ആവശ്യത്തിന് വിവിധ സുരക്ഷാ ഉപകരണങ്ങൾ നിർമ്മിച്ച് ലഭ്യമാക്കുന്ന പദ്ധതിയായ MIDEA(Manufacturing Unit for Innovative Devices, Equipments and Accessories) തുടങ്ങുവാൻ തീരുമാനിച്ചു.

വൈദ്യുത അപകടങ്ങളിൽ കൂടുതലും ഗാർഹിക മേഖലകളിലാണ് ഉണ്ടാകാറുള്ളത്. ആയതിനാൽ ELCB, earthing തുടങ്ങിയ പ്രാഥമിക സുരക്ഷാ സംവിധാനങ്ങൾ എല്ലാ വീടുകളിലും ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് survey നടത്തുന്നതിനായി, ITI ഉദ്യോഗാർത്ഥികളെ ഉപയോഗിച്ച് വൈദ്യുതി സുരക്ഷാ ആഡിറ്റ് നടത്താൻ പദ്ധതി ആരംഭിച്ചിട്ടുണ്ട്. ആയതിൽ പ്രാഥമിക നടപടികൾ നടന്നുവരുന്നു. സംസ്ഥാനത്ത് ഉണ്ടാകുന്ന മാരകമായ അപകടങ്ങളിൽ ഭൂരിഭാഗവും ഗാർഹിക മേഖലയിലാണ് സംഭവിക്കുന്നത്. വയറിംഗ് അപാകതകളും ELCB ഇല്ലാത്തതുമാണ് പല അപകടങ്ങൾക്കും മുഖ്യ കാരണം. ഇ-സേഫ് കേരള പദ്ധതിയുടെ ഭാഗമായി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന എസ്.സി/എസ്.ടി/ബി.പി.എൽ വിഭാഗത്തിലെ നോൺ പേയിംഗ് ഗ്രൂപ്പിലെ ഉപഭോക്താക്കൾക്ക് 4 പോയിന്റ് വയറിംഗ് നടത്തി, ELCB സ്ഥാപിച്ച് നൽകുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്.

## ഇലക്ട്രിക് പോസ്റ്റുകൾ വഴി സ്വകാര്യ കേബിൾ സേവനം

279 (664) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യുടെ ഇലക്ട്രിക് പോസ്റ്റുകൾ സ്വകാര്യ കേബിൾ ഓപ്പറേറ്റർമാർ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് നിയമാനുസൃതമായ അനുവാദം കെ.എസ്.ഇ.ബി. നൽകിവരുന്നുണ്ടോ; ഉണ്ടെങ്കിൽ കഴിഞ്ഞ അഞ്ച് വർഷം ഈയിനത്തിൽ എത്ര തുക ലഭിച്ചുവെന്ന് വ്യക്തമാക്കാമോ?

കെ.എസ്.ഇ.ബി.-യുടെ ഇലക്ട്രിക്ക് പോസ്റ്റുകൾ കേബിൾ ഓപ്പറേറ്റർമാർ ഉപയോഗിക്കുന്നതിന് നിയമാനുസൃതമായ അനുവാദം നൽകിവരുന്നുണ്ട്. കഴിഞ്ഞ അഞ്ച് വർഷം ഈയിനത്തിൽ ലഭിച്ച തുകയുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇലക്ട്രിക് പോസ്റ്റുകളിൽ സ്വകാര്യവ്യക്തികൾ അശാസ്ത്രീയമായ രീതിയിൽ കേബിൾ ഇടുന്നതിന്റെ ഭാഗമായി അപകടം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ വൈദ്യുതി പോസ്റ്റുകളിലൂടെ കേബിൾ ഇടുന്നതിന്റെ ഭാഗമായും ടി കേബിളുകളുടെ അറ്റകുറ്റപ്പണികൾ നടത്തുമ്പോഴും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ അറിവോ സമ്മതമോ കൂടാതെ അനധികൃതമായും അശ്രദ്ധമായും സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെയും പ്രവർത്തിക്കുന്നതുമൂലം കെ.എസ്.ഇ.ബി. ലിമിറ്റഡ് പ്രതിഷ്ഠാപനങ്ങളിൽ നിന്നും വിരളമായി അപകടങ്ങൾ സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ടെങ്കിൽ ഇപ്രകാരം അപകടം സംഭവിച്ചവർക്ക് കെ.എസ്.ഇ.ബി. നഷ്ടപരിഹാരം നൽകിവരുന്നുണ്ടോ; വിശദമാക്കാമോ?

അശ്രദ്ധ, സൂക്ഷ്മതക്കുറവ്, അറിവില്ലായ്മ, സുരക്ഷാ മുൻകരുതലുകൾ പാലിക്കുന്നതിലെ വിമുഖത തുടങ്ങിയ കാരണങ്ങളാൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽനിന്നും മാരകമായതും മാരകമല്ലാത്തതുമായ വൈദ്യുതാഘാതമേൽക്കുന്ന മരണപ്പെട്ടയാളുടെ അനന്തരാവകാശികൾക്ക് വൈദ്യുത സുരക്ഷാ പദ്ധതിയിലെ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 2 ലക്ഷം രൂപ അനുവദിക്കപ്പെടുവാൻ അർഹതയുണ്ട്. കൂടാതെ മാരകമല്ലാത്ത ഇത്തരം അപകടങ്ങൾക്ക്, അപകടത്തിന്റെ ഫലമായി ഉണ്ടാകുന്ന സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായി ആശ്വാസ ധനസഹായം (പരമാവധി 2 ലക്ഷം രൂപ വരെ) അനുവദിക്കപ്പെടുന്നതിന് അർഹതയുണ്ട്.

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ വൈദ്യുതി സെക്ഷൻ ഓഫീസുകൾ

280 (665) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ വൈദ്യുതി സെക്ഷൻ ഓഫീസുകൾ ഏതെല്ലാമാണെന്നും അതിൽ ഓരോന്നിന്റെയും പരിധിയിലുള്ള ഉപഭോക്താക്കൾ എത്രയാണെന്നും വ്യക്തമാക്കാമോ?

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ വൈദ്യുതി സെക്ഷൻ ഓഫീസുകളുടെയും ഉപഭോക്താക്കളുടെയും എണ്ണം അനുബന്ധമായി ചേർക്കുന്നു.*

(ബി) സെക്ഷൻ ഓഫീസുകൾ വിഭജിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ വിശദമാക്കാമോ?

ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ വിഭജിക്കുന്നതിന് പ്രത്യേക മാനദണ്ഡം നിലവിലില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പുതുപ്പാടി സെക്ഷൻ ഓഫീസ് നിർമ്മാണം

281 (666) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുപ്പാടി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) പുതുപ്പാടിയിൽ പുതിയ സെക്ഷൻ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് 75 ലക്ഷം രൂപയുടെ ഭരണാനുമതി 12-11-2019- ൽ നൽകിയിരുന്നു. കെട്ടിടം നിർമ്മിക്കുന്നതിനുള്ള ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് ഒരു വർഷത്തിനുള്ളിൽ പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## ഇരിമ്പിളിയത്ത് വൈദ്യുതി സെക്ഷൻ ഓഫീസ്

282 (667) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ ഇരിമ്പിളിയം കേന്ദ്രീകരിച്ച് വൈദ്യുതി സെക്ഷൻ ഓഫീസ് ആരംഭിക്കണമെന്ന വിഷയത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) എടയൂർ കെ.എസ്.ഇ.ബി. ഓഫീസിൽ എത്തിച്ചേരാനുള്ള പ്രായോഗിക ബുദ്ധിമുട്ട് പരിഗണിച്ച് ഇരിമ്പിളിയം കേന്ദ്രമാക്കി ഒരു സെക്ഷൻ ഓഫീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം കേന്ദ്രമാക്കി ഒരു KSEBL സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നിവേദനം ലഭിക്കുകയും അതിന്മേൽ പരിശോധന നടത്തുകയും ചെയ്തിരുന്നു. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും ഇതിനായി ചെലവഴിക്കേണ്ടിവരുന്ന തുക താരിഫിൽ ഉൾക്കൊള്ളിക്കുന്നതുവഴി വൈദ്യുതിനിരക്ക് വർദ്ധനവിന് കാരണമാകുമെന്നതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല.

## പുതിയ വൈദ്യുതി സെക്ഷൻ ഓഫീസുകൾ

283 (668) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ വൈദ്യുതി സെക്ഷൻ ഓഫീസ് അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദീകരിക്കാമോ?

പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ അനുവദിക്കുന്നതിന് പ്രത്യേക മാനദണ്ഡം നിലവിലില്ല. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും ഇതിനായി ചെലവഴിക്കേണ്ടി വരുന്ന തുക താരിഫിൽ ഉൾക്കൊള്ളിക്കുന്നതുവഴി വൈദ്യുതി നിരക്ക് വർദ്ധനവിന് കാരണമാകുമെന്നതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല.

(ബി) പ്രസ്തുത മാനദണ്ഡപ്രകാരം നിലവിലുള്ളവ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസുകൾ സ്ഥാപിക്കാവുന്നവയുടെ എണ്ണം വിശദമാക്കാമോ?

ബാധകമല്ല.

## കെ.എസ്.ഇ.ബി. കുറ്റിക്കാട്ടൂർ സബ് സെന്റർ

284 (669) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുറ്റിക്കാട്ടൂർ ആസ്ഥാനമായി കെ.എസ്.ഇ.ബി.-യുടെ പുതിയ സബ് സെന്റർ അനുവദിച്ചിട്ടുണ്ടോ; അറിയിക്കാമോ?

കോഴിക്കോട് ഇലക്ട്രിക്കൽ സർക്കിളിനുകീഴിലുള്ള കോവൂർ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിനുകീഴിൽ കുറ്റിക്കാട്ടൂർ ആസ്ഥാനമായി ഒരു സബ്ബ് സെന്റർ സ്ഥാപിക്കാനുള്ള അനുമതി നൽകിയിട്ടുണ്ട്.

(ബി) പുതുതായി ആരംഭിക്കുന്ന സബ്സെന്ററിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തുന്നതെന്ന് വ്യക്തമാക്കാമോ?

പുതുതായി അനുവദിച്ച സബ് സെന്ററിൽ, വാടകരഹിത കെട്ടിടം ലഭ്യമാക്കി, ആ പ്രദേശത്തെ വൈദ്യുതി സംബന്ധമായ പരാതികൾ സ്വീകരിക്കുവാൻ സി.യു.ജി. (ക്ലോസ്ഡ് യൂസർ ഗ്രൂപ്പ്) ഫോൺ, ടി പരാതികൾ പരിഹരിക്കുന്നതിനായി ഒരു ഓവർസിയർ, രണ്ട് ലൈൻമാൻ, ഒരു വർക്കർ എന്നീ ജീവനക്കാരെ വിന്യസിക്കുവാനും വാഹന സൗകര്യം ഏർപ്പെടുത്തുവാനും അനുമതി നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത സബ് സെന്റർ ആരംഭിക്കുന്നതിൽ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ?

ഇല്ല.

(ഡി) സബ് സെന്റർ ആരംഭിക്കുന്നതിന് സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

സബ് സെന്റർ ആരംഭിക്കുന്നതിന് സ്ഥലം കണ്ടെത്തിയിട്ടുണ്ട്.

**മഞ്ചേരി സൗത്ത് കെ.എസ്.ഇ.ബി. സെക്ഷൻ വിഭജനം**

285 (670) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

മഞ്ചേരി നഗരസഭയിലെ മഞ്ചേരി സൗത്ത് കെ.എസ്.ഇ.ബി. സെക്ഷൻ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും ഇതിനായി ചെലവഴിക്കേണ്ടിവരുന്ന തുക താരിഫിൽ ഉൾക്കൊള്ളിക്കുന്നുവഴി വൈദ്യുതി നിരക്ക് വർദ്ധനവിന് കാരണമാകുമെന്നതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല.

**ഊർജ്ജമിത്ര കേന്ദ്രങ്ങളുടെ പ്രവർത്തനം**

286 (671) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡലാടിസ്ഥാനത്തിൽ അനുവദിച്ച ഊർജ്ജമിത്ര കേന്ദ്രങ്ങളുടെ പ്രവർത്തനം വ്യക്തമാക്കുമോ?

അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ സ്ഥാപനത്തിനും പരിപാലനത്തിനും അംഗീകൃത സാങ്കേതിക വിദഗ്ദ്ധരുടെ സേവനം ഉറപ്പുവരുത്തുന്നതിനും ഗുണനിലവാരമുള്ള സേവനങ്ങളും സാങ്കേതിക അറിവും ലഭ്യമാക്കുന്നതിനുംവേണ്ടി സംസ്ഥാനത്ത് എല്ലാ അസംബ്ലി നിയോജകമണ്ഡലത്തിലും ഊർജ്ജമിത്ര എന്ന പേരിൽ അക്ഷയ ഊർജ്ജ സേവന കേന്ദ്രങ്ങൾ അനെർട്ടിന്റെ മേൽനോട്ടത്തിൽ 2018-19 വർഷം മുതൽ ആരംഭിച്ചു. നിശ്ചിത നടപടിക്രമങ്ങൾ പാലിച്ച് സ്വകാര്യ സംരംഭകരെയാണ് ഇതിനായി തെരഞ്ഞെടുത്തത്. മൂന്ന് വർഷം വിജയകരമായി സംരംഭം നടത്തുന്നവർക്ക് പ്രവർത്തനം വിലയിരുത്തി മൂന്നാം വർഷം പ്രധാന മന്ത്രിയുടെ തൊഴിൽദായക പദ്ധതിയുടെ (PMEGP) മാതൃകയിൽ നിശ്ചിത ധനസഹായം അനുവദിക്കുക എന്നതായിരുന്നു പദ്ധതി. സംസ്ഥാന സർക്കാർ

സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെൻറ് ഡെവലപ്മെന്റ് (സി.എം.ഡി.)-നെയാണ് ഊർജ്ജമിത്ര കേന്ദ്രങ്ങളുടെ പ്രവർത്തനം നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നതിന് അനെർട്ട് ചുമതലപ്പെടുത്തിയിരിക്കുന്നത്. സംരംഭകൻ സാധാരണ വിഭാഗത്തിൽ ഉൾപ്പെടുന്ന വ്യക്തിയാണെങ്കിൽ നിയോജകമണ്ഡലത്തിലെ നഗരപ്രദേശത്താണ് സേവനകേന്ദ്രം നടത്തുന്നതെങ്കിൽ അറുപതിനായിരം രൂപയും ഗ്രാമപ്രദേശത്താണെങ്കിൽ ഒരു ലക്ഷം രൂപയുമാണ് ധനസഹായം നൽകുന്നത്. സംരംഭകൻ എസ്.സി./എസ്.ടി./ഒ.ബി.സി./ ന്യൂനപക്ഷം/വനിതകൾ/വിമുക്തഭടന്മാർ/ ഭിന്നശേഷിക്കാർ എന്നീ പ്രത്യേക വിഭാഗത്തിലാണ് ഉൾപ്പെടുന്നതെങ്കിൽ സേവന കേന്ദ്രം നഗരപ്രദേശത്താണെങ്കിൽ ഒരു ലക്ഷം രൂപയും ഗ്രാമ പ്രദേശത്താണെങ്കിൽ ഒരു ലക്ഷത്തി നാൽപതിനായിരം രൂപയുമാണ് ധനസഹായം നൽകുന്നത്. അനെർട്ട് അംഗീകരിക്കുന്ന സർവ്വീസ് ചാർജ്ജ് നിരക്കിൽ ഊർജ്ജമിത്ര കേന്ദ്രങ്ങളെ അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ പരിപാലനം, വാർഷിക അറ്റകുറ്റപ്പണി കരാർ (AMC) എന്നിവയുടെ ചുമതലകൾ സ്റ്റോർ പർച്ചേസ് മാനുവൽ നിബന്ധനകൾ പാലിച്ച് നൽകുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വകുപ്പ് അനുവാദം നൽകിയിട്ടുണ്ട്. എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി.) സ്റ്റാർ റേറ്റിംഗ് ഉള്ള വിവിധ വൈദ്യുത ഉപകരണങ്ങളുടെ വിതരണം ഊർജ്ജമിത്ര കേന്ദ്രങ്ങളിലൂടെ നടത്തുന്നുണ്ട്. അനെർട്ട് നടപ്പിലാക്കുന്ന അക്ഷയ ഊർജ്ജ പദ്ധതികളുമായി ബന്ധപ്പെട്ട് അവയുടെ പരിപാലനത്തിനായി ഊർജ്ജമിത്ര കേന്ദ്രങ്ങളുടെ സേവനം വിനിയോഗിച്ചുവരുന്നുണ്ട്. വാറണ്ടി കാലാവധി കഴിഞ്ഞ അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ റിപ്പയറിംഗിനായി പൊതുജനങ്ങളും വിവിധ സ്ഥാപനങ്ങളും ഈ കേന്ദ്രങ്ങളുടെ സേവനം വിനിയോഗിക്കുന്നുണ്ട്. അംഗീകൃത എം-പാനൽ ഏജൻസികൾ അവരുടെ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും വാറണ്ടി കാലാവധിയിലുള്ള സർവ്വീസും റിപ്പെയറും ചെയ്യുന്നതിനും ചില ഊർജ്ജമിത്ര കേന്ദ്രങ്ങളുടെ സേവനം പ്രയോജനപ്പെടുത്തിവരുന്നു. ഊർജ്ജമിത്ര കേന്ദ്രങ്ങളുടെ ടെക്നീഷ്യന്മാർക്ക് ആവശ്യമായ പരിശീലനം സംഘടിപ്പിച്ചുവരുന്നു. അനെർട്ട് ഈ കേന്ദ്രങ്ങളിലെ 307 ടെക്നീഷ്യന്മാർക്ക് അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നിയോജക മണ്ഡലാടിസ്ഥാനത്തിൽ അക്ഷയ ഊർജ്ജ സേവനദാതാക്കളായി അനെർട്ട് സ്ഥാപിച്ച ഊർജ്ജമിത്ര കേന്ദ്രങ്ങളുടെ സേവനം, അവയെ ഊർജ്ജകാര്യക്ഷമമായ ഉത്പന്നങ്ങളുടെ വിതരണ കേന്ദ്രങ്ങൾ കൂടിയാക്കി മാറ്റുന്ന പദ്ധതി ഇ.എം.സി. ആവിഷ്കരിച്ചു. 140 ഊർജ്ജമിത്ര കേന്ദ്രങ്ങളോട് താത്പര്യപത്രം ആവശ്യപ്പെട്ടതിൽ, ഇതുവരെ താല്പര്യം അറിയിച്ച 72 ഊർജ്ജമിത്ര കേന്ദ്രങ്ങളിൽ ഇതിന്റെ ഭാഗമായി ഊർജ്ജകാര്യക്ഷമതയുള്ള ഉത്പന്നങ്ങളുടെ വിതരണപ്രവർത്തനം നടക്കുന്നുണ്ട്. ഇ.എം.സി. എംപാനൽ ചെയ്ത ഊർജ്ജകാര്യക്ഷമമായ ഉത്പന്ന നിർമ്മാതാക്കളുടെ/ ഡീലർമാരുടെ ഊർജ്ജകാര്യക്ഷമമായ ഉത്പന്നങ്ങൾ, മിതമായ നിരക്കിൽ ഊർജ്ജമിത്ര കേന്ദ്രങ്ങൾ വഴി സാധാരണക്കാർക്ക് ലഭിക്കുന്നു.

(ബി) ഊർജ്ജമിത്ര കേന്ദ്രങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

സംസ്ഥാന സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി.)-നെയാണ് ഊർജ്ജമിത്ര കേന്ദ്രങ്ങളുടെ പ്രവർത്തനം നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നതിന് അനെർട്ട് ചുമതലപ്പെടുത്തിയിരിക്കുന്നത്. പ്രവർത്തനം തുടങ്ങി മൂന്ന് വർഷമായ ഊർജ്ജമിത്ര കേന്ദ്രങ്ങളുടെ പ്രവർത്തനം സി.എം.ഡി-യുടെയും, അനെർട്ടിന്റെയും ഉദ്യോഗസ്ഥർ നേരിട്ട് കേന്ദ്രങ്ങൾ സന്ദർശിച്ച് രണ്ട് തവണകളിലായി വിലയിരുത്തിയിട്ടുണ്ട്. താഴെപ്പറയുന്ന പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിലാണ് കേന്ദ്രങ്ങളുടെ വിലയിരുത്തൽ പ്രധാനമായും നടത്തിയിട്ടുള്ളത്. കേന്ദ്രങ്ങളിൽ അനെർട്ട് നിർദ്ദേശിച്ചിട്ടുള്ള സൗകര്യങ്ങളുടെയും ഉപകരണങ്ങളുടെയും ലഭ്യത. സർവ്വീസ് കോളുകളുടെയും നടത്തിയ സേവനങ്ങളുടെയും വിവരങ്ങൾ കൃത്യമായ രേഖപ്പെടുത്തൽ, ഊർജ്ജമിത്രയ്ക്ക് ലഭിച്ച സർവ്വീസ് ഓർഡറുകളുടെ എണ്ണം, അറ്റൻഡ് ചെയ്ത സർവ്വീസുകൾ, പ്രവൃത്തി പൂർത്തീകരിക്കാൻ എടുത്ത സമയം, ഊർജ്ജമിത്ര കേന്ദ്രവും ഉപഭോക്താക്കളും, സ്ഥാപനങ്ങൾ, എം-പാനൽ ഏജൻസികൾ എന്നിവരുമായുള്ള സർവ്വീസ് ഉടമ്പടികളുടെ എണ്ണം, ഊർജ്ജമിത്രയുടെ പേരിലുള്ള പ്രത്യേക ബാങ്ക് അക്കൗണ്ട്, തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, GST രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്. വിവിധ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചതിന്റെ വിവരങ്ങൾ, ടെക്നീഷ്യന്മാർ പങ്കെടുത്തിട്ടുള്ള പരിശീലന പരിപാടികളുടെ വിവരം.

(സി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം നിറവേറ്റാൻ ഊർജ്ജമിത്ര കേന്ദ്രങ്ങൾക്ക് കഴിയാതെ പോയെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

140 ഊർജ്ജമിത്ര കേന്ദ്രങ്ങളിൽ സി.എം.ഡി. നടത്തിയ അവസാന ഘട്ട പരിശോധനയിൽ 15 എണ്ണം ഒഴികെ 125 നിയോജകമണ്ഡലങ്ങളിലും നിലവിൽ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. ബഹുഭൂരിപക്ഷം കേന്ദ്രങ്ങളും ഊർജ്ജമിത്രയുടെ ലക്ഷ്യത്തിനനുസരിച്ചുള്ള പ്രവർത്തനം നടത്തിവരുന്നുണ്ട്. ഈ മേഖലയിലെ പരിചയക്കുറവും കോവിഡ് ലോക്ക്ഡൗൺ കാരണമുണ്ടായ സാമ്പത്തിക പ്രശ്നങ്ങളുംകാരണം ചില കേന്ദ്രങ്ങൾക്ക് പദ്ധതിയുടെ ലക്ഷ്യത്തിനനുസരിച്ചുള്ള പ്രവർത്തനം നടത്തുവാൻ കഴിയാതെ പോയിട്ടുണ്ട്. പ്രവർത്തനം ഇല്ലാത്ത നിയോജകമണ്ഡലങ്ങളിൽ പകരം സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ഡി) പ്രസ്തുത കേന്ദ്രങ്ങളെ മികവുറ്റതായി മാറ്റുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികളുടെ വിശദാംശം നൽകാമോ?

അക്ഷയ ഊർജ്ജ മേഖലയിൽ ആരംഭിച്ച ആദ്യ സംരംഭ പരിപാടി എന്ന നിലയിൽ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ പ്രചരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ അനെർട്ട് സ്വീകരിച്ചുവരുന്നു. അനെർട്ട് നടപ്പിലാക്കുന്ന വിവിധ അക്ഷയ ഊർജ്ജ പദ്ധതികളുമായി ബന്ധപ്പെട്ട് ഊർജ്ജമിത്ര കേന്ദ്രങ്ങളുടെ സേവനം കൂടുതൽ വിനിയോഗിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട അനുയോജ്യരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള ക്യാമ്പയിൻ പരിപാടി ഈ കേന്ദ്രങ്ങൾ മുഖേന സംഘടിപ്പിക്കുന്നതാണ്. അക്ഷയ ഊർജ്ജ ഉപകരണങ്ങൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട സ്ഥല പരിശോധന, ഉപകരണങ്ങളുടെ പരിപാലനം, അറ്റകുറ്റപ്പണി എന്നിവയ്ക്ക് ഈ കേന്ദ്രങ്ങളുടെ സേവനം കൂടുതലായി വിനിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഊർജ്ജമിത്ര കേന്ദ്രങ്ങളിലെ ടെക്നീഷ്യന്മാർക്ക് ആവശ്യമായ സാങ്കേതിക പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതാണ്.

## ഇലക്ട്രിസിറ്റി ബോർഡ് ഓഫീസുകൾക്ക് കെട്ടിടം

287 (672)ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഇലക്ട്രിസിറ്റി ബോർഡിന്റെ ഓഫീസുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമായാൽ ബോർഡിൽ നിന്ന് ഫണ്ട് അനുവദിക്കുമോ; വ്യക്തമാക്കാമോ?

വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഇലക്ട്രിസിറ്റി ബോർഡിന്റെ ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സൗകര്യപ്രദമായ സ്ഥലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ സന്നദ്ധസംഘടനകളോ വ്യക്തികളോ സൗജന്യമായി ലഭ്യമാക്കിയാൽ കെട്ടിടം പണിയുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

(ബി) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകളുണ്ടോ എന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ അവയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഇലക്ട്രിസിറ്റി ബോർഡിൽ നിന്ന് ഫണ്ട് അനുവദിക്കുമോ; വ്യക്തമാക്കാമോ?

കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ഓച്ചിറ, മണപ്പള്ളി എന്നീ രണ്ട് ഇലക്ട്രിക്കൽ സെക്ഷനുകൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. ഈ ഓഫീസുകൾക്ക് സ്വന്തമായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സൗകര്യപ്രദമായ സ്ഥലം തദ്ദേശഭരണ സ്ഥാപനങ്ങളോ സന്നദ്ധസംഘടനകളോ വ്യക്തികളോ സൗജന്യമായി ലഭ്യമാക്കിയാൽ കെട്ടിടം പണിയുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

## പാറാട് സെക്ഷൻ ഓഫീസിന് പുതിയ കെട്ടിടം

288 (673) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ പാറാട് കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിലെ സ്ഥലപരിമിതി കാരണം ഉപഭോക്താക്കളും ജീവനക്കാരും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പാറാട് സെക്ഷൻ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാമോ;

(സി) പാറാട് സെക്ഷൻ ഓഫീസ് നിർമ്മാണത്തിന് സ്ഥലം ലഭ്യമാക്കുന്നതിനുവേണ്ടി സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(ബി&സി) പാറാട് സെക്ഷൻ ഓഫീസ് നിർമ്മാണവുമായി ബന്ധപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ട്. നിലവിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഫീസിന് സ്വന്തമായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സൗകര്യപ്രദമായ സ്ഥലം തദ്ദേശഭരണ സ്ഥാപനങ്ങളോ, മറ്റു സന്നദ്ധ സംഘടനകളോ, വ്യക്തികളോ സൗജന്യമായി ലഭ്യമാക്കിയാൽ കെട്ടിടം പണിയുന്ന കാര്യം പരിഗണിക്കുന്നതാണ്.

## കലഞ്ഞൂർ കെ.എസ്.ഇ.ബി. ഓഫീസിന് കെട്ടിടം

289 (674) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി നിയോജകമണ്ഡലത്തിലെ കലഞ്ഞൂരിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി. ഓഫീസിന് പഞ്ചായത്ത് നൽകാമെന്ന് സമ്മതിച്ചിട്ടുള്ള ഭൂമിയിൽ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കോന്നി നിയോജകമണ്ഡലത്തിലെ കലഞ്ഞൂരിൽ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി ഗ്രാമ പഞ്ചായത്ത് നൽകാമെന്ന് സൂചിപ്പിച്ചിട്ടുള്ള സ്ഥലം പുനലൂർ– മൂവാറ്റുപുഴ സംസ്ഥാന പാതയുടെ (മലയോര ഹൈവേ) വികസനവുമായി ബന്ധപ്പെട്ട് വിട്ടുനൽകിയിട്ടുള്ളതിനാൽ കെട്ടിട നിർമ്മാണത്തിന് തികച്ചും അപര്യാപ്തമാണ്. ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിന് സൗകര്യപ്രദമായ സ്ഥലം തദ്ദേശഭരണ സ്ഥാപനങ്ങളോ സന്നദ്ധസംഘടനകളോ വ്യക്തികളോ സൗജന്യമായി ലഭ്യമാക്കിയാൽ കെട്ടിടം പണിയുന്ന കാര്യം പരിഗണിക്കുന്നതാണ്.

## കൊയിലാണ്ടി 11 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം

290 (675) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ കൊയിലാണ്ടി നഗരസഭാ പരിധിയിൽ അനുവദിച്ച 11 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുന്നോടിയായി കെ.എസ്.ഇ.ബി. ചെയ്തുതീർക്കാൻ ബാക്കിയുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ 110 കെ.വി. സബ്സ്റ്റേഷനാണ് പരിഗണനയിലുള്ളത്. ടി പ്രവൃത്തി ചെയ്യുന്നതിന് 5-1-2021-ൽ 20.6 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതാണ്. ടി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് നഗരപരിധിയിൽ മൂന്ന് സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഈ സ്ഥലങ്ങളുടെ രേഖകൾ ശേഖരിച്ചു വരികയാണ്. ടി രേഖകൾ കിട്ടുന്ന മുറയ്ക്ക് കെ.എസ്.ഇ.ബി. ലിമിറ്റഡിന് അനുയോജ്യമായ സ്ഥലം തെരഞ്ഞെടുക്കുന്നതാണ്. തെരഞ്ഞെടുക്കപ്പെടുന്ന ഭൂമി കെ.എസ്.ഇ.ബി. ലിമിറ്റഡിന് കൈമാറ്റം ചെയ്യപ്പെടുന്നതിനുവേണ്ടി റവന്യൂ വകുപ്പിന്റെ ഉത്തരവ് ലഭിക്കേണ്ടതാണ്. ടി ഉത്തരവിനുശേഷം കളക്ടറുടെ നേതൃത്വത്തിൽ ഡിസ്ട്രിക്ട് ലെവൽ ഫെയർ കോമ്പൻസേഷൻ, റിഹാബിലിറ്റേഷൻ ആൻഡ് റീ-സെറ്റിൽമെന്റ് കമ്മിറ്റിയും സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയും സിറ്റിംഗ് നടത്തി അതിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സബ്സ്റ്റേഷൻ നിർമ്മാണത്തിനുള്ള സ്ഥലം കെ.എസ്.ഇ.ബി. ലിമിറ്റഡിന് കളക്ടേറ്റ്/റവന്യൂ വകുപ്പ് മുഖാന്തരം ലഭ്യമാക്കേണ്ടതായിട്ടുണ്ട്.

(ബി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

സ്ഥല ലഭ്യതയ്ക്കുശേഷം ജൂൺ 2022-ഓടുകൂടി ടി സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

## അടിവാരം 33 കെ.വി. സബ്സ്റ്റേഷൻ

291 (676) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിവാരം 33 കെ.വി. സബ്സ്റ്റേഷൻ തുടങ്ങുന്ന കാര്യം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

അടിവാരം 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണത്തിനായി മൂന്ന് സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. രേഖകൾ പരിശോധിച്ച് അതിൽനിന്ന് അനുയോജ്യമായ സ്ഥലം തെരഞ്ഞെടുക്കുന്ന നടപടിക്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

(ബി) സബ്സ്റ്റേഷൻ എപ്പോൾ പ്രവർത്തനമാരംഭിക്കാൻ കഴിയുമെന്നു വ്യക്തമാക്കാമോ?

സർക്കാർ അനുമതിയും റവന്യൂവകുപ്പ് മുഖാന്തരമുള്ള ഭൂമി ഏറ്റെടുക്കലും പൂർത്തിയാകുന്ന മുറയ്ക്ക് 2022 ഏപ്രിൽ മാസത്തിനോടകം ടി സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

## വൈദ്യുതി ബോർഡിലെ സൂപ്പർന്യൂമററി തസ്തികകൾ

292 (677) ശ്രീ എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈദ്യുതി ബോർഡിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ പ്രതീക്ഷിത ഒഴിവുകളെക്കാൾ കൂടുതൽ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വിഷയത്തിൽ കുറ്റക്കാർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകാമെന്ന് ബഹു. ഹൈക്കോടതി മുമ്പാകെ സത്യവാങ്മൂലം സമർപ്പിക്കാനിടയായ സാഹചര്യത്തെക്കുറിച്ച് ഉചിതതലത്തിൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുവാനും കെ.പി.എസ്.സി. അഡ്വൈസ് നൽകിയ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നത് സംബന്ധിച്ച് വിഷയത്തിൽ നിലവിലുള്ള ചട്ടങ്ങൾക്ക് വിധേയമായി ബഹു. ഹൈക്കോടതിയുടെ ഉത്തരവുകളിന്മേൽ തുടർനടപടി സ്വീകരിക്കുവാനും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

## കെ.എസ്.ഇ.ബി.-യിലെ ഓഫീസ് അറ്റൻഡന്റ് തസ്തിക

293 (678) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ അനുവദനീയമായ എണ്ണവും നിലവിൽ ടി തസ്തികയിൽ ജോലി ചെയ്യുന്നവരുടെ എണ്ണവും വെളിപ്പെടുത്തുമോ?

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ അനുവദനീയമായ ജീവനക്കാരുടെ എണ്ണം 402 ആണെങ്കിലും ടി തസ്തികയിൽ നിലവിൽ പ്രവൃത്തിയെടുക്കുന്ന ജീവനക്കാരുടെ എണ്ണം 419 ആണ്.

(ബി) അനുവദനീയമായതിൽ കൂടുതൽ ജീവനക്കാർ ഈ തസ്തികയിൽ ജോലി ചെയ്യുന്നുണ്ടോ?

ഉണ്ട്.

(സി) എങ്കിൽ അതിന്റെ സാഹചര്യം വ്യക്തമാക്കുമോ?

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ഫീൽഡ് വിഭാഗം തസ്തികകളിൽ ജോലി നോക്കുന്ന ജീവനക്കാർ അത്യന്തം അപകടം നിറഞ്ഞ ജോലികളിലാണ് ഏർപ്പെട്ടിരിക്കുന്നത്. അതിനാൽത്തന്നെ നിരവധി ജീവനക്കാർക്ക് ജോലിക്കിടെ വൈദ്യുത അപകടങ്ങളിൽപ്പെട്ട് ജീവഹാനി സംഭവിക്കുന്നുണ്ട്. ഇത്തരത്തിലുള്ള അപകടങ്ങളിൽപ്പെട്ടും അല്ലാതെയും മരണപ്പെടുന്ന ഫീൽഡ്, ഇതരവിഭാഗങ്ങളിലെ വിവിധ തസ്തികകളിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ ആശ്രിതർക്ക്, പ്രത്യേകിച്ച് അവരുടെ വിധവകൾക്ക്, ആശ്രിത നിയമനം നൽകേണ്ടിവരുമ്പോൾ സാധാരണയായി ഭൂരിപക്ഷം പേർക്കും അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസരിച്ച് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിലവിലെ ആശ്രിത നിയമന വ്യവസ്ഥപ്രകാരം ഓഫീസ് അറ്റൻഡന്റ്, സ്വീപ്പർ തുടങ്ങിയ തസ്തികകളിലാണ് പരിഗണിക്കുന്നത്. ആയതിനാലാണ് ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ പ്രവൃത്തിയെടുക്കുന്ന ജീവനക്കാരുടെ എണ്ണം അനുവദനീയമായ എണ്ണത്തേക്കാൾ അധികരിച്ചു നിൽക്കുന്നത്.

(ഡി) ആശ്രിതനിയമനത്തിനായി പ്രസ്തുത തസ്തികയിൽ എത്ര അപേക്ഷകൾ പരിഗണനയിലുണ്ടെന്ന് വ്യക്തമാക്കുമോ?

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് ആശ്രിതനിയമനത്തിനായി നിലവിൽ 79 അപേക്ഷകൾ പരിഗണനയിലുണ്ട്.

(ഇ) ശ്രീമതി മഞ്ചിത എൻ.എസ്. (നമ്പോത പറമ്പിൽ ഹൗസ്, കാതികുടം പി.ഒ., കൊരട്ടി, തൃശ്ശൂർ)-ന്റെ ആശ്രിതനിയമനത്തിനായുള്ള അപേക്ഷയുടെ നിലവിലെ സ്ഥിതി വെളിപ്പെടുത്തുമോ?

ശ്രീമതി മഞ്ചിത എൻ.എസ്. (നമ്പോത പറമ്പിൽ ഹൗസ്, കാതികുടം പി.ഒ., കൊരട്ടി, തൃശ്ശൂർ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ ആശ്രിതനിയമനത്തിനായി സമർപ്പിച്ച അപേക്ഷ സൂക്ഷ്മപരിശോധനകൾ പൂർത്തിയാക്കി ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്കുള്ള നിയമന ഉത്തരവിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പരിഗണനയിലുണ്ട്. എന്നാൽ നിലവിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ അനുവദനീയമായ എണ്ണത്തിലും കൂടുതൽ ജീവനക്കാർ ജോലി ചെയ്യുന്നതിനാൽ ടിയാൾക്ക് ടി തസ്തികയിൽ നിയമനം നൽകാൻ കഴിഞ്ഞിട്ടില്ല.

## ഇലക്ട്രിക്കൽ ലൈസൻസുകൾ

294 (679) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇലക്ട്രിക്കൽ കരാർ ലൈസൻസുകളും വയർമാൻ, സൂപ്പർവൈസർ പെർമിറ്റുകളും അനുവദിക്കുന്നതിനും പുതുക്കുന്നതിനുമുള്ള കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡിന്റെ സേവനം ഓൺലൈൻ ആയും കാര്യക്ഷമമായും നൽകുന്നതിനായി സ്റ്റാർട്ടപ്പ് മിഷൻ മുഖേന സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിന്റെ നടപടികൾ നടന്നുവരികയാണ്. കൂടാതെ, ജീവനക്കാരുടെ അഭാവംമൂലം നേരിട്ടിരുന്ന കാലതാമസം ഒഴിവാക്കുന്നതിലേയ്ക്കായി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ പുതിയ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

## അനെർട്ടിന്റെ പദ്ധതികൾ

295 (680) ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അനെർട്ടുമായി ബന്ധപ്പെട്ട് നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ എതെല്ലാമെന്ന് അറിയിക്കാമോ?

സൗരോർജ്ജം, പവനോർജ്ജം, ജൈവോർജ്ജം ഉൾപ്പെടെയുള്ള നവ-നവീകരണീയ ഊർജ്ജ മേഖലയുമായി ബന്ധപ്പെട്ട വികസന ഗവേഷണ പ്രവർത്തനങ്ങൾക്ക് വൈദ്യുതി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനമാണ് അനെർട്ട്. കേന്ദ്ര നവീന നവീകരണ ഊർജ്ജ മന്ത്രാലയത്തിന്റെ (MNRE) സംസ്ഥാനതല നോഡൽ ഏജൻസി കൂടിയാണ് അനെർട്ട്. സംസ്ഥാനത്ത് പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽനിന്നും വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ വിവിധ പദ്ധതികൾ അനെർട്ട് മുഖേന നടപ്പിലാക്കിവരുന്നു.

1. സൗരോർജ്ജ പദ്ധതികൾ പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽ ഏറ്റവും പ്രധാനപ്പെട്ട സൗരോർജ്ജത്തെ നമ്മുടെ വൈദ്യുതി ആവശ്യത്തിനായി വിനിയോഗിക്കുന്നതിനുള്ള സംവിധാനമായ സോളാർ പവർ പ്ലാന്റുകൾ വീടുകളിലും സ്ഥാപനങ്ങളിലും വ്യാപകമാക്കുന്നതിന് വേണ്ടിയുള്ള വിവിധ പദ്ധതികൾ

ആസൂത്രണം ചെയ്തു നടപ്പിലാക്കിവരുന്നു. കേന്ദ്രസർക്കാർ സബ്സിഡിയോടുകൂടി സംസ്ഥാനത്ത് കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കുന്ന ഗാർഹിക ഗ്രിഡ്ബന്ധിത പുരപ്പുറ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്ന പദ്ധതിയിൽ 25 മെഗാവാട്ട് ഈ വർഷം അനെർട്ട് മുഖേന സ്ഥാപിക്കുന്നതാണ്. സംസ്ഥാനത്തെ വിവിധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ വൈദ്യുതി ആവശ്യത്തിനായി സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പ്രവർത്തനം ഡെപ്പോസിറ്റ് വർക്ക്, ടെക്നിക്കൽ കൺസൾട്ടൻസി എന്നീ രീതികളിൽ അനെർട്ട് ചെയ്തുവരുന്നു. സംസ്ഥാനത്ത് സർക്കാർ സ്ഥാപനങ്ങളിൽ ബാറ്ററി സംഭരണത്തോടുകൂടിയ സൗരോർജ്ജ നിലയം സ്ഥാപിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതി അനെർട്ട് മുഖേന നടപ്പിലാക്കിവരുന്നു. എം.എൻ.ആർ.ഇ. നിശ്ചയിക്കുന്ന ബെഞ്ച്മാർക്ക് വിലയോ, മത്സരാധിഷ്ഠിത പ്രക്രിയ വഴി ലഭിക്കുന്ന വിലയോ ഇതിൽ ഏതാണോ കുറവ് അതിന്റെ 30% ആണ് സബ്സിഡിയായി കേന്ദ്രം നൽകുന്നത്. സംസ്ഥാനത്ത് 64 സർക്കാർ സ്ഥാപനങ്ങളിൽ ഈ പദ്ധതി പ്രകാരം 316 കിലോ വാട്ട് ശേഷിയുള്ള സൗരോർജ്ജ നിലയം സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയാക്കി. നിലവിൽ വൈദ്യുതി എത്താത്ത വിദൂരസ്ഥലങ്ങളിലെ 18 അങ്കണവാടികളിൽ വൈദ്യുതി ആവശ്യത്തിനായി അനെർട്ട് മുഖേന സോളാർ സംവിധാനം സ്ഥാപിക്കുന്നതിന് സംസ്ഥാന വനിതാ ശിശു വികസന വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. അനെർട്ട് സ്ഥല പരിശോധനയും ടെണ്ടർ നടപടിയും പൂർത്തിയാക്കി. വൈദ്യുതി എത്താത്ത വിദൂരസ്ഥലങ്ങളിലെ 74 ആദിവാസി കോളനികളിലെ പഠന മുറികൾക്ക് ആവശ്യമായ വൈദ്യുതി ലഭ്യമാക്കുന്നതിനായി സോളാർ സംവിധാനം സ്ഥാപിക്കുന്നതിന് സംസ്ഥാന പട്ടികവർഗ്ഗ വികസന വകുപ്പ് അനെർട്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഈ സ്ഥലങ്ങൾ സന്ദർശിച്ച് ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ 61 കോളനികളിലായി 5 കിലോവാട്ട് വീതം ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ (ആകെ 305 കിലോവാട്ട്) സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സൗരോർജ്ജം ഉപയോഗിച്ച് പ്രവർത്തിക്കുന്ന ശീതീകരണി (Cold Storage), സോളാർ തെർമ്മൽ സാങ്കേതിക വിദ്യയിൽ സ്റ്റീം ഉപയോഗിച്ചുള്ള പാചകം സാദ്ധ്യമാക്കുന്ന സൗരോർജ്ജ സ്റ്റീം കുക്കർ, പൂർണ്ണമായും സൗരോർജ്ജത്തിന്റെ സഹായത്താൽ വെള്ളം ശുദ്ധീകരിച്ച് ലഭ്യമാക്കുന്ന സോളാർ വാട്ടർ എ.റ്റി.എം. എന്നീ സംവിധാനങ്ങൾ അനെർട്ട് മുഖേന സ്ഥാപിച്ചുവരുന്നു. സോളാർ റാന്തൽ, റേഡിയോ, മൊബൈൽ ചാർജ്ജർ എന്നിവ ഉൾപ്പെടുത്തിയുള്ള സൗരസുവിധ കിറ്റും വിതരണം ചെയ്തുവരുന്നു.

2. PM-KUSUM പദ്ധതി കാർബൺരഹിത കൃഷിയിടങ്ങൾ എന്ന ലക്ഷ്യത്തോടെ കാർഷിക ആവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ PM-KUSUM പദ്ധതിയിൽ ഉൾപ്പെടുത്തി ഇതുവരെ ലഭിച്ച അപേക്ഷകളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായി കണ്ടെത്തിയ 100 അപേക്ഷകർക്ക് പമ്പ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ 6000 കൃഷിക്കാരെ കണ്ടെത്തുന്നതിനുള്ള നടപടികൾ ഈ വർഷം അനെർട്ട് സ്വീകരിക്കുന്നതാണ്. 1 മുതൽ 7.5 എച്ച്.പി. വരെ ശേഷിയുള്ള പമ്പുകൾക്ക് കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ ധനസഹായം ലഭ്യമാക്കും. അധിക വൈദ്യുതി കെ.എസ്.ഇ.ബി.-ക്ക് നൽകുന്നതിലൂടെ കർഷകർക്ക് അധിക വരുമാനവും ഉണ്ടാകും.

3. റെസ്കോ (RESCO) മോഡലിൽ സൗര വൈദ്യുത നിലയം കേരളത്തിൽ സൗരോർജ്ജ മേഖലയിലെ ആദ്യ റെസ്കോ-റിന്യൂവബിൾ എനർജി സർവ്വീസ് കമ്പനി (റിന്യൂവബിൾ എനർജി സേവന ദാതാവ്) മോഡൽ പദ്ധതി അനെർട്ട് നേരിട്ട് സംസ്ഥാനത്ത് നടപ്പിലാക്കുന്നതാണ്. സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങളിൽ സൗരോർജ്ജവൽക്കരിക്കുന്നതിന്റെ ഭാഗമായി അനെർട്ടിന്റെ പദ്ധതിയിലുൾപ്പെടുത്തി സൗര വൈദ്യുത നിലയം സ്ഥാപനങ്ങളിൽ സ്ഥാപിക്കുകയും തുടർന്ന് ഉത്പാദിപ്പിക്കുന്ന വൈദ്യുതി നിശ്ചിത നിരക്കിൽ അതാത് സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുന്നതാണ് പദ്ധതി. ഇത്തരത്തിൽ അനെർട്ട് റെസ്കോ ആയിട്ടുള്ള ആദ്യ പദ്ധതിയാണ് കണ്ണൂർ ആസ്ഥാനമായിട്ടുള്ള കേരള സംസ്ഥാന റബ്ബർ കോ-ഓപ്പറേറ്റീവ് ലിമിറ്റഡിൽ (റബ്കോ) നടപ്പാക്കുന്നത്. തലശ്ശേരിയിലുള്ള റബ്കോയുടെ ഫാക്ടറിയിൽ 350 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റ് ആണ് ആദ്യ ഘട്ടത്തിൽ നടപ്പാക്കുന്നത്. ഇങ്ങനെ നിർമ്മിക്കുന്ന പ്ലാന്റിൽനിന്നും പ്രതിവർഷം 5 ലക്ഷത്തിൽ അധികം യൂണിറ്റ് വൈദ്യതി ഉത്പാദിപ്പിക്കുവാൻ സാധിക്കും. ഈ ഫാക്ടറിയുടെ പ്രവർത്തനത്തിന് വേണ്ട മുഴുവൻ വൈദ്യുതിയും ഈ സൗരോർജ്ജ പ്ലാന്റിൽ നിന്നുതന്നെ ഉപയോഗിക്കാവുന്നതാണ്. എറണാകുളം ഇരുമ്പനത്തെ ട്രാക്കോ കേബിൾ കമ്പനിയിലും റെസ്കോ (RESCO) മോഡലിൽ 350 കിലോവാട്ട് ശേഷിയുള്ള സൗര വൈദ്യുത നിലയം സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. വിവിധ സർക്കാർ സ്ഥാപനങ്ങളിൽ റെസ്കോ മാതൃകയിൽ സൗര വൈദ്യുത നിലയം സ്ഥാപിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലാണ്.

4. രാമക്കൽമേട് അക്ഷയ ഊർജ്ജ പാർക്ക് ഇടുക്കി ജില്ലയിലെ രാമക്കൽമേടിൽ സൗരോർജ്ജവും കാറ്റിൽ നിന്നുള്ള ഊർജ്ജവും പ്രയോജനപ്പെടുത്തി ബാറ്ററി സംഭരണത്തോടുകൂടിയുള്ള അക്ഷയ ഊർജ്ജ പാർക്കിന്റെ ആദ്യ ഘട്ടമായി ഒരു മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റിൽ 500 കിലോവാട്ടിന്റെ നിർമ്മാണം പൂർത്തീകരിച്ചു. അനെർട്ട് സി-ഡാക്കുമായി ചേർന്ന് നടപ്പാക്കുന്ന ഈ പദ്ധതിയുടെ ഭാഗമായി തദ്ദേശീയമായി ഗ്രിഡ്-റ്റൈ ഇൻവർട്ടർ സാങ്കേതികവിദ്യ വികസിപ്പിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ പരിശോധന പൂർത്തീകരിച്ചാൽ ഇത് കമ്മീഷൻ ചെയ്യാൻ സാധിക്കും. തുടർന്ന് 500 കിലോവാട്ട് സൗരോർജ്ജ പാനലുകൾകൂടി കൂട്ടിച്ചേർത്ത് ഒരു മെഗാവാട്ട് പ്ലാന്റ് ഒരു മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതാണ്. പാർക്കിന്റെ ശേഷി മൂന്ന് മെഗാവാട്ടായി വർദ്ധിപ്പിക്കുന്നതാണ്.

5. മൈക്രോ ഗ്രിഡ് - തിരുവനന്തപുരം ജില്ലയിലെ പൊൻമുടി ഹിൽ സ്റ്റേഷനിൽ സൗരോർജ്ജവും, കാറ്റിൽനിന്നുള്ള ഊർജ്ജവും പ്രയോജനപ്പെടുത്തിയുള്ള മൈക്രോ ഗ്രിഡ് പദ്ധതി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം ഈ വർഷം നടപ്പിലാക്കുന്നതാണ്.

6. വിഭവ പഠനം - സംസ്ഥാനത്തെ 4 കേന്ദ്രങ്ങളിൽ സൗരോർജ്ജ വിഭവ പഠന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ആലപ്പുഴ, രാമക്കൽമേട്, കുഴൽമന്ദം, കണ്ണൂർ എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ഈ സ്റ്റേഷനുകളിൽ ശേഖരിക്കുന്ന സൗരോർജ്ജ ലഭ്യത, കാറ്റ്, മഴ, അന്തരീക്ഷ ആർദ്രത എന്നിവ സംബന്ധിച്ച ദൈനംദിന വിവരങ്ങൾ തിരുവനന്തപുരം അനെർട്ട് ആസ്ഥാനത്ത് സ്ഥാപിച്ചിട്ടുള്ള മോണിറ്ററിംഗ് നിലയത്തിൽ ഓൺലൈനായി ലഭിക്കുന്നതാണ്. ഇതിലൂടെ ലഭിക്കുന്ന വിവരങ്ങൾ സൗരോർജ്ജ പ്ലാന്റുകളും കാറ്റാടി നിലയങ്ങളും സ്ഥാപിക്കുന്നതിനുള്ള അനുയോജ്യ സ്ഥലങ്ങൾ കണ്ടെത്തുന്നതിന് ഉപയുക്തമാകും. കാറ്റിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുവാൻ കഴിയുന്ന അളവിൽ കാറ്റിന്റെ ലഭ്യതയുള്ള കൂടുതൽ സ്ഥലങ്ങൾ കണ്ടെത്തുന്നതിനുവേണ്ടിയുള്ള വിൻഡ് മോണിറ്ററിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പ്രവർത്തനവും അനെർട്ട് നടത്തിവരുന്നു.

7. സൗരോർജ്ജ ഉപകരണങ്ങളുടെ ടെസ്റ്റിംഗിനുള്ള ലബോറട്ടറി കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലെ സ്റ്റിക് (STIC – Sophisticated Testing Instrumentation Centre)-മായി ചേർന്ന് സൗരോർജ്ജ ഉപകരണങ്ങൾ പരിശോധിച്ച് ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുള്ള ലബോറട്ടറി സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു. ടെണ്ടർ നടപടികൾ അവസാന ഘട്ടത്തിലാണ്. ഉപകരണങ്ങൾ ലഭ്യമാക്കി നാല് മാസത്തിനുള്ളിൽ ലാബിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

8. ഇ-മൊബിലിറ്റി-ഇലക്ട്രിക് മൊബിലിറ്റി വ്യാപകമാക്കുന്നതിന്റെ ആദ്യഘട്ടം എന്ന നിലയിൽ നിലവിൽ സർക്കാർ വകുപ്പുകളിലും സ്ഥാപനങ്ങളിലും കരാർ വ്യവസ്ഥയിൽ ഉപയോഗിക്കുന്ന ഡീസൽ, പെട്രോൾ വാഹനങ്ങൾ മാറ്റി അനെർട്ട് വഴി ഇലക്ട്രിക് കാറുകൾ നൽകുന്ന പദ്ധതി ആരംഭിച്ചു. 2020-21 വർഷം തുടങ്ങിയ പദ്ധതി പ്രകാരം ഇതുവരെ വിവിധ മോഡലുകളിലുള്ള 127 ഇലക്ട്രിക് കാറുകൾ 20 സർക്കാർ വകുപ്പുകളിലായി അനെർട്ട് നൽകിയിട്ടുണ്ട്. പൊതുനിരത്തുകളിൽ വൈദ്യുത വാഹനങ്ങൾക്ക് റീചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി ദേശീയ, സംസ്ഥാന പാതകൾ ഉൾപ്പെടെയുള്ള പ്രധാന റോഡുകൾക്ക് സമീപം ചാർജ്ജിംഗ് സ്റ്റേഷനുകൾ അനെർട്ട് മുഖേനയും സ്ഥാപിച്ചുവരുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, ഇടുക്കി, പാലക്കാട് എന്നീ ജില്ലകളിലായി ആകെ 8 ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചുകഴിഞ്ഞു. തൃശ്ശൂർ, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ഓരോ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പ്രവൃത്തി അവസാന ഘട്ടത്തിലാണ്. എനർജി എഫിഷ്യൻസി സർവ്വീസ് ലിമിറ്റഡ് (E.E.S.L.) എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനവുമായി ചേർന്ന് സംസ്ഥാനത്ത് കൂടുതൽ പബ്ലിക് ഇ.വി. ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അനെർട്ട് നടത്തിവരുന്നു. സ്വകാര്യ സംരംഭകരെക്കൂടി ഇ.വി. ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിൽ പങ്കാളികളാക്കാനുള്ള നടപടി അനെർട്ട് സ്വീകരിച്ചിട്ടുണ്ട്. ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി ഉത്പാദനത്തിന് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്റ്റേഷനുകളിൽ ഇതിനായി അനെർട്ട് മുഖേന ധനസഹായം നൽകുന്നതിനുള്ള പദ്ധതി ഈ സാമ്പത്തികവർഷം നടപ്പിലാക്കുന്നതാണ്. ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രചരണ, ബോധവൽക്കരണ പ്രവർത്തനങ്ങൾ വിവിധ മാധ്യമങ്ങളിലൂടെ അനെർട്ട് നടത്തിവരുന്നു.

9. അക്ഷയ ഊർജ്ജ സേവന കേന്ദ്രങ്ങൾ - ഊർജ്ജമിത്ര അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ സ്ഥാപനത്തിനും, പരിപാലനത്തിനും അംഗീകൃത സാങ്കേതികവിദഗ്ദ്ധരുടെ സേവനം ഉറപ്പുവരുത്തുന്നതിനും, ഗുണനിലവാരമുള്ള സേവനങ്ങളും, സാങ്കേതിക അറിവും ലഭ്യമാക്കുന്നതിനും വേണ്ടി സംസ്ഥാനത്ത് എല്ലാ അസംബ്ലി നിയോജകമണ്ഡലത്തിലും ഊർജ്ജമിത്ര എന്ന പേരിൽ അക്ഷയ ഊർജ്ജ സേവന കേന്ദ്രങ്ങൾ അനെർട്ടിന്റെ മേൽനോട്ടത്തിൽ 2018-19 വർഷം മുതൽ ആരംഭിച്ചു. നിശ്ചിത നടപടിക്രമങ്ങൾ പാലിച്ച് സ്വകാര്യ സംരംഭകരെയാണ് ഇതിനായി തെരഞ്ഞെടുത്തത്. എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി.) സ്റ്റാർ റേറ്റിംഗ് ഉള്ള വിവിധ വൈദ്യുത ഉപകരണങ്ങളുടെ വിതരണം ഊർജ്ജമിത്ര

കേന്ദ്രങ്ങളിലൂടെ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മൂന്ന് വർഷം വിജയകരമായി സംരംഭം നടത്തുന്നവർക്ക് പ്രവർത്തനം വിലയിരുത്തി മൂന്നാം വർഷം പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതിയുടെ (PMEGP) മാതൃകയിൽ നിശ്ചിത ധനസഹായം അനുവദിക്കുക എന്നതായിരുന്നു പദ്ധതി. സംസ്ഥാന സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെൻറ് ഡെവലപ്മെന്റ് (സി.എം.ഡി.)-നെയാണ് ഊർജ്ജമിത്ര കേന്ദ്രങ്ങളുടെ പ്രവർത്തനം നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നതിന് അനെർട്ട് ചുമതലപ്പെടുത്തിയിരിക്കുന്നത്. അനെർട്ട് നടപ്പിലാക്കുന്ന അക്ഷയ ഊർജ്ജ പദ്ധതികളുമായി ബന്ധപ്പെട്ട് അവയുടെ പരിപാലനത്തിനായി ഊർജ്ജമിത്ര കേന്ദ്രങ്ങളുടെ സേവനം വിനിയോഗിച്ചുവരുന്നുണ്ട്. വാറണ്ടി കാലാവധി കഴിഞ്ഞ അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ റിപ്പയറിംഗിനായി പൊതുജനങ്ങളും, വിവിധ സ്ഥാപനങ്ങളും ഈ കേന്ദ്രങ്ങളുടെ സേവനം വിനിയോഗിക്കുന്നുണ്ട്. അംഗീകൃത എം-പാനൽ ഏജൻസികൾ അവരുടെ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും വാറണ്ടി കാലാവധിയിലുള്ള സർവ്വീസും റിപ്പയറും ചെയ്യുന്നതിനും ചില ഊർജ്ജമിത്ര കേന്ദ്രങ്ങളുടെ സേവനം പ്രയോജനപ്പെടുത്തി വരുന്നു. എനർജി മാനേജ്മെൻറ് സെന്റർ (ഇ.എം.സി.) സ്റ്റാർ റേറ്റിംഗുള്ള വിവിധ വൈദ്യുത ഉപകരണങ്ങളുടെ വിതരണം ഊർജ്ജമിത്ര കേന്ദ്രങ്ങളിലൂടെ നടത്തുന്നുണ്ട്. ഊർജ്ജമിത്ര കേന്ദ്രങ്ങളുടെ ടെക്നീഷ്യന്മാർക്ക് ആവശ്യമായ പരിശീലനം സംഘടിപ്പിച്ചുവരുന്നു. അനെർട്ട് ഈ കേന്ദ്രങ്ങളിലെ 307 ടെക്നീഷ്യന്മാർക്ക് അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

10. ഇലക്ട്രോണിക് മാർക്കറ്റ് പ്ലെയ്സ് - 'ബൈ മൈ സൺ' ഗുണഭോക്താക്കൾക്ക് വീട്ടിലിരുന്നുകൊണ്ടുതന്നെ അവർക്ക് ആവശ്യമായ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ വാങ്ങാൻ സാധിക്കുംവിധം അംഗീകൃത സേവനദാതാക്കളുടെയും ഗുണനിലവാരം ഉറപ്പുവരുത്തിയ ഉപകരണങ്ങളുടെയും പട്ടിക തയ്യാറാക്കി ഇലക്ട്രോണിക് മാർക്കറ്റ് പ്ലെയ്സ് ആയ 'ബൈ മൈ സൺ' (www.buymysun.com) എന്ന ഇ-കോമേഴ്സ് വെബ്പോർട്ടലിൽ അനെർട്ട് ലഭ്യമാക്കിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് അനെർട്ട് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്കുള്ള അപേക്ഷകൾ ഈ വെബ്പോർട്ടൽ വഴി ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. ബൈമൈസൺ-ന്റെ ഒരു മൊബൈൽ പതിപ്പുകൂടി ഈ വർഷം തയ്യാറാക്കുന്നതാണ്.

11. ഗവേഷണ പ്രോജക്ടുകൾക്ക് ധനസഹായം - വിവിധ സാങ്കേതിക സ്ഥാപനങ്ങൾ സമർപ്പിക്കുന്ന പാരമ്പര്യേതര ഊർജ്ജമേഖലയിലെ ഗവേഷണ പ്രോജക്ടുകൾക്ക് ധനസഹായം നൽകുന്നതിനുള്ള പദ്ധതി അനെർട്ട് നടപ്പിലാക്കിവരുന്നു.

12. തൊഴിൽ പരിശീലനം പാരമ്പര്യേതര ഊർജ്ജ മേഖലയിലെ വിഷയങ്ങൾ സംബന്ധിച്ച് വിവിധ കോളേജുകളിലെ വിദ്യാർത്ഥികൾക്കായി വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ട് അനെർട്ടും KASE-ഉം (Kerala Academy for Skill Excellence) സംയുക്തമായി ഓൺലൈൻ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ സ്ഥാപനത്തിനും പരിപാലനത്തിനും വിവിധ വിഭാഗം ടെക്നീഷ്യന്മാർക്കുള്ള പരിശീലനവും അനെർട്ട് നടത്തിവരുന്നു.

13. അക്ഷയ ഊർജ്ജ അവാർഡ് -അക്ഷയ ഊർജ്ജ രംഗത്ത് സംസ്ഥാനത്ത് വിവിധ മേഖലകളിൽ മികച്ച സംഭാവന നൽകുന്ന സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാർ അനെർട്ട് മുഖേന 2017 മുതൽ അവാർഡ് നൽകിവരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, വ്യക്തികൾ എന്നീ വിഭാഗങ്ങൾ ഉൾപ്പെടെ 13 ഇനങ്ങളിലാണ് അവാർഡുകൾ ഓരോ വർഷവും നൽകുന്നത്. സംസ്ഥാനത്ത് റിന്യൂവബിൾ പർച്ചേസ് ഒബ്ലിഗേഷൻ (RPO) സംബന്ധിച്ച വിവര ശേഖരണവും ക്രോഡീകരണവും അനെർട്ട് മുഖനയാണ് ചെയ്യുന്നത്. കൂടാതെ റിന്യൂവബിൾ എനർജി സർട്ടിഫിക്കറ്റ് (REC) സംബന്ധിച്ച അക്രെഡിറ്റഡ് എജൻസിയായും അനെർട്ട് പ്രവർത്തിക്കുന്നു. അനെർട്ടുമായി ബന്ധപ്പെട്ട് ആകെ 380 KWP സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ 8 സിവിൽ സ്റ്റേഷൻ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ കെ.എസ്.ഇ.ബി.എൽ. സ്ഥാപിച്ചുകൊണ്ടിരിക്കുന്നു.

**കൊയിലാണ്ടിയിലെ ദേശീയപാത വികസനവും വിതരണ ശൃംഖലയിലെ മാറ്റങ്ങളും**

296 (681) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെങ്ങളം-അഴിയൂർ മേഖലയിൽ നിർമ്മാണം ആരംഭിച്ച ചെങ്ങോട്ടുകാവ്-നന്തി ബൈപ്പാസ് ഉൾപ്പെടുന്ന ദേശീയപാതാ വികസനത്തിന്റെ ഭാഗമായി കൊയിലാണ്ടി മണ്ഡലത്തിൽ നിരവധി വൈദ്യുതി തൂണുകളും ലൈറ്റുകളും മാറ്റിസ്ഥാപിക്കുന്നത് സംബന്ധിച്ച് നാഷണൽ ഹൈവേ അതോറിറ്റിയുടെ ഏതെങ്കിലും അറിയിപ്പ് കെ.എസ്.ഇ.ബി.-ക്ക് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

വെങ്ങളം-അഴിയൂർ ദേശീയപാതാ വികസനത്തിന്റെ ഭാഗമായി വൈദ്യുതി പ്രതിഷ്ഠാപനങ്ങൾ മാറ്റിസ്ഥാപിക്കുന്നതിനായുള്ള എസ്റ്റിമേറ്റ് ദേശീയപാതാ അതോറിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്.

(ബി) ദേശീയപാതയും ബൈപ്പാസും വരുന്നതുവഴി കെ.എസ്.ഇ.ബി.-യുടെ വിതരണ ശൃംഖലയ്ക്ക് വരുന്ന മാറ്റങ്ങളും അവയ്ക്കുള്ള പ്രതിവിധികളും സംബന്ധിച്ച് കെ.എസ്.ഇ.ബി. ഏതെങ്കിലും തരത്തിലുള്ള മുന്നൊരുക്ക പഠനങ്ങൾ/പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

തയ്യാറാക്കിയിട്ടുണ്ട്. ദേശീയപാതാ അതോറിറ്റിയുടെ പ്ലാൻ അനുസരിച്ച് വൈദ്യുതി വിതരണ ശൃംഖല മാറ്റി സ്ഥാപിക്കുന്നതിനായി പുതിയ ലൈനുകളുടെ നിർമ്മാണം അടക്കമുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയത്. പുതിയ ലൈനുകൾ സ്ഥാപിച്ചതിനുശേഷമാണ് പഴയ ലൈനുകൾ അഴിച്ചുമാറ്റുന്നത്.

(സി) വൈദ്യുതി തടസ്സം സൃഷ്ടിക്കാതെ യൂട്ടിലിറ്റി ഷിഫ്റ്റിംഗുകൾ എളുപ്പത്തിലാക്കാൻ കെ.എസ്.ഇ.ബി. മുൻകയ്യെടുക്കുമോ; വിശദമാക്കാമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ മേൽനോട്ടത്തിൽ പരമാവധി വൈദ്യുതി തടസ്സം ഉണ്ടാകാത്ത രീതിയിൽ പുതിയ ലൈനുകൾ സ്ഥാപിച്ചശേഷം പഴയ ലൈനുകൾ മാറ്റുന്ന രീതിയിലാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

**കോവിഡ് കാലത്ത് ഉപഭോക്താക്കൾക്ക് നൽകിയ സേവനങ്ങൾ**

297(682) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് സാഹചര്യത്തിൽ വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകിയ സേവനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

കോവിഡിന്റെ ഭാഗമായി വിവിധ ഇളവുകൾ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലും ബോർഡ് സ്വമേധയായും നൽകിയിട്ടുണ്ട്. ഇളവുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

(1) സംസ്ഥാന ഗവൺമെന്റ്, കോവിഡ് മഹാമാരിയുടെ ഒന്നാം തരംഗവുമായി ബന്ധപ്പെട്ട്, വിവിധ വിഭാഗം ഉപഭോക്താക്കളുടെ കഷ്ടതകൾ കണക്കിലെടുത്ത് 2020 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലെ ഫിക്സഡ് ചാർജ്ജ്/ഡിമാന്റ് ചാർജ്ജിൽ വ്യവസായിക/വാണിജ്യ ഉപഭോക്താക്കൾക്കും സ്വകാര്യ ആശുപത്രികൾക്കും 25 ശതമാനം ഇളവ് അനുവദിക്കുകയും ബാക്കിയുള്ള തുക (75 ശതമാനം) പലിശരഹിതമായി അടയ്ക്കുന്നതിന് 15-12-2020 വരെ സാവകാശം നൽകുകയും ചെയ്തിരുന്നു. ഈ ഇനത്തിൽ 76.62 കോടി രൂപയാണ് കെ.എസ്.ഇ.ബി.എൽ. ഇളവ് നൽകിയത്.

(2) കോവിഡ് കാലത്ത് മിക്കവാറും എല്ലാ ഗാർഹിക ഉപഭോക്താക്കൾക്കും വലിയ തോതിലുള്ള ഉപഭോഗംമൂലം ഉയർന്ന വൈദ്യുതി ബില്ലുകൾ ലഭിച്ച സാഹചര്യത്തിൽ വർദ്ധനവുമൂലമുള്ള അധികഭാരം ലഘൂകരിക്കാൻ ഗവൺമെന്റ്, 26-6-2020-ലെ സർക്കാർ ഉത്തരവ് പ്രകാരം (സ.ഉ.(സാധാ) നമ്പർ 80/2020/ഊ.വ) സബ്സിഡി അനുവദിച്ചിരുന്നു. 20-4-2020 മുതൽ 19-6-2020 വരെ ലഭിച്ച ബില്ലുകളിൽ ശരാശരി ബിൽ തുകയേക്കാൾ കൂടുതലായി വരുന്ന ബിൽ തുകയുടെ നിശ്ചിത ശതമാനമാണ് സബ്സിഡിയായി നൽകിയത്. ദ്വൈമാസം 40 യൂണിറ്റ് വരെ ശരാശരി ഉപഭോഗമുള്ളതും 500 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ളതുമായ ഗാർഹിക ഉപഭോക്താക്കൾക്ക് സൗജന്യമായി ലഭിക്കുന്ന വൈദ്യുതി ഉപഭോഗ പരിധിയില്ലാതെ സൗജന്യമായി (20-4-2020 മുതൽ 19-6-2020 വരെ ലഭിക്കുന്ന ബില്ലിൽ) നൽകിയിട്ടുണ്ട്. ഇതിനുപുറമേ ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് കൂടി 20-4-2020 മുതൽ 19-6-2020 വരെ ലഭിച്ച ബില്ലുകളിൽ ശരാശരി ബിൽ തുകയെക്കാൾ കൂടുതലായി വന്ന ബിൽ തുകയുടെ നിശ്ചിത ശതമാനവും ആയതിനുള്ള സബ്സിഡി നിരക്കും കാണിച്ചുകൊണ്ടുള്ള പട്ടിക അനുബന്ധമായി* ചേർത്തിരിക്കുന്നു.

(3) സിനിമ മേഖലയിലെ, കോവിഡ് അനുബന്ധ കഷ്ടതകൾ കണക്കിലെടുത്ത്, 28-1-2021-ലെ സംസ്ഥാന സർക്കാർ ഉത്തരവ് പ്രകാരം, സിനിമ തീയേറ്ററുകൾക്ക് 2020 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലെ ഫിക്സഡ്/ഡിമാന്റ് ചാർജിൽ, 1-6-2020-ലെ ഗവൺമെന്റ് ഉത്തരവ് പ്രകാരം നൽകിയ 25 ശതമാനം ഇളവുകൾ 50 ശതമാനം ആയി ഉയർത്തി നൽകുകയുണ്ടായി. തുടർന്ന് 2020 ജൂൺ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിൽ ഫിക്സഡ്/ഡിമാന്റ് ചാർജിൽ 50 ശതമാനം ഇളവും നൽകിയിരുന്നു. ഇളവ് കഴിച്ചുള്ള തുക അടയ്ക്കുന്നതിന് 6 തുല്യമാസ തവണകൾ അനുവദിക്കുകയും ചെയ്തിരുന്നു. എൽ.റ്റി. വിഭാഗത്തിൽ 371 സിനിമാ തീയേറ്ററുകൾക്കും എച്ച്.റ്റി. വിഭാഗത്തിൽ 113 തീയേറ്ററുകൾക്കുമായി 3.28 കോടി രൂപയുടെ ഇളവുകളാണ് നൽകിയത്. സൂചനയിലെ രണ്ട് ഗവൺമെന്റ് ഉത്തരവുകൾക്കും വിധേയമായി 3.87 കോടി രൂപയുടെ ഇളവുകളാണ് ആകെ നൽകിയത്. സംസ്ഥാനത്തെ മറ്റേതൊരു മേഖലകളെക്കാളും വൈദ്യുതി ചാർജ്ജിനത്തിൽ കൂടുതലായി ഇളവുകൾ ലഭ്യമായത് സിനിമാ തീയേറ്ററുകൾക്കാണ്.

(4) കോവിഡിന്റെ രണ്ടാം തരംഗവുമായി ബന്ധപ്പെട്ട് സംസ്ഥാന ഗവൺമെന്റിന്റെ 28-6-2021-ലെ ഉത്തരവ് പ്രകാരം, വാണിജ്യ/വ്യവസായിക ഉപഭോക്താക്കൾക്ക് 2021 മേയ് മാസത്തെ ഫിക്സഡ്/ഡിമാന്റ് ചാർജിൽ 25

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശതമാനം ഇളവും സിനിമാ തീയേറ്ററുകൾക്ക് 2021 മേയ് മാസത്തെ ഫിക്സഡ്/ഡിമാന്റ് ചാർജിൽ 50 ശതമാനം ഇളവും ബാക്കിയുള്ള തുക പലിശരഹിതമായി മൂന്ന് തവണകളായി അടയ്ക്കുന്നതിന് 30.9.2021 വരെ സാവകാശവും നൽകിയിട്ടുണ്ട്. ഇതിൻപ്രകാരം സിനിമാ തീയേറ്ററുകൾക്ക് 38 ലക്ഷം രൂപയുടെയും വ്യവസായ വാണിജ്യ ഉപഭോക്താക്കൾക്ക് 24.37 കോടി രൂപയുടെയും ഇളവുകളാണ് നൽകിയിട്ടുള്ളത്.

(5) സംസ്ഥാനത്ത് നാളിതുവരെ കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് 279.82 കോടി രൂപയുടെ സബ്സിഡി വിവിധയിനം ഉപഭോക്താക്കൾക്കായി നൽകിയിട്ടുണ്ട്. എന്നാൽ മറ്റ് പല സംസ്ഥാനങ്ങളും നാമമാത്രമായ ഇളവുകൾ മാത്രമേ അനുവദിച്ചിട്ടുള്ളൂ എന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ്.

(6) കൂടാതെ ഓൺലൈൻ വഴി പണമടയ്ക്കുന്നവർക്ക് ട്രാൻസാക്ഷൻ ചാർജ്ജ് ഒഴിവാക്കുകയും (31-7-2020 വരെ) ക്യാഷ് ബാക്ക് സൗകര്യം ഏർപ്പെടുത്തുകയും (31-12-2020 വരെ) 2020 മാർച്ച്, ഏപ്രിൽ മാസങ്ങളിലെ ബില്ലുകൾ 31-5-2020 വരെ പലിശരഹിതമായി അടയ്ക്കുന്നതിനുള്ള സാവകാശം നൽകുകയും ചെയ്തിരുന്നു.

(ബി) കോവിഡ് സാഹചര്യം പരിഗണിച്ച് വൈദ്യുതി ചാർജ് അടയ്ക്കുന്നതിന് കൂടുതൽ സാവകാശം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കോവിഡ് മഹാമാരിമൂലം ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ട് കണക്കിലെടുത്ത് ഗവൺമെന്റ് നിർദ്ദേശ പ്രകാരം കോവിഡ് കാലഘട്ടത്തെ വൈദ്യുതി തുക കുടിശ്ശിക അടയ്ക്കാത്ത ഉപഭോക്താക്കളുടെ വൈദ്യുതി വിച്ഛേദിക്കുന്ന നടപടികൾ നിർത്തിവച്ചതിന്റെ ഫലമായി കെ.എസ്.ഇ.ബി.എൽ.-ന് പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക തുകയിൽ വൻ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കുടിശ്ശിക തുക അടയ്ക്കുവാൻ ബുദ്ധിമുട്ടുള്ള ഉപഭോക്താക്കൾക്ക് ആവശ്യപ്പെടുന്നപക്ഷം തവണകൾ അനുവദിച്ച് സാവകാശം നൽകുന്നുണ്ട്.

## ഒറ്റപ്പാലത്തെ റോഡുകളിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ

298 (683) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് റോഡ് നവീകരണത്തിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പ് റോഡിലെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുന്നതിനായി ഒറ്റപ്പാലം മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ?

ഈ സർക്കാരിന്റെ കാലത്ത് റോഡ് നവീകരണത്തിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പ് റോഡിലെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുന്നതിനായി ഒറ്റപ്പാലം മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(ബി) ഏതെല്ലാം റോഡുകളിൽ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുന്നതിനായി പൊതുമരാമത്ത് വകുപ്പ് വൈദ്യുതി വകുപ്പിൽ തുക അടച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

ഷൊർണ്ണൂർ ഇലക്ട്രിക്കൽ ഡിവിഷനുകീഴിൽ ആലുംകുളം റോഡ് നവീകരണത്തിന്റെ ഭാഗമായി ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് 6,95,469 രൂപ വൈദ്യുതി വകുപ്പിൽ അടച്ചിട്ടുണ്ട്. മണ്ണാർക്കാട് ഇലക്ട്രിക്കൽ ഡിവിഷനുകീഴിൽ ആലുംകുളം റോഡ് നവീകരണത്തിന്റെ ഭാഗമായി ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് 2,40,561 രൂപയും അണ്ണാൻത്തൊടി-പാലോട് റോഡ് നവീകരണത്തിന്റെ ഭാഗമായി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് 1,10,097 രൂപയും പൊതുമരാമത്ത് വകുപ്പ് വൈദ്യുതി വകുപ്പിൽ അടച്ചിട്ടുണ്ട്.

(സി) ഒറ്റപ്പാലം മണ്ഡലത്തിൽ റോഡ് നവീകരണാർത്ഥം ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ?

പ്രവൃത്തികളെല്ലാം തന്നെ പൂർത്തീകരിച്ചിട്ടുണ്ട്.

**മലപ്പുറം ജില്ലയിൽ കെ.എസ്.ഇ.ബി.-യുടെ ചാർജിംഗ് സ്റ്റേഷനുകൾ**

299 (684) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) മലപ്പുറം ജില്ലയിൽ നിലവിൽ കെ.എസ്.ഇ.ബി.യുടെ ചാർജിംഗ് സ്റ്റേഷനുകൾ ഇല്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മലപ്പുറം ജില്ലയിലെ താഴെ കാണിച്ചിരിക്കുന്ന പ്രദേശങ്ങളിൽ പുതിയ ചാർജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ കെ.എസ്.ഇ.ബി.എൽ ആരംഭിച്ചിട്ടുണ്ട്.

1. കരിപ്പൂർ എയർപോർട്ട് 2. വെണ്ണിയൂർ മിനി വൈദ്യുതി ഭവനം മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ. മൂസക്കുട്ടി സ്മാരക മുനിസിപ്പൽ ബസ് സ്റ്റാന്റിൽ ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കാനുള്ള അനുയോജ്യമായ സ്ഥലം അനെർട്ട് കണ്ടെത്തിയിട്ടുണ്ട്. ഇവിടെ ചാർജിംഗ് സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) കെ.എസ്.ഇ.ബി. ചാർജിംഗ് സ്റ്റേഷനുകൾ നിർമ്മിക്കാൻ നിർദ്ദേശിക്കപ്പെട്ട സ്ഥലങ്ങളിൽ ആയത് സ്ഥാപിക്കുന്നതിനുള്ള നടപടി അനെർട്ട് സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

കെ.എസ്.ഇ.ബി.എൽ നിർമ്മിക്കാൻ നിർദ്ദേശിക്കപ്പെട്ട സ്ഥലങ്ങളിൽ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള ചുമതല കെ.എസ്.ഇ.ബി.യിൽ നിക്ഷിപ്തമായിരിക്കുന്നു.

(സി) ചാർജിംഗ് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനായി സർക്കാരിന്റെയോ പൊതുമേഖലാ സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ?

പെട്രോൾവില വർദ്ധനവുമൂലമുള്ള പ്രയാസം ഗണ്യമായി കുറയ്ക്കുക, പരിസ്ഥിതി മലിനീകരണം ലഘൂകരിക്കുക, ഊർജ്ജ സുരക്ഷ ഉറപ്പാക്കുക തുടങ്ങിയ സുപ്രധാനമായ, അടുത്ത തലമുറയെ വരെ സ്വാധീനിക്കുന്ന വൻലക്ഷ്യങ്ങൾ മുന്നിൽകണ്ട് വൈദ്യുതി വാഹനങ്ങൾക്ക് അതീവ പ്രാധാന്യം നൽകിവരുന്നു. ഇതിന്റെ ഭാഗമായി കേരള സർക്കാർ ഇ-വെഹിക്കിൾ പോളിസി പുറത്തിറക്കിയിട്ടുണ്ട്. വൈദ്യുതി വാഹനങ്ങളുടെ ഉപയോഗത്തിനും വിപണിയുടെ ഉണർവിനും സുപ്രധാനമായ പങ്ക് വഹിക്കേണ്ടത് ചാർജ്ജിംഗ് സംവിധാനങ്ങളുടെ പര്യാപ്തതയാണ്. കേരള സർക്കാരിന്റെ ഇ-വെഹിക്കിൾ പോളിസി പ്രകാരം സംസ്ഥാനത്തുടനീളം മതിയായ തോതിൽ ചാർജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ.-നെയാണ് നോഡൽ ഏജൻസി ആയി തെരഞ്ഞെടുത്തിട്ടുള്ളത്. ഇപ്രകാരം എല്ലാ ജില്ലകളിലും ആയി 250-ൽപ്പരം വരുന്ന ഒരു ചാർജ്ജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കാൻ ലക്ഷ്യമിട്ട് കെ.എസ്.ഇ.ബി.എൽ. പ്രവർത്തിക്കുന്നു. സംസ്ഥാന സർക്കാരിന്റെ ഇ-മൊബിലിറ്റി പ്രമോഷൻ ഫണ്ടിൽനിന്നും പ്രാരംഭഘട്ടമായി ആറ് ജില്ലകളിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ സ്വന്തം സ്ഥലത്ത് ഫോർ വീലർ വാഹനങ്ങൾക്കായി ഇത്തരം സ്റ്റേഷനുകൾ സ്ഥാപിക്കുകയും അവ 7-11-2020 മുതൽ പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുകയും ചെയ്തിരിക്കുന്നു. കേരളത്തിൽ ഇതുവരെ കമ്മീഷൻ ചെയ്തുകഴിഞ്ഞ സ്റ്റേഷനുകൾ താഴെ ചേർക്കുന്നു.

1. നേമം, തിരുവനന്തപുരം

2. ഓലൈ, കൊല്ലം

3.. പാലാരിവട്ടം, എറണാകുളം

4. വിയ്യൂർ, തൃശ്ശൂർ

5. നല്ലളം, കോഴിക്കോട്

6. ചൊവ്വ, കണ്ണൂർ. സംസ്ഥാന ഗവൺമെന്റിന്റെ ഇ-മൊബിലിറ്റി പ്രൊമോഷൻ ഫണ്ടിൽനിന്നും 26 പുതിയ ചാർജ്ജിംഗ് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതികൂടി ലഭിച്ചിട്ടുണ്ട്. അത്രയും സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുകയാണ്. അതോടൊപ്പം കേന്ദ്ര ഗവൺമെന്റിന്റെ ഫെയിം-II പദ്ധതി പ്രകാരമുള്ള 30 ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കൂടി നടന്നുവരികയാണ്. ഇത്തരത്തിൽ എല്ലാ ജില്ലകളിലുമായി 56 സ്റ്റേഷനുകളുടെ നിർമ്മാണം കെ.എസ്.ഇ.ബി.എൽ.-ന്റെയും സർക്കാരിന്റെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലുമായി ഏതാനും മാസങ്ങൾക്കുള്ളിൽ തന്നെ പൂർത്തീകരിക്കുന്നതായിരിക്കും. ഇതോടൊപ്പം ഇലക്ട്രിക് ഓട്ടോറിക്ഷകൾ ചാർജ് ചെയ്യുന്നതിനായി കോഴിക്കോട് ജില്ലയിൽ വിതരണ പോളുകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ പത്ത് ചാർജിംഗ് സ്റ്റേഷനുകൾക്കൂടി നിർമ്മിക്കുന്നതിനുള്ള നടപടികൾ മുന്നോട്ട് പോകുന്നു. എനർജി എഫിഷ്യൻസി സർവ്വീസ് ലിമിറ്റഡ് (E.E.S.L.) എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനവുമായി ചേർന്ന് സർക്കാർ, പൊതുമേഖലാ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവരുടെ ഉടമസ്ഥതയിലുള്ള സൗകര്യപ്രദമായ സ്ഥലങ്ങൾ ലഭ്യമാണെങ്കിൽ അവിടെ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി അനെർട്ടിനുണ്ട്. മലപ്പുറം ജില്ലയിൽ ഇതുപ്രകാരം അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുന്നതിനു വേണ്ടിയുള്ള പ്രവർത്തനം നടന്നുവരുന്നു. ഇതിനായി ഈ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന സ്ഥലങ്ങളുടെ പരിശോധന പൂർത്തിയായിവരുന്നു.

## സഹകരണ സംഘങ്ങൾ നടത്തുന്ന ക്രമവിരുദ്ധ പ്രവർത്തനം

300 (685) ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.ആർ. നഗർ സർവ്വീസ് സഹകരണ ബാങ്കിൽ അതിന്റെ അധികാരപരിധിക്ക് വെളിയിലുള്ളവയുൾപ്പെടെ ഒരു പ്രമുഖ രാഷ്ട്രീയ കക്ഷിയുടെ വിവിധ തലത്തിലുള്ള ഘടകങ്ങൾ സംശയാസ്പദമായ രീതിയിൽ ഇടപാട് നടത്തുന്നതായുള്ള വാർത്തയുടെ അടിസ്ഥാനത്തിൽ സഹകരണ വകുപ്പ് ഇക്കാര്യം പരിശോധിക്കുമോ?

എ. ആർ. നഗർ സർവ്വീസ് സഹകരണ ബാങ്കിനെ സംബന്ധിച്ച് സഹകരണ വകുപ്പിന് ലഭ്യമായ പരിശോധനാ റിപ്പോർട്ടുകളിൽ ഏതെങ്കിലും രാഷ്ട്രീയ കക്ഷികളെ പരാമർശിക്കുന്നില്ല. എ.ആർ.നഗർ സർവ്വീസ് സഹകരണ ബാങ്ക് അതിന്റെ അധികാര പരിധിക്ക് പുറത്തുൾപ്പെടെ നടത്തിയ ഇടപാടുകൾ സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് വകുപ്പ് പുറപ്പെടുവിച്ച സഹകരണ നിയമം വകുപ്പ് 65 അന്വേഷണത്തിനെതിരെയുള്ള ഹൈക്കോടതി സ്റ്റേ ഒഴിവാകുന്ന മുറയ്ക്ക് വിശദമായ അന്വേഷണം സമയബന്ധിതമായി നടത്തുന്നതാണ്.

(ബി) ഇത്തരത്തിൽ ചില സഹകരണ സംഘങ്ങൾ നടത്തുന്ന സുതാര്യതയില്ലാത്തതും ക്രമവിരുദ്ധവുമായ പ്രവർത്തനം സംസ്ഥാനത്തെ സഹകരണ മേഖലയെ ദുർബലപ്പെടുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കാനിടയുണ്ടെന്നതിനാൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ വേണ്ട ഇടപെടൽ നടത്തുമോ?

സഹകരണമേഖലയിൽ ചില സഹകരണ സംഘങ്ങൾ നടത്തുന്ന സുതാര്യതയില്ലാത്തതും ക്രമവിരുദ്ധവുമായ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെടുന്നുണ്ട്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ സഹകരണ മേഖലയെ ദുർബ്ബലപ്പെടുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കാൻ ഇടയുള്ളതിനാൽ ഇത്തരം പ്രവർത്തനങ്ങൾക്കെതിരെ സർക്കാർ ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്. സഹകരണ നിയമം കാലോചിതമായി പരിഷ്കരിച്ച്, സഹകരണ ആഡിറ്റ്, ഇൻസ്പെക്ഷൻ, വിജിലൻസ് സംവിധാനം എന്നിവ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. സഹകരണ വകുപ്പ് കാലോചിതമായി പുനഃസംഘടിപ്പിക്കുന്നതിനും സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നിയമത്തിലും ചട്ടത്തിലും ആവശ്യമായ ഭേദഗതികൾ വരുത്തിക്കൊണ്ട് സഹകരണ ഓഡിറ്റ് ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. സഹകരണ ആഡിറ്റ് ഡയറക്ടർ തസ്തികയിൽ ഇന്ത്യൻ ആഡിറ്റ് ആൻഡ് അക്കൗണ്ട്സ് സർവ്വീസിലെ ഉദ്യോഗസ്ഥനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സഹകരണ ആഡിറ്റിൽ ടീം ആഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. ആഡിറ്റ് സംബന്ധിച്ച സുതാര്യതയ്ക്കും ആഡിറ്റിന്റെ പുരോഗതി പരിശോധിക്കുന്നതിനും ആഡിറ്റിൽ ചൂണ്ടിക്കാണിക്കുന്ന ന്യൂനതകൾ സംബന്ധിച്ച തുടർനടപടികൾ വിലയിരുത്തുന്നതിനും ആഡിറ്റുമായി ബന്ധപ്പെട്ട മറ്റ് വിവരങ്ങൾ വകുപ്പിന്റെ വിവിധ തലങ്ങളിലുള്ള ഉദ്യോഗസ്ഥർക്കും മറ്റ് ഭരണതലത്തിലും പൊതുജനങ്ങൾക്കും ലഭ്യമാക്കുന്നതിലേയ്ക്കായി സി-ഡിറ്റുമായി ചേർന്ന് Co-operative Audit Monitoring and Information System (CAMIS) തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മൾട്ടിസ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ വിഷയത്തിലെ ഭരണഘടനാ ഭേദഗതി**

301 (686) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 97-ാം ഭരണഘടനാ ഭേദഗതി സുപ്രീം കോടതിയുടെ ഭരണഘടന ബഞ്ച് റദ്ദാക്കിയെങ്കിലും മൾട്ടിസ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ വിഷയത്തിൽ ഭേദഗതി നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ വിഷയത്തിൽ നിയമപരമായ തുടർനടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഈ വിഷയത്തിൽ നിയമപരമായ തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

**സഹകരണ മേഖലയിലെ പദ്ധതികൾ**

302 (687) ശ്രീ. പി. വി. അൻവർ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ മേഖലയിൽ പ്രഖ്യാപിച്ച പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

1. സംസ്ഥാനത്ത് 25 യുവജന സഹകരണ സംഘങ്ങൾ രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചു.

2. സംഗീതം, നാടകം, പ്രകടന കലകൾ, ചിത്രരചന എന്നിവ ഉൾപ്പെടെയുള്ള കലകളിൽ ഏർപ്പെട്ടിട്ടുള്ള കലാകാരന്മാർക്ക് സ്ഥിരംവേദി ഒരുക്കിക്കൊടുക്കുക എന്ന ഉദ്ദേശ്യത്തോടെ ഒരു സഹകരണ സംഘം രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചു.

3. വനിതാ സഹകരണ സംഘങ്ങൾ വഴി മിതമായ നിരക്കിൽ മാസ്ക്, സാനിറ്റൈസർ ഹാൻഡ് വാഷ്, ക്യാരിബാഗ്, പി.പി.ഇ. കിറ്റ് ഉൾപ്പെടെയുള്ള കോവിഡ് പ്രതിരോധ ഉൽപ്പന്നങ്ങളുടെ 10 നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്ന പദ്ധതി.

4. സംസ്ഥാനമാകെ അധികാര പരിധിയോടുകൂടി പാലക്കാട് റൈസ്മിൽ മാതൃകയിൽ കുട്ടനാട് അപ്പർ കുട്ടനാട് ആസ്ഥാനമാക്കി സംഭരണ സംസ്കരണ വിപണന സഹകരണ സംഘം രജിസ്റ്റർ ചെയ്ത് രണ്ട് ആധുനിക റൈസ് മില്ലുകൾ രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചു.

5. കെയർ ഹോം പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ ജില്ലയിലെ പഴയന്നൂരിൽ ഭൂരഹിത, ഭവനരഹിതർക്കായി 40 യൂണിറ്റുള്ള ഭവനസമുച്ചയം പൂർത്തീകരിച്ചു.

6. വിദ്യാർത്ഥികൾക്ക് മൊബൈൽ ഫോണുകൾ വാങ്ങുന്നതിനായി 10,000 രൂപ പലിശരഹിത വായ്പ നൽകുന്ന വിദ്യാതരംഗിണി എന്ന പദ്ധതി പ്രഖ്യാപിച്ചു.

7. കേരള സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയുമായി ബന്ധപ്പെട്ട് സഹകരണ മേഖലയിൽ നേരിട്ടും അല്ലാതെയും 10000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പദ്ധതി.

(ബി) ഈ പദ്ധതികളിൽ നൂറു ദിവസത്തിനുള്ളിൽ നടപ്പിലാക്കിയ പരിപാടികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

1. സംസ്ഥാനത്താകെ 29 യുവജന സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

2. വനിതാ സഹകരണ സംഘങ്ങൾ വഴി മിതമായ നിരക്കിൽ മാസ്ക്, സാനിറ്റൈസർ ഹാൻഡ് വാഷ്, ക്യാരിബാഗ്, പി.പി.ഇ. കിറ്റ് ഉൾപ്പെടെയുള്ള കോവിഡ് പ്രതിരോധ ഉൽപ്പന്നങ്ങളുടെ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നതിനുവേണ്ടി 10 വനിതാ സഹകരണ സംഘങ്ങളെ തെരഞ്ഞെടുക്കുകയും ആയതിലേയ്ക്ക് വേണ്ടി 2021-22 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽനിന്നും ഓരോ സംഘങ്ങൾക്കും 5 ലക്ഷം രൂപ വീതം (ഓഹരി ഇനത്തിൽ 2,00,000 രൂപയും സബ്സിഡി ഇനത്തിൽ 3,00,000 രൂപയും) ആകെ 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

3. പാലക്കാട് റൈസ്മിൽ മാതൃകയിൽ കുട്ടനാട് അപ്പർ കുട്ടനാട് ആസ്ഥാനമാക്കി കേരള പാഡി പ്രൊക്യൂവർമെന്റ് പ്രോസസ്സിംഗ് & മാർക്കെറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ.4505 (KAPCOS) സഹകരണ സംഘം രജിസ്റ്റർ ചെയ്തിട്ടുണ്ട്.

4. വിദ്യാർത്ഥികൾക്കായി മൊബൈൽ ഫോണുകൾ വാങ്ങുന്നതിനായി വിദ്യാതരംഗിണി പദ്ധതി പ്രകാരം 86270 വായ്പകളിലായി ആകെ 83,40,62,813 രൂപ പലിശ രഹിത വായ്പ അനുവദിച്ചിട്ടുണ്ട്.

5. കെയർ ഹോം പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ ജില്ലയിലെ പഴയന്നൂരിൽ ഭൂരഹിത, ഭവനരഹിതർക്കായി 40 യൂണിറ്റുള്ള ഭവനസമുച്ചയം പൂർത്തീകരിച്ചു.

6. കേരളാ സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയുമായി ബന്ധപ്പെട്ട് സഹകരണ മേഖലയിൽ 425 സ്ഥിരം തൊഴിലുകളും 20153 തൊഴിലവസരങ്ങളും ഉൾപ്പെടെ ആകെ 20578 തൊഴിൽ സൃഷ്ടിച്ചു.

(സി) കോവിഡ്-19 സാഹചര്യത്തിൽ ആരോഗ്യ മേഖലയ്ക്ക് കൂടുതൽ പ്രാധാന്യം നൽകി ആരോഗ്യ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സഹകരണ ആശുപത്രികളിൽ ചികിത്സാ സംവിധാനം വർദ്ധിപ്പിക്കുന്നതിന് സമഗ്രമായ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതാണ്. നിലവിൽ തുടർന്നുവരുന്ന ധനസഹായ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) ആധുനിക മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിന് പ്രോജക്ട് കോസ്റ്റിന്റെ 70% വരെ പരമാവധി 75 ലക്ഷം രൂപവരെ ഓഹരി, സബ്സിഡി, വായ്പ ശീർഷകങ്ങളിൽനിന്നും ധനസഹായം അനുവദിയ്ക്കുന്നു.

2) സർക്കാർ ഓഹരി മൂലധനയിനത്തിൽ പരമാവധി 20 ലക്ഷം രൂപ വരെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നു.

3) മെഡിക്കൽ ലാബ്, ബ്ലഡ് ബാങ്ക് എന്നിവ ആരംഭിക്കുന്നതിനായി പ്രോജക്ട് കോസ്റ്റിന്റെ 80% വരെ പരമാവധി 80 ലക്ഷം രൂപ വരെ ഓഹരി, സബ്സിഡി, വായ്പാ ശീർഷകങ്ങളിൽനിന്നും ധനസഹായം അനുവദിക്കുന്നു.

4) ആംബുലൻസ് സേവനം ആരംഭിക്കുന്നതിനായി പദ്ധതി ചെലവിന്റെ 50% വരെ പരമാവധി 10 ലക്ഷം രൂപ വരെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നു.

**കേരള സഹകരണ അംഗ സമാശ്വാസ പദ്ധതി**

303 (688) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സഹകരണ അംഗ സമാശ്വാസനിധി നിയമം 2013, ചട്ടം 2014 അനുസരിച്ച് പദ്ധതി നടപ്പാക്കാനുള്ള സ്കീം തയ്യാറാക്കിയിട്ടുണ്ടോ; സ്കീമിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

1969-ലെ സഹകരണസംഘം നിയമം വകുപ്പ് 56(1) സി ചട്ടം 53 എ പ്രകാരമാണ് കേരള സഹകരണ അംഗ സമാശ്വാസ നിധി രൂപീകരിച്ചിട്ടുള്ളത്. അർബുദം, വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, കരൾ മാറ്റി വയ്ക്കൽ ശസ്ത്രക്രിയ, വൃക്ക രോഗം ബാധിച്ച് ഡയാലിസിസിന് വിധേയരായവർ, ഗുരുതര കരൾ രോഗം ബാധിച്ചവർ (ലിവർ സിറോസിസ്), ഗുരുതര ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ (ബൈപ്പാസ്/ ഓപ്പൺ ഹാർട്ട് സർജറി) പരാലിസിസ് ബാധിച്ച് ശയ്യാവലംബരായവർ, എച്ച്.ഐ.വി. ബാധിതർ, അപകടത്തിൽപ്പെട്ട് ശയ്യാവലംബരായവർ എന്നിവർക്കും മാതാപിതാക്കൾ മരിച്ചുപോയ സാഹചര്യത്തിൽ അവർ എടുത്ത വായ്പയ്ക്ക് ബാദ്ധ്യതപ്പെട്ട പ്രായപൂർത്തിയാവാത്ത കുട്ടികൾ എന്നിവർക്കുമാണ് സഹകരണ അംഗ സമാശ്വാസനിധി പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നത്. കേരള സഹകരണ സംഘം നിയമ പ്രകാരം രജിസ്റ്റർ ചെയ്ത സഹകരണ സംഘത്തിലെ എ ക്ലാസ്സ് അംഗമായിട്ട് 3 വർഷക്കാലാവധി പൂർത്തീകരിച്ചിരിക്കണം. അംഗസമാശ്വാസ നിധി പദ്ധതി പ്രകാരം നൽകുന്ന പരമാവധി ധനസഹായം 50,000 രൂപയാണ്. ധനസഹായം ലഭിക്കുന്നതിനായി അപേക്ഷകൻ നിശ്ചിത പ്രൊഫോർമയിൽ അപേക്ഷ സംഘങ്ങളിൽ സമർപ്പിക്കേണ്ടതും സംഘം ഭരണസമിതി തീരുമാനം കൈക്കൊണ്ട് സാക്ഷ്യപത്രം സഹിതം താലൂക്ക് ജില്ല ആഫീസർമാർ മുഖേന ശിപാർശ സഹിതം സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കണം. അർഹതപ്പെട്ട അപേക്ഷകൾ സഹകരണ വകുപ്പുമന്ത്രി, സഹകരണ വകുപ്പ് സെക്രട്ടറി, സഹകരണ സംഘം രജിസ്ട്രാർ എന്നിവർ ഉൾപ്പെട്ട ഉന്നതതല കമ്മിറ്റി പരിശോധിച്ച് ധനസഹായം അനുവദിക്കുന്നു.

(ബി) ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾമൂലം കഷ്ടപ്പെടുന്ന സഹകാരികൾക്ക് അടിയന്തര ചികിത്സാസഹായം ലഭ്യമാക്കുന്നതിന് സഹകരണ വകുപ്പ് പ്രത്യേകമായ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; പദ്ധതിയുടെ വിശദാംശങ്ങൾ നല്കുമോ;

(സി) ഏതൊക്കെ അസുഖങ്ങളുള്ളവർക്ക് എത്ര രൂപവരെ ധനസഹായം ലഭ്യമാക്കും; ധനസഹായം അനുവദിക്കുന്നതിന് പ്രത്യേക സമിതികൾ നിലവിലുണ്ടോ; അപേക്ഷ നൽകേണ്ട വിധം വിശദമാക്കാമോ?

(ബി&സി) അശരണരായ സഹകാരികൾക്കായി ആശ്വാസ ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. സഹകരണ രംഗത്ത് പ്രത്യേകിച്ച് സർക്കിൾ (താലൂക്ക്), ജില്ല, സംസ്ഥാന തലത്തിൽ പ്രവർത്തിച്ചിട്ടുള്ളവരും വളരെക്കാലമായി പ്രവർത്തിക്കുകയും സഹകരണ മേഖലയുടെ സർവ്വതോന്മുഖമായ പുരോഗതിക്കുവേണ്ടി പ്രയത്നിക്കുകയും സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കായി ജീവിതകാലം മുഴുവൻ പ്രവർത്തിച്ചവരും ഇപ്പോൾ 36,000 രൂപയിൽ താഴെ വാർഷിക വരുമാനം ഉള്ളവരും നിരാലംബരുമായ സഹകാരികൾക്ക് രോഗശുശ്രൂഷയ്ക്ക്, ചികിത്സയ്ക്ക്, മേൽപ്പറഞ്ഞ പ്രകാരമുള്ള സഹകാരികൾ മരണപ്പെട്ടുപോയിട്ടുണ്ടെങ്കിൽ അവരുടെ കുടുംബത്തിന്/ആശ്രിതർക്ക് (അമ്മ, ഭാര്യ, മകൻ, മകൾ, വളർത്തുമകൻ, വളർത്തുമകൾ) സഹായം നൽകുന്നതിനും ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നു. പദ്ധതിയുടെ പുതുക്കിയ സ്കീം ഉടൻ പുറപ്പെടുവിക്കുന്നതാണ്.

**കാർഷിക വികസനത്തിനായി പ്രത്യേക പദ്ധതി**

304 (689) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് കാർഷിക വായ്പ തോത് വർദ്ധിപ്പിക്കുന്നതിനും കാർഷിക വികസനത്തിനുമായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

സംസ്ഥാനത്തെ കാർഷിക ആവശ്യങ്ങൾക്കുള്ള വായ്പാത്തോത് 27-8-2021-ൽ പുതുക്കി നിശ്ചയിച്ച് നൽകിയിട്ടുണ്ട്. എല്ലാത്തരം വിളകളുടെയും വായ്പാത്തോതിൽ കാര്യമായ വർദ്ധനവ് ഇതേത്തുടർന്ന് ഉണ്ടായിട്ടുണ്ട്.

(ബി) കാർഷിക അനുബന്ധ മേഖലകൾക്കും കാർഷിക സംരംഭകർക്കും വായ്പാ പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ എന്നിവ മുഖേന കാർഷിക വായ്പകൾ കൂടുതൽ വിതരണം ചെയ്യുന്നതിനായി, സംസ്ഥാനത്തെ കാർഷിക വായ്പാ

സഹകരണ സംഘങ്ങൾ/പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകൾ എന്നിവ ഓരോ വർഷവും നൽകുന്ന മൊത്തം വായ്പയുടെ 40% എങ്കിലും കാർഷിക വായ്പ വിതരണം ചെയ്യണമെന്ന് ബാങ്ക് ഭരണസമിതികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് കൃഷിയുടെ വ്യാപനത്തിനായി സഹകരണ സ്ഥാപനങ്ങൾ കൂടുതൽ ഇടപെടലുകൾ നടത്തേണ്ടതിന്റെയും സഹകരണ കാർഷിക മേഖലകൾ ഒരുമിച്ച് പ്രവർത്തിക്കേണ്ടതിന്റെയും ആവശ്യകതകൾ മാനിച്ച് കാർഷിക ആവശ്യങ്ങൾക്കായുള്ള ഹ്രസ്വകാല മദ്ധ്യകാല വായ്പകളുടെ, ഒരു അംഗത്തിന് നൽകാവുന്ന പരമാവധി വായ്പാപരിധി 3 ലക്ഷത്തിൽ നിന്നും 5 ലക്ഷം രൂപയായി ഉയർത്തിയും, ഇതിനുപുറമേ പുതുതായി, കാർഷിക അനുബന്ധ വായ്പ പരമാവധി 3 ലക്ഷം രൂപയും കാർഷിക ആവശ്യങ്ങൾക്കും കാർഷിക അനുബന്ധ ആവശ്യങ്ങൾക്കുമുള്ള സ്വർണ്ണപ്പണയ വായ്പ പരമാവധി 3 ലക്ഷം രൂപയും അനുവദിച്ചു നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. കാർഷികാവശ്യങ്ങൾക്കായി കേരള ബാങ്കിൽ നിന്നും താഴെ പറയുന്ന വായ്പാ പദ്ധതികൾ ലഭ്യമാണ്.

1. കെ.ബി. കിസാൻ മിത്ര (Above 3 lakhs)

2. KBLT Agricultural Refinance

3. K B കിസാൻ മിത്ര

4. കർഷകർക്ക് വസ്തു ഈടിന്മേൽ അതാത് വർഷത്തെ വായ്പാ തോത് അനുസരിച്ച് 8.50 ശതമാനം പലിശനിരക്കിൽ ഓരോ വർഷവും പുതുക്കി പരമാവധി 5 വർഷം വരെ ഹ്രസ്വകാല കാർഷിക വായ്പയായി അനുവദിച്ചുവരുന്നു.

5. കർഷകർക്ക് 3 ലക്ഷം രൂപ വരെ KCC രീതിയിൽ വായ്പ അനുവദിച്ച് വരുന്നു.

6. പരമാവധി 15 വർഷത്തേയ്ക്ക് 60 ലക്ഷം രൂപ വരെ 9 ശതമാനം പലിശ നിരക്കിൽ കർഷകർക്ക് വിവിധ കാർഷിക ആവശ്യങ്ങൾക്കായി അനുവദിച്ചുവരുന്നു. കാർഷിക അനുബന്ധ ആവശ്യങ്ങൾക്കായി 8.50% പലിശ നിരക്കിൽ കേന്ദ്രസർക്കാർ സബ്സിഡിയോടുകൂടി KB Micro food processing വായ്പ നൽകിവരുന്നു.

കോവിഡ്-19 രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ കാർഷിക മേഖലയേയും ചെറുകിട വ്യവസായ മേഖലയേയും (MSME) സജീവമായി നിലനിർത്തുന്നതിനായി ബാങ്കുകളിൽ നിന്നുള്ള ധനസഹായം മുടക്കംകൂടാതെ നൽകുന്നതിനായി സംസ്ഥാനത്തെ സഹകരണ മേഖലയിൽക്കൂടി വിനിയോഗിക്കുന്നതിന് Special Liquidity Facility (SLF) എന്ന പേരിൽ 2020 വർഷത്തിൽ 2,000 കോടി രൂപയും (SLF-I) 2021 വർഷത്തിൽ 1,620 കോടി രൂപയും (SLF-II) നബാർഡിൽനിന്നും കേരള സംസ്ഥാന സഹകരണ ബാങ്കിന് ധനസഹായം അനുവദിച്ചിരുന്നു. ഹ്രസ്വകാല കാർഷിക ഉല്പാദനത്തിനും കാർഷികാനുബന്ധ പ്രവർത്തനമൂലധന ആവശ്യങ്ങൾക്കും (മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യം വളർത്തൽ, പൗൾട്രി, നെൽകൃഷി, പച്ചക്കറി കൃഷി ഉൾപ്പെടെയുള്ള തന്നാണ്ട് വിള ഇനങ്ങൾക്ക്) കൂടാതെ MSME (സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ) യൂണിറ്റുകൾക്ക് പ്രവർത്തനമൂലധനമായും ഒരു വർഷ കാലയളവിൽ തിരിച്ചടയ്ക്കാൻ കഴിയുന്ന പദ്ധതികൾക്കുമാണ് വായ്പ അനുവദിക്കുന്നത്. ഈ പദ്ധതി പ്രകാരം വ്യക്തികൾക്ക് അനുവദിക്കാവുന്ന പരമാവധി തുക 2,00,000 രൂപയാണ്. ഒരു വർഷക്കാലാവധിയുള്ള ടി വായ്പയുടെ പലിശ നിരക്ക് 6.40% ആണ്.

**'സുഭിക്ഷകേരളം' പദ്ധതി**

305 (690) ശ്രീ. കെ. ആൻസലൻ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക മേഖലയെ സ്വയം പര്യാപ്തമാക്കാനായി സർക്കാർ പ്രഖ്യാപിച്ച 'സുഭിക്ഷകേരളം' പദ്ധതിയുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പ് പ്രത്യേകമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. കാർഷിക മേഖലയെ സ്വയംപര്യാപ്തമാക്കുവാനായി കേരള സർക്കാർ പ്രഖ്യാപിച്ച സുഭിക്ഷകേരളം പദ്ധതിയുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പ് പ്രധാനമായും മാതൃകാ കൃഷിത്തോട്ടം സജ്ജീകരിക്കുന്ന പദ്ധതിയാണ് നടപ്പിലാക്കിയത്. തദ്ദേശഭരണ സ്ഥാപനത്തിന് കീഴിൽ കുറഞ്ഞത് 50 സെന്റ് സ്ഥലം എങ്കിലും എടുത്ത് ഒരു മാതൃകാ കൃഷിത്തോട്ടം സഹകരണ സ്ഥാപനങ്ങൾ നേരിട്ട് സജ്ജീകരിക്കുന്നു. ഇതുകൂടാതെ സഹകരണ സംഘങ്ങൾ വഴി കർഷകർക്ക് വായ്പാ സഹായം ലഭ്യമാക്കുക, സ്വയം സഹായ ഗ്രൂപ്പുകൾ/യുവജനങ്ങൾ എന്നിവർക്ക് കിസാൻ ക്രെഡിറ്റ് കാർഡ് വഴി വായ്പാലഭ്യത ഉറപ്പുവരുത്തുക,

സംഘം അടിസ്ഥാനത്തിൽ കാർഷിക ഉല്പന്നങ്ങളുടെ വിപണനം ആരംഭിക്കുക എന്നിവയും ഉൾപ്പെടുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിൽ എല്ലാ കാർഷിക പ്രവർത്തനങ്ങൾക്കും കർഷകർ സ്വാശ്രയ ഗ്രൂപ്പുകൾ/ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ എന്നിവയ്ക്കാവശ്യമായ കാർഷിക വായ്പാ വിതരണം നടത്തുന്നത് സഹകരണ സ്ഥാപനങ്ങളാണ്. വായ്പകൾക്കുവേണ്ടി അതാത് പ്രദേശത്തെ പ്രാഥമിക വായ്പാ സംഘങ്ങളിൽ അപേക്ഷ നൽകേണ്ടതാണ്. ഇത്തരം അപേക്ഷകളിലുള്ള പരിശോധന കൃഷി വകുപ്പ് അതാതു കൃഷിഭവനുകൾ മുഖാന്തരവും മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ വകുപ്പുകൾ ബന്ധപ്പെട്ട വകുപ്പുകളുടെ ബ്ലോക്ക്തല ഉദ്യോഗസ്ഥർ മുഖാന്തരമോ ശിപാർശ ചെയ്ത് ഗുണഭോക്താവിന്റെ വിവരം പ്രാഥമിക വായ്പാ സംഘത്തിന് കൈമാറേണ്ടതാണ്. കാർഷിക പ്രവർത്തനങ്ങൾക്കാവശ്യമായ വിത്ത്, വളം, ജൈവ വളങ്ങൾ, കീടനാശിനികൾ, കാർഷിക യന്ത്രങ്ങൾ എന്നിവ ലഭ്യമാക്കിയും അല്ലെങ്കിൽ ലഭ്യമാക്കുന്നതിനുള്ള സാമ്പത്തിക സഹായമോ സഹകരണ സംഘങ്ങൾ വഴി ഉറപ്പുവരുത്തുന്നു. സുഭിക്ഷകേരളം പദ്ധതിയിൽ ഉൾപ്പെടുന്ന പ്രധാന വകുപ്പുകളായ കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം എന്നിവയുമായി ഏകോപിച്ച് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. 14 ജില്ലയിലും സഹകരണ സ്ഥാപനങ്ങൾ മുഖേന മാതൃകാ കൃഷിത്തോട്ടങ്ങൾ നിർമ്മിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങൾ മുഖേന 3217.175 ഏക്കർ സ്ഥലത്ത് 1851 കൃഷിത്തോട്ടങ്ങൾ നിർമ്മിക്കുകയുണ്ടായി. ഇതുകൂടാതെ 26,176 കർഷകർക്ക് 23,952.7 ലക്ഷം രൂപ വായ്പ ഇനത്തിൽ നൽകിയിട്ടുണ്ട്.

(സി) പദ്ധതി നടപ്പിലാക്കിയതുവഴി സംസ്ഥാനത്ത് ഭക്ഷ്യകാർഷിക വിളകളുടെ ഉല്പാദനത്തിലും കൃഷിയോടുള്ള ജനങ്ങളുടെ സമീപനത്തിലും മാറ്റങ്ങൾ പ്രകടമാണോ; വിശദാംശങ്ങൾ നൽകാമോ?

പ്രകടമാണ്. കൂടുതൽ കർഷകർ ഈ മേഖലയിൽ കടന്നുവരികയും ഭക്ഷ്യ കാർഷിക വിളകളുടെ ഉല്പാദനത്തിലും വർദ്ധനവുണ്ടായിട്ടുമുണ്ട്. ധാരാളം ജനങ്ങൾക്ക് ഇതുമൂലം തൊഴിലവസരങ്ങൾ ലഭ്യമായി. ഭക്ഷ്യോല്പാദന രംഗത്ത് ഒരു പരിധിവരെ സ്വയംപര്യാപ്തത കൈവരിക്കുവാൻ കഴിഞ്ഞു. ധാരാളം തരിശ് സ്ഥലങ്ങൾ കൃഷിക്കായി വിനിയോഗിക്കപ്പെട്ടു. സഹകരണ സംഘങ്ങൾ വായ്പകൾ നൽകിയതുവഴി കൂടുതൽ ആൾക്കാർ കാർഷിക വൃത്തിയിലേയ്ക്ക് കടന്നുവന്നിട്ടുണ്ട്. ഉല്പാദനശേഷി കൂടിയ വിത്ത്, തൈ ഉല്പാദനം ഊർജ്ജിതമാക്കിയും സൗജന്യമായി വിതരണം ചെയ്യുകയും വഴി ഉല്പാദനം, ലഭ്യത എന്നിവ വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞതായി കാണാം.

**കുട്ടനാട് നെൽകർഷകർക്കുള്ള സഹായം**

306 (691) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുട്ടനാട്, അപ്പർ കുട്ടനാട് എന്നിവിടങ്ങളിലെ നെൽകർഷകരെ സഹായിക്കുന്നതിനായി വകുപ്പിന്റെ കീഴിൽ ഏതെങ്കിലും പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

കുട്ടനാട്-അപ്പർകുട്ടനാട് എന്നിവിടങ്ങളിലെ നെൽകർഷകരെ സഹായിക്കുന്നതിനായി വകുപ്പിന്റെ കീഴിൽ സംസ്ഥാനമാകെ അധികാര പരിധിയോടുകൂടിയ ഒരു നെല്ല് സഹകരണ സംഘം രൂപീകരിച്ച് പാലക്കാട് റൈസ് മിൽ മാതൃകയിലുള്ള രണ്ട് ആധുനിക റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ടി പദ്ധതി പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി പാലക്കാട് ഒഴികെയുള്ള 13 ജില്ലകൾ അധികാര പരിധിയോടുകൂടിയ കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (KAPCOS) ക്ലിപ്തം നമ്പർ.4505 എന്ന സഹകരണ സംഘം 2021 ആഗസ്റ്റ് 27-ന് രജിസ്റ്റർ ചെയ്തു. കോട്ടയം ജില്ലയിലെ 26 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ചേർന്നാണ് കോട്ടയം ആസ്ഥാനമായുള്ള ഈ നെല്ല് സഹകരണ സംഘം രൂപീകരിച്ചത്. ടി സംഘത്തിന്റെ അംഗീകൃത മൂലധനം 310 കോടി രൂപയാണ്. കേരള സംസ്ഥാനത്തെ കർഷകരിൽ നിന്നും നെല്ല് സംഭരിച്ചും സംസ്കരിച്ചും കാർഷിക ഉത്പന്നങ്ങൾ ജില്ലയ്ക്കകത്തും പുറത്തും വിപണനം നടത്തുക, സംസ്കരണ കേന്ദ്രങ്ങളും സംഭരണ ശാലകളും സ്ഥാപിക്കുക, കൂടാതെ സർക്കാർ, അർദ്ധസർക്കാർ, സഹകരണ, സ്വകാര്യ വിപണന സ്ഥാപനങ്ങൾ വഴിയും ഓൺലൈൻ സംവിധാനത്തിലൂടെയും വിപണന സൗകര്യം ഏർപ്പെടുത്തുകയും സ്വന്തമായി വിപണന കേന്ദ്രങ്ങൾ നടത്തുകയും, സംഘം പ്രവർത്തന പരിധിയിൽപ്പെട്ട മുഴുവൻ നെൽകൃഷിക്കാരെ സഹായിക്കുകയും സംസ്ഥാനത്തെ നെൽകൃഷി വ്യാപിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുക എന്നതാണ് സംഘത്തിന്റെ പ്രധാന ലക്ഷ്യം.

**കേരള ബാങ്ക് എൻ.ആർ.ഐ. ഡെപ്പോസിറ്റ്**

307 (692) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് വിപുലീകരണവുമായി ബന്ധപ്പെട്ട് എൻ.ആർ.ഐ. ഡെപ്പോസിറ്റ് സ്വീകരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

2020-21 സാമ്പത്തിക വർഷത്തെ ആഡിറ്റ് പൂർത്തീകരിച്ചപ്പോൾ ബാങ്കിന്റെ മൂലധന പര്യാപ്തത 10.18 ശതമാനം ആയി ഉയർന്നിട്ടുണ്ട്. ബാങ്കിന് അവശ്യമായ മൂലധന പര്യാപ്തത കൈവരിച്ചതിനാൽ 18-9-2021-ാം തീയതി എൻ.ആർ.ഇ. നിക്ഷേപം സ്വീകരിക്കുന്നതിനുള്ള അനുമതിക്കായി RBI-യിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. RBI-യിൽ നിന്നും അനുകൂലമായ തീരുമാനം പ്രതീക്ഷിക്കുന്നു.

(ബി) കേരള ബാങ്കിന്റെ ഡെപ്പോസിറ്റ് അടിത്തറ ശക്തമാക്കാൻ സ്വീകരിക്കുന്ന നടപടി വ്യക്തമാക്കാമോ?

കേരളാ ബാങ്കിൽ നിലവിൽ 66,731.61 കോടി രൂപയുടെ നിക്ഷേപം ഉണ്ട്. ഇത് മുൻ വർഷം 61,073.59 കോടി രൂപ ആയിരുന്നു. ആകെ നിക്ഷേപത്തിന്റെ 25 ശതമാനം CASA നിക്ഷേപമായി വർദ്ധിപ്പിക്കുന്നതിനുള്ള ടാർജറ്റ് ശാഖകൾക്ക് നൽകിയിട്ടുണ്ട്. അതിന്റെ പുരോഗതി മൂന്ന് മാസത്തിലൊരിക്കൽ ബാങ്ക് വിലയിരുത്തി വരുന്നുണ്ട്.

**കേരള ബാങ്ക് എ.ടി.എം. കൊള്ള**

308 (693) ശ്രീ. സി. ആർ. മഹേഷ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് എ.ടി.എം-കളിൽ നിന്നും അനധികൃതമായി പണം പിൻവലിക്കുന്ന സംഭവങ്ങൾ കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം പരിശോധനാവിധേയമാക്കിയിട്ടുണ്ടോ?

2021 ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ മറ്റ് ബാങ്കുകളുടെ വ്യാജ കാർഡുകൾ നിർമ്മിച്ച് കേരള ബാങ്കിന്റെ വിവിധ ജില്ലകളിലെ എ.ടി.എം.-കളിൽ നിന്നും പണം തട്ടിയെടുത്തിട്ടുണ്ട്. ആയത് ബാങ്കിന്റെ ശ്രദ്ധയിൽപ്പെട്ടയുടൻ തന്നെ ആവർത്തിക്കാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്. മറ്റ് ബാങ്കുകളുടെ വ്യാജ മാഗ്നറ്റിക്ക് സ്വൈപ്പ് കാർഡുകൾ ഉപയോഗിച്ചാണ് തട്ടിപ്പ് നടന്നിരിക്കുന്നത്.

(ബി) എ.ടി.എം.-കളിൽ ഇ.എം.വി. ചിപ്പുകൾ നിർബന്ധമാക്കണമെന്ന റിസർവ് ബാങ്കിന്റെ നിർദ്ദേശം കേരള ബാങ്ക് പാലിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

കേരള ബാങ്കിന്റെ എ.ടി.എം.-കളിൽ EMV Certification നടപടികൾ പൂർത്തിയായിവരുന്നു.

(സി) കേരള ബാങ്കിനുവേണ്ടി സോഫ്റ്റ്‌വെയർ നിർമ്മിച്ച കമ്പനിയുടെ ഉദ്യോഗസ്ഥർ പാസ്സ് വേർഡ് ചോർത്തിനൽകിയാണ് എ.ടി.എം. കവർച്ച നടത്തിയതെന്ന ആരോപണം അന്വേഷണവിധേയമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

മറ്റ് ബാങ്കുകളുടെ വ്യാജ എ.ടി.എം. കാർഡുകളും മറ്റ് ബാങ്കുകളുടെ എ.ടി.എം. കാർഡുടമകളുടെ പാസ് വേർഡും ഉപയോഗിച്ചാണ് തട്ടിപ്പുകാർ പണം പിൻവലിച്ചത്. ഇതുസംബന്ധിച്ച് പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്.

**കേരള ബാങ്കിന്റെ പ്രവർത്തനം**

309 (694) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ:</u>
<u>ശ്രീ. പി. എസ്. സുപാൽ:</u>
<u>ശ്രീ. ഇ. കെ. വിജയൻ:</u>
<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് വഴി എല്ലാ ആധുനിക ബാങ്കിംഗ് സൗകര്യങ്ങളും ഇടപാടുകാർക്ക് ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ആധുനിക ബാങ്കിംഗ് മേഖലയിൽ നൽകുന്ന സേവനങ്ങളായ RTGS/NEFT, Mobile Banking, IMPS (Immediate Payment System), Internet Banking, UPI (Unified Payment Interface, BBPS (Bharat Bill Payment System), CTS (Cheque Truncation System), ATM, Micro ATM, FASTag, AEPS (Aadhaar Enabled Payment System), E-KYC, CKYC, PFMS (Public Finance Management System), DMR (Digital Member Register), NACH (National Automated Clearing House) മുതലായ ഡിജിറ്റൽ സേവനങ്ങളെല്ലാം കേരള ബാങ്കിലൂടെ നൽകി ന്യൂജനറേഷൻ ബാങ്കുകളോട് കിടപിടിക്കുന്ന തരത്തിലുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ആയതിനുള്ള Solution Providers-നെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. 2022 ഏപ്രിൽ മുതൽ ആധുനിക ഡിജിറ്റൽ സേവനങ്ങൾ കേരള ബാങ്കിലൂടെ ഇടപാടുകാർക്ക് നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) എല്ലാ ജനവിഭാഗങ്ങളുടെയും വായ്പ ആവശ്യങ്ങൾ നിർവ്വഹിക്കാൻ കഴിയുംവിധം പുതിയ വായ്പാ പദ്ധതികൾ കേരള ബാങ്ക് വഴി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വ്യാപാര-വ്യവസായ മേഖലകൾക്ക് ഉത്തേജനം നൽകാൻ കഴിയുംവിധം കേരള ബാങ്കിന്റെ പ്രവർത്തനം വിപുലീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ബാങ്ക് പുതുതായി നടപ്പിലാക്കി വരുന്ന K.B മിത്ര (MSME), K.B സുവിധ (MSME), KB യുവ മിത്ര, K.B ഭക്ഷ്യ സംസ്കരണ വ്യവസായ വായ്പ എന്നീ വായ്പാ പദ്ധതികളിലൂടെ വ്യാപാര വ്യവസായ മേഖലകൾക്ക് ഉത്തേജനം നൽകുന്നതാണ്.

(ഡി) കാർഷിക ആവശ്യങ്ങൾക്കായി സബ്സിഡിയോടുകൂടിയ വായ്പ പദ്ധതികൾ കേരള ബാങ്ക് ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കേരള ബാങ്കിൽ കാർഷിക അവശ്യങ്ങൾക്കായി സബ്സിഡിയോടുകൂടിയ താഴെ പറയുന്ന വായ്പാ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

1. PACS on MSC

2. Kissan cash credit (KCC)

3. LT Agriculture

4. Dairy Loan

5. Fisheries, Poultry & Agricultural allied activities.

6. Farmer's producers Organisations(FPO)

7. Self Help Group (SHG)

8. Joint Liability Group (JLG)

9. Kissan Mithra

10. Agri.Gold Cash Credit

(ഇ) കേരള ബാങ്കിന്റെ ഡിജിറ്റൽ ഇടപാടുകളിലെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കേരള ബാങ്കിന്റെ എല്ലാ എ.ടി.എം.-കളിലും RBI നിഷ്കർഷിച്ചിട്ടുള്ള EMV സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഘട്ടംഘട്ടമായി പുരോഗമിക്കുന്നു.

**കേരള ബാങ്കിലെ ഓഹരി ലാഭവിഹിതം**

310 (695) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിന്റെ രൂപീകരണ വേളയിൽ പ്രസ്തുത ബാങ്കിൽ നിന്നും വായ്പയെടുത്തിട്ടുള്ള പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് അവരുടെ ഓഹരി മൂലധനത്തിന് അടുത്ത 3 വർഷങ്ങളിൽ 10% ഡിവിഡന്റ് നല്കുന്നതാണെന്ന അന്നത്തെ സഹകരണ വകുപ്പുമന്ത്രിയുടെ പ്രഖ്യാപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേരള ബാങ്കിന്റെ രൂപീകരണ വേളയിൽ തയ്യാറാക്കിയ Scheme of Amalgamation-ന്റെ Clause-IV Transfer of Shares-ൽ കേരള സംസ്ഥാന സഹകരണ ബാങ്ക് മിനിമം 10% ഡിവിഡന്റ് നൽകുന്നതിന് ശ്രമിക്കുന്നതാണ് എന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിരുന്നു.

(ബി) ബാങ്കിന്റെ 2020-21 സാമ്പത്തിക വർഷത്തെ ലാഭനഷ്ട കണക്കുകളുടെ അടിസ്ഥാനത്തിൽ പ്രഖ്യാപിച്ച ലാഭവിഹിതം പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് നൽകുവാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ അറ്റനഷ്ടം നികത്തുന്ന മുറയ്ക്ക് ലാഭവിഹിതം പ്രഖ്യാപിക്കുന്നതാണ്.

**കേരള ബാങ്കിന്റെ ലാഭ നഷ്ട കണക്ക്**

311 (696) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സഹകരണ ബാങ്കിന്റെ 2019-20, 2020-21 വർഷങ്ങളിലെ ലാഭ നഷ്ടക്കണക്ക് വ്യക്തമാക്കുമോ?

2019-20 സാമ്പത്തിക വർഷത്തിൽ ആഡിറ്റ് ചെയ്ത കണക്ക് പ്രകാരം ബാങ്കിന് 374.75 കോടി രൂപ ലാഭമുണ്ടായിരുന്നു. 2020-21 സാമ്പത്തിക വർഷത്തിൽ ആഡിറ്റ് ചെയ്ത കണക്ക് പ്രകാരം ബാങ്കിന് 61.99 കോടി രൂപയുടെ ലാഭമുണ്ട്.

(ബി) പ്രസ്തുത ബാങ്കിൽ നിലവിൽ തസ്തികകളിൽ ഒഴിവുകൾ ഉണ്ടോയെന്ന് അറിയിക്കാമോ; ഉണ്ടെങ്കിൽ തസ്തികയുടെ പേര്, ഒഴിവ് വന്ന തീയതി എന്നിവ തരംതിരിച്ച് നൽകാമോ; പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ട തസ്തികയിൽ നിലവിൽ ഒഴിവുകളുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കേരള ബാങ്കിന്റെ പുതിയ റിക്രൂട്ട്മെന്റ് റൂൾ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. റിക്രൂട്ട്മെന്റ് റൂളിലെ വ്യവസ്ഥകൾക്ക് വിധേയമായി ഉയർന്ന തസ്തികകളിൽ പ്രൊമോഷൻ നൽകി ഓരോ തസ്തികയിലും ഉള്ള ഒഴിവുകൾ തിട്ടപ്പെടുത്തി, കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള നടപടികൾ ബാങ്ക് സ്വീകരിച്ചുവരുന്നു.

(സി) നിയമനവുമായി ബന്ധപ്പെട്ട് കേരള ഹൈക്കോടതിയിൽ എത്ര കേസുകൾ നിലവിലുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

നിയമനവുമായി ബന്ധപ്പെട്ട് കേരള ഹൈക്കോടതിയിൽ ഒൻപത് കേസുകൾ നിലവിലുണ്ട്.

**കേരള ബാങ്കിലെ വായ്പാ കുടിശ്ശിക നിവാരണം**

312 (697) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിൽ വായ്പാ കുടിശ്ശിക നിവാരണവുമായി ബന്ധപ്പെട്ട് നിലവിലെ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

കേരള ബാങ്കിൽ വായ്പാ കുടിശ്ശിക നിവാരണവുമായി ബന്ധപ്പെട്ട് നവകേരളീയം ഒറ്റതവണ തീർപ്പാക്കൽ പദ്ധതി പ്രകാരവും സഹകരണ സംഘം രജിസ്ട്രാറുടെ അംഗീകാരത്തോടുകൂടി ബാങ്കിൽ നടപ്പിലാക്കിയിട്ടുള്ള റിക്കവറി മാനേജ്മെന്റ് പോളിസി പ്രകാരവും നിബന്ധനകൾക്ക് വിധേയമായി പലിശ ഇളവോടുകൂടി കുടിശ്ശിക വായ്പകൾ തീർപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. സർഫാസി ആക്ട്, എ.ആർ.സി. നടപടികൾ പ്രകാരവും കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

(ബി) ഗുരുതര രോഗങ്ങൾമൂലം വായ്പാ തിരിച്ചടവിൽ കുടിശ്ശിക വന്നവർക്ക് ഏതെങ്കിലും തരത്തിലുള്ള ആനുകൂല്യങ്ങൾ ബാങ്ക് നൽകിവരുന്നുണ്ടോ; വിശദമാക്കാമോ?

മാരകരോഗം ബാധിച്ചവർ, മരണപ്പെട്ടവർ തുടങ്ങിയവരുടെ വായ്പാ അക്കൗണ്ടുകൾ പലിശ ഇളവുകളോടുകൂടി തീർപ്പാക്കുന്നതിന് നവകേരളീയം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി പ്രകാരം ടി കാറ്റഗറിയിൽ വരുന്ന വായ്പാ അക്കൗണ്ടുകൾ അവസാനിപ്പിക്കുന്നതിന് 5 ലക്ഷം രൂപ വരെയുള്ള വായ്പകളിൽ പൂർണ്ണമായും പലിശ ഇളവും 5 മുതൽ 25 ലക്ഷം വരെയുള്ള വായ്പകളിൽ 50 ശതമാനം വരെ പലിശ ഇളവും 25 ലക്ഷം മുതൽ 50 ലക്ഷം വരെയുള്ള വായ്പകൾക്ക് 30 ശതമാനം വരെയും പലിശ ഇളവ് അനുവദിച്ച് വരുന്നുണ്ട്. പദ്ധതി പ്രകാരം കുടിശ്ശിക മുഴുവൻ തീർപ്പാക്കുന്ന എല്ലാ അക്കൗണ്ടുകളിലും പിഴ പലിശ ഒഴിവാക്കിയും നൽകി വരുന്നുണ്ട്.

**സഹകരണ മേഖലയിലെ നിയന്ത്രണങ്ങൾ**

313 (698) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ മേഖലയെ ബാധിക്കുന്ന രീതിയിൽ കേന്ദ്രസർക്കാരും റിസർവ് ബാങ്കും എന്തെങ്കിലും നിബന്ധനകളോ നിയന്ത്രണങ്ങളോ ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമത്തിൽ വരുത്തിയ ഭേദഗതി നിർദ്ദേശങ്ങൾ സംസ്ഥാനത്തെ സഹകരണ മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ടി ഭേദഗതി പ്രകാരം കാർഷിക വായ്പ നൽകുന്ന പ്രാഥമിക സംഘങ്ങൾ ' Bank, Banker, Banking' എന്നീ പദങ്ങൾ അവയുടെ പേരിനോടൊപ്പം ചേർത്ത് ഉപയോഗിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തിയിട്ടുള്ളതും ഇടപാടുകാർക്ക് ചെക്ക് പോലുള്ള സൗകര്യങ്ങൾ ഉപയോഗിക്കാനാവാത്തതുമാണ്. ടി ഭേദഗതി പ്രാഥമിക സംഘങ്ങളെ (ബാങ്ക് എന്ന പേരിൽ) Banking പ്രവർത്തനങ്ങൾ നടത്തുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുന്നു. തന്മൂലം Bank എന്ന പേരിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ മതിപ്പ് ഇല്ലാതാക്കാനും ആയതുവഴി നിക്ഷേപത്തിൽ കുറവ് വരുന്നതിനും കാരണമാകും. പുതിയ ഭേദഗതിയിലൂടെ ബാങ്കിംഗ് റെഗുലേഷൻ നിയമത്തിലെ സെക്ഷൻ 10-ലെ വ്യവസ്ഥകൾ ബാങ്കിംഗ് ലൈസൻസുള്ള സഹകരണ ബാങ്കുകൾക്കും ബാധകമാക്കുകയുണ്ടായി. പ്രസ്തുത നിയമവ്യവസ്ഥകൾ പ്രകാരം മാനേജിംഗ് ഡയറക്ടറുടെ നിയമനത്തിനുള്ള യോഗ്യതയും നിയമന കാലാവധിയും നിശ്ചയിക്കുന്നതിനുള്ള അധികാരം റിസർവ് ബാങ്ക് ഓഫ് ഇന്ത്യയിൽ അർപ്പിതമാണ്. 10(B)-യിലെ വ്യവസ്ഥകൾ ചെയർമാന്റെ യോഗ്യത നിശ്ചയിക്കുന്നതാണ്. ചെയർമാനെ നിയമിക്കുന്നതിനും നീക്കം ചെയ്യുന്നതിനും റിസർവ് ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് അധികാരം നൽകുന്നുണ്ട്. ടി ഭേദഗതികളെല്ലാം കേരള സഹകരണ സംഘം നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമാണ്. സെക്ഷൻ 12-ൽ വരുത്തിയ ഭേദഗതിമൂലം ജില്ലാ സഹകരണ ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്കുകൾ എന്നിവയ്ക്ക് RBI-യുടെ മുൻകൂർ അനുമതി വാങ്ങിയ ശേഷം public issue, private placement of share, preference share issue എന്നിവ നടത്താവുന്നതാണ്. അംഗങ്ങൾക്ക് മെമ്പർഷിപ്പ് സറണ്ടർ ചെയ്ത്, ഓഹരി തിരിച്ച് വാങ്ങുന്നതിനും കഴിയുന്നതല്ല. ഇതുമൂലം ഓഹരി പിൻവലിക്കാനുള്ള അവസരം ഇല്ലാതാകുന്നതാണ്. ആയത് സഹകരണ നിയമത്തിനും വ്യവസ്ഥകൾക്കും വിരുദ്ധമാണ്. ബാങ്കിംഗ് നിയമത്തിലെ 36 AA നിയമപ്രകാരം, ബാങ്കിംഗ് സ്ഥാപനങ്ങളിലെ മാനേജിംഗ് കമ്മിറ്റിയെ supersede ചെയ്യാൻ RBI-യ്ക്ക് അധികാരമുണ്ട്. നിയമഭേദഗതിയിലൂടെ 36 AAA എന്ന പുതിയ ഭേദഗതി ഉൾപ്പെടുത്തുകയുണ്ടായി. ഈ ഭേദഗതിയിലൂടെ സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങളുടെ ഭരണസമിതിക്കെതിരെ നടപടിയെടുക്കാനും ബാങ്കിംഗ് ലൈസൻസുള്ള സഹകരണ ബാങ്കുകളുടെ ഭരണസമിതിയെ നീക്കം ചെയ്യാനും RBI-യ്ക്ക് അധികാരം നൽകുന്നുണ്ട്. ആക്ടിന്റെ 56-ാം വകുപ്പിൽ വരുത്തിയ ഭേദഗതിയിലൂടെ, സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ ഇടപെടാൻ RBI-യ്ക്ക് വിപുലമായ അധികാരം നൽകുന്നുണ്ട്.

സംഘത്തിന്റെ Bye-law റദ്ദാക്കാൻ പോലും RBI-യ്ക്ക് അധികാരം നൽകുന്നുണ്ട്. കൂടാതെ 20, 24, 26, 45 വകുപ്പുകളിലും ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതെല്ലാം സഹകരണ മേഖലയിലെ പ്രവർത്തനങ്ങളെ മൊത്തമായി ബാധിക്കുന്നതാണ്. 97-ാമത് ഭരണ ഘടന ഭേദഗതി, ബാങ്കിംഗ് റെഗുലേഷൻ നിയമ ഭേദഗതി, ആദായ നികുതിയുമായി ബന്ധപ്പെട്ട ഭേദഗതികൾ എന്നിവമൂലം സഹകരണ മേഖലയിൽ നടക്കുന്ന ഇടപെടലുകൾ സഹകരണ സംഘങ്ങളുടെ സ്വതന്ത്രമായ പ്രവർത്തനങ്ങളിൽ പലതരത്തിലുള്ള ഇടപെടലുകൾ ഉണ്ടാകുന്നുണ്ട്. മാനദണ്ഡങ്ങൾ പാലിക്കാതെ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ സംസ്ഥാനത്തിനകത്ത് പ്രവർത്തിക്കുന്നതുമൂലം സംസ്ഥാന സഹകരണ സംഘം നിയമ പ്രകാരം പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ ദുർബലപ്പെടുന്ന അവസ്ഥ ഉണ്ടാകുന്നുണ്ട്.

(ബി) ഇപ്രകാരം നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിനെ മറികടക്കുന്നതിനുവേണ്ട എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ബാങ്കിംഗ് നിയമ(ഭേദഗതി) 2020 ബിൽ, നിയമമാകുന്നതിന് മുൻപ് ആയതിലെ, സഹകരണ ബാങ്കുകളെ ബാധിക്കുന്ന വിഷയങ്ങളിൽ ഭേദഗതി വേണമെന്ന് 14-ാം കേരള നിയമസഭ ഒരു പ്രമേയത്തിലൂടെ ഐകകണ്ഠ്യേന ആവശ്യപ്പെടുകയുണ്ടായി. സംസ്ഥാനത്ത് നിന്നുള്ള പാർലമെന്റ് അംഗങ്ങൾ മുഖാന്തരവും പ്രശ്നം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു.

**സഹകരണ ബാങ്കുകളിലെ ഓഡിറ്റ് സംവിധാനങ്ങൾ**

314 (699) ശ്രീ. അൻവർ സാദത്ത്:

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):

ശ്രീ. സജീവ് ജോസഫ്:

ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ ബാങ്കുകളിലെ നിലവിലെ ഓഡിറ്റ് സംവിധാനങ്ങൾ വിശദമാക്കാമോ; ആയതിലെ പോരായ്മകൾ പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

കേരള സഹകരണ നിയമം, ചട്ടം, ആഡിറ്റ് മാന്വൽ, സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലറുകൾ, സംഘം ബൈലോ, അംഗീകരിക്കപ്പെട്ട സബ് റൂളുകൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് സഹകരണ ബാങ്കുകളിലെ ആഡിറ്റ്

നിർവ്വഹിക്കപ്പെടുന്നത്. ഓരോ സഹകരണ ബാങ്കിന്റെയും കണക്കുകൾ പൂർണ്ണമായും പരിശോധിച്ച് ആഡിറ്റ് റിപ്പോർട്ട് തയ്യാറാക്കുന്നത് ബന്ധപ്പെട്ട ആഡിറ്റർമാരാണ്. യൂണിറ്റ് അടിസ്ഥാനത്തിലും കെ.എസ്.ആർ. 156 പ്രകാരം സിങ്കിൾ/ഗ്രൂപ്പ് കൺകറന്റ് ആഡിറ്റർമാരെ നിയമിച്ചും ആഡിറ്റ് ജോലികൾ നിർവ്വഹിക്കപ്പെട്ട് വരുന്നു. സഹകരണ ആഡിറ്റ് ഡയറക്ടർ തസ്തികയിൽ ഇന്ത്യൻ ആഡിറ്റ് ആൻഡ് അക്കൗണ്ട്സ് സർവ്വീസിലെ ഉദ്യോഗസ്ഥനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംഘങ്ങളെ ഗ്രൂപ്പുകളായി തിരിച്ച് ഗ്രൂപ്പിൽ ഉൾപ്പെടുന്ന സംഘങ്ങളുടെ പ്രവർത്തന വ്യാപ്തിക്കനുസരിച്ച് ആവശ്യമായ തസ്തികയിലുള്ള ആഡിറ്റർമാരുടെ ടീം രൂപീകരിക്കുകയും ടീം ആഡിറ്റ് നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. എല്ലാത്തരം സംഘങ്ങളിലും ടീം ആഡിറ്റ് സമ്പ്രദായം നടപ്പിലാക്കുന്നതിനും കേരള സർവ്വീസ് റൂൾസ് 156 പ്രകാരം സംഘങ്ങൾ ആഡിറ്റർമാരുടെ തസ്തിക നിശ്ചയിച്ച് തീരുമാനമെടുത്ത് കോസ്റ്റ് അടയ്ക്കുന്ന രീതിക്ക് മാറ്റം വരുത്തി സംഘത്തിന്റെ പ്രവർത്തന വ്യാപ്തിക്ക് അനുസരിച്ച് ആഡിറ്റ് ഫീസ് നിശ്ചയിക്കുകയും പ്രസ്തുത ആഡിറ്റ് ഫീസ് പ്രത്യേക ഫണ്ടിലേയ്ക്ക് സ്വീകരിച്ചുകൊണ്ട് ആഡിറ്റർമാർക്ക് ശമ്പളം ലഭ്യമാക്കുന്ന തരത്തിൽ പുതിയ സംവിധാനം നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനും സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിന് സഹകരണ വകുപ്പ് ആരംഭിച്ചിട്ടുള്ള നടപടികൾ പരമാവധി വേഗത്തിൽ പൂർത്തീകരിക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. വകുപ്പിലെ ഉദ്യോഗസ്ഥർക്ക് സംഘങ്ങളിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയർ സംബന്ധിച്ച് പരിശീലനം നൽകുന്നതിനും ആഡിറ്റ് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേയ്ക്കായി സഹകരണ നിയമം, ചട്ടം, ആഡിറ്റ് മാന്വൽ എന്നിവയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും സർക്കുലർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനും തീരുമാനം എടുത്തിട്ടുണ്ട്. സംഘങ്ങളിൽ നിലവിലുള്ള അക്കൗണ്ടിംഗ് സമ്പ്രദായവും, നിലവിലുള്ള ആഡിറ്റ് നോട്ട്, ആഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവയും കാലോചിതമായും ആധുനിക അക്കൗണ്ടിംഗ് രീതികൾക്കും കമ്പ്യൂട്ടർ അധിഷ്ഠിത അക്കൗണ്ടിംഗ്, ആഡിറ്റ് സമ്പ്രദായങ്ങൾക്കും അനുസരണമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സഹകരണ സംഘങ്ങൾ ഓഡിറ്റ് ആധുനികവത്ക്കരിക്കുന്നതിന്റെ ഭാഗമായി സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് സിസ്റ്റം രൂപീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ഇതിനായി സഹകരണ ആഡിറ്റ് മോണിറ്ററിംഗ് സിസ്റ്റം സി-ഡിറ്റ് മുഖേന സഹകരണ

വകുപ്പിൽ നടപ്പിലാക്കുന്ന ICDMS പ്രോജക്ടിൽ ഉൾപ്പെടുത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ആവശ്യമായ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു സ്പെഷ്യൽ ഡെഡിക്കേറ്റഡ് ടീം രൂപീകരിച്ച് അടിയന്തരമായി പ്രവൃത്തി പൂർത്തിയാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത മോണിറ്ററിംഗ് സിസ്റ്റത്തിൽ ദീർഘകാലമായി ആഡിറ്റ് മുടങ്ങിയിരിക്കുന്ന സ്ഥാപനങ്ങൾ red flag ചെയ്യുന്നതിനും ഇതുസംബന്ധിച്ച് പതിവായി pop-up ലഭിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

(ബി) സഹകരണ ബാങ്കുകളിലെ ഓഡിറ്റുകൾ സർക്കാർ പരിശോധനയ്ക്ക് വിധേയമാക്കാറുണ്ടോ?

ഇല്ല.

(സി) കരുവന്നൂർ ബാങ്ക് തട്ടിപ്പിനെക്കുറിച്ച് 2019-ൽ അന്നത്തെ സഹകരണ വകുപ്പുമന്ത്രിക്ക് പരാതി ലഭിച്ചിട്ടും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കാതിരുന്നതിന്റെ കാരണം വിശദമാക്കാമോ?

പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണം ആരംഭിച്ചിരുന്നു. ഇപ്പോൾ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

**സഹകരണ ബാങ്ക് തട്ടിപ്പുകൾ അവസാനിപ്പിക്കാൻ നടപടി**

315 (700) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ ബാങ്ക് തട്ടിപ്പിനുശേഷം സമാനമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ പുതുതായി ഏതെങ്കിലും തരത്തിലുള്ള ക്രമീകരണങ്ങൾ സഹകരണ ബാങ്ക് മേഖലയിൽ കൊണ്ടുവരാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) പഴുതടച്ചുള്ള നിരീക്ഷണങ്ങളും ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തലും ഈ മേഖലയിൽ കൊണ്ടുവരാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

(എ&ബി) ഉണ്ട്. സഹകരണ ആഡിറ്റ് ഡയറക്ടർ തസ്തികയിൽ ഇന്ത്യൻ ആഡിറ്റ് ആൻഡ് അക്കൗണ്ട്സ് സർവ്വീസിലെ ഉദ്യോഗസ്ഥനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംഘങ്ങളെ ഗ്രൂപ്പുകളായി തിരിച്ച് ഗ്രൂപ്പിൽ ഉൾപ്പെടുന്ന സംഘങ്ങളുടെ പ്രവർത്തനവ്യാപ്തിക്ക് അനുസരിച്ച് ആവശ്യമായ തസ്തികയിനത്തിലുള്ള ആഡിറ്റർമാരുടെ ടീം രൂപീകരിക്കുകയും ടീം

ആഡിറ്റ് നടത്തുന്നതിനും എല്ലാതരം സംഘങ്ങളിലും ടീം ആഡിറ്റ് സമ്പ്രദായം നടപ്പിലാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കേരള സർവ്വീസ് റൂൾസ് 156 പ്രകാരം സംഘങ്ങൾ ആഡിറ്റർമാരുടെ തസ്തിക നിശ്ചയിച്ച് തീരുമാനമെടുത്ത് കോസ്റ്റ് അടയ്ക്കുന്ന രീതിക്ക് മാറ്റംവരുത്തി സംഘത്തിന്റെ പ്രവർത്തനവ്യാപ്തിക്ക് അനുസരിച്ച് ആഡിറ്റ് ഫീസ് നിശ്ചയിക്കുകയും പ്രസ്തുത ആഡിറ്റ് ഫീസ് പ്രത്യേക ഫണ്ടിലേയ്ക്ക് സ്വീകരിച്ചുകൊണ്ട് ആഡിറ്റർമാർക്ക് ശമ്പളം ലഭ്യമാക്കുന്ന തരത്തിൽ പുതിയ സംവിധാനം നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതിനും സോഫ്റ്റ്വെയർ തയ്യാറാക്കുന്നതിന് സഹകരണവകുപ്പ് ആരംഭിച്ചിട്ടുള്ള നടപടികൾ പരമാവധി വേഗത്തിൽ പൂർത്തീകരിക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. വകുപ്പിലെ ഉദ്യോഗസ്ഥർക്ക് സംഘങ്ങളിൽ ഉപയോഗിക്കുന്ന സോഫ്റ്റ്വെയർ സംബന്ധിച്ച് പരിശീലനം നൽകുന്നതിനും ആഡിറ്റ് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേയ്ക്കായി സഹകരണ നിയമം, ചട്ടം, ആഡിറ്റ് മാന്വൽ എന്നിവയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും സർക്കുലർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്. സംഘങ്ങളിൽ നിലവിലുള്ള അക്കൗണ്ടിംഗ് സമ്പ്രദായവും നിലവിലുള്ള ആഡിറ്റ് നോട്ട്, ആഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവയും കാലോചിതമായും ആധുനിക അക്കൗണ്ടിംഗ് രീതികൾക്കും കമ്പ്യൂട്ടർ അധിഷ്ഠിത അക്കൗണ്ടിംഗ്, ആഡിറ്റ് സമ്പ്രദായങ്ങൾക്കും അനുസരണമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സഹകരണ സംഘങ്ങളുടെ ഓഡിറ്റ് ആധുനികവത്ക്കരിക്കുന്നതിന്റെ ഭാഗമായി സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് സിസ്റ്റം രൂപീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ഇതിനായി സഹകരണ ആഡിറ്റ് മോണിറ്ററിംഗ് സിസ്റ്റം സി-ഡിറ്റ് മുഖേന സഹകരണ വകുപ്പിൽ നടപ്പിലാക്കുന്ന ICDMS പ്രോജക്ടിൽ ഉൾപ്പെടുത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ആവശ്യമായ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു സ്പെഷ്യൽ ഡെഡിക്കേറ്റഡ് ടീം രൂപീകരിച്ച് അടിയന്തിരമായി പ്രവൃത്തി പൂർത്തിയാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത മോണിറ്ററിംഗ് സിസ്റ്റത്തിൽ ദീർഘകാലമായി ആഡിറ്റ് മുടങ്ങിയിരിക്കുന്ന സ്ഥാപനങ്ങൾ red flag ചെയ്യുന്നതിനും ഇതുസംബന്ധിച്ച് പതിവായി pop-up ലഭിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്. ഓഡിറ്റ് സംവിധാനം കുറ്റമറ്റതായി നടപ്പിലാക്കാൻ ഓഡിറ്റിംഗിന്റെ എല്ലാ മേഖലകളും ഉൾപ്പെടുത്തി വിപുലമായി ഒരുക്കുന്നതാണ് പ്രസ്തുത ഇ-പ്ലാറ്റ്ഫോം.

## കോ-ഓപ്പറേറ്റിവ് അർബൻ ബാങ്കിലെ അഴിമതി

316 (701) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ കോ-ഓപ്പറേറ്റീവ് അർബൻ ബാങ്കിലെ അഴിമതിയുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

ഗുരുവായൂർ സഹകരണ അർബൻ ബാങ്കിൽ 25-11-2017-ൽ നടത്തിയ നിയമനങ്ങളിൽ 6 അപ്രൈസർ, 5 പ്യൂൺ തസ്തികകളിൽ സഹകരണ സംഘം രജിസ്ട്രാറുടെ 53/13 നമ്പർ സർക്കുലർ നിർദ്ദേശങ്ങളുടെ ലംഘനമുണ്ടായി എന്നും നടപടിക്രമങ്ങളിൽ അസാധാരണ തിടുക്കം കാണപ്പെട്ടു എന്നും കണ്ടതിനാൽ ടി വിഷയത്തിൽ സഹകരണ നിയമം വകുപ്പ് 66(2) പ്രകാരമുള്ള അന്വേഷണം നടത്തിയിരുന്നു. ആയത് പ്രകാരം അധിക തസ്തികകളിൽ നിയമനം നടന്നിട്ടുണ്ടെന്നും ക്ലാസ്സിഫിക്കേഷൻ യഥാസമയം നടത്തിയിട്ടില്ലെന്നും ക്ലാസ്സ് I സ്പെഷ്യൽ ഗ്രേഡിന്റെ ആനുകൂല്യങ്ങൾ അനർഹമായി കൈപ്പറ്റിവരുന്നു എന്നും കണ്ടെത്തിയിരുന്നു. 4-2-2019-ൽ 68(1) അന്വേഷണത്തിന് ഉത്തരവ് പുറപ്പെടുവിച്ചു. WP(C)9713/19 പ്രകാരം 8-4-2019-ൽ ഹൈക്കോടതി അന്വേഷണ നടപടികൾ സ്റ്റേ ചെയ്തിട്ടുണ്ട്.

(ബി) ചാവക്കാട് ഫർക്ക കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്കിലെ അഴിമതിയുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദവിവരങ്ങൾ വ്യക്തമാക്കാമോ?

ബാങ്കിന്റെ ഷോപ്പിംഗ് കോംപ്ലക്സിന്റെ ഒരു മുറിയുടെ മാത്രം വാടക ഇനത്തിൽ 24 ലക്ഷം രൂപ കുടിശ്ശിക വരുത്തിയിട്ടുണ്ട് എന്നും ആയതിൽ ഭരണസമിതി യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലായെന്നും അനുമതിയില്ലാതെ ബാങ്ക് കെട്ടിടം അറ്റകുറ്റപ്പണി നടത്തിയെന്നും ബാങ്ക് നിയമാവലി തിരുത്തി എന്നുള്ളതും സംബന്ധിച്ച് ലഭിച്ച പരാതിയിന്മേൽ അസിസ്റ്റന്റ് രജിസ്ട്രാർ തലത്തിലുള്ള വിശദപരിശോധന നടത്തി സഹകരണ നിയമം വകുപ്പ് 66(2) പ്രകാരമുള്ള അന്വേഷണത്തിന് തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ 14-9-2020-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും വിശദ അന്വേഷണം പൂർത്തീകരിക്കുന്നതിന് അന്വേഷണ ഉദ്യോഗസ്ഥന്റെ അപേക്ഷ പ്രകാരം കാലാവധി ദീർഘിപ്പിച്ചിട്ടുള്ളതും നടപടി പൂർത്തീകരിച്ച് റിപ്പോർട്ട് ലഭ്യമായിട്ടില്ലാത്തതുമാണ്.

**കരുവന്നൂർ സഹകരണ ബാങ്കിലെ ആസ്തി-ബാദ്ധ്യതകൾ**

317(702) ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ഡോ. എം. കെ. മുനീർ:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രമക്കേട് നടന്ന കരുവന്നൂർ സഹകരണ ബാങ്കിലെ ആസ്തി-ബാധ്യതകൾ തിട്ടപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ആസ്തി ബാദ്ധ്യതകൾ തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഈ ബാങ്കിലെ നിക്ഷേപകരുടെ പണം തിരികെ നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) എന്നത്തേയ്ക്ക് പണം കൊടുത്തുതീർക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

(ബി&സി) കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ നിലവിലുള്ള അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ തീരുമാനമനുസരിച്ച് പരിമിതമായ തോതിൽ മുൻഗണനാക്രമം നിശ്ചയിച്ച് നിക്ഷേപകരുടെ തുക തിരികെ നൽകിവരുന്നുണ്ട്. ബാങ്കിന്റെ പുനരുദ്ധാരണത്തിനായി പാക്കേജ് തയ്യാറാക്കി ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നിക്ഷേപകരുടെ തുക തിരികെ നൽകാൻ സാധിക്കുന്നതാണ്.

**സീതത്തോട് സർവീസ് സഹകരണ ബാങ്ക് അഴിമതി**

318 (703) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സീതത്തോട് സർവ്വീസ് സഹകരണ ബാങ്കിലെ അഴിമതി സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. സംഘത്തിന്റെ റെക്കോർഡുകളിലും കമ്പ്യൂട്ടറുകളിലും തിരിമറി നടത്തി വ്യാജരേഖ സൃഷ്ടിച്ച് ബാങ്ക് അക്കൗണ്ടിൽനിന്നും തുക അപഹരിച്ചിട്ടുള്ളതായി പരാതി ലഭിച്ചിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ ക്രമക്കേടുകൾ അന്വേഷിക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തി കുറ്റക്കാരായ ജീവനക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് പത്തനംതിട്ട ജോയിന്റ് രജിസ്ട്രാർ, ബാങ്കിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വകുപ്പ്-68(1) പ്രകാരം 1,62,89,007 രൂപയുടെ ബാദ്ധ്യത തിട്ടപ്പെടുത്തുന്നതിനുള്ള അന്വേഷണത്തിനും ഉത്തരവായിട്ടുണ്ട്.

(സി) 2013 മുതൽ 2018 വരെയുള്ള കാലയളവിൽ ബാങ്കിൽ 1.63 കോടിയുടെ ക്രമക്കേട് നടന്നുവെന്ന് ഓഡിറ്റിംഗിൽ കണ്ടെത്തിയിട്ടുണ്ടോ; ഓഡിറ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ; 2018-നുശേഷം ഓഡിറ്റ് നടക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

ഇല്ല. 2013-14 മുതൽ 2018-19 വരെയുള്ള ആഡിറ്റ് സർട്ടിഫിക്കറ്റിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിരിക്കുന്നു. 2018-19 വരെയുള്ള ആഡിറ്റ് പൂർത്തീകരിക്കുകയും ആഡിറ്റ് സർട്ടിഫിക്കറ്റ് സംഘത്തിനും നൽകിയിട്ടുള്ളതുമാണ്. 2019-20-ലെ ആഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) ഈ ക്രമക്കേടുമായി ബന്ധപ്പെട്ട് കോന്നി എം.എൽ.എ.-ക്കെതിരെ പരാതി ഉയർന്നിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

പരാതി ലഭിച്ചിട്ടില്ല.

**കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പ്**

319 (704) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുന്നൂറ് കോടിയിലധികം രൂപയുടെ തട്ടിപ്പ് നടന്ന കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പിൽ ക്രമവിരുദ്ധ നടപടികൾക്ക് ഉത്തരവാദികളായ ഡയറക്ടർ ബോർഡ് അംഗങ്ങളെ പ്രതിപ്പട്ടികയിൽ ചേർത്തിട്ടുണ്ടോ;

(ബി) ഏതെങ്കിലും പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യാനുണ്ടോ?

(എ&ബി) ഭരണസമിതി അംഗങ്ങളെ പ്രതിപ്പട്ടികയിൽ ചേർത്തിട്ടുണ്ട്. അന്വേഷണം പുരോഗമിക്കുകയാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) നിക്ഷേപകരുടെ തുക തിരിച്ചുനൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

ബാങ്കിന്റെ അഴിമതികളെ സംബന്ധിച്ച് ഗവണ്മെന്റ് തലത്തിൽ നിയോഗിച്ച ഉന്നതതല സമിതി നൽകുന്ന അന്തിമ റിപ്പോർട്ട് പരിശോധിച്ച് നിക്ഷേപകരുടെ തുക തിരികെ നല്കുന്നതുൾപ്പടെയുള്ള പദ്ധതിയാണ് തയ്യാറാക്കുന്നത്.

**മണക്കുന്നം വില്ലേജ് സർവീസ് സഹകരണ ബാങ്കിലെ വായ്പാ ക്രമക്കേടുകൾ**

320 (705) <u>ഡോ. മാത്യു കുഴൽനാടൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദയമ്പേരൂർ മണക്കുന്നം വില്ലേജ് സർവ്വീസ് സഹകരണ ബാങ്കിൽ മുൻ ഭരണ സമിതിയുടെ കാലത്ത് വായ്പ ക്രമക്കേടുകൾ നടന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) അനധികൃത വായ്പകൾ തിരിച്ചുപിടിക്കുന്നതിനും കുറ്റവാളികളെ ശിക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രാഥമിക അന്വേഷണം നടന്നുവരുന്നു.

**പൂഞ്ഞാർ സർവ്വീസ് സഹകരണ ബാങ്കിലെ ആർബിട്രേഷൻ നടപടികൾ**

321 (706) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിന്റെ സാഹചര്യത്തിൽ നിർത്തിവച്ച പൂഞ്ഞാർ സർവ്വീസ് സഹകരണ ബാങ്കിലെ വായ്പാകുടിശ്ശിക സംബന്ധിച്ച ആർബിട്രേഷൻ/എക്സിക്യൂഷൻ നടപടികൾ പുനരാരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) സാമ്പത്തിക പ്രതിസന്ധിയിലായ പ്രസ്തുത ബാങ്കിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് കോവിഡ് രോഗവ്യാപനത്തിന് മുൻപേ കുടിശ്ശികയായ നിരവധി വായ്പകളിന്മേലുള്ള ആർബിട്രേഷൻ/എക്സിക്യൂഷൻ നടപടികൾ പുനരാരംഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

സ്വീകരിച്ചുവരുന്നു.

**സീതത്തോട് സർവ്വീസ് സഹകരണ ബാങ്കിലെ ക്രമക്കേട്**

322 (707) ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സീതത്തോട് സഹകരണ ബാങ്കിൽ ചട്ടവിരുദ്ധമായി തസ്തിക സൃഷ്ടിച്ച് സ്വജനങ്ങൾക്ക് സ്ഥാനക്കയറ്റം നൽകി വ്യാപക ക്രമക്കേട് നടത്തി എന്ന പരാതി ഗൗരവത്തോടെ കാണുന്നുണ്ടോ?

ചട്ടവിരുദ്ധമായി തസ്തിക സൃഷ്ടിച്ച് സ്വജനങ്ങൾക്ക് സ്ഥാനക്കയറ്റം നൽകി വ്യാപക ക്രമക്കേട് നടത്തി എന്ന പരാതി ലഭിച്ചിട്ടില്ല.

(ബി) ബാങ്കിൽ നടന്ന പ്യൂൺ നിയമനത്തിലെ അഴിമതി സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാർക്ക് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

പരാതി ലഭിച്ചിട്ടുണ്ട്. പരാതിയുടെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(സി) ഇതുസംബന്ധിച്ച് സഹകരണ വകുപ്പ് എന്തെങ്കിലും അന്വേഷണം നടത്തിട്ടുണ്ടോ; വിശദമാക്കാമോ?

റാന്നി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ വടശ്ശേരിക്കര യൂണിറ്റ് ഇൻസ്പെക്ടർ അന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ 2017-ൽ കേരള സഹകരണ ചട്ടം 186-ൽ വന്നിട്ടുള്ള ഭേദഗതി പ്രകാരം പ്യൂൺ തസ്തികയ്ക്ക് ബിരുദം പാടില്ല എന്ന വ്യവസ്ഥ ഒഴിവാക്കിയിട്ടുള്ളതിനാൽ തുടർനടപടി ആവശ്യമില്ലായെന്ന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്യൂൺ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ആൾ 24-11-2020 തീയതി ബാങ്കിലെ ജോലി രാജിവച്ചിട്ടുള്ളതുമാണ്.

**കൊറ്റനാട് സർവ്വീസ് സഹകരണ ബാങ്ക് ക്രമക്കേട്**

323 (708) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി കൊറ്റനാട് സർവ്വീസ് സഹകരണ ബാങ്കിൽ ലോൺ അനുവദിക്കുന്നതിൽ വ്യാപക ക്രമക്കേട് നടന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി താലൂക്കിൽ പ്രവർത്തിക്കുന്ന കൊറ്റനാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. എ. 153-ൽ വായ്പ അനുവദിച്ചതിലും ചിട്ടി നടത്തിപ്പിലും വ്യാപകമായ സാമ്പത്തിക ക്രമക്കേടുകൾ നടന്നിട്ടുണ്ട്. മല്ലപ്പള്ളി സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ യൂണിറ്റ് ഇൻസ്പെക്ടറുടെ വിശദമായ പരിശോധനയിലും അതോടൊപ്പം തന്നെ ബാങ്കിൽ നടന്ന 2010-11, 2011-12 വർഷത്തെ ആഡിറ്റിലും കൂടുതൽ ക്രമക്കേടുകൾ കണ്ടെത്തുകയും ചെയ്തിരുന്നു. പ്രസ്തുത ബാങ്കിനെതിരെ കേരള സഹകരണ നിയമം വകുപ്പ്- 65 പ്രകാരം അന്വേഷണം നടത്തുകയും തുടർന്ന് 68(1) പ്രകാരം ക്രമക്കേടുകളിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാരുടെ ബാദ്ധ്യത ക്ലിപ്തപ്പെടുത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും ആയതുപ്രകാരം സഹകരണ നിയമം വകുപ്പ് 68(2) പ്രകാരമുള്ള സർചാർജ്ജ് ഉത്തരവ് നൽകിയിട്ടുള്ളതുമാണ്.

(ബി) ശ്രീമതി അന്നമ്മ മാത്യൂസ്, വെങ്ങാമൂട്ടിൽ ഹൗസ് എന്ന വ്യക്തിക്ക് പ്രസ്തുത ബാങ്കിൽ നിന്നും നിക്ഷേപത്തുക തിരികെ നൽകാതെ വഞ്ചിച്ചതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ ഹൈക്കോടതിയുടെ അനുകൂല ഉത്തരവ് ഉണ്ടായിട്ടും നിക്ഷേപത്തുക തിരികെ നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ; പ്രസ്തുത വ്യക്തിക്ക് അടിയന്തരമായി തുക തിരികെ നൽകുന്നതിന് നടപടി സ്വീകരിക്കാമോ?

ശ്രീമതി അന്നമ്മ മാത്യൂസ്, വെങ്ങാമൂട്ടിൽ ഹൗസ് എന്ന വ്യക്തിയുടെ നിക്ഷേപത്തിന്റെ പകുതിയോളം തുക തിരികെ നൽകിയിരുന്നു. ശ്രീമതി അന്നമ്മ മാത്യൂസിന് ബഹു. ഹൈക്കോടതിയുടെ അനുകൂല ഉത്തരവ് ഉണ്ടായിട്ടും മതിയായ ഫണ്ട് ഇല്ലാത്തതിനാലാണ് നിക്ഷേപത്തുക തിരികെ നൽകുന്നതിന് സാധിക്കാത്തത്. ഫണ്ടിന്റെ അഭാവംമൂലം ദൈനംദിന ആവശ്യങ്ങൾപോലും നിറവേറ്റാൻ സാധിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത ബാങ്ക് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവ് നടപ്പിലാക്കുന്നതിന് സാവകാശം തേടിയിട്ടുണ്ട്. ബാങ്കിൽ ഫണ്ട് വരുന്ന മുറയ്ക്ക് മുൻഗണനാക്രമത്തിൽ നിക്ഷേപത്തുക നൽകുന്നതിന് ബാങ്കിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## മീനച്ചിൽ റബ്ബർ പ്രോസസ്സിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നൽകുവാനുള്ള കുടിശ്ശിക

324 (709) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലാ മീനച്ചിൽ റബ്ബർ പ്രോസസ്സിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (MRMPCS) കർഷകരിൽ നിന്നുള്ള ഡെപ്പോസിറ്റ് ഇനത്തിലും റബ്ബർ ഷീറ്റ്, റബ്ബർപാൽ, ഒട്ടുപാൽ എന്നിവ വാങ്ങിയ ഇനത്തിലും ഉള്ള 70 കോടിയോളം രൂപ വരുന്ന കുടിശ്ശിക തുക കൊടുത്തുതീർക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

മീനച്ചിൽ റബ്ബർ മാർക്കറ്റിംഗ് ആൻഡ് പ്രോസസ്സിംഗ് സഹകരണ സംഘത്തിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിനും നിലവിലെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനുമായി 13-2-2020-ലെ സ.ഉ. (സാധാ) നമ്പർ 112/2020/ സഹ. പ്രകാരം മീനച്ചിൽ താലൂക്കിലെ പ്രാഥമിക സഹകരണ ബാങ്കുകളെ/സംഘങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു കൺസോർഷ്യം രൂപീകരിച്ചിട്ടുള്ളതാണ്. ടി സംഘത്തിൽ നടന്നുവരുന്ന പുനരുദ്ധാരണ പ്രവർത്തനത്തിന്റെ ആദ്യഘട്ടമായി സംഘത്തിന്റെ ഉടമസ്ഥതയിലുള്ള കുടല്ലൂർ TSBR ഫാക്ടറി ഒരു ഷിഫ്റ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംഘത്തിന്റെ ഉടമസ്ഥതയിലുള്ള മറ്റൊരു ഫാക്ടറിയായ കുറൂർ ലാറ്റക്സ് ഫാക്ടറി പ്രവർത്തനമാരംഭിക്കുന്നതിന് ആവശ്യമായ പ്രാരംഭ നടപടികൾ ഇതിനോടകം കൈക്കൊണ്ടിട്ടുള്ളതുമാണ്. സംഘത്തിന്റെ ഉടമസ്ഥതയിലുള്ള ടി രണ്ട് ഫാക്ടറികളും പൂർണ്ണതോതിൽ പ്രവർത്തനമാരംഭിക്കുന്ന മുറയ്ക്ക് കർഷകരിൽ നിന്ന് ഡെപ്പോസിറ്റ് ഇനത്തിലും റബ്ബർഷീറ്റ്, റബ്ബർപാൽ, ഒട്ടുപാൽ എന്നിവ വാങ്ങിയ ഇനത്തിലും സംഘത്തിൽ നിലനിൽക്കുന്ന ബാധ്യത കൊടുത്തു തീർക്കുന്നതിന് സാധിക്കുന്നതാണ്.

## റിസ്ക് ഫണ്ട്

325 (710) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽ റിസ്ക് ഫണ്ട് മുഖേനയുള്ള സഹായം ലഭ്യമാക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്?

കേരള സഹകരണ വികസനക്ഷേമനിധി ബോർഡിൽ നിന്നും റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും ചുവടെ ചേർക്കുന്നു:

I. **അപേക്ഷയും അനുബന്ധങ്ങളും**

1. കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് അംഗീകരിച്ചു നൽകിയ നിർദ്ദിഷ്ട മാതൃകയിലുള്ള റിസ്ക് ഫണ്ട്/ചികിത്സ ധനസഹായ അപേക്ഷ

2. മരണപ്പെട്ട വായ്പാക്കാരന്റെ അനന്തരാവകാശിയുടെ അപേക്ഷ

3. വായ്പക്കാരന്റെ മരണ സർട്ടിഫിക്കറ്റ്

4. വായ്പക്കാരന്റെ വയസ്സ് തെളിയിക്കുന്ന രേഖ

5. വായ്പക്കാരന്റെ വായ്പ ഏററടവ്

6.മരണപ്പെട്ട/മാരക രോഗം പിടിപെട്ട വായ്പക്കാരന് പദ്ധതി ആനുകൂല്യത്തിന് അർഹതയുണ്ടെന്ന് കാണിക്കുന്ന സംഘം ചീഫ് എക്സിക്യൂട്ടീവിന്റെ സർട്ടിഫിക്കറ്റ്

7. ബാങ്ക് ഭരണ സമിതി തീരുമാനം

8. വായ്പക്കാരന്റെ റിസ്ക് ഫണ്ട് വിഹിതം അടച്ച ഫോം 'എ' സ്റ്റേറ്റ്മെന്റ്

9. വായ്പക്കാരനിൽനിന്നും ഈടാക്കുന്ന റിസ്ക് ഫണ്ട് വിഹിതം യഥാസമയം ബോർഡിന്റെ അക്കൗണ്ടിൽ അടച്ച ചലാൻ

10. വായ്പ അപേക്ഷ

11. വായ്പ അനുവദിച്ച ഭരണ സമിതി തീരുമാനത്തിന്റെ പകർപ്പ്

12. ജാമ്യ കടപ്പത്രത്തിന്റെ പകർപ്പ്

13. കൂട്ടുകക്ഷി വായ്പ സംബന്ധിച്ച്

14. ചികിത്സ ധനസഹായ അപേക്ഷയിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് സിവിൽ സർജനിൽ കുറയാത്ത ഡോക്ടറുടെ സർട്ടിഫിക്കറ്റുകളും അനുബന്ധ മെഡിക്കൽ രേഖകളും എന്നിവ സഹിതം ബന്ധപ്പെട്ട സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) (ജില്ലാ സഹകരണ ബാങ്ക്-ജോയിന്റ് രജിസ്ട്രാർ/കൺകറന്റ് ആഡിറ്റർ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്-അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ആഫീസർ) എന്നിവരുടെ നിശ്ചിത ധനസഹായ അപേക്ഷയിലെ ശിപാർശയോടു കൂടിയാണ് കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ അപേക്ഷ സമർപ്പിക്കേണ്ടത്.

**അർഹത മാനദണ്ഡങ്ങൾ**

1. വിവിധ വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും സ്വർണ്ണപ്പണയ വായ്പയും നിക്ഷേപ വായ്പയും എടുക്കുന്ന വായ്പക്കാർക്ക് റിസ്ക് ഫണ്ട് ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.
2. വായ്പ എടുക്കുന്ന അംഗങ്ങളിൽ നിന്നും റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥയ്ക്ക് വിധേയമായുള്ള റിസ്ക് ഫണ്ട് വിഹിതം ഒടുക്കേണ്ടതാണ്.
3. മരണപ്പെട്ട തീയതിയിൽ വായ്പക്കാരന് 70 വയസ്സിൽ അധികരിക്കരുത്.
4. വായ്പക്കാരൻ മരണപ്പെട്ടാൽ 6 മാസത്തിൽ അധികരിച്ച് വായ്പാ മുതൽ തിരിച്ചടവിൽ കുടിശ്ശിക ഉണ്ടാകാൻ പാടില്ല.
5. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച് അടച്ച് തീർത്ത വായ്പകൾക്കും ധനസഹായത്തിന് അർഹതയില്ല.

**മാരകരോഗം**

1. മാരകരോഗം പിടിപ്പെട്ട തീയതിയിൽ 70 വയസ്സിൽ അധികരിക്കാത്ത വായ്പക്കാർക്ക് മാത്രമാണ് ആനുകൂല്യത്തിന് അർഹതയുള്ളത്.
2. വായ്പ എടുക്കുന്ന തീയതിയിൽ നിയമാനുസൃത പ്രീമിയം അടവാക്കേണ്ടതാണ്.
3. 30-3-2012 തീയതി മുതൽ വായ്പ എടുത്തതിനുശേഷം മാരക രോഗങ്ങളായ ക്യാൻസർ ബാധിതർ, കിഡ്നി സംബന്ധമായ രോഗംമൂലം ഡയാലിസിസിന് വിധേയരായവർ, ഹൃദയ സംബന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതംമൂലമോ അപകടംമൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, എയ്ഡ്സ് രോഗം ബാധിച്ചവർ, എന്നീ വായ്പക്കാർക്ക് വായ്പാ ബാക്കിനിൽപ്പോ പരമാവധി 75,000 രൂപയോ ചികിത്സാ ധനസഹായം നൽകുന്നു.
4. 29-2-2016 തീയതി മുതൽ വായ്പ എടുത്തതിനുശേഷം ടി.ബി, ലിവർ സീറോസിസ് പിടിപെടുന്ന അംഗങ്ങൾക്കും വായ്പാ ബാക്കിനിൽപ്പോ പരമാവധി 75,000 രൂപയോ നൽകിവരുന്നു.
5. 20-9-2019-ലെ റിസ്ക് ഫണ്ട് പദ്ധതി നിയമാവലി ഭേദഗതി പ്രകാരം കരൾ സംബന്ധമായ അസുഖത്തിന് ശസ്ത്രക്രിയ നടത്തിയവർ, അപകടങ്ങളും രോഗങ്ങളും കാരണം ജോലി ചെയ്ത് ജീവിക്കാൻ കഴിയാത്തവിധം അവയവം മുറിച്ചുമാറ്റപ്പെടുന്ന അവസ്ഥയിലുള്ളവർ, അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്ക് വിധേയരായവർ എന്നിവർക്ക് എത്ര വായ്പകൾ ഉണ്ടെങ്കിലും വായ്പാ മുതലിനത്തിൽ പരമാവധി 1,00,000 രൂപ ഈ പദ്ധതിയിലെ ഇതര നിബന്ധനകൾക്ക് വിധേയമായി ആനുകൂല്യം അനുവദിക്കുന്നതാണ്.

## II. റിസ്ക് ഫണ്ട് ധനസഹായ തുക

1) പദ്ധതി നിലവിൽവന്ന തീയതി മുതൽ വായ്പയെടുത്ത് മരണപ്പെടുന്നവർക്ക് വായ്പാ ബാക്കി നിൽപ്പോ പരമാവധി 1,00,000 രൂപയും ആയതിന്റെ പലിശയും റിസ്ക് ഫണ്ട് ധനസഹായമായി നൽകിവരുന്നു.

2) 30-3-2012 തീയതി മുതൽ വായ്പയെടുത്ത് മരണപ്പെടുന്നവർക്ക് വായ്പാ ബാക്കി നിൽപ്പോ പരമാവധി 1,50,000 രൂപയും ആയതിന്റെ പലിശയും റിസ്ക് ഫണ്ട് ധനസഹായമായി നൽകിവരുന്നു.

3) 20-9-2019-ലെ റിസ്ക് ഫണ്ട് പദ്ധതി നിയമാവലി ഭേദഗതി പ്രകാരം വായ്പയെടുത്ത അംഗം വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് 6 മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ ബോർഡിന്റെ നിയമാവലി നിബന്ധനകൾക്ക് വിധേയമായി ടിയാളുടെ പേരിൽ അന്നേ ദിവസം ബാക്കിനിൽക്കുന്ന വായ്പാ മുതൽ അല്ലെങ്കിൽ 2,00,000 രൂപ ഇതിൽ ഏതാണോ കുറവ് ആ തുക ഫണ്ടിൽ നിന്നും നൽകാവുന്നതാണ്. ഒന്നിൽ കൂടുതൽ പേർ ചേർന്നെടുത്ത കോ-ഓബ്ലിഗന്റ് ഉൾപ്പെട്ട കൂട്ടായ വായ്പയാണെങ്കിൽ, അതിൽ ഒരു വായ്പാക്കാരൻ മരണപ്പെട്ടാൽ പ്രസ്തുത വായ്പാക്കാരന്റെ മരണത്തീയതിയിൽ ബാക്കി നിൽക്കുന്ന തുകയിൽ ആനുപാതിക തുകയും ഫണ്ടിൽ നിന്നും നൽകാവുന്നതാണ്.

4) ഒരു വായ്പാക്കാരൻ വിവിധ സഹകരണ സംഘം/ബാങ്കുകളിൽ നിന്നും എത്ര വായ്പകൾ എടുത്താലും പരമാവധി 5,00,000 രൂപ വരെ മാത്രമേ റിസ്ക് ഫണ്ട് ധനസഹായമായി അനുവദിക്കുകയുള്ളൂ.

**മാരകരോഗം**

1) 30-3-2012 തീയതി മുതൽ വായ്പ എടുത്തതിനുശേഷം മാരകരോഗം പിടിപെടുന്ന അംഗങ്ങൾക്ക് വായ്പാ ബാക്കി നിൽപ്പോ പരമാവധി 75,000 രൂപയോ നൽകി വരുന്നു.

2) 20-9-2019-ലെ റിസ്ക് ഫണ്ട് പദ്ധതി നിയമാവലി ഭേദഗതി പ്രകാരം വായ്പാ മുതലിനത്തിൽ പരമാവധി 1,00,000 രൂപ ഈ പദ്ധതിയിലെ ഇതര നിബന്ധനകൾക്ക് വിധേയമായി ആനുകൂല്യം അനുവദിക്കുന്നതാണ്.

(ബി) കോവിഡ്-19-ന്റെ സാഹചര്യത്തിൽ മാനദണ്ഡങ്ങളിൽ എന്തെങ്കിലും ഇളവ് അനുവദിച്ചിട്ടുണ്ടോ?

സർക്കാർ അംഗീകരിച്ച് നൽകിയിട്ടുള്ള കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നിയമാവലി നിബന്ധന 13(6) പ്രകാരം റിസ്ക് ഫണ്ട് പദ്ധതിയിലെ ഏതെങ്കിലും വ്യവസ്ഥകൾക്ക് ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇളവ് അനുവദിക്കുന്നതിന് സർക്കാരിന് അധികാരമുണ്ടായിരിക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അപ്രകാരം അർഹതപ്പെട്ടവർക്ക് ഇളവ് അനുവാദം നൽകിവരുന്നുണ്ട്. കൂടാതെ പദ്ധതിയിലെ ഏതെങ്കിലും വ്യവസ്ഥകൾ സർക്കാരിന്റെ അനുമതി ഇല്ലാതെ ഭേദഗതി ചെയ്യാനോ ഒഴിവാക്കാനോ പാടില്ലാത്തതാകുന്നു എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കാലാകാലങ്ങളിൽ ടി മാനദണ്ഡങ്ങൾ ഉദാരവൽക്കരിച്ച് വരുന്നുണ്ട്. ഏറ്റവും ഒടുവിലായി 20-9-2019-ൽ റിസ്ക് ഫണ്ട് നിയമാവലിയിലെ വ്യവസ്ഥകളിൽ ഭേദഗതി വരുത്തി അംഗീകരിച്ചിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ വായ്പ തിരിച്ചടവിൽ 6 മാസത്തിൽ അധികരിച്ച് കുടിശ്ശിക വന്നിട്ടുള്ളവർക്ക് കുടിശ്ശിക നിബന്ധനയിൽ ഇളവ് അനുവദിക്കുന്നതിനുള്ള വ്യവസ്ഥ നിയമാവലിയിൽ ഉൾക്കൊള്ളിച്ചിട്ടില്ലെന്നും അറിയിക്കുന്നു.

(സി) റിസ്ക് ഫണ്ട് അപേക്ഷകളിൽ തീരുമാനം എടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കി ആനുകൂല്യങ്ങൾ യഥാസമയം അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

റിസ്ക് ഫണ്ട് അപേക്ഷകളിൽ തീരുമാനം എടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കി ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് കഴിയുന്നത്ര വേഗത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അപേക്ഷകന് ഓൺലൈൻ ആയി അപേക്ഷ സമർപ്പിച്ച് സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ സംവിധാനം ബോർഡിൽ നടപ്പിലാക്കുന്നതിന് സർക്കാർ സ്ഥാപനമായ സി-ഡിറ്റുമായി പ്രാരംഭ കത്തിടപാടുകൾ നടത്തിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്കും ബോർഡിൽ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്ന മുറയ്ക്കും അപേക്ഷകൾ കാലതാമസം കൂടാതെ തീർപ്പ് കൽപ്പിക്കുന്നതാണ്. മാരകരോഗം ബാധിക്കുന്ന/ മരണപ്പെടുന്ന വായ്പക്കാർക്കുള്ള ചികിത്സാസഹായവും മരണാനന്തരസഹായവും ലഭിക്കുന്നതിനുള്ള അപേക്ഷയും അനുബന്ധങ്ങളും ബന്ധപ്പെട്ട ബാങ്ക്/സംഘമാണ് ബോർഡിലേയ്ക്ക് സമർപ്പിക്കേണ്ടത്. പ്രസ്തുത അപേക്ഷകളിന്മേലുള്ള ആനുകൂല്യങ്ങൾ വായ്പക്കാരന്റെ കടം കണക്കിൽ വരവ് വയ്ക്കുന്നതിനായി ബന്ധപ്പെട്ട സംഘം/ബാങ്കിനാണ് തുക അനുവദിച്ച് നൽകുന്നത്. തുക അനുവദിച്ചതിനുശേഷം

വിവരം വായ്പക്കാരനെ അറിയിക്കുകയും ചെയ്യുന്നുണ്ട്. കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന് ബഹു. സർക്കാർ അംഗീകരിച്ചുതന്നിട്ടുള്ള റിസ്ക് ഫണ്ട് നിയമാവലിയ്ക്ക് വിധേയമായി അർഹതപ്പെട്ട മുഴുവൻ വായ്പക്കാർക്കും ആനുകൂല്യം അനുവദിച്ചുവരുന്നുണ്ട്. എന്നാൽ സംഘം/ബാങ്കുകളിൽ നിന്നും കൃത്യമായ രീതിയിൽ അപേക്ഷയും അനുബന്ധങ്ങളും സമർപ്പിക്കാത്തതിനാൽ ന്യൂനതകളുണ്ടാകുന്നത് പരിഹരിക്കുന്നതിന് വീണ്ടും സംഘങ്ങൾക്ക് നിർദ്ദേശം നൽകുകയും ആയത് പരിഹരിച്ചുവരുന്ന മുറയ്ക്ക് നടപടികൾ പൂർത്തീകരിച്ച് ആനുകൂല്യങ്ങൾ അനുവദിക്കുകയുമാണ് നിലവിൽ ചെയ്തുവരുന്നത്. ബാങ്കുകളിൽനിന്നും യഥാസമയം അപേക്ഷകളിന്മേലുള്ള ന്യൂനതകൾ പരിഹരിച്ച് തരുന്നതിന് നടപടികൾ സ്വീകരിക്കാത്തതുമൂലം ഫയലുകൾ തീർപ്പാക്കുന്നതിന് കാലതാമസം വന്നിട്ടുണ്ട്. കൂടാതെ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് ഇരുപതോളം പുതിയ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിക്കുന്നു.

**യുവ സഹകരണ സംഘങ്ങളുടെ പ്രവർത്തനം**

326 (711) ശ്രീ. ഐ. ബി. സതീഷ്:
ശ്രീമതി യു. പ്രതിഭ:
ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവജനങ്ങൾക്കായി സഹകരണമേഖലയിൽ ആദ്യമായി ആരംഭിക്കുന്ന യുവ സഹകരണസംഘങ്ങളുടെ പ്രവർത്തനരീതി വ്യക്തമാക്കാമോ?

സഹകരണ മേഖലയിലേയ്ക്ക് കൂടുതൽ യുവാക്കളെ ആകർഷിക്കുന്നതിനായി യുവസംരംഭകർക്കും സേവനദാതാക്കൾക്കുമായി സംസ്ഥാനത്ത് യുവാക്കളുടെ സഹകരണ സംഘങ്ങൾ ആരംഭിക്കുമെന്ന സർക്കാരിന്റെ നയപ്രഖ്യാപനത്തിന്റെ ഭാഗമായി സംസ്ഥാനത്ത് 29 യുവ സഹകരണ സംഘങ്ങൾ പ്രവർത്തന മാരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കൂടുതൽ തൊഴിൽ നൽകുകയും സാമ്പത്തിക വളർച്ചയെ ത്വരിതപ്പെടുത്തുകയും ചെയ്യുന്ന നിർമ്മാണ സേവന മേഖലകളിലും യുവ സഹകരണ സംഘങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഐ.ടി. മേഖലയിലുള്ളവർ, സിനിമാ, ഡോക്യുമെന്ററി, ഷോർട്ട് ഫിലിം നിർമ്മാണം, സംഗീത മേഖലകളിൽ തല്പരർ, ഡിസൈൻ, ആർട്ടിസ്റ്റ് തുടങ്ങിയ മേഖലയിൽ പ്രവർത്തിക്കുന്നവർ, ഇവന്റ് മാനേജ്മെന്റ്, സേവനങ്ങൾ വീടുകളിൽ എത്തിക്കൽ, ഭക്ഷ്യ സംസ്കരണ വിപണന മേഖല, തനത് കാർഷിക വിഭവങ്ങളുടെയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെയും

നിർമ്മാണം, വിതരണം, അഗ്രികൾച്ചറൽ സപ്ലൈ ആൻഡ് മാർക്കറ്റിംഗ്, ജൈവ അജൈവ മാലിന്യ ശേഖരണവും സംസ്കരണവും ഇവയുടെ റിസൈക്ലിംഗ്, ടൂറിസം വികസന പദ്ധതികൾ, ഫുഡ് പ്രോസസ്സിംഗ് യൂണിറ്റുകൾ, കാറ്ററിംഗ് സർവ്വീസുകൾ, സ്റ്റാർട്ടപ്പുകൾ തുടങ്ങിയ മേഖലകളിൽ സഹകരണ സംഘങ്ങൾ ആരംഭിച്ചിട്ടുണ്ട്. യുവാക്കളുടെ തൊഴിൽ നൈപുണ്യം പ്രയോജനപ്പെടുത്തി നൂതന ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിനും സാമ്പത്തികവും സാമൂഹികവും തൊഴിൽപരവുമായ ഉന്നമനവും ലക്ഷ്യമിട്ടാണ് യുവജന സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(ബി) വായ്പാ സംഘങ്ങൾ എന്ന നിലയിലാണോ സംരംഭക രംഗത്താണോ പ്രസ്തുത സംഘങ്ങൾ പ്രവർത്തിക്കുകയെന്നും ഇതിനായി എത്ര അപേക്ഷകർ സമീപിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

സംരംഭക രംഗത്താണ് പ്രസ്തുത സംഘങ്ങൾ പ്രവർത്തിക്കുന്നത്. ഇതിനായി 33 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്.

(സി) ഏതൊക്കെ ജില്ലകളിലാണ് യുവ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ യുവ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ട്.

**സഹകരണ സംഘങ്ങൾ**

327 (712) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ മേഖലകളിലായി രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ സംഘങ്ങളുടെയും അവയിൽ പ്രവർത്തനക്ഷമമായവയുടെയും എണ്ണം വ്യക്തമാക്കാമോ;

(ബി) ഇതിൽ പ്രാഥമിക കാർഷികവായ്പ സഹകരണ സംഘങ്ങൾ എത്രയെന്നു വ്യക്തമാക്കാമോ?

(എ&ബി) കേരളത്തിലെ വിവിധ മേഖലകളിലായി രജിസ്റ്റർ ചെയ്തിട്ടുള്ള ആകെ സഹകരണ സംഘങ്ങൾ 16112 എണ്ണം (2021 മാർച്ച് 31 വരെ). അവയിൽ പ്രവർത്തനക്ഷമമായവ 12265 എണ്ണം. ഇതിൽ 37 ഫാർമേഴ്സ് സർവ്വീസ് സഹകരണ സംഘങ്ങൾ, 31 റൂറൽ സഹകരണ ബാങ്കുകൾ എന്നിവ ഉൾപ്പെടെ 1675 പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ നിലവിലുണ്ട്. അവയിൽ പ്രവർത്തന ക്ഷമമായവ 1612 എണ്ണം.

## മൾട്ടിസ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം

328 (713) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പ്രവർത്തനപരിധിയുള്ള മൾട്ടിസ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം സർക്കാർ പരിശോധനയ്ക്ക് വിധേയമാണോ; എങ്കിൽ സ്വീകരിച്ചുവരുന്ന നടപടി വിശദമാക്കാമോ;

(ബി) പ്രസ്തുത സംഘങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിന് സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) കേന്ദ്ര സർക്കാരിന്റെ മൾട്ടിസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട്, 2002 പ്രകാരമാണ് മൾട്ടിസ്റ്റേറ്റ് സഹകരണ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നത്. സംസ്ഥാന സർക്കാരിന് മൾട്ടിസ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ നിയന്ത്രണത്തിനായി പ്രത്യേക നിയമങ്ങൾ നിലവിലില്ല. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ നിക്ഷേപ സമാഹരണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തണമെന്നാവശ്യപ്പെട്ട് സംസ്ഥാന ചീഫ് സെക്രട്ടറി കേന്ദ്ര അഗ്രികൾച്ചർ & ഫാർമേഴ്സ് വെൽഫെയർ മന്ത്രാലയം സെക്രട്ടറിയ്ക്ക് കത്ത് അയച്ചിട്ടുണ്ട്.

## കെ.എസ്.എഫ്.ഇ. സ്റ്റാഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്രമക്കേടുകൾ

329 (714) ശ്രീ. പി. ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. സ്റ്റാഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നടന്ന ക്രമക്കേടുകളിൽ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ കുറ്റവാളികളിൽ നിന്നും നഷ്ടപ്പെട്ട പണം തിരിച്ചെടുക്കുന്നതിന് നാളിതുവരെ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ക്രമക്കേടുകൾക്ക് ഉത്തരവാദികളായവരുടെ സ്വത്ത് റിക്കവറി നടത്താനുള്ള ഉത്തരവ് നാളിതുവരെ നടപ്പിലാക്കാത്തതിന്റെ കാരണം വെളിപ്പെടുത്താമോ?

(എ&ബി) കുറ്റാരോപിതരിൽനിന്നും സംഘത്തിന് നഷ്ടപ്പെട്ട പണം തിരികെ ഈടാക്കുന്നതിനായി കേരള സഹകരണ നിയമം വകുപ്പ് 68(2) പ്രകാരം സർചാർജ്ജ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി സർചാർജ്ജ് തുക ബന്ധപ്പെട്ടവർ

ഒടുക്കാത്തതിനാൽ തുക ഈടാക്കിയെടുക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റവന്യൂ റിക്കവറി നടപടികൾക്കെതിരെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)7223/20 നമ്പർ പെറ്റീഷനിൽ റവന്യൂ റിക്കവറി നടപടികൾ സ്റ്റേ ചെയ്ത് ഉത്തരവായിട്ടുള്ളതാണ്.

(സി) നിക്ഷേപകർക്ക് പണം തിരികെ നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് വെക്കേറ്റ് ചെയ്യുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിച്ച് റവന്യൂ റിക്കവറി നടപടികളിലൂടെ പണം ഈടാക്കി നിക്ഷേപകർക്ക് പണം തിരികെ ലഭ്യമാക്കുന്നതാണ്.

**യുവ സഹകരണ സംഘങ്ങൾ**

330 (715) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായ എത്ര യുവ സഹകരണ സംഘങ്ങളാണ് സംസ്ഥാനത്തുള്ളത്; പ്രസ്തുത സംഘങ്ങൾ എന്തൊക്കെ തരത്തിലുള്ള പ്രവൃത്തികളാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായ 29 യുവ സഹകരണ സംഘങ്ങളാണ് സംസ്ഥാനത്തുള്ളത്. മൊബൈൽ ആപ്ലിക്കേഷന്റെ സഹായത്തോടെ സേവനങ്ങൾ വീട്ടുപടിക്കൽ ലഭ്യമാക്കുക, ഈവന്റ് മാനേജ്മെന്റ്, തേങ്ങയിൽനിന്നും എണ്ണ ഉൾപ്പെടെയുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുക, കലാകാരൻമാരെ പ്രോത്സാഹിപ്പിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ. പരിസ്ഥിതിക്ക് ദോഷകരമായ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് പുനരുപയോഗിക്കുന്നതിനാവശ്യമായ വസ്തുക്കൾ ഉണ്ടാക്കി വിപണനം നടത്തുക, അഗ്രിഗേറ്റഡ് പ്ലാറ്റ്ഫോം വഴി വിവിധ മേഖലകളിലെ തൊഴിലാളികളെ സപ്ലൈ ചെയ്യുക, വിവിധ ആവശ്യങ്ങൾക്കുള്ള സോഫ്റ്റ്വെയർ ഡെവലപ്പ് ചെയ്ത് അതുവഴി ഐ.റ്റി. മേഖലയിലെ യോഗ്യരായ യുവജനങ്ങൾക്ക് തൊഴിൽ നൽകുക, കമ്പ്യൂട്ടർ, ഐ.റ്റി. അനുബന്ധ സാമഗ്രികളുടെ വിപണനവും സർവ്വീസും, പ്രിന്റിംഗ് ആൻഡ് പബ്ലിഷിംഗ്, കാറ്ററിംഗ് സർവ്വീസ്, തൊഴിൽ നൈപുണ്യമുള്ള യുവാക്കളുടെ തൊഴിൽസേന രൂപീകരിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, ഇലക്ട്രോണിക് മാലിന്യങ്ങൾ എന്നിവയുടെ ശേഖരണവും സംസ്കരണവും, ഗാർഡനിംഗ്, ടൂറിസം വ്യവസായത്തിന് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക അതിലൂടെ തൊഴിൽ, ഫുഡ് പ്രൊസസിംഗ് യൂണിറ്റ്, ടൂറിസം മേഖലയിലെ പദ്ധതികൾ, സുഗന്ധ വ്യഞ്ജനങ്ങളുടെ ഓൺലൈൻ

വ്യാപാരം, ടൂറിസം പ്രൊമോഷൻ, ഹോംസ്റ്റേ, ട്രക്ക്സ്, സുഗന്ധ വ്യഞ്ജനങ്ങളുടെ വ്യാപാരം, നിത്യോപയോഗ സാധനങ്ങളുടെ ഉൽപ്പാദനം, മറ്റ് ആവശ്യ സാധനങ്ങളുടെ സംഭരണം-വിതരണം, നിത്യോപയോഗ സാധനങ്ങൾ സംഘത്തിന്റെ കോൾ സെന്റർ വഴി വീടുകളിൽ എത്തിച്ചുകൊടുക്കുക, ബേക്കറി സാധനങ്ങളുടെ ഉൽപ്പാദനം, വിതരണം, നെല്ല്, ഇഞ്ചി, മഞ്ഞൾ കൃഷി, മത്സ്യ കൃഷി, വാഴ, പച്ചക്കറി കൃഷി തുടങ്ങിയവയുടെ ഉൽപ്പാദനം, വിതരണം, ലേബർ ബാങ്ക് രൂപീകരിക്കുക, ജനസേവന കേന്ദ്രങ്ങൾ ആരംഭിക്കുക, ഹോളോബ്രിക്സ് യൂണിറ്റുകൾ ആരംഭിക്കുക, വിവിധ തരം പച്ചക്കറികളുടെ ഉൽപ്പാദനം, സംഭരണം, വിതരണം, മെഡിസിൻ ഡിസ്ട്രിബ്യൂഷൻ, ഡിസ്ട്രിബ്യൂഷൻ ഓഫ് ലേബർ എക്യുപ്മെന്റ്സ്, സെക്യൂരിറ്റി ജോബ് തുടങ്ങിയവ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ, പ്ലംബിംഗ് സിസ്റ്റം ഡിസൈൻ എഞ്ചിനിയറിംഗ്, സപ്ലൈ ഇൻസ്റ്റലേഷൻ ആൻഡ് മെയിന്റനൻസ്, കാർഷിക വിഭവ ശേഖര ശ്രേണിയൊരുക്കുക, ഗുണമേന്മയുള്ള വസ്തുങ്ങൾ വിപണിയിലെത്തിക്കുക, ഇവന്റ് മാനേജ്മെന്റ് ഗ്രൂപ്പുകൾ രൂപീകരിക്കുക, ഐ.റ്റി, സർവ്വീസസ്, കാറ്ററിംഗ്, റസ്റ്റോറന്റ്, കാർഷിക വിളകളുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, കാർഷികോപകരണങ്ങൾ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വാങ്ങി മിതമായ നിരക്കിൽ വ്യാപാരം നടത്തുക തുടങ്ങിയ പ്രവൃത്തികളാണ് പ്രസ്തുത സംഘങ്ങൾ ഏറ്റെടുത്ത് നടത്താൻ ഉദ്ദേശിക്കുന്നത്.

**സഹകരണ സംഘങ്ങളിലെ ആദ്യകാല അംഗങ്ങൾക്ക് ധനസഹായം**

331 (716) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണ സംഘങ്ങളിലെ ആദ്യകാല അംഗങ്ങളിൽ മാരകരോഗങ്ങളും ദുരിതവുമനുഭവിക്കുന്നവർക്കായി മുൻ സർക്കാർ പ്രഖ്യാപിച്ച ധനസഹായം വിതരണം ചെയ്തിട്ടുണ്ടോ; അപേക്ഷകർക്ക് അടിയന്തരമായി സഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രാഥമിക സഹകരണ സംഘങ്ങളിലെ ആദ്യകാല അംഗങ്ങളിൽ മാരകരോഗങ്ങളും ദുരിതവുമനുഭവിക്കുന്നവർക്കായി മുൻസർക്കാർ പ്രഖ്യാപിച്ച ധനസഹായം അനുവദിച്ചിട്ടുണ്ട്. കേരള സഹകരണ അംഗ സമാശ്വാസനിധി പദ്ധതി പ്രകാരം മാരക രോഗങ്ങളും ദുരിതമനുഭവിക്കുന്ന 11,194 അംഗങ്ങൾക്ക് 23,94,10,000 രൂപയുടെ ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) ഇതിനായി അനുവദിച്ച 147.2 കോടി രൂപ വകമാറ്റി ചെലവഴിച്ചതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## സഹകരണ സംഘങ്ങളിലെ ഓഡിറ്റിംഗ്

332 (717) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ സംഘങ്ങളിൽ ക്രമക്കേടുകൾ വ്യാപകമായി റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ ഓഡിറ്റിംഗ് ഫലപ്രദമാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

സഹകരണ ആഡിറ്റ് ഡയറക്ടർ തസ്തികയിൽ ഇന്ത്യൻ ആഡിറ്റ് ആൻഡ് അക്കൗണ്ട്സ് സർവ്വീസിലെ ഉദ്യോഗസ്ഥനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംഘങ്ങളെ ഗ്രൂപ്പുകളായി തിരിച്ച് ഗ്രൂപ്പിൽ ഉൾപ്പെടുന്ന സംഘങ്ങളുടെ പ്രവർത്തനവ്യാപ്തിക്ക് അനുസരിച്ച് ആവശ്യമായ തസ്തികയിലുള്ള ആഡിറ്റർമാരുടെ ടീം രൂപീകരിക്കുകയും ടീം ആഡിറ്റ് നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. എല്ലാതരം സംഘങ്ങളിലും ടീം ആഡിറ്റ് സമ്പ്രദായം നടപ്പിലാക്കുന്നതിനും കേരള സർവ്വീസ് റൂൾസ് 156 പ്രകാരം സംഘങ്ങൾ ആഡിറ്റർമാരുടെ തസ്തിക നിശ്ചയിച്ച് തീരുമാനമെടുത്ത് കോസ്റ്റ് അടയ്ക്കുന്ന രീതിക്ക് മാറ്റംവരുത്തി സംഘത്തിന്റെ പ്രവർത്തന വ്യാപ്തിക്ക് അനുസരിച്ച് ആഡിറ്റ് ഫീസ് നിശ്ചയിക്കുകയും, പ്രസ്തുത ആഡിറ്റ് ഫീസ് പ്രത്യേക ഫണ്ടിലേയ്ക്ക് സ്വീകരിച്ചുകൊണ്ട് ആഡിറ്റർമാർക്ക് ശമ്പളം ലഭ്യമാക്കുന്ന തരത്തിൽ പുതിയ സംവിധാനം നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനും സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിന് സഹകരണ വകുപ്പ് ആരംഭിച്ചിട്ടുള്ള നടപടികൾ പരമാവധി വേഗത്തിൽ പൂർത്തീകരിക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. വകുപ്പിലെ ഉദ്യോഗസ്ഥർക്ക് സംഘങ്ങളിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയർ സംബന്ധിച്ച് പരിശീലനം നൽകുന്നതിനും ആഡിറ്റ് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേയ്ക്കായി സഹകരണ നിയമം, ചട്ടം, ആഡിറ്റ് മാന്വൽ എന്നിവയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും സർക്കുലർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനും തീരുമാനം എടുത്തിട്ടുണ്ട്. സംഘങ്ങളിൽ നിലവിലുള്ള അക്കൗണ്ടിംഗ് സമ്പ്രദായവും നിലവിലുള്ള ആഡിറ്റ് നോട്ട്, ആഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവയും കാലോചിതമായും ആധുനിക അക്കൗണ്ടിംഗ് രീതികൾക്കും കമ്പ്യൂട്ടർ അധിഷ്ഠിത അക്കൗണ്ടിംഗ്, ആഡിറ്റ് സമ്പ്രദായങ്ങൾക്കും അനുസരണമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സഹകരണ സംഘങ്ങളുടെ

ഓഡിറ്റ് ആധുനികവത്ക്കരിക്കുന്നതിന്റെ ഭാഗമായി സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് സിസ്റ്റം രൂപീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ഇതിനായി സഹകരണ ആഡിറ്റ് മോണിറ്ററിംഗ് സിസ്റ്റം സി-ഡിറ്റ് മുഖേന സഹകരണ വകുപ്പിൽ നടപ്പിലാക്കുന്ന ICDMS പ്രോജക്ടിൽ ഉൾപ്പെടുത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ആവശ്യമായ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു സ്പെഷ്യൽ ഡെഡിക്കേറ്റഡ് ടീം രൂപീകരിച്ച് അടിയന്തരമായി പ്രവൃത്തി പൂർത്തിയാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത മോണിറ്ററിംഗ് സിസ്റ്റത്തിൽ ദീർഘകാലമായി ആഡിറ്റ് മുടങ്ങിയിരിക്കുന്ന സ്ഥാപനങ്ങൾ red flag ചെയ്യുന്നതിനും ഇതുസംബന്ധിച്ച് പതിവായി pop-up ലഭിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്. ഓഡിറ്റ് സംവിധാനം കുറ്റമറ്റതായി നടപ്പിലാക്കാൻ ഓഡിറ്റിംഗിന്റെ എല്ലാ മേഖലകളും ഉൾപ്പെടുത്തി വിപുലമായി ഒരുക്കുന്നതാണ് പ്രസ്തുത ഇ-പ്ലാറ്റ്ഫോം.

**വടക്കാഞ്ചേരിയിലെ സഹകരണ സ്ഥാപനങ്ങളുടെ വിവരങ്ങൾ**

333 (718) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ മുഴുവൻ സഹകരണ സ്ഥാപനങ്ങളുടെയും വിവരങ്ങൾ ലഭ്യമാക്കാമോ?

വടക്കാഞ്ചേരി മണ്ഡലത്തിലെ മുഴുവൻ സഹകരണ സ്ഥാപനങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

തലപ്പള്ളി താലൂക്കിൽ-55 സംഘങ്ങൾ, തൃശ്ശൂർ താലൂക്കിൽ-75 സംഘങ്ങൾ, ആകെ-130 സംഘങ്ങൾ. അവയുടെ വിശദവിവരങ്ങൾ അനുബന്ധം 1* ആയി ചേർക്കുന്നു. *

(ബി) 2016-2021 കാലയളവിൽ പ്രസ്തുത മണ്ഡലത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ സ്ഥാപനങ്ങളുടെ എണ്ണം, ഇവയുടെ പട്ടിക എന്നിവ ലഭ്യമാക്കാമോ?

2016-2021 കാലയളവിൽ പ്രസ്തുത മണ്ഡലത്തിൽ 11 സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവയുടെ പട്ടിക അനുബന്ധം 2* ആയി ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**യുവ സഹകരണ സംഘം പദ്ധതി**

334 (719) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവ സഹകരണസംഘം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും മാനദണ്ഡങ്ങളും വ്യക്തമാക്കുമോ?

ഉണ്ട്. സംഘാംഗങ്ങളുടെ സാമ്പത്തികവും സാമൂഹികവും സാംസ്കാരികവുമായ പുരോഗതിയും യുവാക്കളുടെ തൊഴിൽ നൈപുണ്യം പ്രയോജനപ്പെടുത്തി നൂതന ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിനും സാമ്പത്തികവും സാമൂഹികവും തൊഴിൽപരവുമായ ഉന്നമനവും ലക്ഷ്യമിട്ടാണ് യുവജന സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്. അംഗങ്ങളുടെയിടയിൽ സ്വയംപര്യാപ്തതയും സഹകരണ മനോഭാവവും പ്രോത്സാഹിപ്പിക്കുക, സഹകരണ ആദർശങ്ങൾ പ്രചരിപ്പിക്കുകയും അത് പരമാവധി പ്രവൃത്തിപഥത്തിൽ കൊണ്ടുവരുവാനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുക എന്നിവയാണ് ഉദ്ദേശ്യലക്ഷ്യങ്ങൾ. 1969-ലെ കേരള സഹകരണ നിയമം, ചട്ടം, സംഘത്തിന്റെ ബൈലാ വ്യവസ്ഥകൾ എന്നീ മാനദണ്ഡങ്ങൾ പ്രകാരമാണ് സംഘം പ്രവർത്തിക്കുന്നത്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത സഹകരണ സംഘങ്ങൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

പ്രസ്തുത പദ്ധതി പ്രകാരം രൂപീകരിച്ച 29 യുവജന സഹകരണ സംഘങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

**യുവ സഹകരണസംഘങ്ങൾ**

335 (720) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര യുവ സഹകരണസംഘങ്ങളാണ് തുടങ്ങിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത സംഘങ്ങളിലൂടെ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

(എ&ബി) സംസ്ഥാനത്ത് നിലവിൽ 29 യുവ സഹകരണ സംഘങ്ങളാണ് രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി പ്രവർത്തനമാരംഭിച്ചിട്ടുള്ളത്. മൊബൈൽ ആപ്ലിക്കേഷന്റെ സഹായത്തോടെ സേവനങ്ങൾ വീട്ടുപടിക്കൽ ലഭ്യമാക്കുക, ഈവന്റ് മാനേജ്മെന്റ്, തേങ്ങയിൽനിന്നും എണ്ണ ഉൾപ്പെടെയുള്ള മൂല്യവർദ്ധിത

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുക, കലാകാരൻമാരെ പ്രോത്സാഹിപ്പിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ, പരിസ്ഥിതിക്ക് ദോഷകരമായ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് പുനരുപയോഗിക്കുന്നതിനാവശ്യമായ വസ്തുക്കൾ ഉണ്ടാക്കി വിപണനം നടത്തുക, അഗ്രിഗേറ്റഡ് പ്ലാറ്റ്ഫോം വഴി വിവിധ മേഖലകളിലെ തൊഴിലാളികളെ കൂട്ടി യോജിപ്പിച്ച് ടൂൾ കിറ്റ് എന്ന പേരിൽ മൊബൈൽ ആപ്ലിക്കേഷൻ വഴി തൊഴിലാളികളെ സപ്ലൈ ചെയ്യുക, വിവിധ ആവശ്യങ്ങൾക്കുള്ള സോഫ്റ്റ്‌വെയർ ഡെവലപ്പ് ചെയ്ത് അതുവഴി ഐ.റ്റി. മേഖലയിലെ യോഗ്യരായ യുവജനങ്ങൾക്ക് തൊഴിൽ നൽകുക, കമ്പ്യൂട്ടർ, ഐ.റ്റി. അനുബന്ധ സാമഗ്രികളുടെ വിപണനവും സർവ്വീസും, പ്രിന്റിംഗ് ആൻഡ് പബ്ലിഷിംഗ്, കാറ്ററിംഗ് സർവ്വീസ്, തൊഴിൽ നൈപുണ്യമുള്ള യുവാക്കളുടെ തൊഴിൽ സേന രൂപീകരിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, ഇലക്ട്രോണിക് മാലിന്യങ്ങൾ, ജൈവ/അജൈവ മാലിന്യങ്ങൾ എന്നിവയുടെ ശേഖരണവും സംസ്കരണവും, ഗാർഡനിംഗ്, ടൂറിസം പദ്ധതികൾ നടപ്പിലാക്കുക, ടൂറിസം വ്യവസായത്തിന് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക- അതിലൂടെ തൊഴിൽ ലഭ്യമാക്കുക, ഫുഡ് പ്രൊസസ്സിംഗ് യൂണിറ്റ്, ടൂറിസം മേഖലയിലെ പദ്ധതികൾ, സുഗന്ധ വ്യഞ്ജനങ്ങളുടെ ഓൺലൈൻ വ്യാപാരം, ടൂറിസം പ്രൊമോഷൻ, ഹോംസ്റ്റേ, ട്രക്ക്സ്, സുഗന്ധ വ്യഞ്ജനങ്ങളുടെ വ്യാപാരം, നിത്യോപയോഗ സാധനങ്ങളുടെ ഉൽപ്പാദനം, മറ്റ് അവശ്യ സാധനങ്ങളുടെ സംഭരണവും വിതരണവും, നിത്യോപയോഗ സാധനങ്ങൾ സംഘത്തിന്റെ കോൾ സെന്റർ വഴി വീടുകളിൽ എത്തിച്ചുകൊടുക്കുക, ബേക്കറി സാധനങ്ങളുടെ ഉൽപ്പാദനവും വിതരണവും, നെല്ല്, ഇഞ്ചി, മഞ്ഞൾ കൃഷി, മത്സ്യ കൃഷി, വാഴ, പച്ചക്കറി കൃഷി തുടങ്ങിയവയുടെ ഉൽപ്പാദനവും വിതരണവും, ലേബർ ബാങ്ക് രൂപീകരിക്കുക, ജനസേവന കേന്ദ്രങ്ങൾ ആരംഭിക്കുക, ഹോളോബ്രിക്സ് യൂണിറ്റുകൾ ആരംഭിക്കുക, വിവിധതരം പച്ചക്കറികളുടെ ഉൽപ്പാദനവും സംഭരണവും വിതരണവും, മെഡിസിൻ ഡിസ്ട്രിബ്യൂഷൻ, ഡിസ്ട്രിബ്യൂഷൻ ഓഫ് ലേബർ എക്യുപ്മെന്റ്സ്, സെക്യൂരിറ്റി ജോബ് തുടങ്ങിയവ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ, പ്ലംബിംഗ് സിസ്റ്റം, ഡിസൈൻ, എഞ്ചിനീയറിംഗ്, സപ്ലൈ ഇൻസ്റ്റലേഷൻ ആൻഡ് മെയിന്റനൻസ്, കാർഷിക വിഭവ ശേഖരങ്ങൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി വിപണന ശ്രേണിയൊരുക്കുക, ഗുണമേന്മയുള്ള വസ്തുങ്ങൾ വിപണിയിലെത്തിക്കുക, ഈവന്റ് മാനേജ്മെന്റ് ഗ്രൂപ്പുകൾ രൂപീകരിക്കുക, ഐ.റ്റി. സർവ്വീസസ്, റസ്റ്റോറന്റ്, കാർഷിക വിളകളുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, കാർഷികോപകരണങ്ങൾ മറ്റ് സംസ്ഥാനങ്ങളിൽനിന്നും വാങ്ങി മിതമായ നിരക്കിൽ വ്യാപാരം നടത്തുക തുടങ്ങിയ പ്രവൃത്തികളാണ് പ്രസ്തുത സംഘങ്ങൾ ഏറ്റെടുത്ത് നടത്താൻ ഉദ്ദേശിക്കുന്നത്.

## കരുവന്നൂർ സഹകരണ ബാങ്കിലെ ക്രമക്കേടുകൾ

336 (721) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ സഹകരണ ബാങ്കിലെ ക്രമക്കേടുകൾ സംബന്ധിച്ച അന്വേഷണം ഏതു ഘട്ടത്തിലാണ്;

(ബി) സഹകരണ നിയമപ്രകാരവും സർക്കാർ തലത്തിൽ നടന്നുവരുന്ന ക്രിമിനൽ ഇൻവെസ്റ്റിഗേഷൻ നടപടി പ്രകാരവുമുള്ള അന്വേഷണവും ഉന്നതതല സമിതിയുടെ അന്വേഷണവും നിലവിൽ ഏതു ഘട്ടത്തിലാണെന്നും കുറ്റക്കാരായി എത്രപേരെ കണ്ടെത്തിയിട്ടുണ്ടെന്നും അറിയിക്കുമോ?

(എ&ബി) സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടിന്മേൽ സർചാർജ്ജ് നടപടികളുടെ ഭാഗമായി സഹകരണ നിയമം വകുപ്പ് 68(1) പ്രകാരം അന്വേഷണം നടന്നുവരികയാണ്. ക്രിമിനൽ ഇൻവെസ്റ്റിഗേഷൻ നടപടി പ്രകാരമുള്ള അന്വേഷണവും സർക്കാർ നിയോഗിച്ച ഉന്നതതല സമിതിയുടെ അന്വേഷണവും പുരോഗമിക്കുകയാണ്. ഉന്നതതല സമിതി നൽകിയ ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്രമക്കേട് കണ്ടുപിടിക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്. അന്തിമ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് മറ്റുനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) സഹകരണസംഘം നിയമപ്രകാരം രജിസ്ട്രേഷനുള്ള എത്ര സഹകരണ സംഘങ്ങൾ സംസ്ഥാനത്ത് നിലവിലുണ്ടെന്നും ഇവയുടെ ഭരണവ്യവസ്ഥ എപ്രകാരമാണെന്നും വ്യക്തമാക്കുമോ?

നിലവിൽ കേരളത്തിൽ സഹകരണ നിയമപ്രകാരം 16,112 സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേരള സഹകരണ നിയമം, ചട്ടം 35 (എ) പ്രകാരം പൊതുയോഗത്തിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഭരണസമിതിയാണ് സംഘത്തിന്റെ ഭരണനിർവ്വഹണം നടത്തുന്നത്.

(ഡി) ഈ സർക്കാരിന്റെ കാലയളവിൽ ഏതെല്ലാം സഹകരണ സംഘങ്ങളിൽ നാളിതുവരെ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടെന്നും അതിൽ എത്രപേർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിക്കുമോ; വിശദാംശം നൽകുമോ?

ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുള്ള സംഘങ്ങളുടെ പേര് ചുവടെ ചേർക്കുന്നു:

1) ചിറയിൻകീഴ് താലൂക്ക് ഓട്ടോ തൊഴിലാളി സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി. 1669

2) നെടുമങ്ങാട് ടൗൺ ഹോട്ടൽ സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.1084

3) കോലിയക്കോട് കൺസ്യൂമർ സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.1002

4) പള്ളിച്ചൽ കോ-ഓപ്പറേറ്റീവ് അഗ്രിക്കൾച്ചറൽ സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.1523

5) ഇളവനിക്കര വനിതാ സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.1661

6) കാഞ്ഞിരംകുളം കൺസ്യൂമർ സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.1181

7) വെൺകുളം റസിഡൻസ് വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.1969

8) കൊല്ലയിൽ പഞ്ചായത്ത് പ്രൈമറി അഗ്രികൾച്ചറൽ ക്രെഡിറ്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.1657

9) പള്ളിച്ചൽ ഫാർമേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.677

10) നെയ്യാറ്റിൻകര കാർഷിക മൃഗസംരക്ഷണ മത്സ്യ കർഷക വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.2048

11) മൂക്കന്നൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഇ. 62

12) മണീട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഇ. 59

13) കർത്തേടം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 123

14) സുൽത്താൻബത്തേരി കാർഷിക താലൂക്ക് പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക്

15) പുൽപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക്

16) വെള്ളമുണ്ട സർവ്വീസ് സഹകരണ ബാങ്ക്

17) കുറ്റിക്കോൽ അഗ്രികൾച്ചറിസ്റ്റ് വെൽഫയർ സഹകരണ സംഘം

18) ചിന്നക്കനാൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഐ 18

19) വണ്ണപ്പുറം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2555

20) കട്ടപ്പന നഗരസഭാ വനിതാ സഹകരണ സംഘം ക്ലിപ്തം നമ്പർ ഐ 369

21) മഹാത്മാ ഗാന്ധി മൾട്ടി പർപ്പസ് സഹകരണ സംഘം ക്ലിപ്തം നമ്പർ പി 1371

22) ആലത്തൂർ ബിൽഡിംഗ് & റോഡ് വർക്കേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ പി 1319

23)കുലുക്കല്ലൂർ പഞ്ചായത്ത് അഗ്രികൾച്ചർ ഇംപ്രൂവ്മെന്റ് സഹകരണ സംഘം

24) കാഞ്ഞിരമറ്റം സർവ്വീസ് സഹകരണ ബാങ്ക്

25) കുമരകം സർവ്വീസ് സഹകരണ ബാങ്ക്

26) ഏഴാച്ചേരി സർവ്വീസ് സഹകരണ ബാങ്ക്

27) ഈരാറ്റുപേട്ട സർവ്വീസ് സഹകരണ ബാങ്ക്

28) ഭരണങ്ങാനം സർവ്വീസ് സഹകരണ ബാങ്ക്

29) തലപ്പലം സർവ്വീസ് സഹകരണ ബാങ്ക്

30) കണ്ണിമല സർവ്വീസ് സഹകരണ ബാങ്ക്

31) ചെങ്ങന്നൂർ സർവ്വീസ് സഹകരണ ബാങ്ക്

32) കാലിക്കറ്റ് സിറ്റി കോ ഓപ്പറേറ്റീവ് ബാങ്ക് ക്ലിപ്തം നമ്പർ ഡി 2777

33) കാലിക്കറ്റ് ടൗൺ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഡി 2665

34) കൊയിലാണ്ടി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഡി 1869

35) കുന്നമംഗലം മേഖലാ കാർഷിക വെൽഫയർ സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി 3000

36) ഫറോക്ക് അഗ്രികൾച്ചർ ഇംപ്രൂവ്മെന്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി 3126

37) ക്ലാപ്പന സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ക്യൂ 864

38) നെടുങ്ങോലം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2845

39) ആദിച്ചനല്ലൂർ റൂറൽ സഹകരണ സംഘം ക്ലിപ്തം നമ്പർ ക്യൂ 1538

40) മൈലം പഞ്ചായത്ത് ജനസേവിനി വനിതാ സഹകരണ സംഘം ക്ലിപ്തം നമ്പർ ക്യൂ 1453

41) നടയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1874

42) മയ്യനാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2294

43) ത്രിക്കരുവ പഞ്ചായത്ത് റസിഡൻസ് വെൽഫയർ സഹകരണ സംഘം ക്ലിപ്തം നമ്പർ ക്യൂ 1547

44) അബ്ദുൽ റഹിമാൻ നഗർ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ് 583

45) കാലിക്കറ്റ് യൂണിവേഴ്സിറ്റി പെൻഷനേഴ്സ് സഹകരണ സംഘം

46) പരപ്പനങ്ങാടി പട്ടികജാതി സർവീസ് സഹകരണ സംഘം

47) മോങ്ങം അർബൻ സഹകരണ സംഘം

48) നെടിയിരുപ്പ് വനിതാ സഹകരണ സംഘം

49) കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്ക്

ക്രമക്കേടുകളുമായി ബന്ധപ്പെട്ട് 68 പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

## കൺസ്യൂമർഫെഡിന്റെ പ്രവർത്തനം

337 (722) ശ്രീ. വി. ശശി:
ശ്രീ. സി. സി. മുകുന്ദൻ:
ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. വാഴൂർ സോമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൺസ്യൂമർ ഫെഡിന്റെ ഓൺലൈൻ വ്യാപാര പരിപാടിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

2020 ഏപ്രിൽ മാസത്തെ ആദ്യഘട്ട കോവിഡ് വ്യാപനസമയം മുതലാണ് കൺസ്യൂമർഫെഡിൽ ഓൺലൈൻ വ്യാപാരം ആരംഭിച്ചിട്ടുള്ളത്. അവശ്യ നിത്യോപയോഗ സാധനങ്ങൾ കിറ്റുകളാക്കി വിതരണം ചെയ്യുകയാണ് ആദ്യഘട്ടത്തിൽ ചെയ്തിട്ടുള്ളത്. രണ്ടാംഘട്ട കോവിഡ് വ്യാപനത്തിന്റെ ഭാഗമായി ഈ പദ്ധതി വിപുലീകരിച്ച് എല്ലാവിധ നിത്യോപയോഗസാധനങ്ങളും വിതരണം

ചെയ്യാൻ കഴിയുംവിധം പ്രവർത്തനസജ്ജമാക്കുകയും പൈലറ്റ് റണ്ണായി കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതി തിരുവനന്തപുരം, എറണാകുളം, കണ്ണൂർ, മലപ്പുറം, വയനാട് ജില്ലകളിലേയ്ക്കും ഇതിനകം വ്യാപിപ്പിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ ഓൺലൈൻ വ്യാപാരം ഉടൻ ആരംഭിക്കുന്നതാണ്. www.consumerfed.in വെബ്സൈറ്റാണ് ഓൺലൈൻ വ്യാപാരത്തിനായി ഉപയോഗിക്കുന്നത്. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്, മലപ്പുറം ജില്ലകളിലായി ഹോം അപ്ലയൻസും, ഇലക്ട്രോണിക്സ് ഉപകരണങ്ങളും 2021 ഓണക്കാലത്ത് ഓൺലൈനായി ഉപഭോക്താക്കളിലേക്കെത്തിച്ചിരുന്നു.

(ബി) കൺസ്യൂമർ ഫെഡിന്റെ ഹോം ഡെലിവെറി സംവിധാനം വിപുലീകരിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കോവിഡ് മഹാമാരിയുടെ കാലഘട്ടത്തിലാണ് കൺസ്യൂമർ ഫെഡിൽ നിത്യോപയോഗ സാധനങ്ങളും അവശ്യമരുന്നുകളും വീട്ടുപടിക്കൽ എത്തുംവിധം ഹോം ഡെലിവറി സംവിധാനം നടപ്പിലാക്കിയത്. ജീവനക്കാർ ഇരുചക്ര വാഹനങ്ങളിലും മറ്റും സാധനങ്ങൾ എത്തിച്ചുനൽകുകയാണ് ചെയ്യുന്നത്. പ്രാദേശികമായി പ്രവർത്തിക്കുന്ന ത്രിവേണികളിലെയും അതത് റീജിയണൽ ഓഫീസുകളിലെയും ജീവനക്കാരുടെ ഫോൺ നമ്പറുകൾ പത്രദ്വാര പരസ്യപ്പെടുത്തി പ്രസ്തുത നമ്പറുകളിലേയ്ക്ക് വാട്സ്ആപ്പ് മുഖാന്തരം ലഭിക്കുന്ന ഓർഡറുകൾ അനുസരിച്ചുള്ള സാധനങ്ങളാണ് വീട്ടുപടിക്കൽ എത്തിച്ചുനൽകുന്നത്. ഇതിനായി പ്രത്യേക ചാർജ്ജ് ഈടാക്കുന്നില്ല. മുഴവൻ ജില്ലകളിലേയും ത്രിവേണികളിൽ ഹോം ഡെലിവറി സംവിധാനം ആവശ്യമുള്ള ഉപഭോക്താക്കൾക്കായി നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു. നീതി മെഡിക്കൽ സ്റ്റോറുകൾ മുഖേന മരുന്നുകളും ഹോം ഡെലിവറിയായി ആവശ്യമുള്ള ഉപഭോക്താക്കൾക്ക്എത്തിച്ച് നൽകിവരുന്നുണ്ട്.

(സി) കോവിഡ്കാല ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിന് കൺസ്യൂമർ ഫെഡ് വഴി ശക്തമായ ഇടപെടൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

കോവിഡ്കാല ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനായി കൺസ്യൂമർ ഫെഡിന്റെ കീഴിലുള്ള എല്ലാ ത്രിവേണി യൂണിറ്റുകളിലും ഉപഭോക്താക്കളുടെ വാട്സാപ്പ് ഗ്രൂപ്പ് രൂപീകരിച്ച് അവരിൽനിന്നും അവശ്യനിത്യോപയോഗ സാധനങ്ങളുടെ ഓർഡർ സ്വീകരിച്ച് വീടുകളിൽ എത്തിച്ചുനൽകി. അതോടൊപ്പം ഓൺലൈൻ വെബ് സൈറ്റ് ആയ www.consumerfed.in വഴി ഓർഡർ ശേഖരിച്ച് അവശ്യ നിത്യോപയോഗസാധനങ്ങൾ ഹോം ഡെലിവറി സംവിധാനത്തിലൂടെ വിതരണം ഉറപ്പാക്കി. കൂടാതെ കണ്ടെയിൻമെന്റ് സോണുകളിൽ മൊബൈൽ

ത്രിവേണികൾ ഉൾപ്പെടുത്തി നിത്യോപയോഗ സാധനങ്ങൾ എത്തിച്ചു നൽകുന്നതിന് സാധിച്ചു. ഭക്ഷ്യധാന്യ ദൗർലഭ്യം ഉണ്ടാകാതിരിക്കാൻ രണ്ട് മാസത്തേയ്ക്ക് ആവശ്യമായ നിത്യോപയോഗ സാധനങ്ങൾ ഗോഡൗണുകളിൽ ശേഖരിച്ച് ആവശ്യാനുസരണം വിതരണം നടത്തുകയുമുണ്ടായി.

(ഡി) കോവിഡ് പ്രതിരോധത്തിനായി കുറഞ്ഞവിലയ്ക്ക് പ്രതിരോധ മെഡിക്കൽ കിറ്റ് നീതി മെഡിക്കൽ സ്റ്റോറുകളിലൂടെ വിപണിയിൽ എത്തിച്ചിരുന്നോ; വിശദമാക്കാമോ?

മഹാമാരി സാഹചര്യങ്ങൾ കണക്കിലെടുത്ത് പ്രതിരോധശേഷി വർദ്ധിപ്പിക്കുവാൻ ഉപയോഗിക്കേണ്ട 10 ഇനം ഉൽപ്പന്നങ്ങൾ ഉൾപ്പെടുത്തി 200 രൂപ നിരക്കിൽ ഉപഭോക്താവിന് ലഭ്യമാക്കുന്ന തരത്തിൽ ഒരു കോവിഡ് പ്രതിരോധ കിറ്റ് നീതി മെഡിക്കൽ സ്റ്റോറുകൾ വഴി വിതരണം ചെയ്തിരുന്നു. മാസ്ക്, മുഖ ഷീൽഡ്, പാരസെറ്റാമോൾ, ആരോഗ്യദായക ഇനങ്ങൾ എന്നിവ പ്രതിരോധ മെഡിക്കൽ കിറ്റിൽ ഉൾപ്പെടുത്തിയിരുന്നു. ഇവ കൺസ്യൂമർ ഫെഡിന്റെയും വിവിധ സഹകരണ സംഘങ്ങളുടേയും നീതി മെഡിക്കൽ സ്റ്റോറുകൾ വഴി വിതരണം ചെയ്യുകയുമുണ്ടായിരുന്നു.

(ഇ) കോവിഡ് പ്രതിരോധ സാമഗ്രികളായ മാസ്ക്, സാനിറ്റൈസർ എന്നിവ സംഭരിച്ച് കുറഞ്ഞ വിലയ്ക്ക് നീതി മെഡിക്കൽ സ്റ്റോറുകൾ വഴി വിതരണം ചെയ്യാൻ നടപടികൾ സ്വീകരിച്ചിരുന്നോ; വിശദമാക്കാമോ?

മാസ്ക്, സാനിറ്റൈസർ മുതലായ ഉൽപ്പന്നങ്ങൾ കമ്പനി/ വിതരണക്കാരിൽനിന്നും നേരിട്ട് വലിയ അളവിൽ സംഭരിച്ച് കുറഞ്ഞ നിരക്കിൽ കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന നീതി മെഡിക്കൽ സ്റ്റോറുകൾ, സഹകരണ സംഘങ്ങൾ നടത്തുന്ന നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവ മുഖേന വിതരണം ചെയ്തിരുന്നു. സർക്കാർ സംരംഭമായ കെ.എസ്.ഡി.പി. ഉൽപ്പാദിപ്പിക്കുന്ന സാനിറ്റൈസറുകളും വിതരണം നടത്തിയിരുന്നു.

## കാഞ്ഞങ്ങാട് സഹകരണ പരിശീലന കേന്ദ്രത്തിലെ ഉത്തരപേപ്പർ മോഷണം

338 (723) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാഞ്ഞങ്ങാട് സഹകരണ പരിശീലന കേന്ദ്രത്തിലെ കുട്ടികളുടെ ഒന്നാം സെമസ്റ്റർ പരീക്ഷയുടെ ഉത്തരപേപ്പർ മോഷണം പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ കാര്യത്തിൽ സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കുമോ?

സംസ്ഥാന സഹകരണ യൂണിയൻ 2021 ഫെബ്രുവരി മാസത്തിൽ നടത്തിയ എച്ച്.ഡി.സി. ആൻഡ് ബി.എം.കോഴ്സിന്റെ ഒന്നാം സെമസ്റ്റർ പരീക്ഷയുടെ "ഫംഗ്ഷൻസ് ഓഫ് മാനേജ്മെന്റ് ആൻഡ് അഡ്മിനിസ്ട്രേഷൻ" എന്ന വിഷയത്തിന്റെ ഉത്തരക്കടലാസുകൾ അടങ്ങിയ ബണ്ടിൽ, ശേഖരിച്ച ശേഷമുള്ള യാത്രാമദ്ധ്യേ വാഹനത്തിൽനിന്നും നഷ്ടപ്പെട്ടിട്ടുള്ളതാണ്. ഇക്കാര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുകയും തുടർന്ന് ടി വിഷയത്തിൽ 19-7-2021-ന് പുനഃപരീക്ഷ നടത്തി 10.8.2021-ന് പരീക്ഷാഫലം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

**സഹകരണ ആശുപത്രികളിലെ ചികിത്സാ സംവിധാനം**

339 (724) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. പി. അബ്ദുൽ ഹമീദ് :
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ആശുപത്രികളിൽ ചികിത്സാ സംവിധാനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ സഹായത്തോടെ പുതിയ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കാമോ?

സഹകരണ ആശുപത്രികളിൽ ചികിത്സാ സംവിധാനം വർദ്ധിപ്പിക്കുന്നതിന് സമഗ്രമായ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതാണ്.

(ബി) രണ്ടാം ഘട്ട കോവിഡ് വ്യാപന സമയത്ത് കിടത്തി ചികിത്സാ, പ്രതിരോധപ്രവർത്തനങ്ങൾ എന്നിവയ്ക്ക് സഹകരണ ആശുപത്രികൾ ലഭ്യമാക്കിയ സഹായങ്ങൾ വിശദമാക്കുമോ?

രണ്ടാംഘട്ട കോവിഡ് വ്യാപന സമയത്ത് വിവിധ ജില്ലകളിലായി സഹകരണ ആശുപത്രികൾ സി.എഫ്.എൽ.റ്റി.സി. ആരംഭിക്കുകയും കോവിഡ് രോഗികൾക്കായി കിടക്കകൾ സജ്ജീകരിക്കുകയും പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഓക്സീമീറ്റർ, തെർമോമീറ്റർ, മാസ്ക്, സാനിറ്റൈസർ, കയ്യുറകൾ, മരുന്നുകൾ എന്നിവ സൗജന്യമായി നൽകിയിട്ടുണ്ട്. കൂടാതെ രോഗ നിർണ്ണയ ക്യാമ്പുകളും സംഘടിപ്പിച്ചിട്ടുണ്ട്. പോസ്റ്റ് കോവിഡ് രോഗികൾക്കായി പ്രത്യേക ക്ലിനിക് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ചില സഹകരണ ആശുപത്രികൾ ശസ്ത്രക്രിയ ആവശ്യമുള്ള കോവിഡ് രോഗികൾക്ക് പ്രത്യേകം ഓപ്പറേഷൻ തീയേറ്ററും കോവിഡ് ബ്ലോക്കും സജ്ജീകരിച്ചിരുന്നു.

(സി) കോവിഡ് ചികിത്സ, പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ ഊർജ്ജിതമാക്കാനും ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും സഹകരണ ആശുപത്രികളിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

കോവിഡ് ചികിത്സ, പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി സഹകരണ ആശുപത്രികളിൽ ഹെൽത്ത് ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് കോവിഡ് വാക്സിനേഷൻ നടത്തി. വാക്സിനേഷൻ സാർവ്വത്രികമാക്കുന്നതിന്റെ ഭാഗമായി ക്യാമ്പ് നടത്തുകയും സ്ഥാപനങ്ങളിലും കിടപ്പുരോഗികൾക്ക് വീടുകളിൽ എത്തിയും വാക്സിനേഷൻ നൽകി. ആശുപത്രിയിൽ വരാൻ ബുദ്ധിമുട്ടുള്ള രോഗികൾക്കായി ടെലിമെഡിസിൻ സംവിധാനം ഏർപ്പെടുത്തി. ചില സഹകരണ ആശുപത്രികളിൽ കോവിഡ് ക്രൈസിസ് മാനേജ്മെന്റ് ടീം രൂപീകരിച്ച് കോവിഡ് പ്രതിരോധ പ്രവർത്തനം വിലയിരുത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി. ചില സഹകരണ ആശുപത്രികളിൽ കേന്ദ്രീകൃത ഓക്സിജൻ സപ്ലൈ സംവിധാനം, കോവിഡ്-രോഗ ബോധവൽക്കരണത്തിന്റെ ഭാഗമായി വാക്സിൻ ചലഞ്ച്, ബോധവൽക്കരണ ക്യാമ്പ്, കോവിഡാനന്തര ചികിത്സ എന്നിവ നടത്തിവരുന്നു. ആശുപത്രി അണുവിമുക്തമാക്കുന്നതിന് ആധുനിക സജ്ജീകരണങ്ങൾ ഏർപ്പെടുത്തി. സർക്കാർ നിശ്ചയിച്ച നിരക്കിൽ ആന്റിജൻ, ആർ.ടി.പി.സി.ആർ. പരിശോധന സംവിധാനങ്ങൾ ഏർപ്പെടുത്തി.

**സഹകരണ ബാങ്കുകളിലെ വായ്പ**

340 (725) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ നിന്ന് വായ്പയെടുത്തവർ കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ യഥാസമയം വായ്പ തിരിച്ചടയ്ക്കാനാവാതെ ബാങ്ക് നടപടി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരത്തിൽ ദുരിതം നേരിടുന്നവർക്കുള്ള ആശ്വാസ നടപടികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

വായ്പ എടുത്ത് കുടിശ്ശിക ആയിട്ടുള്ളതും കോവിഡ് മഹാമാരി കാരണം ജീവിതം ദുഃസഹമായിരിക്കുന്നതുമായ വായ്പക്കാർക്ക് ആശ്വസമാവുക എന്ന ലക്ഷ്യത്തോടുകൂടി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിവരുന്നു. ടി പദ്ധതിയിലൂടെ വായ്പക്കാർക്ക് പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കിയും പലിശയിൽ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 50% വരെ ഇളവ് നൽകിയും അർഹരായവർക്ക് മാനദണ്ഡങ്ങൾ പാലിച്ച് മുതലിൽ ഇളവ് നൽകിയും വായ്പാ കണക്ക് അവസാനിപ്പിച്ചുവരുന്നു.

(സി) ദീർഘനാളായി വായ്പ തിരിച്ചടവ് മുടങ്ങിയവർക്ക് ഒറ്റത്തവണയായി തീർപ്പാക്കുന്നതിന് ആനുകൂല്യം നൽകുന്നുണ്ടോ; വിശദമാക്കാമോ?

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി-2021 നടപ്പിലാക്കി വരുന്നു. ദീർഘനാളായി തിരിച്ചടവ് മുടങ്ങിയവർക്ക് ഇളവുകളോടെ വായ്പ കണക്ക് അവസാനിപ്പിക്കാവുന്നതാണ്. പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ഉൾപ്പെടുന്ന സഹകരണ സംഘം രജിസ്ട്രാറുടെ 32/2021 സർക്കുലർ നിർദ്ദേശം ഉള്ളടക്കം* ചെയ്യുന്നു.

(ഡി) വീടും സ്ഥലവും പണയപ്പെടുത്തി വായ്പയെടുത്ത നിരവധി പേർ തിരിച്ചടവ് മുടങ്ങി സഹകരണ ബാങ്കുകളുടെ ജപ്തി ഭീഷണി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്ക് ആശ്വാസമാകുന്ന നടപടികൾ പരിഗണനയിലുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വായ്പാ കുടിശ്ശിക ഉള്ളവർക്ക് ആശ്വസമേകുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

**കോവിഡ് പ്രതിസന്ധി നേരിടുന്നതിനുള്ള സഹായ പദ്ധതികൾ**

341 (726) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ, പ്രാഥമിക സഹകരണ സംഘങ്ങൾ, ബാങ്കുകൾ എന്നിവയുടെ കുടിശ്ശിക കുറയ്ക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കാമോ?

കോവിഡ് പശ്ചാത്തലത്തിൽ വായ്പക്കാർക്ക് അവരുടെ കടബാദ്ധ്യതയിൽ നിന്നും പരമാവധി മോചനം നൽകുന്നതിനും ബാങ്കുകളിലെ വായ്പാ കുടിശ്ശിക കുറയ്ക്കുന്നതിനുമായി കേരള സംസ്ഥാന സഹകരണ ബാങ്കിലും മലപ്പുറം ജില്ലാ സഹകരണ ബാങ്കിലും ഇളവുകളോടെ വായ്പകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

(ബി) കോവിഡ് പ്രതിസന്ധി നേരിടുന്നതിനുള്ള സഹായ പദ്ധതികൾ സഹകരണ വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കോവിഡ്-19 രോഗബാധ ഉണ്ടായതിനെത്തുടർന്ന് എല്ലാ സഹകരണ സ്ഥാപനങ്ങളിൽ/ബാങ്കുകളിൽനിന്നും എടുത്തിട്ടുള്ള എല്ലാവിധ വായ്പകൾക്കും 1-3-2020 മുതൽ 31-8-2020 വരെ മ മൊറട്ടോറിയം പ്രഖ്യാപിച്ചിരുന്നു. കൂടാതെ കോവിഡ് പശ്ചാത്തലത്തിൽ ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

### 1. SLF (Special Liquidity Facility) വായ്പ പദ്ധതി:

കോവിഡ്-19 രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ കാർഷിക മേഖലയേയും ചെറുകിട വ്യവസായ മേഖലയേയും (MSME) സജീവമായി നിലനിർത്തുന്നതിനായി ബാങ്കുകളിൽ നിന്നുള്ള ധനസഹായം മുടക്കം കൂടാതെ നൽകുന്നതിനായി സംസ്ഥാനത്തെ സഹകരണ മേഖലയിൽക്കൂടി വിനിയോഗിക്കുന്നതിന് Special Liquidity Facility(SLF) എന്ന പേരിൽ 2020 വർഷത്തിൽ 2,000 കോടി രൂപയും (SLF-I) 2021 വർഷത്തിൽ 1,670 കോടി രൂപയും (SLF – II) നബാർഡിൽ നിന്നും കേരള സംസ്ഥാന സഹകരണ ബാങ്കിന് ധനസഹായം അനുവദിച്ചിരുന്നു. സംസ്ഥാന സഹകരണ ബാങ്കിൽ കുടിശ്ശിക ഇല്ലാത്ത എല്ലാ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ മുഖേനയാണ് വായ്പ വിതരണം ചെയ്യുന്നത്. ഹ്രസ്വകാല കാർഷിക ഉല്പാദനത്തിനും കാർഷികാനുബന്ധ പ്രവർത്തന മൂലധന ആവശ്യങ്ങൾക്കും (മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യവളർത്തൽ, പൗൾട്രി, നെൽകൃഷി, പച്ചക്കറി കൃഷി ഉൾപ്പെടെയുള്ള തന്നാണ്ട് വിള ഇനങ്ങൾക്ക്) കൂടാതെ MSME (സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ) യൂണിറ്റുകൾക്ക് പ്രവർത്തനമൂലധനമായും ഒരു വർഷക്കാലയളവിൽ തിരിച്ചടയ്ക്കാൻ കഴിയുന്ന പദ്ധതികൾക്കുമാണ് വായ്പ അനുവദിക്കുന്നത്. ചെറുകിട കച്ചവടക്കാർ, വ്യാപാരികൾ, കർഷകർ എന്നിവർക്ക് പ്രവർത്തന മൂലധനം ക്യാഷ് ക്രെഡിറ്റ് ആയോ, മാസത്തവണകളായി ഒരു വർഷക്കാലയളവിൽ തിരിച്ചടയ്ക്കാവുന്ന രീതിയിൽ വായ്പയായും ധനസഹായം അനുവദിക്കുന്നു. ഈ പദ്ധതി പ്രകാരം വ്യക്തികൾക്ക് അനുവദിക്കാവുന്ന പരമാവധി വായ്പാത്തുക 2,00,000 രൂപയാണ്. ഒരു വർഷ കാലാവധിയുള്ള ടി വായ്പയുടെ പലിശ നിരക്ക് 6.40% ആണ്.

### 2. മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി (CM' s Helping Hand Loan Scheme- CMHLS):

കോവിഡ് വ്യാപനം തടയുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് 2020 വർഷത്തിൽ ഏർപ്പെടുത്തിയിരുന്ന ലോക്ക്ഡൗണിനെ തുടർന്നുള്ള തൊഴിൽ നഷ്ടവും തൻമൂലം സാധാരണക്കാർക്ക് ഉണ്ടാകുന്ന ദുരിതവും കണക്കിലെടുത്ത്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ച പാക്കേജിൽ ഉൾപ്പെട്ട, കുടുംബശ്രീ മുഖേനയുള്ള വായ്പാപദ്ധതിയായ " മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി (CM's Helping Hand Loan Scheme- CMHLS)" പ്രകാരം കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് അക്കൗണ്ടുള്ള കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ (കേരള ബാങ്ക്) ശാഖകൾ, മലപ്പുറം ജില്ലാ സഹകരണ ബാങ്ക്, പ്രാഥമിക കാർഷിക

വായ്പാ സഹകരണ സംഘങ്ങൾ എന്നിവ മുഖേന 2020 വർഷത്തിൽ നടപ്പിലാക്കിയിരുന്നു. ടി പദ്ധതി പ്രകാരം കോവിഡ്-19 നിമിത്തം അയൽക്കൂട്ടത്തിന്/കുടുംബത്തിന് ഉണ്ടായിട്ടുള്ള സാമ്പത്തിക ബുദ്ധിമുട്ടിനും അവരുടെ സാമ്പത്തിക സ്ഥിതിക്ക് ആനുപാതികമായും ഒരംഗത്തിന് 5,000/10,000/15,000/20,000 എന്നിങ്ങനെ പരമാവധി 20,000 രൂപ വരെ വായ്പ അനുവദിക്കുന്നു. ബാങ്കുകൾ 8.50% മുതൽ 9% വരെ പലിശ നിരക്കിൽ (പരമാവധി 9%) അയൽക്കൂട്ടങ്ങൾക്ക് വായ്പ ലഭ്യമാക്കുന്നു. 6 മാസം മൊറട്ടോറിയം ഉൾപ്പെടെ 36 മാസമാണ് വായ്പാ കാലാവധി. വായ്പയുടെ പലിശ തുക 3 വാർഷിക ഗഡുക്കളായി സർക്കാരിൽനിന്നും സബ്സിഡിയായി അയൽക്കൂട്ടങ്ങളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കുടുംബശ്രീ മുഖേന ലഭ്യമാക്കുന്നതാണ്.

## സഹകരണ ബാങ്ക് വായ്പ തിരിച്ചടവ്

342 (727) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ വായ്പാ തിരിച്ചടവിൽ കുടിശ്ശിക വരുത്തിയവർക്കെതിരെ ജപ്തി നടപടികൾ സ്വീകരിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോവിഡ് മഹാമാരിയുടെ ദുരിതകാലത്ത് വരുമാനമില്ലാതെ വായ്പ യഥാസമയം തിരിച്ചടയ്ക്കാൻ കഴിയാതെ പോയവർക്ക് കൂടുതൽ സമയം അനുവദിക്കുന്നതിനും പലിശയിൽ ഇളവുകൾ അനുവദിക്കുന്നതിനും ജപ്തി നടപടികൾ ഒഴിവാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ വായ്പാ തിരിച്ചടവുമായി ബന്ധപ്പെട്ട് ജപ്തി നടപടികളിലും തിരിച്ചടവിൽ സാവകാശം അനുവദിക്കുന്നതിലും സഹകരണ ബാങ്കുകൾ അനുവദനീയമായ പരമാവധി ഇളവുകൾ നൽകുന്നുണ്ട്. വായ്പക്കാർക്ക് അവരുടെ കടബാദ്ധ്യതയിൽ നിന്നും പരമാവധി മോചനം നൽകുന്നതിനും ബാങ്കിലെ വായ്പാ കുടിശ്ശിക കുറയ്ക്കുന്നതിനുമായി കേരള സംസ്ഥാന സഹകരണ ബാങ്കിലും മലപ്പുറം ജില്ലാ സഹകരണ ബാങ്കിലും ഇളവുകളോടെ വായ്പകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ 32/2021 സർക്കുലർ നിർദ്ദേശങ്ങൾക്ക് വിധേയമായി നവകേരളീയം കുടിശ്ശിക നിവാരണം പദ്ധതി 2021 പ്രകാരം നിയമാനുസൃത ഇളവുകൾ, സാവകാശം എന്നിവ അനുവദിക്കുകയും ജപ്തി നടപടികൾ നിർത്തിവയ്ക്കുകയും ചെയ്തിട്ടുണ്ട്.

## വിദ്യാതരംഗിണി വായ്പ

343 (728) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ സഹകരണ സ്ഥാപനങ്ങളിൽ വിദ്യാതരംഗിണി വായ്പാ പദ്ധതി പ്രകാരം എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ?

പാറശ്ശാല നിയോജകമണ്ഡലത്തിലെ സഹകരണ സ്ഥാപനങ്ങളിൽ വിദ്യാതരംഗിണി വായ്പാ പദ്ധതി പ്രകാരം 1968 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം അനുവദിച്ച വായ്പയുടെ വിശദാംശം പഞ്ചായത്ത് അടിസ്ഥാനത്തിൽ നൽകാമോ?

നൽകാം. വിദ്യാതരംഗിണി വായ്പാ പദ്ധതി പ്രകാരം പാറശ്ശാല നിയോജകമണ്ഡലത്തിൽ അനുവദിച്ച വായ്പയുടെ വിശദാംശം പഞ്ചായത്ത് അടിസ്ഥാനത്തിൽ അനുബന്ധമായി ചേർക്കുന്നു*.

## സഹകരണ വായ്പാ കുടിശ്ശിക

344 (729) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽനിന്ന് ലോൺ എടുത്ത പാവപ്പെട്ടവർക്ക് കോവിഡ് കാലത്ത് ലോണുകളിൽ വന്ന കുടിശ്ശിക ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കോവിഡ്-19 മഹാമാരിയും അതിനെ തുടർന്നുള്ള ലോക്ക്ഡൗൺ ഉൾപ്പെടെയുള്ള നിയന്ത്രണങ്ങൾ കാരണവും തൊഴിൽ നഷ്ടത്താലും ആരോഗ്യകാരണങ്ങളാലും വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ വന്ന വായ്പക്കാർക്ക് ആശ്വാസമാവുക എന്ന ലക്ഷ്യത്തോടുകൂടി പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കിക്കൊണ്ടും പലിശയിൽ പരമാവധി ഇളവുകൾ അനുവദിച്ചുകൊണ്ടും അർഹമായവർക്ക് മുതൽ തുകയിൽ ഇളവ് അനുവദിച്ചുകൊണ്ടും നവകേരളീയം കുടിശ്ശിക നിവാരണം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി-2021 നടപ്പിലാക്കി വരുന്നുണ്ട്.

(ബി) ലോൺ കുടിശ്ശിക ഒഴിവാക്കുന്നതിനുവേണ്ടി ഏതെങ്കിലും തരത്തിലുള്ള പാക്കേജ് നടപ്പിൽവരുത്താൻ കഴിയുമോ?

വായ്പാക്കാർക്ക് പരമാവധി ഇളവുകൾ അനുവദിച്ചുകൊണ്ട് ലോൺ settle ചെയ്യുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കരുവന്നൂർ സഹകരണ ബാങ്ക്

345 (730) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു സഹകരണ ബാങ്കിൽനിന്ന് എടുത്ത വായ്പ മറ്റൊരു സഹകരണ ബാങ്കിലേയ്ക്ക് മാറ്റാൻ നിയമം അനുവദിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

കേരള സഹകരണ നിയമ പ്രകാരം ഒരു സഹകരണ ബാങ്കിൽനിന്നും എടുത്ത വായ്പ മറ്റൊരു സഹകരണ ബാങ്കിലേയ്ക്ക് മാറ്റുന്നതിന് വ്യവസ്ഥയില്ല.

(ബി) കരുവന്നൂർ ബാങ്കിൽ തിരിച്ചടവ് മുടങ്ങിക്കിടന്നിരുന്ന ആരുടെയെങ്കിലും വായ്പ മറ്റേതെങ്കിലും സഹകരണ ബാങ്ക് ഏറ്റെടുത്തിട്ടുണ്ടോ?

ഏറ്റെടുത്തിട്ടുണ്ട്.

(സി) എങ്കിൽ ആരുടെ എത്ര കോടി രൂപയുടെ വായ്പ ഏത് ബാങ്ക് എപ്പോഴാണ് ഏറ്റെടുത്തതെന്ന് വ്യക്തമാക്കാമോ?

ശ്രീ. സുശീൽ കെ. ആർ., ശ്രീ.സന്തോഷ് കെ. കെ., ശ്രീ. പ്രലോഭ്, ശ്രീ. അരുൺ, ശ്രീ. മുരളീധരൻ കെ. ആർ., ശ്രീ. റോഷ്, ശ്രീമതി ജിത ബിനോയ്, ശ്രീ. ബിനോയ് കെ. പി. എന്നിവരുടെ മുതലും പലിശയുമടക്കം 3.10 കോടി രൂപയുടെ വായ്പ കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽനിന്നും കാറളം സർവ്വീസ് സഹകരണ ബാങ്ക് 28-3-2021-ൽ ഏറ്റെടുത്തിട്ടുണ്ട്.

(ഡി) വായ്പ ഏറ്റെടുത്ത ബാങ്കിന്റെ സാമ്പത്തിക സ്ഥിതി വ്യക്തമാക്കാമോ; കടക്കെണിയിൽപ്പെട്ടുകിടന്ന ബാങ്കാണോ വായ്പ ഏറ്റെടുത്തതെന്ന് വെളിപ്പെടുത്താമോ?

31-3-2021-ലെ കണക്കുകൾ പ്രകാരം കാറളം സർവ്വീസ് സഹകരണ ബാങ്കിൽ 150.71 കോടി രൂപയുടെ നിക്ഷേപ ബാക്കി നിൽപ്പും 116.11 കോടി രൂപയുടെ വായ്പ ബാക്കി നിൽപ്പും മറ്റു ബാങ്കുകളിൽ കരുതൽ നിക്ഷേപമായി 52.83 കോടി രൂപയും നിക്ഷേപിച്ചിട്ടുണ്ട്. കാറളം സർവ്വീസ് സഹകരണ ബാങ്ക് കടക്കെണിയിൽപ്പെട്ട ബാങ്കല്ല.

(ഇ) ആണെങ്കിൽ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ഘട്ടത്തിൽ വായ്പ ഏറ്റെടുക്കാനുള്ള കാരണം വ്യക്തമാക്കാമോ?

ബാധകമല്ല.

(എഫ്) ഏറ്റെടുത്ത വായ്പയ്ക്കു പുറമെ ടിയാൾക്ക് പ്രസ്തുത ബാങ്കിൽ മറ്റു വായ്പ ഉണ്ടായിരുന്നോ; എങ്കിൽ എത്ര രൂപയുടെ വായ്പയാണെന്ന് വ്യക്തമാക്കാമോ?

ഏറ്റെടുത്ത വായ്പയ്ക്ക് പുറമേ ടിയാളുകൾക്ക് പ്രസ്തുത ബാങ്കിൽ മറ്റു വായ്പകൾ ഉണ്ടായിരുന്നില്ല.

## ക്ലാപ്പന സഹകരണ ബാങ്ക് അഴിമതി

346 (731) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓച്ചിറ ക്ലാപ്പന സഹകരണ ബാങ്കിന്റെ മുറ്റത്തെ മുല്ല എന്ന ലഘുവായ്പ പദ്ധതിയിൽ കോടികളുടെ അഴിമതി നടന്നതായിട്ടുള്ള ആരോപണത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; കണ്ടെത്തലുകൾ വ്യക്തമാക്കാമോ?

ഓച്ചിറ ക്ലാപ്പന സഹകരണ ബാങ്കിന്റെ മുറ്റത്തെ മുല്ല എന്ന വായ്പ പദ്ധതിയിൽ അഴിമതി നടന്നതായിട്ടുള്ള ആരോപണത്തിൽ ബാങ്കിൽ 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 66(1) അനുസരിച്ച് ബാങ്കിൽ പരിശോധന നടത്തുന്നതിന് 13-7-2021-ൽ ഉത്തരവ് നൽകിയിട്ടുണ്ട്. പരിശോധന പൂർത്തിയായിട്ടില്ല.

(ബി) ഇക്കാര്യത്തിൽ ഉത്തരവാദികളായവർക്കെതിരെ സ്വീകരിച്ച നടപടി വെളിപ്പെടുത്താമോ; ഈ ക്രമക്കേട് സംബന്ധിച്ച് പഠിക്കാൻ ബാങ്ക് ഭരണസമിതി നിയോഗിച്ച ഉപസമിതിയുടെ കണ്ടെത്തലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഓച്ചിറ ക്ലാപ്പന സഹകരണ ബാങ്കിൽ നടക്കുന്ന, 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 66(1) അനുസരിച്ചുള്ള പരിശോധന പൂർത്തിയായിട്ടില്ല. ബാങ്കിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് ബാങ്ക് ഭരണസമിതി നിയോഗിച്ച ഉപസമിതിയുടെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി ഉപസമിതി റിപ്പോർട്ടിൽ 12 കുടുംബശ്രീ യൂണിറ്റുകളിൽ ക്രമക്കേടുകൾ നടത്തിയിട്ടുള്ളതായി പരാമർശിച്ചിട്ടുണ്ട്. ടി ഉപസമിതി റിപ്പോർട്ടിലെ പരാമർശങ്ങൾ കേരള സഹകരണ സംഘം നിയമം വകുപ്പ് 66(1) പ്രകാരമുള്ള പരിശോധനയിൽ ഉൾപ്പെടുത്തുന്നതാണ്.

## വിദ്യാതരംഗിണി വായ്പാ പദ്ധതി

347 (732) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാതരംഗിണി വായ്പാ പദ്ധതി പ്രകാരം സംസ്ഥാനമൊട്ടാകെ എത്ര വായ്പകളിലായി എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) അനുവദിച്ച വായ്പയും തുകയും ജില്ല തിരിച്ച് വിശദമാക്കാമോ?

(എ&ബി) വ്യക്തമാക്കാം. വിദ്യാതരംഗിണി വായ്പ പ്രകാരം സംസ്ഥാനമൊട്ടാകെ 86270 വായ്പകളിലായി 83,40,62,813 രൂപ അനുവദിച്ചിട്ടുണ്ട്. അനുവദിച്ച വായ്പയുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**സഹകരണ സംഘങ്ങളിൽ നിന്നെടുക്കുന്ന വായ്പകൾ**

348 (733) <u>ശ്രീ. പി. വി. അൻവർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണസംഘങ്ങളിൽനിന്ന് വായ്പ എടുത്ത് തിരിച്ചടയ്ക്കാതെ സംഘങ്ങൾക്ക് സാമ്പത്തിക നഷ്ടം വരുത്തിയവർക്കോ വ്യക്തിപരമായി കുടിശ്ശിക വരുത്തിയവർക്കോ അർബൻ സഹകരണ ബാങ്കുകളുടെ ഭരണസമിതിയംഗമാകാൻ കഴിയില്ലെന്ന നിർദ്ദേശം/ഉത്തരവ് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുണ്ടോ?

ഉണ്ട്. ബാങ്കിംഗ് റെഗുലേഷൻ നിയമത്തിൽ 2020-ൽ ഭേദഗതി വരുത്തുകയും ടി ഭേദഗതി 26-9-2020 മുതൽ അർബൻ സഹകരണ ബാങ്കുകൾക്ക് ബാധകമാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സഹകരണസംഘം നിയമാവലിയിൽ മേൽ വിഷയങ്ങൾ പ്രതിപാദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം വകുപ്പുകളിലാണ് ഇക്കാര്യങ്ങൾ സൂചിപ്പിച്ചിട്ടുള്ളത്; ആയതിന്റെ രേഖാമൂലമുള്ള പകർപ്പുകൾ ലഭ്യമാക്കാമോ?

1969-ലെ കേരള സഹകരണ സംഘം ചട്ടങ്ങളിലെ ചട്ടം 44(1)(c)-ൽ ഏതെങ്കിലും സഹകരണ സംഘത്തിൽനിന്നും സ്വന്തമായി വായ്പ എടുത്ത ഇനത്തിലോ, ജാമ്യം നിന്ന നിലയിലോ സംഘത്തിന്റെ ബൈലോയിൽ പറഞ്ഞിട്ടുള്ള കാലയളവോ, അപ്രകാരമല്ലാത്ത കേസുകളിൽ മൂന്നു മാസത്തിൽ കൂടുതലായ കുടിശ്ശിക വരുത്തുകയോ ചെയ്ത വ്യക്തിയാണെങ്കിലും അല്ലെങ്കിൽ ആ സംഘത്തിലോ മറ്റേതെങ്കിലും സംഘത്തിലോ കുടിശ്ശിക വരുത്തിയ വ്യക്തിയാണെങ്കിലും വകുപ്പ് 28 അനുസരിച്ച് സംഘത്തിന്റെ ഭരണസമിതി അംഗമായി നിയമിതനാകാനോ തെരഞ്ഞെടുക്കപ്പെടാനോ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ചട്ടം 44 വ്യവസ്ഥയുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.

(സി) ചാരിറ്റബിൾ സംഘങ്ങളുടെ പേരിൽ സഹകരണ സംഘങ്ങളിൽ നിന്നും എടുക്കുന്ന വായ്പകൾ പൂർണ്ണമായും എഴുതിത്തള്ളുന്നത് നിയമപരമാണോ; ഇങ്ങനെ എഴുതിത്തള്ളുന്നതുകൊണ്ട് സംഘത്തിനുണ്ടാകുന്ന സാമ്പത്തിക നഷ്ടത്തിന് വായ്പ കൈപ്പറ്റിയ ചാരിറ്റബിൾ സംഘങ്ങളുടെ ഭരണസമിതി അംഗങ്ങൾ നിയമപരമായി ഉത്തരവാദികളാകുമോ; വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സഹകരണ സംഘങ്ങളിൽനിന്നും എടുക്കുന്ന വായ്പകളിൽ തുക ഈടാക്കാൻ കഴിയാത്ത സാഹചര്യത്തിൽ ബന്ധപ്പെട്ട വ്യവസ്ഥകൾ പാലിച്ചുകൊണ്ട് സംഘങ്ങൾക്ക് വായ്പ എഴുതിത്തള്ളാവുന്നതാണ്. ഇപ്രകാരം വായ്പ എഴുതിത്തള്ളാനുണ്ടായ സാഹചര്യം വിശദമായി പരിശോധിച്ചാൽ മാത്രമേ ചാരിറ്റബിൾ സംഘങ്ങളുടെ ഭരണസമിതി അംഗങ്ങൾ ഉത്തരവാദികളാകുമോ എന്ന് പറയാൻ കഴിയുകയുള്ളൂ.

(ഡി) വായ്പ എഴുതിത്തള്ളുന്നതിന് സഹകരണസംഘം ഭരണസമിതി എടുക്കുന്ന തീരുമാനങ്ങൾക്ക് സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാറുടെയും ജില്ലാ സഹകരണസംഘം ജോയിന്റ് രജിസ്ട്രാറുടെയും അനുമതി ആവശ്യമാണോയെന്നും വായ്പ എഴുതിത്തള്ളുന്ന വിവരം സഹകരണ വകുപ്പിൽ അറിയിക്കേണ്ടതുണ്ടോയെന്നും വിശദമാക്കാമോ; സഹകരണ നിയമങ്ങളിലെ ഏതെല്ലാം വകുപ്പുകൾ അനുസരിച്ചാണ് ഇക്കാര്യങ്ങൾ ചെയ്യേണ്ടതെന്നും അറിയിക്കാമോ?

സഹകരണ സംഘങ്ങളിലെ കാർഷിക/കാർഷികേതര കടങ്ങൾ എഴുതിത്തള്ളുന്നതിന് സർക്കാരിനോ രജിസ്ട്രാർക്കോ അല്ലാതെ മറ്റ് അധികാര സ്ഥാപനത്തിനോ കമ്മീഷനോ അധികാരമില്ലാത്തതാണെന്ന് സഹകരണ സംഘം നിയമത്തിലെ വകുപ്പ് 74F-ൽ പ്രതിപാദിക്കുന്നുണ്ട്. കേരള സഹകരണ സംഘം ചട്ടങ്ങളിലെ ചട്ടം 62 പ്രകാരം പിരിഞ്ഞുകിട്ടാൻ സാദ്ധ്യതയില്ലെന്ന് ബോദ്ധ്യമായ വായ്പയും അവയുടെ പലിശയും 63-ാം വകുപ്പ് പ്രകാരം നിയമിതനായ ആഡിറ്ററുടെ ക്രമപ്രകാരമുള്ള സാക്ഷ്യപ്പെടുത്തലോടും പൊതുയോഗത്തിന്റെ അംഗീകാരവും രജിസ്ട്രാറുടെ അനുവാദത്തോടെയും എഴുതിത്തള്ളാവുന്നതാണ്. ബന്ധപ്പെട്ട സംഘം, ധനസഹായ ബാങ്കിൽനിന്നും കടം വാങ്ങിയിട്ടുണ്ടെങ്കിൽ അപ്രകാരം എഴുതിത്തള്ളുന്നതിനുള്ള അംഗീകാരം നൽകുന്നതിനുമുൻപ് ധനസഹായ ബാങ്കിന്റെ അഭിപ്രായം വാങ്ങിയിരിക്കേണ്ടതാണ്. മേൽപ്രകാരം വായ്പ എഴുതിത്തള്ളുന്നതിനുള്ള സംഘം ഭരണസമിതി തീരുമാനം, ആവശ്യമായ അനുബന്ധങ്ങൾ എന്നിവ സഹിതം അപേക്ഷ ബന്ധപ്പെട്ട സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ് മുഖാന്തരം ജില്ലാ ജോയിന്റ് രജിസ്ട്രാർക്കോ സഹകരണ സംഘം രജിസ്ട്രാർക്കോ അനുമതിക്കായി സമർപ്പിക്കേണ്ടതാണ്.

(ഇ) സഹകരണസംഘങ്ങളിലെ വായ്പകൾ എഴുതിത്തള്ളുന്നതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ?

കേരള സഹകരണ സംഘം ചട്ടങ്ങളിലെ ചട്ടം 62 പ്രകാരം പിരിഞ്ഞുകിട്ടാൻ സാദ്ധ്യതയില്ലെന്ന് ബോദ്ധ്യമായ വായ്പയും അവയുടെ പലിശയും 63-ാം വകുപ്പ് പ്രകാരം നിയമിതനായ ആഡിറ്ററുടെ ക്രമപ്രകാരമുള്ള സാക്ഷ്യപ്പെടുത്തലോടും പൊതുയോഗത്തിന്റെ അംഗീകാരവും രജിസ്ട്രാറുടെ അനുവാദത്തോടെയും എഴുതിത്തള്ളാവുന്നതാണ്. ആയതിനുള്ള സംഘം ഭരണസമിതി തീരുമാനം കൈക്കൊണ്ട് ആവശ്യമായ മറ്റ് അനുബന്ധങ്ങൾ സഹിതം അപേക്ഷ ബന്ധപ്പെട്ട സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ് മുഖാന്തരം ജില്ലാ ജോയിന്റ് രജിസ്ട്രാർക്കോ സഹകരണ സംഘം രജിസ്ട്രാർക്കോ അനുമതിക്കായി സമർപ്പിക്കേണ്ടതാണ്.

## റിസ്ക് ഫണ്ട്

349 (734) <u>ശ്രീമതി യു. പ്രതിഭ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുത്തതിനുശേഷം മരണപ്പെടുന്നവർക്ക് നൽകുന്ന റിസ്ക് ഫണ്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വായ്പക്കാരൻ മരണപ്പെട്ടാൽ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നിയമാവലി പ്രകാരം അന്നേ ദിവസം ബാക്കി നിൽപ്പുള്ള വായ്പ മുതലിൽ പരമാവധി 2 ലക്ഷം രൂപയും, വായ്പ എടുത്തശേഷം മാരകരോഗം പിടിപെടുകയും വായ്പാബാദ്ധ്യതകൾ തീർക്കാൻ കഴിയാതെ വരുന്നതുമായ വായ്പക്കാർക്ക് വായ്പ ബാക്കിനിൽപ്പ് മുതലിനത്തിൽ പരമാവധി ചികിത്സ ധനസഹായമായി 1 ലക്ഷം രൂപയും അനുവദിച്ചുവരുന്നു. ആയതിലേയ്ക്ക് വായ്പത്തുകയുടെ 0.5% എന്ന നിരക്കിൽ കുറഞ്ഞത് 100 രൂപയും കൂടിയത് 1,000 രൂപയും വായ്പക്കാരനിൽനിന്നും ഈടാക്കി ബോർഡിലേയ്ക്ക് അടവാക്കേണ്ടതാണ്.

(ബി) ഗുരുതരരോഗം ബാധിച്ചവരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താറുണ്ടോ; ഇതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ?

കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നിയമാവലിയിൽ പ്രതിപാദിച്ചിട്ടുള്ള മാരക രോഗങ്ങൾ ബാധിച്ചിട്ടുള്ള വായ്പക്കാർക്ക് റിസ്ക് ഫണ്ട് ചികിത്സാ ധനസഹായം ബോർഡിൽനിന്നും അനുവദിച്ചുവരുന്നുണ്ട്. ആയതിന്റെ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

I. <u>അർഹത മാനദണ്ഡങ്ങൾ</u>

1. മാരകരോഗം പിടിപ്പെട്ട തീയതിയിൽ 70 വയസ്സിൽ അധികരിക്കാത്ത വായ്പക്കാർക്ക് മാത്രമാണ് ആനുകൂല്യത്തിന് അർഹതയുള്ളത്.

2. വായ്പ എടുക്കുന്ന തീയതിയിൽ നിയമാനുസൃത പ്രീമിയം അടവാക്കേണ്ടതാണ്.

3. 30-3-2012 തീയതി മുതൽ വായ്പ എടുത്തതിനുശേഷം മാരക രോഗങ്ങളായ ക്യാൻസർ ബാധിതർ, കിഡ്നി സംബന്ധമായ രോഗംമൂലം ഡയാലിസിസിന് വിധേയരായവർ, ഹൃദയ സംബന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതംമൂലമോ അപകടംമൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, എയ്ഡ്സ് രോഗം ബാധിച്ചവർ എന്നീ വായ്പക്കാർക്ക് വായ്പാ ബാക്കിനിൽപ്പോ പരമാവധി 75,000 രൂപയോ ചികിത്സാ ധനസഹായം നൽകുന്നു.

4. 29-2-2016 തീയതി മുതൽ വായ്പ എടുത്തതിനുശേഷം ടി.ബി, ലിവർ സീറോസിസ് പിടിപെടുന്ന അംഗങ്ങൾക്കും വായ്പാ ബാക്കിനിൽപ്പോ പരമാവധി 75,000 രൂപയോ നൽകിവരുന്നു.

5. 20-9-2019-ലെ റിസ്ക് ഫണ്ട് പദ്ധതി നിയമാവലി ഭേദഗതി പ്രകാരം കരൾ സംബന്ധമായ അസുഖത്തിന് ശസ്ത്രക്രിയ നടത്തിയവർ, അപകടങ്ങളും രോഗങ്ങളും കാരണം ജോലി ചെയ്ത് ജീവിക്കാൻ കഴിയാത്ത വിധം അവയവം മുറിച്ച് മാറ്റപ്പെടുന്ന അവസ്ഥയിലുള്ളവർ, അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്ക് വിധേയരായവർ എന്നിവർക്ക് എത്ര വായ്പകൾ ഉണ്ടെങ്കിലും വായ്പാ മുതലിനത്തിൽ പരമാവധി 1,00,000 രൂപ ഈ പദ്ധതിയിലെ ഇതര നിബന്ധനകൾക്ക് വിധേയമായി ആനുകൂല്യം അനുവദിക്കുന്നതാണ്.

II. <u>റിസ്ക് ഫണ്ട് ധനസഹായത്തുക</u>

1. 30-3-2012 തീയതി മുതൽ വായ്പ എടുത്തതിനുശേഷം മാരകരോഗം പിടിപെടുന്ന അംഗങ്ങൾക്ക് വായ്പാ ബാക്കി നിൽപ്പോ പരമാവധി 75,000 രൂപയോ നൽകിവരുന്നു.

2. 20-9-2019-ലെ റിസ്ക് ഫണ്ട് പദ്ധതി നിയമാവലി ഭേദഗതി പ്രകാരം വായ്പാ മുതലിനത്തിൽ പരമാവധി 1,00,000 രൂപ ഈ പദ്ധതിയിലെ ഇതര നിബന്ധനകൾക്ക് വിധേയമായി ആനുകൂല്യം അനുവദിക്കുന്നതാണ്.

## റിസ്ക് ഫണ്ടിൽ നിന്ന് ആനുകൂല്യങ്ങൾ

350 (735) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിൽ നിന്ന് ലോണെടുത്ത് മരണപ്പെട്ടവരുടെ അനന്തരാവകാശികൾക്ക് റിസ്ക് ഫണ്ടിൽ നിന്ന് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

കേരള സഹകരണ വികസനക്ഷേമ നിധി ബോർഡിൽനിന്നും റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും ചുവടെ ചേർക്കുന്നു:

### I. അപേക്ഷയും അനുബന്ധങ്ങളും

1. കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് അംഗീകരിച്ചുനൽകിയ നിർദ്ദിഷ്ട മാതൃകയിലുള്ള റിസ്ക് ഫണ്ട്/ചികിത്സ ധനസഹായ അപേക്ഷ
2. മരണപ്പെട്ട വായ്പക്കാരന്റെ അനന്തരാവകാശിയുടെ അപേക്ഷ
3. വായ്പക്കാരന്റെ മരണ സർട്ടിഫിക്കറ്റ്
4. വായ്പക്കാരന്റെ വയസ്സ് തെളിയിക്കുന്ന രേഖ
5. വായ്പക്കാരന്റെ വായ്പ ഏറടവ്
6. മരണപ്പെട്ട/മാരക രോഗം പിടിപെട്ട വായ്പക്കാരന് പദ്ധതി ആനുകൂല്യത്തിന് അർഹതയുണ്ടെന്ന് കാണിക്കുന്ന സംഘം ചീഫ് എക്സിക്യൂട്ടീവിന്റെ സർട്ടിഫിക്കറ്റ്
7. ബാങ്ക് ഭരണ സമിതി തീരുമാനം
8. വായ്പക്കാരന്റെ റിസ്ക് ഫണ്ട് വിഹിതം അടച്ച ഫോം 'എ' സ്റ്റേറ്റ്മെന്റ്
9. വായ്പക്കാരനിൽനിന്നും ഈടാക്കുന്ന റിസ്ക് ഫണ്ട് വിഹിതം യഥാസമയം ബോർഡിന്റെ അക്കൗണ്ടിൽ അടച്ച ചെലാൻ
10. വായ്പാ അപേക്ഷ
11. വായ്പ അനുവദിച്ച ഭരണസമിതി തീരുമാനത്തിന്റെ പകർപ്പ്
12. ജാമ്യ കടപ്പത്രത്തിന്റെ പകർപ്പ്
13. കൂട്ടുകക്ഷി വായ്പ സംബന്ധിച്ച്

14. ചികിത്സ ധനസഹായ അപേക്ഷയിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് സിവിൽ സർജനിൽ കുറയാത്ത ഡോക്ടറുടെ സർട്ടിഫിക്കറ്റുകളും അനുബന്ധ മെഡിക്കൽ രേഖകളും

ഇവ സഹിതം ബന്ധപ്പെട്ട സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) (ജില്ല സഹകരണ ബാങ്ക്-ജോയിന്റ് രജിസ്ട്രാർ/കൺകറന്റ് ആഡിറ്റർ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്-അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ആഫീസർ) എന്നിവരുടെ നിശ്ചിത ധനസഹായ അപേക്ഷയിലെ ശിപാർശയോടു കൂടിയാണ് കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ അപേക്ഷ സമർപ്പിക്കേണ്ടത്.

**അർഹത മാനദണ്ഡങ്ങൾ**

1. വിവിധ വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും സ്വർണ്ണപ്പണയ വായ്പയും നിക്ഷേപ വായ്പയും എടുക്കുന്ന വായ്പക്കാർക്ക് റിസ്ക് ഫണ്ട് ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.
2. വായ്പ എടുക്കുന്ന അംഗങ്ങളിൽനിന്നും റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥയ്ക്ക് വിധേയമായുള്ള റിസ്ക് ഫണ്ട് വിഹിതം ഒടുക്കേണ്ടതാണ്.
3. മരണപ്പെട്ട തീയതിയിൽ വായ്പക്കാരന് 70 വയസ്സിൽ അധികരിക്കരുത്.
4. വായ്പക്കാരൻ മരണപ്പെട്ടാൽ 6 മാസത്തിൽ അധികരിച്ച് വായ്പാ മുതൽ തിരിച്ചടവിൽ കുടിശ്ശിക ഉണ്ടാകാൻ പാടില്ല.
5. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച് അടച്ച് തീർത്ത വായ്പകൾക്കും ധന സഹായത്തിന് അർഹതയില്ല.

**മാരക രോഗം**

1. മാരകരോഗം പിടിപ്പെട്ട തീയതിയിൽ 70 വയസ്സിൽ അധികരിക്കാത്ത വായ്പക്കാർക്ക് മാത്രമാണ് ആനുകൂല്യത്തിന് അർഹതയുള്ളത്.
2. വായ്പ എടുക്കുന്ന തീയതിയിൽ നിയമാനുസൃത പ്രീമിയം അടവാക്കേണ്ടതാണ്.
3. 30-3-2012 തീയതി മുതൽ വായ്പ എടുത്തതിനുശേഷം മാരക രോഗങ്ങളായ ക്യാൻസർ ബാധിതർ, കിഡ്നി സംബന്ധമായ രോഗംമൂലം ഡയാലിസിസിന് വിധേയരായവർ, ഹൃദയസംബന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതംമൂലമോ അപകടംമൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, എയ്ഡ്സ് രോഗം ബാധിച്ചവർ എന്നീ വായ്പക്കാർക്ക് വായ്പാ ബാക്കിനിൽപ്പോ പരമാവധി 75,000 രൂപയോ ചികിത്സാ ധനസഹായം നൽകുന്നു.

4. 29-2-2016 തീയതി മുതൽ വായ്പ എടുത്തതിനുശേഷം ടി.ബി, ലിവർ സിറോസിസ് പിടിപെടുന്ന അംഗങ്ങൾക്കും വായ്പാ ബാക്കിനിൽപ്പോ പരമാവധി 75,000 രൂപയോ നൽകിവരുന്നു.

5. 20-9-2019-ലെ റിസ്ക് ഫണ്ട് പദ്ധതി നിയമാവലി ഭേദഗതി പ്രകാരം കരൾ സംബന്ധമായ അസുഖത്തിന് ശസ്ത്രക്രിയ നടത്തിയവർ, അപകടങ്ങളും രോഗങ്ങളുംകാരണം ജോലി ചെയ്ത് ജീവിക്കാൻ കഴിയാത്ത വിധം അവയവം മുറിച്ച് മാറ്റപ്പെടുന്ന അവസ്ഥയിലുള്ളവർ, അവയവം മാറ്റി വയ്ക്കൽ ശസ്ത്രക്രിയക്ക് വിധേയരായവർ എന്നിവർക്ക് എത്ര വായ്പകൾ ഉണ്ടെങ്കിലും വായ്പാ മുതലിനത്തിൽ പരമാവധി 1,00,000 രൂപ ഈ പദ്ധതിയിലെ ഇതര നിബന്ധനകൾക്ക് വിധേയമായി ആനുകൂല്യം അനുവദിക്കുന്നതാണ്.

## II. റിസ്ക് ഫണ്ട് ധനസഹായ തുക

1. പദ്ധതി നിലവിൽവന്ന തീയതി മുതൽ വായ്പയെടുത്ത് മരണപ്പെടുന്നവർക്ക് വായ്പാ ബാക്കി നിൽപ്പോ പരമാവധി 1,00,000 രൂപയും ആയതിന്റെ പലിശയും റിസ്ക് ഫണ്ട് ധനസഹായമായി നൽകിവരുന്നു.

2. 30-3-2012 തീയതി മുതൽ വായ്പയെടുത്ത് മരണപ്പെടുന്നവർക്ക് വായ്പാ ബാക്കി നിൽപ്പോ പരമാവധി 1,50,000 രൂപയും ആയതിന്റെ പലിശയും റിസ്ക് ഫണ്ട് ധനസഹായമായി നൽകിവരുന്നു.

3. 20-9-2019-ലെ റിസ്ക് ഫണ്ട് പദ്ധതി നിയമാവലി ഭേദഗതി പ്രകാരം വായ്പയെടുത്ത അംഗം വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് 6 മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ ബോർഡിന്റെ നിയമാവലി നിബന്ധനകൾക്ക് വിധേയമായി ടിയാളുടെ പേരിൽ അന്നേ ദിവസം ബാക്കിനിൽക്കുന്ന വായ്പാ മുതൽ അല്ലെങ്കിൽ 2,00,000 രൂപ ഇതിൽ ഏതാണോ കുറവ് ആ തുക ഫണ്ടിൽ നിന്നും നൽകാവുന്നതാണ്. ഒന്നിൽ കൂടുതൽ പേർ ചേർന്നെടുത്ത കോ-ഓബ്ലിഗന്റ് ഉൾപ്പെട്ട കൂട്ടായ വായ്പയാണെങ്കിൽ, അതിൽ ഒരു വായ്പാക്കാരൻ മരണപ്പെട്ടാൽ പ്രസ്തുത വായ്പാക്കാരന്റെ മരണത്തീയതിയിൽ ബാക്കിനിൽക്കുന്ന തുകയിൽ ആനുപാതിക തുകയും ഫണ്ടിൽ നിന്നും നൽകാവുന്നതാണ്.

4. ഒരു വായ്പാക്കാരൻ വിവിധ സഹകരണ സംഘം/ബാങ്കുകളിൽ നിന്നും എത്ര വായ്പകൾ എടുത്താലും പരമാവധി 5,00,000 രൂപ വരെ മാത്രമേ റിസ്ക് ഫണ്ട് ധനസഹായമായി അനുവദിക്കുകയുള്ളൂ.

**മാരകരോഗം**

1. 30-3-2012 തീയതി മുതൽ വായ്പ എടുത്തതിനുശേഷം മാരകരോഗം പിടിപെടുന്ന അംഗങ്ങൾക്ക് വായ്പാ ബാക്കി നിൽപ്പോ പരമാവധി 75,00-രൂപയോ നൽകി വരുന്നു.
2. 20-9-2019-ലെ റിസ്ക് ഫണ്ട് പദ്ധതി നിയമാവലി ഭേദഗതി പ്രകാരം വായ്പാ മുതലിനത്തിൽ പരമാവധി 1,00,000 രൂപ ഈ പദ്ധതിയിലെ ഇതര നിബന്ധനകൾക്ക് വിധേയമായി ആനുകൂല്യം അനുവദിക്കുന്നതാണ്.

(ബി) പ്രസ്തുത മാനദണ്ഡങ്ങൾ പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

കാലാകാലങ്ങളിൽ ടി മാനദണ്ഡങ്ങൾ പരിഷ്കരിച്ചുവരുന്നുണ്ട്.

(സി) കോവിഡ് പശ്ചാത്തലത്തിൽ സാമ്പത്തിക പ്രതിസന്ധിയിലാവുകയും ആറ് മാസത്തിലധികം കുടിശ്ശിക വരുത്തുകയും ചെയ്തവർ മരണപ്പെടുന്ന സാഹചര്യത്തിൽ ഇളവുകളോടെ റിസ്ക് ഫണ്ടിൽ നിന്ന് തുക അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ?

റിസ്ക് ഫണ്ട് പദ്ധതിയിലെ വ്യവസ്ഥയും സാഹചര്യങ്ങളും പരിഗണിച്ച് തീരുമാനം എടുക്കുന്നതാണ്.

**മലപ്പുറം ജില്ലാ സഹകരണ ബാങ്കിലെ നിയമനം**

351 (736) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലപ്പുറം ജില്ലാസഹകരണ ബാങ്കിൽ നിന്നും 2019 ഡിസംബർ മുതൽ നാളിതുവരെ എത്ര ജീവനക്കാർ വിരമിച്ചിട്ടുണ്ട്; ഇതിൽ എത്ര ഒഴിവുകളിൽ പകരം നിയമനം നടത്തിയിട്ടുണ്ട്; ഒഴിവുള്ള തസ്തികകളിൽ അടിയന്തരമായി നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

മലപ്പുറം ജില്ലാ സഹകരണ ബാങ്കിൽ 2019 ഡിസംബർ മുതൽ നാളിതുവരെ വിവിധ തസ്തികകളിൽ നിന്നായി 42 ജീവനക്കാർ വിരമിച്ചിട്ടുണ്ട്. റിട്ടയർമെന്റിലൂടെ ഉണ്ടായിട്ടുള്ള ഒഴിവുകൾ എല്ലാം പ്രൊമോഷൻ വഴി നികത്തുവാൻ ഉള്ളവയാണ്. ബാങ്ക് ഭരണസമിതി ഈ കാലയളവിൽ പ്രൊമോഷനുകൾ ഒന്നുംതന്നെ നടത്തിയിട്ടില്ല. പ്രൊമോഷൻ വഴി നികത്തുവാൻ ഉള്ള ഒഴിവുകൾ നികത്തുന്നത് വഴി മാത്രമേ ബാങ്കിൽ പുതിയ ഒഴിവുകൾ ഉണ്ടാകുകയുള്ളൂ. പ്രൊമോഷൻ നടത്തിയശേഷം ഒഴിവുകൾ ഉണ്ടാകുന്നമുറയ്ക്ക് പി.എസ്.സി. വഴി നികത്തുവാനുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. ശാഖാ മാനേജർ തസ്തികയിൽ പി.എസ്.സി.-ക്ക് മുമ്പ് റിപ്പോർട്ട് ചെയ്തിരുന്ന ഒഴിവിൽ ഒരാളെയും പ്യൂൺ തസ്തികയിൽ ആശ്രിത നിയമനം വഴി ഒരാളെയും ഈ കാലയളവിൽ ബാങ്കിൽ നിയമിച്ചിട്ടുണ്ട്.

## സഹകരണ വകുപ്പിന് കീഴിലുള്ള തൊഴിൽ നിയമനം

352 (737) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ നൂറ് ദിന കർമ്മപദ്ധതി പ്രകാരം സഹകരണ വകുപ്പ് എത്ര തൊഴിൽ നൽകുകയുണ്ടായി എന്ന് വിശദമാക്കാമോ?

വിശദമാക്കാം. സർക്കാരിന്റെ നൂറ് ദിന കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി 19-6-2021 മുതൽ 19-9-2021 വരെയുള്ള കാലയളവിൽ 425 സ്ഥിരം തൊഴിലുകളും 20153 തൊഴിലവസരങ്ങളും ഉൾപ്പെടെ ആകെ 20578 തൊഴിൽ സൃഷ്ടിച്ചു. വിശദവിവരം ചുവടെ ചേർക്കുന്നു.

സ്ഥിരനിയമനങ്ങൾ:- സഹകരണ വകുപ്പ്-30, കേരളാ ബാങ്ക്-13, പ്രാഥമിക സഹകരണ സംഘങ്ങൾ-382, ആകെ-425.

തൊഴിലവസരങ്ങൾ സൃഷ്ടിച്ചത്:- കേരളാ ബാങ്ക്-12552, മറ്റ് സഹകരണ സംഘങ്ങൾ-7601, ആകെ-20153.

(ബി) പ്രസ്തുത കാലയളവിൽ സഹകരണ വകുപ്പ് എത്ര സ്ഥിര നിയമനം നൽകുകയുണ്ടായി എന്ന് വ്യക്തമാക്കുമോ?

പ്രസ്തുത കാലയളവിൽ വിവിധ തസ്തികകളിലായി സഹകരണ വകുപ്പ് 30 പേർക്ക് സ്ഥിരനിയമനം നൽകിയിട്ടുണ്ട്.

## ചാത്തന്നൂരിലെ സബ് രജിസ്ട്രാർ ഓഫീസുകളുടെ നിലവാരം

353 (738) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്ന ശേഷം രജിസ്ട്രേഷൻ വകുപ്പിന്റെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽവന്ന ശേഷം സബ് രജിസ്ട്രാർ ഓഫീസുകളുടെ നവീകരണത്തിന്റെ ഭാഗമായി ആധുനിക രീതിയിലുള്ള റെക്കോർഡ് റൂമുകൾ നിർമ്മിക്കുന്നതിനും ഇരിപ്പിട സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി 4 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ സബ് രജിസ്ട്രാർ ഓഫീസുകളെ അക്രഡിറ്റേഷൻ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി നടന്നുവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ?

ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ സബ് രജിസ്ട്രാർ ഓഫീസുകളെ അക്രഡിറ്റേഷൻ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി 18-9-2021-ന് ബഹു. ചാത്തന്നൂർ എം.എൽ.എ.-യുടെ നേതൃത്വത്തിൽ ഒരു യോഗം ചേരുകയും അതിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

**എടച്ചേരി രജിസ്ട്രേഷൻ ഓഫീസ് കെട്ടിട നിർമ്മാണം**

354 (739) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ എടച്ചേരി രജിസ്ട്രേഷൻ ഓഫീസ് കെട്ടിട നിർമ്മാണത്തിന് നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

കോഴിക്കോട് ജില്ലയിലെ എടച്ചേരി വില്ലേജിൽ എടച്ചേരി ദേശത്തിൽ സർവ്വേ നമ്പർ 163/5-ൽപ്പെട്ട എടച്ചേരി ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള 10 സെന്റ് സ്ഥലം രജിസ്ട്രേഷൻ വകുപ്പിന് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി വിട്ടുനൽകാമെന്ന് എടച്ചേരി ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

(ബി) എടച്ചേരി രജിസ്ട്രേഷൻ ഓഫീസ് കെട്ടിട നിർമ്മാണത്തിന് സ്ഥലം ലഭ്യമാക്കാൻ രജിസ്ട്രേഷൻ വകുപ്പ് പഞ്ചായത്ത് വകുപ്പിന് നൽകിയ കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) പ്രസ്തുത ഓഫീസ് കെട്ടിട നിർമ്മാണത്തിന് സ്ഥലം ലഭ്യമാക്കുന്നതിന് പഞ്ചായത്ത് വകുപ്പ് എന്തെങ്കിലും തടസ്സങ്ങൾ ഉന്നയിച്ചിട്ടുണ്ടോ?

തടസ്സവാദങ്ങൾ ഉന്നയിച്ചിട്ടില്ല.

**ആധാരം സ്വന്തമായി എഴുതുവാൻ സംവിധാനം**

355 (740) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വസ്തു കൈമാറ്റ ഇടപാടുകൾക്ക് സ്വന്തമായി ആധാരം എഴുതുന്നതിന് സർക്കാർ അംഗീകാരം നൽകിയത് എന്നു മുതലാണ്?

1960-ലെ കേരള ആധാരമെഴുത്തുകാരുടെ ലൈസൻസ് ചട്ടങ്ങളിൽ മാറ്റം വരുത്തിക്കൊണ്ടുള്ള 1-3-2016-ലെ IT3-30120/2010 നമ്പർ നോട്ടിഫിക്കേഷനും 1958-ലെ കേരള രജിസ്ട്രേഷൻ ചട്ടങ്ങളിലെ ചട്ടം 30-ൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള 2-3-2016-ലെ IT3-30120/2010 നമ്പർ നോട്ടിഫിക്കേഷനും 31-5-2016-ലെ 22-ാം നമ്പർ ഗസറ്റിൽ പ്രസിദ്ധീകരിച്ചുകൊണ്ടാണ് സ്വന്തമായി ആധാരം എഴുതുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുള്ളത്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) അതിനുശേഷം 2020-21 വരെ ഓരോ വർഷവും അപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ആധാരങ്ങൾ എത്രയെന്ന് അറിയിക്കാമോ?

| വർഷം | എണ്ണം |
|---|---|
| 2016-17 | 306 |
| 2017-18 | 570 |
| 2018-19 | 730 |
| 2019-20 | 610 |
| 2020-21 | 342 |

(സി) ആധാരമെഴുത്ത് ലൈസൻസികൾ വഴിയും അഭിഭാഷകർ വഴിയും രജിസ്റ്റർ ചെയ്തിട്ടുള്ള ആധാരങ്ങൾ എത്രയെന്ന് അറിയിക്കാമോ?

| വർഷം | എണ്ണം |
|---|---|
| 2016-17 | 866742 |
| 2017-18 | 895810 |
| 2018-19 | 874951 |
| 2019-20 | 824642 |
| 2020-21 | 758179 |

(ഡി) സർക്കാരിന്റെ ഈ തീരുമാനംമൂലം പരമ്പരാഗത ആധാരമെഴുത്തുകാർക്ക് വരുമാനനഷ്ടം ഉണ്ടായോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

പ്രത്യേകമായി വിലയിരുത്തിയിട്ടില്ല. എന്നാൽ ആകെ രജിസ്റ്റർ ചെയ്തിട്ടുള്ള ആധാരങ്ങളുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ ആധാരമെഴുത്ത് ലൈസൻസികൾക്ക് വരുമാനനഷ്ടം ഉണ്ടായതായി കരുതാനാകില്ല.

**പെരുമ്പടപ്പ് രജിസ്ട്രേഷൻ ഓഫീസ്**

356 (741) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലംകോട്, പെരുമ്പടപ്പ്, മാറഞ്ചേരി, വെളിയങ്കോട് വില്ലേജുകളെ ഉൾപ്പെടുത്തിക്കൊണ്ട് പെരുമ്പടപ്പിൽ ഒരു രജിസ്ട്രാർ ഓഫീസ് ആരംഭിക്കുന്നതിന്

എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; അടിയന്തരമായി പ്രസ്തുത ഓഫീസ് പ്രാവർത്തികമാക്കുവാൻ നടപടി സ്വീകരിക്കുമോ?

പെരുമ്പടപ്പ് ആസ്ഥാനമാക്കി പുതിയ സബ് രജിസ്ട്രാർ ഓഫീസ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**നെയ്യാറ്റിൻകര സബ് രജിസ്ട്രാർ ഓഫീസ് നവീകരണം**

357 (742) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര സബ് രജിസ്ട്രാർ ഓഫീസ് നവീകരിക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

നെയ്യാറ്റിൻകര സബ് രജിസ്ട്രാർ ഓഫീസിന് ആധുനിക രീതിയിൽ കെട്ടിടം നിർമ്മിക്കുന്നതിന് ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ലഭ്യമാക്കാൻ പൊതുമരാമത്ത് കെട്ടിട വിഭാഗത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത ഓഫീസ് നവീകരിക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്ന് വിശദമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

**കതിരൂർ സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം**

358 (743) ശ്രീ. എ. എൻ. ഷംസീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിലെ കതിരൂർ സബ്‌രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച് ഫയലിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വിശദമാക്കാമോ;

(ബി) ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്നും ഈ പ്രവൃത്തിയുടെ പൂർത്തീകരണത്തിന് ആവശ്യമായ ഫണ്ട് അനുവദിക്കുമോയെന്നും വ്യക്തമാക്കാമോ?

(എ&ബി) കതിരൂർ സബ് രജിസ്ട്രാർ ആഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ഭരണാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

**മലയിൻകീഴ് സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം**

359 (744) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയിൻകീഴ് സബ് രജിസ്ട്രാർ ഓഫീസിനുവേണ്ടി നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ നിലച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ കാരണം വിശദമാക്കാമോ?

ഉണ്ട്. പ്രസ്തുത പ്രവൃത്തിയുടെ കരാറുകാരൻ 8-2-2019-ൽ ഉടമ്പടിയിൽ ഏർപ്പെട്ട് പ്രാരംഭ പണികൾ ചെയ്യുകയും എന്നാൽ 19-3-2020-നുശേഷം ടി സൈറ്റിൽ യാതൊരുവിധ പണികളും ചെയ്തിട്ടില്ലെന്ന് ബോദ്ധ്യപ്പെട്ടതുകൊണ്ട് കരാറുകാരനെ പ്രവൃത്തിയിൽ നിന്നും 9-10-2020-ന് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ നഷ്ടോത്തരവാദിത്തത്തിൽ ടെർമിനേറ്റ് ചെയ്തിരിക്കുകയാണ്.

(ബി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിൽ ആരംഭിച്ച് പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തിക്ക് തയ്യാറാക്കിയ ബാലൻസ് ഷെഡ്യൂൾ കിഫ്ബിയിൽ നിന്നുള്ള അംഗീകാരത്തിനായി സമർപ്പിച്ചിരുന്നെങ്കിലും പ്രസ്തുത എസ്റ്റിമേറ്റ് ടി.എസ്. എസ്റ്റിമേറ്റായി പ്രൈസ് മുഖാന്തരം സമർപ്പിക്കുവാൻ കിഫ്ബിയിൽ നിന്നും 17.8.2021-ൽ നിർദ്ദേശം നൽകിയതനുസരിച്ച് തിരുവനന്തപുരം മേഖല മാനേജരുടെ കാര്യാലയത്തിൽ ബാലൻസ് എസ്റ്റിമേറ്റ് തയ്യാറാക്കിവരികയാണ്.

**മാനന്തവാടി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം**

360 (745) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിലെ മാനന്തവാടി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ പുരോഗതി അറിയിക്കാമോ;

(ബി) പുതിയ കെട്ടിടം എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

(എ&ബി) ഇരുനിലകളുടെയും കോൺക്രീറ്റ് ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. വയറിംഗ് ജോലികൾ പുരോഗമിച്ചുവരുന്നു. പ്ലംബിംഗ്, പ്ലാസ്റ്ററിംഗ്, ഫ്ലോറിംഗ്, പെയിന്റിംഗ് മുതലായ ജോലികൾ പൂർത്തീകരിക്കേണ്ടതുണ്ട്. 2022 മാർച്ച് മാസത്തോടുകൂടി ഇവ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(445, 465, 468, 469 എന്നീ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

10.00 A.M.]

## II അടിയന്തരപ്രമേയം

### പുരാവസ്തുക്കളെന്ന പേരിൽ നടത്തിയ സാമ്പത്തിക ക്രമക്കേട്

മി. സ്പീക്കർ: പുരാവസ്തുക്കളെന്ന പേരിൽ വ്യാജസാധനങ്ങൾ കൈമാറി കോടിക്കണക്കിന് രൂപയുടെ തട്ടിപ്പും സാമ്പത്തിക തിരിമറിയും നടത്തിയ വ്യക്തിക്ക് മുൻപോലീസ് മേധാവിയുൾപ്പെടെയുള്ള ഉദ്യോഗസ്ഥർ സഹായം നൽകിയതുമൂലം സംസ്ഥാനത്തെ നിയമവാഴ്ചയെക്കുറിച്ച് പൊതുസമൂഹത്തിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. ടി. തോമസ്, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പുരാവസ്തുക്കളെന്ന പേരിൽ വ്യാജസാധനങ്ങളുണ്ടാക്കി പ്രദർശിപ്പിച്ച് കോടികളുടെ തട്ടിപ്പും സാമ്പത്തിക തിരിമറിയും നടത്തിയ മോൻസൺ മാവുങ്കലിനെതിരെ 6-9-2021-ന് സർക്കാരിന് പരാതി ലഭിച്ചതിന്റെയടിസ്ഥാനത്തിൽ 23-9-2021-ന് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിക്കുകയുണ്ടായി. മുൻകൂർ ജാമ്യംനേടി രക്ഷപ്പെടാനുള്ള പ്രതിയുടെ ശ്രമത്തെ കോടതിയിൽത്തന്നെ പ്രതിരോധിക്കുന്നതിനും പോലീസിന് കഴിഞ്ഞിട്ടുണ്ട്. വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിൽ 25-9-2021-ന് പ്രതിയെ അറസ്റ്റ് ചെയ്തിട്ടുണ്ട്. പ്രതി ഇപ്പോഴും പോലീസിന്റെ കസ്റ്റഡിയിലാണ്. പുരാവസ്തുക്കൾ സൂക്ഷിക്കുന്ന സ്ഥലത്ത് സ്വാഭാവികമായും ജനങ്ങൾ സന്ദർശനത്തിനെത്തുന്നത് പതിവാണ്. ആരെല്ലാം സന്ദർശിച്ചുവെന്നും ദിവസങ്ങളോളം താമസിച്ചുവെന്നും ചികിത്സയ്ക്ക് വിധേയമായിയെന്നും അവകാശപ്പെടുന്നതെല്ലാം നിയമസഭയ്ക്ക് മാത്രമല്ല കേരളത്തിലെ ജനങ്ങൾക്കും അറിയാവുന്ന കാര്യങ്ങളാണ്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ആരെല്ലാം എന്തുദ്ദേശ്യത്തോടെ സന്ദർശനം നടത്തിയെന്നത് പോലീസ് അന്വേഷിക്കേണ്ട കാര്യമാണ്. എന്നാൽ അടിയന്തരപ്രമേയത്തിന്റെ വിശദീകരണക്കുറിപ്പിൽ പരാമർശിക്കുന്നതുപോലെ മുൻ ഡി.ജി.പി..-യുടെ സന്ദർശനം കഴിഞ്ഞയുടനെ ഇവരുടെ പ്രവർത്തനത്തെ സംബന്ധിച്ച് അന്വേഷിക്കുന്നതിന് 21-12-2019-ലെ No.T16005/2019/PHQ കത്തുപ്രകാരം ഇന്റലിജൻസ് വിഭാഗത്തോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇതുസംബന്ധിച്ച് അന്വേഷിക്കുകയും സംസ്ഥാന പോലീസ് മേധാവിക്ക് റിപ്പോർട്ട് നൽകുകയും ചെയ്തു. ഇന്റലിജൻസ് ഓഫീസിൽനിന്നും ലഭിച്ച പരാമർശത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന പോലീസ് മേധാവി 5-2-2020-ന് എൻഫോഴ്സ്മെന്റ് ഡയറക്ടർക്ക് D.O. Letter No.T16005/2019 PHQ എന്ന കത്ത് നൽകിയതായാണ് റിപ്പോർട്ട് ലഭിച്ചിരിക്കുന്നത്. മോൻസൺ മാവുങ്കലിനെക്കുറിച്ച്

കൂടുതൽ അന്വേഷണത്തിലേയ്ക്ക് കടക്കുകയാണ് പോലീസ് ചെയ്തതെന്നാണ് ഇതിൽനിന്നും വ്യക്തമാകുന്നത്. അല്ലാതെ സുഖചികിത്സയ്ക്ക് താമസിക്കുകയല്ല ചെയ്തിട്ടുള്ളത്. ശബരിമലയിലെ ആചാരാനുഷ്ഠാനങ്ങളെ സംബന്ധിച്ച ചെമ്പോല വ്യാജമായുണ്ടാക്കി ജനങ്ങളെ കബളിപ്പിക്കാൻ സർക്കാർ ശ്രമിച്ചുവെന്ന വാദം വസ്തുതയ്ക്ക് നിരക്കാത്തതാണ്. ഇത്തരം കാര്യങ്ങളെല്ലാം അന്വേഷണപരിധിയിൽ വരുന്നുവെന്നതിനാൽ അതു സംബന്ധിച്ച് കൂടുതൽ കാര്യങ്ങൾ വ്യക്തമാക്കാൻ കഴിയില്ല. ജീവനും സ്വത്തിനും സംരക്ഷണമാവശ്യപ്പെട്ട് പരാതി നൽകുന്ന ഏതൊരു വ്യക്തിക്കും പോലീസ് പ്രത്യേക ശ്രദ്ധനൽകുക പതിവാണ്. പ്രത്യേകിച്ചും ഇത്തരം സംശയങ്ങൾ നിലനിൽക്കുന്ന ഒരു വ്യക്തി താമസിക്കുന്ന പ്രദേശത്ത് ശ്രദ്ധകേന്ദ്രീകരിക്കുകയെന്നത് പോലീസ് സാധാരണ ചെയ്തുവരുന്ന നടപടിയുമാണ്. ക്രൈം നം.260/2021, 261/2021, 262/2021, 263/2021 എന്നീ നമ്പറുകളിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തുകഴിഞ്ഞിട്ടുണ്ട്. ക്രൈം ബ്രാഞ്ച് രജിസ്റ്റർ ചെയ്ത കേസ്സുകളുടെ അടിസ്ഥാനത്തിൽ മോൻസൺ മാവുങ്കൽ സൂക്ഷിച്ചുവരുന്ന പുരാവസ്തുക്കളെ സംബന്ധിച്ചും ഡി.ആർ.ഡി.ഒ. രേഖകളെക്കുറിച്ചും ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയോടും ആർക്കിയോളജിക്കൽ വകുപ്പിനോടും ഡി.ആർ.ഡി.ഒ.-യോടും അന്വേഷിക്കണമെന്നാവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ട്. അവരുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത വിഷയം അന്വേഷണവിധേയമാക്കുന്നതാണ്. അന്വേഷണം ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി ക്രൈംബ്രാഞ്ച് ഐ.ജി. ശ്രീ. ജി. സ്പർജൻ കുമാറിന്റെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞവ കൂടാതെ എറണാകുളം മുളന്തുരുത്തി സ്വദേശി ജോബ് പീറ്റർ എന്നയാൾക്ക് കാർ നൽകാമെന്ന് വാഗ്ദാനം ചെയ്ത് 1,43,000 രൂപ തട്ടിയെടുത്തതിന് പാലാരിവട്ടം പോലീസ് സ്റ്റേഷനിൽ ക്രൈം നം.145/2005 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ബാങ്കിൽ ലോണുണ്ടായിരുന്ന കാർ നൽകാമെന്ന് വാഗ്ദാനം ചെയ്ത് 4 ലക്ഷം രൂപ തട്ടിയെടുത്തുവെന്ന പരാതിയിന്മേൽ പിറവം പോലീസ് സ്റ്റേഷനിൽ ക്രൈം നം.193/2005 ആയി മറ്റൊരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതുകൂടാതെ 25 കോടി രൂപ നൽകാമെന്ന് വാഗ്ദാനം ചെയ്ത് 6,27,00,000 രൂപ തട്ടിയെടുത്തതായി പന്തളം സ്വദേശി രാജേന്ദ്രൻപിള്ളയുടെ പരാതിയിന്മേൽ പന്തളം പോലീസ് സ്റ്റേഷനിൽ ക്രൈം നം.1823/2020 പ്രകാരം മറ്റൊരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ലൈംഗിക പീഡനത്തിനിരയായ പെൺകുട്ടിയോട് കേസ് പിൻവലിക്കണമെന്നാവശ്യപ്പെട്ട് ഭീഷണിപ്പെടുത്തിയെന്ന പരാതിയിന്മേൽ എറണാകുളം ടൗൺ സൗത്ത് പോലീസ് സ്റ്റേഷനിൽ ക്രൈം നം.210/2021 ആയി മറ്റൊരു കേസ്സുമുൾപ്പെടെ നാല് കേസ്സുകൾ മോൻസൺ മാവുങ്കലിനെതിരെ ലോക്കൽ പോലീസ് ഇതിനുപുറമെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പോലീസിന്റെ അന്വേഷണ പരിധിയിലുള്ള ഇത്തരമൊരു വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യുന്നത് ഉചിതമല്ലെന്നാണ് അറിയിക്കാനുള്ളത്.

ശ്രീ. പി. ടി. തോമസ്: സർ, പുരാവസ്തുവെന്ന പേരിൽ വ്യാജസാധനങ്ങൾ കൈമാറി കോടികളുടെ തട്ടിപ്പും സാമ്പത്തിക തിരിമറിയും നടത്തിയ മോൻസൺ മാവുങ്കൽ എന്ന വ്യക്തിക്ക് സംസ്ഥാനത്തെ മുൻ പോലീസ് മേധാവിയുൾപ്പെടെയുള്ള ഉന്നത പോലീസുദ്യോഗസ്ഥർ കാവൽ ഏർപ്പെടുത്തിയിരിക്കുന്ന സാഹചര്യമാണുണ്ടായിരിക്കുന്നത്. തട്ടിപ്പുമായി ബന്ധപ്പെട്ട രഹസ്യവിവരം ഇന്റലിജൻസ് വിഭാഗത്തിന് വർഷങ്ങൾക്കുമുൻപേ ലഭിച്ചിരുന്നു. എന്നാൽ ഇത് കണ്ടില്ലെന്ന് നടിക്കുകയാണ് പോലീസ് ചെയ്തത്. ഇന്റലിജൻസ് അന്വേഷണം ആവശ്യപ്പെടുന്നതിന് ഏതാനും മാസംമുമ്പ് പോലീസ് മേധാവിയായിരുന്ന ശ്രീ. ലോക്നാഥ് ബെഹ്റ അടക്കം മോൻസൺ മാവുങ്കലിന്റെ വീട് സന്ദർശിക്കുകയും ഫോട്ടോയെടുക്കുകയും ചെയ്തിരുന്നു. ആ ഫോട്ടോകൾപോലും മോൻസൺ മാവുങ്കൽ ദുരുപയോഗം ചെയ്തുവെന്ന് പറയുന്നു. അദ്ദേഹത്തിന്റെ സന്ദർശനത്തിന് പിന്നാലെയാണ് മോൻസൺ മാവുങ്കലിനെതിരെയുള്ള രഹസ്യവിവരങ്ങൾ ലഭിച്ചതും ഇന്റലിജൻസ് വിഭാഗം പരിശോധന ആവശ്യപ്പെട്ടതെന്നുമാണ് വിവരം ലഭിച്ചിട്ടുള്ളത്. പുരാവസ്തു വ്യാപാരത്തിന് ലൈസൻസില്ലെന്നും തട്ടിപ്പുകാരനാണെന്ന് തെളിഞ്ഞതിനുശേഷവും മോൻസൺ മാവുങ്കലിന്റെ വീടിന് പോലീസ് സംരക്ഷണമൊരുക്കാൻ മുൻ പോലീസ് മേധാവി ഉത്തരവിട്ടത് ദുരൂഹമാണ്. പോലീസ് പട്രോളിംഗും ഗേറ്റിലെ ബീറ്റ് ബോക്സ് സുരക്ഷയുമാണ് മോൻസൺ മാവുങ്കലിന്റെ വ്യാജപുരാവസ്തു ശേഖരണത്തിന് പോലീസ് ഏർപ്പെടുത്തിയത്. ഇപ്പോൾ 10 കോടി രൂപ തട്ടിയെടുത്തുവെന്ന കേസ്സിൽ മോൻസൺ മാവുങ്കലിനെ അറസ്റ്റ് ചെയ്തിരിക്കുകയാണ്. 7 കോടി രൂപയോളം തട്ടിയെടുത്ത മറ്റൊരു പരാതിയും നിലവിലുണ്ട്. മോൻസൺ മാവുങ്കലിനെതിരെ ചേർത്തല പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത പരാതിയിൽ ഐ.ജി. അടക്കം ഇടപെട്ടുവെന്ന് തെളിഞ്ഞിരിക്കുകയാണ്. മോൻസൺ മാവുങ്കലിന്റെ വീട്ടിൽ പ്രതിരോധ മന്ത്രാലയത്തിന് കീഴിലുള്ള Defence Research and Development Organisation (DRDO) രേഖകൾ കണ്ടെത്തിയെന്ന ഞെട്ടിപ്പിക്കുന്ന വിവരവുമുണ്ട്. ശബരിമലയിലെ ആചാരാനുഷ്ഠാനങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന ചെമ്പോല വ്യാജമായുണ്ടാക്കിയെന്നും ജനങ്ങളെ കബളിപ്പിക്കാൻ ഉപയോഗിച്ചുവെന്നും ഇതിനെ സർക്കാരും ദേശാഭിമാനി ദിനപ്പത്രവും കൈരളി ചാനലും വലിയതോതിൽ പ്രചരണം കൊടുത്ത് ശബരിമല വിഷയവുമായി ബന്ധപ്പെടുത്തി ദുരുപയോഗം ചെയ്തിട്ടുണ്ടോയെന്നുമൊക്കെയുള്ള ഗുരുതരമായ സംശയങ്ങളാണ് കേരള സമൂഹത്തിൽ ഉയർന്നുവന്നിരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് 6-9-2021-ൽ മാത്രമാണ് ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടതെന്നാണ്. അങ്ങ് വലിയൊരു കുറ്റംകൂടി ചെയ്തിരിക്കുകയാണ്. 22-5-2019-ലെ ഇന്റലിജൻസ് വിഭാഗം എ.ഡി.ജി.പി.-യുടെ റിപ്പോർട്ട്

കണ്ടില്ലെന്നാണ് അദ്ദേഹം പറയുന്നത്. രണ്ട് വർഷംമുമ്പ് ഒരു റിപ്പോർട്ട് ലഭിച്ചിട്ടും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത് 06-9.2021-നാണ് വിവരം അറിയുന്നതെന്നാണ്. അങ്ങേയ്ക്ക് ഇക്കാര്യം നിയമസഭയിൽ ഞങ്ങളോട് പറയാം, എന്നാൽ ജനങ്ങൾ വിശ്വസിക്കണമെന്ന് നിർബന്ധമില്ല. ഇന്റലിജൻസ് അന്വേഷണം ആവശ്യപ്പെടുന്നതിന് ഏതാനും മാസംമുമ്പ് പോലീസ് മേധാവിയായിരുന്ന ശ്രീ. ലോക്നാഥ് ബെഹ്റ മോൻസൺ മാവുങ്കലിന്റെ വീട് സന്ദർശിച്ചിരുന്നു. അക്കാലത്ത് മലപ്പുറം എസ്.പി-ആയിരുന്ന ഉദ്യോഗസ്ഥന്റെ വിവാഹത്തിൽ പങ്കെടുക്കാൻ കൊച്ചിയിലെത്തിയപ്പോഴായിരുന്നു സന്ദർശനം. എ.ഡി.ജി.പി.. ശ്രീ. മനോജ് എബ്രഹാമും ഒപ്പമുണ്ടായിരുന്നു. ആ ചിത്രങ്ങൾ ഇപ്പോൾ സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്നുണ്ട്. ഒരു ലക്ഷം കോടി രൂപയിലധികം മൂല്യമുണ്ടെന്ന് അവകാശപ്പെട്ട് വ്യാജ പുരാവസ്തുക്കൾ കൈവശം വച്ചിരിക്കുന്ന അന്താരാഷ്ട്ര തട്ടിപ്പുകാരനാണെന്ന് ഇന്റലിജൻസ് എ.ഡി.ജി.പി.. നൽകിയ റിപ്പോർട്ട് ലഭിച്ചതിനുശേഷമാണ് ഡി.ജി.പി.. ആയിരുന്ന ശ്രീ. ലോക്നാഥ് ബെഹ്റ മോൻസൺ മാവുങ്കലിന് പോലീസ് സംരക്ഷണം ഏർപ്പെടുത്തിയത്. ഈ കേസ്സിന്റെ നാൾവഴി ഞാൻ സൂചിപ്പിക്കാം. 2019 മേയ് 11-ന് എസ്.പി-യുടെ വിവാഹത്തിൽ പങ്കെടുത്തതിനുശേഷം ശ്രീ. ലോക്നാഥ് ബെഹ്റ മോൻസൺ മാവുങ്കലിന്റെ വീട്ടിലെത്തി. ശ്രീ. ലോക്നാഥ് ബെഹ്റ മോശയുടെ വടിയും പിടിച്ച് ടിപ്പുസുൽത്താന്റെ കസേരയിൽ ഇരിക്കുന്നു, തൊട്ടടുത്ത് വാളും പരിചയും പിടിച്ച് ശ്രീ. മനോജ് എബ്രഹാമും നിൽക്കുന്നു (പത്രം ഉയർത്തിക്കാണിച്ചു). ...(ബഹളം).... ഇവരോട് മിണ്ടാതിരിക്കാൻ പറയണം.

മി. സ്പീക്കർ: മൈക്ക് അങ്ങേയ്ക്കാണ്. അങ്ങ് സംസാരിക്കൂ. അദ്ദേഹം സംസാരിക്കട്ടെ, തടസ്സപ്പെടുത്തേണ്ട.

ശ്രീ. പി. ടി. തോമസ്: സർ, കോസ്മെറ്റിക്സ് സർജനെന്ന് അവകാശപ്പെടുന്ന മോൻസൺ മാവുങ്കൽ അന്താരാഷ്ട്ര തട്ടിപ്പുകാരനാണെന്ന് മേയ് 18-ന് എ.ഡി.ജി.പി.-യുടെ മുന്നറിയിപ്പ് ലഭിക്കുന്നു, മേയ് 22-ന് വിശദമായി അന്വേഷിക്കുമെന്ന് ഇന്റലിജൻസ് മേധാവിക്ക് എ.ഡി.ജി.പി.-യുടെ നിർദ്ദേശം, മേയ് 30-ന് അമൂല്യമായ പുരാവസ്തു ശേഖരത്തിന് മ്യൂസിയത്തിൽ പോലീസ് സംരക്ഷണം വേണമെന്ന് ശ്രീ. ലോക്നാഥ് ബെഹ്റയ്ക്ക് മോൻസൺ മാവുങ്കലിന്റെ കത്ത്, ജൂൺ 13-ന് പുരാവസ്തു ശേഖരങ്ങൾക്കും വീടിനും സംരക്ഷണം നൽകാൻ കൊച്ചി സിറ്റി പോലീസ് കമ്മീഷണർക്ക് ശ്രീ. ലോക്നാഥ് ബെഹ്റയുടെ ഉത്തരവ്, അതിന്റെ പകർപ്പ് ഇന്റലിജൻസ് മേധാവിക്കും നൽകിയിരിക്കുന്നു. ജൂൺ 18-ന് ചേർത്തലയിലെ വീടിന് സംരക്ഷണം നൽകാൻ ശ്രീ. ലോക്നാഥ് ബെഹ്റയുടെ ഉത്തരവ് - അതിന്റെ പകർപ്പ് ഇന്റലിജൻസ് മേധാവിക്കും

നൽകിയിട്ടുണ്ട്. ചേർത്തലയിലെ വീടിന് സംരക്ഷണം നൽകാൻ ആലപ്പുഴ എസ്.പി.-ക്ക് നിർദ്ദേശം നൽകുന്നു. 2020 ജനുവരി-ഫെബ്രുവരിയിൽ പുരാവസ്തു വ്യാപാരത്തിന് ലൈസൻസില്ലാത്ത തട്ടിപ്പുകാരനാണെന്നും സാമ്പത്തിക ഇടപാടുകൾ ദുരൂഹമാണെന്നുമുള്ള വിശദമായ ഇന്റലിജൻസ് റിപ്പോർട്ട്. അടുത്തതായി പുതിയ ഡി.ജി.പി.-ക്ക് മോൻസൺ മാവുങ്കൽ അവാർഡ് കൊടുക്കുന്നു, ലോക കേരള സഭയിലെ പ്രവാസി മലയാളി യുവതി പോലീസിനും മോൻസൺ മാവുങ്കലിനുമുള്ള ഇടനിലക്കാരിയായി പ്രവർത്തിച്ചുവെന്ന് വിചാരിക്കേണ്ടിയിരിക്കുന്നു. ഇറ്റലിയിൽ താമസിക്കുന്ന ഇവർ ലോക കേരള സഭയുടെ പ്രതിനിധിയാണ്. ലോക കേരള സഭയിലെ 350 പേരിൽ ഇറ്റലിയിൽനിന്ന് വന്ന ഏക വനിതയാണിവർ. സൈബർ സെക്യൂരിറ്റി കോൺഫറൻസ് കൊക്കൂണിൽ ഇവർ എങ്ങനെ പങ്കെടുത്തെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമാക്കണം. എറണാകുളം ഗ്രാൻഡ് ഹയാത്ത് ഹോട്ടലിൽ നടന്ന പോലീസിന്റെ സുപ്രധാനമായ കൊക്കൂൺ മീറ്റിംഗിൽ എങ്ങനെയാണ് ഈ യുവതിയും മോൻസൺ മാവുങ്കലും പങ്കെടുക്കുന്നത്? ഡി.ജി.പി.-യോടൊപ്പമുള്ള ഏഴ് എസ്.പി-മാർ, രണ്ട് ഡി.ഐ.ജി-മാർ, രണ്ട് ഐ.ജി-മാർ എന്നിവർക്ക് പ്രവേശനാനുമതി നൽകാതിരുന്ന കൊക്കൂൺ മീറ്റിംഗിൽ എങ്ങനെയാണ് ഇവർ പങ്കെടുത്തത്? ക്യാമറ, അംഗരക്ഷകർ, പോലീസ് കാവൽ, പോലീസ് പരാതിപ്പെട്ടി, ശബരിമല ചെമ്പോല രേഖ, യേശുവിനെ ഒറ്റാൻ യൂദാസിന് കൊടുത്ത വെള്ളിക്കാശിൽ രണ്ടെണ്ണം, തിരുവസ്ത്രത്തിന്റെ ചെറിയ കഷ്ണം, യേശു വെള്ളം വീഞ്ഞാക്കിയ കൽഭരണി, മോശയുടെ വടി, ഛത്രപതി ശിവാജിയുടെ സ്വകാര്യ ഭഗവത്ഗീത, ഔറംഗസേബിന്റെ മുദ്രമോതിരം, 4500 വർഷം പഴക്കമുള്ള ദാരുശിൽപം, ശ്രീനാരായണ ഗുരുവിന്റെ ഊന്നുവടി, 650 കിലോ ഗ്രാം ഭാരമുള്ള പഞ്ചലോഹം പൊതിഞ്ഞ നന്തി ശിൽപം, മൈസൂർ കൊട്ടാരത്തിന്റെ ആധാരം, തിരുവിതാംകൂർ രാജാവിന്റെ ആധാരം തുടങ്ങിയ തട്ടിപ്പാണ് നടന്നത്. തട്ടിപ്പുകാരുടെ വിളയാട്ടമല്ലേ ഇവിടെ നടക്കുന്നത്? കഴിഞ്ഞ അഞ്ച് വർഷ ക്കാലത്തെ നിരവധി തട്ടിപ്പുകൾ പുറത്തുവന്നിരിക്കുകയാണ്. ശ്രീ. ഇ. പി. ജയരാജന്റെ ബന്ധുനിയമനം, ബ്രൂവറി-ഡിസ്റ്റിലറി അഴിമതി, സ്പ്രിംഗ്ലർ അഴിമതി, പമ്പാ മണൽ കടത്ത് അഴിമതി, ബെവ് ക്യൂ ആപ്പ്, ഡോ. കെ. ടി. ജലീലിന്റെ ബന്ധു നിയമനം, സ്വർണ്ണക്കടത്ത്, ലൈഫ് മിഷൻ എന്നിവയുമായി ബന്ധപ്പെട്ട ഏതെങ്കിലും ഒരു കേസ്സിൽ അന്വേഷണം നടത്തി സത്യസന്ധമായ റിപ്പോർട്ട് നിയമസഭയിൽ വയ്ക്കാൻ കഴിഞ്ഞോ, ജനങ്ങൾക്ക് നൽകിയോ? (...ബഹളം....) ശ്രീ. എ. എൻ. ഷംസീറേ, എന്നെക്കൊണ്ടൊന്നും പറയിപ്പിക്കരുത്.

<u>മി. സ്പീക്കർ</u>: അങ്ങോട്ടുനോക്കി സംസാരിച്ചാൽ പ്രകോപനം കൂടും. ചെയറിനെ നോക്കി സംസാരിക്കൂ.

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട ചെയർ, അവരെയൊന്ന് നിയന്ത്രിക്കണം.

മി. സ്പീക്കർ: അങ്ങ് സംസാരിക്കേണ്ടത് അവരോടല്ല.

ശ്രീ. പി. ടി. തോമസ്: സർ, ശ്രീ. പിണറായി വിജയന്റെ ഭരണകാലം തട്ടിപ്പുകാരുടെ വിളയാട്ടക്കാലമായി മാറുന്നു. തട്ടിപ്പുകാരെല്ലാം കറങ്ങിത്തിരിഞ്ഞ് അങ്ങയുടെ അടുത്തുതന്നെ വരുന്നത് എന്തുകൊണ്ടാണ്? മോശയുടെ വടിയുംപിടിച്ച് ടിപ്പുസുൽത്താന്റെ കസേരയിൽ ഇരിക്കുന്ന അങ്ങയുടെ വിനീതവിനയൻ ശ്രീ. ലോക്നാഥ് ബെഹ്റയുടെ ശമ്പളം പുതുക്കി നിശ്ചയിക്കാനാണ് 3-10-2021-ലെ ഉത്തരവിൽ ഒപ്പിട്ടിരിക്കുന്നത് (ഓർഡർ ഉയർത്തിക്കാണിച്ചു). 3-10-2021-ൽ ശ്രീ. ലോക്നാഥ് ബെഹ്റയുടെ ശമ്പളം ലക്ഷക്കണക്കിന് രൂപ പുതുക്കിക്കൊടുക്കുന്ന ഫയലിൽ ഒപ്പിടുന്നതിനുപകരം അയാളെ പിടിച്ച് പുറത്താക്കാൻ ഉത്തരവിടാൻ ആ കൈയ്ക്ക് കരുത്തുണ്ടാകണമായിരുന്നു; അതങ്ങ് ചെയ്തില്ല. പോലീസ് നവീകരണ പ്രവർത്തനങ്ങളിൽ 150 കോടി രൂപയുടെ ഗുരുതരമായ ക്രമക്കേടുണ്ടെന്ന സി.&എ.ജി-യുടെ റിപ്പോർട്ട് വന്നു. വിഴിഞ്ഞം തുറമുഖത്തെ സംബന്ധിച്ച സി&എ.ജി. റിപ്പോർട്ട് വന്നതിന്റെ പിറ്റേദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ജുഡീഷ്യൽ അന്വേഷണത്തിന് ഉത്തരവിട്ടല്ലോ. എന്തുകൊണ്ടാണ് ഡി.ജി.പി.-ക്കെതിരെ സി.&എ.ജി. റിപ്പോർട്ടുവന്നിട്ടും 'കമ' എന്നൊരു അക്ഷരം മിണ്ടാത്തത്? കേന്ദ്ര സർക്കാർ പുതിയ സി.ബി.ഐ. തലവനെ നിയമിക്കാൻ ആലോചിച്ചപ്പോൾ ശ്രീ. നരേന്ദ്ര മോദിയുടെ ഒന്നാം പേരുകാരനായിരുന്നു ശ്രീ. ലോക്നാഥ് ബെഹ്റ. സുപ്രീംകോടതി ഇടപെട്ടതുകൊണ്ട് നമ്മൾ രക്ഷപ്പെട്ടു. സി.ബി.ഐ. ഡയറക്ടറാകാൻ ശ്രീ. നരേന്ദ്ര മോദിയും ബി.ജെ.പി-യും സംഘ്പരിവാറും കണ്ടുപിടിച്ച യാൾതന്നെ അങ്ങയുടെ ഏറ്റവും വിശ്വസ്തനായി കെ.എം.ആർ.എൽ-ൽ നിയമിതനായതെങ്ങനെയാണ്? ഇതിന് സർക്കാർ മറുപടി പറയണം. മറുപടി പറഞ്ഞാൽ അടുത്ത പറമ്പിൽപ്പോലും നിങ്ങളുടെ തല കാണില്ല. ചോദിക്കാൻ തന്റേടമുള്ളവർ ചോദിക്കണം.

മി. സ്പീക്കർ: ദയവായി അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. പി. ടി. തോമസ്: സർ, സി.&എ.ജി. റിപ്പോർട്ടിൽ 150 കോടി രൂപയുടെ അഴിമതി നടന്നുവെന്ന ആക്ഷേപം വന്നിട്ടും 'കമ' എന്നൊരക്ഷരം മിണ്ടിയോ; ഞാൻ ചോദിക്കട്ടെ, പറയണമെങ്കിൽ പറയാം, എന്തുവേണമെങ്കിലും പറയാം.

...(ബഹളം)... ശ്രീ. കെ. സുധാകരനൊന്നും മറച്ചുവയ്ക്കാനില്ല.

മി. സ്പീക്കർ: അങ്ങ് ചെയറിനെ നോക്കി സംസാരിക്കു. ആവർത്തിച്ച് പറയുകയാണ്, അങ്ങോട്ട് നോക്കി സംസാരിക്കേണ്ട.

ശ്രീ. പി. ടി. തോമസ്: സർ, യഥാർത്ഥത്തിൽ അങ്ങ് വലിയ കരുത്തനാണെന്ന് കേൾക്കുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. ഞങ്ങളുടെ മുഖ്യമന്ത്രി കരുത്തനാണല്ലോ. അങ്ങ് കൈകൊണ്ട് ചെറിയൊരു ആംഗ്യം കാണിച്ചപ്പോൾ ശ്രീ. കെ. സുധാകരൻപ്പോലും പേടിച്ചുപോയിട്ടുണ്ട്. ആംഗ്യം കാണിച്ച അതേ കൈകൊണ്ട് ശ്രീ. ലോക്നാഥ് ബെഹ്റയെ പുറത്താക്കുന്നതിനുള്ള ഫയലിൽ ഒപ്പിടാൻ സാധിക്കുമോ? രണ്ടുദിവസംമുമ്പ് അങ്ങ് പോലീസ് ഉദ്യോഗസ്ഥരുടെ യോഗത്തിൽ ഗിരിപ്രഭാഷണം നടത്തിയല്ലോ. ഇതുപോലെ പോലീസിന്റെ വീഴ്ചയ്ക്ക് മാപ്പുപറഞ്ഞ ഏതെങ്കിലുമൊരു മുഖ്യമന്ത്രി കേരളത്തിലുണ്ടോ?

മി. സ്പീക്കർ: അങ്ങ് പ്രസംഗം അവസാനിപ്പിക്കു.

ശ്രീ. പി. ടി. തോമസ്: സർ, കെ.പി.സി.സി. പ്രസിഡന്റിന് ഒന്നും മറച്ചുവയ്ക്കാനില്ല. ശ്രീ. കെ. സുധാകരൻ സത്യസന്ധമായി കാര്യങ്ങൾ പറഞ്ഞു. ഇവിടെയിരിക്കുന്ന പല മന്ത്രിമാരെയും സംബന്ധിച്ച് ഞങ്ങൾ പറഞ്ഞിട്ടില്ലല്ലോ; ഞങ്ങൾ അങ്ങനെ പറയുന്നുമില്ല. ശ്രീ. കെ. സുധാകരനെ നിങ്ങൾ സ്പുട്നിക്കെന്ന ബഹിരാകാശ വാഹനത്തിൽ കയറ്റി ശൂന്യാകാശത്തേയ്ക്കൊന്നും അയയ്ക്കാൻ പോകുന്നില്ല. അതിനാൽ ഞാൻ പ്രസംഗം അവസാനിപ്പിക്കുന്നു. എനിക്ക് പ്രസംഗം അവസാനിപ്പിക്കാൻ അവസരം നൽകണം...... (മൈക്ക് ഓഫ്)........... (ബഹളം).....

മി. സ്പീക്കർ: അവസരം നൽകി.......(ബഹളം)........പത്ത് മിനിട്ട് തുടർച്ചയായി സമയം അനുവദിച്ചു. അതുകഴിഞ്ഞ് അദ്ദേഹത്തിന് ഒരുമിനിട്ടിൽ അധികം സമയം നൽകി. അങ്ങ് ഒറ്റവാചകം പറഞ്ഞ് പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. പി. ടി. തോമസ്: സർ, ജനങ്ങൾക്ക് ബോദ്ധ്യമാകുന്ന നിലയിൽ സത്യസന്ധമായി അന്വേഷിച്ച് ശക്തമായ നടപടി സ്വീകരിക്കണമെന്ന ആവശ്യം ഞാൻ മുന്നോട്ടുവയ്ക്കുകയാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പുരാവസ്തുക്കളെന്ന പേരിൽ വ്യാജസാധനങ്ങൾ കൈമാറി ആളുകളെ വഞ്ചിച്ചുവെന്നതാണ് വിഷയം. പുരാവസ്തുശേഖരമുണ്ടെന്ന് കേൾക്കുമ്പോൾ തട്ടിപ്പാണെന്നറിയാതെ അത് കാണാമെന്ന് വിചാരിച്ച് പോകുന്നവരുണ്ട്. അതേസമയം ബോധപൂർവ്വം നടത്തിയ

തട്ടിപ്പിന് സഹായം ചെയ്തുകൊടുത്തവരുമുണ്ടാകും. മോൻസൺ മാവുങ്കലി നെതിരെയുള്ള പരാതിയിൽ പരാമർശിച്ച പേരുകളുടെ കൂട്ടത്തിൽ പോലീസ് ഉദ്യോഗസ്ഥനില്ല. പിടിച്ചുവച്ചിരിക്കുന്ന ഭീമമായ തുക റിലീസ് ചെയ്ത് കിട്ടണമെങ്കിൽ ഡൽഹിയിൽനിന്നും സഹായം ആവശ്യമുണ്ടെന്നും അതിനുവേണ്ടി തൽക്കാലം 25 ലക്ഷം രൂപ കൊടുക്കണമെന്നും കേൾക്കുമ്പോൾ ആളുകൾ അതിൽ വീണുപോകുകയാണ്. വളരെ പ്രധാനപ്പെട്ട ഒരു വ്യക്തിയുടെ സാന്നിദ്ധ്യത്തിൽ പണം കൊടുക്കുന്നു. പരാതിക്കാരൻ വ്യക്തിയുടെ പേരുൾപ്പെടെ പരാതി നൽകിയിരിക്കുകയാണ്. കൃത്യമായി തട്ടിപ്പിന് കൂട്ടുനിൽക്കുന്ന അവസ്ഥയാണ് അതിൽ വരുന്നത്. അത്തരം കാര്യങ്ങളെ വേർതിരിച്ച് കാണേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ട് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ നിയോഗിച്ച് കൃത്യമായ അന്വേഷണം നടന്നുവരികയാണ്. അന്വേഷണം എത്തേണ്ടവരിൽത്തന്നെ എത്തു മെന്ന കാര്യത്തിൽ സംശയം വേണ്ട. അതിന് ആരും അനാവശ്യ ധൃതി കാണിക്കേണ്ടതില്ല. നിയമം നിയമത്തിന്റെ വഴിക്ക് പോകട്ടെ. അന്വേഷണത്തെ സംബന്ധിച്ച് ഒരുപരാതിയും ശ്രീ. പി. ടി. തോമസ് പറഞ്ഞിട്ടില്ല. സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ നേതൃത്വത്തിലാണ് അന്വേഷണം നടക്കുന്നത്. തട്ടിപ്പ് പുറത്തുകൊണ്ടുവരികയെന്നതാണ് പ്രധാന ലക്ഷ്യം. ഇക്കാര്യത്തിൽ പോലീസിന് എന്തോ ഉത്തരവാദിത്വമുണ്ടെന്ന് സ്ഥാപിക്കാനാണ് അദ്ദേഹം ശ്രമിച്ചത്. പോലീസ് സേനയിലുള്ളവർ ചട്ടവിരുദ്ധമായോ അവിഹിതമായോ എന്തെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ ഒരു ദാക്ഷിണ്യവുമുണ്ടാകില്ല, അതിന്റെ ഭാഗമായി കർശന നടപടിയുണ്ടാകും. അന്വേഷണസംഘം കൃത്യമായി അന്വേഷിക്കുകയും ചെയ്യും. അന്വേഷണത്തിൽ വിശ്വാസമില്ലെങ്കിൽ അതും വ്യക്തമാക്കണം. അക്കാര്യം ശ്രീ. പി. ടി. തോമസ് വ്യക്തമാക്കിയിട്ടില്ല. അങ്ങനെയൊരു വിശ്വാസക്കുറവുണ്ടെന്ന് തോന്നുന്നില്ല. പഴയ ചില കാര്യങ്ങൾപറഞ്ഞുവെന്ന് മാത്രം. കേരളം കണ്ട ഏറ്റവും വലിയ വ്യാജപുരാവസ്തു നിർമ്മിതിയുമായി ബന്ധപ്പെട്ട് 2019 ജൂൺ 13-ന് സ്റ്റേറ്റ് പോലീസ് ചീഫ് ഇന്റലിജൻസ് മേധാവിക്ക് T16005/2019/PHQ നമ്പർ കത്തയച്ചിട്ടുണ്ട്. പുരാവസ്തുക്കൾ സൂക്ഷിച്ചതിനെക്കുറിച്ച് റിപ്പോർട്ട് വേണമെന്നാണ് ആവശ്യപ്പെട്ടത്. 2019 നവംബർ 25-നാണ് ഇന്റലിജൻസ് എ.ഡി.ജി.പി.. സ്റ്റേറ്റ് പോലീസ് ചീഫിന് മറുപടി നൽകിയത്. ചില കാര്യങ്ങൾ ചെയ്യുന്നതിന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. അതിനുശേഷം 21-12-2019-ന് വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് ഡി.ജി.പി.. & സ്റ്റേറ്റ് പോലീസ് ചീഫ്, എ.ഡി.ജി.പി.. ഇന്റലിജൻസിന് കത്തയച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി വിശദമായ റിപ്പോർട്ട് 1-1-2020-ന് നൽകിയിട്ടുണ്ട്. 2020 ജനുവരി 1-ന് 2019-ലെ കത്തടക്കം റെഫർ ചെയ്തുകൊണ്ടാണ് മറുപടി നൽകിയത്. കോസ്മോസ് ബ്യൂട്ടി ക്ലിനിക്കടക്കമുള്ള കാര്യങ്ങൾ പറയുന്നുമുണ്ട്. കോസ്മോസ് സംബന്ധിച്ച് ഇപ്പോൾ എല്ലാവർക്കും അറിയാമല്ലോ; കോസ്മെറ്റിക്കാണ്, ഇതിൽ കാണുന്നത് കോസ്മോസ്

ബ്യൂട്ടി ക്ലിനിക്കെന്നാണ്, അതാണ് ഞാൻ കോസ്മോസ് എന്നുപറഞ്ഞത്. ജനുവരിയിൽ മറുപടി ലഭിച്ചതിനുശേഷം ഫെബ്രുവരി 5-ാം തീയതി ഡി.ജി.പി.. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന് ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ അന്വേഷിക്കാനായി ഒരു കത്ത് നൽകിയിരുന്നു. അത്രയും കാര്യങ്ങൾ നടന്നതായിട്ടാണ് എന്റെ കയ്യിലുള്ള രേഖകളിലുള്ളത്. ഇക്കാര്യങ്ങളെല്ലാം സമഗ്രമായി അന്വേഷിക്കേണ്ടതാണെങ്കിലും എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് അന്വേഷണത്തിലേയ്ക്ക് കടന്നിട്ടില്ല. ഇതുസംബന്ധിച്ച് വിശദമായി അന്വേഷിക്കാം. അന്വേഷണം ഫലപ്രദമായി മുന്നോട്ടുപോകുന്നതായിട്ടാണ് കാണാൻ സാധിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച ശബരിമലയിലെ ആചാരാനുഷ്ഠാനങ്ങളുടെ ഭാഗമായ ചെമ്പോലയുമായി ബന്ധപ്പെട്ട് ആരോപിക്കുന്നതരത്തിലുള്ള നിലപാട് സർക്കാർ സ്വീകരിച്ചിട്ടില്ല. എങ്ങനെയാണ് അദ്ദേഹത്തിന് അങ്ങനെയൊരു വിവരം ലഭിച്ചതെന്ന് എനിക്ക് പറയാൻ കഴിയില്ല. കൊച്ചുൺ മീറ്റിംഗിൽ പങ്കെടുക്കാൻ ഇടയായതെന്താണ്; അതും ഈ കേസ്സുമായി എന്തെങ്കിലും ബന്ധമുണ്ടെങ്കിൽ അക്കാര്യവും അന്വേഷിക്കട്ടെ. കൃത്യമായ അന്വേഷണം നടത്തി നമുക്ക് വ്യക്തതയുണ്ടാക്കാം. പുരാവസ്തുതട്ടിപ്പുമായി ബന്ധപ്പെട്ട വിഷയത്തിൽ അന്വേഷണം നടത്താൻ ആവശ്യപ്പെട്ടത് മുൻ ഡി.ജി.പി.. ശ്രീ. ലോക് നാഥ് ബെഹ്റയാണെന്ന കാര്യം നാം മനസ്സിലാക്കണം. അദ്ദേഹം മോൻസൺ മാവുങ്കലിന്റെ വീട്ടിൽ സന്ദർശനം നടത്തിയതിനുശേഷമാണ് ഇത്തരമൊരു കത്ത് നൽകുകയും അന്വേഷിക്കുന്നതിനായി ഇന്റലിജൻസ് വിഭാഗത്തോട് ആവശ്യപ്പെട്ടതും. ഇന്റലിജൻസ് വിഭാഗത്തിന്റെ അന്വേഷണ റിപ്പോർട്ടിന്റെ ഭാഗമായി കൂടുതൽ അന്വേഷണം വേണമെന്ന് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. നടന്ന കാര്യങ്ങൾ നടന്നതായി കാണാൻ ശ്രമിക്കണം. ഇനി കൂടുതലെന്തെങ്കിലുമുണ്ടെങ്കിൽ അന്വേഷണത്തിന്റെ ഭാഗമായി കണ്ടെത്താം. അന്വേഷണം നടത്താൻ സർക്കാർ തയ്യാറാണ്. ഇത്തരം കാര്യങ്ങൾ അന്വേഷിക്കാൻ കഴിവും പ്രാപ്തിയുമുള്ളവരാണ് പോലീസ് സേന.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നതനുസരിച്ചാണെങ്കിൽ മുൻ സംസ്ഥാന പോലീസ് മേധാവി തന്നെയാണ് ഈ അന്വേഷണത്തിനെല്ലാം ശിപാർശ ചെയ്തത്. അങ്ങനെയാണെങ്കിൽ അദ്ദേഹമെന്തിനാണ് വീടിന് പ്രത്യേക സംരക്ഷണം ഏർപ്പെടുത്താനുള്ള നടപടി സ്വീകരിച്ചത്? മോൻസൺ മാവുങ്കലിന്റെ വീട്ടിലും കൊച്ചിയിലും വിപുലമായ പോലീസ് സംവിധാനവും സുരക്ഷാനടപടികളും ഏർപ്പെടുത്തിയതിന്റെ കാരണമെന്താണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, അതിന്റെ കാരണത്തിലേയ്ക്ക് ഞാനിപ്പോൾ കടന്നുപോകുന്നില്ല. സാധാരണഗതിയിൽ ഇത്തരം കാര്യങ്ങൾ പുറത്തുവരുന്ന

ഘട്ടത്തിൽ പോലീസ് സാന്നിദ്ധ്യം ഉറപ്പുവരുത്താറുണ്ട്. അതിന്റെ ഭാഗമായി രിക്കാനാണ് സാദ്ധ്യത. അത്തരം കാര്യങ്ങളിൽ എന്തെങ്കിലും വീഴ്ചവന്നിട്ടു ണ്ടോയെന്ന് അന്വേഷണ ഏജൻസി അന്വേഷിക്കുന്നതാണ്. ഇക്കാര്യത്തിൽ നമുക്കാർക്കും മറ്റൊരു ഉദ്ദേശ്യമില്ല. തട്ടിപ്പുകാരൻ രക്ഷപ്പെടണമെന്ന് കേരളത്തിൽ ആരും ആഗ്രഹിക്കുന്നില്ല. തട്ടിപ്പുകാരനെതിരെ ഫലപ്രദമായ നടപടി ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്. ഇപ്പോഴും അയാൾ പോലീസ് കസ്റ്റഡിയിലാണുള്ളത്. അദ്ദേഹത്തിന്റെ ഒരു സ്വാധീനവും ഇക്കാര്യത്തിൽ ഫലിച്ചിട്ടില്ല. ശക്തമായ നടപടിതന്നെ പോലീസ് സ്വീകരിച്ചുവരികയാണ്. ഇനിയും അതേ സമീപനമാണ് പോലീസിന്റെ ഭാഗത്തുനിന്നുണ്ടാകുക. അക്കാര്യത്തിൽ യാതൊരാശങ്കയും കേരളീയ സമൂഹത്തിനുണ്ടാകേണ്ടതായിട്ടില്ല. ശ്രീ. പി. ടി. തോമസ് കുറേ പഴയ കാര്യങ്ങൾ പറയുകയുണ്ടായി. അത്തരം വിഷയങ്ങൾ ഒരുപാട് സമയമെടുത്ത് ചർച്ച ചെയ്തിട്ടുള്ളതാണ്. അതൊന്നും എവിടെയും സ്വീകരിക്കപ്പെട്ടിട്ടില്ല. ഞാൻ വീണ്ടും അക്കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ അവസാനം കെ.പി.സി.സി. പ്രസിഡിന്റിനെക്കുറിച്ചെന്തോ പറയുന്നതായി കേട്ടു. അദ്ദേഹത്തിന് എന്താണ് അങ്ങനെയൊരു ഉൾവിളി വരാൻ കാരണമെന്നുള്ളത് എനിക്കറിയില്ല. നിങ്ങളുടെ എന്തെങ്കിലും പ്രശ്നം ഇവിടത്തെ ചെലവിൽ പരിഹരിക്കാൻ നോക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. തെറ്റ് ചെയ്തവരാരായാലും അന്വേഷിച്ച് കണ്ടെത്തും. ഉപ്പ് തിന്നവർ വെള്ളം കുടിക്കുമെന്ന് പറയാറില്ലേ. അതുതന്നെ നടക്കട്ടെ. അതിനുതകുന്ന അന്വേഷണ സംവിധാനമാണുള്ളത്. അന്വേഷണത്തിലുണ്ടാകുന്ന പോരായ്മകൾ ശ്രദ്ധയിൽപ്പെടുത്തിയാൽ അതിനുതകുന്ന നടപടികൾ സ്വീകരിക്കാൻ സർക്കാർ സന്നദ്ധവുമാണ്. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയാവതരണത്തിനുള്ള അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, നമ്മുടെ നാട്ടിൽ ധാരാളം തട്ടിപ്പുകൾ നടക്കുന്നതായി കണ്ടിട്ടുണ്ടെങ്കിലും ഇത് തികച്ചും അപരിചിതമായൊരു തട്ടിപ്പാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ തട്ടിപ്പാണെന്നറിയാതെ പലയാളുകളും അവിടെപ്പോയിക്കാണും, അവരുടെകൂടെ ഫോട്ടോയെടുത്തുകാണും, ആ ചിത്രങ്ങളെല്ലാം പുറത്തുവന്നതുമാണ്. രണ്ട് രീതിയിലുള്ള തട്ടിപ്പാണ് നടന്നിട്ടുള്ളത്. ഒന്നാമത്തേത് പ്രാക്ടീസ് ചെയ്യുന്നൊരു ഡോക്ടറാണ്, കോസ്മെറ്റിക്ക് സർജനാണ് എന്ന നിലയ്ക്ക് നടത്തിയ തട്ടിപ്പാണ്.

കോടിക്കണക്കിന് രൂപ മൂല്യമുള്ള പുരാവസ്തക്കൾ ശേഖരിച്ചുവയ്ക്കുന്ന ആളാണെന്ന രീതിയിലാണ് രണ്ടാമത്തെ തട്ടിപ്പ് നടത്തിയത്. പ്രാക്ടീസിംഗ് ഡോക്ടറാണെന്ന് കരുതി സിനിമാതാരങ്ങൾ ഉൾപ്പെടെയുള്ള നമ്മുടെ നാട്ടിലെ സെലിബ്രിറ്റികൾ അടക്കമുള്ള നിരവധിയാളുകൾ ട്രീറ്റ്മെന്റിന് പോയിട്ടുണ്ട്. കോസ്മെറ്റിക് ട്രീറ്റ്മെന്റിന് പോകുന്നത് ഒരു കുറ്റമാണെന്ന് ആരും കരുതുന്നില്ല. നമ്മൾ പോകുന്നില്ലെങ്കിലും നമ്മുടെ കുടുംബാംഗങ്ങളോ, നമ്മളുമായി ബന്ധപ്പെട്ടവരോ പോകുന്നുണ്ടാകും. ഇന്ത്യയിൽ പ്രത്യേകിച്ച് കേരളത്തിൽ ഏറ്റവും വലിയൊരു വ്യവസായമാണ് കോസ്മെറ്റിക്സ് ഇൻഡസ്ട്രി. കോസ്മെറ്റിക് ട്രീറ്റ്മെന്റിനുവേണ്ടി സ്ത്രീകൾ മാത്രമല്ല പുരുഷന്മാർ ഉൾപ്പെടെയുള്ളവർ പോകും. അത് വലിയൊരു കുറ്റംപോലെ പറയുന്നത് ശരിയല്ല. നിരവധി കോസ്മെറ്റിക് ഡോക്ടർമാർ നമ്മുടെ സംസ്ഥാനത്തുണ്ട്. ഇതൊരു വ്യാജഡോക്ടറാണെന്ന് അറിയാമായിരുന്നെങ്കിൽ സെലിബ്രിറ്റീസ് ആരെങ്കിലും ട്രീറ്റ്മെന്റിനുവേണ്ടി പോകുമോ? നമുക്ക് ഏറ്റവും വിലപിടിപ്പുള്ളതല്ലേ നമ്മുടെ മുഖം? ഉത്തമ വിശ്വാസത്തിൽ ഡോക്ടറാണെന്ന് കരുതി ആളുകൾ അയാളുടെ അടുത്തുപോകും. അങ്ങനെ പോകുന്നവരെ രാഷ്ട്രീയ ത്തിന്റെയോ മറ്റ് വൈരാഗ്യത്തിന്റെയോ പേരിൽ അപമാനിക്കാനാണ് ശ്രമമെങ്കിൽ തിരിച്ചും അപമാനിക്കാം. രാഷ്ട്രീയനേതാക്കളായ നമ്മളും സെലിബ്രിറ്റീസ് ആയ സിനിമാ താരങ്ങളും പലസ്ഥലത്ത് പോകുമ്പോഴും നിരവധിയാളുകളുടെ കൂടെനിന്ന് ഫോട്ടോ എടുക്കാറുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഫോട്ടോ എടുപ്പിക്കാതിരിക്കാൻ വേണ്ടി കുറച്ചുകൂടി ശ്രദ്ധിക്കുന്നുണ്ട്. ഞാൻ ഫോട്ടോ എടുക്കുന്നതിന് നിന്നു കൊടുക്കാറുണ്ട്. വരുന്നയാളുകളുടെ ജാതകം മുഴുവൻ പരിശോധിച്ചിട്ടല്ല ഫോട്ടോയ്ക്ക് പോസ് ചെയ്യുന്നത്. ഒരു വിവാഹത്തിൽ പങ്കെടുക്കാൻ പോയാൽ വധൂ-വരന്മാരുടെ തൊട്ടപ്പുറത്തുനിന്ന് നമ്മൾ ഫോട്ടോ എടുക്കും. അതിന്റെ തൊട്ടടുത്ത് വേറെ ആരെങ്കിലും നിൽക്കുന്നുണ്ടാകും.. (ബഹളം)....

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിക്കുകയാണ്, തടസ്സപ്പെടുത്തരുത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അടുത്തുനിന്ന് ഫോട്ടോ എടുത്തവർ നാളെ ഏതെങ്കിലും കേസ്സിൽ പ്രതികളായാൽ പുറത്തുവരാൻ പോകുന്നത് അവരുടെകൂടെ നമ്മളും ചിരിച്ചുകൊണ്ടിരിക്കുന്ന ഫോട്ടോ ആയിരിക്കും. നമുക്ക് അവരുമായി ബന്ധമുണ്ടെന്ന് കരുതും. എയർപോർട്ട്, റെയിൽവേ സ്റ്റേഷൻ തുടങ്ങിയ പൊതുസ്ഥലങ്ങളിൽവച്ച് ജനപ്രതിനിധികൾ പലരുടേയും അടുത്തുനിന്ന് ഫോട്ടോ എടുക്കാറുണ്ട്. നാളെ അവരാരെങ്കിലും ഏതെങ്കിലും തട്ടിപ്പ് കേസ്സിലോ, കഞ്ചാവ് കേസ്സിലോ, ഡ്രഗ്സ് കടത്തിലോ, സ്വർണ്ണക്കള്ളക്കടത്ത് കേസ്സിലോ പ്രതികളായാൽ നമുക്കുംകൂടി അതിൽ പങ്കാളിത്തമുണ്ടെന്ന് പറയുന്നതിൽ എന്ത്

അർത്ഥമാണുള്ളത്? മന്ത്രിമാരും മുൻമന്ത്രിമാരും ആരോപണവിധേയനായ വ്യക്തിയുടെകൂടെ നിൽക്കുന്ന ഫോട്ടോകൾ പുറത്തുവന്നിട്ടുണ്ട്. ഞങ്ങളാരും മന്ത്രിമാർക്ക് ഇയാളുടെ തട്ടിപ്പുമായി ബന്ധമുണ്ടെന്ന് ആക്ഷേപിച്ചിട്ടില്ല. മാധ്യമങ്ങളിൽ വിചാരണയും ധാരാളം ചർച്ചകളും നടത്തി ഇല്ലാക്കഥകളുണ്ടാക്കുന്നു. പത്തുദിവസം താമസിച്ചിട്ടില്ലേയെന്ന് ചോദിക്കുന്നു, നിങ്ങൾ ആരോപണമുന്നയിക്കുന്ന ഒരാളും അവിടെപ്പോയി പത്തുദിവസം താമസിച്ചിട്ടില്ല. കേസ് പോലീസ് അന്വേഷിക്കുകയല്ലേ? ...(ബഹളം)... അത് അവർക്കറിയാം, നിങ്ങൾ പോലീസാകേണ്ടതില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞപ്പോൾ ആരും ബഹളമുണ്ടാക്കിയില്ല. ഇവിടെ pin drop silence ആയി കേട്ടുകൊണ്ടിരിക്കുകയാണ് ചെയ്തത്. ഞങ്ങൾ പറയുന്ന ഓരോ വാചകത്തിനും കമെന്റ് പറയാൻ നിങ്ങളെ ആരെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോയെന്ന് എനിക്കറിയില്ല. ഞങ്ങൾ അത് ശ്രദ്ധിക്കാറുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കുമ്പോൾ ഇടയ്ക്കുകയറി പറയാതിരിക്കാൻ ഞങ്ങൾ ശ്രമിക്കാറുണ്ട്. പ്രതിപക്ഷനേതാവെന്ന നിലയിലാണ് ഞാൻ സംസാരിക്കുന്നത്. ഞാൻ സംസാരിക്കുമ്പോൾ ഓരോ വാചകത്തിനും കമെന്റ് പറയേണ്ടത് നിങ്ങളല്ല, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ്. മറുപടി പറയാൻ മടിയുള്ള ആളല്ല ബഹുമാനപ്പെട്ട മുഖ്യമന്ത്രി. നിങ്ങൾ എല്ലാത്തിനും മറുപടി പറയേണ്ട ആവശ്യമില്ല. പൊതുപ്രവർത്തകരുടെ പ്രതിച്ഛായയെന്നത് ഒരുപാട് വർഷക്കാലത്തെ കഠിനാദ്ധ്വാനത്താൽ നേടിയെടുക്കുന്നതാണ്. ഏതെങ്കിലും തട്ടിപ്പുകാരന്റെ കൂടെനിൽക്കുന്ന ഫോട്ടോ വന്നതിന്റെ പേരിൽ ആ പ്രതിച്ഛായയെ അപമാനിക്കുന്ന സാഹചര്യമുണ്ടാകാൻ പാടില്ലെന്നാണ് എന്റെ അഭിപ്രായം. ഇപ്പോൾ ലഭിച്ചിരിക്കുന്ന അവസരം ഉപയോഗിക്കാമെന്നാണ് കരുതുന്നതെങ്കിൽ അങ്ങനെ ചെയ്തോളൂ; ഞങ്ങൾ അതിനെ രാഷ്ട്രീയമായിത്തന്നെ നേരിട്ടോളാം. ഈ വിഷയം നിയമസഭയിൽ കൊണ്ടുവരാനുള്ള കാരണം ഞങ്ങൾ പറഞ്ഞല്ലോ; ഇതുമായി ബന്ധപ്പെട്ട എല്ലാ അന്വേഷണങ്ങളുമായി ഞങ്ങൾ സഹകരിക്കും. ഏത് ഏജൻസി അന്വേഷിച്ചാലും സത്യാവസ്ഥ പുറത്തുകൊണ്ടുവരണമെന്നാണ് ഞങ്ങൾ പ്രധാനമായും ആവശ്യപ്പെടുന്നത്. 6-9-2021-ലാണ് ആദ്യ പരാതി ലഭിച്ചതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറയുകയുണ്ടായി. മോൻസൺ മാവുങ്കൽ അന്താരാഷ്ട്ര തട്ടിപ്പുകാരനാണെന്ന് ഇന്റലിജൻസ് എ.ഡി.ജി.പി.. രണ്ട് വർഷം മുൻപ്, 2019 മേയ് മാസത്തിൽ പോലീസിന് മുന്നറിയിപ്പ് നൽകിയിരുന്നതാണ്. അതുസംബന്ധിച്ച് അന്വേഷിക്കാനായി എൻഫോഴ്സ്മെന്റ് ഡയറക്ടർക്കും മറ്റുപലയിടത്തും കത്ത് നൽകിയതായി പറഞ്ഞു. അന്താഷ്ട്ര തട്ടിപ്പുകാരനാണെന്ന് ഒരാളെക്കുറിച്ച് സംസ്ഥാനത്തെ ഇന്റലിജൻസ് എ.ഡി.ജി.പി.. മുന്നറിയിപ്പ് നൽകിയിട്ടും സെപ്റ്റംബർ 6-ാം തീയതി പരാതി ലഭിക്കുന്നതുവരെ പോലീസിലെ

എല്ലാവരും എന്തുചെയ്യുകയായിരുന്നു? രണ്ടേകാൽ വർഷക്കാലം എന്ത് ചെയ്യുകയായിരുന്നുവെന്നതാണ് ഞങ്ങൾ ഉന്നയിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ചോദ്യം. 2020 ജനുവരിയിൽ സംസ്ഥാന ഇന്റലിജൻസ് വിഭാഗം ഇത് തട്ടിപ്പാണെന്ന് തെളിയിക്കുന്ന മുഴുവൻ ഡീറ്റെയിൽസും പോലീസിന് നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ പറയുന്നത്, സ്കൂൾ വിദ്യാഭ്യാസം മാത്രമുള്ള മോൻസൺ മാവുങ്കൽ ഡോക്ടറായി ചമയുകയാണ്, ഇടപാടുകൾ ദുരൂഹമാണ്, ഇറക്കുമതി ചെയ്ത 100 ആഡംബര കാറുകളും രാജ്യത്തെയും വിദേശത്തെയും പെയിന്റിംഗ്, പുരാവസ്തു-കരകൗശല വസ്തുക്കളും ശേഖരത്തിലുണ്ട്. ലോകത്ത് പലയിടത്തുനിന്നുമായി വാങ്ങിയ ഇവയെല്ലാം അമൂല്യമാണെന്ന് അയാൾ അവകാശപ്പെടുന്നു. മൂല്യം ഒരുലക്ഷം കോടിയിൽ അധികമായേക്കാം. അയാൾ അന്താരാഷ്ട്ര തട്ടിപ്പുകാരനാണ്. പുരാവസ്തുക്കൾ എന്നുപറയുന്നതിൽ അധികവും ഒറിജിനലല്ല, ചിലത് മോഷ്ടിച്ചവയുമാണ്. വരുമാനത്തിന്റെ സ്രോതസ്സ് വ്യക്തമല്ല. കോടിക്കണക്കിന് രൂപയുടെ നികുതി അടച്ചിട്ടില്ല. 2020 ജനുവരിയിൽ വിശദമായ ഇന്റലിജൻസ് റിപ്പോർട്ട് നൽകിയിട്ടും യാതൊരു നടപടിയും സ്വീകരിച്ചില്ല. ശ്രീ. പി. ടി. തോമസ് അടിയന്തരപ്രമേയ നോട്ടീസ് അവതരിപ്പിച്ച് സംസാരിച്ചപ്പോൾ ഒരു ചോദ്യം ഉന്നയിച്ചിരുന്നു. ഇന്റലിജൻസ് വിഭാഗത്തിന്റെ വിശദമായ റിപ്പോർട്ടിൽ ഇയാളുടെ കരകൗശല വസ്തുക്കളും പുരാവസ്തുക്കളും തട്ടിപ്പാണെന്നും വ്യാജ ഡോക്ടറാണെന്നുമൊക്കെ പറഞ്ഞിട്ടും പോലീസ് മോൻസൺ മാവുങ്കലിന്റെ വീടിന് സംരക്ഷണം ഏർപ്പെടുത്തിയിരിക്കുകയാണ്. ഒരു ദിവസം നാല് പ്രാവശ്യം പോലീസ് പട്രോളിംഗ് നടത്തണം. പോലീസ് പട്രോളിംഗ് നടത്തിയെന്ന് ഉറപ്പുവരുത്താൻവേണ്ടി ഒരു ബോക്സ് വച്ചിട്ടുള്ളതിൽ ഒരു പുസ്തകമുണ്ട്. അവിടേയ്ക്ക് പോകുന്ന ഉദ്യോഗസ്ഥർ ആ പുസ്തകത്തിൽ ഒപ്പുവയ്ക്കണം. അതിനിടയിൽ അയാൾക്കെതിരായി നിരവധി പരാതികൾ വന്നിട്ടുള്ളതിന്റെ വിശദാംശമൊന്നും ഞാനിവിടെ പറയുന്നില്ല.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഫെമപ്രകാരം പിടിച്ചുവയ്ക്കപ്പെട്ട പണം തിരികെക്കൊടുക്കാനായി കെ.പി.സി.സി. പ്രസിഡന്റിന്റെ സാന്നിദ്ധ്യത്തിൽ ആവശ്യപ്പെടുകയും അത് കൊടുക്കുകയും ചെയ്തുവെന്ന പരാതി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: സർ, ആ പരാതിതന്നെ തട്ടിപ്പാണ്. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ആവശ്യപ്പെടാനുള്ളത് പരാതിക്കാരെക്കുറിച്ച് അന്വേഷിക്കണമെന്നാണ്. എന്തിനാണ് ഇത്രയും ഭീമമായ തുക കൊണ്ടുപോയി കൊടുത്തത്; ഇത്രയും തുകയുടെ സ്രോതസ്സ് എവിടെനിന്നാണ്? ബഹുമാനപ്പെട്ട

വ്യവസായ വകുപ്പുമന്ത്രി ചോദിച്ചതിനുള്ള മറുപടി പറയുകയാണ്, ഒരു രാഷ്ട്രീയ നേതാവിനും ഇതുമായി ബന്ധമില്ലെന്നും ഞങ്ങൾ ഇയാളുടെ കയ്യിൽ നേരിട്ടാണ് പണം കൊടുത്തതെന്നും പരാതിക്കാരൻ ആദ്യമായി ഒരു ടി. വി. ചാനലിൽ പത്രവാർത്തയുടെ മറുപടിയായി കൃത്യമായി പറഞ്ഞിട്ടുണ്ട്. ഒരു വീഡിയോയിൽ ധാരാളം ആളുകളുടെ പേരുകളാണ് ഇയാൾ ആവർത്തിച്ച് പറയുന്നത്. മറ്റൊരു വീഡിയോയിൽ രാജ്യത്തുള്ള മുഴുവൻ നേതാക്കളുടെയും പേരുകൾ ആവർത്തിച്ച് പറയുന്നുണ്ട്. ഒരു രാഷ്ട്രീയനേതാവും ഞങ്ങളുടെ ഈ പരിപാടിയുമായി ബന്ധപ്പെട്ടില്ലായെന്ന് ഈ പരാതിക്കാരൻ ഒരു ചാനലിൽ പറയുന്നതിന്റെ റിക്കോർഡ് ചെയ്ത വീഡിയോ ഞാൻ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയെ കാണിക്കാം. അതുമാത്രമല്ല, രണ്ടുദിവസം കഴിഞ്ഞതിനുശേഷം പരാതി പൂർണ്ണമായി മാറ്റുകയാണ്. അതുകൊണ്ടാണ് പരാതിക്കാരെക്കുറിച്ചുകൂടി അന്വേഷിക്കണമെന്ന് ഞാൻ പറയുന്നത്. ഇവരെല്ലാവരും നടത്തിയിരിക്കുന്ന കച്ചവടം എന്താണെന്ന് സമൂഹത്തിന് അറിയേണ്ടതുണ്ട്. പ്രമുഖനടൻ ശ്രീനിവാസൻ പരാതിക്കാരെക്കുറിച്ച് പരാതി പറഞ്ഞിട്ടുണ്ട്. അവർ തട്ടിപ്പുകാരാണ്. അല്ലാതെ മോൻസൺ മാവുങ്കൽ തട്ടിപ്പുകാരനല്ലെന്നല്ല ഞാൻ പറയുന്നത്. അവസരത്തിനൊത്ത് ഓരോരുത്തരുടെയും പേരുകൾ പറയുമ്പോൾ ആ പേരും പൊക്കിപ്പിടിച്ചുകൊണ്ട് നമ്മൾ വരുന്നത് ബുദ്ധിയല്ലെന്നാണ് ഞാൻ പറയുന്നത്. രണ്ട് വർഷത്തിനിടയിൽ പോലീസ് സംരക്ഷണം കൊടുക്കുന്നു, പോലീസ് പട്രോളിംഗ് നടത്തുന്നു. ഇതുസംബന്ധിച്ച് പോലീസ് എന്താണ് പറയുന്നത്? ലക്ഷക്കണക്കിന് കോടി രൂപയുടെ അമൂല്യവസ്തുക്കൾ വീട്ടിലിരിക്കുന്നതുകൊണ്ട് പോലീസ് സംരക്ഷണം കൊടുക്കുന്നുവെന്നാണ്. പോലീസ് സംരക്ഷണവും പോലീസുമായുള്ള ബന്ധവുമാണ് ഈ തട്ടിപ്പുകാർക്ക് ജനങ്ങൾക്കിടയിൽ കൂടുതൽ വിശ്വാസ്യതയുണ്ടാക്കിയത്. ഇയാൾ വ്യാജഡോക്ടറാണെന്നും അമൂല്യ പുരാവസ്തുശേഖരം തട്ടിപ്പാണെന്നും അറിയാമായിരുന്നു. അവിടെ സന്ദർശിച്ചവർ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ അത് വിശ്വസിച്ചുപോയവരാണ്. ഏത് തരത്തിലാണെങ്കിലും അവിടെപ്പോയവർ കബളിപ്പിക്കപ്പെട്ടവരാണ്. പോലീസ് വന്ന് കൂടെ നിൽക്കുമ്പോൾ ആ സ്ഥാപനത്തിന്റെ ക്രെഡിബിലിറ്റി വർദ്ധിക്കുകയാണ്. ഒരു വീട് അടച്ചുമൂടിക്കെട്ടി ഇത്രയും സംവിധാനമുള്ളപ്പോൾ പോലീസ് എന്തിനാണ് സംരക്ഷിക്കുന്നത്? വളരെ വിലപ്പെട്ടയിടമെന്ന് കരുതിയാണ് അബദ്ധത്തിൽ ആളുകൾ പെടുന്നത്. പോലീസ് കൊടുത്ത വിശ്വാസ്യതയുണ്ട്. ഇതുമായി ബന്ധപ്പെട്ട നിയമങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്. Antiquities and Art Treasures Act of 1972-ൽ മുഴുവൻ കാര്യങ്ങളും പ്രതിപാദിക്കുന്നുണ്ട്. ഇതൊന്നും പോലീസ് പാലിക്കുന്നില്ലെന്നതാണ് പ്രശ്നം. പുരാവസ്തുക്കൾ സൂക്ഷിക്കണമെങ്കിൽ

ലൈസൻസ് വേണം, അതിന് അപേക്ഷ നൽകുകയും ചെയ്യണം, ലൈസൻസ് കൊടുക്കാൻ ചില നടപടിക്രമങ്ങളുണ്ട്. ഏതെങ്കിലും പുരാവസ്തു നമ്മുടെ കയ്യിലുണ്ടെങ്കിൽ അതിന് രജിസ്ട്രേഷൻ വേണം. അപേക്ഷിക്കാനുള്ള പ്രൊസീഡ്യുറിന്റെ ഭാഗമായി അതിന്റെ വിശ്വാസ്യത രേഖപ്പെടുത്തുന്ന സർട്ടിഫിക്കറ്റുകൾ ആവശ്യമാണ്. നിയമവ്യവസ്ഥയെ നോക്കുകുത്തിയാക്കി ഇതെല്ലാം ഒരാൾ ചെയ്യുന്നുവെന്ന് കൃത്യമായി ബോദ്ധ്യമുണ്ടായിട്ടും അതെല്ലാം ശരിയാണെന്ന് വരുത്തിത്തീർക്കാൻ ശ്രമിക്കുന്ന ഉന്നത പോലീസ് ഉദ്യോഗസ്ഥരാണുള്ളത്. അവിടെ ഇതൊന്നുമറിയാതെ സന്ദർശനം നടത്തിയവരുണ്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതിനോട് ഞാൻ യോജിക്കുന്നു. അവർ തട്ടിപ്പിനിരയായി കബളിപ്പിക്കപ്പെട്ടവരാണ്. തട്ടിപ്പാണെന്നറിഞ്ഞുകൊണ്ട് പോയവരിൽ സംസ്ഥാന പോലീസ് സേനയിലെ വലിയൊരു വിഭാഗമുണ്ട്. അന്താരാഷ്ട്ര തട്ടിപ്പാണെന്ന കേസ് അങ്ങയുടെ മുമ്പിൽ വരുമ്പോൾ പ്രഥമദൃഷ്ട്യാ കുറ്റക്കാരാണെന്നുകണ്ട പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കണ്ടേതല്ലേ; അത്തരം ഉദ്യോഗസ്ഥർ സർവ്വീസിലിരിക്കുമ്പോൾ സത്യസന്ധമായൊരു അന്വേഷണം താഴെത്തട്ടിലിരിക്കുന്ന ഉദ്യോഗസ്ഥർ നടത്തിയാൽ അത് നീതിപൂർവ്വമാകുമോയെന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടിപറഞ്ഞില്ല. പുറകിൽനിന്നൊരു കയ്യടി വരട്ടേയെന്ന് കരുതി ബുദ്ധിപൂർവ്വം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചില പരാമർശങ്ങൾ നടത്തുകയുണ്ടായി. പ്രസ്തുത പരാമർശങ്ങൾ പുകമറ സൃഷ്ടിക്കുന്നതാണ്. അങ്ങയെ പ്പോലെ ഒരാൾ ഇത് ചെയ്യാൻ പാടില്ലായിരുന്നു. ഒരു പുകമറയുടെയും കാര്യമില്ല. കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. കെ. സുധാകരനെ സംബന്ധിച്ച് ഏത് ഏജൻസി നടത്തുന്ന അന്വേഷണവും നേരിടാൻ തയ്യാറാണെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. ഞങ്ങൾക്കാർക്കും ആ കാര്യത്തിൽ ഒരു പ്രശ്നവുമില്ല. അതിന്റെ മറവിൽ തട്ടിപ്പുകാരെയും അതിന് കൂട്ടുനിന്ന പോലീസ് ഉദ്യോഗസ്ഥരെയും ബന്ധപ്പെട്ടവരെയും സംരക്ഷിക്കാനുള്ള കൗശലം ഞങ്ങളോട് വേണ്ടെന്ന് മാത്രമാണ് എനിക്ക് പറയാനുള്ളത്. ഈ വിഷയം ഗൗരവമായി ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ചും ഇതിൽ ഉത്തരവാദികളാണെന്ന് ഏത് പിഞ്ചുകുഞ്ഞിനും പ്രഥമദൃഷ്ട്യാ മനസ്സിലാകുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കാതെ അവരെ സംരക്ഷിക്കുന്നതിലും പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, പൊളിറ്റിക്കൽ ലീഡർഷിപ്പല്ല സത്യത്തിലിവിടെ പ്രതിക്കൂട്ടിലായിരിക്കുന്നത്. നമ്മുടെ എല്ലാ സംരക്ഷണത്തിന്റെയും ചുമതലയുള്ള ഇന്റലിജൻസ്, അതുപോലെതന്നെ മറ്റു സുരക്ഷിതത്വത്തിന്റെ ചുമതലയുള്ളവർ, പോലീസ് എന്നിവർ പെട്ടുപോയ വിഷയമാണ്. അവരിങ്ങനെ പെട്ടു

പോയാൽ ബാക്കിയുള്ളവരുടെ കാര്യം എന്താകും? അതാണ് പ്രശ്നം. ഇത്രയും വലിയൊരു തട്ടിപ്പ് നടക്കുമ്പോൾ അതിന് സംരക്ഷണം കൊടുക്കുന്ന സ്ഥിതിയുണ്ടായി. ഇന്റലിജൻസ് വിഭാഗം പരാജയപ്പെടുകയും പോലീസ് ഇതിനൊക്കെ സംരക്ഷണം കൊടുത്തതുപോലെയുമായി. ആ വിഷയമാണ് പ്രതിപക്ഷം ചർച്ച ചെയ്യണമെന്നുപറയുന്നത്. വിശദമായി പറഞ്ഞതുകൊണ്ട് ഞാൻ ദീർഘിപ്പിക്കുന്നില്ല. ഇത് ചർച്ച ചെയ്യേണ്ട ഒരു വിഷയം തന്നെയായിരുന്നുവെന്നുള്ളകാര്യം ഉയർത്തിക്കൊണ്ടും ചർച്ച അനുവദിക്കാത്തതിൽ പ്രതിഷേധിച്ചും ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. പി. ജെ. ജോസഫ്: സർ, ഗൗരവമായ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത് അന്വേഷിക്കും എന്നുപറഞ്ഞ ഭാഗത്തെ ഞാൻ സ്വാഗതം ചെയ്യുന്നു. പക്ഷേ, ഇന്റലിജൻസ് സംവിധാനത്തിന്റെയും പോലീസിന്റെയും ഗുരുതരമായ വീഴ്ച ഇവിടെയുണ്ടായി. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടിയിരുന്നു. അത് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.)

ശ്രീമതി കെ. കെ. രമ: സർ, വളരെ ഗൗരവമായ വിഷയം ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിക്കുകയാണ്. കേരളത്തിന്റെ ചരിത്രത്തിൽ ഇന്നുവരെ കണ്ടിട്ടില്ലാത്ത ഒരു സംശയത്തിനിടയിലാണ് നാം നിൽക്കുന്നത്. പ്രസ്തുത വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭവിട്ട് പുറത്തുപോയി. സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനു ശേഷം സഭയിൽ വീണ്ടും ഹാജരായി.)

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

## III ശ്രദ്ധ ക്ഷണിക്കൽ

### (1) സമ്പൂർണ്ണ കോവിഡ് വാക്സിനേഷൻ പ്രവർത്തനങ്ങളും നഷ്ടപരിഹാരം നൽകലും

ശ്രീ. എ. എൻ. ഷംസീർ: സർ, ലോകത്തെ നടുക്കിയ കോവിഡ് മഹാമാരിക്ക് ഇന്ന് 18 മാസം പിന്നിടുകയാണ്. ലോകത്തിപ്പോഴും ഈ രോഗം ജനങ്ങളെ വിറപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഒരു ഭാഗത്ത് കോവിഡിന്റെ രണ്ടാം തരംഗം അവസാനിച്ചുവെന്നു പറയുമ്പോഴും രോഗം വന്നവർക്കുതന്നെ വീണ്ടുംവരുന്ന സ്ഥിതിയാണുള്ളത്. കോവിഡിനെ പ്രതിരോധിക്കുന്നതിനുള്ള പരിഹാരമാർഗ്ഗം സമ്പൂർണ്ണ വാക്സിനേഷനാണ്. ഇത്തരം പ്രതിസന്ധിഘട്ടത്തിൽ കേരളം നടത്തിയ മാതൃകാപരമായ പ്രവർത്തനത്തിന് ഇന്ത്യാ ടുഡേ-യുടെ ഹെൽത്ത്ഗിരി അവാർഡും ലഭിച്ചു. മാതൃകാപരമായ പ്രവർത്തനത്തിന് നേതൃത്വം നൽകിയ ആരോഗ്യ വകുപ്പുമന്ത്രിയെയും ആരോഗ്യവകുപ്പിനെയും ഞാൻ ഈ ഘട്ടത്തിൽ അഭിനന്ദിക്കുകയാണ്. ഇന്ത്യയുടെ പ്രധാനമന്ത്രിയായ ശ്രീ. നരേന്ദ്ര മോദിയുടെ സാമ്പത്തിക ഉപദേഷ്ടാവായിരുന്ന അരവിന്ദ് സുബ്രഹ്മണ്യത്തിന്റെ സ്റ്റഡി റിപ്പോർട്ടിൽ 2020-നും 2021-നുമിടയിൽ ഔദ്യോഗിക കണക്കുപ്രകാരം നാലേകാൽ ലക്ഷം മരണമാണ് ഉണ്ടായിട്ടുള്ളതെന്നാണ് പറയുന്നത്. പക്ഷേ, അരവിന്ദ് സുബ്രഹ്മണ്യം ഉത്തരേന്ത്യയിലെ സാമ്പിൾ സ്റ്റഡിയിലൂടെയും മറ്റുമുള്ള പഠന റിപ്പോർട്ട് പുറത്തുവിട്ടപ്പോൾ 34 ലക്ഷം മുതൽ 49 ലക്ഷം വരെ മരണം നടന്നുവെന്ന് പറയുന്നുണ്ട്. അത് ശരിവയ്ക്കുന്ന വാർത്തകളായിരുന്നു പുറത്തുവന്നത്. ഗംഗയിൽ ശവങ്ങളൊഴുകി; മറവുചെയ്ത ശവങ്ങൾ പുറത്തുവന്നു; ക്രിമറ്റോറിയങ്ങൾക്കുമുന്നിൽ ജനം ശവസംസ്കരണത്തിനുവേണ്ടി കാത്തുനിന്നു. അത്തരമൊരു സാഹചര്യം ഇന്ത്യയിലെ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലുണ്ടായെങ്കിലും നമ്മുടെ സംസ്ഥാനത്തുണ്ടായില്ല. നമ്മുടെ സംസ്ഥാനത്തെ ആസൂത്രിതമായി തകർക്കാനുള്ള ശ്രമം നടന്നുവെന്നത് വസ്തുതയാണ്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ തുടക്കം മുതൽ മാതൃകാപരമായ പ്രവർത്തനം നടത്തിയ ശ്രീ. പിണറായി വിജയൻ നേതൃത്വം നൽകിയ ഒന്നാം എൽ.ഡി.എഫ്. സർക്കാരും രണ്ടാം സർക്കാരും മാതൃകാപരമായ പ്രവർത്തനമാണ് കാഴ്ചവച്ചിട്ടുള്ളത്. കേരള മോഡലിനെ അട്ടിമറിക്കാനും കേരളത്തെ ദുർബ്ബലപ്പെടുത്താനും ആസൂത്രിതമായ ശ്രമം നടന്നു. ഏറ്റവും കൂടുതൽ വാക്സിനേഷൻ നടന്ന അഞ്ച് സംസ്ഥാനങ്ങളിലൊന്ന് കേരളമാണ്. വാക്സിനേഷൻ ഡ്രൈവിൽ ഏറ്റവും പ്രധാനപ്പെട്ട സ്ഥാനം അലങ്കരിക്കുന്ന സംസ്ഥാനമാണ് കേരളം. അതിനെക്കുറിച്ച് പ്രതിപക്ഷവും മാധ്യമങ്ങളും ഒന്നും പറയുന്നില്ല. എറണാകുളം ജില്ലയിൽ 18 വയസ്സിനുമുകളിൽ പ്രായമുള്ള 100

ശതമാനം ആളുകളും ഒന്നാം ഡോസ് വാക്സിനെടുത്തു കഴിഞ്ഞുവെന്നത് സംബന്ധിച്ച് ഒക്ടോബർ 2-ന് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി പ്രഖ്യാപനം നടത്തിയിരുന്നു. 18 വയസ്സിനുമുകളിലുള്ള 93% പേർക്ക് പൂർണ്ണമായും ഒന്നാം റൗണ്ട് വാക്സിനേഷൻ നടത്തി. അത് ആകെ ജനസംഖ്യയുടെ ഏതാണ്ട് 70 ശതമാനമാണ്. രണ്ടാം റൗണ്ട് വാക്സിനേഷൻ ഏകദേശം ഒന്നേകാൽക്കോടി ജനങ്ങൾക്ക് നടത്തിക്കഴിഞ്ഞിരിക്കുകയാണ്. അതാകട്ടെ ആകെ ജനസംഖ്യയുടെ 45 ശതമാനമാണ്. ഏകദേശം മൂന്നുകോടി അറുപതുലക്ഷത്തോളം ആളുകൾക്ക് ഇതിനോടകം വാക്സിനേഷൻ നടത്തിക്കഴിഞ്ഞുവെന്നുള്ളത് ശ്ലാഘനീയമായ പ്രവർത്തനമാണ്. തദ്ദേശഭരണ സ്ഥാപനങ്ങളും പബ്ലിക് ഹെൽത്ത് സെന്ററുകളും ആരോഗ്യ വകുപ്പുമെല്ലാം കോ-ഓർഡിനേറ്റ് ചെയ്തുകൊണ്ട് ഇക്കാര്യത്തിൽ സുപ്രധാന പങ്കുവഹിച്ചു. സംസ്ഥാനത്ത് ഇപ്പോൾ സ്കൂളുകളും കോളേജുകളും തുറന്നുപ്രവർത്തിക്കാൻ പോകുകയാണ്; ഇന്നലെ മുതൽ കോളേജുകളിൽ അദ്ധ്യയനം ആരംഭിക്കുകയും ചെയ്തിരിക്കുകയാണ്. കോളേജ് വിദ്യാർത്ഥികൾക്കുൾപ്പെടെ വാക്സിനേഷൻ നൽകേണ്ടതുണ്ട്. ഒരു ഡോസ് വാക്സിനെടുത്തുകഴിഞ്ഞാൽ രോഗത്തിന്റെ കാഠിന്യം കുറയുമെന്നാണ് മെഡിക്കൽ സയൻസ് പറയുന്നത്. രണ്ടു ഡോസ് വാക്സിനെടുത്താൽ രോഗിയാവില്ലെന്നും മരണം സംഭവിക്കില്ലെന്നുമാണ് പറയുന്നത്. എന്നാൽ ഒറ്റപ്പെട്ട മരണങ്ങളുണ്ടാകുന്നുവെന്നത് മറ്റൊരു വശമാണ്. സമ്പൂർണ്ണ വാക്സിനേഷനിലൂടെ മാത്രമേ കോവിഡിനെ പ്രതിരോധിക്കാൻ സാധിക്കുകയുള്ളൂ. എല്ലാക്കാലത്തും മുഖപടമണിഞ്ഞും അകലംപാലിച്ചും നമുക്ക് മുന്നോട്ടുപോകാൻ സാധിക്കില്ല. സാമ്പത്തികമായി നമ്മുടെ സംസ്ഥാനം തകർച്ചയിലേയ്ക്കെത്തും. വാക്സിനേഷൻ ഡ്രൈവിന് നല്ല പിന്തുണയാണ് സംസ്ഥാന സർക്കാർ നൽകിയിട്ടുള്ളത്. അതിൽ ഒരു പരിധിവരെ വിജയം കൈവരിക്കാൻ നമുക്ക് സാധിക്കുകയും ചെയ്തു. സംസ്ഥാന സർക്കാർ നടത്തിയ മികച്ച ഇടപെടലിലൂടെയാണ് സംസ്ഥാനത്ത് മരണനിരക്ക് കുറയ്ക്കാൻ സാധിച്ചത്. സെപ്റ്റംബർ 27 വരെ 24661 പേർ മരണപ്പെട്ടുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. കോവിഡ്മൂലം നമുക്ക് വേണ്ടപ്പെട്ട ഒട്ടേറെപ്പേർ മരണപ്പെട്ടുവെന്നത് വാസ്തവമാണ്. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ മരണനിരക്ക് കേരളത്തിൽ വളരെക്കുറവാണ്. ഇന്ന് രാവിലെ മാധ്യമങ്ങളിൽ റിപ്പോർട്ട് ചെയ്തത് സീറോ പോസിറ്റിവിറ്റി നിരക്കിന്റെ കണക്ക് പുറത്തുവരാൻ പോകുന്നുവെന്നാണ്. കോവിഡ്മൂലം മരണമടഞ്ഞവരുടെ ആശ്രിതർക്ക് സാമ്പത്തികസഹായം നൽകുന്നതിനുള്ള ഉത്തരവാദിത്വം സംസ്ഥാന സർക്കാരിനുണ്ട്. കോവിഡ് ബാധിച്ച് മരിച്ചവർ എന്നുപറയുമ്പോൾ കേവലം കോവിഡ്ബാധിച്ച് മരിച്ചവർ മാത്രമല്ല. മറിച്ച് പോസ്റ്റ് കോവിഡിന്റെ ഭാഗമായി മരിച്ചവരുടെ കണക്കുകൂട്ടി വരുമ്പോൾ ഏകദേശം 130 കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കുന്നത്.

കോവിഡ്/പോസ്റ്റ് കോവിഡ് രോഗങ്ങൾമൂലം മരണമടഞ്ഞവരുടെ ആശ്രിതർക്ക് സാമ്പത്തികസഹായം നൽകാനുള്ള നടപടികൂടി സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. വാക്സിനേഷൻ ഡ്രൈവ് ശക്തിപ്പെടുത്തുകയെന്നതും മരണപ്പെട്ടവരുടെ ആശ്രിതർക്ക് ആശ്വാസം നൽകുകയെന്നതും പ്രധാനമാണ്. കോവിഡ്മൂലം രക്ഷിതാക്കളെ നഷ്ടപ്പെട്ട അനാഥബാല്യങ്ങളെ സംരക്ഷിക്കാനുള്ള നടപടിയുണ്ടാകുമോ, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിലെ മുന്നണി പ്പോരാളികളായ, മരണപ്പെട്ട ആരോഗ്യപ്രവർത്തകരുടെ കുടുംബങ്ങൾക്ക് സ്പെഷ്യൽ പാക്കേജ് ഏർപ്പെടുത്താൻ സാധിക്കുമോ തുടങ്ങിയ കാര്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ സൂചിപ്പിക്കണമെന്ന് ഞാൻ വിനയത്തോടെ അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, സംസ്ഥാനത്തെ കോവിഡ് വ്യാപനം നിയന്ത്രണ വിധേയമാക്കുന്നതിന്റെ ഭാഗമായി സമ്പൂർണ്ണ വാക്സിനേഷൻ ലക്ഷ്യമിട്ടുകൊണ്ട് ഊർജ്ജിതമായ രീതിയിലാണ് പ്രവർത്തനങ്ങൾ നടന്നുവരുന്നത്. സംസ്ഥാനത്ത് ഒക്ടോബർ 4 വരെ 18 വയസ്സിൽക്കൂടുതൽ പ്രായമുള്ളവരിൽ 24791363 പേർക്ക് ഒന്നാം ഡോസും 11265424 പേർക്ക് രണ്ടാം ഡോസും നൽകിയിട്ടുണ്ട്. കേരളത്തിലെ 2021-ലെ എസ്റ്റിമേറ്റ് ജനസംഖ്യ കണക്കാക്കിയാൽ 92.8% പേർക്ക് ഒന്നാം ഡോസ് വാക്സിനും 42.2% ശതമാനം പേർക്ക് രണ്ടാം ഡോസ് വാക്സിനും നൽകിയിട്ടുണ്ട്. ഒന്നാം ഡോസ് എടുത്തയാളിന് രണ്ടാം ഡോസിനുള്ള സമയ മാകുന്ന മുറയ്ക്ക് വാക്സിൻ നൽകുന്ന വിധത്തിൽ വളരെവേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികളാണ് പുരോഗമിച്ചുവരുന്നത്. 18 വയസ്സിനു മുകളിലുള്ള സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും വാക്സിൻ നൽകുന്ന തിനായി വിപുലമായ സംവിധാനമാണ് സർക്കാർ ഏർപ്പെടുത്തിയിരിക്കുന്നത്. സംസ്ഥാനത്ത് വിവിധ ജില്ലകളിലായി, സർക്കാർ മേഖലയിൽ മാത്രം 1200 കോവിഡ് വാക്സിനേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. മുഴുവൻ ജനവിഭാഗങ്ങളെയും വാക്സിൻ നൽകുന്നതിനായി വിവിധ പരിപാടികൾ ആസൂത്രണം ചെയ്തുനടപ്പിലാക്കി. സംസ്ഥാനത്തെ മുഴുവൻ ഗർഭിണികൾക്കും കോവിഡ് വാക്സിൻ നൽകാൻ 'മാതൃകവചം' എന്ന പേരിൽ ആരോഗ്യ വകുപ്പ് ക്യാമ്പയിൻ നടത്തിയിരുന്നു. ഭിന്നശേഷിക്കാർക്ക് പ്രത്യേക വാക്സിനേഷൻ ക്യാമ്പുകൾ വിവിധ ജില്ലകളിൽ സംഘടിപ്പിച്ചു. ഇതുകൂടാതെ ജൂൺ മാസം ആദ്യം മുതൽ കിടപ്പുരോഗികൾക്ക് അവരുടെ വീടുകളിൽപോയി വാക്സിൻ നൽകിവരുന്നുണ്ട്. ഇതുസംബന്ധിച്ച് ദേശീയതലത്തിൽ ആദ്യമായി ഗൈഡ്‌ലൈൻ പുറത്തിറക്കിയ കേരളത്തിന്റെ നടപടി ദേശീയതലത്തിൽ ശ്രദ്ധനേടുകയും പല സംസ്ഥാനങ്ങളും പിന്തുടരുകയും

ചെയ്തു. സ്വന്തമായി രജിസ്റ്റർ ചെയ്യാൻ അറിയാത്തവരും സൗകര്യമില്ലാത്തവരുമായ സംസ്ഥാനത്തെ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവരെ വാക്സിനേഷന് രജിസ്റ്റർ ചെയ്യാനായി 'വേവ്' (Wave) 'വാക്സിൻ സമത്വത്തിനായി മുന്നേറാം' എന്ന പേരിൽ ആശാവർക്കർമാരുടെ സേവനമുപയോഗിച്ച് വാക്സിനേഷൻ രജിസ്ട്രേഷൻ ക്യാമ്പെയിൻ നടപ്പിലാക്കി. സംസ്ഥാനത്തെ തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ ഡ്രൈവ് ത്രൂ വാക്സിനേഷൻ (Drive Through Vaccination) സൗകര്യമേർപ്പെടുത്തിയിട്ടുണ്ട്. ഈ കേന്ദ്രങ്ങളിൽ ഗുണഭോക്താക്കൾക്ക് സ്വന്തം വാഹനങ്ങളിൽത്തന്നെ വന്ന് പ്രതിരോധ കുത്തിവയ്പെടുക്കാൻ കഴിയുന്നതാണ്. അരമണിക്കൂർ നിരീക്ഷണത്തിൽ അവിടെത്തന്നെയിരിക്കാനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. വൃദ്ധസദനങ്ങൾ, അഗതിമന്ദിരങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്കും ആദിവാസി പ്രാക്തന ഗോത്ര സമൂഹങ്ങൾക്കും എസ്.ടി. ജനവിഭാഗങ്ങൾക്കും പ്രതിരോധകുത്തിവയ്പ്പിനായി പ്രത്യേക ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. മുൻഗണനാ വിഭാഗത്തിൽ ഇവരെ ഉൾപ്പെടുത്തുകയും വാക്സിനേഷൻ ത്വരിതപ്പെടുത്തുകയും ചെയ്തതിനുപുറമെ ഇതുവരെ 99% പേർക്ക് ആദ്യ ഡോസ് വാക്സിനും 56% പേർക്ക് രണ്ടാം ഡോസ് വാക്സിനും നൽകിയിട്ടുണ്ട്.

11.00 A.M.]

വാക്സിനേഷന്റെ കാര്യത്തിൽ ദേശീയ ശരാശരിയെക്കാൾ വളരെയേറെ മുന്നിലാണ് സംസ്ഥാനം. വാക്സിൻ വിമുഖതയുള്ളവരോട് ആരോഗ്യപ്രവർത്തകർ നേരിട്ട് സംസാരിച്ച് വാക്സിനെടുക്കാൻ പ്രേരിപ്പിക്കുന്നുണ്ട്. കേന്ദ്ര ആരോഗ്യ-കുടുംബ ക്ഷേമ മന്ത്രാലയത്തിന്റെ മാർഗ്ഗരേഖപ്രകാരം അലർജിയുള്ളവർക്ക് കോവിഡ് വാക്സിൻ നൽകാൻ കഴിയില്ല. കേരളത്തിൽ പതിനെട്ട് വയസ്സിന് മുകളിലുള്ള എല്ലാവർക്കും ഒന്നാം ഡോസ് വാക്സിൻ ഒക്ടോബർ മാസത്തോടുകൂടിയും രണ്ടാം ഡോസ് 2022 ജനവരി മാസത്തോടുകൂടിയും നൽകാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. രണ്ടാമത്തെ ഡോസ് വാക്സിൻ ഡ്യൂ ആകുന്ന തീയതികൂടി കണക്കിലെടുത്താണ് ഇതുപറഞ്ഞിരിക്കുന്നത്. കോവിഡ്-19 മൂലം മരണമടഞ്ഞവരുടെ കുടുംബത്തിനുള്ള നഷ്ടപരിഹാരം സംബന്ധിച്ചും സർക്കാർ ഇപ്പോൾ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കോവിഡ്-19 മരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള പ്രക്രിയ കേരളത്തിൽ ഐ.സി.എം.ആർ., ലോകാരോഗ്യ സംഘടന എന്നിവയുടെ മാർഗ്ഗനിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ് ചെയ്തുവരുന്നത്. കോവിഡ്-19 മൂലം സംസ്ഥാനത്ത് മരിച്ചവരുടെ പട്ടിക തയ്യാറാക്കുന്നതിനായി ഇ-ഹെൽത്ത് ഡെത്ത് റിപ്പോർട്ടിംഗ് ആൻഡ് ആഡിറ്റ് പോർട്ടൽ വികസിപ്പിച്ചെടുത്തിട്ടുണ്ട്. 2021 ജൂൺ മാസം 16-ാം തീയതി മുതൽ

എല്ലാ കോവിഡ്-19 മരണങ്ങളും ഓൺലൈനായി ഈ പോർട്ടൽ വഴിയാണ് റിപ്പോർട്ട് ചെയ്യപ്പെടുന്നത്. പൊതുജനങ്ങൾക്ക് മരണത്തീയതി അടിസ്ഥാനമാക്കി ദിവസവും റിപ്പോർട്ട് ചെയ്യപ്പെടുന്ന കോവിഡ്-19 മരണവിവരം ഡെത്ത് റിപ്പോർട്ടിംഗ് ആൻഡ് ആഡിറ്റ് പോർട്ടൽ വഴി കാണാൻ കഴിയും. കൂടാതെ, അതത് ജില്ലാ മെഡിക്കൽ ഓഫീസർമാർ നൽകുന്ന കോവിഡ് ഡെത്ത് ഡിക്ലറേഷൻ ഡോക്യുമെന്റ് അടിസ്ഥാനമാക്കിയുള്ള മറ്റ് വിശദാംശങ്ങളും ഈ പോർട്ടലിൽ ലഭ്യമാണ്. സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ കോവിഡ് മരണത്തിന്റെ നിർവ്വചനത്തിൽ കേന്ദ്ര സർക്കാർ മാറ്റം വരുത്തുകയുണ്ടായി. ഇതുപ്രകാരം RTPCR, Rapid Antigen test, മോളിക്കുലർ പരിശോധന എന്നിവവഴി രോഗം സ്ഥിരീകരിച്ചവരെയും ചികിത്സിക്കുന്ന ഡോക്ടർ മറ്റ് പരിശോധനകൾ വഴി കോവിഡ്-19 രോഗം സ്ഥിരീകരിച്ചവരെയുമാണ് കോവിഡ് രോഗികളായി കണക്കാക്കുന്നത്. നിലവിൽ കോവിഡ്മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടാത്ത മരണങ്ങൾ കണ്ടെത്താൻ ഒരു പുതിയ പോർട്ടൽ കേരള സർക്കാർ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ പോർട്ടൽ വഴി മരിച്ച വ്യക്തിയുടെ ബന്ധുവിന് മരണപ്പെട്ട വ്യക്തിയുടെ മരണം കോവിഡ്-19 മൂലമാണെന്ന് സ്ഥിരീകരിച്ച് ലഭിക്കുവാനും കോവിഡ്മരണങ്ങളുടെ പട്ടികയിലുൾപ്പെടുത്തി നിർദ്ദിഷ്ട കോവിഡ് ഡെത്ത് സർട്ടിഫിക്കറ്റ് ലഭിക്കാനുമുള്ള അപേക്ഷ സമർപ്പിക്കാം. കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശപ്രകാരം വീടുകളിലോ ആശുപത്രികളിലോ മരണപ്പെട്ടതും എം.സി.സി.ഡി. ഫോം 4(എ) പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിൽ കോവിഡ്-19 മരണമെന്ന് രേഖപ്പെടുത്തിയവയെ കോവിഡ്-19 മരണങ്ങളായി കണക്കാക്കാം. സാമ്പിൾ എടുത്ത ദിവസംമുതലോ കോവിഡ് രോഗബാധ സ്ഥിരീകരിച്ച ദിവസംമുതലോ 30 ദിവസത്തിനകംവരെയുള്ള മരണങ്ങളെ കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്താവുന്നതാണ്. മാത്രമല്ല, ആശുപത്രി/കിടത്തി ചികിത്സാ കേന്ദ്രത്തിൽ പ്രവേശിപ്പിക്കപ്പെട്ട കോവിഡ്-19 ബാധിച്ച ഒരാൾ അതേ അഡ്മിഷനിൽ 30 ദിവസങ്ങൾക്കപ്പുറവും തുടരവെ മരണപ്പെടുകയാണെങ്കിൽ അത് കോവിഡ് മരണമായി കണക്കാക്കാവുന്നതാണ്. കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കോവിഡ് മരണനിർണ്ണയത്തിനും കോവിഡ്-19 മരണം സംബന്ധിച്ച ഔദ്യോഗികരേഖ മരണപ്പെട്ടയാളിന്റെ ബന്ധുക്കൾക്ക് നൽകുന്നതിനുമായി വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. കോവിഡ് ബാധയെത്തുടർന്ന് മരണപ്പെട്ട ആളിന്റെ അടുത്ത അവകാശിക്ക് നൽകപ്പെട്ട മെഡിക്കൽ സർട്ടിഫിക്കറ്റിൽ അവർക്ക് പരാതിയുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ഇതിന് പരിഹാരം

കണ്ടെത്തണമെന്നുള്ള മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കോവിഡ് മരണങ്ങളുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിക്കുവാൻ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്, ജില്ലാ മെഡിക്കൽ ഓഫീസർ, അഡീഷണൽ ജില്ലാ മെഡിക്കൽ ഓഫീസർ/ജില്ലാ സർവയലൻസ് ഓഫീസർ, മെഡിക്കൽ കോളേജിലെ മെഡിസിൻ വിഭാഗം തലവൻ, നോൺ കോവിഡ് വിഭാഗം ജില്ലാ സർവയലൻസ് ഓഫീസർ, ബന്ധപ്പെട്ട വിദഗ്ദ്ധൻ/സബ്ജക്ട് എക്സ്പേർട്ട് എന്നിവരടങ്ങുന്ന കോവിഡ്-19 ഡെത്ത് അസർട്ടൈനിംഗ് കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ സമിതി പരാതി ലഭിച്ച് 30 ദിവസത്തിനകം തീർപ്പുകൽപ്പിക്കുന്നതാണ്. കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയുടെ മാനദണ്ഡമനുസരിച്ച് കോവിഡ്-19 ബാധിച്ച് മരണ മടഞ്ഞവ്യക്തിയുടെ ഏറ്റവും അടുത്ത ബന്ധുവിന്/നിയമപരമായ അവകാശിക്ക് സംസ്ഥാന ദുരന്ത നിവാരണ പ്രതികരണ നിധിയിൽനിന്നും 50,000 രൂപ ധനസഹായം നൽകാൻ ഉത്തരവായിട്ടുണ്ട്. അതനുസരിച്ച് സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡം പുതുക്കി കോവിഡ്-19 ബാധിച്ച് മരണമടഞ്ഞ വ്യക്തിയുടെ ഏറ്റവും അടുത്ത ബന്ധുവിന് സംസ്ഥാന ദുരന്ത നിവാരണ പ്രതികരണനിധിയിൽനിന്നും 50,000 രൂപ ധനസഹായം നൽകുന്നതിന് 25-9-2021-ലെ ജി.ഒ. (എം.എസ്.)നമ്പർ 3/2021/2021/ ഡി.എം.ഡി. പ്രകാരം സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. രാജ്യത്ത് റിപ്പോർട്ട് ചെയ്ത ആദ്യത്തെ കോവിഡ്-19 കേസ്സിന്റെ തീയതി മുതൽ കോവിഡ്-19 ദുരന്തമായി പ്രഖ്യാപിച്ച് വിജ്ഞാപനം റദ്ദുചെയ്യുന്നതുവരെയോ ഇതുസംബന്ധിച്ച് പുതുക്കിയ ഉത്തരവ് പുറപ്പെടുവി ക്കുന്നതുവരെയോ ഈ ധനസഹായം ബാധകമാണ്. ധനസഹായ വിതരണം സുഗമവും സുതാര്യവുമാക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണർ രൂപകൽപ്പന ചെയ്ത റിലീഫ് പോർട്ടൽ വഴി ധനസഹായം വിതരണം ചെയ്യാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത പോർട്ടൽ വഴി അപേക്ഷകർക്ക് ഓൺലൈനായി ധനസഹായത്തിനായി അപേക്ഷിക്കാവുന്നതാണ്. പോർട്ടൽ പൂർണ്ണതോതിൽ പ്രവർത്തനമാരംഭിച്ച് അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് ധനസഹായ വിതരണം വേഗത്തിൽ പൂർത്തിയാക്കാവുന്നതാണ്. കോവിഡ്മൂലം മാതാപിതാക്കൾ നഷ്ടപ്പെട്ട കുഞ്ഞുങ്ങൾക്കുള്ള ധനസഹായം നേരത്തെതന്നെ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരുന്നു. ഇവർക്ക് പഠനസഹായം നൽകുന്നതിനുള്ള നടപടികളുമാരംഭിച്ചിട്ടുണ്ട്.

ശ്രീ. എ. എൻ. ഷംസീർ: സർ, കോവിഡ് വാക്സിനേഷന്റെ ഭാഗമായി എന്തെങ്കിലും ദൂഷ്യഫലങ്ങൾ ഉണ്ടാകുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ;

എന്റെ നിയോജകമണ്ഡലത്തിൽ സിറാജ് എന്ന 45 വയസ്സുകാരൻ വാക്സിനേഷനുശേഷം ചില ലക്ഷണങ്ങൾ കാണിക്കുകയും അതിനുശേഷം കാഴ്ച നഷ്ടപ്പെടുകയും തളർന്നുപോകുകയും തുടർന്ന് മരിക്കുകയും ചെയ്തു. ഇത് വാക്സിനേഷന്റെ ഭാഗമായാണെന്നാണ് പരേതന്റെ കുടുംബം പറയുന്നത്. ഇത്തരം കേസ്സുകൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെടുന്നതായി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീമതി വീണാ ജോർജ്ജ്: സർ, ഇത്തരം കേസ്സുകൾ സംസ്ഥാനത്ത് വിരളമായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ നിർദ്ദേശം ലഭിച്ചിരിക്കുന്ന സാഹചര്യത്തിൽ ഇത്തരം കേസ്സുകൾ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഇക്കാര്യങ്ങളിൽ കേന്ദ്ര സർക്കാർ നേരിട്ടുതന്നെയാണ് റിപ്പോർട്ടുകൾ സ്വീകരിക്കുന്നതും ബാക്കികാര്യങ്ങൾ ചെയ്യുന്നതും. അതുകൂടാതെ ഈ കേസ്സുകൾ സംബന്ധിച്ച് സംസ്ഥാന ആരോഗ്യ വകുപ്പ് ഒരു പഠനവും നടത്തുന്നുണ്ട്.

### (2) ഷൊർണ്ണൂർ-നിലമ്പൂർ റെയിൽപ്പാത

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഷൊർണ്ണൂർ-നിലമ്പൂർ റെയിൽവേ ലൈൻ ആരംഭിക്കാൻ തീരുമാനിച്ചതിന്റെ നൂറ് വർഷം തികയുന്ന സന്ദർഭമാണിത്. 1921 ഒക്ടോബർ 26-ാം തീയതിയാണ് റെയിൽവെ ബോർഡ് എഞ്ചിനീയർ-ഇൻ-ചീഫ് ദക്ഷിണേന്ത്യൻ റെയിൽവെ കമ്പനി നൽകുന്ന പ്രദേശങ്ങളിൽ പുതിയ റെയിൽവെ ലൈനുകൾ സ്ഥാപിക്കാൻ തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഷൊർണ്ണൂർ-നിലമ്പൂർ റെയിൽവെ ലൈൻ ആരംഭിക്കാൻ ആലോചിക്കുകയും ചെയ്തത്. 1927-ൽ ആദ്യഘട്ടം പൂർത്തീകരിച്ച പ്രസ്തുത പദ്ധതി ഇപ്പോൾ നൂറ് വർഷത്തിലേയ്ക്ക് കടക്കുകയാണ്. ഏറ്റവും പ്രധാനപ്പെട്ടൊരു റെയിൽവെ ലൈനായി ഷൊർണ്ണൂർ-നിലമ്പൂർ റെയിൽവെ ലൈൻ ഇതിനോടകം മാറിക്കഴിഞ്ഞിരിക്കുകയാണ്. കോവിഡിനുമുമ്പ് നിലമ്പൂരിൽനിന്ന് ഏകദേശം എട്ട് പാസ്സഞ്ചർ ട്രെയിനുകളുണ്ടായിരുന്നു. അതോടൊപ്പം തിരുവനന്തപുരത്തേയ്ക്ക് വരുന്ന രാജ്യറാണി എക്സ്പ്രസ് ആരംഭിച്ചു. നല്ല രീതിയിലുള്ള വികസനമുണ്ടായെങ്കിലും ചില പ്രശ്നങ്ങൾ അവശേഷിച്ചിരുന്നു. കോവിഡുമായി ബന്ധപ്പെട്ട് റെയിൽവേ എല്ലായിടത്തും ട്രെയിനുകൾ നിർത്തിയതിന്റെ അടിസ്ഥാനത്തിൽ നിലമ്പൂരിൽനിന്നും ആരംഭിക്കുന്ന ട്രെയിനുകളും നിർത്തിവച്ചിരുന്നു. അടുത്തകാലത്തായി നിലമ്പൂർ-തിരുവനന്തപുരം രാജ്യറാണി എക്സ്പ്രസ് സർവ്വീസ് ആരംഭിച്ചു. 7-ാം തീയതി ഒരു പാസ്സഞ്ചറും സർവ്വീസ് തുടങ്ങുമെന്ന് അറിയുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട നാലഞ്ച് പ്രധാനപ്പെട്ട വിഷയങ്ങളാണ് റെയിൽവേ വകുപ്പിന്റെ ശ്രദ്ധയിൽ

വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. ഷൊർണ്ണൂർ-നിലമ്പൂർ റെയിൽവേലൈൻ വൈദ്യുതീകരിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ആരംഭിച്ചിട്ട് ദീർഘകാലമായി. ഇതോടൊപ്പം ആരംഭിച്ച പാലക്കാട്-പൊള്ളാച്ചി റെയിൽവേ ലൈനിന്റെ വൈദ്യുതീകരണ പ്രവർത്തനങ്ങൾ ഇതിനകം തുടങ്ങിക്കഴിഞ്ഞു. ഷൊർണ്ണൂർ-നിലമ്പൂർ റെയിൽവേ ലൈനിന്റെ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികളുൾപ്പെടെ പൂർത്തീകരിച്ചു കഴിഞ്ഞുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇതുവരെ അതിന്റെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. റെയിൽവേ വകുപ്പ് ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട് എത്രയും പെട്ടെന്ന് ഷൊർണ്ണൂർ-നിലമ്പൂർ റെയിൽവേ ലൈൻ വൈദ്യുതീകരണ പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിനാവശ്യമായ നടപടിയുണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. ഏകദേശം 66 കിലോമീറ്റർ ദൈർഘ്യമുള്ള ഷൊർണ്ണൂർ-നിലമ്പൂർ റെയിൽവേ ലൈനിന് അങ്ങാടിപ്പുറത്തും വാണിയമ്പലത്തും മാത്രമാണിപ്പോൾ റെയിൽവേ ക്രോസ്സിംഗ് സ്റ്റേഷനുള്ളത്. റെയിൽവേ വികസനത്തിനും കൂടുതൽ ട്രെയിനുകൾക്ക് സർവ്വീസ് നടത്തുന്നതിനും ക്രോസ്സിംഗ് സ്റ്റേഷനുകൾ അത്യാവശ്യമാണ്. നിലവിൽ അങ്ങാടിപ്പുറത്തുനിന്നും വാണിയമ്പലം റെയിൽവേ സ്റ്റേഷനിലേയ്ക്കുള്ള ദൂരം 28 കിലോമീറ്ററാണ്. യഥാർത്ഥത്തിൽ റെയിൽവേയുടെ കണക്കനുസരിച്ച് സാധാരണ 6 മുതൽ 9 വരെ കിലോമീറ്ററിനിടയ്ക്ക് ക്രോസ്സിംഗ് സ്റ്റേഷനുകളുണ്ടാവും. അങ്ങനെയുണ്ടെങ്കിൽ മാത്രമേ സുഗമമായ ട്രാഫിക് നടക്കുകയുള്ളൂ. പക്ഷേ, 28 കിലോമീറ്ററുണ്ടായിട്ടും ഇവിടെ ക്രോസ്സിംഗ് സ്റ്റേഷൻ നിലവിലില്ല. അങ്ങാടിപ്പുറം-വാണിയമ്പലം സ്റ്റേഷനുകളുടെ ഇടയിലുള്ള തുവ്വൂർ സ്റ്റേഷൻ ക്രോസ്സിംഗ് സ്റ്റേഷനാക്കി മാറ്റിയാൽ തീർച്ചയായും ഈ പാതയിലുള്ള റെയിൽവേ വികസനത്തിന് വളരെയേറെ മുന്നേറ്റമുണ്ടാകുമെന്നുള്ള കാര്യത്തിൽ സംശയമില്ല. വാണിയമ്പലം റെയിൽവേ സ്റ്റേഷനിലെ രണ്ടാമത്തെ പ്ലാറ്റ്ഫോം നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് അന്ന് എം.എൽ.എ. ഫണ്ടാണ് അനുവദിച്ചത്. തുവ്വൂർ ക്രോസ്സിംഗ് സ്റ്റേഷനാക്കുന്നപക്ഷം പ്ലാറ്റ്ഫോം നിർമ്മാണത്തിനാവശ്യമായ തുക ആസ്തിവികസന ഫണ്ടിൽനിന്നും നൽകാൻ കഴിയും. ക്രോസ്സിംഗ് സ്റ്റേഷനാക്കി മാറ്റണമെങ്കിൽ ഭീമമായ തുക ചെലവുവരുമെന്നതാണ് യാഥാർത്ഥ്യം. രണ്ടുതവണ ഇതിന്റെ എസ്റ്റിമേറ്റെടുത്ത് റെയിൽവേയ്ക്ക് അയച്ചിരുന്നെങ്കിലും തുക കൂടുതലാകുമെന്ന കാരണത്താലാണ് തുവ്വൂർ സ്റ്റേഷനെ ക്രോസ്സിംഗ് സ്റ്റേഷനാക്കി മാറ്റാൻ കഴിയാത്തത്. സംസ്ഥാന സർക്കാർ ഫണ്ട് നൽകുകയാണെങ്കിൽ റെയിൽവേ പോസിറ്റീവായൊരു നിലപാടെടുക്കുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിനാവശ്യമായ നടപടിയെടുക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

കോവിഡിനുശേഷം നിലമ്പൂർ-കൊച്ചുവേളി രാജ്യറാണി എക്സ്പ്രസ് പുനഃരാരംഭിച്ചിട്ടുണ്ട്. നിലവിലെ സാഹചര്യത്തിൽ ഈ ട്രെയിൻ സർവ്വീസ് നിർത്തുന്നത് കൊച്ചുവേളിയിലാണ്. മലബാറിൽനിന്നും പ്രത്യേകിച്ച് മലപ്പുറം ജില്ല യിൽനിന്നും ആർ.സി.സി., ശ്രീചിത്ര തുടങ്ങിയ ആശുപത്രികളിലേയ്ക്കുവരുന്ന രോഗികൾ ആശ്രയിക്കുന്ന ട്രെയിനാണ് രാജ്യറാണി എക്സ്പ്രസ്. അതിരാവിലെ 4-00 മണിക്ക് കൊച്ചുവേളിയിൽ എത്തിച്ചേരുന്നവർ വളരെയധികം ബുദ്ധിമുട്ട് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് രാജ്യറാണി എക്സ്പ്രസ് തിരുവനന്തപുരംവരെ ദീർഘിപ്പിക്കുന്നതിനുള്ള നടപടിയുണ്ടാകണം. തിരുവനന്തപുരം സെൻട്രൽ സ്റ്റേഷനിൽ ട്രാഫിക് വളരെ കൂടുതലായതുകൊണ്ട് ദീർഘിപ്പിക്കാൻ കഴിയില്ലായെന്നാണ് പറയുന്നത്. ഈ ട്രെയിൻ നാഗർകോവിൽ വരെ ദീർഘി പ്പിച്ചാൽ തിരുവനന്തപുരത്ത് ഇറങ്ങാനുള്ള സൗകര്യമുണ്ടാകും. അക്കാര്യത്തിൽ കൂടി ഗവൺമെന്റിന്റെ ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. നിലമ്പൂർ-നഞ്ചൻഗോഡ് റെയിൽവേയുമായി ബന്ധപ്പെട്ടകാര്യം ബഹുമാനപ്പെട്ട എം.പി. ശ്രീ. രാഹുൽ ഗാന്ധി പാർലമെന്റിൽ ഉന്നയിച്ചതിന്റെയും റെയിൽവേ വകുപ്പുമന്ത്രിയുമായി നേരിട്ട് സംസാരിച്ചതിന്റെയും അടിസ്ഥാനത്തിൽ കേരള റെയിൽ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡിനെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ട്. അതുമാത്രമല്ല ശേഷിക്കുന്ന അലൈൻമെന്റിന്റെ അംഗീകാരത്തിനായി കേരള-കർണ്ണാടക സംസ്ഥാനങ്ങളുടെ ചീഫ് സെക്രട്ടറിമാർ തമ്മിൽ ചർച്ച നടത്താൻ നിർദ്ദേശിച്ചിട്ടുണ്ടെന്നും കേന്ദ്രമന്ത്രി അറിയിച്ചിരുന്നു. അതിനുള്ള നടപടികളും ത്വരിതപ്പെടുത്തണം. അത്തരത്തിലുള്ള എന്തെങ്കിലും ചർച്ച നടന്നിട്ടുണ്ടോ; ഇല്ലെങ്കിൽ നടത്താനുള്ള നടപടി സ്വീകരിക്കുമോ; ഷൊർണ്ണൂർ-നിലമ്പൂർ റെയിൽവേ ലൈൻ വികസനത്തിൽ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടിയെടുക്കണം. ആക്ഷൻ കൗൺസിലും വിവിധ രാഷ്ട്രീയ പാർട്ടികളും നിരന്തരമായ സമരത്തിലാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ ഇടപെടൽ നടത്താൻ ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): ശ്രീ. എ. പി. അനിൽ കുമാർ ഉന്നയിച്ച വിഷയങ്ങൾ റെയിൽവേ വകുപ്പുമായി ചർച്ച ചെയ്തിരുന്നു. കോവിഡിനുമുമ്പ് നിലവിലുണ്ടായിരുന്നതും

പിന്നീട് നിർത്തലാക്കിയതുമായ ട്രെയിൻ സർവ്വീസുകൾ പുനരാരംഭിക്കുക, പാസ്സഞ്ചർ ട്രെയിനിലടക്കം ഏർപ്പെടുത്തിയ റിസർവ്വേഷൻ സംവിധാനം പിൻവലിക്കുക, യാത്രക്കാർക്ക് വീണ്ടും സീസൺ ടിക്കറ്റ് ഏർപ്പെടുത്തുക എന്നീ ആവശ്യങ്ങളിന്മേൽ പൊതു തീരുമാനത്തിനായി റെയിൽവേ ജനറൽ മാനേജർ, ചീഫ് ഓപ്പറേറ്റിംഗ് മാനേജർ, പ്രിൻസിപ്പൽ ചീഫ് കൊമേഴ്സ്യൽ മാനേജർ, ഡിവിഷണൽ മാനേജർ തിരുവനന്തപുരം, പാലക്കാട് എന്നിവരുമായി 29-9-2021-ൽ ചർച്ച നടത്തിയിരുന്നു. തിരുവനന്തപുരം സെൻട്രൽ സ്റ്റേഷനിൽ രാവിലെ എത്തിച്ചേരുന്ന വിവിധ ട്രെയിനുകൾ, ഉദ്യോഗസ്ഥരടക്കം പൊതുജനങ്ങളുടെ സൗകര്യാർത്ഥം 09.45-ന് എത്തിച്ചേരുന്നവിധം സമയം ക്രമീകരിക്കുകയെന്ന കാര്യവും റെയിൽവേ ബോർഡിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ഈ ചർച്ചയിൽ ധാരണയായിട്ടുണ്ട്. 6-10-2021 മുതൽ 9 പാസ്സഞ്ചർ ട്രെയിനുകൾ പുനരാരംഭിക്കാനും ഈ ചർച്ചയ്ക്കുശേഷം റെയിൽവേ നടപടിയെടുത്തിട്ടുണ്ട്. അൺ-റിസർവ്ഡ് എക്സ്പ്രസ് ട്രെയിനുകളായാണ് ഇത് സർവ്വീസ് നടത്തുക. നിലമ്പൂർ-കൊച്ചുവേളി രാജ്യറാണി എക്സ്പ്രസ് തിരുവനന്തപുരം വരെ ദീർഘിപ്പിക്കുന്ന കാര്യവും ഈ ചർച്ചയിൽ ഉന്നയിച്ചിരുന്നു. സ്ഥലപരിമിതിയും മറ്റും കാരണം ഇപ്പോൾ പ്രസ്തുത ആവശ്യം പരിഗണിക്കാൻ സാദ്ധ്യമല്ലെങ്കിലും ഇക്കാര്യത്തെക്കുറിച്ച് വീണ്ടും ചർച്ച ചെയ്യാമെന്നുള്ള ധാരണയിലെത്തിയിട്ടുണ്ട്. 29.9.2021-ലെ ചർച്ചയുടെ അടിസ്ഥാനത്തിൽ റെയിൽവേ മുഖാന്തരമുള്ള ചരക്കുഗതാഗതം കൂടുതൽ ശക്തിപ്പെടുത്തുന്നത് സംബന്ധിച്ചുള്ള യോഗം ഗതാഗത പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതിൽ വിളിച്ചുചേർക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഷൊർണ്ണൂർ-നിലമ്പൂർ റെയിൽവേ പാതയുടെ വൈദ്യുതീകരണം അലഹബാദ് സെൻട്രൽ ഓർഗനൈസേഷൻ ഫോർ റെയിൽവേ ഇലക്ട്രിഫിക്കേഷന്റെ പരിധിയിൽ വരുന്നതിനാൽ അവരുമായി ചർച്ച ചെയ്യാനും നിശ്ചയിച്ചിട്ടുണ്ട്. നിലമ്പൂർ-കോയമ്പത്തൂർ ട്രെയിൻ സർവ്വീസ് ആരംഭിക്കുന്ന വിഷയവും 29-9-2021-ൽ നടത്തിയ ചർച്ചയിൽ ഉന്നയിച്ചിരുന്നു. ചില സാങ്കേതിക കാരണങ്ങളാൽ ഇപ്പോൾ പരിഗണിക്കാൻ കഴിയില്ലെങ്കിലും ഇക്കാര്യംകൂടി പരിഹരിക്കാമെന്ന് റെയിൽവേ അധികൃതർ പറഞ്ഞിട്ടുണ്ട്. തുവ്വൂർ റെയിൽവേ സ്റ്റേഷൻ ക്രോസ്സിംഗ് സ്റ്റേഷനാക്കുന്നത് സംബന്ധിച്ച് നിലവിൽ ശിപാർശയൊന്നും ലഭിച്ചിട്ടില്ലെന്നാണ് റെയിൽവേ അറിയിച്ചിട്ടുള്ളത്. എങ്കിലും മലപ്പുറം ജില്ലയുടെ ഏറ്റവും പ്രധാനപ്പെട്ട കിഴക്ക് ഭാഗത്തുകിടക്കുന്ന ഒരു കേന്ദ്രമെന്ന നിലയിൽ ടൂറിസ്റ്റ് കോച്ചുകൾ

ഘടിപ്പിക്കേണ്ടതുണ്ട്. മൈസൂരു, ഊട്ടി തുടങ്ങിയ ഹിൽ സ്റ്റേഷനുകളിലേയ്ക്ക് ടൂറിസ്റ്റുകൾക്ക് എത്തിച്ചേരാനുള്ള കോച്ചുകൾകൂടി ഘടിപ്പിക്കണമെന്നുള്ള ഒരാവശ്യവും മുന്നോട്ടുവച്ചിട്ടുണ്ട്. ഈ കാര്യവും ഘട്ടംഘട്ടമായി പരിഗണിക്കാമെന്നാണ് റെയിൽവേ അധികൃതർ അറിയിച്ചിട്ടുള്ളത്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, നിലവിൽ നിലമ്പൂരിൽനിന്നും ഷൊർണ്ണൂരിലേയ്ക്കും ഷൊർണ്ണൂരിൽനിന്നും കോയമ്പത്തൂരിലേയ്ക്കും പാസ്സഞ്ചർ ട്രെയിനുണ്ട്. 56612, 56604 എന്നിങ്ങനെയാണ് ട്രെയിൻ നമ്പർ. നിലമ്പൂരിൽ നിന്നും പോയി ഷൊർണ്ണൂരിലിറങ്ങിയതിനുശേഷം വീണ്ടും ഷൊർണ്ണൂരിൽനിന്നും തിരുവനന്തപുരത്തേയ്ക്കാണ് പോകുന്നത്. നേരത്തേ മറ്റ് ട്രെയിനുകളെല്ലാം ഇതുപോലെയായിരുന്നു. ഷൊർണ്ണൂർ പോയി മാറി കയറി തിരുവനന്തപുരത്തേയ്ക്ക് പോകുന്നു. അതുകൊണ്ടാണ് ഇപ്പോൾ രാജ്യറാണി എക്സ്പ്രസ് നിലമ്പൂർനിന്നും എടുക്കുന്നത്. നിലമ്പൂരിൽനിന്നും ഷൊർണ്ണൂരിലേയ്ക്കും ഷൊർണ്ണൂരിൽനിന്നും കോയമ്പത്തൂരിലേയ്ക്കും മാറിക്കയറുന്നതിന് പകരം ഇത് രണ്ടും ബന്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ഇക്കാര്യങ്ങൾ രണ്ടുമൂന്ന് തവണയായിട്ടാണ് റെയിൽവേ അധികൃതരുമായി ചർച്ച ചെയ്തത്. കൃത്യമായി നമ്മുടെ ആവശ്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്. കോവിഡ്മൂലം നിർത്തലാക്കിയ സർവ്വീസുകൾ പുന:രാരംഭിക്കുകയാണ്. അതിന്റേതായ തിരക്കുകളുമുണ്ട്. അനുഭാവപൂർവ്വം ചെയ്യാമെന്നാണ് പറഞ്ഞിട്ടുള്ളത്. നിലമ്പൂർ-നഞ്ചൻഗോട് പാതയടക്കമുള്ള വിഷയങ്ങളിൽ അനുകൂല സമീപനമാണ് റെയിൽവേയ്ക്കുള്ളത്. അതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ചർച്ച നടത്തിയിരുന്നു. നിലമ്പൂർ-നഞ്ചൻഗോട് പാത ആവശ്യമാണെന്നതന്നെയാണ് ഗവൺമെന്റിന്റെ അഭിപ്രായം.

## IV സബ്മിഷൻ

### (1) കാസർഗോഡ് വികസന പാക്കേജ്

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, കാസർഗോഡ് ജില്ലയിൽ 2013 മുതൽ ആരംഭിച്ച ജില്ലാ വികസന പാക്കേജ് ജില്ലയുടെ വികസനത്തിന് മികച്ച മുന്നേറ്റമാണുണ്ടാക്കിയത്. ഒന്നാം പിണറായി വിജയൻ സർക്കാർ എല്ലാ ബഡ്ജറ്റിലും കെ.ഡി.പി.-ക്ക് സാമാന്യം ഭേദപ്പെട്ട തുക തന്നെ അനുവദിച്ചിട്ടുണ്ട്.

11,12307 കോടി രൂപ അടങ്കൽ വരുന്ന പദ്ധതികളാണ് കെ.ഡി.പി-യിൽ ഉൾപ്പെട്ടിട്ടുള്ളത്. ഇതിൽ 5,500 കോടി രൂപയുടെ ചീമേനി പവർപ്ലാന്റ്, 1,000 കോടി രൂപയുടെ കിനാനൂർ കരിന്തളം ഇരുമ്പയിര് പെല്ലറ്റൈസേഷൻ പ്ലാന്റ് എന്നീ പദ്ധതികൾ നടപ്പിലാക്കാൻ കഴിയാതെ ഉപേക്ഷിക്കുകയുണ്ടായി. 12-2-2019-ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന എംപവേർഡ് കമ്മിറ്റി നിലവിലുള്ള റിപ്പോർട്ടിൽ പ്രതിപാദിക്കാത്തതും ജില്ലയിലെ സമഗ്ര വികസനത്തിനാവശ്യമുള്ളതുമായ പദ്ധതികൾ തയ്യാറാക്കി സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നു. അങ്ങനെ തയ്യാറാക്കിയ പ്രൊപ്പോസൽ ഇപ്പോഴും പ്ലാനിംഗ് ബോർഡിന്റെ പരിഗണനയിലാണ്. ജലസുരക്ഷ, ഭക്ഷ്യസുരക്ഷ, സാമ്പത്തിക സുരക്ഷ, സാമൂഹ്യസുരക്ഷ എന്നിവയ്ക്ക് പ്രാധാന്യം നൽകി 1579.18 കോടി രൂപയുടെ പുതിയ പദ്ധതികളാണ് സമർപ്പിച്ചിട്ടുള്ളത്. നേരത്തേ സമർപ്പിച്ച റിപ്പോർട്ടിലെ അടങ്കൽ തുകയ്ക്ക് ഒരു മാറ്റവും വരാതെ സമർപ്പിച്ച പുതിയ നിർദ്ദേശങ്ങൾ അംഗീകരിച്ചാൽ ജില്ലയുടെ വികസനത്തിന് ഒരു കുതിപ്പുണ്ടാകും. അതുകൊണ്ട് ഇപ്പോൾ സമർപ്പിച്ച പദ്ധതിനിർദ്ദേശങ്ങൾ അനുവദിച്ചുതരണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാസർഗോഡ് വികസന പാക്കേജുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ചില പദ്ധതികൾ നേരത്തെ നടപ്പിലാക്കിയിട്ടുള്ളതാണ്. ജില്ലയുടെ സമഗ്ര വികസനത്തിന് അത്യന്താപേക്ഷിതമായ പദ്ധതികൾ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് വിശദമായ പ്രൊപ്പോസൽ സമർപ്പിക്കാൻ കാസർഗോഡ് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ചില പദ്ധതികൾ ഇപ്പോഴത്തെ സാഹചര്യത്തിൽ പ്രായോഗികമല്ല. അതിനുപകരം പ്രസ്തുത തുകയ്ക്ക് ജല സുരക്ഷ, ഭക്ഷ്യ സുരക്ഷ, സാമ്പത്തിക സുരക്ഷ, സാമൂഹ്യ സുരക്ഷ എന്നിവയ്ക്ക് പ്രാധാന്യം നൽകുന്ന പദ്ധതികളാണ് ജില്ലാ കളക്ടർ വിഭാവന ചെയ്തിട്ടുള്ളത്. പുതുക്കിയ റിപ്പോർട്ടിലെ ഭൂരിഭാഗം പദ്ധതികളും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും മറ്റ് വകുപ്പുകളുടെയും പ്രവർത്തനമണ്ഡലത്തിനുള്ളിൽ വരുന്നവയായതിനാൽ വിവിധ വകുപ്പുകളും നിർവ്വഹണ ഏജൻസികളും തമ്മിലുള്ള ഏകോപനസാദ്ധ്യത ഫലപ്രദമായി ഉപയോഗപ്പെടുത്താനാകും. നിലവിൽ സംസ്ഥാന സർക്കാർ വിഹിതം മാത്രമാണ് കാസർഗോഡ് വികസന പാക്കേജിനായി ലഭിച്ചിട്ടുള്ളത്. കേന്ദ്ര വിഹിതമുൾപ്പെടെയുള്ള തുകയും കേന്ദ്രാവിഷ്കൃത പദ്ധതികളായ എം.എൻ.ആർ.ഇ.ജി.എ., ജലശക്തി അഭിയാൻ തുടങ്ങിയവയിൽ നിന്നുള്ള തുകയും കണ്ടെത്തേണ്ടതുണ്ട്. അടുത്ത സംസ്ഥാനതല എംപവേർഡ് കമ്മിറ്റി യോഗത്തിൽ മുഖ്യ അജണ്ടയായി പരിഗണിക്കുന്നതിനായി പുതിയ നിർദ്ദേശങ്ങളുടെ വിശദമായ

പ്രസന്റേഷൻ അവതരിപ്പിക്കുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. സംസ്ഥാനതല എംപവേർഡ് കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പുതുക്കിയ പദ്ധതി നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(2) റോഡുകളുടെയും ഡ്രെയിനേജുകളുടെയും ശോചനീയാവസ്ഥ

ശ്രീ. ഷാഫി പറമ്പിൽ: സർ, തകർന്നുകിടക്കുന്ന മുനിസിപ്പൽ റോഡുകളും മാലിന്യ പ്രശ്നവുംമൂലം പാലക്കാട് നഗരം വീർപ്പുമുട്ടുകയാണ്. അമൃത് പദ്ധതിയുടെ നടത്തിപ്പ് അനന്തമായി വൈകുന്നതുകൊണ്ട് അവിടെയുള്ള റോഡുകളുടെ മുക്കാൽഭാഗവും വെട്ടിപ്പൊളിച്ചിട്ട അവസ്ഥയിലാണ്. മഴക്കാലവും കോവിഡിന്റെ പ്രയാസങ്ങളും പകർച്ചവ്യാധികളും കൂടിയാകുമ്പോൾ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് വിവരണാതീതമാണ്. വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ വൈകുന്നു എന്ന കാരണവും പറയുന്നുണ്ട്. പ്രവൃത്തി പൂർത്തീകരിച്ച സ്ഥലങ്ങളിൽപ്പോലും വേണ്ടത്ര വേഗത്തിൽ റീസ്റ്റോറേഷൻ നടക്കുന്നില്ല. മണൽമന്ത-മാട്ടുമന്ത റോഡ് വർഷങ്ങളായി ദയനീയ അവസ്ഥയിലാണ്. ജനങ്ങൾ കൂടുതലായി ആശ്രയിക്കുന്ന നിരവധി റോഡുകൾ പൂർണ്ണമായും തകർന്നുതരിപ്പണമായി കിടക്കുകയാണ്. ഗവൺമെന്റ് അടിയന്തരമായി ഇടപെട്ട് നഗരസഭയുമായി സംസാരിച്ച് വൺടൈം സഹായം കൊടുത്തിട്ടാണെങ്കിലും റോഡുകൾ എത്രയുംവേഗത്തിൽ റീസ്റ്റോർ ചെയ്തില്ലെങ്കിൽ പാലക്കാട്ടെ നഗരജീവിതം നരകതുല്യമായ അവസ്ഥയിലേയ്ക്ക് പോകുമെന്നാണ് പറയാനുള്ളത്. മാലിന്യപ്രശ്നം പരിഹരിക്കാനുള്ള ഒരു നടപടിയും സ്വീകരിച്ചുകാണുന്നില്ല. കളക്ട് ചെയ്യുന്ന മാലിന്യം കൊണ്ടുപോകുന്നതിന് പരിമിതികളുണ്ട്. അതുസംബന്ധിച്ചുള്ള തീരുമാനങ്ങളുണ്ടാകുന്നില്ല. നഗരത്തിന്റെ പല പ്രദേശങ്ങളും മാലിന്യം കുമിഞ്ഞുകൂടി ദുർഗന്ധം വമിച്ച് രോഗം പടരാൻ കാരണമാകുന്ന തരത്തിലേയ്ക്ക് മാറുകയാണ്. ജനപ്രതിനിധി എന്ന നിലയ്ക്കും പൊതുപ്രവർത്തകൻ എന്ന നിലയ്ക്കും വലിയ പ്രയാസമുണ്ടാകുന്ന അവസ്ഥയാണ് നഗരത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. സംസ്ഥാന സർക്കാർ മുൻകയ്യെടുത്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ വിളിച്ചുവരുത്തി റോഡുകളുടെ റീസ്റ്റൊറേഷനുവേണ്ടിയും അമൃത് പദ്ധതിയുടെ പ്രോജക്ടുകൾ പൂർത്തീകരിക്കുന്നതിനുവേണ്ടിയും മാലിന്യപ്രശ്നം ശാശ്വതമായി പരിഹരിക്കാൻ കഴിയുന്ന വിധത്തിൽ സർക്കാർ അംഗീകൃത ഏജൻസികളും പ്രോജക്ടുകളും നടപ്പിലാക്കുന്നതിനുവേണ്ടിയും അടിയന്തര ഇടപെടൽ നടത്തണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്. നഗരത്തിലെ പല റോഡുകളും ഗതാഗതയോഗ്യമല്ലാത്ത അവസ്ഥയിലാണ്. പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുവേണ്ടി ചില റോഡുകളുടെ മദ്ധ്യഭാഗം വെട്ടിപ്പൊളിച്ചിട്ടിരിക്കുകയുമാണ്. വാട്ടർ അതോറിറ്റിയുടെ പുതിയ ടാങ്കുകൾ ചാർജ് ചെയ്ത് കമ്മിഷൻ ചെയ്ത് അതുവഴി വെള്ളം ആദ്യം ട്രയൽ ചെയ്തതിനുശേഷം മാത്രമേ റോഡ് റീസ്റ്റോർ ചെയ്യാൻ

കഴിയുകയുള്ളുവെന്നും പറയുന്നു. ഇതെല്ലാം ശരിയായി വരാൻ വർഷങ്ങളെടുക്കുന്ന അവസ്ഥയിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. ബഹുമാനപ്പെട്ട മന്ത്രിയിടപെട്ട് അടിയന്തരമായി യോഗം വിളിച്ചുചേർത്ത് സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കാനും ആവശ്യമായ ഫിനാൻഷ്യൽ സപ്പോർട്ട് നൽകാനും മാലിന്യ പ്രശ്നം ശാശ്വതമായി പരിഹരിക്കാനുള്ള നിർദ്ദേശം നൽകാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ശ്രീ. ഷാഫി പറമ്പിൽ ഇതിനു മുമ്പുതന്നെ പാലക്കാട് നഗരത്തിലെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. ഇപ്പോൾ സബ്മിഷനിലൂടെ ഉന്നയിച്ച പ്രശ്നങ്ങളും വളരെയേറെ ഗൗരവമുള്ളതാണെന്ന് ഗവൺമെന്റിന് ഉത്തമ ബോദ്ധ്യമുണ്ട്. ഇതുസംബന്ധിച്ച് മുനിസിപ്പൽ അധികൃതരുമായി ചർച്ച നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ ഇതിനോടകം നൽകുകയും ചെയ്തിട്ടുള്ളതാണ്. അമൃത് പദ്ധതിയുമായി ബന്ധപ്പെട്ടും സംസ്ഥാന അടിസ്ഥാനത്തിലും പ്രാദേശിക തലത്തിലും പ്രോജക്ട് സംബന്ധിച്ച റിവ്യൂ നടന്നുകഴിഞ്ഞിട്ടുണ്ട്. പാലക്കാട് നഗരസഭയിലെ അൻപത് വർഷത്തോളം പഴക്കമുള്ളതും ഏകദേശം 150 കിലോമീറ്റർ നീളത്തിലുമുള്ള പ്രധാന കുടിവെള്ള പൈപ്പ് മാറ്റുന്നതിന് അമൃത് പദ്ധതിയിൽ നഗരസഭയ്ക്ക് അനുവദിച്ച 110 കോടി രൂപയോളം വകയിരുത്തിയിട്ടുള്ള കേരള വാട്ടർ അതോറിറ്റി മുഖേന പ്രവൃത്തി ആരംഭിച്ചിരിക്കുന്ന ഒരു പദ്ധതിയാണിത്. നഗരസഭാ പരിധിയിലുള്ള എല്ലാ വീടുകൾക്കും സൗജന്യ നിരക്കിലുള്ള കുടിവെള്ള കണക്ഷൻ ലഭിക്കുന്നതിനുള്ള പ്രവൃത്തിയും ഇതോടൊപ്പം നടന്നുവരുന്നു. നിലവിൽ എല്ലാ റോഡുകളിലും വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ സ്ഥാപിച്ച് ചാർജ് ചെയ്തതിനുശേഷം മാത്രമേ റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുകയുള്ളൂ. പൈപ്പ് ലൈൻ സ്ഥാപിക്കുന്ന 78 റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുവേണ്ടി 30 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി പൈപ്പ് ലൈനുകൾ സ്ഥാപിച്ച റോഡുകളുടെ ലിസ്റ്റ് കൈമാറുന്ന മുറയ്ക്ക് മാത്രമേ നഗരസഭയ്ക്ക് റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുകയുള്ളൂ. 2021 മാർച്ച് അവസാനവാരം മുതലാണ് കേരള വാട്ടർ അതോറിറ്റിയിൽനിന്നും പ്രവൃത്തി പൂർത്തീകരിച്ചതായി വ്യക്തമാക്കിക്കൊണ്ടുള്ള ലിസ്റ്റ് ലഭ്യമായിത്തുടങ്ങിയത്. അപ്രകാരം ആകെ 40 റോഡുകൾ ഇതിനോടകം കേരള വാട്ടർ അതോറിറ്റി റോഡ് പുനരുദ്ധാരണത്തിനുവേണ്ടി നഗരസഭയ്ക്ക് കൈമാറിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയിൽനിന്ന് ലഭിച്ച ലിസ്റ്റ് പ്രകാരമുള്ള ഇരുപത്തിയഞ്ച് കിലോമീറ്ററിലധികം വരുന്ന റോഡുകൾ

പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തിയാക്കി സഞ്ചാര യോഗ്യമാക്കിയിട്ടുള്ളതാണ്. എന്നാൽ കോവിഡ് രണ്ടാംതരംഗം രൂക്ഷമായതിനാൽ സംസ്ഥാനത്ത് ലോക്ക്ഡൗൺ ഏർപ്പെടുത്തിയതുമൂലം പ്രവൃത്തികൾ മന്ദഗതിയിലാകുകയായിരുന്നു. തുടർന്നുവന്ന മഴക്കാലവും റോഡ് പുനരുദ്ധാരണപ്രവൃത്തിയെ പ്രതികൂലമായി ബാധിച്ചിട്ടുള്ളതാണ്. എന്നിരുന്നാലും പ്രധാനപ്പെട്ട റോഡുകളിലെ ക്രോസ്സിംഗുകൾ അടിയന്തര പ്രാധാന്യത്തോടെ റിപ്പെയർ ചെയ്ത് സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിച്ച് പൊതുജനങ്ങളുടെ സുഗമയാത്ര ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതാണ്.

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പാലക്കാട് നഗര സഭയിലുള്ള എല്ലാ ഡിവിഷനുകളിലുമായി 174 ശുചീകരണ തൊഴിലാളികളെ നിയോഗിച്ച് ശുചീകരണപ്രവൃത്തികൾ നടത്തിവരുന്നു. സർക്കാരിന്റെ നിർദ്ദേശ മനുസരിച്ച് ഓരോ വാർഡിലും മൂന്ന് ഹരിത കർമ്മ സേനാംഗങ്ങൾ എന്ന നിലയിൽ 52 വാർഡുകളിലെ വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും അജൈവ മാലിന്യങ്ങൾ വാതിൽപ്പടി ശേഖരണം നടത്തുന്നുണ്ട്. ഇത്തരത്തിൽ നഗരപരിധിയിലുള്ള ഏകദേശം 54 ശതമാനം വീടുകളിൽനിന്നും 60 ശതമാന ത്തിലധികം വരുന്ന സ്ഥാപനങ്ങളിൽനിന്നും വാതിൽപ്പടി ശേഖരണം നടത്തിവരുന്നു. നഗരത്തിൽനിന്നും ദിവസംതോറും നാലഞ്ച് ടൺ ജൈവമാലിന്യം വിൻഡോ കമ്പോസ്റ്റിംഗ് മുഖേന വളമാക്കി മാറ്റുകയും ഒരു കിലോയ്ക്ക് മൂന്ന് രൂപ നിരക്കിൽ പൊതുജനങ്ങൾക്ക് നൽകിവരികയും ചെയ്യുന്നുണ്ട്. മാത്രമല്ല, അജൈവ മാലിന്യമായി ലഭിക്കുന്ന ഏകദേശം 1.52 ടൺ മാലിന്യം തരംതിരിച്ച് പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിലേയ്ക്ക് മാറ്റുകയും അവയെല്ലാം പ്രത്യേകം സൂക്ഷിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുമുണ്ട്. ബയോമെഡിക്കൽ മാലിന്യം ഉൽപ്പാദിക്കുന്ന സ്ഥലങ്ങളിൽനിന്നും ഇമേജ് എന്ന സ്ഥാപനത്തിലേയ്ക്ക് കൈമാറുന്ന സ്ഥിതിയുമുണ്ട്. മാലിന്യം ഉറവിടത്തിൽ സംസ്കരിക്കുന്നതോ ഹരിതകർമ്മ സേനയ്ക്ക് കൈമാറുന്നതോ ആയ വീടുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ വാർഡ് കൗൺസിലർമാർ, ആരോഗ്യവിഭാഗം ഉദ്യോഗസ്ഥർ, ഹരിത കർമ്മ സേനാംഗങ്ങൾ, വാർഡ് ശുചിത്വ കമ്മിറ്റി അംഗങ്ങൾ തുടങ്ങിയവർ നേരിട്ട് സന്ദർശനം നടത്തി മാലിന്യം ഹരിതകർമ്മ സേനയ്ക്കുതന്നെ കൈമാറണമെന്ന അറിയിപ്പ് നൽകുകയും ബോധവൽക്കരണം നടത്തുകയും ചെയ്യേണ്ടതുണ്ട്. ഇതിന് നഗരസഭാ അധികൃതരാണ് മുൻകൈ എടുക്കേണ്ടത്. മാലിന്യം കൊണ്ടുവന്നുതള്ളുന്ന പൊതുസ്ഥലങ്ങളെ റെഡ് സ്പോട്ടുകളായി മാർക്കുചെയ്ത് ഈ സ്ഥലങ്ങളിൽ മാലിന്യനിക്ഷേപം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കാനും നഗരസഭ ജാഗ്രത കാണിക്കണം. ആവശ്യമുള്ള സ്ഥലങ്ങളിൽ

ബോർഡുകൾ, ക്യാമറകൾ എന്നിവ സ്ഥാപിച്ചും മാലിന്യം നിക്ഷേപിക്കുന്നവരെ കണ്ടെത്തി പിഴ ചുമത്തുന്നതിനുമുള്ള നടപടി സ്വീകരിക്കേണ്ടതാണ്. നഗരസഭയുടെ ആരോഗ്യ വിഭാഗം സ്ക്വാഡ് രാത്രികാല പരിശോധനനടത്തി രാത്രിയിൽ മാലിന്യം റോഡുകളിൽ നിക്ഷേപിക്കുന്നവരെ കണ്ടെത്തി പിഴ ചുമത്തുന്നുണ്ട്. എല്ലാ വാർഡുകളിലും ശുചിത്വ കമ്മിറ്റികളെ സജീവമാക്കണം. മാലിന്യ നിക്ഷേപ സ്ഥലങ്ങളിൽ രാത്രികാല നിരീക്ഷണം നടത്തുകയും മാലിന്യനിക്ഷേപകരെ കണ്ടെത്തിയാൽ വിവരം രാത്രികാല സ്ക്വാഡിനെ അറിയിക്കുകയും ചെയ്യണം. പ്ലാസ്റ്റിക് നിർമ്മാർജ്ജനത്തിനായി പ്രത്യേക പദ്ധതികളും പിഴ ഈടാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കാൻ നഗരസഭയോട് നിർദ്ദേശിച്ചിട്ടുണ്ട്. നഗരസഭാ പരിധിയിലെ മാലിന്യപ്രശ്നം പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ നിർദ്ദേശപ്രകാരം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ യോഗം ചേരുകയും ആക്ഷൻ പ്ലാൻ തയ്യാറാക്കി പ്രവൃത്തികൾ നടപ്പിലാക്കിവരികയും ചെയ്യുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട അവലോകന യോഗങ്ങൾ എല്ലാ മാസവും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ നടത്തുകയും നിർദ്ദേശമനുസരിച്ച് നഗരസഭ മറ്റ് നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

### (3) ഇരിക്കൂർ താലൂക്കാശുപത്രി വികസനം

ശ്രീ. സജീവ് ജോസഫ്: സർ, ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ഏറ്റവും പരിമിതമായ സൗകര്യങ്ങൾ മാത്രമുണ്ടായിരുന്ന ഇരിക്കൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ നാട്ടുകാരുടെയും ജനപ്രതിനിധികളുടെയും നിരന്തരമായ നിവേദനങ്ങളെത്തുടർന്ന് 2015-ൽ താലൂക്കാശുപത്രിയായി ഉയർത്തിയിട്ടുണ്ട്. ഇപ്പോൾ ഏകദേശം ആറുവർഷമായിട്ടും നിലവിൽ താലൂക്കാശുപത്രിക്കാവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കിയിട്ടില്ല. സൂപ്രണ്ട് തസ്തികയുൾപ്പെടെ ആവശ്യമായ സ്റ്റാഫിന്റെ നിയമനംപോലും ഇതുവരെ നടന്നിട്ടില്ല. സർക്കാരിൽനിന്നുള്ള കത്തിടപാടുകളിൽ ഇപ്പോഴും കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നാണ് പരാമർശിക്കുന്നത്. പരിമിതമായെങ്കിലും ഐ.പി. യൂണിറ്റുള്ള ഏറ്റവും വിസ്തൃതിയുള്ള ഈ നിയോജകമണ്ഡലത്തിലെ ഏക ആശുപത്രിയാണിത്. മട്ടന്നൂർ, തളിപ്പറമ്പ് നിയോജകമണ്ഡലങ്ങളിലെ ഏതാനും പഞ്ചായത്തുകളിലെ ജനങ്ങളും ഈ ആശുപത്രിയുടെ ഗുണഭോക്താക്കളാണ്. ആശുപത്രി നവീകരണത്തിന് കഴിഞ്ഞ വർഷം ഒക്ടോബറിൽ നബാർഡ് മുഖേന ഫണ്ട് അനുവദിച്ചെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള പ്രാഥമിക നടപടിപോലും ആരംഭിച്ചിട്ടില്ല. നബാർഡിൽ നിന്നുള്ള 9.6 കോടി രൂപയും സർക്കാർ വിഹിതമായ 1.69 കോടി രൂപയും ചേർത്ത് ആകെ 11.29 കോടി രൂപയ്ക്ക് 55000 ചതുരശ്ര അടിയിൽ അഞ്ച് നിലകളിലുള്ള കെട്ടിടം പണിയാനാണ് തുക അനുവദിച്ചിട്ടുള്ളത്. അത്യാഹിത

വിഭാഗം, കൺസൾട്ടേഷൻ റൂം, ഡയാലിസിസ് യൂണിറ്റ്, ലേബർ റൂം, വാർഡുകൾ, ഓപ്പറേഷൻ തീയേറ്റർ, എൻ.ഐ.സി.യു., എക്സ്റേ, ഫാർമസി തുടങ്ങിയ എല്ലാ സൗകര്യങ്ങളുമുൾക്കൊള്ളിച്ച കെട്ടിടമാണ് വിഭാവന ചെയ്തിട്ടുള്ളത്. എന്നാൽ ഈ നിലയ്ക്ക് പോയാൽ വർഷങ്ങൾ കാത്തിരുന്നാലും കെട്ടിട നിർമ്മാണം പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് തോന്നുന്നില്ല. കെട്ടിട നിർമ്മാണത്തിനാവശ്യമായ രൂപരേഖയ്ക്കുപോലും ഇതുവരെ അംഗീകാരം ലഭിച്ചിട്ടില്ല. പി.ഡബ്ല്യു.ഡി.യുടെ ആർക്കിടെക്ചർ വിംഗിലാണ് ഇപ്പോഴതുള്ളത്. ഫണ്ട് ലാപ്സായിപ്പോകുന്ന സ്ഥിതിവിശേഷമുണ്ടാകാനുള്ള സാദ്ധ്യതയുണ്ടെന്നാണ് മനസ്സിലാക്കുന്നത്. ആശുപത്രിയിലെത്തുന്ന രോഗികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് കാർഡിന്റെ ആനുകൂല്യം ലഭിക്കുന്നില്ല. പിന്നോക്കപ്രദേശമായ ഇരിക്കൂറിൽ ഡേ കെയർ, കീമോതെറാപ്പി സെന്റർ, ഡയാലിസിസ് സെന്റർ എന്നിവകൂടി ആരംഭിച്ചാൽ ജനങ്ങൾക്ക് ഏറെ ഉപകാരപ്രദമായിരിക്കും. ഈ വിഷയത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ സത്വരവും അനുകൂലവുമായ നടപടി പ്രതീക്ഷിക്കുകയാണ്.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിലെ ഇരിക്കൂർ ഗ്രാമപഞ്ചായത്തിലാണ് ഇരിക്കൂർ താലൂക്കാശുപത്രി സ്ഥിതിചെയ്യുന്നത്. ഇരിക്കൂർ ഗ്രാമപഞ്ചായത്തിലെ 13 വാർഡുകൾക്കുപുറമെ സമീപ പഞ്ചായത്തുകളായ പടിയൂർ, മലപ്പട്ടം, കൂടാളി എന്നീ പഞ്ചായത്തുകളിലെ ജനങ്ങളും ഈ ആശുപത്രിയെ ആശ്രയിക്കുന്നുണ്ട്. 24 കിടക്കകൾ അനുവദിച്ചിട്ടുള്ള ഈ ആശുപത്രിയിൽ കോവിഡ് മഹാമാരിക്കുമുമ്പുള്ള പ്രതിദിന ഒ.പി. 517-ഉം ഐ.പി. 8-ഉം ആയിരുന്നു. നിലവിലെ സാഹചര്യത്തിൽ പ്രതിദിന ശരാശരി ഒ.പി. 365-ഉം ഐ.പി. രണ്ടുമാണ്. 2006 മുതൽ നിലവിലുള്ള ജീവനക്കാരെയും അടിസ്ഥാന സൗകര്യങ്ങളും ഉപയോഗപ്പെടുത്തി കിടത്തി ചികിത്സ നൽകിവരുന്നുണ്ടായിരുന്നു. 16-1-2015-ലെ സർക്കാർ ഉത്തരവു പ്രകാരമാണ് ഇരിക്കൂർ സാമൂഹികാരോഗ്യ കേന്ദ്രത്തെ താലൂക്കാശുപത്രിയായി ഉയർത്തിയത്. 4 കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ തസ്തിക അന്ന് സൃഷ്ടിച്ചിരുന്നു. പീഡിയാട്രിക്സ്, ഗൈനക്കോളജി എന്നീ സ്പെഷ്യാലിറ്റി സേവനങ്ങളും ഫാർമസി, ദന്തൽ, ലാബ് എന്നീ സൗകര്യങ്ങളും ഇവിടെ ലഭ്യമാണ്. നിലവിൽ രണ്ട് നിലയുള്ള ഒ.പി. കെട്ടിടം, സ്ത്രീകളുടെ വാർഡ്, പുരുഷന്മാരുടെ വാർഡ്, പാലിയേറ്റീവ് കെയർ കെട്ടിടം എന്നിവയെല്ലാം അവിടെ പ്രവർത്തിക്കുന്നുണ്ട്. നിലവിൽ ഈ ആശുപത്രിയിൽ അസിസ്റ്റന്റ് സർജൻ -4, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ -4, ജൂനിയർ കൺസൾട്ടന്റ് പീഡിയാട്രിക്സ്- 1, ജൂനിയർ കൺസൾട്ടന്റ് ഗൈനക്കോളജി -1, ദന്തൽ അസിസ്റ്റന്റ് സർജൻ- 1, ഫാർമസിസ്റ്റ് -1, സ്റ്റാഫ് നഴ്സ് -

5, ജെ.പി.എച്ച്.എൻ- 3, ഹെൽത്ത് ഇൻസ്പെക്ടർ -3 ഉൾപ്പെടെ 37 സ്ഥിരം ജീവനക്കാരുടെ തസ്തികകളുണ്ട്. ഇതിനുപുറമെ എൻ.എച്ച്.എം-ൽനിന്നും ഒരു അസിസ്റ്റന്റ് സർജനുൾപ്പെടെ -3 പേർ, എച്ച്.എം.സി.-4 പേർ, എൽ.എസ്.ജി.ഡി.യിൽ നിന്നും ഒരാൾ എന്നിങ്ങനെ 9 താൽക്കാലിക ജീവനക്കാരെയും നിയമിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ ഭരണകാലത്ത് 22-9.2021-ലെ ഗവൺമെന്റ് ഉത്തരവ് 168/2021 പ്രകാരം സ്റ്റാഫ് നഴ്സ് -3, ഫാർമസിസ്റ്റ് -1, ക്ലാർക്ക് -1 എന്നിങ്ങനെ 5 പുതിയ തസ്തികകൾ ഇരിക്കൂർ താലൂക്ക് ആശുപത്രിയിൽ സൃഷ്ടിച്ചിട്ടുണ്ട്. 14-10-2020-ലെ 1894/2020 ഉത്തരവുപ്രകാരം നബാർഡിൽ ഉൾപ്പെടുത്തി ഈ ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പുതിയ കെട്ടിട നിർമ്മാണത്തിന് 11.30 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് മണ്ണ് പരിശോധന പൂർത്തിയാക്കി കെട്ടിടത്തിന്റെ സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കിവരികയാണ്. അഞ്ച് നിലകളിലായി കാഷ്വാലിറ്റി, ലാബ്, കൺസൾട്ടേഷൻ മുറികൾ, സ്ത്രീകളുടെയും പുരുഷന്മാരുടെയും ജനറൽ വാർഡുകൾ, പീഡിയാട്രിക് വാർഡ്, ഡയാലിസിസ് യൂണിറ്റ്, ലേബർ വാർഡ്, ലേബർ റൂം, ലേബർ ഒ.ടി. റൂം (ഓപ്പറേഷൻ തീയേറ്റർ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ), എൻ.ഐ.സി.യു. എന്നിങ്ങനെയുള്ള ആധുനിക സൗകര്യങ്ങൾ കെട്ടിടം പൂർത്തിയായാൽ ആശുപത്രിയിൽ ലഭ്യമാകുന്നതാണ്. ഡി.എച്ച്.എസ്.-ന് കീഴിലുള്ളതും ഡി.എം.ഇ.-യുടെ കീഴിലുള്ളതുമായ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്ക് സ്പെഷ്യൽ ഉദ്യോഗസ്ഥനെത്തന്നെ നിയമിച്ചാണ് പ്രവർത്തന മേൽനോട്ടം നിർവ്വഹിക്കുന്നത്.

(4) <u>മലയോര കർഷകർക്ക് പട്ടയം</u>

<u>ശ്രീ. സനീഷ്കുമാർ ജോസഫ്:</u> സർ, "എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്" എന്ന ലക്ഷ്യ സാക്ഷാത്കാരത്തിനായി വിഷനും മിഷനും രൂപീകരിച്ച് റവന്യൂ വകുപ്പ് മുന്നോട്ടുപോകുകയാണ്. എനിക്ക് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടാനുള്ളത്, ചാലക്കുടി താലൂക്കിൽ വിവിധ വകുപ്പുകളുടെ കീഴിലുള്ള പുറമ്പോക്ക് ഭൂമിയിൽ വർഷങ്ങളായി താമസിച്ച് കൃഷി ചെയ്യുന്നവരുടെ ഭൂമിക്ക് കൈവശരേഖ ലഭ്യമാക്കണമെന്നാണ്. ചാലക്കുടി താലൂക്കിൽ വിവിധ സർക്കാർ വകുപ്പുകളുടെ കീഴിലുള്ള പുറമ്പോക്കുഭൂമിയിൽ താമസിച്ചുവരുന്ന വീട്ടുനമ്പരും വൈദ്യുതി കണക്ഷനുമുൾപ്പെടെ ലഭിച്ചിട്ടുള്ള കുടുംബങ്ങൾ പട്ടയത്തിനായി കാത്തിരിപ്പുതുടങ്ങിയിട്ട് പതിറ്റാണ്ടുകളായി. കനാൽ പുറമ്പോക്കിൽ താമസിക്കുന്ന 232-ഓളം കുടുംബങ്ങൾക്കും സംയുക്ത പരിശോധനയും ജി.പി.എസ്. സർവ്വേയും പൂർത്തീകരിച്ചിട്ടുള്ള 1322 മലയോര

കർഷകർക്കും പട്ടയം അനുവദിക്കേണ്ടതായിട്ടുണ്ട്. കൂടാതെ അതിരപ്പിള്ളി വില്ലേജിൽ പുളിയിലപ്പാറയിൽ പെരിങ്ങൽകുത്ത് ജലവൈദ്യുത പദ്ധതിക്കായി വൈദ്യുതി വകുപ്പിന് അനുവദിച്ച 544 ഏക്കർ വനഭൂമിയിൽ വൈദ്യുതി വകുപ്പിന്റെ ഉപയോഗത്തിനുശേഷമുള്ള സ്ഥലത്ത് 1977-നുമുമ്പായി 116 കുടുംബങ്ങൾ താമസിക്കുന്നുണ്ട്. ഇവർക്ക് കൈവശാവകാശരേഖ നൽകുന്നതുമായി ബന്ധപ്പെട്ട് സംയുക്ത പരിശോധനാ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. ഇത്തരത്തിൽ തൃശ്ശൂർ ജില്ലയിൽത്തന്നെ വനഭൂമി പട്ടയത്തിനായി 15,000-ത്തോളം അപേക്ഷകളാണുള്ളത്. വനം, വൈദ്യുതി, ജലവിഭവ വകുപ്പുമന്ത്രിമാരുടെ സംയുക്ത യോഗം വിളിച്ചുചേർത്ത് ഭൂമി റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കി ജില്ലയിൽ ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ച് അടിയന്തരമായി പട്ടയം അനുവദിക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, പ്രസക്തമായ ചില പ്രശ്നങ്ങളാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. സമീപകാലത്ത് ഏറ്റവും കൂടുതൽ പട്ടയങ്ങൾ വിതരണം ചെയ്യാനുള്ള നടപടിയെടുത്തത് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്താണ്. ആ നടപടി മാതൃകാപരമായി മുന്നോട്ട് കൊണ്ടുപോകാൻ കഴിയുകയും ചെയ്തിട്ടുണ്ട്. അതേ അനുഭവങ്ങളുടെയും നടപടികളുടെയും തുടർച്ചയാണ് ഈ ഗവൺമെന്റെന്നുള്ളതുകൊണ്ട്, "എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്" എന്ന തലവാചകവുമായി 'മിഷൻ ആൻഡ് വിഷൻ (2021-2026)' എന്ന പദ്ധതിയുമായി മുന്നോട്ടുപോകുകയാണ്. റവന്യൂ വകുപ്പിന്റെ മുമ്പിലുള്ള പ്രധാന അജണ്ട ഭൂരഹിതരായ എല്ലാവർക്കും ഭൂമിനൽകുക, ഭൂമിയിൽ അവകാശമുണ്ടാക്കുക, അർഹരായ എല്ലാവർക്കും പട്ടയം നൽകുക എന്നുള്ളതാണ്. അതിന്റെ ഭാഗമായി നൂറ് ദിവസത്തിനിടയിൽ 13,530 പേർക്ക് പട്ടയം വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ട്. ഭൂമിയുടെ വിനിയോഗവും വിതരണവുമായി ബന്ധപ്പെട്ട് 'ജില്ലാ റവന്യൂ അസംബ്ലി' എന്ന പേരിൽ എല്ലാ ജില്ലകളിലെയും എം.എൽ.എ-മാരുമായുള്ള ഉദ്യോഗസ്ഥരുടെ കൂടിക്കാഴ്ച പൂർത്തിയായിട്ടുണ്ട്. ഇതിന്റെ ഭാഗമായി മന്ത്രിതന്നെ നേരിട്ട് പങ്കെടുത്ത് 14 ജില്ലകളിലെയും ജില്ലാ കളക്ടർമാർ മുതലുള്ള ഉദ്യോഗസ്ഥരുമായി ആശയവിനിമയം നടത്തി സൂക്ഷ്മതലത്തിലുള്ള ഒരു പരിപാടി തയ്യാറാക്കിവരികയാണ്. അപേക്ഷ നൽകിയവരുടെയും ഒരിക്കലും അപേക്ഷ നൽകാത്ത, ഭൂമിമലയാളത്തിൽ ഒരു സെന്റ് ഭൂമിക്കുപോലും അവകാശമില്ലാത്ത, ഭൂരഹിതരുടെ ഉൾപ്പെടെ കണക്കെടുത്തുകൊണ്ട് മൂന്ന് മാസമായി പ്രത്യേകം തയ്യാറാക്കിയ പരിപാടിയനുസരിച്ച് പട്ടയവിതരണത്തിന് ഒരു ഡാഷ് ബോർഡ് റവന്യൂ വകുപ്പ് തയ്യാറാക്കിവരികയാണ്. അതിനായി മന്ത്രിയുടെ ഓഫീസിലും

ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലും പ്രത്യേക സെക്ഷൻ ഇതിനകം ആരംഭിച്ചുകഴിഞ്ഞു. നേരത്തെ സൂചിപ്പിച്ചതുപോലെ, സമുദ്രതീരത്തോട് ചേർന്ന് ചുണ്ണാമ്പുകല്ല് മാർക്കുചെയ്ത പ്രദേശത്തിനും വനത്തിലെ ജണ്ടയിട്ട പ്രദേശത്തിനുമിടയിലുള്ള സ്ഥലമാണ് റവന്യൂ വകുപ്പിന് പട്ടയമായി കൊടുക്കാൻ കഴിയുന്നത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, ചാലക്കുടിയിൽ മാത്രമല്ല, കേരളത്തിൽ എല്ലായിടത്തും ഈ പ്രശ്നങ്ങളുള്ളതുകൊണ്ട് തദ്ദേശ സ്വയംഭരണം, വനം, ജലവിഭവം, പൊതുമരാമത്ത്, വൈദ്യുതി എന്നീ വകുപ്പുമന്ത്രിമാരുമായി ഇക്കാര്യത്തിൽ ആശയവിനിമയം നടത്താനുള്ള തയ്യാറെടുപ്പിലാണ് റവന്യൂ വകുപ്പ്. അതിൽ ഏറ്റവും പ്രധാനം മലയോര പട്ടയമാണ്. 1993-ലെ ചട്ടമനുസരിച്ച് ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയാക്കി കേന്ദ്ര ഗവൺമെന്റിന്റെകൂടി അനുവാദത്തോടെ മാത്രമേ ആ പട്ടയം വിതരണം ചെയ്യാൻ കഴിയുകയുള്ളൂ. ഈ പ്രവർത്തനങ്ങളിൽ ത്വരിതഗതിയിലുള്ള നടപടി കളാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. ചാലക്കുടി താലൂക്കിലെ പട്ടയവിതരണ വുമായി ബന്ധപ്പെട്ട് ക്രിയാത്മകമായ നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. 01-6.2016 മുതൽ 31-8-2021 വരെയുള്ള കാലയളവിൽ 1964, 1995 ചട്ടങ്ങൾ പ്രകാരം 48 പട്ടയങ്ങളും 1993-ലെ ചട്ടപ്രകാരം 65 പട്ടയങ്ങളും 45 കോളനി പട്ടയങ്ങളും ഇനാം, കാണം ഭൂമികളുടെ ജന്മാവകാശം നൽകിയ 645 കേസ്സുകളുമുൾപ്പെടെ 822 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്. ഈ സർക്കാരിന്റെ നൂറുദിന കർമ്മപദ്ധതിയിൽപ്പെടുത്തി 81 പട്ടയങ്ങൾ വിതരണം ചെയ്യാനും സാധിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്കിൽ തദ്ദേശ സ്വയംഭരണം, ജലവിഭവം, പൊതുമരാമത്ത്, വനം എന്നീ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള പുറ മ്പോക്ക് ഭൂമിയിൽ വർഷങ്ങളായി താമസിച്ചുവരുന്നതും വീട്ടുനമ്പരും വൈദ്യുതി കണക്ഷനുമുള്ള കുടുംബങ്ങൾക്ക് പ്രസ്തുത വകുപ്പുകളിൽനിന്ന് എൻ.ഒ.സി. ലഭിക്കുന്ന മുറയ്ക്ക് പട്ടയം ലഭ്യമാക്കാൻ കഴിയുന്നവരുടെ വിവരം താഴെപ്പറയും പ്രകാരമാണ്.

| | | |
|---|---|---|
| തദ്ദേശഭരണ സ്ഥാപനങ്ങൾ | - | 94 |
| ഇറിഗേഷൻ പുറമ്പോക്ക് | - | 22 |
| പി.ഡബ്ല്യു.ഡി. പുറമ്പോക്ക് | - | 54 |

ചട്ടരൂപീകരണത്തിനുശേഷം വനഭൂമി പട്ടയവിതരണത്തിനും വലിയ പുരോഗതിയുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. 826 കേസ്സുകളിലായി 264.1516 ഹെക്ടർ വനഭൂമിക്ക് നാളിതുവരെ വിവിധ സർക്കാരുകൾ പട്ടയം നൽകിയിട്ടുണ്ട്. ചാലക്കുടി താലൂക്ക് പരിധിയിൽ വനഭൂമി പട്ടയത്തിന് അർഹരായവരിൽ കേന്ദ്രാനുമതി ലഭിച്ച വർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ഇപ്പോൾ സ്വീകരിച്ചുവരികയാണ്.

റവന്യൂ, വനം വകുപ്പുകളുടെ സംയുക്ത പരിശോധന പൂർത്തിയാക്കി ജെ.വി.ആർ. ലിസ്റ്റിലുൾപ്പെടുത്തിയിട്ടുള്ള 1322 പേരുടെ ഭൂമിയിൽ ജി.പി.എസ്. സർവ്വേ പൂർത്തിയാക്കി കേന്ദ്രാനുമതിക്ക് അയയ്ക്കുന്നതിനുവേണ്ടി ടോപോഷീറ്റിൽ ഡാറ്റാ എൻട്രി ചെയ്യുന്ന ജോലികൾ അന്തിമഘട്ടത്തിലാണ്. അർഹരായ എല്ലാവർക്കും നിയമാനുസൃതമായി എത്രയുംവേഗം പട്ടയം നൽകണമെന്നതാണ് സർക്കാരിന്റെ നയം. മേൽ പ്രസ്താവിച്ച 1993-ലെ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കേന്ദ്രാനുമതി ലഭിച്ചാലുടനെ വനഭൂമി പട്ടയവിതരണത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ടതുപോലെ സ്പെഷ്യൽ ഓഫീസ് അടക്കമുള്ള നടപടികൾ ആരംഭിക്കുന്നതിലേയ്ക്കായി സർക്കാർ ഇടപെട്ടുവരികയാണ്.

(5) <u>പെരുമ്പുഴക്കടവ് പാലത്തിന്റെ പുനർനിർമ്മാണം</u>

<u>ശ്രീ. ജോബ് മൈക്കിൾ</u>: സർ, ചങ്ങനാശ്ശേരി നഗരസഭയുടെയും പായിപ്പാട് പഞ്ചായത്തിന്റെയും അതിർത്തിയിൽ മേജർ ഇറിഗേഷൻ വകുപ്പ് മുഖാന്തരം ലാപ്പാലം കനാലിന് കുറുകെ നിർമ്മിച്ച പെരുമ്പുഴക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡ് താഴ്ന്നുപോയതുകാരണം 12 മീറ്റർ നീളമുള്ള പാലം ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയിലാണ്. 2010-ൽ ലാപ്പാലം കനാലിന് കുറുകെ ഒരു താല്ക്കാലിക റോഡ് നിർമ്മിച്ചതുമൂലം കനാലിലെ ഒഴുക്ക് തടസ്സപ്പെടുകയും സമീപ പ്രദേശങ്ങളിൽ വെള്ളപ്പൊക്കമുണ്ടാവുകയും ചെയ്തു. താല്ക്കാലിക റോഡ് നിർമ്മിച്ചതു മൂലം ജലഗതാഗതവും തടസ്സപ്പെട്ടിരിക്കുകയാണ്. പ്രസ്തുത പാലം ചങ്ങനാശ്ശേരിയും പൂവവും തമ്മിൽ ബന്ധിപ്പിക്കുന്ന ഗതാഗതമാർഗ്ഗമാണ്. കൂടാതെ, ഈ പാലത്തിൽ അധികഭാരം കയറ്റാൻ പാടില്ലെന്നുള്ള IDRB (Irrigation Design and Research Board)-യുടെ നിർദ്ദേശവുമുണ്ട്. ഇതുകാരണം സമീപമുള്ള വിവിധ പാടശേഖരങ്ങളിലേയ്ക്കുള്ള കൊയ്ത്തുയന്ത്രങ്ങൾ എത്തിക്കുന്നതിനും നെല്ല് കൊണ്ടുപോകുന്നതിനുള്ള ലോറികൾ, ബസ് സർവ്വീസുകൾ എന്നിവയ്ക്കും ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. ഈ സാഹചര്യത്തിൽ പ്രസ്തുത പാലം ഇരട്ടപ്പാത ഗതാഗതം ഉൾക്കൊള്ളാൻ പാകത്തിൽ വീതികൂട്ടി പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം. ഇന്ത്യൻ നാവിഗേഷന്റെ ഗൈഡ്‌ലൈൻ പാലിച്ചുകൊണ്ട് പുതിയ പാലം നിർമ്മിക്കാൻ എത്രയുംവേഗം നടപടിയെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. റോഷി അഗസ്റ്റിൻ</u>): സർ, ആലപ്പുഴ–ചങ്ങനാശ്ശേരി കനാലിന്റെ ഫീഡർ കനാലായ ലാപ്പാലം കനാലിന് കുറുകെ 2010-ൽ നിലവിലുള്ള പെരുമ്പുഴക്കടവ് പാലവും അതിന്റെ അപ്രോച്ച് റോഡും കോട്ടയം മേജർ ഇറിഗേഷൻ വകുപ്പിന്റെ മേൽനോട്ടത്തിൽ പൂർത്തീകരിക്കുകയും

26-2-2010-ൽ ഗതാഗതത്തിന് തുറന്നുകൊടുക്കുകയും ചെയ്തു. എന്നാൽ പാലത്തിന്റെ അപ്രോച്ച് റോഡ് തകർന്നുപോയ സാഹചര്യമാണ് പിന്നീടുണ്ടായത്. പാലം ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയിൽ പിന്നീട് കനാലിന് കുറുകെ താല്ക്കാലിക റോഡ് നിർമ്മിക്കുകയും അത് കനാലിലെ സുഗമമായ നീരൊഴുക്കിനെ സാരമായി ബാധിക്കുകയും മഴക്കാലത്ത് സമീപപ്രദേശങ്ങളിൽ വെള്ളപ്പൊക്കമുണ്ടാകുന്നതിന് കാരണമാവുകയും ചെയ്തിട്ടുണ്ട്. പ്രശ്നപരിഹാരത്തിനായി കനാലിന്റെ പൂർണ്ണവീതി ഉൾക്കൊണ്ടുകൊണ്ട് പുതിയ അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിന് ഐ.ഡി.ആർ.ബി. രൂപകല്പന ചെയ്തതിൻപ്രകാരം 4.25 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ടെണ്ടർ നടപടി പുരോഗമിക്കവെ അപ്രോച്ച് റോഡിന്റെ അളവുകൾ സംബന്ധിച്ച് ഐ.ഡി.ആർ.ബി-യിൽനിന്ന് ലഭ്യമായ ഡിസൈൻ അളവുകളിൽ വ്യക്തത വരുത്തുന്നതിനായി 2019-ൽ ഐ.ഡി.ആർ.ബി-യുമായി ആശയവിനിമയം നടത്തുകയുണ്ടായി. ഐ.ഡി.ആർ.ബി. നേരിട്ട് കോട്ടയം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് തുടർനിർദ്ദേശം നൽകിയതിൽ ഭാരമുള്ള വാഹനങ്ങൾ പാലത്തിൽ കയറുന്നത് നിയന്ത്രിക്കണമെന്നും സിംഗിൾ ലൈൻ ട്രാഫിക് മാത്രമേ അനുവദിക്കാവൂവെന്നും 50 ടണ്ണിൽത്താഴെ ഭാരമുള്ള വാഹനങ്ങൾ മാത്രമേ കടത്തിവിടാവൂ എന്നും നിർദ്ദേശിച്ചിരുന്നു. രണ്ടുവരിപ്പാതയ്ക്കുള്ള വാഹന ബാഹുല്യമുണ്ടോയെന്ന് പരിശോധിക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. ഉന്നയിച്ച കാര്യങ്ങൾ പ്രസക്തമാണ്. രണ്ടുവരിപ്പാത വേണമെന്നാണ് അദ്ദേഹം ആവശ്യപ്പെട്ടിട്ടുള്ളത്. പ്രസ്തുത സ്ഥലത്ത് വെള്ളപ്പൊക്ക നിർമ്മാർജ്ജനത്തിനായി അടിയന്തരമായി താല്ക്കാലിക പൈപ്പ് കൾവർട്ട് നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രശ്നത്തിന്റെ ഗൗരവം മനസ്സിലായതിന്റെ പശ്ചാത്തലത്തിൽ 2018-ലെ DCR (Design Concern Report) പ്രകാരം രണ്ടുവരിപ്പാതയ്ക്കുള്ള പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകാൻ ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നതാണ്.

### (6) ഭെൽ-ഇ.എം.എൽ. കമ്പനിയുടെ പ്രവർത്തനം

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, സബ്മിഷന് നോട്ടീസ് നൽകുന്നതോടൊപ്പം ഒരു വിശദീകരണക്കുറിപ്പുകൂടി നൽകാറുണ്ട്. ഞാൻ ഈ സബ്മിഷനോടൊപ്പം വിശദീകരണക്കുറിപ്പ് വച്ചിരുന്നില്ല. അംഗങ്ങൾ ഉന്നയിക്കുന്ന കാര്യങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിമാർക്ക് അവബോധമുണ്ടാകുന്നതിനുവേണ്ടിയാണ് സാധാരണ വിശദീകരണക്കുറിപ്പ് വയ്ക്കുന്നത്. ഞാനിവിടെ ഉന്നയിക്കുന്ന വിഷയത്തിൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിക്ക് നല്ല അവബോധമുണ്ട്. ചുരുങ്ങിയ ദിവസത്തിനുള്ളിൽ അദ്ദേഹം കാര്യങ്ങൾ മനസ്സിലാക്കി ഫലപ്രദമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ഫലപ്രദമായ നടപടി സ്വീകരിച്ച ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു.

ഭെൽ-ഇ.എം.എൽ. കമ്പനിയുടെ 51 ശതമാനം ഓഹരികൾ വാങ്ങാനുള്ള എഗ്രിമെന്റ് ഓഫ് സെയിൽ 07-9-2019-നാണ് കേരള സർക്കാർ അംഗീകരിച്ചത്. 2021 മേയ് 11-നാണ് ഭെൽ-ഇ.എം.എൽ. കമ്പനിയുടെ 51 ശതമാനം ഓഹരി സംസ്ഥാന സർക്കാരിന് കൈമാറാൻ കേന്ദ്ര സർക്കാരിന്റെ തീരുമാനമുണ്ടായത്. കാസർഗോഡ് കെൽ യൂണിറ്റ് 2011 മാർച്ച് 28-നാണ് ഭെൽ ആയി മാറിയത്. കാസർഗോഡ് ജില്ലയിലെ എക പൊതുമേഖലാ സ്ഥാപനമാണിത്. 1987-ൽ അന്നത്തെ വ്യവസായ വകുപ്പുമന്ത്രിയായിരുന്ന ഇ. അഹമ്മദാണ് അതിന് തറക്കല്ലിട്ടത്. 1990-ൽ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ഇ. കെ. നായനാരാണ് ഉദ്ഘാടനം നിർവ്വഹിച്ചത്. 2020 മാർച്ച് 20 മുതൽ കമ്പനി അടച്ചിട്ടു. 156 തൊഴിലാളികൾക്ക് 34 മാസമായി ശമ്പളം ലഭിച്ചിട്ടില്ല. ഓണം, വിഷു, ക്രിസ്തുമസ്സ്, പെരുന്നാൾ ഇതെല്ലാം വന്നപ്പോഴും തൊഴിലാളികൾ പട്ടിണിയിലായിരുന്നു. ഒരു ഓണത്തിനുമാത്രം സർക്കാർ 10,000 രൂപവീതം തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. കോവിഡ്-19 കാലഘട്ടത്തിൽ സമൂഹത്തിലെ എല്ലാ മേഖലകളിലുമുള്ളവർ പ്രത്യേകിച്ച് തൊഴിലാളികൾ ദുരിതപൂർണ്ണമായ ജീവിതമാണ് നയിച്ചത്. ആ സമയത്തുപോലും മാസങ്ങളായി ശമ്പളം ലഭിക്കാതെ കഷ്ടപ്പെടുന്ന ഈ കമ്പനിയിലെ തൊഴിലാളികൾക്ക് നയാപൈസപോലും കൊടുത്തില്ലായെന്നുള്ളതാണ് പരമാർത്ഥം. വർഷങ്ങൾക്കുമുൻപ് പ്രഖ്യാപിച്ച വർദ്ധനവ് പ്രകാരമുള്ള ശമ്പള കുടിശ്ശികയും ജീവനക്കാർക്ക് കൊടുത്തുതീർക്കാനുണ്ട്. ശമ്പളപരിഷ്കരണ കുടിശ്ശികയുടെ ഭാഗമായുള്ള കമ്പനിയുടെ ബാദ്ധ്യത 428.51 ലക്ഷം രൂപയാണെന്ന് 5.11.2019-ൽ അന്നത്തെ വ്യവസായ വകുപ്പുമന്ത്രി നിയമസഭയിൽ പറഞ്ഞിട്ടുള്ളതാണ്. ശമ്പള കുടിശ്ശിക തീർക്കാൻവേണ്ടി മാത്രം 14 കോടി രൂപ നീക്കിവച്ചിട്ടുണ്ടെന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രഖ്യാപനം പ്രാവർത്തികമാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെ സർവ്വീസിൽനിന്നും പിരിഞ്ഞുപോയവർക്ക് ആനുകൂല്യം നൽകാനും നടപടിയുണ്ടാകണം. കഴിഞ്ഞയാഴ്ച വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. മുഹമ്മദ് ഹനീഷ് കാസർഗോഡ് വരികയും തൊഴിലാളി നേതാക്കളുമായി സംസാരിക്കുകയും ചെയ്തു. കാസർഗോഡ് എം.എൽ.എ. എന്നനിലയിൽ ഞാനുമായി അദ്ദേഹം ആശയവിനിമയം നടത്തിയിരുന്നു. പോസിറ്റീവായ അപ്രോച്ചാണ് അദ്ദേഹത്തിന്റെ ഭാഗത്തുനിന്നുണ്ടായത്. കമ്പനി കെൽ-ന്റെ ഒരു സബ്സിഡിയറിയായി പ്രവർത്തനം തുടങ്ങുമെന്നാണ് ഇപ്പോൾ മനസ്സിലാക്കാൻ സാധിച്ചത്, കെൽ-നെ ഭെൽ ഏറ്റെടുക്കുമ്പോൾ അതിന് കയ്യുംകാലുമുണ്ടായിരുന്നു, നല്ല സൗന്ദര്യമുണ്ടായിരുന്നു. അതേ സൗന്ദര്യത്തോടെ കയ്യുംകാലുമുള്ള കെൽ തന്നെ കാസർഗോഡ് പ്രവർത്തനം തുടങ്ങണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യത്ഥിക്കുവാനുള്ളത്. ഇന്നലെ ബഹുമാന്യനായ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററുടെ

ആവേശകരമായ പ്രസംഗം ഈ സഭയിൽ കേട്ടു. അദ്ദേഹം പറഞ്ഞത് പൊതുമേഖലാസ്ഥാപനത്തെ നശിപ്പിക്കുകയെന്നത് മുതലാളിത്തത്തെ പ്രോത്സാഹിപ്പിക്കുന്നതിന് തുല്യമാണെന്നാണ്. ബഹുമാന്യനായ വ്യവസായ വകുപ്പുമന്ത്രിയും മുതലാളിത്തത്തെ പ്രോത്സാഹിപ്പിക്കുകയില്ലെന്ന് എനിക്ക് നല്ലതുപോലെ അറിയാം. കാസർഗോഡുള്ള ഏക പൊതുമേഖലാ സ്ഥാപനമായ ഭെൽ ഇപ്പോൾ കെൽ ആയി മാറിയിരിക്കുകയാണ്. ആ പൊതുമേഖലാസ്ഥാപനത്തെ രക്ഷിക്കുവാനും സംരക്ഷിക്കുവാനുമുള്ള നടപടി അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണം. ഇതുസംബന്ധിച്ച് അങ്ങ് ഇന്ന് ഒരു പ്രഖ്യാപനം നടത്തണം. ഈ പ്രഖ്യാപനം കേട്ട് ഇന്ന് കാസർഗോഡ് ജില്ല മുഴുവനും സന്തോഷംകൊണ്ട് തുള്ളിച്ചാടട്ടെയെന്നാണ് എനിക്ക് പറയാനുള്ളത്. അത്തരത്തിലുള്ളൊരു പ്രഖ്യാപനം അങ്ങയിൽനിന്നും പ്രതീക്ഷിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാന്യനായ എം.എൽ.എ ഈ പ്രശ്നം നിരവധി തവണ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അതോടൊപ്പംതന്നെ മുൻ എം.പി. ശ്രീ. പി. കരുണാകരൻ കേന്ദ്ര സർക്കാർതലത്തിലും സംസ്ഥാനതലത്തിലും തുടർച്ചയായി ഇടപെട്ടുകൊണ്ടിരുന്നതുമാണ്. ശ്രീ. എൻ. എ. നെല്ലിക്കുന്ന് പറഞ്ഞതുപോലെ, പൊതുമേഖലയെ സംരക്ഷിക്കുകയെന്ന നയംതന്നെയാണ് കേരള സർക്കാരിനുള്ളത്. അക്കാര്യത്തിൽ ഒരു സംശയവും അങ്ങേയ്ക്ക് വേണ്ടെന്നാണ് എനിക്ക് ഉറപ്പുനൽകാനുള്ളത്. അതുകൊണ്ടാണ് ഭെൽ സ്വകാര്യവത്കരിക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചപ്പോൾ ഭെൽ-നോട് ചേർന്ന കെൽ-ന്റെ യൂണിറ്റ് ഏറ്റെടുക്കുന്നതിന് സംസ്ഥാന സർക്കാർ തയ്യാറായത്. ലാഭത്തിൽ പ്രവർത്തിച്ചു കൊണ്ടിരുന്ന ഒരു സ്ഥാപനമായിരുന്നുവെന്നത് ശരിയാണ്. എന്നാൽ ഭെൽ ഏറ്റെടുത്ത് പ്രവർത്തനം ആരംഭിച്ചതിനുശേഷം അത് നഷ്ടത്തിലാണ്. ഒരു ആവേശത്തിന്റെ പുറത്ത് കയ്യടി കിട്ടുന്നതിനുള്ള പ്രഖ്യാപനം നടത്തുക എന്ന രീതി ഈ സർക്കാർ സ്വീകരിക്കുന്നില്ല. ഒരു ആഹ്ലാദം ഇന്ന് പ്രകടിപ്പിച്ചുകഴിഞ്ഞാൽ രണ്ടുവർഷം കഴിഞ്ഞ് വീണ്ടും കണ്ണീരുണ്ടാകാതിരിക്കാനുള്ള ജാഗ്രത ഒരു ഗവൺമെന്റിന് എപ്പോഴുമുണ്ടായിരിക്കണം. അതുകൊണ്ട് നഷ്ടത്തിൽത്തന്നെ പ്രവർത്തിക്കുന്ന ഒരു പൊതുമേഖലാസ്ഥാപനം ഉണ്ടാകണമെന്ന ഒരു കാഴ്ചപ്പാട് എനിക്കില്ല. പുതുതായി ഏറ്റെടുക്കുമ്പോൾ ലാഭകരമായി പ്രവർത്തിക്കാൻ കഴിയുന്ന സ്ഥാപനമാക്കുകയെന്നതാണ് ഗവൺമെന്റിന്റെ ലക്ഷ്യം. ഭെൽ ഏറ്റെടുക്കാൻ തത്വത്തിൽ തീരുമാനിക്കുകയും എഗ്രിമെന്റ് ഓഫ് സെയിൽ ഒപ്പുവച്ചിരിക്കുക യുമാണ്. കഴിഞ്ഞ സെപ്റ്റംബർ 8-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഏറ്റെടു ക്കൽ പ്രഖ്യാപനം

നടത്തിയിട്ടുണ്ട്. 77 കോടി രൂപയുടെ അധികച്ചെലവ് വരുന്ന ഒരു വികസന പദ്ധതി സർക്കാർ ഇപ്പോൾ ആവിഷ്കരിച്ചിട്ടുണ്ട്. കമ്പനിയുടെ നിലവി ലുള്ള യന്ത്രസാമഗ്രികൾ പുനരുദ്ധരിക്കുന്നതോടൊപ്പം വൈവിദ്ധ്യവത്കരണത്തിന്റെ ഭാഗമായി പുതിയ യന്ത്രസാമഗ്രികൾകൂടി ഉൾപ്പെടുത്തി കമ്പനി നവീകരിക്കാനാണ് ആലോചിക്കുന്നത്.ആൾട്ടർനേറ്ററുകളുടെയും ഡീസൽ ജനറേറ്ററുകളുടെയും ഉല്പാദന ത്തിന് പുറമെ, ട്രാക്ഷൻ മോട്ടോർ കൺട്രോൾസ്, പ്രതിരോധമേഖലയ്ക്കാവശ്യമായ ആൾട്ടർനേറ്റീവ്സ്, വൈദ്യുതി മേഖലയ്ക്കാവശ്യമായ സ്ട്രീറ്റ് ലൈറ്റ് കൺട്രോളേഴ്സ് തുടങ്ങിയവ നിർമ്മിക്കുന്നതിലൂടെ കൂടുതൽ വിപണി സാദ്ധ്യത കണ്ടെത്താനാകു മെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. കമ്പനി ഏറ്റെടുത്തശേഷം താഴെപ്പറയുന്ന നടപടികൾ സർക്കാർ ഇതുവരെ സ്വീകരിച്ചിട്ടുണ്ട്.

കമ്പനിയുടെ ഡയറക്ടർ ബോർഡ് പുനഃസംഘടിപ്പിച്ചു, കമ്പനിയുടെ കുടിശ്ശികയായിട്ടുള്ള ഓഡിറ്റിംഗ് പൂർത്തിയാക്കാനുള്ള നടപടി സ്വീകരിച്ചു, 2019-20 വരെയുള്ള ഓഡിറ്റുകൾ ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. 2020-21 ഓഡിറ്റിംഗ് പ്രക്രിയ ആരംഭിച്ചിരിക്കുന്നു. കൂടാതെ കമ്പനിയുടെ പുനരുദ്ധാരണ പാക്കേജ് തയ്യാറാക്കി അതിന്റെ എല്ലാവശങ്ങളും പഠനത്തിന് വിധേയമാക്കി. കമ്പനിയെ കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിന്റെ ഒരു സബ്സിഡിയറി യൂണിറ്റായി നിലനിർത്തി മുന്നോട്ടുകൊണ്ടുപോകണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതിന്റെ പരിവർത്തനഘട്ടത്തിലൂടെ സ്ഥാപനത്തെ മെച്ചപ്പെട്ട രൂപത്തിലാക്കി മാറ്റിയതിനുശേഷം കെൽ-ന്റെ തന്നെ യൂണിറ്റാക്കണോ അതോ പ്രത്യേക യൂണിറ്റാക്കണോ എന്ന കാര്യം പരിഗണിക്കാവുന്നതാണ്. കെൽ-ൽ നേരത്തെ വിരമിക്കൽ പ്രായം 58 വയസ്സായിരുന്നു. ഇപ്പോൾ ഭെൽ-ൽ 60 വയസ്സാണ്. അങ്ങനെയുള്ള ചില പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. അതുകൊണ്ട് ട്രേഡ് യൂണിയനുകളുമായി മന്ത്രി എന്നനിലയിൽ ഞാൻ ആദ്യഘട്ടത്തിൽ ഒരു ചർച്ച നടത്തിയിരുന്നു. എല്ലാ ട്രേഡ് യൂണിയനുകളുടെയും എക്സ്റ്റേണൽ ലീഡർമാർ പങ്കെടുത്തിരുന്നു. അതിനുശേഷം കമ്പനിയുടെ ചെയർമാൻ എന്ന നിലയിൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നേരിട്ടുപോയി ചർച്ച നടത്തിയിരുന്നു. കമ്പനിയുടെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകണമെന്നുള്ളത് സംബന്ധിച്ച് ട്രേഡ് യൂണിയനുകളുമായി എം.ഒ.യു. ഒപ്പുവയ്ക്കണമെന്നാണ് സർക്കാർ കരുതുന്നത്. പുതിയ സ്ഥാപനത്തിലേയ്ക്ക് ജീവനക്കാരെ റിക്രൂട്ട് ചെയ്യണം. നേരത്തെ ഈ സ്ഥാപനം കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലായിരുന്നപ്പോൾ പുതിയ റിക്രൂട്ട്മെന്റാണ് നടത്തിയത്. സംസ്ഥാന സർക്കാരും പ്രസ്തുത വ്യവസ്ഥകളോടെ

റിക്രൂട്ട് ചെയ്യേണ്ടതായിട്ടുണ്ട്. തൊഴിലാളികളുടെ ഇതുവരെയുള്ള സർവ്വീസ് പൂർണ്ണമായി പരിഗണിച്ചുകൊണ്ടുള്ള പാക്കേജ് തയ്യാറാക്കുന്നുണ്ട്. ശമ്പളക്കുടിശ്ശിക യഥാർത്ഥത്തിൽ കേന്ദ്രസ്ഥാപനമായ ഭെൽ നൽകേണ്ടതായിരുന്നുവെങ്കിലും ആ ന്യായം പറഞ്ഞ് തൊഴിലാളികളെ കയ്യൊഴിയാൻ സംസ്ഥാന സർക്കാർ ഉദ്ദേശിക്കു ന്നില്ല. സാദ്ധ്യമായവിധത്തിൽ അവർക്ക് സഹായം നൽകുന്നത് സംബന്ധിച്ച് ട്രേഡ് യൂണിയൻ പ്രതിനിധികളുംകൂടിയുൾപ്പെടുന്ന കമ്മിറ്റി പഠനം നടത്തി ക്കൊണ്ടിരിക്കുകയാണ്. അവരുടെ പ്രൊപ്പോസൽ പരിഗണിച്ച് നടപടികൾ സ്വീകരി ക്കുന്നതാണ്. കമ്പനിയുടെ തുടർപ്രവർത്തനത്തിനാവശ്യമായ ഫണ്ട് കണ്ടെത്തു ന്നതിന്റെ ഭാഗമായി ഉപധനാഭ്യർത്ഥനയിലൂടെ ബഡ്ജറ്റിൽ ന്യൂ സർവ്വീസസ് എന്ന ഹെഡ്ഡിനുകീഴിൽ ടോക്കൺ പ്രൊവിഷൻ അനുവദിക്കുകയും കൂടുതൽ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സർക്കാർതലത്തിൽ സ്വീകരിച്ചുവരികയുമാണ്. ബഹുമാനപ്പെട്ട അംഗം ഒരു കാര്യം പറയാൻ വിട്ടുപോയിട്ടുണ്ടെന്ന് തോന്നുന്നു. ബഹുമാനപ്പെട്ട എം.എൽ.എ.-യും അതുപോലെ ട്രേഡ് യൂണിയനുകളും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇത്തവണ പ്രത്യേക അനുമതി നൽകിക്കൊണ്ട് ഓണത്തിന് തൊഴിലാളികൾക്ക് സഹായം നൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ കീഴിൽ എത്രയുംപെട്ടെന്നുതന്നെ കമ്പനി തുറന്നു പ്രവർത്തിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## (7) മലമ്പുഴ ഉദ്യാനം നവീകരിക്കൽ

ശ്രീ. എ. പ്രഭാകരൻ: സർ, ദക്ഷിണേന്ത്യയിലെ ഏറ്റവും പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ മലമ്പുഴയിൽ ലക്ഷക്കണക്കിന് വിനോദസഞ്ചാരികൾ സന്ദർശനത്തി നെത്താറുണ്ട്. മലമ്പുഴ ഡാമിനോടനുബന്ധിച്ച് 128 ഏക്കർ വിസ്തൃതിയുള്ള ഉദ്യാന മാണുള്ളത്. ഇന്ത്യയിൽ ഒരു ഡാമിനോടനുബന്ധിച്ചും ഇത്രയും വിസ്തൃതിയുള്ള ഉദ്യാനമില്ല. സുപ്രസിദ്ധമായ മൈസൂരുവിലെ വൃന്ദാവനത്തിനും ഇതിന്റെ നാലിലൊന്നു പോലും വിസ്തൃതിയില്ല. ഈ ഉദ്യാനം മാത്രമല്ല, കുട്ടികൾക്കായുള്ള പ്രത്യേക പാർക്ക്, തൂക്കുപാലം, റോപ് വേ, റോക്ക് ഗാർഡൻ, സ്വിമ്മിംഗ് പൂൾ, സ്നേക്ക് പാർക്ക്, ഫിഷ് അക്വേറിയം, കാനായി കുഞ്ഞിരാമന്റെ യക്ഷി പ്രതിമ ഇതെല്ലാം ജനങ്ങളെ ആകർഷിക്കുന്ന സ്പോട്ടുകളാണ്. നിരവധി മലയാളം, ഹിന്ദി, തമിഴ് സിനിമകൾ ഇവിടെ ചിത്രീകരിച്ചിട്ടുണ്ട്. എന്റെ കുട്ടിക്കാലത്ത് ധർമ്മേന്ദ്ര, ഹേമമാലിനി, ശശികപൂർ, ആശാ പരേഖ് തുടങ്ങിയവർ അഭിനയിച്ച 'ഹം കിസിസേ കം നഹിം', 'ആയാ സാവൻ ജൂം കെ' തുടങ്ങിയ ഹിന്ദി സിനിമകൾ, സുപ്രസിദ്ധനായ നടികർ തിലകം ശിവാജി ഗണേശനും സരോജാദേവിയും അഭിനയിച്ച 'ആലേയമണി'

ഇവയെല്ലാം അവിടെയാണ് ഷൂട്ട് ചെയ്തത്. ' പണമോ പാശമോ' എന്ന സിനിമയും ചിത്രീകരിച്ചത് അവിടെയാണ്. അതുപോലെ 'പടയോട്ടം' മുതൽ നിരവധി മലയാള സിനിമകൾ ഷൂട്ട് ചെയ്ത സ്ഥലമാണ് മലമ്പുഴ. ഇപ്പോൾ അതെല്ലാം മങ്ങുന്ന ഒരവസ്ഥയിലേയ്ക്കാണ് പോയിക്കൊണ്ടിരിക്കുന്നത്. കോവിഡ്-19 മഹാമാരി വരുന്ന തിനുമുൻപ് 2019-ൽ മാത്രം 18 ലക്ഷം സഞ്ചാരികളാണ് ഉദ്യാനം കാണാനെത്തിയത്. ടിക്കറ്റ് വരുമാനംമാത്രം നാലരക്കോടി രൂപയാണ്. ഇതിനുപുറമെ, ഈ ഡാമിന് ചുറ്റും ബഹുമാനപ്പെട്ട പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി മുൻകയ്യെടുത്ത് 32 കിലോമീറ്റർ ദൂരം റിംഗ് റോഡ് നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടിക്രമം പൂർത്തിയായിട്ടുണ്ട്. അതുകൂടി പൂർത്തിയായാൽ വനഭംഗിയും, വേനൽ ക്കാലത്തുപോലും ഒഴുകുന്ന നദികളും മലയഴകുമെല്ലാം ആസ്വദിക്കാൻ ആയിരക്കണക്കിന് സഞ്ചാരികളെത്തും. ഇപ്പോൾ ഉദ്യാനം ദയനീയാവസ്ഥയിലാണ്. കാലാനുസൃതമായ നവീകരണവും ആധുനിക സൗകര്യങ്ങളും ഏർപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. വികസനത്തിന് പ്രധാനതടസ്സം വകുപ്പുകൾ തമ്മിലുള്ള ഏകോപനമില്ലായ്മയാണ്. മലമ്പുഴ ഉദ്യാനം ജലവിഭവ വകുപ്പിന്റെ കീഴിലാണ്. ടൂറിസം ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനങ്ങൾക്ക് ഇറിഗേഷൻ ഉദ്യോഗസ്ഥരുടെ സഹകരണം ലഭിക്കുന്നില്ലായെന്നതാണ് പ്രധാന പ്രശ്നം. 2018-19-ലെ സംസ്ഥാന ബഡ്ജറ്റിൽ മലമ്പുഴ ഉദ്യാന നവീകരണത്തിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങൾക്ക് 10 കോടി രൂപ അനുവദിച്ചിരുന്നു. നാളിതുവരെ അതിന്റെ എസ്റ്റിമേറ്റുപോലും തയ്യാറാക്കിയിട്ടില്ല. അതുമാത്രമല്ല, വേൾഡ് ക്ലാസ്സ് ടോയ്‌ലെറ്റ് നിർമ്മാണത്തിന് ടൂറിസം വകുപ്പ് 1.36 കോടി രൂപ അനുവദിച്ചുവെങ്കിലും ഇറിഗേഷൻ വകുപ്പ് എൻ.ഒ.സി. നൽകാത്തതുകൊണ്ട് ഒരു നടപടിയും സ്വീകരിച്ചില്ല. ഇറിഗേഷൻ വകുപ്പിന്റെ എൻ.ഒ.സി. ലഭ്യമാക്കി ടൂറിസം വകുപ്പ് മാസ്റ്റർ പ്ലാൻ തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മുൻഗണനാക്രമത്തിൽ പ്രവൃത്തികൾ ടൂറിസം വകുപ്പുതന്നെ നടത്തുന്നതാണ് മലമ്പുഴയുടെ വികസനത്തിന് ഏറ്റവും അഭികാമ്യം. ഇറിഗേഷൻ-ടൂറിസം ഡിപ്പാർട്ടുമെന്റുകളുടെ ഏകോപനത്തിനും പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിനും മന്ത്രിതലത്തിൽ യോഗം ചേരണം. ഇതിനായി സത്വരനടപടികൾ സ്വീകരിക്കണമെന്നും മലമ്പുഴയുടെ നഷ്ടപ്പെട്ട പ്രഭാവം വീണ്ടെടുക്കുന്നതിന് സാദ്ധ്യമായതെല്ലാം ചെയ്യണമെന്നും അഭ്യർത്ഥിക്കുകയാണ്.

12.00 Noon]

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>): സർ, കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ടൊരു വിനോദസഞ്ചാര

കേന്ദ്രമാണ് മലമ്പുഴ എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അദ്ദേഹം പറഞ്ഞതുപോലെ 'ഹം കിസിസെ കം നഹിം' പോലെ നിരവധി സിനിമകൾ മലമ്പുഴയിൽ ചിത്രീകരിച്ചിട്ടുണ്ട്. ആഭ്യന്തര വിനോദസഞ്ചാരികളുടെ ഇഷ്ട കേന്ദ്രമായ മലമ്പുഴ ഡാമും ഉദ്യാനവും കേരളത്തിലെ ടൂറിസത്തിന്റെ ആരംഭ കാല ഘട്ടത്തിൽ സഞ്ചാരികളുടെ ശ്രദ്ധയാകർഷിച്ചതാണെന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. വലിയ വികസനസാദ്ധ്യത നിലനിൽക്കുന്ന ടൂറിസം കേന്ദ്രമായാണ് ടൂറിസം വകുപ്പും മലമ്പുഴയെ നോക്കിക്കാണുന്നത്. 2018-19 സാമ്പത്തിവർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 10 കോടി രൂപ അടങ്കൽ തുകയായും 20 ശതമാനം തുക വകയിരുത്തിയതുമനുസരിച്ച് പദ്ധതി തയ്യാറാക്കണമെന്ന് അന്നത്തെ ബഹുമാനപ്പെട്ട എം.എൽ.എ. ടൂറിസം വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ടൂറിസം വകുപ്പ് സാദ്ധ്യതാപഠനം നടത്തി പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. മലമ്പുഴയിൽ അനുവദിച്ച ഒരു കോടി മുപ്പത്തിയാറ് ലക്ഷം രൂപയുടെ വേൾഡ് ക്ലാസ്സ് ടോയ്‌ലെറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഇറിഗേഷൻ വകുപ്പുമായി നേരിടുന്ന തടസ്സങ്ങൾ മാറ്റുന്നതിനുള്ള അടിയന്തരനടപടി ടൂറിസം ഡിപ്പാർട്ടുമെന്റ് സ്വീകരിക്കുന്നതാണ്. സംസ്ഥാനത്തെ പ്രധാന ടൂറിസ്റ്റ് കേന്ദ്രമെന്ന നിലയിൽ മലമ്പുഴയിലെ വികസനത്തിന് സർക്കാർ മുൻഗണന നൽകുന്നുണ്ട്. മലമ്പുഴ ഡാം ഉൾപ്പെടെയുള്ള ഡാമുകളിലെ ടൂറിസം വികസനം സംബന്ധിച്ച് പ്രാഥമിക കൂടിയാലോചനകൾ നടന്നിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുമായി വിശദയോഗം വിളിച്ചുചേർക്കാൻ ആലോചിച്ചിട്ടുണ്ട്. ഇതിനോടകം മലമ്പുഴയുടെ നവീകരണം സംബന്ധിച്ച് ജലവിഭവ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയ കാര്യംകൂടി ഇവിടെ അറിയിക്കുകയാണ്. കേരളത്തിലെ ഡാമുകളുമായി ബന്ധപ്പെട്ട് ഇറിഗേഷൻ-ടൂറിസം സാദ്ധ്യതകളെ സംബന്ധിച്ച് വിളിച്ചുചേർക്കുന്ന യോഗത്തിൽ മലമ്പുഴ ഒരു പ്രധാന അജണ്ടയുമായിരിക്കുമെന്നാണ് അറിയിക്കാനുള്ളത്.

## (8) പൈതൃക ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തൽ

ശ്രീ. കെ. വി. സുമേഷ്: സർ, ആയിരത്തിലേറെ വർഷം പഴക്കമുള്ള കക്കുളങ്ങര പള്ളി സ്ഥിതിചെയ്യുന്നത് പുരാതന വാണിജ്യ നഗരമായ വള പട്ടണത്താണ്. മുഹമ്മദ് ഖാസി എന്നയാളാണ് ഈ പള്ളി സ്ഥാപിച്ചത്. ഒരുപാട് വിശ്വാസികൾ വരുന്ന പ്രധാനപ്പെട്ട ആരാധനാ കേന്ദ്രമാണിത്. കേരളത്തിലെ ഏറ്റവും പഴക്കമുള്ള മുസ്ലിംപള്ളികളിൽ ഒന്നാണിത്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ഒരു കോടി രൂപ തലശ്ശേരി പൈതൃക പദ്ധതിയുടെ ഭാഗമായി

ടൂറിസം ഡിപ്പാർട്ടുമെന്റിന് അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ തുടർനടപടികളുണ്ടായില്ല. മാത്രമല്ല, ചിറയ്ക്കൽ രാജവംശം മതസൗഹാർദ്ദത്തിന്റെ വളരെ പ്രധാനപ്പെട്ടൊരു കേന്ദ്രം കൂടിയാണ്. ചിറയ്ക്കൽ രാജാവാണ് ഖാസിക്ക് അധികാര പട്ടം നൽകിയത്. കക്കുളങ്ങര പള്ളിയുടെ പൈതൃക സംരക്ഷണത്തിനുള്ള പദ്ധതി എത്രയുംപെട്ടെന്ന് പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ടൂറിസം വകുപ്പ് കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന തലശ്ശേരി പൈതൃക പദ്ധതിക്ക് രണ്ട് ഘട്ടങ്ങളിലായി 28 വികസന പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്. ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചതുപോലെ കക്കുളങ്ങര പള്ളി വളരെയേറെ പഴക്കം ചെന്ന മുസ്ലിം പള്ളിയാണ്. വളപട്ടണത്തെ കക്കുളങ്ങര പള്ളിയുടെ നവീകരണത്തിന് ഒരു കോടി രൂപ കിഫ്ബി അനുവദിച്ചിട്ടുണ്ട്. കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷനാണ് നിർമ്മാണച്ചുമതല. പദ്ധതി 4 പ്രാവശ്യം ടെണ്ടർ ചെയ്തുവെങ്കിലും കരാറുകാരെ കണ്ടെത്തുവാൻ കെ.ഐ.ഡി.സി.-ക്ക് കഴിയാത്തതിനെത്തുടർന്ന് ക്വട്ടേഷൻ വ്യവസ്ഥയിൽ കരാറുകാരനെ തെരഞ്ഞെടുക്കാൻ നിർവ്വഹണ ഏജൻസി തീരുമാനിക്കുകയായിരുന്നു. ഇതനുസരിച്ചുള്ള കുറഞ്ഞ ക്വട്ടേഷന് 15-9-2021-ലെ ബോർഡ് യോഗം അംഗീകാരം നൽകിയതായി കെ.ഐ.ഡി.സി. അറിയിച്ചിട്ടുണ്ട്. പദ്ധതിയുടെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികളാരംഭിച്ചിട്ടുണ്ട്.

## (9) തൂക്കുപാലം നിർമ്മാണം

ശ്രീ. കെ. പ്രേംകുമാർ: സർ, ഒറ്റപ്പാലം പാലപ്പുറത്ത് മീറ്റ്നയിൽ നിന്ന് ചേലക്കര നിയോജകമണ്ഡലത്തിലെ കൈത്തറി ഗ്രാമമായ കുത്താമ്പുള്ളിയെ ബന്ധിപ്പിക്കുന്ന മീറ്റ്ന-കുത്താമ്പുള്ളി തൂക്കുപാലം നിർമ്മിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. വള്ളുവനാടിന്റെ സാംസ്കാരിക കേന്ദ്രമായ ഒറ്റപ്പാലം നിരവധി സിനിമകളുടെ ഷൂട്ടിംഗ് ലോക്കേഷനുമാണ്. താലൂക്ക് ആസ്ഥാനം എന്ന നിലയിലും കലാ-സാംസ്കാരിക കേന്ദ്രമെന്ന നിലയിലും പ്രാധാന്യമർഹിക്കുന്ന ഒറ്റപ്പാലത്ത് പാലപ്പുറം നെയ്ത്തുഗ്രാമവും ചേലക്കര നിയോജകമണ്ഡലത്തിലെ കുത്താമ്പുള്ളി ഗ്രാമവും ഇന്ത്യയിലെ ഏറ്റവും പ്രശസ്തിയാർജ്ജിച്ച കൈത്തറി ഗ്രാമങ്ങളാണ്. ഈ രണ്ട് മേഖലയെയും ബന്ധിപ്പിക്കുന്ന തൂക്കുപാലം യാഥാർത്ഥ്യമായാൽ ടൂറിസം രംഗത്ത് വിപുലമായ സാദ്ധ്യതകളാണ്

ലഭ്യമാകുക. മീറ്റ്നയിൽ ഒരു ചെക്ക് ഡാമുണ്ട്. അവിടെ ജലടൂറിസത്തിന്റെ സാദ്ധ്യതകളെ പ്രയോജനപ്പെടുത്തുന്നതിനും സാഹസിക ടൂറിസമുൾപ്പെടെ പ്രോത്സാഹിപ്പിക്കുന്നതിനും സാധിക്കും. നിലവിൽ ടൂറിസം ഡിപ്പാർട്ടുമെന്റ് നടത്തുന്ന നല്ല നിലയിലുള്ള പ്രവർത്തനങ്ങൾക്ക് സഹായകരമാകുന്ന സമീപനമായിരിക്കും ഉണ്ടാകാൻ പോകുന്നത്. ഭാരതപ്പുഴയ്ക്ക് കുറുകെയുള്ള മീറ്റ്ന-കുത്താമ്പുള്ളി തൂക്കുപാലം യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ശ്രീ. കെ. പ്രേംകുമാർ സബ്മിഷനിലൂടെ ആവശ്യപ്പെട്ടത് നിരവധി സന്ദർശകർ എത്താറുള്ള പൗരാണിക നെയ്ത്തുകേന്ദ്രമായ കുത്താമ്പുള്ളിയെയും മീറ്റ്നയെയും ബന്ധിപ്പിക്കുന്നതിന് തൂക്കുപാലം നിർമ്മിക്കണമെന്ന വിഷയമാണ്. പ്രസ്തുത വിഷയം ചേലക്കര അംഗവും പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രിയും കൂടിയായ ശ്രീ. കെ. രാധാകൃഷ്ണനും എന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഒറ്റപ്പാലത്തെയും പരിസരങ്ങളിലെയും ലൊക്കേഷനുകളിലേയ്ക്ക് മറ്റു ദേശങ്ങളിൽനിന്നും എത്തുന്നവർക്ക് തിരുവില്വാമല വഴി കിലോമീറ്ററുകൾ ചുറ്റിമാത്രമേ ഇപ്പോൾ എത്താൻ സാധിക്കുകയുള്ളൂ. മീറ്റ്നയെയും കുത്താമ്പുള്ളിയെയും ബന്ധിപ്പിക്കുന്ന മനോഹരമായ ഒരു തൂക്കുപാലം നിർമ്മിക്കുകയാണെങ്കിൽ ഷൂട്ടിംഗ് സൈറ്റിൽനിന്നും വരുന്നവർക്ക് നെയ്ത്ത് ഗ്രാമം സന്ദർശിക്കുന്നതിനും ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനും സാധിക്കുമെന്ന കാര്യം വസ്തുതയാണ്. കാലക്രമേണ ഇത് ടൂറിസ്റ്റ് ഡെസ്റ്റിനേഷനായി മാറ്റുവാനും സാധിക്കും. ശ്രീ. കെ. പ്രേംകുമാർ നിർദ്ദേശിച്ച പദ്ധതിയെ സംബന്ധിച്ച് പരിശോധിച്ചപ്പോൾ പാലപ്പുറം റെയിൽവേ സ്റ്റേഷനുസമീപം റെയിൽവേ ക്രോസ്സ് ആവശ്യമായി വരുമെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. പാലപ്പുറം സൈഡിലും കുത്താമ്പുള്ളി സൈഡിലും അപ്രോച്ച് റോഡിനുള്ള സ്ഥലവും വേണം. അപ്രോച്ച് റോഡിനുള്ള സ്ഥലവും റെയിൽവേ ക്രോസ്സിനാവശ്യമായ പാലത്തിനുള്ള അനുമതിയും ലഭിക്കുകയാണെങ്കിൽ നടപ്പാലം നിർമ്മിക്കുവാൻ സാധിക്കും. പൊതുമരാമത്ത് വകുപ്പ് തൂക്കുപാലത്തിന്റെ സാങ്കേതികവിദ്യ ഉപയോഗിച്ച് പാലങ്ങൾ നിർമ്മിക്കാറില്ല. ഇത്തരം സന്ദർഭങ്ങളിൽ നിർമ്മാണ സാഹചര്യങ്ങൾ അനുകൂലമാണെങ്കിൽ സ്ഥലലഭ്യത ഉറപ്പുവരുത്തി കോൺക്രീറ്റ് ഫൂട് ബ്രിഡ്ജ് (നടപ്പാലം) ആണ് പൊതുമരാമത്ത് വകുപ്പ് വിഭാവനം ചെയ്തുവരുന്നത്. ടൂറിസത്തിന് ഗുണകരമാകുമെങ്കിൽ തൂക്കുപാലത്തിന്റെ സാദ്ധ്യതകൂടി പരിശോധിക്കുവാൻ പ്രത്യേകം നിർദ്ദേശം നൽകുന്നതാണ്.

(10) മടിക്കൈ പ്രോജക്ട്

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട മടിക്കൈ പഞ്ചായത്ത് കാർഷികപ്രാധാന്യമുള്ള ഒരു പ്രദേശമാണ്. ഈ പഞ്ചായത്തിൽ പ്രത്യേക മൃഗസംരക്ഷണ മേഖല സ്ഥാപിക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്തുതന്നെ ആവശ്യമായ ആലോചനകൾ നടത്തുകയും അത്തരമൊരു നിർദ്ദേശം മുന്നോട്ട് വയ്ക്കുകയും ചെയ്തിരുന്നതാണ്. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലാണ് ഈ പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി തീരുമാനിച്ചിരിക്കുന്നത്. 15-2-2021-ന് അന്നത്തെ വകുപ്പുമന്ത്രി അതിന് ഭരണാനുമതി നൽകുന്നതിന് നിർദ്ദേശിക്കുകയും ആവശ്യമായ 20 ഏക്കറോളം റവന്യൂ ഭൂമി പഞ്ചായത്ത് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. മൃഗസംരക്ഷണത്തിന് ഏറ്റവും അനുയോജ്യമായതും കർഷകപ്രധാന്യമുള്ളതുമായ പ്രദേശവുമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ അടിയന്തരമായും ഈ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ട നടപടികളുമായി മുന്നോട്ടുപോകണമെന്ന ആവശ്യമാണ് ഞാൻ മുന്നോട്ടുവയ്ക്കുന്നത്.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, കാസർഗോഡ് ജില്ലയിലെ മടിക്കൈ പഞ്ചായത്ത് ആസ്ഥാനമാക്കി സമഗ്ര കാർഷിക വികസനത്തിനായി കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസ് സർവ്വകലാശാലയുടെ കീഴിൽ വെറ്ററിനറി സർവ്വകലാശാലയും മൃഗസംരക്ഷണ വകുപ്പും ചേർന്ന് പ്രത്യേക മൃഗസംരക്ഷണ മേഖല സ്ഥാപിക്കുന്നതിനായി ആവിഷ്ക്കരിച്ചതാണ് മടിക്കൈ പദ്ധതി. ഈ പദ്ധതിക്കായി ഹോസ്ദുർഗ് താലൂക്കിൽ മടിക്കൈ പഞ്ചായത്തിൽ അമ്പലത്തറ വില്ലേജിൽ 20 ഏക്കർ റവന്യൂഭൂമി കണ്ടെത്തിയിട്ടുണ്ടെന്ന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ നേരത്തെതന്നെ റിപ്പോർട്ട് ചെയ്തിട്ടുണ്ടായിരുന്നു. പദ്ധതിക്കായി 2019-20 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ വർക്ക് അപ്പന്റിക്സ് വോള്യം II പി.ഡബ്ല്യൂ.ഡി. ഐറ്റം നമ്പർ-1527 പ്രകാരം 10 കോടി രൂപ വകയിരുത്തിയിട്ടുണ്ടായിരുന്നു. എന്നാൽ, ഈ പദ്ധതി നടപ്പിലാക്കുന്നതിനായി ഇംപ്ലിമെന്റിംഗ് ഓഫീസർ സമർപ്പിച്ചത് 36 കോടി രൂപയുടെ പദ്ധതിയാണ്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് മന്ത്രിതലത്തിലും സെക്രട്ടറിതലത്തിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി പല പ്രാവശ്യം നടന്ന ചർച്ചകൾക്കൊടുവിൽ മടിക്കൈ പദ്ധതിയുമായി ബന്ധപ്പെട്ട്

ആദ്യഘട്ടമെന്ന നിലയിൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ 322 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിക്കുകയുണ്ടായി. മടിക്കൈ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 19-1-2021-ന് ബഹുമാന്യനായ മുൻ മൃഗസംരക്ഷണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസലിലെ ആട്ടുവളർത്തൽ, കിടാരി വളർത്തൽ, തീറ്റപ്പുൽ കൃഷി തുടങ്ങിയവ പ്രാരംഭഘട്ടമെന്ന നിലയിൽ നടപ്പിലാക്കാനും അതിനായി ഭരണാനുമതി നൽകാനും തീരുമാനമെടുത്തിരുന്നെങ്കിലും 2019-20 സാമ്പത്തിക വർഷത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ മടിക്കൈ പദ്ധതിക്കായി വകയിരുത്തിയിരുന്ന 10 കോടി രൂപ ക്യാരിഓവർ ചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ ഫണ്ട് സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നതിനാൽ മടിക്കൈ പദ്ധതിക്ക് ഭരണാനുമതി നൽകാൻ കഴിഞ്ഞിരുന്നില്ല. 1000 പേർക്ക് തൊഴിൽ നൽകാൻ കഴിയുന്ന സംരംഭമെന്ന നിലയിൽ മടിക്കൈ പദ്ധതിക്ക് പ്രാധാന്യം നൽകി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 24-9-2021-ൽ മൃഗസംരക്ഷണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹുമാന്യനായ എം.എൽ.എ. ശ്രീ. ഇ. ചന്ദ്രശേഖരന്റെ സാന്നിദ്ധ്യത്തിലും ചേർന്ന യോഗത്തിൽ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതും നിലവിൽ റവന്യൂ വകുപ്പിന്റെ കൈവശമുള്ളതുമായ 20 ഏക്കർ ഭൂമിയുടെ കാര്യത്തിൽ വ്യക്തത വരുത്താൻ കാസർഗോഡ് ഡിസ്ട്രിക് ആനിമൽ ഹസ്ബൻഡറി ഓഫീസർക്ക് നിർദ്ദേശം നൽകുകയും പദ്ധതിയുടെ നടത്തിപ്പിന് മേൽനോട്ടം വഹിക്കാൻ ഡെപ്യൂട്ടി ഡയറക്ടർ കാസർഗോഡിനെ ചുമതലപ്പെടുത്തുകയും പദ്ധതിയുടെ ആദ്യഘട്ടമായി ഹോസ്ദുർഗ്ഗ് താലൂക്കിലെ മൂന്ന് ബ്ലോക്കുകളിലായി ആട്ടുവളർത്തൽ, കിടാരിവളർത്തൽ, തീറ്റപ്പുൽകൃഷി എന്നിവയുൾപ്പെടുത്തി ഒരു ലൈവ്‌ലിഹുഡ് പ്രോജക്ട് നടപ്പിലാക്കേണ്ടതാണെന്ന് തീരുമാനിക്കുകയും അതിലേയ്ക്കാവശ്യമായ റിവൈസ്ഡ് പ്രൊപ്പോസൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ സമർപ്പിക്കേണ്ടതാണെന്നും ഇതിനാവശ്യമായ ഫണ്ട് ഏത് രീതിയിൽ കണ്ടെത്താനാകുമെന്ന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ വ്യക്തമാക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. അതിൻപ്രകാരം പുതുക്കിയ പ്രൊപ്പോസൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ലഭ്യമാക്കുന്ന മുറയ്ക്ക് ഈ പദ്ധതിക്ക് അടിയന്തര പ്രാധാന്യം നൽകി നടപ്പിലാക്കാൻ കഴിയുമോയെന്നകാര്യം പരിശോധിക്കാവുന്നതാണ്.

# V മേശപ്പുറത്തുവച്ച കടലാസ്സുകൾ

## i. ചട്ടം 166 (1) പ്രകാരമുള്ള കടലാസ്സുകൾ

I. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 89/2021 | ജി.ഒ. (പി) നമ്പർ 5/2021/ഹോം | 27-1-2021 | അതെ |
| 2 | 301/2021 | ജി.ഒ.(എം.എസ്.) നമ്പർ 78/2021/ ഹോം | 18-3-2021 | അതെ |
| 3 | 302/2021 | ജി.ഒ.(എം.എസ്.) നമ്പർ 79/2021/ ഹോം | 18-3-2021 | അതെ |
| 4 | 372/2021 | സ.ഉ.(കൈ) നമ്പർ 85/2021/ ആഭ്യന്തരം | 19-4-2021 | അതെ |
| 5 | 487/2021 | ഹോം-എസ്.എസ്.എ 2/66/2020-ഹോം | 1-7-2021 | അല്ല |
| 6 | 511/2021 | ജി.ഒ. (പി) നമ്പർ 6/2021/ ഉഭപവ | 24-6-2021 | അല്ല |
| 7 | 512/2021 | ജി.ഒ. (പി) നമ്പർ 7/2021/ ഉഭപവ | 28-6-2021 | അല്ല |
| 8 | 536/2021 | ജി.ഒ. (പി) നമ്പർ 55/2021/ ഹോം | 16-7-2021 | അല്ല |
| 9 | 537/2021 | ജി.ഒ.(ആർ.റ്റി) നമ്പർ 1840/2021/ ഹോം | 30-6-2021 | അല്ല |
| 10 | 539/2021 | ജി.ഒ.(ആർ.റ്റി) നമ്പർ 1816/2021/ ഹോം | 30-6-2021 | അല്ല |
| 11 | 541/2021 | ജി.ഒ.(ആർ.റ്റി) നമ്പർ 2049/ 2021/ഹോം | 19-7-2021 | അല്ല |
| 12 | 549/2021 | ജി.ഒ. (പി) നമ്പർ 56/2021/ഹോം | 21-7-2021 | അല്ല |
| 13 | 557/2021 | ജി.ഒ. (പി) നമ്പർ 57/2021/ഹോം | 23-7-2021 | അല്ല |
| 14 | 558/2021 | ജി.ഒ.(ആർ.റ്റി.) നമ്പർ 2093/2021/ ഹോം | 26-7-2021 | അല്ല |
| 15 | 575/2021 | ജി.ഒ. (പി) നമ്പർ 58/2021/ഹോം | 30-7-2021 | അല്ല |
| 16 | 602/2021 | ജി.ഒ.(പി)1/2021 സി.എസ്.ഐ.എൻ.ഡി. | 9-8-2021 | അല്ല |
| 17 | 617/2021 | ജി.ഒ. (പി) നമ്പർ 60/2021/ഹോം | 17-8-2021 | അല്ല |
| 18 | 649/2021 | ജി.ഒ.(ആർറ്റി) നമ്പർ 2330/2021/ഹോം | 27-8-2021 | അല്ല |

വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു:

12-8-2021-ന് മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 444/2021 | ജി.ഒ.(പി) നമ്പർ 17/2021/ജി.എ.ഡി. | 14-6-2021 |
| 2 | 453/2021 | ജി.ഒ.(ആർ.റ്റി.) നമ്പർ 1414/2021/ഹോം | 18-5-2021 |
| 3 | 459/2021 | ജി.ഒ.(എം.എസ്) നമ്പർ 117/2021/ഹോം | 24-6-2021 |
| 4 | 460/2021 | ജി.ഒ.(എം.എസ്.) നമ്പർ 118/2021/ഹോം | 24-6-2021 |
| 5 | 461/2021 | ജി.ഒ.(എം.എസ്.) നമ്പർ 119/2021/ഹോം | 24-6-2021 |
| 6 | 462/2021 | ജി.ഒ.(എം.എസ്.) നമ്പർ 120/2021/ഹോം | 24-6-2021 |
| 7 | 463/2021 | ജി.ഒ.(എം.എസ്.) നമ്പർ 121/2021/ഹോം | 24-6-2021 |
| 8 | 499/2021 | ജി.ഒ.(പി) നമ്പർ. 46/2021/ഹോം | 2-7-2021 |
| 9 | 500/2021 | ജി.ഒ.(പി) നമ്പർ 47/2021/ഹോം | 2-7-2021 |
| 10 | 501/2021 | ജി.ഒ.(പി) നമ്പർ 48/2021/ഹോം | 2-7-2021 |
| 11 | 502/2021 | ജി.ഒ.(പി) നമ്പർ 49/2021/ഹോം | 2-7-2021 |
| 12 | 521/2021 | ജി.ഒ.(എം.എസ്.) നമ്പർ 133/2021/ജി.എ.ഡി. | 14-7-2021 |
| 13 | 550/2021 | ജി.ഒ.(എം.എസ്.) നമ്പർ 129/2021/ഹോം | 9-7-2021 |

ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സംസ്ഥാന ജൈവ വൈവിദ്ധ്യ ബോർഡ് | 2019-20 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് | 2020-21 | വാർഷിക കണക്കുകൾ | അല്ല |

II. തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | എസ്. ആർ. ഒ.നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 15/2021 | ജി.ഒ.(പി) നമ്പർ 1/2021/എൽ.എസ്.ജിഡി. | 2-1-2021 | അതെ |
| 2 | 16/2021 | ജി.ഒ.(പി) നമ്പർ 2/2021/എൽ.എസ്.ജി.ഡി. | 2-1-2021 | അതെ |
| 3 | 17/2021 | ജി.ഒ.(പി) നമ്പർ 3/2021/എൽ.എസ്.ജി.ഡി. | 2-1-2021 | അതെ |
| 4 | 19/2021 | ജി.ഒ.(പി) നമ്പർ 4/2021/എൽ.എസ്.ജി.ഡി. | 2-1-2021 | അതെ |
| 5 | 20/2021 | ജി.ഒ.(പി) നമ്പർ 5/2021/എൽ.എസ്.ജി.ഡി. | 2-1-2021 | അതെ |
| 6 | 24/2021 | ജി.ഒ.(പി) നമ്പർ 6/2021/എൽ.എസ്.ജി.ഡി. | 2-1-2021 | അതെ |
| 7 | 25/2021 | ജി.ഒ.(പി) നമ്പർ 7/2021/എൽ.എസ്.ജി.ഡി. | 2-1-2021 | അതെ |
| 8 | 26/2021 | ജി.ഒ.(പി) നമ്പർ 8/2021/എൽ.എസ്.ജി.ഡി. | 2-1-2021 | അതെ |

ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) | 2018-19 | വാർഷിക റിപ്പോർട്ട് | അതെ |

III. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 592/2021 | ജി.ഒ (എംഎസ്)നമ്പർ 11/ 2021/ എച്ച്.എസ്.ജി. | 30-7-2021 | അല്ല |
| 2 | 607/2021 | ജി.ഒ. (പി) നമ്പർ 108/2021/ആർഡി | 6-8-2021 | അല്ല |

IV. ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 ബി പ്രകാരമുള്ള കടലാസ്സുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള വാട്ടർ അതോറിറ്റി | 2014-15 | വാർഷിക കണക്കുകൾ | അതെ |

V. വനം-വന്യജീവി വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 515/2021 | ജി.ഒ.(എം.എസ്.) നമ്പർ 11/2021/ എഫ്&ഡബ്ല്യുഎൽഡി | 9-7-2021 | അല്ല |
| 2 | 522/2021 | ജി.ഒ. (പി) നമ്പർ 26/2021/ എഫ്.&ഡബ്ല്യു.എൽ.ഡി | 8-7-2021 | അല്ല |
| 3 | 554/2021 | ജി.ഒ. (പി) നമ്പർ 28/2021/ എഫ്.&ഡബ്ല്യു.എൽ.ഡി | 13-7-2021 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 4 | 586/2021 | ജി.ഒ. (പി) നമ്പർ 27/2021/ എഫ്.&ഡബ്ല്യൂ.എൽ.ഡി. | 12-7-2021 | അല്ല |
| 5 | 680/2021 | ജി.ഒ. (പി) നമ്പർ 29/2021/ എഫ്.&ഡബ്ല്യൂ.എൽ.ഡി. | 19-7-2021 | അല്ല |
| 6 | 681/2021 | ജി.ഒ. (പി) നമ്പർ 31/2021/ എഫ്.&ഡബ്ല്യൂ.എൽ.ഡി. | 27-7-2021 | അല്ല |

വീണ്ടും മേശപ്പുറത്ത് വയ്ക്കുന്നു:

12-8-2021-ന് മേശപ്പുറത്ത് വച്ചത്:

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 465/2021 | ജി.ഒ. (പി.) നമ്പർ 25/2021/എഫ്& ഡബ്ല്യൂഎൽഡി | 21-6-2021 |

VI. പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കൂടൽമാണിക്യം ദേവസ്വം | 2015 | ഭരണ റിപ്പോർട്ട് | അതെ |
| 2 | ഗുരുവായൂർ ദേവസ്വം | 2015 | ഭരണ റിപ്പോർട്ട് | അതെ |

VII. ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാ ണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 547/2021 | ജി.ഒ. (പി) നമ്പർ 49/2021/ ടാക്സസ് | 20-7-2021 | അല്ല |
| 2 | 548/2021 | ജി.ഒ. (പി) നമ്പർ 50/2021/ ടാക്സസ് | 20-7-2021 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 3 | 562/2021 | ജി.ഒ. (പി) നമ്പർ 52/2021/ ടാക്സസ് | 26-7-2021 | അല്ല |
| 4 | 563/2021 | ജി.ഒ. (പി) നമ്പർ53/2021/ ടാക്സസ് | 26-7-2021 | അല്ല |
| 5 | 564/2021 | ജി.ഒ. (പി) നമ്പർ 54/2021/ ടാക്സസ് | 26-7-2021 | അല്ല |
| 6 | 565/2021 | ജി.ഒ. (പി) നമ്പർ 55/2021/ ടാക്സസ് | 26-7-2021 | അല്ല |
| 7 | 566/2021 | ജി.ഒ. (പി) നമ്പർ 56/2021/ ടാക്സസ് | 26-7-2021 | അല്ല |
| 8 | 567/2021 | ജി.ഒ. (പി) നമ്പർ 57/2021/ ടാക്സസ് | 26-7-2021 | അല്ല |
| 9 | 598/2021 | ജി.ഒ. (പി) നമ്പർ 60/2021/ ടാക്സസ് | 11-8-2021 | അല്ല |
| 10 | 654/2021 | ജി.ഒ. (പി) നമ്പർ 122/2021/ ഫിൻ | 1-9-2021 | അല്ല |
| 11 | 662/2021 | ജി.ഒ. (പി) നമ്പർ 64/2021/ ടാക്സസ് | 7-9-2021 | അല്ല |
| 12 | 663/2021 | ജി.ഒ. (പി) നമ്പർ 65/2021/ ടാക്സസ് | 7-9-2021 | അല്ല |
| 13 | 664/2021 | ജി.ഒ. (പി) നമ്പർ 66/2021/ ടാക്സസ് | 7-9-2021 | അല്ല |
| 14 | 665/2021 | ജി.ഒ. (പി) നമ്പർ 67/2021/ ടാക്സസ് | 7-9-2021 | അല്ല |
| 15 | 666/2021 | ജി.ഒ. (പി) നമ്പർ 68/2021/ ടാക്സസ് | 7-9-2021 | അല്ല |
| 16 | 667/2021 | ജി.ഒ. (പി) നമ്പർ 69/2021/ ടാക്സസ് | 7-9-2021 | അല്ല |
| 17 | 668/021 | ജി.ഒ. (പി) നമ്പർ 70/2021/ ടാക്സസ് | 7-9-2021 | അല്ല |
| 18 | 669/2021 | ജി.ഒ. (പി) നമ്പർ 72/2021/ ടാക്സസ് | 7-9-2021 | അല്ല |
| 19 | 670/2021 | ജി.ഒ. (പി) നമ്പർ 73/2021/ ടാക്സസ് | 7-9-2021 | അല്ല |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു.

12-8-2021-ന് മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 534/2021 | ജി.ഒ.(പി) നമ്പർ 48/2021/ടാക്സസ് | 15-7-2021 |
| ൨ | 535/2021 | ജി.ഒ.(പി) നമ്പർ 47/2021/ടാക്സസ് | 15-7-2021 |

VIII. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നം. | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 838/2020 | ജി.ഒ. (പി) നമ്പർ 25/2020/ഐ.ഡി. | 10-10-2020 | അതെ |
| 2 | 504/2021 | ജി.ഒ. (പി) നമ്പർ 14/2021/ഐ.ഡി. | 10-6-2021 | അല്ല |

ചട്ടം 166 ബി പ്രകാരമുള്ള കടലാസ്സുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| (1) | (2) | (3) | (4) | (5) |
| 1 | കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ ലിമിറ്റഡ് | 2014-15 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | ട്രാവൻകൂർ സിമെന്റ്സ് ലിമിറ്റഡ് | 2016-17 | വാർഷിക റിപ്പോർട്ട് | അതെ |
| 3 | ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് | 2016-17 | വാർഷിക റിപ്പോർട്ട് | അതെ |
| 4 | തിരുവനന്തപുരം പെർമനന്റ് ലോക് അദാലത്ത് | 2016-17<br>2017-18 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 5 | കേരള സംസ്ഥാന ലീഗൽ സർവീസസ് അതോറിറ്റി | 2016-17<br>2017-18 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 6 | കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2017-18<br>2018-19 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 7 | കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കിൻഫ്രാ) | 2018-19 | വാർഷിക റിപ്പോർട്ട് | അതെ |
| 8 | കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2018-19 | വാർഷിക റിപ്പോർട്ട് | അതെ |
| 9 | സെയിൽ-എസ്.സി.എൽ കേരള ലിമിറ്റഡ് | 2019-20 | വാർഷിക റിപ്പോർട്ട് | അതെ |
| 10 | കേരള ക്ലേയ്സ് ആൻഡ് സെറാമിക് പ്രോഡക്ട്സ് ലിമിറ്റഡ് | 2019-20 | വാർഷിക റിപ്പോർട്ട് | അതെ |
| 11 | കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ് | 2019-20 | വാർഷിക റിപ്പോർട്ട് | അതെ |

IX. കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 ബി പ്രകാരമുള്ള കടലാസ്സുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ പ്രോഡക്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (ഹോർട്ടികോർപ്പ്) | 2015-16 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 2 | കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 3 | കേരള കാർഷിക സർവ്വകലാശാല | 2020-21 | വാർഷിക റിപ്പോർട്ട് | അല്ല. |

X. ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 622/2020 | ജി.ഒ.(എംഎസ്) നം. 25/2020/എസ്ജെഡി | 24-9-2020 | അതെ |
| 2 | 520/2021 | ജി.ഒ. (പി) നമ്പർ 13/2021/എസ്ജെഡി | 13-7-2021 | അല്ല |
| 3 | 590/2021 | ജി.ഒ. (പി) നമ്പർ 31/2021/ഉവിവ | 08-8-2021 | അല്ല |

ചട്ടം 166 ബി പ്രകാരമുള്ള കടലാസ്സുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സർവ്വകലാശാല | 2018-19 | വാർഷിക വരവ് ചെലവ് കണക്ക് | അതെ |

XI. സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 19/2020 | ജി.ഒ.(പി) നമ്പർ 135/2019/കോ- | 19-12-2019 | അതെ |
| 2 | 34/2021 | ജി.ഒ.(പി) നമ്പർ 3/2021/ടാക്സസ്. | 8-1-2021 | അതെ |
| 3 | 361/2021 | ജി.ഒ.(പി) നമ്പർ 70/2021/കോ- | 15-4-2021 | അതെ |
| 4 | 366/2021 | ജി.ഒ.(പി) നമ്പർ 72/2021/കോ- | 16-4-2021 | അതെ |
| 5 | 368/2021 | ജി.ഒ.(പി) നമ്പർ 67/2021/കോ- | 8-4-2021 | അതെ |
| 6 | 451/2021 | ജി.ഒ.(പി) നമ്പർ 98/2021/കോ- | 15-6-2021 | അല്ല |
| 7 | 507/2021 | ജി.ഒ.(പി) നമ്പർ 105/2021/കോ- | 6-7-2021 | അല്ല |
| 8 | 508/2021 | ജി.ഒ.(പി) നമ്പർ 59/2021/കോ- | 18-3-2021 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 10 | 517/2021 | ജി.ഒ.(പി) നമ്പർ 93/2021/കോ- | 5-6-2021 | അല്ല |
| 11 | 525/2021 | ജി.ഒ.(പി) നമ്പർ 75/2021/കോ- | 26-4-2021 | അല്ല |
| 12 | 526/2021 | ജി.ഒ.(പി) നമ്പർ 102/2021/കോ- | 6-7-2021 | അല്ല |
| 13 | 527/2021 | ജി.ഒ.(പി) നമ്പർ 103/2021/കോ- | 6-7-2021 | അല്ല |
| 14 | 529/2021 | ജി.ഒ.(പി) നമ്പർ 108/2021/കോ- | 12-7-2021 | അല്ല |
| 15 | 530/2021 | ജി.ഒ.(പി) നമ്പർ 109/2021/കോ- | 12-7-2021 | അല്ല |
| 16 | 531/2021 | ജി.ഒ.(പി) നമ്പർ 101/2021/കോ- | 5-7-2021 | അല്ല |
| 17 | 532/2021 | ജി.ഒ.(പി) നമ്പർ 106/2021/കോ- | 6-7-2021 | അല്ല |
| 18 | 533/2021 | ജി.ഒ.(പി) നമ്പർ 111/2021/കോ- | 13-7-2021 | അല്ല |
| 19 | 576/2021 | ജി.ഒ.(പി) നമ്പർ 113/2021/കോ- | 16-7-2021 | അല്ല |
| 20 | 577/2021 | ജി.ഒ.(പി) നമ്പർ 112/2021/കോ- | 16-7-2021 | അല്ല |
| 21 | 578/2021 | ജി.ഒ.(പി) നമ്പർ 114/2021/കോ- | 16-7-2021 | അല്ല |
| 22 | 579/2021 | ജി.ഒ.(പി) നമ്പർ 115/2021/കോ- | 16-7-2021 | അല്ല |
| 23 | 580/2021 | ജി.ഒ.(പി) നമ്പർ 116/2021/കോ- | 27-7-2021 | അല്ല |
| 24 | 581/2021 | ജി.ഒ.(പി) നമ്പർ 117/2021/കോ- | 27-7-2021 | അല്ല |
| 25 | 588/2021 | ജി.ഒ.(പി) നമ്പർ 123/2021/കോ- | 4-8-2021 | അല്ല |
| 26 | 606/2021 | ജി.ഒ.(പി) നമ്പർ 118/2021/കോ- | 1-8-2021 | അല്ല |
| 27 | 611/2021 | ജി.ഒ.(പി) നമ്പർ 62/2021/നി.വ. | 16-8-2021 | അല്ല |
| 28 | 621/2021 | ജി.ഒ.(പി) നമ്പർ 76/2021/കോ- | 28-4-2021 | അല്ല |
| 29 | 623/2021 | ജി.ഒ.(പി) നമ്പർ 77/2021/കോ- | 28-4-2021 | അല്ല |
| 30 | 625/2021 | ജി.ഒ.(പി) നമ്പർ 78/2021/കോ- | 28-4-2021 | അല്ല |

<u>വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു:</u>

<u>12-8-2021-ന് മേശപ്പുറത്തു വച്ചത്:</u>

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| (1) | (2) | (3) | (4) |
| 1 | 618/2019 | ജി.ഒ. (പി) നമ്പർ 94/2019/കോ-ഓപ്. | 2-9-2019 |
| 2 | 380/2020 | ജി.ഒ. (പി) നമ്പർ 48/2020/കോ-ഓപ്. | 28-5-2020 |

| (1) | (2) | (3) | (4) |
|---|---|---|---|
| 3 | 784/2020 | ജി.ഒ. (പി) നമ്പർ 126/2020/കോ-ഓപ്. | 14-10-2020 |
| 4 | 791/2020 | ജി.ഒ. (പി) നമ്പർ 137/2020/കോ-ഓപ്. | 27-10-2020 |
| 5 | 833/2020 | ജി.ഒ. (പി) നമ്പർ 141/2020/കോ-ഓപ്. | 28-10-2020 |
| 6 | 474/2021 | ജി.ഒ. (പി) നമ്പർ 88/2021/കോ-ഓപ്. | 05-6-2021 |
| 7 | 490/2021 | ജി.ഒ. (പി) നമ്പർ 74/2021/കോ-ഓപ്. | 23-4-2021 |
| 8 | 519/2021 | ജി.ഒ. (പി) നമ്പർ 46/2021/ടാക്സസ്. | 14-7-2021 |
| 9 | 528/2021 | ജി.ഒ. (പി) നമ്പർ 107/2021/കോ-ഓപ്. | 12-7-2021 |

XII. മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2016-17 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 2 | പൈതൃക പഠന കേന്ദ്രം | 2018-19 | വാർഷിക ഭരണ റിപ്പോർട്ട് | അതെ |

വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു:

12-8-2021-ന് മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 513/2021 | ജി.ഒ. (പി) നമ്പർ 17/2021/ എഫ്.&പി.ഡി. | 08-7-2021 |

XIII. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 183/2021 | ജി.ഒ. (പി) നമ്പർ 24/2021/എൽ.ബി.ആർ. | 16-2-2021 | അതെ |
| 2 | 543/2021 | ജി.ഒ. (പി) നമ്പർ 59/2021/എൽ.ബി.ആർ. | 15-7-2021 | അല്ല |
| 3 | 593/2021 | സ.ഉ.(അച്ചടി) നമ്പർ 62/2021/തൊഴിൽ | 9-8-2021 | അല്ല |
| 4 | 624/2021 | ജി.ഒ. (പി) നമ്പർ 66/2021/എൽ.ബി.ആർ. | 18-8-2021 | അല്ല |
| 5 | 626/2021 | ജി.ഒ. (പി) നമ്പർ 65/2021/എൽ.ബി.ആർ. | 17-8-2021 | അല്ല |
| 6 | 651/2021 | സ.ഉ.(അച്ചടി) നമ്പർ 68/2021/തൊഴിൽ | 31-8-2021 | അല്ല |
| 7 | 652/2021 | ജി.ഒ. (പി) നമ്പർ 69/2021/എൽ.ബി.ആർ. | 31-8-2021 | അല്ല |
| 8 | 655/2021 | ജി.ഒ. (പി) നമ്പർ 67/2021/എൽ.ബി.ആർ. | 26-8-2021 | അല്ല |

വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു:

12-8-2021-ന് മേശപ്പുറത്തു വച്ചത്:

| ക്രമ നം. | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 251/2021 | ജി.ഒ. (പി) നമ്പർ 29/2021/എൽബിആർ | 24-2-2021 |
| 2 | 445/2021 | സ.ഉ.(അച്ചടി) നമ്പർ 54/2021/തൊഴിൽ | 4-6-2021 |
| 3 | 481/2021 | സ.ഉ.(അച്ചടി) നമ്പർ 58/2021/തൊഴിൽ | 21-6-2021 |

ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ വർഷം | റിപ്പോർട്ടിന്റെ സ്വഭാവം | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| 1 | കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2014-15<br>2015-16 | ആഡിറ്റ് റിപ്പോർട്ട് | അതെ |
| 2 | കേരള കൈ തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതി | 2015-16 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 3 | കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2017-18 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 4 | ഓവർസീസ് ഡെവലപ്മെന്റ് ആൻഡ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡ് (ODEPC) | 2018-19<br>2019-20 | വാർഷിക റിപ്പോർട്ട് | അതെ |
| 5 | കേരള ആട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി പദ്ധതി | 2019-20 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 6 | കേരള ആട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതി | 2019-20 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 7 | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2019-20 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |

XIV. പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് | 2018-19<br>2019-20 | വാർഷിക റിപ്പോർട്ട് | അതെ |

XV. മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ഫീഡ്സ് ലിമിറ്റഡ് | 2017-18 | വാർഷിക റിപ്പോർട്ട് | അതെ |

XVI. ഗതാഗത വകുപ്പുമന്ത്രിക്കുവേണ്ടി കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 587/2021 | ജി.ഒ. (പി) നമ്പർ 22/2021/ ട്രാൻസ് | 30-7-2021 | അല്ല |
| 2 | 591/2021 | ജി.ഒ. (പി) നമ്പർ 23/2021/ ട്രാൻസ് | 06-8-2021 | അല്ല |

XVII. ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രിക്കുവേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നം. | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 8/2021 | ജി.ഒ. (പി) നമ്പർ 1/2021/ എച്ച്.& എഫ്.ഡബ്ല്യു.ഡി. | 1-1-2021 | അതെ |

വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു:

12-8-2021-ന് മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 485/2021 | ജി.ഒ. (പി) നമ്പർ 31/2021/ എച്ച്& എഫ്.ഡബ്ല്യു.ഡി | 28-6-2021 |

XVIII. ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിക്കുവേണ്ടി കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 252/2021 | ജി.ഒ. (പി) നമ്പർ 5/2021/ എഫ്.& സി.എസ്.ഡി. | 18-2-2021 | അതെ |

വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു:

12-8-2021-ന് മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 456/2021 | ജി.ഒ. (പി) നമ്പർ 12/2021/സി.എ.ഡി. | 4-6-2021 |
| 2 | 457/2021 | ജി.ഒ. (പി) നമ്പർ 13/2021/സി.എ.ഡി. | 4-6-2021 |
| 3 | 484/2021 | ജി.ഒ. (പി) നമ്പർ 14/2021/സി.എ.ഡി. | 25-6-2021 |
| 4 | 546/2021 | ജി.ഒ. (പി) നമ്പർ 15/2021/സി.എ.ഡി. | 15-7-2021 |
| 5 | 551/2021 | ജി.ഒ. (പി) നമ്പർ 16/2021/സി.എ.ഡി. | 22-7-2021 |

XIX. കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നം. | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 413/2021 | ജി.ഒ. (പി) നമ്പർ 49/2021/ ആർഡി | 12-5-2021 | അതെ |

XX. നിയമസഭാ സെക്രട്ടറി (ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ): സർ, നിയമസഭ പാസ്സാക്കിയ ബില്ലുകളിൽ ഗവർണറുടെ അംഗീകാരം ലഭിച്ച താഴെപ്പറയുന്ന ആക്ടുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | ആക്ടിന്റെ | | |
|---|---|---|---|
| | വർഷം | നമ്പർ | പേര് |
| 1 | 2021 | 6 | 2021-ലെ കേരള ധനവിനിയോഗ(2-ാം നമ്പർ) ആക്ട് |
| 2 | 2021 | 7 | 2021-ലെ കേരള ധനവിനിയോഗ(3-ാം നമ്പർ) ആക്ട് |
| 3 | 2021 | 8 | ദി കേരള ഫിനാൻസ് ആക്ട്, 2021 |
| 4 | 2021 | 9 | 2021-ലെ കേരള ധനകാര്യ ( 2-ാം നമ്പർ) ആക്ട് |

(2) ചട്ടം 47(2) അനുസരിച്ചുള്ള കടലാസ്സുകൾ

1. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പതിമൂന്നാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 24, പതിനാലാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിലെ 1860, പതിനാറാം സമ്മേളനത്തിലെ 1911, 2012, 3711, 3713, പതിനെട്ടാം സമ്മേളനത്തിലെ 28, 191, 220, പത്തൊമ്പതാം സമ്മേളനത്തിലെ 1796, 1797, 1800, ഇരുപത്തിരണ്ടാം സമ്മേളനത്തിലെ 31, 38, 1904, 1905, 1910, 1922, 1942, 1960, 1964, 1969, 1971, 2047, 2071, 2259 പതിനഞ്ചാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 24, 64, 98, രണ്ടാം സമ്മേളനത്തിലെ 1362, 1376, 1384, 1398, 1435, 1441, 1447, 1449, 1457, 1487, 3036, 3069, 3083, 3084, 3100, 3107, 3118, 3120, 3127, 3137, 3158, 4766, 4769, 4778, 4786, 4801, 4822, 4831, 4832, 4841, 4848, 4850, 4874 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

2. ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, പതിനാലാം കേരള നിയമസഭയുടെ പത്തൊമ്പതാം സമ്മേളനത്തിലെ 1938, ഇരുപത്തിരണ്ടാം സമ്മേളനത്തിലെ 2286, പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 8, 85, 98, 1747, 1759, 1766, 1809, 3436, 3446, 3473, 3490, 5176, 5179 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും ആയത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

3. വൈദ്യുതി വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, പതിനാലാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 674-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും ആയത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

4. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, പതിനാലാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 3076, പത്തൊമ്പതാം സമ്മേളനത്തിലെ 2780 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

5. ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രിക്കുവേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 4977-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും ആയത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## VI റിപ്പോർട്ട് സമർപ്പണം

1. കാര്യോപദേശക സമിതിയുടെ മൂന്നാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സഭാനേതാവും കാര്യോപദേശക സമിതി അംഗവുമായ ഞാൻ സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2. 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യാ സർവ്വകലാശാല ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ ചെയർമാനായ ഞാൻ 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യാ സർവ്വകലാശാല ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

## VII റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ മൂന്നാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാര്യോപദേശക സമിതിയുടെ മൂന്നാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് അംഗീകരിച്ചിരിക്കുന്നു.

## VIII നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2021-ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി (ഭേദഗതി) ബിൽ

(ii) 2021-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബിൽ

(iii) 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2021-ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി (ഭേദഗതി) ബില്ലും 2021-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബില്ലും 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബില്ലും ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസുകൾ പ്രഖ്യാപിച്ചുകൊണ്ട് സത്വരനിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള ചട്ടം 75(i) പ്രകാരമുള്ള സ്റ്റേറ്റുമെന്റുകളും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## IX ക്രമപ്രശ്നം

ബിൽ അവതരിപ്പിക്കുന്നതിലെ നിയമതടസ്സം

ശ്രീ. രമേശ് ചെന്നിത്തല: സർ, 2003-ലെ ഫിസ്കൽ റെസ്പോൺസിബിലിറ്റി ആക്ടിന്റെ 4 (2) വകുപ്പുപ്രകാരം സംസ്ഥാനത്തെ റവന്യൂകമ്മി 2017-18 മുതൽ 2019-20 വരെയുള്ള കാലയളവിൽ പൂർണ്ണമായും ഇല്ലാതാക്കുമെന്നും അങ്ങനെ സംസ്ഥാനത്തെ റവന്യൂ മിച്ചം ആസ്തികളെക്കാൾ കൂടുതലുള്ള ബാദ്ധ്യതകൾ കൊടുത്തുതീർക്കാൻവേണ്ടി ഉപയോഗപ്പെടുത്തുമെന്നുമായിരുന്നു വ്യവസ്ഥചെയ്തത്. എന്നാൽ യഥാർത്ഥത്തിൽ എന്താണ് സംഭവിച്ചത്? 2015-16-ൽ റവന്യൂകമ്മി ജി.ഡി.പി. (Gross Domestic Product)-യുടെ 1.7 ശതമാനമായും 2016-17-ൽ 2.44 ശതമാനമായും 2017-18-ൽ 2.41 ശതമാനമായും 2018-19-ൽ 2.21 ശതമാനമായും 2019-20-ൽ 1.70 ശതമാനമായും 2020-21-ൽ 2.83 ശതമാനമായും വർദ്ധിക്കുകയാണുണ്ടായത്. കൂടാതെ 2017-18 മുതൽ 2019-20 വരെയുള്ള

കാലയളവിൽ ധനസംബന്ധമായ കമ്മി മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ 3 ശതമാനമായി നിലനിർത്തുമെന്നും പ്രസ്തുത ആക്ടിൽ അന്ന് വ്യവസ്ഥ ചെയ്യുകയുണ്ടായി. എന്നാൽ ഇവിടെയും ടാർജറ്റ് അച്ചീവ് ചെയ്യാൻ ഗവൺമെന്റിന് സാധിച്ചിട്ടില്ലെന്നുള്ളത് വ്യക്തമായ കാര്യമാണ്. ധനകമ്മിയുടെ യഥാർത്ഥ സ്ഥിതി പരിശോധിച്ചാൽ, 2017-18-ൽ 3.83 ശതമാനവും 2018-19-ൽ 3.41 ശതമാനവും 2019-20-ൽ 2.79 ശതമാനവുമായിരുന്നുവെന്ന് മനസ്സിലാകും. മാത്രമല്ല, സംസ്ഥാനത്തിന്റെ ആകെ കടബാദ്ധ്യത 2017-18-ൽ 30.40 ശതമാനമായും 2018-19-ൽ 30.01 ശതമാനമായും 2019-20-ൽ 29.67 ശതമാനമായും കുറയ്ക്കുമെന്ന് വ്യവസ്ഥചെയ്തിരുന്നു. എന്നാൽ, വ്യവസ്ഥ ചെയ്തപ്രകാരം പ്രവർത്തിക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ലെന്നുള്ളത് വ്യക്തമാണ്. 2019-20-ലെ കടബാദ്ധ്യത 30.46 ശതമാനത്തിലെത്തി നിൽക്കുകയാണ്. ഇതോടൊപ്പം സംസ്ഥാനത്തിന്റെ പൊതുകടം ക്രമാതീതമായി വർദ്ധിച്ചുവരുന്നതായി നമുക്ക് കാണാൻ കഴിയും. 2016-17-ൽ 1,25,850 കോടി രൂപയിൽ നിന്ന് 2020-21-ൽ 2,54,447 കോടി രൂപയായി വർദ്ധിക്കുകയുണ്ടായി. ഫിസ്കൽ റെസ്പോൺസിബിലിറ്റി ആക്ടിന്റെ ഉദ്ദേശ്യശുദ്ധിതന്നെ ഇല്ലാതായിരിക്കുന്നതായിട്ടാണ് ഇതിൽനിന്നും നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്. പാർലമെന്റ് പാസ്സാക്കിയ പ്രസ്തുത ആക്ട് പ്രകാരം പ്രവർത്തിക്കാൻ ഗവൺമെന്റുകൾക്ക് ബാദ്ധ്യതയുള്ളതാണ്. എന്നാൽ ഫിസ്കൽ റെസ്പോൺസിബിലിറ്റി ആക്ടിനെ Fiscal irresponsibility ബില്ലാക്കി മാറ്റുകയാണ് ചെയ്തിട്ടുള്ളത്. കോവിഡ്കാല പ്രതിസന്ധി മറികടക്കുന്നതിന് കേന്ദ്രസർക്കാർ സംസ്ഥാനത്തിന്റെ വായ്പാപരിധി ജി.ഡി.പി.-യുടെ അഞ്ച് ശതമാനമായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ, ഈ ബിൽ വീണ്ടും ഭേദഗതി ചെയ്യപ്പെടേണ്ട സാഹചര്യം നിലനിൽക്കുകയാണ്. ഇത്തരത്തിൽ സഭയുടെ വിലയേറിയ സമയം നഷ്ടപ്പെടുത്തേണ്ട ആവശ്യമില്ല. കൂടാതെ മൂലനിയമത്തിലെ വ്യവസ്ഥകൾക്ക് വിഭിന്നമായി ഇപ്രകാരം കൂടുതൽ കടമെടുക്കുന്നതിനായി പുതിയ ഭേദഗതി ബിൽ അവതരിപ്പിക്കുന്നത് ക്രമ പ്രകാരവുമല്ല. ഈ സാഹചര്യത്തിൽ ബില്ലിന് അവതരണാനുമതി നിഷേധിക്കണമെന്ന് ബഹുമാനപ്പെട്ട ചെയറിനോട് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഈ ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്നാണ് എന്റെ അഭിപ്രായം. പതിനാലാം ധനകാര്യ കമ്മീഷന്റെ ശിപാർശപ്രകാരം 2017-18 മുതൽ 2019-20 വരെയുള്ള കാലയളവിൽ സംസ്ഥാനത്തിന്റെ റവന്യൂകമ്മി ഇല്ലാതാക്കുമെന്നും മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ മൂന്ന് ശതമാനമായി നിലനിർത്തുമെന്നും കടബാദ്ധ്യത 2019-20-ൽ 29.67 ശതമാനമായി നിലനിർത്തുമെന്നും ധന ഉത്തരവാദിത്ത

നിയമപ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതൊരു വസ്തുതയാണ്. എന്നാൽ കേന്ദ്ര സർക്കാർ നടപ്പിലാക്കിയ നോട്ട് നിരോധനവും ജി.എസ്.ടി. നടപ്പിലാക്കിയതിലുണ്ടായ പാളിച്ചകളും കോവിഡ് പോലെയുള്ള പ്രതിസന്ധികളുമെല്ലാം റവന്യൂ വരുമാനം പ്രതീക്ഷിച്ചതിൽനിന്നും ഗണ്യമായി കുറയാൻ കാരണമായി. 2018-ലും 2019-ലുമുണ്ടായ പ്രളയം റവന്യൂ വരുമാനത്തെ പ്രതികൂലമായി ബാധിച്ചു. 2019-20, 2020-21 എന്നീ സാമ്പത്തികവർഷങ്ങളിൽ കോവിഡിനെത്തുടർന്ന് ഈ പ്രതികൂല സാഹചര്യം കൂടുതൽ വഷളായി. 2019-20-ൽ കേന്ദ്രസർക്കാർ 1471 കോടി രൂപ അധിക വായ്പയെടുക്കാൻ അനുമതി നൽകിയതിനെത്തുടർന്നാണ് ധന സംബന്ധമായ ഉത്തരവാദിത്വ ബില്ലിൽ ഭേദഗതി ആവശ്യമായി വന്നത്. 2020-21 വർഷത്തിൽ 2 ശതമാനം അധിക വായ്പയെടുക്കുന്നതിന് അനുമതി ലഭിച്ചതിനാൽ ബില്ലിൽ വീണ്ടും ഭേദഗതി ചെയ്യേണ്ടതായിവന്നു. എഫ്.ആർ.ബി.എം. (Fiscal Responsibility and Budget Management Act) ആക്റ്റിൽ എങ്ങനെയൊക്കെ എക്സംപ്ഷനാകാമെന്ന് പറയുന്നുണ്ട്. " On grounds of national security, calamity, etc. the set targets of fiscal deficits and revenue could be exceeded" . കോവിഡ് മഹാമാരിയെത്തുടർന്ന് ആഗോള സാമ്പത്തികമാന്ദ്യം ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളെയും സാമ്പത്തിക പ്രതിസന്ധിയിൽ എത്തിച്ചതിനെത്തുടർന്നാണ് കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്കുള്ള വായ്പാപരിധി വർദ്ധിപ്പിച്ച് നൽകിയത്. ഈ പ്രതിസന്ധി കാലഘട്ടത്തിൽ ജനങ്ങളുടെ ജീവനും ആരോഗ്യവും സംരക്ഷിക്കുന്നതിന് സർക്കാർ നടത്തിയ ഇടപെടലിനെത്തുടർന്ന് റവന്യൂ ചെലവ് വലിയ തോതിൽ വർദ്ധിപ്പിക്കേണ്ടതായിവന്നു. ഈ സാഹചര്യം കണക്കിലെടുത്ത് ധനസംബന്ധമായ ഉത്തരവാദിത്വ (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നതിന് അനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

കേന്ദ്ര സർക്കാരിന്റെ ഡെഫിസിറ്റ് നിരക്ക് ഇപ്പോൾ 10.07 ശതമാനമാണ്. സംസ്ഥാനത്തിന്റേത് മൂന്ന് ശതമാനമായിരുന്നത് പ്രത്യേക സാഹചര്യത്തിൽ അഞ്ച് ശതമാനമായി ഉയർന്നതിന്റെ സാഹചര്യമറിയാവുന്നതാണ്. ലോകത്തെല്ലായിടത്തും ഈ സാമ്പത്തിക പ്രശ്നമുണ്ട്. ഇക്കാര്യം നമ്മൾ അംഗീകരിക്കേണ്ടതാണ്. ഈ ബിൽ ഇതിനോടകം അംഗീകരിച്ചുകഴിഞ്ഞതും പലപ്പോഴായി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. നിയമപരമായ പ്രക്രിയയുടെ ഭാഗമായിട്ടാണ് ഈ ബിൽ അവതരിപ്പിക്കേണ്ടി വന്നത്. മറ്റൊരു കാര്യം സൂചിപ്പിക്കാനുള്ളത്, ഇന്ന് 11.0 മണിക്കാണ് ക്രമപ്രശ്നത്തിന്റെ നോട്ടീസ് ലഭിച്ചത്. ക്രമപ്രശ്നത്തിന് ലീഗൽ കൺസൾട്ടേഷനും ഡിപ്പാർട്ടുമെന്റ് കൺസൾട്ടേഷനുമെല്ലാം ആവശ്യമുള്ളതുകൊണ്ട് അതിനുള്ള സമയംകൂടി കണക്കിലെടുത്ത് നോട്ടീസ് നേരത്തെ നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ഈ ബിൽ നേരത്തെ സർക്കുലേറ്റ് ചെയ്തിരുന്നതാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ചൂണ്ടിക്കാണിച്ചതുപോലെ ഇന്ന് രാവിലെ 11.30-ഓടുകൂടിയാണ് ക്രമപ്രശ്നത്തിനുള്ള നോട്ടീസ് ലഭിച്ചത്. ഇതൊരു കീഴ്വഴക്കമായി മാറ്റാനാവില്ല. ക്രമപ്രശ്നത്തിനുള്ള നോട്ടീസ് ബന്ധപ്പെട്ട വകുപ്പുകൾക്കും മറ്റും മതിയായ സമയം ലഭ്യമാകുന്ന തരത്തിൽ നേരത്തെ തന്നെ ലഭ്യമാക്കേണ്ടതാണ്.

## റൂളിംഗ്

മി. സ്പീക്കർ: 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്ടിലെ വകുപ്പ് 4-ലെ വ്യവസ്ഥകൾ പാലിക്കാൻ കഴിയാതിരിക്കുന്ന സാഹചര്യത്തിൽ ഒരു പുതിയ ഭേദഗതി ഇപ്പോൾ പരിഗണിക്കുന്നതിന്റെ സാംഗത്യമാണ് ശ്രീ. രമേശ് ചെന്നിത്തല ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇതുസംബന്ധിച്ച കാര്യങ്ങൾ ഇവിടെ വിശദമാക്കുകയുണ്ടായി.

2019-20 സാമ്പത്തിക വർഷത്തേയ്ക്ക് സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ 3 ശതമാനം ധനകമ്മിക്ക് പുറമെ കേന്ദ്ര സർക്കാർ ഒറ്റത്തവണയായി അനുവദിച്ച വായ്പാത്തുക സ്വീകരിക്കുന്നതിന് സ്വാഭാവിക മായുണ്ടാകുന്ന നിയമതടസ്സം ഒഴിവാക്കുന്നതിനായുള്ള ഒരു നിയമ ഭേദഗതിയാണിത് എന്നാണ് കാണുന്നത്. പൂർണ്ണമായും നിയമസഭയുടെ നിയമ നിർമ്മാണാധി കാരത്തിന്റെ പരിധിയിൽവരുന്ന ഒരു വിഷയമാണെന്ന നിലയിൽ ഈ ബിൽ സഭയിൽ അവതരിപ്പിക്കുന്നതിനോ തുടർനടപടികൾ സ്വീകരിക്കുന്നതിനോ യാതൊരുവിധ നിയമതടസ്സവും ഉള്ളതായി കാണുന്നില്ല. അതിനാൽ ശ്രീ. രമേശ് ചെന്നിത്തല ഉന്നയിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

## നിയമനിർമ്മാണകാര്യം (തുടർച്ച)

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2021-ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി (ഭേദഗതി) ബില്ലും 2021-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബില്ലും 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബില്ലും സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, സംസ്ഥാന നിയമസഭയും ഗവൺമെന്റും സ്വീകരിക്കുന്ന പാർലമെന്ററി വ്യവസ്ഥയോടും ജനങ്ങളോടുമുള്ള വലിയ ഉത്തരവാദിത്വത്തിന്റെ ഭാഗമായിട്ടാണ് നിയമസഭാ സമ്മേളനം ചേരുന്നത്. ഏകദേശം 45-ഓളം ബില്ലുകൾ പാസ്സാക്കാനുള്ള വലിയൊരുത്തരവാദിത്വം ഏറ്റെടുത്തുകൊണ്ടാണ് നമ്മളിത് ചെയ്യുന്നത്. ഈ മന്ത്രിസഭയുടെയും ഗവൺമെന്റിന്റെയും ഭാഗമായിരിക്കുന്നതിലുള്ള അങ്ങേയറ്റത്തെ സന്തോഷം ആദ്യംതന്നെ രേഖപ്പെടുത്തുകയാണ്. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന 2021-ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി (ഭേദഗതി) ബിൽ, 2021-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബിൽ, 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ എന്നിവ ഫലത്തിൽ നിയമമായിട്ടുള്ളതാണ്. ഇതുസംബന്ധിച്ച ഓർഡിനൻസുകൾ നേരത്തെതന്നെ അംഗീകരിച്ചിട്ടുള്ളതാണ്. സാധാരണ ഗതിയിൽ ഓർഡിനൻസുകൾ പാസ്സാക്കേണ്ടിവരുന്നത് അടിയന്തര സാഹചര്യം വരുമ്പോഴാണ്. അതുകൊണ്ട് തൊട്ടടുത്ത നിയമസഭാ സമ്മേളനം ചേരുമ്പോൾ ഓർഡിനൻസുകളെല്ലാം ബില്ലുകളായി സഭയിൽ അവതരിപ്പിച്ച് പാസ്സാക്കുകയാണ് ചെയ്യാറുള്ളത്. പലപ്പോഴും പ്രായോഗികമായ സമയപരിമിതി ഉണ്ടായിട്ടുണ്ട്. കോവിഡ്-19 പ്രശ്നങ്ങൾ കാരണം നിയമസഭതന്നെ കൂടാൻ കഴിയാതിരുന്ന സാഹചര്യമുൾപ്പെടെയുണ്ടായ ഘട്ടത്തിലൂടെയാണ് നമ്മൾ കടന്നുപോയത്. സാങ്കേതികമായി ഒരു ദിവസം മാത്രം നിയമസഭ ചേർന്ന ഒന്നുരണ്ട് ഘട്ടങ്ങൾ പോലുമുണ്ടായി. അങ്ങനെയൊരു സാഹചര്യത്തിൽ ഈ ഓർഡിനൻസ് ഏറ്റവുമടുത്ത അവസരത്തിൽ നിയമമാക്കാൻ വേണ്ടിയുള്ള പരിശ്രമത്തിന്റെ ഭാഗമായാണ് ബില്ലുകൾ ഇന്നിവിടെ അവതരിപ്പിച്ചത്. ഭരണഘടനാപരമായി ചെയ്യുന്നവെന്നുമാത്രമല്ല, ടെക്നിക്കലായി ചെയ്യേണ്ടിവന്ന കാര്യങ്ങളെ നിയമപരമാക്കുക എന്ന ഉദ്ദേശ്യമാണുള്ളത്.

ആദ്യത്തേത്, 2021-ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി (ഭേദഗതി) ബിൽ സംബന്ധിച്ചുള്ളതാണ്. ജി.എസ്.ടി. കൗൺസിൽ 2019 ജൂൺ 21-ാം തീയതി ചേർന്ന 35-ാമത് യോഗത്തിൽ 2017-ലെ കേന്ദ്ര ചരക്കുസേവന നികുതി ആക്ടിലെ ചില വ്യവസ്ഥകൾക്ക് ഭേദഗതി വരുത്തുന്നതിന് ശിപാർശ ചെയ്യുകയുണ്ടായി. ആയത് 2019-ലെ ധനകാര്യ (2-ാം നമ്പർ) ബില്ലിൽ ഉൾപ്പെടുത്തുകയും 2019 ആഗസ്റ്റ് 1-ാം തീയതി ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ അനുമതി ലഭിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ ചില ഭേദഗതികൾ വന്നിട്ടുണ്ട്. സംസ്ഥാനത്തും ബന്ധപ്പെട്ട ചരക്ക് സേവന നികുതി ആക്ടുകളിൽ ഉൾപ്പെടുത്തേണ്ടതായിട്ടുണ്ട്. ചരക്കുകളുടെ വിതരണത്തിൽ മാത്രമായി ഏർപ്പെട്ടിട്ടുള്ളവർക്ക് സ്റ്റേറ്റ്മെന്റ് കൊടുക്കുന്നതിലുള്ള എക്സംപ്ഷൻ 20 ലക്ഷം

രൂപയിൽനിന്ന് 40 ലക്ഷം രൂപയായി ഉയർത്തി. ഈ ആക്ടനുസരിച്ച് രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്നവർ നിർബന്ധമായും ആധാർ തിരിച്ചറിയൽ കാർഡായി നൽകണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തി. ഡിജിറ്റൽ പേമെന്റ് സംവിധാനം സാർവത്രികമാക്കുന്നതിനുവേണ്ടി 31(എ) എന്നൊരു പുതിയ വകുപ്പ് കൂട്ടിചേർക്കാൻ തീരുമാനിച്ചു. വാർഷിക റിട്ടേൺ ഫയൽ ചെയ്യുന്നതിനും കോമ്പോസിഷൻ നികുതി നൽകാൻ ഓപ്റ്റ് ചെയ്യുന്ന നികുതിദായകന് ത്രൈമാസ നികുതി നൽകുന്നതിനും മറ്റ് വിഭാഗത്തിലുള്ള ചില നികുതിദായകർക്ക് റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള പുതിയ സംവിധാനത്തിൽ, ത്രൈമാസത്തിലും നികുതി നൽകുന്നതിനുള്ള ഓപ്ഷൻ നൽകുന്നതിനും വ്യവസ്ഥ ചെയ്യുന്നതിനായി ആക്ടിന്റെ 39-ാം വകുപ്പ് ഭേദഗതി ചെയ്തു. കോവിഡ്, പ്രളയംപോലുള്ള സാഹചര്യങ്ങളിൽ വാർഷിക റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ച് നൽകുന്നതിന് കമ്മീഷണർക്ക് അധികാരം നൽകുന്നതിനുവേണ്ടി ആക്ടിന്റെ 44-ാം വകുപ്പ് ഭേദഗതി ചെയ്തു. മറ്റൊന്ന്, ഇലക്ട്രോണിക് ക്യാഷ് ലെഡ്ജറിലെ ഒരു ഹെഡ്ഡിൽനിന്നും മറ്റൊരു ഹെഡ്ഡിലേയ്ക്ക് തുക കൈമാറ്റം ചെയ്യുന്നതിനുള്ള നിയമപരമായ അനുവാദം നൽകുന്നതിനായി ആക്ടിന്റെ 49-ാം വകുപ്പ് ഭേദഗതി ചെയ്തു. കേന്ദ്രവും സംസ്ഥാനവും തമ്മിലുള്ള ഇലക്ട്രോണിക് ക്യാഷ് ലെഡ്ജറിലെ തുക കേന്ദ്ര സംസ്ഥാനങ്ങൾക്കിടയിൽ കൈമാറ്റം ചെയ്യുന്നതിന് 53-ാം വകുപ്പിനുശേഷം 53(എ) എന്നൊരു വകുപ്പ് കൂട്ടിച്ചേർത്തു. റീഫണ്ട് സംബന്ധിച്ചുള്ള ചില കാര്യങ്ങളും ഇതിന്റെ ഭാഗമായി വന്നു. അതുപോലെ അഖിലേന്ത്യാ തലത്തിൽ അഡ്വാൻസ് റൂളിംഗിനുവേണ്ടി ദേശീയ അപ്പലേറ്റ് അതോറിറ്റി രൂപീകരിക്കാനുള്ള പ്രൊവിഷനും ബില്ലിന്റെ ഭാഗമായി ചേർത്തിട്ടുണ്ട്. ഇത്തരത്തിലുള്ള സാങ്കേതിക വിഷയങ്ങളാണ് ഇതിലുള്ളത്. ആറേഴ് തവണ ഓർഡിനൻസുകൾ പുറപ്പെടുവിക്കേണ്ടിവന്നു. നിയമസഭാ സമ്മേളനം കഴിഞ്ഞപ്പോൾ വീണ്ടും റീപ്രൊമൂൽഗേറ്റ് ചെയ്യേണ്ടിവന്നു. ഏറ്റവും ആദ്യത്തെ അവസരത്തിൽ നിയമമാക്കാനുള്ള ശ്രമമാണ് നടത്തുന്നത്. കേന്ദ്ര ഗവൺമെന്റ് ഔദ്യോഗികമായി വിജ്ഞാപനമിറക്കുന്നതിന്റെ അന്നുതന്നെ സംസ്ഥാനത്തും വിജ്ഞാപനമിറക്കുക എന്ന സാങ്കേതികതയാണുള്ളത്. 45-ാമത്തെ ജി.എസ്.ടി. കൗൺസിലിൽ തീരുമാനിച്ച് ഉത്തരവ് വന്നാലുടൻ ടാക്സും റേറ്റും പ്രൊവിഷനുമെല്ലാം സംസ്ഥാനത്തും എഫക്ടീവാക്കണം. ഇപ്പോൾ പുതിയ അനൗൺസ്മെന്റുകളും വന്നിട്ടുണ്ട്. ടാക്സിംഗ് സമ്പ്രദായമനുസരിച്ച് ചെയ്യേണ്ട സാങ്കേതിക കാര്യമാണത്. അതുകൊണ്ട് ഈ ഓർഡിനൻസ് നിയമമാക്കാനുള്ള ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

രണ്ടാമത്തെ ബിൽ, 2021-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബിൽ ആണ്. കേരളത്തിൽ കോവിഡ് വ്യാപനം രൂക്ഷമായ ഘട്ടത്തിൽ

സർക്കാരിന്റെ നികുതി വരുമാനം വലിയ തോതിൽ കുറഞ്ഞു. ഈ സമയത്ത് ചിലയിനം വിദേശമദ്യങ്ങളുടെ നികുതി വർദ്ധിപ്പിക്കാൻ തീരുമാനമെടുത്തു. ഇതനുസരിച്ച് തയ്യാറാക്കിയ ഓർഡിനൻസ് ബഹുമാനപ്പെട്ട ഗവർണർ അംഗീകരിച്ചു. 2020 മേയ് 16-ന് കേരള ഗസറ്റിൽ അസാധാരണ നമ്പരായി അംഗീകരിച്ചതുമാണ്. ഇതനുസരിച്ച് വിദേശമദ്യത്തിന്റെ നികുതി വർദ്ധിച്ചിട്ടുണ്ട്. പ്രസ്തുത വർദ്ധിപ്പിച്ച ശതമാനം നികുതി ശേഖരിച്ചുകൊണ്ടിരിക്കുകയാണ്. അതും പലതവണ ഓർഡിനൻസായി പ്രസിദ്ധീകരിച്ചതാണ്. സെയിൽസ് ടാക്സ് നിയമമനുസരിച്ച് അതിലേയ്ക്ക് ഉൾപ്പെടുത്താനുള്ളതാണ്. ഈ ബില്ലും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മൂന്നാമത്തേത്, 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ ആണ്. ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവ് ഉന്നയിച്ചതുപോലെ The Fiscal Responsibility and Budget Management Act (FRBM Act) 2003-ന്റെ അമെന്റ്മെന്റാണ്. 2019-20-ൽ കടമെടുക്കാനുള്ള പരിധി 24,915 കോടി രൂപയായിരുന്നു; അതായത് 3 ശതമാനം. ആ വർഷത്തെ സാമ്പത്തികസ്ഥിതി പരിശോധിച്ച് കേന്ദ്ര ഗവൺമെന്റ് ചർച്ച ചെയ്ത് 1471 കോടി രൂപയുടെ അധിക വായ്പയെടുക്കാൻ നമുക്ക് അനുമതി നൽകിയത് അന്നത്തെ പ്രതികൂല സാഹചര്യങ്ങളെ നേരിടാനാണ്. അതിനായി ബില്ലിൽ ഭേദഗതി വരുത്തേണ്ടിവന്നതിനാൽ പുതിയ ഓർഡിനൻസിറക്കി. പ്രസ്തുത ഓർഡിനൻസിറക്കി കുറച്ച് കഴിഞ്ഞപ്പോഴാണ് ആദ്യഘട്ടത്തിലേതിനേക്കാൾ രൂക്ഷമായ കോവിഡ് വ്യാപനമുണ്ടായത്. ആ ഘട്ടത്തിൽ 5 ശതമാനം അധിക വായ്പയെടുക്കാൻ അനുവാദം നൽകുകയുണ്ടായി. ഇത് ഇന്ത്യയിലാകെ കൊടുത്തതാണ്. കേന്ദ്ര നിയമത്തിൽത്തന്നെ അതിന് പ്രൊവിഷനുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: സർ, മൂന്നിൽനിന്ന് വായ്പാ പരിധി അഞ്ച് ശതമാനമാക്കി വർദ്ധിപ്പിച്ചപ്പോൾ അതുസംബന്ധിച്ച് കേന്ദ്ര സർക്കാർ എന്തെങ്കിലും പ്രത്യേക നിബന്ധനകൾ വച്ചിട്ടുണ്ടോ; അത് പ്രത്യേക സെക്ടറുകൾക്ക് മാത്രമേ ഉപയോഗിക്കാവൂ എന്ന് പറഞ്ഞിട്ടുണ്ടോ; രാവിലെ ശ്രീ. മഞ്ഞളാംകുഴി അലി ഒരു ചോദ്യം ഉന്നയിക്കുകയുണ്ടായി. ഇലക്ട്രിസിറ്റി ബോർഡിന്റെ നഷ്ടം നികത്താൻവേണ്ടി ഇതിൽ പ്രത്യേകമായി തുക ഉൾക്കൊള്ളിക്കണമെന്ന് പറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രിക്ക് അത് പെട്ടെന്ന് നോട്ട് ചെയ്യാൻ കഴിയാത്തതു കൊണ്ടായിരിക്കാം മറുപടി പറയാതിരുന്നത്. അങ്ങനെ ഓരോ സെക്ടറിനും പ്രത്യേകമായി ഡിവിസിബിളായി ചെയ്തിട്ടുണ്ടോ എന്നത് വ്യക്തമാക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഞാൻ ചർച്ചയ്ക്ക് മറുപടി പറയുമ്പോൾ വിശദമായി ഓരോ പോയിന്റിനെക്കുറിച്ചും പറയാം. രാവിലെ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി പറഞ്ഞ മറുപടി ശരി തന്നെയാണ്. കഴിഞ്ഞ വർഷം വേറെ ചില വ്യവസ്ഥകളായിരുന്നു. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ്, പബ്ലിക്ക് ഇൻവെസ്റ്റ്മെന്റ് എന്നിങ്ങനെയുള്ള കണ്ടീഷൻസുണ്ടായിരുന്നു. അതനുസരിച്ച് 5 ശതമാനം ലഭിച്ചു. ഈ വർഷത്തേതിൽ ഇലക്ട്രിസിറ്റിയുമായി ബന്ധപ്പെട്ടൊരു പ്രൊവിഷനുണ്ട്. അക്കാര്യത്തിൽ ഇതുവരെയും ചർച്ച ചെയ്ത് തീരുമാനമെടുത്തിട്ടില്ല. ശ്രീ. മഞ്ഞളാംകുഴി അലി പറഞ്ഞ കാര്യങ്ങൾ ശരിയാണ്. പക്ഷേ, അക്കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല എന്ന കാര്യമാണ് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പറഞ്ഞത്. ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചറിന്റെ കാര്യങ്ങളൊക്കെയുണ്ട്. അത് ഇപ്രാവശ്യം പറയുന്നുണ്ട്. പ്രൊവിഷനനുസരിച്ചുള്ളത് നമുക്ക് ലഭിച്ചിട്ടുണ്ട്.

ഡോ. മാത്യു കുഴൽനാടൻ: സർ, ബിൽ അവതരിപ്പിക്കുന്നതിന് മുൻപ് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനു വേണ്ടിയുള്ള കാര്യമാണ് പറയുന്നത്. 2019-20-ലെ നിയമത്തിന്റെ അടിസ്ഥാനത്തിൽ നമ്മൾ ഫണ്ട് വാങ്ങി ഉപയോഗിച്ചു. എന്നാൽ നിയമമായതിനുശേഷമാണല്ലോ അമെന്റ് ചെയ്യേണ്ടത്; അത് അമെന്റ് ചെയ്യാനാണ് ഈ ഭേദഗതി കൊണ്ടുവരുന്നത്. ആക്ച്വലി എന്തൊരു awkward situation ആണെന്ന് ആലോചിച്ചുനോക്കണം. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ കുറ്റം പറയുന്നതല്ല; നമ്മുടെ പാർലമെന്ററി എക്സർസൈസിന്റെ കാര്യം പറയുകയാണ്. 2019-20-ൽ നിയമം പാസ്സാക്കി വാങ്ങേണ്ടിയിരുന്ന തുകയാണ്. അന്ന് അത് നിയമമാക്കിയില്ലെന്നുമാത്രമല്ല, ആ നിയമമാണ് ഇന്നിപ്പോൾ അമെന്റ് ചെയ്യാൻ പോകുന്നത്. രണ്ടുംകൂടി ഒന്നിച്ച് ഒരു നിയമത്തിൽത്തന്നെ ഉൾപ്പെടുത്തുകയും ചെയ്യുന്നു. അങ്ങനെ ചെയ്യാൻ സാധിക്കുമോ; അതായത് ഒരു നിയമത്തിന്റെ ഭാഗമാകുമ്പോൾ അതിന്റെ തൊട്ടുതാഴെ അമെന്റ്മെന്റ് കൊണ്ടുവരുന്നു. അത് ഒന്നിച്ച് സർവൈവ് ചെയ്യുമോ എന്നെനിക്കറിയില്ല. അക്കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ; 2019-20-ലെ പ്രൊവിഷനാണല്ലോ അമെന്റ് ചെയ്യേണ്ടത്? ആ പ്രൊവിഷനും ഇതിനകത്ത് ചേർത്തിരിക്കുകയാണ്. How will they both survive?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, നിയമപരമായ ഇത്തരം കാര്യങ്ങളിൽ ചർച്ച നടത്തേണ്ട കാര്യമില്ല. ഓർഡിനൻസ് എന്നുപറയുന്ന സമ്പ്രദായം എന്തിനാണ്? നിയമസഭാ സമ്മേളനം ചേർന്ന് ബിൽ പാസ്സാക്കാൻ കഴിയാത്ത സമയത്താണ് ഓർഡിനൻസ് ഇറക്കുന്നത്. ഭരണഘടനാ പ്രകാരമുള്ള പ്രൊവിഷൻസ് അനുസരിച്ചാണ് അങ്ങനെ ചെയ്യുന്നത്. എന്നാൽ ഒരു നിയമസഭാ സമ്മേളനം കൂടി, അല്ലെങ്കിൽ പാർലമെന്റ് സമ്മേളനം കൂടി ഇത്ര ദിവസത്തിനകം ആ ബിൽ പാസ്സാക്കിയില്ലെങ്കിൽ വീണ്ടും ഓർഡിനൻസിറക്കണമെന്നാണ്. ആറ് മാസത്തിലൊരിക്കൽ സഭ ചേരണമെന്നുള്ളതുകൊണ്ട് രണ്ട് തവണ നമുക്ക് ഓരോ ദിവസം ചേരേണ്ടിവന്നിട്ടുണ്ട്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, അതിന്റെ അനന്തരഫലങ്ങൾ എന്താണെന്നത് ആലോചിക്കണം. അങ്ങ് പറഞ്ഞത് ശരിയാണ്. ഓർഡിനൻസ് ഇറങ്ങി നിയമസഭ കൂടുന്നതിന്റെ 14 ദിവസത്തിനുള്ളിൽ നിയമമാക്കി മാറ്റണം. നിയമസഭാ സമ്മേളനം കഴിഞ്ഞാൽ പിന്നെയും നമുക്ക് ഓർഡിനൻസ് ഇറക്കാം. അങ്ങനെ തുടർച്ചയായി ഓർഡിനൻസ് ഇറക്കി മുന്നോട്ടുപോയാൽ അത് ഈ സഭയെ ബൈപ്പാസ് ചെയ്യുന്നതിന് തുല്യമല്ലേ; സഭ അറിയേണ്ടൊരു നിയമം സഭയുടെ മുന്നിലെത്താതെ സഭയ്ക്ക് പുറത്തുള്ള അധികാരം വിനിയോഗിച്ചുകൊണ്ട് തുടർച്ചയായി ഓർഡിനൻസുകൾ ഇറക്കുന്ന എന്ന സ്ഥിതി വരില്ലേ? 28 പ്രാവശ്യംവരെ റീ-ഇഷ്യൂ ചെയ്ത ഓർഡിനൻസുകൾ കേരള നിയമസഭയുടെ ചരിത്രത്തിലുണ്ട്. അങ്ങത് പരിശോധിച്ചാൽ മനസ്സിലാകും. തുടർച്ചയായി ഓർഡിനൻസുകൾ ഇറക്കിയാൽ അതിന്റെ അനന്തരഫലം സഭയെ ബൈപ്പാസ് ചെയ്യുക എന്നതുതന്നെയാണ്. അങ്ങ് അക്കാര്യത്തിൽ ശ്രദ്ധചെലുത്തി സഭയെ ബൈപ്പാസ് ചെയ്യാതിരിക്കാനുള്ള നടപടിയിലേയ്ക്ക് പോകണമെന്നതാണ് എന്റെ അഭ്യർത്ഥന.

<u>മി. സ്പീക്കർ:</u> ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഈ പ്രശ്നം ഉന്നയിക്കുകയും നിയമനിർമ്മാണത്തിനുവേണ്ടി മാത്രമായി പ്രത്യേകമായൊരു സമ്മേളനം നടത്തണമെന്ന് ചെയർ റൂൾ ചെയ്തിരുന്നതുമാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല:</u> സർ, ഓർഡിനൻസുകൾ എല്ലാം നിയമമാക്കാൻ പോകുന്നുവെന്ന് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. That is a good thing; but is it a good Parliamentary practice? അങ്ങും പാർലമെന്റ് അംഗമായിരുന്ന ഒരാളാണ്. കോൺസ്റ്റിറ്റുവന്റ് അസംബ്ലിയിൽപോലും ഇത് പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത്, ഇങ്ങനെ ഓർഡിനൻസുകൾ ഇറക്കരുതെന്നാണ്. ഞാൻ വിമർശിക്കുകയല്ല, അങ്ങനെയാണെങ്കിൽ ഇത് ഓർഡിനൻസ് രാജാണ്, ഒരു ഗവൺമെന്റിന്റെ ഭരണകാലത്തും ഇത് ചെയ്യാൻ പാടില്ലാത്തതാണ്. 35 ഓർഡിനൻസുകളാണ് ഇറക്കിയിരിക്കുന്നത്; That means there is an Ordinance Raj. അത് നിയമവിധേയമായി കൊണ്ടുവരുന്നുവെന്നത് വേറൊരു കാര്യം, അല്ലാതെ കൊണ്ടുവരാതിരിക്കാൻ കഴിയുമോ? വീണ്ടുംവീണ്ടും ഗവർണറെക്കൊണ്ട് പ്രൊമുൽഗേറ്റ് ചെയ്യിക്കുകയെന്ന് പറയുന്നത് നല്ല പ്രാക്ടീസല്ല. എല്ലാ നിസ്സാരകാര്യങ്ങൾക്കും ഓർഡിനൻസ് ഇറക്കാതെ സഭാസമ്മേളനത്തിൽ തന്നെ ബില്ലായി കൊണ്ടുവരികയും അത് പാസ്സാക്കുകയും ചെയ്യുന്നതാണ് ഗുഡ് പാർലമെന്ററി പ്രാക്ടീസ്. അത് കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയിൽ പോലും ചർച്ച

ചെയ്തിട്ടുള്ള കാര്യമാണ്. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് ഇങ്ങനെ ഓർഡിനൻസുകൾ ഇറക്കാൻ പാടില്ലെന്നാണ്. നിയമങ്ങളായിട്ടുതന്നെ കൊണ്ടുവരണം, കാരണം, ഇതിന് യാതൊരു പ്രസക്തിയുമില്ല. ഇതെല്ലാം നിയമമായിക്കഴിഞ്ഞു, വെറുതെ ഫോർമാലിറ്റിക്ക് നിയമമാക്കുന്നുവെന്ന് മാത്രമേയുള്ളൂ, Already it is in practice.

മി. സ്പീക്കർ: കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഇക്കാര്യം ഉയർന്നുവന്നതാണ്, ചെയർ റൂളിംഗ് നൽകിയിരുന്നതുമാണ്. അതിന്റെയടിസ്ഥാനത്തിലാണ് പ്രത്യേക സഭാസമ്മേളനം ചേരുന്നത്. ചരിത്രത്തിൽ അപൂർവ്വമായി മാത്രമേ ഇത്ര ദീർഘമായ സമ്മേളനം ഉണ്ടാകാറുള്ളൂ. 24 ദിവസത്തെ സിറ്റിംഗാണ്, വിശദമായി ഓരോ ബില്ലിനെക്കുറിച്ചും ചർച്ച ചെയ്യുകയാണ്. ബില്ലിന്റെ അവതരണഘട്ടത്തിൽ കൂടുതൽ ചർച്ചകളിലേയ്ക്ക് പോകേണ്ടതില്ല.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇന്ത്യയിൽ ഏറ്റവും കൂടുതൽ ദിവസം സമ്മേളനം ചേരുന്നത് കേരള നിയമസഭയിലാണെന്ന അഭിമാനകരമായ കാര്യം ഞാൻ ഇവിടെ പറയാൻ ആഗ്രഹിക്കുകയാണ്. ഇന്ത്യയിൽ 5 ദിവസവും 10 ദിവസവും ചേരുന്ന സഭകളുണ്ട്. ജനങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ട് കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കുന്ന സർക്കാരാണിത്. അതുകൊണ്ട് ബഹുമാനപ്പെട്ട മുൻപ്രതിപക്ഷനേതാവും മറ്റ് നേതാക്കളും സംസാരിക്കുമ്പോൾ ചില കാര്യങ്ങൾ എനിക്ക് പറയാതിരിക്കാൻ കഴിയില്ല. മൂന്ന് സമ്മേളനങ്ങൾ സഭ ഒരു ദിവസം വീതമാണ് ചേർന്നത്, അതിന്റെ സാഹചര്യമെന്താണെന്ന് ഞാൻ വിശദീകരിക്കേണ്ട കാര്യമില്ല. കോവിഡ്കാരണം സീറ്റുകൾ മാറ്റിയിട്ട്, നിയമസഭ ചേരുന്നതിന് തടസ്സമുണ്ടായി. 2019 ഡിസംബർ 31, 2020 ആഗസ്റ്റ് 24, 2020 ഡിസംബർ 31 എന്നിങ്ങനെ സഭ ഒരു ദിവസംവീതം ചേരുകയുണ്ടായി. ഏറ്റവും ആദ്യം അവസരമൊരുക്കി ഈ ബില്ലുകൾ അവതരിപ്പിച്ച് പാസ്സാക്കുമ്പോൾ സ്റ്റാറ്റ്യൂട്ടറിയായി ചെയ്യേണ്ട കാര്യങ്ങളാണിത്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെല്ലാം ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് ചെയ്യുന്നത്.

ഞാൻ സംസാരിച്ചുകൊണ്ടിരുന്നത് എഫ്.ആർ.ബി.എം. ആക്ടിനെക്കുറിച്ചാണ്. ആദ്യം അനുമതി നൽകിയതും രണ്ടാമത് 2 ശതമാനം അധിക വായ്പ എടുക്കാൻ അനുമതി നൽകിയതും ചേർത്ത് ഒരു ഓർഡിനൻസ് ഇറക്കി. Ordinance is as good as a law. നിയമം അറിയുന്നവരാണ് ഇരുപക്ഷത്തുമുള്ളത്. ഓർഡിനൻസ് ഇറക്കേണ്ടി വരുന്നത് പ്രത്യേക സാഹചര്യത്തിലാണ്. ആ ഓർഡിനൻസെന്ന് പറയുന്നത് നിയമമാണ്, ഓർഡിനൻസിനെ സംബന്ധിച്ച് ഒരു സംശയവുമില്ല. ഓർഡിനൻസ് രാജ് എന്നുപറയുന്നത് അങ്ങേയറ്റം തെറ്റിദ്ധരിപ്പിക്കുന്ന കാര്യമാണ്. ഇത്തരമൊരു വേദിയിൽ അങ്ങനെ പറയരുത്, അങ്ങനെയൊരു ഓർഡിനൻസ് രാജിന്റെ വിഷയമേയില്ല. ഇത്രയും ഓർഡിനൻസുകൾ നിയമമാക്കുന്നത് ചരിത്രത്തി

ലാദ്യമായാണ്. അങ്ങനെ രാഷ്ട്രീയം പറയാൻ പോയാൽ കൂടുതൽ പറയേണ്ടിവരും. ഓർഡിനൻസുകൾ മാത്രം ഇറക്കുകയും കമ്മിറ്റികൾ കൂടാതിരിക്കുകയും ചെയ്ത കാസ്റ്റിംഗ് മന്ത്രിസഭയുടെ ഭരണകാലം ഉൾപ്പെടെയുള്ള എത്രയോ ചരിത്രം നമുക്ക് മുന്നിലുണ്ട്. അത്തരം കാര്യങ്ങളിലേയ്ക്ക് കടന്നുപോകുന്നില്ല. സാങ്കേതിക കാര്യങ്ങൾ ഭേദഗതിയായി കൊണ്ടുവരേണ്ടതുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ നിയമമനുസരിച്ച് സംസ്ഥാനത്തും ചെയ്യേണ്ടതാണ്. മറ്റ് രാഷ്ട്രീയ കാര്യങ്ങൾ പറയണമെങ്കിൽ എത്രകാലം, എത്ര ഓർഡിനൻസ് ഇറക്കി തുടങ്ങിയ കാര്യങ്ങളിലേയ്ക്ക് പോകേണ്ടി വരും. അക്കാര്യങ്ങളിലേയ്ക്ക് പോകേണ്ടതില്ല എന്നതുകൊണ്ടാണ് ഞാൻ പറയാത്തത്. ഈ ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സബ്ജക്ട് കമ്മിറ്റിയുടെ വിശദമായ ചർച്ചയ്ക്കുശേഷം പാസ്സാക്കേണ്ടതാണ്.

<u>മി. സ്പീക്കർ</u>: മൂന്ന് ബില്ലുകളെക്കുറിച്ചുള്ള ചർച്ച ഒരുമിച്ച് നടത്താവുന്നതാണ്.

ശ്രീ. അൻവർ സാദത്ത് ചുമതലപ്പെടുത്തിയതുപ്രകാരം <u>ശ്രീ. രമേശ് ചെന്നിത്തല</u>: Sir, I move that- "This House resolves to disapprove The Kerala Goods and Services Tax (Amendment) Ordinance, 2021 (Ordinance No. 106 of 2021)." ഞാൻ ആദ്യമായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞ ചില കാര്യങ്ങളോടുള്ള വിയോജിപ്പ് പ്രകടിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. നിയമസഭാ സമ്മേളനങ്ങൾ നടക്കാത്ത സമയത്ത് ഗവൺമെന്റിന് അടിയന്തരഘട്ടങ്ങളിൽ ആവശ്യമാണെങ്കിൽ ഓർഡിനൻസ് പുറപ്പെടുവിക്കാനുള്ള അധികാരമുണ്ട്. അത് ഭരണഘടന നൽകിയിട്ടുള്ള അധികാരമാണ്, അത് എപ്പോഴും ഉപയോഗിക്കാൻ കഴിയുന്ന ഒരു weapon അല്ല. This weapon can only be utilised or used with utmost caution. കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയിൽ ചർച്ച ചെയ്യപ്പെട്ട പ്രധാനപ്പെട്ട ഒരു വിഷയമാണിത്. Either it is Lok Sabha or the Assembly; the will of the people are reflected in these Houses. ജനങ്ങളുടെ പരമാധികാരവും അഭിപ്രായവും പ്രകടിപ്പിക്കാനുള്ള വേദിയാണ് നിയമസഭകളും പാർലമെന്റും. ഗവൺമെന്റിന് അടിയന്തരഘട്ടങ്ങളിൽ ഓർഡിനൻസ് പുറപ്പെടുവിക്കാൻ അധികാരം നൽകുന്ന പ്രൊവിഷനാണ് കോൺസ്റ്റിറ്റ്യൂഷനിലുള്ളത്, അത് അനിവാര്യവുമാണ്. യു.ഡി.എഫ്-ന്റെ ഭരണകാലത്തും ഓർഡിനൻസുകൾ ഇറക്കിയിട്ടുണ്ട്, ഇല്ലെന്നൊന്നും ഞാൻ പറയുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ പല ഘട്ടങ്ങളിലും ഓർഡിനൻസ് ഇറക്കേണ്ടിവരും, ഓർഡിനൻസ് പാസ്സാക്കാൻ കഴിയാതെ വന്നാൽ വീണ്ടും പ്രൊമൂൽഗേറ്റ് ചെയ്യേണ്ടിവരും. ഗവർണറെ സമീപിക്കേണ്ടി വരും, അതെല്ലാം സാധാരണ നടപടിക്രമമാണ്. എന്തോ ഒരു മഹത്തായ കാര്യം

ചെയ്യുന്നുവെന്ന മട്ടിൽ അങ്ങ് ഇവിടെ പറഞ്ഞത് എന്നെ അത്ഭുതപ്പെടുത്തി. 35 ഓർഡിനൻസുകൾ ഇറക്കിയതുകൊണ്ടാണ് നിയമസഭാ സമ്മേളനം വിളിച്ചുകൂട്ടി നിയമമാക്കേണ്ടി വന്നത്. ഓർഡിനൻസുകൾ ഇറക്കിയില്ലായിരുന്നെങ്കിൽ ഇത് വേണ്ടിവരില്ലായിരുന്നു. നിങ്ങൾ എന്തോ വിപ്ലവകരമായ കാര്യം ചെയ്തുവെന്ന മട്ടിൽ അവതരിപ്പിച്ചത് കഷ്ടമായിപ്പോയിയെന്ന് മാത്രമേ പറയുന്നുള്ളൂ. ഈ ഓർഡിനൻസുകൾക്കുപകരം നിയമനിർമ്മാണം നടത്തിയിരുന്നുവെങ്കിൽ ഓർഡിനൻസ് ആവശ്യമില്ലായിരുന്നു. ബഹുമാനപ്പെട്ട സ്പീക്കർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ നിയമസഭാസമ്മേളനം ഇത്ര ദീർഘകാലം വിളിക്കേണ്ടിവന്നതിന്റെ കാര്യംതന്നെ ഗവൺമെന്റ് ധൃതിപിടിച്ച് ഓർഡിനൻസ് ഇറക്കിയതുമൂലമാണ്. പല ഓർഡിനൻസുകളും ഒരു ആവശ്യവുമില്ലാതെ പെട്ടെന്ന് ഇറക്കിയവയാണ്. അടിയന്തര ഘട്ടത്തിൽ ഇറക്കേണ്ട ഒരു ഓർഡിനൻസുമല്ല ഇത്. അടിയന്തരഘട്ടങ്ങളിൽ ഓർഡിനൻസ് ഇറക്കാമെന്ന പ്രൊവിഷൻ മിസ്‌യൂസ് ചെയ്യപ്പെട്ടിട്ടുണ്ടോയെന്നത് ഗവൺമെന്റ് പരിശോധിക്കേണ്ട കാര്യമാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് പറഞ്ഞത് വളരെ ശരിയാണ്. പകർച്ചവ്യാധി നിരോധന നിയമം ആദ്യം ഒരു ഓർഡിനൻസായാണ് ഇറക്കിയത്. ആ നിയമമനുസരിച്ച് ലക്ഷക്കണക്കിന് പേർക്കെതിരെ കേസ്സെടുത്തിട്ടുണ്ട്. 5 പേരിൽ കൂടുതൽ അത് 6 ആളുകളാണെങ്കിലും പോലീസ് വന്ന് മൊബൈലിലൂടെ ഫോട്ടോ എടുക്കും, അതിനുശേഷം കേസ്സെടുക്കും. കേരളത്തിൽ ഈ നിയമത്തിന്റെ പേരിൽ എത്ര പേർക്കെതിരെ കേസ്സെടുത്തിട്ടുണ്ടെന്നത് ഇപ്പോഴും ഒരു രഹസ്യമാണ്, ആ കാര്യങ്ങൾ പുറത്ത് വരുന്നതേയില്ല. നിയമസഭയെ വിശ്വാസത്തിലെടുക്കാതെ ഓർഡിനൻസ് ഇറക്കി അതിന്റെ പേരിൽ ജനങ്ങളെ പീഡിപ്പിക്കുന്ന സമ്പ്രദായമാണിതെന്ന് അങ്ങേയ്ക്ക് അറിയില്ലേ?

ശ്രീ. രമേശ് ചെന്നിത്തല: സർ, Basic structure of the Constitution പ്രധാനമാണ്. പാർലമെന്ററി പ്രാക്ടീസസ് എങ്ങനെ പോകണം, ഗവൺമെന്റ് എങ്ങനെ പെർഫോം ചെയ്യണം എന്നീ കാര്യങ്ങൾ ബഹുമാനപ്പെട്ട സ്പീക്കർ അല്ലെങ്കിൽ നിയമസഭ തന്നെ പരിശോധിക്കണം. അടിയന്തരഘട്ടങ്ങളിൽ ഓർഡിനൻസ് ഇറക്കേണ്ടതായി വരും. എന്നാൽ നിസ്സാരകാര്യങ്ങൾക്കുപോലും ഓർഡിനൻസ് ഇറക്കിയിരിക്കുകയാണ്. 35 ഓർഡിനൻസുകൾ ഇറക്കിക്കഴിഞ്ഞതിനുശേഷം അത് നിയമമാക്കി മാറ്റുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത് ശരിയാണ്, അത് നിയമമായിക്കഴിഞ്ഞിരിക്കുകയാണ്. ആ നിയമത്തിന് legal sanctity ലഭിക്കാൻ വേണ്ടി നിയമസഭ മുമ്പാകെ അവതരിപ്പിച്ചിരിക്കുകയാണ്. ആ പ്രാക്ടീസ് ഒരു ഗവൺമെന്റിനും ഭൂഷണമല്ല.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവ് പറഞ്ഞ പ്രധാനപ്പെട്ട കാര്യം ഞാൻ ഇന്നലെ നിയമസഭയിൽ ഉന്നയിച്ചതാണ്. ഓർഡിനൻസ് കൊണ്ടുവരുന്നത് സ്വാഭാവികമാണ്, അടിയന്തരഘട്ടത്തിൽ അത് ആവശ്യവുമാണ്. ഓർഡിനൻസ് കൊണ്ടുവന്നുവെന്ന് മാത്രമല്ല, ഇന്നലെ നാല് ബില്ലുകളാണ് ചർച്ച ചെയ്തത്. ആ നാല് ബില്ലുകളും ചർച്ച ചെയ്ത്, വൈകുന്നേരം തന്നെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുകയും ചെയ്തു. രാത്രി സബ്ജക്ട് കമ്മിറ്റി കൂടുന്നത് സംബന്ധിച്ച് ഞാൻ അങ്ങയോട് പറഞ്ഞതാണ്. റൂൾ 237 അനുസരിച്ച് ചർച്ച ചെയ്തുകഴിഞ്ഞാൽ ഒരു ദിവസത്തെ അവധിയെടുത്തശേഷമാണ് സബ്ജക്ട് കമ്മിറ്റി ചേരേണ്ടത്. യഥാർത്ഥത്തിൽ ഇതിനുമുൻപ് ഇതുപോലെയായിരുന്നു. എന്നാൽ ഇപ്പോൾ പല ഘട്ടങ്ങളിലും ബിൽ അവതരിപ്പിച്ച അന്നുതന്നെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു. അംഗങ്ങൾക്ക് ചർച്ച ചെയ്യാൻ അവസരം ലഭിക്കുന്നില്ല. ഇന്നത്തെ പാർലമെന്ററികാര്യ വകുപ്പുമന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ മന്ത്രിയായിരിക്കുന്ന സമയത്ത് മുൻ സ്പീക്കർ ശ്രീ. എം. വിജയകുമാർ ചെയർമാനായി കമ്മിറ്റിയെ നിയോഗിച്ചിരുന്നു. ആ കമ്മിറ്റിയാണ് അതിലൊരു മാറ്റം വരുത്തിയത്, ഒരു ദിവസമെങ്കിലും അംഗങ്ങൾക്ക് ബില്ലിനെക്കുറിച്ച് പഠിക്കാനുള്ള അവസരമുണ്ടാകണം.

മി. സ്പീക്കർ: ഇപ്പോൾ ശ്രീ. കെ. രാധാകൃഷ്ണൻ ചെയർമാനായി ഒരു കമ്മിറ്റിയുണ്ട്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, വിഷയം അതല്ല, ഞാൻ പറയട്ടെ.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവ് നല്ല ഫ്ലോയിൽ സംസാരിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ ഫ്ലോ നഷ്ടപ്പെടുത്തരുത്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, അങ്ങനെ പറയരുത്. ചട്ടം 237 പ്രകാരം അങ്ങേയ്ക്ക് അധികാരമുണ്ട്, ആ അധികാരം അടിയന്തര സാഹചര്യത്തിലാണ്. അങ്ങതിനെ ലാഘവത്തിൽ കാണരുത്, അംഗങ്ങളുടെ അവകാശം സംരക്ഷിക്കേണ്ട ബാദ്ധ്യത അങ്ങേയ്ക്കുണ്ട്. അങ്ങ് ചെയ്തത് തെറ്റായ നടപടിയാണ്, ബില്ലുകളെ സംബന്ധിച്ച് വേണ്ട രീതിയിൽ ചർച്ച ചെയ്യേണ്ടതാണ്. അതിനവസരം കൊടുക്കാതെ ചെയർതന്നെ ഇത്തരം കാര്യങ്ങൾ ചെയ്യുന്നത് ശരിയായ നടപടിയല്ല എന്ന് ഞാൻ സൂചിപ്പിക്കുകയാണ്.

മി. സ്പീക്കർ: ചില വ്യവസ്ഥകൾ വേവ് ചെയ്യുന്നതിന് ചെയറിന് പ്രത്യേക അധികാരമുണ്ടെന്ന് ബഹുമാനപ്പെട്ട അംഗംതന്നെ ചൂണ്ടിക്കാണിക്കുന്നുണ്ട്. ആ പ്രത്യേക അധികാരം അസാധാരണ സാഹചര്യത്തിലാണ് ഉപയോഗിച്ചിട്ടുള്ളത്, അത്തരത്തിൽ ഉപയോഗിച്ചതിനെക്കുറിച്ച് അങ്ങ് സഭാതലത്തിൽ ഇത്തരം പരാമർശങ്ങൾ നടത്തുന്നത് നിർഭാഗ്യകരമാണെന്ന് മാത്രമെ ഇപ്പോൾ പറയാനുള്ളൂ.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ രാവിലെ 11.30-നാണ് ക്രമപ്രശ്നത്തിനുള്ള നോട്ടീസ് നൽകിയതെന്ന് അങ്ങ് പറയുകയുണ്ടായി. എന്നാലും എന്റെ ഒബ്ജക്ഷൻ അംഗീകരിച്ചു. എന്തുകൊണ്ടാണ് അങ്ങനെ സംഭവിച്ചത്? ഇന്നലെ രാത്രി 8 മണി വരെയാണ് നിയമസഭ സമ്മേളിച്ചത്.

മി. സ്പീക്കർ: അങ്ങയുടെ നോട്ടീസ് 11.30-ന് ലഭിച്ചിട്ടും അംഗീകരിച്ചത് അസാധാരണ സാഹചര്യത്തിലുള്ള നടപടിയായിട്ടാണ്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, നിയമസഭയുടെ ചരിത്രത്തിൽ ഒരു ദിവസം 8 ബില്ലുകൾ വരെ എടുത്തിട്ടുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: സർ, അന്ന് പ്രതിപക്ഷം സഭയിൽനിന്നും ഇറങ്ങിപ്പോയ സാഹചര്യത്തിലാണ് 8 ബില്ലുകൾ പാസ്സാക്കിയത്. അന്ന് ഡോ. എൻ. ജയരാജ് ഞങ്ങളുടെ കൂടെയായിരുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, പ്രതിപക്ഷം ഇറങ്ങിപ്പോയപ്പോൾ 8 ബില്ലുകൾ പാസ്സാക്കിയെന്നുപറയുന്നത് നമ്മുടെ സിസ്റ്റത്തോടുള്ള ബഹുമാനക്കുറവായി കരുതുകയില്ലേ? ഇറങ്ങിപ്പോയ സമയത്ത് 8 ബില്ലുകൾ പാസ്സാക്കാൻ പാടില്ലായിരുന്നു.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞങ്ങൾ ഭരണകക്ഷിയായിരുന്ന കാലത്ത് രണ്ടിൽക്കൂടുതൽ ബില്ലുകൾ അന്ന് പരിഗണിച്ചാൽ ശ്രീ. എ. കെ. ബാലൻ ഉൾപ്പെടെയുള്ള അന്നത്തെ എം.എൽ.എ-മാർ ബഹളം വയ്ക്കുമായിരുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെയുണ്ടല്ലോ, അദ്ദേഹം പറയട്ടെ. സബ്ജക്ട് കമ്മിറ്റി ചർച്ച ചെയ്യുന്ന വിഷയമായതിനാൽ സഭാതലത്തിൽ ഇക്കാര്യം ഞാൻ പരസ്യമായി ചർച്ച ചെയ്യാൻ ആഗ്രഹിക്കുന്നില്ല. ബഹുമാനപ്പെട്ട ചെയർ ശ്രദ്ധിക്കേണ്ട കാര്യമാണ്. ഇക്കാര്യം ഞാനിവിടെ പറയാൻ കാരണം, തങ്ങളെന്തോ വിപ്ലവകരമായ കാര്യമാണ് ചെയ്യുന്നതെന്ന രൂപത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞതുകൊണ്ടാണ്. ഓർഡിനൻസുകളെല്ലാം റീപ്ലേസ് ചെയ്ത് നിയമ നിർമ്മാണത്തിനുവേണ്ടി മാത്രം ഒരു നിയമസഭാസമ്മേളനം ചേരുന്നുവെന്നാണ് പറഞ്ഞത്. ഇങ്ങനെ നിയമസഭ ചേരാനുള്ള കാരണം, നിയമസഭയെ ബൈപ്പാസ് ചെയ്തുകൊണ്ട് നിസ്സാരകാര്യങ്ങൾക്കുപോലും ഓർഡിനൻസ് ഇറക്കിയതാണ്; അവ നിയമമാക്കേണ്ടത് നിങ്ങളുടെ ബാദ്ധ്യതയാണ്. It is your constitutionl duty to enact the law, അത് നിങ്ങളുടെ ഉത്തരവാദിത്വമാണ്. അല്ലെങ്കിൽ നിങ്ങൾക്ക് വീണ്ടും ബഹുമാനപ്പെട്ട ഗവർണറെ കാണേണ്ടതായി വരും ഇത് വിപ്ലവമൊന്നുമല്ല, സ്വാഭാവിക നടപടിക്രമം മാത്രമാണ്. എനിക്ക് ഗവൺമെന്റിനോട് പറയാനുള്ളത്, ഇങ്ങനെ നിസ്സാര കാര്യങ്ങൾക്ക് ഓർഡിനൻസ് ഇറക്കുന്ന രീതി ശരിയല്ലെന്നാണ്.

ഇത് പാർലമെന്ററി നടപടിക്രമങ്ങളെയും നിയമസഭയേയും ബൈപ്പാസ് ചെയ്യുന്നതാണ്. ഇങ്ങനെ ചെയ്യുന്നത് പാർലമന്റിലാണെങ്കിലും നിയമസഭയിലാണെങ്കിലും അനാരോഗ്യകരമായ പ്രവണത സൃഷ്ടിക്കുമെന്ന് സർക്കാരിന് മുന്നറിയിപ്പ് നൽകാൻ ഞാൻ ആഗ്രഹിക്കുന്നു.

ജി.എസ്.ടി. ഭേദഗതി ബില്ലിന്റെ നിരാകരണപ്രമേയമാണ് ഞാൻ അവതരിപ്പിക്കുന്നത്. സംസ്ഥാനത്തെ പൊതുകടം റോക്കറ്റുപോലെ കുതിച്ചു കയറുകയാണ്. ലക്കുംലഗാനുമില്ലാതെയാണ് കടം വാങ്ങുന്നത്. കേരള ചരിത്രത്തിൽ ഒരു ഗവൺമെന്റും ഇത്രയും കടം വാങ്ങി സംസ്ഥാനത്തെ ജനങ്ങളെ കടക്കാരാക്കിയ കാലഘട്ടമുണ്ടായിട്ടില്ല. ജി.എസ്.ടി. പ്രാബല്യത്തിൽ വന്നപ്പോൾ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിന് എന്തൊരു ആഹ്ലാദമായിരുന്നു. എറണാകുളത്ത് രാത്രിയിൽ പത്രസമ്മേളനം വിളിച്ചുകൂട്ടി അദ്ദേഹം പറഞ്ഞത്, കേരളത്തിന്റെ സാമ്പത്തിക പ്രതിസന്ധി മുഴുവനായി തീരാൻപോകുന്നു, 5,000 കോടി രൂപയുടെ വരുമാനമുണ്ടാകാൻ പോകുന്നുവെന്നൊക്കെയായിരുന്നു. പ്രധാനമന്ത്രി രാത്രിയിൽ സമ്മേളനം വിളിച്ചുകൂട്ടുന്നതുപോലെ കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രി മാത്രമാണ് രാത്രിയിൽ യോഗം വിളിച്ചുചേർത്തത്. ഇപ്പോഴത്തെ സ്ഥിതിയെന്താണ്? യു.പി.എ. ഗവൺമെന്റിന്റെ ഭരണകാലത്താണ് ജി.എസ്.ടി-യെക്കുറിച്ച് ആലോചനയുണ്ടായതെന്ന കാര്യം ശരിയാണ്. പക്ഷേ, യാതൊരു ഗൃഹപാഠവും ചെയ്യാതെ ധൃതിപിടിച്ച് ജി.എസ്.ടി. നിയമം നടപ്പിലാക്കിയതിന്റെ ദുരനുഭവമാണ് ഇപ്പോൾ രാജ്യത്ത് സംഭവിച്ചുകൊണ്ടിരിക്കുന്നത്. സംസ്ഥാന ബഡ്ജറ്റുകൾപോലും അപ്രസക്തമാകുന്നു. സംസ്ഥാനങ്ങളുടെ വരുമാനത്തിൽ ഗണ്യമായ കുറവുണ്ടാകുന്നു. നികുതി കുറവിന് നഷ്ടപരിഹാരമുണ്ടാകുമെന്ന് പറഞ്ഞിട്ടും സമയബന്ധിതമായി കോമ്പൻസേറ്റ് ചെയ്യുന്ന തുക ലഭ്യമാകാതെപോകുന്നു. അശാസ്ത്രീയരീതിയിൽ ജി.എസ്.ടി. നടപ്പാക്കിയതുകൊണ്ടാണ് എത്രയോ തവണ ചുമത്തിയ നികുതിയിൽപ്പോലും ജി.എസ്.ടി. കൗൺസിലിൽ കുറവുവരുത്തേണ്ടതായി വന്നുകൊണ്ടിരിക്കുന്നത്. ജി.എസ്.ടി. കൗൺസിൽ യോഗം ചേരുമ്പോഴെല്ലാമുള്ള ഒരു പ്രധാന അജണ്ട നികുതിഘടനയിലുള്ള മാറ്റമാണ്. നിയമം നടപ്പിലാക്കുന്നതിനുമുമ്പ് ശരിയായ ഗൃഹപാഠം ചെയ്തിരുന്നെങ്കിൽ, സമഗ്രപഠനം നടത്തിയിരുന്നെങ്കിൽ ഈ അപാകതകൾ ഒഴിവാക്കാൻ കഴിയുമായിരുന്നു. ശ്രീ. നരേന്ദ്ര മോദിക്ക് അർദ്ധരാത്രിയിൽ പാർലമെന്റിന്റെ ഇരുസഭകളുടെയും സമ്മേളനം വിളിച്ചുകൂട്ടി അടിയന്തരമായി പാസ്സാക്കണമെന്നുള്ള നിർബന്ധബുദ്ധി ഒന്നുകൊണ്ടുമാത്രമാണ് ജി.എസ്.ടി. നിയമം ധൃതിയിൽ നടപ്പിലാക്കിയത്. അന്നും കോൺഗ്രസ് പാർട്ടി ഇക്കാര്യത്തിലുള്ള എതിർപ്പ് അറിയിച്ചിരുന്നു. എന്താണ് യഥാർത്ഥത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്?

സംസ്ഥാനങ്ങളുടെ വരുമാനം കുറയുന്നു. നികുതി നിർണ്ണയത്തിലും നികുതി പിരിവിലും സംസ്ഥാന ഗവൺമെന്റിന്റെ നിയന്ത്രണങ്ങൾ പൂർണ്ണമായും ഇല്ലാതായിരിക്കുന്നു. ഇതെല്ലാം ഫലപ്രദമായും ശാസ്ത്രീയമായും പരിഹരിച്ചശേഷമായിരുന്നു ജി.എസ്.ടി. നടപ്പിലാക്കേണ്ടിയിരുന്നത്. ചെക്പോസ്റ്റുകൾ ഇല്ലാതായതോടെ നികുതിവെട്ടിപ്പ് വർദ്ധിച്ചു. ഇവ തടയാനുള്ള ശാസ്ത്രീയനടപടി സ്വീകരിച്ചിരുന്നില്ല. ഇന്ന് സംസ്ഥാന ബഡ്ജറ്റിന്റെ പ്രസക്തിപോലും നഷ്ടപ്പെട്ടിരിക്കുന്ന സാഹചര്യമാണ് കാണാൻ കഴിയുന്നത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് കെ. എം. മാണി അവതരിപ്പിച്ച ബഡ്ജറ്റിനെക്കുറിച്ചും അദ്ദേഹത്തിന്റെ ധനകാര്യ മാനേജ്മെന്റിനെക്കുറിച്ചും എന്തെല്ലാമാണ് പറഞ്ഞിരുന്നത്? അതിനുശേഷം അധികാരത്തിൽവന്ന എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ഒരു ധവളപത്രമിറക്കി. ഇല്ലാത്ത ആനയെക്കാണിച്ച് ജനങ്ങളെ പറ്റിക്കാനായി ഒരു ധവളപത്രമിറക്കിയത് ഞങ്ങളാരും മറന്നിട്ടില്ല. സത്യത്തിൽ ഇപ്പോഴല്ലേ ഒരു ധവളപത്രമിറക്കേണ്ടത്? ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ കേരളത്തിൽ ഒരു ധവളപത്രം ഇറക്കേണ്ടതായിരുന്നു. കേരളത്തിന്റെ യഥാർത്ഥ ധനസ്ഥിതി എന്താണെന്ന് അദ്ദേഹം ജനങ്ങളോട് പറയേണ്ടതാണ്. ഇപ്പോഴാണെങ്കിലും അദ്ദേഹമത് പറയണം.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ധവളപത്രം മാത്രമല്ല, 'കെ.എം.മാണിയും പച്ചക്കള്ളവും' എന്ന പേരിൽ ഡോ. ടി. എം. തോമസ് ഐസക് ഒരു പുസ്തകം എഴുതിയ കാര്യം അങ്ങേയ്ക്കറിയാമോ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ആ പുസ്തകം ചിന്ത പബ്ലിക്കേഷൻസാണ് ഇറക്കിയതെന്ന് തോന്നുന്നു. അന്നിറക്കിയ ധവളപത്രത്തിന് യാതൊരു പ്രസക്തിയുമില്ലായിരുന്നു. എന്നാൽ യഥാർത്ഥത്തിൽ ധവളപത്രത്തിന്റെ ആവശ്യം ഇന്നാണ്. മുടിഞ്ഞ തറവാടിന്റെ കാരണവരെപ്പോലെയാണ് ധനകാര്യ വകുപ്പുമന്ത്രി ഇവിടെയിരിക്കുന്നത്. ഇതൊന്നും അങ്ങയുടെ കുറ്റംകൊണ്ടല്ല, കഴിഞ്ഞ അഞ്ചുവർഷക്കാലം അമിതമായി കടമെടുത്തതുകൊണ്ടാണ്. കടംകയറി മുടിഞ്ഞുപോയ ഒരു തറവാടിന്റെ മുറ്റത്ത് ചാരുകസേരയിലിരിക്കുന്ന ഒരു കാരണവരെപ്പോലെയാണ് ശ്രീ. കെ. എൻ. ബാലഗോപാലിന്റെ ഇരിപ്പ് കാണുമ്പോൾ തോന്നുന്നത്. അദ്ദേഹത്തിന്റെ മുഖത്ത് ഒരു ചിരിപോലും വരുന്നില്ല. കാരണം ways and means adjustment-നുള്ള ബുദ്ധിമുട്ടുകൾ അദ്ദേഹത്തിനറിയാവുന്നതാണ്. പഞ്ചായത്തുകൾക്ക് നിത്യനിദാനച്ചെലവുകൾക്കുപോലും പണമില്ലെന്ന കാര്യം സംബന്ധിച്ച് ഇന്നലെയും ചർച്ച ചെയ്തതാണ്. തദ്ദേശഭരണ

സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട് വെട്ടിക്കുറയ്ക്കുന്നു, പദ്ധതി പ്രവർത്തനങ്ങൾ വെട്ടിക്കുറയ്ക്കുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് 30 ശതമാനം മുതൽ 40 ശതമാനം വരെ പ്ലാൻ ഫണ്ടിൽ വെട്ടിക്കുറവുണ്ടായി. ഒരുകാലത്തും പട്ടികജാതി വകുപ്പിന്റെ ഫണ്ട് വെട്ടിക്കുറയ്ക്കാറില്ല. ശ്രീ. എ. കെ. ബാലൻ ഇവിടെ വിലപിച്ചത് ഞാനോർക്കുന്നു. പട്ടികജാതി വകുപ്പിന്റെ ഫണ്ടുപോലും കഴിഞ്ഞ കാലഘട്ടത്തിൽ വെട്ടിക്കുറച്ചു, കാരണം കൊടുക്കാൻ പണമില്ല. ഇന്ന് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെന്താണ്? യാഥാർത്ഥ്യബോധത്തോടുകൂടി ധനകാര്യ വകുപ്പുമന്ത്രി ഈ പ്രശ്നങ്ങളെ സമീപിക്കുമെന്ന് ഞാൻ കരുതുകയാണ്. നിത്യനിദാനച്ചെലവുകൾക്കുപോലും പണമില്ലാതെ, വലിയതോതിൽ കടമെടുത്ത്, സംസ്ഥാനത്തെ കടക്കെണിയിലാക്കിയിരിക്കുന്ന അവസ്ഥയാണ് കാണാൻ കഴിയുന്നത്. ഡോ. ടി. എം. തോമസ് ഐസക്കിന് കഴിഞ്ഞ തവണ ഒരു വാദമുണ്ടായിരുന്നു, കടമെടുക്കണം, അമേരിക്ക കടമെടുക്കുന്നില്ലേ, കടമെടുക്കുന്നത് നല്ലതാണെന്നുള്ള ഒരു തിയറി കഴിഞ്ഞ കുറേ നാളുകളായി ഡോ. ടി. എം. തോമസ് ഐസക് പ്രചരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. കേരള ചരിത്രത്തിൽ ഏറ്റവും കൂടുതൽ കടമെടുത്ത ധനകാര്യ വകുപ്പുമന്ത്രി ആയിരുന്നു ഡോ. ടി. എം. തോമസ് ഐസക്. തിരിച്ചടവ് ഇല്ല, ടാക്സ് പിരിവുമില്ല. ശ്രീ. വി. ഡി. സതീശൻ ടാക്സ് പിരിവിനെ സംബന്ധിച്ച കാര്യം ഇവിടെ ഉന്നയിച്ചിരുന്നു. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. കൊമേഴ്സ്യൽ ടാക്സ് പിരിവ് ഉണ്ടാകുന്നില്ല.

1.00 P.M.]

ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റിന്റെ കെടുകാര്യസ്ഥതയെക്കുറിച്ച് ഞങ്ങളിവിടെ പറഞ്ഞു. സംസ്ഥാനത്ത് ഇ.എം.എസ്. മുതൽ ശ്രീ. ഉമ്മൻ ചാണ്ടിവരെ ഭരിച്ച ഗവൺമെന്റുകൾ വരുത്തിവച്ച കടത്തെക്കാൾ കൂടുതൽ കടം എടുത്തിട്ടാണ് ഡോ. ടി. എം. തോമസ് ഐസക് പറയുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ജി.എസ്.ടി-യിലെ നികുതിപിരിവിനെക്കുറിച്ചാണ് ശ്രീ. രമേശ് ചെന്നിത്തല സംസാരിക്കുന്നത്. VAT-ൽ നിന്ന് GST-യിലേയ്ക്ക് മാറിയപ്പോൾ കൺസ്യൂമർ സ്റ്റേറ്റായ കേരളമായിരിക്കും അതിന്റെ ഏറ്റവും വലിയ ബെനിഫിഷ്യറിയെന്നാണ് നമ്മൾ കണക്കാക്കിയിരുന്നത്. കാരണം, ജി.എസ്.ടി-യിൽ ലാസ്റ്റ് പോയിന്റിലാണ് ടാക്സ് എന്നതുകൊണ്ട് കേരളത്തിന്റെ നികുതിവരുമാന വർദ്ധനവ് 30%-ലധികമായിരിക്കുമെന്നുള്ള പ്രതീക്ഷയാണുണ്ടായിരുന്നത്. എന്തുകൊണ്ടാണത് ലഭിക്കാതെ പോയതെന്ന് ഇപ്പോഴും പരിശോധിക്കപ്പെട്ട

ന്നില്ലെന്നതാണ് പ്രധാന കാര്യം. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും VAT-ൽ നിന്ന് വളരെ വ്യത്യസ്തമായ structure ആണ് GST-ക്കുള്ളത്. VAT-ലെ നികുതി ഭരണസംവിധാനമാണ് കേരളത്തിൽ ഇപ്പോഴും തുടരുന്നത്. കേരളത്തിലെ പ്രധാന ന്യൂനത നികുതി ഭരണസംവിധാനം GST-ക്ക് അനുയോജ്യമായ രീതിയിൽ re-structure ചെയ്തിട്ടില്ലെന്നാണ്. ഇത് രണ്ടും രണ്ടാണ്. VAT-ലെ അതേ സിസ്റ്റം ഇപ്പോഴും നിലനിൽക്കുകയാണ്. ശ്രീ. രമേശ് ചെന്നിത്തലയുടെ നിർദ്ദേശപ്രകാരം അന്ന് ഇറക്കിയ വൈറ്റ് പേപ്പറിൽ ഇത് വ്യക്തമായി പറഞ്ഞിട്ടുണ്ട്. അന്നത്തെയും ഇപ്പോഴത്തെയും ധനകാര്യ വകുപ്പുമന്ത്രിമാരോട് പറഞ്ഞിരുന്നത് ജി.എസ്.ടി. ആനുകൂല്യം നമ്മുടെ സംസ്ഥാനത്തിന് കിട്ടണമെങ്കിൽ നികുതി ഭരണസംവിധാനം പൂർണ്ണമായി പുന:സംഘടിപ്പിക്കണമെന്നാണ്. ഇക്കാര്യത്തെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങ് പറഞ്ഞ കാര്യം 100 ശതമാനം ശരിയാണ്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, നികുതിവരുമാനം കുറഞ്ഞതിന്റെ പ്രധാന കാരണം, അന്ന് ജി.എസ്.ടി. നടപ്പാക്കിയപ്പോൾ എല്ലാ സംസ്ഥാനങ്ങളിലും നികുതിയുടെ അടിസ്ഥാനത്തിൽ റവന്യൂ ന്യൂട്രൽ റേറ്റ് തീരുമാനിച്ചിരുന്നു. അന്ന് കേരളത്തിൽ 14.5%-ഓളം നികുതിയുണ്ടായിരുന്ന സമയത്ത് GST-യിൽ പലതിനും 28% വരെ വന്നു. സ്വാഭാവികമായും ഡോ. ടി. എം. തോമസ് ഐസക്കിനും കെ. എം. മാണിക്കുമൊക്കെ അന്ന് ടാക്സിന്റെ അടിസ്ഥാനത്തിൽ കൂടുതൽ വരുമാനം കിട്ടുമെന്നുള്ള പ്രതീക്ഷയുണ്ടായിരുന്നു. പക്ഷേ, സംഭവിച്ചത് ഇത് പല ഘട്ടങ്ങളിലായി കുറഞ്ഞുവെന്നതാണ്. സ്വാഭാവികമായി GST വരുമാനം സംസ്ഥാനത്തിന് കുറഞ്ഞുവെന്നതാണ് യഥാർത്ഥ കാര്യം. അങ്ങ് അക്കാദമിക്കായി ഈ കാര്യത്തെക്കുറിച്ച് സംസാരിച്ചുപോകുമ്പോൾ ആ വിഷയം വിട്ടുപോകരുതെന്നാണ് ഞാനിവിടെ സൂചിപ്പിച്ചത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇക്കാര്യം ബഹുമാനപ്പെട്ട സ്പീക്കർക്കും അറിയാവുന്നതാണ്. ബഹുമാന്യരായ ചീഫ് വിപ്പും പ്രതിപക്ഷനേതാവും പറഞ്ഞതാണ് വസ്തുത. നമ്മൾ പ്രതീക്ഷിച്ചതുപോലെ നല്ല വരുമാനം ലഭിച്ചില്ല. ഏറ്റവും വലിയ കൺസ്യൂമർ സ്റ്റേറ്റുകൂടിയാണ് കേരളം. എല്ലാ സാധനങ്ങളും പുറത്തുനിന്ന് വരുന്നതാണ്. അതിനാൽ കൂടുതൽ നികുതി ലഭിക്കുമെന്നൊരു പ്രതീക്ഷയുണ്ടായിരുന്നു. എന്തുകൊണ്ട് അങ്ങനെ ഉണ്ടായില്ല? Tax structure-ൽ മാറ്റമുണ്ടാക്കിയില്ലെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത്

അതുകൊണ്ടാണ്. VAT സിസ്റ്റത്തിൽനിന്ന് GST-യിലേയ്ക്ക് മാറിയപ്പോൾ അതിനനുസരിച്ചുള്ള ഘടനാപരമായ മാറ്റം വരുത്തിയിരുന്നെങ്കിൽ ഉദ്ദേശിച്ച പ്രയോജനം കിട്ടുമായിരുന്നു. അത് ലഭിച്ചില്ല. I feel that Mr. K. N. Balagopal will take initiative to restructure the tax system which is existing today. ഞങ്ങൾ ഡോ. ടി. എം. തോമസ് ഐസക്കിനോട് പറഞ്ഞപ്പോൾ അദ്ദേഹം അതൊന്നും കേട്ടില്ല. I don't understand why he is justifying taking loans. ഇതുപോലെ ഭീകരമായ തോതിൽ തുക കടമെടുക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്തപ്പോൾ അമേരിക്ക കടമെടുക്കുന്നില്ലേയെന്ന് കഴിഞ്ഞ ദിവസം അദ്ദേഹം ടെലിവിഷൻ ചാനലിൽ പറയുന്നതുകേട്ടു. ഇന്നത്തെ നമ്മുടെ സാമ്പത്തിക സ്ഥിതി എന്താണ്? ഇവിടെ സൂചിപ്പിച്ചതുപോലെ GST-യിൽനിന്ന് കൂടുതൽ വരുമാനം കേരളത്തിനുണ്ടാകണമെങ്കിൽ അതിനനുസരിച്ച് ടാക്സ് ഘടനയിൽ മാറ്റംവരുത്തുകയും ടാക്സ് ഡിപ്പാർട്ടുമെന്റിനെ ഉടച്ചുവാർക്കുകയും വേണം. യാതൊരു കാര്യക്ഷമതയുമില്ലാത്തവരാണ് അവിടെയുണ്ടായിരുന്നത്. കൊമേഴ്സ്യൽ ടാക്സ് പിരിവിനെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചതാണ്. കോവിഡ് കാലത്തെ കാര്യമല്ല ഞാൻ പറയുന്നത്, അതിനുമുമ്പുള്ള സ്ഥിതി എന്താണ്? ടാക്സ് കളക്ട് ചെയ്യാതെ എങ്ങനെ ചെലവഴിക്കാൻ കഴിയും; സംസ്ഥാനത്ത് റവന്യൂ വരുമാനം ഇല്ല. ചെലവ് മാത്രമേയുള്ളൂ. അങ്ങനെയുള്ളൊരു സംസ്ഥാനത്തിന് എത്രകാലം മുന്നോട്ടുപോകാൻ കഴിയും? കഴിഞ്ഞ 5 വർഷംകൊണ്ട് 95,713 കോടി രൂപയുടെ അധികവായ്പാ ബാദ്ധ്യതയാണ് സംസ്ഥാനത്തിനുണ്ടായിരിക്കുന്നത്. ഈ വായ്പകളൊക്കെ തിരിച്ചടയ്ക്കേണ്ടതല്ലേ; പലിശ കൊടുക്കേണ്ടതല്ലേ; ധനപ്രതിസന്ധിയുടെ യഥാർത്ഥ കാരണങ്ങൾ കണ്ടെത്തി അത് മറികടക്കുന്നതിനുപകരം ഇല്ലാത്ത ഓരോ കാരണങ്ങൾ കണ്ടെത്തി അതിന്മേൽ കുറ്റം ആരോപിക്കുന്ന നടപടിയായിരുന്നു ഡോ. ടി. എം. തോമസ് ഐസക്കിന്റെ ധനകാര്യ മാനേജ്മെന്റിന്റെ ഒരു പ്രധാന ഘടകം. ഡോ. ടി. എം. തോമസ് ഐസക് എന്റെ നല്ലൊരു സുഹൃത്താണ്; നല്ല ധനകാര്യ വിദഗ്ദ്ധനാണ്; അതൊന്നും മാറ്റിനിർത്തിയല്ല ഞാൻ പറയുന്നത്. പക്ഷേ, അദ്ദേഹം സ്വീകരിച്ച സമീപനം കേരളത്തിന് അനുയോജ്യമായിരുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. അധികാരമേറ്റ ആദ്യവർഷങ്ങളിൽ നിങ്ങൾ പറഞ്ഞത്, യു.ഡി.എഫ്. സർക്കാരിന്റെ നികുതി പിരിവിന്റെ കുഴപ്പംകൊണ്ടാണ് ഞങ്ങളുടെ സ്ഥിതി മോശമായതെന്നാണ്. അതിന്റെ പ്രതിവിധിയായി ഓരോ വർഷവും ലക്ഷ്യമിട്ടിട്ടുള്ള പ്രത്യേക ടാർജറ്റ് നിശ്ചയിച്ചു. 30% ടാക്സ് പിരിക്കണമെന്ന് പറഞ്ഞ് ഉദ്യോഗസ്ഥർക്ക് ടാർജറ്റ് നിശ്ചയിച്ചുകൊടുത്തു. എത്ര ശതമാനമാണ് കൊമേഴ്സ്യൽ ടാക്സിനത്തിൽ പിരിച്ചത്; അത് 10 ശതമാനത്തിൽ താഴെയായിരുന്നു. നികുതി പിരിവിൽ ഒരു വർദ്ധനവും വരുത്താൻ സാധിച്ചില്ല.

<u>ശ്രീമതി യു. പ്രതിഭ:</u> സർ, അങ്ങ് വളരെ സീനിയറായ അംഗമാണ്. അങ്ങ് പറയുന്ന ഓരോ കാര്യവും ഞങ്ങളിവിടെ കേട്ടുകൊണ്ടിരിക്കുകയാണ്. കടുത്ത സാമ്പത്തികസമ്മർദ്ദം നമ്മുടെ സമൂഹം അനുഭവിച്ചതുകൂടി പ്രസംഗത്തിൽ പറയുകയാണെങ്കിൽ സത്യസന്ധത നമുക്കുകൂടി ബോദ്ധ്യമാകും. പ്രവാസികൾ തിരികെവന്നു, കോവിഡുമൂലം തൊഴിലില്ലായ്മയുണ്ടായി. ടാക്സ് കളക്ഷനടക്കം സമ്മർദ്ദത്തിലാക്കി. കോവിഡുമൂലം ഗവൺമെന്റിന്റെ നികുതി വരുമാനവും നിന്നില്ലേ; ജനങ്ങൾക്കെല്ലാം പണംകൊടുക്കേണ്ട അവസ്ഥ വന്നില്ലേ? അപ്പോൾ അതുകൂടി ചേർത്ത്, കേന്ദ്രത്തിന്റെ നിലപാട് ഒന്നുകൂടി സ്ട്രെസ്സ്ചെയ്ത് പറഞ്ഞാൽ ഞങ്ങൾക്ക് സന്തോഷമാകും. കൂടാതെ, GST നിലവിൽവന്ന അവസരത്തിൽ ഇത്തരം സമ്മർദ്ദങ്ങൾ കുറയ്ക്കാൻ കോൺഗ്രസ് ഭരിക്കുന്ന മറ്റ് സംസ്ഥാനങ്ങളിൽ പ്രത്യേക നിലപാട് എടുത്തിരുന്നോ എന്നുകൂടി വ്യക്തമാക്കാമോ?

<u>ശ്രീ. രമേശ് ചെന്നിത്തല:</u> സർ, തീർച്ചയായും. രണ്ട് കാര്യങ്ങളാണ് ബഹുമാന്യയായ കായംകുളം എം.എൽ.എ. സൂചിപ്പിച്ചത്. ഞാൻ പറഞ്ഞത് കോവിഡിന്റെ പശ്ചാത്തലത്തിലുള്ള കാര്യമല്ല. ടാക്സ് കളക്ഷനിലെ പോരായ്മ ഉൾപ്പെടെ കോവിഡിനുമുമ്പുള്ള കാര്യങ്ങളാണ് ശ്രീ. വി. ഡി. സതീശനും അന്ന് സൂചിപ്പിച്ചത്. കോവിഡിനുമുമ്പ് എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ പറഞ്ഞത്, കെ. എം. മാണിയുടെ ഭരണകാലത്ത് ടാക്സ് പിരിവില്ലായിരുന്നതുകൊണ്ടാണ് പ്രതിസന്ധിയുണ്ടായതെന്നാണ്. റവന്യൂ കളക്ഷനും ഇല്ലായിരുന്നു. അത് പരിഹരിക്കാൻ നികുതി പിരിവിൽ 30 ശതമാനം വർദ്ധനവുണ്ടാക്കാൻ ടാർജറ്റും നിശ്ചയിച്ചുകൊടുത്തിരുന്നു. കോവിഡിനുമുമ്പുതന്നെ ലക്ഷ്യപ്രാപ്തിയിലെത്താൻ കഴിഞ്ഞില്ലെന്നാണ് ഞാൻ പറഞ്ഞത്. കോവിഡിനുശേഷം പ്രത്യേക സാഹചര്യം തന്നെയായിരുന്നു, അത് ഞാനും അംഗീകരിക്കുന്നു. കോവിഡിനുമുമ്പുതന്നെ ടാക്സ് കളക്ഷന്റെ കാര്യത്തിൽ ഗവൺമെന്റിന് അവധാനതയില്ലായിരുന്നുവെന്നത് വ്യക്തമായിത്തന്നെ ഞങ്ങൾ ഈ നിയമസഭയിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. കോൺഗ്രസ്സിന് ഒറ്റ നിലപാടേയുണ്ടായിരുന്നുള്ളൂ. ജി.എസ്.ടി. വരുന്നതിൽ കോൺഗ്രസിന് അനുകൂല നിലപാടായിരുന്നു. One nation-one tax-പക്ഷേ, അത് നടപ്പാക്കാൻ ധൃതിപിടിക്കേണ്ട കാര്യമില്ലായിരുന്നു. പ്രോപ്പറായ ഹോംവർക്ക് നടത്തണമായിരുന്നു; സംസ്ഥാനങ്ങളുടെ നികുതി ഘടനയിൽ മാറ്റം വരുത്തണമായിരുന്നു. VAT-ൽനിന്ന് പെട്ടെന്നൊരു മാറ്റമുണ്ടാകുമ്പോൾ അതിനനുസരിച്ച് സംസ്ഥാനങ്ങളെ എക്യൂപ് ചെയ്യണമായിരുന്നു. ശാസ്ത്രീയസമീപനം വേണ്ടിവരുമായിരുന്നു. ശ്രീ. നരേന്ദ്ര മോദിക്ക് അതൊന്നുമായിരുന്നില്ല, പെട്ടെന്ന് അത് നടപ്പിലാക്കണമെന്നുള്ള ലക്ഷ്യമാണുണ്ടായിരുന്നത്. അക്കാര്യത്തിൽ കോൺഗ്രസ് വ്യക്തമായ അഭിപ്രായം പറഞ്ഞിരുന്നു. ഞങ്ങൾ ജി.എസ്.ടി-യെ എതിർത്തില്ല. അന്ന് ശ്രീ. കെ. എൻ. ബാലഗോപാൽ രാജ്യസഭയിലുണ്ടായിരുന്നെന്ന് തോന്നുന്നു.

ശ്രീ. എച്ച്. സലാം: സർ, ബഹുമാനപ്പെട്ട കായംകുളം എം.എൽ.എ. ഉന്നയിച്ച ചോദ്യത്തിന് താങ്കൾ നേരെ തിരിച്ചാണ് ഉത്തരം പറഞ്ഞുകൊണ്ടിരിക്കുന്നത്. ജി.എസ്.ടി. നിലവിൽവന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് പ്രത്യേക മാറ്റം സ്ട്രക്ച്ചറലായി ഉണ്ടാക്കേണ്ടിയിരുന്നുവെന്നാണ് മുൻ പ്രതിപക്ഷനേതാവും ഇപ്പോഴത്തെ പ്രതിപക്ഷനേതാവും പറയുന്നത്. കോൺഗ്രസ് ഉൾപ്പെടെ ഭരിക്കുന്ന മറ്റ് സംസ്ഥാനങ്ങളിൽ എവിടെയെങ്കിലും അത്തരമൊരു വ്യത്യാസം ഉണ്ടാക്കിയിട്ടുണ്ടോയെന്നുള്ളതാണ് ചോദിച്ചത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, അക്കാര്യം ശ്രീ. വി. ഡി. സതീശൻ പറഞ്ഞല്ലോ.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, നേരത്തെ കായംകുളം അംഗം ചോദിച്ചതിൽ രണ്ട് കാര്യങ്ങളുണ്ട്. അന്ന് ജി.എസ്.ടി.-യിലേയ്ക്കുള്ള മാറ്റത്തെ എല്ലാവരും സ്വാഗതം ചെയ്തു. പക്ഷേ, ജി.എസ്.ടി. നടപ്പാക്കുന്ന കാര്യത്തിൽ കോൺഗ്രസ് ദേശീയ നേതൃത്വമെടുത്ത നിലപാട് ആദ്യം പൈലറ്റ് സ്കീമായി നടപ്പാക്കണമെന്നതാണ്. ധൃതിപിടിച്ച് നടപ്പാക്കരുതെന്ന നിലപാടാണ് അഖിലേന്ത്യാ കോൺഗ്രസ് കമ്മിറ്റിയും ഇന്ത്യയിലെ മുഴുവൻ കോൺഗ്രസ് സംസ്ഥാനങ്ങളും സ്വീകരിച്ചത്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി അന്നത്തെ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയുടെ കൂടെയിരുന്ന് അതിനെ പൂർണ്ണമായും സപ്പോർട്ട് ചെയ്യുകയായിരുന്നു. അദ്ദേഹം സദുദ്ദേശ്യത്തിലാണ് അങ്ങനെ ചെയ്തത്. ഞാൻ അദ്ദേഹത്തെ കുറ്റപ്പെടുത്തുന്നതല്ല; കേരളത്തിൽ ഏറ്റവും കൂടുതൽ നികുതി വരുമാനമുണ്ടാകുമെന്നുള്ള ധാരണയിലായിരുന്നു അതിനെ സപ്പോർട്ട് ചെയ്തത്. മാത്രമല്ല, പിന്നീടുവന്ന കാര്യങ്ങളിൽ കേന്ദ്രഗവൺമെന്റുമായി അഭിപ്രായ വ്യത്യാസം വന്നപ്പോൾ അന്നത്തെ പ്രതിപക്ഷനേതാവായിരുന്ന ശ്രീ. രമേശ് ചെന്നിത്തല മുൻകയ്യെടുത്ത്, ഇന്ത്യയിലെ കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളിലെ ധനകാര്യ വകുപ്പുമന്ത്രിമാരെ കോ-ഓർഡിനേറ്റ് ചെയ്ത്, നമ്മുടെ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയെയും തമ്മിൽ ബന്ധപ്പെടുത്തി നിരന്തരമായി ജി.എസ്.ടി. കൗൺസിലിൽ കേരള ഗവൺമെന്റും കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാന ഗവൺമെന്റുകളിലെ ധനകാര്യ വകുപ്പുമന്ത്രിമാരും കോൺഗ്രസ് നേതൃത്വത്തിന്റെ അറിവോടും പങ്കാളിത്തത്തോടും കൂടി ഒരുമിച്ച് ഒരു നിലപാടാണ് എടുത്തതെന്നത് ഓർമ്മയില്ലേ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ശ്രീ. എച്ച്. സലാം പറഞ്ഞത് മനസ്സിലായി. മറ്റെല്ലാ സംസ്ഥാനങ്ങളിലും പ്രാബല്യത്തിൽ വരുത്തിക്കഴിഞ്ഞു. നമ്മൾ വരുത്തിയില്ലെന്നതാണ് പ്രശ്നം. ബഹുമാനപ്പെട്ട സ്പീക്കർക്ക് അറിയാവുന്ന കാര്യമാണ്; അങ്ങ് പാർലമെന്റിലുണ്ടായിരുന്നതാണ്. ജി.എസ്.ടി. നടപ്പിലാക്കാനുള്ള ധൃതിപിടിച്ച നടപടികളുടെ ഫലമായിട്ടാണ് പല തരത്തിലുള്ള

പ്രതിസന്ധിയുമുണ്ടായത്. ഡോ. ടി.എം. തോമസ് ഐസക് അന്ന് എല്ലാ സംസ്ഥാനങ്ങളിലെയും ബി.ജെ.പി. ഇതര ധനകാര്യ വകുപ്പുമന്ത്രിമാരുമായും സംസാരിച്ചിരുന്നു. ലോട്ടറിയുടെ കാര്യത്തിൽ നമ്മൾ ഒരുമിച്ചുനിന്നു. അതുകഴിഞ്ഞ് പല വിഷയങ്ങളിലും ബി.ജെ.പി. ഇതര ധനകാര്യ വകുപ്പുമന്ത്രിമാരെ കോ-ഓർഡിനേറ്റ് ചെയ്യുന്നതിനുള്ള ശ്രമം നടത്തിയിരുന്നു. ജി.എസ്.ടി. നിലവിൽവരുന്ന സാഹചര്യം മനസ്സിലാക്കി അതിനുവേണ്ടിയുള്ള പ്രിപ്പറേഷൻ നടത്താൻ നമുക്ക് കഴിയാതെ പോയി എന്നുള്ളതാണ് ഇവിടത്തെ പ്രശ്നം. അതിന് തരാതരംപോലെ ഓരോ തൊടുന്യായങ്ങൾ കണ്ടെത്തി. പ്രളയംമൂലമാണ് ധനസ്ഥിതി വഷളായതെന്ന് ആദ്യം പറഞ്ഞു. ജി.എസ്.ടി. നടത്തിപ്പിൽ കേന്ദ്ര നയത്തിലെ പാളിച്ചകളാണ് മറ്റൊരു കാരണമായതെന്ന് പറഞ്ഞു. കോവിഡാണ് കാരണമെന്ന് ഇപ്പോൾ പറയുന്നു. സത്യത്തിൽ അതെല്ലാമുണ്ട്; ഇല്ലെന്ന് ഞാൻ പറയുന്നില്ല. അതെല്ലാം നമ്മുടെ സാമ്പത്തികമേഖലയെ ഗുരുതരമായി ബാധിച്ചിട്ടുണ്ട്. കോവിഡ് കേരളത്തെ മാത്രമല്ല ലോകം മുഴുവനും ബാധിച്ചിട്ടുണ്ട്. ആളുകളുടെ പർച്ചേയ്സിംഗ് പവർ കുറഞ്ഞിട്ടുണ്ട്; ആളുകളുടെ സാമ്പത്തിക പ്രതിസന്ധി വർദ്ധിച്ചിട്ടുണ്ട്. ഡോ. ടി. എം. തോമസ് ഐസക് ജി.എസ്.ടി-യുടെ കാര്യത്തിൽ അന്ന് അനുകൂല നിലപാടെടുത്തപ്പോൾ ശ്രീ. സീതാറാം യെച്ചൂരിയുടെ നിലപാട് വ്യത്യസ്തമായിരുന്നു. സി.പി.ഐ.(എം.)-ന്റെ പോളിറ്റ് ബ്യൂറോ എടുത്തത് വ്യത്യസ്ത നിലപാടാണ്. അതങ്ങേയ്ക്കും അറിയാമല്ലോ; പക്ഷേ, അന്ന് കേരളം പറഞ്ഞതെന്താണ്? സംസ്ഥാനത്തിന് കൂടുതൽ വരുമാനമുണ്ടാകുമെന്ന നിലപാടാണ് ഡോ. ടി. എം. തോമസ് ഐസക് സ്വീകരിച്ചത്. പിന്നീട് അദ്ദേഹത്തെ പാർട്ടി തിരുത്തിയോയെന്ന് എനിക്കറിയില്ല. കേരളത്തെ സംബന്ധിച്ചിടത്തോളം ജി.എസ്.ടി.കൊണ്ട് ഉദ്ദേശിച്ച പ്രയോജനമുണ്ടാകാതെ പോയി എന്നുള്ളതിന്റെ കാരണം കണ്ടെത്താൻ ഇപ്പോഴെങ്കിലും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തയ്യാറാകണം. അതിൽ തിരുത്തലുകൾ വരുത്തണം. ടാക്സ് സംവിധാനത്തിലാവശ്യമായ മാറ്റം വരുത്തി കൂടുതൽ പ്രയോജനമുണ്ടാക്കാനുള്ള നടപടികളാണ് സ്വീകരിക്കേണ്ടത്. അങ്ങേയ്ക്ക് അതിനുള്ള സമയമുണ്ട്. ധൂർത്ത്, അനാവശ്യച്ചെലവുകൾ എന്നിവ ഒഴിവാക്കുമെന്ന് ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞിരുന്നു. ധൂർത്തും അഴിമതിയും വികലമായ സാമ്പത്തികനയവും മൂലം സംസ്ഥാനം ഇന്ന് ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലകപ്പെട്ടിരിക്കുന്നു. ഇത്രയും ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയുള്ളപ്പോഴും ഹെലികോപ്റ്ററിന്റെ കാര്യത്തിൽ എന്തുകൊണ്ടാണ് ഇത്ര പിടിവാശി ബഹുമാനപ്പെട്ട മുഖ്യമന്ത്രി കാണിക്കുന്നത്? ....(ബഹളം).... ഹെലികോപ്റ്ററിൽ ഞാൻ പണ്ടും പോയിട്ടുണ്ട്. പാർട്ടിയിലായിരുന്നപ്പോൾ എം.എൽ.എ. ആകുന്നതിന് മുമ്പും പോയിട്ടുണ്ട്; അത് വേറെ കാര്യം. അടുത്ത തവണ

ശ്രീ. എ. എൻ. ഷംസീറിനെയും കൂടെക്കൊണ്ടുപോകാം. ഇവിടത്തെ പ്രശ്നമെന്താണ്? ഹെലികോപ്റ്ററിന് ഒന്നരക്കോടി രൂപ വാടക അല്ലെങ്കിൽ രണ്ടരക്കോടി രൂപ കൊടുക്കേണ്ടത് അത്ര അത്യാവശ്യമുള്ള കാര്യമാണോ? ആരാണ് ഇവിടെ ഹെലികോപ്റ്ററിൽ സഞ്ചരിക്കുന്നത്? അടിയന്തരഘട്ടത്തിൽ വേണമെങ്കിൽ അരമണിക്കൂറിനുള്ളിൽ നേവിയുടെ ഹെലികോപ്റ്റർ കിട്ടും. ഒരു കാര്യവുമില്ലാതെ എന്തിനാണ് വാടക കൊടുക്കുന്നത്? അനാവശ്യമായ ധൂർത്ത് ഒഴിവാക്കിയില്ല; കേരളത്തിന്റെ പൊതുകടം 2,96,916 കോടി രൂപയായി വർദ്ധിച്ചു. ആളോഹരി കടം 1,00,000 രൂപയായി വർദ്ധിച്ചു. 2016-ൽ എൽ.ഡി.എഫ്. പുറപ്പെടുവിച്ച ധവളപത്രത്തിൽ ഇപ്പോഴത്തെ ധനസ്ഥിതി ഇങ്ങനെ തുടർന്നാൽ, 2021 ആകുമ്പോൾ ശമ്പളം, പെൻഷൻ, വായ്പാതിരിച്ചടവ് എന്നിവ നിലയ്ക്കുമെന്ന് പറഞ്ഞു. അഞ്ചുവർഷത്തെ എൽ.ഡി.എഫ്. ഭരണത്തിന്റെ ധനസ്ഥിതി ആ നിലയിലേയ്ക്ക് എത്തിച്ചിരിക്കുന്നുവെന്നുള്ളതാണ് സത്യം.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് കോൺട്രിബ്യൂട്ടറി പെൻഷൻ കൊണ്ടുവരാൻ തീരുമാനിച്ചു. അന്ന് എൽ.ഡി.എഫ്. ശക്തമായെതിർക്കുകയും അധികാരത്തിൽ വന്നാൽ കോൺട്രിബ്യൂട്ടറി പെൻഷൻ സമ്പ്രദായം അവസാനിപ്പിക്കുമെന്ന് പറയുകയും ചെയ്തു. പ്രകടനപത്രികയിലും അത് വ്യക്തമാക്കി. കോൺട്രിബ്യൂട്ടറി പെൻഷൻ തുടരുമെന്നാണ് കഴിഞ്ഞദിവസം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, അത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് പ്രായോഗികജ്ഞാനമുള്ളതുകൊണ്ട് പറഞ്ഞതാണ്. കോൺട്രിബ്യൂട്ടറി പെൻഷൻ നിർത്താൻ കഴിയില്ല. രാജ്യസഭാംഗമായിരുന്നതുകൊണ്ട് അദ്ദേഹത്തിന് ഇത് അറിയാം. ഡോ. ടി. എം. തോമസ് ഐസക്കിന് അതില്ലാത്തതുകൊണ്ട് അദ്ദേഹത്തെ അടുത്ത ലോക്സഭയിലെങ്കിലും സ്ഥാനാർത്ഥിയാക്കുമെന്ന് ഞാൻ കരുതുകയാണ്. ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ പറഞ്ഞത് വസ്തുതാപരമാണ്. കോൺട്രിബ്യൂട്ടറി പെൻഷൻ കേരളത്തിൽ നിർത്താൻ കഴിയില്ല. സർവ്വീസ് സംഘടനകൾ ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കുന്നതല്ലാതെ ഡോ. ടി. എം. തോമസ് ഐസക് അതിന് കണ്ട ഉപായം എന്തായിരുന്നു? അന്ന് ശ്രീ. വി. ഡി. സതീശൻ നിയമസഭയിൽ ചോദിച്ചത് ഞാൻ ഓർക്കുന്നു. ഗവൺമെന്റിന്റെ കാലാവധി തീരുന്നതുവരെ കമ്മീഷന്റെ പ്രവർത്തനം ദീർഘിപ്പിച്ച് മുന്നോട്ടുകൊണ്ടുപോയി. അവസാനം കമ്മീഷൻ റിപ്പോർട്ട് കൊടുത്തോ ഇല്ലയോ എന്നെനിക്കറിയില്ല. അന്ന് ഡോ. ടി. എം. തോമസ് ഐസക്ക് ധവളപത്രത്തിൽ പറഞ്ഞ കാര്യങ്ങൾ ഇന്ന് നടപ്പാകുകയാണ്. ശമ്പള പരിഷ്കരണ കാര്യംതന്നെയെടുക്കാം. എയ്ഡഡ്

മേഖലയിലും പൊതുമേഖല, യൂണിവേഴ്സിറ്റികൾ തുടങ്ങിയ സ്ഥാപനങ്ങളിലും ശമ്പള പരിഷ്കരണം നടപ്പാക്കാൻ കഴിയാത്തത് സംസ്ഥാനത്തെ സാമ്പത്തികസ്ഥിതിയുടെ ഗൗരവാവസ്ഥ ബോദ്ധ്യപ്പെടുത്തുന്ന കാര്യമാണ്. വാട്ടർ അതോറിറ്റി ജീവനക്കാരുടെ ഈ മാസത്തെ പെൻഷൻ തുക വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഇതുമാത്രമല്ല, ഇനിയും ധാരാളം ഉദാഹരണങ്ങളുണ്ട്, ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയുള്ളതുകൊണ്ട് ശമ്പളപരിഷ്കരണത്തിലെ അപാകതകൾപോലും പരിഹരിച്ച് നടപ്പാക്കാൻ കഴിയുന്നില്ല. വിവിധ ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളിൽ, സ്വയംഭരണ സംവിധാനങ്ങളിൽ ശമ്പള പരിഷ്കരണം നടപ്പാക്കാൻ കഴിയുന്നില്ല. ഗുരുതര സാമ്പത്തികപ്രതിസന്ധി നേരിടുന്നു വെന്നുള്ളതിന്റെ ഉദാഹരണങ്ങളാണ് ഇതെല്ലാം. 2020-21-ൽ കേരളത്തിലെ ധനപ്രതിസന്ധി രൂക്ഷമായിരുന്നു. റവന്യൂകമ്മി മുൻവർഷത്തേക്കാൾ 60 ശതമാനം വർദ്ധിച്ച് 2,32,56 കോടി രൂപയായി. ധനകമ്മി 60 ശതമാനമായി വർദ്ധിച്ച് 38,190 കോടി രൂപയായി. 2020-21-ൽ നികുതി വരുമാനം 11 ശതമാനമായി കുറഞ്ഞു. നികുതിയേതര വരുമാനം 40 ശതമാനമായി കുറഞ്ഞു. കേന്ദ്രത്തിന്റെ ഗ്രാന്റിൽ 2019-20-ൽ 11,235 കോടി രൂപയുടെയും 2020-21-ൽ 31,049 കോടി രൂപയുടെയും വർദ്ധനവുണ്ടായതിനാൽ ട്രഷറി സ്തംഭനമുണ്ടായില്ല. ഇല്ലെങ്കിൽ ട്രഷറി അടച്ചുപൂട്ടേണ്ടിവരുമായിരുന്നു; കഷ്ടിച്ച് രക്ഷപ്പെടുകയാണുണ്ടായത്. ഇതിനെയാണ് സർക്കാരിന്റെ മികച്ച ധനകാര്യ മാനേജ്മെന്റായി ഇലക്ഷൻ സമയത്ത് അവതരിപ്പിച്ചത്. വാസ്തവം അതായിരുന്നില്ല, സാമ്പത്തികത്തകർച്ച ആ കാലഘട്ടത്തിലും കേരളം നേരിടുകയായിരുന്നു. 176 ശതമാനം വർദ്ധനവാണ് കേന്ദ്ര ഗ്രാന്റ്-ഇൻ-എയ്ഡ് ഇനത്തിൽ സർക്കാരിന് ലഭിച്ചത്. അതുകൊണ്ടായിരിക്കാം ശ്രീ. പിണറായി വിജയനും എൽ.ഡി.എഫ്. ഗവൺമെന്റും ഒരുകാലത്തും കേന്ദ്ര ഗവൺമെന്റിനെ വിമർശിക്കാത്തത്. ശ്രീ. നരേന്ദ്ര മോദിയുടെയും ശ്രീ. അമിത് ഷായുടെയും പേര് അദ്ദേഹം പറയില്ല. കാരണം, കേന്ദ്ര സർക്കാരിന്റെ സഹായം അദ്ദേഹത്തിന് എല്ലാ ഘട്ടങ്ങളിലും വാരിക്കോരി ലഭിച്ചിട്ടുണ്ട്; വ്യക്തിപരമായും അല്ലാതെയും. ഇത് ഞാൻ പറയുന്നതല്ല, സെക്രട്ടേറിയറ്റിന്റെ ഇടനാഴികളിലുള്ള സംസാരമാണ്. സർക്കാരിന്റെ മൊത്തം ചെലവ് 2019-20-ൽ 1,14,383 കോടി രൂപയും 2020-21-ൽ 1,32,608 കോടി രൂപയുമാണ്. ധൂർത്തിന്റെയും കെടുകാര്യസ്ഥതയുടെയും നേർചിത്രമാണ് ഈ കണക്കുകൾ കാണിക്കുന്നത്. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ വിലയിരുത്തൽ പ്രകാരം, തകർന്ന സാമ്പത്തികസ്ഥിതിയുള്ള സംസ്ഥാനങ്ങളിൽ പശ്ചിമ ബംഗാളിന് പിന്നിലായി രണ്ടാമതാണ് കേരളത്തിന്റെ സ്ഥാനം. ആയതിനാൽ അഞ്ച് വർഷത്തേയ്ക്ക് 37,814 കോടി രൂപയുടെ ഗ്രാന്റ് കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. ഈ കണക്കുകളും ഇപ്രകാരം ലഭിക്കുന്ന ഗ്രാന്റും സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഒട്ടും ശുഭസൂചകമല്ലെന്ന് മാത്രമാണ് എനിക്ക് ഈ സന്ദർഭത്തിൽ പറയാനുള്ളത്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഈ നിലപാടുകളെക്കുറിച്ചൊക്കെ പറയുന്ന കൂട്ടത്തിൽ അങ്ങ് വിസ്മരിച്ചുപോയ ഒരു കാര്യമുണ്ട്. ജി.എസ്.ടി.-യുടെ divisible pool-ൽനിന്ന് നമുക്ക് കിട്ടാനുള്ള ഫണ്ട് കുറഞ്ഞുവരികയാണ്. കേന്ദ്ര ഗവണ്മെന്റെടുക്കുന്ന ഓരോ നിലപാടും സംസ്ഥാനത്തിന് ദോഷകരമായി വരികയാണ്.

മി. സ്പീക്കർ: അദ്ദേഹം പ്രസംഗത്തിന്റെ കൺക്ലൂഷനിലേയ്ക്ക് എത്തുമ്പോഴാണ് അങ്ങ് ഇടപെട്ടത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങനെയുള്ള നയങ്ങളെ ഞങ്ങൾ എതിർത്തിട്ടുണ്ട്. ശ്രീ. കെ. എൻ. ബാലഗോപാലിനൊപ്പം നിന്നുകൊണ്ട് എതിർക്കാൻ ഞങ്ങൾ ഇനിയും തയ്യാറാണ്. അക്കാര്യത്തിൽ സംശയമൊന്നും വേണ്ട. പണ്ടും ഞങ്ങൾ എതിർത്തിട്ടുണ്ട്, ഇപ്പോഴും എതിർക്കുന്നുണ്ട്. സംസ്ഥാനത്തിന്റെ അഞ്ച് മാസത്തെ റവന്യൂ വരുമാനം 35,804 കോടി രൂപയാണ്. അതിൽ മുപ്പത്തിമൂന്ന് ശതമാനം, അതായത് 11,720 കോടി രൂപ കേന്ദ്ര ഗ്രാന്റായി ലഭിച്ചതാണ്. 2020-21 സാമ്പത്തിക വർഷത്തിൽ മാത്രം കേരളത്തിന്റെ കടം 38,189 കോടി രൂപയാണ്. കിഫ്ബിയിൽ മസാല ബോണ്ടിലൂടെ വായ്പയെടുത്ത് പദ്ധതികൾ ആരംഭിക്കുന്നതിന് മുമ്പുതന്നെ പലിശ കൊടുത്തുകൊണ്ടിരിക്കുകയായിരുന്നു. പ്രോജക്ടുകൾ ഇംപ്ലിമെന്റ് ചെയ്യുന്നതിന് മുമ്പുതന്നെ തിരിച്ചടവ് തുടങ്ങി. കൂടിയ പലിശയ്ക്ക് വായ്പയെടുത്ത് കുറഞ്ഞ പലിശയ്ക്ക് ആക്സിസ് ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്യുകയാണ്.

ശ്രീ. പി. കെ. ബഷീർ: സർ, മസാല ബോണ്ടിൽനിന്ന് പലിശയ്ക്കെടുത്ത പണത്തെക്കാൾ കുറഞ്ഞ പലിശയ്ക്കാണ് സ്വകാര്യ ബാങ്കിൽ ആ പണം ഡെപ്പോസിറ്റ് ചെയ്തതെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, നിരവധി തവണ ഈ സഭയിൽ ചർച്ച ചെയ്തിട്ടുള്ള കാര്യമാണിത്. 9.8 ശതമാനം പലിശയ്ക്കെടുക്കുന്നു, ഏഴ് ശതമാനത്തിന് ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്യുന്നു. ഇതാണോ മികച്ച ധനകാര്യ മാനേജ്മെന്റ്? കുറഞ്ഞ പലിശയ്ക്ക് ഇന്റർനാഷണൽ മാർക്കറ്റിൽ ലോൺ ലഭ്യമായിരിക്കെ അത് വാങ്ങാതെയാണ് മസാല ബോണ്ടിന്റെ പിന്നാലെ പോയത്. ഇപ്പോഴത്തെ സ്ഥിതിയെന്താണ്? പ്രോജക്ടുകൾ ഇംപ്ലിമെന്റ് ചെയ്യുന്നതിന് മുമ്പുതന്നെ ഈ വായ്പകളൊക്കെ തിരിച്ചടച്ചുകൊണ്ടിരിക്കുകയാണ്. ഏഷ്യാനെറ്റ് ചാനലിൽ കഴിഞ്ഞ കുറേ ദിവസങ്ങളായി പൊതുകടത്തിന്റെ സ്ഥിതി വിവരക്കണക്കുകൾ വരുന്നുണ്ട്. കേരളം എങ്ങോട്ടാണ് പോകുന്നതെന്ന് അവർ വ്യക്തമായി സൂചിപ്പിക്കുന്നുണ്ട്. ഇതുപോലെ സംസ്ഥാനത്തിന് മുന്നോട്ടുപോകാൻ കഴിയുമോ? 2014-ൽ സംസ്ഥാനത്തിന്റെ പൊതുകടം 1,57,429 കോടി രൂപയായിരുന്നു. 2021 മാർച്ച് 31-ലെ കണക്കുപ്രകാരം കേരളത്തിന്റെ പൊതുകടം

2,96,916 കോടി രൂപയായി വർദ്ധിച്ചു. ഇ.എം.എസ്. മുതൽ ശ്രീ. ഉമ്മൻ ചാണ്ടി വരെയുള്ള മുഖ്യമന്ത്രിമാർ കേരളം ഭരിച്ച കാലഘട്ടത്തിൽ എടുത്തതിന്റെ ഇരട്ടി കടമാണ് അഞ്ച് വർഷംകൊണ്ട് ഡോ. ടി. എം. തോമസ് ഐസക്കും ശ്രീ. പിണറായി വിജയനുംകൂടി സംസ്ഥാനത്ത് ഉണ്ടാക്കിവച്ചതെന്നത് കേരളം ഗൗരവമായി കാണേണ്ട കാര്യംതന്നെയാണ്. സംസ്ഥാനത്ത് ശ്രദ്ധേയമായ ഏതെങ്കിലും ഒരു മെഗാ പ്രോജക്ട് നടപ്പാക്കിയോ? 'കടമെടുക്കാതെ പദ്ധതി നടപ്പാക്കാൻ പറ്റുമോ' എന്ന് ഡോ. ടി. എം. തോമസ് ഐസക് അന്ന് പറയുമായിരുന്നു. അഞ്ച് വർഷംകൊണ്ട് ഏതെങ്കിലും ഒരു മെഗാ പ്രോജക്ട് ഗവൺമെന്റിന് സ്വന്തമായി നടപ്പാക്കാൻ കഴിഞ്ഞോ? ഇത്രയും വലിയ കടബാദ്ധ്യത സർക്കാർ വരുത്തിവച്ച ഈ അവസരത്തിൽ ഇത് പ്രത്യേകം ഓർമ്മിക്കേണ്ട ഒരു കാര്യമാണ്. 2020-21-ലെ മൊത്തം റവന്യൂകമ്മി 23,286 കോടി രൂപയാണ്. 2021 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെ അഞ്ച് മാസത്തെ കാലയളവിൽ ധനകമ്മി 34,687 കോടി രൂപയിൽ എത്തിനിൽക്കുകയാണ്. ഇനിയുള്ള ഏഴ് മാസങ്ങളിലെ കണക്കുകൾകൂടി പരിഗണിക്കുമ്പോൾ സംസ്ഥാനത്തിന്റെ ധനകമ്മി പെട്രോൾവില വർദ്ധനവ് പോലെ പുതിയ റെക്കോർഡുകൾ താണ്ടും എന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. ഈയടുത്തകാലത്ത് സംസ്ഥാന സർക്കാരിന്റെ ഒരു ധനകാര്യ സ്ഥാപനത്തിന്റെ പരസ്യവാചകം എന്റെ ശ്രദ്ധയിൽപ്പെട്ടു. സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന സാധാരണക്കാരുടെ സാമ്പത്തിക വാക്സിനായി പ്രസ്തുത സ്ഥാപനം പുറത്തിറക്കിയ പുതിയ ചിട്ടികളെക്കുറിച്ചായിരുന്നു ആ പരസ്യം. സത്യത്തിൽ സാമ്പത്തിക പ്രതിസന്ധി കാരണം വെന്റിലേറ്ററിൽ കഴിയുന്ന ഈ സർക്കാരിനാണ് വാക്സിൻ ആവശ്യമുള്ളത്. അതിന് പറ്റിയ ഏറ്റവും പുതിയ ഏതെങ്കിലുമൊരു ഒറ്റമൂലി കണ്ടുപിടിക്കാനുള്ള ശ്രമമാണ് സത്യത്തിൽ സർക്കാർ നടത്തേണ്ടത്. നോബൽ സമ്മാനം കിട്ടിയ ഒരു വ്യക്തിയെക്കുറിച്ചുള്ള വാർത്തകൾ പുറത്തുവന്നു. ശരീരത്തിൽ ചൂടും തണുപ്പും വരുന്നതിനെ സംബന്ധിച്ച കണ്ടുപിടുത്തത്തിനാണ് നോബൽ സമ്മാനം ലഭിച്ചത്. അതുപോലെ ഇതിലും ഒരു കണ്ടുപിടുത്തം അനിവാര്യമാണെന്ന് ഞാൻ കരുതുന്നു. ഒറ്റമൂലി കണ്ടെത്തേണ്ടത് ആവശ്യമാണ്. തൊലിപ്പുറത്തെ ചികിത്സകൊണ്ടോ കൺകെട്ട് വിദ്യകൊണ്ടോ ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടുള്ള ജി.എസ്.ടി. ഭേദഗതികൊണ്ടോ കേരളത്തിന്റെ ധനസ്ഥിതിയിൽ ഒരു മാറ്റവും വരാൻ പോകുന്നില്ല. കേരളം കടക്കെണിയിൽപ്പെട്ടുഴലുന്ന ഒരു സാഹചര്യമാണിന്നുള്ളത്. ഇതിൽനിന്ന് രക്ഷപ്പെടുത്താൻ ശ്രീ. കെ. എൻ. ബാലഗോപാലിന് മാന്ത്രികവടിയൊന്നുമില്ല. യാഥാർത്ഥ്യബോധത്തോടെയുള്ള സമീപനം ഗവൺമെന്റ് സ്വീകരിക്കുമോ എന്നുള്ളതാണ് ചോദ്യം. ഈ പ്രമേയം നിരാകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: ശ്രീ. പി. കെ. ബഷീറിന് പ്രസ്തുത പ്രമേയത്തെ പിന്താങ്ങി സംസാരിക്കാവുന്നതാണ്.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. ശ്രീ. രമേശ് ചെന്നിത്തല വിശദമായിത്തന്നെ ജി.എസ്.ടി-യെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. 2017 ജൂലൈ 1-നാണ് ഏകീകൃത നികുതി സംവിധാനമായി പതിനേഴ് തരം നികുതികൾ സംയോജിപ്പിച്ച് ചരക്കുസേവന നികുതി നമ്മുടെ രാജ്യത്ത് നടപ്പിലാക്കിയത്. ജി.എസ്.ടി. നടപ്പിലാക്കി നാല് വർഷം പിന്നിടുമ്പോൾ നമ്മുടെ സംസ്ഥാനത്തിന്റെ വരുമാനത്തെ സംബന്ധിച്ച് ആത്മപരിശോധന നടത്തണം. ജി.എസ്.ടി. നടപ്പിലായാൽ ഏറ്റവുമധികം ബെനിഫിറ്റ് ലഭിക്കുന്ന, അയ്യായിരം കോടി രൂപ കൂടുതൽ വരുമാനം ലഭിക്കുന്ന സംസ്ഥാനം കേരളമായിരിക്കുമെന്നാണ് അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞത്. ജി.എസ്.ടി. ഡെസ്റ്റിനേഷൻ ബേസ്ഡായ നികുതിയാണ് എന്നതിനാൽ ഉപഭോഗ സംസ്ഥാനങ്ങൾക്ക് കൂടുതൽ ബെനിഫിറ്റ് ഉണ്ടാകുമെന്നായിരുന്നു അദ്ദേഹം അന്ന് പറഞ്ഞിരുന്നത്. ജി.എസ്.ടി. ഫിസ്കൽ ഫെഡറലിസം സംവിധാനത്തിന് വെല്ലുവിളി ഉയർത്തുകയാണെന്നും സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്ഥിതിയെത്തന്നെ ബാധിക്കുന്നതായി മാറുമെന്നുമുള്ള ഉൾക്കാഴ്ചയോ ദീർഘ വീക്ഷണമോ ഡോ. ടി. എം. തോമസ് ഐസക്കിന് ഇല്ലായിരുന്നു. അദ്ദേഹം വാചാലമായി കാര്യങ്ങൾ പറയും. എന്തൊക്കെയാണ് ഇവിടെ പറഞ്ഞിരുന്നത്? ശ്രീ. രമേശ് ചെന്നിത്തല സൂചിപ്പിച്ചതുപോലെ എന്തെങ്കിലുമൊരു മെഗാ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയോ? ഇല്ലല്ലോ. അന്ന് ഞാൻ പറഞ്ഞതാണ്, സലാം കൊടിയത്തൂരിന്റെ കഥാപാത്രമായ ഗൾഫിൽനിന്ന് കത്തയയ്ക്കുന്ന ലീക്ക് ബീരാന്റെ മാതിരിയാണ് ഒരുപാട് സ്വപ്നങ്ങൾകണ്ട് വാഴുന്നത്. 2021-22-ലെ ബഡ്ജറ്റ് ഫെബ്രുവരി മാസത്തിൽ അവതരിപ്പിച്ചിരുന്നു. ഇപ്പോൾ പുതുക്കിയ ബഡ്ജറ്റാണല്ലോ അവതരിപ്പിച്ചിരിക്കുന്നത്. പഴയ ബഡ്ജറ്റുംകൂടി വായിക്കണമെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് എനിക്ക് പറയാനുള്ളത്. ഏതെല്ലാം പദ്ധതികളാണ് നടപ്പിലായത് എന്നതുകൂടി പറയണം. സംസ്ഥാനങ്ങളിൽനിന്ന് ഉൽപ്പന്നങ്ങൾക്ക് കിട്ടുന്ന ഐ.ജി.എസ്.ടി. (ഇന്റഗ്രേറ്റഡ് ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ്) ഇനത്തിലും കൂടുതൽ തുക നമുക്ക് ലഭിക്കുമെന്നായിരുന്നു അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിരുന്നത്. ഇപ്പോഴത്തെ ഐ.ജി.എസ്.ടി. കണക്കുകൾ പരിശോധിക്കുമ്പോൾ കേരളത്തിന്റെ സ്ഥിതി നിരാശാജനകമാണ്. വ്യാപകമായ നികുതി വെട്ടിപ്പ് നടക്കുന്നില്ലേ; ഇ-വേ ബിൽ സംവിധാനം വിജയകരമായി നടപ്പിലാക്കാൻ നമുക്ക് കഴിഞ്ഞോ? കേന്ദ്ര ഗവൺമെന്റ് വരുത്തുന്ന മാറ്റങ്ങൾക്കനുസൃതമായി ജി.എസ്.ടി. നോട്ടിഫിക്കേഷനിൽ മാറ്റം

വരുത്തേണ്ടതില്ലേ? ഇതുപോലെ ആയിരത്തിനടുത്ത് മാറ്റങ്ങൾ കേന്ദ്ര ഗവൺമെന്റ് വരുത്തി. സംസ്ഥാന സർക്കാർ എത്ര മോഡിഫിക്കേഷൻ വരുത്തി? അതൊന്ന് പറയണം. ഇൻകം ടാക്സ് റിട്ടേൺ ഫയൽ ചെയ്യാനുള്ള വെബ്സൈറ്റിൽ വന്ന പിടിപ്പുകേട് തന്നെയാണ് ജി.എസ്.ടി.-യുടെ വെബ്സൈറ്റിലും ഉള്ളതെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? നികുതി പിരിവ് നടക്കാത്തതിന്റെ കാരണമെന്താണ്? കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുണ്ടാകാവുന്ന വീഴ്ച എന്തുകൊണ്ട് സംസ്ഥാന സർക്കാരിന് ബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞില്ല? പെട്രോളിന്റെ നികുതി കുറയ്ക്കാൻ ജി.എസ്.ടി-യിൽ ഉൾപ്പെടുത്താമെന്ന് കേന്ദ്രം പറഞ്ഞപ്പോൾ അങ്ങ് കേട്ടില്ലല്ലോ. 1982-1987 കാലഘട്ടത്തിൽ കെ. കരുണാകരൻ കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്ന സമയത്ത് പെട്രോളിനോ, ഡീസലിനോ ലിറ്ററിന് ഒരു രൂപ വർദ്ധിപ്പിക്കുമ്പോഴോ ബസ്സിന് ഒരു ഫെയർ സ്റ്റേജിന് പത്ത് പൈസ വർദ്ധിപ്പിക്കുമ്പോഴോ ഡി.വൈ.എഫ്.ഐ-യും സി.പി.ഐ.(എം.)യും സമരം ചെയ്തിരുന്നു. പെട്രോളിന്റെ വില നൂറ് രൂപയായിട്ടും കേന്ദ്ര സർക്കാർ അതിന്റെ ടാക്സ് കുറച്ചാൽ ഇരുപത്തിയഞ്ച് രൂപ ലിറ്ററിന് കുറയുമെന്ന് പറഞ്ഞപ്പോൾ അദ്ധ്വാനിക്കുന്ന തൊഴിലാളി വിഭാഗത്തിന്റെ പാർട്ടി എവിടെപ്പോയി; പ്രതികരണശേഷി നഷ്ടപ്പെട്ടോ? നിങ്ങൾക്ക് അധികാരമുണ്ടായിട്ടും അതിനെ സപ്പോർട്ട് ചെയ്തോ? എല്ലാ ധനകാര്യ വകുപ്പുമന്ത്രിമാരെയുംകൂട്ടി അത് കുറയ്ക്കാൻ പാടില്ല എന്നുപറഞ്ഞ അങ്ങ് ഡി.വൈ.എഫ്.ഐ.-യുടെ നേതാവാണെന്ന കാര്യം ഓർക്കണമെന്നാണ് പറയാനുള്ളത്. നിങ്ങൾ പറയുന്നതൊന്നും പ്രവർത്തിക്കുന്നത് വേറൊന്നുമാണ് എന്നതാണ് ഇതിൽനിന്ന് മനസ്സിലാകുന്നത്. നിങ്ങൾ എത്ര ബസ്സിന് കല്ലെറിഞ്ഞിട്ടുണ്ട്? ...(ബഹളം)... ശ്രീ. എ. എൻ. ഷംസീർ അന്ന് ജനിച്ചിട്ടില്ല. ആ കാലത്തുണ്ടായിരുന്ന കാര്യങ്ങളെക്കുറിച്ച് പഠിക്കണം. അന്ന് നിങ്ങൾ എന്തൊക്കെയാണ് ഇവിടെ ചെയ്തിരുന്നത്? എത്ര അക്രമങ്ങൾ നടത്തിയിരുന്നു. ഇപ്പോൾ നികുതി വരുമാനത്തിൽ ഗണ്യമായ കുറവ് വന്നിരിക്കുകയാണ്. ഡോ. ടി. എം. തോമസ് ഐസക് ഇവിടെയില്ല, എന്നാലും ഞാൻ പറഞ്ഞതെല്ലാം അദ്ദേഹത്തോട് പറഞ്ഞുകൊടുക്കണം. അദ്ദേഹത്തിന്റെ ഉപദേശകർക്ക് വന്ന പിഴവ് എന്താണെന്നുള്ളത് സംബന്ധിച്ച് ഒരു ധവളപത്രമിറക്കണം. ഇപ്പോൾ സജീവ രാഷ്ട്രീയത്തിൽനിന്നും ഏതാണ്ട് വിരമിച്ചതോ അതോ വിരമിപ്പിച്ചതോ ആയ ഡോ. ടി. എം. തോമസ് ഐസക് ജനകീയാസൂത്രണ സമയത്ത് പഞ്ചായത്തുകൾക്ക് വിഭവ ഭൂപടമുണ്ടാക്കിയതും പാലം നിർമ്മിച്ചതുമൊക്കെ നിങ്ങൾ ഫെയ്സ്ബുക്ക് പോസ്റ്റിട്ടല്ലോ; എന്നാൽ ഇതിനെക്കുറിച്ച് ഒരു ഫെയ്സ്ബുക്ക് പോസ്റ്റ് ഇടണ്ടേ? ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട് അദ്ദേഹത്തിനുവന്ന അപാകതകളും അത് കാര്യക്ഷമമായി സംസ്ഥാനത്ത് നടപ്പിലാക്കാത്തതിലുണ്ടായ പിഴവുകളും കാര്യകാരണ സഹിതം

ജനങ്ങൾക്ക് മുൻപാകെ പറയണം. അപ്പോഴല്ലേ കാര്യങ്ങൾ നടക്കുകയുള്ളൂ. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, അങ്ങയുടെ കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞത്, നികുതി വകുപ്പിന്റെ കണക്കനുസരിച്ച് 13,000 കോടി രൂപയുടെ നികുതി പിരിഞ്ഞുകിട്ടാനുണ്ടെന്നാണ്. അതിൽ പിരിച്ചെടുക്കാൻ സാധിക്കാത്തത് 400 കോടി രൂപയും വ്യാപാരം അവസാനിച്ചതും ജി.എസ്.ടി. നിയമത്തിന്റെ കീഴിലല്ലാത്തതുമായത് 5,000 കോടി രൂപയും വ്യവഹാരങ്ങളിൽ ഉൾപ്പെട്ടത് 4,500 കോടി രൂപയും പിരിച്ചെടുക്കാൻ യാതൊരു തടസ്സവുമില്ലാത്തത് 13,000 കോടി രൂപയുമാണ്. ഇക്കാര്യം അങ്ങ് ഈ സഭയിൽ പറഞ്ഞതു തന്നെയാണ്. അപ്പോൾ നിങ്ങൾ എന്താണ് ചെയ്തത്? പുതുക്കിയ ആംനെസ്റ്റി സ്കീം പ്രഖ്യാപിച്ചു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഈ കാര്യങ്ങളെക്കുറിച്ച് പല പ്രാവശ്യം വിശദമായി പറഞ്ഞിട്ടുള്ളതാണ്. അങ്ങ് അന്ന് എന്താണ് പറഞ്ഞത്? മുൻ വർഷങ്ങളിലുള്ള പലിശയും പിഴപ്പലിശയും പൂർണ്ണമായി ഒഴിവാക്കി ഒറ്റത്തവണ തീർപ്പാക്കുമ്പോൾ കുടിശ്ശികയുടെ 60 ശതമാനവും തവണ വ്യവസ്ഥയിലാണെങ്കിൽ 50 ശതമാനവും ലഭിക്കുമെന്ന് പറഞ്ഞു. അതുപോലെ നികുതിനിർണ്ണയ ഡിമാൻഡ് നോട്ടീസ് നൽകിയശേഷമുള്ള എല്ലാ പേമെന്റുകളും നികുതി കുടിശ്ശികയിലേയ്ക്ക് വരവുവച്ച് കൊടുക്കുമെന്നും പറഞ്ഞു. ഇതിന്റെ അവസാനത്തെ ഓപ്ഷൻ കഴിഞ്ഞ ആഗസ്റ്റ് 31-നായിരുന്നു. 58176 കുടിശ്ശിക കേസ്സുകളിൽ 21-7.2020 വരെ 6919 പേർ മാത്രമാണ് ഓപ്ഷൻ സമർപ്പിച്ചത്. എന്താണ് ഈ സ്കീം? ഇത് നടപ്പിലാകില്ല. ഇതിന്റെ അപാകതകൾ എന്താണ്? അതിനുള്ള കാരണങ്ങൾ പരിശോധിക്കാൻ നികുതി വകുപ്പ് തയ്യാറാകണം. ഇത്രയും ഇളവ് പ്രഖ്യാപിച്ചിട്ടും വ്യാപാരികൾ മുന്നോട്ടുവരാൻ തയ്യാറാകുന്നില്ലെങ്കിൽ നികുതി വകുപ്പിന്റെ കൈവശമുള്ള കുടിശ്ശികത്തുകയ്ക്ക് കാരണഹേതുവായിട്ടുള്ള നികുതി നിർണ്ണയത്തിലുള്ള വ്യാപകമായ പാകപ്പിഴവാണ് എന്നുള്ളത് നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടോ? അതാണ് ഇതിന്റെ കാരണം. കച്ചവടക്കാർ മുന്നോട്ടുവരില്ല. ഇതൊരു വൺ ടൈം സെറ്റിൽമെന്റാണോ? 1987-ൽ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. ടി. ശിവദാസമേനോൻ ഇതിന് സമാനമായ ആംനെസ്റ്റി സ്കീം പ്രഖ്യാപിച്ചിരുന്നതാണ്. ഞാൻ അതിന്റെ ഗുണഭോക്താവാണ്. അന്ന് അതൊരു പ്രായോഗിക സമീപനമായിരുന്നു. അന്ന് പ്രഖ്യാപിച്ച ആംനെസ്റ്റി സ്കീമിനെക്കുറിച്ച് പഠിക്കണം. അങ്ങ് ചെറുപ്പമല്ലേ, ശ്രീ. വി. എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രി ആയിരുന്നപ്പോൾ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന ആളല്ലേ അങ്ങ്? അങ്ങ് അക്കാര്യം പഠിക്കണം. ഒരുപാട് കാലമായി കിട്ടാത്ത നികുതിക്ക് പലിശയും പിഴപ്പലിശയും ഒഴിവാക്കി ഒറ്റത്തവണ തീർപ്പാക്കൽ മുന്നോട്ടുവച്ചു. 20 ലക്ഷം രൂപ അടയ്ക്കാനുള്ള ആൾ 5 ലക്ഷം രൂപ അടച്ചാൽ മതിയെന്നുപറഞ്ഞു. കിട്ടുന്ന പണമെങ്കിലും കിട്ടുമല്ലോ? അങ്ങനെയുള്ള ഒരു സംവിധാനംകൂടി ഉണ്ടാകണം.

നിങ്ങളെ പറഞ്ഞിട്ട് കാര്യമില്ല, നിങ്ങളുടെ പാർട്ടിക്ക് ചർച്ച മാത്രമേയുള്ളൂ, തീരുമാനങ്ങളില്ല. അതാണ് നിങ്ങളുടെ ഏറ്റവും വലിയ പ്രശ്നം. അത്തരത്തിൽ 60% നികുതി ഇളവ് നൽകിയിട്ടും എന്തുകൊണ്ടാണ് അത് നടക്കാത്തത്; ഇതിന് എന്ത് ചെയ്യാൻ സാധിക്കും? എന്റെ അഭിപ്രായത്തിൽ കഴിയുമെങ്കിൽ അങ്ങ് പരിഗണിക്കണം. കോടതിയിൽ കേസ്സുണ്ടെങ്കിലും ഒരു ഫാസ്റ്റ് ട്രാക്ക് ടീമിനെ നിയോഗിച്ച് നികുതി നിർണ്ണയത്തിലെ അപാകത പുനഃപരിശോധിച്ച് ഒരു അദാലത്തിലൂടെ ഒത്തുതീർപ്പുണ്ടാക്കണം. അങ്ങനെയാണെങ്കിൽ കുറേയധികം തുക തിരിച്ചുകിട്ടും. അന്നത്തെക്കാലത്ത് അങ്ങനെയാണ് ചെയ്തിരുന്നത്. 20 ലക്ഷം രൂപ അടയ്ക്കാനുള്ളയാൾ മരണപ്പെട്ടെങ്കിൽപ്പോലും അയാളുടെ മക്കൾ ഇത്തരത്തിൽ ഒറ്റത്തവണ തീർപ്പാക്കലിലൂടെ തുക അടയ്ക്കും. ഒരു ഫാസ്റ്റ് ട്രാക്ക് ടീമിനെ നിയോഗിച്ചാൽ 90% കേസ്സുകളും തീർപ്പാക്കാൻ സാധിക്കും. ബാക്കിയുള്ള കാര്യങ്ങൾ ഞാൻ അങ്ങയോട് സ്വകാര്യമായി പറഞ്ഞുതരാം. 2005-നുശേഷം പ്രൊഫഷണൽ ടാക്സിന്റെ സ്ലാബ് പുതുക്കി നിശ്ചയിച്ചിട്ടില്ല. ഏറ്റവും കുറഞ്ഞ ശമ്പളമായ 23,000 രൂപ വാങ്ങുന്ന പാർട്ട്ടൈം സ്വീപ്പറും ഉയർന്ന ശമ്പളമായ 1,07,800 രൂപ വാങ്ങുന്ന സെക്രട്ടറിയും രണ്ടുപ്രാവശ്യമായി 2,500 രൂപവീതം തുല്യമായ തൊഴിൽ നികുതിയാണ് അടയ്ക്കുന്നത്. ഇത് കാലാകാലങ്ങളിൽ ഇൻകം ടാക്സ് സ്ലാബ് മാതൃകയിൽ പരിഷ്കരിക്കണം. ഉയർന്ന വരുമാനക്കാരിൽനിന്നും നിശ്ചിത നിരക്കിൽ നികുതി പരിഷ്കരിക്കാൻ നടപടി സ്വീകരിച്ചാൽ ജി.എസ്.ടി. വന്നതുകൊണ്ടുള്ള സാമ്പത്തികനഷ്ടം പരിഹരിക്കാൻ സാധിക്കും; പ്ലാൻ ഫണ്ട് വെട്ടിക്കുറയ്ക്കുന്നതിനുള്ള പരിഹാരമുണ്ടാകും. അക്കാര്യം ആലോചിച്ചുകൂടേ? ശമ്പളക്കാരെ സംബന്ധിച്ചിടത്തോളം ഐ.ടി. റിട്ടേൺ കാൽക്കുലേഷൻ വരുമ്പോൾ വരുമാനത്തിൽനിന്നും നേരിട്ട് കുറവ് വരുമെന്നതിനാൽ ഒരു വിഭാഗത്തിനെയും ഇത് നേരിട്ട് ബാധിക്കില്ല.

ബാറുകളുടെ ടേൺ ഓവർ ടാക്സ് പത്ത് ശതമാനമെന്നുള്ളത് അഞ്ച് ശതമാനമായി കുറച്ച് കൊടുക്കാമെന്ന് പറഞ്ഞിരുന്നു. അതിന്റെ ഓർഡർ ഇറക്കിയോ; ബാറുകാരിൽനിന്നും പണം ലഭ്യമായോ? അത് ലഭ്യമാകില്ല. കാരണം, പത്ത് ശതമാനമെന്നത് അഞ്ച് ശതമാനമാക്കുന്നതിന് കാത്തുനിൽക്കുകയല്ലേ അവർ; നിങ്ങൾക്ക് പ്രഖ്യാപനം മാത്രമേയുള്ളൂ. ഞാൻ അവർക്ക് വക്കാലത്ത് പറയുകയല്ല. അഞ്ച് ശതമാനമായി കുറയ്ക്കാനുള്ള ഭേദഗതി ഇതുവരെ അവതരിപ്പിച്ചിട്ടില്ല. പിന്നെയെങ്ങനെയാണ് നികുതിയോ നികുതി കുടിശ്ശികയോ വാങ്ങാൻ കഴിയുന്നത്? ഗുരുതരമായ ഈ സാമ്പത്തിക പ്രതിസന്ധിയുണ്ടായതിനു കാരണം സർക്കാരിന്റെ ഉത്തരവാദിത്വ മില്ലായ്മയാണ്; ധനകാര്യ വകുപ്പിന്റെ പരാജയമാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അധികാരത്തിൽവന്നിട്ട് ആറേഴ് മാസമേ ആയിട്ടുള്ളൂ. എന്നാൽ കഴിഞ്ഞ അഞ്ചുവർഷം ഭരിച്ചത്

എൽ.ഡി.എഫ്. ഗവൺമെന്റാണ്. ആ കാര്യങ്ങളെ സംബന്ധിച്ച് ഒരു തീരുമാനമുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. 2013-14-ലെ വാറ്റ് നികുതി കുടിശ്ശിക അടയ്ക്കാൻ 52000 വ്യാപാരികളുണ്ടായിരുന്നു. അവർക്ക് നോട്ടീസ് അയയ്ക്കുകയും അതിന്റെ സോഫ്റ്റ്‌വെയർ തയ്യാറാക്കാൻ 8 കോടി രൂപ അനുവദിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ഞാനും കഴിഞ്ഞ പ്രാവശ്യത്തെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയിലുണ്ടായിരുന്നതാണ്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഇതൊന്ന് കേൾക്കണം. നിങ്ങൾ മികച്ചൊരു പാർലമെന്റേറിയനാണല്ലോ, ഇതുസംബന്ധിച്ച് പഠിക്കണം. നികുതി കുടിശ്ശിക പിരിച്ചെടുക്കുന്ന കാര്യത്തിൽ ധനകാര്യ വകുപ്പിന് വീഴ്ച സംഭവിച്ചില്ലേ? 7,000 കോടി രൂപയാണ് പിരിച്ചെടുക്കാനുള്ളതെന്ന് പറഞ്ഞു. പക്ഷേ, കൃത്യമായ വിവരം നികുതി വകുപ്പിന്റെ കയ്യിലുണ്ടോ? ഈ പറയുന്നതെല്ലാം കേൾക്കാൻ സെക്രട്ടറിമാരോ അഡീഷണൽ സെക്രട്ടറിമാരോ ഉദ്യോഗസ്ഥ ഗ്യാലറിയിലില്ല. ഇതുപോലുള്ള നിർണ്ണായക ചർച്ചയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഗ്യാലറിയിലുണ്ടായിരിക്കണം. ബഹുമാനപ്പെട്ട ചെയറിനോടുംകൂടി പറയുകയാണ്. ഇതെല്ലാം സംസ്ഥാനത്ത് നടപ്പിലാക്കണമെങ്കിൽ ഇതിനെക്കുറിച്ച് പഠിക്കണ്ടേ; പോരായ്മകൾ മനസ്സിലാക്കണ്ടേ? നിയമസഭയെ അപമാനിക്കുകയല്ലേ ചെയ്യുന്നത്? ബന്ധപ്പെട്ട ഉന്നത ഉദ്യോഗസ്ഥർ ആരെങ്കിലും ഗ്യാലറിയിലുണ്ടോ? നികുതി സെക്രട്ടറിയുണ്ടോ;ഫിനാൻസ് സെക്രട്ടറിയുണ്ടോ; അഡീഷണൽ സെക്രട്ടറിയുണ്ടോ;അണ്ടർ സെക്രട്ടറിയുണ്ടോ; എക്സ്പെൻഡിച്ചർസെക്രട്ടറിയുണ്ടോ? ഒരാളും ഇല്ല. പ്രധാനപ്പെട്ട വിഷയമല്ലേ ഇത്? ഇതെല്ലാം നടപ്പിലായതല്ലേ, ഓട്ടോമാറ്റിക്കായി ചർച്ച നടക്കും, അതുകൊണ്ട് ആരും ആവശ്യമില്ല എന്നാണ് ഉദ്യോഗസ്ഥർ വിചാരിക്കുന്നത്. ആദ്യം അവരെ നിലയ്ക്കുനിർത്താൻ പഠിക്കണം. ബഹുമാനപ്പെട്ട ചെയറും അക്കാര്യത്തിൽ ശ്രദ്ധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ആകെ വരുമാനത്തിന്റെ 58% ടാക്സ് സർവീസ് മേഖലയിൽനിന്നാണ് ലഭിക്കുന്നത്. എന്നാൽ പുതിയ വരുമാന സ്രോതസ്സ് കണ്ടെത്താനോ നികുതി വെട്ടിപ്പ് തടയാനോ സാധിച്ചിട്ടുണ്ടോ? അതുപോലെ വൻകിട മുതലാളിമാർക്കെതിരെ നടത്തിവന്നിരുന്ന കേസ്സുകൾ ഒത്തുകളിച്ച് കോടതികളിൽ പരാജയപ്പെടുകയാണ്. സർക്കാരിന് ഇതുവഴി കോടിക്കണക്കിന് രൂപയുടെ നഷ്ടമാണുണ്ടാകുന്നത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, കോടതിയിൽ കേസ്സിന് പോയാൽ അതിൽ ഒത്തുകളിച്ച് സംസ്ഥാനത്തിന് നഷ്ടം വരുത്തിയതിന് കൂട്ടുനിന്ന വക്കീലിനെ ഹൈക്കോടതി വീണ്ടും പബ്ലിക് പ്രോസിക്യൂട്ടറായി നിയമിച്ച വിവരം അങ്ങേയ്ക്കറിയാമോ?

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞ കാര്യം തന്നെയാണ് ഞാനും പറഞ്ഞത്. ഇതൊക്കെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രദ്ധിക്കണം. നിങ്ങൾ മാറ്റങ്ങൾ കൊണ്ടുവരികയല്ലേ? പാട്ടനിബന്ധനകൾ ലംഘിക്കുകയും പാട്ടക്കാലാവധി അവസാനിക്കുകയും ചെയ്ത ഭൂമി സർക്കാരിലേയ്ക്ക് തിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിച്ചില്ല. കിഫ്ബിയിൽ എന്താണ് ചെയ്തത്? ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രീ, ഇക്കാര്യമൊന്ന് ശ്രദ്ധിക്കണം. കിഫ്ബി വഴി പതിനാററ കോടി രൂപ സ്വകാര്യ തോട്ടമുടമയ്ക്ക് നൽകാനാണ് നീക്കിവച്ചത്. റീബിൽഡ് കേരള പദ്ധതിയിൽ ഇത് കാണാൻ സാധിക്കും. അതൊന്ന് വായിച്ചുനോക്കണം. അതിന്റെ ഒരു കോപ്പി നൽകാം. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് രൂപീകരിച്ചതാണ്. കിഫ്ബി 50,000 കോടി രൂപയുടെ പദ്ധതിയാണ് പ്രഖ്യാപിച്ചത്. അതിൽ ഇരുപത് ശതമാനം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ? ....(ബഹളം).... നിങ്ങൾ ഒന്ന് നിർത്തു, വെറുതെ ഇടയ്ക്ക് കയറി പറയണോ. നിങ്ങൾക്ക് ഒരു വിവരവുമില്ല, ഞങ്ങൾ വിവരമുള്ളവർ പറയുന്നത് നിങ്ങൾ കേൾക്കു, and you correct it. Ok? അതാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, കിഫ്ബി മുഖാന്തരം നടത്തുന്ന പദ്ധതികളുടെ പ്രശ്നം കേരളത്തിലുടനീളമുണ്ട്. പദ്ധതികൾ ഏറ്റെടുക്കുകയും പാതിവഴിയിലിടുകയും ചെയ്യുന്നത് കിഫ്ബി പദ്ധതികളുടെ ഒരു വലിയ പ്രശ്നമാണ്. നിർമ്മാണം ഏറ്റെടുത്ത് റോഡുകൾ മാന്തിപ്പൊളിച്ചിട്ടും. നിങ്ങളും പി.ഡബ്ല്യൂ.ഡി-യും തമ്മിലുള്ള തർക്കംകൊണ്ട് വർഷങ്ങളായി റോഡ് പൊളിഞ്ഞുതന്നെ കിടക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലും തൊട്ടടുത്ത നിയോജക മണ്ഡലത്തിലും ഇത്തരത്തിലുള്ള പ്രശ്നമുണ്ട്. പരിശോധന നടത്തിയാൽ കേരളത്തിൽ ഏകദേശം അമ്പതോളം റോഡുകളെങ്കിലും ഇതുപോലെയുണ്ടാകും. കിഫ്ബിയുടെ ഈ നയം തിരുത്താൻ സർക്കാർ ശ്രമിക്കേണ്ടതല്ലേ?

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, കിഫ്ബിയുടെ പ്രധാന വരുമാന സ്രോതസ്സെന്താണ്? സംസ്ഥാനത്തെ സഞ്ചിത നിധിയിൽനിന്നാണ് പണം നൽകേണ്ടത്. വാഹന നികുതി ഇനത്തിൽ ലഭിക്കുന്ന തുകയും പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് ചുമത്തിയിരിക്കുന്ന സെസ്സുമാണ് സർക്കാരിന്റെ സഞ്ചിത നിധിയിൽനിന്നും കിഫ്ബിയിലേയ്ക്ക് വരുന്നത്. ബഡ്ജറ്റിനുപുറത്ത് ഇത്രയും ഭീമമായ തുക കടമെടുക്കുമ്പോൾ കിഫ്ബിയുടെ തിരിച്ചടവ് വളരെ പ്രധാനമാണ്. ഇക്കാര്യത്തിൽ സർക്കാർ ഇതുവരെ വ്യക്തമായ ഒരു ഉത്തരം നൽകിയിട്ടില്ല. ഈ സഭയിൽ പല പ്രാവശ്യം ശ്രീ. മഞ്ഞളാംകുഴി അലി ഉൾപ്പെടെയുള്ളവർ ചോദിച്ചിട്ടും ഉത്തരം ലഭിച്ചിട്ടില്ല. കടം തിരിച്ചടയ്ക്കാൻ കഴിയുകയില്ല.

<u>ശ്രീ. എച്ച്. സലാം</u>: സർ, ....(മൈക്ക് ഓഫ്)...... ...(ബഹളം)...

ശ്രീ. പി. കെ. ബഷീർ: സർ, അത് നിങ്ങളുടെ പാർട്ടി സംവിധാനത്തിലെ തകരാറാണ്. ഒറ്റ എന്ന് ചോദിച്ചാൽ ഇരട്ട എന്ന് പറയുന്നതിനുപകരം ഒരട്ട എന്നേ നിങ്ങൾ പറയുകയുള്ളൂ. അത് നിങ്ങളുടെ പാർട്ടിയുടെ സ്വഭാവമാണ്. നിങ്ങളെ അങ്ങനെയാണ് പഠിപ്പിച്ചിട്ടുള്ളത്. കടമെടുക്കുമ്പോൾ അതെങ്ങനെ തിരിച്ചുനൽകും, എന്താണ് അതിന് നമ്മുടെ കാഴ്ചപ്പാട് എന്നത് സംബന്ധിച്ചാണ് ഞാൻ പറഞ്ഞത്. ശ്രീ. എച്ച്. സലാം ആദ്യമായി സഭയിൽ വരുന്നതാണ്. സഞ്ചിതനിധിയൊക്കെ ഒന്ന് പഠിച്ചിട്ട് വരണം.

മി. സ്പീക്കർ: അങ്ങ് ദീർഘകാലമായി സഭയിലെ അംഗമാണ്. പക്ഷേ, പതിവായി അങ്ങോട്ടുനോക്കിയാണ് പ്രസംഗിക്കുന്നത്. ചെയറിനെ അഡ്രസ്സ് ചെയ്ത് സംസാരിക്കണം.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, പ്രസക്തമായ കാര്യങ്ങളാണ് ശ്രീ. പി. കെ. ബഷീർ പറയുന്നത്. ഞങ്ങൾ കിഫ്ബിയെ തകർക്കാനോ നിർമ്മാണപ്രവർത്തനങ്ങൾ വേണ്ടായെന്ന് പറയാനോ ശ്രമിക്കുന്നില്ല. ഈ സഭയിലെ മുഴുവൻ അംഗങ്ങൾക്കും കിഫ്ബിയുമായി ബന്ധപ്പെട്ട് രാഷ്ട്രീയത്തിനതീതമായി സംസാരിക്കാം. ഭരണകക്ഷി അംഗമായ ശ്രീ. കെ. ബി. ഗണേഷ് കുമാറാണ് കിഫ്ബിക്കെതിരെ ഏറ്റവും രൂക്ഷമായ ഭാഷയിൽ സംസാരിച്ചത്. എന്റെ നിയോജകമണ്ഡലത്തിൽ 11 കിലോമീറ്ററുള്ള ഒരു റോഡ് നിർമ്മിക്കാൻ തുടങ്ങിയിട്ട് അഞ്ച് വർഷമായി. ഇപ്പോഴും കുളമായി കിടക്കുകയാണ്. ഒരു അന്താരാഷ്ട്ര സ്കൂൾ നിർമ്മിച്ചിട്ടുണ്ട്. ആധുനിക സൗകര്യങ്ങളൊന്നുമില്ലാതെ പ്രാചീന കാലത്തേതുപോലെയാണ് അത് നിർമ്മിച്ചിരിക്കുന്നത്. ഇതെല്ലാം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നറിയാൻ വേണ്ടിയാണ് ഞാനിത് പറഞ്ഞത്. ഫണ്ട് ലാപ്സായി പോകരുതെന്നതുകൊണ്ടാണ് സംസാരിക്കുന്നത്.

ശ്രീ. പി. കെ. ബഷീർ: സർ, എനിക്ക് ഭരണപക്ഷ അംഗങ്ങളോട് പറയാനുള്ളത്, കിഫ്ബി എന്നുപറഞ്ഞ് ഹാലിളകല്ലേ എന്നാണ്. ഞങ്ങളെല്ലാവരും ഐകകണ്ഠ്യേന പാസ്സാക്കിയ ഒരു നിയമമാണ്. അന്ന് ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച് ഐകകണ്ഠ്യേന പാസ്സാക്കിയപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന് കൈകൊടുത്തതാണ്. ഞങ്ങൾ അതിന്റെ നല്ല വശങ്ങളെല്ലാം അംഗീകരിക്കുന്നവരാണ്. അത് നടപ്പാക്കിയപ്പോൾ അപാകതകളുണ്ടായി. കിഫ്ബി പരസ്യത്തിനും മറ്റുമായി 23 കോടി രൂപയാണ് ചെലവഴിച്ചത്. കിഫ്ബിയാണ് കെ.എസ്.എഫ്.ഇ-യുടെ പ്രവാസി ചിട്ടി തയ്യാറാക്കിയത്. അതെങ്ങനെയാണ് പരാജയപ്പെട്ടത്? പ്രവാസി ചിട്ടിയുടെ സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിന് 5.44 കോടി രൂപയാണ് ചെലവഴിച്ചത്. ഈ പദ്ധതിയിലൂടെ

എത്ര രൂപ ലഭ്യമായെന്ന് വ്യക്തമാക്കാമോ? നാമമാത്രമായ തുകയേ ലഭ്യമായിട്ടുള്ളൂ. ഇതുസംബന്ധിച്ച് നിങ്ങളുടെ പാർട്ടിക്കൊന്നും റിപ്പോർട്ട് തരില്ല. നിയമസഭയിൽ കേൾക്കുമ്പോൾ മാത്രമേ നിങ്ങൾ പഠിക്കുകയുള്ളൂ. അതുപോലെ സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽനിന്നും ലഭിക്കുന്ന പണം അടിസ്ഥാന ഫണ്ടായി ഉപയോഗിക്കുന്ന സ്ഥാപനമാണ് കിഫ്ബി. അതിന്റെ ഇംഗ്ലീഷ് Contingency fund എന്നാണെന്ന് മനസ്സിലാക്കിക്കോളൂ. എന്നാൽ സി. & എ.ജി-യുടെ ഡി.പി.സി. നിയമത്തിലെ വകുപ്പ് 20(2) പ്രകാരമുള്ള ഓഡിറ്റ് നടക്കുന്നില്ല. പകരം 14(1) പ്രകാരമുള്ള ഓഡിറ്റാണ് നടക്കുന്നത്. ഇപ്രകാരം ഓഡിറ്റ് ചെയ്താൽ സി. & എ.ജി.യുടെ ഓഡിറ്റ് സർട്ടിഫിക്കറ്റ് ലഭിക്കില്ല. ഞാൻ അഞ്ച് വർഷം പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയിൽ അംഗമായിരുന്നയാളാണ്. ഞാൻ അക്കൗണ്ടന്റ് ജനറലിനെ വിചാരണ ചെയ്ത മനുഷ്യനാണ്, അതുകൊണ്ട് എനിക്കതറിയാം. പ്രാദേശിക സർക്കാരുകളെ അതായത് പഞ്ചായത്തുകളെ നിങ്ങൾ എന്താണ് ചെയ്യുന്നത് അതിനെ തകർച്ചയിലേയ്ക്ക് തള്ളിവിടുകയല്ലേ ചെയ്യുന്നത്. ലൈഫ് മിഷൻ പദ്ധതി നടപ്പാക്കുന്ന പഞ്ചായത്തുകൾ ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് കടമെടുക്കുന്ന പണം അടുത്ത പത്ത് വർഷത്തേയ്ക്ക് പ്രതിവർഷം പത്ത് ശതമാനമെന്ന നിരക്കിൽ പ്ലാൻ ഫണ്ടിൽനിന്ന് തിരിച്ചടയ്ക്കണം. സർക്കാർ നൽകുന്നത് പലിശ മാത്രമാണ്. ഇത്തരത്തിൽ കടബാദ്ധ്യതയുള്ള പഞ്ചായത്തുകളുടെ കാര്യത്തിൽ എന്ത് സമീപനമാണ് സ്വീകരിക്കുന്നത്? ധനപ്രതിസന്ധി നേരിടുന്ന പഞ്ചായത്തുകൾക്ക് ഇത് നടപ്പിലാക്കാൻ കഴിയുമോ?

ക്രിയാത്മകമായ ഒന്നുരണ്ട് നിർദ്ദേശങ്ങൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽക്കൊണ്ടുവരികയാണ്. സർക്കാരിന്റെ നികുതിഘടനയിൽ സമൂലമായ മാറ്റം വരുത്തണം; നികുതി വകുപ്പിനെ പുന:സംഘടിപ്പിക്കണം; അധിക ചെലവും ധനധൂർത്തും നിയന്ത്രിക്കണം,; മൂലധന ചെലവ് വർദ്ധിപ്പിക്കണം; ചെലവിന്റെ ഗുണനിലവാരം ഉയർത്തണം; കിഫ്ബി പോലെയുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളിന്റെ ധനകാര്യ മാനേജ്മെന്റും പദ്ധതികളുടെ സുതാര്യതയും മെച്ചപ്പെടുത്തണം. ഈ നിയമസഭയിലുള്ള എല്ലാ അംഗങ്ങളും ഇതൊന്ന് കേൾക്കണം. നമ്മുടെ സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന് ചീഫ് എഞ്ചിനീയറുണ്ട്. റോഡിനും ബിൽഡിംഗിനും തുറമുഖ വകുപ്പിനും പഞ്ചായത്തുകൾക്കും എഞ്ചിനീയറിംഗ് വിഭാഗമുണ്ട്. അവർ എസ്റ്റിമേറ്റും കാര്യങ്ങളുമെടുക്കുന്നു. ഇപ്പോൾ എന്താണ് കിഫ്ബിയിലെ സ്ഥിതി? 1957-ൽ ഐക്യകേരളം നിലവിൽ വന്നതിനുശേഷം 2017-ൽ കിഫ്ബി പദ്ധതി വരുമ്പോൾ നമ്മുടെ പി.ഡബ്ല്യു.ഡി. എഞ്ചിനീയർമാർക്ക് എന്തായിരുന്നു പണി? പ്രാദേശികമായി ഓരോ നിയോജകമണ്ഡലത്തിലും ഓരോ ജില്ലയിലും അല്ലെങ്കിൽ

രണ്ട് നിയോജകമണ്ഡലത്തിലുംകൂടെ അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യു.ഡി. എഞ്ചിനീയർ, കൂടാതെ ഒരു ജില്ലയ്ക്ക് ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയറുമുണ്ട്. ആ എഞ്ചിനീയർമാരിൽ ആർക്കെങ്കിലും കിഫ്ബിയുടെ വർക്കിന്റെ സൂപ്പർവിഷനുണ്ടോ? ഇല്ലെന്നതാണ് വസ്തുത. എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് നാട്ടിലെ എഞ്ചിനീയർമാരും ടെക്നിക്കൽ സാംഗ്ഷൻ നൽകുന്നത് ചീഫ് എഞ്ചിനീയറും ഇംപ്ലിമെന്റ് ചെയ്യുന്നത് കെ.ആർ.എഫ്.ബി-യുമാണ്. എന്തിനാണ് ഇത്തരം അനാവശ്യ ചെലവുകൾ? മലബാറുകാർക്കുള്ള ഓഫീസ് ഷൊർണ്ണൂരിലാണ്, എന്തെങ്കിലും പണി നടക്കുന്നുണ്ടോ. ബഹുമാനപ്പെട്ട മന്ത്രി ഇത്തരം കാര്യങ്ങൾ വളരെ വ്യക്തമായി പഠിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

കഴിഞ്ഞ പ്രാവശ്യം ശ്രീ. എ. എൻ. ഷംസീർ പ്രസംഗിച്ചപ്പോൾ അദ്ദേഹം അക്കാദമിക്കായിട്ടാണ് കാര്യങ്ങൾ പഠിക്കുകയെന്ന് പറഞ്ഞു. 2030 ആകുമ്പോൾ ഞാൻ പ്രതിനിധാനം ചെയ്യുന്ന ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗിന് കേരള നിയമസഭയിൽ അംഗങ്ങളുണ്ടാകില്ലായെന്നുള്ളത് അദ്ദേഹം അങ്ങനെ പഠിച്ചതാണ്. ബഹുമാനപ്പെട്ട സഖാക്കളേ, 34 കൊല്ലം ഭരിച്ച പശ്ചിമ ബംഗാളിൽ ഇപ്പോൾ നിങ്ങൾ വട്ടപ്പൂജ്യമാണ്. അക്കാദമിക്കായി നിങ്ങൾ പഠിച്ചിട്ടുണ്ടായതാണ് ഈ 4200 വോട്ടുകൾ. 292 അസംബ്ലി സീറ്റുകളുള്ള അവിടെ മൂവായിരത്തിന്റെ ആവറേജ് കൂട്ടിയാൽ ആറേമുക്കാൽ കോടി വോട്ടർമാരല്ലേയുള്ളൂ. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററേ, ഇക്കാര്യങ്ങളൊന്ന് പറഞ്ഞുകൊടുക്കണം. ആകെ നിങ്ങൾക്കുള്ളത് 11,42,000 വോട്ടുകളല്ലേ? 3000 വോട്ടുകൾ കിട്ടിയാൽ നിങ്ങൾക്കുള്ള അവസ്ഥയെന്താണെന്ന് ആലോചിക്കണം. ഒരു രാഷ്ട്രീയ പാർട്ടിയെ നിയമസഭയിൽ ഇല്ലാതാക്കുകയല്ല വേണ്ടത്. ആശയങ്ങൾ തമ്മിലുള്ള അഭിപ്രായവ്യത്യാസം പറയാം. അതിന് സീറ്റുകളുടെ എണ്ണം കുറയുമെന്നല്ല പറയേണ്ടത്. ഞങ്ങളുടെ സീറ്റുകളുടെ എണ്ണം കുറയില്ല. 1977-ൽ നിങ്ങൾക്ക് പതിനേഴ് സീറ്റല്ലേ കിട്ടിയത്? പിന്നെ കാഞ്ഞിരക്കുറ്റി മുതൽ മൂർഖൻ പാമ്പുവരെ എല്ലാവരെയും കൂട്ടിയിട്ടല്ലേ 1980-ൽ അധികാരത്തിൽ വന്നത്. പിന്നെ നിങ്ങളെന്തിനാണ് ഞങ്ങളെ അങ്ങനെ പറയുന്നത്? ഇപ്പോൾ ബാർബർ ഷാപ്പിലെ കല്ലുമാതിരി സി.പി.ഐ.(എം.) തേഞ്ഞുതേഞ്ഞില്ലാതെയാകുകയാണ്. പശ്ചിമ ബംഗാളിൽ സീറ്റില്ല. ഇനി പശ്ചിമ ബംഗാളിൽ നിങ്ങൾക്ക് സീറ്റ് കിട്ടാനുംപോകുന്നില്ല. കോൺഗ്രസ് മുക്ത ഇന്ത്യ എന്നുപറഞ്ഞു. എന്നിട്ടും അവിടെപ്പോയി കോൺഗ്രസ്സുമായി സഖ്യം ചെയ്തു. കോൺഗ്രസ്സിലാതെ തെരഞ്ഞെടുപ്പിൽ നിന്നു, അപ്പോൾ കിട്ടിയത് 4232 വോട്ടുകളാണ്. ഞാൻ തന്നെ

വിചാരിച്ചു, പടച്ചതമ്പുരാനേ ഈ പാർട്ടിക്ക് എന്തുപറ്റിയെന്ന്? ഞങ്ങളെ ഇല്ലാതാക്കാൻവേണ്ടി പറഞ്ഞതാണല്ലോ. ഞങ്ങൾക്ക് 333 വോട്ടുകൾക്ക് ഒരു സീറ്റും 922 വോട്ടുകൾക്ക് മറ്റൊരു സീറ്റും ലഭിക്കുകയും തോറ്റപ്പോൾ രണ്ട് സീറ്റ് കുറയുകയും ചെയ്തു. അതൊക്കെ രാഷ്ട്രീയത്തിലുണ്ടാകും. ഇപ്പോൾ 19 സീറ്റുകൾ ഞങ്ങൾക്ക് ലോക്സഭയിലുണ്ട്. ശ്രീ. പി. രാജീവ്, ശ്രീ. കെ. എൻ. ബാലഗോപാൽ ഇവരെല്ലാം മത്സരിച്ച് തോറ്റെങ്കിലും നിയമസഭയിലേയ്ക്ക് വിജയിച്ചു വന്നില്ലേ. അതൊക്കെ രാഷ്ട്രീയത്തിലുണ്ടാകും. അതുകൊണ്ട് ഒരു പാർട്ടിയെക്കുറിച്ച് ഇങ്ങനെ പറയാൻ പാടില്ല. കുറച്ച് സെൻസ് ഉപയോഗിക്കണം. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ക്ലാസ്സെടുക്കുമ്പോൾ ഈവക കാര്യങ്ങളൊക്കെ പറഞ്ഞുകൊടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് പറയാനുള്ളത് ചരക്കുസേവന (ഭേദഗതി) ബില്ലിന്റെ പരിധിയിൽ പുരാവസ്തുക്കളെന്ന പേരിൽ കേരളത്തിൽ പ്രചരിക്കുന്ന ആക്രിസാധനങ്ങൾക്ക് പൈതൃകത്തിൽ സ്ഥാനമുണ്ടെന്ന് പറയുന്നത് കൊള്ളാം. ശബരിമല ക്ഷേത്രത്തിലെ അടിയാധാരം മുതൽ ഡി.ജി.പി.-യുടെ ലാത്തിവരെ വ്യാജമായി നിർമ്മിച്ച് സർക്കാരിനെ സഹായിക്കുന്ന മോൻസൺ മാവുങ്കലിന് Stamp of Approval നൽകാനായി മത്സരിച്ച് ഫോട്ടോയെടുത്ത ഐ.പി.എസ്., ഐ.എ.എസ്. ഉദ്യോഗസ്ഥർ ഏത് കാറ്റഗറിയിലുൾപ്പെടുമെന്ന് വ്യക്തമാക്കണം. ജി.എസ്.ടി-യെ വൻവിജയമാക്കാൻ തട്ടിപ്പുവ്യവസായത്തെ ജി.എസ്.ടി-യുടെ പരിധിയിലെത്തിച്ചാൽ നന്നായിരിക്കുമെന്നാണ് എനിക്ക് നിങ്ങളോട് പറയാനുള്ളത്. ഇതിനെ സംബന്ധിച്ച് ഞാൻ കൂടുതലൊന്നും പറയുന്നില്ല. Antiquities Act മുതൽ Civil Service Code of Conduct വരെ ബാധകമല്ലാത്ത നീണ്ടനിരയെ സമ്മാനിച്ച സർക്കാർ നടത്തുന്ന ഈ നിയമനിർമ്മാണ ബില്ലുകളെല്ലാം വെറും തട്ടിപ്പല്ലേ; ഇവരെയെല്ലാം നിങ്ങൾ എന്തിനാണ് സംരക്ഷിക്കുന്നത്? സംസ്ഥാന സർക്കാർ ജി.എസ്.ടി. ഭേദഗതികളിലൂടെ പാചകവാതകം, പെട്രോൾ, ഡീസൽ തുടങ്ങിയവയുടെ വില നിയന്ത്രിക്കാൻ പര്യാപ്തമായ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് ഭാവിയെക്കുറിച്ച് നല്ല ഉൾക്കാഴ്ചയും കാഴ്ചപ്പാടുമുള്ള, കോമേഴ്സ് ഡിഗ്രിയുള്ള, ഡോ. ടി. എം. തോമസ് ഐസക്കിനെപോലെ വാചാലതയില്ലാത്ത ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മറുപടി പറയണമെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജോബ് മൈക്കിൾ)

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, 2021-ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 20-4-2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ വാക്കുകളിലെ നിർവികാരതയും വിരസതയുമാണ് എനിക്ക് അനുഭവപ്പെട്ടത്. അത് മറ്റൊന്നും കൊണ്ടല്ല, അദ്ദേഹം പറഞ്ഞതുപോലെ പലതവണ എക്സ്റ്റൻഡ് ചെയ്ത ഓർഡിനൻസുകളാണിത്. അതിനാൽ ഈ ബിൽ സഭയിൽ അവതരിപ്പിക്കുന്നതിലും ചർച്ച ചെയ്യുന്നതിലും വലിയ കാര്യമൊന്നുമില്ലായെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ വാക്കുകളിൽനിന്നും മനസ്സിലായത്. 15-6.2020-ൽ ഒരു പ്രൊപ്പോസൽ കൊണ്ടുവന്നു. അതിന്റെ കാലാവധി 26-9.2020, 9-2-2021, 1-7-2021, 23-8-2021 എന്നിങ്ങനെ നാലുപ്രാവശ്യമാണ് നീട്ടിയത്. അത് ബില്ലായി സഭയിൽ അവതരിപ്പിക്കുന്നതിനെ സംബന്ധിച്ച് എനിക്ക് പറയാനുള്ളത്, പ്രസവം കഴിഞ്ഞതിനുശേഷം കുട്ടിയെ പുറത്തെടുക്കാൻ വീണ്ടും ഒരു ശസ്ത്രക്രിയ നടത്തേണ്ട ആവശ്യമുണ്ടോ; യഥാർത്ഥത്തിൽ പ്രസവിച്ചുകഴിഞ്ഞു, പിന്നെ എന്തിനാണ് കുട്ടിയെ പുറത്തെടുക്കാൻ വീണ്ടുമൊരു ശസ്ത്രക്രിയ നടത്തുന്നത്? ചരക്കുകളുടെയോ സേവനങ്ങളുടെയോ അല്ലെങ്കിൽ രണ്ടിന്റെയുമോ അന്തർസംസ്ഥാന വിതരണത്തിൽ നികുതി ചുമത്തുന്നതിനും പിരിച്ചെടുക്കുന്നതിനും ഒരു വ്യവസ്ഥയുണ്ടാക്കുകയെന്ന ലക്ഷ്യത്തോടെയാണ് 2017-ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി എന്ന നിയമം ഉണ്ടാക്കിയതെന്ന് ബില്ലിൽത്തന്നെ പറയുന്നുണ്ട്. അതുസംബന്ധിച്ച് കൂടുതലായി സഭയിൽ ചർച്ച ചെയ്യാനുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. എങ്കിലും ബഹുമാനപ്പെട്ട മന്ത്രിക്ക് തീർച്ചയായും ചില കാര്യങ്ങൾ ചെയ്യാൻ സാധിക്കും. ജി.എസ്.ടി. ബിൽ രാജ്യസഭയിൽ അവതരിപ്പിച്ചപ്പോൾ ലാളിത്യവും എളിമയും മാറ്റിവച്ചുകൊണ്ട് ചാടിവീണ ഒരാളാണ് അദ്ദേഹമെന്ന കാര്യം നമുക്കെല്ലാവർക്കുമറിയാം. സെക്ഷൻ 129, 130 എന്നിവപ്രകാരം കേരള ലീഗൽ ബെനിഫിറ്റ് ഫണ്ട് ഇനത്തിൽ അപ്പീൽ നൽകാനുള്ള Disputed Tax-ന്റെ ഒരു ശതമാനം കേരളത്തിൽ സ്റ്റേറ്റ് ജി.എസ്.ടി. പരിധിയിൽ വരുന്നവർക്ക് അടയ്ക്കേണ്ടതായിവരുന്നു. സെൻട്രൽ ജി.എസ്.ടി-യുടെ പരിധിയിൽ വരുമ്പോൾ ഒരു പൈസപോലും അടയ്ക്കേണ്ടതായി വരുന്നുമില്ല. അങ്ങ് കഴിഞ്ഞ ബഡ്ജറ്റിൽ ശ്ലാഘനീയമായ ഒരു കാര്യം ചെയ്തിരുന്നു. കെ.എൽ.ബി.എഫ്. (കേരള ലീഗൽ ബെനിഫിറ്റ് ഫണ്ട്) 20,000 രൂപയായി

സീലിംഗ് ചെയ്തു. താങ്കളുടെ മുൻഗാമിക്ക് ചെയ്യാൻ കഴിയാത്ത കാര്യമാണത്. കാലഹരണപ്പെട്ട മൂല്യവർദ്ധിത നികുതി നിയമത്തിന്റെ അപ്പീൽ ഫയൽ ചെയ്യണമെങ്കിൽ തർക്കമുള്ള നികുതിയുടെ ഒരു ശതമാനം കെ.എൽ.ബി.എഫ്. ആയി അടയ്ക്കണമെന്നതാണ് വ്യവസ്ഥ. ഒന്നുകിൽ അതിന് സീലിംഗ് വേണം. അല്ലെങ്കിൽ ആ വ്യവസ്ഥ എടുത്തുകളയണമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. സെൻട്രൽ ജി.എസ്.ടി-യിൽ വരുന്നവർക്ക് ഒരു നിയമവും സംസ്ഥാന ജി.എസ്.ടി-യുടെ കീഴിൽ വരുന്നവർക്ക് മറ്റൊരു നിയമവുമെന്ന അക്ഷന്തവ്യമായ അനീതി എടുത്തുകളഞ്ഞ മന്ത്രിയെന്ന ബഹുമതി അങ്ങേയ്ക്ക് ചാർത്താൻ ഞങ്ങൾ ആഗ്രഹിക്കുന്നു. VAT-ലും ജി.എസ്.ടി-യിലും കെ.എൽ.ബി.എഫ്-ൽ രണ്ടുരീതിയിൽ അമിതമായി നികുതി ഈടാക്കുന്നത് ഒരു തരത്തിൽ നിയമവിരുദ്ധമല്ലേയെന്ന് അങ്ങ് ചിന്തിക്കണമെന്നാണ് പറയാനുള്ളത്. സെക്ഷൻ 129 (3) പ്രകാരം ഒരാൾ ചരക്ക് ട്രാൻസ്പോർട്ട് ചെയ്യുമ്പോൾ എന്തെങ്കിലും തരത്തിൽ ഡോക്യുമെന്റിൽ ചെറിയ തെറ്റ് വന്നാൽ സാധനത്തിന്റെ ജി.എസ്.ടി. അനുസരിച്ചുള്ള നികുതിയും തത്തുല്യമായ പെനാൽറ്റിയും നിർബന്ധമായും ഈടാക്കണമെന്ന വ്യവസ്ഥയുണ്ട്. ഈ നിയമം എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമാണ്. എന്നാൽ, മറ്റുസംസ്ഥാനങ്ങളിൽ ഉദ്യോഗസ്ഥർ സംരംഭകരുടെമേൽ കലിതുള്ളുന്നില്ല, അവരെ അടിച്ചമർത്തുന്നില്ല. നമ്മുടെ സംസ്ഥാനത്ത് നിയമങ്ങളിലെ ജീവനില്ലാത്ത അക്ഷരങ്ങൾ മനഃപാഠമാക്കി ബിസിനസ്സുകാരെ ബുദ്ധിമുട്ടിപ്പിക്കുന്ന ഒരു പ്രവണത കാണുന്നുണ്ട്. ചെറിയ തെറ്റുകളെ താക്കീത് ചെയ്ത് നോട്ടീസാക്കാതെ മാനുഷിക പരിഗണന നൽകി ബിസിനസ്സിൽ സക്രിയരാകാൻ പ്രചോദനം നൽകണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ ചെറിയ തെറ്റുപറ്റിയാൽപ്പോലും ആ ബിസിനസ്സുകാരന്റെ കഥകഴിക്കുകയാണ് ചെയ്യുന്നത്.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, നൂറ് രൂപ വരുമാനം ലഭിച്ചാൽ അതിൽ 18.5 രൂപയും സംസ്ഥാനത്തിന്റെ കടബാദ്ധ്യതയിലേയ്ക്ക് പോകുന്ന സംസ്ഥാനമാണിത്. അഞ്ച് വർഷമായി പുതിയ ജി.എസ്.ടി. നികുതിഘടന വന്നതിനുശേഷം വകുപ്പിൽ എന്തെങ്കിലും ഘടനാപരമായ മാറ്റം കൊണ്ടുവരാൻ സാധിച്ചിട്ടുണ്ടോയെന്നുള്ള കാര്യം താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നികുതി വകുപ്പിന്റെ ശൃംഖലയിൽപ്പെടാത്ത സ്ഥാപനങ്ങളെക്കൂടി ഇതിലേയ്ക്ക് കൊണ്ടുവരുന്നതിനുവേണ്ടി എന്തെങ്കിലും നിർദ്ദേശം വയ്ക്കാൻ താങ്കൾ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ജി.എസ്.ടി. നിലവിൽ വന്നപ്പോൾ എല്ലാവർക്കും വലിയ പ്രതീക്ഷയും പ്രത്യാശയുമുണ്ടായിരുന്നു. നികുതി വർദ്ധിക്കുകയും കേരളത്തിന്റെ സമ്പദ്ഘടനയിൽ വലിയ മാറ്റമുണ്ടാകുകയും ചെയ്യുമെന്നാണ് നമ്മളെല്ലാവരും പ്രതീക്ഷിച്ചത്. എന്നാൽ ജി.എസ്.ടി. വന്നതോടുകൂടി ധാരാളം നികുതി ചോർച്ച സംസ്ഥാനത്തുണ്ടായിയെന്നത് ആർക്കും നിഷേധിക്കാൻ കഴിയാത്ത കാര്യമാണ്. കേരളമെന്ന് പറയുന്നത് ഉപഭോക്തൃ സംസ്ഥാനമാണ്. ജി.എസ്.ടി-കൊണ്ട് ധാരാളം മാറ്റങ്ങൾ സംസ്ഥാനത്തുണ്ടാകേണ്ടതായിരുന്നു. എന്നാൽ നമ്മൾ പ്രതീക്ഷിച്ച മാറ്റം ഉണ്ടായില്ലായെന്നതാണ് പരമാർത്ഥം. ഞാൻ ജി.എസ്.ടി-യിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചാണ് പറഞ്ഞുകൊണ്ടിരുന്നത്, ഒരു ചെറിയ തെറ്റ് സംഭവിച്ചാൽപ്പോലും ഉദ്യോഗസ്ഥരുടെ പീഡനം വ്യാപാരികൾക്ക് സഹിക്കേണ്ടിവരുന്നുണ്ട്. പതിനഞ്ച് ദിവസം കഴിഞ്ഞുപോയാൽ സാധനങ്ങളും വാഹനവും കണ്ടുകെട്ടുമെന്നുമാത്രമല്ല സാധനവിലയ്ക്ക് തുല്യമായ നികുതിയും പെനാൽറ്റിയും ഈടാക്കി ഒരിക്കലും എഴുന്നേറ്റുനിൽക്കാൻപോലും കഴിയാത്തവിധം വ്യാപാരിയെ തളർത്തുന്ന പ്രവണതയാണ് സംസ്ഥാനത്ത് കണ്ടുവരുന്നത്. ഇത്തരം നടപടികൾ ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിന് ഭൂഷണമാണോയെന്ന് ബഹുമാനപ്പെട്ട മന്ത്രി ചിന്തിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, എന്റെ നിയോജകമണ്ഡലം കേരളത്തിന്റെയും കർണ്ണാടകത്തിന്റെയും അതിർത്തിയിലാണ്. ജി.എസ്.ടി. നിലവിൽ വന്നതിനുശേഷം പലപ്പോഴും കേരളത്തിൽ ബിസിനസ്സ് ആരംഭിക്കാൻ ആഗ്രഹിക്കുന്നവർ മംഗലാപുരത്ത് പോയി ബിസിനസ്സ് ആരംഭിക്കുകയാണ്. ജി.എസ്.ടി-യുമായി ബന്ധപ്പെട്ട് ബിസിനസ്സുകാരെ ദ്രോഹിക്കുന്ന ഉദ്യോഗസ്ഥർ കേരളത്തിലുണ്ടെന്നാണ് ഇവിടത്തെ ഉദ്യോഗസ്ഥരുടെ മനോഭാവത്തെക്കുറിച്ച് പറയുന്നത്. അതോടൊപ്പം ജി.എസ്.ടി. രജിസ്ട്രേഷൻ എടുക്കുന്നതിനുവേണ്ടി ഹാജരാക്കേണ്ട രേഖകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുന്ന സർക്കുലറുകളോ ഉത്തരവുകളോ പുറപ്പെടുവിച്ചിട്ടുണ്ടോ; അതിനുവേണ്ടി നിയമിക്കപ്പെട്ട ഉദ്യോഗസ്ഥർ വ്യത്യസ്ത രേഖകളാണ് ഓരോ കേസ്സിലും ആവശ്യപ്പെടുന്നത്. ഇതിനൊരു ഏകീകൃതരേഖ പുറപ്പെടുവിക്കുന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

2.00 P.M.]

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിന് ഭൂഷണമല്ലാത്ത പല നടപടികളുമാണ് ജി.എസ്.ടി. ഉദ്യോഗസ്ഥർ സ്വീകരിച്ചുവരുന്നത്. ബഹുമാനപ്പെട്ട മഞ്ചേശ്വരം എം.എൽ.എ. സൂചിപ്പിച്ചതു പോലെ, അങ്ങയുടേത് കേരള അതിർത്തിയിലെ ഒരു നിയോജകമണ്ഡലമാണ്. ഞാൻ കാസർഗോഡ് എം.എൽ.എ.യാണ്. കാസർഗോഡ് ഭാഗത്തുള്ള പലരും സ്ഥാപനങ്ങൾ ആരംഭിക്കാനായി മംഗലാപുരത്തേയ്ക്ക് പോകുമ്പോൾ ഞാൻ അവരോട് ചോദിച്ചിട്ടുണ്ട്; "എന്തിനാണ് നിങ്ങൾ മംഗലാപുരത്തേയ്ക്ക് പോകുന്നതെന്ന്. നമ്മുടെ സംസ്ഥാനത്ത് എല്ലാവിധ സംവിധാനങ്ങളും സൗകര്യവും ഉണ്ടല്ലോ, അത് നിങ്ങൾക്ക് ഉപയോഗപ്പെടുത്തിക്കൂടെയെന്ന്". അതിന് അവർ പറയുന്നത് " ഈ ഉദ്യോഗസ്ഥർ ഉള്ളിടത്തോളംകാലം ഞങ്ങൾക്ക് സ്വന്തം നാട്ടിൽ കച്ചവടം ചെയ്യാൻ സാധിക്കില്ലെന്നാണ്". ബഹുമാനപ്പെട്ട അംഗം പറഞ്ഞത് പരമാർത്ഥമാണ്. നമ്മുടെ നാടിന്റെ പലഭാഗങ്ങളിലും രാവിലെയും വൈകുന്നേരവുമെല്ലാം പോലീസിനെ കാണാം. പോലീസ്, വാഹനങ്ങൾ തടഞ്ഞുനിർത്തി ഫൈൻ ഈടാക്കാറുണ്ട്. ഫൈൻ ഈടാക്കുന്ന പല ഉദ്യോഗസ്ഥരും ഞങ്ങളോട് പറഞ്ഞിട്ടുള്ളത്; ഞങ്ങൾ എന്ത് ചെയ്യാനാണ്, സർക്കാർ ഞങ്ങൾക്ക് മാസത്തിൽ ഒരു ടാർജറ്റ് നിശ്ചയിച്ചുനൽകിയിട്ടുണ്ടെന്നാണ്. അതുപോലെ ജി.എസ്.ടി. ഉദ്യോഗസ്ഥർക്കും സർക്കാർ ഒരു ടാർജറ്റ് നൽകിയതിന്റെ പരിണതഫലമാണ് നമ്മൾ അനുഭവിക്കുന്നത്. അതിന്റെ ദുര്യോഗമാണ് നമ്മൾ അനുഭവിക്കുന്നതെന്ന് പറയാൻ ആഗ്രഹിക്കുന്നു. അന്യസംസ്ഥാനങ്ങളിലെ വാഹനങ്ങൾ കേരളത്തിലേയ്ക്ക് വരാൻ മടികാണിക്കുന്നൊരു സാഹചര്യമാണുള്ളത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും മുൻ പ്രതിപക്ഷനേതാവും പറഞ്ഞതുപോലെ നമ്മുടെ ഉദ്യോഗസ്ഥരുടെ മനസ്സ് ഇപ്പോഴും പഴയ VAT-ലാണ്. അതിനൊരു മാറ്റം വരണം. അവരുടെ മൈൻഡ്സെറ്റ് മാറിയാൽ മാത്രമേ ജി.എസ്.ടി. കൊണ്ടുള്ള ഗുണം നമ്മുടെ സംസ്ഥാനത്തിന് ലഭിക്കുകയുള്ളൂ. ഉദ്യോഗസ്ഥരുടെ സമീപനത്തിൽ യുവസംരംഭകർക്ക് അനുകൂലമായൊരു മാറ്റം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയിലൂടെ നമ്മളെല്ലാവരും പ്രതീക്ഷിക്കുകയാണ്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ജി.എസ്.ടി. നടപ്പിലാക്കുന്ന സമയത്ത് ബഹുമാനപ്പെട്ട മുൻ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ഇത് ഏറ്റവുമധികം ഗുണപ്രദമാണെന്ന് വാദിച്ച വ്യക്തിയാണ്. അദ്ദേഹം അന്ന് പറഞ്ഞത്, എവിടെയാണോ വിറ്റഴിക്കപ്പെടുന്നത് അവിടെ നികുതി ലഭിക്കുന്ന സംവിധാനമാണ് ജി.എസ്.ടി. വിഭാവന ചെയ്യുന്നതെന്നാണ്.

കണക്കുകൂട്ടലുകൾ ആകെ പിഴച്ചുപോയി എന്നുള്ളതാണ് യാഥാർത്ഥ്യം. യഥാർത്ഥത്തിൽ ജി.എസ്.ടി-യിലൂടെ സംസ്ഥാനത്തിന് ലഭ്യമാകേണ്ട വരുമാനം ഗണ്യമായ രീതിയിൽ കുറഞ്ഞുപോയി എന്നുമാത്രമല്ല നമുക്ക് ലഭ്യമാകേണ്ട തുകപോലും കേന്ദ്രഗവൺമെന്റ് കൃത്യമായി നൽകുന്നില്ല. നമുക്ക് ആവശ്യമെങ്കിൽ കടം വാങ്ങിക്കൊള്ളാൻ പറയുന്നൊരു നിലപാടാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നതെന്ന കാര്യം താങ്കൾക്കറിയാം. ജി.എസ്.ടി-യിൽനിന്ന് ഒഴിവാക്കപ്പെട്ട പെട്രോൾ, ബിവറേജസ് എന്നീ ഉൽപ്പന്നങ്ങൾമൂലമുണ്ടാകുന്ന ലാഭത്തെക്കുറിച്ച് താങ്കൾ സൂചിപ്പിക്കുമെന്നാണ് ഞാൻ കരുതുന്നത്. എന്നാൽ പെട്രോളിനും പെട്രോളിയം ഉൽപ്പന്നങ്ങൾക്കും ജി.എസ്.ടി. ചുമത്തിയിരുന്നെങ്കിൽ ജനങ്ങൾക്ക് നികുതിയിളവ് ലഭ്യമാകുമായിരുന്നു. ഇവയ്ക്ക് ജി.എസ്.ടി. ചുമത്താത്തതിനാൽ അത് ലഭ്യമാകാതെ പോയി എന്നുള്ളത് ഇതിന്റെ കുറവായി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, പെട്രോളിയം ഉൽപ്പന്നങ്ങളെക്കുറിച്ച് ഞാൻ സംസാരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പ്രസംഗംകൊണ്ട് നമ്മുടെ സംസ്ഥാനം നന്നാകുമായിരുന്നുവെങ്കിൽ ഡോ. ടി. എം. തോമസ് ഐസക്കിന്റെ പ്രസംഗംകൊണ്ട് കേരളം നന്നാകണമായിരുന്നു എന്നാണ് അതുസംബന്ധിച്ച് എനിക്ക് പറയാനുള്ളത്. മാത്രമല്ല, ലിക്വറിന്റെ കാര്യം അങ്ങിവിടെ സൂചിപ്പിച്ചു. ഈ ബില്ലിന്റെ പ്രസക്തിയില്ലായ്മയെക്കുറിച്ച് ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത് അതുതന്നെയാണ്. ലിക്വറിന്റെ റേറ്റ് വർദ്ധിപ്പിച്ചതിനെക്കുറിച്ചുള്ള ഭേദഗതിയാണ് ഈ ബില്ലിലുള്ളത്. പക്ഷേ അത് നിലവിൽവന്ന കാര്യമാണ്. There is no scope for a discussion on the merits of the Bill, at the rates of tax on liquor, proposed to amend through this Bill because it is already in force. അത് ചർച്ചചെയ്യുതുകൊണ്ട് ഗുണമുണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. സർക്കാരിന്റെയും നമ്മുടെ എല്ലാപേരുടേയും നയമാണ് നമ്മുടെ നാട്ടിലെ യുവസംരംഭകരെ പ്രോത്സാഹിപ്പിക്കുക എന്നത്. പക്ഷേ, ഒരു സംരംഭകൻ ജി.എസ്.ടി. ഓഫീസിലേയ്ക്ക് പോകുമ്പോൾ ആ വ്യക്തിയുടെ പൾസ് റേറ്റ് കൂടുകയാണ്. മറ്റ് ഓഫീസുകളിൽ പോകുമ്പോൾ ഈയൊരുവസ്ഥയില്ല. സംരംഭകരുടെ സുഖദുഃഖങ്ങൾ അറിയാവുന്ന വ്യക്തിയാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി എന്ന് പറയുന്നുണ്ട്. അദ്ദേഹത്തിലൂടെ നവസംരംഭകർ ഉണ്ടാകട്ടെ, അവർ വളരട്ടെ എന്നാണ് ഞാൻ പ്രത്യാശിക്കുന്നത്. അതുപോലെ ജി.എസ്.ടി. നെറ്റ്വർക്ക് ശരിയാകുന്നതുവരെ സെക്ഷൻ 65 പ്രകാരമുള്ള ഉദ്യോഗസ്ഥരുടെ ആഡിറ്റ് പീഡനം ഇല്ലാതാക്കാൻ തീർച്ചയായും ബഹുമാനപ്പെട്ട

മന്ത്രി വിചാരിച്ചാൽ സാധിക്കും. ആ തീരുമാനം ബഹുമാനപ്പെട്ട മന്ത്രിയുടെ പേനത്തുമ്പിലാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അത് വളരെപ്പെട്ടെന്ന് ചെയ്യാവുന്നതാണ്. തിരുവനന്തപുരത്തുള്ള ജി.എസ്.ടി. കമ്മീഷണറേറ്റിൽ രണ്ടുമൂന്ന് വർഷം മുമ്പ് ഞാൻ പോയിരുന്നു, ആ ഓഫീസിലെ അനുഭവമെന്ന് പറയുന്നത് ജി.എസ്.ടി. കമ്മീഷണറേറ്റിൽ ഒരു കത്ത് നൽകിയാൽ ഒരു വർഷം കഴിഞ്ഞാലും അതിന് മറുപടി ലഭിക്കില്ല എന്നതാണ്. കാലഹരണപ്പെട്ട വാറ്റ് നിയമത്തിന്റെ റിട്ടേണുകൾ റിവൈസ് ചെയ്യാനുള്ള അപേക്ഷകൾ ആ ഓഫീസിൽ കെട്ടിക്കിടക്കുകയാണ്. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ റിട്ടേൺ റിവൈസ് ചെയ്ത് ലഭിക്കാത്തതുകൊണ്ട് പല ഡീലർമാർക്കും അവരുടെ കണക്കുകൾ തീർപ്പാക്കാൻ ഇപ്പോൾ സാധിക്കുന്നില്ല. ആ അവസ്ഥ മാറ്റിയെടുക്കാൻ നമുക്ക് സാധിക്കണം. കമ്മീഷണറേറ്റിൽ വരുന്ന ജി.എസ്.ടി-യുടേതാകട്ടെ, VAT-ന്റേതാകട്ടെ, ലക്ഷ്വറി ടാക്സിന്റേതാകട്ടെ, ജി.എസ്.ടി. നിയമത്തിലെ സെക്ഷൻ 97 പ്രകാരമുള്ള അഡ്വാൻസ് റൂളിംഗിന്റേതാകട്ടെ ലഭിക്കുന്ന അപേക്ഷകളിന്മേൽ 15 ദിവസത്തിനുള്ളിലെങ്കിലും നടപടി ഉറപ്പുവരുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. ജി.എസ്.ടി. നിയമം വന്നതുമുതൽ സെക്ഷൻ 35 പ്രകാരം പൊതുമരാമത്ത് കരാർ ജോലികൾക്ക് ഇൻവോയ്സ് നിർബന്ധമാണ്. പക്ഷേ, ആ ഇൻവോയ്സിൽ പറയുന്ന ജി.എസ്.ടി. കരാറുകാർക്ക് നമ്മൾ നൽകേണ്ടതല്ലേ. അതിനുപകരം കരാർ എഗ്രിമെന്റിൽ ജി.എസ്.ടി-യെക്കുറിച്ച് പരാമർശിച്ചിട്ടില്ലാത്തതിന്റെ പേരിൽ കരാറുകാരെ ദ്രോഹിക്കുന്നത് ശരിയാണോ എന്ന് ബഹുമാനപ്പെട്ട മന്ത്രി ചിന്തിക്കണം. അങ്ങയുടെ മറുപടിപ്രസംഗത്തിൽ ഇക്കാര്യത്തിന് ഒരു പരിഹാരം നിർദ്ദേശിക്കണം. വാറ്റിന്റേതുൾപ്പെടെ കെട്ടിക്കിടക്കുന്ന നികുതി കുടിശ്ശിക തീർപ്പാക്കാനായി 40 ശതമാനം മാത്രം നികുതിയടച്ച് പെനാൽറ്റിയും പലിശയും ഒഴിവാക്കി ഡോ. ടി. എം. തോമസ് ഐസക് കൊണ്ടുവന്ന പഴയ ആംനസ്റ്റി സ്കീം ഇപ്പോഴത്തെ ധനകാര്യ വകുപ്പുമന്ത്രി 40 ശതമാനത്തിൽനിന്നും 60-70 ശതമാനം വരെയായി വർദ്ധിപ്പിച്ചു. ഇത് പഴയതുപോലെ നിലനിർത്തിക്കൂടെയെന്നാണ് എനിക്ക് വിനീതമായി ചോദിക്കാനുള്ളത്. പശ്ചിമ ബംഗാളിൽ ഇത് 30-35 ശതമാനംവരെ മാത്രമാണെന്നാണ് ഞാൻ കേട്ടറിഞ്ഞത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഒരന്വേഷണം നടത്തി ഇതിനൊരു മാറ്റം വരുത്തണമെന്നാണ് ഇതുസംബന്ധിച്ച് പറയാനുള്ളത്. അതുപോലെ മറ്റ് സംസ്ഥാനങ്ങളിൽ VAT-ന്റെ pending assessment deemed assessment ആക്കി മാറ്റിയിരിക്കുന്നുവെന്ന യാഥാർത്ഥ്യം

ഉൾക്കൊള്ളാൻ സാധിക്കണം. 20 ലക്ഷം വരെയുള്ള ആന്വൽ ടേണോവർ ജി.എസ്.ടി. രജിസ്ട്രേഷന് വേണ്ടെന്നാണ് നേരത്തെയുണ്ടായിരുന്ന വ്യവസ്ഥ. ഇത് 40 ലക്ഷമായി ഉയർത്തിയിട്ടുണ്ട്. ഇക്കാര്യം ട്രേഡേഴ്സിന് ഗുണകരമാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ജി.എസ്.ടി-യെക്കുറിച്ച് കഴിഞ്ഞ നിയമസഭയിൽ സംസാരിച്ച ബഹുമാനപ്പെട്ട അംഗം ഇവിടെയില്ല. അദ്ദേഹത്തിനുപകരം ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ഇവിടെയുണ്ട്. അദ്ദേഹം ജി.എസ്.ടി-യുമായി ബന്ധപ്പെട്ട ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കുമ്പോൾ സൂചിപ്പിച്ചത്, സാധാരണ കള്ളന്മാർ അവരുടെ പ്രവൃത്തികൾക്ക് തെരഞ്ഞെടുക്കുന്ന സമയമാണ് പാതിരാനേരമെന്നാണ്. ഏത് കൊള്ളരുതായ്മകളും ചെയ്യാനായി ആളുകൾ തെരഞ്ഞെടുക്കുന്നത് പാതിരാനേരമാണ്. ജി.എസ്.ടി. ബിൽ പാർലമെന്റിൽ അവതരിപ്പിച്ചതും അങ്ങനെയുള്ള പാതിരാനേരത്താണെന്ന് പ്രസംഗിച്ചിരുന്നു. ജി.എസ്.ടി-യെക്കുറിച്ച് പൊതുവെയുള്ള അഭിപ്രായം എന്താണെന്ന് അതിൽനിന്നും വ്യക്തമാകും. വേൾഡ് ബാങ്ക് തന്നെ പറഞ്ഞിട്ടുള്ളത് ജി.എസ്.ടി. ഒരു complex tax procedure ആണെന്നാണ്. പല രാജ്യങ്ങളും ഈ complexity കുറയ്ക്കാൻ നടപടികൾ സ്വീകരിച്ചു. പക്ഷേ, ഇന്ത്യയിൽ ഇതുവരെ അതിനനുസൃതമായ ഒരു നടപടിയും ഉണ്ടായിട്ടില്ലെന്നാണ് നമ്മൾ മനസ്സിലാക്കേണ്ടത്. റിട്ടേൺ ഫയൽ ചെയ്യാൻ simplicity വേണം. അതെല്ലാം ബഹുമാനപ്പെട്ട മന്ത്രി വിചാരിച്ചാൽ നടപ്പിലാക്കാവുന്ന കാര്യമാണ്. പ്ലൈവുഡ്, ആട്ടോമൊബൈൽ, ഇലക്ട്രോണിക്സ് എന്നിവയ്ക്ക് 28 ശതമാനമാണ് ജി.എസ്.ടി. അതുകൊണ്ടുണ്ടാകുന്ന ദുരന്തമെന്താണ്? ഇപ്പോൾ ധാരാളം unregistered traders നമ്മുടെ നാട്ടിലുണ്ട്. 28 ശതമാനം ജി.എസ്.ടി. നൽകി സാധനങ്ങൾ വാങ്ങുന്നതിനുപകരം അൺരജിസ്റ്റേർഡായിട്ടുള്ള കടകളിൽനിന്ന് പ്ലൈവുഡ്, ആട്ടോമൊബൈൽസ്, ഇലക്ട്രോണിക്സ് എന്നിവ ആവശ്യമുള്ളവർ വാങ്ങും. അൺരജിസ്റ്റേർഡ് സ്ഥാപനങ്ങളിൽനിന്ന് ഇത്തരം സാധനങ്ങൾ വാങ്ങുമ്പോൾ 28 ശതമാനം നികുതി അവർക്ക് ലാഭിക്കാം. അതെല്ലാം നമ്മുടെ നികുതി വരുമാനത്തിലുണ്ടാകുന്ന ചോർച്ചയാണെന്ന് മനസ്സിലാക്കാൻ സാധിക്കണം. അതുപോലെ പല രാജ്യങ്ങളിലും ജി.എസ്.ടി. ഏകീകരണമുണ്ട്. ഇന്ത്യയിൽ അതില്ലെന്നത് നമുക്കെല്ലാവർക്കുമറിയാവുന്ന കാര്യമാണ്. ഇൻകം ടാക്സ് അടയ്ക്കുന്ന വ്യക്തികളാണ് നമ്മളിലധികവും. വർഷത്തിലൊരിക്കലാണ് ഇൻകം ടാക്സ് അടയ്ക്കുന്നത്. ജി.എസ്.ടി-യിൽ റിട്ടേൺ ഫയൽ ചെയ്യേണ്ടത് വർഷത്തിൽ 13 തവണയാണ്. അതെല്ലാം ജനങ്ങളിൽ മടുപ്പുളവാക്കും. ജി.എസ്.ടി-യിൽ അംഗമാകാൻ ആരും മുന്നോട്ട് വരില്ല. Initial return-ഉം final return-ഉം തമ്മിൽ

34,000 കോടി രൂപയുടെ mismatch ഉണ്ടെന്നാണ് ഇപ്പോൾ നമുക്ക് ലഭ്യമാകുന്ന കണക്ക്. ജി.എസ്.ടി-യിൽ രജിസ്റ്റർ ചെയ്ത എഴുപത് ശതമാനം ആളുകൾ മാത്രമേ റിട്ടേൺ ഫയൽ ചെയ്യുന്നുള്ളൂ. ബാക്കി മുപ്പത് ശതമാനം റിട്ടേൺ ഫയൽ ചെയ്യാത്തതിനുകാരണം ഞാൻ നേരത്തെ പറഞ്ഞ കാര്യങ്ങൾകൊണ്ടാണെന്ന് നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. ജൂലൈ മാസത്തെയും ഡിസംബർ മാസത്തെയും റിട്ടേണും ഫൈനൽ റിട്ടേണും തമ്മിലുള്ള വ്യത്യാസം പരിശോധിച്ച് അത് പരിഹാരിക്കാനുള്ള മെക്കാനിസം കൊണ്ടുവരണം. ഇടത്തരം-ചെറുകിട കച്ചവടക്കാർക്ക് ഭാരിച്ച ചെലവ് വഹിക്കാൻ കഴിയുകയില്ല. ജി.എസ്.ടി-യിൽ അംഗമായി, അവർ പറയുന്ന കാര്യങ്ങളുമായി മുന്നോട്ടുപോയി കച്ചവടം ചെയ്യണമെങ്കിൽ ഇടത്തരം ചെറുകിട കച്ചവടക്കാർക്ക് എന്തെല്ലാം സംവിധാനങ്ങൾ അവരുടെ സ്ഥാപനത്തിൽ ഏർപ്പെടുത്തണം? അവർക്ക് അക്കൗണ്ടന്റും കമ്പ്യൂട്ടറും സ്ഥാപനത്തിൽ വേണ്ടിവരും. ഇതെല്ലാം സാധാരണക്കാരായ ഇടത്തരം കച്ചവടക്കാരെ സംബന്ധിച്ചിടത്തോളം അസാദ്ധ്യമാണ്. നമ്മുടെ പ്രൊസീഡ്യുവറിൽ ഒരു മാറ്റവും എളിമയും കൊണ്ടുവരണം. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ, പെട്രോളിയം ഉൽപ്പന്നങ്ങളെ ജി.എസ്.ടി-യുടെ പരിധിയിൽ കൊണ്ടുവരാൻ കേന്ദ്ര സർക്കാർ ശ്രമിക്കുന്നുവെന്നാണ് പറയാനുള്ളത്. കേന്ദ്രം അത്തരത്തിലുള്ളൊരു ആലോചനയിലാണ്. അക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ നിലപാടെന്താണ്? പെട്രോളിയം ഉൽപ്പന്നങ്ങളെ ജി.എസ്.ടി-യിൽ കൊണ്ടുവന്നാൽ നമ്മുടെ നാട്ടിൽ പെട്രോളിന്റെയും ഡീസലിന്റെയും വില കുറയും. അക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ നിലപാടെന്താണെന്ന് അറിയാൻ നമുക്കെല്ലാവർക്കും താൽപ്പര്യമുണ്ട്. വാട്ട്സാപ്പിൽ പ്രചരിക്കുന്ന വാർത്തയായതിനാൽ എത്രത്തോളം സത്യമാണെന്ന് അറിയില്ല. തമിഴ്നാട് ഗവൺമെന്റ് പെട്രോളിന്റെ വില 65 രൂപ/ലിറ്റർ ആയി കുറയ്ക്കാൻ പോകുന്നുവെന്ന് വാട്ട്സാപ്പിൽ പ്രചരിക്കുന്ന വാർത്ത ശരിയാണെങ്കിൽ നമ്മുടെ സംസ്ഥാനത്തും പെട്രോളിയം ഉൽപ്പന്നത്തിന്റെ വില കുറയ്ക്കാനാവശ്യമായ നടപടി സ്വീകരിച്ചുകൂടെയെന്നാണ് എനിക്ക് വളരെ വിനയത്തോടുകൂടി ചോദിക്കാനുള്ളത്. 65 രൂപയ്ക്ക് പെട്രോൾ കൊടുക്കാൻ സാധിക്കുന്നതെങ്ങനെയാണ്? തമിഴ്നാട് ഗവൺമെന്റിന്റെ എല്ലാ ടാക്സുകളും അവർ ഒഴിവാക്കാൻ തീരുമാനിച്ചിരിക്കുകയാണ്. കേന്ദ്ര സർക്കാർ പെട്രോളിയം ഉല്പന്നങ്ങളുടെ വില വർദ്ധിപ്പിക്കുമ്പോൾ ഇവിടെയുള്ള ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ദൂരീകരിക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് തീരുമാനമെടുക്കണം. രാത്രി കിടന്നുറങ്ങി അടുത്ത ദിവസം രാവിലെ എഴുന്നേൽക്കുമ്പോൾ പെട്രോളിന്റെ വില വർദ്ധിക്കുകയാണ്. ഇന്ത്യയിൽ അടുത്തകാലത്ത് പെട്രോളിന്റെ വില വർദ്ധിക്കാത്ത

മൂന്ന് ദിവസം മാത്രമാണുണ്ടായത്. അത് നമ്മുടെ പ്രധാനമന്ത്രി രാജ്യത്തില്ലാത്ത മൂന്ന് ദിവസമായിരുന്നു. ഇടയ്ക്കിടയ്ക്ക് അദ്ദേഹം വിദേശരാജ്യങ്ങൾ സന്ദർശിക്കട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം. അപ്പോൾ പെട്രോളിയം ഉല്പന്നങ്ങളുടെ വില വർദ്ധിക്കുകയില്ല.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, പ്രധാനപ്പെട്ടൊരു വിഷയമാണിത്. പെട്രോളും അതുമായി ബന്ധപ്പെട്ട ഉൽപ്പന്നങ്ങളും നിത്യജീവിതവുമായി ബന്ധപ്പെട്ടതിനാലാണ് ഞാനിത് പറയുന്നത്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലയിൽ കുറവ് വരുത്താൻ ശ്രീ. എൻ. എ. നെല്ലിക്കുന്ന് സൂചിപ്പിച്ചതുപോലെ, മുഴുവൻ ടാക്സും കുറച്ചുകൊടുക്കണമെന്നില്ല. കോവിഡ് സാഹചര്യത്തിൽ ജനങ്ങൾ ദുരിതമനുഭവിക്കുമ്പോൾ സംസ്ഥാന ഗവൺമെന്റിന് ലഭ്യമാകുന്ന വരുമാനത്തിന്റെ അൽപ്പമെങ്കിലും കുറച്ചുകൊടുക്കാൻ ഈ ഗവൺമെന്റ് തയ്യാറാകണ്ടേ?

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, അതുതന്നെയാണ് ഞാനും ശക്തിയുക്തം പറയുന്നത്. ഈ ഗവൺമെന്റ് അതിനുള്ള സന്നദ്ധത പ്രകടിപ്പിക്കണം. കേന്ദ്ര ഗവൺമെന്റ് പെട്രോളിന്റെയും ഡീസലിന്റെയും വില എത്രത്തോളം വർദ്ധിപ്പിച്ചാലും അതനുസരിച്ച് ഞങ്ങൾക്ക് നികുതിവേണ്ടെന്ന് പറയാനുള്ള ആർജ്ജവം സംസ്ഥാന സർക്കാർ കാണിക്കണമെന്നാണ് എനിക്ക് അതുസംബന്ധിച്ച് പറയാനുള്ളത്. ഇ-വേ ബിൽ എടുക്കുന്നതിൽ ധാരാളം പ്രയാസങ്ങളുണ്ട്. അതിനൊരു എക്സ്പയറി ഡേറ്റുണ്ട്. അതവസാനിച്ചാൽ സാധനം കയറ്റി അയയ്ക്കുന്ന ആളിനാണ് പിഴ ചുമത്തപ്പെടുന്നത്. അക്കാര്യത്തിൽ പരിഹാര നടപടിയുണ്ടാകണം. ജി.എസ്.ടി. നിയമത്തിലെ നടപടിക്രമങ്ങൾ ലഘൂകരിക്കാൻ നമുക്ക് സാധിക്കണമെന്ന അഭ്യർത്ഥനയാണ് എനിക്ക് അവസാനമായി സൂചിപ്പിക്കാനുള്ളത്. ജി.എസ്.ടി. കേന്ദ്ര സർക്കാർ കൊണ്ടുവന്നതിനാൽ ആ നിയമത്തിൽ നമുക്കൊന്നും കാര്യമായി ചെയ്യാനില്ലെങ്കിലും പ്രൊസീഡ്യുവർ ലഘൂകരിക്കാൻ സാധിക്കും. നമ്മുടെ ഉദ്യോഗസ്ഥരുടെ നിലപാടിൽ മാറ്റമുണ്ടാകണം. വ്യാപാരികളെയും യുവ സംരംഭകരെയും പീഡിപ്പിക്കുന്ന നിലപാടിൽനിന്നും അവരെ മാറ്റിനിർത്തി നമ്മുടെ സംസ്ഥാനത്തെ യുവസംരംഭകരുടെ സംസ്ഥാനമായി മാറ്റിയെടുക്കാനും കച്ചവടം ചെയ്യാൻ ആഗ്രഹിക്കുന്നവർക്ക് ഇൻവെസ്റ്റ് ചെയ്യുന്നതിന് എല്ലാവിധ സംവിധാനങ്ങളും നിയമം ലംഘിക്കാതെ ഒരുക്കിക്കൊടുക്കാനുമാവശ്യമായ നടപടി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കണമെന്നും പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. കെ. ഡി. പ്രസേനൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. ഡി. കെ. മുരളി: സർ, 2021-ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. എൽ.ഡി.എഫ്.-ന്റെയും യു.ഡി.എഫ്.-ന്റെയും പരസ്യ നിലപാടുകൾ അനുസരിച്ച് ജി.എസ്.ടി. (ഭേദഗതി) ബിൽ വലിയ ചർച്ചകളൊന്നും കൂടാതെ പാസ്സാക്കാവുന്നതേയുള്ളൂ. ജി.എസ്.ടി-യുടെ സാദ്ധ്യതകളെയും അത് നടപ്പിലാക്കുന്നതിലുള്ള തെറ്റായ നിലപാടിനെയും യഥാർത്ഥത്തിൽ ഒന്നിച്ചുനിന്ന് എതിർക്കേണ്ടതാണ്. അക്കാര്യത്തിൽ ആർക്കും ഒരു തർക്കവുമില്ല. ഈയൊരു സന്ദർഭത്തിലും കേന്ദ്ര ഗവൺമെന്റിനെതിരെയുള്ള വിമർശനത്തിന് മൂർച്ച കൂട്ടുന്നതിനുപകരം കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റിനെ എങ്ങനെ മോശക്കാരാക്കാമെന്ന് ഗവേഷണം നടത്തിയാണ് മുൻനിര പ്രതിപക്ഷ നേതാക്കളുൾപ്പെടെ ഇടപെട്ട് സംസാരിക്കുന്നുവെന്നതാണ് ഖേദകരം. രാഷ്ട്രീയ മുതലെടുപ്പിനുവേണ്ടി യാഥാർത്ഥ്യങ്ങളിൽനിന്നും വ്യത്യസ്തമായ വിഷയങ്ങളാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. വലിയവായിൽ പറയുന്നതെന്താണ്? ഡോ. ടി. എം. തോമസ് ഐസക്, ശ്രീ. കെ. എൻ. ബാലഗോപാൽ, ശ്രീ. സീതാറാം യെച്ചൂരി എന്നിവർ വ്യത്യസ്ത നിലപാടുകൾ സ്വീകരിക്കുന്നുവെന്നും ഇക്കാര്യത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിക്കകത്ത് അഭിപ്രായവ്യത്യാസമുണ്ടെന്ന നിലയിലുമാണ് പ്രതിപക്ഷം വാദമുഖങ്ങൾ നിരത്തുന്നത്. അവരുടെ ലേഖനങ്ങളും പ്രസ്താവനകളും വായിച്ചുനോക്കുന്നവർക്ക് ഒരു അഭിപ്രായവ്യത്യാസവുമില്ലെന്ന് മനസ്സിലാകും. ആരെ കബളിപ്പിക്കാനാണ് ഇത്തരത്തിലുള്ള പ്രസ്താവനകൾ നടത്തുന്നത്? ജി.എസ്.ടി-യുടെ തുടക്കത്തിൽ ആവേശത്തോടെ സംസാരിച്ചതാണ്. എല്ലാവരും ജി.എസ്.ടി.-യെ അംഗീകരിക്കുകയല്ലേ ചെയ്തത്? ഡെസ്റ്റിനേഷൻ പ്രിൻസിപ്പിൾ അനുസരിച്ച് ഒരു കൺസ്യൂമർ സ്റ്റേറ്റ് എന്ന നിലയിൽ കൂടുതൽ നികുതിവരുമാനം കേരളത്തിന് ലഭ്യമാകേണ്ടതാണ്. അത് നിലവിലെ പ്രതിപക്ഷനേതാവും മുൻ പ്രതിപക്ഷനേതാവും അംഗീകരിക്കുന്ന കാര്യമല്ലേ; ജി.എസ്.ടി. ഇന്ത്യയിൽ കൊണ്ടുവരണമെന്ന് കോൺഗ്രസ് ആലോചിച്ചത് ഇതിന്റെയെല്ലാം ഭാഗമായല്ലേ? അതിനപ്പുറത്തേയ്ക്ക് ഒരു ധനകാര്യ വിദഗ്ദ്ധനെന്ന നിലയിൽ കൺസ്യൂമർ സ്റ്റേറ്റായ കേരളത്തിന് ജി.എസ്.ടി. നിലവിൽ വന്നാൽ വരുമാനം കൂടുമെന്ന നിലപാട് പറയുകയല്ലാതെ ജി.എസ്.ടി-യുടെ നടത്തിപ്പിനെ സംബന്ധിച്ച് ഡോ. ടി. എം. തോമസ് ഐസക് അനുകൂലിക്കുകയോ അംഗീകരിക്കുകയോ ചെയ്തിട്ടുണ്ടോ? അദ്ദേഹം ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന കാലത്ത് ജി.എസ്.ടി. കൗൺസിലിൽ മറ്റിതര സംസ്ഥാനങ്ങളിലെ ധനകാര്യ വകുപ്പുമന്ത്രിമാരെക്കൂടി യോജിപ്പിച്ചുകൊണ്ട് കേരളത്തിന്റെയും രാജ്യത്തിന്റെയും പൊതുതാൽപ്പര്യം കണക്കിലെടുത്ത് ശക്തമായ പോരാട്ടമാണ് നടത്തിയിട്ടുള്ളത്. അദ്ദേഹം നടത്തിയ ഇടപെടലുകളുടെ പ്രാധാന്യം കുറയ്ക്കാനായിരിക്കും

ഇത്തരത്തിലുള്ള വ്യാഖ്യാനം കൊണ്ടുവരുന്നത്. മുൻപ്രതിപക്ഷനേതാവ് ഇടപെട്ട് പറഞ്ഞത് കോൺഗ്രസ് ധനകാര്യ വകുപ്പുമന്ത്രിമാരെല്ലാം യോജിച്ച് അദ്ദേഹത്തെക്കൂടി പങ്കെടുപ്പിച്ചുവെന്നാണ്. ചിലപ്പോൾ ശരിയായിരിക്കാം; അദ്ദേഹം ഇടപെട്ടിരിക്കാം. പക്ഷേ, ജി.എസ്.ടി. കൗൺസിലിൽ ഈ പോരാട്ടത്തിന് നേതൃത്വം നൽകിയത് ഡോ. ടി. എം. തോമസ് ഐസക് അല്ലേ; ഇന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അത് തുടരുകയാണ്. ഇത് അംഗീകരിക്കുകയല്ലേ വേണ്ടത്?

ശ്രീ. എം. വിൻസെന്റ്: ......(മൈക്ക് ഓഫ്)......

ശ്രീ. ഡി. കെ. മുരളി: സർ, ഞാൻ പറഞ്ഞുതുടങ്ങിയതല്ലേയുള്ളൂ. ഇരിക്കൂ. ഇത് പൊതുവിൽ എന്തിനാണ് അംഗീകരിക്കാൻ ബുദ്ധിമുട്ട്; അതിന് ഇടതുപക്ഷ വിരോധം കാണിക്കേണ്ട കാര്യമുണ്ടോ? സംസ്ഥാനം കടമെടുക്കുന്നതിനെ സംബന്ധിച്ചാണ് വലിയ ആക്ഷേപം ഉന്നയിക്കുന്നത്. നികുതിവരുമാനം പ്രഖ്യാപിച്ചതിനനുസരിച്ച് പുരോഗമിച്ചില്ല എന്നതാണ് മറ്റൊരു ആക്ഷേപം. കേരളം അഭിമുഖീകരിച്ച പ്രതിസന്ധികളെ മറക്കാൻ കഴിയുമോ; കേരളത്തിൽ കോവിഡ് മഹാമാരി മാത്രമാണോ; കോവിഡിന് മുമ്പ് രണ്ട് പ്രാവശ്യം പ്രളയമുണ്ടായില്ലേ?അതിന്റെയെല്ലാം സാമൂഹ്യ പ്രത്യാഘാതം കനത്തതായിരുന്നില്ലേ? പ്രളയകാലത്തും കോവിഡ് കാലത്തും ജനങ്ങളെ ചേർത്തുപിടിക്കുകയും സഹായിക്കുകയും ചെയ്യുന്ന നിലപാടാണ് പിണറായി വിജയൻ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. സ്വാഭാവികമായും ടാക്സ് കളക്ഷനും പുതിയ ടാക്സുകൾ ചുമത്തുന്നതിനുമൊക്കെ ആ സന്ദർഭത്തിൽ പരിമിതികളുണ്ടായിരുന്നു. ദുരന്തത്തെ നേരിടുക എന്നതായിരുന്നു പ്രധാനം. കേരളത്തിൽ ഇത്തരം ദുരന്തങ്ങൾ ആവർത്തിച്ചാവർത്തിച്ച് വരുമെന്നൊക്കെ നിങ്ങൾ ആഗ്രഹിച്ചിട്ടുണ്ടെങ്കിലും ദുരന്തകാലത്ത് കേരളത്തിലെ ജനങ്ങളെ രക്ഷപ്പെടുത്തിയെടുക്കുക എന്നതിനാണ് എൽ.ഡി.എഫ്. ഗവൺമെന്റ് മുൻഗണന നൽകിയത്. ആ സന്ദർഭങ്ങളിൽവന്ന സാമ്പത്തിക ബുദ്ധിമുട്ടും പ്രതിസന്ധിയും ഗവൺമെന്റ് വരുത്തിവച്ചതാണോ; ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ധവളപത്രത്തിൽ അന്നത്തെ കേരളത്തിന്റെ സാമ്പത്തിക സ്ഥിതിവിവര കണക്കുകൾ ഉദ്ധരിച്ചുകൊണ്ട് കൃത്യമായി പറഞ്ഞിട്ടുണ്ട് "ശൂന്യമായ ഖജനാവ്"- അതിൽ നിന്നാണ് കേരളം തുടങ്ങിയത്; എന്നിട്ടും ഈ ദുരന്തങ്ങളെ അഭിമുഖീകരിച്ചാണ് മുന്നോട്ടുപോയത്. ആ സന്ദർഭത്തിലും ജനങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്കും നാടിന്റെ വികസനത്തിനും യാതൊരു കുറവും വരുത്തിയിട്ടില്ലെന്നതുകൂടി മനസ്സിലാക്കണം. അനുവദനീയമായ അളവിൽ കടമെടുത്തത് സംബന്ധിച്ച് പ്രതിപക്ഷം ആക്ഷേപം ഉന്നയിച്ചപ്പോൾ ലോകത്ത് കടമെടുക്കുന്ന ആദ്യത്തെ സംസ്ഥാനം കേരളമല്ലായെന്ന് ഡോ. ടി. എം. തോമസ്

ഐസക് വിശദീകരിച്ചിട്ടുമുണ്ട്. ലോകത്തെ സമ്പന്നരാഷ്ട്രമായ യു.എസ്.എ. ഉൾപ്പെടെയുള്ള രാജ്യങ്ങൾ കടമെടുക്കുന്ന കാര്യങ്ങൾ ഉദാഹരണസഹിതം പറഞ്ഞാൽ അത് ആക്ഷേപമാകുന്നത് എങ്ങനെയാണ്; അതെല്ലാം ഓരോ അനുഭവങ്ങളല്ലേ? കടമെടുത്തത് നാടിനെ രക്ഷിക്കാനും നാട്ടിലെ ജനങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കും വേണ്ടിയാണ്. അതുപോലെതന്നെ വികസനപ്രവർത്തനങ്ങൾ മുരടിക്കാനും പാടില്ല. അതുകൊണ്ടാണ് നിലവിലുണ്ടായിരുന്ന കിഫ്ബിയെ പുനരുദ്ധരിച്ച് ഒരു സാമ്പത്തിക സമാഹരണ സ്രോതസ്സാക്കി മാറ്റിയത്. ഇപ്പോൾ കിഫ്ബിയെ ആക്ഷേപിക്കാൻ പറയുന്നതെന്താണ്? ശ്രീ. കെ. ബി. ഗണേഷ് കുമാർ കിഫ്ബിയെ എതിർത്തുവെന്നാണ് പറയുന്നത്. കിഫ്ബിയുടെ പ്രവർത്തന സംവിധാനത്തിൽ വരുന്ന ചില അപാകതകളാണ് അദ്ദേഹം ചൂണ്ടിക്കാണിച്ചത്. കിഫ്ബിയുടെ ഏതെങ്കിലും ഒരു വർക്ക് മുടങ്ങിപ്പോയിട്ടുണ്ടെങ്കിൽ അതിന്റെ കാരണം കണ്ടുപിടിക്കണ്ടേ;നമുക്കൊരു സംവിധാനമുണ്ടല്ലോ; അത് എൽ.ഡി.എഫ്. ഉണ്ടാക്കിയതല്ല. ബ്യൂറോക്രസിയും എക്സിക്യൂട്ടീവുമെല്ലാം നേരത്തെയുള്ളതുമാണ്. കിഫ്ബി മുഖാന്തരമുള്ള ഒരു റോഡ് നിർമ്മാണം പൂർത്തിയാകുന്നില്ലെന്ന് പറഞ്ഞ് ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ എന്റെ നിയോജകമണ്ഡലത്തിൽ വന്ന് ഒരു സമരം ഉദ്ഘാടനം ചെയ്തിരുന്നു. അദ്ദേഹം എന്റെ സുഹൃത്താണ്. കരാറുകാരൻ വരുത്തിയ കാലതാമസംമൂലമാണ് പ്രവൃത്തി പൂർത്തിയാകാതിരുന്നത്. സമാനമായ കാര്യങ്ങൾ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തിയിലുമുണ്ടാകാറില്ലേ? കരാറുകാരൻ അനാസ്ഥ കാണിച്ചാൽ, കാലവിളംബം വരുത്തിയാൽ കരാർ ടെർമിനേറ്റ് ചെയ്യാം. ടെർമിനേറ്റ് ചെയ്താലുണ്ടാകുന്ന ലിറ്റിഗേഷൻ നമുക്കെല്ലാം അറിയാവുന്നതല്ലേ; കോടതിയിൽ പോകും, വീണ്ടും കാലതാമസമുണ്ടാകും. സ്വാഭാവികമായും കരാറുകാരനെക്കൊണ്ട് പ്രവൃത്തി ചെയ്യിപ്പിക്കാനുള്ള പരിശ്രമം നടത്തും.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:......(മൈക്ക് ഓഫ്).....

ശ്രീ. ഡി. കെ. മുരളി: സർ, അങ്ങനെ സംഭവിക്കുന്ന കാലവിളംബമല്ലാതെ നാട്ടിലുണ്ടായിട്ടുള്ള എത്രയോ വികസന പ്രവർത്തനങ്ങളുണ്ട്. എത്ര പൊതുവിദ്യാലയങ്ങൾ തലയുയർത്തി നിൽക്കുന്നു. എത്രയെത്ര റോഡുകൾ ബി.എം.&ബി.സി. ഉപയോഗിച്ച് ഭംഗിയായി നടത്തുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, അദ്ദേഹം വഴങ്ങുന്നില്ല.

ശ്രീ. ഡി. കെ. മുരളി: സർ, ഞാൻ വഴങ്ങുന്നില്ല. ഇദ്ദേഹത്തിന്റെ മനസ്സിലിരിക്കുന്ന മറുപടിയാണ് ഞാൻ പറയുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: അദ്ദേഹം വഴങ്ങുന്നില്ലെന്നാണ് പറയുന്നത്. അങ്ങ് ഇരിക്കു.

ശ്രീ. ഡി. കെ. മുരളി: സർ, അദ്ദേഹം എന്റെ നിയോജകമണ്ഡലത്തിൽ വന്ന് റോഡ് പ്രവൃത്തി പൂർത്തിയാക്കുന്നില്ലെന്നുപറഞ്ഞ് നടത്തിയ സമരം ഉദ്ഘാടനം ചെയ്ത കാര്യമേ ഞാൻ പറഞ്ഞിട്ടുള്ളൂ. അദ്ദേഹത്തെ ആക്ഷേപിക്കാൻ ഞാനൊന്നും പറഞ്ഞില്ല. അദ്ദേഹം അവിടെ വന്ന് ആക്ഷേപകരമായ ഒന്നും പറഞ്ഞതുമില്ല. മര്യാദയോടെ സംസാരിച്ചിട്ടാണ് പോയത്. ഞാൻ പറയുന്നത്, ആ റോഡിന്റെ പണിപോലും ഇടപെട്ട് പൂർത്തിയാക്കിയെടുക്കുകയാണ് ചെയ്യുന്നത്. അത് കിഫ്ബിയുടെ കുഴപ്പമല്ല.

നമ്മുടെ നാട്ടിലെ വീടില്ലാത്ത രണ്ട് ലക്ഷം പേർക്ക് വീട് നിർമ്മിച്ചുകൊടുക്കുവാൻ എൽ.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞു. ലൈഫ് പദ്ധതിയെ നിങ്ങൾ അധിക്ഷേപിച്ചു. ആ പദ്ധതിയെ ഇല്ലായ്മ ചെയ്യാൻ നോക്കി. ഇപ്പോൾ പറയുന്നത് കടമെടുക്കരുതെന്നാണ്. പെട്രോളിയം ഉല്പന്നങ്ങളുടെ വിലവർദ്ധനവ് സംബന്ധിച്ചും ശ്രീ. നരേന്ദ്ര മോദിയുടെ നയങ്ങളെ ശക്തമായി വിമർശിച്ചും ശ്രീ. എൻ. എ. നെല്ലിക്കുന്ന് പ്രസംഗിച്ചു. അദ്ദേഹം പറഞ്ഞ വാക്കുകൾ ഞാൻ ശ്രദ്ധിച്ചു. ശ്രീ. നരേന്ദ്ര മോദി ഒരു മാസക്കാലം ഇന്ത്യ വിട്ടുനിന്നാൽ അത്രയും കാലമെങ്കിലും പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലകൂടാതിരിക്കുമെന്നാണ് പറഞ്ഞത്. സംസ്ഥാന ഗവൺമെന്റ് നികുതി ഉപേക്ഷിക്കണമെന്നാണ് പറയുന്നത്. സംസ്ഥാന ഗവൺമെന്റ് നികുതി വർദ്ധിപ്പിച്ചിട്ടില്ല. നേരത്തെയുണ്ടായിരുന്നതിൽനിന്നും ഒരു ശതമാനം കുറച്ചതിനുശേഷം ഇതുവരെയും നികുതി വർദ്ധിപ്പിച്ചിട്ടില്ല. അനുദിനം നികുതി വർദ്ധിപ്പിച്ചുക്കൊണ്ടിരിക്കുന്നത് കേന്ദ്ര ഗവൺമെന്റാണ്. എന്തുകൊണ്ടാണ് ഇത് സംഭവിച്ചത്? വില നിയന്ത്രണാധികാരം വേണ്ടെന്നുവച്ചത് യു.പി.എ. ഗവൺമെന്റാണ്. അത് ജനങ്ങളെ കൊള്ളയടിക്കാനുള്ള ഒരുപാധിയായി ഇപ്പോൾ ബി.ജെ.പി. ഗവൺമെന്റ് കൊണ്ടുനടക്കുന്നു. ഞങ്ങൾ സോഷ്യൽ ലെഫ്റ്റാണെന്നാണ് ഇന്നലെ ഇവിടെ പറഞ്ഞത്. സോഷ്യൽ ലെഫ്റ്റെന്ന് പറയുന്ന യു.പി.എ. ഗവൺമെന്റിന്റെ ഭരണ കാലത്താണ് പെട്രോളിയം ഉല്പന്നങ്ങളുടെ വില നിയന്ത്രണാവകാശം വേണ്ടെന്നുവച്ചത്. അതിന്റെ ഭാഗമായിട്ടാണ് ഇന്ന് അനുദിനം വില കൂടിക്കൊണ്ടിരിക്കുന്നത്. ഇതൊക്കെ നിഷേധിക്കാൻ ആർക്കാണ് കഴിയുക?

ഡോ. മാത്യു കുഴൽനാടൻ: .....(മൈക്ക് ഓഫ്).....

ശ്രീ. ഡി. കെ. മുരളി: സർ, ഞാൻ വഴങ്ങുന്നില്ല. ഡോ. മാത്യു കുഴൽനാടന് പ്രസംഗിക്കാൻ അവസരമുണ്ടല്ലോ; അപ്പോൾ പറഞ്ഞാൽ മതി. ഇത്തരത്തിൽ

ജനങ്ങളെ കബളിപ്പിക്കുന്ന നിലപാട് മാറ്റണം. ഇക്കണോമിക് ലെഫ്റ്റും സോഷ്യൽ ലെഫ്റ്റും എന്നൊക്കെപ്പറഞ്ഞ് ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻ നോക്കണ്ട. ഇന്നലെ ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ഇതുമായി ബന്ധപ്പെട്ട് വളരെ നന്നായി കാര്യങ്ങൾ പറഞ്ഞുതന്നു. എന്നിട്ടും മനസ്സിലായില്ലെങ്കിൽ വേറെയാരെയും പറഞ്ഞിട്ട് കാര്യമില്ല. മനസ്സിലാകാത്തതിന് എന്തു ചെയ്യാൻ കഴിയും? ഞങ്ങൾക്ക് പരിതപിക്കാൻ മാത്രമേ കഴിയൂ. ഇത്തരം കാര്യങ്ങളിൽ ഇരട്ട നിലപാടെടുക്കരുതെന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. യോജിച്ച് നിൽക്കാൻ കഴിയുന്നിടത്ത് യോജിച്ച് നിൽക്കാം. രാജ്യത്ത് വളർന്നുവരുന്ന അപകടമുണ്ട്. അത് ഹിന്ദുവർഗ്ഗീയ ഫാസിസ്റ്റുകളുയർത്തുന്നതാണ്. അവർ ജി.എസ്.ടി-യെ കോർപ്പറേറ്റ് അനുകൂല നിയമമാക്കി മാറ്റുകയാണ്. സംസ്ഥാനത്തിന് നൽകേണ്ട വിഹിതം നൽകുന്നില്ല. നിർഭാഗ്യവശാൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് കേരളത്തിൽ മാത്രമേയുള്ളൂ, കോൺഗ്രസ്സും രണ്ടുമൂന്നു സംസ്ഥാനങ്ങളിലേയുള്ളൂ. അങ്ങനെയൊരു പരിതാപകരമായ അവസ്ഥ ഇന്ത്യയ്ക്ക് വന്നുചേർന്നിട്ടുണ്ട്. നിലവിലുള്ള ശക്തിയെങ്കിലും ഉപയോഗിച്ച് ഒറ്റക്കെട്ടായിനിന്ന് പോരാടാനും കോർപ്പറേറ്റ്വൽക്കരണത്തിനെതിരായി നിൽക്കാനും തയ്യാറാകേണ്ട സന്ദർഭത്തിൽ ഈ ഗവൺമെന്റിന്റെ ശരിയായ നിലപാടുകളെ കുറ്റപ്പെടുത്തുന്ന നില അവസാനിപ്പിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ജി.എസ്.ടി-യുടെ ഏറ്റവും വലിയ അപകടം ഇന്ത്യയുടെ ഫെഡറൽ സ്വഭാവത്തിന്റെയും ഫിസ്കൽ ഫെഡറലിസത്തിന്റെയും കടയ്ക്കൽകത്തി വച്ചിരിക്കുകയാണെന്നതാണ്. പതിനഞ്ചോളം വരുന്ന നികുതികൾ ലയിപ്പിച്ചു കൊണ്ടാണ് ജി.എസ്.ടി. കൊണ്ടുവന്നത്. സംസ്ഥാനത്തിന് ഏതെങ്കിലും സന്ദർഭത്തിൽ നികുതി വർദ്ധിപ്പിക്കാമെന്നൊരു ഗുണം വാറ്റ് നികുതിയുടെ കാലത്തുണ്ടായിരുന്നു. ഒരു സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ ആർഭാട നികുതി, വിനോദ നികുതി തുടങ്ങിയ നികുതികളെല്ലാം വർദ്ധിപ്പിക്കാനുള്ള അവകാശമുണ്ടായിരുന്നു, അതാണ് ഫിസ്കൽ ഫെഡറലിസത്തിന്റെ കാതൽ. അതില്ലാതാക്കുകയാണ് ചെയ്തത്. Destination Principle അനുസരിച്ച് കൺസ്യൂമർ സ്റ്റേറ്റായ കേരളംപോലുള്ള സംസ്ഥാനങ്ങൾക്ക് നൽകേണ്ടുന്ന നികുതിയും നഷ്ടപരിഹാരത്തുകയും നൽകുന്നുമില്ല. അതിന്റെ കാലാവധി 5 വർഷംകൊണ്ട് തീർക്കുകയാണ്. ജി.എസ്.ടി. നഷ്ട പരിഹാരത്തുകയുടെ കാലാവധി 5 വർഷംകൂടി ദീർഘിപ്പിക്കണമെന്നാണ് കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ആവശ്യപ്പെടുന്നത്. ഇത്തരം കാര്യങ്ങളിൽ വലിയരീതിയിലുള്ള സമരം നമുക്ക് വേണ്ടിവരും. ഈ പോരാട്ടം ജി.എസ്.ടി. കൗൺസിലിൽ മുൻ ധനകാര്യ വകുപ്പുമന്ത്രി നടത്തുകയും ഇപ്പോഴത്തെ ധനകാര്യ

വകുപ്പുമന്ത്രി അത് തുടരുകയുമാണ്. അതിൽ യോജിക്കുന്ന എല്ലാവരേയും യോജിപ്പിച്ചുനിർത്തുകയെന്നതാണ് പ്രധാനം. ഇന്ത്യയെ സാമ്പത്തിക ഏകീകരണത്തിലേയ്ക്ക് നയിക്കാൻ പ്രാപ്തമാണെന്നാണ് അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി അരുൺ ജെയ്റ്റ്ലി പ്രതികരിച്ചത്. രാജ്യത്തെ ജി.ഡി.പി-യിൽ രണ്ട് ശതമാനം വർദ്ധനവുണ്ടാകും. കേന്ദ്ര ജി.എസ്.ടി., സംസ്ഥാന ജി.എസ്.ടി., ഇന്റഗ്രേറ്റഡ് ജി.എസ്.ടി. എന്നിങ്ങനെയാണ് നികുതി ഘടന. ജി.എസ്.ടി.യിൽ നാല് നികുതി സ്ലാബുകളാണ് നിശ്ചയിച്ചിരിക്കുന്നത്. ഇപ്പോൾ അത് രണ്ടാക്കാൻ പോകുന്നുവെന്നാണ് പറയുന്നത്. കോർപ്പറേറ്റുകൾക്ക് ലാഭമുണ്ടാക്കാൻ സഹായിക്കുന്ന നിലപാടാണ് സ്വീകരിക്കുന്നത്. സ്ലാബിന്റെ എണ്ണം ചുരുക്കിയാൽ അത് ചെറുകിട കച്ചവടക്കാരെ പ്രതികൂലമായി ബാധിക്കും. 5 ശതമാനമെന്നുള്ളത് 12 ശതമാനത്തിലേയ്ക്ക് നിജപ്പെടുത്തിയാൽ ദോഷംവരുന്നത് ചെറുകിട കച്ചവടക്കാർക്കാണ്. ഫുഡ് സപ്ലൈ ആപ്പിനെ ഇപ്പോൾ ജി.എസ്.ടി-യുടെ പരിധിയിൽ കൊണ്ടുവരികയാണ്. ജി.എസ്.ടി. നികുതിയുടെ പരിധിയിൽനിന്ന് ഒഴിവായി നിൽക്കുന്ന ഹോട്ടലുകളും മറ്റു സ്ഥാപനങ്ങളുംകൂടി ഇതിലുൾപ്പെടുകയാണ്. സാധാരണക്കാരെയും ചെറുകിടക്കാരെയും സംരക്ഷിക്കാൻ യാതൊരു നിലപാടും സ്വീകരിക്കുന്നില്ലെന്ന് മാത്രമല്ല അവരെ ദ്രോഹിക്കുകയും ചെയ്യുന്നു. പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് ജി.എസ്.ടി. ഏർപ്പെടുത്താൻ പോകുകയാണെന്ന് വെറുതെ പറയുകയാണ്. സംസ്ഥാനങ്ങൾ എതിർക്കുന്നതുകൊണ്ടും ഹൈക്കോടതിയുടെ പരാമർശം വന്നതുകൊണ്ടും ഇത് കൗൺസിലിൽ അജണ്ടയായി കൊണ്ടുവന്നതാണ്. നാളെ അത് എന്താകുമെന്ന് അറിയില്ല. പാചകവാതകം ജി.എസ്.ടി-യുടെ പരിധിയിൽ കൊണ്ടുവന്നതാണ്. പാചക വാതകത്തിന്റേതായാലും പെട്രോളിന്റേതായാലും അടിസ്ഥാന വിലയിൽ വർദ്ധനവുണ്ടാക്കിയാണ് ഇവർ കോർപ്പറേറ്റുകളുടെ കൂടെ നിൽക്കുന്നത്. അതിന്റെ മാനദണ്ഡങ്ങൾ ജനങ്ങളോട് യഥാവിധി പറയുന്നുമില്ല. സാധാരണക്കാരെയും സംസ്ഥാനങ്ങളെയും ദ്രോഹിക്കുന്ന നിലപാടെടുത്ത് കേന്ദ്ര ഗവൺമെന്റ് പോകുന്നുവെന്നുള്ളതാണ് ജി.എസ്.ടി. ഉയർത്തുന്ന ഏറ്റവും വലിയ അപകടം. നികുതി കേന്ദ്രീകരിച്ചുകൊണ്ട് സംസ്ഥാനങ്ങളുടെ അവകാശം കവർന്നെടുക്കുകയാണ്. വരുംകാലങ്ങളിൽ ഇതിനെതിരെ ശക്തമായ പ്രക്ഷോഭം ജി.എസ്.ടി. കൗൺസിലിലും പുറത്തും നടത്തണം. ഇതുസംബന്ധിച്ച് രാജ്യത്താകെ ജനങ്ങളിൽ അവബോധം സൃഷ്ടിക്കണം. കർഷകസമരം കണ്ടില്ലേ; അഞ്ഞൂറോളം കർഷക സംഘടനകൾ ചേർന്ന് നടത്തുന്ന സമരം ഐതിഹാസികമായി മാറുകയല്ലേ? അവിടേയ്ക്ക് ശ്രീമതി പ്രിയങ്ക ഗാന്ധി പോയതോടെ കോൺഗ്രസ്സിന് ഉണർവ് കൈവന്നിരിക്കുകയാണ്. ഇത്തരത്തിൽ കോർപ്പറേറ്റുവൽക്കരണത്തി

നെതിരായ ശക്തമായ പോരാട്ടം എല്ലാ മേഖലകളിലും വളർന്നുവരണം. അത് ഇവിടെയും ആവശ്യമാണെന്നത് നമുക്ക് കാണേണ്ടിയിരിക്കുന്നു. എന്താണ് സെസ്സിന്റേയും സർചാർജ്ജിന്റേയും പ്രത്യേകത? അതിന്റെ തുച്ഛമായ വിഹിതം മാത്രം സംസ്ഥാനത്തിന് കൊടുത്താൽ മതിയെന്ന് നമുക്കെല്ലാമറിയാം. സെസ്സും സർചാർജ്ജും ഈടാക്കി ഏകദേശം അഞ്ചര ലക്ഷം കോടി രൂപയാണ് കേന്ദ്ര ഗവൺമെന്റ് കൊള്ളയടിച്ചിരിക്കുന്നത്. വരുമാനവിഹിതം സംസ്ഥാനങ്ങൾക്ക് ലഭിക്കുന്നില്ല. ജി.എസ്.ടി. നിയമത്തിലെ കേന്ദ്ര-സംസ്ഥാന വിഹിതം 50:50 ആണ്. അത് മാറണം. സംസ്ഥാന വിഹിതം കുറഞ്ഞത് 60 ശതമാനമായെങ്കിലും വർദ്ധിപ്പിക്കാൻ കഴിയണം. നിലവിൽ നിയമം പ്രാബല്യത്തിൽ വന്നുകഴിഞ്ഞു. അതുകൊണ്ടാണ് കാലാകാലങ്ങളിൽ ഓർഡിനൻസ് ഇറക്കേണ്ടിവരുന്നത്. ഓർഡിനൻസ് രാജ് എന്നും ഓഡിനൻസ് പ്രളയമെന്നും ആക്ഷേപിക്കുമ്പോൾ ഇതൊക്കെ മനസ്സിലാക്കണം. ജി.എസ്.ടി. കൗൺസിൽ കാലാകാലങ്ങളായി പാസ്സാക്കുന്ന എല്ലാ നിയമങ്ങളും സംസ്ഥാനത്തിനും ബാധകമാണ്. അതിനനുസരിച്ച് ഓർഡിൻസിന്റെ എണ്ണവും വർദ്ധിക്കും. അതുസംബന്ധിച്ച് ധനകാര്യ വകുപ്പുമന്ത്രിതന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്. നിയമസഭ ചേരാനുള്ള അവസരമുണ്ടാകാതിരുന്ന സന്ദർഭങ്ങളിൽ ആവശ്യമായ ഓർഡിനൻസ് ഇറക്കണ്ടേ? ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറയുന്നതുപോലെ സാംക്രമികരോഗ നിയന്ത്രണ ഓർഡിനൻസ് അനാവശ്യമായിരുന്നോ; സാംക്രമികരോഗം വർദ്ധിപ്പിക്കുന്ന രീതിയിൽ ആരെങ്കിലും ഇടപെട്ടിട്ടുണ്ടെങ്കിൽ രാഷ്ട്രീയംനോക്കി മാറ്റിനിർത്താൻ കഴിയില്ല. ആ ഘട്ടത്തിൽ ജനങ്ങളെ നിയന്ത്രിക്കാൻ പ്രചരണം നടത്തുകയും അവബോധം സൃഷ്ടിക്കുകയുമുണ്ടായി. ജനം ഭയപ്പാടില്ലാതെ ഇറങ്ങിനടക്കുമ്പോൾ സ്വാഭാവികമായും ഒരു നിയന്ത്രണം വേണ്ടേ? പകർച്ചവ്യാധിയുടെ ഘട്ടത്തിൽ ഒരു ഓർഡിനൻസ് കൊണ്ടുവരുന്നത് അനവസരത്തിലാണെന്ന് പറയാൻ സാധിക്കുമോ; അങ്ങനെ പറയാൻ യു.ഡി.എഫ്-നേ കഴിയുകയുള്ളൂ. സന്ദർഭോചിതമായി കൊണ്ടുവന്ന ഓർഡിനൻസുകളെല്ലാം നിയമമാക്കാൻ നിയമസഭ ചേർന്നിരിക്കുകയാണ്. അതൊരു ചരിത്രസംഭവം തന്നെയാണ്. അതിനെ ആക്ഷേപിക്കേണ്ടതില്ല; വിപ്ലവകരമായ ഒരു നിലപാടുതന്നെയാണെന്നത് മനസ്സിലാക്കണം. ശ്രീ. പി. കെ. ബഷീറിനെ നമുക്ക് എല്ലാവർക്കും ഇഷ്ടമാണ്. അദ്ദേഹത്തിന്റെ ഓരോ വാക്കിലും ചിരിക്കാൻ വകയുണ്ടാകും. അതിനപ്പുറത്തേയ്ക്ക് ഗൗരവമായി കാണേണ്ട കാര്യമില്ല. അദ്ദേഹത്തിന് കാതലായ കാര്യം പറയണമെന്നില്ല, നമ്മളെയെല്ലാം ഒന്ന് ചിരിപ്പിക്കണം. നമ്മളെല്ലാവരും ആസ്വദിച്ച് ചിരിക്കാറുമുണ്ട്. അതുകഴിഞ്ഞാൽ ഉടൻതന്നെ അടുത്തുവന്ന് ഞങ്ങളെയെല്ലാം ആശ്വസിപ്പിക്കാറുമുണ്ട്, അദ്ദേഹം നല്ല മനുഷ്യനാണ്. ഇതുപോലുള്ള സാമാജികർ ഒരുപാടുപേർ ഈ സഭയിൽ വന്നുപോയിട്ടുണ്ടെന്ന് ചരിത്രം വായിക്കുന്നവർക്കറിയാം. അദ്ദേഹം ഒരു

കൊമേഡിയൻ എന്നുപറഞ്ഞ് ഞാൻ ആക്ഷേപിച്ചിട്ടൊന്നുമില്ല. അങ്ങനെയൊന്നും തെറ്റിദ്ധരിച്ചുകളയരുത്. ശ്രീ. പി. കെ. ബഷീറിനോട് എല്ലാ ബഹുമാനവും നിലനിർത്തികൊണ്ടുതന്നെ, ഏറ്റവും ഭംഗിയായി കാര്യങ്ങൾ പറയുന്ന ഒരാളെന്ന ബഹുമാനത്തോടെയാണ് പറയുന്നത്. അതിനെ നെഗറ്റീവ് സെൻസിലൊന്നും എടുക്കരുത്. പണ്ട് ഇവിടെ നടന്ന പ്രസംഗത്തെക്കുറിച്ച് ചരിത്രത്തിൽ രേഖപ്പെടുത്തിയതായി വായിച്ചുകേട്ടിട്ടുണ്ട്. കാട് സംരക്ഷിക്കണമെന്നും മരം നട്ടുപിടിപ്പിക്കണമെന്നും അല്ലെങ്കിൽ കാലാവസ്ഥാ വ്യതിയാനമുണ്ടാകുമെന്നും സുഗതകുമാരി ടീച്ചറും മറ്റും പറഞ്ഞിരുന്ന സമയത്ത് ഒരു നിയമസഭാ സാമാജികൻ തമാശയായി പറഞ്ഞിട്ടുണ്ട്, അങ്ങനെയാണെങ്കിൽ കടലിലെങ്ങനെ മഴപെയ്യുമെന്ന്. അന്ന് കേരളമാകെ ചിരിച്ചിട്ടുണ്ട്. അങ്ങനെ തമാശ പറഞ്ഞ ചരിത്രവും ഇവിടെയുണ്ട്. അതിന്റെ പിന്മുറക്കാരുണ്ടാകുന്നതിൽ നമുക്ക് ആശ്വസിക്കാം. അതിനപ്പുറത്തേയ്ക്ക് ശ്രീ. പി. കെ. ബഷീറിന്റെ പ്രസംഗത്തിനൊരു ഗൗരവം കൊടുക്കേണ്ടതില്ലായെന്നാണ് പറയാനുള്ളത്. കിഫ്ബിയെക്കുറിച്ച് പറഞ്ഞ ആക്ഷേപങ്ങളെല്ലാം ജനങ്ങൾ തള്ളിക്കളഞ്ഞതല്ലേ; അത് നിങ്ങൾ മനസ്സിലാക്കണ്ടേ; ലൈഫ് പദ്ധതിക്കെതിരെയും കിഫ്ബിക്കെതിരെയും ഉന്നയിച്ച ആക്ഷേപം വസ്തുതകൾ മനസ്സിലാക്കിയ ജനം തള്ളിക്കളഞ്ഞിട്ടുണ്ട്. ജി.എസ്.ടി. സംവിധാനത്തിലെ കമ്പ്യൂട്ടർവൽക്കരണത്തിലെ അപാകതകളെക്കുറിച്ച് ശ്രീ. എൻ. എ. നെല്ലിക്കുന്ന് ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. ഐ.ടി. സംവിധാനം ഇന്നും അപര്യാപ്തമാണ്. അതിന്റെ വലിയ അപകടമുണ്ട്. അതുകൊണ്ട് നികുതി പിരിക്കാനും അടയ്ക്കാനും കഴിയുന്നില്ല. ഇതിന്റെ നൂലാമാലകൾ അറിയാത്ത വ്യവസായികളും കച്ചവടക്കാരുമെല്ലാം ബുദ്ധിമുട്ടുകയാണ്. നോട്ടുനിരോധനം പോലെ മുന്നൊരുക്കങ്ങളില്ലാതെ ജി.എസ്.ടി. നടപ്പിലാക്കിയെന്ന് മുൻ പ്രതിപക്ഷനേതാവ് പറഞ്ഞിരുന്നു. കേന്ദ്ര ഗവൺമെന്റ് കൊണ്ടുവരുന്ന ഇത്തരം തലതിരിഞ്ഞ കോർപ്പറേറ്റുവൽക്കരണ നയങ്ങളുടെ ദുരന്തമാണിത്. അത് പരിഹരിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്നാണ് എനിക്ക് അതിനെക്കുറിച്ച് പറയാനുള്ളത്. ജി.എസ്.ടി-യുടെ സംസ്ഥാന വിഹിതം വർദ്ധിപ്പിച്ചാൽ മാത്രമേ പിടിച്ചുനിൽക്കാൻ കഴിയുകയുള്ളൂ. ഈ വരുമാന നഷ്ടമെല്ലാമുള്ളപ്പോഴാണ് കേരളം മാതൃക സൃഷ്ടിച്ചു കൊണ്ട് മുന്നോട്ടുപോകുന്നത്. സാധാരണക്കാർക്ക് വീടുവച്ച് കൊടുക്കുന്ന, നാടിന്റെ വികസന പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്ന, സ്കൂൾ കെട്ടിടങ്ങൾ പടുത്തുയർത്തുന്ന, ഭക്ഷ്യധാന്യക്കിറ്റ് കൊടുക്കുന്ന, ഭൂമിയില്ലാത്തവർക്ക് പട്ടയം കൊടുക്കുന്ന എന്നിങ്ങനെ വികസന പ്രവർത്തനങ്ങളും ക്ഷേമപ്രവർത്തനങ്ങളും ഒരുമിച്ചുനടത്തി കേരളം മുന്നോട്ടുപോകുകയാണ്. അതുകൊണ്ടാണ് നീതി ആയോഗിന്റെ സുസ്ഥിര വികസന സൂചികയിൽ 2020-21-ൽ മൂന്നാം തവണയും

കേരളം ഒന്നാംസ്ഥാനത്തെത്തിയത്. പ്രതിസന്ധികളെല്ലാം തരണംചെയ്തുകൊണ്ട് സമസ്ത മേഖലയിലും പുരോഗതിയുണ്ടാക്കാൻ കഴിയുന്ന നിശ്ചയദാർഢ്യം കേരളത്തിനുണ്ട്. കേന്ദ്രത്തിന് ഒരു ബദലുണ്ട്. അതാണ് ലെഫ്റ്റ് എന്നതുകൂടി മനസ്സിലാക്കണമെന്ന് സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, I move that- "This House resolves to disapprove The Kerala General Sales Tax (Amendment) Ordinance, 2021 (Ordinance No. 105 of 2021)" . ഓർഡിനൻസുകൾ റിപ്ലേസ് ചെയ്യാൻ വേണ്ടിയുള്ള നിയമസഭാ സമ്മേളനമാണ് ഇപ്പോൾ വിളിച്ചുചേർത്തിരിക്കുന്നത്. 24 ദിവസത്തോളം നീണ്ടുനിൽക്കുന്ന നിയമസഭാസമ്മേളനം വിളിച്ചുചേർക്കേണ്ടിവന്ന സാഹചര്യവും ഇവിടെ പ്രതിപാദിക്കുകയുണ്ടായി. നിരവധി ഓർഡിനൻസുകൾ റിപ്ലേസ് ചെയ്യുകയെന്ന ഭരണഘടനാപരമായ ബാദ്ധ്യത സർക്കാരിനുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് ഈ നിയമസഭാസമ്മേളനം ചേർന്നിരിക്കുന്നത്. ഓർഡിനൻസുകൾ മുഴുവനും നിയമമാണെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സംസാരിച്ചപ്പോൾ പറഞ്ഞത്. അത് നിയമം തന്നെയാണ്. പക്ഷേ, അതൊരു perfect law ആണോ? നിയമസഭയിൽ ചർച്ച ചെയ്ത് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കുശേഷം clause-by-clause ഡിസ്കഷനിലൂടെ മുന്നോട്ട് വരുമ്പോഴാണ് നല്ലൊരു നിയമം ജന്മമെടുക്കുന്നത്. ആ അർത്ഥത്തിലാണ് പ്രതിപക്ഷം ഓർഡിനൻസുകളെ എല്ലാ സന്ദർഭത്തിലും വിമർശിച്ചിട്ടുള്ളത്. അനിവാര്യമായ സാഹചര്യങ്ങളിൽ ഓർഡിനൻസ് ആവശ്യമാണ്. പക്ഷേ, അതിലേയ്ക്കുതന്നെ മാറുന്ന അല്ലെങ്കിൽ അതിലേയ്ക്ക് stick on ചെയ്തുപോകുന്ന ഒരു സാഹചര്യമുണ്ടാകുന്നുവെന്നതാണ് ഞങ്ങളതിനെ എതിർക്കുവാനുണ്ടാകുന്ന പ്രധാന കാരണം. ഇതിനായി നിയമസഭാസമ്മേളനം ചേരുന്നത് നല്ലകാര്യം തന്നെയാണ്. ഇവിടെ ഉന്നയിച്ചിരിക്കുന്ന വിവിധ വിഷയങ്ങളിൽ ഗവൺമെന്റിന്റെ ആത്മാർത്ഥത മുന്നോട്ടുവയ്ക്കേണ്ട അവസരമാണിത്.

പൊതുവില്പന നികുതിയുമായി ബന്ധപ്പെട്ട ഭേദഗതി കൊണ്ടുവന്നിരിക്കുന്നത് മദ്യത്തിനടക്കമുള്ളവയുടെ വില വർദ്ധിപ്പിക്കേണ്ട ആവശ്യകതയിലേയ്ക്കാണ്. ഇപ്പോഴത്തെ സാമ്പത്തികസ്ഥിതിയിൽ നികുതി വർദ്ധനവ് അനിവാര്യമാണെങ്കിലും കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ അതിലേയ്ക്ക് പോകുന്നില്ലായെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇത്തവണത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. ജനറൽ സെയിൽസ് ടാക്സ് ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളിൽ അങ്ങ് പറഞ്ഞിരിക്കുന്നതും ഇതുതന്നെയാണ്. അങ്ങയുടെ പ്രസംഗത്തിലും നിയമസഭയിൽ നൽകിയ വിവിധ മറുപടികളിലും അതുതന്നെയാണ് പറഞ്ഞിരിക്കുന്നത്. കോവിഡിന്റെ പശ്ചാത്തലത്തി

ല്ലുണ്ടായിരിക്കുന്ന സാമ്പത്തികപ്രതിസന്ധി മറികടക്കാൻ ഈയൊരു സാഹചര്യത്തിലേയ്ക്ക് എത്തിച്ചേരുന്നുവെന്നതാണ് വില വർദ്ധിപ്പിക്കുന്നതിന്റെ കാരണമായി അങ്ങിവിടെ സൂചിപ്പിച്ചിരിക്കുന്നത്. ഇത് ധനകാര്യ ബില്ലിൽ ബഹുമാനപ്പെട്ട മന്ത്രിക്ക് കൊണ്ടുവരാമായിരുന്നതാണ്. ഓർഡിനൻസിലൂടെ വീണ്ടും കൊണ്ടുവന്ന് അതിനെ റീപ്ലേസ് ചെയ്തുവരുമ്പോൾ ഗവൺമെന്റ് മുന്നോട്ടുവയ്ക്കുന്നതും നടപ്പിലാക്കുന്നതും തമ്മിൽ വൈരുദ്ധ്യമുണ്ടെന്നാണ് ഞാൻ സൂചിപ്പിച്ചത്. മദ്യവർജ്ജനം സർക്കാരിന്റെ പ്രഖ്യാപിത നയങ്ങളിലൊന്നാണെന്ന് പറഞ്ഞിട്ടുണ്ട്. 2016 മുതൽ 'വിമുക്തി' പദ്ധതിയടക്കമുള്ള സ്കീമുകൾ ഗവൺമെന്റ് മുന്നോട്ടുവച്ചിട്ടുണ്ട്. 34 കോടി രൂപയ്ക്ക് മുകളിൽ വിമുക്തി പദ്ധതിക്കായി ചെലവഴിച്ചുവെന്നാണ് ഒരു ചോദ്യത്തിനുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്. എന്നാൽ  വിമുക്തി പദ്ധതി മുഖാന്തരം എത്രപേർ മദ്യത്തിൽനിന്നും വിമുക്തി നേടിയെന്നതിന് മറുപടി നൽകാനും ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. 188 പുതിയ ബാർ ലൈസൻസുകൾക്ക് കഴിഞ്ഞ ഗവൺമെന്റ് അനുമതി കൊടുത്തു. 46 ബിയർ-വൈൻ ലൈസൻസുകളാണ് പുതുതായി അനുവദിച്ചത്. കേരളത്തിൽ മദ്യലഭ്യത വർദ്ധിപ്പിച്ച് കേരളജനതയെ ചൂഷണം ചെയ്ത് ഖജനാവ് നിറയ്ക്കാമെന്ന സമീപനം നിങ്ങൾ സ്വീകരിക്കുന്നുവെന്നാണ് സൂചിപ്പിച്ചത്. മദ്യം ഒഴിവാക്കണമെന്നോ അല്ലെങ്കിൽ ബാറുകൾ അനുവദിക്കരുതെന്നോ അല്ല ഞാൻ സൂചിപ്പിച്ചത്. നിങ്ങൾ പറയുന്നകാര്യം ഒന്ന് നടപ്പിലാക്കുന്നത് മറ്റൊന്ന് എന്നാണ് ഞാൻ സൂചിപ്പിച്ചത്. ഗവൺമെന്റ്തലത്തിൽ എത്ര ലഹരിവിമുക്ത കേന്ദ്രങ്ങൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ടെന്നാണ് വിമുക്തിയുമായി ബന്ധപ്പെട്ട് മറ്റൊരു ചോദ്യം ഉന്നയിച്ചത്. എത്ര രജിസ്റ്റേർഡ് പ്രൈവറ്റ് സ്ഥാപനങ്ങളുണ്ട്? അതുസംബന്ധിച്ച കണക്ക് ഗവൺമെന്റിന്റെ കയ്യിലില്ലെന്നാണ് പറഞ്ഞത്. ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് പറയാനുള്ളത്, പണം കൊടുത്തുകൊടുത്ത് വിമുക്തിയൊരു വെള്ളാനയായി മാറിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് യാതൊരു പ്രയോജനവും ജനങ്ങൾക്കോ മദ്യപാനികൾക്കോ ഉണ്ടാകുന്നില്ലെന്നാണ് ഞാൻ സൂചിപ്പിച്ചത്. 400 രൂപ വരെയുള്ള ഫോറിൻ ലിക്വർ കൂടുതൽ ഉപയോഗിക്കുന്നത് സാധാരണക്കാർ തന്നെയായിരിക്കും. ഇതിലൊരു പ്രോഗ്രസീവായ സമീപനം ഗവൺമെന്റിന് സ്വീകരിക്കാൻ കഴിയുമോ? വിലകൂടിയ മദ്യത്തിന് കൂടുതൽ നികുതി ഈടാക്കാനുള്ള സാഹചര്യമുണ്ടാകുക എന്ന ആശയം ഗവൺമെന്റിന് മുന്നോട്ടുവയ്ക്കാൻ കഴിയുമോ എന്നത് പരിശോധിക്കേണ്ടതായിട്ടുണ്ട്. ഏതൊരു സംസ്ഥാനത്തിന്റെയും ആദ്യത്തെ അഞ്ച് പ്രധാന വരുമാനങ്ങളിൽ ഉൾപ്പെട്ടുവരുന്നതാണ് മദ്യത്തിൽനിന്നുള്ള വരുമാനം. പ്രധാനപ്പെട്ട

വരുമാനങ്ങളിലൊന്നും അതുതന്നെയാണ്. കേരളത്തിനകത്തും സാമാന്യം നല്ല രീതിയിൽ ടാക്സുണ്ട്. അത് 250 ശതമാനത്തോളം വരും. ബിയറിന് 100 ശതമാനത്തിനുമുകളിലാണ് ടാക്സ്. ഇപ്പോൾ ടൂറിസം തിരിച്ചുവരവിന്റെ പാതയിലേയ്ക്ക് പോകുകയാണല്ലോ; ആഭ്യന്തര ടൂറിസ്റ്റുകൾ വന്നുതുടങ്ങി. ആറുമാസംകൊണ്ട് കേരളത്തിന്റെ പൊതുസ്ഥിതിവിശേഷം മാറുമ്പോൾ അന്താരാഷ്ട്ര ടൂറിസ്റ്റുകളെയും നമ്മൾ പ്രതീക്ഷിക്കുന്നുണ്ട്. ടൂറിസ്റ്റുകൾ കടന്നുവരുന്ന ഒരു സാഹചര്യവുമുണ്ടാകാൻ പോകുകയാണ്. കേരളത്തിന്റെ മറ്റൊരു പ്രധാന വരുമാനമാർഗ്ഗങ്ങളിലൊന്നാണ് ടൂറിസം സെക്ടറുമായി ബന്ധപ്പെട്ടുള്ളത്. കഴിഞ്ഞ കാലങ്ങളിൽ പ്രളയത്തിനുശേഷം കോവിഡ് വന്നു. അതിന്റെ പ്രതിസന്ധി ടൂറിസം സെക്ടറുകളിൽ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ഇതിന്റെയെല്ലാം പശ്ചാത്തലത്തിൽ കടുത്ത പ്രതിസന്ധി നേരിടേണ്ടതായി വന്നിട്ടുണ്ട്. ടൂറിസ്റ്റുകൾ സ്വാഭാവികമായും മദ്യം അല്ലെങ്കിൽ ലഘുവായ മദ്യം താല്പര്യപ്പെടുന്നവരായിരിക്കും. ടൂറിസ്റ്റുകൾ ഇങ്ങോട്ടുവരുന്നത് മദ്യപിക്കാനാണെന്നല്ല പറഞ്ഞത്. സ്വാഭാവികമായും അതിന്റെ ഭാഗമാണ്. മദ്യത്തിന് വിലകൂടിയെന്നുപറഞ്ഞ് ടൂറിസ്റ്റുകൾ അത് വാങ്ങാതെയും കഴിക്കാതെയുമിരിക്കില്ല. അവർ വരാതെയുമിരിക്കില്ല. ഇതൊക്കെ കേരളത്തിന്റെ goodwill-നെ ബാധിക്കുന്ന നിലയിലേയ്ക്ക് മാറുമെന്നുള്ള സാഹചര്യംകൂടിയുണ്ട്. വിമുക്തി പദ്ധതി നിങ്ങൾ മുന്നോട്ട് വയ്ക്കുന്നു, മദ്യവർജ്ജനം നിങ്ങളുടെ ലക്ഷ്യമാണെന്ന് പറയുന്നു, ടൂറിസം രംഗത്ത് കേരളത്തിന്റേതായൊരു ആശയം മുന്നോട്ടുവയ്ക്കുന്നു. പറയുന്നതും നടപ്പിലാക്കുന്നതും തമ്മിലുള്ള വൈരുദ്ധ്യമാണ് ഞാൻ സൂചിപ്പിച്ചത്. ഇന്ന് ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച ക്രമപ്രശ്നത്തിന് അങ്ങ് മറുപടി പറഞ്ഞതും അതുതന്നെയാണ്. നോട്ട് നിരോധനം, ചരക്കുസേവന നികുതിയിലുണ്ടായ സാങ്കേതിക പിഴവുകൾ, 2018-ലെയും 2019-ലെയും പ്രളയം, 2020-ലെ കോവിഡ് പ്രതിസന്ധി എന്നിവയെല്ലാം റവന്യൂ വരുമാനത്തിൽ കുറവുവരുത്തുന്ന സാഹചര്യമുണ്ടാക്കി. പ്രളയത്തിനുശേഷം പ്രളയസെസ്സ് ഏർപ്പെടുത്തുന്ന നിലയിലേയ്ക്ക് വന്നു. അന്ന് പ്രളയത്തിനുശേഷം കൂടിയ പ്രത്യേക നിയമസഭാസമ്മേളനത്തിൽ ഞങ്ങൾ ഏറ്റവും കൂടുതൽ ആവശ്യപ്പെട്ടൊരുകാര്യവും പ്രളയസെസ്സ് ഒഴിവാക്കണമെന്നതായിരുന്നു. അധികബാദ്ധ്യത പിന്നീട് വ്യാപാരികളടക്കമുള്ളവരുടെ ചുമലിൽ വച്ചുകൊടുക്കുന്ന സാഹചര്യമുണ്ടാകരുത്. രണ്ട് വർഷത്തോളം അത് തുടർന്നു, ജൂലൈ മാസം വരെ ഇതുമായി ബന്ധപ്പെട്ട സെസ്സ് പിരിച്ചെടുത്തു. കേരളത്തിന്റെ സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് വീണ്ടും വിരൽചൂണ്ടുന്ന നിലയിലേയ്ക്കാണ് കാര്യങ്ങൾ നീങ്ങുന്നത്. പൊതുകടം വലിയ രീതിയിൽ വർദ്ധിച്ചിരിക്കുന്നു. സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി എല്ലാ മേഖലകളെയും വകുപ്പുകളെയും ബാധിച്ചുകൊണ്ടിരിക്കുന്നു. കഴിഞ്ഞ ദിവസം

കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ ബെവ്കോ ഔട്ട്ലെറ്റുകൾ ആരംഭിക്കുന്നതിനെക്കുറിച്ച് വകുപ്പുമന്ത്രി സംസാരിക്കുകയുണ്ടായി. ഞാൻ അദ്ദേഹത്തെ ഒരിക്കലും കുറ്റം പറയുകയില്ല. കാരണം, ആ ഡിപ്പാർട്ടുമെന്റിന്റെ സാമ്പത്തികപ്രതിസന്ധിയാണ് അദ്ദേഹത്തെക്കൊണ്ട് അങ്ങനെ ചിന്തിപ്പിച്ചത്. അത് ഒരുപാട് പ്രതിഷേധത്തിനിടയായി, പലരീതിയിലുള്ള വിമർശനങ്ങൾ ഉയർന്നുവന്നു. അതിനുശേഷമാണ് എക്സൈസ് വകുപ്പുമന്ത്രിയും ഗതാഗത വകുപ്പുമന്ത്രിയും അക്കാര്യത്തിൽ അങ്ങനെയൊരു ആലോചനയുണ്ടായിട്ടില്ല എന്നുപറയാനിടയായത്. വകുപ്പുമന്ത്രി സ്വന്തം വകുപ്പിന്റെ കീഴിലെ കോർപ്പറേഷന്റെ അവസ്ഥയോർത്തു പറഞ്ഞതായിരിക്കാം. ഓരോ വകുപ്പിനെയും ബാധിക്കുന്ന സാമ്പത്തിക പ്രതിസന്ധിയുടെ ഭാഗമായിട്ടുവേണം അതിനെ കണക്കാക്കാൻ. അത്രമാത്രം പ്രതിസന്ധിയിലേയ്ക്കാണ് അത് നീങ്ങിക്കൊണ്ടിരിക്കുന്നത്. ഇതുതന്നെയാണ് സിവിൽ സപ്ലൈസ് കോർപ്പറേഷനിലും സംഭവിച്ചുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ ഭരണ കാലഘട്ടത്തിലെ പോലെ ഇപ്പോഴും സബ്സിഡി സാധനങ്ങളുടെ തുക വർദ്ധിപ്പിക്കുന്നില്ലെന്ന തീരുമാനമെടുത്തു. അത് നല്ല കാര്യമാണെന്ന് ഞാൻ കഴിഞ്ഞപ്രാവശ്യവും പറഞ്ഞിട്ടുണ്ട്. പക്ഷേ, അതിലുണ്ടാകുന്ന നഷ്ടം ആര് നികത്തണം; അതിലുണ്ടാകുന്ന നഷ്ടം നികത്തേണ്ടത് ഗവൺമെന്റിന്റെ ബാദ്ധ്യതയും ഉത്തരവാദിത്വവുമല്ലേ? അതിനാവശ്യമായ സബ്സിഡി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും കൊടുക്കുന്നില്ല. എഫ്.എം.സി.ജി. (Fast Moving Consumer Goods) കൊണ്ട് ഇതിനുണ്ടാകുന്ന നഷ്ടം ഒഴിവാക്കാൻ കഴിയുമെന്ന് കരുതുന്നില്ല. ഗവൺമെന്റ് ആവശ്യമായ ഫണ്ട് കൊടുക്കുന്നില്ല. കെ.എസ്.ആർ.ടി.സി-ക്ക് പഠിക്കുന്ന മറ്റൊരു കോർപ്പറേഷനായി സപ്ലൈകോ മാറിക്കൊണ്ടിരിക്കുകയാണ്. അതിലേയ്ക്കാണ് കാര്യങ്ങൾ നീങ്ങുന്നത്. ഇത് സാമ്പത്തിക പ്രതിസന്ധിയുടെ വിവിധ തലങ്ങളാണ്. എം.എൽ.എ-മാരുടെ ആസ്തിവികസന ഫണ്ട് നിർത്തലാക്കി. കോവിഡുമായി ബന്ധപ്പെട്ട പ്രതിസന്ധിയുടെ അടിസ്ഥാനത്തിലാണ് അങ്ങനെയൊരു ആവശ്യം ഗവൺമെന്റ് മുന്നോട്ടുവച്ചത്. പ്രതിപക്ഷം സ്വാഭാവികമായും അതിനെ എതിർത്തില്ല. കാരണം, എല്ലാവരും ഒരുമിച്ച് നിൽക്കേണ്ടൊരു സന്ദർഭമായിരുന്നു. അതിനുവേണ്ടി ഗവൺമെന്റ് എടുക്കുന്ന ഏതുതീരുമാനത്തെയും സപ്പോർട്ട് ചെയ്യുക എന്നതാണ്. പക്ഷേ, ആസ്തി വികസനഫണ്ട് നിർത്തലാക്കുന്നത് ഗവൺമെന്റിന്റെ സാമ്പത്തിക പ്രതിസന്ധിയുടെ അടിസ്ഥാനത്തിൽ തന്നെയാണല്ലോ. പഞ്ചായത്തുകളുടെ തനതുഫണ്ട് നേരിട്ട് ട്രഷറിയിൽ നിക്ഷേപിക്കാൻ തീരുമാനമെടുത്തതിനെ സംബന്ധിച്ച് ഇന്നലെ ചർച്ച ചെയ്തു. ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് നമ്മുടെ സംസ്ഥാനം മാറ്റപ്പെട്ടിരിക്കുകയാണ്.

അസറ്റ് ഡെവലപ്മെന്റ് ഫണ്ട് 2012-ലാണ് നിലവിൽ വന്നത്. ഇക്കഴിഞ്ഞ 9 വർഷം പ്രസ്തുത ഫണ്ട് മുഖേന പ്രാദേശികമായിട്ടുണ്ടാക്കിയ വികസനം എത്രയോ വലുതാണ്. എത്രയോ ഗുണകരമായ മാറ്റങ്ങൾ നമ്മുടെ ഗ്രാമപ്രദേശങ്ങളിൽ ഇതിന്റെ അടിസ്ഥാനത്തിലുണ്ടായിട്ടുണ്ട്. റോഡുകളും പാലങ്ങളും നിർമ്മിക്കപ്പെട്ടിട്ടുണ്ട്. വായനശാലകളും സ്കൂളുകളും ആതുരസേവന രംഗത്തുമെല്ലാം ഏറെ മാറ്റങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുള്ള ഒന്നാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. രാജഗോപാലൻ)

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ശ്രീ. അനൂപ് ജേക്കബ് പറഞ്ഞ ആസ്തിവികസന ഫണ്ട് അനുവദിച്ച അന്നുമുതൽ അതത് നിയോജക മണ്ഡലത്തിന്റെ ആസ്തികൾക്കുവേണ്ടി, പ്രത്യേകിച്ച് ആശുപത്രികൾ, സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം എന്നിവയുമായി ബന്ധപ്പെട്ടുള്ള പ്രവൃത്തികൾക്കാണ് ഏറ്റവും കൂടുതൽ അനുവദിച്ചുവരുന്നത്. സംസ്ഥാന ഗവൺമെന്റ് നാല് കോടി രൂപയാണ് മാറ്റിവച്ചിരിക്കുന്നത്. ആസ്തിവികസന ഫണ്ട് പൂർണ്ണമായും നിർത്തലാക്കിയിട്ടില്ല. സംസ്ഥാന ഗവൺമെന്റ് താൽക്കാലികമായി ആസ്തി വികസന ഫണ്ട് ഈ വർഷത്തേയ്ക്കുമാത്രം എടുക്കുന്നുവെന്നും അടുത്തവർഷം മുതൽ പൂർവ്വാധികം ശക്തമായി തിരിച്ചുകിട്ടുമെന്നുമുള്ളതാണ് മനസ്സിലാക്കാൻ കഴിയുന്ന കാര്യം. സംസ്ഥാന ഗവൺമെന്റ് പറയുന്ന നാല് കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ എന്റെ നിയോജകമണ്ഡലത്തിൽ ഇതുവരെ മുന്നോട്ടു കൊണ്ടുപോകാൻ കഴിഞ്ഞിട്ടില്ല. നാല് കോടി രൂപ അല്ലെങ്കിൽ രണ്ടരക്കോടി രൂപയുടെ ഒരു വർക്കുമായി ബന്ധപ്പെട്ട് പ്രൊപ്പോസൽ അയച്ചിട്ടുണ്ട്. നേരത്തെ പറഞ്ഞിരുന്നെങ്കിൽ ഈ സമയത്തിനുള്ളിൽ ഡ്രാഫ്റ്റ് തയ്യാറാക്കി അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ കഴിയുമായിരുന്നു. ഗവൺമെന്റ് ഉദ്ദേശിക്കുന്ന രീതിയിൽ വളരെവേഗത്തിലുള്ള ഒരു വികസനം ഈ തുക പിൻവലിച്ചതുകൊണ്ട്, താൽക്കാലികമായി മാറ്റിയതുകൊണ്ട് ഉണ്ടാക്കാൻ കഴിയുന്നില്ല. ഉദ്ദേശിച്ച ഫലമുണ്ടാകുന്നില്ലായെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. അനൂപ് ജേക്കബ്: സർ, എത്രനാളത്തേയ്ക്കാണ് ആസ്തിവികസന ഫണ്ട് മാറ്റിയതെന്ന് ഗവൺമെന്റുതന്നെ പറയേണ്ടതായിട്ടുണ്ട്. അതുസംബന്ധിച്ച് വ്യക്തത വന്നിട്ടില്ല. അടുത്ത സാമ്പത്തികവർഷം തിരിച്ചുവയ്ക്കുമെന്ന് പ്രതീക്ഷിക്കുന്നു. അത് പ്രതിപക്ഷത്തിന് മാത്രമല്ല, ഭരണകക്ഷി അംഗങ്ങൾക്കും ബാധകമാണ്. ഇതിൽ രാഷ്ട്രീയം ഒന്നുമില്ലല്ലോ. നോമിനേറ്റഡ് അംഗമുൾപ്പെടെയുള്ള 141 പേർക്കും കഴിഞ്ഞ ഒൻപത് വർഷത്തിനിടയിൽ അതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. ഏറ്റവും പ്രധാന കാര്യം ഇത് പുനഃസ്ഥാപിക്കുക എന്നുള്ളതാണ്. അത് ഗ്രാമീണ

മേഖലയിലെ സമഗ്ര മാറ്റങ്ങൾക്ക് കാരണമാകും. വികസനം എന്നുള്ളതിന് ഒരു ഫുൾസ്റ്റോപ്പ് ഇല്ല, അത് തുടർച്ചയാണ്. ഓരോ കാലഘട്ടത്തിനനുസരിച്ചുള്ള പ്രവർത്തനങ്ങളിലേയ്ക്ക് കടക്കാൻ കഴിയണം. എം.എൽ.എ-മാർക്ക് അത്തരം ഫണ്ട് ലഭ്യമാക്കുമ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അതൊരു വലിയ കൈത്താങ്ങായിരുന്നു. ഇപ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങളിലെ തനത് ഫണ്ടിൽ ഗവൺമെന്റ് കൈകടത്തുമ്പോൾ സ്വഭാവികമായും ഒന്നും ചെയ്യാൻ കഴിയുന്നില്ല. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രതിസന്ധിയെക്കുറിച്ച് ഞാൻ ഇവിടെ പറയേണ്ട ആവശ്യമില്ല. ഇന്നലെ വിശദമായി ഇവിടെ ചർച്ച ചെയ്ത കാര്യമാണ്. കോവിഡ് പ്രതിരോധപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഗവൺമെന്റ് പറഞ്ഞ ഓരോ കാര്യവും, എഫ്.എൽ.ടി.സി. (ഫസ്റ്റ്ലൈൻ ട്രീറ്റ്മെന്റ് സെന്റർ), ഡി.സി.സി. (ഡൊമിസിലിയറി കെയർ സെന്റർ), വാക്സിനേഷനുമായും കിറ്റ് വിതരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ എന്നിവയിൽ ആരോഗ്യപ്രവർത്തകരോട് തോളോടുതോൾ ചേർന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ നീങ്ങിയതുകൊണ്ടാണ് കോവിഡിനെ ഒരു പരിധിവരെ നിയന്ത്രിക്കാൻ കഴിഞ്ഞത്. ഒരുപാട് പാളിച്ചകൾ കോവിഡ് പ്രതിരോധപ്രവർത്തനങ്ങളിൽ കേരളത്തിലുണ്ടായിയെന്നത് മറ്റൊരു യാഥാർത്ഥ്യമാണ്. എങ്കിലും ഒരു പരിധിവരെയെങ്കിലും നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ടെങ്കിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വലിയൊരു പങ്ക് അക്കാര്യത്തിലുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധികാര വികേന്ദ്രീകരണ മടക്കമുള്ള അതിന്റെ സ്പിരിറ്റിനെത്തന്നെ ഇല്ലാതാക്കുന്ന നിലയിലേയ്ക്ക് വരുന്നു എന്നതും അതിനോട് ചേർത്ത് വായിക്കേണ്ടതാണ്. ഗവൺമെന്റിന്റെ പ്രതിസന്ധി എത്ര രൂക്ഷമാണ് എന്നതിലേയ്ക്കാണ് ഇതെല്ലാം വിരൽചൂണ്ടുന്നത്. ഞാൻ സൂചിപ്പിച്ചുവന്നത് ആസ്തി വികസന ഫണ്ട് പുനഃസ്ഥാപിക്കാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നാണ്.

ജലസേചന വകുപ്പിൽ പെൻഷൻ മുടങ്ങിയത് വലിയ ചർച്ചയായിക്കൊണ്ടിരിക്കുകയാണ്. ധനകാര്യ വകുപ്പിൽനിന്ന് ഫണ്ട് അനുവദിക്കാത്തതാണ് ജല അതോറിറ്റിയിൽ പെൻഷൻ മുടങ്ങാൻ കാരണമായതെന്നാണ് അറിയാൻകഴിഞ്ഞത്. നിങ്ങൾ തെരഞ്ഞെടുപ്പിനുമുമ്പ് കൃത്യമായി കിറ്റ് കൊടുത്തു, തെരഞ്ഞെടുപ്പിനുമുമ്പ് ഒരു പെൻഷനും മുടങ്ങിയില്ല. വീട്ടിൽ കൊണ്ടുപോയി പെൻഷൻ കൊടുത്തു. തെരഞ്ഞെടുപ്പ് കഴിഞ്ഞു, അധികാരത്തിലെത്തിയപ്പോൾ എല്ലാം തഥൈവയായിരിക്കുകയാണ്. ഒരു അഡ്ജസ്റ്റുമെന്റിൽ ഭരണംനടത്തി മുന്നോട്ടുപോയതായാണ് കഴിഞ്ഞകാലങ്ങളിൽ കാണാൻ സാധിച്ചത്. അതിന്റെ പ്രതിസന്ധി ഇപ്പോൾ പുറത്തുവന്നു കൊണ്ടിരിക്കുന്നു എന്നതാണ് ഈ വിഷയത്തിൽ എനിക്ക് സൂചിപ്പിക്കാനുള്ളത്. ഗവൺമെന്റ് ജി.എസ്.ടി. സംബന്ധിച്ച് ചർച്ച നടത്തി. ജി.എസ്.ടി-ക്കുവേണ്ടി ഏറ്റവും കൂടുതൽ വാദിച്ച സംസ്ഥാനങ്ങളിൽ ഒന്നായിരുന്നു കേരളം. ബഹുമാനപ്പെട്ട

ധനകാര്യ വകുപ്പുമന്ത്രി നിയമസഭയിൽ നൽകിയ പല മറുപടികളിലും ജി.എസ്.ടി-യുടെ സാങ്കേതികപ്രശ്നങ്ങൾ റവന്യൂ വരുമാനത്തെ സാരമായി ബാധിക്കുന്നുവെന്ന് സമ്മതിച്ചിട്ടുണ്ട്. സമഗ്രമായ ചിന്തയോ വ്യക്തമായ ദീർഘവീക്ഷണമോ ഇല്ലാതെയുള്ള ഭരണനിർവ്വഹണത്തിന്റെ ദുരിതചിത്രങ്ങളാണ് ഇന്ന് നമ്മൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. പുതിയ നികുതികൾ ഉണ്ടാകുകയില്ലായെന്ന് ഗവൺമെന്റ് പറയുമ്പോഴും അതിനോടനുബന്ധിച്ച് മദ്യവർജ്ജനമാണ് ലക്ഷ്യമെന്ന് പറയുമ്പോഴും അതൊരു വാദത്തിന് മാത്രംവയ്ക്കുകയും മറുചിത്രത്തിൽ വ്യക്തമായി ധനസമാഹരണത്തിനുള്ള ഏറ്റവും വലിയ വേദിയായി ഇതിനെ മാറ്റിക്കൊണ്ടിരിക്കുന്നു എന്നുള്ളതുമാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്.

ശ്രീ. ടി. ജെ. വിനോദ് ചുമതലപ്പെടുത്തിയതുപ്രകാരം <u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഞാൻ നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. മദ്യത്തിന്റെ നികുതിയിൽ പത്ത് ശതമാനം മുതൽ ഇരുപത്തിയഞ്ച് ശതമാനം വരെ വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു ഭേദഗതി ബില്ലാണിത്. ഇതിന്റെ ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിൽ പറയുന്നത് 'കോവിഡ്-19 രോഗവ്യാപനം തടയുന്നതിന്റെ ഭാഗമായി ഏർപ്പെടുത്തിയ ലോക്ക്ഡൗണിനെത്തുടർന്ന് എല്ലാ നികുതി വരുമാനങ്ങളിലും വൻതോതിൽ കുറവുണ്ടായി......'എന്നാണ്. സാമ്പത്തിക കാരണങ്ങൾ പറഞ്ഞുകൊണ്ടാണ് ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. 812 ബാറുകൾ അടച്ചുപൂട്ടിയതുകൂടാതെ ബിവറേജസ് ഔട്ട്ലെറ്റുകൾ ഓരോ വർഷവും ഇരുപത് ശതമാനം വീതം അടച്ചുപൂട്ടിയ യു.ഡി.എഫ്. സർക്കാരിനെ നിങ്ങൾ അനുകരിക്കണമെന്നൊന്നും ഞാൻ പറയുന്നില്ല, അങ്ങനെയൊരു സർക്കാർ ഉണ്ടായിരുന്നു എന്നുള്ളത് ഓർക്കുകയെങ്കിലും ചെയ്യണം. മദ്യത്തിൽനിന്നുള്ള വരുമാനം ഇല്ലാതെതന്നെ സംസ്ഥാനത്തെ മുന്നോട്ടുനയിക്കാൻ കഴിയുമെന്ന് തെളിയിച്ച ഒരു ഗവൺമെന്റ് നമ്മുടെ മുമ്പിലുണ്ടായിരുന്നെന്ന് നിങ്ങളെ ഓർമ്മപ്പെടുത്താൻ വേണ്ടി മാത്രമാണ് ഇക്കാര്യം പറഞ്ഞത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അടച്ചുപൂട്ടിയ ബാറുകളെല്ലാം തുറന്നു എന്നുമാത്രമല്ല പുതിയ ബാറുകൾ അനുവദിക്കുകയും ചെയ്തു. ഇടതുമുന്നണിയുടെ പ്രഖ്യാപിത നയം മദ്യവർജ്ജനമാണെന്നാണ് പറയുന്നത്. ഇഷ്ടംപോലെ ബാറുകൾ അനുവദിച്ചുകൊണ്ട്, മദ്യത്തിന്റെ ലഭ്യത വർദ്ധിപ്പിച്ചുകൊണ്ട് എങ്ങനെയാണ് മദ്യവർജ്ജനം നടപ്പാക്കാൻ കഴിയുന്നത്? കഴിഞ്ഞ അഞ്ച് വർഷക്കാലത്തിനിടയിൽ മദ്യത്തിന്റെ ഉപഭോഗം വർദ്ധിച്ചിട്ടുണ്ടോ അതോ കുറഞ്ഞിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ? അത് വർദ്ധിച്ചിട്ടുള്ളതായി കാണുമ്പോൾ എൽ.ഡി.എഫ്-ന്റെ നയം പരാജയപ്പെട്ടു എന്നല്ലേ മനസ്സിലാക്കേണ്ടത്? മദ്യവർജ്ജനമാണ് ലക്ഷ്യമെങ്കിൽ മദ്യത്തിന്റെ ഉപഭോഗം വർദ്ധിക്കുമ്പോൾ നിങ്ങളുടെ നയം പരാജയപ്പെട്ടിരിക്കുകയാണ്. മദ്യവർജ്ജനം എന്ന ലക്ഷ്യം നേടിയെടുക്കാൻ സാധിക്കാതെ പോകുന്നു. മദ്യവർജ്ജനമെന്നത് എല്ലാവരും അംഗീകരിക്കുന്ന ആശയമാണ്. മദ്യവർജ്ജനത്തിലേയ്ക്ക് പോകുമ്പോൾ

മദ്യത്തിന്റെ ലഭ്യതയില്ലാതാക്കണം. മദ്യത്തിന്റെ നിരോധനമാണ് മദ്യവർജ്ജനത്തിലേയ്ക്കുള്ള ആദ്യപടിയെന്നത് ആർക്കാണ് അറിയാത്തത്. സുലഭമായി മദ്യം കൊടുക്കുക എന്നിട്ട് മദ്യം വർജ്ജിക്കുക എന്നുപറയുന്നത് എത്രമാത്രം പരിഹാസ്യമായ നിലപാടാണ്. സാമ്പത്തിക പ്രതിസന്ധി കോവിഡ്കാലത്ത് വന്നതാണോ? കഴിഞ്ഞ ഗവൺമെന്റിലെ ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് പറഞ്ഞത് റവന്യൂ വരുമാനം ഇരട്ടിയാക്കുമെന്നാണ്. പക്ഷേ, എന്തായിരുന്നു സ്ഥിതി? ഒന്നാം വർഷത്തിൽ 9.53 ശതമാനം, രണ്ടാം വർഷത്തിൽ 9.80, മൂന്നാം വർഷത്തിൽ 11.85, നാലാം വർഷത്തിൽ 2.83 എന്നിങ്ങനെ നെഗറ്റീവ് ഗ്രോത്തായിരുന്നു. റവന്യൂ വരുമാനം ഇരട്ടിയാക്കുമെന്നുപറഞ്ഞ സർക്കാർ നാലാമത്തെ വർഷം അതായത് കോവിഡിന് മുമ്പുതന്നെ, റവന്യൂ വരുമാനം മൈനസിലേയ്ക്ക് കൂപ്പുകുത്തി. യു.ഡി.എഫ്. സർക്കാരിന്റെ അവസാനവർഷം 19.12 ശതമാനം റവന്യൂ വരുമാന വർദ്ധനവുണ്ടായ സ്ഥാനത്താണ് എൽ.ഡി.എഫ്-ന്റെ ഭരണകാലത്ത് അങ്ങനെ സംഭവിച്ചത്. കോവിഡിനുശേഷമുള്ള കണക്കൊന്നും ഞാൻ പറയുന്നില്ല. കോവിഡിനുമുമ്പാണ് നെഗറ്റീവ് ഗ്രോത്തിലേയ്ക്ക് പോയത്. റവന്യൂ വരുമാനം കുറയുകയും ചെലവുകൾ വർദ്ധിക്കുകയും ചെയ്തതോടുകൂടി റവന്യൂകമ്മിയും ധനകമ്മിയും വർദ്ധിച്ചു. അതിന്റെയടിസ്ഥാനത്തിൽ പൊതുകടം ഒരിക്കലുമില്ലാത്ത വിധത്തിൽ വർദ്ധിച്ചു. 60 വർഷംകൊണ്ട് മാറിമാറി വന്ന ഗവൺമെന്റുകൾ എടുത്ത കടത്തിനെ മറികടക്കുന്ന തരത്തിലുള്ള കടമെടുപ്പുമായി എൽ.ഡി.എഫ്. സർക്കാർ മുന്നോട്ടുപോകുകയാണ്. ഇതിന് കോവിഡിനെ പഴിപറഞ്ഞാൽ മതിയോ? കടമെടുക്കുന്നത് സംബന്ധിച്ച് പറയുമ്പോൾ കോവിഡിനെ പറഞ്ഞ് രക്ഷപ്പെടാൻ സർക്കാരിന് സാധിക്കുമോ? സർക്കാരിന്റെ ധനകാര്യ കെടുകാര്യസ്ഥതയല്ലാതെ മറ്റെന്താണ് ഇതിൽ കാണിക്കുന്നത്? കിഫ്ബി അൻപതിനായിരം കോടി രൂപയുടെ വികസനം നടപ്പിലാക്കുമെന്ന് പറഞ്ഞു. ഇരുപത് ശതമാനംപോലും അച്ചീവ് ചെയ്യാൻ കഴിഞ്ഞിട്ടില്ല.

3.00 P.M.]

സഞ്ചിതനിധിയിൽ നിന്നുള്ള പണമെടുത്ത് തിരിച്ചടച്ചുകൊണ്ടുമാത്രം ഈ ബാദ്ധ്യതയിൽ നിന്ന് ഒഴിവാകാൻ സാധിക്കുമോ? ഒഴിവാകാൻ സാധിക്കില്ല. ഇത് വലിയ കടക്കെണിയിലേയ്ക്കാണ് നമ്മെ നയിക്കുന്നത്. 9.72 ശതമാനം പലിശയ്ക്കാണ് മസാല ബോണ്ടിൽനിന്ന് പണമെടുത്തത്. ഇത് വലിയ തരത്തിലുള്ള ബാദ്ധ്യതയുണ്ടാക്കും. സാമൂഹ്യക്ഷേമ പദ്ധതികൾക്കുവേണ്ടി വിനിയോഗിക്കേണ്ടുന്ന തുകകൂടി പലിശയുൾപ്പെടെ അടയ്ക്കുന്നതിനായി മാറ്റിവയ്ക്കേണ്ടിവരുന്നു. കൊച്ചിൻ മെട്രോയ്ക്കുവേണ്ടി യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് ഫ്രഞ്ച് കമ്പനിയായ എ.എഫ്.ഡി-യിൽ നിന്ന് 1,350 കോടി രൂപ കടമെടുത്തത് 1.3 ശതമാനം പലിശ നിരക്കിലാണ്. വാട്ടർ മെട്രോയ്ക്കുവേണ്ടി കടമെടുക്കുന്നത് 1.55 ശതമാനം

പലിശനിരക്കിലാണ്. ഇങ്ങനെ വലിയ തോതിൽ പണം തിരിച്ചടയ്ക്കേണ്ടി വരുന്നതിൽക്കൂടി സാമൂഹ്യക്ഷേമ പദ്ധതികൾക്കും മറ്റ് അടിസ്ഥാന സൗകര്യങ്ങൾക്കുംവേണ്ടിയുള്ള പണംകൂടിയാണ് ചെലവഴിക്കേണ്ടി വരുന്നത്. നികുതിയെക്കുറിച്ച് ഇവിടെ പറഞ്ഞല്ലോ. കഴിഞ്ഞ ബഡ്ജറ്റിൽ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത് 13,000 കോടി രൂപയാണ് നികുതിയിനത്തിൽ പിരിഞ്ഞുകിട്ടാനുള്ളതെന്നാണ്. അത് അദ്ദേഹത്തിന്റെ കണക്കാണ്. അതിൽത്തന്നെ 400 കോടി രൂപ പിരിച്ചെടുക്കാൻ കഴിയാത്തതാണ്. വ്യാപാരം അവസാനിപ്പിച്ചതും ജി.എസ്.ടി. നിയമത്തിൻ കീഴിലില്ലാത്തതുമായവയിൽനിന്ന് 5,000 കോടി രൂപ, വ്യവഹാരങ്ങളിൽ/കേസുകളിൽപ്പെട്ടുകിടക്കുന്ന 4,500 കോടി രൂപ, ഒരു തടസ്സവും കൂടാതെ പിരിച്ചെടുക്കാൻ സാധിക്കുന്നത് 3,100 കോടി രൂപ എന്നിങ്ങനെയാണ് കണക്ക്. പുതിയ ആംനെസ്റ്റി സ്കീം പ്രഖ്യാപിച്ചുകഴിഞ്ഞിട്ടും നമ്മൾ എങ്ങുമെത്തുന്നില്ലെന്നുവരുമ്പോൾ അതിനെ സംബന്ധിച്ച് പുനരാലോചന നടത്തണ്ടേ? 60 ശതമാനം വരെ കിഴിവ് പ്രഖ്യാപിച്ചതിന്റെ പ്രയോജനം നികുതി പിരിവിലുണ്ടാകുന്നില്ല. അപ്പീലുകൾക്കും വ്യവഹാരങ്ങൾക്കുംപുറമേ ഫാസ്റ്റ് ട്രാക്ക് ടീമിനെ നിയോഗിച്ച് നികുതിനിർണ്ണയം പുനഃപരിശോധിച്ച് അദാലത്തിലൂടെ പുനർനിർണ്ണയം നടത്തിയാൽ കുടിശ്ശിക കേസ്സുകളിൽ 90 ശതമാനത്തിലും തീർപ്പുകൽപ്പിക്കാൻ കഴിയും. ആ ഒരു നിലയിലേയ്ക്ക് സർക്കാർ മുന്നോട്ടുപോകുന്നില്ല. അതുപോലെ ലോക്ക്ഡൗണിനുശേഷം ബാർ ഹോട്ടലുകൾ അവരുടെ പ്രതിമാസ റിട്ടേൺ സമർപ്പിക്കുകയോ നികുതി ഒടുക്കുകയോ ചെയ്തിട്ടില്ല. ജി.എസ്.ടി-യിൽ 25 മുതൽ 35 ശതമാനം വരെ വർദ്ധനവുണ്ടാകുമെന്നുപറഞ്ഞിട്ട് അതുണ്ടായില്ലെന്നു മാത്രമല്ല ഗണ്യമായ കുറവുണ്ടാവുകയും ചെയ്തു. എൻഡ് പോയിന്റിൽ നിൽക്കുന്ന ഒരു സംസ്ഥാനമെന്ന നിലയിൽ സ്വാഭാവികമായും നികുതി വരുമാനം കുതിച്ചുയരേണ്ടതാണ്. ഈ സർക്കാരിന്റെ നികുതി ഭരണത്തിൽ പാളിച്ചകളുണ്ടെങ്കിൽ പരിശോധിക്കുകയും പരിഹരിക്കുകയും ചെയ്യണ്ടേ? പരസ്യത്തിനായി എത്ര കോടി രൂപയാണ് ഈ സർക്കാർ ചെലവഴിച്ചു കൊണ്ടിരിക്കുന്നത്? കോവിഡ്-19 കാലത്തെങ്കിലും പരസ്യം ഒഴിവാക്കണ്ടേതല്ലേ? ബഹുമാന്യരായ മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടേയും പടങ്ങൾ പത്രങ്ങളിലെല്ലാം അച്ചടിച്ചുവരുന്നത് കോവിഡ് കാലത്തെങ്കിലും ഒഴിവാക്കണ്ടേ? പരസ്യത്തിന് ഒരു ലോക്ക്ഡൗൺ പ്രഖ്യാപിക്കണ്ടേ? യഥേഷ്ടം പരസ്യം കൊടുത്തു കൊണ്ടിരിക്കുകയല്ലേ? കിഫ്ബിയുടെ പദ്ധതികൾക്കായും പരസ്യങ്ങൾ. 23 കോടി രൂപയാണ് പ്രവാസി ചിട്ടിയുടെ പേരിൽ പരസ്യത്തിനും മറ്റുമായി ചെലവഴിച്ചിരിക്കുന്നത്. അതിന്റെ സോഫ്റ്റ്‌വെയർ തയ്യാറാക്കാൻതന്നെ 5.44 കോടി രൂപ സർക്കാർ വിനിയോഗിച്ചിരിക്കുകയാണ്. കോവിഡിന്റെ പേരിലാണല്ലോ ഇതെല്ലാം ചെയ്യുന്നത്. കോവിഡുമായി ബന്ധപ്പെട്ട് ഏറ്റെടുത്തിട്ടുള്ള ബാദ്ധ്യതകൾ

ഏതൊക്കെയാണ്? സി.എഫ്.എൽ.ടി.സി., ഡി.സി.സി-കൾ, സാമൂഹ്യ അടുക്കള എന്നിവയെല്ലാമുണ്ടാക്കി. ഇതെല്ലാം തദ്ദേശഭരണ സ്ഥാപനങ്ങളല്ലേ ചെയ്തത്? 50 ലക്ഷം രൂപയും ഒരു കോടി രൂപയും ഇന്നും ഓരോ തദ്ദേശഭരണ സ്ഥാപനത്തിനും സർക്കാർ നൽകാനുണ്ട്. അവരുടെ പ്ലാൻ ഫണ്ടിൽനിന്ന് എടുത്ത് ചെലവാക്കിയതുമൂലം വികസന പ്രവർത്തനങ്ങളും തടസ്സപ്പെട്ടിരിക്കുകയല്ലേ. സർക്കാരിന്റെ ഫ്ലാഗ്ഷിപ്പ് പദ്ധതിയായ ലൈഫ് പദ്ധതിയിൽ എല്ലാ വർഷവും 10 ശതമാനം പ്ലാൻ ഫണ്ടിൽനിന്നും പത്തു വർഷത്തേയ്ക്ക് അടയ്ക്കണ്ടേ? ആ പത്തു വർഷത്തേയ്ക്ക് അടയ്ക്കുമ്പോൾ അവിടത്തെ വികസനപദ്ധതികൾ അതനുസരിച്ച് സ്തംഭിക്കുകയല്ലേ? സർക്കാരിന്റേതായ പദ്ധതികളുടെ ബാദ്ധ്യതകൾകൂടി തദ്ദേശഭരണ സ്ഥാപനങ്ങളുടെ തലയിൽ കെട്ടിവയ്ക്കാനാണ് ശ്രമിക്കുന്നത്. കോവിഡുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും തദ്ദേശഭരണ സ്ഥാപനങ്ങൾ ചെയ്യട്ടെ എന്നുപറഞ്ഞിട്ട് ഇന്നുവരെ ഫണ്ട് കൊടുത്തിട്ടില്ലല്ലോ. ആരും പട്ടിണികിടക്കേണ്ടി വരില്ല എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞപ്പോൾ സാമൂഹ്യഅടുക്കള പൊതുജനങ്ങളുടെ സഹകരണത്തോടുകൂടി പഞ്ചായത്തുകൾ സംഘടിപ്പിച്ചു. കോവിഡ് പ്രതിസന്ധിക്കിടയിൽ പ്രവർത്തിച്ച 22,000-ത്തോളം വരുന്ന കോവിഡ് ബ്രിഗേഡിനെ പിരിച്ചുവിട്ടത് ഏറ്റവും ക്രൂരമായ നടപടിയാണ് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഒരു നന്ദിവാക്കുപോലും പറയാതെ പിരിച്ചുവിട്ടതിനെ തികച്ചും നന്ദികെട്ട നടപടിയായി മാത്രമേ കാണാൻ കഴിയൂ. കോവിഡ് ബ്രിഗേഡിനുവേണ്ടി ചെലവഴിക്കേണ്ട തുകയുടെ ഭൂരിഭാഗവും കേന്ദ്രസർക്കാരിൽ നിന്നാണ് വരുന്നത്. അതു നിർത്തലാക്കിയതോടുകൂടി ഇവിടെ അവരുടെ സേവനവും നിർത്തലാക്കുകയാണ്. അവരോടു നന്ദിവാക്ക് പറയണ്ടേ. പ്രതിസന്ധി കാലഘട്ടത്തിൽ സ്വന്തം ആരോഗ്യംപോലും കണക്കിലെടുക്കാതെ സർക്കാരിന്റെ എല്ലാ നിർദ്ദേശങ്ങളുമനുസരിച്ച് പ്രതിരോധപ്രവർത്തനങ്ങൾ ഏകോപിപ്പിച്ച കോവിഡ് ബ്രിഗേഡിലെ അംഗങ്ങൾക്ക് എന്തെങ്കിലും ആനുകൂല്യം കൊടുക്കണ്ടേ? പ്രതിസന്ധിയിൽ ഈ നാടിനെ രക്ഷിക്കാൻ നമ്മളോടൊപ്പം നിന്ന കോവിഡ് ബ്രിഗേഡിന് പി.എസ്.സി. പരീക്ഷയിൽ ഗ്രേസ് മാർക്ക് കൊടുക്കാനോ അങ്ങനെ എന്തെങ്കിലും പ്രോൽസാഹനം നൽകാനോ ഉള്ള ആനുകൂല്യം പ്രഖ്യാപിക്കണ്ടേ? അതിനുപകരം എന്താണ് സംഭവിച്ചത്? കോവിഡ് ബ്രിഗേഡിന് നൽകാനുള്ള ആറുമാസത്തെ ഇൻസെന്റീവ് എങ്കിലും കൊടുക്കാൻ സർക്കാർ തയ്യാറാകണം.

കോവിഡ് കാലത്താണല്ലോ സംസ്ഥാനത്താദ്യമായി ഓൺലൈൻ പഠനം ആരംഭിച്ചത്. സർക്കാരിന്റെ കണക്കുപ്രകാരം ഏതെങ്കിലും ഒരു ഡിജിറ്റൽ ഡിവൈസ് ഇല്ലാത്ത 4 ലക്ഷത്തിലേറെ കുട്ടികളുണ്ട്. സർക്കാർ ഖജനാവിൽനിന്നും ഒരു രൂപ കൊടുത്ത് ഒരു കുട്ടിക്കെങ്കിലും ഡിജിറ്റൽ ഡിവൈസ് വാങ്ങി

നൽകിയിട്ടുണ്ടോ. നിങ്ങളുടെ പാർട്ടിക്കാരും ഞങ്ങളുടെ പാർട്ടിക്കാരുമടക്കമുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങളും കൊടുത്തിട്ടുണ്ട്. സർക്കാരിനൊരു ബാദ്ധ്യതയില്ലേ? കോവിഡുമൂലമാണ് സാമ്പത്തിക പ്രതിസന്ധിയുണ്ടായതെന്നുപറയുന്ന സർക്കാരൊരു ഡിജിറ്റൽ ഡിവൈസെങ്കിലും വാങ്ങി കൊടുക്കണ്ടേ? കേരളത്തിലെ ജനങ്ങൾ പ്രതിസന്ധി പരിഹരിക്കാനുണ്ടാകുമെന്നത് സർക്കാരിനും അറിയാം. അതുകൊണ്ടാണ് സർക്കാർ അതിൽ ഇടപെടാത്തത്. എസ്.എം.എ. (Spinal muscular atrophy) രോഗം പിടിപെട്ട ഒരു കുട്ടിയെ ചികിത്സിക്കുന്നതിന് 18 കോടി രൂപ ഒറ്റ ദിവസംകൊണ്ടാണ് പിരിഞ്ഞുകിട്ടിയത്. വേറൊരു കുട്ടിക്ക് 42 കോടി രൂപ പിരിഞ്ഞുകിട്ടിയിരിക്കുകയാണ്. നന്മനിറഞ്ഞവരുള്ള ഒരു സംസ്ഥാനത്ത്, അത് ശ്രീ. പിണറായി വിജയൻ ഭരിച്ചാലും ഇല്ലെങ്കിലും, ഇതുപോലെയുള്ള പ്രതിസന്ധിഘട്ടങ്ങളിൽ ജനങ്ങളുണ്ടാകുമെന്നതിന്റെ മറ്റൊരു തെളിവാണ് ഓൺലൈൻ പഠനം പ്രാവർത്തികമാക്കിയപ്പോൾ നാം സാക്ഷ്യം വഹിച്ചത്. ഡിജിറ്റൽ ഉപകരണങ്ങൾ വാങ്ങിനൽകാൻ ജനങ്ങളും സാമൂഹ്യപ്രസ്ഥാനങ്ങളും രാഷ്ട്രീയപ്രസ്ഥാനങ്ങളുമെല്ലാം കടന്നു വരികയുണ്ടായി. സർക്കാർ ചെയ്യേണ്ട കാര്യങ്ങൾ ചെയ്യുന്നില്ല. അതുപോലെതന്നെ കോവിഡ്കാലത്ത് അകലെയുള്ള സ്ഥലങ്ങളിൽപ്പോയി കുട്ടികൾക്ക് പഠിക്കാൻ കഴിയുമോ? ഇന്നലെ അടിയന്തരപ്രമേയം അവതരിപ്പിച്ചിരുന്നല്ലോ. എല്ലാ വിഷയത്തിനും എ പ്ലസ് ലഭിച്ച കുട്ടികൾക്ക്, അവർ ഇഷ്ടപ്പെടുന്ന സ്ഥലത്ത് ഇഷ്ടപ്പെട്ട വിഷയം പഠിക്കാനുള്ള അവസരമുണ്ടാകണ്ടേ; ആ കുട്ടികൾ എന്താണ് ചെയ്യേണ്ടത്? സർക്കാരിനോട് ഞങ്ങൾ ചോദിക്കുകയാണ്, കോവിഡ് പ്രതിസന്ധിയിൽ ഓൺലൈൻ പഠനത്തിന്റെ എല്ലാ പരിമിതികൾക്കുമുള്ളിൽനിന്ന് എല്ലാം പഠിച്ച് പൊന്നിന്റെ തിളക്കത്തോടുകൂടി വിജയിച്ച ആ കുട്ടികൾ ഇനി എന്തുചെയ്യണം? അവർ ഇഷ്ടപ്പെടുന്ന സ്ഥലത്ത്, ഇഷ്ടപ്പെടുന്ന സ്കൂളിൽ, ഇഷ്ടപ്പെടുന്ന വിഷയം പഠിക്കാൻ പഠിച്ച മിടുക്കരായാൽ മാത്രം പോരേ? സ്കൂളുകളിൽ പുനർക്രമീകരണം നടത്തണമെന്ന് പറയുമ്പോൾ അതിനെതിരെ നിഷേധാത്മകമായ സമീപനം സ്വീകരിക്കുന്നത് ശരിയാണോ?

കോവിഡ്-19-നെ നേരിടാനായി ഈ സർക്കാർ ആകെ ചെയ്തത് ഭക്ഷ്യക്കിറ്റ് കൊടുത്തു എന്നുള്ളതാണ്. 2020 ജൂലൈ മാസത്തിൽ ആദ്യമായി ഭക്ഷ്യക്കിറ്റ് കൊടുക്കുമ്പോൾ കേരളത്തിലെ ആവറേജ് കോവിഡ് കേസ്സുകൾ 1100. ഭക്ഷ്യക്കിറ്റ് വിതരണം നിർത്തിയ 2021 സെപ്റ്റംബർ മാസത്തിലെ ആവറേജ് കോവിഡ് കേസ്സുകൾ 18000. ഭക്ഷ്യക്കിറ്റ് വിതരണം നടത്തുന്നതുമായി ബന്ധപ്പെട്ട് ഇന്നലെ ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിച്ചപ്പോൾ, കോവിഡിൽനിന്ന് ഏറെ മുക്തമായിവരുന്ന

സാഹചര്യത്തിൽ അതിനെക്കുറിച്ച് ആലോചിക്കുന്നുവെന്ന് എങ്ങുംതൊടാതെ അദ്ദേഹം മറുപടി പറഞ്ഞു. കോവിഡ് കേസ്സുകൾ പതിനെട്ടായിരത്തിൽ നിൽക്കുമ്പോൾ കിറ്റ് വിതരണം ചെയ്യാതിരിക്കുക, 1100-ൽ നിൽക്കുമ്പോൾ കിറ്റ് കൊടുക്കുക എന്നതാണ്. അതിന്റെ പിന്നിൽ വരാനിരിക്കുന്ന തെരഞ്ഞെടുപ്പുകളാണെന്ന് മനസ്സിലാക്കാൻ ആർക്കെങ്കിലും പ്രത്യേക ബുദ്ധി വേണോ? അധികാരത്തിൽ വരാനുള്ള ലക്ഷ്യത്തോടെ കോവിഡിനെപ്പോലും ഉപയോഗിച്ച സർക്കാരാണിതെന്ന് ആരെങ്കിലും പറഞ്ഞാൽ അതിനെ നിഷേധിക്കാൻ കഴിയുമോ? അങ്ങനെയല്ലെന്ന് തെളിയിക്കണമെങ്കിൽ നിങ്ങൾ കിറ്റ് വിതരണം ഇനിയും തുടരണം.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, പഞ്ഞമാസത്തിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് സൗജന്യ കിറ്റ് കൊടുക്കുന്നത് എന്തുകൊണ്ടും പ്രയോജനപ്രദമാണ്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ദരിദ്രവിഭാഗത്തിന് തുടർന്നും കിറ്റ് കൊടുക്കണമെന്നാണ് എല്ലാവരുടെയും നയവും ആഗ്രഹവും. ആദായനികുതി നൽകുകയും ഉയർന്ന വരുമാനം നേടുകയും ചെയ്യുന്ന 23 ലക്ഷത്തിൽപ്പരം വെള്ള കാർഡുടമകൾക്ക് സൗജന്യം നൽകേണ്ട കാര്യമുണ്ടോ; സമൂഹത്തിലെ എല്ലാവരും ദരിദ്രരാണോ? കോവിഡ് സമയത്തും ഭക്ഷണം കഴിക്കാൻ ബുദ്ധിമുട്ടില്ലാത്തവർ, സാമ്പത്തിക ഭദ്രതയുള്ളവർ, പണമുള്ളവർ എന്നിവർക്ക് സൗജന്യ കിറ്റ് കൊടുക്കുന്നതുമൂലം സംസ്ഥാനം കടംവാങ്ങിയ പണം വെറുതെ ദുരുപയോഗം ചെയ്യുകയല്ലേയെന്ന് പലപ്പോഴും ഞാൻ ചിന്തിച്ചിട്ടുണ്ട്. വെള്ള കാർഡുള്ള 23 ലക്ഷം പേർക്ക് കിറ്റ് കൊടുക്കുന്നതുമൂലം സാമ്പത്തിക ബാദ്ധ്യത വർദ്ധിക്കുന്നുവെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. വിൻസെന്റ്: സർ, സമ്പന്നർക്ക് കിറ്റ് കൊടുക്കുന്നത് വെറുതെയല്ല. അവർക്കും വോട്ടുണ്ട്. അവർക്ക് വോട്ടുള്ളപ്പോൾ കിറ്റ് കൊടുക്കണ്ടേ? ഇനിയും കിറ്റ് കൊടുക്കണം. മണിയൻപിള്ള രാജുവിന് കിറ്റ് കൊടുത്തില്ലെങ്കിലും സാധാരണക്കാരായവർക്ക് കിറ്റ് കൊടുക്കാൻ സർക്കാർ തയ്യാറാകണം. സാധാരണക്കാരുടെ കഷ്ടപ്പാടുകൾ ഇനിയും മാറിയിട്ടില്ല, അവരുടെ വരുമാനവും വർദ്ധിച്ചിട്ടില്ല. കോവിഡാണ് പ്രതിസന്ധിയുണ്ടാക്കിയതെന്ന് സർക്കാർ പറയുന്നു. വാക്സിൻ വാങ്ങിക്കൊടുക്കുന്നതിനായി കേരള സർക്കാർ കഴിഞ്ഞ ബഡ്ജറ്റിൽ ആയിരം കോടി രൂപയാണ് നീക്കിവച്ചത്. എന്നാൽ വാക്സിനെല്ലാം നമുക്ക് സൗജന്യമായി ലഭിച്ചു. അക്കാര്യത്തിലും സർക്കാരിന് ബാദ്ധ്യത വരുന്നില്ല. കോവിഡിന്റെ പേരിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് 755 കോടി രൂപയാണ് വന്നതെന്നുകൂടി ഓർക്കണം. കോവിഡ്

പ്രതിസന്ധിയുണ്ടാക്കിയെന്ന് പറയുമ്പോൾ, കോവിഡ്കാലത്ത് സർക്കാർ ഏറ്റെടുത്ത ലയബിലിറ്റി എന്താണെന്ന് വ്യക്തമാക്കണം. കോവിഡ്കാലത്ത് പഞ്ചായത്തുകളും പൊതുജനങ്ങളും അത് ഏറ്റെടുത്തു. അതുപോലെ കേന്ദ്രസർക്കാരിൽനിന്നുൾപ്പെടെ പല ഏജൻസികളിൽ നിന്നും കോവിഡിനെ നേരിടാനുള്ള പണം സർക്കാരിന് ലഭിച്ചു. അതുകൊണ്ട് കോവിഡ് കാരണമാണ് പ്രതിസന്ധിയുണ്ടായതെന്ന് അങ്ങ് പറയരുത്. മദ്യത്തിന്റെ നികുതി വർദ്ധിപ്പിച്ചോളൂ. പക്ഷേ, കോവിഡിന്റെ പേരിൽ മദ്യത്തിന്റെ നികുതി വർദ്ധിപ്പിക്കുന്നത് ശരിയല്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെ മദ്യത്തിന്റെ നികുതി കുറച്ച ഒരു കേസ്സുണ്ട്. ഇന്ത്യൻനിർമ്മിത വിദേശമദ്യത്തിന് നികുതി വർദ്ധിപ്പിക്കും. വിദേശനിർമ്മിത വിദേശമദ്യത്തിന് നികുതി കുറയ്ക്കും. അങ്ങനെ കുറയ്ക്കുന്ന നികുതിയിലൂടെ കോടാനുകോടി രൂപയുടെ ലാഭം കിട്ടുന്നത് വിദേശത്തുള്ള കമ്പനികൾക്കാണെന്നുള്ള യാഥാർത്ഥ്യം അങ്ങേയ്ക്കറിയാമോ?

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, സർക്കാർ മൂലധനം നിക്ഷേപിച്ച 130-ലേറെ സംരംഭങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്. അവയിൽ ഒന്നേകാൽ ലക്ഷം ജോലിക്കാരുമുണ്ട്. സംസ്ഥാനത്തെ 50 വ്യവസായ സ്ഥാപനങ്ങളിൽ 15 എണ്ണത്തിന്റെ പ്രവർത്തനം നിലച്ചിരിക്കുന്നു. ലാഭകരമായ സർക്കാർ സംരംഭങ്ങളിലൊന്ന് ബിവറേജസ് കോർപ്പറേഷനും മറ്റൊന്ന് കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസും (KSFE) ആണ്. ലാഭത്തിൽ പോകുന്ന സ്ഥാപനങ്ങളുടെമേൽ കൂടുതൽ നികുതി ചുമത്തി കൂടുതൽ ലാഭമുണ്ടാക്കുന്ന കഴുത്തറുപ്പൻ രീതിയാണ് ഈ ഗവൺമെന്റ് തുടർന്നുപോകുന്നത്. ഈ രണ്ട് സ്ഥാപനങ്ങളിലെയും പ്രധാന ഉപഭോക്താക്കൾ മദ്ധ്യവർഗ്ഗവും താഴ്ന്ന വരുമാനക്കാരുമാണ്. ഉയർന്ന വിലയ്ക്ക് മദ്യം നൽകി താഴ്ന്നവരുമാനക്കാരുടെ വരുമാനത്തിന്റെ നല്ലൊരു പങ്ക് തട്ടിക്കൊണ്ടുപോവുക എന്ന നയംകൂടി ഇതുമായി ബന്ധപ്പെട്ടുണ്ടോയെന്ന് എനിക്ക് സംശയമുണ്ട്. ഇക്കാര്യത്തിൽ അങ്ങയുടെ അഭിപ്രായം എന്താണ്?

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, വളരെ പ്രധാനപ്പെട്ട ചോദ്യമാണ് ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ഇവിടെ ഉന്നയിച്ചത്. മദ്യത്തിന്റെ വില കൂട്ടുമ്പോൾ മദ്യത്തിന്റെ ഉപഭോഗം കുറയും എന്നുള്ളതാണ് പൊതുവായ ധാരണ. ഇന്നലെവരെ എല്ലാ ദിവസവും മൂന്ന് പെഗ് മദ്യം കഴിച്ചിരുന്ന ഒരാൾ മദ്യത്തിന്റെ വില കൂട്ടിയെന്നുകരുതി ഇന്ന് രണ്ട് പെഗ് ആക്കുകയില്ല. മറിച്ച്, കിട്ടുന്ന പണത്തിൽ ഉപയോഗിക്കുന്ന മദ്യത്തിന്റെ അളവനുസരിച്ച് പണം ഉപയോഗിക്കും. വീട്ടിൽ കൊടുക്കുന്ന പണത്തിനാണ് കുറവ്

വരാൻ പോകുന്നത്. മദ്യത്തിന്റെ വില കൂട്ടുമ്പോൾ അതിന് ഇരകളാകുന്നത് വീട്ടിലെ സ്ത്രീകളും കുട്ടികളുമാണ്. മദ്യത്തിന് ഏറ്റവും കൂടുതൽ ടാക്സുള്ള (247 ശതമാനം) സംസ്ഥാനമാണ് കേരളം. മദ്യത്തിന് വിലകൂട്ടുമ്പോൾ അത് സാധാരണക്കാരുടെ കുടുംബങ്ങളെക്കൂടി ബാധിക്കുന്നുണ്ടെന്നുള്ളത് അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോ?

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, നഷ്ടത്തിൽ പ്രവർത്തിക്കുന്ന 15 വ്യവസായസ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കാനുള്ള മാർഗ്ഗമുണ്ടോ; അതല്ലെങ്കിൽ സർക്കാർ മുതൽമുടക്കിയ വ്യവസായങ്ങളിൽ കൂടുതൽ പണം മുടക്കി അവയെ മെച്ചപ്പെടുത്താനുള്ള നയപരിപാടികൾ സർക്കാരോ ധനകാര്യ വകുപ്പോ ഏറ്റെടുത്തിട്ടുണ്ടോയെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. വിൻസെന്റ്: സർ, അതുസംബന്ധിച്ച് സർക്കാരാണ് തീരുമാനമെടുക്കേണ്ടത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ബഹുമാനപ്പെട്ട അംഗങ്ങൾ ഇടപെട്ട് സംസാരിക്കുന്നതിൽ കുഴപ്പമില്ല. എന്നിരുന്നാലും അതിന്റെ നടപടിക്രമം അറിയാനാണ് ഞാൻ ചോദിക്കുന്നത്. സംസാരിച്ചുകൊണ്ടിരിക്കുന്ന ഒരംഗത്തോട് ചോദ്യം ഉന്നയിക്കാൻ മറ്റൊരു അംഗം അനുവാദം ചോദിക്കുന്നു. അദ്ദേഹം വഴങ്ങുന്നു. ചോദ്യകർത്താവ് ചോദ്യം ഉന്നയിക്കുന്നു. അദ്ദേഹത്തോട് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചോദ്യം ഉന്നയിക്കുന്നു. അതിന് അദ്ദേഹം മറുപടി പറയുന്നു. ഇങ്ങനെയൊരു നടപടിക്രമം ശരിയാണോ; സമയമെടുക്കുന്നതിലോ ചർച്ച ചെയ്യുന്നതിലോ പ്രശ്നമില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, ഒരംഗം സംസാരിക്കുമ്പോൾ മറ്റൊരു അംഗം വഴങ്ങുമോയെന്ന് ചോദിക്കുന്നു. അയാൾ ഉന്നയിച്ച ചോദ്യവുമായി ബന്ധപ്പെട്ടാണ് ഞാനൊരു ചോദ്യം ഉന്നയിച്ചത്. അതും ശ്രീ. എം. വിൻസെന്റ് വഴങ്ങിയതിനുശേഷം അദ്ദേഹത്തോടാണ് ഞാൻ ചോദിച്ചത്. അതുകൊണ്ട് നടപടിക്രമത്തിൽ ഒരു തെറ്റുമുണ്ടായിട്ടില്ല.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അങ്ങ്, ഈ സഭയിലെ പരിചയസമ്പന്നനാണെന്ന് അറിയാം. ശ്രീ. എം. വിൻസെന്റ് സംസാരിച്ചപ്പോൾ ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ഒരു ചോദ്യം ഉന്നയിച്ചു. അതിനുശേഷം അങ്ങ് ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിയോട് ചോദിക്കുന്നതുകേട്ട് ഞാൻ ചോദിച്ചതാണ്. അതിൽ എന്തെങ്കിലും പ്രശ്നമുള്ള കാര്യമല്ല. നടപടിക്രമം സംബന്ധിച്ച് ഞാൻ ചോദിച്ചുവെന്നേയുള്ളൂ.

ശ്രീ. വി. ഡി. സതീശൻ: സർ, ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ഉന്നയിച്ച ചോദ്യം ഗൗരവമുള്ളതാണെന്നാണ് ഞാൻ പറഞ്ഞത്. അതിനർത്ഥം അദ്ദേഹത്തോട് ചോദിക്കുന്നു എന്നല്ലല്ലോ? അദ്ദേഹത്തിന്റെ ചോദ്യത്തിൽനിന്നാണ് എനിക്കൊരു ചോദ്യം കിട്ടിയത്.

ശ്രീ. എം. വിൻസെന്റ്: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തെറ്റിദ്ധരിച്ചതാണ്. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ എന്നോട് വഴങ്ങുമോയെന്ന് ചോദിച്ചു. ഞാൻ അദ്ദേഹത്തിന് വഴങ്ങി. അദ്ദേഹത്തിന്റെ ചോദ്യത്തിനുശേഷം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് എന്നോടാണ് ചോദിച്ചത്. അപ്പോൾ ഞാൻ അദ്ദേഹത്തിന് വഴങ്ങുകയാണുണ്ടായത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിയുടെ ചോദ്യം പരാമർശിച്ചതുകൊണ്ടാണ് അങ്ങേയ്ക്ക് ഇങ്ങനെ തോന്നിയത്. ഇവിടെ ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉന്നയിച്ചതു സംബന്ധിച്ച്, ഈ നികുതി വർദ്ധിക്കുന്നതുകൊണ്ട് നേട്ടമുണ്ടാക്കുന്നത് കമ്പനികളാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സർക്കാരിന്റെ രണ്ട് സമീപനത്തെക്കുറിച്ചാണ് ഞാൻ പറയുന്നത്. ഇന്ത്യൻനിർമ്മിത വിദേശമദ്യമാണ് നമ്മുടെ രാജ്യത്ത് സാധാരണക്കാർ വിദേശമദ്യം എന്ന നിലയിൽ ഉപയോഗിച്ചു കൊണ്ടിരിക്കുന്നത്. ലോകത്തെ ഏറ്റവും വലിയ സാമ്പത്തികഘടനയെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്ന വിദേശനിർമ്മിത വിദേശ മദ്യമുണ്ടാക്കുന്നവരുണ്ട്. സ്കോട്ട്ലാൻഡിലും യൂറോപ്യൻ രാജ്യങ്ങളിലുമുള്ളവർ ഉല്പാദിപ്പിക്കുന്ന ഉല്പന്നത്തിന് നികുതി കുറച്ചിട്ടുണ്ടോ? അത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഫയൽ നോക്കി പറഞ്ഞാൽ മതി. അങ്ങ് ചെയ്തെന്ന് ഞാൻ പറയുന്നില്ല. ഇവിടെ അങ്ങനെയുള്ള വിദേശമദ്യത്തിന് നികുതി കുറച്ചത് ആരെ സഹായിക്കാനാണ്?

ശ്രീ. എം. വിൻസെന്റ്: സർ, അങ്ങ് ഉന്നയിച്ചത് ശരിയായ ചോദ്യമാണ്. ഓർഡിനൻസ് ഇറക്കുമ്പോൾ ഒന്നും ചർച്ച ചെയ്യാൻ സാധിക്കില്ലെന്ന് എല്ലാവർക്കുമറിയാം. നടപ്പിലാക്കിക്കഴിഞ്ഞ കാര്യത്തെക്കുറിച്ച് ഇപ്പോഴെങ്കിലും സജീവമായ ചർച്ച നടക്കുന്നത് നല്ലതല്ലേ? അതുകൊണ്ടാണ് ചർച്ച നടക്കുമ്പോൾ കൂടുതൽപേർക്കും വഴങ്ങുന്നത്. ബില്ലിൽ മാറ്റം വന്നാലും ഇല്ലെങ്കിലും ഇത് ഇവിടെ റെക്കോർഡിൽ ഉണ്ടാകുന്നതാണ്. ഒരു നിയമത്തെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ വിവിധ അംഗങ്ങൾക്കുള്ള അഭിപ്രായങ്ങൾ പറയുന്നതും ചർച്ചയിൽ പങ്കെടുക്കുന്നവരുടെ അഭിപ്രായങ്ങൾ പറയുമ്പോഴും അതെല്ലാം റെക്കോർഡിൽ കാണും.

ശ്രീ. അൻവർ സാദത്ത്: സർ, കോവിഡ്-19 മഹാമാരിക്കാലത്ത് വാടകയ്ക്കെടുക്കുന്ന എല്ലാ കടകൾക്കും 6 മാസത്തേയ്ക്ക് നികുതി ഒഴിവാക്കിക്കൊടുക്കുമെന്നുള്ള തീരുമാനമെടുത്തു. പ്രൈവറ്റ് സ്ഥാപനങ്ങളും ഇതിലുൾപ്പെടും. അതിലും ചില കഴുത്തറുപ്പൻ സമീപനമുള്ള മുതലാളിമാരുണ്ട്. അതുപോലെയുള്ള പലയാളുകളും കോവിഡ്-19 മഹാമാരിമൂലം തകർന്നിട്ടും ഒരു പൈസപോലും കുറച്ചുകൊടുക്കാതെ അവിടെനിന്ന് ഒഴിഞ്ഞുമാറാനുള്ള ഭയംകൊണ്ട് സ്വാഭാവികമായും അവർ വാടക കൊടുക്കാൻ നിർബന്ധിതരാകുന്നു. എന്റെ അഭിപ്രായത്തിൽ ഇതിലിടപെട്ടുകൊണ്ട് പ്രൈവറ്റ് സ്ഥാപനങ്ങളിലായാലും അവർക്ക് ഒരുമാസത്തെയോ 6 മാസത്തെയോ വാടകയിളവ് ചെയ്തുകൊടുക്കാനോ അല്ലെങ്കിൽ ഡിസ്കൗണ്ട് ചെയ്ത് കൊടുക്കാനോ ഉള്ള തീരുമാനം ഗവൺമെന്റ് എടുത്താൽ നന്നായിരിക്കും. മീറ്റിംഗിൽ ഞങ്ങൾ ഇക്കാര്യം പറയാറുണ്ടെങ്കിലും അത് അംഗീകരിക്കില്ല. സാധാരണക്കാർ വാടക കൊടുക്കാൻ പ്രയാസപ്പെടുന്നത് താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ( ............... മൈക്ക് ഓഫ്.........)

മി. ചെയർമാൻ: പ്ലീസ്......അത് അദ്ദേഹം തിരുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പറോട് തന്നെയാണ് ചോദിച്ചത്.

ശ്രീ. എം. വിൻസെന്റ്: സർ, ശ്രീ. അൻവർ സാദത്ത് പറഞ്ഞത് ശരിയാണ്. സ്വകാര്യവ്യക്തികൾ മാത്രമല്ല, തദ്ദേശഭരണ സ്ഥാപനങ്ങൾ വാടകയ്ക്ക് കൊടുക്കുന്ന സ്ഥാപനങ്ങളും സർക്കാർ വാടകയ്ക്ക് കൊടുക്കുന്ന സ്ഥാപനങ്ങളുമുണ്ട്. കോവിഡ്-19 പശ്ചാത്തലത്തിൽ ഇവയ്ക്കെല്ലാം ഇളവുകൊടുക്കേണ്ടത് സംബന്ധിച്ച് ഗവൺമെന്റ് പരിശോധിക്കുകയും തീരുമാനമെടുക്കുകയും ചെയ്യണമെന്നതാണ് എന്റെ അഭിപ്രായം. കോവിഡ്-19 മഹാമാരികാരണമാണ് സാമ്പത്തിക പ്രതിസന്ധിയു ണ്ടായതെന്ന് പറഞ്ഞുവയ്ക്കാൻ എല്ലാവർക്കും ഇപ്പോൾ വലിയ ആവേശമാണ്. ഗവൺമെന്റിന് ഒരു പ്രതിയെ കിട്ടി, അതിൽ കുറ്റംചാരി പറയുകയാണ്. രോഗം അറിഞ്ഞ് ചികിത്സിക്കാൻ സർക്കാരിന് കഴിയുന്നില്ല. അതിനുവേണ്ടി സർക്കാർ മെനക്കെടുന്നുമില്ല. ഉദ്ഘാടനങ്ങൾ നടത്തുന്ന കാര്യത്തിലാണ് സർക്കാരിന് ആവേശം. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന് ഉദ്ഘാടനമാനിയ ബാധിച്ചിരിക്കുകയാണ്. പട്ടയമേള നടത്തിയതിനെക്കുറിച്ച് ശ്രീ. ഡി. കെ. മുരളി സൂചിപ്പിച്ചിരുന്നു. തിരുവനന്തപുരം ജില്ലയിൽ ആകെ 52 പട്ടയങ്ങളാണ് കൊടുത്തത്. 52 പട്ടയങ്ങൾ കൊടുക്കാൻ 6 ഉദ്ഘാടനങ്ങൾ നടത്തി. നെയ്യാറ്റിൻകര താലൂക്കിൽ ഒരു പട്ടയമേള നടത്തി. ശ്രീ. സി. കെ. ഹരീന്ദ്രൻ ഇവിടെയിരുപ്പുണ്ടല്ലോ. മൂന്ന് എം.എൽ.എ-മാർ, കുറേ പ്രാസംഗികർ

അവരെല്ലാവരും കൂടി പട്ടയമേളയ്ക്ക് ബഹുവർണ്ണ നോട്ടീസെല്ലാം അടിച്ചുകൊടുത്തു. എന്നാൽ, അവിടെ വിതരണം ചെയ്തത് കേവലം 6 പട്ടയമാണ്. 6 പട്ടയം കൊടുത്തതിനെ പട്ടയമേള എന്നുവിളിക്കാൻ കഴിയുമോ? ഈ പട്ടയമേള ആരുടെ തലയിലുദിച്ചതെന്നാണ് എനിക്ക് മനസ്സിലാകാത്തത്. 52 പട്ടയങ്ങൾ കൊടുക്കുന്നതിന് ജില്ലാതല ഉദ്ഘാടനം, താലൂക്കുതല ഉദ്ഘാടനം ഇങ്ങനെയൊക്കെ കേട്ടുകേൾവിയില്ലാത്ത രീതിയിൽ ഉദ്ഘാടനം നടത്തുകയാണ്.

ശ്രീമതി സി. കെ. ആശ: സർ, പട്ടയമേളയ്ക്ക് 6 മീറ്റിംഗ് നടത്തി പട്ടയം കൊടുത്താലും ആ പട്ടയവുമായി ചെന്നാൽ പട്ടയം കിട്ടിയ ആൾക്ക് അവിടെ സ്ഥലമുണ്ടാകും. അത് ഞങ്ങൾ ഉറപ്പാക്കിയിട്ടുണ്ട്. എന്നാൽ ശ്രീമതി സോണിയാ ഗാന്ധി ഇവിടെ പട്ടയം കൊടുത്തു. അതിന്റെ സ്ഥലം എവിടെയെങ്കിലും കാണിച്ചുതരാൻ സാധിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പനച്ചിക്കാട് പഞ്ചായത്തിൽ ശ്രീമതി സോണിയാ ഗാന്ധി നേരിട്ട് കൊടുത്ത സ്ഥലമുണ്ട്. അതിൽ ഒരു വീടും വച്ച് കൊടുത്തു. ആ വീട്ടിൽ അവർ സുഖമായി ജീവിക്കുകയാണ്. ഞാൻ ശ്രീമതി സി. കെ. ആശയെ അങ്ങോട്ട് ക്ഷണിക്കുകയാണ്. ആ വീട്ടിൽ വന്നാൽ ശ്രീമതി സി. കെ. ആശയ്ക്ക് ഞങ്ങൾ നല്ലൊരു ഊണും തന്നുവിടാം.

ശ്രീ. എം. വിൻസെന്റ്: സർ, ബഹുമാനപ്പെട്ട മെമ്പർക്ക് ഒരു സ്ഥലമല്ല, 50000 സ്ഥലങ്ങൾ സമയമുണ്ടെങ്കിൽ കാണിച്ചുകൊടുക്കാം.

ശ്രീ. പി. എസ്. സുപാൽ: സർ, ശ്രീമതി സി. കെ. ആശ സൂചിപ്പിച്ചതുപോലെ, പുനലൂർ നിയോജകമണ്ഡലത്തിൽ ഒറ്റക്കൽ എന്ന സ്ഥലത്ത് ശ്രീമതി സോണിയ ഗാന്ധി പട്ടയവിതരണം നടത്തി. പക്ഷേ, ആർക്കും അവിടെ ഭൂമിയുണ്ടായിരുന്നില്ല. അവർക്ക് പട്ടയം കൊടുക്കുന്ന നടപടികൾ ഇപ്പോൾ എൽ.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ശ്രീമതി സോണിയാ ഗാന്ധി കൊടുത്തതെല്ലാം വ്യാജപട്ടയങ്ങളായിരുന്നു. അത് നിങ്ങൾ അംഗീകരിക്കുമോ?

ശ്രീ. എം. വിൻസെന്റ്: സർ, ഇത് തെറ്റായ പരാമർശമാണ്. ഇത് രേഖയിലുണ്ടാകാൻ പാടില്ല. ശ്രീമതി സോണിയാ ഗാന്ധി കൊടുത്ത പട്ടയങ്ങളെല്ലാം വ്യാജപട്ടയമാണെന്ന് നിയമസഭയിൽ ഒരംഗം പറഞ്ഞാൽ അത് തെളിയിക്കാനുള്ള ബാദ്ധ്യതയുണ്ട്. എല്ലാ പട്ടയങ്ങളും വ്യാജമാണെന്ന് പറയുമ്പോൾ യാതൊരു രേഖയുടെയോ തെളിവിന്റെയോ അടിസ്ഥാനത്തിലല്ലാതെ ഇങ്ങനെയൊരു നിലപാടെടുക്കുന്നത് ശരിയല്ല. അത് രേഖയിലുണ്ടാകാൻ പാടില്ല. (....ബഹളം....)

മി. ചെയർമാൻ: അത് പരിശോധിക്കാം.*

ശ്രീ. എം. വിൻസെന്റ്: ഡോ. മാത്യു കുഴൽനാടന് ഞാൻ വഴങ്ങാം.

ഡോ. മാത്യു കുഴൽനാടൻ: സർ, ഈ സഭയിലില്ലാത്ത ഒരാളെക്കുറിച്ചാണല്ലോ ........(....ബഹളം....)

മി. ചെയർമാൻ: പ്ലീസ്... പ്ലീസ്....

ശ്രീ. എം. വിൻസെന്റ്: ഞാൻ ഡോ. മാത്യു കുഴൽനാടനാണ് വഴങ്ങിയത്.

മി. ചെയർമാൻ: ശ്രീ. പി. എസ്. സുപാൽ സംസാരിക്കട്ടെ, അത് കഴിഞ്ഞ് അദ്ദേഹത്തിന് അവസരം കൊടുക്കാം.

ശ്രീ. പി. എസ്. സുപാൽ: സർ, ശ്രീ. എം. വിൻസെന്റ് വസ്തുതാവിരുദ്ധമായ കാര്യമാണ് ഇവിടെ സൂചിപ്പിച്ചത്. അദ്ദേഹം ഉറുകുന്ന്, ഒറ്റക്കൽ എന്നുപറയുന്ന സ്ഥലത്ത് പട്ടയവിതരണം നടത്തിയെന്നു പറയുന്നത് ശരിയല്ല. എന്റെ കൂടെവന്നാൽ അങ്ങയെ ഞാൻ നേരിട്ട് ബോദ്ധ്യപ്പെടുത്താം. ഞാൻ അങ്ങയെ വെല്ലുവിളിക്കുകയാണ്. അങ്ങേയ്ക്ക് എല്ലാ ചെലവും തന്ന് ഞാൻ കൊണ്ടുപോകാം. എന്റെ കൂടെ വരാൻ അങ്ങ് തയ്യാറാണോ; അങ്ങയെ ഞാൻ വെല്ലുവിളിക്കുകയാണ്.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ പറഞ്ഞതും ശ്രീ. പി. എസ്. സുപാൽ പറഞ്ഞതും രേഖയിലുണ്ട്. ശ്രീമതി സോണിയാ ഗാന്ധി വന്ന് കൊടുത്ത പട്ടയങ്ങളെല്ലാം വ്യാജപട്ടയങ്ങളായിരുന്നുവെന്നാണ് അദ്ദേഹം പറഞ്ഞത്. അത് തെറ്റായ കാര്യമാണ്. യാതൊരു രേഖയുടെയോ തെളിവിന്റെയോ പിൻബലമില്ലാതെ ശ്രീമതി സോണിയാ ഗാന്ധിയെപ്പോലുള്ള ഒരാളെക്കുറിച്ച് വ്യാജ പരാമർശം നടത്തുന്നത് തെറ്റാണ്. ആ പ്രസ്താവന രേഖയിലുണ്ടാകാൻ പാടില്ല എന്നാണ് ഞാൻ പറഞ്ഞത്. അവിടത്തെ എം.എൽ.എ. എന്ന നിലയ്ക്ക് ആ സംഭവത്തെക്കുറിച്ച് അദ്ദേഹം പറയുന്നത് ശരിയാണോയെന്ന് പരിശോധിക്കാൻ നമുക്ക് സമയമില്ല. പക്ഷേ, ശ്രീമതി സോണിയാ ഗാന്ധി കൊടുത്ത പട്ടയങ്ങളെല്ലാം വ്യാജമല്ലെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്. അതുകൊണ്ടാണ് അത് നീക്കം ചെയ്യണമെന്ന് പറഞ്ഞത്.

മി. ചെയർമാൻ: അത് പരിശോധിക്കാം.*

ഡോ. മാത്യു കുഴൽനാടൻ: സർ, അത് ഖേദകരമായ ഒരു പരാമർശമായിപ്പോയി. അങ്ങയെപ്പോലൊരാൾ ശ്രീമതി സോണിയാ ഗാന്ധി നൽകിയ പട്ടയം വ്യാജമായിരുന്നുവെന്ന് പറയുന്നത് ശരിയല്ല. പ്രസംഗഭാഷയിൽ

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നം.16214/ഇ.ബി./2021/നി.സെ. തീയതി 5-10-2021) സഭാരേഖകളിൽ നിലനിർത്തി

പറഞ്ഞുപോയതാണെങ്കിൽ അങ്ങേയ്ക്ക് പിൻവലിക്കാം. അത് അങ്ങയുടെ ഡിസ്ക്രീഷനാണ്. അതൊരു മാന്യതയും മര്യാദയുമാണ്. ഞാൻ ഈ സഭയിലുള്ള ഒരംഗം പറഞ്ഞ കാര്യം പറയട്ടെ! ഇടുക്കിയിൽ വലിയ മഹാമഹം നടത്തി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കം വന്നിരുന്നു. അതിന് നേതൃത്വം കൊടുത്തത് ശ്രീ. എം. എം. മണിയാണ്. ബഹുമാനപ്പെട്ട അംഗം സഭയിലുണ്ട്. കൊട്ടിഘോഷിച്ചതും എഴുതിവച്ചതും ബാനർ കെട്ടിയതുമെല്ലാം ഉപാധിരഹിത പട്ടയമെന്നാണ്. അങ്ങനെയില്ലെന്ന് ശ്രീ. എം. എം. മണി പറയട്ടെ. ഇന്ന് ഇടുക്കിയിലുള്ളവർക്ക് ഉപാധികാരണം കെട്ടിടം പണിയാൻ സാധിക്കാതിരിക്കുകയാണ്. ഉപാധിരഹിത പട്ടയമെന്ന് പറഞ്ഞത് വ്യാജമല്ലേ; ഞാൻ ഇല്ലാത്തവരെക്കുറിച്ച് പറയുകയല്ല, അല്ലെങ്കിൽ ശ്രീ. എം. എം. മണി പറയട്ടെ!

<u>മി. ചെയർമാൻ</u>: ബഹുമാനപ്പെട്ട അംഗങ്ങൾ പരസ്പരം പറയരുത്. ബഹുമാനപ്പെട്ട അംഗം, പ്രസംഗം തുടരണം.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, തിരുവനന്തപുരം ജില്ലയിലെ പട്ടയമേളയെക്കുറിച്ച് ഞാൻ പറഞ്ഞതിൽ എന്തെങ്കിലും പിശകുണ്ടെങ്കിൽ പറയാം. നെടുമങ്ങാട്, നെയ്യാറ്റിൻകര എന്നിങ്ങനെ ഓരോ താലൂക്കിലും പട്ടയമേള നടത്തുകയാണ്. എത്ര പട്ടയമാണ് പട്ടയമേളയിലൂടെ ശ്രീ. സി. കെ. ഹരീന്ദ്രന്റെ നിയോജകമണ്ഡലത്തിൽ കൊടുത്തത്; ശ്രീ. കെ. ആൻസലൻ, അങ്ങയുടെ നിയോജകമണ്ഡലത്തിൽ എത്ര പട്ടയമാണ് ഈ പട്ടയമേളയിലൂടെ കൊടുത്തിട്ടുള്ളത്?

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, പോയിന്റ് ഓഫ് ഓർഡർ. ഈ ബില്ലിന്റെ ഡിബേറ്റിൽ ഡോ. മാത്യു കുഴൽനാടൻ ചർച്ചയിൽ പങ്കെടുത്ത് ശ്രീ. എം. എം. മണിയെ ക്വാട്ട് ചെയ്തുകൊണ്ട് പറഞ്ഞു. ശ്രീ. എം. എം. മണിയുടെ നാട്ടിൽ കൊടുത്ത പട്ടയത്തിനകത്ത് ഇങ്ങനെ എഴുതിവച്ചുവെന്ന് പറഞ്ഞു. അദ്ദേഹത്തെ സംസാരിക്കാൻപോലും അനുവദിക്കാതെ തുടർന്നുപോകുകയും ചെയ്തു. അതുകൊണ്ട് ഡോ. മാത്യു കുഴൽനാടൻ നടത്തിയ പരാമർശം സഭാ രേഖയിൽ ഉണ്ടാകാൻ പാടില്ല. ചട്ടം 307 പ്രകാരം എക്സ്പഞ്ച് ചെയ്യണം.

<u>മി. ചെയർമാൻ</u>: നമുക്ക് വിഷയത്തിലേയ്ക്ക് വരാം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, കേരളത്തിൽ പട്ടയത്തെക്കുറിച്ച് കഥയുണ്ട്. അത് യാഥാർത്ഥ്യമാണ്, ചരിത്രവുമാണ്. ശ്രീ. പി. എസ്. സുപാൽ, വൃന്ദാവൻ പട്ടയമെന്ന് കേട്ടിട്ടുണ്ടോ, രവീന്ദ്രൻ പട്ടയമെന്ന് കേട്ടിട്ടുണ്ടോ? ഇതെല്ലാം ഇടുക്കിയിൽ കൊടുത്ത വ്യാജപ്പട്ടയങ്ങളാണ്. ആരാണ് ആ പട്ടയം

കൊടുത്തതെന്നുള്ളത് ചരിത്രത്തിലുണ്ട്. ആരെയും ആക്ഷേപിക്കാൻ കഴിയാത്തതു കൊണ്ട് ഞാൻ പേര് പറയുന്നില്ല. ഞാൻ റവന്യൂ വകുപ്പുമന്ത്രിയായിരുന്നപ്പോഴാണ് വൃന്ദാവൻ പട്ടയം ക്യാൻസൽ ചെയ്ത് അവർക്കെല്ലാം ശരിയായ പട്ടയം കൊടുത്തത്. രവീന്ദ്രൻ പട്ടയമെന്നത് പോയ വഴിക്കൊക്കെ ഒരു തഹസീൽദാർ എഴുതി കൊടുക്കുകയാണ്, ഏതാണ്ട് കോഴി മുട്ടയിടുന്നതുപോലെ. എല്ലായിടത്തും പട്ടയം കൊടുത്ത് പോകുകയാണ്. ആ പട്ടയം ക്യാൻസൽ ചെയ്ത് യഥാർത്ഥ പട്ടയം കൊടുത്തത് ഞങ്ങളാണ്. ഇടുക്കി ജില്ലയിൽ എത്രായിരം പേർക്ക് പട്ടയം കൊടുത്തുവെന്നത് ചരിത്രത്തിലുണ്ട്. ഇതെല്ലാം നിലനിർത്തിക്കൊണ്ടുതന്നെ പട്ടയത്തെക്കുറിച്ചുള്ള അവകാശവാദം അങ്ങ് മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. എം. എം. മണി: സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, നിങ്ങൾ പട്ടയം കൊടുത്തുവെന്ന് പറയുന്നതുതന്നെ ശുദ്ധ അസംബന്ധമാണ്. ഒരു പട്ടയം കൊടുത്തുവെന്ന് പറഞ്ഞാൽ ഞാൻ രാഷ്ട്രീയപ്രവർത്തനം ഉപേക്ഷിക്കാം. നിങ്ങൾ പട്ടയമൊന്നും കൊടുത്തില്ല. മലയോര കൃഷിക്കാരന്റെ വായിൽ മണ്ണിടുന്ന പണിയാണ് യു.ഡി.എഫ്. ഗവൺമെന്റ് ചെയ്തത്. അതേസമയം ഉപാധിരഹിത പട്ടയം കൊടുത്തത് ഞങ്ങളാണ്. നിങ്ങൾ അധികാരത്തിൽ വന്നിട്ട് അതൊന്ന് കറക്ട് ചെയ്ത് കൊടുത്തോ?

മി. ചെയർമാൻ: നമുക്ക് പട്ടയ പ്രശ്നത്തിൽനിന്നും പൊതുവിൽപ്പന നികുതിയിലേയ്ക്ക് വരാം. Come to the subject.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ വിഷയം മാറ്റുകയാണ്. ശ്രീ. എം. എം. മണി രാഷ്ട്രീയത്തിൽ തുടരണമെന്നതാണ് ഞങ്ങളുടെ ആഗ്രഹം. അദ്ദേഹം ഇങ്ങനെയൊരു പ്രശ്നത്തിൽ രാഷ്ട്രീയം വിട്ടുപോകുന്നത് ഞങ്ങൾക്ക് ചിന്തിക്കാൻപോലും കഴിയുന്നില്ല. അദ്ദേഹം രാഷ്ട്രീയത്തിൽ തുടരണം. അതുകൊണ്ട് വെല്ലുവിളി ഏറ്റെടുത്ത് തെളിയിക്കാനൊന്നും ഞങ്ങൾ പോകുന്നില്ല. തെളിയിച്ചാൽ അദ്ദേഹം ചിലപ്പോൾ രാഷ്ട്രീയം വിട്ടുപോകുന്ന സ്ഥിതിയുണ്ടാകും. സർക്കാരിന്റെ ഉദ്ഘാടനങ്ങളെക്കുറിച്ച് പറഞ്ഞാണ് ഞാൻ ഈ വിഷയത്തിലേയ്ക്ക് വന്നത്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, സഭയിൽ പറഞ്ഞ കാര്യത്തിന് വ്യക്തത വരുത്താൻവേണ്ടി മാത്രമാണ് ഞാൻ സമയം ചെലവഴിക്കുന്നത്. കോവിഡ്കാലത്ത് പട്ടയത്തിന് അർഹതയുള്ള എല്ലാവരെയും ഒരിടത്ത് വിളിച്ചുകൂട്ടി കൊടുക്കേണ്ട എന്നതിന്റെ അടിസ്ഥാനത്തിലാണ് തിരുവനന്തപുരം ജില്ലയിലെ മൂന്ന് നിയോജകമണ്ഡലങ്ങളിൽവച്ച് പട്ടയവിതരണം നടത്താനുള്ള തീരുമാനം റവന്യൂ വകുപ്പെടുത്തത്. പട്ടയം കൊടുക്കാനുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കലും മറ്റു

കാര്യങ്ങളുടെ പ്രോസസ്സിംഗും നടക്കുന്നൊരു സന്ദർഭമാണ്. അതിന് തുടക്കംകുറിക്കുന്ന നിലയിൽ ഓരോ നിയോജകമണ്ഡലത്തിലും രണ്ട് പട്ടയം കൊടുത്ത് ഉദ്ഘാടനം നടത്താനുള്ള ചടങ്ങാണ് എല്ലാ താലൂക്ക് കേന്ദ്രങ്ങളിലും നടത്തിയത്. അതോടൊപ്പം ബാക്കിയുള്ളവർക്ക് അതത് പ്രദേശങ്ങളിലെ വില്ലേജ് ഓഫീസുകൾവഴി പട്ടയം വിതരണം ചെയ്യാവുന്നതാണെന്ന് അന്ന് പറഞ്ഞു. ഇതാണ് അവിടെ നടന്നതെന്നത് സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. തീരദേശ മേഖലയിലെ പട്ടയവും മലയോര മേഖലയിലെ പട്ടയവുമെല്ലാം തയ്യാറാക്കിയത് ഓരോ താലൂക്ക് ഓഫീസുകളിലുമുണ്ട്. അതിന്റെ പ്രോസസ്സിംഗ് നടന്നുവരികയാണ്. കഴിഞ്ഞ ഗവൺമെന്റിന് മുൻപുള്ള ഗവൺമെന്റിൽ റവന്യൂ വകുപ്പുമന്ത്രിയായിരുന്ന, നിലവിൽ എം.പി-യായ ശ്രീ. അടൂർ പ്രകാശ് മലയോര മേഖലയിൽ അഞ്ചുചങ്ങല പ്രദേശത്ത് എഴുന്നൂറോളം പേർക്ക് 60 ദിവസക്കാലത്തേയ്ക്ക് നിലനിൽക്കുന്ന പട്ടയം വിതരണം ചെയ്ത കാര്യം ശ്രദ്ധയിലുണ്ടോ? അതുകൊണ്ട് പട്ടയവുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്ന ആരോപണങ്ങൾ വെറുതെ വിമർശനത്തിന് വിധേയമാക്കാമെന്നല്ലാതെ യാതൊരു കാര്യവുമില്ല. ശരിയായ രീതിയിൽ പട്ടയവിതരണത്തിന്റെ പ്രവർത്തനങ്ങൾ ഇന്നും നടന്നുവരികയാണ്. ഇത് മൂന്ന് മാസക്കാലത്തിനിടയിൽ നടത്തിയതാണ്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, അദ്ദേഹം പറഞ്ഞതിൽ വസ്തുതാപരമായി തെറ്റുണ്ട്. നെയ്യാറ്റിൻകര താലൂക്കിൽ രണ്ട് പട്ടയം വീതം കൊടുത്തത് കോവിഡ് കാരണമാണെന്ന് അദ്ദേഹം പറഞ്ഞു. പക്ഷേ, തിരുവനന്തപുരം താലൂക്കിൽ കൂടുതൽ പട്ടയം കൊടുത്തു. മലബാറിലെ പല പ്രദേശങ്ങളിലും കുറേയേറെ പട്ടയങ്ങൾ കൊടുത്തിട്ടുണ്ട്. അതിൽ തെറ്റൊന്നും പറയുന്നില്ല. ഓരോ ഉദ്ഘാടനവും നടത്തുന്നതിലുള്ള സർക്കാരിന്റെ പരിഹാസ്യമായ നിലപാടിനെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. നോൺ പ്രയോറിറ്റി ലിസ്റ്റിലുള്ളവർക്ക് പ്രയോറിറ്റി ലിസ്റ്റിൽ കാർഡ് കൊടുക്കുന്നു. അതിനും ഉദ്ഘാടനം വയ്ക്കുകയാണ്. ശ്രീ. പി. തിലോത്തമൻ മന്ത്രിയായിരുന്ന സമയത്താണ് പ്രയോറിറ്റിയും നോൺ പ്രയോറിറ്റിയും വന്ന് ഭക്ഷ്യസുരക്ഷാ നിയമം ഇവിടെ നടപ്പിലാക്കിയത്. അന്നത്തെ ഉദ്യോഗസ്ഥരും സർക്കാരും എടുത്തിട്ടുള്ള കണക്കുകളുടെ അടിസ്ഥാനത്തിലാണ് അനർഹരായിട്ടുള്ളവർ ലിസ്റ്റിൽ കടന്നുകൂടിയത്. അന്ന് അർഹരായിട്ടുള്ളവർ അപേക്ഷ കൊടുത്ത് നോൺ പ്രയോറിറ്റിയിൽനിന്നും പ്രയോറിറ്റിയിലേയ്ക്ക് കടന്നുവന്നു. ഇതൊരു തുടർപ്രോസ്സസാണ്. ഇപ്പോൾ നോൺ പ്രയോറിറ്റിയിലേയ്ക്ക് വന്നവർക്ക് റേഷൻ കാർഡ് നൽകുന്നു, അതിനും താലൂക്കടിസ്ഥാനത്തിൽ ഉദ്ഘാടനം നടത്തുന്നു. എന്നെ താലൂക്ക് സപ്ലൈ ഓഫീസർ വിളിച്ച് പന്ത്രണ്ട്

കാർഡുണ്ട് വന്ന് വിതരണം ചെയ്യണമെന്ന് പറഞ്ഞു. താലൂക്കുതല ഉദ്ഘാടനം, സംസ്ഥാനതല ഉദ്ഘാടനം തുടങ്ങി എല്ലാത്തിനും ഉദ്ഘാടനം നടത്തുകയാണ്. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന കാര്യത്തിന് വീണ്ടും ഉദ്ഘാടനം വയ്ക്കുകയാണ്. സ്കൂളുകളിൽ എസ്.പി.സി. യൂണിറ്റുകൾ ആരംഭിക്കുന്നതിന് സംസ്ഥാന മുഖ്യമന്ത്രി ഓൺലൈൻ ഉദ്ഘാടനം നടത്തുന്നു. എല്ലാതലങ്ങളിലും വേറെവേറെ ഉദ്ഘാടനം. അതെങ്കിലും സ്കൂളുകാർക്ക് വിട്ടുകൊടുക്കണ്ടേ; ഇങ്ങനെ എല്ലാ കാര്യങ്ങളിലും സംസ്ഥാനതലത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഓൺലൈൻ ഉദ്ഘാടനം ചെയ്യുന്നു. ഇങ്ങനെ ഉദ്ഘാടനമാനിയ ബാധിച്ച, ഉദ്ഘാടനങ്ങൾ നടത്തി അഭിരമിക്കുന്നൊരു സർക്കാരാണിത്. സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാനുള്ള സുചിന്തിതമായ നടപടി സ്വീകരിക്കുന്നതിനുപകരം കോവിഡിനെ പ്രതിയാക്കി സാമ്പത്തിക പ്രതിസന്ധിയിൽ ഞങ്ങൾ പങ്കാളികളല്ലെന്ന് പ്രഖ്യാപിക്കുന്ന തെറ്റായ നയത്തിൽനിന്നും മാറി സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കാമെന്ന് ആലോചിച്ച് മുന്നോട്ടുപോകണമെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. കെ. കെ. രാമചന്ദ്രൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. ഐ. ബി. സതീഷ്: സർ, 2021-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15-10-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു. സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ ആഭ്യന്തര നികുതി വരുമാനത്തിലും സമാഹരണത്തിലുമുണ്ടായിരുന്ന രീതിക്ക് വളരെ പെട്ടെന്നാണ് മാറ്റമുണ്ടായത്. ആ മാറ്റം ഉപഭോക്തൃ സംസ്ഥാനമായ കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ സൃഷ്ടിച്ചിട്ടുള്ള പ്രതിസന്ധി വളരെ വലുതാണ്. ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ കേരളം 2017 വരെ സ്വീകരിച്ചിരുന്ന സമീപനത്തിൽനിന്നും വഴിമാറി നടക്കേണ്ടി വന്നപ്പോഴുണ്ടായിട്ടുള്ള മാറ്റം നമ്മുടെ മുന്നിലുണ്ട്. എൽ.ഡി.എഫ്. ഗവൺമെന്റ് ഈ ബിൽ അവതരിപ്പിക്കുമ്പോൾ നിർഭാഗ്യവശാൽ പ്രതിപക്ഷം വിമർശനം ഉന്നയിക്കുകയാണ്. കഴിഞ്ഞ നിയമസഭാ കാലയളവിൽ യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ നേതൃത്വത്തിൽ വടക്കേ ഇന്ത്യയിലെ അഞ്ച് സംസ്ഥാനങ്ങളിൽ നടത്തിയ പഠനപര്യടനത്തിൽ ഞാനുമുണ്ടായിരുന്നു. പല നിയമസഭകളിലും ചെന്ന് കേരളത്തിലെ അനുഭവം പറയുമ്പോൾ അവർ മൂക്കത്ത് വിരൽവയ്ക്കുകയാണ്. വർഷത്തിൽ അഞ്ചുദിവസം മാത്രം സമ്മേളിക്കുന്ന നിയമസഭകളുമുണ്ട്. അത്തരം നിയമസഭകളുള്ള രാജ്യത്താണ് കേരളം മാതൃകയാകുന്നത്.

ജി.എസ്.ടി-യെക്കുറിച്ച് മുമ്പ് ചർച്ച ചെയ്തിട്ടുണ്ട്. ജി.എസ്.ടി-യുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ സ്വീകരിക്കുന്ന സമീപനം നോക്കാം. സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം പൊതുഖജനാവിൽനിന്നും നൽകാൻ നിയമമില്ലെന്നാണ് പാർലമെന്റ് സെഷനിൽ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്. ഒരു നിയമത്തെ എങ്ങനെ വളച്ചൊടിച്ച് വ്യാഖ്യാനിച്ച് ജനങ്ങൾക്കെതിരായി യുദ്ധപ്രഖ്യാപനം നടത്താമെന്നുള്ളതിന്റെ ക്ലാസ്സിക്കൽ ഉദാഹരണമായിരുന്നു ആ പ്രസംഗം. യഥാർത്ഥത്തിൽ എന്താണ് വസ്തുത? 2017-ലെ 102-ാം ഭരണഘടനാ ഭേദഗതിവഴി നഷ്ടപരിഹാര നിയമം ഇന്ത്യയിൽ നടപ്പിലാക്കി. ആ നഷ്ടപരിഹാര നിയമമനുസരിച്ച് ജി.എസ്.ടി. നടപ്പിലാക്കുന്ന കാലത്തിന് മുമ്പുണ്ടായിരുന്ന നികുതിവരുമാനത്തിൽ സംസ്ഥാനങ്ങൾക്കുണ്ടാകുന്ന നഷ്ടം നികത്താൻ അഞ്ച് വർഷത്തെ പ്രത്യേക സെസ്സ് പിരിക്കണമെന്നായിരുന്നു. അങ്ങനെ പിരിക്കുന്ന സെസ്സ് നോൺ ലാപ്സബിൾ ഫണ്ടിൽ നിക്ഷേപിക്കണം. അതിന്റെ മേജർ ഹെഡ് 2647 ആണ്. എന്നാൽ കേന്ദ്ര സർക്കാർ ഗ്രാന്റ് ഹെഡ്ഡായ 3061-ൽ നിക്ഷേപിച്ചു. നഷ്ടപരിഹാരം മാൻഡേറ്ററിയാണ്, നിർബന്ധിതമാണ്. എന്നാൽ ഗ്രാന്റ് സർക്കാരിന്റെ വിവേചനാധികാരമാണ്. സംസ്ഥാനങ്ങൾക്ക് ലഭ്യമാകേണ്ട സാമ്പത്തികസഹായം കിട്ടാതിരിക്കുന്നതിനുവേണ്ടി നിയമത്തെ ദുർവ്യാഖ്യാനം ചെയ്യുകയും അത് അവതരിപ്പിക്കുകയുമാണ് ചെയ്തത്. ഇവിടെ രണ്ട് ഗവൺമെന്റുകൾ തമ്മിലുള്ള സമീപനത്തിലെ വ്യത്യാസമാണ് ബോദ്ധ്യമാകുന്നത്. കൊട്ടിഘോഷിച്ചാണ് ജി.എസ്.ടി. ഇവിടെ നടപ്പിലാക്കിയത്. ഒരു രാഷ്ട്രം- ഒരു നികുതി എന്നതായിരുന്നു മുദ്രാവാക്യം. ആർ.എസ്.എസ്. ശാഖകളിൽ സ്വയംസേവകരും ശിക്ഷകരുമെല്ലാം അതിനെപ്പറ്റി അതിശയോക്തികലർന്ന വാദമുഖങ്ങൾ അവതരിപ്പിച്ച് ഇന്ത്യയെ സാമ്പത്തികമായി സ്വർഗ്ഗത്തിലെത്തിക്കാൻ പോകുന്നുവെന്ന വാദമുഖങ്ങൾ നിരത്തി. ഇന്ന് ഈ രാജ്യം എത്തിനിൽക്കുന്ന അവസ്ഥ എന്താണെന്ന് നമുക്കറിയാം. 2017-ൽ പെട്ടെന്ന് അവതരിപ്പിക്കപ്പെട്ട ആശയമല്ല ജി.എസ്.ടി. എന്ന് എല്ലാവർക്കുമറിയാം. ഒരു രാഷ്ട്രം-ഒരു നികുതിയെന്ന മോഹിപ്പിക്കുന്ന, അതിശയിപ്പിക്കുന്ന പരസ്യവാചകത്തിന്റെ പിന്തുണയോടുകൂടി അവതരിപ്പിച്ചതിനുശേഷം ഇന്ന് സംസ്ഥാനങ്ങൾ എത്തിനിൽക്കുന്നത് എവിടെയാണ്? ഓരോ ആഴ്ചയിലും ഓരോ ഉത്തരവ് പുറത്തിറങ്ങുകയാണ്. ആ ഉത്തരവുകൾക്കൊന്നും ആഡിറ്റിംഗിന്റെ കാര്യത്തിലും ഓപ്പറേഷന്റെ കാര്യത്തിലും വ്യക്തത ഉണ്ടാകാതിരിക്കുകയാണ്. ഫാസിസ്റ്റുകളിൽനിന്ന് നന്മ പ്രതീക്ഷിക്കേണ്ടതില്ലെന്ന് ബോദ്ധ്യമാകുകയാണ്. കേരളത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫലപ്രദമായ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. വിൽപ്പനനികുതി ഉദ്യോഗസ്ഥരുടെ യോഗം രണ്ടാം തവണയും വിളിച്ചുചേർത്തിരിക്കുന്നു. കോവിഡാനന്തരം വ്യാപാര സ്ഥാപനങ്ങൾ സജീവമായി

പ്രവർത്തിച്ചുതുടങ്ങുന്ന ഘട്ടത്തിൽ നികുതികൾ അതത് മാസങ്ങളിൽ അടയ്ക്കണമെന്ന നിഷ്കർഷയുണ്ടായിരിക്കുന്നു. നികുതി അടയ്ക്കാതെ വ്യവസായത്തിൽ വീണ്ടും മുതൽമുടക്കുന്ന, അതിൽനിന്നും ലാഭമുണ്ടാക്കുകയെന്ന സമീപനം സ്വീകരിക്കുന്ന വ്യാപാരികളോട് അഭ്യർത്ഥിക്കുകയാണ് സർക്കാർ ചെയ്യുന്നത്. റിട്ടേണുകൾ അതത് മാസത്തിൽ അടയ്ക്കണമെന്ന തീരുമാനത്തിന് മാറ്റമുണ്ടായിരിക്കുന്നു. ഇ-വേ ബില്ലിന്റെ മറവിൽ നടക്കുന്ന നികുതിവെട്ടിപ്പ് തടയേണ്ടതുണ്ട്. ഇന്നത്തെ കേരളത്തിന്റെ സവിശേഷ സാഹചര്യത്തിൽ അനിവാര്യമായ ചില ചുവടുവയ്പ്പുകൾക്കുപകരം വ്യത്യസ്ത സമീപനമാണ് കേന്ദ്ര സർക്കാരിൽനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇന്നത്തെ ഇന്ത്യൻ സാമ്പത്തിക സാഹചര്യത്തിൽ ഏറ്റവും ഉചിതമായ മാർഗ്ഗമെന്താണ്? അതീവ സമ്പന്നരിൽനിന്നും കൂടുതൽ നികുതി സമാഹരിച്ചെങ്കിൽ മാത്രമെ ഇന്ത്യയ്ക്കും കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങൾക്കും മുന്നോട്ടുപോകാൻ സാധിക്കുവെന്ന യാഥാർത്ഥ്യം നമ്മുടെ മുന്നിൽ തെളിഞ്ഞുനിൽക്കുകയാണ്. ഈയടുത്തകാലത്താണ് പ്രശസ്ത സാമ്പത്തിക വിദഗ്ദ്ധനും ഗവേഷകനുമായ പ്രവാസ് രഞ്ചൻ മിശ്ര ഒരു അഭിപ്രായം പങ്കുവച്ചത്. പരോക്ഷ നികുതികളിലൂടെ നികുതി ശേഖരിക്കുന്ന സമീപനം ദരിദ്രരുടെ ജീവിതം തകർക്കുകയും അസമത്വം വർദ്ധിപ്പിക്കുകയും ചെയ്യും. ഇത് നമ്മുടെ കണ്ണ് തുറപ്പിക്കേണ്ടതാണ്. അതീവ സമ്പന്നരിൽനിന്നും നികുതി സമാഹരിക്കാനും സംതൃപ്ത സംസ്ഥാനങ്ങളെന്ന കാഴ്ചപ്പാട് ഉറപ്പിക്കാനും കഴിയണം. പണ്ട് ആരോ പറഞ്ഞിട്ടുള്ള ഒരു ആശയം ഓർമ്മവരികയാണ്. വിശാല മനസ്സുള്ള മഹാന്മാർ ആശയങ്ങളെക്കുറിച്ച് സംസാരിക്കും, ശരാശരി മനുഷ്യർ സംഭവങ്ങളെക്കുറിച്ച് സംസാരിക്കും, ഇടുങ്ങിയ മനസ്സുള്ളവർ വ്യക്തികളുടെ വർണ്ണനകളിലും കുറ്റങ്ങളിലും അഭിരമിക്കും. ഇവിടെ പ്രതിപക്ഷം എന്താണ് ചെയ്തുകൊണ്ടിരിക്കുന്നതെന്ന് അവർതന്നെ അറിയുന്നില്ല. എനിക്കുമുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട അംഗം ഉദ്ഘാടന മാമാങ്കങ്ങളെക്കുറിച്ച് വേവലാതിപ്പെടുകയാണ്. തറക്കല്ലിടൽ മാമാങ്കങ്ങളല്ല, ഉദ്ഘാടന മാമാങ്കങ്ങളാണ് കേരളത്തിൽ നടക്കുന്നതെന്നത് പ്രതിബദ്ധതയോടെ പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റിന് സമയബന്ധിതമായി പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ കഴിയുന്നുവെന്നതിന്റെ തെളിവാണ്. ഇവിടെ വ്യക്തികളെക്കുറിച്ച് പറയുന്നവർ ഇടതുപക്ഷ ജനാധിപത്യമുന്നണി പ്രതിനിധാനം ചെയ്യുന്നത് ഒരാശയത്തെയാണെന്നുള്ളത് മറന്നുപോകുന്നു. കോവിഡ്കാലത്ത് മാസ്ക് ധരിക്കണമെന്ന് സർക്കാർ പറഞ്ഞു. അതിന്റെ പിന്നിൽ കൃത്യമായ ഉദ്ദേശ്യമുണ്ട്. സംസാരിക്കുമ്പോഴാണ് മാസ്ക് ധരിക്കേണ്ടത്, പക്ഷേ, നമ്മളത് മറന്നുപോകുന്നു. കോവിഡ് കാലത്തെക്കുറിച്ച് പലപ്പോഴും പലതും മറക്കുന്നു. കോവിഡ് സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി ലോകത്തെമ്പാടുമുണ്ട്. ആ സാമ്പത്തിക പ്രതിസന്ധിയുടെ നടുക്കത്തിലാണ് നമ്മളെല്ലാവരും.

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: സർ, ഉദ്ഘാടന മാമാങ്കത്തെക്കുറിച്ച് പറഞ്ഞുകൊണ്ട് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനെ വിമർശിക്കുന്നവർ കുറച്ചുകാലം മുമ്പത്തെ കാര്യം നോക്കിയാൽ മതി. ഹാർട്ട് ഓപ്പറേഷൻ കഴിഞ്ഞയാൾ, സ്ട്രെച്ചറിൽ വരുന്ന കയ്യുംകാലും മുറിഞ്ഞവർ തുടങ്ങി ആ രീതിയിൽ കോടിക്കണക്കിന് രൂപ ചെലവഴിച്ച് നടത്തുന്ന ബഹുജന സമ്പർക്ക പരിപാടിയിൽ വന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് അപേക്ഷ കൊടുക്കുന്ന കാലഘട്ടമുണ്ടായിരുന്നു. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ അധികാരത്തിൽ വന്നപ്പോൾ അപേക്ഷ ഓൺലൈൻവഴി നൽകി ഒരു മനുഷ്യനും അറിയാതെ അവരുടെ അക്കൗണ്ടിലേയ്ക്ക് പണം നൽകുന്ന രീതിയിലേയ്ക്ക് മാറി. അതാണ് ഇടതുപക്ഷവും വലതുപക്ഷവും തമ്മിലുള്ള വ്യത്യാസം എന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, പോയിന്റ് ഓഫ് ഓർഡർ. ഇവിടെ തെറ്റിദ്ധരിപ്പിക്കുന്ന ഒരു പരാമർശമാണ് ശ്രീ. മുഹമ്മദ് മുഹസിൻ നടത്തിയിട്ടുള്ളത്. ഒരു പൊതുപ്രവർത്തകനും ദേശീയതലത്തിലും എസ്.എഫ്.ഐ. എന്ന സംഘടനയിലുമെല്ലാം പ്രവർത്തിച്ച താങ്കൾ മുഖ്യമന്ത്രിയുടെ ബഹുജന സമ്പർക്ക പരിപാടിയെക്കുറിച്ച് ശരിയായി കാര്യങ്ങൾ പഠിക്കാത്തതിൽ എനിക്ക് വിഷമമുണ്ട്. സർക്കാരിന്റെ പ്രവർത്തനങ്ങളെ കൂടുതൽ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനും ജനങ്ങളും ഗവൺമെന്റുമായിട്ടുള്ള പ്രവർത്തനങ്ങളിൽ എന്തൊക്കെ പ്രയാസങ്ങളുണ്ടെന്ന് മനസ്സിലാക്കി അത് തിരുത്തുന്നതുമാണ് ബഹുജന സമ്പർക്ക പരിപാടി. ആ പരിപാടിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുള്ളതുകൊണ്ട് ആളുകൾ വരികയും ദുരിതാശ്വാസ സഹായത്തിനായി അപേക്ഷ കൊടുക്കുകയും ചെയ്യുന്നുണ്ട്. അല്ലാതെയും കൊടുക്കുന്നുണ്ട്, ഇപ്പോഴത്തേതുപോലുള്ള നടപടിക്രമങ്ങളുണ്ടായിരുന്നു. ശ്രീ. മുഹമ്മദ് മുഹസിൻ മനസ്സിലാക്കേണ്ടത്, ജനസമ്പർക്ക പരിപാടിക്കുശേഷം ഈ സംസ്ഥാനത്ത് 43 സർക്കാർ ഉത്തരവുകൾ ജനങ്ങൾക്കുവേണ്ടി പുറപ്പെടുവിച്ചിരുന്നുവെന്നതാണ്. ഉദാഹരണമായി ഒരു കാര്യം പറയാം, ശബരിമലയ്ക്ക് പോയ ഒരമ്മ അവിടെ വച്ച് മരണപ്പെട്ടു. അങ്ങനെ സംഭവിക്കുമ്പോൾ റാന്നി, പെരുനാട് പഞ്ചായത്തിൽ നിന്നുമാണ് മരണ സർട്ടിഫിക്കറ്റ് വാങ്ങേണ്ടത്. പക്ഷേ, ജനസമ്പർക്ക പരിപാടിക്കുശേഷം, ആ അമ്മയുടെ ശരീരം എവിടെയാണോ സംസ്കരിക്കുന്നത്, അവിടത്തെ പഞ്ചായത്തിലെ മരണസർട്ടിഫിക്കറ്റ് മതിയെന്ന് തീരുമാനമെടുത്തു. ആ നിലയ്ക്കുള്ള തീരുമാനങ്ങളെടുക്കുന്നതായിരുന്നു ജനസമ്പർക്ക പരിപാടി. ആ പരിപാടി ആശ്വാസവിതരണം മാത്രമായിരുന്നില്ലെന്ന് താങ്കൾക്ക് ഇപ്പോൾ മനസ്സിലായിക്കാണുമെന്ന് ഞാൻ കരുതുന്നു.

ശ്രീ. എ. പ്രഭാകരൻ: സർ, വി. എസ്. അച്ചുതാനന്ദൻ ഗവൺമെന്റിന്റെ ഭരണകാലത്ത് കോച്ച് ഫാക്ടറിക്കുവേണ്ടി 439 ഏക്കർ സ്ഥലം കേന്ദ്ര ഗവൺമെന്റിന് കൈമാറിയിരുന്നു. 2012-ൽ പിറവം ഉപതെരഞ്ഞെടുപ്പിന്റെ സമയത്ത് മലമ്പുഴ നിയോജകമണ്ഡലത്തിലെ കഞ്ചിക്കോട് കോച്ച് ഫാക്ടറിക്കുവേണ്ടി ഏറ്റെടുത്ത സ്ഥലത്തുനിന്ന് പതിനേഴ് കിലോമീറ്റർ ഇപ്പുറത്തുള്ള കോട്ട മൈതാനത്തായിരുന്നു ശ്രീ. ഉമ്മൻ ചാണ്ടി കേരളത്തിന്റെ മുഖ്യമന്ത്രിയായിരിക്കുമ്പോൾ അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ റെയിൽവേ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ദിനേഷ് ത്രിവേദി തറക്കല്ലിട്ടത്. ഇന്ന് ആ കോച്ച് ഫാക്ടറി എവിടെ; അന്നിട്ട കല്ല് എവിടെയാണെന്നറിയാമോ? റെയിൽവേ ഡിവിഷണൽ ഓഫീസിന്റെ ഒരു മൂലയ്ക്ക് കിടക്കുകയാണ് ആ കല്ല്. കോച്ച് ഫാക്ടറിക്കുള്ള സ്ഥലത്ത് ആനകൾ വിഹരിക്കുകയാണ്. എന്തായിരുന്നു അവരുടെ ഉദ്ദേശ്യം? കോച്ച് ഫാക്ടറി വരാൻ പോകുന്നുവെന്ന് പറഞ്ഞത് പിറവം ഉപതെരഞ്ഞെടുപ്പ് മാത്രം ലക്ഷ്യംവച്ചായിരുന്നു. എന്നിട്ട് അവരിവിടെയിരുന്ന് എന്തെല്ലാം വാചകമടിയാണ് നടത്തുന്നത്. ആ വിഷയം ഞാൻ സൂചിപ്പിച്ചുവെന്നുമാത്രം.

ശ്രീ. ഐ. ബി. സതീഷ്: സർ, അറിയുന്നത് പലതും അറിയില്ലെന്ന് നടിക്കുകയും ഓർക്കുന്നത് പലതും ഓർക്കുന്നില്ലെന്ന് നടിക്കുകയും ചെയ്യുന്നതുകൊണ്ടാണ് പ്രതിപക്ഷത്തിന് നിരന്തരമായി ജനങ്ങളുടെ ശിക്ഷ ഏറ്റുവാങ്ങേണ്ടിവരുന്നത്. ഫലപ്രദമായ ധനകാര്യ മാനേജ്മെന്റിന്റെ പ്രവർത്തനം കേരളം ഇന്ന് കാണുന്നുണ്ട്. ഇവിടെ ചില നിർദ്ദേശങ്ങൾ പല മേഖലകളിൽനിന്നും ഉയർന്നുവരുന്നത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. വിൽപ്പന നികുതി കുടിശ്ശികയായി ഏകദേശം നാലായിരം കോടി രൂപയോളം സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിലാണെന്നൊരു കണക്കുണ്ട്. ഇവരുടെ കുടിശ്ശിക തീർക്കാൻ സർക്കാരിന്റെ പിന്തുണ ആവശ്യമായിവരും. സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങൾക്കുള്ള ആംനെസ്റ്റി ഓപ്ഷൻ തീയതി ദീർഘിപ്പിച്ചുനൽകുന്നതിനെക്കുറിച്ച് ആലോചിക്കണമെന്നൊരു നിർദ്ദേശം പല കോണുകളിൽനിന്നും ഉയർന്നുവരുന്നുണ്ട്. നികുതി വകുപ്പിൽ രണ്ടായിരത്തോളം വാറ്റ് അപ്പീലുകൾ കെട്ടിക്കിടക്കുകയാണ്. വാറ്റ് അസസ്സ്മെന്റ് ഉദാരമാക്കണമെന്ന വ്യവസ്ഥ 2019 മുതൽ പ്രാബല്യത്തിലുണ്ട്. പക്ഷേ, അപ്പീലിന്റെ കാര്യത്തിൽ ഉദാരസമീപനം വേണ്ടെന്ന ഒരു ധാരണ എങ്ങനെയോ ഉണ്ടായിട്ടുണ്ട്. അപ്പീൽ പരിഗണിക്കുമ്പോൾ ഉദാരസമീപനം സ്വീകരിച്ചാൽ കുടിശ്ശിക നികുതിപിരിവ് വേഗത്തിലാകും എന്നൊരഭിപ്രായംകൂടി പങ്കുവയ്ക്കുകയാണ്. ഇവിടെ ചിരിക്കാത്ത ശ്രീ. കെ. എൻ. ബാലഗോപാലിനെക്കുറിച്ച് മുൻ

പ്രതിപക്ഷനേതാവ് ഉൽക്കണ്ഠ പങ്കുവച്ചു. പ്രതിപക്ഷ നേതൃനിരയിൽനിന്നും ഏതോ അംഗം സംസാരിച്ചപ്പോൾ കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി മറ്റ് സംസ്ഥാനങ്ങളിലെ ധനകാര്യ വകുപ്പുമന്ത്രിമാരെയെല്ലാം കൂട്ടി എന്തോ നേടിയെടുത്തുവെന്ന ഒരു വിമർശനവും ഉന്നയിച്ചു. കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രിക്ക്, കേരളത്തിലെ രാഷ്ട്രീയ നേതൃത്വത്തിന് നാളത്തെ ഇന്ത്യ എന്തായിരിക്കണമെന്ന സന്ദേശം മുന്നോട്ടുവയ്ക്കാൻ കഴിയുന്നുണ്ട്. ലഖ്നൗവിലെ ജി.എസ്.ടി. കൗൺസിലിൽ നടന്ന ഒരു കാര്യം മാത്രം സൂചിപ്പിക്കാം. നാളികേരത്തിൽനിന്നുമുണ്ടാക്കുന്ന ഒരു ലിറ്ററിന് താഴെയുള്ള വെളിച്ചെണ്ണയുടെ നികുതി അഞ്ച് ശതമാനത്തിൽനിന്നും പതിനെട്ട് ശതമാനമായി വർദ്ധിപ്പിക്കണമെന്നുള്ള നിർദ്ദേശം വച്ചപ്പോൾ അതിനെതിരായി ആദ്യമായി ശബ്ദിച്ചത് കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്നു, തുടർന്ന് മറ്റെല്ലാ സംസ്ഥാനങ്ങളും ആ നിർദ്ദേശത്തെ പിന്തുണയ്ക്കുകയും നികുതിവർദ്ധനവ് അസാദ്ധ്യമാക്കുകയും ചെയ്തു. ഇതാണ് കേരളം ഇന്ത്യയ്ക്ക് നൽകുന്ന സന്ദേശം. ഇതുതന്നെയാണ് നാളത്തെ ഇന്ത്യ എന്തായിരിക്കണമെന്നതിനെ സംബന്ധിച്ച്, മതനിരപേക്ഷതയെ സംബന്ധിച്ച്, ജനാധിപത്യത്തെ സംബന്ധിച്ച്, ഭരണഘടനാ സംരക്ഷണത്തെ സംബന്ധിച്ച് കേരളം നൽകുന്ന സന്ദേശമെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, 2021-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. സംസ്ഥാനം കടുത്ത സാമ്പത്തികപ്രതിസന്ധിയിലൂടെ കടന്നുപോകുന്നതിന്റെ സാഹചര്യങ്ങളാണ് ഇതുവരെ എല്ലാവരും വരച്ചുകാണിച്ചത്. ഈ സാമ്പത്തികപ്രതിസന്ധിയുടെ നടുവിൽനിന്ന് കരകയറാനുള്ള പരിശ്രമത്തിന്, മുൻപ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല, നികുതിഘടനയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തണമെന്ന പ്രസക്തമായൊരു നിർദ്ദേശം മുന്നോട്ടുവയ്ക്കുകയുണ്ടായി. ആംനെസ്റ്റി സ്കീമുകൾ പരാജയപ്പെട്ടതിനെക്കുറിച്ച് ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. കേരളത്തിലെ വ്യാപാരസമൂഹം ഇന്ന് കടുത്ത ആശങ്കയിലാണ്. ജി.എസ്.ടി. സംസ്ഥാനത്ത് നടപ്പിലായി. കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടത്തിയ ശ്രമങ്ങളോട് സഹകരിക്കാൻ കഴിയാതെ നിൽക്കുന്ന ഒരവസ്ഥയുമുണ്ട്. ഇതിനിടയിൽ കോവിഡ് വ്യാപനമുണ്ടാകുന്നു. കോവിഡ് മഹാമാരി ഒരുപക്ഷേ, ഗവൺമെന്റിന് കുറെ സഹായകരമായെങ്കിലും കേരളത്തിൽ സമസ്തമേഖലയിലും സ്തംഭനാവസ്ഥ നിലനിൽക്കുകയാണ്. ഇനിയെന്നാണ് ഇതിൽനിന്നൊരു മോചനമെന്ന് ആർക്കും ഒരു വ്യക്തതയുമില്ല. ഇത്തരമൊരു സാഹചര്യത്തിൽ നികുതിഘടനയുമായി ബന്ധപ്പെട്ട് ഫലപ്രദമായ ഒരു പുനഃക്രമീകരണം എങ്ങനെ സാദ്ധ്യമാക്കാൻ കഴിയുമെന്നതിനെക്കുറിച്ച് നമ്മുടെ സംസ്ഥാനത്ത് എല്ലാ കക്ഷികളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള തുറന്ന ചർച്ച ആവശ്യമാണ്. അതിന് ബഹുമാന്യനായ

ധനകാര്യ വകുപ്പുമന്ത്രി മുൻകയ്യെടുക്കണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ഇവിടെയുണ്ടായ സാമ്പത്തിക പ്രശ്നങ്ങൾക്ക് കാരണം അതിനുമുമ്പുള്ള യു.ഡി.എഫ്. ഗവൺമെന്റാണെന്ന് വരുത്തിതീർക്കാൻ ശ്രമിച്ചപ്പോൾ, അങ്ങനെയല്ലെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ടും എന്നാൽ നിലവിൽ കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് അശാസ്ത്രീയവും അപ്രായോഗികമായ നിരവധി നിർദ്ദേശങ്ങൾ ഈ രംഗത്ത് നടപ്പാക്കാൻ ശ്രമിച്ചതിലുള്ള അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ടും ഒരു ധവളപത്രം അന്ന് പുറപ്പെടുവിക്കുകയുണ്ടായി. ഈ കാര്യങ്ങളൊന്നും ഇവിടെ ചർച്ച ചെയ്യപ്പെട്ടിട്ടില്ല. ഗവൺമെന്റ് ഇന്ന് ഇത്തരം വിഷയങ്ങൾകൂടി ചർച്ച ചെയ്യാൻ കഴിയുന്നവിധത്തിലുള്ള സാഹചര്യം ഉറപ്പാക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. മദ്യത്തിന് വിലവർദ്ധനവ് നടപ്പാക്കിയപ്പോൾ ഗവൺമെന്റിന് വലിയ ലാഭം ലഭിച്ചുവെന്നത് ഒരു സത്യമാണ്. എനിക്ക് ഗവൺമെന്റിന്റെ മുന്നിൽ ചൂണ്ടിക്കാണിക്കാനുള്ളത്, ഇത്രയും ഓർഡിനൻസുകൾ ഒരുമിച്ച് പുറപ്പെടുവിച്ചുകൊണ്ട് താൽക്കാലികമായി രക്ഷപ്പെടാനുള്ള ശ്രമം ജനാധിപത്യ സംവിധാനത്തിലും നിയമവ്യവസ്ഥയുടെ മുമ്പിലും നിയമനിർമ്മാണ വ്യവസ്ഥയുടെ മുമ്പിലും നിയമസഭയെത്തന്നെ അവഹേളിക്കുന്ന കാര്യമായാണ് വിലയിരുത്തപ്പെട്ടിട്ടുള്ളത്. അടിയന്തര സാഹചര്യങ്ങളിലും അസാധാരണ സന്ദർഭങ്ങളിലും ഓർഡിനൻസ് പുറപ്പെടുവിക്കുന്ന സ്ഥിതിവിശേഷം അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. ഇപ്പോൾ 35 ഓർഡിനൻസുകൾ ഒരുമിച്ച് ബില്ലാക്കി മാറ്റാൻ ശ്രമിക്കുന്നത് പ്രശ്നപരിഹാരമെന്ന നിലയിൽ നല്ല കാര്യമാണ്. പക്ഷേ, ഇത്രയേറെ ഓർഡിനൻസുകളിറക്കി, ഒരു ഓർഡിനൻസ് സർക്കാരായി ഈ ഗവൺമെന്റ് മാറുന്നത് എത്രയോ അപമാനകരമാണ്. അത് ഗവൺമെന്റ് ഗൗരവമായി ചിന്തിക്കേണ്ട വിഷയമാണ്. ഇക്കാര്യത്തിലൊരു വിരാമമിടാൻ കഴിയുമോയെന്നതിനെക്കുറിച്ച് ഗവൺമെന്റ് ഗൗരവമായി ചിന്തിക്കേണ്ടതായിട്ടുണ്ട്. ഭാവിയിൽ നിയമസഭയിൽ ബില്ലുകൾ കൊണ്ടുവന്ന് നിയമ നിർമ്മാണത്തിലൂടെത്തന്നെ നമ്മുടെ സംസ്ഥാനത്തിന്റെ വികസന കാര്യങ്ങളും പൊതുപ്രശ്നങ്ങളും പരിഹരിച്ച് പോകാൻ കഴിയുന്ന ഒരു സ്ഥിതിവിശേഷം ഉറപ്പുവരുത്താനുള്ള ശ്രമം നടത്തണമെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. കോവിഡ് പ്രതിസന്ധിഘട്ടത്തിൽ മറ്റ് മാർഗ്ഗങ്ങളില്ലാതിരുന്ന ഗവൺമെന്റ് മദ്യത്തിന്റെ വില വർദ്ധിപ്പിക്കുകയുണ്ടായി. വില വർദ്ധിപ്പിച്ച് ഇത്രയും മദ്യവ്യാപനം നടപ്പാക്കിയപ്പോൾ ഇതിന്റെ പിന്നിലുണ്ടായിട്ടുള്ള സാമൂഹ്യപ്രശ്നം ഗവൺമെന്റ് പരിഗണിക്കേണ്ടതായിട്ടുണ്ടെന്ന് ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. നമുക്ക് നല്ല വരുമാനവർദ്ധനവുണ്ടായിട്ടുണ്ട്. ബിയറിന്റെയും മറ്റ് വിദേശമദ്യങ്ങളുടെയും കാര്യം പരിശോധിക്കുമ്പോൾ വമ്പിച്ച തോതിലുള്ള വർദ്ധനവ് വരുത്തി ഗവൺമെന്റ് ലാഭകരമായി ഈ വിഷയം കൈകാര്യം ചെയ്തുവെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. പക്ഷേ, ഇന്ന് സംസ്ഥാനത്തിന്റെ അവസ്ഥയെന്താണ്? മദ്യവ്യാപനത്തിന്റെ കാര്യത്തിലും മദ്യവ്യാപാരത്തിന്റെ കാര്യത്തിലും

കൈവിട്ടകളിയാണ് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. ഇത് ഗൗരവമായി കാണണമെന്ന് ചൂണ്ടിക്കാണിക്കുകയാണ്. സാമ്പത്തികപ്രശ്നം പരിഹരിക്കാനായി ഈ രംഗത്ത് വലിയ പ്രോത്സാഹനം സൈലന്റായി കൊടുത്തുകൊണ്ടിരിക്കുമ്പോഴും ഗവൺമെന്റിന്റെ നയം ബോധവൽക്കരണത്തിലൂടെ മദ്യവ്യാപനം കുറയ്ക്കലാണെന്ന് കഴിഞ്ഞ അഞ്ചുവർഷവും ആവർത്തിച്ച് പറഞ്ഞുകൊണ്ടിരുന്ന നമ്മുടെ മുൻ എക്സൈസ് വകുപ്പുമന്ത്രി ശ്രീ. ടി. പി. രാമകൃഷ്ണനെ ഞാനിവിടെ ക്വാട്ട് ചെയ്യാൻ ആഗ്രഹിക്കുകയാണ്.

4.00 P.M.]

ഇവിടെ നടക്കുന്നതെന്താണ്? ഇതൊക്കെ ഒരു ചടങ്ങ് മാത്രമായി മാറിപ്പോകുകയാണ്. ദക്ഷിണേഷ്യൻ രാജ്യങ്ങളിൽ മദ്യ ഉപയോഗത്തിന്റെ കാര്യത്തിൽ ഒന്നാം സ്ഥാനം ഇന്ത്യയ്ക്കാണ്. 2015-ൽ നടത്തിയ ആഗോള പഠനത്തിന്റെ അടിസ്ഥാനത്തിൽ രാജ്യത്തെ മദ്യ ഉപയോഗത്തിൽ 20 വർഷംകൊണ്ട് 55 ശതമാനം വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യയിൽ മദ്യം ഉപയോഗിക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാം സ്ഥാനം കേരളത്തിനാണ്. ഇന്ത്യയിൽ മദ്യം ഉപയോഗിക്കുന്നതിൽ ഒന്നാംസ്ഥാനത്ത് കേരളം നിൽക്കുന്നു എന്നുപറയുമ്പോൾ ഇത്രയും വിലകൂട്ടി മദ്യം കൊടുത്തിട്ടും ഇവിടെ മദ്യ വ്യാപാരം കുറയുകയല്ല ചെയ്തത്, ആളുകൾ തകൃതിയായി മദ്യം വാങ്ങിക്കൊണ്ടിരിക്കുകയാണ്. സർക്കാർ ലക്ഷ്യംവയ്ക്കുന്ന വരുമാനം ആദായകരമായിത്തന്നെ വന്നു കൊണ്ടിരിക്കുകയാണ്. പക്ഷേ, മറുവശത്ത് ജനജീവിതം തകർന്നു കൊണ്ടിരിക്കുകയാണ്. എന്തെല്ലാം പ്രശ്നങ്ങളാണ് കേരളത്തിന്റെ ഇന്നത്തെ സാമൂഹികാന്തരീക്ഷത്തിൽ വളർന്നുകൊണ്ടിരിക്കുന്നത്; കൊലപാതകങ്ങൾ, അക്രമങ്ങൾ തുടങ്ങി നിഷ്ഠൂരമായ നിരവധി പ്രശ്നങ്ങൾ വളർന്നുവരുമ്പോൾ ഇതിന്റെ പിന്നിൽ മദ്യവ്യാപനം അപകടകരമായ ഒരു സ്ഥിതിവിശേഷമുണ്ടാക്കുന്നുവെന്നത് നാം കാണാതെ പോകുന്നത് ശരിയല്ലെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ആഗോളതലത്തിൽത്തന്നെ കേരളത്തിന്റെ മദ്യ ഉപഭോഗം വലിയ വാർത്തയാണ്. Los Angeles Times റിപ്പോർട്ട് ചെയ്തത്, 'മദ്യം കേരളീയരുടെ ജീവരക്തമാണ്' എന്നാണ്. വിദേശ രാജ്യങ്ങളിലുൾപ്പെടെ പഠനം നടക്കുകയാണ്. കേരളീയരുടെ മദ്യ ഉപയോഗ വർദ്ധനവിനെ കുറിച്ച് ബി.ബി.സി-യുടെ പ്രതികരണം വന്നു, 'കേരളത്തിന്റെ മദ്യപ്രണയം വർണ്ണനാതീതമാണ്'. ഇങ്ങനെ ഓരോ വിശദീകരണങ്ങളാണ് വരുന്നത്. കേരളം നാല് കാലിൽ നിൽക്കുന്ന അവസ്ഥയിലേയ്ക്ക് നാം അധ:പതിച്ചിരിക്കുന്നുവെന്ന് ഇപ്പോൾ കേരളത്തിലെ മാധ്യമങ്ങൾതന്നെ പറയുന്നു. ഇത്തരത്തിലുള്ള വിഷയങ്ങൾ എവിടെയാണ് പരിശോധിക്കുന്നത്; എക്സൈസ് വകുപ്പുദ്യോഗസ്ഥർ വർഷത്തിൽ

ഒരു ദിവസമിറങ്ങി ഏതെങ്കിലുമൊരു സ്കൂളിൽ വന്ന് രണ്ട് ക്ലാസ്സ് നടത്തിപ്പോകുമെന്നതുകൊണ്ട് എന്ത് ബോധവൽക്കരണമാണ് നടക്കുന്നത്; അനുസ്യൂതം മദ്യം വിൽപ്പന നടത്തുന്നു. മദ്യവ്യാപാരം വർദ്ധിപ്പിക്കുന്നതിനുവേണ്ടി സർക്കാർ എല്ലാ പ്രോത്സാഹനവും പിന്തുണയും നൽകുന്നു. എന്നാൽ നമ്മുടെ സാമൂഹിക പ്രശ്നം, സാമ്പത്തിക പരാധീനതകൊണ്ട് കുടുംബങ്ങൾ തകരുന്ന സാഹചര്യമുണ്ടാകുന്നു; സമൂഹം സാംസ്കാരികമായി അധ:പതിക്കുന്നു; സാമൂഹികമായ അരക്ഷിതാവസ്ഥയുണ്ടാകുന്നു എന്നതെല്ലാം ഇന്ന് വലിയ വിപത്തായിത്തന്നെ വളർന്നുവരികയാണ്. അതുകൊണ്ട് ഈ രംഗത്ത് കാര്യക്ഷമതയോടെ എന്ത് ഇടപെടലാണ് നടത്താൻ കഴിയുകയെന്ന കാര്യം ഗൗരവമായിത്തന്നെ ചിന്തിക്കേണ്ടതുണ്ട്. മദ്യത്തിന്റെ വ്യാപാരം കുറച്ചു കൊണ്ടുവരാൻ കഴിയുന്നവിധത്തിലുള്ള ശക്തമായ ഇടപെടലിന് ഗവൺമെന്റ് മുന്നോട്ട് വരുന്നതിന് ഈ ചർച്ച സഹായിക്കുമെന്നതാണ് എനിക്ക് നിർദ്ദേശമായി ചൂണ്ടിക്കാണിക്കാനുള്ളത്. ഈ ബിൽ തീർച്ചയായും വാഹനം പോയിട്ട് കൈ കാണിക്കുന്നതിന് തുല്യമാണ് എന്ന കാര്യത്തിൽ തർക്കമില്ല. ഇതിലെ നിർദ്ദേശങ്ങളെല്ലാം ഓർഡിനൻസിലൂടെ നടപ്പിലായിക്കഴിഞ്ഞു. ഇപ്പോൾ ആ ബിൽ നാം പാസ്സാക്കുന്നു. ഇതുപോലുള്ള അപകടകരമായ സ്ഥിതിവിശേഷങ്ങളെക്കുറിച്ച് സർക്കാരിന് ചിന്തിക്കാനുള്ളൊരു കടമകൂടിയുണ്ടെന്നും കേരളത്തിന്റെ ധാർമ്മികവശത്തിന്റെ മുൻപിൽ നിന്നുകൊണ്ട് ഗൗരവമായി അക്കാര്യം പരിശോധിക്കേണ്ടതുണ്ടെന്നുമാണ് ഞാനിവിടെ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത്.

എം.എൽ.എ-മാരുടെ ആസ്തിവികസന ഫണ്ടുമായി ബന്ധപ്പെട്ട് ഇവിടെ പരാമർശിക്കുകയുണ്ടായി. ആസ്തിവികസന ഫണ്ടിന്റെ കാര്യത്തിൽ ഈ ടേമിലെ തുക മാറ്റിവയ്ക്കുന്നതിന് ബഹുമാന്യരായ മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും നിർദ്ദേശം വയ്ക്കുകയും പ്രതിപക്ഷം അതിനോട് സഹകരിക്കുകയും ചെയ്തു. ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കേണ്ട ആവശ്യകതയെക്കുറിച്ച് ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ സംസാരിച്ചപ്പോൾ പറയുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അതാവർത്തിച്ചുപറഞ്ഞു. 4 കോടി രൂപവച്ച് കൊടുക്കാനുള്ള നിർദ്ദേശം എല്ലാവരും അംഗീകരിച്ചു. പ്രതിപക്ഷത്തുനിന്നും ഒരു നിർദ്ദേശം മുന്നോട്ടുവച്ചു. എല്ലാ നിയോജകമണ്ഡലങ്ങളിലും ഹോസ്പിറ്റലുകളോ ടനുബന്ധിച്ച് ഇത്തരത്തിലുള്ള ഐസൊലേഷൻ വാർഡുകൾ ഉണ്ടാകുകയെന്നത് എല്ലാവരും ആഗ്രഹിക്കുന്ന കാര്യമാണ്. ഇപ്പോൾ എടുത്തിരിക്കുന്ന 4 കോടി രൂപയുടെ ഇൻവെസ്റ്റ്മെന്റ് എവിടെയാണ്; ഇതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ എവിടെയാണ് നടത്താൻ പോകുന്നത്; എന്താണ് അതുകൊണ്ട് ഗവൺമെന്റ്

ലക്ഷ്യംവയ്ക്കുന്നത് എന്നിവ സംബന്ധിച്ച് വ്യക്തമായി ഇതുവരെ നിയമസഭയിൽ പറഞ്ഞിട്ടില്ല. അങ്ങനെയൊരു വിഷയം ചർച്ചയ്ക്ക് വന്നിട്ടില്ല. എല്ലാ എം.എൽ.എ-മാർക്കും അതിന്റെ പ്രയോജനം ലഭിക്കുന്നവിധത്തിൽ, നീതിപൂർവ്വമായി ഈ ഫണ്ട് വിനിയോഗിക്കാൻ കഴിയുന്നവിധത്തിലുള്ള ഒരു സാഹചര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുമായി കൂടിയാലോചിച്ചുകൊണ്ട് പ്ലാൻ ചെയ്യണമെന്നുകൂടി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഗവൺമെന്റിന്റെ പ്ലാൻ ഫണ്ടിൽനിന്നോ അല്ലെങ്കിൽ ബഡ്ജറ്റിലോ ഉൾപ്പെടുത്തി അത്തരത്തിലുള്ള കാര്യങ്ങൾക്ക് സംസ്ഥാനമൊട്ടാകെ രണ്ടോ മൂന്നോ കേന്ദ്രങ്ങളിൽ ഐസൊലേഷൻ വാർഡുകളോ മറ്റ് ക്രമീകരണങ്ങളോ ഒരുക്കുന്നതാണ് പൊതുവെ നടക്കുന്ന നടപടിക്രമം. 4 കോടി രൂപ വീതം എം.എൽ.എ-മാരിൽനിന്ന് ലഭ്യമാക്കുമ്പോൾ നിയോജക മണ്ഡലങ്ങളിൽക്കൂടി അതിന്റെ പ്രയോജനം ലഭിക്കത്തക്കവിധത്തിൽ ഇക്കാര്യങ്ങൾ എങ്ങനെ ക്രമീകരിക്കാൻ കഴിയും എന്നതുകൂടി ഗൗരവമായി ഗവൺമെന്റ് ചിന്തിക്കണം. എം.എൽ.എ-മാർക്കുള്ള ഏക ആശ്രയമാണ് ഈ ഫണ്ട്. എം.എൽ.എ-മാർക്ക് ഒരു കോടി രൂപ മാത്രമുള്ളപ്പോഴാണ് ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി കെ. എം. മാണി ഈ നിയമസഭയിൽ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ, ഭരണകക്ഷി/പ്രതിപക്ഷ ഭേദമെന്യേ എല്ലാവരും ഒരു ഫണ്ട് ഏർപ്പെടുത്തണമെന്ന ആവശ്യമുന്നയിച്ചത്. നമുക്കാർക്കും പ്രവർത്തിക്കാൻ ഒരു മാർഗ്ഗവുമില്ലെന്നും ആകെയുള്ളത് ഒരു കോടി രൂപ മാത്രമാണെന്നുമുള്ള നിർദ്ദേശത്തെത്തുടർന്നാണ് 5 കോടി രൂപ എല്ലാ എം.എൽ.എ-മാർക്കും നമ്മുടെ നിയമസഭയിൽ ആദ്യമായി രാഷ്ട്രീയ വ്യത്യാസമില്ലാതെ 140 പേർക്കും സ്വാതന്ത്ര്യത്തോടെ ഉപയോഗിക്കാൻ കഴിയുന്ന ഒരു പൊതുഫണ്ട് പ്രഖ്യാപിച്ചത്. അത് വലിയ അനുഗ്രഹം തന്നെയായിരുന്നുവെന്നതിൽ യാതൊരു സംശയവുമില്ല. ഇന്നത്തെ അടിയന്തര സാഹചര്യത്തിൽ ഈ ടേമിൽ 4 കോടി രൂപ ഗവൺമെന്റിന്റെ ആഗ്രഹപ്രകാരം അല്ലെങ്കിൽ പൊതുവായ ആവശ്യം കണക്കിലെടുത്ത് അനുവദിച്ചതാണ്. മാർച്ച് 31-നുശേഷം അടുത്ത ടേമിൽ ഈ 5 കോടി രൂപ തുടർന്നുവരുന്ന 4 വർഷക്കാലം എല്ലാവർക്കും വികസന രംഗത്ത് ലഭ്യമാക്കാൻ കഴിയുന്ന വിധത്തിലുള്ള നിലപാട് ഗവൺമെന്റ് സ്വീകരിക്കണം.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, അസറ്റ് ഡെവലപ്മെന്റ് ഫണ്ട് സാമാജികർക്ക് വലിയൊരു അനുഗ്രഹമാണ്. അവരുടെ മുന്നിൽ വരുന്ന ആവശ്യങ്ങൾക്ക് പരിഹാരമുണ്ടാക്കാനുള്ളൊരു ഫണ്ടായിരുന്നു. അതിൽ വല്ലാതെ കാലതാമസം വരുന്നുവെന്നുള്ളതാണ്. അസറ്റ് ഡെവലപ്മെന്റ് ഫണ്ടുപയോഗിച്ച് ഒരു പ്രവൃത്തി

ചെയ്താൽ അത് റിവൈസ്ഡ് എസ്റ്റിമേറ്റ് ചെയ്യാനോ അതിൽ എന്തെങ്കിലും എക്സസ് വന്നാൽ കൊടുക്കാനോ സാധിക്കാത്ത സ്ഥിതിയുണ്ട്. അത്തരത്തിൽ പ്രവൃത്തി പൂർത്തിയാകാത്ത സ്ഥലങ്ങളിൽ എത്രയോ എം.എൽ.എ.-മാരുടെ വർക്കുകളുണ്ട്. മാത്രമല്ല, പ്രവൃത്തി പെട്ടെന്ന് ചെയ്യാൻ അക്രെഡിറ്റഡ് ഏജൻസികൾക്ക് കൊടുത്തിരുന്നു. ഇപ്പോൾ അക്രെഡിറ്റഡ് ഏജൻസികൾക്ക്, സർക്കാരിന്റെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഈ പ്രവൃത്തി കൊടുക്കുന്നതിനെ ധനകാര്യ വകുപ്പിലെ ചില ഉദ്യോഗസ്ഥർ എതിർക്കുകയാണ്. അനുഗ്രഹമായിട്ടുള്ള അസറ്റ് ഫണ്ട് വരുംകാലങ്ങളിൽ തുടരുകയും വേണം. അത് കഴിഞ്ഞകാലങ്ങളിൽ ചെയ്തിരുന്നതുപോലെ അക്രെഡിറ്റഡ് ഏജൻസികൾക്ക് നൽകാനും അതോടൊപ്പം എക്സസ് വേണ്ടിവന്നാൽ മറ്റ് വർഷത്തെ ഫണ്ടുകളിൽനിന്ന് അനുവദിക്കാനും കാലതാമസം ഒഴിവാക്കാനുമുള്ള ഒരു സംവിധാനം വേണമെന്ന് അങ്ങേയ്ക്ക് അഭിപ്രായമില്ലേ?

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, സെക്രട്ടേറിയറ്റിലായിരുന്നപ്പോൾ ഇത്രയും പ്രശ്നമില്ലായിരുന്നു എന്നാണ് എനിക്ക് തോന്നുന്നത്. നമ്മളെല്ലാവരുംകൂടി ആവശ്യപ്പെട്ടിട്ടാണ് ഇത് ജില്ലാ കളക്ടറേറ്റിലേയ്ക്കുകൂടി പുനഃക്രമീകരിച്ചത്. അതൊരു സഹായമായിരുന്നു. പക്ഷേ, കളക്ടറേറ്റുകളിലും സെക്രട്ടേറിയറ്റിലും ഇതിങ്ങനെ അനിശ്ചിതാവസ്ഥയിൽ നിൽക്കുന്നുവെന്നുള്ളത് ഒരു വസ്തുതയാണ്. അതുകൊണ്ട് എം.എൽ.എ. ഫണ്ടുമായി ബന്ധപ്പെട്ട കാര്യത്തിലുള്ള കാലതാമസം പരിഹരിക്കാനും അതോടൊപ്പം വിവിധ സാങ്കേതികപ്രശ്നങ്ങൾ പരിഹരിക്കാനും കഴിയുന്നവിധത്തിലുള്ള ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. ഒരു കാര്യത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ഞാൻ പ്രത്യേകം നന്ദി പറയുകയാണ്. 2018-19, 2019-20, 2020-21 എന്നിങ്ങനെ മൂന്ന് ടേമിൽ എം.എൽ.എ.മാരുടെ ഫണ്ട് യൂട്ടിലൈസ് ചെയ്യുന്നതിന് കഴിയാത്ത വിധത്തിലുള്ള തടസ്സമുണ്ടായപ്പോൾ അന്ന് നമ്മളെല്ലാം കത്ത് കൊടുത്തിരുന്നു. അത് അദ്ദേഹം പരിഗണിക്കുകയും ഗവൺമെന്റ് പുതുക്കിയ ഓർഡർ ഇറക്കുകയും ചെയ്തു. അങ്ങനെ ഡിസംബർ 31 വരെയുള്ള കുടിശ്ശിക തീർക്കാൻ എം.എൽ.എ. ഫണ്ട് ഉപയോഗിക്കാവുന്ന സാഹചര്യം ഉറപ്പുവരുത്തിയിട്ടുണ്ട്. അത് നല്ല കാര്യമാണ്. ആ സമയത്തിനുള്ളിൽ നമുക്ക് അക്കാര്യങ്ങൾ ചെയ്തുതീർക്കാൻ സാധിക്കും. അനാവശ്യമായ കാലതാമസമുണ്ടാക്കി സാങ്കേതികത്വത്തിന്റെ പേരിൽ ഈ ഫണ്ട് മുടക്കാനും സമയത്ത് ഉപയോഗിക്കാനും കഴിയാത്ത അവസ്ഥ പല കളക്ടറേറ്റുകളിലും സെക്രട്ടേറിയറ്റിലുമുണ്ടാകാറുണ്ട്. സെക്രട്ടേറിയറ്റിൽ ഇപ്പോൾ കുറേയെല്ലാം പരിഹരിച്ച് പോകുന്നുണ്ട്. അത്തരമൊരു വിഷയത്തിൽ ഒരു മോണിറ്ററിംഗ് ധനകാര്യ വകുപ്പ് നടത്തണം എന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: Sir, I move that- " This House resolves to disapprove The Kerala Fiscal Responsibility (Amendment) Ordinance, 2021 (Ordinance No.102 of 2021)." ബഹുമാന്യനായ ഗവർണറുടെ ഓർഡിനൻസിലൂടെ ഒരു നിയമം കൊണ്ടുവന്നതിനുശേഷം ദിവസങ്ങൾ കഴിഞ്ഞിട്ടാണ് ബിൽ അവതരിപ്പിച്ച് പാസ്സാക്കാൻ പോകുന്നത്. ബഹുമാന്യനായ ഗവർണറുടെ എക്സ്ട്രാ ഓർഡിനറി പവർ ഉപയോഗിച്ച് 10-ഉം 35-ഉം 40-ഉം ഓർഡിനൻസുകൾ കൊണ്ടുവന്ന് നിയമവുമായി ബന്ധപ്പെട്ട് മുന്നോട്ടുപോകുന്നതുകൊണ്ട് നിയമസഭയ്ക്കും നിയമസഭാ സാമാജികർക്കുമുള്ള അവകാശങ്ങൾകൂടി ഇല്ലാതായിപ്പോകുന്നുവെന്നതാണ് യഥാർത്ഥ വസ്തുത. അടുത്ത 13-ാം തീയതി മലപ്പുറം ജില്ലാ ബാങ്ക് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഒരു ബിൽ കൊണ്ടുവരാൻ പോകുന്നു. ഗവർണറുടെ പ്രത്യേക ഓർഡിനൻസ് മുഖേന നിയമം കൊണ്ടുവന്ന് ആ നിയമം പ്രാബല്യത്തിലായശേഷം ഒരുപാട് കാലം ചർച്ച ചെയ്താൽപ്പോലും ഒരു വകുപ്പുപോലും കൂട്ടിച്ചേർക്കാൻ കഴിയാതെ, മുൻകൂട്ടിയുള്ള ഒരു കാര്യത്തിനുവേണ്ടി എത്രമാത്രം സമയം ചെലവഴിക്കുന്നു, പണം ചെലവഴിക്കുന്നുവെന്നതാണ് കാണേണ്ടത്. ഞാൻ ഇന്ന് നിയമസഭാ സെക്രട്ടറിയോട് ഒരു ദിവസം നിയമസഭാ സമ്മേളനം നടത്തുവാൻ എത്ര രൂപ ചെലവുണ്ടെന്ന് ചോദിച്ചു. വാട്സ് ആപ്പിലും നവമാധ്യമങ്ങളിലും ലക്ഷക്കണക്കിന് രൂപ ചെലവുവരുന്നുണ്ടെന്ന് വാർത്തകൾ വരാറുണ്ട്. നാൽപ്പത് ലക്ഷം, അൻപത് ലക്ഷം, ഒരു കോടി രൂപ എന്നിങ്ങനെയാണ് വാർത്തകൾ വരുന്നത്. ഒരു ദിവസം നിയമസഭ നടത്താനുള്ള ചെലവുകൾ കൃത്യമായി എത്രയാണെന്ന് ചോദിച്ചപ്പോൾ ബഹുമാനപ്പെട്ട സെക്രട്ടറി പറഞ്ഞത് ഇപ്രകാരം ഒരു തുക കണക്കാക്കാൻ കഴിയുന്നതല്ലെന്നാണ്, അത് യാഥാർത്ഥ്യമാണ്. ഒരു തുക കണക്കാക്കാൻ കഴിയില്ലെന്ന് പറഞ്ഞാൽ, വലിയ തോതിലുള്ള ഒരു തുക ഇതിനുവേണ്ടി ചെലവഴിക്കുന്നുവെന്ന യാഥാർത്ഥ്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മറന്നുപോകരുത്. ഇനിയെങ്കിലും നിയമസഭ വിളിച്ചുചേർത്ത് ബിൽ പാസ്സാക്കാനും നിയമമായി കൊണ്ടുവരാനും കഴിയണം. അതിനുവേണ്ടിയാണ് എളിയവനായ എന്നെപ്പോലെയുള്ളവരെയൊക്കെ ജയിപ്പിച്ച് വിട്ടിരിക്കുന്നതെന്ന കാര്യം ഞാനിവിടെ സൂചിപ്പിക്കുകയാണ്. സർക്കാരിന് സാമ്പത്തിക പ്രതിസന്ധി യാണെന്ന് നമുക്കറിയാം.സാമ്പത്തിക പ്രതിസന്ധിക്കിടയിലും നമ്മുടെ ചെലവുകൾ കുറച്ചുകൊണ്ടുവരാൻ കഴിയുന്നുണ്ടോ; നമ്മുടെ വരുമാനം വർദ്ധിപ്പിക്കാൻ കഴിയുന്നുണ്ടോ; നമുക്ക് സാമ്പത്തികഭദ്രത കൊണ്ടുവരാൻ കഴിയുന്നുണ്ടോ? ഞാൻ ചെലവുകളുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറയുമ്പോൾ ഒരു ചെറിയ കഥ പറഞ്ഞുതുടങ്ങാം. 'എല്ലാവരും ഹാപ്പി' എന്നാണ് ആ കഥയുടെ പേര്. ഇതിൽ

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുണ്ട്, മോൻസൺ മാവുങ്കലുണ്ട്, ഡി.ജി.പി. ലോക്നാഥ് ബെഹ്റയുണ്ട്, പ്രവാസി വനിതയുണ്ട്, ടിപ്പു സുൽത്താനുമുണ്ട്. ഇതിൽ പ്രധാനപ്പെട്ടവരാണ് കടന്നുവരുന്നത്. ....(ബഹളം)... ശ്രീ. എ. എൻ. ഷംസീറിനെ ഉൾപ്പെടുത്തണമെങ്കിൽ ഉൾപ്പെടുത്താം. ഏത് സമയവും ഈ കഥയിൽ ആരെ വേണമെങ്കിലും ഉൾപ്പെടുത്താം. ഞാൻ ഈ കഥയിലൂടെ നോക്കിക്കാണുന്നത് ഭരണപക്ഷാംഗങ്ങൾക്ക് അവരെ വിമർശിക്കുമ്പോൾ അത് കേൾക്കാനുള്ള മാനസികാവസ്ഥയുണ്ടോ എന്നറിയാനുള്ള പരീക്ഷണം കൂടിയാണ്. ആരൊക്കെ മിണ്ടാതിരിക്കുമെന്ന് കണ്ടറിയാം. കഥ തുടങ്ങുന്നത് ഇങ്ങനെയാണ്. മോൻസൺ മാവുങ്കലിന്റെ ടിപ്പുസുൽത്താന്റെ കസേരയിലിരുന്ന് ലോക്നാഥ് ബെഹ്റ മോൻസണോട് ചോദിച്ചു. 'എനിക്ക് എല്ലാ ദിവസവും ഇതിൽ ഇരിക്കണം. ഇവിടെ ഒരു ജോലി തരാമോ, റിട്ടയർ ചെയ്യാറായി'. ദിവ്യനായ മോൻസൺ മാവുങ്കൽ മുഖ്യമന്ത്രിയെ വിളിച്ചിട്ട് ലോക്നാഥ് ബെഹ്റയെ എനിക്ക് വേണമെന്ന് പറഞ്ഞു. വേറെ എന്ത് ചോദിച്ചാലും തരാം - ലോക്നാഥ് ബെഹ്റയെ തരില്ലെന്ന് മുഖ്യൻ. എന്റെ ഇരട്ടച്ചങ്കിൽ ഒരു ചങ്കാണ് ലോക്നാഥ് ബെഹ്റയെന്നായി മുഖ്യൻ. പ്രവാസിവനിത മദ്ധ്യസ്ഥയായി. മോൻസൺ മാവുങ്കലിന്റെ വീടിനടുത്തുള്ള കൊച്ചി മെട്രോയിൽ ലോക്നാഥ് ബെഹ്റയെ മുഖ്യൻ എം.ഡി-യാക്കി. അങ്ങനെ വന്നുകഴിഞ്ഞാൽ മോൻസൺ മാവുങ്കലിന് എത്രയുംപെട്ടെന്ന് ഡി.ജി.പി.. ലോക്നാഥ് ബെഹ്റയെ കാണാൻ കഴിയും. ലോക്നാഥ് ബെഹ്റ, പ്രവാസിവനിത, ടിപ്പു സുൽത്താന്റെ കസേര - അങ്ങനെ എല്ലാവരും ഹാപ്പിയായി. ഇതാണ് എല്ലാവരും ഹാപ്പിയെന്ന് പറയുന്ന എന്റെ ചെറിയ കഥ. മൂന്ന് ലക്ഷം രൂപ ഡി.ജി.പി..യായി റിട്ടയർ ചെയ്ത ബെഹ്റയ്ക്ക് ശമ്പളം കൊടുക്കാൻ സർക്കാർ ഉത്തരവിറക്കി. നമ്മൾ ചെറുപ്പക്കാരല്ലേ, ഇവിടെ എത്രയോ ആൾക്കാർക്ക് ജോലിയില്ല. റിട്ടയർ ചെയ്തുവരുന്നവർ സൗജന്യമായി സേവനം ചെയ്യട്ടെ, അവർക്ക് പെൻഷൻ കിട്ടുന്നില്ലേ? കൊച്ചി മെട്രോയുടെ എം.ഡി-യായി മൂന്ന് ലക്ഷം രൂപ നൽകി ഈ മനുഷ്യനെ അവിടെ പിടിച്ചിരുത്തിയിരിക്കുകയാണ്, ഇതാർക്കുവേണ്ടിയാണ്? നമ്മൾ കടംവാങ്ങി ഇതുപോലെയുള്ള കട ബാദ്ധ്യതയുണ്ടാക്കേണ്ട കാര്യമുണ്ടോയെന്നത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മനസ്സിലാക്കണം. ഞാൻ കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. സമയം പരിമിതമാണെന്ന് എനിക്കറിയാം. ഈ ചർച്ചയൊക്കെ കാണുമ്പോൾ സലിം കുമാർ സൂചിപ്പിച്ചതുപോലെ 'ആർക്കോവേണ്ടി തിളയ്ക്കുന്ന സാമ്പാർ' എന്നുമാത്രമേ എനിക്ക് പറയാനുള്ളൂ. കാരണം, എല്ലാം നിയമമായിക്കഴിഞ്ഞു, ഇനി ചർച്ച ചെയ്യുന്നുവെന്ന് മാത്രമേയുള്ളൂ. യഥാർത്ഥത്തിൽ ഇവിടെ ജനിച്ചുവീഴുന്ന മക്കൾ

ഭാഗ്യവാൻമാരാണ്. കാരണം, ഓരോ കുട്ടിയും ലക്ഷപ്രഭുവായിട്ടാണ് ജനിച്ചുവീഴുന്നത്. എങ്ങനെയാണ് ലക്ഷപ്രഭു ആകുന്നത്? ഓരോ കുട്ടിയും ഒരു ലക്ഷം രൂപ കടത്തിലാണ് ജനിക്കുന്നത്. കുട്ടികൾ ലക്ഷപ്രഭുക്കളായി ജനിച്ചുവീഴുന്ന നാടായി കേരളത്തെ വളർത്തിയെന്നതാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങയുടെ സർക്കാരിന്റെ നേട്ടം. ഞാൻ മൂന്ന് കുട്ടികളുടെ പിതാവാണ്. ...(ബഹളം)... മൂന്ന് കുട്ടികളുടെ പിതാവെന്ന് പറയുന്നതിൽ എനിക്ക് അഭിമാനമാണ്. നിങ്ങൾക്കതില്ലെങ്കിൽ നിങ്ങളുടെ കാര്യം പറയുക, അത്രയേ എനിക്ക് പറയാനുള്ളൂ. ഭാവിയിൽ ജനിച്ചുവീഴുന്ന ഒരു കുട്ടിക്ക് ഇന്ന് ഒരു ലക്ഷം രൂപ കടബാദ്ധ്യതയുണ്ട്. വർഷങ്ങൾ കഴിയുമ്പോൾ രണ്ടും മൂന്നും നാലും അഞ്ചും ലക്ഷം രൂപവരെയായി മാറും. ആ സന്ദർഭത്തിൽ ജനിച്ചുവീഴുന്ന നമ്മുടെ കുട്ടികൾ കൂടുതൽ കടബാദ്ധ്യതയിലേയ്ക്ക് വരുമ്പോൾ ഗവൺമെന്റിന് ചിലപ്പോൾ നിയമം കൊണ്ടുവരേണ്ടി വരും. കുട്ടികളെ ജനിപ്പിക്കണമെങ്കിൽ പ്രത്യേക ടാക്സ് കൊടുക്കേണ്ട സംസ്ഥാനമായി കേരളം മാറുമോ എന്ന ഭയം ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്. നമ്മുടെ പൊതുകടം എത്ര രൂപയാണ്? മൊത്തം ബാദ്ധ്യത എത്രയാണ്? ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഉണ്ടായതാണെന്ന് ഞാൻ പറയുന്നില്ല, കാരണം, കാലാകാലങ്ങളിൽ കടം വാങ്ങിയിട്ടാണ് പല നിർമ്മാണപ്രവർത്തനങ്ങളും വികസനവും മുന്നോട്ടുകൊണ്ടുപോകുന്നത്. അത് ശരിയാണ്. ഇന്ന് നമ്മുടെ പൊതുകടം രണ്ടുലക്ഷം കോടി രൂപയും മൊത്തം കടബാദ്ധ്യത 4 ലക്ഷം കോടി രൂപയുമാണെന്ന് പറയുമ്പോൾ കേരളം സാമ്പത്തികനിലയിൽ എവിടെ എത്തിനിൽക്കുന്നുവെന്നുള്ളത് നമ്മൾ മനസ്സിലാക്കേണ്ട കാര്യംതന്നെയാണ്. കടമെടുക്കാനുള്ള പരിധി മൂന്ന് ശതമാനത്തിൽ നിന്ന് അഞ്ച് ശതമാനമാക്കി ഉയർത്തുമ്പോൾ കൂടുതൽ കടം വാങ്ങാൻ കഴിയുന്നുവെന്നുള്ളത് നല്ല കാര്യംതന്നെയാണ്. കടംവാങ്ങുന്ന തുകകൊണ്ട് പൊതുസമൂഹത്തിന് പ്രയോജനകരമായ എന്തെങ്കിലും പ്രവർത്തനങ്ങളാണോ നടപ്പിലാക്കുന്നത്? കടംവാങ്ങിയ തുക എന്തൊക്കെ കാര്യങ്ങൾക്കാണ് ഉപയോഗിക്കുന്നതെന്ന് വെളിപ്പെടുത്തേണ്ട ഉത്തരവാദിത്വംകൂടി ബഹുമാനപ്പെട്ട മന്ത്രിക്കുണ്ടെന്നുള്ള കാര്യം ഞാൻ സൂചിപ്പിക്കുകയാണ്. ജനകീയാസൂത്രണം ഏറ്റവും പ്രധാനപ്പെട്ട സംഭവമാണ്. സംസ്ഥാന ഗവൺമെന്റ് 25 വർഷമായി കൊട്ടിഘോഷിച്ച് മുന്നോട്ടുപോകുന്നു, തദ്ദേശഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നുവെന്ന് പറയുമ്പോൾ, ഈ സാമ്പത്തികവർഷം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയത് കേവലം 825 കോടി രൂപ മാത്രമാണെന്നത് വസ്തുതയാണ്. 7,280 കോടി രൂപയുടെ പദ്ധതിവിഹിതം നൽകിയിട്ടില്ല. കേവലം 11.6 ശതമാനം മാത്രമാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക്

നൽകിയിട്ടുള്ളതെന്ന യാഥാർത്ഥ്യം നമ്മൾ മനസ്സിലാക്കണം. സംസ്ഥാന ഗവൺമെന്റിന് ഈ സാമ്പത്തികവർഷം 36,134 കോടി രൂപയാണ് കടമെടുക്കാൻ സാധിക്കുന്നത്. ഈ സാമ്പത്തികവർഷം ഇതുവരെ 17,000 കോടി രൂപയ്ക്കുമേൽ കടമെടുത്തു. ഈ തുക എന്തിനെല്ലാമാണ് ഉപയോഗിച്ചത്? ഏതെങ്കിലും വികസനപ്രവർത്തനങ്ങൾ ഈ സംസ്ഥാനത്ത് നടന്നിട്ടുണ്ടോ? 140 എം.എൽ.എ-മാരുടേയും നിയോജകമണ്ഡലങ്ങളിലെ റോഡിന്റെ അവസ്ഥയെന്താണ്? പെരുമ്പാവൂർ ഒട്ടേറെ വികസന പ്രവർത്തനങ്ങൾ നടക്കുന്ന ഒരു നിയോജക മണ്ഡലമാണ്. അതിനെ ഞാൻ ചെറുതായി കാണുന്നില്ല. തടി വ്യവസായം, പ്ലൈവുഡ് വ്യവസായം, ഫർണിച്ചർ വ്യവസായം, അരി വ്യവസായം, സ്റ്റീൽ വ്യവസായം അങ്ങനെ ഒട്ടനവധി വ്യവസായങ്ങളുള്ള പെരുമ്പാവൂരിലെ ഇന്നത്തെ പൊതുമരാമത്ത് റോഡുകളുടെ അവസ്ഥ എന്താണ്? എല്ലാ റോഡുകളും മോശപ്പെട്ട അവസ്ഥയിലാണ്. ഞാൻ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയെ നേരിട്ട് വിളിച്ച് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് നമ്മുടെ പൊതുമരാമത്ത് റോഡ് തന്നെയാണോ മോശപ്പെട്ടതെന്നാണ്. ഒരു ഫോൺ കോളിൽ, ആപ്പിൽ ഒരു മെസ്സേജ് അയച്ചാൽ റോഡ് നന്നാക്കുമെന്ന് പറഞ്ഞിട്ട് റോഡുകളുടെ അവസ്ഥയെന്താണ്? സർക്കാർ പണം മുടക്കുന്നുണ്ടെങ്കിൽ റോഡുകൾ നിർമ്മിക്കു, പാലങ്ങൾ നിർമ്മിക്കു, പാവപ്പെട്ടവനെ സഹായിക്കുന്ന പദ്ധതികൾ കൊണ്ടുവരു എന്നാണെനിക്ക് പറയാനുള്ളത്. പ്രളയസെസ്സ് ഇനത്തിൽ 2,000 കോടി രൂപ പിരിച്ചു. പ്രളയ പുനർനിർമ്മാണത്തിന്റെ പേരിലായിരുന്നു സെസ്സ് ഏർപ്പെടുത്തിയത്. പിരിഞ്ഞുകിട്ടിയ 2,000 കോടി രൂപ ശമ്പളവും പെൻഷനും കൊടുക്കാനല്ലേ ഈ സർക്കാർ ഉപയോഗിച്ചത്? പ്രളയംമൂലം നഷ്ടപ്പെട്ടത് എവിടെയെങ്കിലും പുന:സ്ഥാപിക്കുവാൻ കഴിഞ്ഞോ? ഏതെങ്കിലും വികസന പ്രവർത്തനം കൊണ്ടുവരാൻ കഴിഞ്ഞോ? പിരിഞ്ഞുകിട്ടിയ പണം മുഴുവൻ ശമ്പളവും പെൻഷനും കൊടുത്ത് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നുവെന്നത് ലജ്ജാകരമായ കാര്യം തന്നെയാണെന്നത് ഇവിടെ സൂചിപ്പിക്കുകയാണ്. 2016-ലെ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പ്രകടനപ്പത്രികയിലെ പ്രധാന വാഗ്ദാനമായിരുന്നു പങ്കാളിത്ത പെൻഷൻ പിൻവലിക്കുമെന്നത്. ഞങ്ങൾ അധികാരത്തിൽ വന്നാൽ പങ്കാളിത്ത പെൻഷൻ പിൻവലിക്കാൻ പോകുന്നുവെന്ന് അന്ന് കൊട്ടിഘോഷിച്ചിട്ട് എന്തുണ്ടായി? ഒന്നുമുണ്ടായില്ല. പങ്കാളിത്ത പെൻഷനെക്കുറിച്ച് പഠിക്കാനായി ഈ ഗവൺമെന്റ് ഒരു സമിതിയെ നിയോഗിച്ചു. ആ സമിതിക്കുവേണ്ടി എത്ര രൂപ ചെലവഴിച്ചു? ഇക്കാര്യം പഠിക്കാൻവേണ്ടിമാത്രം വന്ന സമിതിക്ക് ശമ്പളമായി നൽകിയത് 90 ലക്ഷം രൂപയാണ്. ഇപ്പോഴും ആ

റിപ്പോർട്ട് ബഹുമാനപ്പെട്ട മന്ത്രിയുടെ ഓഫീസിൽ കൂർക്കംവലിച്ചുറങ്ങുകയാണ്. ഇക്കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി സ്വാഭാവികമായും പറയേണ്ടതാണ്. അദ്ദേഹത്തെ സംബന്ധിച്ച് പറയുകയാണെങ്കിൽ കവിതയൊന്നുമെഴുതുന്ന ആളല്ല, ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ കവിതയും കഥയും ദൈവവും ആൾദൈവവുമെല്ലാം വന്ന് വായിക്കുന്നവരെ സുഖിപ്പിക്കുന്ന ഏർപ്പാടൊന്നുമില്ല. ഞങ്ങളുടെ കയ്യിൽ പണമില്ലെന്ന് അദ്ദേഹം നേരിട്ടുപറഞ്ഞു. പങ്കാളിത്ത പെൻഷൻ പിൻവലിക്കാൻ സാധിക്കില്ലെന്ന് പറയുമ്പോൾത്തന്നെ ആ ഇനത്തിൽ 90 ലക്ഷം രൂപ നമ്മുടെ ഖജനാവിൽനിന്നും നഷ്ടപ്പെട്ടുപോയെന്നുള്ള കാര്യം മനസ്സിലാക്കണം. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഹെലികോപ്റ്ററിനെക്കുറിച്ചൊന്നും പറയുന്നില്ല, അതവിടെ സുഖമായുറങ്ങട്ടെ. എനിക്ക് മുമ്പ് സംസാരിച്ചവരെല്ലാം അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ സൂചിപ്പിച്ചുകഴിഞ്ഞു. സംസ്ഥാനത്തിന്റെ കടബാദ്ധ്യത വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. വാങ്ങുന്നയാൾ തിരിച്ചടയ്ക്കേണ്ടിവരാത്ത ഒന്നാണ് കേരളത്തിലെ കടമെന്നത് നമ്മൾ പലപ്പോഴും പറയാറുള്ള കാര്യമാണ്. മാറിമാറി വരുന്ന ഗവൺമെന്റുകൾ കടം വാങ്ങുന്നു, അവർ അത് തിരിച്ചടയ്ക്കുന്നുണ്ടോ? പണ്ടൊരു ചൊല്ലുണ്ട്, വാങ്ങുന്നയാൾ ഉപയോഗിക്കില്ല, ഉപയോഗിച്ചയാൾ അറിയില്ല, എന്താണെന്ന് പറയാതെതന്നെ അറിയാമല്ലോ. ... (ബഹളം)... അറിയില്ലെങ്കിൽ പിന്നെ പറഞ്ഞുതരാം. അവസാന നിമിഷം അതെന്താണെന്ന് മനസ്സിലാക്കാൻ കഴിവുണ്ടെങ്കിൽ അപ്പോൾ മനസ്സിലാക്കുക എന്നേ പറയുന്നുള്ളൂ. ഏതാണ്ട് അതുപോലെയാണ് കേരളത്തിലെ കടം. വാങ്ങുന്നയാൾ ഒരിക്കലും തിരിച്ചടയ്ക്കേണ്ടി വരില്ല. തിരിച്ചടയ്ക്കേണ്ടവർ ഇന്നത് അറിയുന്നുപോലുമില്ല. ഏതായാലും വലിയ കടബാദ്ധ്യതയാണ് ഭാവി തലമുറയ്ക്കുവേണ്ടി ഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്നതെന്ന് സൂചിപ്പിക്കുകയാണ്. പിണറായി വിജയൻ ഗവൺമെന്റ് മാത്രമാണ് ഇങ്ങനെ കടം വാങ്ങുന്നതെന്ന് പറയുന്നില്ല. നമുക്കറിയാം, ഇ. കെ. നായനാർ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ 25,000 കോടിരൂപയുടെ കടബാദ്ധ്യത കേരളത്തിനുണ്ടായിരുന്നു. ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായപ്പോൾ 47,940 കോടി രൂപയുടെയും സഖാവ് വി. എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരുന്നപ്പോൾ ഏകദേശം 34,546 കോടി രൂപയുടെയും ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്നപ്പോൾ ഏകദേശം 78,154 കോടി രൂപയുടെയും കടബാദ്ധ്യതയുണ്ടായിട്ടുണ്ട്. സ്വാഭാവികമായും കടബാദ്ധ്യത വർദ്ധിച്ചുവരുമെന്നാണ് പറഞ്ഞത്. എന്നാലിപ്പോൾ നമ്മുടെ പൊതുകടം 4 ലക്ഷം കോടി രൂപയാണ്. ശ്രീ. പിണറായി വിജയൻ മുഖ്യമന്ത്രിയായതിനുശേഷം 1,59,830 കോടി രൂപയിലധികം കടബാദ്ധ്യതയിലേയ്ക്ക് ഈ സംസ്ഥാനം മാറി എന്നുപറയുമ്പോൾ ശ്രീ. എ. എൻ. ഷംസീറേ, നമുക്കും സന്തോഷിക്കാം.

പെൻഷൻ കൊടുക്കാനും ധൂർത്തിനുമൊക്കെയായി 100 കോടി രൂപയാണ് ഒരു ദിവസം നമ്മൾ കടമായി വാങ്ങി ചെലവഴിക്കുന്നുവെന്നത് യഥാർത്ഥത്തിൽ ഈ ഗവൺമെന്റിന്റെ മാസ്മരിക വിദ്യതന്നെയാണ്. നിങ്ങളത് ചിന്തിച്ചുനോക്കൂ.

<u>ശ്രീ. എ. പ്രഭാകരൻ</u>: സർ, ശ്രീ. ഉമ്മൻ ചാണ്ടി കേരളത്തിന്റെ മുഖ്യമന്ത്രിയായപ്പോൾ 80,000 കോടി രൂപ കടവും ഇപ്പോൾ ശ്രീ. പിണറായി വിജയൻ സർക്കാരിന്റെ ഭരണകാലത്ത് 1,30,000 കോടി രൂപയുടെ കടവും ഉണ്ടെന്നിരിക്കെ എങ്ങനെയാണ് നിങ്ങൾ 4 ലക്ഷം കോടി രൂപയുടെ കടമുണ്ടെന്ന് പറഞ്ഞത്, ഇതുതമ്മിൽ കൂട്ടിയാൽ എങ്ങനെയാണ് നാല് ലക്ഷം കോടി രൂപയാകുക; എന്തെങ്കിലുമൊക്കെ വിളിച്ചുപറയുകയാണോ?

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, എന്തെങ്കിലുമൊക്കെ പറയുന്നതല്ല, ബഹുമാനപ്പെട്ട അംഗത്തിന് സംശയമുണ്ടെങ്കിൽ ധനകാര്യ വകുപ്പുമന്ത്രിയോട് ചോദിച്ചാൽ പറഞ്ഞുതരും. ഇന്ന് 1,59,830 കോടി രൂപയുടെ കടമുണ്ട്. ഞാൻ ഇത് പറയാനുണ്ടായ സാഹചര്യം എന്താണെന്നറിയാമോ? 2016-ൽ എൽ.ഡി.എഫ്. അധികാരത്തിൽ വന്നപ്പോൾ ഡോ. ടി. എം. തോമസ് ഐസക് അന്നൊരു ധവളപത്രം ഇറക്കിയിരുന്നു. അന്ന് ഉമ്മൻ ചാണ്ടി ഗവൺമെന്റിനെ പരിഹസിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു, നിങ്ങളിതാ 78,152 കോടി രൂപയുടെ കടബാദ്ധ്യത ഉണ്ടാക്കി, ഈ രീതിയിൽ കടമെടുത്ത് മുന്നോട്ടുപോകാൻ കഴിയില്ല, ഞങ്ങൾ കടങ്ങൾ തിരിച്ചടയ്ക്കും എന്നൊക്കെയുള്ള ഗീർവാണങ്ങൾ വിട്ടിരുന്നു. ഇന്ന് ഈ സംസ്ഥാനത്തിന്റെ ആകെ കടബാദ്ധ്യത നാല് ലക്ഷം കോടി രൂപയാണെന്നുള്ളത് ബഹുമാനപ്പെട്ട അംഗം റഫർ ചെയ്യാനായി ഇന്റർനെറ്റിലെങ്കിലും നോക്കിയാൽ മതിയാകും. നമുക്ക് കോവിഡ് പ്രതിസന്ധിയും സാമ്പത്തിക ബുദ്ധിമുട്ടുകളും പരാധീനതകളുമുണ്ട്. ഈ ഗവൺമെന്റ് മാത്രമാണോ കടമെടുത്ത് മുന്നോട്ടുപോകുന്നത്? കോവിഡ് കാലഘട്ടത്തിൽ ഈ സംസ്ഥാനത്തെ എൺപത് ശതമാനം ആളുകളും കടംവാങ്ങി ജീവിച്ചവരാണ്. മക്കളെ പഠിപ്പിക്കാനും ആശുപത്രിയിൽ പോകാനും പെൺകുട്ടികളെ കല്യാണം കഴിച്ചയയ്ക്കാനും ലോണടയ്ക്കാനും പഴയ കടബാദ്ധ്യതകൾ തീർക്കാനും കടം വാങ്ങുന്നു, ഈ ആവശ്യങ്ങളെല്ലാം പറഞ്ഞുകൊണ്ട് നമ്മുടെയടുത്ത് അവർ വരുന്നുമുണ്ട്. സംസ്ഥാന ഗവൺമെന്റും കടംവാങ്ങുന്നു. പക്ഷേ, ആ പണം പ്രയോജനപ്രദമായി വിനിയോഗിക്കണ്ടേ? കോവിഡ്കാലത്ത് ഏറെ കൊട്ടിഘോഷിച്ചുകൊണ്ട്, നിങ്ങളാണ് രാജ്യത്തിന് മാതൃക എന്നുപറഞ്ഞ് മുന്നോട്ടുപോയതല്ലേ? ഏറ്റവും കൂടുതൽ കോവിഡ് രോഗികളെ പരിരക്ഷിച്ചു, മലയാളികൾ യു.എ.ഇ. അടക്കമുള്ള വിദേശരാജ്യങ്ങളിൽ നിന്നും മടങ്ങി വരു,

25 ലക്ഷം ക്വാറന്റൈൻ കേന്ദ്രങ്ങൾ ഒരുക്കിയിരിക്കുന്നു, തിരിച്ച് വരുന്നവർക്ക് ജോലി കൊടുക്കാൻ പോകുന്നു എന്നിങ്ങനെ എന്തെല്ലാം വാഗ്ദാനങ്ങളാണ് ഭാവനാസുന്ദരമായി നിങ്ങൾ പറഞ്ഞതെന്ന് മറക്കരുത്. പക്ഷേ, എന്താണ് സംഭവിച്ചത്? ഇന്നും സംസ്ഥാനത്ത് കോവിഡ് രോഗികളുടെ എണ്ണം കുറഞ്ഞിട്ടില്ല. കോവിഡ് പെരുകുകയാണ്. ആ സാഹചര്യത്തിലും നിങ്ങൾ ഒരു കാര്യം മനസ്സിലാക്കേണ്ടതുണ്ട്, സാമ്പത്തികപ്രതിസന്ധിയാണെന്ന പേരിൽ കോവിഡ് പോരാളികളെ നിങ്ങൾ പിരിച്ചുവിട്ടില്ലേ; കോവിഡ് സേവനമനുഷ്ഠിച്ചിരുന്ന ഡോക്ടർമാരെയും നഴ്സ്മാരെയും പാരാമെഡിക്കൽ ജീവനക്കാരെയും പിരിച്ചുവിട്ടില്ലേ; നിങ്ങൾക്ക് ലോക്നാഥ് ബെഹ്റയെ പിരിച്ചുവിടാൻ പാടില്ലായിരുന്നോ? നിങ്ങൾ അങ്ങനെ ചെയ്തില്ല. 25000 പേരെ പിരിച്ചുവിട്ടു. സാമ്പത്തിക പ്രതിസന്ധിയുണ്ടാകും, പക്ഷേ, ബക്കറ്റ് പിരിവ് നടത്തിയാൽത്തന്നെ പത്തോ അമ്പതോ കോടി രൂപ ലഭിക്കില്ലേ, നിങ്ങൾ അതിന് സമർത്ഥരല്ലേ? പാവപ്പെട്ട കോവിഡ് രോഗികളെ ശുശ്രൂഷിക്കുന്നവരെ പിരിച്ചുവിട്ടുകൊണ്ട്, സാമ്പത്തിക പ്രതിസന്ധിയാണെന്ന് പറഞ്ഞ് മുന്നോട്ടുപോകുമ്പോൾ എന്തുകൊണ്ടാണ് നിങ്ങളങ്ങനെ ചെയ്തതെന്ന് ഞങ്ങൾക്കറിയാം. കോവിഡ് ബ്രിഗേഡിയർമാർക്ക് വേതനം നൽകുന്നതിന് പ്രതിമാസം 35 കോടി രൂപ വേണ്ടിവരുമെന്നതുകൊണ്ട് നിലവിലെ പ്രതിസന്ധിയിൽ താങ്ങാൻ കഴിയില്ലെന്നാണ് ബഹുമാന്യരായ ആരോഗ്യ വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും പറഞ്ഞത്. ആറുമാസത്തെ റിസ്ക് അലവൻസ് കുടിശ്ശിക നൽകിയിട്ടില്ല. കോവിഡിനെ പ്രതിരോധിക്കാൻ വന്ന 25000 ജീവനക്കാരിൽ ഭൂരിപക്ഷവും കോവിഡ് രോഗികളായി. അവർ മാനസികവും ശാരീരികവും സാമൂഹികവുമായി പ്രതിസന്ധിയിലായി. അവർ കോവിഡ് രോഗികളെ പരിചരിച്ചവരാണ്. ഒരു കോവിഡ് രോഗി പോയാൽ ആ വഴിയിൽക്കൂടിപ്പോലും നമ്മൾ പോകില്ലായിരുന്നു. ആ കാലഘട്ടത്തിൽ പാവപ്പെട്ട കോവിഡ് രോഗികളെ പരിചരിച്ചവരെ ഇറക്കിവിടുകയല്ലേ ചെയ്തത്. അവർക്ക് കൊടുക്കാനുള്ള റിസ്ക് അലവൻസെങ്കിലും കൊടുക്കണം. കോവിഡ് ബാധിച്ച ആരോഗ്യപ്രവർത്തകരെ നിങ്ങൾ സഹായിച്ചോ; കോവിഡ് രോഗം ബാധിച്ച് മരിച്ചവരെ സഹായിച്ചോ? എന്റെ നിയോജകമണ്ഡലമായ പെരുമ്പാവൂരിൽ ഒരു നഴ്സ് കോവിഡ് രോഗികളെ ശുശ്രൂഷിക്കാൻ പോയപ്പോൾ കോവിഡ് പിടിപെട്ട് വീട്ടിൽ വന്നു, ഭർത്താവിനും അച്ഛനും അമ്മയ്ക്കും കോവിഡ് വന്നു. ഒരു മാസത്തിനുള്ളിൽ കോവിഡ് ബാധിച്ച് മൂന്നുപേർ ആ വീട്ടിൽ മരണപ്പെട്ടു. ആ വീട്ടിൽ രണ്ട് പിഞ്ചോമനകളുണ്ട്. ഈ വിഷയം സംബന്ധിച്ച് ബഹുമാന്യരായ മുഖ്യമന്ത്രിക്കും ആരോഗ്യ വകുപ്പുമന്ത്രിക്കും ഞാൻ കത്തുകൊടുത്തു, നിയമസഭയിൽ വിഷയം അവതരിപ്പിച്ചു. ആ കുടുംബം പട്ടിണിയിലാണ്. ഇന്നുവരെ ഒരു ജോലികൊടുക്കുവാനോ, ഒരു ചെറിയ തുകയെങ്കിലും നൽകി സഹായിക്കാനോ

സർക്കാരിന് കഴിഞ്ഞോ? ഇത് പെരുമ്പാവൂരിലെ ഒരു വിഷയം മാത്രമല്ല, ഈ സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിലും ഇതുമായി ബന്ധപ്പെട്ട കാര്യങ്ങളുണ്ടെന്നുകൂടി ഞാൻ സൂചിപ്പിക്കുകയാണ്. കോവിഡ് ബ്രിഗേഡിയർമാരെ എന്തുകൊണ്ടാണ് പിരിച്ചുവിട്ടതെന്ന് നമുക്കറിയാം. കഴിഞ്ഞ ജൂലൈ മാസം വരെയുള്ള ശമ്പളം നൽകിയത് കേന്ദ്ര ഗവൺമെന്റാണ്. കേന്ദ്ര ഫണ്ട് നിർത്തിയപ്പോൾ സംസ്ഥാന സർക്കാർ തുക നൽകേണ്ടിവന്നു. നേരത്തെ റിസ്ക് അലവൻസ് മാത്രമേ സംസ്ഥാനം നൽകേണ്ടതുണ്ടായിരുന്നുള്ളൂ. ഫണ്ട് നിന്നപ്പോൾ, നമ്മുടെ കൈകൾക്ക് പ്രസ്തുത ഭാരമേൽക്കാൻ കഴിയാതെ വന്നപ്പോൾ ആ ഉത്തരവാദിത്വത്തിൽനിന്നും ഒഴിവായി മുന്നോട്ടുപോയിയെന്നത് ഈ കാലഘട്ടത്തിൽ നിങ്ങൾ ചെയ്യുന്ന ഏറ്റവും വലിയ അപരാധമാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

കേരളത്തിന്റെ സാമ്പത്തികസ്ഥിതി സംബന്ധിച്ച് ആറ് വർഷങ്ങൾക്കുമുമ്പ് ഡോ. ടി. എം. തോമസ് ഐസക് ധവളപത്രമിറക്കി. ഞാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ചോദിക്കുകയാണ്, അങ്ങ് പുതിയതായി ധനകാര്യ വകുപ്പുമന്ത്രിയായി അധികാരമേറ്റെടുത്തപ്പോൾ ഈ ഖജനാവിൽ എന്തെങ്കിലും ഉണ്ടായിരുന്നോ; അങ്ങേയ്ക്ക് സാമ്പത്തിക പ്രശ്നവുമായി ബന്ധപ്പെട്ട് ഒരു ധവളപത്രം ഇറക്കാൻ കഴിയുമോ? മുൻമുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി അധികാരമൊഴിയുമ്പോൾ, അതായത് യു.ഡി.എഫ്. സർക്കാർ പടിയിറങ്ങുമ്പോൾ 1,641 കോടി രൂപ ഖജനാവിൽ മിച്ചമുണ്ടായിരുന്നു. 5,000 കോടി രൂപ മിച്ചംവച്ചിട്ട് പടിയിറങ്ങുന്നുവെന്നാണ് ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞത്. എന്നാൽ സത്യസന്ധനായ, കവിത എഴുതാനറിയാത്ത, വലിയ ജൂബ്ബയൊന്നും ധരിക്കാത്ത, സാധാരണ മനുഷ്യനായ, കുട്ടികളുടെ മനസ്സുള്ള ശ്രീ. കെ. എൻ. ബാലഗോപാൽ പറഞ്ഞത് എന്റെ കൈവശമൊന്നുമില്ല, കൊടുംസാമ്പത്തിക ബാദ്ധ്യത യിലാണെന്നാണ്. അദ്ദേഹം സത്യം പറഞ്ഞതിൽ അഭിമാനമുണ്ട്. അദ്ദേഹം മാത്രമല്ല ശ്രീമതി കെ. കെ. ശൈലജ ടീച്ചറും സത്യം പറയുന്ന ആളാണ്. എപ്പോഴും കാര്യങ്ങൾ തുറന്നുപറയാൻ മനസ്സുള്ള വ്യക്തിയാണ്. കുട്ടികളുടെ പ്ലസ് ടു പഠനവുമായി ബന്ധപ്പെട്ട് ആവശ്യത്തിന് സീറ്റുകളില്ലായെന്ന് പറഞ്ഞപ്പോൾ പൊതുവേ എല്ലാവരും എതിർത്തെങ്കിലും ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അതിന്റെ യഥാർത്ഥ വസ്തുത ചൂണ്ടിക്കാണിച്ചു. സർക്കാരിനെ ഉപദേശിക്കുന്നതും വിമർശിക്കുന്നതും നന്നാകാൻവേണ്ടിയാണ്. കഴിഞ്ഞ 5 വർഷക്കാലം ഞങ്ങൾ ഉപദേശിച്ചില്ലായിരുന്നെങ്കിൽ, നിങ്ങളുടെ തെറ്റ് ചൂണ്ടിക്കാണിച്ചില്ലായിരുന്നെങ്കിൽ നിങ്ങളിൽ പലരും ഇന്നിവിടെ ഇരിക്കില്ലായിരുന്നു. പ്രതിപക്ഷമെന്ന രീതിയിൽ

പറയുന്നത് കേൾക്കാനും ഉൾക്കൊള്ളേണ്ടത് ഉൾക്കൊള്ളാനും ഉൾക്കൊള്ളുന്നത് നടപ്പിലാക്കാനുമുള്ള ഇച്ഛാശക്തിയാണ് ഭരണപക്ഷത്തിന് ഉണ്ടാകേണ്ടതെന്ന കാര്യംകൂടി ഞാനിവിടെ ചൂണ്ടിക്കാണിക്കുകയാണ്. ഞാൻ മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. വാമനപുരം എം.എൽ.എ. ശ്രീ. ഡി. കെ. മുരളി സംസാരിച്ചുകൊണ്ടിരുന്നപ്പോൾ ഞാനൊന്ന് ഇടപെടാൻ നോക്കി, പക്ഷേ അദ്ദേഹം വഴങ്ങിത്തന്നില്ല. അദ്ദേഹം ആർക്കും വഴങ്ങുന്ന ആളല്ല. വീട്ടിൽപ്പോലും വഴങ്ങുന്ന ആളല്ല. അദ്ദേഹം എന്താണ് പറഞ്ഞത്? ഞാൻ അദ്ദേഹത്തിന്റെ നിയോജകമണ്ഡലമായ വാമനപുരത്ത് കിഫ്ബി മുഖാന്തരമുള്ള റോഡ് നിർമ്മിക്കാതിരുന്നപ്പോൾ സമരത്തിനുപോയി. എന്നെ കൊണ്ടുപോയ വ്യക്തി ഇപ്പോൾ നിങ്ങളുടെ പക്ഷമാണ്. അവിടെ കിഫ്ബി വർക്ക് നടക്കുന്നില്ലായിരുന്നു. ഞാൻ പോയി സമരം ചെയ്തപ്പോഴാണ് അവിടെ വർക്ക് നടന്നത്. വാമനപുരം എം.എൽ.എ-യോട് പറയുന്നു, എന്റെ നിയോജകമണ്ഡലത്തിൽ 5 വർഷമായി പണിതീരാത്ത കിഫ്ബിയുടെ ഒരു വർക്കുണ്ട്. എന്റെ നിയോജകമണ്ഡലം മാത്രമല്ല ശ്രീ. പി. വി. ശ്രീനിജിന്റെ നിയോജകമണ്ഡലമായ കുന്നത്തുനാടിലും 5 വർഷമായി കിഫ്ബി വർക്കുകൾ പണിതീരാതെ കിടക്കുകയാണ്. അവിടെവന്ന് കിഫ്ബിക്കുവേണ്ടി സമരം ചെയ്യൂ. അതാണ് നിങ്ങൾ ചെയ്യേണ്ടത്. സമരങ്ങൾ സംഘടിപ്പിക്കുന്നത് നന്നാകാൻവേണ്ടിയാണ്. കുട്ടികളുടെ മുമ്പിൽ നമ്മൾ വടിയെടുക്കുന്നത് അവർ അനുസരണയുള്ളവരായി മാറാൻവേണ്ടിയാണ്. നിങ്ങളിൽ പലരും വടി എടുക്കാത്തതുകൊണ്ടാണ് ഇങ്ങനെയായിപ്പോയതെന്ന് എനിക്ക് പലപ്പോഴും തോന്നിയിട്ടുണ്ട്. കിഫ്ബിക്കും ലൈഫ് പദ്ധതിക്കുമൊക്കെ ഞങ്ങൾ എതിരാണോ എന്നുള്ള വാദമുഖവുമായി ഭരണപക്ഷം വരികയുണ്ടായി. ഞങ്ങൾ അതിനൊന്നും എതിരല്ല. കിഫ്ബി നല്ലരീതിയിൽ കൊണ്ടുപോകണം, വികസനമുണ്ടാകണമെന്നതാണ് ഞങ്ങളുടെ കാഴ്ചപ്പാട്. 40 വർഷങ്ങൾക്കുശേഷം വരാനുള്ള വികസനം 4 വർഷംകൊണ്ട് നടത്തിയാൽ അത് വിജയമാണ്. പക്ഷേ, ഒച്ചിഴയുന്നതിനേക്കാൾ പതുക്കെയാണ് കാര്യങ്ങൾ മുന്നോട്ടുപോകുന്നത്. കിഫ്ബി ഒരു റോഡിൽ തൊട്ടാൽ പിന്നെയത് തീർന്നുവെന്നുവേണം കരുതാൻ. ആലുവ-മൂന്നാർ റോഡ് കിഫ്ബി ഏറ്റെടുക്കാൻ തീരുമാനിച്ചു. അതിൽ പിന്നെ മെയിന്റനൻസേയില്ല. 16 പേരാണ് ആ കുഴിയിൽച്ചാടിയത്. ഞാൻ എണ്ണിനോക്കിയപ്പോൾ 420 കുഴികളാണുള്ളത്. എന്റെ നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളിൽ 1480 കുഴികളുണ്ട്. ഞാനും ശ്രീ. അൻവർ സാദത്തും ശ്രീ. ആന്റണി ജോണും ശ്രീ. പി. വി. ശ്രീനിജിനും ഒരുമിച്ചിരുന്ന് മീറ്റിംഗ്കൂടി. കിഫ്ബി 4(1) നോട്ടിഫിക്കേഷനായാലും ചെയ്തുതരാമെന്ന് പറഞ്ഞു. 4(1) നോട്ടിഫിക്കേഷന് രണ്ട് വർഷവും 6(1) നോട്ടിഫിക്കേഷന് മൂന്ന് വർഷവും 11(1), 19(1) നോട്ടിഫിക്കേഷനുകൾക്ക് പിന്നെയും വർഷങ്ങളെടുക്കും. ഇതൊക്കെ

കഴിയുമ്പോൾ ഞാൻ മക്കളെയൊക്കെ കെട്ടിച്ചയച്ച് കാരണവരായി വീട്ടിലിരിക്കുകയായിരിക്കും. സ്വാഭാവികമായും കിഫ്ബിയിലേയ്ക്ക് പണം കൊണ്ടുവരുന്നു, സ്വകാര്യ ബാങ്കിൽ പണം നിക്ഷേപിക്കുന്നു, ഇതിന് പലിശകൊടുത്തുകൊണ്ടിരിക്കുന്നു. ഈ കാര്യങ്ങളൊന്നും നടക്കാൻ പോകുന്നില്ല. 30 വർഷംമുമ്പ് മൂവാറ്റുപുഴ ബൈപ്പാസ് നിർമ്മിക്കാൻ 50 കോടി രൂപയായിരുന്നു വേണ്ടിയിരുന്നത്. ഇന്നത് നിർമ്മിക്കാൻ 1,000 കോടി രൂപ വേണം. ഡോ. മാത്യു കുഴൽനാടൻ ഇവിടെയുണ്ട്. എന്തുകൊണ്ടാണ് ഈ പണം ചെലവഴിക്കാൻ കഴിയാത്തത്? അതിൽ ഒന്നാമത്തെ ഉത്തരവാദി ഉദ്യോഗസ്ഥരാണ്. അവർ മാത്രമല്ല, ആവശ്യത്തിന് സ്റ്റാഫില്ല. നമുക്ക് ഉദ്യോഗസ്ഥരുടെ അഭാവമുണ്ട്. എം.എൽ.എ-മാർ പറഞ്ഞാൽ കാര്യങ്ങൾ നടക്കില്ല. സാവധാനത്തിലാണ് ഡിപ്പാർട്ടുമെന്റിലെ കാര്യങ്ങൾ മുന്നോട്ടുപോകുന്നത്. ഇടപെടലുകളുണ്ടെങ്കിൽ കാര്യങ്ങൾ പെട്ടെന്ന് നടത്താൻ കഴിയും. നമ്മുടെ നാടിനെ മാറ്റിമറിക്കാൻ പ്രതിപക്ഷവും നിങ്ങൾക്കൊപ്പമുണ്ട്. വികസനം നടക്കണമെന്നുതന്നെയാണ് ഞങ്ങളുടെയും നിലപാട്. അതുകൊണ്ട് ഞങ്ങൾ കിഫ്ബിക്ക് എതിരല്ല. ലൈഫ് പദ്ധതിക്കും ഞങ്ങൾ എതിരാണോ? എന്തൊക്കെ നുണയാണ് നിങ്ങൾ പറയുന്നത്. സത്യത്തിൽ നിങ്ങൾ വായ് തുറക്കുന്നത് ഭക്ഷണം കഴിക്കാനും നുണപറയാനും വേണ്ടിമാത്രമാണോയെന്ന് ഞാൻ ചിന്തിച്ചിട്ടുണ്ട്. ഞങ്ങൾ ലൈഫ് പദ്ധതിക്ക് എതിരല്ല, അതിലെ അഴിമതിയാണ് ചൂണ്ടിക്കാണിച്ചത്. കടംവാങ്ങിയ പണം ഖജനാവിൽനിന്ന് മോഷ്ടിച്ചുകൊണ്ടുപോകാതെ, അഴിമതി ചെയ്യാതിരിക്കാനായി തിരുത്തൽ ശക്തിയായിട്ടാണ് ഞങ്ങളിവിടെ ഇരിക്കുന്നതെന്നുള്ള കാര്യംകൂടി ഞാനിവിടെ സൂചിപ്പിക്കുന്നു. പൊതുവായി മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. സമയം പരിമിതമാണ് എന്നുള്ളതുകൊണ്ട് ഞാൻ അവസാനിപ്പിക്കാൻ പോകുകയാണ്. നമ്മുടെ നാടിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തണം. അതിനുവേണ്ടി നമുക്ക് ഒട്ടേറെ കാര്യങ്ങൾ ചെയ്ത് മുന്നോട്ടുപോകണം. ഗതാഗത വകുപ്പുമന്ത്രി ശ്രീ. ആന്റണി രാജു ഒട്ടേറെ കാര്യങ്ങൾ ചെയ്യണമെന്നും എല്ലാവരുമായി സംസാരിക്കണമെന്നും ആഗ്രഹിക്കുന്ന മന്ത്രിയാണ്. ഓരോ വകുപ്പിലും നഷ്ടങ്ങളുണ്ടാകുമ്പോൾ അത് എന്താണെന്ന് പഠിച്ച് ആ വകുപ്പിൽനിന്നുതന്നെ ലാഭമുണ്ടാക്കണം. കെ.എസ്.ആർ.ടി.സി. നഷ്ടമായത് ജനങ്ങൾക്കുവേണ്ടിയാണെങ്കിൽ കെ.എസ്.ആർ.ടി.സി-ക്ക് നഷ്ടം വീതിച്ചു കൊടുക്കുകയും ലാഭം ഏകീകരിക്കുകയും ചെയ്യുന്ന പദ്ധതി കൊണ്ടുവരണം. അതിലൂടെ പണമുണ്ടാക്കാൻ നോക്കണം. നഷ്ടത്തിലായ ബിസിനസ്സ് സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ ഏറ്റെടുക്കണം. അല്ലാതെ ലാഭത്തിൽ പോകുന്ന ബിവറേജസ് കോർപ്പറേഷന് ടാക്സ് കൂട്ടിയെന്ന് പറയുന്നത്

എത്രമാത്രം കഷ്ടമാണെന്ന് ചിന്തിക്കണം. നഷ്ടം എവിടെയാണ്; പുതിയ പദ്ധതികളുണ്ടോ; പുതിയ കാര്യങ്ങൾ ചെയ്യാൻ കഴിയുന്നുണ്ടോ എന്നീ കാര്യങ്ങളെ സംബന്ധിച്ച് പരിശോധിക്കണം. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി എറണാകുളം ജില്ലാക്കാരനാണ്. എന്റെ നിയോജകമണ്ഡലമായ പെരുമ്പാവൂരിൽ റയോൺസ് എന്ന കമ്പനി 25 വർഷമായി പൂട്ടിക്കിടക്കുകയാണ്. അടച്ചുപൂട്ടുന്ന സമയത്ത് അവിടത്തെ ആക്രി സാധനങ്ങൾ വിറ്റാൽ 35 കോടി രൂപ ലഭിക്കുമായിരുന്നു. ഇന്ന് വിലനോക്കിയപ്പോൾ 3 കോടി രൂപ മാത്രമേ ലഭിക്കുകയുള്ളൂ. ആ രീതിയിലേയ്ക്ക് തരംതാണുപോകുകയാണ്. ഇക്കാര്യങ്ങളിൽ കാലോചിതമായി ഇടപെടാൻ കഴിയണം. ലിക്വിഡേഷൻ നടപ്പിലാക്കാൻ എത്ര വർഷമെടുക്കും; ലിക്വിഡേറ്റർമാർ സുഖിച്ചിരിക്കുകയാണ്. വേഗത്തിൽ കാര്യങ്ങൾ ഏറ്റെടുത്ത് മുന്നോട്ടുകൊണ്ടുപോകാനുള്ള ഇച്ഛാശക്തിയാണ് ഗവൺമെന്റിൽനിന്നും ഭരണം കയ്യാളുന്ന മന്ത്രിമാരിൽനിന്നും ഉണ്ടാകേണ്ടതെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. സർക്കാരിന് കൂടുതൽ കടബാദ്ധ്യത ഉണ്ടാക്കിയെടുക്കുക എന്നുള്ളതല്ല നമ്മുടെ രീതി. കടംകുറച്ച് ഉപകാരപ്രദമായ കാര്യങ്ങൾക്ക് പണം വിനിയോഗിച്ച് അതിൽനിന്ന് റിട്ടേണുണ്ടായി നാളെ നമ്മുടെ സമ്പദ്‌വ്യവസ്ഥ സമ്പന്നമായ രീതിയിലേയ്ക്ക് മാറ്റണം. കോവിഡിന്റെ പ്രശ്നങ്ങളും പ്രതിസന്ധിയുമൊക്കെയുണ്ട്. വിദേശത്തുനിന്നുള്ള വരുമാനം കുറഞ്ഞു, ലക്ഷക്കണക്കിന് പ്രവാസികൾ തിരികെവന്ന് ജോലിയില്ലാതെ വീട്ടിലിരിക്കുന്നു. സാമ്പത്തിക പ്രതിസന്ധി നിലനിൽക്കുമ്പോഴാണ് ഇതിനെയെല്ലാം അതിജീവിച്ച് മുന്നോട്ടുപോകാനുള്ള കരുത്ത് സമ്പാദിക്കേണ്ടതെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ശുഭാപ്തിവിശ്വാസത്തോടുകൂടി സാമ്പത്തിക നഷ്ടങ്ങളില്ലാത്ത, കട ബാദ്ധ്യതകളില്ലാത്ത മികച്ചൊരു ഗവൺമെന്റും ഒരു സമൂഹവും ഭാവിയിൽ നമ്മുടെ മക്കൾക്കും സമാധാനപരമായി ജീവിക്കാൻ കഴിയുന്ന രീതിയിലുള്ള കേരളം സ്വപ്നം കണ്ടുകൊണ്ട് നമുക്ക് മുന്നോട്ടുപോകാമെന്ന് സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ തുടക്കത്തിൽ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയുടെ തൽസ്ഥിതി വ്യക്തമാക്കാൻ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ഒരു ധവളപത്രം പുറപ്പെടുവിച്ചിരുന്നു. അന്നദ്ദേഹം പറഞ്ഞത് "ഏതൊരു ഗുരുതരമായ പ്രതിസന്ധിയും അത് ബാധിക്കുന്നവരിൽ തീവ്രമായ ആഘാതം ഏൽപ്പിക്കുന്നുവെന്നും കഴിഞ്ഞകാല തെറ്റുകളെ പഴിച്ചു കൊണ്ടിരിക്കുന്നതിനുപകരം നമുക്ക് ഭാവിയെ പ്രതീക്ഷയോടെ നോക്കി കാണേണ്ടതുണ്ട്" എന്നുമായിരുന്നു. ഭാവിയെക്കുറിച്ച് അന്നത്തെ ധനകാര്യ

വകുപ്പുമന്ത്രിക്ക് വലിയ പ്രതീക്ഷയുണ്ടായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം കടമെടുത്തത് 1.75 ലക്ഷം കോടി രൂപയാണ്. അങ്ങനെ കേരളപ്പിറവിക്കുശേഷമുള്ള ആദ്യ ഗവൺമെന്റ് മുതൽ ഉമ്മൻ ചാണ്ടി ഗവൺമെന്റ് വരെ വാങ്ങിക്കൂട്ടിയ കടം ഒരു കോടി എഴുപത്തിയഞ്ച് ലക്ഷം രൂപയാണെങ്കിൽ കഴിഞ്ഞ ധനകാര്യ വകുപ്പുമന്ത്രി അഞ്ച് വർഷംകൊണ്ട് വാങ്ങിയത് ഒരു കോടി നാൽപ്പത്തിയേഴ് ലക്ഷം രൂപയാണ്. അങ്ങനെ നമ്മുടെ മൊത്തം കടം മൂന്ന് കോടി ഇരുപത് ലക്ഷം രൂപയായി മാറി. ആരുമറിയാതെ കേരളത്തെ വലിയൊരു കടക്കെണിയിലേയ്ക്ക് തള്ളിവിട്ടിട്ടാണ് അദ്ദേഹം ഇവിടെനിന്നുപോയത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കടപ്പത്രം വഴിയും എൻ.എസ്.എസ്.എഫ്. വഴിയും നബാർഡ് വഴിയുമായി 15,000 കോടി രൂപയോളം പുതിയ ധനകാര്യ വകുപ്പുമന്ത്രി കടമെടുത്തിട്ടുണ്ട്. 7.2 മുതൽ 9.5 ശതമാനം വരെയാണ് പലിശനിരക്ക്, 10 മുതൽ 35 വർഷംവരെയാണ് തിരിച്ചടവ് കാലാവധി. ഈ നാലുമാസംകൊണ്ട് അദ്ദേഹം കടമെടുത്തത് 15,000 കോടി രൂപയാണ്. ഈ നിലയ്ക്ക് പോകുകയാണെങ്കിൽ അഞ്ച് വർഷം കഴിയുമ്പോൾ കടം 2.25 ലക്ഷം കോടി രൂപയാകും. അപ്പോൾ നമ്മുടെ ആകെ കടം 5.45 ലക്ഷം കോടി രൂപയാകും. 'ഭഗവാനേ കേരളത്തെ രക്ഷിക്കണേ' എന്നുമാത്രമേ എനിക്ക് പറയാനുള്ളൂ. അങ്ങനെ സംഭവിക്കാതിരിക്കട്ടെ. അങ്ങനെ സംഭവിച്ചാൽ കേരളത്തിന്റെ നാശമായിരിക്കുമുണ്ടാകുകയെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഉയർന്ന പലിശനിരക്കിലാണ് കടമെടുപ്പ് നടത്തുന്നത്. സംസ്ഥാനത്തെ മൊത്തം വാർഷിക വരുമാനത്തിന്റെ 18.35 ശതമാനം തുക പലിശ മാത്രമായി നൽകാൻ ആവശ്യമാണ്. സി.&എ.ജി.-യുടെ കണക്കുപ്രകാരം 30-6-2021-ൽ ആളോഹരി കടം 92,972 രൂപയാണ്. കടമെടുത്തുകൊണ്ടുമാത്രം മുന്നോട്ടുപോകാൻ നമുക്ക് കഴിയുമോ? ഫിസ്കൽ റെസ്പോൺസിബിലിറ്റി ആൻഡ് ബഡ്ജറ്റ് മാനേജുമെന്റ് ആക്ട് പ്രകാരം സംസ്ഥാനത്തിന്റെ വായ്പാപരിധി ജി.എസ്.ഡി.പി-യുടെ മൂന്ന് ശതമാനമായി നിജപ്പെടുത്തിയിരുന്നു. എന്നാൽ 2 ശതമാനം അധിക വായ്പയെടുക്കുന്നതിന് നാല് പ്രത്യേക സംസ്ഥാനതല പരിഷ്കാരങ്ങൾ നടപ്പിലാക്കണമെന്ന വ്യവസ്ഥയോടു കൂടിയാണ് കേന്ദ്രം ഇത് അനുവദിച്ചത്. ഈ വ്യവസ്ഥകളൊക്കെത്തന്നെ നമ്മുടെ സാമ്പത്തികസ്ഥിതിയെ ഗൗരവമായി ബാധിക്കുന്നതും ദീർഘകാലത്തിൽ വളരെയധികം പ്രശ്നം സൃഷ്ടിക്കുന്നതുമാണ്. ഈ വ്യവസ്ഥകൾ പ്രകാരം 2019-20 കാലഘട്ടത്തിൽ ഒറ്റത്തവണയായി 1,471 കോടി രൂപയാണ് സംസ്ഥാന സർക്കാർ വായ്പയെടുത്തത്. അതിനെ റാറ്റിഫൈ ചെയ്യുന്നതാണ് ഈ നിയമഭേദഗതിയിലൂടെ നമ്മൾ ചെയ്തുകൊണ്ടിരിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ നാല് ഉപാധികളിൽ ഒരു രാജ്യം -ഒരു റേഷൻ കാർഡ്, വ്യാപാരം ചെയ്യുന്നതിലുള്ള നടപടിക്രമങ്ങൾ (ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ്), അർബൻ തദ്ദേശഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള പരിഷ്കാരങ്ങൾ, ഊർജ്ജമേഖലയിലെ പരിഷ്കാരങ്ങൾ

എന്നിവ ഉൾപ്പെട്ടിരിക്കുന്നു. ഊർജ്ജമേഖലയിലെ പരിഷ്കാരങ്ങളിൽ ആദ്യത്തേത് പൊതുമേഖല വൈദ്യുതിവിതരണ കമ്പനികളുടെ നഷ്ടം ഘട്ടംഘട്ടമായി സംസ്ഥാന സർക്കാർ ഏറ്റെടുക്കണമെന്നതാണ്. അതുപ്രകാരം 2022-23-ൽ 60 ശതമാനം, 2023-24-ൽ 75 ശതമാനം, 2024-25-ൽ 90 ശതമാനം അങ്ങനെ 2025-26-ൽ 100 ശതമാനം നഷ്ടം സംസ്ഥാന സർക്കാർ ഏറ്റെടുക്കേണ്ടിവരും. ഇല്ലെങ്കിൽ ഈ നഷ്ടം ധനകമ്മിയിൽ ഉൾപ്പെടുത്തിയായിരിക്കും വായ്പാപരിധി നിശ്ചയിക്കുകയെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട നിബന്ധന. ഇതുകൂടാതെ ദീർഘകാല കരാറിലൂടെ കെ.എസ്.ഇ.ബി.എൽ. വാങ്ങുന്ന വൈദ്യുതിയിൽ സംസ്ഥാനത്തിന്റെ ആവശ്യം കഴിഞ്ഞ് മിച്ചംവരുന്നത് പവർ എക്സ്ചേഞ്ച് നിരക്കിൽ ഇവിടെത്തന്നെ വിൽക്കണമെന്നൊരു നിർദ്ദേശംകൂടിയുണ്ട്. ഇതെല്ലാമനുസരിച്ച് താരിഫ് നയത്തിൽ വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ആവശ്യമായ മാറ്റം വരുത്തിയിട്ടുണ്ട്. ഇത് നിലവിൽവരുന്നതോടുകൂടി പ്രതിവർഷം കെ.എസ്.ഇ.ബി.എൽ-നുമാത്രം 100 കോടി രൂപയുടെ അധിക ബാദ്ധ്യതയുണ്ടാകുകയും അത് ഉപഭോക്താക്കളെ ബാധിക്കുകയും ചെയ്യും. ഇത്തരത്തിൽ സ്വകാര്യവത്കരണത്തെ പ്രോത്സാഹിപ്പിക്കുന്ന നയങ്ങൾക്ക് സമ്മതം മൂളിക്കൊണ്ടാണ് വായ്പാപരിധി ഉയർത്താനുള്ള ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. നാളത്തെ സ്ഥിതി എന്തായാലും കുഴപ്പമില്ല, ഇന്നത്തേയ്ക്ക് കുറച്ച് ചില്വാനം ഇങ്ങോട്ട് പോരട്ടെ, അതുകൊണ്ട് നമ്മുടെ ചെലവുകൾ നടത്താം എന്നതാണ് ഈ സർക്കാരിന്റെ നയം. അതിനുവേണ്ടി ഇത്രയുംകാലം സ്വകാര്യവത്കരണത്തി നെതിരെയുള്ള അവരുടെ പ്രത്യയശാസ്ത്രംപോലും പണയം വയ്ക്കുകയാണ്. എ.ഡി.ബി. സമരമൊക്കെ പെട്ടെന്ന് നമുക്ക് മറക്കാൻ കഴിയുമോ; കരി ഓയിൽ ഉൾപ്പെടെയുള്ള എന്തെല്ലാം കാര്യങ്ങളാണ് അക്കാലത്തുണ്ടായിരുന്നത്. നമ്മൾ മറന്നാലും ജയിലിൽ കിടന്നവരും പോലീസിന്റെ അടികിട്ടിയവരും ഇതൊക്കെ പെട്ടെന്ന് മറക്കുമോ? ഈ കടമെല്ലാം വാങ്ങിയിട്ടും ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റും ഉണ്ടായിട്ടില്ല. സി.&എ.ജി.-യുടെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ വികസന മേഖലയിലെ മൂലധനച്ചെലവിൽ 1,248 കോടി രൂപയുടെ കുറവ് രേഖപ്പെടുത്തിയെന്നാണ് കണക്കാക്കിയിട്ടുള്ളത്. അതായത്, അടിസ്ഥാന സൗകര്യ വികസനമുണ്ടാകു ന്നില്ലെന്നാണ് കാണുന്നത്. കഴിഞ്ഞ ആറ് വർഷത്തിനിടയിൽ സർക്കാർ നടപ്പിലാക്കിയ വൻകിട പ്രോജക്ടുകൾ ഏതൊക്കെയാണ്, അങ്ങനെ എന്തെങ്കിലുമൊന്ന് പറയാൻ സാധിക്കുമോ? യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് വിഴിഞ്ഞം പ്രോജക്ട്, അന്താരാഷ്ട്ര വിമാനത്താവളം, മെട്രോ തുടങ്ങിയ വമ്പൻ പ്രോജക്ടുകളുണ്ടായിരുന്നു. ഈ കടമെല്ലാം ഏത് വമ്പൻ പ്രോജക്ടുകൾക്കാണ് ചെലവാക്കിയതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, വളരെ പ്രധാനപ്പെട്ടൊരു കാര്യം ഞാൻ സൂചിപ്പിക്കുകയാണ്. കഴിഞ്ഞമാസം ശമ്പളം നൽകാനായി 3,500 കോടി രൂപയാണ് വായ്പയെടുത്തത്. ഇത് സാധാരണ ആറ് ശതമാനം പലിശയ്ക്കാണ് എടുക്കാറുണ്ടായിരുന്നത്. പക്ഷേ, ഇത്തവണ 7.06 ശതമാനം പലിശനിരക്കിലാണ് എടുത്തിരിക്കുന്നത്. അത് താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, 7.6 ശതമാനത്തിൽനിന്നും ഇപ്പോൾ 9.5 ശതമാനം പലിശനിരക്കിലാണ് കടമെടുത്തിട്ടുള്ളത്. അത് തോന്നിയപോലെ കിട്ടുന്ന രീതിയിൽ, ആരാണ് നൽകുന്നത് എന്നതിനനുസരിച്ചാണ് വായ്പ എടുത്തുകൊണ്ടിരിക്കുന്നത്. കൊമേഴ്സ്യൽ ബാങ്കുകൾ ഇന്നത്തെക്കാലത്ത് 8 ശതമാനത്തിന് താഴെയാണ് സാധാരണക്കാരായ ജനങ്ങൾക്ക് പലിശയ്ക്ക് കൊടുക്കുന്നത്. സംസ്ഥാനത്തെ ഇന്നത്തെ സാമ്പത്തിക പ്രതിസന്ധിയിൽ എത്തിച്ചതിന്റെ പ്രധാന കാരണം കഴിഞ്ഞകാലത്തെ അനാവശ്യച്ചെലവുകളും ധൂർത്തുംതന്നെയാണ്. കഴിഞ്ഞ സർക്കാരിന്റെ സത്യപ്രതിജ്ഞാ ചടങ്ങുമുതൽ തുടങ്ങിയ ധൂർത്താണ്. 100-ാം ദിവസം ആഘോഷിച്ചു, ഒന്നാം വാർഷികം ആഘോഷിച്ചു, 1000 ദിവസം തികഞ്ഞപ്പോഴും ആഘോഷം തുടർന്നു. നിരവധിപേർക്ക് ക്യാബിനറ്റ് പദവി നൽകി, കുറേയധികം ഉപദേശകർ, കൊലക്കേസ് പ്രതികളെ രക്ഷിക്കാൻ സുപ്രീംകോടതി അഭിഭാഷകർ തുടങ്ങി പൊതുഖജനാവിൽനിന്നും കോടിക്കണക്കിന് രൂപയാണ് ഒഴുക്കിക്കളഞ്ഞത്. ലോക കേരള സഭ നടത്താൻ 16.65 കോടി രൂപയാണ് ചെലവഴിച്ചത്. അതുകൊണ്ട് എന്തെങ്കിലും ഗുണമുണ്ടായോ? ഇ-നിയമസഭയ്ക്കായി 52 കോടി രൂപ ചെലവഴിച്ചു. നവോത്ഥാന മതിലിനായി അരക്കോടി രൂപ ചെലവഴിച്ചു. ഇതെല്ലാം വൻചെലവുകളായിരുന്നു. ഒന്നും നമ്മൾ പറഞ്ഞിട്ട് കാര്യമില്ല. ഇതെല്ലാം അനാവശ്യ ചെലവുകളായിരുന്നുവെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. ഈ സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം വെട്ടിക്കുറയ്ക്കുകയാണ് ചെയ്തത്. കടന്നകൈ ആയിപ്പോയില്ലേ അത്? പഞ്ചായത്തിനും മുനിസിപ്പാലിറ്റിക്കും അനുവദിച്ച ഫണ്ട് വെട്ടിച്ചുരുക്കാനും പ്രാദേശിക സർക്കാരുകളുടെ തനത് ഫണ്ട് ട്രഷറിയിൽ അടയ്ക്കാനുമാണ് ഇപ്പോൾ പറഞ്ഞിരിക്കുന്നത്. ഇതൊക്കെ എന്തൊരു കഷ്ടമാണ്! ഇതൊക്കെ സങ്കടകരമായിട്ടുള്ള കാര്യങ്ങളാണ്. അവരൊക്കെ ജീവിച്ചുപോരുന്നത് ഈ ഫണ്ടുകൊണ്ടാണെന്ന് ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർക്ക് കൃത്യമായി അറിയാം. സാമ്പത്തിക അവകാശങ്ങൾ കവർന്നെടുത്ത് അവയെ പ്രവർത്തിക്കാൻ കഴിയാത്ത സ്ഥിതിയിലാക്കി. സംസ്ഥാന നികുതി പിരിവിൽ കാണിക്കുന്ന അലംഭാവവും റവന്യൂ ചെലവ് കുറയ്ക്കുന്നതിന് ഫലപ്രദമായ

നടപടി സ്വീകരിക്കാത്തതുമാണ് ധന ഉത്തരവാദിത്ത നിയമത്തിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് കഴിയാത്തതിന്റെ പ്രധാനകാരണം. ധനകമ്മിയും റവന്യൂകമ്മിയും കുറച്ചുകൊണ്ടുവരുന്നതിൽ സർക്കാർ പരാജയപ്പെട്ടു. അക്കൗണ്ടന്റ് ജനറലിന്റെ ഏറ്റവും ഒടുവിലത്തെ കണക്കുപ്രകാരം 20,146 കോടി രൂപയുടെ റവന്യൂ കുടിശ്ശിക പിരിച്ചെടുക്കാനുണ്ട്. സർക്കാർ വകുപ്പുകളിൽനിന്ന് മാത്രം 5,500 കോടി രൂപ ലഭിക്കാനുണ്ട്. അതുപോകട്ടെയെന്ന് കരുതാം. എന്നാൽ ബാക്കിയുള്ള 15,000 കോടി രൂപ എവിടെ; എന്തുകൊണ്ടാണ് നമുക്കത് പിരിച്ചെടുക്കാൻ കഴിയാത്തത്? ഈ കുടിശ്ശിക സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ 22 ശതമാനം വരും. നികുതി പിരിക്കുന്നതിലെ കെടുകാര്യസ്ഥതയല്ലാതെ വേറെ എന്താണിത്? വരുമാനം ആർജ്ജിക്കുന്ന പ്രധാന വകുപ്പുകളുടെ ഡാറ്റാബേസുകൾ ഇപ്പോഴും പൂർണ്ണമല്ല, വിവരങ്ങൾ സൂക്ഷിക്കുന്നില്ല. കുടിശ്ശിക പിരിക്കാനും റവന്യൂ റിക്കവറി നടപടികളെടുക്കാനും തടസ്സമാകുന്നു. ഇത്തരത്തിലുള്ള വീഴ്ചകൾക്ക് വകുപ്പുകളെയല്ലാതെ ആരെയാണ് കുറ്റംപറയേണ്ടത്. ജി.എസ്.ടി. നടപ്പിലാക്കുമ്പോൾ പറഞ്ഞത് ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഗുണകരമാകുമെന്നാണ്. കേരളം എല്ലാം പുറത്തുനിന്നും വാങ്ങുന്നു. അതുകൊണ്ട് ഇവിടെ നികുതി വർദ്ധിക്കും എന്നൊക്കെ ഇവിടത്തെ വലിയ ശാസ്ത്രജ്ഞരും അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയുമടക്കം പറഞ്ഞിരുന്നു. ഞങ്ങളൊക്കെ ശരിക്കും വിശ്വസിച്ചിരുന്നു. എന്നാൽ ഇത്രയും കാലമായിട്ടും യാതൊരു ഗുണവുമുണ്ടായിട്ടില്ലെന്നുള്ളതാണ് സത്യം. വിദേശരാജ്യങ്ങൾ ഫലപ്രദമായി നടപ്പിലാക്കി വിജയിച്ചതാണ് ജി.എസ്.ടി. സംവിധാനം. എന്തുകൊണ്ട് സംസ്ഥാനത്തിന് അത് പ്രയോജനപ്പെടുത്താൻ കഴിഞ്ഞില്ല? ഇവിടെ കേന്ദ്ര സർക്കാരിന്റെവക ചർച്ചയുണ്ടായില്ല. അതാണ് പ്രധാന കാരണം. ജി.എസ്.ടി. കൊണ്ടുണ്ടാകുന്ന നികുതിചോർച്ച തടയാൻ സർക്കാർ യാതൊരു നടപടിയും സ്വീകരിച്ചില്ല. നികുതി വകുപ്പിന്റെ ശൃംഖലയിലേയ്ക്ക് വരാത്ത വ്യാപാര സ്ഥാപനങ്ങൾ ഇപ്പോഴുമുണ്ട്. നികുതി അടയ്ക്കാതെ സാധനങ്ങൾ കടത്തുന്നത് കണ്ടെത്താൻ എൻഫോഴ്സ്മെന്റും ഇന്റലിജൻസും കാര്യക്ഷമമല്ല. ചെക്ക്പോസ്റ്റ് ഇല്ലാതായതോടെ അതിർത്തിവഴിയുള്ള നികുതിവെട്ടിപ്പ് തടയാൻ സംവിധാനമില്ല. ക്യാമറകൾ പലതും ഇനിയും സ്ഥാപിച്ചിട്ടുപോലുമില്ല. നികുതി അടയ്ക്കാത്തവർ വിപണി പിടിക്കുകയും നികുതി കൃത്യമായി ഒടുക്കുന്നവർ പൂട്ടിപ്പോകുകയും ചെയ്യുന്നതാണ് ഇപ്പോഴത്തെ അവസ്ഥ. നഗരകേന്ദ്രങ്ങളിൽനിന്നും വലിയ വ്യാപാരികൾ ചെറുപട്ടണത്തിലേയ്ക്ക് മാറി. ഇതാണ് ഇന്നത്തെ വ്യാപാര രീതി. ഇവരുടെ ഇടപാടുകൾ കൃത്യമായി നിരീക്ഷിക്കപ്പെടുന്നില്ല. ഇവരൊക്കെ നികുതി ശൃംഖലയ്ക്ക് പുറത്താണ്. നികുതി ചോർച്ചയ്ക്ക് കാരണം ഇതൊക്കെത്തന്നെയാണ്. പെരുമ്പാവൂരിൽ വ്യാജ രജിസ്ട്രേഷനുപയോഗിച്ച് പ്ലൈവുഡ് കമ്പനിയുടെ മറവിൽ

നികുതി വെട്ടിപ്പ് കണ്ടെത്തിയത് കേന്ദ്ര ജി.എസ്.ടി. വകുപ്പാണ്, അല്ലാതെ സംസ്ഥാന സർക്കാരല്ല. അവർ ജി.എസ്.ടി-യുടെ ഒരു ഓഫീസ് തുറന്നു. സംസ്ഥാനത്തിന് ഇത് മാതൃകയാക്കാവുന്നതാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇക്കാര്യം പരിശോധിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. വിലവർദ്ധനവിന്റെ കാര്യത്തിലാണെങ്കിൽ, പത്തുവർഷം കൊണ്ട് 70 ശതമാനത്തിലധികം വിലവർദ്ധിച്ചു. ജനങ്ങൾ കൃത്യമായി ടാക്സ് നൽകുന്നുണ്ട്. എന്നാൽ അതിന് ആനുപാതികമായി നികുതി വർദ്ധനവുണ്ടായിട്ടുമില്ല. ഇതിനെല്ലാം കാരണം നികുതി പിരിക്കുന്നതിലെ വീഴ്ച തന്നെയാണ്, അല്ലാതെന്താണ്? കേന്ദ്രത്തിൽനിന്ന് ജി.എസ്.ടി. നഷ്ടപരിഹാരം കിട്ടുമെന്നുള്ളതിനാൽ നികുതി പിരിവിന് കാര്യമായി ഒന്നും ചെയ്യുന്നില്ല. 2017-18 മുതൽ 2021 വരെ 14,660 കോടി രൂപയോളം നഷ്ടപരിഹാരമായി ലഭിച്ചതും 15,000 കോടി രൂപയുടെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ലഭിച്ചതുമാണ് നമ്മൾ പിടിച്ച് നിൽക്കാനുള്ള കാരണം. കേന്ദ്രം ജി.എസ്.ടി. നടപ്പിലാക്കിയിട്ട് അഞ്ച് വർഷമാകുകയാണ്. അതുകൊണ്ട് ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന കോമ്പൻസേഷൻ അടുത്ത വർഷം ആദ്യപാദത്തോടെ അവസാനിക്കും. അതുംകൂടി കഴിഞ്ഞാൽ നമ്മുടെ സ്ഥിതി രൂക്ഷമാകും. മാത്രമല്ല, പെട്രോളിയം, മോട്ടോർ വാഹന സെസ്സ് എന്നിവയുടെ അമ്പത് ശതമാനം എന്ന പരമാവധി തുക കിഫ്ബിയിലേയ്ക്ക് മാറുകയും ചെയ്യും. പൊതുഖജനാവിൽ അതിനനുസരിച്ച് കുറവ് വരും. വലിയരീതിയിലുള്ള പ്രശ്നങ്ങളാണ് നമ്മൾ അഭിമുഖീകരിക്കാൻ പോകുന്നത്. ഇത്തരത്തിൽ നമ്മുടെ സ്രോതസ്സുകളെല്ലാം കൂടുതൽ അടയാൻ പോകുകയാണ്. പകരം റവന്യൂ വരവ് വർദ്ധിപ്പിക്കുന്നതിന് ഒരു നടപടിയുമില്ല. നികുതി വരുമാനത്തിൽ നമ്മൾ പ്രതീക്ഷിച്ചതിനേക്കാൾ ഇരുപത്തിയഞ്ച് ശതമാനം കുറവാണ് 2019-20-ൽ പിരിച്ചത്. 2020-21-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റിനേക്കാൾ 18.7 ശതമാനം ഇടിവുണ്ടായി. നികുതിയേതര വരുമാനമായിരുന്നു ഏക ആശ്രയം. അതുപോലും ഈ കാലയളവിൽ 77 ശതമാനം മാത്രമാണ് കിട്ടിയത്. പക്ഷേ, ഇതൊന്നും സമ്മതിക്കാതെ, നമ്മൾ വർഷങ്ങളോളം നോട്ട് നിരോധനത്തിനെയും പ്രളയത്തെയും ജി.എസ്.ടി-യെയും കോവിഡിനെയുമൊക്കെ പഴിച്ചുകൊണ്ടിരിക്കും. യഥാർത്ഥപ്രശ്നം എന്നും നിലനിൽക്കുകയും ചെയ്യും. ധനകാര്യ വകുപ്പിൽ റവന്യൂ വരവ് വർദ്ധിപ്പിക്കുന്നതിനുള്ള നടപടി ശിപാർശ ചെയ്യുന്നതിന് റവന്യൂ മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ട്. ഇത്രയും കാലമായിട്ടും അവർ എന്തെങ്കിലും ശിപാർശ നൽകിയിട്ടുണ്ടോ; അതിൽ എന്തെങ്കിലും നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ടോ? ഒന്നുമില്ല എന്നാണ് ഞങ്ങൾക്കൊക്കെ മനസ്സിലാകുന്നത്. ആകെ ചെയ്തത് പുതിയ സെസ്സും നികുതിയും സർവ്വീസ്

ചാർജ്ജുമൊക്കെ ഓരോ ബഡ്ജറ്റിലും വർദ്ധിപ്പിച്ച് ജനങ്ങളുടെമേൽ അമിതഭാരം അടിച്ചേൽപ്പിച്ചെന്നത് മാത്രമാണ്. സംസ്ഥാനം പ്രളയക്കെടുതിയിൽ ദുരിതമനുഭവിക്കുകയും കോവിഡ്കാരണം ജനങ്ങൾ വരുമാനംനിലച്ച് വീടുകളിൽ കഴിയുകയും ചെയ്യുമ്പോൾ അവരുടെമേൽ പ്രളയ സെസ്സ് എന്ന ഓമനപ്പേരിട്ട് 30-6-2021 മുതൽ പിരിക്കാൻ തുടങ്ങി. 1,930 കോടി രൂപയാണ് പിരിച്ചെടുത്തത്. എല്ലാം നഷ്ടപ്പെട്ട് ദുരിതമനുഭവിക്കുന്ന ജനങ്ങളെ പിഴിഞ്ഞ് അവരിൽനിന്ന് സെസ്സ് പിരിച്ചെടുത്ത ഈ സാമ്പത്തികശാസ്ത്രം ഇവിടെയല്ലാതെ ലോകത്ത് വേറൊരു സ്ഥലത്തും കാണാൻ കഴിയില്ല. മാത്രമല്ല, കോവിഡ് പ്രോട്ടോക്കോൾ ലംഘിച്ചെന്നുപറഞ്ഞ് തൊഴിൽ നഷ്ടപ്പെട്ട് ജീവിക്കാൻ പ്രയാസപ്പെടുന്ന പാവപ്പെട്ട ജനങ്ങളിൽനിന്നും 125 കോടി രൂപയാണ് പിരിച്ചെടുത്തത്. സംസ്ഥാനത്ത് രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയുണ്ട് എന്നതുതന്നെയാണ് ഇടയ്ക്കിടെ വായ്പയെടുക്കേണ്ടി വരുന്നതിന് കാരണം. കഴിഞ്ഞ ആറ് വർഷത്തെ ഭരണംകൊണ്ട് ഈ സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി ഏത് രീതിയിലാണെന്ന് അറിയാൻ പൊതുജനത്തിന് താല്പര്യമുണ്ട്. അത് വെളിപ്പെടുത്താൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഒരു ധവളപത്രം അടിയന്തരമായി പുറപ്പെടുവിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കേന്ദ്രം മുന്നോട്ടുവച്ച ഉപാധികളെല്ലാം അക്ഷരംപ്രതി സമ്മതിച്ചുകൊണ്ട് കടമെടുത്ത ഈ സർക്കാർ കേന്ദ്രവുമായി യാതൊരുവിധ ഏറ്റുമുട്ടലിനുമില്ലെന്നും കേന്ദ്രത്തിന്റെ വിശ്വസ്ത വിധേയരാണെന്നും ഒരിക്കൽക്കൂടി ബോദ്ധ്യപ്പെടുത്തുന്ന ഈ ബില്ലിനെ ഞാൻ ശക്തിയായി എതിർക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. വിൻസെന്റ്)

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 22-05-2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഈ ബില്ലിന് ആധാരമായ പശ്ചാത്തലം എല്ലാവരും വിശദമായി പ്രതിപാദിച്ചുകഴിഞ്ഞു. വൈകിയ വേളയിൽ ഞാൻ ദീർഘമായ പ്രസംഗത്തിലേയ്ക്ക് പോകുന്നില്ല. സംസ്ഥാന ഗവൺമെന്റിന് കടമെടുക്കാനുള്ള ക്രയശേഷി വർദ്ധിച്ചു. 2019-20 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ അനുവദിച്ച 1,471 കോടി രൂപയുടെ അധിക വായ്പയും 2020-21 സാമ്പത്തിക വർഷം രണ്ട് ശതമാനം അധിക വായ്പ അനുവദിച്ചതും ചേർത്ത് 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്ടിന്റെ ഭേദഗതിയാണ് ഇപ്പോൾ സഭയിൽ അവതരിപ്പിച്ചിരിക്കുന്നത്. കേരളം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ്. അതുസംബന്ധിച്ച് എല്ലാ അംഗങ്ങളും വിശദമായി സംസാരിച്ചുകഴിഞ്ഞു.

സാമ്പത്തിക രംഗത്തെ അച്ചടക്കമില്ലായ്മയും ധൂർത്തും കെടുകാര്യസ്ഥതയുമാണ് ഇത്രയും വലിയ സാമ്പത്തിക തകർച്ചയ്ക്ക് കാരണമായി ചൂണ്ടിക്കാണിക്കാനുള്ളത്. എങ്ങനെയും കടം വാങ്ങുക എന്നുള്ള ഒരു പ്രവണതയും തീരുമാനവുമായി മാത്രം ഈ സർക്കാർ കേരളത്തിന്റെ മുടിയനായ പുത്രനായി മാറിക്കൊണ്ടിരിക്കുകയാണ്. 1957 മുതൽ 2016 വരെയുള്ള കാലയളവിൽ വന്ന എല്ലാ ഗവൺമെന്റുകളുംകൂടി വായ്പ വാങ്ങിയതിന്റെ നേരെ ഇരട്ടിയാണ് 2016-ൽ അധികാരത്തിൽ വന്ന പിണറായി വിജയൻ സർക്കാർ കടം വാങ്ങിയത്. 2016-ൽ പൊതുകടം 1,25,883 കോടി രൂപയാണെങ്കിൽ ഇന്ന് 2,96,000 കോടി രൂപയായി. കിഫ്ബി വായ്പയെടുത്ത കടംകൂടി വരുമ്പോൾ ഏകദേശം മൂന്നര-നാല് ലക്ഷം കോടി രൂപയിലേയ്ക്ക് നീങ്ങുകയാണ്. കേരളത്തിൽ ജനിച്ചുവീഴുന്ന കുട്ടികൾക്കുപോലും വലിയ കടബാദ്ധ്യത സമ്മാനിച്ചുകൊണ്ടാണ് ഈ സർക്കാർ കടന്നുപോകുന്നത്. നേരത്തേ ഇവരൊക്കെ സൂചിപ്പിച്ചതുപോലെ കിഫ്ബി കടമെടുക്കുന്നു. കിഫ്ബി മുഖാന്തരം 64,000 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകിയെന്നാണ് പറയുന്നത്. അത് നടപ്പിലാക്കുന്നതിൽ വന്നുകൊണ്ടിരിക്കുന്ന തകരാറുകൾ ഓരോ അംഗവും സൂചിപ്പിച്ചുകഴിഞ്ഞു. ഞാൻ ആ ദുരനുഭവത്തിന്റെ രക്തസാക്ഷിയാണെന്ന് പറയുന്നില്ല, അഞ്ച് വർഷമായി നടന്നുകൊണ്ടിരിക്കുന്ന പ്രോജക്ട് പൂർത്തിയാക്കാൻ കഴിയാതെ പോകുകയാണ്. കിഫ്ബി നിങ്ങളുടെ മണ്ഡലത്തിലില്ലേ; എന്തിനാണ് നിങ്ങൾ കിഫ്ബിയെ എതിർക്കുന്നത്; നിങ്ങളും ഫ്ലക്സ് ബോർഡ് വച്ചല്ലോ; ഇത്ര ആയിരം കോടി രൂപ ലഭിച്ചില്ലേ എന്നൊക്കെയാണ് ഭരണപക്ഷത്തുനിന്ന് ചോദിക്കുന്നത്. നാട്ടുകാരുടെ എല്ലാവരുടെയും പേരിൽ അവരുടെ വരുമാനം കണക്കാക്കിയാണ് സർക്കാർ വായ്പയെടുക്കുന്നത്. അത് തിരിച്ചടയ്ക്കേണ്ടത് നമ്മുടെ നാട്ടുകാരും കുട്ടികളുമൊക്കെക്കൂടിയാണ്. സ്വാഭാവികമായും ഞങ്ങൾ ഒടുക്കുന്ന നികുതിയാണ്, ഞങ്ങൾ ഈ നാട്ടിലെ പൗരന്മാരാണ്. അതുകൊണ്ടുതന്നെ ഏതുവിധേന കൊണ്ടുവരുന്ന വികസനപ്രവർത്തനങ്ങൾക്കും ഞങ്ങളും അർഹരാണെന്നുള്ള ബോദ്ധ്യം സർക്കാരിന് ആദ്യമുണ്ടാകണം. അല്ലാതെ നിങ്ങളുടെ ഓശാരമായി എ.കെ.ജി. സെന്ററിൽനിന്ന് എടുത്തുതരുന്ന ഫണ്ടല്ല കിഫ്ബി എന്ന് ആദ്യം മനസ്സിലാക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കിഫ്ബി ലോണെടുത്ത കാര്യത്തിലേയ്ക്ക് ഞാൻ വിശദമായി പോകുന്നില്ല. യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്തെ ഡോ. ടി. എം. തോമസ് ഐസക്കിന്റെ പ്രസംഗത്തിന്റെ നോട്ട് ഞാൻ എടുത്തുനോക്കി. സത്യത്തിൽ വികസനപ്രവർത്തനങ്ങൾക്ക് വായ്പയെടുക്കുന്നതിന് ഒരു സാമ്പത്തികവിദഗ്ദ്ധരും ധനതത്വശാസ്ത്രജ്ഞരും എതിരല്ല. അത് സസ്റ്റെയിനബിൾ ഡെവലപ്മെന്റിനു വേണ്ടിയുള്ള കടമാണ്. Debt sustainability എന്നാണ് അതിന് പറയുന്നത്. അതേസമയം ദൈനംദിന പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടിയാണ് ഇപ്പോൾ കടമെടുക്കുന്നത്. 1995-96 കാലഘട്ടത്തിൽ അന്നത്തെ ഗവൺമെന്റിന് ആകെയുള്ള

B.C.R. (Balance from Current Revenue) 156 കോടി രൂപയായിരുന്നു. അതിനുശേഷം രണ്ട് തവണയാണ് യു.ഡി.എഫ്. ഭരിച്ചത്, മൂന്നോ നാലോ തവണ എൽ.ഡി.എഫ്-ഉം ഭരിച്ചു. ഇപ്പോൾ എത്രയാണ് ബി.സി.ആർ.? ബാലൻസ് ഇല്ല എന്നുമാത്രമല്ല, റവന്യൂകമ്മി എത്രവരെ എത്തിനിൽക്കുന്നു എന്നുള്ളത് ഇവിടെ എല്ലാവരും പ്രതിപാദിച്ചുകഴിഞ്ഞതാണ്. ശ്രീ. നജീബ് കാന്തപുരം ചോദിച്ചതുപോലെ, ഗവൺമെന്റ് എന്തിനാണ് വായ്പയെടുക്കുന്നത്? കഴിഞ്ഞമാസം വായ്പയെടുത്തത് 3,500 കോടി രൂപയാണ്. അതിന്റെ പലിശനിരക്ക് 7.6 ശതമാനമാണ്. ശമ്പളവും പെൻഷനും കൊടുക്കുന്നതിനുവേണ്ടി മാത്രമാണിത്. കേരളത്തിൽ ഇതുപോലെ ഇത്രയും വലിയ പലിശ നൽകി കടമെടുത്തിട്ടില്ല. ഞാൻ വലിയൊരു കടക്കാരനാണെങ്കിൽ നാട്ടിൽ പലരോടും കടം ചോദിച്ചാൽ ആരും തരികയില്ല എന്നകാര്യം നമുക്കെല്ലാവർക്കുമറിയാം. കേരളം പണ്ട് മൂന്ന് ശതമാനം പലിശയ്ക്ക് കടം വാങ്ങിയിരുന്നു. എ.ഡി.ബി. വായ്പ വാങ്ങിയിരുന്നത് മൂന്ന് ശതമാനം പലിശയ്ക്കായിരുന്നു. അന്ന് എ.ഡി.ബി. വായ്പയെ താത്വികമായി എതിർത്ത അന്നത്തെ വിദ്യാർത്ഥി സംഘടനയുടെ നേതാവാണ് ഇപ്പോഴത്തെ ധനകാര്യ വകുപ്പുമന്ത്രി. ഡി.പി.ഇ.പി. വന്നപ്പോൾ അതിനെ എതിർത്ത അന്നത്തെ എസ്.എഫ്.ഐ-യുടെ നേതാവാണ്. അദ്ദേഹം ഇപ്പോൾ ധനകാര്യ വകുപ്പുമന്ത്രിയായി. ഡി.പി.ഇ.പി-യെയും എ.ഡി.ബി. വായ്പയെയും വേൾഡ് ബാങ്കിന്റെ വായ്പയെയും എതിർത്തു. ഇപ്പോൾ അതേ ആളുകൾ ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ പോയി മണിയടിച്ച് കടം വാങ്ങുന്നു എന്നുള്ളതാണ്. കോർപ്പറേറ്റുകൾക്ക് മണിയടിക്കുന്നു, ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിന്റെ ഫോർമാലിറ്റി പൂർത്തിയാക്കാൻ മണിയടിക്കുന്നു. അങ്ങനെ ലോകത്തെ വൻകിട കുത്തകകളായ കോർപ്പറേറ്റുകളിൽനിന്ന് മണിയടിച്ച് വാങ്ങുന്ന വലിയ പലിശയ്ക്കാണ് അവർ വായ്പയെടുക്കുന്നത്.

5.00 P.M.]

പണ്ട് എ.ഡി.ബി. വായ്പ മൂന്ന് ശതമാനത്തിന് വാങ്ങിയിരുന്ന സംസ്ഥാനം ഇന്ന് ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽപ്പോയി മണിയടിച്ചുകിട്ടിയ മസാല ബോണ്ടിന് 9.76 ശതമാനം പലിശ കൊടുക്കുകയാണ്. അത്രയും പലിശ കൊടുക്കേണ്ട ഗതികേട് എങ്ങനെ വന്നുവെന്ന് ചോദിച്ചാൽ അതിന്റെ ഉത്തരം നമ്മുടെ കടബാദ്ധ്യത കൂടിക്കൂടി വന്നു എന്നുള്ളതാണ്. കടബാദ്ധ്യത കൂടിക്കൂടി വരുമ്പോൾ നാട്ടിൻപുറത്തുള്ള കടക്കാരന് ആളുകൾ പണം കൊടുക്കാത്തതുപോലെതന്നെ ഇപ്പോൾ കേരളത്തിന്റെ ഈ കടം വച്ചുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഇനിയും പണം ചോദിച്ചാൽ 'നിങ്ങൾക്ക് കടം തരാൻ കഴിയില്ല, നിങ്ങൾക്ക് വീട്ടാൻ കഴിയുമോയെന്ന് സംശയമാണ്' എന്ന് ലോകത്തിലെ കോർപ്പറേറ്റുകളടക്കം എല്ലാവരും പറഞ്ഞുകൊണ്ടിരിക്കുകയാണ്.

അപ്പോൾ സ്വാഭാവികമായും നിലവിലെ കോവിഡിന്റെ പശ്ചാത്തലത്തിൽ ഇത് വെറുതെ തന്നതല്ല, എന്തിനുവേണ്ടിയാണ് ഉപയോഗിക്കുന്നതെന്നുള്ള കണ്ടീഷനിലാണ് നൽകിയത്. അത്തരത്തിൽ നൽകുന്ന ഫണ്ടിനാണ് ഓർഡിനൻസ് ഇറക്കി ഇപ്പോൾ അത് നിയമമാക്കാൻ ശ്രമിക്കുന്നത്. അതിൽത്തന്നെ കൃത്യമായി പറയുന്നുണ്ട്, ഒരു രാജ്യം -ഒരു റേഷൻ കാർഡ് സംവിധാനം നടപ്പിലാക്കുക, ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് അടക്കമുള്ള വ്യാപാരം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുക, തദ്ദേശഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക എന്നെല്ലാമാണ്. തദ്ദേശഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുപകരം ദുർബ്ബലപ്പെടുത്തുകയാണ് ഇപ്പോൾ ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്നത്. ഒരു ഭാഗത്ത് ഇതിനുവേണ്ടി പണം കടമെടുക്കുമ്പോൾ മറുഭാഗത്ത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൊടുക്കേണ്ട ഫണ്ട് വിഹിതവും ഗ്രാന്റും പ്ലാൻ ഫണ്ടുപോലും വെട്ടിച്ചുരുക്കുകയാണ്. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി അവരെ സംരക്ഷിക്കും എന്നാണ് ഞങ്ങൾ കരുതുന്നത്. ധനകാര്യ വകുപ്പുമന്ത്രിയെ ഞാൻ കുറ്റം പറയുകയല്ല, കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ ധൂർത്തും അഴിമതിയുംകൊണ്ട് കേരളത്തെ വലിയ കടത്തിലേയ്ക്ക് തള്ളിവിട്ടിരിക്കുകയാണ്. ഇന്നലെയും ഒരു മന്ത്രി, ഞാൻ മന്ത്രിയുടെ പേര് പറയുന്നില്ല, അദ്ദേഹം ധനകാര്യ വകുപ്പുമന്ത്രിയെ ചൂണ്ടിക്കാണിച്ചുകൊണ്ട് എന്നോട് പറയുകയാണ് 'അദ്ദേഹത്തിന്റെ പക്കൽ കാശ് തരാനില്ല, എന്താണ് ചെയ്യുക' എന്ന്. മന്ത്രിയുടെ നിലപാടിനോട് ഞങ്ങൾ സഹതപിക്കുകയല്ലാതെ വേറെ നിവൃത്തിയില്ല. അഞ്ച് വർഷംകൊണ്ട് ഡോ. ടി. എം. തോമസ് ഐസക് കേരളത്തെ സമ്പന്നമായ സാമ്പത്തികശേഷിയുള്ള ഒരു സംസ്ഥാനമാക്കി മാറ്റുമെന്ന് വിചാരിച്ചപ്പോൾ ഞങ്ങൾക്ക് തെറ്റിപ്പോയി. ബഡ്ജറ്റ് സമ്മേളനത്തിൽ കെ.എസ്.ആർ.ടി.സി-യെക്കുറിച്ചൊക്കെ 'ഞങ്ങൾ മൂന്ന് കൊല്ലംകൊണ്ട് ലാഭകരമാക്കി കാണിച്ചുതരാം' എന്ന് രണ്ട് കയ്യുംവീശി പറഞ്ഞ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിക്ക് സീറ്റ് കൊടുക്കാത്തതിന്റെ കാരണം ഇപ്പോൾ മനസ്സിലായി. സ്വാഭാവികമായും ഇപ്പോഴത്തെ ധനകാര്യ വകുപ്പുമന്ത്രിയെ അതിന് പഴിച്ചിട്ട് കാര്യമില്ല. പക്ഷേ, അതിന്റെ മുഴുവൻ പാപഭാരവും ദുരനുഭവങ്ങളും ഏൽക്കേണ്ടിവരുന്നത് ഇപ്പോഴത്തെ ധനകാര്യ വകുപ്പുമന്ത്രിയാണ് എന്നുള്ളതാണ് ഞങ്ങളുടെ സങ്കടം. തദ്ദേശഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക; ഊർജ്ജ മേഖലയിലെ പരിഷ്കാരങ്ങളെല്ലാം അതിൽ വരുന്നുണ്ട്. നാല് സംസ്ഥാനതല പ്രത്യേക പരിഷ്കാരങ്ങൾക്കുവേണ്ടിയാണ് രണ്ട് ശതമാനം ഫണ്ട് നൽകുന്നത്. അതിനുവേണ്ടിയാണ് അന്നിറക്കിയിട്ടുള്ള ഓർഡിനൻസ് ഇപ്പോൾ നിയമമാക്കാൻ പോകുന്നത്. സാമ്പത്തിക വിദഗ്ദ്ധർ പറയുന്നതുതന്നെ ഇത്തരത്തിൽ

വികസനപ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി എടുക്കുന്ന കടം സുസ്ഥിരവികസനത്തിന് വേണ്ടിയുള്ളതാണെന്നും അതേസമയം ശമ്പളം, പെൻഷൻപോലുള്ള നിത്യനിദാന ചെലവുകൾക്കാണ് ഉപയോഗിക്കുന്നതെങ്കിൽ അത് debt burden ആണെന്നുമാണ്. ആ രീതിയിലേയ്ക്ക് നമ്മുടെ സംസ്ഥാനത്തെ കൊണ്ടെത്തിക്കുന്ന സാമ്പത്തിക നയങ്ങളും പരിപാടികളുമാണ് ഇവിടെ നടത്തുന്നത്. 'ഇതാണ് ഞങ്ങളുടെ രാഷ്ട്രീയ ബദൽ, ഇതാണ് ഞങ്ങളുടെ സാമ്പത്തിക ബദൽ' എന്നൊക്കെപ്പറഞ്ഞ് ശ്രീ. ഡി. കെ. മുരളി പ്രസംഗിച്ചത് ഞങ്ങൾ കേട്ടതാണ്. സാമ്പത്തിക ബദലും രാഷ്ട്രീയ ബദലുമൊക്കെ ഇതാണെന്ന് പറയുമ്പോൾ മറ്റുള്ളവരിൽനിന്നും എന്ത് വ്യത്യാസമാണുള്ളത്? ഇന്നലെ ഇടതുപക്ഷത്തിന്റെ നിർവ്വചനം ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ഇവിടെ പറഞ്ഞു. അദ്ദേഹം പണ്ട് എടുത്തിരുന്ന ക്ലാസ്സും ഇന്നത്തെ ക്ലാസ്സും തമ്മിൽ വ്യത്യാസം വന്നിരിക്കുകയാണ്. എടുക്കുന്ന തീരുമാനം നടപ്പിലാക്കുമ്പോൾ ഇടതുപക്ഷമാകും, അത് നടപ്പിലാക്കാതിരിക്കുമ്പോൾ വലതുപക്ഷമാകുമെന്ന് ഏത് ചെറിയ കുട്ടിക്കും പറഞ്ഞാൽ മനസ്സിലാകുന്ന നിർവ്വചനമാണ് ഇപ്പോൾ അദ്ദേഹം പറയുന്നത്. കാരണം, അതിശക്തമായ ഇടതുപക്ഷ ബദൽ നിങ്ങളുടെ കൈവശമില്ലാത്തതുകൊണ്ടുതന്നെയാണ്. ശക്തമായ സാമ്പത്തിക ബദലായി നിങ്ങൾക്ക് പ്രഖ്യാപിക്കാൻ കഴിയാത്തതുകൊണ്ടാണ് ഇവിടെ എ.ഡി.ബി. വായ്പയെ എതിർത്തവർക്ക് അത് എടുക്കേണ്ടിവന്നതും വേൾഡ് ബാങ്കിൽനിന്നും കടമെടുക്കലിനെ പ്രതിഷേധിച്ചവർക്ക് ഇപ്പോൾ സഹായം അഭ്യർത്ഥിച്ച് ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിലടക്കം മറ്റ് കോർപ്പറേറ്റുകളുടെ മുന്നിൽ നടക്കേണ്ടിവന്നതും. അപ്പോൾ ഇതൊന്നും ഒരു സാമ്പത്തിക ബദലോ രാഷ്ട്രീയ ബദലോ അല്ലെന്നുള്ളത് സത്യമാണ്. അപ്പോൾ ഈയൊരു രീതിയിൽപ്പോയാൽ സംസ്ഥാനത്തിന്റെ കടബാദ്ധ്യത വർദ്ധിച്ചുകൊണ്ടേയിരിക്കും. രാജ്യത്തിനകത്തുനിന്നും പുറത്തുനിന്നും വായ്പയെടുക്കുമ്പോൾ സ്വാഭാവികമായും കേരളത്തിന്റെ വായ്പയെടുക്കാനുള്ള കപ്പാസിറ്റിതന്നെ താഴ്ന്നുപോകുകയാണ്. ഈ രീതിയിൽ കടബാദ്ധ്യതയുടെ തിരിച്ചടവ് പ്രയാസമായി വരും. വാർഷികവരുമാനത്തിന്റെ 18.5% പലിശ മാത്രമായി നൽകേണ്ടിവരികയാണ്. പിന്നെ എങ്ങനെയാണ് കേരളം രക്ഷപ്പെടുക? ഒരിക്കലും രക്ഷപ്പെടാനാകാത്തവിധം അത് മാറിയിരിക്കുന്നു. യു.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിൽ കടമെടുപ്പിനെ എതിർത്തിരുന്നവർ ഇപ്പോൾ കടമെടുക്കുന്നതിനെ ന്യായീകരിക്കുന്നതിനുവേണ്ടി പ്രയാസപ്പെടുകയാണ്. ഇന്നലെയും ദേശാഭിമാനിയുടെ ഓൺലൈൻ പതിപ്പിൽ സുധീർ എന്നുപറയുന്നയാൾ മറ്റ് രാജ്യങ്ങളും കേരളത്തിന്റെ അയൽപക്കക്കാരായ സംസ്ഥാനങ്ങളും കടമെടുക്കുന്നതിനെക്കുറിച്ച് പറഞ്ഞുകൊണ്ട് സംസ്ഥാനത്തിന്റെ കടമെടുപ്പിനെ ന്യായീകരിക്കുകയാണ്. ആ രീതിയിലേയ്ക്ക് പണ്ട് പറഞ്ഞത് മാറ്റിപ്പറയേണ്ട

ഗതികേടിലേയ്ക്ക് നിങ്ങളെത്തിയത് നിങ്ങളുടെ രാഷ്ട്രീയ ബദലിന്റെയും സാമ്പത്തിക ബദലിന്റെയും അപചയം കാരണമാണെന്ന് ഞങ്ങൾ മനസ്സിലാക്കുകയാണ്. ലോകരാജ്യങ്ങളുടെയും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെയും കടങ്ങൾ തമ്മിൽ താരതമ്യം ചെയ്തുകൊണ്ടാണ് ഇതിനെ ന്യായീകരിക്കാൻ ശ്രമിക്കുന്നത്. അപ്പോൾ ഇങ്ങനെയുള്ള കടമെടുപ്പിൽനിന്നും കേരളത്തെ കരകയറ്റാൻ എന്താണ് മാർഗ്ഗം? കാലാകാലങ്ങളിൽ കടം വർദ്ധിച്ചുപോയാൽ നമ്മുടെ സംസ്ഥാനത്ത് ജനിച്ചുവീഴുന്ന ഓരോ കുട്ടിക്കും അത് പ്രയാസമായി മാറും. ആവശ്യത്തിനുള്ള കടമെടുപ്പാണെങ്കിൽ മനസ്സിലാക്കാം. ഇതൊക്കെയാകുമ്പോഴും ഈ സംസ്ഥാനത്ത് നടപ്പിലാക്കേണ്ട പ്രധാനപ്പെട്ട കാര്യങ്ങൾ നടപ്പിലാക്കാതെ പോകുകയാണ്. വലിയ അഴിമതിയാണ് നടക്കുന്നത്. എല്ലാ തലത്തിലും അഴിമതി നടന്നുകൊണ്ടിരിക്കുകയാണ്. ആഡംബരങ്ങളും ദുർവ്യയങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്, ഏതെല്ലാമെന്ന് ഞാൻ പറയേണ്ടതില്ലല്ലോ. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് എത്ര ഉപദേശകന്മാരായിരുന്നു മുഖ്യമന്ത്രിക്കുണ്ടായിരുന്നതെന്ന് നമുക്കെല്ലാവർക്കുമറിയാം. ക്യാബിനറ്റ് റാങ്കുകളുടെ എണ്ണം ഇരുപത്തിയഞ്ചോ ഇരുപത്തിയാറോ ആക്കി മാറ്റിയത് കഴിഞ്ഞ പിണറായി വിജയൻ സർക്കാരാണ്. അതുപോലെതന്നെയാണ് ഹെലിക്കോപ്റ്ററിന് വാടകയിനത്തിൽ കൊടുക്കുന്നതും. എല്ലാവരും പറഞ്ഞ കാര്യങ്ങൾ ഞാൻ ആവർത്തിക്കുന്നില്ല. കൊട്ടുംകൊലയ്ക്ക് ശിക്ഷിക്കപ്പെട്ട കൊലയാളികളെ രക്ഷിക്കുന്നതിനായി സുപ്രീംകോടതിയിലേതടക്കമുള്ള പ്രഗത്ഭരായ വക്കീലന്മാരെ കൊണ്ടുവരാൻ ചെലവഴിച്ച ഭീമമായ തുക, കഴിഞ്ഞ ഗവൺമെന്റിന്റെ മന്ത്രിമാർ നടത്തിയ വിദേശ യാത്രകൾ എന്നിവ പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. ഹെലികോപ്റ്ററിനുവേണ്ടി 22 കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. അങ്ങനെയുള്ള ദുർവ്യയങ്ങളും മറ്റും ഒരു ഭാഗത്ത് നടത്തിക്കൊണ്ടിരിക്കുകയാണ്. സംഘടനാ പ്രതിനിധികളുടെ യോഗം നടത്തുന്നതിനുപോലും 750 രൂപയുടെ പേന കൊടുത്ത വാർത്തകളൊക്കെയാണ് കഴിഞ്ഞ വർഷത്തെ കണക്കിൽ വന്നിട്ടുള്ളത്. അങ്ങനെയുള്ള ഒരുപാട് അമിത ചെലവുകളുണ്ട്. അതോടൊപ്പംതന്നെ ജി.എസ്.ടി-യുടെ കാര്യം എല്ലാവരും പറഞ്ഞു. പെട്രോളിനെയും ഡീസലിനെയും പാചക വാതകത്തിനെയും ജി.എസ്.ടി-യുടെ പരിധിയിൽ കൊണ്ടുവരുന്നതിനെ എതിർത്തയാളാണ് ധനകാര്യ വകുപ്പുമന്ത്രി. അക്കാര്യത്തിൽ ഞങ്ങളൊക്കെ സന്തോഷിച്ചു. ധനകാര്യ വകുപ്പിന് കുറച്ച് ഫണ്ട് കുറയുമെന്നുള്ളത് സത്യമാണ്. ഞാനൊക്കെ എം.എൽ.എ. ആകുന്ന സമയത്ത് 43 രൂപയായിരുന്നു ഒരു ലിറ്റർ പെട്രോളിന്റെ വില. ഇന്നത് 104 രൂപയിലേയ്ക്ക് എത്തിയിരിക്കുന്നു. എം.എൽ.എ-മാർക്ക് കൂപ്പണൊക്കെ തരുന്നുണ്ട്, പക്ഷേ, അന്നുള്ള കൂപ്പണാണ് ഇന്നുംതരുന്നത്, അത് ഞങ്ങളെല്ലാവർക്കുമുള്ള ഒരു

പ്രയാസമാണ്, അത് പ്രത്യേകം പറയേണ്ട കാര്യമില്ല. പെട്രോളിന്റെയും ഡീസലിന്റെയും വില കൂട്ടുമ്പോൾ, അത് ജി.എസ്.ടി.യുടെ പരിധിയിൽ വരുമ്പോൾത്തന്നെ ഞങ്ങൾ സമാധാനിച്ചു, നമ്മുടെ ധനകാര്യ വകുപ്പുമന്ത്രിയാണ് അതിന് നേതൃത്വം നൽകിയത്. സാമ്പത്തിക പ്രയാസത്തിന്റെ കാര്യത്തിലാണ് അദ്ദേഹം എതിർത്തത് എങ്കിൽപ്പോലും ജി.എസ്.ടി-യുടെ പരിധിയിലേയ്ക്ക് അത് കൊണ്ടുവരികയാണെങ്കിൽ സ്വാഭാവികമായും പെട്രോളിന്റെയും ഡീസലിന്റെയും വില 30-40 ശതമാനം വരെ കുറയുമെന്നുള്ളതായിരുന്നു വസ്തുത. ഇങ്ങനെയുള്ള വികസനത്തിനുവേണ്ടി പണം മുടക്കിയോ? അങ്ങനെ ഒരുപാട് കാര്യങ്ങളുണ്ട്. ഇന്നലെ പ്ലസ് വണ്ണിനും ബിരുദ പഠനത്തിനുമൊക്കെ ആവശ്യത്തിനുള്ള സീറ്റില്ലാത്തതിന്റെ പേരിൽ അടിയന്തരപ്രമേയം അവതരിപ്പിച്ചു. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞ കണക്കുകളൊക്കെ തെറ്റാണ്. അദ്ദേഹം ഈ സഭയിൽ കഴിഞ്ഞ പ്രാവശ്യം പറഞ്ഞ കണക്കുകളല്ല ഇന്നലെ പറഞ്ഞത്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇന്നലെ പറഞ്ഞ കണക്കാണോ അതോ കഴിഞ്ഞ നിയമസഭയിൽ പറഞ്ഞ കണക്കാണോ ശരിയെന്നുള്ളത് ഞങ്ങൾക്കറിയില്ല. എല്ലാ കുട്ടികൾക്കും സീറ്റുണ്ടെന്ന് പറയുമ്പോൾ തിരുവനന്തപുരത്തും മലബാറിലുള്ള എല്ലാ ജില്ലകളിലും ഒരുപാട് സീറ്റുകളുടെ കുറവുണ്ട് എന്നാണ് ജൂലൈ 19-ന് ഇറങ്ങിയ ദേശാഭിമാനി പത്രത്തിൽ വാർത്ത വന്നിരിക്കുന്നത്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി അത് വായിക്കണം. നേരത്തെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവൊക്കെ പറഞ്ഞതുപോലെ കേരളത്തെ ഒരു യൂണിറ്റായി കാണുകയാണെങ്കിൽ സീറ്റുണ്ട് എന്ന് വേണമെങ്കിൽ വാദിക്കാം. മലപ്പുറം ജില്ലയിൽ ദേശാഭിമാനി പറയുന്ന കണക്കനുസരിച്ച് ആകെ പാസ്സായ കുട്ടികൾ 75,527 ആണെങ്കിൽ ആകെയുള്ള സീറ്റ് 53,225 ആണ്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, പ്ലസ് ടു കുട്ടികളുടെ കാര്യം ഇവിടെ എല്ലാവരും അവതരിപ്പിച്ചു. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ വരെ അതിനോട് അനുഭാവം പ്രകടിപ്പിച്ച് ഇന്നലെ ശ്രദ്ധക്ഷണിക്കൽ കൊണ്ടുവന്നു. സ്റ്റേറ്റ് ഒറ്റ യൂണിറ്റാക്കിയെടുത്തിട്ടാണ് സീറ്റുണ്ടെന്ന് പറയുന്നത്. മുഴുവൻ എ-പ്ലസ് കിട്ടിയ കുട്ടിക്ക് സയൻസിന് സീറ്റ് ലഭിക്കാതെ ഹിസ്റ്ററിക്ക് കിട്ടും. ഹിസ്റ്ററിക്ക് സീറ്റ് ലഭിച്ചിട്ടും ചേർന്നിട്ടില്ലെങ്കിൽ സീറ്റ് അനുവദിച്ചു, പക്ഷേ, ഇത്രായിരങ്ങൾ ചേർന്നില്ലെന്ന് പറയും. മുഴുവൻ എ-പ്ലസ് കിട്ടിയ കുട്ടി ആഗ്രഹിക്കുന്നത് സയൻസ് പഠിക്കാനാണ്. പക്ഷേ, അവന് കിട്ടുന്നത് ഹ്യൂമാനിറ്റീസാണ്. ഹ്യൂമാനിറ്റീസ് കിട്ടിയാൽ ആ കുട്ടി പോകില്ല. എങ്ങനെയെങ്കിലും സയൻസ് കിട്ടുന്നതുവരെ കാത്തിരിക്കും. അതുകൊണ്ടാണ് സീറ്റ് അനുവദിച്ചിട്ടും കുട്ടി എടുത്തില്ലായെന്ന് പറയുന്നത്. അത് നിരർത്ഥകമാണ്. തിരൂരുള്ള കുട്ടിക്ക് നിലമ്പൂരിൽ കിട്ടിയാലോ

അല്ലെങ്കിൽ പാലക്കാടുള്ള കുട്ടിക്ക് അട്ടപ്പാടിയിൽ കിട്ടിയാലോ ജില്ലാടിസ്ഥാനത്തിൽ പോകാൻ കഴിയില്ല. അതുകൊണ്ട് ജില്ല ഒരു യൂണിറ്റായി എടുക്കുന്നത് ശരിയല്ല. താലൂക്കടിസ്ഥാനത്തിൽ എത്ര കുട്ടികൾ ജയിച്ചുവെന്നും ആ താലൂക്കിൽ എത്ര പ്ലസ് വൺ സീറ്റുകൾ ലഭ്യമാണെന്നും അതിനനുസൃതമായി ക്രമീകരിക്കുന്ന പുതിയ സംവിധാനം സംസ്ഥാനമൊട്ടാകെ വരികയും വേണം. ഒരു താലൂക്കിൽ ജയിച്ച കുട്ടിക്ക് ആ താലൂക്കിൽതന്നെ പഠിക്കാൻ അവസരമുണ്ടാകണം. ആ രീതിയിൽ ആവശ്യമായ ബാച്ചുകളും കോഴ്സുകളും അനുവദിച്ച് പുന:സംവിധാനം നടത്തുകയല്ലേ വേണ്ടതെന്ന് അങ്ങേയ്ക്ക് അഭിപ്രായമുണ്ടോ?

ശ്രീ. ടി. വി. ഇബ്രാഹിം: സർ, മണ്ണാർക്കാട് എം.എൽ.എ. ശ്രീ. എൻ. ഷംസുദ്ദീൻ പറഞ്ഞത് പ്രസക്തമായ കാര്യമാണ്. സ്റ്റേറ്റിനെ ഒരു യൂണിറ്റായി കാണുന്നതിനുപകരം ഓരോ താലൂക്കിനേയും ഒരു യൂണിറ്റായി കണ്ടാൽ എല്ലാ കുട്ടികൾക്കും അഡ്മിഷൻ നൽകാൻ സാധിക്കും. അത്തരം സാഹചര്യമുണ്ടാക്കേണ്ടത് ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണ്. ഞാൻ പറഞ്ഞ കണക്കുകളിലേയ്ക്കുതന്നെ വരാം. 44430 കുട്ടികൾ പാസ്സായ കോഴിക്കോട് ജില്ലയിൽ 34472 സീറ്റുകളാണുള്ളത്. 38518 കുട്ടികൾ പാസ്സായ പാലക്കാട് ജില്ലയിൽ 32561 സീറ്റുകളാണുള്ളത്. മലപ്പുറത്ത് 22000 സീറ്റുകളുടെ കുറവാണ്. ഇത് ദേശാഭിമാനി പറഞ്ഞ കണക്കാണ്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, എസ്.എസ്.എൽ.സി. പാസ്സായ കുട്ടികൾക്ക് പ്ലസ് വണ്ണിന് അഡ്മിഷൻ കിട്ടുന്നില്ലെന്ന് പറയുമ്പോൾത്തന്നെ, 75000 കുട്ടികളാണ് മലപ്പുറം ജില്ലയിൽ പാസ്സായത്. 55000 സീറ്റുകളാണ് നിലവിൽ പ്ലസ് വൺ അഡ്മിഷനുവേണ്ടിയുള്ളത്. എന്നാൽ അവിടെ Industrial Training Institutes (ITI)-ക്കോ പോളിടെക്നിക്കിനോ ഐ.ടി.സി.-ക്കോ മറ്റിതര കോഴ്സുകളിലേയ്ക്ക് പോകുന്ന കുട്ടികൾക്കോ അല്ലെങ്കിൽ മറ്റ് ജില്ലകളിൽ പഠിക്കണമെന്ന് താൽപ്പര്യപ്പെടുന്ന കുട്ടികൾക്കോ കേരളം ഒരു യൂണിറ്റെന്ന നിലയ്ക്ക് എടുക്കുമ്പോഴുള്ള സാദ്ധ്യതകളെക്കുറിച്ച് അങ്ങ് മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഇക്കാര്യം താങ്കൾക്ക് നിയമസഭയിൽ ഭംഗിയായി പറയാം, പക്ഷേ, പാലക്കാട് പോയി പറയാൻ കഴിയില്ല. സ്വന്തം നിയോജകമണ്ഡലത്തിലെ എല്ലാ കുട്ടികൾക്കും സീറ്റ് വാങ്ങിക്കൊടുക്കാൻ കഴിയില്ല. ഇത് എസ്.എസ്.എൽ.സി-യുടെ കണക്ക് മാത്രമാണ്, അതേസമയം സി.ബി.എസ്.ഇ-യുടെ കുട്ടികൾ വരാനുണ്ട്. മറ്റ് സമാനമായ കോഴ്സുകളിൽനിന്നും പാസ്സാകുന്ന കുട്ടികളും വരാനുണ്ട്. അവർക്കൊക്കെ എവിടെയാണ് സീറ്റ് ലഭിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി ഇന്നലെ സഭയിൽ പറഞ്ഞ കണക്കും കഴിഞ്ഞ സഭയിൽ പറഞ്ഞ കണക്കും വ്യത്യസ്തമാണ്.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, കാസർഗോഡ് ജില്ലയിലെ 25 ശതമാനത്തിലധികം കുട്ടികളും കേരളത്തിൽ എസ്.എസ്.എൽ.സി. പഠിച്ച് പാസ്സായാൽ മംഗലാപുരത്ത് Pre-University Course (PUC)-നാണ് ആദ്യ വർഷവും രണ്ടാം വർഷവും ചേരാറുള്ളത്. ഇപ്രാവശ്യം അതിർത്തി തുറക്കുന്നില്ലെന്ന കാര്യം എല്ലാവർക്കുമറിയാം. ഇക്കാര്യത്തിൽ ബഹുമാന്യരായ മുഖ്യമന്ത്രിയും ചീഫ് സെക്രട്ടറിയും ഇടപെട്ടു. നമ്മുടെ കുട്ടികൾക്ക് മംഗലാപുരത്ത് പഠിക്കാൻ കഴിയാത്ത ഒരു സാഹചര്യം നിലനിൽക്കുകയാണ്. അവർ പോകുന്നതിനെ നിരുത്സാഹപ്പെടുത്തണമെന്ന അഭിപ്രായക്കാരനാണ് ഞാൻ. കോവിഡ് കഴിഞ്ഞ് അഡ്മിഷന്റെ കാലം വരുമ്പോൾ എന്റെ ജില്ലയിലെ അതിർത്തിപ്രദേശത്ത് കഴിഞ്ഞ ഒരുപാട് വർഷങ്ങളായി മംഗലാപുരത്തേയ്ക്ക് PUC first year-ന് പോകുന്ന കുട്ടികൾക്ക് സീറ്റില്ലാത്ത ഒരു അവസ്ഥ വരുന്നു. മഞ്ചേശ്വരം, കാസർഗോഡ് നിയോജകമണ്ഡലങ്ങളിലുള്ള കുട്ടികൾ സീറ്റില്ലാതെ പ്രയാസപ്പെടുന്ന ഒരു അവസ്ഥ നിലനിൽക്കുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി. വി. ഇബ്രാഹിം: സർ, തീർച്ചയായും. മഞ്ചേശ്വരം എം.എൽ.എ. പറയുന്നത് പ്രസക്തമാണ്. ആവശ്യമുള്ള സംഗതികളിലേയ്ക്ക് ഫണ്ട് ചെലവഴിക്കുന്നതിനെ സാമ്പത്തിക ബാദ്ധ്യതയെന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞതുപോലെ ഗവൺമെന്റും പറഞ്ഞ് ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞുമാറുന്നു. ഹയർ സെക്കൻഡറി വിദ്യാഭ്യാസം സാർവ്വത്രികമാക്കിയ സംസ്ഥാനമാണിത്. വിദ്യാഭ്യാസ അവകാശ നിയമവും നിലവിൽ ഫെഡറൽ സിസ്റ്റവുമുള്ള സംസ്ഥാനമാണ് കേരളം. എല്ലാ കുട്ടികൾക്കും ഹയർ സ്റ്റഡീസിന് സീറ്റ് ലഭിക്കുക എന്നത് അവരുടെ അവകാശമാണ്. അത് കൊടുക്കുമ്പോൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയും സാമ്പത്തിക ബാദ്ധ്യതയെക്കുറിച്ച് പറയുന്നു. ധൂർത്തിനും മറ്റും പണമുണ്ട്. ഹയർ സ്റ്റഡീസിന്റെ കാര്യം ഇതിലേറെ പരിതാപകരമാണ്. ഞാൻ അതിന്റെ കണക്കിലേയ്ക്ക് ഇപ്പോൾ പോകുന്നില്ല. എന്നാൽ ഇതുപോലെയുള്ള ദുരുപയോഗത്തിനും ഹെലികോപ്റ്ററിന് 22 കോടി രൂപ വാടക കൊടുക്കാനുമൊക്കെ പണമുണ്ട്. അതുകൊണ്ടാണ് ഈ ഭേദഗതി പൊതുജനാഭിപ്രായത്തിന് വിടണമെന്ന് ഞങ്ങൾ പറയുന്നത്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, പ്ലസ് വൺ അഡ്മിഷനുള്ള സീറ്റുകളുടെ കുറവുകൾ സംബന്ധിച്ച് പറഞ്ഞു. ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി 1:30, 1:35 എന്ന സംവിധാനം നിലവിലുണ്ട്. 1:40 ആണെങ്കിൽത്തന്നെ കഴിഞ്ഞ വർഷം 10 ശതമാനവും ഇപ്പോൾ 20 ശതമാനവും കൂട്ടി ഏകദേശം 65 കുട്ടികൾ ക്ലാസ്സ് റൂമിൽ വരികയാണ്. ഇപ്പോൾ ഓൺലൈനായതുകൊണ്ട് ക്ലാസ്സെടുക്കാൻ പറ്റുന്നില്ലായെന്നുള്ളത് ശരിയാണ്. പക്ഷേ, 65 കുട്ടികൾ ഒരു

ക്ലാസ്സിൽ വന്ന് പ്ലസ് വണ്ണിന് പഠിക്കാനിരുന്നാൽ ആ കുട്ടികൾക്ക് നമ്മൾ ഉദ്ദേശിക്കുന്ന തരത്തിലുള്ള വിദ്യാഭ്യാസം നൽകാൻ കഴിയുമോ; അദ്ധ്യാപകർക്ക് ജോലിഭാരം താങ്ങാൻ കഴിയുമോ; അതിന്റെ പ്രയാസങ്ങളെക്കുറിച്ച് അങ്ങ് മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. ടി. വി. ഇബ്രാഹിം: സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ പറഞ്ഞത് പ്രസക്തമായ കാര്യമാണ്. ഞാൻ പ്രീ-ഡിഗ്രിക്ക് പഠിച്ചിരുന്നപ്പോൾ ഒരു ബാച്ചിൽ 86 കുട്ടികളുണ്ടായിരുന്നു. അന്ന് ഇന്റേണൽ അസസ്സ്മെന്റില്ല. ഞങ്ങളൊക്കെ തേർഡ് ഗ്രൂപ്പായിരുന്നു പഠിച്ചിരുന്നത്. അന്നും സെക്കൻഡ് ഗ്രൂപ്പും ഫസ്റ്റ് ഗ്രൂപ്പുമുണ്ടായിരുന്നു. 2018-ലെ കോടതി വിധിയനുസരിച്ച് 50-ലധികം കുട്ടികൾക്ക് ഒരു ക്ലാസ്സിൽ അഡ്മിഷൻ കൊടുക്കരുതെന്ന് പറയുന്നുണ്ട്. കോടതിയുടെ ഡയറക്ഷൻ മറികടന്നുകൊണ്ട് മലബാറിലെ 60 കുട്ടികൾക്ക് എങ്ങനെയാണ് ഇന്റേണൽ അസസ്സ്മെന്റ് നടത്തുക? എങ്ങനെയാണ് അവരെ ലാബിൽ കൊണ്ടുപോകുക? 20x30-ന്റെ സ്പേയ്സുള്ള ലാബിൽ നാലും അഞ്ചും ബാച്ചുള്ള 500 കുട്ടികളെ കൊണ്ടുപോയി എങ്ങനെയാണ് പ്രാക്ടിക്കൽ ചെയ്യാൻ കഴിയുക? അങ്ങനെയുള്ള ഒരുപാട് പ്രശ്നങ്ങളുണ്ട്. ഈ കാര്യങ്ങളൊക്കെയാണ് സാമ്പത്തികപ്രശ്നം പറയാതെ പരിഹരിക്കപ്പെടേണ്ടത്. ഉന്നത വിദ്യാഭ്യാസ രംഗത്ത് മലപ്പുറം ജില്ലയിൽ പ്ലസ് ടു പാസ്സാകുന്ന 7.92 ശതമാനം കുട്ടികൾക്ക് മാത്രമാണ് ഗവൺമെന്റ് കോളേജുകളിലും എയ്ഡഡ് കോളേജുകളിലും സീറ്റ് ലഭിക്കുന്നത്. ഈ അന്തരം അവസാനിപ്പിക്കണ്ടേ; പുതിയ കോളേജ് അനുവദിക്കുമ്പോൾ മാനദണ്ഡം മാറ്റണ്ടേ? കഴിഞ്ഞ പ്രാവശ്യം ഡോ. കെ. ടി. ജലീൽ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്നപ്പോൾ കോളേജുകൾ അനുവദിച്ചു. മലബാറിലോ പിന്നോക്ക പ്രദേശത്തോ അല്ലെങ്കിൽ വിദ്യാഭ്യാസസൗകര്യത്തിന് ക്ഷാമമുള്ള സ്ഥലങ്ങളിലേയ്ക്കോ കൂടുതൽ കോഴ്സുകളും കോളേജുകളും അനുവദിക്കുന്നതിനുള്ള മാനദണ്ഡമായിരുന്നു നിശ്ചയിക്കേണ്ടിയിരുന്നത്. അതിനുപകരം നേരത്തെയുണ്ടായ കോളേജുകൾക്ക് കോഴ്സുകൾ അനുവദിക്കുന്ന വിധത്തിലാണ് കഴിഞ്ഞ പ്രാവശ്യം മാനദണ്ഡം നിശ്ചയിച്ചത്.

ഡോ. കെ. ടി. ജലീൽ: സർ, ശ്രീ. ടി. വി. ഇബ്രാഹിം, ഉന്നത വിദ്യാഭ്യാസ മേഖലയിൽ കോളേജുകൾ അനുവദിച്ചപ്പോൾ എല്ലാവർക്കും കിട്ടേണ്ട തരത്തിലല്ല പൊതുമാനദണ്ഡം നിശ്ചയിച്ചതെന്ന് പറയുകയുണ്ടായി. മലപ്പുറം ജില്ലയിൽ ഏകദേശം 190 കോഴ്സുകൾ അനുവദിച്ചതിൽ ഏത് കോളേജിനാണ് ഗവൺമെന്റ്/എയ്ഡഡ് മേഖലയിൽ കോഴ്സുകൾ ലഭിക്കാതിരുന്നിട്ടുള്ളത്?

അറബിക് കോളേജുകളുൾപ്പെടെ പരമാവധി എല്ലാ കോളേജുകൾക്കും കോഴ്സുകൾ അനുവദിച്ചുനൽകി. പിന്നെയുള്ളത് സ്വാശ്രയ കോളേജുകളാണ്. രണ്ട് വർഷമായി മൂന്ന് കോഴ്സുകൾ വീതമാണ് ഓരോ കോളേജിനും നൽകിയത്. അങ്ങനെ മലപ്പുറം ജില്ലയിലും മലബാറിലുമടക്കം കേരളത്തിൽ ഏതാണ്ട് 35000 സീറ്റുകളാണ് ഒറ്റയടിക്ക് വർദ്ധിപ്പിക്കാൻ സാധിച്ചത്. കൊണ്ടോട്ടി നിയോജക മണ്ഡലത്തിലുൾപ്പെട്ട കോളേജിലെ കോഴ്സ് ഉദ്ഘാടനം ചെയ്യുന്നതിനുവേണ്ടി ഞാൻ വന്നത് അങ്ങേയ്ക്ക് ഓർമ്മയുണ്ടാകുമല്ലോ; ഏത് ഗവൺമെന്റ് കോളേജിലാണ് കോഴ്സ് അനുവദിക്കാതിരുന്നത്? എല്ലാ കോളേജുകൾക്കും കോഴ്സുകൾ അനുവദിച്ചു. മലപ്പുറം ജില്ലയിലെ എയ്ഡഡ് കോളേജായ ആതവനാട്ടുള്ള പൂക്കോയ തങ്ങൾ മെമ്മോറിയൽ വിമൻസ് കോളേജിന് പുതിയ കെട്ടിടങ്ങൾപോലും ഉണ്ടായിരുന്നില്ല. പിന്നോക്ക പ്രദേശത്തുള്ള കോളേജിന് കോഴ്സ് അനുവദിച്ചു. അങ്ങനെ മലബാറിനോടും മലപ്പുറത്തോടും ഒരു അവഗണനയും കാണിക്കാത്ത സർക്കാരിനെ, അങ്ങനെ കാണിക്കുന്ന സർക്കാരാണെന്ന് പറയുന്നത് നീതികേടാണ്, അത് ശരിയല്ല.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഗവൺമെന്റ് ബോധപൂർവ്വം അവഗണിച്ചുവെന്നല്ല ഞാൻ പറഞ്ഞത്. അവഗണനയുണ്ടായിട്ടുണ്ട്, എന്നാൽ ബോധപൂർവ്വം അവഗണിച്ചുവെന്ന് ഞാൻ പറയുന്നില്ല. പക്ഷേ, സർക്കാർ മാനദണ്ഡം തയ്യാറാക്കിയപ്പോൾ നാക് അക്രെഡിറ്റേഷന്റെ 'ബി' ഗ്രേഡില്ല എന്ന തരത്തിലുള്ള കുറേ മാനദണ്ഡങ്ങൾവച്ചു. ആ മാനദണ്ഡങ്ങളൊക്കെ മുമ്പുണ്ടായിരുന്ന കോളേജുകൾക്ക് ആർജ്ജിക്കാൻ കഴിയുന്ന തരത്തിലുള്ളതായിരുന്നു. അതിന്റെ ഫലമായി, എന്റെ ഓർമ്മ ശരിയാണെങ്കിൽ ഏകദേശം 165 കോഴ്സുകൾ വന്നപ്പോൾ അതിൽ 60 കോഴ്സുകളോളമാണ് മലപ്പുറം ജില്ലയ്ക്ക് അനുവദിച്ചത്. മലപ്പുറത്തുള്ള എല്ലാ കോളേജുകളിലും ഓരോ കോഴ്സ് അനുവദിച്ചതുകൊണ്ട് പ്രശ്നം പരിഹരിക്കുന്നില്ല. നേരത്തെതന്നെ വയറുനിറഞ്ഞിരിക്കുന്നവർക്ക് പിന്നെ ബിരിയാണി നൽകേണ്ടതില്ല. നേരത്തെ പട്ടിണികിടക്കുന്നവർക്ക് കഞ്ഞിയെങ്കിലും നൽകാൻ തയ്യാറാകണം. അങ്ങനെയാണ് മാനദണ്ഡം തയ്യാറാക്കേണ്ടത്. മലപ്പുറം ജില്ലയിലെ കോളേജുകളിലേയ്ക്ക് കോഴ്സ് അനുവദിച്ചതുകൊണ്ട് പ്രശ്നം അവസാനിക്കുന്നില്ല. ഡോ. കെ. ടി. ജലീലിന്റെ നിയോജകമണ്ഡലത്തിലെ കോളേജിലെ കാര്യം ഞാൻ പറയാം, 2011-2016-ൽ നിലനിന്നിരുന്ന യു.ഡി.എഫ്. ഗവൺമെന്റ് കൃത്യമായ മാനദണ്ഡം നിശ്ചയിച്ചിരുന്നു. അന്ന് ഡോ. കെ. ടി. ജലീലിന്റെ നിയോജകമണ്ഡലത്തിലടക്കം കോളേജില്ലാത്ത എല്ലാ നിയോജക മണ്ഡലങ്ങളിലും കോളേജ് അനുവദിക്കാൻ തീരുമാനിക്കുകയും അങ്ങനെ കോളേജില്ലാത്ത എല്ലാ നിയോജകമണ്ഡലങ്ങളിലും ഓരോ ഗവൺമെന്റ് കോളേജുകൾ

അനുവദിക്കുകയും ചെയ്തു. അങ്ങനെയാണ് ഡോ. കെ. ടി. ജലീലിന്റെ നിയോജകമണ്ഡലത്തിലൂൾപ്പെടെ കോളേജ് വന്നത്. അതേസമയം ഡോ. കെ. ടി. ജലീൽ മന്ത്രിയായപ്പോൾ കണക്കാക്കിയ മാനദണ്ഡം നേരത്തെയുണ്ടായിരുന്ന കോളേജുകൾക്ക് കോഴ്സുകൾ കൂടുതലായി ലഭിക്കുന്നതിനുവേണ്ടിയുള്ളതായിരുന്നു. അത് ബഹുമാനപ്പെട്ട ഇപ്പോഴത്തെ ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി തിരുത്തുമെന്നാണ് കരുതുന്നത്. അതിനാണ് ധനകാര്യ വകുപ്പിന്റെ പിന്തുണ വേണ്ടത്. പണം കടമെടുക്കുകയാണെങ്കിൽ അതിനാണ് ചെലവഴിക്കേണ്ടത്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, അങ്ങനെ നൽകിയതിൽ തന്നെ സാമൂഹിക സന്തുലിതാവസ്ഥയുടെ വ്യത്യാസമുണ്ട്. മലബാറിൽ മുമ്പുണ്ടായിരുന്ന ഇൻടേക്കും കോഴ്സിന്റെ നമ്പരും കോളേജുകളുടെ നമ്പരും താങ്കളുടെ കൈവശം കാണുമല്ലോ; മലബാറിൽ ഒരു കോഴ്സിൽ ഇൻടേക്ക് എത്രയാണ്, എത്ര കോളേജുകളിൽ എത്ര കോഴ്സാണ് എന്ന വിവരങ്ങളുമുണ്ടാകും. സാമൂഹിക അസന്തുലിതാവസ്ഥ മാറ്റുന്നതിനുവേണ്ടി, കേരളത്തെ ഒരു യൂണിറ്റായി കാണുമ്പോൾ ഓരോ കോഴ്സ് വീതം നൽകിയാൽ ഇവിടെ പതിനഞ്ചെണ്ണമുള്ളത് പതിനാറാകുകയും മലബാറിൽ രണ്ടെണ്ണമുള്ളത് മൂന്നെണ്ണമാകുകയും ചെയ്യും. അവിടെ പത്ത് വിദ്യാർത്ഥികൾ അഡ്മിഷനെടുക്കുമ്പോൾ ഇവിടെ ഇരുപത്തിയഞ്ച് വിദ്യാർത്ഥികൾ അഡ്മിഷനെടുക്കും. ആ വ്യത്യാസം ഒഴിവാക്കുന്നതിനുള്ള നിലപാട് നടത്തിയില്ലായെന്നതാണ് പരിതാപകരമായ അവസ്ഥ. അത് മാറ്റുന്നതിനുള്ള നിലപാട് സ്വീകരിക്കാൻ കഴിയുമോയെന്ന് പരിശോധിക്കപ്പെടേണ്ടതല്ലേയെന്നാണ് എന്റെ ചോദ്യം?

ഡോ. കെ. ടി. ജലീൽ: സർ, ഏത് മാനദണ്ഡങ്ങൾ വച്ചാലും മലബാറിലെയും മലപ്പുറത്തെയും കോളേജുകൾ ആ മാനദണ്ഡങ്ങൾക്കനുസൃതമായി ഉയർന്നിട്ടുള്ളവയാണ്. മാനദണ്ഡം മാറുന്നതുകൊണ്ട് നമുക്ക് വേണ്ടത്ര കോഴ്സുകൾ ലഭിക്കില്ലെന്ന് വെറുതെ വിചാരിക്കുകയാണ്. നമ്മുടെ ജില്ലയെയും മലബാറിലെ പ്രശസ്തമായ കോളേജുകളെയും തമ്മിൽ അങ്ങനെ വിലകുറച്ചുകാണുകയാണ് ചെയ്യുന്നത്. കേരളം രൂപീകൃതമായത് മുതൽ ബ്രിട്ടീഷ് ഗവൺമെന്റിന്റെ ഭരണത്തിൻകീഴിൽ ആയതുകൊണ്ട് മലബാറിൽ പൊതുവേ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും എയ്ഡഡ് കോളേജുകളുടെയും കുറവുണ്ടായിരുന്നു. തിരു-കൊച്ചി മേഖലയിൽ നിരവധി ക്രിസ്ത്യൻ മിഷണറിമാരുടെ കോളേജുകൾ അവർ ആരംഭിച്ചിരുന്നു. അത് ചരിത്രപരമായി മലബാറിൽ നിലനിന്നിരുന്ന പ്രശ്നമായിരുന്നു. അത് മാറ്റിയെടുക്കാൻ ഒറ്റയടിക്ക് കഴിയില്ല. ഒരു പാർട്ടിയെന്നുള്ള നിലയിൽ അധികകാലം മുസ്ലീം ലീഗാണ് വിദ്യാഭ്യാസ വകുപ്പ് കൈകാര്യം

ചെയ്തത്. എന്നിട്ടുപോലും ലീഗിന് അസമത്വം ഒരു പ്രഭാതംകൊണ്ടോ ഒരു വർഷംകൊണ്ടോ പത്തോ പതിനഞ്ചോ ഇരുപത്തിയഞ്ചോ വർഷംകൊണ്ടോ മാറ്റിയെടുക്കാൻ സാധിച്ചിട്ടില്ല. ക്രമാനുഗതമായി മാത്രമേ അതിന് സാധിക്കുകയുള്ളൂ. അതിനാണ് സർക്കാർ ശ്രമിക്കുന്നത്. ആ ശ്രമം നടത്തുമ്പോൾ അതിന് തുരങ്കം വയ്ക്കുന്ന നിലപാട് ഉണ്ടാകരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, മലപ്പുറം ജില്ലയിലും വിദ്യാഭ്യാസ സൗകര്യങ്ങൾ വിപുലീകരിക്കാൻ മുൻകയ്യെടുത്തിട്ടുള്ളത് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ഭരിക്കുമ്പോഴാണ്. കഴിഞ്ഞ അഞ്ച് വർഷക്കാലം നല്ലരീതിയിൽ കോളേജുകളും കോഴ്സുകളും നിലവിൽ വന്നിട്ടുണ്ട്. മലപ്പുറം ജില്ല രൂപീകരിച്ചത് ഇ.എം.എസ്. നമ്പൂതിരിപ്പാടാണ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഈ വിഷയത്തിൽ ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിയും ഇടപെട്ടു. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ പറഞ്ഞ കാര്യത്തെ ഞാൻ ശരിവയ്ക്കുകയാണ്. ഡോ. കെ. ടി. ജലീൽ ഇവിടെ സൂചിപ്പിച്ച കാര്യം, അങ്ങനെ മാനദണ്ഡം നിശ്ചയിക്കുമ്പോൾ മലബാറും മലപ്പുറവും പിന്നിലായതുകൊണ്ട് അതിനെ ഉയർത്തിക്കൊണ്ടു വരുന്നതിനുള്ള മാനദണ്ഡങ്ങളാണ് കണക്കാക്കേണ്ടത് എന്നാണ്. ഇപ്പോൾ ഒരു മാനദണ്ഡം നിശ്ചയിക്കാമായിരുന്നു. മലപ്പുറത്തും മലബാർ മേഖലയിലുള്ള ഓരോ ജില്ലയിലും എത്ര വിദ്യാർത്ഥികൾ പ്ലസ് ടു പരീക്ഷ പാസ്സായി എന്നതനുസരിച്ച്, സ്റ്റുഡന്റ്സ് എൻറോൾമെന്റ് കണക്കാക്കി, കോഴ്സുകളും കോളേജുകളും അനുവദിക്കാമായിരുന്നു. എന്നാൽ അങ്ങനെ ചെയ്തിട്ടില്ല. മുമ്പുണ്ടായിരുന്ന മഹാരാജാസ് പോലെയുള്ള കോളേജുകളുടെ അടുത്ത് മലപ്പുറം ഗവൺമെന്റ് കോളേജ് എത്തുമോ; ശ്രീ. എ. വിജയരാഘവനും ഞങ്ങളുമൊക്കെ പഠിച്ച മലപ്പുറം ഗവൺമെന്റ് കോളേജ് സുവർണ്ണ ജൂബിലി ആഘോഷിക്കാൻ പോകുകയാണ്. ഇപ്പോഴും ആ കോളേജിൽ ആവശ്യത്തിന് പി.ജി. കോഴ്സുകളില്ല. കോഴ്സുകൾ കുറവുള്ള സ്ഥലങ്ങളിലേയ്ക്ക് കൂടുതൽ കോഴ്സുകൾ നൽകുന്നതിനുള്ള മാനദണ്ഡങ്ങളാണ് വേണ്ടത്. യു.ഡി.എഫ്. ഗവൺമെന്റ് ചെയ്തത് അതായിരുന്നു. കുറവുള്ള എല്ലാ കോളേജുകളിലും രണ്ട് കോഴ്സുകൾ അനുവദിച്ചപ്പോൾ നേരത്തെ കൂടുതൽ കോഴ്സുകളുണ്ടായിരുന്ന കോളേജുകളിലേയ്ക്ക് ഒരു കോഴ്സാണ് അനുവദിച്ചത്. അങ്ങനെയുള്ള മാനദണ്ഡമാണ് നൽകിയിരുന്നത്. അതിനാലാണ് ഞാൻ പറഞ്ഞത്, ഡോ. കെ. ടി. ജലീൽ മന്ത്രിയായിരുന്നപ്പോൾ 167 കോഴ്സുകൾ അനുവദിച്ചതിൽ അറുപത്തിനാലോ

അറുപത്തിയഞ്ചോ കോഴ്സുകൾ മാത്രമാണ് ഏറ്റവും പിന്നാക്കം നിൽക്കുന്ന മലബാർ ജില്ലകൾക്ക് ലഭിച്ചതെന്ന്. അക്കാര്യം ബഹുമാനപ്പെട്ട പുതിയ ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി തിരുത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. 1967-ൽ മലപ്പുറം ജില്ല രൂപീകൃതമായിയെന്ന് ഇപ്പോൾ പറയുന്നില്ല. മലപ്പുറം ജില്ലയുടെ പിറവിയെക്കുറിച്ച് എല്ലാവർക്കും അറിയാവുന്നതാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇതിൽ പരിഗണിക്കപ്പെടേണ്ട മറ്റൊരു കാര്യംകൂടിയുണ്ട്. പത്തുപതിനഞ്ച് വർഷങ്ങൾക്കുമുമ്പ് എസ്.എസ്.എൽ.സി. പരീക്ഷ പാസ്സാകുന്നത് ഇരുപത് ശതമാനം കുട്ടികളാണ്. എന്നാൽ ഇന്ന് 99.5 ശതമാനം കുട്ടികളും പാസ്സാകുകയാണ്. അതായത് സീറ്റിന്റെ എണ്ണം വർദ്ധിക്കുകയാണ്. അതിനനുസരിച്ച് കോളേജുകളില്ല. ഇവിടെ മുൻമന്ത്രി സൂചിപ്പിച്ചത് തെക്കും വടക്കുമുള്ള ജില്ലകളിൽ ഒരുപോലെയാണ് കോഴ്സുകൾ അനുവദിക്കുന്നതെന്നാണ്. അതുകൊണ്ട് അസന്തുലിതാവസ്ഥ പരിഹരിക്കപ്പെടുന്നില്ല. എത്ര പോരായ്മയുണ്ടോ അത് പരിഹരിക്കാനുള്ള ഇടപെടലും അതിനനുസരിച്ചുള്ള സീറ്റുമാണ് മലബാർ മേഖലയ്ക്ക് നൽകേണ്ടത്. അതോടൊപ്പം ഇപ്പോൾ വർദ്ധിച്ച തോതിൽ കുട്ടികൾ എസ്.എസ്.എൽ.സി-യും പ്ലസ് ടു-വും പാസ്സാകുകയാണ്. അവർക്കാവശ്യമായ സീറ്റുകൾ മലബാറിൽ ഒരുക്കാനാണ് സർക്കാർ പ്രത്യേകമായി ഇടപെടേണ്ടതെന്ന് അങ്ങേയ്ക്ക് അഭിപ്രായമില്ലേ?

ശ്രീ. ടി. വി. ഇബ്രാഹിം: സർ, തീർച്ചയായും. ബഹുമാനപ്പെട്ട എൻ. ഷംസുദ്ദീൻ പറഞ്ഞത് വളരെ പ്രാധാന്യമുള്ള കാര്യമാണ്.

മി. സ്പീക്കർ: ശ്രീ. ടി. വി. ഇബ്രാഹിം ......

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ പ്രസംഗം അവസാനിപ്പിക്കുകയാണ്. ഈ സർക്കാർ ഫണ്ട് ദുർവ്യയം ചെയ്യുന്നു, ആർഭാടത്തിനുവേണ്ടി ഉപയോഗിക്കുന്നുവെന്നാണ് ഞാൻ പറയുന്നത്. കുട്ടികളുടെ പഠനത്തെ സംബന്ധിച്ചും രക്ഷിതാക്കളുടെ ആശങ്കകളെക്കുറിച്ചുമൊക്കെ ഇവിടെ പറഞ്ഞു. വിദ്യാർത്ഥികൾക്ക് പഠിക്കുന്നതിനുവേണ്ടി സെക്കൻഡറി തലത്തിലും ഉന്നത വിദ്യാഭ്യാസ രംഗത്തും ആവശ്യമായ കോളേജുകളും കോഴ്സുകളും സ്കൂളുകളും അനുവദിക്കേണ്ട സമയത്ത് സാമ്പത്തിക ബാദ്ധ്യതയെ സംബന്ധിച്ച പ്രയാസം പറയുമ്പോഴുണ്ടാകുന്ന വിഷമം പറഞ്ഞുവെന്നേയുള്ളൂ. ഇങ്ങനെയുള്ള കാര്യങ്ങൾകൂടി തിരുത്താൻ ബഹുമാനപ്പെട്ട മന്ത്രിക്ക് സാധിക്കട്ടെ. ബഹുമാനപ്പെട്ട മന്ത്രി ഞങ്ങളോട് ഫണ്ടില്ലായെന്ന് പറയുന്നത് ശരിയാണ്. എന്നാൽ വീട്ടിൽ ആശാ പ്രഭാകരനോടും കുട്ടികളോടും മറ്റും ഫണ്ട് ഇല്ലായെന്ന് പറയരുതെന്ന് മാത്രം പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

മി. സ്പീക്കർ: ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീമതി കെ. കെ. ശൈലജ ടീച്ചർക്ക് 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. പി. കെ. ബഷീർ: സർ, ഭേദഗതി നോട്ടീസ് നൽകിയ അംഗം സഭയിലുള്ളപ്പോൾ മറ്റൊരംഗത്തെ ചുമതലപ്പെടുത്തുന്നത് ഓർഡറിലാണോ? പൊതുവായൊരു കാര്യം അറിയാൻ വേണ്ടിയാണ്.

മി. സ്പീക്കർ: സാധാരണ ഒരംഗത്തിന് സഭയിൽ ഹാജരാകാൻ കഴിയാത്ത അവസരത്തിലാണ് മറ്റൊരംഗത്തെ ചുമതലപ്പെടുത്തുന്നത്. പുതിയൊരു അംഗമെന്ന നിലയിൽ അക്കാര്യം ശ്രദ്ധിക്കേണ്ടതായിരുന്നു. ശ്രീ. പി. കെ. ബഷീർ അങ്ങയുടെ സദുദ്ദേശ്യം മനസ്സിലായി, സഭയിലെ എല്ലാ അംഗങ്ങൾക്കും കാര്യങ്ങൾ വ്യക്തമാക്കാൻ വേണ്ടിയാണ്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. 2021-ലെ കേരളത്തിലെ ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ ആണ് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രി നിർദ്ദേശിച്ചത്. ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞതുപോലെ അസാധാരണമായ സാഹചര്യത്തിൽ ചിലപ്പോൾ അസാധാരണമായ നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതായി വരും. ഒരു ഓർഡിനൻസ് ഇറക്കുക എന്നുള്ളത് അസാധാരണമായ നടപടിയല്ല. ചില ഘട്ടങ്ങളിൽ അടിയന്തര ആവശ്യങ്ങൾ നിർവ്വഹിക്കാൻ, ഭരണപരമായ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാൻ സർക്കാരിന് ഓർഡിനൻസുകൾ ഇറക്കേണ്ടതായി വരും. എന്നാൽ എത്രയുംപെട്ടെന്ന് അവ നിയമമായി മാറ്റുകതന്നെയാണ് വേണ്ടത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പലപ്പോഴായി മന്ത്രിമാരോട് സൂചിപ്പിക്കാറുള്ളത്, ഓർഡിനൻസുകൾ എത്രയുംവേഗം നിയമമാക്കി മാറ്റണമെന്നുതന്നെയാണ്. പക്ഷേ, ഈ പറഞ്ഞതുപോലെ അസാധാരണമായ സാഹചര്യം വന്നു. നമുക്ക് നിയമസഭ ചേരുന്നതിന് തടസ്സം വന്നു. അതിന്റെ ഭാഗമായാണ് ഇത്രയേറെ ഓർഡിനൻസുകൾ നിയമമായി മാറുന്നതിന് കാലതാമസം നേരിട്ടത്. ബഹുമാനപ്പെട്ട മുൻപ്രതിപക്ഷനേതാവ് അടക്കമുള്ള പ്രതിപക്ഷാംഗങ്ങൾ സംസാരിക്കുമ്പോൾ വസ്തുനിഷ്ഠ യാഥാർത്ഥ്യങ്ങൾ ഉൾക്കൊള്ളാതെ വെറുതെ ചില വാദഗതികൾ ഉന്നയിക്കുകയാണ്. കേരളത്തിന്റെ വസ്തുനിഷ്ഠ സാഹചര്യം എല്ലാപേർക്കുമറിയാം. നമ്മളെല്ലാവരും ഒരുമിച്ചനുഭവിച്ചതാണ്. ഇവിടെയുണ്ടാകുന്ന നാച്ചുറൽ കലാമിറ്റിയോ പകർച്ച വ്യാധികളോ ഭരണകക്ഷിയെ മാത്രം ബാധിക്കുന്ന പ്രശ്നമല്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗങ്ങൾ എല്ലാവരും സഭയിൽ ഓർഡർ പാലിക്കാനും സീറ്റുകളിൽ ഇരിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, നമുക്ക് ഒന്നേമുക്കാൽ വർഷക്കാലത്തോളം കോവിഡ്-19 മഹാമാരിയുടെ പ്രശ്നം അഭിമുഖീകരിക്കേണ്ടി വന്നിട്ടുണ്ട്; നമുക്ക് മാത്രമല്ല ലോകത്തെമ്പാടും. അതിനുമുമ്പ് 2018-ലും 2019-ലും മഹാപ്രളയങ്ങൾ വന്നപ്പോഴും നമ്മുടെ അസംബ്ലി ദിനങ്ങൾ കുറേയേറെ നഷ്ടപ്പെടുകയുണ്ടായി. അതിന്റെയെല്ലാം ഭാഗമായാണ് ചില ഓർഡിനൻസുകൾ re-promulgate ചെയ്യേണ്ടതായി വരികയും ഇപ്പോൾ ഒരവസരം ലഭിച്ചപ്പോൾ ഭരണഘടനാ ഉത്തരവാദിത്വം നിർവ്വഹിച്ചുകൊണ്ട് അതെല്ലാം ആക്ടാക്കി മാറ്റാനായി നിയമസഭാതലത്തിൽ കൊണ്ടുവരികയും ചെയ്തിട്ടുള്ളത്. ഇതിനുവേണ്ടി മാത്രം ദീർഘമായ ഒരു അസംബ്ലി സെഷൻ ചേരാൻ തീരുമാനിച്ച ബഹുമാനപ്പെട്ട സ്പീക്കറോടുള്ള നന്ദിയും അഭിനന്ദനവും ആദ്യമായി രേഖപ്പെടുത്തുകയാണ്.

ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) എന്ന പേരിൽ ഓർഡിനൻസ് അവതരിപ്പിക്കേണ്ടി വന്നത് എന്തുകൊണ്ടാണ്? നമ്മുടെ രാജ്യവും സംസ്ഥാനവുമെല്ലാംതന്നെ കടമെടുത്താണ് കാര്യങ്ങളെല്ലാം ചെയ്യുന്നത്. കടം വാങ്ങുന്നത് മോശമായ കാര്യമല്ല. പക്ഷേ, വലിയ കടബാദ്ധ്യതയിലേയ്ക്ക് രാജ്യത്തെയും സംസ്ഥാനത്തെയും തള്ളിവിടുന്നത് ഒരു രാജ്യത്തെ ഗവൺമെന്റിന്റെ നയംതന്നെയാണ്. ഇന്നലെ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണം, ഗ്രാമ വികസനം എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ മനസ്സിലാകുന്ന ഭാഷയിൽ, വളരെ വ്യക്തമായി എന്താണ് കോൺഗ്രസ്സിന്റെയും ബി.ജെ.പി.യുടേയും സാമ്പത്തിക നയം, എന്താണ് ഇടതുപക്ഷത്തിന്റെ കാഴ്ചപ്പാട്, എന്തുകൊണ്ടാണ് ഇടതുപക്ഷമെന്ന് ഇവിടെയിരിക്കുന്ന പക്ഷത്തെ വിശേഷിപ്പിക്കുന്നതെന്ന് പറയുകയുണ്ടായി. ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾക്ക് അത് മനസ്സിലായിട്ടുണ്ടാകുമെന്ന് കരുതുന്നു. യാഥാസ്ഥിതികമായ എല്ലാ കാര്യങ്ങളും അതേപടി നിലനിർത്താൻ ആഗ്രഹിക്കുന്ന പക്ഷമാണ് വലതുപക്ഷം. എന്നാൽ ജനദ്രോഹപരമായ എല്ലാ കാര്യങ്ങളെയും എതിർത്തുകൊണ്ട് സമൂഹത്തെ പുരോഗമനപരമായ പാതയിലേയ്ക്ക് നയിക്കാൻ പ്രവർത്തിക്കുന്നത് ആരായാലും അത് ഇടതുപക്ഷമാണ്. ആ മനസ്സ് നിങ്ങൾക്കാർക്കെങ്കിലുമുണ്ടെങ്കിൽ നിങ്ങൾക്കും ഒരു ഇടതുപക്ഷ മനസ്സുണ്ടെന്ന് പറയാം. തുടക്കത്തിൽ നിങ്ങളിൽ ആരൊക്കെയോ സംസാരിക്കുന്ന സമയത്ത് ജവഹർലാൽ നെഹ്റു സോഷ്യലിസ്റ്റായിരുന്നു, ഇടതുപക്ഷ മനസ്സുണ്ടായിരുന്നു എന്നെല്ലാം പറയുന്നത് കേട്ടു. ഞങ്ങൾ ആരും അതിനെ എതിർത്തില്ല. രാജ്യത്തിന് സ്വാതന്ത്ര്യം ലഭിക്കുമ്പോൾ, രാജ്യത്തെ എങ്ങനെ നയിക്കണമെന്നാണ് മഹാത്മാ ഗാന്ധി ഉപദേശിച്ചിരുന്നത്. നമ്മുടെ

രാജ്യത്തെ ഏറ്റവും അവസാനത്തെ അല്ലെങ്കിൽ ഏറ്റവും താഴെത്തട്ടിൽ നിൽക്കുന്ന പൗരന് ഗുണമുണ്ടാകുന്നതെന്തോ അത് മാത്രമേ നിങ്ങൾ തീരുമാനിക്കാവൂ എന്നാണ് കോൺഗ്രസ്സിനോട് പറഞ്ഞത്. കോൺഗ്രസ്സ് മഹാത്മാ ഗാന്ധിയെ അനുസരിച്ചോ; ജവഹർലാൽ നെഹ്റുവിനുണ്ടായിരുന്ന സോഷ്യലിസ്റ്റ് ആശയഗതിയെങ്കിലും കോൺഗ്രസ് പിന്തുടർന്നോ? ജവഹർലാൽ നെഹ്റുവിന്റെ എല്ലാ സാമ്പത്തിക നയങ്ങളെയൊന്നും പൂർണ്ണമായും ഇടതുപക്ഷം അനുകൂലിക്കുന്നില്ല. കഴിഞ്ഞ സഭയിൽ സംസാരിക്കുന്ന സമയത്ത് ഞാനിത് പറയുമ്പോൾ നിങ്ങൾ ജവഹർലാൽ നെഹ്റുവിന്റെ ആളാണോയെന്ന് ചോദിച്ചു. നല്ലത് ആര് പറഞ്ഞാലും നമ്മൾ സ്വീകരിക്കും. ജവഹർലാൽ നെഹ്റു കാണിച്ച സോഷ്യലിസ്റ്റ് മനോഭാവം നിങ്ങൾ കാണിച്ചോ? ഇന്ന് രാജ്യം കോടിക്കണക്കിന് രൂപയ്ക്ക് കടപ്പെട്ടിരിക്കുന്നു. ഫെഡറൽ ഭരണഘടനയനുസരിച്ച് രാജ്യം കടംകൊള്ളുമ്പോൾ സംസ്ഥാനങ്ങളും കടംകൊള്ളേണ്ടതായി വരും. സ്വാഭാവിക ധനസമാഹരണത്തിലൂടെ, പദ്ധതി വിഹിതം ലഭ്യമാകുന്നതിലൂടെ നമുക്ക് ഒരു സംസ്ഥാനത്തിന്റെ ഉത്തരവാദിത്വം നിർവ്വഹിക്കാൻ കഴിയാത്തതെന്തു കൊണ്ടാണ്? സംസ്ഥാനത്തിന്റെ ഉത്തരവാദിത്വം നിർവ്വഹിക്കാൻ കടമെടുക്കേണ്ടി വരുന്നത് എന്തുകൊണ്ടാണ്? അങ്ങനെ ചോദിക്കുമ്പോൾ അതിന്റെ ഉത്തരം ചെന്നെത്തുന്നത്, കോൺഗ്രസ്സിന്റെ നയവൈകല്യത്തിന്റെ ഭാഗമായാണ് ഇന്ത്യ സാമ്പത്തികമായി തകരാൻ തുടങ്ങിയതെന്നുതന്നെയാണ്. ഇക്കാര്യത്തിൽ ബി.ജെ.പി.യും കോൺഗ്രസ്സും തമ്മിൽ വലിയ വ്യത്യാസമൊന്നുമില്ല. കോൺഗ്രസ് തുടങ്ങിവച്ചു. കോൺഗ്രസ്സാണ് എല്ലാ കൊള്ളയ്ക്കും ചൂട്ടുപിടിച്ചുകൊടുത്തത്. സകല മൂലധനക്കൊള്ളയ്ക്കും ചൂട്ടുപിടിച്ചത് കോൺഗ്രസ്സാണെന്ന് പറയുമ്പോൾ അതിനെ നിഷേധിക്കാൻ നിങ്ങൾക്ക് സാധിക്കില്ല. കാരണം, രാജ്യത്തിന്റെ സ്വാഭാവിക ധനസമാഹരണ സിസ്റ്റത്തെ തകർത്തുകൊണ്ട് വൻകിടക്കാർക്കുവേണ്ടി മാത്രം കാര്യങ്ങൾ ആസൂത്രണം ചെയ്ത കോൺഗ്രസ്സാണ് ഏറ്റവും വലിയ കുറ്റവാളി. കോൺഗ്രസ്സിന്റെ സാമ്പത്തികനയം തന്നെയാണ് ബി.ജെ.പി-യുടെ സാമ്പത്തിക നയവുമെന്നതിനാൽ ബി.ജെ.പി. അധികാരത്തിൽ വന്നപ്പോൾ അതുതന്നെ തുടരുന്നു. ആരാണ് ഈ നവ ഉദാരവൽക്കരണ സമീപനം കൊണ്ടുവന്നത്. 1990-കളിലാണ് രാജ്യത്തിന് ധനം സമാഹരിക്കാൻ പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റ് കാശുണ്ടാക്കാമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പറയാൻ തുടങ്ങിയത്. ഒരു ജനാധിപത്യ രാഷ്ട്രത്തിന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ ജനങ്ങളുടെ ജീവിതത്തിന്റെ ഏറ്റവും വലിയ അത്താണിയായ പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റ് ധനസമാഹരണം നടത്തണമെന്ന് പറയുന്ന നയത്തെക്കുറിച്ച് ഇപ്പോഴും കോൺഗ്രസ്സിന് വ്യക്തമായിട്ടില്ലെങ്കിൽ സഹതപിക്കുക മാത്രമേ നിവൃത്തിയുള്ളൂ. കോൺഗ്രസ് കാണിച്ചുകൊടുത്ത പാതയിലാണ് ബി.ജെ.പി. മുന്നേറുന്നത്. ഇതുവരെ

ഇന്ത്യയിൽ നടത്തിയ പൊതുമേഖലാ ഓഹരി വിൽപ്പനകളിൽ 20 ശതമാനം കോൺഗ്രസ്സിന്റെ ഭരണകാലത്താണ് നടന്നത്. കോൺഗ്രസ്സിന്റെ വല്യേട്ടനാണ് ബി.ജെ.പി. എന്നുള്ളതുകൊണ്ട് ബി.ജെ.പി. ഭരിക്കുന്ന സമയത്ത് 80 ശതമാനത്തോളം ഓഹരി വിൽപ്പന നടന്നു. അങ്ങനെയാണോ ഒരു ജനാധിപത്യ രാജ്യത്തിന്റെ ഭരണക്രമം കെട്ടിപ്പടുക്കേണ്ടത്? രാജ്യത്ത് ധനാഗമമാർഗ്ഗത്തിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് കാർഷിക മേഖല. കാർഷിക മേഖലയെ സംരക്ഷിക്കാൻ കോൺഗ്രസ് എന്താണ് ചെയ്തിട്ടുള്ളത്? ഒന്നാം യു.പി.എ. ഗവൺമെന്റിന്റെ ഭരണകാലത്തല്ലേ ഏറ്റവും കൂടുതൽ കർഷകർ ആത്മഹത്യ ചെയ്തത്? ഇപ്പോൾ കർഷകദ്രോഹം തുടർന്നുതുടർന്ന് ബി.ജെ.പി. ഗവൺമെന്റ് വന്നപ്പോൾ കർഷകരെ വാഹനം കയറ്റി കൊല്ലുന്നു. സമരം ചെയ്യുന്നവരെ വെടിവച്ചുകൊല്ലുന്നു. കോൺഗ്രസ് ചെയ്തതിന്റെ പിൻതുടർച്ചയല്ലേ ബി.ജെ.പി. ചെയ്യുന്നത്? രാജ്യത്തിന്റെ ഭരണാധികാരികളുടെ തെറ്റായ നയത്തിന്റെ ഭാഗമായാണ് ഈ കുഴപ്പം മുഴുവനുമുണ്ടായത്. കേരളത്തിനും കടമെടുക്കേണ്ടി വരുന്നത് ഇന്ത്യാ ഗവൺമെന്റിന്റെ പദ്ധതിവിഹിതം ശരിയായ വിധത്തിൽ ലഭിക്കുന്നില്ലെന്നതുകൊണ്ടാണ്; സംസ്ഥാനം നൽകുന്ന തുകയിൽനിന്നും നികുതിവിഹിതം കൃത്യമായി ലഭിക്കുന്നില്ലെന്നതു കൊണ്ടാണ്. കോൺഗ്രസ് ഭരിക്കുമ്പോൾ കേരളത്തിന് നികുതിവിഹിതം കൃത്യമായി നൽകിയിരുന്നോ? അപ്പോഴും നമ്മൾ കടമെടുക്കേണ്ടിവന്നില്ലേ. കടമെടുക്കുന്നതിന്റെ അളവ് കൂടിയിട്ടുണ്ട്. എന്നാൽ കോൺഗ്രസ് ഭരിക്കുമ്പോഴും ഇതുതന്നെയായിരുന്നില്ലേ സ്ഥിതി? അതുകൊണ്ട് കടംവാങ്ങുന്നതിനെ കുറ്റം പറയാൻ കോൺഗ്രസ്സിന് അർഹതയില്ലെന്നുള്ളതാണ്. ഇങ്ങനെയൊരു അവസ്ഥ രാജ്യത്തുണ്ടായത് കോൺഗ്രസ്സിന്റെ നയവൈകല്യംകൊണ്ടാണ്.

ഡോ. മാത്യു കുഴൽനാടൻ: സർ, നല്ലൊരു ചർച്ചയ്ക്കുള്ള വിഷയമാണെന്നാണ് എനിക്ക് തോന്നുന്നത്. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ പറഞ്ഞ ഒരു കാര്യം ഞാൻ സമ്മതിക്കുകയാണ്. ഇടതുപക്ഷ മനസ്സാണ് പ്രധാനം. അത് ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കല്ല ഉള്ളത്; അങ്ങനെ ധരിക്കരുത്. അത് കേൾക്കുമ്പോൾത്തന്നെ തെറ്റിദ്ധാരണയുണ്ടാകും. ഇടതുപക്ഷ മനസ്സും സ്വഭാവവും ചിന്തയുമെന്ന് പറയുന്നത് മുന്നണിയുമായി ചേർത്തുവയ്ക്കരുത്. പൊതുമേഖല സംരക്ഷിക്കുന്നത് മാത്രമാണ് സോഷ്യലിസമെന്ന ചിന്ത വേണ്ട. കോൺഗ്രസ്സ് കൊണ്ടുവന്ന കാര്യങ്ങൾ ഒന്നിനുപുറകെ ഒന്നായി ഇവിടെ ഞാൻ പറയാം. വിവരാവകാശ നിയമത്തെക്കാൾ ശക്തമായൊരു സോഷ്യലിസ്റ്റ് ആയുധം, ഈ രാജ്യത്തെ ജനങ്ങൾക്കുവേണ്ടി കൊണ്ടുവന്ന വേറൊരു നിയമം പറയാമോ? 75 വർഷത്തിനിടയിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ 35 വർഷം പശ്ചിമ ബംഗാളിൽ ഭരിച്ചിട്ടും രാജ്യത്തെ ജനങ്ങൾക്കുവേണ്ടി കൊണ്ടുവന്ന ഒരു നിയമം പറയാമോ? അതുപോലെയാണ് തൊഴിലുറപ്പ് പദ്ധതിയും.

മി. സ്പീക്കർ: ഇതുസംബന്ധിച്ച കാര്യങ്ങൾ ഇന്നലെ ചർച്ച ചെയ്തതാണ്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, അങ്ങ് പറഞ്ഞത് മനസ്സിലായി. വലതുപക്ഷ നയവ്യതിയാനം ഇടതുപക്ഷ മനസ്സുള്ളവർക്കുണ്ടാകില്ല.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഡോ. മാത്യു കുഴൽനാടനെപ്പോലുള്ളവർ സാമ്പത്തിക ശാസ്ത്രം നന്നായി പഠിക്കുന്നവരാണ്. സത്യത്തിൽ ഈ നിയമത്തിനെ എന്തിനാണ് എതിർത്തത്? ധനഉത്തരവാദിത്വ നിയമപ്രകാരം കഴിഞ്ഞ കോവിഡ്കാലത്ത് ഗവൺമെന്റ് അധികമായി പണം ചെലവഴിക്കാനായി കൊണ്ടുവന്ന ഓർഡിനൻസാണ്. അന്ന് കേന്ദ്രഗവൺമെന്റ് അനുവദിച്ച മൂന്ന് ശതമാനമാണ് സംസ്ഥാനത്തിന്റേത്. അതിൽനിന്നും കോവിഡ് കാലത്തെ പ്രതിസന്ധിക്കുവേണ്ടി അനുവദിച്ച തുകയുടെ റാറ്റിഫിക്കേഷനുവേണ്ടി അത് comply ചെയ്യുന്നതിനുള്ള ഒരു നിയമമാണിത്. എന്തിനാണ് പ്രതിപക്ഷം ഇതിനെ എതിർക്കുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല.

മി. സ്പീക്കർ: നേരത്തെ നിർത്തിയില്ലെങ്കിലും വൈകാതെ അങ്ങ് അവസാനിപ്പിക്കണം.

ഡോ. എൻ. ജയരാജ്: സർ, സംസാരിച്ചപ്പോൾ വിട്ടുപോയ ഒരു കാര്യം സൂചിപ്പിക്കുകയാണ്. കോമ്പൻസേഷന്റെ സമയത്തുള്ള സെസ്സിനെ സംബന്ധിച്ച കാര്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മറുപടി പറയുമായിരിക്കും. സെസ്സ് യഥാർത്ഥത്തിൽ പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കണമെന്നാണ് നിയമം. കേന്ദ്ര ഗവൺമെന്റ് അത് പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കാതെ പബ്ലിക് പണമായി ഉപയോഗിച്ച് വകമാറ്റി ചെലവഴിച്ചു. ഇവിടെ പ്രതിപക്ഷത്തുനിന്നും ആരും ഇക്കാര്യം ചൂണ്ടിക്കാണിച്ചിട്ടില്ല. യഥാർത്ഥത്തിൽ ധനവിനിയോഗത്തിലെ അടിസ്ഥാനപരമായ തത്വത്തെ ബലികഴിപ്പിച്ചത് കേന്ദ്രഗവൺമെന്റിന്റെ നയങ്ങളാണെന്നാണ് ഞാനിവിടെ സൂചിപ്പിക്കാൻ ആഗ്രഹിച്ചത്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇടതുപക്ഷ മനസ്സുള്ളവർക്ക് സാമ്പത്തിക നയത്തിൽ വലതുപക്ഷ വ്യതിയാനമുണ്ടാകില്ല. വലതുപക്ഷ നയസമീപനങ്ങൾ സ്വീകരിച്ചതിനാലാണ് നവലിബറൽ ആശയം പിന്തുടർന്നതും ഇത്തരത്തിൽ ഇന്ത്യയെ വലിയ കടക്കെണിയിൽ ആഴ്ത്തിയതെന്നുമാണ് ഞാൻ പ്രത്യേകിച്ച് പറഞ്ഞത്. അവസാനമായതിനാൽ സമയം പാഴാക്കേണ്ട ആവശ്യമില്ല.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, സാമ്പത്തിക നയത്തെക്കുറിച്ചാണ് ചർച്ച നടത്തുന്നത്. ഡോ. എൻ. ജയരാജ് ഇടപെട്ടതിനാൽ ഞാൻ പറയുകയാണ്, അദ്ധ്വാനവർഗ്ഗ സിദ്ധാന്തം ഇടതുപക്ഷ മനസ്സുള്ളവരുടെ നയമാണോയെന്ന് പറയാമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ഒരു ക്ലാസ്സുകൂടി എടുക്കേണ്ടി വരുമെന്നാണ് എനിക്ക് തോന്നുന്നത്. അദ്ധ്വാനവർഗ്ഗ സിദ്ധാന്തമൊന്നും ഇവിടെ പറയേണ്ട ആവശ്യമില്ല. ഒരു കാര്യം നമ്മൾ ചിന്തിച്ചാൽ മതി. കോൺഗ്രസ്സുകാരെടുത്ത സമീപനം ഈ രാജ്യത്തെ എവിടേയ്ക്ക് നയിച്ചു? സാമ്പത്തികമായ അസമത്വത്തിലേയ്ക്കാണ് രാജ്യത്തെ നയിച്ചതെന്നുള്ളത് ഇപ്പോൾ എല്ലാ തരത്തിലുമുള്ള കണക്കെടുപ്പുകളും വ്യക്തമാക്കുകയാണ്. ഞാനതിലേയ്ക്ക് പിന്നീട് വരാം. ഇവിടെ പറഞ്ഞതുപോലെ, ഭരണഘടനാ ഉത്തരവാദിത്വം നിർവ്വഹിക്കലാണ്, അതെല്ലാം നമ്മൾ ചെയ്തുകഴിഞ്ഞു. കേന്ദ്ര ഗവൺമെന്റിൽ നിന്നും കൂടുതൽ കടമെടുക്കാൻ ചോദിക്കുകയാണ്. കടമെടുക്കാതെ നമുക്കൊന്നും ചെയ്യാൻ സാധിക്കില്ല. വേറെ എവിടെനിന്നാണ് പണം ലഭിക്കുന്നത്? കേന്ദ്ര ഗവൺമെന്റ് പണം നൽകുമെങ്കിൽ സംസ്ഥാനം കടമെടുക്കില്ല. പക്ഷേ, ഇവിടെ നികുതി വിഹിതം കുറയുന്നു. റവന്യൂ വരുമാനവും പലതരത്തിലുള്ള പ്രയാസങ്ങളാൽ കുറയുന്നു. സാധാരണഗതിയിൽ ജനങ്ങളുടെ ജീവിതപ്രശ്നം പരിഹരിക്കണമെങ്കിൽ കടം വാങ്ങണം. കടമെടുക്കണമെങ്കിൽ കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ആവശ്യമാണ്. ഇപ്പോൾ നമുക്ക് കുറച്ചുകൂടി അധികം കടമെടുക്കാനുള്ള അനുവാദം കേന്ദ്രഗവൺമെന്റ് നൽകിയിട്ടുണ്ട്. അത് നൽകാനിടയായത് എങ്ങനെയാണ്? കേന്ദ്ര ഗവൺമെന്റിന്റെ നിബന്ധനകളിൽ ഒന്ന് മൂലധനച്ചെലവ് വർദ്ധിപ്പിക്കുകയെന്നതാണ്. മൂലധനച്ചെലവിന്റെ ടാർജറ്റ് കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ചിട്ടുണ്ട്. അത് അച്ചീവ് ചെയ്യാൻ കഴിഞ്ഞതുകൊണ്ടാണ് കേരളത്തിന് ഇപ്പോൾ കടമെടുക്കാൻ കഴിഞ്ഞത്. അല്ലായിരുന്നെങ്കിൽ, അവിടെയിരിക്കുന്ന നിങ്ങളും ഇവിടെയിരിക്കുന്ന ഞങ്ങളുമെല്ലാം ചക്രപ്പൂട്ടിൽപ്പെട്ട്, ജനങ്ങൾ പട്ടിണികിടന്ന് മരിക്കുന്ന അവസ്ഥയുണ്ടാകുമായിരുന്നു. സംസ്ഥാനത്ത് മൂലധനച്ചെലവ് വർദ്ധിപ്പിക്കാൻ കഴിഞ്ഞത് കേരളത്തിന്റെ ഏറ്റവും നല്ല സമീപനത്തിന്റെ ഭാഗമായാണ്. കിഫ്ബിയിൽനിന്നും വായ്പയെടുത്ത് മൂലധനച്ചെലവിനാണ് ഉപയോഗപ്പെടുത്തിയത്; അത് മറ്റേതെങ്കിലും ആവശ്യങ്ങൾക്ക് വേണ്ടിയല്ല വിനിയോഗിച്ചത്. സ്കൂൾ കെട്ടിടങ്ങളും ആശുപത്രികളും റോഡുകളും നവീകരിക്കാനാണ് വിനിയോഗിച്ചത്. അതിനെ ആർക്കാണ് തള്ളിപ്പറയാൻ സാധിക്കുക? അൻപതിനായിരം കോടി രൂപ പറഞ്ഞത് അറുപത്തയ്യായിരം കോടി രൂപയ്ക്കുടുത്ത് നൽകിയെങ്കിൽ വലിയൊരു ശതമാനം പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. എന്നാൽ, ബാക്കി അത്രയും പ്രവൃത്തി പൂർത്തിയാകാനുമുണ്ട്. പൂർത്തിയാകാനുള്ള പ്രവർത്തനത്തിന്റെ സാങ്കേതികതടസ്സം നിങ്ങൾക്ക് പറയാം. പക്ഷേ, ആ പ്രവൃത്തികളിൽ ഏതിനെയാണ് മോശമായി പറയാൻ കഴിയുന്നത്? ഒരു താലൂക്കാശുപത്രി ഏറ്റവും ആധുനിക സൗകര്യങ്ങളുള്ള

കെട്ടിടവും ഉപകരണങ്ങളുമുള്ളതായി മാറുന്നു. നേരത്തെ വരാത്തവരും ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ച് പരിശോധന നടത്താൻ ഗവൺമെന്റ് ആശുപത്രിയിലേയ്ക്ക് വരുന്നു. ആ അനുഭവമാണ് 99 സീറ്റിലേയ്ക്ക് ഇടതുപക്ഷത്തെ എത്തിച്ചത്. നിങ്ങൾ എന്തൊക്കെ പറഞ്ഞാലും നിഷേധിക്കാൻ കഴിയാത്ത മൂലധനച്ചെലവിന്റെ മേഖലയിൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റിലും യാത്രാസൗകര്യത്തിലുമെല്ലാം കേരളം വളരെയധികം മുന്നോട്ടുവരികയാണ്. അത് അനുഭവിക്കുന്ന ജനങ്ങൾ അതിനനുസരിച്ച് അവരുടെ രാഷ്ട്രീയ തീരുമാനം കൈക്കൊണ്ടു. യു.ഡി.എഫ്. എത്രതന്നെ ശ്രമിച്ചിട്ടും ജനങ്ങളെ അതിൽനിന്നും മാറ്റിനിർത്താൻ സാധിച്ചില്ല. അത് നമ്മുടെ കൺമുന്നിലുള്ള ഏറ്റവും നല്ല അനുഭവമായി കാണണം. കേന്ദ്ര ഗവൺമെന്റ് വായ്പ തരുമ്പോൾ പലതരത്തിലുള്ള നിബന്ധനകൾ വയ്ക്കും. അത് വയ്ക്കാതിരിക്കണമെങ്കിൽ ഇടതുപക്ഷ മനസ്സുവേണം. എന്നാൽ കോൺഗ്രസ്സിന്റെ സ്വഭാവമാണ് ബി.ജെ.പി-ക്കും. ഒരു നിശ്ചിത ശതമാനം നിബന്ധനയില്ലാതെ ഉപയോഗിക്കാൻ പറയുകയും ബാക്കി ചില ശതമാനത്തിന് നിബന്ധന വയ്ക്കുകയുമാണ് ചെയ്യുന്നത്. ആ നിബന്ധന കേരളത്തിനുമാത്രമല്ല സംസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളം അപകടകരവുമാണെന്ന് ഞങ്ങൾക്ക് നന്നായറിയാം. ഇപ്പോൾ നൽകിയ, അധികമെടുക്കുന്ന വായ്പയിൽ 0.5 ശതമാനം മൂലധനച്ചെലവ് വർദ്ധിപ്പിക്കാൻ നിശ്ചയിച്ചിരിക്കുന്നു. 12,547 കോടി രൂപയുടെ ലക്ഷ്യം കൈവരിക്കണമെന്ന നിബന്ധനയോടെയാണത്. അതിൽ നമുക്ക് തർക്കമില്ല. അത് കേരളത്തിലെ പ്രത്യേക രീതികൊണ്ട് സാധിക്കും. എന്നാൽ, 0.5 ശതമാനം ഊർജ്ജമേഖലയിൽ വരുത്തുന്ന പരിഷ്ക്കരണവുമായി ബന്ധപ്പെട്ടതാണ്. അതിനൊരു തീരുമാനം എടുത്തുകഴിഞ്ഞില്ലെന്നാണ് രാവിലെ ഊർജ്ജ വകുപ്പുമന്ത്രി പറഞ്ഞത്. നമ്മൾ അതിന് നിർബ്ബന്ധിക്കപ്പെടും. പക്ഷേ. അങ്ങനെയൊരു നിബന്ധന വയ്ക്കുന്നത് ശരിയല്ലെന്ന് കേരളം ഉറപ്പായും പറയുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പൊതുമേഖലാ കമ്പനികളുടെ നഷ്ടം ഘട്ടംഘട്ടമായി സംസ്ഥാന സർക്കാർ ഏറ്റെടുക്കണം. കേട്ടാൽ നല്ലതായിട്ടാണ് തോന്നുന്നത്. പക്ഷേ, ഭാവിയിൽ കേന്ദ്ര ഗവൺമെന്റ് നടത്തുന്ന പൊതുമേഖലാ കമ്പനികൾ സ്വകാര്യവത്കരിക്കുന്ന നീക്കത്തിന്റെ ഭാഗമായി നമ്മൾ അതിനെ സംശയിക്കേണ്ടതുണ്ടെന്ന് തന്നെയാണ് തോന്നുന്നത്. അത്തരം നിബന്ധനകളെ ശക്തമായി എതിർക്കും, അതിൽ പ്രതിപക്ഷവും കൂട്ടുനിൽക്കണം. എന്നാൽ മൂലധനച്ചെലവ് വർദ്ധിപ്പിക്കുന്ന കാര്യത്തിൽ നമുക്ക് ആ ലക്ഷ്യം കൈവരിക്കാൻ സാധിക്കണം. ജനങ്ങളെ പാപ്പരാക്കുന്നതിൽ ബി.ജെ.പി-യെപ്പോലെ പങ്കുവഹിച്ചിട്ടുള്ള പാർട്ടിയല്ലേ കോൺഗ്രസ്സ്? പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധനവിൽ വലിയ ആഘാതമാണ് ജനങ്ങളിൽ സൃഷ്ടിക്കുന്നത്. നിരവധി തവണ സഭാതലത്തിൽ സംസാരിച്ചതാണ്. അന്താരാഷ്ട്ര മാർക്കറ്റിൽ ക്രൂഡ്

ഓയിലിന്റെ വില മുമ്പുള്ളതിൽനിന്നും കാൽഭാഗമായി കുറഞ്ഞിട്ടും എന്തുകൊണ്ടാണ് പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധിക്കുന്നത്. റിലയൻസിന് വിലനിയന്ത്രണാധികാരം വിട്ടുകൊടുത്തത് കോൺഗ്രസ്സല്ലേ; അത് എങ്ങനെയാണ് കോൺഗ്രസ്സ് മറന്നുപോകുന്നത്?

<u>ശ്രീ. എം. വിൻസെന്റ്</u>: സർ,.....

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, സമയക്രമം പാലിക്കണമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഞാൻ വഴങ്ങുന്നില്ല. അവശ്യസാധനങ്ങളുടെ വിലക്കയറ്റവും ഉയർന്ന തൊഴിലില്ലായ്മയും പണപ്പെരുപ്പവും ഗാർഹിക വരുമാനത്തിലെ കുറവുമെല്ലാം കേരളം അനുഭവിക്കുകയാണ്. പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് വിലകയറുമ്പോൾ നിങ്ങൾക്ക് നികുതി കുറച്ചുകൂടെയെന്ന് കഴിഞ്ഞ പ്രാവശ്യം പറഞ്ഞില്ലേ; 18.2.2015-ൽ പെട്രോൾ വില 30.8 ശതമാനമായിരുന്നത് 31.80 ശതമാനമായി വർദ്ധിപ്പിച്ചത് യു.ഡി.എഫ്. ഗവൺമെന്റാണ്. തൊട്ടുപിന്നാലെ വന്ന എൽ.ഡി.എഫ്. ഗവൺമെന്റാണ് 31-5-2018-ലെ ഉത്തരവുപ്രകാരം ആ ഒരു ശതമാനം കുറച്ചത്. എന്നാൽ, നമുക്ക് കുറച്ചുകൊണ്ടിരിക്കാൻ കഴിയില്ല. അങ്ങനെ കുറയ്ക്കുമ്പോൾ കേന്ദ്ര ഗവൺമെന്റ് അഡീഷണൽ എക്സൈസ് നിരക്ക് പലതവണ വർദ്ധിപ്പിക്കുകയാണ്. പുതിയ പേരിൽ ഓരോ നികുതി ഏർപ്പെടുത്തുകയാണ്. സാധാരണ എക്സൈസ് ഡ്യൂട്ടിക്ക് പുറമെ അഡീഷണൽ എക്സൈസ് ഡ്യൂട്ടി നിശ്ചയിച്ച് കേന്ദ്രഗവൺമെന്റ് നമ്മളെ വഞ്ചിച്ചുകൊണ്ടിരിക്കുമ്പോൾ പ്രതിപക്ഷം എതിർക്കുന്നത് കേന്ദ്ര ഗവൺമെന്റിനെയല്ല, സംസ്ഥാന സർക്കാരിന് നികുതി കുറച്ചുകൂടെയെന്നാണ് പറയുന്നത്. സംസ്ഥാന ഗവൺമെന്റിന് നികുതി കുറച്ചുകൂടെയെന്ന് പബ്ലിക് സ്റ്റേജിൽ ധാരാളം നേതാക്കൾ പ്രസംഗിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. ഗവൺമെന്റ് ഇവിടെ ഒരുപാട് പ്രശ്നങ്ങളാൽ വീർപ്പുമുട്ടുമ്പോൾ, കേന്ദ്ര ഗവൺമെന്റ് സഹായിക്കാതിരിക്കുമ്പോൾ കേന്ദ്രത്തിലെ ബി.ജെ.പി. ഗവൺമെന്റിനെ എതിർക്കുകയല്ല യു.ഡി.എഫ്. ചെയ്യുന്നത്. ഈ ഗവൺമെന്റ് ശ്വാസംമുട്ടിക്കോട്ടെ; ഈ ഗവൺമെന്റ് തെറ്റാണെന്ന് സമർത്ഥിക്കാനാണ് ശ്രമിക്കുന്നത്. അത് ഒരിക്കലും ശരിയായ കാര്യമല്ല.

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ,....

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, വഴങ്ങണമെന്ന് ആഗ്രഹമുണ്ട്. പക്ഷേ, ബഹുമാനപ്പെട്ട സ്പീക്കർ സമയം ക്രമീകരിക്കണമെന്ന് പറഞ്ഞതുകൊണ്ട് ഞാൻ വഴങ്ങുന്നില്ല. ജി.എസ്.ടി-യുടെ കാര്യം നമ്മൾ കണ്ടതാണ്. ചരക്കുസേവന നികുതി നടപ്പിലാക്കുമ്പോൾ അതുമായി ബന്ധപ്പെട്ടിട്ടില്ലെങ്കിലും സംസ്ഥാനം

അംഗീകരിച്ചില്ലെങ്കിലും കേന്ദ്ര ഗവൺമെന്റ് ആ തീരുമാനം നടപ്പിലാക്കുകയാണ് ചെയ്തത്. മുഖന്യായത്തിനായി നമ്മളോടെല്ലാം അഭിപ്രായം ചോദിക്കുന്നു. അങ്ങനെ ചോദിക്കുമ്പോൾ നിശ്ചിതവിഹിതം സംസ്ഥാന ഗവൺമെന്റിന് നൽകുമെങ്കിൽ അത് മോശമല്ല. 32,000 കോടിയോളം രൂപ നമുക്ക് കിട്ടാൻ ബാക്കിയുണ്ട്. ആ പണം നൽകിയാൽ ഇപ്പോഴുള്ള സാമ്പത്തികപ്രശ്നം ഏറെക്കുറെ കൈകാര്യം ചെയ്യാൻ സാധിക്കും. പക്ഷേ, കോൺഗ്രസ്സിന്റെ ജ്യേഷ്ഠൻ തന്നെയാണ് ബി.ജെ.പി-യും. അവരെ ഒരുകാരണവശാലും വിശ്വസിക്കാൻ കഴിയുന്നില്ല. നമ്മളോടുള്ള വാഗ്ദാനം പാലിക്കുന്നില്ല. പാലിച്ചാൽ അത് നമുക്ക് നല്ലതുമാണ്. അതാണ് ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞത്. അതിന്റെ എല്ലാ ബുദ്ധിമുട്ടും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അനുഭവിക്കുന്നു. വിഹിതം നൽകണമെന്ന് പറഞ്ഞ് കേന്ദ്രത്തോട് സമരം ചെയ്യുന്നതിനുപകരം നിങ്ങൾ വിരൽചൂണ്ടുന്നത് ഭരണപക്ഷത്തേയ്ക്കാണ്. യു.ഡി.എഫ്. നേതാക്കൾ ഇനിയെങ്കിലും ഇത് കേന്ദ്രത്തിനെതിരായുള്ള മുദ്രാവാക്യമാക്കി മാറ്റണമെന്നാണ് എനിക്ക് പ്രത്യേകിച്ച് പറയാനുള്ളത്. അക്കൗണ്ടന്റ് ജനറലിന്റെ താല്ക്കാലിക കണക്കുകൾ പുറത്തുവന്നപ്പോൾ കേന്ദ്ര നികുതി വിഹിതത്തിൽ 2020-21-ൽ 45 ശതമാനം ഇടിവുണ്ടായതായി പറയുന്നു. ആരാണ് ഉത്തരവാദി? കേരളത്തിലെ ഗവൺമെന്റാണോ; നമ്മളൊരുമിച്ച് നിന്ന് അത് പിടിച്ചുവാങ്ങേണ്ടതല്ലേ? എല്ലാ പാൻഡെമിക്കിനെയും അതുപോലെ പ്രകൃതിക്ഷോഭങ്ങളെയും നേരിട്ടുകൊണ്ട് ജനങ്ങളെ സഹായിച്ചുകൊണ്ടിരിക്കുന്ന ഈ ഗവൺമെന്റിനെതിരെ നിങ്ങൾ സഭാതലത്തിൽ ശബ്ദം ഉയർത്തുകയും ആക്രോശിക്കുകയുമാണ്. അതൊരിക്കലും ശരിയായ രീതിയല്ല. ഒരു വിഷമഘട്ടത്തിൽ ഒരുമിച്ചുനിന്ന് നമ്മുടെ അവകാശങ്ങൾ ചോദിച്ചുവാങ്ങുകയല്ലേ വേണ്ടത്. ബഡ്ജറ്റ് എസ്റ്റിമേറ്റിലെ റവന്യൂകമ്മിയും വർദ്ധിച്ചിട്ടുണ്ട്. സ്വാഭാവികമായിട്ടും ഉണ്ടാകും; എല്ലാ ഉല്പാദനപ്രവർത്തനങ്ങളും നിലച്ചു. അതുപോലെ നികുതിദായകരോട് കർശനമായി നികുതിയടയ്ക്കാൻ പറയണം. നികുതി പിരിവിനെക്കുറിച്ചൊക്കെ പറയുന്നതുകേട്ടു. പക്ഷേ, നികുതിദായകരോട് നമ്മൾ സാവകാശം കാണിക്കാൻ നിർബന്ധിക്കപ്പെടുന്ന സാഹചര്യമല്ലേ ഉണ്ടായത്? അവർക്ക് ജോലിയില്ല; കൂലിയില്ല, കടബാദ്ധ്യതയുണ്ട്. ഈയൊരു കാലഘട്ടത്തിൽ അവരോട് ചിലപ്പോൾ കണ്ണടയ്ക്കേണ്ടതായിവരുന്നു. നമ്മുടെ ടാർജറ്റിനനുസരിച്ച് റവന്യൂ വരുമാനവും നികുതിവരുമാനവുമുണ്ടാകുന്നില്ല. അങ്ങനെ വരുന്നൊരു ഘട്ടത്തിൽ ഫെഡറൽ ഭരണഘടനയനുസരിച്ച് സംസ്ഥാനങ്ങളെ സഹായിക്കേണ്ടത് കേന്ദ്ര സർക്കാരിന്റെ ഉത്തവാദിത്വമാണ്. പ്രളയത്തിൽ 30,000 കോടി രൂപയുടെ നഷ്ടം ഒരു ഗവൺമെന്റിനുണ്ടായാൽ എവിടെനിന്നാണ് അത് നികത്തുക. സംസ്ഥാനത്തിന് ലഭിക്കുന്ന പദ്ധതി വിഹിതത്തിൽ നിന്നുമെടുത്ത് അത് നികത്താൻ സാധിക്കില്ല.

30,000 കോടി രൂപയും കേന്ദ്രഗവൺമെന്റ് തരേണ്ടതാണ്. നമ്മൾ ഒരുമിച്ചല്ലേ ചോദിക്കേണ്ടത്? പക്ഷേ, അത് ചോദിക്കുന്നില്ല. അതിന്റെ കുറ്റം സംസ്ഥാന ഗവൺമെന്റിന്റെ തലയിൽ കെട്ടിവയ്ക്കാൻ നിങ്ങളാഗ്രഹിക്കുന്നു എന്നുള്ളതാണ്. പൊതുജനാരോഗ്യ ക്ഷേമം ഉറപ്പാക്കേണ്ടതും സാമൂഹ്യക്ഷേമ പദ്ധതികൾ നടപ്പിലാക്കേണ്ടതും സംസ്ഥാന ഗവൺമെന്റാണ്. ഇതിനെല്ലാം അധികമായി പണം വേണം. ഈ പണം എവിടെനിന്നുണ്ടാകും? കേന്ദ്രഗവൺമെന്റ് അസാധാരണമായ സാഹചര്യത്തിലുണ്ടാകുന്ന ചെലവുകൾക്ക് പണം അനുവദിച്ചുതന്നിരുന്നെങ്കിൽ നമുക്ക് അധികം കടമെടുക്കേണ്ടി വരില്ലായിരുന്നു. പക്ഷേ, അതു മനസ്സിലാക്കാതെയാണ് കടം വാങ്ങുന്നതിനെക്കുറിച്ച് പറഞ്ഞു കൊണ്ടിരിക്കുന്നത്. കിഫ്ബി ഒരു വലിയ അനുഗ്രഹം തന്നെയാണ്. ഞാൻ അതിനെക്കുറിച്ച് വിശദീകരിക്കുന്നില്ല. അതിന്റെ തിരിച്ചടവ് സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ സംസാരിക്കുമ്പോൾതന്നെ പറഞ്ഞു. പ്രവൃത്തികളൊന്നും പൂർത്തിയായിട്ടില്ല. പക്ഷേ, അടവുതുടങ്ങിയെന്നാണ് പറഞ്ഞത്. പ്രവൃത്തി തുടങ്ങിയല്ലോ; നമ്മൾ തിരിച്ചടവ് തുടങ്ങിയല്ലോ; തിരിച്ചടവ് തുടങ്ങുന്നത് ഏതു ഫണ്ടുകൊണ്ടാണ്. അതെല്ലാം നിരവധിതവണ വ്യക്തമാക്കിയതാണ്. പദ്ധതി വിഹിതത്തിൽനിന്ന് മൂലധനച്ചെലവിനുകൂടി തുക ഉപയോഗിക്കേണ്ടി വരുന്ന അവസ്ഥയ്ക്ക് അല്പം ആശ്വാസം വന്നു. നമ്മൾ കിഫ്ബി ധനസമാഹരണത്തിലൂടെ വമ്പിച്ച തോതിലുള്ള മൂലധനച്ചെലവ് നടത്തുകയാണ്. അതുകൊണ്ടുതന്നെ നേരത്തെ ഇതിനെല്ലാം ഉപയോഗിച്ചിരുന്ന ചില ഫണ്ട് മിച്ചംവയ്ക്കാനും തിരിച്ചടയ്ക്കാനും സാധിക്കും. ഇതാർക്കും പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കുന്നതല്ലേ? പത്തോ ഇരുപതോ മുപ്പതോ വർഷത്തേയ്ക്കുണ്ടാകുന്ന വളർച്ച നാലോ അഞ്ചോ കൊല്ലം കൊണ്ടുണ്ടാക്കുന്നത് ഈ സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ സഹായിക്കും. അതുതന്നെയാണ് കിഫ്ബികൊണ്ടുള്ള നേട്ടവുമെന്നുള്ളത് നമ്മൾ മനസ്സിലാക്കണം.

നമ്മുടെ ബാങ്കുകളെ വലിയ തോതിൽ ഇവിടെ അസ്ഥിരീകരിക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങളെ കൂട്ടത്തോടെ വിറ്റഴിക്കുന്നു. ബാങ്കുകൾ സുസ്ഥിരമായിട്ടില്ലെങ്കിൽ കോവിഡിന്റെ പ്രത്യാഘാതത്തിൽ നിന്ന് ഇന്ത്യൻ സമ്പദ്ഘടനയെ എങ്ങനെയാണ് കരകയറ്റാൻ സാധിക്കുക. ബാങ്കുകളുടെ കിട്ടാക്കടം ആരുടെ കയ്യിലാണുള്ളത്. ഇപ്പോൾ കിട്ടാക്കടം എല്ലാംകൂടി ചേർത്തിട്ടൊരു ബാഡ് ബാങ്ക് ഉണ്ടാക്കിയിരിക്കുകയാണ്. ഇത് പ്രശ്നത്തിന് പരിഹാരമാണോ? നമ്മൾ ഒരുമിച്ചല്ലേ ഇതിനെ എതിർക്കേണ്ടത്. ഒരു ചീത്ത ബാങ്ക് ഉണ്ടാക്കി കിട്ടാക്കടമെല്ലാം അവിടെ നിക്ഷേപിക്കുകയാണ്. ആരുടേതാണ് ഈ കിട്ടാക്കടം? ഇത് നേരത്തെ FICCI (Federation of Indian Chambers of

Commerce & Industry)-യുടെയും മറ്റും മീറ്റിംഗുകളിൽ പോയി കോൺഗ്രസ്സിന്റെ പ്രമുഖ നേതാക്കൾ, അവരുടെ കരച്ചിൽ കാണുമ്പോൾ കടം എഴുതിത്തള്ളാമെന്ന വാഗ്ദാനം കൊടുത്ത ശീലമാണ് ബി.ജെ.പി-യും പിന്തുടരുന്നത്. ഈ കിട്ടാക്കടം ആരുടേതാണ്. പക്ഷേ, കേന്ദ്രഗവൺമെന്റ് അത് പറയില്ല. എന്നാൽ വിവരാവകാശ നിയമപ്രകാരമൊക്കെ കിട്ടാക്കടം ആരുടേതാണെന്ന് കണക്കെടുത്തപ്പോൾ അതിൽ 86 ശതമാനവും ഇന്ത്യയിലെ ശതകോടീശ്വരന്മാരുടേതാണ്. ആർക്കുവേണ്ടിയാണ് ഭരിച്ചത്? ഇതുതന്നെയാണ് വലതുപക്ഷനയം. ഇന്ത്യൻ ഭരണകൂടം പിന്തുടരുന്ന ഫ്യൂഡൽ മുതലാളിത്ത ആശയഗതിയും ഇതുതന്നെയാണ്. സാമ്രാജ്യത്വ മൂലധനത്തോട് കൂട്ടുതൽ സന്ധി ചെയ്യുന്നവരാണ് ഇന്ത്യൻ ഭരണകർത്താക്കളെന്ന് മാർക്സിസ്റ്റ് പാർട്ടിയുടെ പരിപാടിയിൽ എഴുതിവച്ചിട്ടുണ്ടെന്നുപറഞ്ഞാൽ നിങ്ങൾ തമാശയാക്കും. അതുതന്നെയല്ലേ ഇന്നലെ ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ പറഞ്ഞത്. ഫ്യൂഡൽ മുതലാളിത്ത ആശയഗതികളെ പിന്തുടരുകയാണ് ഇന്ത്യൻ ഭരണാധികാരിവർഗ്ഗം. എവിടെയാണ് ഇന്ത്യൻ ജനതയ്ക്ക് ആശ്വാസമുണ്ടാവുക. മുതലാളിത്തത്തിന്റെ പുതിയ ആഗോളവത്കരണ ഉദാരവത്കരണ സമീപനങ്ങളോട് നിങ്ങൾ താദാത്മ്യം പ്രാപിക്കുന്നു. അതുകൊണ്ടുതന്നെയാണ് ഈ പറയുന്ന ഒരു പരിണതിയുണ്ടാകുന്നത്. ഇന്ത്യയിൽ 35% ആളുകൾ കോവിഡ് വന്നതിനുശേഷം പുതുതായി പട്ടിണിക്കാരുടെ കൂട്ടത്തിൽ വന്നിരിക്കുന്നു. ലോകരാഷ്ട്രങ്ങളിൽ പട്ടിണി വർദ്ധിച്ചിട്ടുണ്ട്. ആ പട്ടിണിവർദ്ധനവിന്റെ വലിയതോത് ഇന്ത്യയിലാണ്. അതീവഗുരുതരമെന്ന് വിശേഷിക്കപ്പെടുന്ന പട്ടികയിലാണ് ഇന്ത്യ ഉൾപ്പെട്ടിട്ടുള്ളത്. എന്നാൽ ഇന്ത്യയിലെ ഒരു സംസ്ഥാനമായ കേരളത്തിൽ അതീവഗുരുതര പട്ടിണിയുണ്ടായിട്ടില്ല. എന്തുകൊണ്ടാണത്? നിങ്ങൾ കമ്മ്യൂണിറ്റി കിച്ചണിനെയും ഭക്ഷ്യക്കിറ്റിനെയും കളിയാക്കുന്നു. പക്ഷേ, കേരളം അതീവ ഗുരുതരാവസ്ഥയിലേയ്ക്കും കൊടുംപട്ടിണിയിലേയ്ക്കും പോകാതിരുന്നത് ഇടതുപക്ഷ ആശയഗതികളുടെ ഭാഗമായിട്ടാണ്. അതാണ് ഇടതുപക്ഷം. ഒരു വലിയ വിപത്തുണ്ടാകുമ്പോൾ ജനങ്ങൾ പട്ടിണികിടക്കാനിടയാകാമോ; ഇടയാകുമെങ്കിൽ അവരുടെ വീട്ടിൽ കുറച്ച് അരി എത്തിച്ചുകൊടുക്കുക. കിറ്റ് തുടരുമോ എന്നു ചോദിക്കുകയാണ്. ജനങ്ങൾ സ്വാഭാവിക അവസ്ഥയിലെത്തിയാൽ ഭക്ഷ്യക്കിറ്റ് വിതരണം അതേപടി തുടരേണ്ട കാര്യമില്ല. നമ്മുടെ നാട്ടിൽ റേഷൻ സംവിധാനമുണ്ട്; ആ റേഷൻ സംവിധാനം തന്നെ നമുക്ക് മതിയാകും. പക്ഷേ, നിങ്ങൾ പരിഹസിക്കാൻവേണ്ടി ചോദിക്കുകയാണ്; കിറ്റ് തുടരുമോയെന്ന്. എപ്പോഴാണ് കിറ്റ് കൊടുക്കാൻ തുടങ്ങിയത്. ഒരു സവിശേഷ സാഹചര്യം, അസാധാരണമായ ഒരു ബുദ്ധിമുട്ട് ജനങ്ങളെ ബാധിച്ച സമയത്താണ് ഭക്ഷ്യക്കിറ്റ് കൊടുത്ത് പട്ടിണി ഒഴിവാക്കിയത്. അത് ജനങ്ങളെ പട്ടിണിയിൽനിന്നും കരകയറ്റാൻ സഹായിക്കുകയും ചെയ്തു. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെപ്പോലെ

പട്ടിണിയിലേയ്ക്ക് മുതലക്കുപ്പ് നടത്താതെ കേരളീയസമൂഹം നിലനിന്നത് ഇതിന്റെ ഭാഗമായിട്ടാണ്. ഈ സമയത്തും കോടിക്കണക്കിന് രൂപയുടെ ആസ്തികൾ വിറ്റഴിക്കാനുള്ള നടപടിയെടുക്കുകയായിരുന്നു കേന്ദ്രത്തിലെ ബി.ജെ.പി. ഗവൺമെന്റ്. വൻകിടക്കാർക്കുവേണ്ടി ചെയ്തുകൊടുക്കുന്ന ഈ സഹായത്തിലൂടെ പ്രതിസന്ധി ഇനി വരാനിരിക്കുന്നതേയുള്ളൂ. നമ്മളെല്ലാവരും അതിനെതിരെയാണ് ശബ്ദിക്കേണ്ടത്.

സ്വാതന്ത്ര്യത്തിനുശേഷം എഴുപത്തഞ്ച് വർഷങ്ങൾ പിന്നിടുമ്പോൾ ഇന്ത്യയുടെ സ്ഥിതിയെന്താണ്? ശതകോടീശ്വരന്മാരുടെ എണ്ണം വർദ്ധിച്ചുവരുന്നു. നിങ്ങളുടെ ഭരണകാലത്ത് 1990-കളിൽ 55 പുതിയ ശതകോടീശ്വരന്മാർ ഉയർന്നുവന്നപ്പോൾ ഇന്ത്യൻ ജനത ദാരിദ്ര്യത്തിലേയ്ക്ക് മുതലക്കുപ്പ് നടത്തി. ബി.ജെ.പി-ക്കാരുടെ ഈ ചെറിയ കാലഘട്ടത്തിനിടയിൽ 2020-ൽ മാത്രം 165 ശതകോടീശ്വരന്മാർ ആ പട്ടികയിലേയ്ക്ക് വന്നപ്പോൾ അതീവ ഗുരുതരാവസ്ഥ എന്നുപറയുന്ന അവസ്ഥയിലേയ്ക്ക് സാധാരണജനങ്ങളുടെ ജീവിതം മുതലകൂപ്പ് നടത്തി. 179 പേർ പുതിയ പട്ടികയിലേയ്ക്ക് കടന്നുവന്നു. Oxfam India റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു പ്രത്യേക ഏജൻസി കണക്കെടുത്തപ്പോൾ ദരിദ്രരുടെ എണ്ണം വൻതോതിൽ വർദ്ധിച്ചതായി കണ്ടു. ഈയൊരു equitable അല്ലാത്ത വളർച്ചയ്ക്ക് തുടക്കംകുറിച്ചത് കേരളത്തിലെ കോൺഗ്രസ്സാണ്. അതുകൊണ്ട് ഇപ്പോൾ യു.ഡി.എഫ്. വലിയ ജനാധിപത്യവും സോഷ്യലിസവുമൊന്നും പ്രസംഗിച്ചിട്ട് കാര്യമില്ല. നിങ്ങൾ ഈ രാജ്യത്തെ നശിപ്പിക്കാൻവേണ്ടി വലിയ മൂലധനക്കൊള്ളയ്ക്ക് ചൂട്ടുപിടിച്ചവരാണ്. അത് ഈ രാജ്യത്തെ ജനങ്ങൾ കാണുന്നുണ്ട്. ഒരു അസമത്വ വൈറസ് ഇവിടെ പടരുകയാണ്. ആ അസമത്വത്തിന്റെ ഉത്തരവാദിത്വം കോൺഗ്രസ്കൂടി ഏറ്റെടുക്കണമെന്നുള്ള കാര്യമാണെനിക്ക് പറയാനുള്ളത്. ഇവിടെ കോൺഗ്രസ് ആകെ ക്ഷീണിച്ചിരിക്കുകയാണ്. നിങ്ങളെ വേദനിപ്പിക്കാൻ പറയുന്നതല്ല. പക്ഷേ, കോൺഗ്രസ്സിന്റെ നയമാണ് അവരെ ഈ അവസ്ഥയിലേയ്ക്കെത്തിച്ചത്. കേരളത്തിൽ കോൺഗ്രസ്സിനെ വീണ്ടും അധികാരത്തിലെത്തിക്കാൻ മുസ്ലീംലീഗിന് ശക്തിയുണ്ടാക്കണം. ഒരു ശക്തിമാൻ സ്പിരിറ്റിലേയ്ക്ക് വരണമെന്ന് മുസ്ലീം ലീഗിന്റെ നേതൃയോഗങ്ങളിൽ പറയുന്നു. കോൺഗ്രസ്സിനെ തിരിച്ച് അധികാരത്തിലെത്തിക്കണമെന്ന് പറഞ്ഞതായികണ്ടു, അത് നല്ലതാണ്. ഘടകകക്ഷികൾ അങ്ങനെതന്നെവേണം സംസാരിക്കാൻ. പക്ഷേ, കോൺഗ്രസ്സിന്റെ പ്രവർത്തകർ പറയുന്നത്, അവസാനം ഒട്ടകത്തിന് കൂടാരം കൊടുത്തതുപോലെയാകുമോ എന്ന സംശയം ഒരു ഭാഗത്തുണ്ടെന്നാണ്. മറ്റൊന്ന്, മുസ്ലീംലീഗിന്റെ നേതാക്കളോട് എനിക്ക് ബഹുമാനമുണ്ട്. അവരുടെ കൂട്ടത്തിൽ യാഥാസ്ഥിതികരും

ഉൽപ്പതിഷ്ണുക്കളും പുരോഗമനവാദികളുമുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ടതല്ലെങ്കിലും വന്നകൂട്ടത്തിൽ ഒരു കാര്യം പറയട്ടെ, നിങ്ങളിൽ പുരോഗമനവാദികളെങ്കിലും വൃത്തികെട്ട ആരോപണം ഉന്നയിച്ചത് കേട്ടതിന്റെ വിഷമത്തിൽ പരാതി കൊടുത്ത 'ഹരിത'-യിലെ പെൺകുട്ടികളെ ഇരുട്ടുമുറിയിലേയ്ക്ക് തള്ളരുത്. നിങ്ങളവരെ കാണണം. നിങ്ങൾ വിചാരിച്ചാൽ അതിന് സാധിക്കും. നിങ്ങളുടെ കൂട്ടത്തിൽ പുരോഗമന മനസ്സുള്ളവർ വിചാരിച്ചാൽ ആ പെൺകുട്ടികളുടെ രാഷ്ട്രീയ പ്രവർത്തനം തുടരാൻ കഴിയും. ....(ബഹളം).... ഇവിടെയുള്ള കാര്യം ഇവിടെയും നോക്കിക്കൊള്ളാം. ഇവിടെ അതില്ല എന്നൊന്നും ഞാൻ പറയുന്നില്ല. പക്ഷേ, അതിന് നിങ്ങൾ സൗകര്യമൊരുക്കുമെന്നാണ് വിശ്വസിക്കുന്നത്.

നമ്മുടെ സമ്പദ്ഘടനയെ പുനരുജ്ജീവിപ്പിക്കാൻ കേരളത്തിലെ കാർഷികമേഖലയെ പുനരുജ്ജീവിപ്പിക്കണം. ഇനിയുള്ള ദിവസങ്ങളിൽ നമ്മൾ അതാണ് ചെയ്യേണ്ടത്. എന്നാൽ അഖിലേന്ത്യാടിസ്ഥാനത്തിൽ കൃഷിക്കാരുടെ സംഘടന ചെയ്യുന്ന സമരത്തിനുനേരെ അതിഭീകരമായിട്ടുള്ള കടന്നു കയറ്റമുണ്ടായിരിക്കുന്നു. അതിനെ ഈ സഭാതലത്തിൽ ഞാൻ അപലപിക്കുകയാണ്. അഞ്ചെട്ടു കർഷകരെ ഇന്നലെ വണ്ടി കയറ്റി കൊന്നുകളഞ്ഞു. നമ്മുടെ കർഷക സംഘത്തിന്റെ നേതാവ് ശ്രീ. പി. കൃഷ്ണപ്രസാദിനടക്കം ക്രൂരമായ മർദ്ദനമേറ്റുവാങ്ങേണ്ടി വന്നു. അറസ്റ്റ് ചെയ്ത ശ്രീമതി പ്രിയങ്കാ ഗാന്ധിയെ ഇപ്പോഴും വിട്ടിട്ടില്ലായെന്നാണ് തോന്നുന്നത്. ഇത് തികച്ചും അപലപനീയമാണ്. അതുകൊണ്ട് വളരെ ശക്തമായി കേന്ദ്രത്തിലെ ബി.ജെ.പി. ഗവൺമെന്റിന്റെ കർഷക വിരുദ്ധ നയങ്ങളെ നമുക്ക് ഒറ്റക്കെട്ടായി വരുന്ന ദിവസങ്ങളിലും എതിർക്കേണ്ടതായിട്ടുണ്ട്.

6.00 P.M.]

ഞാൻ ഒരുപാട് ദീർഘിപ്പിക്കുന്നില്ല. ഇന്നലെ ഞാൻ സഭയിൽ നടത്തിയ പ്രസംഗത്തിൽ പറഞ്ഞ കാര്യങ്ങളിൽ ശൈലജ ടീച്ചർ സത്യം പറയുന്നുവെന്ന് പറയുകയുണ്ടായി. നമ്മളെല്ലാവരും സത്യം പറയുന്നവരാണ്. ആർക്കാണ് സഭാതലത്തിൽ നുണപറയാൻ സാധിക്കുക. ഞാൻ ഇന്നലെ ഒരു ശ്രദ്ധ ക്ഷണിക്കൽ കൊണ്ടുവന്നു. സ്വഭാവികമായും ഇപ്പോഴത്തെ പ്ലസ് വൺ പ്രവേശനത്തിന് സീറ്റ് കൂടുതൽ വേണ്ടിവരും. കഴിഞ്ഞവർഷത്തേക്കാൾ ചില പ്രത്യേകതകൾ ഈ വർഷമുണ്ട്. കൂടുതൽ കുട്ടികൾ പാസ്സാകുകയും എ പ്ലസ് കൂടുതൽ ലഭിക്കുകയും ചെയ്തിരിക്കുന്നു. ഇതെല്ലാം നല്ലതാണ്. പക്ഷേ, പ്ലസ് വൺ പ്രവേശനം അതിനനുസരിച്ച് ക്രമീകരിക്കുകയെന്നത് ഏകതാനമായൊരു വിദ്യകൊണ്ട് സാധിക്കുന്നതല്ല. ഞാനത് എന്റെ ശ്രദ്ധ ക്ഷണിക്കലിലൂടെ ഈ സഭാതലത്തിൽ അവതരിപ്പിച്ചു. ഞാൻ ബഹുമാനപ്പെട്ട പൊതുവിദ്യഭ്യാസ

വകുപ്പുമന്ത്രിയെ അഭിനന്ദിച്ചുകൊണ്ടാണ് തുടങ്ങിയത്. പ്ലസ് വൺ പ്രവേശനപ്രക്രിയ കുറ്റമറ്റതാക്കാൻ അദ്ദേഹം നടത്തിയിട്ടുള്ള ഒരു ഹോംവർക്കുണ്ട്. ഉദ്യോഗസ്ഥരെല്ലാംകൂടി നടത്തിയിട്ടുള്ളൊരു പ്രവർത്തനമുണ്ട്. അതുകൊണ്ടാണ് ഫസ്റ്റ് അലോട്ട്മെന്റിൽത്തന്നെ പ്രതീക്ഷിക്കാത്തത്രയും കുട്ടികൾക്ക് അലോട്ട്മെന്റ് ലഭിച്ചത്. സെക്കൻഡ് അലോട്ട്മെന്റും സ്പോട്ട് അഡ്മിഷനുംകൂടി കഴിയുമ്പോൾ കുറെക്കൂടി ഈ പ്രശ്നത്തിന് പരിഹാരമുണ്ടാകണമെന്ന് ചൂണ്ടിക്കാണിക്കാനാണ് ഞാൻ ശ്രദ്ധ ക്ഷണിക്കലിലൂടെ ശ്രമിച്ചത്. ഇത് പോസിറ്റീവായി ബഹുമാനപ്പെട്ട മന്ത്രി എടുക്കുകയും ചെയ്തു. അങ്ങനെതന്നെ ചെയ്യാൻ പരിശ്രമിക്കാമെന്ന് അദ്ദേഹം പറയുകയും ചെയ്തിട്ടുണ്ട്. ഇത് എളുപ്പമുള്ള കാര്യമല്ല. കാരണം, എല്ലാവർക്കും എ-പ്ലസ് കിട്ടുമ്പോൾ പ്രത്യേകിച്ച് സയൻസ് ഗ്രൂപ്പുപോലുള്ള വിഷയങ്ങൾ തെരഞ്ഞെടുക്കുന്ന കുട്ടികളുടെ എണ്ണവും കൂടും. അങ്ങനെയാകുമ്പോൾ സയൻസ് ബാച്ചിലെ സീറ്റുകൾ ഫുൾ ആകും. കോമേഴ്സിലും മറ്റ് കോമ്പിനേഷനുകളിലും കുട്ടികളില്ലാത്ത ഒരു അവസ്ഥയുമുണ്ടാകും. ഇതുപോലെയുണ്ടാകുന്ന ഒരു പ്രശ്നം വളരെ പെട്ടെന്നൊരു ബാച്ച് അനുവദിച്ച് പരിഹരിക്കാൻ കഴിയില്ല. ഈ പ്രശ്നം ചർച്ച ചെയ്ത് കുട്ടികൾക്ക് പഠിക്കാനുള്ള സൗകര്യമുണ്ടോയെന്ന് പരിശോധിച്ചേ മതിയാകൂ. അത് പരിശോധിക്കാൻ ഗവൺമെന്റ് ബാദ്ധ്യസ്ഥമാണ്. അതിനെ സഹായിക്കാൻ അതത് പ്രദേശത്തുള്ള എല്ലാ ജനപ്രതിനിധികളും ബാദ്ധ്യസ്ഥരാണ്. നമുക്കൊരുമിച്ച് ചേർന്ന് ആ പ്രശ്നത്തിന് പരിഹാരം കാണുകയാണ് മാർഗ്ഗം. അല്ലാതെ കുറ്റപ്പെടുത്തലിനുള്ള വിഷയമായി ഇത് എടുക്കേണ്ടതില്ല. ഞാൻ പറഞ്ഞത് കുറ്റപ്പെടുത്തലായിട്ടല്ലെന്നുള്ളത് സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. ഈ ഓർഡിനൻസുകളെല്ലാം അവതരിപ്പിക്കേണ്ടിവന്ന സാഹചര്യം കണക്കിലെടുത്ത് നമുക്ക് ഭരണഘടനാപരമായ ഉത്തരവാദിത്വം നിർവ്വഹിക്കാം. വരുംനാളുകളിൽ കേരളത്തിന്റെ സാമ്പത്തികസ്ഥിതി സുസ്ഥിരമാക്കാൻ കഴിയുന്നവിധത്തിൽ കേന്ദ്രഗവൺമെന്റിൽനിന്നും ലഭിക്കാനുള്ളത് ചോദിച്ചുവാങ്ങാനും സംസ്ഥാന ഗവൺമെന്റിന്റെ സുസ്ഥിരമായ പ്രവർത്തനം ഉറപ്പുവരുത്താനും ഭരണ-പ്രതിപക്ഷ ഭേദമില്ലാതെ സഹകരിക്കേണ്ട ഘട്ടമാണിത്. കോവിഡ് പകർച്ചവ്യാധി ലോകത്തെതന്നെ പിടിച്ചുകുലുക്കിയിരിക്കുകയാണ്. ലോകസമ്പദ്ഘടനയെ അട്ടിമറിച്ചിരിക്കുകയാണ്. എന്താണ് ലോകത്തിൽ സംഭവിക്കുകയെന്ന് പറയുവാൻ സാധിക്കുകയില്ല. പുതുതായി കോടിക്കണക്കിന് മനുഷ്യർ ഭക്ഷണമില്ലാത്തവരായി മാറിയിരിക്കുകയാണ്. കോടിക്കണക്കിന് കുട്ടികൾ വിദ്യാഭ്യാസത്തിന് ശേഷിയില്ലാത്തവരായി മാറിയിരിക്കുന്നു. അതിഭീകരമായൊരു അവസ്ഥയാണ് കോവിഡ്-19 പകർച്ചവ്യാധി ഭൂഗോളത്തിൽ സൃഷ്ടിച്ചിരിക്കുന്നത്. അതിൽനിന്ന്

ആരാണ് കരകയറുക; ആ ചർച്ചയും ഇപ്പോൾ നടക്കുന്നുണ്ട്. ആ ചർച്ചയുടെ ഭാഗമായി ഇപ്പോൾ ലോകരാഷ്ട്രങ്ങൾ ചർച്ച ചെയ്യുന്നത്, നേരത്തെ ഞങ്ങൾ പറഞ്ഞതുപോലെ ഇടതുപക്ഷ മനസ്സോടെ വികേന്ദ്രീകൃത ആസൂത്രണം നടത്തിയിട്ടുള്ള പ്രദേശങ്ങളിൽ മാത്രമാണ് രക്ഷയെന്നാണ്. പൊതുജനാരോഗ്യ ശൃംഖലയ്ക്കുവേണ്ടി തുക ചെലവഴിച്ച സ്ഥലങ്ങളിൽ മാത്രമാണ് മരണം കുറഞ്ഞത്. അത് ഒരു സൂചകമാണ്. അതിൽ ഞങ്ങൾ അഭിമാനിക്കുന്നു. കേരളത്തിലെ പൊതുജനാരോഗ്യ ശൃംഖലയിൽ നമ്മൾ നടത്തിയ നിക്ഷേപമാണ് കോവിഡ്മരണം കുറയ്ക്കാൻ സഹായിച്ചത്. കൂട്ടത്തിൽ വികേന്ദ്രീകൃതാസൂത്രണവും നല്ല പങ്കുവഹിച്ചു. പഞ്ചായത്തുകളും മറ്റും നടത്തിയിട്ടുള്ള വലിയ പ്രവർത്തനമുണ്ട്; ഞാൻ അതിലേയ്ക്കൊന്നും പോകുന്നില്ല. ആ വ്യത്യാസം കാണണം. നമുക്ക് ഒരേ മനസ്സോടെ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഇടപെടണം. കേരളത്തിന് നിവൃത്തിയില്ലാത്ത ഘട്ടത്തിൽ കടമെടുക്കേണ്ടിവന്നു. ആ കടം ഏറ്റവും ജനകീയമായി കേരളം വിനിയോഗിച്ചു. ആ ഒറ്റക്കാരണംകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അവതരിപ്പിച്ച ഈ പ്രമേയത്തെ സർവ്വാത്മനാ ഞാൻ പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഈ മൂന്ന് ബില്ലുകളും നമുക്ക് നിർബന്ധിതമായി ഒരു ഘട്ടത്തിൽ ഓർഡിനൻസായി ഇറക്കേണ്ടിവന്നതും അത് ഭരണഘടനാപരമായി പാസ്സാക്കേണ്ടതുമാണ്. അത് പാസ്സാക്കുന്നതിനുള്ള നടപടിക്രമത്തിന്റെ ഭാഗമായാണ് ഈ സഭാസമ്മേളനം ചേരുന്നത്. സുദീർഘമായ ചർച്ചയാണ് ഇവിടെ നടന്നത്. ആവശ്യത്തിലധികം സമയമെടുത്ത് ചർച്ച ചെയ്തുവെന്ന തോന്നലുണ്ടാകാമെങ്കിലും സഭയിലെ നടപടിക്രമം ഗൗരവത്തോടെ വീക്ഷിക്കുന്ന ധാരാളം ആളുകൾ കേരളത്തിലുണ്ട്. പത്രപ്രവർത്തകർവഴി ഇക്കാര്യങ്ങളെല്ലാം ജനങ്ങളിലേയ്ക്കെത്തും. പാർലമെന്ററി സംവിധാനത്തിൽ ഉദ്യോഗസ്ഥരുടെ പങ്ക് പ്രധാനപ്പെട്ടതാണ്. ഈ സഭയിൽ നടക്കുന്ന ചർച്ചകളും അംഗങ്ങൾ ഉന്നയിക്കുന്ന പ്രശ്നങ്ങളും അർഹിക്കുന്ന ഗൗരവത്തോടെ ഉദ്യോഗസ്ഥ സംവിധാനവും ബ്യൂറോക്രസിയും മനസ്സിലാക്കേണ്ടതാണ്. അങ്ങനെയുള്ള പ്രധാനപ്പെട്ട ചർച്ചയാണ് ഇന്ന് സഭയിൽ നടക്കുന്നത്. ചർച്ചയ്ക്കിടയിൽ പലപ്പോഴും വിമർശനങ്ങളും ആക്ഷേപങ്ങളുമുണ്ടായിട്ടുണ്ടാകാം.

മി. സ്പീക്കർ: ചർച്ച നടക്കുമ്പോൾ ഉദ്യോഗസ്ഥ ഗ്യാലറിയിൽ പല ഉദ്യോഗസ്ഥരുമില്ലെന്നുള്ള കാര്യം ബഹുമാനപ്പെട്ട ഒരംഗം ഇവിടെ ചൂണ്ടിക്കാണിച്ചിരുന്നു. അത് ഗൗരവത്തോടെതന്നെ ചെയർ കാണുകയാണ്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, തീർച്ചയായും ഉദ്യോഗസ്ഥർ സന്നിഹിതരാകണം. ഒന്നുരണ്ട് ഉദ്യോഗസ്ഥർ ലീവായതൊഴിച്ച് ബാക്കിയുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥരുണ്ടായിരുന്നു. ഞാനും അങ്ങും പാർലമെന്റിലുണ്ടായിരുന്നവരാണ്. പാർലമെന്റിൽ ഇത്തരം ചർച്ചകൾ നടക്കുമ്പോൾ എത്ര സീരിയസ്സായാണ് ഉദ്യോഗസ്ഥർ ഓഫീസേഴ്സ് ഗ്യാലറിയിൽ ഉണ്ടാകാറുള്ളത്. സാധാരണഗതിയിൽ അങ്ങനെ വേണ്ടതാണ്. അങ്ങ് പറഞ്ഞതുപോലെ ഉത്തരവാദിത്വത്തോടുകൂടി ഞാനും എടുക്കുന്നു. ഉദ്യോഗസ്ഥരും അങ്ങനെതന്നെ എടുക്കുമെന്നുതന്നെയാണ് കരുതുന്നത്. ചർച്ചകളുടെ സാരാംശം ഉദ്യോഗസ്ഥർ മനസ്സിലാക്കേണ്ടതാണ്.

ഇവിടെ നടന്ന ചർച്ചയിൽ വിമർശനത്തിന്റെ അംശങ്ങൾ ധാരാളമുണ്ടാകും. ചിലത് രാഷ്ട്രീയകാര്യങ്ങൾക്ക് മുൻഗണന നൽകുന്നതായിരിക്കും. എങ്കിലും വളരെ നല്ലൊരു ചർച്ചയാണ് ഇവിടെ നടന്നത്. ഓർഡിനൻസുകൾ ഇറക്കിയതിനെ സംബന്ധിച്ച് രാഷ്ട്രീയപരമായിത്തന്നെയാണ് ബഹുമാന്യരായ പ്രതിപക്ഷനേതാവും മുൻപ്രതിപക്ഷനേതാവും മറ്റ് നേതാക്കളുമെല്ലാം ഉന്നയിച്ചതെന്ന് കരുതുന്നു. 35 ഓർഡിനൻസുകൾ ഇറക്കിയതുകൊണ്ടാണ് ഇങ്ങനെയൊരു സെഷൻ വിളിക്കേണ്ടിവന്നതെന്ന് പറഞ്ഞു. ആ ഓർഡിനൻസുകൾ നിയമമാക്കാനുള്ള ശ്രമമാണ് നടത്തുന്നത്. ഒരു കാര്യം ഞാൻ അവരെ ഓർമ്മിപ്പിക്കാൻ ശ്രമിക്കുകയാണ്. പതിമൂന്നാം കേരള നിയമസഭയിൽ 215 ഓർഡിനൻസുകളാണ് അഞ്ചുവർഷംകൊണ്ട് ഇറക്കിയത്. അതൊരു കുറ്റമായി ഞാൻ പറയുന്നതല്ല. ഒരു കാര്യം പറയുമ്പോൾ എപ്പോഴും സത്യം നമുക്കുനേരെ തുറിച്ചുനോക്കുമെന്നുള്ള കാര്യം വിമർശനം ഉന്നയിക്കുന്നവർ മനസ്സിലാക്കണം. 35 ഓർഡിനൻസുകളെക്കാളും അന്നത്തെ 215 എന്നത് വളരെ കുറവാണെന്ന് വേണമെങ്കിൽ വാദിക്കാം. ഓർഡിനൻസുകൾ ഇറക്കുകയെന്ന നടപടിക്രമത്തെ മിസ്‌യൂസ് ചെയ്യുകയല്ല ചെയ്യുന്നത്. കോവിഡ്കാലത്ത് നിയമസഭ ചേരാൻ കഴിയാതിരുന്ന ഘട്ടം നമുക്കറിയാം. അതുകൊണ്ട് പൊതുവിലുള്ള നിയമമനുസരിച്ചുള്ള നടപടിക്രമങ്ങൾ നിർവ്വഹിക്കുകയാണ് ചെയ്യുന്നത്. ജി.എസ്.ടി-യെ സംബന്ധിച്ചും സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതിയെ സംബന്ധിച്ചും സാമാന്യം നല്ല ചർച്ച നടന്നു. ബിൽ പാസ്സാക്കണമെന്നുള്ളതിനെക്കുറിച്ചും അതിലെ വ്യവസ്ഥകളെക്കുറിച്ചും ആർക്കും തർക്കമില്ല. കേന്ദ്ര ജി.എസ്.ടി. കൗൺസിൽ അംഗീകരിച്ചുകഴിഞ്ഞാൽ സംസ്ഥാനങ്ങൾ സ്റ്റാറ്റ്യൂട്ടറിയായി നിയമം പാസ്സാക്കേണ്ടതാണ്. എഫ്.ആർ.ബി.എം. ആക്ടനുസരിച്ച് കേരളത്തിന് മാത്രമല്ല ഇന്ത്യയിലാകെ എക്സംപ്ഷനുകൾ കൊടുത്തതാണ്. പൊതുവില്പന നികുതി സംബന്ധിച്ച് പറഞ്ഞത്, മദ്യത്തിന് അത്രയും വില വർദ്ധിപ്പിക്കണമായിരുന്നോ തുടങ്ങിയ കാര്യങ്ങളായിരുന്നു.

അക്കാര്യവും പൊതുവിൽ ആളുകൾ അംഗീകരിക്കുന്നുണ്ട്. ഞാൻ അധികം സമയമെടുക്കണമെന്ന് ആഗ്രഹിക്കുന്നില്ല. ചില കാര്യങ്ങളിൽ എന്റെ അഭിപ്രായം പറയാതിരിക്കാൻ കഴിയില്ല.

കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രിയെന്ന നിലയിൽ ഞാനിപ്പോൾ ഒരു മുടിഞ്ഞ വീടിന്റെ പൂമുഖത്തിരിക്കുന്ന ഒരാളെപ്പോലെ സഹതാപം തോന്നുന്നുവെന്ന് പറഞ്ഞു. എന്നാൽ അങ്ങനെയല്ല, വളരെ സന്തോഷമുള്ളൊരു കുടുംബത്തിൽ എല്ലാവർക്കും ആവശ്യത്തിന് ഭക്ഷണവും വിദ്യാഭ്യാസവും മരുന്നുമെല്ലാം കിട്ടുന്ന നല്ല രക്ഷകർത്താക്കളുള്ള കുടുംബത്തിലെ ഒരാളെപ്പോലെ ഞാനിരിക്കുകയാണ്. പക്ഷേ, അവിടെ എന്തിനും കലഹിക്കുന്ന ചില കുട്ടികളുമുണ്ടാകും. അവർക്ക് കലഹിക്കാനും അവസരം കൊടുക്കുന്നൊരു കുടുംബമാണിത്. അതുകൊണ്ട് ആ സന്തോഷത്തോടുകൂടിത്തന്നെയാണ് ഇരിക്കുന്നത്. ഇന്ത്യയിലെ മറ്റുള്ളവർ നോക്കുമ്പോഴും ഈ കുടുംബം എല്ലാവരും ചേർന്ന് സന്തോഷത്തോടെ ഇരിക്കുകയാണ്. ആ സ്പിരിറ്റിൽ തന്നെയാണ് കേരളത്തെ നോക്കിക്കാണുന്നതും.

വളരെ പ്രധാനപ്പെട്ടൊരുകാര്യം സഭയുടെ മുമ്പാകെ പറയാനുള്ളത്, ഇന്ത്യയിൽ ജി.എസ്.ടി. നടപ്പാക്കിയതും സാമ്പത്തിക മേഖലയും സംബന്ധിച്ച് രാഷ്ട്രീയ പരിമിതിക്കകത്തുനിന്നുകൊണ്ട് പറയുന്നതിനപ്പുറം കുറച്ചുകൂടി ഗൗരവമായി ഇടപെടേണ്ട സമയമായി എന്നതാണ്. ജി.എസ്.ടി. കൊണ്ടുവന്നതാരാണ്; എന്തായിരുന്നു സമീപനം; എന്ന കാര്യത്തിലേയ്ക്കുള്ള വാദത്തിനൊന്നും ഞാൻ പോകുന്നില്ല. കോൺഗ്രസ് പാർട്ടി തന്നെയാണ് കൊണ്ടുവന്നത്. കോൺഗ്രസ് പാർട്ടി ഇങ്ങനെയല്ല ജി.എസ്.ടി. നടപ്പിലാക്കാൻ ഉദ്ദേശിച്ചതെന്ന് ഇവിടെയുള്ള നേതാക്കൾ പറയുന്നുണ്ട്. ജി.എസ്.ടി-യുമായി ബന്ധപ്പെട്ട ചർച്ച നടന്ന കമ്മിറ്റിയിൽ സി.പി.ഐ.(എം)-യുടേയും സി.പി.ഐ-യുടേയും പ്രതിനിധികളുൾപ്പെടെയുണ്ടായിരുന്നു; ഞാനും സി.പി.ഐ. ജനറൽസെക്രട്ടറി സഖാവ് ഡി. രാജയുമുണ്ടായിരുന്നു. ഞങ്ങൾ ശക്തമായി ഡിസന്റ് രേഖപ്പെടുത്തിയതാണ്. ആ കമ്മിറ്റിയിൽ എ.ഐ.എ.ഡി.എം.കെ-യുടെ ശക്തമായ നിലപാടുണ്ടായിരുന്നു. ഞങ്ങളുടെ പാർട്ടിയുടെ കേന്ദ്രകമ്മിറ്റിയും പോളിറ്റ് ബ്യൂറോയും തീരുമാനിച്ചതനുസരിച്ചുള്ള നിലപാടാണ് സ്വീകരിച്ചത്. അക്കാര്യത്തിൽ വ്യത്യസ്ത അഭിപ്രായമൊന്നും ഞങ്ങൾ തമ്മിലില്ല. ആദ്യഘട്ടത്തിൽ ജി.എസ്.ടി. നല്ലതാണെന്ന ധാരണ തോന്നിയിരുന്നു. പക്ഷേ, അനുഭവത്തിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിശോധിച്ചപ്പോൾ അതിന്റെ അപകടം മനസ്സിലാക്കി ബിൽ പാസ്സാകുന്നതിന് മുൻപുതന്നെ നിലപാടെടുത്തവരാണ് ഞങ്ങൾ. ബഹുമാന്യരായ പ്രതിപക്ഷനേതാവും മുൻപ്രതിപക്ഷനേതാവുമുൾപ്പെടെ പറഞ്ഞത് ജി.എസ്.ടി. കൗൺസിലിൽ

ബി.ജെ.പി. ഇതര പ്രതിപക്ഷം ഒരുമിച്ചുതന്നെ നിലപാട് എടുക്കാറുണ്ടെന്നാണ്. കഴിഞ്ഞ ജി.എസ്.ടി. കൗൺസിലിൽ രാഷ്ട്രീയമായുള്ള നിലപാടുകളൊഴിച്ചാൽ, എല്ലാ സംസ്ഥാനങ്ങളും അവരുടെ സാമ്പത്തിക പ്രശ്നങ്ങളെക്കുറിച്ച് ഗൗരവമായി പറഞ്ഞിരുന്നു. അന്ന് കേരളത്തിൽ ശരാശരി 14 ശതമാനം ടാക്സ് ഉണ്ടായിരുന്നു. കേന്ദ്രത്തിന്റെ ഭാഗം 14 ശതമാനമായിരുന്നു. എല്ലാംകൂടി 28 ശതമാനം ആവറേജ് ആയി എടുക്കുമ്പോൾ റവന്യൂ ന്യൂട്രൽ റേറ്റ് എന്നുപറയുന്നത് ഏകദേശം 16 ശതമാനമായിരുന്നു. 16 ശതമാനം ടാക്സ് ഏർപ്പെടുത്തി ജി.എസ്.ടി. നടപ്പിലാക്കിത്തുടങ്ങിയതാണ്. അന്തിമ തീരുമാനമെടുക്കുന്ന ജി.എസ്.ടി. കൗൺസിലിൽ സ്വാഭാവികമായും കേന്ദ്ര ഗവൺമെന്റിനാണ് മേൽക്കൈ. പലഘട്ടത്തിലും രാഷ്ട്രീയമായ താല്പര്യങ്ങളും തെരഞ്ഞെടുപ്പുകളും വന്നുവന്ന് ഇപ്പോൾ അത് 11.3 ശതമാനമാണ്. അതായത് നേരത്തേ ലഭിച്ചുകൊണ്ടിരുന്ന ടാക്സിന്റെ മൂന്നിലൊന്ന് ശതമാനം ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും കുറഞ്ഞിരിക്കുകയാണ്. കേന്ദ്ര-സംസ്ഥാന വിഹിതം നോക്കുമ്പോൾ കഴിഞ്ഞ വർഷത്തെ കളക്ഷൻ 25,000-ത്തോളം കോടി രൂപയിലും കുറഞ്ഞിരുന്നു. ടാക്സ് കുറഞ്ഞിരുന്നില്ലെങ്കിൽ പതിനായിരം കോടി രൂപ കോമ്പൻസേഷൻ ഇനത്തിൽ ലഭിക്കുമായിരുന്നു. ഇപ്പോൾ ടാക്സ് കുറഞ്ഞിരിക്കുകയാണ്. ഇതൊരു ചെറിയ പ്രശ്നമല്ല. കേരളത്തിലെ പൊതുവിലുള്ള പ്രശ്നമാണ്, ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളുടെയും പൊതു പ്രശ്നമാണ്, ഭാവിയിൽ ഗുരുതര പ്രശ്നമായി മാറാൻ പോകുന്നതുകൊണ്ടാണ് ഞാനിത് ചൂണ്ടിക്കാണിക്കുന്നത്. ജി.എസ്.ടി. റേറ്റിൽ കുറവുവന്നിട്ടുണ്ട്. അത് നടപ്പിലാക്കുന്നതിനെക്കുറിച്ച് ഇവിടെ പറഞ്ഞകാര്യം വളരെ ശരിയാണ്. ചെക്പോസ്റ്റുകൾ ഇല്ലാതായി. പുതിയ സംവിധാനങ്ങൾ പലതും പ്രവർത്തനപഥത്തിലെത്തിയില്ല. താരതമ്യേന ഭേദമാണ് കേരളത്തിലെ ജി.എസ്.ടി. സമ്പ്രദായമെന്നാണ് മറ്റ് സംസ്ഥാനങ്ങളിലെ ഉദ്യോഗസ്ഥർ പറയുന്നത്. ഇവിടെ നടന്ന ചർച്ചയിൽ പങ്കെടുത്ത ചിലർ പറഞ്ഞത് ബാക്കിയെല്ലായിടത്തും മോഡേണൈസേഷൻ നടന്നുവെന്നാണ്. എന്നാൽ അങ്ങനെയല്ല. കേരളത്തിൽ നടപ്പിലാക്കുന്ന പലകാര്യങ്ങളെയും സംബന്ധിച്ച് ഇവിടത്തെ ഉദ്യോഗസ്ഥരെ വിളിച്ച് അവർ ഡിസ്കസ് ചെയ്യുകയാണ്. പെരുമ്പാവൂരിലെ പ്ലൈവുഡിനെ സംബന്ധിച്ച് ഇവിടെ പറയുകയുണ്ടായി. അതൊരു തട്ടിപ്പിന്റെ ഉദാഹരണമാണ്. കന്യാകുമാരിയിലെ ബില്ലുവച്ച് ഉല്പന്നം പെരുമ്പാവൂരിൽനിന്നും പോകുന്നത് മഹാരാഷ്ട്രയിലേയ്ക്കാണ്. ഈ ബില്ലിൽ ടാക്സ് അടയ്ക്കുന്നില്ല. ടാക്സ് അടയ്ക്കാതെ വരുമ്പോൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് ലഭിക്കേണ്ട വിഹിതം ലഭിക്കുന്നില്ല. ഇതൊരു ക്ലിയർ കേസ്സാണ്. ഇതെങ്ങനെയാണ് കണ്ടുപിടിച്ചതെന്ന് കർണ്ണാടകയും മറ്റ് സംസ്ഥാനങ്ങളും

നമ്മളോട് ചോദിച്ചു. ഇതുപോലെ അടയ്ക്ക വലിയതോതിൽ പോകുന്നത് കർണ്ണാടകയിൽനിന്നാണ്. പക്ഷേ, ബിൽ കേരളത്തിലേതാണ്. ജി.എസ്.ടി. അനുസരിച്ച് ഇവിടെ ടാക്സ് അടച്ച് അടയ്ക്ക വേറൊരു സംസ്ഥാനത്തേയ്ക്കാണ് പോകുന്നതെങ്കിൽ ഇവിടെ കളക്ട് ചെയ്ത പണം അവിടേയ്ക്ക് അയച്ചുകൊടുക്കണം. അവർ ഇത് കളക്ട് ചെയ്യുന്നുണ്ടോ തുടങ്ങിയ കാര്യങ്ങൾക്ക് ഇപ്പോഴും വ്യക്തതയില്ല. ഇവിടെ അടയ്ക്കാത്ത പണം അവിടെ കുറവുചെയ്ത് പോകുന്നുണ്ടോ തുടങ്ങിയ സാങ്കേതികപ്രശ്നങ്ങളുണ്ട്. ഇത്തരം കാര്യങ്ങൾ സംബന്ധിച്ച് പല ഉല്പന്നങ്ങളുടേയും കാര്യത്തിൽ ഗൗരവമായ ചർച്ച വന്നു. GSTIN എന്ന ഐ.ടി. സംവിധാനമുൾപ്പെടെ സജീവമായി പരിശോധിക്കാനുള്ള ഒരു സബ്കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. റേറ്റുകൾ സംബന്ധിച്ച് പുനഃസംഘടനയും പരിശോധനയും നടത്താനുള്ള ഏഴുപേരടങ്ങുന്ന കമ്മിറ്റിയും ഇപ്പോൾ രൂപീകരിച്ചിട്ടുണ്ട്. ആ കമ്മിറ്റിയിൽ കേരളവും അംഗമാണ്.

നേരത്തെ ഇവിടെ പറഞ്ഞത് ശരിയാണ്. ഒരു ലിറ്ററിന്റെ പായ്ക്കറ്റ് വെളിച്ചെണ്ണയ്ക്ക് 5 ശതമാനവും ഒരു ലിറ്ററിന് താഴെയുള്ള പായ്ക്കറ്റുകളാണെങ്കിൽ അതിന് 18 ശതമാനവും നികുതി കൊണ്ടുവരാൻ ശ്രമിച്ചു. അതിനെ കേരളം എതിർത്തപ്പോൾ തൽക്കാലം മാറ്റിവച്ചു. കാരണം, ഹെയർ ഓയിലിനുപയോഗിക്കുന്ന പാരച്യൂട്ട് പോലുള്ള ചില കമ്പനികളുടെ എണ്ണയ്ക്ക് ടാക്സ് കുറച്ചുകിട്ടുമെന്നാണ്. ഇത്തരം കാര്യങ്ങളിൽ സംസ്ഥാനങ്ങൾ നിരന്തരം ഫൈറ്റ് ചെയ്യുകയാണ്. കേരളം ഈ ആവശ്യം ഉന്നയിച്ചപ്പോൾ സ്വാഭാവികമായും തമിഴ്നാട്ടും കർണ്ണാടകയും ഗോവയുമൊക്കെ സപ്പോർട്ട് ചെയ്തു. ജി.എസ്.ടി. നടപ്പിലാക്കിയതിലൂടെ സംസ്ഥാനങ്ങളുടെ തനത് നികുതി വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ട്.കേന്ദ്ര-സംസ്ഥാന വിഹിതം വീതംവച്ചപ്പോൾ സംസ്ഥാനങ്ങളുടെ ടാക്സേഷൻ പവർ ഇല്ലാതായി. ആകെ പരിധിയിലുൾപ്പെടാത്തത് പെട്രോളിയം, ആൽക്കഹോൾ എന്നിവ മാത്രമാണ്. ഈയൊരു സ്ഥിതിയിൽ എല്ലാ സംസ്ഥാനങ്ങൾക്കും വിഷമമുണ്ട്. ഇതിൽനിന്ന് ലഭിക്കുന്നതും ഇൻകം ടാക്സ് അടക്കമുള്ള പണവും കോമണായ ഒരു divisible pool-ൽ നിക്ഷേപിക്കും. അതിൽ ആകെയുള്ളതിന്റെ 41 ശതമാനം സംസ്ഥാനങ്ങൾക്കായി നൽകും. അത് വീതംവച്ചുകിട്ടുന്നതുമാത്രമേ ഇപ്പോൾ സംസ്ഥാനങ്ങൾക്ക് ലഭിക്കുകയുള്ളൂ. അതിലും കുറവ് വരുന്നുണ്ട്. എല്ലാ സംസ്ഥാനങ്ങളും പരാതി പറയുന്നത് പെട്രോളിയത്തെ സംബന്ധിച്ചാണ്. പെട്രോളിയത്തിന്റെ കാര്യത്തിൽ സംസ്ഥാനം ശക്തമായ നിലപാട് സ്വീകരിച്ചു. ഇത് ജി.എസ്.ടി.യിൽ ഉൾപ്പെടുത്തണമെന്നുപറഞ്ഞ് കേരള ഹൈക്കോടതിയിലൊരു കേസ് വന്നിരുന്നു. ഇത് എല്ലാ സ്റ്റേറ്റുകളും അംഗീകരിച്ചില്ല. ജി.എസ്.ടി-യിൽ ഉൾപ്പെടുത്തിയാൽ പെട്രോളിന്റെ വില കുറയില്ല. അങ്ങനെ കുറയുമായിരുന്നെങ്കിൽ ഗ്യാസിന്റെ വില കുറയണമായിരുന്നു.

കുക്കിംഗ് ഗ്യാസിന് 5 ശതമാനം മാത്രമേ നികുതിയുള്ളൂ. 5 ശതമാനമുള്ള ഗ്യാസിന് ആറുമാസം മുമ്പ് 400 രൂപയ്ക്കും 500 രൂപയ്ക്കും ഇടയിലായിരുന്നു വില. ഇപ്പോൾ അതിന് 975 രൂപയാണ്. ടാക്സ് 50 രൂപയിൽ താഴെയാണ്. എന്നിട്ടും ഗ്യാസിന്റെ വില കുറയാത്തതെന്താണ്? അതിന്റെ വില നിശ്ചയിക്കുന്നത് കേന്ദ്ര സർക്കാർ വേറൊരു സമ്പ്രദായമനുസരിച്ചാണ്. 31 രൂപയാണ് ഒരു ലിറ്റർ ഡീസലിന് സെസ്സായി സെൻട്രൽ ഗവൺമെന്റ് കളക്ട് ചെയ്യുന്നത്. 28 രൂപയാണ് പെട്രോളിന് കളക്ട് ചെയ്യുന്നത്. ഇങ്ങനെ കളക്ട് ചെയ്യുന്നതിൽ 1 രൂപ 80 പൈസ മാത്രമാണ് എക്സൈസ് ഡ്യൂട്ടി. എക്സൈസ് ഡ്യൂട്ടി സംസ്ഥാനങ്ങൾക്ക് വീതം വയ്ക്കേണ്ടതാണ്. സ്പെഷ്യൽ എക്സൈസ് ഡ്യൂട്ടിയും അഗ്രികൾച്ചറൽ സെസ്സും റോഡ് സെസ്സുമെന്ന് പറഞ്ഞ് കളക്ട് ചെയ്യുന്നുണ്ട്. ആ ഇനത്തിൽ 6 ലക്ഷം-7 ലക്ഷം കോടി രൂപയാണ് ഒരു വർഷം കളക്ട് ചെയ്യുന്നത്. ഇത് സംസ്ഥാനങ്ങൾക്ക് വീതം വയ്ക്കേണ്ടാത്തതാണ്. അതുകൊണ്ടാണ് ആ സെസ്സ് കുറച്ചാൽത്തന്നെ വില കുറയ്ക്കാമെന്ന് കേരളം പറയുന്നത്. ഇനി ഒരു കാര്യംകൂടി ഞാൻ പറയാം. 28 ശതമാനത്തിലധികം ടാക്സ് ഏർപ്പെടുത്തുന്ന പല ഉല്പന്നങ്ങളുമുണ്ട്. ഓട്ടോ മൊബൈൽസിന് 50 ശതമാനം വരെ ടാക്സ് വാങ്ങിക്കുന്നുണ്ട്. പക്ഷേ, 28 ശതമാനത്തിലധികം ടാക്സുള്ള ഉല്പന്നങ്ങൾക്ക് 28 ശതമാനത്തിൽ അധികരിച്ചുള്ള തുക കോമ്പൻസേഷൻ സെസ്സ് എന്ന പ്രത്യേക ഫണ്ടിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. പുകയിലയ്ക്ക് 100-ഉം 200-ഉം ശതമാനം വരെ ടാക്സ് ഈടാക്കും. ഇതൊക്കെ കോമ്പൻസേഷൻ സെസ്സിൽ ഇട്ടിരിക്കുകയാണ്. അത് സെൻട്രൽ ഗവൺമെന്റിന്റെ ഒരു ഡിസ്ക്രീഷനിലാണ് വച്ചിരിക്കുന്നത്. ഇപ്പോൾ ആ പണമെടുത്ത് സംസ്ഥാനങ്ങൾക്ക് കോമ്പൻസേഷൻ ഗ്രാന്റ് നൽകാൻ പോകുകയാണ്. പെട്രോളിന്റെ പ്രശ്നം ഉന്നയിക്കുമ്പോൾത്തന്നെ, ഈ വർഷം വരാൻ പോകുന്ന ഒരു വലിയ അപകടമുണ്ട്. ജൂലൈ 1 മുതൽ കോമ്പൻസേഷൻ ഇല്ല. ജി.എസ്.ടി. നടപ്പിലാകുന്നതിനുമുമ്പുള്ള 11 വർഷക്കാലം ഒരു വർഷം ടാക്സിന്റെ വളർച്ച 14 ശതമാനം മുതൽ 16 ശതമാനം വരെയായിരുന്നു. ആ വളർച്ച ഇപ്പോഴില്ല. കേന്ദ്ര ഗവൺമെന്റാണ് ശതമാനം തീരുമാനിക്കുന്നത്. ജി.എസ്.ടി. വന്നുകഴിഞ്ഞപ്പോഴുള്ള പ്രത്യേകതയെന്താണ്? നേരത്തെ ഒരു കവർ ദോശമാവ് വാങ്ങിക്കുമ്പോൾ 5 രൂപ ടാക്സുണ്ടെങ്കിൽ കേരള സെയിൽ ടാക്സ് അനുസരിച്ച് ആ അഞ്ച് രൂപ കേരളത്തിന് ലഭിക്കുമായിരുന്നു. ഇപ്പോൾ 5 രൂപ ടാക്സുണ്ടെങ്കിൽ രണ്ടര രൂപ കേന്ദ്രത്തിനും രണ്ടര രൂപ കേരളത്തിനും കിട്ടും. അപ്പോൾ ടാക്സിന്റെ ഡെവല്യൂഷനുതന്നെ വ്യത്യാസം വന്നു. അതിന്റെ ഭാഗമായി കോമ്പൻസേഷൻ നൽകാമെന്ന് പറഞ്ഞിരുന്നു. കോമ്പൻസേഷനിലേയ്ക്ക് 5 വർഷംകൊണ്ട് ഡെവലപ് ചെയ്തുവന്നില്ലെങ്കിൽ കോമ്പൻസേഷൻ കാലാവധി ദീർഘിപ്പിച്ചു നൽകണമെന്നാണ് നമ്മൾ ആവശ്യപ്പെടുന്നത്. എല്ലാ സംസ്ഥാനങ്ങളും അതുതന്നെയാണ് ആവശ്യപ്പെടുന്നത്. കേന്ദ്ര ഗവൺമെന്റ് അതിന് തയ്യാറായിട്ടില്ല.

ഒരു രാഷ്ട്രം - ഒരു നികുതി എന്ന പോളിസി പ്രകാരം അവർ കളക്ട് ചെയ്യും, പക്ഷേ, നമുക്ക് നഷ്ടം വരും. ഇപ്പോഴത്തെ സ്ഥിതിയിൽ നമുക്ക് 13,000 കോടി രൂപ ഈ വർഷം കോമ്പൻസേഷൻ ലഭിച്ചു. അടുത്തവർഷം മാർക്കറ്റ് കുറച്ചുകൂടി ഡെവലപ് ചെയ്താലും ഗ്യാപ്പുണ്ടാകും. ഇത് ഇടതുപക്ഷത്തിനെയോ ഇടതുപക്ഷ മന്ത്രിസഭയെയോ മാത്രം ബാധിക്കുന്ന വിഷയമല്ല. കേരളത്തിന്റെ പ്രശ്നമാണ്, ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുടെകൂടി പ്രശ്നമാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ തീരുമാനമുണ്ടാകണം. സംസ്ഥാനങ്ങളുടെ നികുതി വിഹിതത്തിലെ നഷ്ടം നികത്താൻ ഒരുമിച്ച് നിൽക്കേണ്ട സ്ഥിതിയാണ്. 13,000 കോടി രൂപ ഒറ്റയടിക്ക് ഒരു സംസ്ഥാനത്തിന് കുറഞ്ഞാൽ എന്താണ് സംഭവിക്കുക? ഇതുകൂടാതെ സെൻട്രൽ ഗവൺമെന്റ് എടുക്കുന്ന മറ്റൊരു നയമാണ്, അവരുടെ ആകെ വരുന്ന വരുമാനത്തിന്റെ 41 ശതമാനമാണ് സംസ്ഥാനങ്ങൾക്ക് വീതം വയ്ക്കുകയെന്നത്. കേരളത്തിന് 1970-1980-കളിൽ ലഭിച്ചുകൊണ്ടിരുന്നത് 3.92 ശതമാനമായിരുന്നു. നേരത്തെ ടാക്സ് കണക്കാക്കിയിരുന്നത് 1971-ലെ ജനസംഖ്യയുടെ അടിസ്ഥാനത്തിലായിരുന്നുവെങ്കിൽ ഇപ്പോൾ 2011-ലെ ജനസംഖ്യയുടെ അടിസ്ഥാനത്തിലാണ്. എന്നുമാത്രമല്ല, പല മേഖലകളിലും വികസനമുള്ളതുകൊണ്ടും ആളോഹരിവരുമാനം കൂടുതലായതുകൊണ്ടും കഴിഞ്ഞ ധനകാര്യ കമ്മീഷൻ അനുവദിച്ചത് 1.92 ശതമാനമാണ്. അതിനുമുമ്പുള്ള വർഷം 3.92 ശതമാനം ലഭിച്ചിരുന്ന സ്ഥാനത്ത് ഇപ്പോഴത് നേരെ പകുതിയായി കുറഞ്ഞു. കമ്മീഷൻ റിപ്പോർട്ട് വരുന്നതിന് തൊട്ടുമുമ്പിലത്തെ വർഷം ലഭിച്ചത് 17,500 കോടി രൂപയായിരുന്നു. ഇപ്പോഴത് 11,000 കോടി രൂപയായി. 6,500 കോടി രൂപയാണ് ഒരുവർഷംകൊണ്ട് കുറഞ്ഞത്. ഇങ്ങനെ കുറഞ്ഞതിന്റെ ഭാഗമായി 19,800 കോടി രൂപ വൺ ടൈം ഗ്രാന്റായി ലഭിച്ചു. അതുകൊണ്ട് ഈ വർഷത്തേയ്ക്കും അടുത്ത വർഷത്തേയ്ക്കും കുറച്ച് പണമുണ്ട്. ടാക്സിലെ കുറവും വൺടൈം ഗ്രാന്റുംകൂടി ആകെ 32,000 കോടി രൂപയാണ് ഒറ്റയടിക്ക് കുറയുന്നത്. ഇത് കേരളത്തിന്റെ മാത്രം പ്രശ്നമാണെന്ന് തെറ്റിദ്ധരിക്കരുത്. കഴിഞ്ഞദിവസം ധനകാര്യ വകുപ്പുമന്ത്രിമാരുടെ കമ്മിറ്റി കൂടിയപ്പോൾ മണിപ്പൂരിൽ നിന്നുള്ള ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത് അവർക്ക് കോമ്പൻസേഷൻ ഗ്രാന്റിന്റെ ഭാഗമായി 5,000 കോടി രൂപ മാത്രമേ ലഭിച്ചുള്ളൂവെന്നാണ്. ആസാമിനും കർണ്ണാടകയ്ക്കും ഇതേ പരാതിയുണ്ട്. കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത് 'ഞാൻ മന്ത്രിയാണെങ്കിലും കർണ്ണാടക എന്റെ സംസ്ഥാനമാണ്, അവിടെയും വലിയ തോതിൽ ഫിനാൻസ് കമ്മീഷന്റെ പണം കുറഞ്ഞിട്ടുണ്ട് എന്നാണ്. മണിപ്പൂരിലെ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത് ചെറിയ സംസ്ഥാനമായ മേഘാലയയ്ക്ക് റവന്യൂ ഡെഫിസിറ്റ് ഗ്രാന്റായി 17,000 കോടി രൂപ ലഭിച്ചുവെന്നും മണിപ്പൂരിന് 5,000 കോടി രൂപ മാത്രമേ ലഭിച്ചുള്ളൂവെന്നുമാണ്. ചില സംസ്ഥാനങ്ങൾ ഒഴിച്ച് ബാക്കി എല്ലാ സംസ്ഥാനങ്ങൾക്കും ഈ ഏറ്റക്കുറച്ചിലുകളുണ്ട്. പഞ്ചാബിന്റെ അവസ്ഥ ഗുരുതരമാണ്. രാജസ്ഥാന്റെ

അവസ്ഥയും ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു. ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങളിൽ ഉൾപ്പെടെ ഈ പ്രശ്നമുണ്ട്. ഇന്ത്യയുടെ സാമ്പത്തിക സ്ഥിതിയിൽ 'വൺ നേഷൻ വൺ ടാക്സ് ' എന്ന് പറയുകയും ടാക്സിന്റെ കാര്യത്തിലുള്ള പവേഴ്സ് മുഴുവനും കേന്ദ്രീകരിക്കപ്പെടുകയും ചെയ്തതിന്റെ ഭാഗമായി ഗുരുതരമായ പ്രശ്നങ്ങൾ സംസ്ഥാനങ്ങൾ അടുത്ത വർഷങ്ങളിൽ നേരിടും. ഇവിടെ ചർച്ച ചെയ്തപ്പോൾ പറഞ്ഞത് ജി.എസ്.ടി. യൂറോപ്പിലൊക്കെയുണ്ടെന്നാണ്. യൂറോപ്പിൽ ഇത് തകർന്നതുകൊണ്ടാണ് ബ്രെക്സിറ്റ് വന്നത്. ബ്രിട്ടൻ പൊതുസിസ്റ്റത്തിൽ നിന്ന് പുറത്തുപോയതിന്റെ കാരണമെന്താണ്? ഈ ടാക്സേഷൻ സിസ്റ്റം അവർക്ക് അംഗീകരിക്കാൻ കഴിയില്ല. ഗ്രീസിന്റെ ഇക്കോണമി തകർന്നതും ഗവൺമെന്റ് രാജിവച്ചതും ഇതുകൊണ്ടുതന്നെയാണ്. അവിടെയും ഈ ടാക്സേഷനെതിരെ വലിയ പരാതിയുണ്ട്. വികസിത രാജ്യമായ അമേരിക്കയിൽ 'വൺ കൺട്രി വൺ നേഷൻ വൺ ടാക്സ്' ഇല്ല. അവിടെ ജി.എസ്.ടി. പോലെയുള്ള സംവിധാനമില്ല. നേരത്തെയുണ്ടായിരുന്ന നയം ആഗോളവൽക്കരണമായിരുന്നു. ഇപ്പോൾ ആഗോളവൽക്കരണത്തിൽനിന്ന് പ്രൊട്ടക്ഷണലിസത്തിലേയ്ക്ക് ഓരോ സംസ്ഥാനവും പോകുകയാണ്. ഞങ്ങളുടെ സ്വന്തം ഇക്കോണമി ഞങ്ങൾ നോക്കും എന്ന നിലയിലേയ്ക്ക് പോകുയാണ്. അത്തരത്തിൽ ഒരു ഇക്കണോമിക് ഡെവലപ്മെന്റ് ഇന്ത്യയിലുണ്ടാകുമ്പോൾ കേരളത്തിന്റെ പൊതു ഇക്കണോമി സംരക്ഷിക്കാൻ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളേയും ഇതുപോലെ ചേർത്തുപിടിച്ചുകൊണ്ടുള്ള കളക്റ്റീവ് ഫൈറ്റ് വേണം. അതിന്റെ ചില ഉദാഹരണങ്ങളാണ് ശ്രീമതി കെ. കെ. ശൈലജ ടീച്ചർ പരാമർശിച്ച ഡൽഹിയിലെ കർഷക സമരം. കർഷകർ എന്തുകൊണ്ടാണ് ഇങ്ങനെ സമര രംഗത്തിറങ്ങുന്നത്? മുൻ എം.എൽ.എ. ആയിരുന്ന ശ്രീ. പി. കൃഷ്ണപ്രസാദ് ഉൾപ്പെടെയുള്ളവർ ഇന്നലെ ഡൽഹിയിൽ സമരം ചെയ്തപ്പോൾ അവരെ എങ്ങനെയാണ് നേരിട്ടതെന്ന് കണ്ടതാണല്ലോ? ഇന്ത്യയിലെ കൃഷിക്കാരും മറ്റുള്ളവരും ഇത്തരം നയത്തിന് എതിരെ പോരാടുമ്പോൾ അക്കാര്യത്തിൽ നമുക്കൊരു യോജിപ്പ് വേണം. ഡോ. ടി. എം. തോമസ് ഐസക് മന്ത്രിയായിരുന്നപ്പോൾ പറഞ്ഞ നയമാണ് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ സാമ്പത്തിക നയം. ആ നയങ്ങളാണ് ഞങ്ങൾ തുടരുന്നതെന്ന് ശക്തമായി അഭിമാനത്തോടുകൂടി പറയുകയാണ്. കേരളത്തിൽ എന്തൊക്കെ വൻകിട പ്രോജക്ടുകളാണ് പൂർത്തീകരിച്ചതെന്ന് ചോദിച്ചല്ലോ? ഇത്രയും നല്ല സ്കൂളുകളും റോഡുകളും നേരത്തെയുണ്ടായിട്ടുണ്ടോ. കേരളത്തിന്റെ അതിർത്തിവിട്ട് പോയാൽ എന്താണ് സ്ഥിതിയെന്ന് നമുക്കറിയാമല്ലോ. കിഫ്ബിയെ ചിലർ ആക്ഷേപിച്ചല്ലോ. റോഡുകളുടെയും സ്കൂളുകളുടെയും ആശുപത്രിയുടെയും വികസനം കണ്ടില്ലെന്ന് നടിക്കരുത്. കണ്ണൂർ വിമാനത്താവളം ഹെലികോപ്റ്റർ ഇറക്കി ഉദ്ഘാടനം ചെയ്തതല്ല, അവിടെനിന്ന് വിമാനങ്ങൾ ഇപ്പോൾ സർവ്വീസ് നടത്തുന്നുണ്ട്. കണ്ണൂർ വിമാനത്താവളം മാത്രമല്ല വിഴിഞ്ഞം പോർട്ടിന്റെ ഉൾപ്പെടെ ഓരോ മേഖലയിലും

സമഗ്ര മാറ്റമുണ്ടാക്കാൻ കഴിഞ്ഞു. അടിസ്ഥാന സൗകര്യ വികസനത്തിന്റെ കാര്യത്തിലും വലിയ മുന്നേറ്റമുണ്ടാക്കിയിട്ടുണ്ട്. കിഫ്ബി മുഖാന്തരമുള്ള നിക്ഷേപങ്ങൾ മൂലധന നിക്ഷേപത്തിൽ ഉപയോഗിക്കാനാണ് ഇപ്പോൾ കേന്ദ്ര ഗവൺമെന്റിൽനിന്ന് അഡീഷണൽ ഗ്രാന്റ് ലഭിച്ചത്. ഇത് ഇല്ലാതെതന്നെ മൂലധന നിക്ഷേപം നേരത്തെ ഉള്ളതിനേക്കാൾ വർദ്ധിച്ചു. മൂലധന നിക്ഷേപം വർദ്ധിച്ചതുകൊണ്ടാണ് 0.5 ശതമാനം ലോൺ കൂടുതൽ ലഭിച്ചത്. അത് കിഫ്ബിയെ ഉൾപ്പെടുത്താതെയാണ്. പ്രായോഗികമായി ചില കിഫ്ബി വർക്കുകൾ പൂർത്തീകരിക്കാത്തതിന്റെ തടസ്സങ്ങൾ പറഞ്ഞിരുന്നു. ക്വാളിറ്റിയുടെ കാര്യത്തിൽ കോംപ്രമൈസ് ചെയ്യാൻ കഴിയില്ല. ബാക്കിയുള്ള സാങ്കേതികതടസ്സങ്ങൾ പരിഹരിച്ച് മുന്നോട്ടുപോകാം. നിർമ്മാണപ്രവൃത്തികളുടെ എസ്റ്റിമേറ്റ് റേറ്റിന്റെ കാര്യത്തിൽ 2018-ലെ ഡി.എസ്.ആർ. റേറ്റ് ഇപ്പോൾ അംഗീകരിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ മറ്റ് നിർമ്മാണപ്രവർത്തനങ്ങൾക്കുള്ള തടസ്സങ്ങൾ നീങ്ങുന്നതാണ്. ഗവൺമെന്റ് ഇക്കാര്യത്തിൽ ശക്തമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. സാമ്പത്തിക സ്ഥിതി സംബന്ധിച്ച് ഉത്തരവാദിത്വത്തോടുകൂടിയുള്ള നിലപാട് വേണം. എത്ര പുതിയ സ്കൂൾ കെട്ടിടങ്ങളാണ് ഉദ്ഘാടനം ചെയ്തത്. രാഷ്ട്രീയ വേർതിരിവില്ലാതെയാണ് വികസന കാര്യങ്ങളിലിടപെടുന്നത്. എന്തെങ്കിലും വ്യത്യാസമോ വിവേചനമോ അത്തരം കാര്യങ്ങളിൽ വരുത്തിയിട്ടുണ്ടോ? അങ്ങനെ പ്രവർത്തിക്കാൻ കഴിയില്ല. നമുക്ക് രാഷ്ട്രീയമായ അഭിപ്രായവ്യത്യാസം ഉണ്ടാകും. പക്ഷേ, കേരളം എന്ന നിലയിൽ ഒരേ താല്പര്യത്തോടെ നിൽക്കണം. കേന്ദ്ര സർക്കാരിന്റെ മുന്നിലും കേരളം എന്ന നിലയിൽ ഒരേ താല്പര്യത്തോടെ നിൽക്കണമെന്ന കാര്യമാണ് പറഞ്ഞത്. എന്തെങ്കിലും വൈരാഗ്യമോ വിരോധമോ ഒന്നുമില്ലാതെ അർഹമായ ആനുകൂല്യം നേടിയെടുക്കുന്നതിനുവേണ്ടിയുള്ള കൂട്ടായ പ്രവർത്തനം നടത്തണം.

ജി.എസ്.ടി. സംവിധാനത്തിന്റെ ആഭ്യന്തര കാര്യങ്ങളിൽ കുറെയേറെ കാര്യങ്ങൾ ചെയ്യണമെന്ന് പറയുകയുണ്ടായി. അതേ ഗൗരവത്തോടുകൂടി പ്രശ്നങ്ങൾ പരിഹരിക്കാം. ആഭ്യന്തരമായി സിസ്റ്റം കുറെയൊക്കെ ഡെവലപ് ചെയ്തിട്ടുണ്ട്. കുറച്ചുകൂടി സാങ്കേതികകാര്യങ്ങൾ ഉൾപ്പെടുത്താം. ഗവൺമെന്റിന്റെ കയ്യിൽ മാന്ത്രികവടിയില്ല എന്നുള്ള കാര്യം പറഞ്ഞു. ടാക്സ് സംബന്ധിച്ച് ശ്രീ. പി. കെ. ബഷീർ നിരവധി കാര്യങ്ങൾ പറഞ്ഞു. കച്ചവടക്കാരുടെ ധാരാളം പ്രശ്നങ്ങളെ സംബന്ധിച്ച് പ്രയോഗികമായ നിർദ്ദേശങ്ങൾ പറയുകയുണ്ടായി. ജി.എസ്.ടി-യുടെ കാര്യത്തിൽ പരമാവധി ആംനെസ്റ്റി സ്കീം നടപ്പിലാക്കുകയുണ്ടായി. നേരത്തെ 54000-ത്തോളം വ്യാപാരികൾക്ക് കുടിശ്ശികയുണ്ടായിരുന്നതിൽ 29000 വ്യാപാരികൾ ആംനെസ്റ്റി സ്കീം പ്രയോജനപ്പെടുത്തി കുടിശ്ശിക തീർപ്പാക്കിയിട്ടുണ്ട്. ഇനിയും ബാക്കി വ്യാപാരികളുണ്ട്. ഇനിയും ആംനെസ്റ്റി സ്കീമിന്റെ റേറ്റ് കുറയ്ക്കണം എന്നുപറയുന്നുണ്ട്. തൽക്കാലം റേറ്റ്

കുറയ്ക്കാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. പകുതിയോളം വ്യാപാരികൾ പ്രശ്നങ്ങൾ പരിഹരിച്ചിട്ടുണ്ട്. വ്യാപാരികളുമായി സൗഹാർദ്ദപരമായി കാര്യങ്ങൾ പരിഹരിക്കാനാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ശ്രമിക്കുന്നത്. വകുപ്പിന് നൽകിയിട്ടുള്ള നിദ്ദേശവുമതാണ്. പാലക്കാട്-വാളയാർ വഴിയാണ് നമുക്കാവശ്യമായ അറുപത് ശതമാനത്തോളം ഉല്പന്നങ്ങൾ വരുന്നത്. പുതിയ സംവിധാനം നിലവിൽ വന്നതിനുശേഷം ക്യാമറ മാത്രമേയുള്ളൂ. നേരത്തെ വാഹനങ്ങൾ തുറന്ന് പരിശോധിക്കുമായിരുന്നു. ചെക്‌പോസ്റ്റ് വഴി കടന്നുവരുന്ന വാഹനങ്ങളിലെ പരിശോധന നടക്കാത്തതിനാൽ അനധികൃത സാധനങ്ങൾ കടത്തുന്നുണ്ടോയെന്ന് കണ്ടുപിടിക്കാൻ സാധിക്കുന്നില്ല. പരിശോധന കർശനമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. മിന്നൽപ്പരിശോധനകൾ നടത്താനും ആധുനിക ഉപകരണങ്ങൾ സ്ഥാപിക്കാനും തീരുമാനിച്ചിട്ടുണ്ട്. വാഹനം ചെക്‌പോസ്റ്റിലെത്തുമ്പോൾ തന്നെ അതിന്റെ നമ്പർ പ്ലേറ്റ് ക്യാമറയിൽ പതിയുകയും സെൻട്രൽ സെർവ്വറിൽ എത്തുകയും ഇ-വേ ബില്ലുണ്ടോയെന്ന് പരിശോധിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ വാഹനത്തിനകത്തുള്ള സാധനങ്ങളെന്താണെന്ന് അറിയാൻ സാധിക്കുന്നില്ല.

സ്വർണ്ണത്തിൽനിന്നുള്ള നികുതി സംസ്ഥാന സർക്കാരിന്റെ പ്രധാന വരുമാനസ്രോതസ്സാണ്. സ്വർണ്ണത്തിന്റെ കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നിരുന്നു. നേരത്തെ ലഭിച്ചുകൊണ്ടിരുന്ന നികുതിയുടെ പകുതി മാത്രമേ ഇപ്പോൾ ലഭിക്കുന്നുള്ളൂ. ജി.എസ്.ടി. വന്നപ്പോൾ നികുതി പകുതിയായി കുറഞ്ഞു. ഒരു പവന്റെ വില 15,000 രൂപ ഉണ്ടായിരുന്നപ്പോൾ ലഭിച്ചിരുന്നതിന്റെ പകുതിമാത്രമേ 30,000 രൂപയും 35,000 രൂപയുമാകുമ്പോഴും ലഭിക്കുന്നുള്ളൂവെന്ന് പറയുന്നത് ശരിയല്ലല്ലോ? സ്വാഭാവികമായും നികുതി വർദ്ധിക്കേണ്ടതാണ്. ഇതുപോലെ പല ഉല്പന്നങ്ങൾക്കും നികുതി ലഭിക്കാനുണ്ട്. ജി.എസ്.ടി. ഫലപ്രദമായി കളക്ട് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയുണ്ട്.

ശ്രീ. പി. കെ. ബഷീർ ബാറുകളുടെ ടി.ഒ.ടി.-യുടെ കാര്യം പറയുകയുണ്ടായി. ഈ പ്രശ്നം നേരത്തെ ഉന്നയിച്ചതാണ്. ഒരേ സാധനം തന്നെ ബാറുകളിൽ വിറ്റപ്പോൾ പത്ത് ശതമാനവും ബിവറേജസ് ഔട്ട്‌ലെറ്റ് വഴി വിറ്റപ്പോൾ അഞ്ച് ശതമാനവും നികുതി ഈടാക്കി. രണ്ടും ഒരേ ഉല്പന്നമാണ്. സബ്ജക്ട് കമ്മിറ്റിയിലും ഈ പ്രശ്നം ചർച്ച ചെയ്തിരുന്നതാണ്. ഇക്കാര്യം ഗൗരവമായി പരിശോധിച്ച് തീരുമാനമെടുക്കാം. എം.എൽ.എ-മാരുടെ ആസ്തി വികസന ഫണ്ടിന്റെ കാര്യം പറയുകയുണ്ടായി. ഈ വർഷത്തേയ്ക്കുള്ള എം.എൽ.എ. ഫണ്ടായിട്ടാണ് 4 കോടി രൂപ മാറ്റി വയ്ക്കാൻ തീരുമാനിച്ചത്. എം.എൽ.എ-മാർക്ക് അവരുടെ താല്പര്യമനുസരിച്ച് നിർദ്ദേശിക്കാവുന്ന തരത്തിലുള്ള നിലപാട് സ്വീകരിക്കാമെന്നതാണ് പൊതുവിലുള്ള കാഴ്ചപ്പാട്. അത് സൗകര്യമനുസരിച്ച് പരിശോധിക്കാമെന്നുള്ളതാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, അക്രെഡിറ്റഡ് ഏജൻസികളുടെ പ്രശ്നമുണ്ട്?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അക്രെഡിറ്റഡ് ഏജൻസികളോട് സമയം ദീർഘിപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. എം.എൽ.എ-മാർ അക്രെഡിറ്റഡ് ഏജൻസികൾ വഴിയാണ് നിർമ്മാണ പ്രവൃത്തികൾ നടത്തിക്കൊണ്ടിരുന്നത്. അക്രെഡിറ്റഡ് ഏജൻസികളെ സെലക്ട് ചെയ്യുന്ന പ്രോസസ്സുമായി ബന്ധപ്പെട്ട് ഒരു ഫയൽ വന്നിരുന്നു. തൽക്കാലം ചില പ്രവൃത്തികൾ നടത്തിക്കൊണ്ടിരിക്കുന്നതിന് കുറച്ച് സമയം കൂടി നീട്ടിക്കൊടുക്കാൻ പറഞ്ഞിട്ടുണ്ട്. എം.എൽ.എ-മാർ നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുത്തിട്ടുണ്ട്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 2016-ലെ ആസ്തി വികസന ഫണ്ട് പല വിദ്യാലയങ്ങൾക്കും നൽകിയിരുന്നു. അതിൽ ചില വിദ്യാലയങ്ങളിൽ 5 കോടി രൂപയ്ക്ക് മുകളിൽ തുക കൊടുത്തെങ്കിലും ടെണ്ടർ കഴിഞ്ഞപ്പോൾ 4.50 കോടി രൂപയാണ് വന്നത്. ഒരു കോടി രൂപ നിർമ്മാണത്തിന് ഉപയോഗിക്കുമെന്ന് കരുതിയെങ്കിലും അത് ഉപയോഗിച്ചില്ല. അത് ക്യാൻസൽ ചെയ്യാൻ കഴിയാതെ മറ്റു പ്രോജക്ടുകൾ കൊടുക്കാൻ പറ്റാത്ത ചില കേസ്സുകളുണ്ട്. കിഫ്ബിയുടെ കൂടെ 2016-ൽ അനുവദിച്ച ഉപയോഗിക്കാത്ത ഫണ്ട് ക്യാൻസൽ ചെയ്യാനുള്ള പെർമിഷൻ ലഭിക്കണം.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അത് പരിശോധിക്കാം. ശ്രീ. മോൻസ് ജോസഫ് പറഞ്ഞതുപോലെ, കോവിഡ് ഘട്ടത്തിൽ ഒന്നുരണ്ട് വർഷം നിർമ്മാണപ്രവർത്തനങ്ങൾക്ക് ചെറിയ തടസ്സം നേരിട്ടിരുന്നു. ആ ഫണ്ട് വീണ്ടും ഉപയോഗിക്കാൻ അനുവാദം നൽകിയിട്ടുണ്ട്. പഴയ ഫണ്ടുകളെടുക്കുമ്പോൾ പ്രായോഗികമായ ചില ബുദ്ധിമുട്ടുകളുണ്ട്. രണ്ടുമൂന്ന് വർഷത്തെ ഫണ്ടുകൾ ഉപയോഗപ്പെടുത്തുന്ന കാര്യം കോവിഡിന്റെ പ്രത്യേക സാഹചര്യത്തിൽ പരിശോധിക്കാം. ഇക്കാര്യത്തിൽ അനുകൂല നിലപാടെടുക്കാം.

മി. സ്പീക്കർ: എല്ലാ കാര്യങ്ങൾക്കും മറുപടി വേണമെങ്കിൽ ധനകാര്യ വകുപ്പുമന്ത്രിക്ക് പ്രത്യേകമായി നിവേദനം കൊടുത്താൽ മതിയാകും.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ചട്ടം 300 പ്രകാരം പ്രസ്താവന നടത്തിയിരുന്നു. കടകമ്പോളങ്ങളുടെയും സർക്കാർ സ്ഥാപനങ്ങളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വാടക ആറുമാസത്തേയ്ക്ക് അടച്ചുകൊടുക്കാനായി സർക്കാർ ഇറക്കിയ ഓർഡർ നിലവിൽവന്നു. കഴിഞ്ഞ കുറേക്കാലമായി പ്രവർത്തിക്കാതിരിക്കുന്ന സ്വകാര്യ സ്ഥാപനങ്ങളിൽനിന്ന് വാടക ചോദിക്കുന്നുവെന്ന് ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞു. അക്കാര്യത്തിൽ നിർബന്ധമായി ഒരു തീരുമാനമെടുക്കാൻ സാധിക്കുകയില്ല. സ്വകാര്യ ബാങ്കുകളുടെ കാര്യം പറഞ്ഞതുപോലെ ഇത് സ്വകാര്യ വ്യക്തികളുടേതാണ്. അവർക്കും പരമാവധി സഹായം ചെയ്തുകൊടുക്കണമെന്ന് റിക്വസ്റ്റ് ചെയ്യാം. മാൻഡേറ്ററിയായി അത്തരം കാര്യങ്ങൾ നമുക്ക് പറയാൻ സാധിക്കുകയില്ല.

മി. സ്പീക്കർ: എല്ലാ വിഷയങ്ങളും സഭയിൽ ഉന്നയിക്കേണ്ട കാര്യമില്ല. പ്രത്യേക കേസ്സുകൾക്ക് ധനകാര്യ വകുപ്പുമന്ത്രിയെ നേരിട്ട് കാണാവുന്നതാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കിഫ്ബിയുടെ വർക്കിൽ ക്വാളിറ്റിയുടെ കാര്യത്തിൽ കോംപ്രമൈസില്ലെന്ന് അങ്ങിവിടെ പറഞ്ഞു. അതിൽ വളരെ സന്തോഷമുണ്ട്. കിഫ്ബിയുടെ വർക്കിന്റെ ക്വാളിറ്റി പരിശോധിക്കാൻ RITES Limited എന്ന കമ്പനിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. വല്ലാത്തൊരു പീഡനമാണ് RITES Limited എന്ന കമ്പനിയിലെ ഉദ്യോഗസ്ഥർ ചെയ്യുന്നതെന്ന് പല കോൺട്രാക്ടർമാരും പരാതിപറയുന്നുണ്ട്. അത് ഏത് തരത്തിലുള്ള പീഡനമാണെന്ന് ഞാനിവിടെ പറയുന്നില്ല. അക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. എൻ. ഷംസീർ: സർ, കേരളത്തിന്റെ സാമ്പത്തിക സ്രോതസ്സ് വർദ്ധിപ്പിക്കുന്നതിൽ ടൂറിസത്തിന് അനന്തസാദ്ധ്യതയാണുള്ളത്. പല ടൂറിസ്റ്റ് സ്പോട്ടുകളും തയ്യാറായിക്കൊണ്ടിരിക്കുകയാണ്. ആർക്കിടെക്റ്റിന്റെ കൺസൾട്ടേഷൻ ഫീസ് സംബന്ധിച്ച വിഷയം താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, കിഫ്ബിയിൽ നിന്ന് ഫണ്ടനുവദിച്ച് ചില സ്കൂളുകൾക്ക് 3 കോടി രൂപയും പാലം നിർമ്മാണത്തിന് 1കോടി രൂപയും ലഭിച്ചു. എന്നാൽ എസ്റ്റിമേറ്റ് എടുക്കുമ്പോൾ മുഴുവൻ പ്രവൃത്തി പൂർത്തീകരിക്കാൻ 3 കോടി 25 ലക്ഷം രൂപ ചെലവഴിക്കേണ്ടി വരുന്നുണ്ട്. പാലം നിർമ്മിക്കാൻ ഒരു കോടി രൂപ അനുവദിച്ചു. പക്ഷേ, അത് പൂർത്തീകരിക്കാൻ 1 കോടി 20 ലക്ഷം രൂപ വേണം. എം.എൽ.എ. ഫണ്ട് കൂടി ഇതിൽ കൂട്ടിച്ചേർക്കാൻ സാധിക്കുന്നില്ല. അതുകൊണ്ട് വർക്ക് ക്യാൻസലായിപ്പോകുകയാണ്. ചെരിപ്പിന്റെ അളവിനനുസരിച്ച് കാൽ മുറിക്കുന്ന രീതിയിലേയ്ക്ക് പോകുമ്പോൾ പല വികസനവും നടക്കാതെ പോകുന്നു. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ചില വർക്കുകൾ നടത്തുമ്പോൾ ഒരു കോടി രൂപയ്ക്ക് 1.10 കോടി രൂപ വരെയാകും. അതിനുകൂടി അനുമതി നൽകണം.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഓരോ കേസും പരിശോധിച്ച് പ്രായോഗികമായി ചെയ്യാൻ കഴിയുന്നതെന്താണെന്ന് ആലോചിക്കാം. നേരത്തെ ശ്രദ്ധയിൽപ്പെടുത്തിയ വിഷയങ്ങളിൽ സജീവമായി ഇടപെട്ട് മിക്കവാറുമുള്ളതിന് തീരുമാനമെടുത്തിട്ടുണ്ട്. ശ്രീ. എ. എൻ. ഷംസീർ പറഞ്ഞ ആർക്കിടെക്റ്റുകളെ സെലക്ട് ചെയ്യുന്നത് സംബന്ധിച്ച കാര്യം ഗൗരവമായിട്ടെടുക്കാം. അതുസംബന്ധിച്ച് മറ്റ് പല ബഹുമാന്യരായ അംഗങ്ങളും പറഞ്ഞിരുന്നു. അക്കാര്യം പരിശോധിക്കാം.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഇന്നുനടന്ന ചർച്ചയിൽ ഏറ്റവും പ്രധാനപ്പെട്ടത് ടാക്സ് കളക്ഷനും വാറ്റിന്റെ അരിയേഴ്സ് സംബന്ധിച്ചുമാണ്. ഇത് സെറ്റിൽ ചെയ്യാൻ മൂന്നാമത്തെ ആംനെസ്റ്റി സ്കീമാണ് കൊണ്ടുവന്നത്. രണ്ട് ആംനെസ്റ്റി സ്കീമും പരാജയപ്പെട്ടു. പരാജയപ്പെടാനുള്ള പ്രധാനപ്പെട്ട കാരണം തെറ്റായ ടാക്സ് അസസ്മെന്റാണ്. ഞാനൊരുദാഹരണം പറയാം. ഏത് സ്ഥലമാണെന്ന് പറയുന്നില്ല. കേരളത്തിലെ ഒരു ടൗണിൽ ഒരാൾ ജ്വവലറി തുടങ്ങി. ജ്വവലറി തുടങ്ങി രണ്ടാമത്തെ വർഷം, 2014-ൽ ജ്വവലറിയിൽ നിന്ന് അവരുടെ ലാപ് ടോപ്പ് എടുത്തുകൊണ്ടുപോയി. എന്നിട്ട് അവർക്ക് മൂന്നുവർഷത്തെ ടാക്സായി 204 കോടി രൂപ അസസ്സ് ചെയ്തുകൊടുത്തു. ഇതിനെതിരെ അപ്പീൽ പോകണമെങ്കിൽ 0.5 ശതമാനം തുക അതായത് 2 കോടി രൂപ അടയ്ക്കണം. മൊത്തം കട എടുത്താൽ 2 കോടി രൂപയുടെ പകുതിയില്ല. ഇങ്ങനെ തെറ്റായ അസസ്മെന്റാണ് നടത്തുന്നത്. ഇത് ടാക്സസ് ഡിപ്പാർട്ടുമെന്റ് നേരത്തെ ചെയ്തതാണ്. ഇതിനൊരു സൊല്യൂഷൻ വേണ്ടേ. അവർക്ക് അപ്പീൽ പോകാൻ പോലും സാധിക്കുന്നില്ല. സാധാരണ ഒരു ടൗണിൽ ഒരു കടയ്ക്ക് 200 കോടി രൂപയുടെ ടാക്സ് അസസ്സ് ചെയ്തുകൊടുത്താൽ എങ്ങനെ അവർക്ക് അപ്പീൽ പോകാൻ കഴിയും? ഒന്നുകിൽ അപ്പീൽ പോകാനുള്ള ലിമിറ്റ് നേരത്തെ വച്ചിരുന്നതുപോലെ ചെറിയ തുകയായ 20,000 രൂപയാക്കണം. അരിയർ കേസ് എല്ലാംകൂടി വലിയ തുക വരും. ഇതിനുള്ള ഒരു സിസ്റ്റം ധനകാര്യ വകുപ്പ് ആവിഷ്കരിക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇതെല്ലാം പോസിറ്റീവായി കാണാവുന്ന കേസ്സുകളാണ്. ഇക്കാര്യത്തിൽ തർക്കമില്ല. ഒരു കേസ്സിലും ആളുകളെ ഉദ്യോഗസ്ഥർ ഹരാസ് ചെയ്യാൻ പാടില്ല. നേരത്തെ ബഹുമാന്യരായ അംഗങ്ങൾ സംസാരിച്ചപ്പോൾ മുമ്പുണ്ടായിരുന്ന തുക 20,000 രൂപയാക്കിയിട്ടുണ്ടെന്ന് പറഞ്ഞിരുന്നു. അത് ഇപ്പോഴാണ് കുറച്ചത്. കേസ്സിനുപോകാനുള്ള വക്കീൽ ഫീസും സ്റ്റാമ്പ് ഡ്യൂട്ടിയും കുറച്ചിട്ടുണ്ട്. ജി.എസ്.ടി-യിലും ചെയ്തിട്ടുണ്ട്. വാറ്റിന്റെ കാര്യം പരിശോധിക്കാം. ഇതുപോലെ എക്സോർബിറ്റന്റായിട്ടുള്ള ബില്ലുകൾ, അതായത് കടയുടെ 30 ഇരട്ടി വരുന്നുവെന്നാണ് പറയുന്നത്. അങ്ങനെ ചെയ്യേണ്ട കാര്യമില്ല. ഇക്കാര്യത്തിൽ ന്യായമായി ഇടപെടാം. ടാക്സ് കളക്ട് ചെയ്യാൻ ഇനിയുമുണ്ട്. അക്കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയുമില്ല. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതാണ്. ആംനെസ്റ്റി സ്കീമിന്റെ കാര്യം പറയുകയുണ്ടായി. 54000 വ്യാപാരികൾക്കായിരുന്നു കുടിശ്ശികയുണ്ടായിരുന്നത്. നേരത്തെയുള്ള ആംനെസ്റ്റിയിൽ 29000 പേരുടേത് സെറ്റിൽ ചെയ്തുകഴിഞ്ഞു. എന്നിരുന്നാലും ഇനിയുമുണ്ട്, നല്ല ഫണ്ട് കിട്ടാനുണ്ട്. അത് പരിശോധിച്ച് കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. ഒരിക്കൽ ആംനെസ്റ്റി വന്നതുകൊണ്ട് ഇനിയും ഇതുപോലെ ആംനെസ്റ്റി

വരുമെന്നുപറഞ്ഞ് കാത്തിരിക്കുന്ന പ്രവണതയുണ്ട്. അത് ശരിയല്ല. സർക്കാരിന് അങ്ങനെ കൊടുക്കാൻ കഴിയില്ല. ജി.എസ്.ടി-യെ സംബന്ധിച്ച് ഇതാണ് പൊതുവിൽ പറയാനുള്ളത്. വരുംദിവസങ്ങളിൽ കളക്റ്റീവായി ജി.എസ്.ടി-യേയും സംസ്ഥാനത്തിന്റെ ആകെ വരുമാനത്തെയും സംബന്ധിച്ച് നല്ലൊരു മൂവ്മെന്റ് നടത്തണം. FRBM (Fiscal Responsibility and Budget Management)-ൽ ലോണിന്റെ കാര്യത്തിൽ, കേരളമാകെ കടക്കെണിയിലാണെന്ന് ഇവിടെ പറഞ്ഞു. ഇന്ത്യാ ഗവൺമെന്റിന്റെ ജി.ഡി.പി-യുമായി ബന്ധപ്പെട്ട് നോക്കുമ്പോൾ മൂന്ന് ശതമാനം എന്നുള്ളപ്പോൾ 10.07 ശതമാനം തുക അവർ കടമെടുത്തിട്ടുണ്ട്. അമേരിക്ക 18 ശതമാനം, ജപ്പാൻ 16 ശതമാനം, യു.കെ. 16 ശതമാനം എന്നിങ്ങനെയാണ് തുക കടമെടുത്തിരിക്കുന്നത്. ഇപ്പോഴത്തെ സാഹചര്യത്തിൽ വന്നതാണിത്. കേരളം ഇനിയും പരമാവധി കൺട്രോൾ ചെയ്യേണ്ടതാണ്. ഇപ്പോഴത്തെ സാഹചര്യത്തിൽ കടമെടുക്കാതിരിക്കാൻ കഴിയില്ല. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും കടമെടുത്തിട്ടുണ്ട്. ഓരോ സ്റ്റേറ്റിന്റെയും കാര്യം ഞാൻ പറയുന്നില്ല. കേരളത്തെ കടക്കെണിയിലാക്കിയെന്ന് പറഞ്ഞ ആക്ഷേപത്തിനുകൂടി മറുപടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. നേരത്തെയുള്ളതിനേക്കാളും കഴിഞ്ഞ 5 വർഷത്തെ കണക്ക് പരിശോധിക്കുമ്പോൾ കടത്തിന്റെ തുക വർദ്ധിച്ചിട്ടുണ്ട്. 2011-2016-ലെ ഉമ്മൻ ചാണ്ടി സർക്കാരിന്റെ ഭരണകാലത്തെ പൊതുകടം 2011-12-നേക്കാൾ 76 ശതമാനം വർദ്ധിച്ചു. വി. എസ്. അച്ചുതാനന്ദൻ സർക്കാരിന്റെ അവസാന കാലത്തുണ്ടായിരുന്ന കടം 89,418 കോടി രൂപയായിരുന്നു. എന്നാൽ 2015-16-ൽ അത് 1,57,370 കോടി രൂപയായി. അതിന്റെ ഇരട്ടിയോളം അല്ലെങ്കിൽ 76 ശതമാനം വർദ്ധിച്ചു. 2016-2021 കാലഘട്ടത്തിൽ പിണറായി വിജയൻ സർക്കാരിന്റെ കാലഘട്ടത്തിൽ പൊതുകടം 62 ശതമാനമാണ് ഉയർന്നത്. നേരത്തെ 76 ശതമാനമായിരുന്നത് ഇപ്പോൾ 62 ശതമാനമേ ഉയർന്നിട്ടുള്ളൂ. അത് 1,86,454 കോടി രൂപയിൽനിന്ന് 3,02,666 കോടി രൂപയാണ്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലവുമായി താരതമ്യം ചെയ്യുമ്പോൾ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തേക്കാളും കുറച്ച് വർദ്ധനവുണ്ട്. യു.ഡി.എഫ്. സർക്കാരിന്റെ 2001-2006 കാലഘട്ടത്തിൽ പൊതുകടം 70 ശതമാനമായിരുന്നു ഉയർന്നത്. ഇങ്ങനെ നോക്കുമ്പോൾ അതിഭീമമായ കടക്കെണിയില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഇത് നല്ല കണക്കാണ്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇത് കണക്കാണ്. കണക്കിൽ കള്ളം പറയാൻ കഴിയില്ല. 2011-12-ലെ പൊതുകടം 89,418 കോടി രൂപ.

2015-16 ആയപ്പോൾ അത് 1,57,370 കോടി രൂപയായി. എന്നുപറഞ്ഞാൽ 89,000 കോടി രൂപയിൽ നിന്ന് 1,57,000 കോടി രൂപയായി. 1,57,000 കോടി രൂപയിൽ നിന്ന് കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് അത് 3,02,666 കോടി രൂപയായി. എൽ.ഡി.എഫ്. ആയാലും യു.ഡി.എഫ്. ആയാലും കണക്കിനകത്ത് കള്ളം പറയാൻ കഴിയില്ല. അംഗീകരിച്ച കണക്കാണിത്. കേരളം ധാരാളം തുക കടമെടുത്ത് അങ്ങനെയായി ഇങ്ങനെയായി എന്നുപറഞ്ഞ് ജനങ്ങളിൽ വല്ലാതെ ആശങ്കയുണ്ടാക്കുമ്പോൾ റീസണബിളായി ഇക്കാര്യംകൂടി പറയണമെന്നുള്ളതു കൊണ്ടാണ് ഞാനിത് പറഞ്ഞത്. കടം ഇനിയും എടുക്കേണ്ടിവരും. അത് തിരിച്ചടയ്ക്കാൻ കഴിയുക എന്നുള്ളതാണ് പ്രധാനം. കടം എടുത്തുകൊണ്ടുമാത്രം കാര്യങ്ങൾ ചെയ്യുക എന്നല്ല. ഇപ്പോഴത്തെ അവസ്ഥയിൽ കേരളത്തിന് നല്ല ബുദ്ധിമുട്ടുണ്ട്. ഇല്ലെന്നൊന്നും ഞാൻ പറയുന്നില്ല. അത് കളക്ടീവായി നേരിടേണ്ടതാണ്. പൊതുവിൽ ഇത്രയുമാണ് എനിക്ക് പറയാനുള്ളത്. 2021-ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി (ഭേദഗതി) ബിൽ, 2021-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ, 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ എന്നിവ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. രമേശ് ചെന്നിത്തല, 2021-ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി (ഭേദഗതി) സംബന്ധിച്ച ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

(Not in the seat)

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്, അങ്ങയുടെ '1 എ' നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഡി. കെ. മുരളി, അങ്ങയുടെ '2 ബി' നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

(Not in the seat)

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2021-ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്, 2021-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) സംബന്ധിച്ച ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഐ. ബി. സതീഷ്, അങ്ങയുടെ '1 എ' നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

(Not in the seat)

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ്, അങ്ങയുടെ '2 ബി' നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2021-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) സംബന്ധിച്ച ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം, അങ്ങയുടെ '1 എ' നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ, അങ്ങയുടെ '2 ബി' നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

ഓർഡർ.......... ഓർഡർ.......... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 ഒക്ടോബർ മാസം 6-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 6.45-ന് പിരിഞ്ഞു.)

**അനുബന്ധം**

ചോദ്യം നമ്പർ *33 & *45-ൽ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി

കരട് ചട്ടങ്ങളിന്മേൽ കെ.എസ്.ഇ.ബി.എൽ.-ഉം വ്യവസായ/വാണിജ്യ/ മറ്റ് വൈദ്യുതി ഉപഭോക്താക്കളും പൊതുതെളിവെടുപ്പിൽ നിർദ്ദേശിച്ച അഭിപ്രായങ്ങളും ആക്ഷേപങ്ങളും പരിഗണിച്ച് മാത്രമേ റെഗുലേറ്ററി കമ്മീഷൻ അന്തിമചട്ടങ്ങൾ പുറപ്പെടുവിക്കുകയുള്ളൂ. സർക്കാർ നയത്തിൽനിന്നും വ്യതിചലനം ഉണ്ടാകുകയാണെങ്കിൽ സെക്ഷൻ-108 പ്രകാരമുള്ള അധികാരം ഉപയോഗിച്ച് കമ്മീഷന് നിർദ്ദേശം നൽകുവാൻ സർക്കാരിന് പൂർണ്ണമായ അധികാരമുണ്ട്. സർക്കാർ നയങ്ങൾക്ക് അനുസൃതമായി മാത്രമേ റെഗുലേറ്ററി കമ്മീഷൻ തീരുമാനമെടുക്കുകയുള്ളൂ എന്ന് അവർ അറിയിച്ചിട്ടുണ്ട്.

അഡ്വൈസറി കമ്മിറ്റി പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.